# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 28, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1515/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ്, വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 26
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 68

**II അടിയന്തരപ്രമേയം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം .. 420
- ശ്രീ. റോജി എം. ജോൺ
(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

1. മത്സ്യബന്ധന മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടൽ
   - ശ്രീ. പി. പി. ചിത്തരഞ്ജൻ .. 437
2. ഭൂപതിവ് ചട്ടങ്ങൾ പ്രകാരം നൽകിയ ഭൂമിയുടെ വിനിയോഗം
   - ഡോ. മാത്യു കുഴൽനാടൻ .. 444

**IV സബ്മിഷൻ**

1. വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി
   - ശ്രീ. എം. വിൻസെന്റ് .. 450
2. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല
   കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം
   - ഡോ. എം. കെ. മുനീർ .. 451
3. ഭവന നിർമ്മാണം നടത്താൻ കഴിയാത്ത പദ്ധതി
   ഗുണഭോക്താക്കളുടെ പലിശ ഒഴിവാക്കൽ
   - ശ്രീ. വി. ആർ. സുനിൽ കുമാർ .. 452
4. പ്രളയ നഷ്ടപരിഹാരം
   - ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) .. 454
5. പഴശ്ശിസാഗർ മിനി ജലവൈദ്യുത പദ്ധതി
   - ശ്രീമതി കെ. കെ. ശൈലജ ടീച്ചർ .. 458

6. റെയിൽവേ സമാന്തര റോഡ്

- ശ്രീ. പി. സി. വിഷ്ണുനാഥ് .. 459

7. മുടപ്പല്ലൂർ-മംഗലം ഡാം റോഡ് പുനരുദ്ധാരണം

- ശ്രീ. കെ. ഡി. പ്രസേനൻ .. 460

8. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

- ശ്രീ. എ. എൻ. ഷംസീർ .. 462

9. തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം

- ശ്രീ. കുറുക്കോളി മൊയ്തീൻ .. 464

10. തുരുത്തി ഇൻഡോർ സ്റ്റേഡിയം

- ശ്രീ. കെ. വി. സുമേഷ് .. 467

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ .. 468

**VI നിയമനിർമ്മാണകാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾപരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും .. 477

(i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ .. 477

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ .. 477

**VII ക്രമപ്രശ്നം**

ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 478

**റൂളിംഗ്** .. 479

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 573

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ .. 573

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ .. 573

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ .. 573

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ .. 573

**VIII ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

-ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) .. 574

**റൂളിംഗ്** .. 575

**നിയമനിർമ്മാണകാര്യം (തുടർച്ച)** .. 576

**അനുബന്ധം 1 & 2**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 28, വ്യാഴം*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2021 ഒക്ടോബർ മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നം. *331

### വൈദ്യുതി വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പരിശോധന

1(*331) ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എ. രാജ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിനുകീഴിലുള്ള ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് ഏറ്റവുമൊടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡാമുകളുടെ നിലവിലെ സംഭരണശേഷി പുനർനിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) വൈദ്യുതി വകുപ്പിനുകീഴിലുള്ള ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഇപ്പോൾ നടത്തിവരുന്ന പരിശോധനകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇതിനായി ഡാം സേഫ്റ്റി അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഡാമുകളോടനുബന്ധിച്ച് ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പ്രോജക്ടുകൾ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് II & III (DRIP II & III)-യുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ (CWC) നിർദ്ദേശാനുസരണം രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിനുകീഴിലുള്ള താഴെപ്പറയുന്ന പ്രധാന ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് പരിശോധന നടത്തുകയും 2020-21 കാലയളവിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര ജല കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശാനുസരണം ഡാം സുരക്ഷയുമായി ബന്ധപ്പെട്ട ജോലികൾ നടന്നു വരികയാണ്. ഡാം സേഫ്റ്റി റിവ്യൂ പാനൽ പരിശോധന നടത്തിയ ഡാമുകളുടെ പട്ടിക: -

1. ഷോളയാർ മെയിൻ ഡാം
2. ഷോളയാർ ഫ്ലാങ്കിംഗ് ഡാം
3. ഷോളയാർ സാഡിൽ ഡാം
4. പെരിങ്ങൽകുത്ത്
5. ഇടമലയാർ
6. ഇടുക്കി
7. ചെറുതോണി
8. കുളമാവ്
9. കുളമാവ് സാഡിൽ ഡാം
10. കക്കയം
11. കക്കയം ഓഗ്മെന്റേഷൻ മെയിൻ ഡാം
12. കക്കയം ഓഗ്മെന്റേഷൻ സ്പിൽവെ ഡാം

13. പമ്പ
14. ആനത്തോട്
15. കക്കി
16. മൂഴിയാർ
17. പാംബ്ല
18. കല്ലാർകുട്ടി
19. ആനയിറങ്കൽ
20. മാട്ടുപ്പെട്ടി
21. കുണ്ടള
22. പൊന്മുടി.

പരിശോധന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രണ്ടുംമൂന്നും ഘട്ട പദ്ധതിയുടെ ഭാഗമായി, കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശാനുസരണം രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനൽ ടീം-1 ഡിസംബർ 2019-ൽ പെരിങ്ങൽകുത്ത്, ഷോളയാർ മെയിൻ, ഷോളയാർ ഫ്ലാങ്കിംഗ്, ഷോളയാർ സാഡിൽ, ഇടമലയാർ എന്നീ ഡാമുകളിൽ പരിശോധന നടത്തുകയുണ്ടായി. ഡാം സേഫ്റ്റി റിവ്യൂ പാനൽ ടീം-2 ജൂലൈ 2020-ൽ ഇടുക്കി, ചെറുതോണി, കുളമാവ്, കുളമാവ് സാഡിൽ എന്നീ ഡാമുകളിൽ പരിശോധന നടത്തി. ഒക്ടോബർ 2020-ൽ, ടീം-2 കക്കി, ആനത്തോട്, പമ്പ എന്നീ ഡാമുകളുടെ പരിശോധന നടത്തി. ടീം-2, സെപ്റ്റംബർ 2020-ൽ കുറ്റ്യാടി ഓഗ്മെന്റേഷൻ മെയിൻ ഡാം, കുറ്റ്യാടി സ്പിൽവേ, കക്കയം എന്നീ ഡാമുകളിൽ പരിശോധന നിർവ്വഹിച്ചു. നവംബർ 2020-ൽ ടീം-2 കുണ്ടള, മാട്ടുപ്പെട്ടി എന്നീ ഡാമുകളിൽ പരിശോധന നടത്തി. ഡിസംബർ 2020-ൽ ടീം-2 പൊൻമുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ലോവർ പെരിയാർ എന്നീ ഡാമുകളിൽ പരിശോധന നടത്തി.

ഡാം സേഫ്റ്റി റിവ്യൂ പാനൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുകയും സംസ്ഥാന വൈദ്യുതി ബോർഡ് അവ നടപ്പാക്കിവരികയുമാണ്:

ഡാമുകളുടെ ഘടനാപരമായ ശക്തി വിശകലനം ചെയ്ത് അവയുടെ ബലപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെ (ഗേറ്റ്, വാൽവ് മുതലായവ) അറ്റകുറ്റപ്പണികൾ, ഡാമുകളുടെ Upstream & Down stream faces-കളുടെ പരിരക്ഷയ്ക്കുവേണ്ട പ്രവൃത്തികൾ, ഡാമുകളുടെ അബട്ട്മെന്റ് സംരക്ഷണ പ്രവൃത്തികൾ, ഡാമിൽ സീപ്പേജ് നിയന്ത്രണ മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (Reaming, Grouting മുതലായവ), ഡാമുകളിൽ നിരീക്ഷണ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഡാമുകളുടെയും അനുബന്ധ നിർമ്മിതികളുടെയും സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ, ജിയോ ഫിസിക്കൽ പര്യവേക്ഷണ പ്രവൃത്തികൾ, നിലവിലുള്ള സ്ട്രക്ചറുകളുടെയും ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ലഭ്യമല്ലാത്ത രൂപരേഖകൾ തയ്യാറാക്കൽ, റിസർവോയറുകളുടെ സംഭരണശേഷി സംബന്ധിച്ച പഠനം, ഒരേ ബേസിനിലുള്ള പല ഡാമുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന സംവിധാന രീതികളുടെ സ്ഥാപനം, ഹൈഡ്രോളജിക്കൽ പഠനവും നടപ്പാക്കലും, എമർജൻസി ആക്ഷൻ പ്ലാനുകളുടെ അപ്ഗ്രഡേഷൻ, ഡാമുകളിൽ ഫ്ലഡ് ഫോർകാസ്റ്റിംഗ് & ഏർലി വാണിംഗ് സിസ്റ്റം സ്ഥാപിക്കൽ, ഉദ്യോഗസ്ഥർക്കുള്ള വിദഗ്ദ്ധ പരിശീലനം.

<u>മി. സ്പീക്കർ</u>: മറുപടി വളരെ ദീർഘമാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇതെല്ലാം ആളുകൾ അറിയേണ്ടതാണ്. ഇവിടെ ഒരു ചെറിയ തിരുത്തുണ്ട്. ക്ലോസ് (ബി)-യുടെ ഉത്തരത്തിന്റെ ആദ്യം 'ഇല്ല' എന്ന വാക്കുകൂടി ചേർക്കണം.

(ബി) ഇല്ല. ഡാമുകളുടെ സംഭരണശേഷിയുടെ കുറവ് കണ്ടെത്തി ഡിസിൽറ്റേഷനുൾപ്പെടെയുള്ള പരിഹാര പ്രവൃത്തികൾ ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കാൻ ആദ്യപടിയായ ബാത്തിമെട്രിക് സർവ്വേ താഴെപ്പറയുന്ന ഡാമുകളുടെ ജലസംഭരണികളിൽ നടത്തിയിട്ടുണ്ട്.

കഴിഞ്ഞവർഷം ഇടുക്കി ജില്ലയിലെ കുണ്ടള, മാട്ടുപ്പെട്ടി, പൊന്മുടി, ആനയിറങ്കൽ, കല്ലാർകുട്ടി, ചെങ്കുളം എന്നിവയുടെയും തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് റിസർവോയറിന്റെയും ബാത്തിമെട്രിക് സർവ്വേ നടത്തിയിട്ടുണ്ട്. ഷോളയാർ ജലസംഭരണിയുടെ ബാത്തിമെട്രിക് സർവ്വേ നടത്തുന്നതിനായി പീച്ചി കെ.ഇ.ആർ.ഐ. (കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യെ ഏൽപ്പിച്ചിട്ടുണ്ട്. തുലാവർഷത്തിനുശേഷം ജോലികളാരംഭിക്കും. കേന്ദ്ര ജല കമ്മീഷന്റെ നേതൃത്വത്തിൽ പ്രധാന ജലസംഭരണികളായ ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നിവയുടെ ബാത്തിമെട്രിക് സർവ്വേ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഡാം സുരക്ഷാ പരിശോധനയ്ക്കായി കാലവർഷം തുടങ്ങുന്നതിനുമുമ്പും ശേഷവും, അതായത് പ്രീ-മൺസൂൺ, പോസ്റ്റ് മൺസൂൺ പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഡാം സേഫ്റ്റി അതോറിറ്റി ഡാമുകളിൽ പരിശോധന നടത്തി സുരക്ഷയ്ക്ക് പ്രതികൂലമായി നിൽക്കുന്ന ഘടകങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു. സുരക്ഷാ പരിശോധനയിൽ നിർദ്ദേശിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷാ നടപടികളുടെ ഭാഗമായി സാറ്റലൈറ്റ് ഫോൺ ശൃംഖല, ജനറേറ്റർ, സി.സി.ടി.വി., ഹൈമാസ്റ്റ് ലൈറ്റുകൾ, സൈറൺ, വർഷമാപിനി, എഫ്.സി.ടി. ഫോൺ, മൊബൈൽ ഫോൺ, വാഹനങ്ങൾ, ഫസ്റ്റ് എയ്ഡ് കിറ്റ് മുതലായവ ക്രമീകരിച്ചിട്ടുണ്ട്. സുരക്ഷ മെച്ചപ്പെടുത്തുന്നതിന് സെക്യൂരിറ്റി ഓപ്പറേറ്റേഴ്സും (24x7) ഉണ്ട്. എല്ലാ ഡാമുകളുമായി ബന്ധപ്പെട്ട് എമർജൻസി ആക്ഷൻ പ്ലാനും ഓപ്പറേഷൻ മാന്വലും ചെറു കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. റൂൾ ലെവലും അലർട്ട് ലെവലും ഓരോ ഡാമിനും നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ഓറഞ്ച് ബുക്കനുസരിച്ചും അതാത് ജില്ലാ കളക്ടർമാരുടെ അനുമതിയോടുകൂടിയും മാത്രമേ ഡാമുകൾ തുറക്കാറുള്ളൂ. ഡാമുകളുടെ ഗേറ്റുകളും മറ്റും ഗ്രീസ്, കാർഡിയം കോമ്പൗണ്ട്, ഗിയർ ഓയിൽ എന്നിവയിട്ട് പ്രവർത്തനക്ഷമത ഉറപ്പാക്കാറുണ്ട്. അറ്റകുറ്റപ്പണികളും യഥാസമയം നടത്തുന്നു.

(ഡി) ബാണാസുര സാഗർ (വയനാട് ജില്ല), കക്കയം (കോഴിക്കോട് ജില്ല), ആഢ്യൻപാറ (മലപ്പുറം ജില്ല), പള്ളിവാസൽ, മാട്ടുപ്പെട്ടി, കുണ്ടള, ഇടുക്കി, ആനയിറങ്കൽ, ചെങ്കുളം, പൊന്മുടി, കല്ലാർകുട്ടി (ഇടുക്കി ജില്ല), ലോവർ മീൻമുട്ടി (തിരുവനന്തപുരം ജില്ല) എന്നീ അണക്കെട്ടുകളോട് ചേർന്ന് നിലവിൽ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ നിയന്ത്രണത്തിൽ പെരിങ്ങൽകുത്ത്, ഷോളയാർ, ബാണാസുര സാഗർ, വാഴത്തോപ്പ്, കക്കയം, ചെങ്കുളം തുടങ്ങിയ സ്ഥലങ്ങളിലുള്ള ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ പുതുക്കി പ്പണിത് വിനോദസഞ്ചാരികളുടെ താമസസൗകര്യത്തിനായി ഉപയോഗിക്കാനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തുവരുന്നു. ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ഒരു ലേസർ ഷോ പവിലിയൻ നിർമ്മിക്കാനുള്ള പദ്ധതി, നാടുകാണിയിലെ ലുക്ക്ഔട്ടിന്റെ വിപുലീകരണം, മൂന്നാറിലേയും ബാണാസുര സാഗറിലേയും പാർക്കുകളിൽ മ്യൂസിക്കൽ ഫൗണ്ടൻ, ഫ്രൂട്ട് ഗാർഡൻ, ബട്ടർഫ്ലൈ ഗാർഡൻ തുടങ്ങിയവയുടെ വിപൂലീകരണം എന്നീ പദ്ധതികളും സാധ്യത പഠിച്ച് രൂപീകരിച്ചുവരുന്നു.

ശ്രീ. ആന്റണി ജോൺ: സർ, മുല്ലപ്പെരിയാർ ഡാമിൽനിന്ന് അധികജല മൊഴുക്കിയാൽ ഇടുക്കി ഡാമിനുണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോഴത്തെ ഒഴുക്കുകൊണ്ട് വലിയ പ്രശ്നം വരില്ലെന്നാണ് മനസ്സിലാക്കുന്നത്. ഈ വിഷയം കൈകാര്യം ചെയ്യുന്നത് ജലവിഭവ വകുപ്പുമന്ത്രിയാണ്. എങ്കിലും എനിക്കറിയാവുന്ന കാര്യം പറയാം. ഇപ്പോൾ 9000 ക്യുസെക്സ് വെള്ളമാണ് ഇൻഫ്ലോയായി മുല്ലപ്പെരിയാർ ഡാമിൽ വരുന്നത്. ഏകദേശം 2500 ക്യുസെക്സ് വെള്ളം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. ബാക്കിയുള്ള വെള്ളം സ്പിൽവേവഴി മുല്ലപ്പെരിയാറിലേയ്ക്ക് ഒഴുകിവന്നാലും വലിയ പ്രശ്നമുണ്ടാകില്ലെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

ശ്രീ. ആന്റണി ജോൺ: സർ, ഡാമുകളുടെ ഷട്ടറുകൾ തുറക്കുന്ന സമയത്തും മഴ കൂടുതൽ കനക്കുന്ന അവസരങ്ങളിലുമെല്ലാം സോഷ്യൽ മീഡിയയിലൂൾപ്പെടെ ജനങ്ങളെ ആശങ്കപ്പെടുത്തുന്ന തരത്തിലുള്ള അനാവശ്യ പ്രചരണങ്ങൾ വ്യാപകമായി കണ്ടു വരുന്നുണ്ട്. 'നാളെ മുല്ലപ്പെരിയാർ ഡാം തുറക്കും' എന്ന നിലയിലുള്ള വാർത്തക ളുൾപ്പെടെ ജനങ്ങളെ ആശങ്കപ്പെടുത്തുന്ന തരത്തിൽ പ്രചരണങ്ങൾ നടത്തുന്ന വർക്കെതിരെ സർക്കാർ കർശന നിയമ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് ആലോചിക്കാവുന്നതാണ്. വസ്തുതകൾ ജനങ്ങളിലെത്തിച്ചാൽ വലിയ പ്രശ്നം വരില്ല. ഇടുക്കി ഡാം തുറക്കുമ്പോൾ ആലുവയിലും കാലടിയിലും ജലനിരപ്പ് ഉയരുമെന്നും അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തു മെന്നും പറയുമ്പോൾ ജനങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. അങ്ങനെ കൃത്യമായ വിവരങ്ങൾ നൽകുന്നതിലൂടെ അനാവശ്യ പ്രചരണം അവസാനിപ്പിക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അന്തരീക്ഷ താപനില കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിൽ 1.5$^0$C ഉയർന്നതിന്റെ ഭാഗമായി കടലിൽ കൂടുതൽ മേഘങ്ങളുണ്ടാകുന്നുവെന്നും മേഘങ്ങളുടെ കട്ടി മൂന്നിരട്ടിയോളമായി വർദ്ധിക്കാൻ അതിടയാക്കുന്നുവെന്നും അതാണ് മുമ്പില്ലാത്ത വിധത്തിൽ അതിവർഷത്തിന് കാരണമാകുന്നതെന്നും ശാസ്ത്രജ്ഞർ പറയുന്നു. മേഘവിസ്ഫോടനം എന്ന നിലയി ലാണിത് അറിയപ്പെടുന്നത്. അത് ആഗോള പ്രതിഭാസമാണ്, കേരളത്തിന്റെയോ എൽ.ഡി.എഫ്.-ന്റേയോ മാത്രം പ്രതിഭാസമല്ല. ചില സമയങ്ങളിൽ കാലാവസ്ഥാ നിരീക്ഷകർക്കുപോലും പ്രവചിക്കാൻ കഴിയാത്ത രീതിയിലാണ് നദികളുടെ ഉത്ഭവസ്ഥാനത്തും ഡാം സൈറ്റുകളിലും ഇത്തരത്തിലുള്ള മേഘ വിസ്ഫോട നമുണ്ടാകുന്നത്. അതുകൊണ്ടുതന്നെ പല പുഴകളും നദികളും കരകവിഞ്ഞൊഴുകുന്ന തരത്തിലുള്ള അപകടങ്ങളുമുണ്ടാകാറുണ്ട്. അത്തരത്തിൽ നദികളിലെയും പുഴകളിലെയും ജലം നിയന്ത്രിക്കുന്നതിന് പുതിയ പദ്ധതികൾ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾത്തന്നെ ഓരോ ഡാമിലും റൂൾ കർവ് നിശ്ചയിച്ചിട്ടുണ്ട്. ഇടുക്കി ഡാമിൽ റൂൾ കർവിൽനിന്നും ഒന്നരയടി താഴ്ത്തിയാണ് ഇപ്പോൾ ജലനിരപ്പ് നിർത്തിയിരിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിന് നഷ്ട മുണ്ടായാൽപ്പോലും ജനങ്ങളുടെ ജീവനാണ് വലുത് എന്നുള്ള നിലയിൽ ജലനിരപ്പ് താഴ്ത്തിയാണ് നിർത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭയപ്പെടാനില്ലെന്നാണ് അഭിപ്രായപ്പെടാനുള്ളത്.

ശ്രീ. എ. രാജ: സർ, ഡാമുകൾ തുറന്നുവിടുമ്പോൾ പുഴയിലെ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഓരോ പുഴയിലും ഗേജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഡാമിൽനിന്നും തുറന്നുവിടുന്ന വെള്ളത്തിനനുസരിച്ച് പുഴയിലെ ജലനിരപ്പിലുണ്ടാകുന്ന വർദ്ധനവ് എത്രയാണെന്നതിന് കണക്കുണ്ട്. 2018-ലെ പ്രളയത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രാവശ്യം അങ്ങനെയൊരു ക്രമീകരണം നടത്തിയിട്ടുണ്ട്. അതുകൊണ്ട് നിയന്ത്രിച്ച് പോകാൻ സാധിക്കു ന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഇപ്പോഴുണ്ടായ കനത്ത മഴയെത്തുടർന്ന് വെള്ളം തുറന്നുവിട്ടതിന്റെ പേരിൽ കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഏകദേശം 45 കോടി രൂപയുടെ നഷ്ടമുണ്ടാ യെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പക്ഷേ ജനങ്ങളുടെ ജീവനാണ് വലുതെ ന്നുള്ള നിലയ്ക്കാണ് നഷ്ടം സഹിച്ചുകൊണ്ട് ഡാം തുറക്കാനുള്ള തീരുമാനമെടുത്തത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി പുഴയുടെ തീരത്തുള്ള ജനങ്ങൾ വലിയ ആശങ്കയിലാണ്. 2018-ലെ പ്രളയത്തിൽ ചാലക്കുടി പ്രദേശത്ത് സമാനതകളില്ലാത്ത നഷ്ടമാണുണ്ടായത്. സെപ്റ്റംബർ മാസത്തിൽ ഷോളയാർ ഡാം നിറഞ്ഞുനിൽക്കുന്ന സാഹചര്യം, വലിയ മഴ വരുമ്പോഴുണ്ടാകുന്ന ഭീതി, അതോടൊപ്പംതന്നെ പറമ്പിക്കുളം ഡാം മുന്നറിയിപ്പില്ലാതെ തുറന്നുവിടുന്ന സാഹചര്യം എന്നിവ കാരണം വലിയ പ്രതിസന്ധിയിലൂടെയാണ് ചാലക്കുടിയിലെ ജനങ്ങൾ കടന്നുപോകുന്നത്. 2018-ൽ ബലക്ഷയം സംഭവിച്ച പെരിങ്ങൽകുത്ത് ഡാമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മൂന്ന് വർഷം കഴിഞ്ഞിട്ടും നടത്തിയിട്ടില്ല. ഈ ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. പെരിങ്ങൽകുത്ത് ഡാമിന്റെ വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞിട്ടുണ്ട്, പെട്ടെന്നുതന്നെ അതാരംഭിക്കുന്നതാണ്. പറമ്പിക്കുളം ഡാം തുറന്നുവിട്ട വിഷയം അന്തർസംസ്ഥാനവുമായി ബന്ധപ്പെട്ടതാണ്. പറമ്പിക്കുളം ഡാമിൽനിന്നും 1300 ക്യുസെക്സ് വെള്ളമാണ് ഇപ്പോൾ ചാലക്കുടി പ്പുഴയിലേയ്ക്ക് തുറന്നുവിട്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് യാതൊരു പ്രശ്നവുമില്ല. അത് 5000 ക്യുസെക്സിന് മുകളിൽ വന്നാൽമാത്രമേ പ്രശ്നമാകുകയുള്ളൂ. അവിടെ നിന്നും വെള്ളം കൊണ്ടുപോകണമെന്ന് മുഖ്യമന്ത്രിതന്നെ നേരിട്ട് നിർദ്ദേശം നൽകിയതനുസരിച്ച് തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, നമ്മുടെ ജലവൈദ്യുത ഡാമുകളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവിടെ അടിഞ്ഞുകൂടിയ മണ്ണും ചെളിയും പാറക്കഷണങ്ങ ളുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ താപനിലയങ്ങളിൽനിന്നും വൈദ്യുതി ലഭിക്കാത്ത പ്രതിസന്ധി നിലവിലുണ്ട്. അതുകൊണ്ട് അടുത്ത വേനൽക്കാലത്ത് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുവേണ്ടി ഡാമുകളിലെ എക്കൽമണ്ണും ചെളിയും മാറ്റുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണും ചെളിയും എത്രയാണെന്നത് ഒരു പഠനം നടത്തി കണ്ടെത്തിയിട്ടുണ്ട്. അത് നീക്കം ചെയ്യുന്നതിനുവേണ്ടി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. പരിസ്ഥിതിക്ക് കോട്ടം വരുന്നുവെന്ന ചില പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ട് ആലോചിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാങ്കേതിക പഠനമനുസരിച്ച് സംസ്ഥാനത്ത് കാറ്റിൽനിന്നുമുള്ള വൈദ്യുതി ഉൽപാദന സാദ്ധ്യത കണക്കിലെ ടുത്തിട്ടുണ്ടോ; അത് പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി 82 മെഗാവാട്ട് വൈദ്യുതി ഉൽപാദനത്തിനായി NHPC (National Hydroelectric Power Corporation)-യുമായി സർക്കാർ മുൻപ് ഒരു ധാരണാപത്രത്തിൽ ഒപ്പിട്ടിരുന്നു വെന്നാണ് മനസ്സിലാക്കുന്നത്. അതിനെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പദ്ധതി മുന്നോട്ടുപോകുന്നുണ്ട്. ഇടുക്കിയിലും പാലക്കാട്ടെ അട്ടപ്പാടിയിലുമാണ് നമുക്ക് കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പി ക്കാനുള്ള സാദ്ധ്യതയുള്ളത്. അതിനാവശ്യമായ സത്വര നടപടി സ്വീകരിക്കു ന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കൽക്കരി ലഭ്യതക്കുറവുമൂലം കേന്ദ്ര പൂളിൽനിന്നും വൈദ്യുതി ലഭിക്കുന്ന കാര്യത്തിൽ തടസ്സം നേരിടുന്നുവെന്ന വാർത്തകളുണ്ടായിരുന്നു. നമുക്ക് സ്വന്തമായുള്ള ജലവൈദ്യുത പദ്ധതികളിലൂടെ സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം നിറവേറ്റാൻ സാധിക്കുമോ ഇല്ലെങ്കിൽ അതിന്റെ പോരായ്മ നികത്താനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 21 പദ്ധതികൾ ആലോചിച്ചിട്ടുണ്ട്. 190 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്ന പദ്ധതികൾ നിലവിലുണ്ട്. പീക്ക് അവറിൽ 300 മെഗാവാട്ട് വൈദ്യുതിയുടെ ഷോർട്ടേജാണ് വരുന്നത്. നമ്മൾ കൺട്രോൾ ചെയ്യുതുകൊണ്ട് അത് തരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വളരെ കുറച്ച് വൈദ്യുതി മാത്രമാണ് നമുക്ക് പുറത്തുനിന്നും വാങ്ങേണ്ടി വന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുമായി ബന്ധപ്പെടാൻ കാസർഗോഡ് ജില്ലയിലെ മലയോര ഗ്രാമങ്ങളിലുള്ളവർക്ക് ഏകദേശം 30-35 കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിവരും. അതുകൊണ്ട് അവിടെ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. അന്ന് ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞിരുന്നുവെങ്കിലും അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് നിലവിലുള്ള പ്രൊപ്പോസൽ അംഗീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിച്ചുകൂടേ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും അത് അനുവദിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാം. സ്മാർട്ട് മീറ്റർ വരുന്നതോടുകൂടി സെക്ഷൻ ഓഫീസിന്റെ പ്രസക്തിതന്നെ ഇല്ലാതാകും. ഫോണിലൂടെ പണമടയ്ക്കാനും പീക്ക് അവറിൽ വൈദ്യുതി ഉപഭോഗം എങ്ങനെ കുറച്ചുകൊണ്ടുവരാൻ സാധിക്കു മെന്നതൊക്കെ നമുക്കറിയാൻ കഴിയും. അതുകൊണ്ട് സെക്ഷൻ ഓഫീസിന്റെ ആവശ്യം വലുതായുണ്ടാകില്ല. ചെലവ് ചുരുക്കലിന്റെ ഭാഗമായി അധിക ചെലവ് ഇല്ലാതിരിക്കുന്നതാണ് നല്ലതെന്നതാണ് എന്റെ അഭിപ്രായം. എന്തായാലും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇലക്ട്രിസിറ്റി ബോർഡിന് ലാഭമുണ്ടാക്കാൻവേണ്ടി 2018-ൽ ഡാമുകളിലെ വെള്ളം തുറന്നുവിടാത്തതിന്റെ ഭാഗമായാണ് നമുക്ക് വലിയ ദുരന്തമുണ്ടായത്. പക്ഷേ ഇത്തവണ മുൻകരുതലെന്നുള്ള നിലയിൽ ഡാമുകൾ നേരത്തെ തുറന്ന സാഹചര്യമുണ്ടായത് സ്വാഗതാർഹമാണ്. പെരിയാറിലേയ്ക്കും മറ്റും തുറന്നുവിട്ട വെള്ളം കടലിലേയ്ക്കു പോയതുപോലും നമ്മൾ അറിഞ്ഞില്ല. 2018-ൽ ഈയൊരു സമീപനം സ്വീകരിക്കാത്തതുകൊണ്ടാണ് ദുരന്തം സംഭവിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ

നദികളിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിന് ജലവിഭവ വകുപ്പ് പഠനം നടത്തുന്നതല്ലാതെ നടപടിയിലേയ്ക്ക് വരുന്നില്ല. അതിനുള്ള പഠനം നടക്കുന്നുണ്ടോ; അത് എന്ന് പൂർത്തീകരിക്കും; പുഴയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്ത വിധത്തിൽ എക്കലും ചെളിയും മണ്ണും മാറ്റാൻ എന്ത് ചെയ്യാൻ സാധിക്കും? അതുപോലെ മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ വളരെ പോസിറ്റീവായി നമുക്ക് കത്തെഴുതിയിട്ടുണ്ട്. അതുമൂലം നമുക്ക് മുല്ലപ്പെരിയാറിൽ പുതിയൊരു ഡാം നിർമ്മിക്കാനുള്ള സാഹചര്യമുണ്ടാകുമോ?

മി. സ്പീക്കർ: ഒരു ഉപചോദ്യത്തിന് അവസരം നൽകിയാൽ രണ്ടെണ്ണം ചോദിക്കുന്നത് ശരിയല്ല.

ശ്രീ. അൻവർ സാദത്ത്: സർ, വളരെ ഗൗരവമേറിയ വിഷയമായതു കൊണ്ടാണ്.

മി. സ്പീക്കർ: എന്നാൽ ഗൗരവമുള്ള കാര്യം മാത്രം ചോദിക്കുക. അല്ലാത്തത് എന്തിനാണ് ചോദിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ആദ്യത്തെ ഉത്തരത്തിൽതന്നെ പറഞ്ഞതാണ്. ഇലക്ട്രിസിറ്റി ബോർഡിനുകീഴിലുള്ള ഓരോ ഡാമിലും അടിഞ്ഞു കിടക്കുന്ന എക്കലും ചെളിയും സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് സമർപ്പിക്ക പ്പെട്ടിട്ടുണ്ട്. ഏത് രീതിയിൽ അവ നീക്കംചെയ്യണമെന്നത് സംബന്ധിച്ച് മുഖ്യമന്ത്രി യുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡ് മാത്രം തീരുമാനിക്കേണ്ടതല്ല; പരിസ്ഥിതിയടക്കമുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിച്ച മാത്രമേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീമതി യു. പ്രതിഭ: സർ, കേരളത്തിലിപ്പോൾ മുൻകാലത്തേക്കാൾ കൂടുതൽ മഴ ലഭിക്കുന്നുണ്ട്. വൃഷ്ടിപ്രദേശങ്ങളിൽ മഴ പെയ്യുന്നത് മനസ്സിലാക്കുന്നതിനും അതിനുവേണ്ടിയുള്ള മുൻകരുതലുകളെടുക്കുന്നതിനും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൃഷ്ടിപ്രദേശത്ത് കുറേ സ്ഥലത്ത് മഴമാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ട്. വെള്ളത്തിന്റെ ഒഴുക്കെത്രയുണ്ടാകുമെന്ന് രണ്ടോ മൂന്നോ മണിക്കൂറിനു മുൻപുതന്നെ മനസ്സിലാക്കി അതനുസരിച്ചുള്ള നിയന്ത്രണം കൊണ്ടുവരാൻ ഇതിലൂടെ സാധിക്കുന്നതാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ആദിവാസി സമൂഹത്തിനാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ബാണാസുര സാഗർ അണക്കെട്ടിൽ മീൻ പിടിക്കാനുള്ള അനുവാദം നൽകിയിട്ടുള്ളത്. നൂറുകണക്കിന് കുടുംബങ്ങൾ ഉപജീവനമാർഗ്ഗം തേടുന്ന ഒരു മേഖലയാണത്. എന്നാൽ മത്സ്യസമ്പത്ത് വളരെയധികം കുറയുന്നതിനാൽ പഴയതുപോലെ മീൻ പിടിക്കാൻ സാധിക്കുന്നില്ലെന്ന ഗൗരവകരമായ വിഷയം ആദിവാസി സമൂഹമുയർത്തുന്നുണ്ട്. അതുകൊണ്ട് കെ.എസ്.ഇ.ബി.എൽ.-ന് മത്സ്യത്തിന്റെ പ്രജനനശേഷി വർദ്ധിപ്പിക്കാനും അവർക്ക് കൂടുതൽ വരുമാനം ലഭിക്കാനുമുള്ള മാർഗ്ഗം സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, മീൻ പിടിക്കാനുള്ള സൗകര്യമുണ്ടാകും. എന്ത് പ്രശ്നമുണ്ടെങ്കിലും ചർച്ച ചെയ്ത് പരിഹരിക്കും.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, മഴ ശക്തിപ്പെട്ടതിനെത്തുടർന്ന് വൈദ്യുതി വകുപ്പിനുകീഴിലുള്ള ഡാമുകൾ നിറഞ്ഞുകവിയുകയാണ്. ഈ സാഹചര്യം ഉപയോഗിച്ച് വൈദ്യുതി ഉൽപാദന വർദ്ധനവിന് പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ടോ; വൈദ്യുതി സംഭരണശക്തി വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ചാലക്കുടി പുഴയിലേയ്ക്ക് ധാരാളം വെള്ളം ഒഴുകിപ്പോകുന്നുണ്ട്. അതുകൊണ്ട് സംഭരണശേഷി വർദ്ധിപ്പിക്കാനും ഫ്ലഡ് കൺട്രോളിനും വരൾച്ചയും കുടിവെള്ള പ്രശ്നവും പരിഹരിക്കാനുമായാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി കൊണ്ടുവന്നത്. ധാരാളം പുഴകളൊഴുകി വരുന്ന സ്ഥലത്ത് സംഭരണശേഷി വർദ്ധിപ്പിക്കാനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും വേണ്ടി അഞ്ച് ഡാമുകളുടെ പ്രൊപ്പോസലുകളുണ്ട്. അത് ജലസേചനത്തിനും ഉപയോഗിക്കാവുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൈക്രോ ഹൈഡൽ പ്രോജക്ടുകളിലൂടെ കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇന്ത്യയ്ക്കുതന്നെ മാതൃകയായാണ് പാലക്കാട് ജില്ലാപഞ്ചായത്ത് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പാക്കിയത്. എന്റെ നിയോജകമണ്ഡലത്തിലെ പാലക്കുഴി ജലവൈദ്യുത പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മാസങ്ങളോളം തുടർച്ചയായി നീരൊഴുക്കുള്ള നിരവധി വെള്ളച്ചാട്ടങ്ങൾ നമ്മുടെ മലനിരകളിലുണ്ട്. നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർഗുണ്ട് പോലെയുള്ള വെള്ളച്ചാട്ടങ്ങൾ, ആയക്കെട്ടുകൾ, ശക്തമായ ഒഴുക്കുള്ള നിരവധി ചെക്കുഡാമുകൾ മുതലായ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി സൂക്ഷ്മ-ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതിനായി എനർജി മാനേജ്മെന്റ് സെന്ററിനെ ഏൽപ്പിച്ച് പ്രത്യേക ടെൻഡർ വിളിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. നമുക്ക് ഒഴുക്കുവെള്ളത്തിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള മിനി ഹൈഡൽ പ്രോജക്ടുകൾക്ക് സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് ഇടുക്കിയെപ്പോലെ ഏതുസമയത്തും വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിൽ അതിന് ധാരാളം സാദ്ധ്യതകളുണ്ട്. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ എനർജി മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ അവർ റിപ്പോർട്ട് ലഭ്യമാക്കും.

ഡോ. മാത്യു കുഴൽനാടൻ: സർ, മലങ്കര ഡാമിന് റൂൾ കർവ് ഇല്ലാത്തതു കൊണ്ട് മൂലമറ്റം പ്രോജക്ടിൽനിന്നും അനിയന്ത്രിതമായി വെള്ളം തുറന്നുവിടേണ്ട സാഹചര്യമുണ്ടാകുന്നുവെന്ന് കെ.എസ്.ഇ.ബി.എൽ.-നെതിരെ നിരന്തരം ആക്ഷേപമുയരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനൊരു റൂൾ കർവ് അല്ലെങ്കിൽ കോ-ഓർഡിനേഷനുണ്ടാക്കാനുള്ള സംവിധാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്രാവശ്യം അങ്ങനെയുണ്ടായിട്ടില്ല. വളരെ നിയന്ത്രിച്ചാണ് പോകുന്നത്. റൂൾ കർവ് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശാനുസരണം ഡാമിന്റെ കപ്പാസിറ്റിക്കനുസരിച്ചാണ് റൂൾ കർവ് നിശ്ചയിക്കുന്നത്.

## വ്യവസായ സംരംഭങ്ങൾക്ക് പാട്ടഭൂമി

2(*332) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് പാട്ടഭൂമി അനുവദിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട കരട് നിർദ്ദേശം എന്താണെന്ന് അറിയിക്കാമോ;

(സി) കരട് വ്യവസ്ഥ പ്രകാരമുള്ള നിർദ്ദേശങ്ങൾ വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) സംസ്ഥാനത്ത് നിലവിൽ പാട്ടവ്യവസ്ഥയിൽ വ്യവസായ ഭൂമി അനുവദിച്ചുവരുന്നത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര (കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.), സിഡ്കോ (സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) മുതലായവയാണ്. ടി സ്ഥാപനങ്ങൾ 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. എന്നാൽ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചുവരുന്നത്.

(ബി) ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ ഈ മേഖലയിലെ വിവിധ ആവശ്യങ്ങൾ പരിഗണിച്ചുമാണ് കരട് നയം ആവിഷ്കരിച്ചിട്ടുള്ളത്.

ശ്രീ. മാണി സി. കാപ്പൻ: സർ, വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കാനുള്ള പാട്ടവ്യവസ്ഥ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അത് നേരത്തെ ഉത്തരത്തിൽ സൂചിപ്പിച്ചിരുന്നു. നിലവിൽ വ്യത്യസ്ത സ്വഭാവത്തിലാണ് പാട്ടവ്യവസ്ഥയുള്ളത്. വ്യവസായ- വാണിജ്യ ഡയറക്ടറേറ്റ് (ഡി.ഐ.സി.)-ന്റെ കീഴിലുള്ള ഭൂമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിക്കുന്നത്. എന്നാൽ 2013 മുതൽ 2020 വരെ അത് ലീസിലേയ്ക്ക് മാറിയിരുന്നു. അങ്ങനെ 139 സംരംഭകർക്ക് ലീസ് വ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. അത് പ്രായോഗികമല്ലെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും ഹയർ പർച്ചേസിലേയ്ക്ക് മാറിയിട്ടുള്ളത്. വ്യത്യസ്ത രീതിയിൽ നിലനിൽക്കുന്ന പാട്ടവ്യവസ്ഥ ഏകീകരിക്കാനാണ് ശ്രമിക്കുന്നത്. അതിന് ചില പ്രായോഗിക കാര്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ചിലത് പാട്ടവ്യവസ്ഥയിൽ മാത്രം കൊടുക്കാൻ കഴിയുന്ന റവന്യൂ ഭൂമിയാണ്. ബാക്കിയെല്ലാം നേരിട്ട് നൽകാൻ കഴിയുന്നതാണ്. സംരംഭകരുമായി ആശയവിനിമയം നടത്തിയാണ് അലോട്ട്മെന്റ് പോളിസിക്ക് രൂപം നൽകുന്നത്. അത് പരമാവധി ലളിതവത്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. നിലവിലുള്ളവരുടെ ഓണർഷിപ്പ് അൻപത്തിയൊന്ന് ശതമാനം നിലനിർത്തി ബാക്കിയുള്ളവ കൊടുക്കുന്നതിന്റെ നടപടി ലളിതമാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ പിൻതുടർച്ചാവകാശികൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ പൂർണ്ണമായും സൗജന്യവും ലളിതവുമാക്കുന്ന കാര്യങ്ങളും കരട് നയത്തിൽ ആലോചിക്കുന്നുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് ഭൂമി നൽകുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, അത് ഉത്തരത്തിൽത്തന്നെ പറഞ്ഞിരുന്നു. മൂന്ന് സർക്കാർ ഏജൻസികളും വ്യവസായ-വാണിജ്യ ഡയറക്ടറേറ്റുമാണ് ഭൂമി നൽകുന്നത്. അതിൽ സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവർ പാട്ടവ്യവസ്ഥയിലാണ് ഭൂമി നൽകുന്നത്. കിൻഫ്ര മുപ്പത് വർഷത്തേയ്ക്കാണ് നൽകുന്നത്. അതവസാനിക്കുമ്പോൾ വീണ്ടും അയ്യായിരം രൂപ അടച്ചാൽ അടുത്ത മുപ്പത് വർഷത്തേയ്ക്ക് നൽകും. അങ്ങനെ തൊണ്ണൂറ് വർഷംവരെയാണ് കിൻഫ്ര ഭൂമി പാട്ടത്തിന് നൽകുന്നത്. കെ.എസ്.ഐ.ഡി.സി.-യിൽ ആദ്യത്തെ രണ്ട് വർഷം ലൈസൻസ് പീരീഡായിരിക്കും. അതുകഴിഞ്ഞാൽ മുഴുവൻ പണവും നൽകി പ്രവർത്തനമാരംഭിക്കണം. മുപ്പത് വർഷത്തേയ്ക്കാണ് നൽകുന്നത്. അതുകഴിഞ്ഞാൽ വീണ്ടും മുപ്പത് വർഷത്തേയ്ക്ക് നീട്ടിക്കൊടുക്കാനുള്ള വ്യവസ്ഥ കെ.എസ്.ഐ.ഡി.സി.യിലുമുണ്ട്. ഡി.ഐ.സി. ഇടക്കാലത്ത് ഭൂമി ലീസിന് നൽകിയിരുന്നു. ലീസാണെങ്കിലും ഫെയർ വാല്യു പൂർണ്ണമായി അടയ്ക്കണമായിരുന്നു. എന്നാൽ ഇൻഡസ്ട്രിയൽ ലാൻഡിന് റവന്യൂ വകുപ്പ് ഫെയർ വാല്യു നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ട് തൊട്ടടുത്ത സ്ഥലത്തിന്റെ ഫെയർ വാല്യുവാണ് പരിഗണിച്ചിരുന്നത്. അതുമൂലം വ്യവസായ സംരംഭകർക്ക് വലിയ ബാദ്ധ്യതവരുന്ന സാഹചര്യമുണ്ടായപ്പോഴാണ് 2020-ൽ വീണ്ടും ഹയർ പർച്ചേസിലേയ്ക്ക് മാറിയത്. ഈ നാല് രൂപങ്ങളിലാണ് ഇപ്പോൾ ലാൻഡ് അലോട്ട്മെന്റ് പോളിസി നിലനിൽക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ദീർഘകാല നിക്ഷേപം കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ വ്യവസായ സംരംഭങ്ങൾ യഥാർത്ഥ്യമാക്കുന്നതിന് പാട്ടക്കാലാവധി നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; കരാറുമായി ബന്ധപ്പെട്ട് ഒരു വ്യവസ്ഥയിൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ഇത് ചെയ്യാൻ കഴിയുന്നൊരു സഹചര്യമുണ്ടാക്കണമെന്ന വ്യവസായികളുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? വ്യവസായികളുടെ നിരവധിയായ പരാതികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം നമ്മുടെ സംസ്ഥാനത്തി ലില്ലെന്നത് വലിയൊരാക്ഷേപമായി നിലനിൽക്കുകയാണ്. നിരവധിയാളുകൾ നിക്ഷേപത്തിനുവരുന്ന സാഹചര്യത്തിൽ പരാതികൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, സംരംഭകരെ സ്വാഗതം ചെയ്യുന്നതിനും അവർക്ക് സൗഹാർദ്ദപരമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് ഗവൺമെന്റ് പൊതുവെ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ ഗവൺമെന്റ് വളരെ ക്രിയാത്മകമായ നിയമനിർമ്മാണങ്ങൾ നടത്തി, അതിന്റെ തുടർച്ചയായി ഈ ഗവൺമെന്റും സമീപനം സ്വീകരിച്ചിട്ടുണ്ട്. കിൻഫ്ര മുപ്പത്+മുപ്പത്+മുപ്പത് അങ്ങനെ തൊണ്ണൂറ് വർഷത്തേയ്ക്കാണ് ലീസിന് നൽകുന്നത്. 5,000 രൂപ മാത്രമാണ് ലീസ് പുതുക്കുന്നതിനുവേണ്ടി ഈടാക്കുന്നത്. കെ.എസ്.ഐ.ഡി.സി. മുപ്പത് പ്ലസ് മുപ്പത് വർഷത്തേയ്ക്കാണ് നൽകുന്നത്. ഹയർ പർച്ചേസ് സംവിധാനത്തിലാണ് ഡി.ഐ.സി. നൽകുന്നത്. അതുസംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഓർഡിനൻസ് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സ് മെക്കാനിസത്തിന്റെയടിസ്ഥാനത്തിൽ സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിയും ജില്ലാതല പരാതി പരിഹാര കമ്മിറ്റിയും രൂപീകരിക്കാൻ ഇന്നലത്തെ മന്ത്രിസഭായോഗം തീരുമാനിച്ച കാര്യം സഭയെ അറിയിക്കുകയാണ്. അതോടുകൂടി ഏത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കും. കൂടാതെ പതിനഞ്ച് ദിവസത്തിനുള്ളിൽ തീരുമാനങ്ങൾ നടപ്പാക്കണം. അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് പിഴ ചുമത്താനും ഒപ്പംതന്നെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനുമുള്ള അധികാരവും ഈ കമ്മിറ്റിക്കുണ്ട്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകളാരംഭിക്കാൻ അനുമതി കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകളെന്താണ്; ഗവൺമെന്റ് സ്വകാര്യ പാർക്കുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകും? അതോടൊപ്പംതന്നെ കോവിഡിനെത്തുടർന്ന് ചെറുകിട-ഇടത്തരം വ്യവസായങ്ങളെല്ലാം തകർച്ചയിലാണ്. ഗവൺമെന്റ് മുൻകയ്യെടുത്ത് ബാങ്കുകളുമായി ചർച്ച ചെയ്ത് ഇവർക്ക് അഡീഷണൽ വായ്പ ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടാക്കിയില്ലെങ്കിൽ മഹാഭൂരിപക്ഷം ചെറുകിട സംരംഭങ്ങളും പൂട്ടിപ്പോകും. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ ഗവൺമെന്റ് സ്വകാര്യ വ്യവസായ പാർക്കുകളെ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് വ്യവസായ പാർക്കുകൾക്കായി ഗ്രാമങ്ങളിൽ ഇരുപത്തിയഞ്ചേക്കറും നഗരങ്ങളിൽ പതിനഞ്ചേക്കറും സ്ഥലം മിനിമം വേണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. അതിന്റെയടിസ്ഥാനത്തിൽ പാർക്കുകളൊന്നും മുന്നോട്ടുവരുന്ന സാഹചര്യമുണ്ടായില്ല. അതിനാൽ കേരളത്തിലെ ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ചുകൊണ്ട് സ്ഥലത്തിന്റെ അളവിൽ

മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കുന്നുണ്ട്. പുതിയ രൂപത്തിൽ, പ്രായോഗികമാക്കാൻ കഴിയുന്ന വ്യവസ്ഥകളോടുകൂടി സ്വകാര്യ പാർക്ക് കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ പശ്ചാത്തല സൗകര്യ വികസനത്തിനായി രണ്ട് കോടി രൂപയോളം ഗവൺമെന്റ് നൽകുമെന്നുള്ള വ്യവസ്ഥകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതിയിൽത്തന്നെയുണ്ടായിരുന്നു. അതെല്ലാം പരിഗണിച്ചുകൊണ്ട് പുതിയ സംരംഭം കൊണ്ടുവരുന്നതിന് സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുകയെന്ന സമീപനം തന്നെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ രണ്ടാമത്തെ ചോദ്യം വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും മറുപടി പറയാം. ചെറുകിട വ്യവസായികൾക്കായി രണ്ട് പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ബാങ്കുകൾ വ്യത്യസ്ത സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ബാങ്കുകളുമായി പ്രത്യേക യോഗംചേർന്ന് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ബി.പി.സി.എൽ.-കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ് PDPP (Propylene Derivatives Petrochemical Project) പ്ലാന്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 132 ഏക്കർ സ്ഥലമേറ്റെടുക്കാൻ 2013-ൽ നോട്ടിഫിക്കേഷൻ വന്നതാണ്. അതിൽ 13 ഏക്കർ ഭൂമി ഇതുവരെ ഏറ്റെടുത്തിട്ടില്ല. PDPP പ്ലാന്റിന് അവിടെ ആരംഭം കുറിച്ചു. സ്വാഭാവികമായും വായു മലിനീകരണമടക്കമുള്ള പ്രശ്നങ്ങളുണ്ട്. നോട്ടിഫൈ ചെയ്ത 13 ഏക്കർ ഭൂമി ഏറ്റെടുപ്പിക്കാൻ നടപടികളുണ്ടാകണമെന്നതാണ് എന്റെ ആവശ്യം. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ കാരണം ചുറ്റുമുള്ള പാടങ്ങൾ കൃഷിയോഗ്യമല്ലാതായിരിക്കുന്നതിനാൽ അതുകൂടി കമ്പനി ഏറ്റെടുക്കണം. അങ്ങനെയാണെങ്കിൽ പ്രസ്തുത സ്ഥലത്തെ ഇക്കോ ഫ്രണ്ട്‌ലിയായി ഡെവലപ് ചെയ്ത് കൊണ്ടുപോകാൻ കമ്പനിക്ക് കഴിയും. ഇത് കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിനെക്കൊണ്ട് ചെയ്യിക്കാൻ കഴിയുമോ? ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും അങ്ങ് ആ ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ അറിയിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്). Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരം, പ്രോജക്ടുകൾ പ്രഖ്യാപിച്ചാൽ മാത്രമേ നിലവിൽ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതിന്റെയടിസ്ഥാനത്തിലായിരിക്കും അത് പ്രവർത്തിച്ചുകൊണ്ടുവരുന്നത്. ഇതുമായി ബന്ധപ്പെട്ട പരാതികൾ നിയമസഭാ സമിതിയും പരിശോധിച്ചുവരുന്നു. അതുസംബന്ധിച്ച മറ്റ് കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല.

ശ്രീ. വി. ജോയി: സർ, വ്യവസായ വകുപ്പ് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതിൽ 'മീറ്റ് ദി ഇൻവെസ്റ്റർ' പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ; ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏതെങ്കിലും വൻകിട വ്യവസായങ്ങൾ വന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടി പ്രകാരം നിക്ഷേപത്തിന് തയ്യാറായിവരുന്നവർക്ക് മന്ത്രിയുടെയും ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ അവരുടെ പ്രോജക്ട് അവതരിപ്പിക്കാനുള്ള അവസരമാണ് നൽകുന്നത്. രണ്ട് പ്രിൻസിപ്പൽ സെക്രട്ടറിമാർ, കെ.എസ്.ഐ.ഡി.സി. എം.ഡി., കിൻഫ്ര എം.ഡി., വ്യവസായ വകുപ്പ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ എന്നിവരുൾപ്പെടെ ഈ പ്രോജക്ടുകൾ കേൾക്കും. അതിന്റെയടിസ്ഥാനത്തിൽ അവർ ഗവൺമെന്റിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്ന കാര്യങ്ങൾകൂടി പരിശോധിച്ച് പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകാൻ ഡിപ്പാർട്ടുമെന്റിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിനകം എട്ട് സംരംഭകരുടെ പ്രോജക്ടുകൾക്ക് പ്രാഥമിക ഘട്ടത്തിൽ അംഗീകാരം നൽകി. അങ്ങനെ 3650 കോടി രൂപയുടെ നിക്ഷേപത്തിന്റെ വാഗ്ദാനങ്ങൾ 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയുടെ ഭാഗമായി ലഭിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏത് വ്യവസായ സംരംഭത്തിന്റെയും റോൾ മോഡലാകേണ്ടത് പൊതുമേഖലാ വ്യവസായങ്ങളാണ്. അതുകൊണ്ട് എല്ലാ രൂപത്തിലുമുള്ള പിന്തുണ കൊടുത്ത് അവയെ സംരക്ഷിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. സിമെന്റ് ഉൽപാദനത്തിൽ കുത്തക സ്ഥാപനമായ ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിന്റെ നിലവിലെ അവസ്ഥ വളരെ ശോചനീയമാണ്. അങ്ങ് ഇക്കാര്യത്തിൽ കുറേ ഇനിഷ്യേറ്റീവ് എടുത്തിട്ടുണ്ടെന്ന് എനിക്കറിയാം. അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി നടപടിയെടുത്താൽ സ്വാഭാവികമായും മറ്റ് വ്യവസായ സംരംഭങ്ങൾക്കുകൂടി അത് പ്രോത്സാഹനമാകുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെയും ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ എം.എൽ.എ.-മാരുമായി വ്യവസായ വികസനം ചർച്ച ചെയ്യുന്ന ഘട്ടത്തിലും അദ്ദേഹം ഇത് ഉന്നയിക്കുകയുണ്ടായി. ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് നേരത്തെ വൈറ്റ് സിമെന്റാണ് ഉൽപാദിപ്പിച്ചിരുന്നത്. ഇപ്പോൾ അതിൽ ഡിമാന്റിന്റെ പ്രശ്നമുണ്ട്. കൂടാതെ വേമ്പനാട്ടുകായൽ ജൈവവൈവിദ്ധ്യ മേഖലയായി വന്നതോടുകൂടി കക്ക

കിട്ടുന്നതിനും പരിമിതിയുണ്ടായി. അതിന്റെയൊക്കെ ഭാഗമായി പ്രസ്തുത സ്ഥാപനം പ്രതിസന്ധിയിലായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിൽനിന്നും കരകയറുന്നതിനാവശ്യമായ സമീപനം സ്വീകരിച്ചിരുന്നു. കാക്കനാടുള്ള ഭൂമി ഏറ്റെടുക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അവർക്ക് സാമ്പത്തികമായി പിന്തുണ നൽകാനുള്ള സമീപനവും സ്വീകരിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ളതു പോലെ മുന്നോട്ടുപോകാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിനൊരു പുനഃസംഘടന ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതു പ്രകാരം വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്. അതിൽ ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡും വിശദമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ സ്ഥലത്തിന്റെ ലഭ്യതയും പ്രത്യേകതയും പരമാവധി വിനിയോഗിച്ചുകൊണ്ട് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള പദ്ധതി ആവിഷ്കരിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഭൂമി പലരും കൈവശം വച്ചിട്ടുണ്ട്. അതെല്ലാം നിയമക്കുരുക്കിൽപ്പെട്ട് ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അത്തരം ഭൂമി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അതിനാൽ ഒരു ലീഗൽ സെൽ രൂപീകരിച്ച് കേസുകൾ വേഗത്തിൽ നടത്തി ഭൂമി തിരിച്ചെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

ശ്രീ. പി. രാജീവ്: സർ, ലാൻഡിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ടെന്ന് സഭയിൽ ഞാൻ പറഞ്ഞിരുന്നു. ഒഴിഞ്ഞുകിടക്കുന്നത്, കേസ്സിൽപ്പെട്ടിരിക്കുന്നത് എന്നിങ്ങനെ നേരത്തെ സൂചിപ്പിച്ച നാല് സംവിധാനങ്ങളുടെയും കീഴിലുള്ള ലാൻഡിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഡി.ഐ.സി.-യുടെ 52.74 ഏക്കർ ഭൂമി ഒഴിഞ്ഞുകിടക്കുന്നതിൽ 50 ഏക്കറും കാസർഗോഡുള്ള അനന്തപുരം എസ്റ്റേറ്റിന്റേതാണ്. അതിന് ഇപ്പോൾ ഡിമാൻഡില്ലാത്തതിനാൽ അവിടേയ്ക്ക് സംരംഭകരെ ആകർഷിക്കാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരും അക്കാര്യത്തിൽ ആവശ്യമായ പിന്തുണ നൽകണം. കിൻഫ്രയുടെ കൈവശമുള്ള ഭൂമി നല്ല രീതിയിൽ പോയിട്ടുണ്ട്.

243 ഏക്കർ സ്ഥലമാണ് അവർക്കിനി കൊടുക്കാനായുള്ളത്. അതിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. സിഡ്കോയുടെ ഭൂമി ഒന്നുംതന്നെ ഒഴിവില്ല. കെ.എസ്.ഐ.ഡി.സി.യുടെ 53 ഏക്കറാണ് ഡെവലപ്ഡ് പ്ലോട്ടിൽ ഇപ്പോൾ ഒഴിവുള്ളത്. അതിൽ സംരംഭകർ വന്നുകൊണ്ടിരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ലിറ്റിഗേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ഇൻഡസ്ട്രീസ് വകുപ്പിനുവേണ്ടി ഹൈക്കോടതിയിൽ ഒരു സ്പെഷ്യൽ പ്ലീഡറെ നിശ്ചയിച്ചിട്ടുണ്ട്. അതോടുകൂടി കേസുകളെല്ലാം വേഗത്തിലാക്കാമെന്നാണ് കരുതുന്നത്. കേസുകളുടെ സ്റ്റാറ്റസ് എടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഇവിടെ ചോദ്യം പാട്ടഭൂമിയെ സംബന്ധിച്ചുള്ളതാണ്. എനിക്ക് ചോദിക്കാനുള്ളത് വ്യത്യസ്തമായ കാര്യമാണ്. ഗ്രാമീണ മേഖലയിൽ അല്ലെങ്കിൽ വ്യവസായ ശാലകൾ തീരെയില്ലാത്ത പ്രദേശത്ത് പഞ്ചായത്ത് സൗജന്യമായി മൂന്നോ അഞ്ചോ ഏക്കർ സ്ഥലം നൽകിയാൽ അവിടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്യും; അവരെ പ്രോത്സാഹിപ്പിക്കുമോ; അല്ലെങ്കിൽ പുതിയ കാലഘട്ടത്തിൽ ഐ.ടി. അധിഷ്ഠിത സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള സഹായം വ്യവസായ വകുപ്പിൽനിന്ന് ലഭ്യമാകുമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നാണ് സ്ഥലമെടുത്തിരുന്നത്. അതിൽ കുറച്ച് ഉപയോഗിക്കാതെയും കിടക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ഓരോ മണ്ഡലത്തിലും ഒരു വ്യവസായ പാർക്ക് ആരംഭിക്കാനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വകാര്യ വ്യവസായ പാർക്കുകളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും അതിന് മുൻകയ്യെടുക്കാം. മറ്റ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഒരു ഫീസിബിലിറ്റി സ്റ്റഡി വേണമെന്നാണ് ഇപ്പോൾ സർക്കാർ മനസ്സിലാക്കുന്നത്. സ്ഥലമേറ്റെടുത്ത് ഒരു ഘട്ടം കഴിയുമ്പോഴാണ് അവിടെയൊന്നും നടത്താൻ പറ്റാത്ത സാഹചര്യം വരുന്നത്. ചിലത് ഒട്ടും വയബിളായിരിക്കില്ല. അതുപോലെ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് പല ഘടകങ്ങൾ പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ട് സർക്കാർ മുൻകയ്യെടുത്ത് ആരംഭിക്കുന്ന വ്യവസായ പാർക്കുകളെല്ലാം ഫീസിബിലിറ്റി സ്റ്റഡിയുടെ അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളൂവെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, വ്യവസായങ്ങൾ തുടങ്ങാൻ ഇന്ന് കേരളം ഏറ്റവും അനുയോജ്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം, അത് നമ്മുടെ രാജ്യത്ത് ചർച്ചചെയ്യപ്പെടുകയാണ്. പക്ഷേ, കേരളത്തിൽ ഒരു പെട്ടിക്കടപോലും തുടങ്ങാൻ കഴിയില്ലെന്ന് ഞാൻ പറഞ്ഞെന്ന തരത്തിലുള്ള വാർത്തകൾ ഈ സഭയിലടക്കം ചിലർ ഉന്നയിച്ചതായി കണ്ടു. എന്നാൽ "വ്യാവസായികമായും കച്ചവടപരമായും തകർത്തുകൊണ്ട് എന്റെ രാഷ്ട്രീയം അവസാനിപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്; ഞാൻ എന്റെ കച്ചവടം മുഴുവൻ പൂട്ടി രാഷ്ട്രീയത്തിന്റെ മൂർച്ചകൂട്ടാൻ നിൽക്കുകയാണിവിടെ, ഇനി ഞാൻ ഇവിടെയൊരു പെട്ടിക്കടപോലും തുടങ്ങില്ല" എന്നാണ് പറഞ്ഞത്. എന്റെ ചോദ്യം, പ്രവാസികൾക്കുവേണ്ടി പ്രത്യേകിച്ച് ഇന്ന് വിദേശത്തുനിന്നും മടങ്ങി വരുന്ന പ്രവാസി സമൂഹത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ വ്യവസായ വകുപ്പ് പ്ലാൻ ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രവാസി സംരംഭകർക്കും തിരിച്ചുവരുന്നവർക്കുമായി പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം പ്രവാസികൾക്ക് രണ്ട് കോടി രൂപയുടെ വായ്പ നൽകുന്നുണ്ട്. ഇതുകൂടാതെ സാധാരണ പ്രവാസി കുടുംബത്തിൽനിന്ന് വരുന്നവർക്ക് കുടുംബശ്രീ മുഖേന രണ്ട് ലക്ഷം രൂപവരെ വായ്പ നൽകുന്നുണ്ട്. നേരത്തെ മലപ്പുറം ജില്ലയിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിക്ക് പോയപ്പോഴുള്ള അഭിപ്രായംകൂടി പരിഗണിച്ച് പ്രവാസികൾക്കുമാത്രം മുൻഗണന നൽകിക്കൊണ്ട് വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന കാര്യവും ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ പൊതുവെ കേരളത്തിലാകെ വ്യവസായത്തിന് നല്ല അന്തരീക്ഷമാണുള്ളത്. ചെറിയ വാക്കും വാചകങ്ങളുമെല്ലാമെടുത്ത് കേരളത്തിനെതിരെ പ്രയോഗിക്കാനുള്ള ശക്തമായ നീക്കം നടക്കുന്നുണ്ട്. അതിനെതിരെ ജാഗ്രതയുണ്ടാകേണ്ടത് അത്യാവശ്യം തന്നെയാണ്. യുണൈറ്റഡ് നാഷൻസ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഓർഗനൈസേഷനും വേൾഡ് ബാങ്കും നിർദ്ദേശിച്ച ജി.ഐ.എസ്. മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കിയ IPRS (Industrial Park Rating System) 2.0-യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട 15 പാർക്കുകളുടെ കൂട്ടത്തിൽ കിൻഫ്രയുടെ 4 പാർക്കുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു വിഷയമാണുന്നയിക്കുന്നത്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഇടക്കുളങ്ങര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പാട്ട വ്യവസ്ഥയിൽ നിരവധി വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവിടത്തെ റോഡുകൾ മുഴുവനും വർഷങ്ങളായി തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അത് അടിയന്തരമായി നന്നാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. വ്യവസായ വകുപ്പ് നേരിട്ട് നടത്തുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ 1960-കളിൽ ആരംഭിച്ചിട്ടുള്ളതാണ്. അതിൽ പലതിനും പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതിയുണ്ട്. ജില്ലാതലത്തിൽ അത്തരം പരാതികൾ ലഭിച്ചിട്ടുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും കാലത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സമഗ്രമായ പദ്ധതിക്ക് വ്യവസായ ഡയറക്ടറേറ്റിൽ രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ചേർത്തലയിൽ ആരംഭിച്ച മെഗാ സീ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ദേശീയ തലത്തിൽ മികവ് പുലർത്തുന്ന സംവിധാനങ്ങളായി കിൻഫ്രയുടെ വ്യവസായ പാർക്കുകളെ ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ചേർത്തലയിലെ മെഗാ സീ ഫുഡ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അത് പ്രവൃത്തിപ്പിക്കാനുള്ള അനുമതിയും മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് ലഭിച്ചുകഴിഞ്ഞു. ഭക്ഷ്യ സംസ്കരണം, പ്രത്യേകിച്ച് സീ ഫുഡിന്റെ സംസ്കരണത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സഹായകരമായ പ്രസ്തുത സ്ഥാപനത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തിക്കഴിഞ്ഞു. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയാണ്. അതുകൊണ്ടുതന്നെ കേന്ദ്രസർക്കാരിനെ അറിയിച്ച്, സൗകര്യപ്രദമായ തീയതി തെരഞ്ഞെടുത്ത് അതിവേഗം ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് സഭയെ അറിയിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിൽ സ്ത്രീകൾക്ക് സുരക്ഷിതത്വവും സുസ്ഥിര വരുമാനവുമുറപ്പാക്കാൻ കഴിഞ്ഞാൽ ഏത് സംരംഭവും വിജയിപ്പിക്കാൻ കഴിയുന്ന വലിയ സ്ത്രീസമൂഹം കേരളത്തിലുടനീളമുണ്ടെന്നുള്ളത് തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ പങ്കാളിത്തം തെളിയിക്കുകയാണ്. നാളിതുവരെ അടുക്കളയുടെ നാല് ചുമരുകൾക്കുള്ളിൽ മാത്രം തളച്ചിടപ്പെട്ട ആ വലിയ വർക്ക് ഫോഴ്സിനെ ഉപയോഗപ്പെടുത്തി കേരളത്തിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ മേഖലകളിലും തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ ഒരു ചെറുകിട വ്യവസായ തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വനിതകളെക്കൂടി സംരംഭകരാക്കുന്നതിനുള്ള പ്രത്യേക നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം എറണാകുളത്ത് കുടുംബശ്രീ അംഗങ്ങളുടെ ഒരു സംരംഭക പദ്ധതി ഉദ്ഘാടനം ചെയ്തു. അവിടെവച്ച് നാല് കോടിയിലധികം രൂപ വിതരണം ചെയ്യുകയുണ്ടായി. ചെറിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ സ്ത്രീകൾക്ക് പ്രധാന പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും വ്യവസായ വകുപ്പും ചേർന്ന് ആയിരത്തിൽ അഞ്ച് എന്ന രൂപത്തിൽ തൊഴിൽ നടപ്പാക്കുമ്പോൾ പ്രധാനപ്പെട്ട ഒരു പങ്ക് സ്ത്രീകൾക്കാണ് ലഭിക്കുന്നത്. സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

## വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ

3 (*333) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭെൽ-ഇ.എം.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായോ; സമാന രീതിയിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സംസ്ഥാനം ഏറ്റെടുക്കുകയോ ഏറ്റെടുക്കാൻ ശ്രമം നടത്തുകയോ ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡുൾപ്പെടെ രാജ്യത്തെ ഏറ്റവും വലിയ എണ്ണ കമ്പനിയായ മഹാരത്ന പദവിയിലുള്ള ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം പെട്രോ കെമിക്കൽ പാർക്ക് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വ്യവസായങ്ങളെയും പാചകവാതക ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നീക്കത്തിൽനിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണ ത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,(എ) കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇ.എം.എൽ. (ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്)-ന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*. 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്നുള്ളതുകൊണ്ട് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയ ഭൂമിയുടെ വിലകൂടി വേണമെന്നാണ് ഇപ്പോൾ കേന്ദ്രസർക്കാർ ആവശ്യ പ്പെടുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. അത് കേന്ദ്രസർക്കാർ നമുക്ക് നൽകാത്തതുകൊണ്ട് കമ്പനി ബോർഡിൽപോയി ബിഡ് ചെയ്താണ് ഏറ്റെടുത്തത്. ഇപ്പോൾ അവിടെയൊരു പുതിയ സ്ഥാപനം രൂപീകരിക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയായ മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെ കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാനുദ്ദേശിക്കുന്ന കമ്പനികളുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ.-നെയും അതിന്റെ ഭാഗമായ കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിനെയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ പ്രധാനമന്ത്രിയോടും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന്റെ സ്വകാര്യ വൽക്കരണവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാർ നീക്കത്തിനെതിരെ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്കവിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും പൊതുവേ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്തുൾപ്പെടെ സമസ്ത മേഖലകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളുൾക്കൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഉൽപാദന-വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ മാസ്റ്റർ പ്ലാനുകൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മ പദ്ധതി നടപ്പാക്കാൻ റിയാബിൽ ഒരു പ്രത്യേക സംവിധാനം കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ദീർഘമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു*.

ശ്രീ. കെ. ജെ. മാക്സി: സർ, രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വില്പന തുടങ്ങിവച്ചത് കോൺഗ്രസ്സ് സർക്കാരിന്റെ കാലത്തായിരുന്നു. അത് ബി.ജെ.പി. സർക്കാർ തുടർന്നുകൊണ്ടിരിക്കുകയാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാലത്ത് ഇടതുപക്ഷങ്ങളുടെ പിന്തുണയുണ്ടായിരുന്ന കാലമൊഴിച്ചാൽ ഈ വില്പന ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം, കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)-നെ ഏതുതരത്തിലുള്ള ഇടപെടൽ നടത്തിയാണ് സർക്കാർ ഏറ്റെടുത്തത്; അതിന്റെ വൈവിദ്ധ്യവൽക്കരണം ഏതുതരത്തിൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; കോട്ടയം ജില്ലയുടെ സവിശേഷ സാഹചര്യം മുൻനിർത്തി റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാൻ ആലോചനയുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ.-നെ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഘട്ടത്തിൽ അത് കേരളത്തിന് വിട്ടുതരണമെന്ന് സർക്കാർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാർ അതിന് തയ്യാറായില്ല. കമ്പനി ബോർഡിൽ എൻ.സി.എൽ.ടി. (നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ)-യുടെ കൊച്ചി ബഞ്ച് ബിഡ്ഡിൽ വരികയും 271.5 കോടി രൂപയുടെ റെസല്യൂഷൻ പ്ലാൻ അംഗീകരിച്ചുകൊണ്ട് സ്ഥാപനം വിട്ടുതരികയുമാണ് ചെയ്തത്. എച്ച്.എൻ.എൽ.-ന്റെ എല്ലാ ബാദ്ധ്യതകൾക്കുമായി അവർ നിശ്ചയിച്ചതുപ്രകാരം 271.5 കോടി രൂപ നൽകിയാണ് ഒരു ലയബലിറ്റിയുമില്ലാത്ത രൂപത്തിൽ സ്ഥാപനത്തെ സർക്കാർ ഏറ്റെടുത്തത്. പ്രസ്തുത സ്ഥാപനം മുന്നോട്ടുകൊണ്ടുപോകുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അവിടെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പുതിയൊരു കമ്പനി രൂപീകരിക്കുകയാണ്. റെസല്യൂഷൻ പ്ലാനിനനുസരിച്ചുള്ള പുതിയ കമ്പനിയാണ്. നിലവിൽ ഇഷ്ടമുള്ള ജീവനക്കാരെവച്ച് സ്ഥാപനം തുടങ്ങാവുന്നതാണെങ്കിലും രാഷ്ട്രീയ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ കമ്പനിക്കാവശ്യമായ മേഖലകളിൽ അവിടെയുണ്ടായിരുന്ന തൊഴിലാളികൾക്ക് മുൻഗണന നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. അതുസംബന്ധിച്ച് ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും അദ്ദേഹം വിശദമായ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നാല് സ്റ്റേജിൽ അത് മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ന്യൂസ് പ്രിന്റിന് പൊതുവേ മാർക്കറ്റ് ഇടിഞ്ഞുവരുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ന്യൂസ്പ്രിന്റിൽ തുടങ്ങി പേപ്പർ പ്രോഡക്ട്സിലേയ്ക്ക് മാറുന്നവിധത്തിൽ നാല് ഘട്ടങ്ങളുള്ള ഒരു പദ്ധതി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അവസാന ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിവേഗത്തിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം, കേരള റബ്ബർ കമ്പനിയും രൂപീകരിച്ചിട്ടുണ്ട്. മലേഷ്യയിലുൾപ്പെടെ,

അന്തർദ്ദേശീയതലത്തിൽ റബ്ബർ മേഖലയിൽ പ്രവർത്തിച്ച് പരിചയ സമ്പത്തുള്ളതും റബ്ബർ ബോർഡിന്റെ ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമായിരുന്ന ശ്രീമതി ഷീല തോമസ്, ഐ.എ.എസ്.-നെ ഇതിന്റെ സി.എം.ഡി.-യായി നിയോഗിച്ചിട്ടുണ്ട്. അതുസംബന്ധിച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ബാക്കി സ്ഥലം കിൻഫ്ര ഒരു എസ്റ്റേറ്റായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ഓഹരിയും ആസ്തിയും തിരികെ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പല ഘട്ടങ്ങളിലുമെടുത്ത തീരുമാനങ്ങൾ മുഖ്യ ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നത്. അതുകൊണ്ടാണ് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പോലുള്ളവയ്ക്കായി സൗജന്യമായി നൽകിയ ഭൂമി തന്നെ വിട്ടുകിട്ടാത്ത സാഹചര്യമുള്ളത്. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിൽ നമ്മുടെ ഓഹരി നിലനിർത്തിയിട്ടുണ്ട്. ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കുമ്പോൾ, അതിനെ അടിസ്ഥാനപ്പെടുത്തി രൂപം കൊടുത്തിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിന് ആവശ്യമായ അസംസ്കൃതവസ്തു അവിടെനിന്നും ലഭിച്ചില്ലെങ്കിൽ പദ്ധതി അവതാളത്തിലാകുമെന്നുള്ളത് മുന്നിൽ കണ്ടുകൊണ്ട് സർക്കാർ ബി.പി.സി.എൽ.-മായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. നമ്മുടെ താത്പര്യം പരമാവധി സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. നേരത്തെ വിട്ടുകൊടുത്ത കെൽ (Kerala Electrical & Allied Engineering Company Limited)-ന്റെ കാസർഗോഡ് യൂണിറ്റും സർക്കാർ ഏറ്റെടുത്തത് ഇതേ രൂപത്തിൽ തന്നെയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരള നിയമസഭയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച സുപ്രധാനമായ ചർച്ച നടക്കുമ്പോൾ, ഒരുപക്ഷേ അവിചാരിതമായിട്ടായിരിക്കാം ഇന്ന് ഡൽഹിയിലെ ലോധി റോഡിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ പാടില്ലെന്നുപറഞ്ഞ് ബി.എം.എസ്. ഒരു പ്രക്ഷോഭം നടത്തുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ചെയർ ഉൾപ്പെടെ പാർലമെന്റിൽ നടത്തിയ സമരങ്ങളൊക്കെ നമുക്ക് ബോദ്ധ്യമുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടണം. കാരണം പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുക എന്നുള്ളത് 30 വർഷത്തെ നവലിബറൽ നയങ്ങളുടെ

ബാക്കിപത്രമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കെ.പി.പി. നമ്പ്യാർ ദീർഘവീക്ഷണത്തോടെ ആരംഭിച്ച കെൽട്രോൺ സംരക്ഷിക്കാനുള്ള പാക്കേജ് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാക്കിയിട്ടുണ്ട്. കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സമയബന്ധിതമായി വികസിപ്പിക്കാനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ളത്; കെൽട്രോണിന്റെ നഷ്ടപ്രതാപം തിരിച്ചുപിടിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയെന്നുള്ളത് പുനർവിചിന്തനം ചെയ്ത് കണ്ടെത്തേണ്ട കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വെറുതെ സംരക്ഷിക്കലല്ല; അവയെ ഈ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന രൂപത്തിൽ മത്സരക്ഷമമാക്കി, ലാഭകരമാക്കി സംരക്ഷിക്കേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണമെന്നത് അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം മാത്രമാണെന്നുള്ളത് തെറ്റാണ്. തൊഴിലാളികളെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. എന്നാൽ പൊതുമേഖലയുടെ സംരക്ഷണം തൊഴിലാളികളുടെ മാത്രം സംരക്ഷണമാണെന്ന തെറ്റായ അവബോധം പാടില്ല. തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പൊതുമേഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, 1973-ൽ ആരംഭിച്ച കെൽട്രോണിനെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ പൊതുവേ കുറച്ച് പരിമിതികളുണ്ടായി. അത് മറികടക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. വിമാനവാഹിനി കപ്പലായ ഐ.എൻ.എസ്. വിക്രാന്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ നല്ലൊരു ഭാഗവും കെൽട്രോൺ വികസിപ്പിച്ചെടുത്തതാണെന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. ഐ.എസ്.ആർ.ഒ.-യുടെ ഉപഗ്രഹങ്ങളിലുൾപ്പെടെ ഉപയോഗിക്കുന്നത് കെൽട്രോൺ നിർമ്മിച്ചുകൊടുക്കുന്ന സാധനങ്ങളാണ്. പ്രതിരോധ മന്ത്രാലയവുമായും കരാറുകൾ ഒപ്പുവയ്ക്കുന്നുണ്ട്. ഞാൻ നേവൽ ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടറി (എൻ.പി.ഒ.എൽ.) സന്ദർശിച്ചിരുന്നു. അവരുമായും കെൽട്രോൺ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അതിവേഗത്തിൽ വികസിക്കുന്ന ഒരു മേഖല സെമി കണ്ടക്ടറുകളാണ്. സെമി കണ്ടക്ടറുകൾ നിർമ്മിക്കുന്നതിന് കണ്ണൂരിലെ മട്ടന്നൂരിൽ 500 ഏക്കർ സ്ഥലം നൽകുന്നതിന് തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ ബെൽജിയത്തുനിന്നും സെമി കണ്ടക്ടർ മേഖലയിലെ പ്രധാനപ്പെട്ട കമ്പനി പങ്കെടുക്കുകയുണ്ടായി. അവരുമായും ആശയ വിനിമയം നടക്കുന്നുണ്ട്. ഇലക്ട്രോണിക്സ് മേഖല ശക്തിപ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിക്കും.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, നരേന്ദ്ര മോദി സർക്കാർ ആറ് ലക്ഷം കോടി രൂപ വരുന്ന നാടിന്റെ സ്വത്തുക്കൾ വില്പനയ്ക്ക് വച്ചിരിക്കുകയാണ്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവും ഇതിലുൾപ്പെടും. ഇവിടെയാണ് കേരള ഗവൺമെന്റിന്റെ അല്ലെങ്കിൽ പിണറായി വിജയൻ സർക്കാരിന്റെ പൊതുമേഖല സംരക്ഷണ നടപടികളുടെ പ്രസക്തി. എന്റെ ചോദ്യം, പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പർച്ചേസിനെ സംബന്ധിച്ചാണ്. യഥാർത്ഥ്യ ബോധമില്ലാത്ത ആവശ്യകതാ നിർണ്ണയത്തിലേയ്ക്കും അനാവശ്യ ചെലവിലേയ്ക്കും നയിക്കുന്ന സ്ഥിതിവിശേഷമൊഴിവാക്കാൻ നിശ്ചിത നിലവാരത്തിലുള്ള സാധനങ്ങളും സേവനങ്ങളും മത്സരാധിഷ്ഠിതമായ വിലയിൽ ന്യായവും പക്ഷപാതരഹിതവും സുതാര്യവുമായ രീതിയിൽ വാങ്ങുന്നതിനായി പദ്ധതിയനുസരിച്ച് പ്രവർത്തിക്കുന്നതും ഏകരൂപമുള്ളതുമായ തീരുമാനമെടുക്കൽ സംവിധാനം ഉറപ്പാക്കുന്നതിനാവശ്യമായ ഒരു വാങ്ങൽ പ്രക്രിയ നിയമാവലി തയ്യാറാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സുതാര്യമായാണ് പർച്ചേസുകൾ നടക്കുന്നത്. സി.വി.സി. (സെൻട്രൽ വിജിലൻസ് കമ്മീഷൻ) മാനദണ്ഡങ്ങൾ പിൻതുടരുകയും ഇ-ടെണ്ടറിലേയ്ക്ക് മാറുകയും ചെയ്തിട്ടുണ്ട്. പർച്ചേസിന്റെ കാര്യത്തിൽ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്റ്റേറ്റ് പർച്ചേസ് മാന്വൽ പിൻതുടരാനാണ് നിർബന്ധിതമാകുന്നത്. അതുകൊണ്ട് 10 കോടി രൂപയിൽ കൂടുതലുള്ള പർച്ചേസ് ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. അടിയന്തരമായി ഒരു സാധനം വാങ്ങണമെങ്കിൽ പർച്ചേസ് മാന്വലിനെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്ത് തീരുമാനമെടുത്ത് പല തട്ടുകളിലൂടെ കടന്നുവരുമ്പോഴേയ്ക്കും ഈ ടെക്നോളജി മാറുകയും പുതിയ സാധനം വാങ്ങുന്നതിനുള്ള സാഹചര്യം വരികയും ചെയ്യും. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കെല്ലാം പ്രത്യേകം പർച്ചേസ് മാന്വലുണ്ട്. അതുകൊണ്ട് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അക്കൗണ്ടബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഫംഗ്ഷണലും ഫിനാൻഷ്യലുമായ ഓട്ടോണമി നൽകാനാണ് ഗവൺമെന്റിപ്പോൾ ഉദ്ദേശിക്കുന്നത്. അതിന് കെ.എസ്.ഐ.ഡി.സി. ചെയർമാൻ ശ്രീ. പോൾ ആന്റണി അദ്ധ്യക്ഷനായും കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന്റെ മുൻ ഇ.ഡി. ആയിരുന്ന ശ്രീ. പ്രസാദ് പണിക്കരും ടി.സി.സി. (ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്) എം.ഡി. ശ്രീ. കെ. ഹരികുമാറും ഉൾപ്പെട്ട മൂന്നംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സുതാര്യമായ പർച്ചേസ് സംവിധാനം തയ്യാറാക്കണമെന്നാണ് കരുതുന്നത്. സാമ്പത്തികമെച്ചമുള്ളവയ്ക്കും അല്ലാത്തവയ്ക്കും ഗ്രേഡ് തിരിച്ച് പ്രത്യേക രീതിയിലുള്ള ചില സംവിധാനങ്ങൾ ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ബി.പി.സി.എൽ.-മായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ പെട്രോ കെമിക്കൽ പാർക്കിനോടനുബന്ധിച്ച് പ്രത്യേക വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ കിൻഫ്ര ഭൂമി അനുവദിച്ചുവെങ്കിലും അതിനുവേണ്ടി 20 ശതമാനം തുക അടച്ച് അഞ്ച് മാസം പിന്നിട്ടിട്ടും ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകാൻ ഇതുവരെ സാധിച്ചിട്ടില്ല. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഇക്കാര്യത്തിൽ കാലതാമസം കൂടാതെ പരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അത്തരത്തിലുള്ള ഒരു പരാതിയും ഒരു സംരംഭകരിൽനിന്നും ഗവൺമെന്റിനുമുമ്പിൽ ഇതുവരെ വന്നിട്ടില്ല. അവിടെ നല്ല രീതിയിൽത്തന്നെ സ്ഥലം അലോട്ട് ചെയ്ത് കൊടുക്കുന്നുണ്ട്. ഭൂമി മറ്റ് താത്പര്യങ്ങൾക്കല്ല വിനിയോഗിക്കുന്നതെന്ന് ഉറപ്പിക്കുന്നതിനുവേണ്ടി ഒരു പ്രോസസുണ്ടാകും. കോവിഡായതിനാൽ ചില പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ട്. അതായത് കുറച്ച് പണം ആദ്യം നൽകിക്കൊണ്ട് ഏർലി ബിഡ്ഡിംഗ് സ്കീം അവിടെ നടപ്പാക്കിവരികയാണ്. വേഗത്തിൽ സ്ഥലം നൽകുന്നതിനാണ് കിൻഫ്ര ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സർക്കാരിന് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണെന്ന് അങ്ങ് സൂചിപ്പിച്ചു. ആ നയം സ്വാഗതാർഹമാണ്. നല്ല രീതിയിലും ലാഭകരമായും പ്രവർത്തിക്കുന്നതും എന്നാൽ സാദ്ധ്യതകളെ പൂർണ്ണമായും ഉപയോഗിക്കാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഉദാഹരണമായി കുണ്ടറയിലെ കേരള സെറാമിക്സ് ലിമിറ്റഡിന് മാർക്കറ്റിൽ നല്ല സാദ്ധ്യതയുണ്ട്; വൈവിദ്ധ്യവത്കരണത്തിനുള്ള സാദ്ധ്യതയുമുണ്ട്. എന്നാൽ അവിടെ ധാരാളം സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. അതുപോലെ, കഴിഞ്ഞ ദിവസം ശ്രീ. സജി ചെറിയാൻ ഇവിടെ സൂചിപ്പിച്ച അലിൻഡ് (അലുമിനിയം ഇൻഡസ്ട്രീസ് ലിമിറ്റഡ്)-ന്റെ ഏക്കർ കണക്കിന് ഭൂമി അന്യാധീനപ്പെട്ട് കിടക്കുകയാണ്. അവിടെ സംരംഭകർ ഒന്നും ചെയ്യുന്നില്ല. അലിൻഡിനെയും കേരള സെറാമിക്സ് ലിമിറ്റഡിനെയുംപോലെ വൈവിദ്ധ്യ വത്കരണവും മാർക്കറ്റിന്റെ അന്താരാഷ്ട്ര സാദ്ധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താനും അവിടെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാനായി അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയും തീരുമാനമെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് ഞാൻ നേരത്തെ പരാമർശിച്ചിരുന്നു. കേരള സെറാമിക്സ് ലിമിറ്റഡിനെ സംബന്ധിച്ച് അദ്ദേഹത്തിന് അറിയാവുന്നതാണ്. ഒരു പരിപാടിയുടെ ഭാഗമായി ഞങ്ങൾ ഒന്നിച്ച് അവിടം സന്ദർശിച്ചതാണ്. മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. അടുത്ത ദിവസംതന്നെ 42 പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ സമർപ്പിക്കാനാണ് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാൻ കൊണ്ടുമാത്രം കഴിയില്ല. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ.-ഉം അതിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാനും റോഡ് മാപ്പും വേണ്ടിവരും. അതിനുള്ള കാര്യക്ഷമമായ സംവിധാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി എം.ഡി.-മാരെ പ്രൊഫഷണലായി നിയമിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഇന്റർവ്യൂ നടക്കുകയാണ്. നല്ല നേതൃത്വംകൂടി വരുമ്പോൾ മാറ്റമുണ്ടാക്കാൻ സാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. കിൻഫ്രയുമായോ കെ.എസ്.ഐ.ഡി.സി.-യുമായോ ചേർന്നുകൊണ്ട് ഈ സ്ഥാപനങ്ങൾക്കുകൂടി സഹായകരമാകുന്ന രൂപത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളായി വികസിപ്പിക്കാമോ എന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. സ്വകാര്യ സംരംഭകർ ആയതു കൊണ്ടുള്ള ചില പരിമിതികൾ അലിൻഡിന്റെ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമല്ല കേന്ദ്ര ബി.ജെ.പി. സർക്കാരിന്റേത് എന്നറിയാം. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നത് തടയിടാൻ നല്ല ശ്രമം നടത്തേണ്ടതുണ്ട്. എന്റെ ചോദ്യം, ബി.പി.സി.എൽ.-കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഭൂമിയേറ്റെടുത്ത് നൽകിയത് പബ്ലിക് പർപ്പസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയാണോ; അങ്ങനെയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ അനുവാദമില്ലാതെ വില്പന നടത്താൻ കഴിയുമോ; അതിന്റെ നിയമവശങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ തിരുവനന്തപുരം എയർപോർട്ടിന്റെ കാര്യത്തിൽ സമാനമായ നിയമവശത്തെ സംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തതാണ്. നിലവിൽ ഇത്തരം കാര്യങ്ങളിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനം വ്യക്തമാണ്. നമ്മുടെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള പരമാവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തെഴുതുകയുണ്ടായി. ഈ സഭ ഐകകണ്ഠ്യേന ഒരു പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. പൊതുമേഖലയെ നിലനിർത്തുന്നതിനുവേണ്ടി സാദ്ധ്യമാകുന്ന എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കോടഞ്ചേരി മുനിസിപ്പാലിറ്റിയിലടക്കം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സ്ഥലം ഒഴിഞ്ഞുകിടക്കുകയാണ്. എന്റെ ചോദ്യം, കഴിഞ്ഞ ദിവസം കിൻഫ്രയുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്താത്ത സ്ഥലങ്ങളെ സംബന്ധിച്ച് പറഞ്ഞപ്പോൾ കുറ്റിപ്പുറത്തെ കിൻഫ്ര പാർക്കിനെ സംബന്ധിച്ച് സൂചിപ്പിച്ചില്ല. അവിടെ പുതിയ വ്യവസായങ്ങളൊന്നുമില്ല. അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് കൊണ്ടുവരുമെന്ന വാർത്തയോട് ജനങ്ങൾ വലിയ രീതിയിലുള്ള

എതിർപ്പുകളാണ് പ്രകടിപ്പിക്കുന്നത്. നാഷണൽ ഹൈവേയുടെ സമീപത്തുള്ളതും വ്യവസായ സംരംഭം തുടങ്ങാൻ എല്ലാ സാദ്ധ്യതകളുമുള്ളതുമായ വളരെ അനുയോജ്യമായ സാഹചര്യമാണ് അവിടെയുള്ളത്. അതുകൊണ്ട് നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കിൻഫ്രയുടെ സ്ഥലത്ത് അലോട്ട്മെന്റ് നടക്കുന്നുണ്ട്. വ്യവസായാവശ്യങ്ങൾക്കുവേണ്ടി ഏറ്റെടുത്ത ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കാൻ പാടില്ലെന്നാണ് വ്യവസായ വകുപ്പിന്റെ നിലപാട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, അങ്ങ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പർച്ചേസ് മാന്വലിനെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള KAMCO (Kerala Agro Machinery Corporation Limited)-യ്ക്ക് ഉചിതമായ പർച്ചേസ് മാന്വൽ തയ്യാറാക്കിയിരുന്നു. പർച്ചേസ് മാന്വലുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകളും വ്യവസായശാലകളും നിർണ്ണായക തീരുമാനമെടുത്തില്ലെങ്കിൽ അവർക്കാവശ്യത്തിനുള്ള സാധനങ്ങൾ യഥാസമയം പർച്ചേസ് ചെയ്യാൻ സാധിക്കില്ല. KAMCO-യ്ക്കുവേണ്ടി തയ്യാറാക്കിയ പർച്ചേസ് മാന്വൽ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പർച്ചേസ് മാന്വലിനെക്കുറിച്ച് വളരെ വിശദമായി ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുസംബന്ധിച്ച് ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. അവർ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതിന്റെ ഭാഗമായി അതുകൂടി പരിശോധിക്കും.

ശ്രീ. എ. പ്രഭാകരൻ: സർ, പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനത്തിന് ഭൂമി കൈമാറാനുള്ള വിലയും നിശ്ചയിച്ചതാണ്. സൗജന്യമായി കൊടുത്ത സ്ഥലത്തിന് വില ചോദിക്കുന്നുവെന്നാണ് ഇപ്പോൾ പറഞ്ഞത്. ഇത് സെറ്റിൽ ചെയ്യാനുള്ള എന്തെങ്കിലും ചർച്ച നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അവസ്ഥയും പുരോഗതിയും വിശദീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയതാണ്. കേന്ദ്ര സർക്കാരിന്റെ സമീപനമാണത്. സ്ഥലം പരമാവധി വിട്ടു കിട്ടുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. ഭെൽ-ഇ.എം.എൽ.-ന് സ്ഥലം കൊടുത്തതിൽ നേരത്തേതിൽനിന്നും വ്യത്യസ്തമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. പത്ത് ശതമാനം പലിശ വേണമെന്നാണ് ഇപ്പോൾ ആവശ്യപ്പെടുന്നത്. അങ്ങനെയാണെങ്കിൽപ്പോലും ആ സ്ഥലം ഏറ്റെടുക്കണമെന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനനുസരിച്ചുള്ള തീരുമാനമെടുത്തിട്ടുണ്ട്. പൊതുവേ അത്തരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്.

## വ്യവസായ ഇടനാഴികൾ

4 (*334) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായ ഇടനാഴികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഇടനാഴിയിൽ ഏതൊക്കെ വ്യവസായങ്ങളെ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; ഇതിലൂടെ സംസ്ഥാനത്ത് തൊഴിൽ ലഭ്യതയുടെ വർദ്ധന ഉറപ്പുവരുത്താൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(സി) എല്ലാ നിയോജകമണ്ഡലങ്ങളിലും മിനി വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥാപിക്കുന്ന വ്യവസായ പാർക്കുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പാർക്കുകൾ മുഴുവനും സർക്കാർ മേഖലയിൽത്തന്നെ നിലനിർത്താനാണോ ഉദ്ദേശിക്കുന്നത്; സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പാർക്കുകളിൽ പരമ്പരാഗത വ്യവസായങ്ങൾക്കൊപ്പം ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങളും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ വിശദമായ മറുപടിയായതുകൊണ്ട് മേശപ്പുറത്തുവയ്ക്കുന്നു.*

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡ് സൃഷ്ടിച്ച സാഹചര്യത്തിൽ ലോകമെങ്ങും ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ഡിമാൻഡ് വർദ്ധിക്കുകയാണ്. കേരളത്തെ ഒരു ഫാർമസി ഹബ്ബായി മാറ്റുമെന്ന പ്രഖ്യാപനം ഈ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ്. ഈ മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.യുടെ ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ടത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ മാസം അല്ലെങ്കിൽ അടുത്ത മാസംതന്നെ അതിന്റെ

* അനുബന്ധമായി വച്ചിട്ടുണ്ട്.

ഉദ്ഘാടനം നിർവ്വഹിക്കാൻ സാധിക്കുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. വാക്സിൻ ഉൽപാദനത്തിനാവശ്യമായ പരമാവധി വ്യവസ്ഥകൾ ലഘൂകരിക്കാനും സംരംഭകരെ ആകർഷിക്കുന്ന ഇൻസെന്റീവുകൾ ഉൾപ്പെടുത്താനും മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്. അതോടൊപ്പം ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ എക്യുപ്മെന്റ്സ്, കൺസ്യൂമബിൾസ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പുതിയ പാർക്കുകളും ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, കോവിഡ് സാഹചര്യത്തിനിടയിൽ സിബിൽ സ്കോർ കുറഞ്ഞുപോകുക സ്വാഭാവികമാണ്. എന്നാൽ നവസംരംഭകർക്ക് ഈ കാരണം പറഞ്ഞ് വായ്പ നൽകാൻ പല ബാങ്കുകളും വൈമുഖ്യം കാണിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. വഴിയും കേരള ബാങ്കുവഴിയും ഇവരെ പ്രത്യേകമായി സഹായിക്കാനുള്ള പദ്ധതികൾ വിപുലമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഒരാൾ ഒരു ലോണും എടുത്തിട്ടില്ലെങ്കിൽ അയാളുടെ സിബിൽ സ്കോർ മൈനസ് ഒന്നായിരിക്കും. അതുകൊണ്ട് അയാൾക്ക് ലോൺ ലഭിക്കില്ല. നിലവിൽ ബാങ്കുകളുടെ സമീപനം അതാണ്. അക്കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുമായി ഞങ്ങൾ ഇന്നലെ ചർച്ച ചെയ്തിരുന്നു. കേരള ബാങ്കിന്റെ റെഗുലേഷനുകൾക്കകത്തുനിന്നുകൊണ്ട് വ്യവസായ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങൾ കൊണ്ടുവരാൻ കഴിയുമെന്ന കാര്യം പരിശോധിക്കാമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. പൊതുവെ സംരംഭകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നൽകാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കഴിഞ്ഞ ദിവസം എം.എൽ.എ.-മാരെ വിളിച്ച് ഓരോ ജില്ലയിലേയും പ്രത്യേക വ്യവസായ വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചത് ഏറ്റവും ഉചിതമായി. അതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, പുതിയ സംരംഭം തുടങ്ങാൻ ധാരാളം ആളുകൾക്ക് താത്പര്യമുണ്ട്. എന്നാൽ അവർക്ക് കൃത്യമായ ധാരണകളില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വളരെ നല്ല നിലപാടുണ്ടായാൽ കൂടുതൽ ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരുമെന്നാണ് എന്റെ പ്രതീക്ഷ.

(ചോദ്യോത്തരസമയം അവസാനിച്ചതിനാൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയില്ല.)

മി.സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സിമന്റ് വിലക്കയറ്റം

5 (*335) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റിന്റെ എത്ര ശതമാനമാണ് പൊതുമേഖലയിൽ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയ്ക്കാവശ്യമുള്ള സിമന്റിന്റെ (ഗ്രേ സിമന്റ്) 6-7 ശതമാനം മാത്രമാണ് പൊതുമേഖലയിൽ നിലവിൽ ഉത്പാദിക്കുന്നത്.

(ബി) കോവിഡും ലോക്ഡൗണുംമൂലം പ്രതിസന്ധിയിലായിരുന്ന നിർമ്മാണ മേഖലയെ സിമന്റ് വിലവർദ്ധന വീണ്ടും പ്രതിസന്ധിയിലാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കോവിഡിനെത്തുടർന്ന് സംസ്ഥാനത്ത് തുടർച്ചയായുണ്ടായ ലോക്ഡൗൺമൂലം സിമന്റ് വില്പനയിൽ കുറവുണ്ടാകാനിടയായിട്ടുണ്ട്. മാത്രമല്ല, കോവിഡിനെത്തുടർന്ന് നിർമ്മാണ വസ്തുക്കൾക്കുണ്ടായ വിലക്കയറ്റം നിർമ്മാണമേഖലയെ ബാധിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഉത്പാദകരെയും വിതരണക്കാരെയും പങ്കെടുപ്പിച്ച് സർക്കാർതലത്തിൽ മീറ്റിംഗ് വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) നിർമ്മാണ മേഖലയ്ക്കാവശ്യമായ സിമന്റ് പരമാവധി സംസ്ഥാനത്തു തന്നെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമന്റ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റ്സിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭാവി മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിലുൾപ്പെടുത്തി മേൽനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലയിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് പൊതുവിപണിയിലെ സിമന്റ് വില നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## കൈത്തറിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

6 (*336) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകളെന്ന് വിശദമാക്കുമോ; ഈ മേഖലയെ കോവിഡ് എങ്ങനെ ബാധിച്ചുവെന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. പ്രവർത്തനമൂലധനത്തിന്റെ അഭാവം
2. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലയിലുള്ള വ്യതിയാനവും
3. യന്ത്രത്തറികളുടെയും വ്യാജ ഉത്പന്നങ്ങളുടെയും കടന്നുവരവ്
4. ഉത്പന്ന വൈവിധ്യവൽക്കരണത്തിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും അഭാവം
5. അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള ഉത്പന്നങ്ങളുടെ വരവ്

കൈത്തറി മേഖലയെ കോവിഡ് എങ്ങനെ ബാധിച്ചുവെന്ന് പഠന വിധേയമാക്കിയിട്ടില്ല. കോവിഡ് -19 മഹാമാരിമൂലം കൈത്തറി മേഖലയിൽ നൂൽ, ചായം എന്നിവയുടെ ക്ഷാമം, തൊഴിൽ നഷ്ടം, വിപണനക്കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ഹാന്റക്സിന്റെ വിൽപ്പനയിൽ 75% കുറവ് സംഭവിച്ചിട്ടുണ്ട്. കോവിഡുമൂലമുണ്ടായ ലോക്ഡൗൺ കാരണം ഷോറൂമുകൾ കൃത്യമായി തുറക്കാൻ പറ്റാതിരുന്നതിനാലും സ്കൂൾ യൂണിഫോം വിൽപ്പന നടക്കാതിരുന്നതിനാലും ഹാൻവീവിന്റെ വിപണന മേഖല ഏറെ പ്രതിസന്ധിയിലൂടെയാണ് കടന്നുപോയത്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ മന്ദഗതിയിലായ

വിപണനം മെച്ചപ്പെടുത്തുന്നതിനായി 2020-21 സാമ്പത്തികവർഷം 50 ദിവസത്തെ സ്പെഷ്യൽ റിബേറ്റ് അധികമായി അനുവദിച്ചുനൽകി. നെയ്ത്തുകാർക്ക് ക്ഷേമനിധി ബോർഡുവഴി ധനസഹായ വിതരണം നടത്തിയിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരമുള്ള ഫണ്ട് അടിയന്തരമായി നെയ്ത്തുകാർക്കും സംഘങ്ങൾക്കും അനുവദിച്ചുനൽകി. കൂടാതെ, കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

(ബി) വ്യാജ കൈത്തറി വസ്ത്രങ്ങളുടെ കടന്നുകയറ്റം പ്രസ്തുത മേഖലയെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി എന്ന വ്യാജേന ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച "ഹാന്റ്ലൂം മാർക്ക്" കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനത്തുനിന്നും യന്ത്രത്തറികളിൽ നിർമ്മിച്ചതും ഗുണനിലവാരം കുറഞ്ഞതുമായ ഉത്പന്നങ്ങൾ കൈത്തറിയാണെന്നപേരിൽ വില്പന നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഹാൻഡ്ലൂം മാർക്കിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ അടയാളം കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ഉപഭോക്താക്കൾക്ക് കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിനും കൈത്തറി എന്ന വ്യാജേന ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും കേന്ദ്രസർക്കാർ ആവിഷ്കരിച്ച "ഹാന്റ്ലൂം മാർക്ക് " കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഹാന്റ്ലൂം മാർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കൈത്തറി സംഘങ്ങൾക്കും ഹാന്റക്സിനും ഹാൻവീവിനുമാണ് കൈത്തറി വകുപ്പിൽനിന്നുള്ള വിവിധ പദ്ധതികൾ വഴിയുള്ള ധനസഹായങ്ങൾ ലഭ്യമാക്കുന്നത്. കൂടാതെ ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉത്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകിവരുന്നുള്ളൂ. കൈത്തറി ഡയറക്ടറേറ്റിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തി

കൈത്തറി മേഖലയ്ക്കായിമാത്രം റിസർവ് ചെയ്യപ്പെട്ട ഉത്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും അങ്ങനെ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൈത്തറി ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ്, ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ എന്നിവ നൽകുന്നതുവഴിയും വ്യാജ ഉത്പന്നങ്ങളെ തടയുവാൻ സാധിക്കുന്നതാണ്.

**കൽക്കരി ക്ഷാമംമൂലമുള്ള വൈദ്യുതി പ്രതിസന്ധി**

7 (*337) ശ്രീ. എം.വിജിൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന കൽക്കരി ക്ഷാമം സംസ്ഥാനത്തെ വൈദ്യുതി വിതരണ രംഗത്ത് ഏൽപ്പിക്കുന്ന ആഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൽക്കരി ക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴി സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. 18-10-2021-ലെ കണക്കുപ്രകാരം കൽക്കരി ക്ഷാമംമൂലം ഏകദേശം 114.03 MW വൈദ്യുതിയുടെ കുറവുണ്ടായിട്ടുണ്ട്. എന്നാൽ നല്ലനിലയിൽ മഴ ലഭിച്ച അവസരങ്ങളിൽ ഉപഭോഗത്തിൽ കുറവ് വന്നിട്ടുള്ളതിനാൽ വൈദ്യുതിയുടെ കുറവ് തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽനിന്നും കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നുണ്ട്. കേന്ദ്ര വൈദ്യുതി നിലയങ്ങളായ എൻ.റ്റി.പി.സി., എൻ.എൽ.സി. തുടങ്ങിയവയുടെ താപനിലയങ്ങളിൽനിന്നും എൻ.പി.സി.ഐ.എൽ.-ന്റെ ആണവ നിലയങ്ങളിൽ നിന്നും ദീർഘകാല കരാറുകൾ മുഖേന 1756 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. കൂടാതെ ദീർഘകാല കരാറുകൾ മുഖേന അന്യസംസ്ഥാനങ്ങളിലെ ഉത്പാദകരിൽനിന്നും 1149 മെഗാവാട്ട് വൈദ്യുതിയും വാങ്ങുന്നുണ്ട്. നിലവിലുള്ള കൽക്കരി ക്ഷാമംമൂലം സംസ്ഥാനത്തിനുണ്ടായ വൈദ്യുതി പ്രതിസന്ധി കൂടുതൽ മഴ ലഭിച്ചതോടെ കെ.എസ്.ഇ.ബി.-യുടെ ജലവൈദ്യുത പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി ഉപയോഗിച്ച് നിറവേറ്റുന്നു.

(ബി) നിലവിലെ പ്രതിസന്ധി പരിഹരിക്കപ്പെടുന്നതുവരെ വൈദ്യുതി ഉപഭോഗത്തിൽ പൊതുജനങ്ങൾ പാലിക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചുവരുന്നു.

(സി) പ്രസ്തുത പ്രതിസന്ധി നേരിടുന്നതിനായി സ്വീകരിക്കുന്ന നടപടികളും ഭാവിയിൽ ഇത്തരം പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മുൻകരുതലുകളും വിശദമാക്കുമോ?

വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ലഭ്യമായ നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം വർദ്ധിപ്പിച്ചും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാലയളവിൽ അധികമായി ലഭിച്ച മഴ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് വലിയതോതിൽ സഹായിച്ചിട്ടുണ്ട്. ദീർഘകാല പരിഹാര പദ്ധതിയായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, വ്യത്യസ്തങ്ങളായ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകളിലേർപ്പെടുക എന്നിവ പരിഗണിക്കാവുന്നതാണ്.

**സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണം**

8 (*338) <u>ശ്രീ. ടി. സിദ്ദിഖ്:</u>

<u>ശ്രീ. സജീവ് ജോസഫ്:</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിലും ജനോപകാരപ്രദമാക്കുന്നതിലും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ സഹകരണ മേഖലയുടെ വിശ്വാസ്യതയ്ക്ക് കളങ്കം വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

(എ&ബി) സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ജനോപകാര പ്രദമാക്കുന്നതിനും ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിനു പകരം സഹകരണമേഖലയുടെ അപെക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി കേരള ബാങ്ക് രൂപീകരിച്ചു. ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാന ത്തിലേയ്ക്കുള്ള മാറ്റം കേരള ബാങ്കിന്റെ അംഗങ്ങളും ഓഹരി ഉടമകളുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുമിടയാക്കി. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അടിത്തറയായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി കേരളത്തിലെ ഗ്രാമീണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കാൻ സാധിച്ചു. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, പശ്ചാത്തല സൗകര്യ വികസനം, സംഘങ്ങളുടെ ശാക്തീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കർഷകർക്കാവശ്യമായ പലിശരഹിത/ കുറഞ്ഞ പലിശ വായ്പകൾ നബാർഡ്/കേരള ബാങ്ക് എന്നിവിട ങ്ങളിൽനിന്ന് ലഭ്യമാക്കി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിനും അപ്രകാരം കർഷകർക്ക് നൽകുന്ന പലിശ സബ്സിഡി സംഘങ്ങൾക്ക് ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും ഏകീകൃത സോഫ്റ്റ്വെയർ കൊണ്ടു വരുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 'ബ്ലേഡ് പലിശ' എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തു ന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് മോചിപ്പിച്ച് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെ മുല്ല' എന്ന ഗ്രാമീണ ലഘുവായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേരള സഹകരണ നിയമം വകുപ്പ് 56(1) സി, ചട്ടം 53 എ എന്നിവ പ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗസമാശ്വാസ നിധിയിലൂടെ ഗുരുതര രോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കേരള സഹകരണ നിയമം വകുപ്പ് 57(എ) പ്രകാരം രൂപീകൃതമായ കേരള സഹകരണ

വികസന ക്ഷേമനിധി ബോർഡ് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പ എടുത്തതിനുശേഷം മരണപ്പെട്ടാൽ സഹകാരികളുടെ കുടുംബാംഗങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുക, വായ്പക്കാർക്ക് ആശ്വാസമാകുക എന്നീ ലക്ഷ്യത്തോടുകൂടി നവകേരളീയം കുടിശ്ശിക നിവാരണപദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിലുൾപ്പെടുത്തി സഹകരണമേഖയിൽ 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഈ പദ്ധതി പ്രകാരം 425 സ്ഥിരം തൊഴിലുകളും 20,153 തൊഴിലവസരങ്ങളുമുൾപ്പെടെ ആകെ 20,578 തൊഴിലുകൾ സൃഷ്ടിച്ചു. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കിയും സംസ്ഥാനത്ത് 29 യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് കലാകാരന്മാർക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവ ഘട്ടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ ധനസഹായത്തോടുകൂടി സഹകരണ സംഘങ്ങളെ കൂട്ടിയോജിപ്പിച്ച് കൊണ്ട് സബ്സിഡി വിപണികൾ നടത്തിവരുന്നു. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 50 വർഷക്കാലമായി വീടുവയ്ക്കുന്നതിന് അംഗസംഘങ്ങൾ വഴി സാധാരണക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകിവരുന്നു. സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കനുസൃതമായി കുടിശ്ശികയുള്ള വായ്പക്കാർക്ക് പ്രയോജനകരമായ ഇളവുകൾ ഫെഡറേഷൻ നൽകിവരുന്നു. കേരള സർക്കാർ ആവിഷ്കരിച്ചുവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഫെഡറേഷൻ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. വനിതാഫെഡ് വിവിധ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയും വനിത സഹകരണ സംഘങ്ങൾ വഴി വായ്പകൾ നൽകിവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി ചുവടെപ്പറയുന്ന പദ്ധതികളിൽ ടി സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

1. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10000 രൂപാ നിരക്കിൽ ആദ്യത്തെ 5 വർഷവും ടി അഞ്ചുവർഷത്തിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15000 രൂപാ നിരക്കിൽ തുടർന്നുള്ള 3 വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.

4. 4 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചുവരുന്നു.

5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിനായി 5 ലക്ഷം രൂപ (ഓഹരി 150000 രൂപ + സബ്സിഡി 350000 രൂപ) അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

8. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് 50 ലക്ഷം രൂപവരെ (ഓഹരി 20 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അപെക്സ് സഹകരണ സംഘമായ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വികസന പ്രവർത്തനങ്ങൾക്കും ധനസഹായങ്ങൾ നൽകിവരുന്നു. പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിനായി 2018-ൽ സഹകരണ വകുപ്പ് ഒരു സമഗ്ര പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് സഹകരണ ആശുപത്രികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി ഇതിനകം നടപ്പിലാക്കി യിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്ന് കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ചികിത്സ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ അടുത്ത കാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ സഹകരണ ആഡിറ്റ് വിഭാഗത്തെയും സഹകരണ വിജിലൻസ് സംവിധാനത്തെയും ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. സഹകരണമേഖലയുടെ സമഗ്രവികസനമാണ് ഭേദഗതി ലക്ഷ്യമിടുന്നത്.

(സി) പുറത്തുവരുന്ന അഴിമതി ആരോപണങ്ങൾ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതായി കരുതു ന്നുണ്ടോ; വിശദമാക്കാമോ?

സമീപകാലത്തായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് യാതൊരു പ്രതിസന്ധിയും സൃഷ്ടിച്ചിട്ടില്ല.

## സഹകരണ മേഖലയുടെ ശാക്തീകരണം

9 (*339) ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിനും കഴിഞ്ഞ സർക്കാരും ഈ സർക്കാരും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിന് ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിലുൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റംവരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടറധിഷ്ഠിത അക്കൗണ്ടിംഗിനും ആഡിറ്റ് സമ്പ്രദായങ്ങൾക്കുമനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഐ.സി.ഡി.എം.എസ്. പ്രോജക്ടിലുൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag

ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങളുണ്ടായിരിക്കുന്നതാണ്. സഹകരണ മേഖലയിൽ ക്രമക്കേട് കണ്ടെത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65, 66 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥയുമുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലുമുള്ള വ്യവസ്ഥകളുൾപ്പെടുത്തി സമഗ്ര നിയമ പരിഷ്കരണത്തിനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്. സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്രമക്കേട് നടന്ന സ്ഥാപനങ്ങളിലെ സഹകാരികൾക്ക് അവരുടെ നിക്ഷേപങ്ങൾ സംരക്ഷിക്കുന്നതിനും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനും നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ?

പ്രാഥമിക മേഖലയിലെ നിക്ഷേപകരുടെ താൽപര്യപ്രകാരം കേരള സഹകരണ സംഘം നിയമം വകുപ്പ് 57(ബി) പ്രകാരം ഗ്യാരന്റി ഫണ്ട് ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥ പ്രകാരം സമാപ്തീകരണ വേളയിൽ രണ്ട് ലക്ഷം രൂപ വരെയുള്ള തുകകൾക്ക് പരിരക്ഷ ലഭിക്കും.

## കേന്ദ്ര വൈദ്യുതി വിഹിതം അധികമായി ലഭ്യമാക്കാൻ നടപടി

10 (*340) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര വൈദ്യുതി വിഹിതം അധികമായി ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതം (85%) വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് ഓരോ സംസ്ഥാനത്തിനും നിശ്ചിത അളവിൽ കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാനത്ത് കേന്ദ്ര വിഹിതമായി ഏകദേശം 1641 മെഗാവാട്ട് വൈദ്യുതിയാണ് ലഭ്യമാകേണ്ടത്. എന്നാൽ പ്രസരണ ലൈനുകളിൽ വരുന്ന തടസ്സങ്ങൾ മുഖേനയോ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ/ യന്ത്രത്തകരാറുകൾ എന്നിവമൂലമോ ടി വിഹിതത്തിൽ കുറവുകളുണ്ടാകാറുണ്ട്. നിലവിലുള്ള ഉത്പാദന കേന്ദ്രങ്ങളിലെ ശേഷിയുടെ ബാക്കിയുള്ള 15% വരെ unallocated power ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ വിവിധ ഘടകങ്ങൾ പരിശോധിച്ച് ടി 15 ശതമാനത്തിൽനിന്നും കേന്ദ്രസർക്കാർ പുനർവിഹിതം അനുവദിക്കാറുണ്ട്. ഇപ്രകാരം അലോക്കേറ്റ് ചെയ്യാതെ മാറ്റിവച്ചിട്ടുള്ള വിഹിതത്തിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി അധികമായി അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതല്ലാതെ കേന്ദ്രവിഹിതം അധികമായി ലഭിക്കുന്നതിന് സാധ്യതയില്ല.

(ബി) കൂടംകുളം ഉൾപ്പെടെ കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കൂടംകുളം ഉൾപ്പെടെയുള്ള നിലയങ്ങളിൽനിന്നും അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. അടുത്ത ദിവസം പ്രതീക്ഷിക്കുന്ന ഉത്പാദനം തലേദിവസം രാവിലെ 8 മണിയോടുകൂടി ഉത്പാദകർ Southern Regional Load Despatch Centre (SRLDC)-ൽ അറിയിക്കുകയും ആയത് SRLDC-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പ്രതീക്ഷിക്കുന്ന ഉത്പാദനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്ന പക്ഷം അതും വെബ്സൈറ്റിൽ ലഭ്യമാകും. ഈ വിവരങ്ങളെ അടിസ്ഥാനപ്പെ ടുത്തിയാണ് സംസ്ഥാനങ്ങൾ വൈദ്യുതി ലഭ്യമാക്കുന്നത്. വൈദ്യുതി ലഭ്യത

ഉറപ്പാക്കിയതിനുശേഷം ഉത്പാദനം നടത്താതെയിരുന്നാൽ സി.ഇ.ആർ.സി.-യുടെ ഡി.എസ്.എം. റെഗുലേഷനനുസരിച്ചുള്ള പിഴ ഉത്പാദകർക്ക് ബാധകമാണ്. ഇത് കേന്ദ്രപൂളിൽപ്പെട്ട ഉത്പാദന നിലയങ്ങൾക്കും സ്വകാര്യ നിലയങ്ങൾക്കും ഒരുപോലെ ബാധകമാണ്. എന്നാൽ ആണവ നിലയങ്ങൾക്ക് ഈ നിബന്ധനകളിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. കൂടംകുളം നിലയത്തിൽ 22-6-2021 മുതൽ 1-9-2021 വരെ വാർഷിക അറ്റകുറ്റപ്പണികളുടെ ഭാഗമായി 130 MW-ന്റെ കുറവ് അനുഭവപ്പെട്ടിരുന്നു. ഇപ്പോൾ അത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം അനുവദിച്ച വൈദ്യുതി തടസ്സരഹിതമായി സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴിയുടെശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## കയർ വ്യവസായത്തിന്റെ വിപുലീകരണം

11 (*341) ശ്രീമതി ദെലീമ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ വ്യവസായം വിപുലീകരിക്കുന്നതിനായി പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള ആധുനീകരണം എന്ന വികസനതന്ത്രം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായ മേഖലയെ സംരക്ഷിച്ചു കൊണ്ട് കയർ വ്യവസായം വിപുലീകരിക്കുന്നതിനായി കയർ രണ്ടാം പുനഃസംഘടന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.

1. എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു. ഇതുവഴി ചകിരി ഉത്പാദനശേഷി 2015-16-ൽ 5000 ടൺ ആയിരുന്നത് 2021 സെപ്തംബർ മാസത്തിൽ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉത്പാദനശേഷി 480 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു.

2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 26000 ഇലക്ട്രോണിക് റാട്ടുകൾ നൽകി.

3. 100 കയർ സഹകരണ സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു.

4. ഉത്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. ഉത്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കി. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം ഒപ്പിടുകയുണ്ടായി.

6. കയർ സഹകരണ സംഘങ്ങൾക്കാവശ്യമായ ചകിരി ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വില വ്യത്യാസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

7. കയർ ഉത്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും കയർ അകൗസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ് ബോർഡ്, കയർ മൾച്ചിംഗ് മാറ്റ്, ബൈൻഡർലസ് ബോർഡ് തുടങ്ങിയ വൈവിധ്യങ്ങളായ ഉത്പന്നങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

8. കയറിന്റെയും കയർ ഉത്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി കയർ കേരള എന്ന പേരിൽ അന്തർദേശീയ പ്രദർശനമേള 2017, 2019, 2021 വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുമുണ്ടായി.

(ബി) കയർ പിത്തിന്റെ വിപണി വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

1. സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.), കയർ പിത്ത് ഉപയോഗിച്ച് ഗാർഹിക മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള 'പിത്ത്

ആക്ടിവേറ്റർ' വികസിപ്പിക്കുകയും ഇതുപയോഗിച്ചുള്ള ജൈവവള നിർമ്മാണ സാങ്കേതികവിദ്യ കയർഫെഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കയർഫെഡ് കേരളത്തിലുടനീളം അതത് മുനിസിപ്പൽ കോർപ്പറേഷനുകളുമായി സഹകരിച്ച് വ്യാവസായികമായി പദ്ധതി നടപ്പിലാക്കിവരുന്നു.

2. കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ ചകിരിച്ചോറിനെ 30 ദിവസംകൊണ്ട് വളമാക്കി മാറ്റുന്ന ട്രൈക്കോപിത്ത് എന്ന ഉത്പന്നം എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്. ഇത് കയർ മേഖലയിലുള്ള വിവിധ സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു.

3. എൻ.സി.ആർ.എം.ഐ. വഴി കയർ പിത്ത് വളം നിർമ്മാണ പരിശീലനം നേടിയ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ കയർ കൺസോർഷ്യം, വിവിധ കയർ സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർ കയർ പിത്ത് വളം വ്യാവസായികമായി ഉത്പാദിപ്പിച്ചുവരുന്നു.

4. കയർപിത്ത് വളവും അസംസ്കൃത കയർ പിത്തും സംയോജിപ്പിച്ച് മണ്ണിന്റെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുള്ള നടീൽ മിശ്രിതം എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്.

5. കയർ പിത്തിൽനിന്നും മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ടെൻഡർ കോക്കനട്ടിന്റെ പിത്ത് ഉപയോഗിച്ച് ചെലവുകുറഞ്ഞ രീതിയിൽ ഒരു നടീൽ മിശ്രിതം വികസിപ്പിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) ക്രയവിലസ്ഥിരതാ പദ്ധതി പരമ്പരാഗത കയർ വ്യവസായ മേഖലയ്ക്ക് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുവെന്ന് വിശദമാക്കാമോ?

1. പരമ്പരാഗത തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവിലസ്ഥിരതാ പദ്ധതിയുടെ ഫലമായി 2016-17-നുശേഷം കയർ കെട്ടിക്കിടക്കുന്ന സ്ഥിതി അവസാനിച്ചു.

2. ചെറുകിട കയർ ഉത്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉത്പാദനം നടത്തുന്നതിനും ഉത്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചു.

3. കേരളത്തിലെ കയർ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി ക്രയവിലസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉത്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽക്കുന്നതിനും കയർ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് കയർ ലഭ്യമാക്കുന്നതിനും സാധിച്ചു.

**കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ**

12 (*342) ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വന്തമായി കൺസൾട്ടൻസി സർവ്വീസ് ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിനായി 5 വർഷംകൊണ്ട് പദ്ധതികൾ കണ്ടെത്തുക, പ്രൊപ്പോസലുകൾ തയ്യാറാക്കുക, പദ്ധതി രേഖയുടെ വിലയിരുത്തൽ, ഗുണമേന്മ ഉറപ്പുവരുത്തൽ, പദ്ധതികൾക്കായുള്ള ധനസമാഹരണം, പദ്ധതി നിർവ്വഹണം എന്നീ മേഖലകളിൽ പ്രകടമായ വൈദഗ്ദ്ധ്യം കൈവരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ദേശീയ/അന്തർദ്ദേശീയ ധനകാര്യ സ്ഥാപനങ്ങൾ പിന്തുടരുന്ന മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന പ്രക്രിയയുടെ ഉന്നത നിലവാരത്തിനായി കിഫ്ബി അശ്രാന്തം പരിശ്രമിച്ചുവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന

പരിപാടികൾ, ആനുകാലിക വിശകലനങ്ങൾ എന്നിവ നടത്തുന്നതിനും കിഫ്ബി നിരന്തരം പരിശ്രമിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലകളിൽ കൺസൾട്ടൻസി ലഭ്യമാക്കുന്ന ചുരുക്കം ചില ഏജൻസികൾ സംസ്ഥാനതലത്തിലും ദേശീയതലത്തിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും അടിസ്ഥാന വികസന പദ്ധതികൾക്ക് അനുയോജ്യമായി എല്ലാ മേഖലകൾക്കും അവശ്യമായ കൺസൾട്ടൻസി ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ പരിമിതമാണ്. ഈ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെയും കിഫ്ബിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ഭാഗമായാണ് സ്വന്തമായി കൺസൾട്ടൻസി സർവ്വീസ് തുടങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ കിഫ്ബിയുടെ നാൽപ്പത്തിരണ്ടാമത് ബോർഡ് യോഗത്തിൽ സമർപ്പിക്കുകയും ആയതിന് പ്രാരംഭ അനുമതി ബോർഡ് നൽകുകയും ചെയ്തത്.

(ബി) സംസ്ഥാനത്തിനകത്ത് കിഫ്ബിയുടേതല്ലാത്ത പദ്ധതികൾക്കും സംസ്ഥാനത്തിനുപുറത്ത് എല്ലാ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കും വിദഗ്ദ്ധോപദേശം, പ്രൊഫഷണൽ പരിശീലനം എന്നീ സേവനങ്ങൾ നൽകാൻ കിഫ്ബി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മേൽ മറുപടിയിൽ വിശദീകരിച്ചതുപോലെ കിഫ്ബിയിൽ ഒരു കൺസൾട്ടൻസി വിംഗ് തുടങ്ങുന്നതിനുള്ള അനുമതി കിഫ്ബിയുടെ നാൽപ്പത്തിരണ്ടാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആയതിന്റെ വെളിച്ചത്തിൽ കിഫ്ബിയിൽ ഒരു കൺസൾട്ടൻസി വിംഗ് രൂപീകരിക്കുന്നതിന് 14-9-2021-ൽ എഫ്.എ 3/3271/2021/കിഫ്ബി എന്ന നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് കിഫ്ബി കൺസൾട്ടൻസിയുടെ പ്രാരംഭ ലക്ഷ്യം.

1. വികസനത്തിന്റെ മുഖച്ഛായ മാറ്റുന്ന ബൃഹത് പദ്ധതികൾക്ക് ടേൺകീ (Turn Key) അടിസ്ഥാനത്തിൽ പ്രോജക്ട് മാനേജ്മെന്റ് സർവ്വീസ് ലഭ്യമാക്കുക.

2. അടിസ്ഥാന സൗകര്യവികസന പദ്ധതി നടത്തിപ്പിന് കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് കൺസൾട്ടൻസി സേവനം ലഭ്യമാക്കുക.

3. പൊതുമേഖലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും ആവശ്യമായ കപ്പാസിറ്റി ബിൽഡിംഗ് ലഭ്യമാക്കുക.

4. ധനസമാഹരണ മാതൃകകൾ രൂപപ്പെടുത്തുന്നതിന് സഹായകമായ സേവനം ലഭ്യമാക്കുക.

5. അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള ധന റിസ്ക് മാനേജ്മെന്റ് സേവനം.

6. എൻവയോൺമെന്റൽ & സോഷ്യൽ ഗവേണൻസിൽ അധിഷ്ഠിതമായ മാതൃകകൾ അവലംബിക്കുന്നതിന് സഹായം നൽകുക.

7. റോഡ് ഡിസൈൻ, ആശുപത്രികൾ, ഗുണനിലവാര പരിശോധന മുതലായ മേഖലകളിലെ നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കായിട്ടുള്ള അഡ്വൈസറി സേവനം ലഭ്യമാക്കുക. കിഫ്ബിയുടെ കൺസൾട്ടൻസി വിഭാഗം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ടി വിംഗിന്റെ ഫംഗ്ഷണൽ ഹെഡ് ആയി കിഫ്ബിയുടെ അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ ഒരു ബിസിനസ് പ്ലാൻ നിയുക്ത വിംഗിന്റെ ചുമതലയുള്ള ഓഫീസർ തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്കേ ബോർഡിന്റെ അംഗീകാരത്തോടുകൂടി ടി കൺസൾട്ടൻസി മുഖേന ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾക്ക് കൂടുതൽ വ്യക്തത വരികയുള്ളൂ.

(സി) വൈദ്യുതി വിതരണ, പ്രസരണ രംഗത്ത് കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നവരത്ന പൊതുമേഖലാ സ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് വായ്പ നൽകുവാൻ ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് നൽകുന്ന വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലയളവ് എന്നിവയിൽ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ 13 ട്രാൻസ്മിഷൻ പദ്ധതികൾക്കായി നവരത്ന പൊതുമേഖലാ സ്ഥാപനമായ റൂറൽ ഇലക്ട്രിഫി ക്കേഷൻ കോർപ്പറേഷൻ ലിമിറ്റഡ് 4000 കോടി രൂപയുടെ വായ്പ നൽകുവാൻ ധാരണയായിട്ടുണ്ട്.

ഇതിനായുള്ള കിഫ്ബിയുടെ അപേക്ഷ ആർ.ഇ.സി. അംഗീകരിച്ചു. 8.8 ശതമാനത്തിന്റെ ഫിക്സഡ് നിരക്കിൽ 7 വർഷമാണ് വായ്പാ കാലാവധി. ഇതിൽ ആദ്യ 2 വർഷം തിരിച്ചടവിന് മൊറട്ടോറിയം ലഭ്യമായിട്ടുണ്ട്. പിന്നീടുള്ള 5 വർഷം കൊണ്ട് വായ്പാ തുക തിരിച്ചടച്ചാൽ മതിയാകും.

(ഇ) കിഫ്ബിയുടെ പ്രവർത്തനങ്ങളിലൂടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക രംഗം സജീവമാക്കാൻ പര്യാപ്തമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ അതീവ പ്രാധാന്യമർഹിക്കുന്ന വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുകയെന്ന പ്രാഥമിക ലക്ഷ്യത്തോടെ സ്ഥാപിതമായ കിഫ്ബി ഇന്ന് സംസ്ഥാന സർക്കാരിന്റെയും ഇതര സർക്കാർ ഏജൻസികളുടെയും സാമൂഹിക-ഭൗതിക വികസന പദ്ധതികളുടെയെല്ലാം നെടുനായകത്വം വഹിച്ചുവരികയാണ്. വരുമാനദായകവും അല്ലാത്തതുമായ നിരവധി വൻകിട പദ്ധതികൾക്ക് ധനാനുമതി നൽകുകയും ഗുണനിലവാരത്തോടെ സമയബന്ധിതമായി അവ നടപ്പിലാക്കുന്നുവെന്നത് ഉറപ്പുവരുത്തുകവഴി കിഫ്ബി കേരളത്തിന്റെ വികസന പന്ഥാവിൽ പുതുചരിത്രമെഴുതുകയാണ്. കിഫ്ബി ബോർഡ് ഇതുവരെ 64,338 കോടി രൂപയുടെ 918 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ 20,000 കോടി രൂപ ചെലവുവരുന്ന 6 വൻകിട ഭൂമിയേറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു. സെപ്റ്റംബർ 2021 വരെ കിഫ്ബിയിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി 14,110 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബോർഡ് അംഗീകരിച്ച 64,338 കോടി രൂപയുടെ പദ്ധതികളിൽ നാളിതുവരെ 3155 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 17,125 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 15,716.63 കോടി രൂപയുടെ പദ്ധതികൾ അവാർഡ് ചെയ്തിട്ടുമുണ്ട്. കിഫ്ബിയുടെ അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് പ്രോഗ്രാമിന്റെ കണക്കുകൂട്ടലനുസരിച്ച് 2022, 2023 വർഷങ്ങളിലായി ഏകദേശം 20,000 കോടി രൂപ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരും. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വിപണിയെ ചലനാത്മകമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുമെന്നുറപ്പാണ്. പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തികരംഗത്തെ കോവിഡ് മഹാമാരി കൂടുതൽ തകർച്ചയിലേയ്ക്ക് തള്ളിവിട്ട ഇന്നത്തെ സാഹചര്യത്തിൽ കിഫ്ബി വഴിയുള്ള വികസന പ്രവർത്തനം വിപണിയുടെ ക്രയശേഷിയെ പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ സഹായകമാകും. സമൂഹത്തിന്റെ വിവിധ തലങ്ങളെ സ്പർശിക്കുന്ന ഈ സാമ്പത്തിക ഉത്തേജനം അന്തിമമായി സംസ്ഥാനത്തിന്റെ സാമ്പത്തിക പുനരുജ്ജീവനത്തിനും കാരണമാകുന്നതാണ്.

## മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി

13 (*343) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. മാണി സി. കാപ്പൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വീട് വയ്ക്കുന്നതിനും മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ജിയോളജി വകുപ്പിൽ അപേക്ഷ സമർപ്പിക്കുമ്പോഴുണ്ടാകുന്നതായി പറയപ്പെടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സാധാരണ മണ്ണ് (Ordinary Earth) നീക്കം ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം പഞ്ചായത്തിൽനിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ, ഡെവലപ്മെന്റ് പെർമിറ്റ് എന്നിവ സമർപ്പിക്കുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 14(2) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ 2019-ൽ വന്ന ഭേദഗതികളും തുടർന്ന് 18-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1795/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരവും ഒരു കെട്ടിടം നിർമ്മിക്കുവാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലികൾക്ക് ഭൂമി മണ്ണ് മാറ്റി അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ ആയതിന് ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണെന്നും എടുക്കേണ്ട മണ്ണിന്റെ അളവുകൂടി ഉൾപ്പെടുത്തി ബിൽഡിംഗ് പ്ലാൻ നൽകുന്നതാണെന്നും പ്ലോട്ട് സബ് ഡിവിഷൻ ഇല്ലാത്ത സംഗതികളിൽ ഡെവലപ്മെന്റ് പെർമിറ്റ് നൽകില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കെട്ടിട നിർമ്മിതിക്ക് മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ഡെവലപ്മെന്റ് പെർമിറ്റ് അവശ്യം ഹാജരാക്കണമെന്ന് കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14(2) ന്റെ 1-ാം ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കുന്നില്ല എന്നതിനാൽ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിൽ നേരിടുന്ന സാങ്കേതികതടസ്സം മാറ്റുന്നതിന് നിലവിലുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വകുപ്പിൽനിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സേവനാവകാശ നിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന 12 സേവനങ്ങൾ ഓൺലൈനാക്കി വരുന്നു. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യുന്ന സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള പ്രത്യേകാനുമതിയും സാധാരണ മണ്ണിന് ക്വാറിയിംഗ് പെർമിറ്റ് നൽകുന്നതിനുള്ള സംവിധാനവും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**ജി.എസ്.ടി.മൂലമുണ്ടായ നികുതി ചോർച്ച**

14 (*344) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാന സർക്കാരിനുണ്ടായ നികുതി ചോർച്ച സംബന്ധിച്ച് പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. അന്തർസംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുന്ന തിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതു മൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റംവരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അസസ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജി.എസ്.ടി. സംവിധാനം നിലവിൽവന്നശേഷം ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തേക്കാൾ നികുതി വരവിൽ കാര്യമായ കുറവ് വന്നിട്ടു ണ്ടോയെന്ന് വ്യക്തമാക്കുമോ?

വാറ്റ് സമ്പ്രദായത്തിൽ വാണിജ്യ നികുതി വകുപ്പ് ചെക്ക്പോസ്റ്റുകൾ നേരിട്ട് നികുതി പിരിക്കുന്നതിനുള്ള കേന്ദ്രങ്ങളായിരുന്നില്ല. സംസ്ഥാന അതിർത്തി കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ പരിശോധനയും ചരക്കുകളുമായി ബന്ധപ്പെട്ട ഇ-ഡിക്ലറേഷനുകളുടെ അപ്രൂവലുമാണ് പ്രധാനമായും ചെക്ക്പോസ്റ്റുകളിൽ ചെയ്തിരുന്നത്. മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്ന ചരക്കുകളിന്മേൽ സെക്യൂരിറ്റി ചുമത്തുകയും പിന്നീട് പരിശോധനയിൽ നികുതി വെട്ടിപ്പ് സ്ഥാപിക്കപ്പെടുന്നപക്ഷം പിഴ ഈടാക്കി തീർപ്പാക്കുകയുമാണ് ചെയ്തുവന്നിരുന്നത്. ജി.എസ്.ടി. സമ്പ്രദായത്തിൽ ചെക്ക്പോസ്റ്റുകൾ പൂർണ്ണമായും നിർത്തലാക്കുകയുണ്ടായി. ഇതിനെത്തുടർന്ന് വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഇ-വേ ബിൽ സമ്പ്രദായം കൊണ്ടുവന്നു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ സർവേയ്ലൻസ് സ്ക്വാഡുകളെയും ഇന്റലിജൻസ് സ്ക്വാഡുകളെയും വിന്യസിക്കുകയും അതിർത്തി പ്രദേശങ്ങളിലെ വാഹന പരിശോധന കൂടുതൽ ശക്തമാക്കുകയും ചെയ്യുകയുണ്ടായി. പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവെയ്ലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഇത് ANPR സിസ്റ്റം (Automatic Number Plate Recognition System) ആയി ബന്ധപ്പെടുത്തി ഇ-വേ ബിൽ എടുക്കാതെ അതിർത്തി കടന്നുവരുന്ന വാഹനങ്ങളുടെ വിവരം അലർട്ട് മെസേജുവഴി തത്സമയം സ്ക്വാഡുകൾക്ക് കൈമാറുന്ന സംവിധാനം നടപ്പാക്കുകയും ചെയ്തു. ഇത്തരം സംവിധാനങ്ങൾ നടപ്പാക്കുകവഴി ചെക്ക്പോസ്റ്റുകൾ ഇല്ലാതായതു മൂലമുണ്ടായ നികുതി വെട്ടിപ്പ് പ്രശ്നങ്ങൾ വലിയ അളവിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതുമൂലം ചരക്ക് കൈമാറ്റ ങ്ങൾ കണക്കിൽപ്പെടുത്തുന്നതിന്റെ തോത് കൂടുകയും നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്യുന്നു. വാറ്റ് സമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം വ്യാപാരികൾക്ക് ലഭ്യമാകുന്നുണ്ട്. ഇത് അന്തർസംസ്ഥാന കൈമാറ്റങ്ങൾ വ്യാപാരികൾ തങ്ങളുടെ കണക്കിൽ പ്പെടുത്തുന്നതിന് കാരണമാകുന്നു. വാറ്റ് കാലയളവിലെ ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തേക്കാൾ ആകെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

## ജി.എസ്.ടി. നഷ്ടപരിഹാരം

15 (*345) ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം ഓരോ വർഷവും എത്ര ശതമാനംവീതം വളർച്ച നേടിയിരുന്നുവെന്ന് അറിയിക്കുമോ?

2006-2011 കാലയളവിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | വളർച്ച % |
|---|---|
| 2005-2006 | 3% |
| 2006-2007 | 24% |
| 2007-2008 | 11% |
| 2008-2009 | 19% |
| 2009-2010 | 14% |
| 2010-2011 | 22% |

(ബി) ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പ്രതിവർഷ ജി.എസ്.ടി. വളർച്ച എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പ്രതിവർഷ ജി.എസ്.ടി. നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വളർച്ച % |
|---|---|
| 2018-19 | 27.55 % |
| 2019-20 | 4.95 % |
| 2020-21 | 3.97 % |

(സി) നികുതി വളർച്ചയിൽ പ്രകടമായ മുരടിപ്പ് അനുഭവപ്പെടുന്നതിനാൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി അനുവദിച്ചുവരുന്ന നഷ്ടപരിഹാരം 2022 ജൂൺ മാസത്തിനുശേഷവും തുടരേണ്ടതിന്റെ അനിവാര്യത കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടിയെടുത്തിരുന്നോ?

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷക്കാലയളവിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, 2021 സെപ്റ്റംബറിൽ കൂടിയ 45-ാമത് ജി.എസ്.ടി. കൗൺസിലിൽ, നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ രീതിയിൽ ജി.എസ്.ടി. നിയമം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്.

## സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം

16 (*346) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽനിന്നും മാറ്റുന്നവിധത്തിൽ ഏതെങ്കിലും നിർദ്ദേശം റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ അർബൻ ബാങ്കുകളുടെ നിയന്ത്രണം സംസ്ഥാന സർക്കാരിൽ നിന്നും മാറ്റുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ റിസർവ് ബാങ്കിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ ലഭിച്ചിട്ടില്ല.

(ബി) ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തിയ ഭേദഗതിമൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഭാവിയിൽ ബാങ്ക് എന്ന പദം ഉപയോഗിക്കാനോ ചെക്ക് ഇടപാട് നടത്താനോ സാധിക്കാതെ വരുമോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ സെക്ഷൻ 3-ൽ വരുത്തിയ നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. ആയതിൽ പ്രസ്തുത സ്ഥാപനങ്ങൾ 'ബാങ്ക്, ബാങ്കിംഗ്' എന്നീ പേരുകൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിനാണ് വിലക്ക് ഏർപ്പെടുത്തിയത്. ഭേദഗതിമൂലം ഇപ്പോൾ ബാങ്ക് നടത്തിവരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാകില്ല. ബാങ്കിംഗ് നിയമ (ഭേദഗതി) 2020, ബിൽ നിയമമാകുന്നതിനുമുമ്പ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ചുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ബാങ്കുകളെ ലയിപ്പിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

സഹകരണ അർബൻ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുവാനുദ്ദേശിക്കുന്നില്ല. പ്രസ്തുത ബാങ്കുകളെ ലയിപ്പിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്കിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടില്ല.

## വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ മാസ്റ്റർ പ്ലാൻ

17 (*347) ശ്രീ. കെ. ബാബു (നെന്മാറ):
ഡോ. കെ. ടി. ജലീൽ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്രസർക്കാർ വിൽക്കുന്നുവെന്ന ആരോപണം നിലനിൽക്കുമ്പോൾത്തന്നെ അവ ഏറ്റെടുത്ത് അവയുടെ പ്രവർത്തനങ്ങൾ വൈവിദ്ധ്യവൽക്കരിക്കുകയും അതിലൂടെ അവയെ കൂടുതൽ ലാഭകരമാക്കുകയും ചെയ്യുകയെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം എത്രത്തോളം യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്; BHEL-EML, കാസർഗോഡ്; ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം; BPCL, BEML എന്നീ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കാൻ നീതി ആയോഗിന്റെ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പംതന്നെ വിറ്റഴിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയുംകൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന വികസന നയമാണ് കേരള സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന, സംയുക്ത സംരംഭമായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ

ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകംതന്നെ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലുണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഈ കമ്പനിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ 43 കോടി രൂപയും മുൻകാലത്ത് കമ്പനി വരുത്തിവച്ച 34 കോടി രൂപയുടെ ബാധ്യതയും ചേർന്ന് 77 കോടിയോളം രൂപയുടെ ബാദ്ധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. Corporate Insolvency Resolution Process (CIRP) പ്രകാരം നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ (NCLT), കൊച്ചി ബഞ്ചിൽ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരമാണ് 145.60 കോടി രൂപയ്ക്ക് എച്ച്.എൻ.എൽ.-നെ കേരള സർക്കാർ ഏറ്റെടുത്തത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി (വ്യവസായം), എം.ഡി. കിൻഫ്ര എന്നിവരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുകയും തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പുനഃസംഘടനയെയും തുടർപ്രവർത്തനത്തെയുംക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ ഒരു ഉന്നതതല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഏറ്റെടുക്കലിന്റെ ഭാഗമായി കേരള സർക്കാർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാറിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥത യിലുള്ളതാണ്. ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ടെന്ന പൊതുവികാരം മുൻനിർത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്ക രുതെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക്

5-1-2021-ൽ കത്തയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കപ്പെടുന്നവയുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നത് സംബന്ധിച്ച് സംസ്ഥാനം വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ചുവരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്ന തിലുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക നിരവധി കത്തുകളിലൂടെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) ഇത്തരത്തിൽ വിറ്റഴിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സർക്കാർ ഏറ്റെടുക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവും തുടർപ്രവർത്തനങ്ങളും സംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധർ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിലാണ് മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

18 (*348) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമ്പോഴും ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടിവരുമ്പോഴും ഗാർഹികമുൾപ്പെടെയുള്ള വൈദ്യുതി നിരക്ക് ഉയർത്തി ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 8-7-2019-ലെ താരിഫ് ഉത്തരവുപ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നത്. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നുംതന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം 2016, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിരക്കുകളിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉത്പാദന വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost), പലിശ ചെലവുകൾ (interest and finance charges), മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on equity) തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരംകൂടി പരിഗണിച്ചാണ് നിരക്ക് തീരുമാനിക്കുന്നത്. ഇതിൽ ജീവനക്കാരുടെ ശമ്പള ചെലവുകൾ, അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം Operation & Maintenance Cost-ലാണ് കണക്കാക്കി വരുന്നത്. Operation & Maintenance Cost, സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന വൈദ്യുതി വാങ്ങൽ ചെലവ്, പലിശ ചെലവുകൾ ഉൾപ്പെടെയുള്ള എല്ലാ ചെലവിനങ്ങളും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിക്കുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരമാണ്. ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന ചെലവിനങ്ങളിലുള്ള അധിക ബാദ്ധ്യത പൂർണ്ണമായും താരിഫിലൂടെ ഈടാക്കുന്നില്ല. കൂടാതെ പൊതുതെളിവെടുപ്പ് ഉൾപ്പെടെയുള്ള നടപടിക്രമം പാലിച്ച് ഉപഭോക്താക്കൾക്ക് അധികഭാരം നൽകാതെയാണ് റെഗുലേറ്ററി കമ്മീഷൻ നിരക്കുകൾ പരിഷ്കരിക്കുന്നത്.

(ബി) ഭീമമായ തുക വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള വൻകിട ഉപഭോക്താക്കളിൽനിന്ന് തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി. വിമുഖത കാണിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശ പ്രകാരം, ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇതുകൂടാതെ, കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺമൂലം വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ. നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിന് തവണകൾ അനുവദിക്കുകയും 30 സെപ്റ്റംബർ 2021 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചതോടെ കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി./ ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തു കൊടുത്തും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി എല്ലാ മാസങ്ങളിലും നൽകുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമായ സാഹചര്യത്തിൽ എൽ.റ്റി. വിഭാഗത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കോടതി കേസ്സുകളുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ കേസ് തീർപ്പുകൽപ്പിക്കുന്നതിനായി വേണ്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകി കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

(സി) ഇതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളിൽനിന്നും തുക ഈടാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (TRAC)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോവിഡ് സമാശ്വാസ പാക്കേജുകൾ**

19 (*349) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡുമൂലം റവന്യൂ വരുമാനത്തിൽ ഗണ്യമായ ഇടിവുവന്ന സാഹചര്യത്തിൽ സാമൂഹ്യവികസന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തി നികുതി വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് വിവരശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷനില്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്നരീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ

വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവെയ്ലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് ബോഡിവോൺ ക്യാമറയുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. അണ്ടർ വാല്യുവേഷൻ കേസ്സുകൾ, ബിൽ തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ദീർഘകാലമായുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകുമോ?

സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിക്കുന്നതിന് ആംനസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-ക്കുമുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനെസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് VAT നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ചുമാത്രമേ ആംനെസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. ഇത് പല വ്യാപാരികളും ആംനെസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ ആംനെസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനെസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം 2021 മാർച്ച് 31 വരെ 34402 അപേക്ഷകളിൽനിന്നും 267.99 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഈ വർഷത്തെ ആംനെസ്റ്റി പദ്ധതി പ്രകാരം 2021 സെപ്റ്റംബർ 30 വരെ 1379 അപേക്ഷകളിൽ നിന്നായി 55.34 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകാൻ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പാക്കേജുകൾ പ്രാവർത്തികമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 ലോക്ഡൗൺമൂലം ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് നിലവിൽ സർക്കാരിൽനിന്നോ വ്യാപാരി ക്ഷേമബോർഡിൽ നിന്നോ പെൻഷനോ മറ്റ് സാമ്പത്തിക സഹായമോ ലഭിക്കുന്നില്ലെങ്കിൽ 1000 രൂപ ധനസഹായ വിതരണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകാൻ പ്രഖ്യാപിച്ച വിവിധ കോവിഡ് സമാശ്വാസ പാക്കേജുകളുടെ വിശദീകരണം അനുബന്ധമായി ചേർക്കുന്നു*.

**കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയം**

20 (*350) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി സി. കെ. ആശ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള സാമ്പത്തികനയം തുടർന്നാൽ അടുത്ത രണ്ടുവർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന ധനവിഹിതത്തിൽ വലിയ കുറവുണ്ടാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന സാമ്പത്തികനയം സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയിൽ വൻ ആഘാതമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട പെട്രോൾ, ഡീസൽ എന്നിവയുടെ എക്സൈസ് നികുതി 31-1-2016-ൽ 9.48 രൂപയുണ്ടായിരുന്നത് നിലവിൽ 2.98 രൂപയായി കുറയുകയും 31-1-2016-ലെ പങ്കുവയ്ക്കേണ്ടതല്ലാത്ത സെസ്സും അഡീഷണൽ നികുതിയും 12 രൂപയിൽനിന്നും 30 രൂപയായി ഉയർത്തുകയും ചെയ്തതുകാരണം സംസ്ഥാന സർക്കാരുകൾക്ക് ആയിരക്കണക്കിന് കോടി രൂപയാണ് വർഷംതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റം വരുത്തിയതുകാരണം കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ വൻ കുറവുവന്നിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിലെ 2.5%-ൽനിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടുത്ത രണ്ട് വർഷങ്ങളിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാതിരിക്കുകയും നികുതി വരുമാനം കുറയുകയും ചെയ്താൽ കേന്ദ്ര നികുതി വിഹിതത്തിൽ ആനുപാതികമായ കുറവുണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ, 2022 ജൂലൈ മാസത്തിനുശേഷം ജി.എസ്.ടി. കോമ്പൻസേഷൻ തുടരുന്നതുസംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ഇത് വലിയ നഷ്ടമുണ്ടാക്കും. കൂടാതെ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കപ്പെട്ട പങ്കുവയ്ക്കപ്പെടേണ്ട കേന്ദ്രനികുതി വിഹിതം വലിയ വരുമാനക്കുറവുണ്ടാക്കുന്നുണ്ട്. കൂടാതെ കോർപ്പറേറ്റുകൾക്ക് നൽകിയ നികുതി ഇളവുകൾവഴി നഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് കോടി രൂപയുടെ നഷ്ടം 'ഡിവിസിബിൾ പൂൾ' വിഹിതത്തിൽ വൻ കുറവ് വരുത്തുന്നു. ആർ.ഡി. ഗ്രാന്റ് ഇനത്തിൽ 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ 13,174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയുമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ വകയിരുത്തിയിട്ടുള്ളത്. ആർ.ഡി. ഗ്രാന്റ് കുറഞ്ഞുവരുന്നതും ധനവിഹിതത്തിൽ കുറവുണ്ടാക്കുന്നതിനിടയാക്കും.

(ബി) സംസ്ഥാനത്തെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പരിഗണനയും പിന്തുണയും കേന്ദ്രസർക്കാർ നൽകുന്നുണ്ടോ; വിശദമാക്കാമോ?

2020-21 സാമ്പത്തികവർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജി.എസ്.ഡി.പി.-യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമേ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെയാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പരിഷ്കാരങ്ങൾ സംസ്ഥാനം നടപ്പിലാക്കുകയും അധിക വായ്പ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. 3-8-2021-ൽ കേന്ദ്രസർക്കാരിന്റെ എമർജൻസി റെസ്പോൺസ് പാക്കേജിലേയ്ക്കായി 289.82 കോടി രൂപയുടെ പ്രൊപ്പോസലുകൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. 267.35 കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം അംഗീകരിച്ചത് (160.41 കോടി രൂപ കേന്ദ്രവിഹിതവും 106.94 കോടി രൂപ സംസ്ഥാന വിഹിതവും). ഇതിന്റെ ആദ്യഗഡുവായി 26.08 കോടി രൂപയും രണ്ടാം ഗഡുവായി 60.86 കോടി രൂപയും ഇതുവരെ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 2021-22-ൽ കോവിഡ്-19 മഹാമാരി സംസ്ഥാന സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ മൂലധന ചെലവിന്റെ ലക്ഷ്യങ്ങൾക്ക്

വിധേയമായിട്ടുള്ള 0.50% വായ്പ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.എസ്.ഡി.പി.-യുടെ 4 ശതമാനമായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, നടപ്പുസാമ്പത്തിക വർഷം ഊർജ്ജമേഖലയിലെ പരിഷ്കരണങ്ങൾക്കും ധന ഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിക്കും വിധേയമായി ജി.എസ്.ഡി.പി.-യുടെ 0.50% അധിക വായ്പയും അനുവദിക്കുന്നതാണ്.

(സി) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങളുടെ ഭാഗമായി വിവിധ പദ്ധതികളിൽ ലഭിച്ചിരുന്ന സബ്സിഡികളിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ?

2015-16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം 100%, 90%, 75% എന്നതിൽനിന്ന് 60 ശതമാനമായി (കേന്ദ്ര സംസ്ഥാന വിഹിതം 60:40) ഏകീകരിച്ചു. ഇതുമൂലം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭിക്കുന്ന സബ്സിഡി വിഹിതത്തിൽ സംസ്ഥാനത്തിന് ആനുപാതികമായ കുറവുണ്ടായിട്ടുണ്ട്. കേന്ദ്ര ബഡ്ജറ്റിൽ 2020-21 (RE)-നെ അപേക്ഷിച്ച്, 2021-22 (BE)-ൽ ഫെർട്ടിലൈസേഴ്സ്, ഫുഡ്, പെട്രോളിയം എന്നീ സബ്സിഡി ഇനത്തിലുണ്ടായിട്ടുള്ള കുറവ് താഴെപ്പറയുന്നു.

(തുക കോടിയിൽ)

| Item | 2020-21 (RE) | 2021-22 (BE) | % change |
|---|---|---|---|
| Fertilizers | 133947 | 79530 | 41 |
| Food | 422618 | 242836 | 43 |
| Petroleum | 38790 | 12995 | 66 |
| Total | 595355 | 335361 | 44 |

കേന്ദ്ര ബഡ്ജറ്റിലെ 2020-21 (RE)-നെ അപേക്ഷിച്ച്, 2021-22 (BE)-ൽ ഫെർട്ടിലൈസേഴ്സ്, ഫുഡ്, പെട്രോളിയം എന്നീ സബ്സിഡികളിൽ യഥാക്രമം 41%, 43%, 66% എന്നിങ്ങനെയുള്ള കുറവാണുണ്ടായിട്ടുള്ളത്. പെട്രോളിയം, എൽ.പി.ജി., മണ്ണെണ്ണ എന്നിവയ്ക്കാണ് കേന്ദ്രസർക്കാരിന്റെ സബ്സിഡി വെട്ടിച്ചുരുക്കൽ നയത്തിന്റെ ഭാഗമായി സബ്സിഡി ഇനത്തിൽ കുറവുണ്ടായിട്ടുള്ളത്. ആയതിനാൽ കേന്ദ്രസർക്കാരിൽനിന്ന് വിവിധ പദ്ധതികളിൽ ലഭിക്കുന്ന സബ്സിഡികളിൽ ആനുപാതികമായ കുറവുണ്ടാകും.

(ഡി) സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനക്ഷേമ പരിപാടികളുമായി മുന്നോട്ടുപോകാൻ സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം ഗണ്യമായി കുറയുകയും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കോവിഡ് അനുബന്ധ ചെലവുകളും ക്ഷേമ വികസന ചെലവുകളും ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവ മുഖാന്തരം കൂടുതൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് മൂലധന ചെലവ് വർദ്ധിപ്പിച്ചും 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് സാമ്പത്തിക ഉത്തേജക പാക്കേജ്, ക്ഷേമ പെൻഷനുകൾ, സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ വായ്പാ പദ്ധതികൾ, സബ്സിഡികൾ എന്നിവയിലൂടെ കൂടുതൽ പണം ജനങ്ങളുടെ കൈകളിലെത്തിച്ച് സമ്പദ്‌വ്യവസ്ഥയെ വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം നിയന്ത്രണ വിധേയമാകുകയും സാമ്പത്തിക പ്രവർത്തനങ്ങൾ പൂർണ്ണതോതിലേയ്ക്ക് തിരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ വെട്ടിക്കുറച്ചും ജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കേരള ബാങ്കിന്റെ നിക്ഷേപ വളർച്ച

21 (*351) <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ വാണിജ്യ ബാങ്കുകളുമായി മത്സരിക്കാൻ ശേഷിയുള്ള ബാങ്കായി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവുണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിനുശേഷം ആവിഷ്കരിച്ച്

നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61037.59 കോടി രൂപയായിരുന്ന നിക്ഷേപം 2020-21-ൽ 66731.61 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ RTGS/NEFT, Mobile Banking, IMPs, ATM, Micro ATM, NACH മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്. കേരള ബാങ്ക് ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിൽവരുത്തി കൂടുതൽ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഏകീകരിച്ചും Omni Channel പദ്ധതിയിലൂടെ ആധുനിക ഡിജിറ്റൽ സേവനങ്ങൾ 2022 ഏപ്രിൽ മുതൽ പൊതുജനങ്ങൾക്കും കേരള ബാങ്കിലൂടെ ഇടപാടുകാർക്കും നൽകാൻ കഴിയുന്നവിധം പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുന്നു. കേരള ബാങ്കിന്റെ ഓഫീസുകളിൽ ഐ.ടി. സംയോജനം വഴി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി കേരള ഗവൺമെന്റ് ഐ.ടി. മിഷൻ ഇ-ടെണ്ടർ പോർട്ടൽവഴി Request for Proposal (RFP) പ്രസിദ്ധീകരിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് CBS & Allied Service സേവനദാതാവായി M/s. Wipro Limited-നേയും Omni Channel സേവനദാതാവായി M/s. Infrasoft Technologies Limited-നേയും തെരഞ്ഞെടുക്കുകയും ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഐ.ടി. സംയോജന നടപടികളുമായി ബന്ധപ്പെട്ട് പ്രോജക്ട് മാനേജ്മെന്റ് ഓഫീസ്, സ്ഥിരം സംവിധാനമായ കമാൻഡ് സെന്റർ എന്നിവ എറണാകുളം CBO/CPC-യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-3-2020-ൽ ബാങ്കിന്റെ മൂലധനപര്യാപ്തത (CRAR) ആർ.ബി.ഐ. നിഷ്കർഷിച്ചിട്ടുള്ള 9 ശതമാനത്തിന്മേലെത്തി 10.18 ശതമാനമായി നിൽക്കുന്നു. ആകെ നിഷ്ക്രിയ ആസ്തി 14.47 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 10.87 ശതമാനവുമായും കുറയ്ക്കുന്നതിന് ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. വരുംവർഷങ്ങളിൽ നിഷ്ക്രിയ ആസ്തി പരമാവധി കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി ബാങ്ക് അതിവേഗം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. നിലവിൽ ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. ബാങ്കിന് തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി 27-11-2020 മുതൽ പ്രവർത്തിക്കുന്നു. കൂടാതെ വിവിധ മേഖലയിലുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് നിലവിലുണ്ട്. ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ റിക്കവറി കമ്മിറ്റി, ഡിസിപ്ലിനറി കമ്മിറ്റി, ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി, ബ്രാഞ്ച് റാഷണലൈസേഷൻ കമ്മിറ്റി, ക്രെഡിറ്റ് അപ്രൂവൽ കമ്മിറ്റി, അസറ്റ് ലയബിലിറ്റി കമ്മിറ്റി, റിസ്ക് മാനേജ്മെന്റ് കമ്മിറ്റി, ആഡിറ്റ് സബ് കമ്മിറ്റി, പർച്ചേസ് കമ്മിറ്റി തുടങ്ങിയ കമ്മിറ്റികൾ ബാങ്കിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി നിയന്ത്രിക്കുന്നു. ബാങ്കിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്കിന്റെ നിക്ഷേപത്തിലും ഇടപാടിലും 2021 മാർച്ച് 31 വരെ എത്ര ശതമാനം വളർച്ച നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള ബാങ്കിന്റെ ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം 31-3-2020-ൽ ആകെ നിക്ഷേപം 61037.59 കോടി രൂപയായിരുന്നു. 31-3-2021-ൽ ആകെ നിക്ഷേപം 66731.61 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. 9.33% നിക്ഷേപ വർദ്ധനവ് ബാങ്കിന് നേടാൻ കഴിഞ്ഞിട്ടുണ്ട്. 31-3-2020-ൽ ആകെ ഇടപാട് 101194 കോടിരൂപയായിരുന്നത് 31-3-2021-ൽ 106397 കോടി രൂപയായി. ഇത് 5.14 ശതമാനത്തിന്റെ വളർച്ചയാണ് കാണിക്കുന്നത്.

## സ്മാർട്ട് എനർജി പ്രോഗ്രാം

22 (*352) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തി വരുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ പുരോഗതിയും ഫലപ്രാപ്തിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഇ.എം.സി.-യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നു. ഇ.എം.സി.-യുടെ സ്മാർട്ട് എനർജി പ്രോഗ്രാം വഴി വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണത്തിന്റെ അവബോധം കാര്യക്ഷമമായി എത്തിക്കുന്നു. കൂടാതെ, സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളിൽ ഊർജ്ജ ഉപയോഗത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യം ബോദ്ധ്യപ്പെടുത്താനുതകുന്ന വിധത്തിൽ 'നാളേയ്ക്കിത്തിരി ഊർജ്ജം', 'ലാഭപ്രഭ' എന്നീ രണ്ട് പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പോസ്റ്റർ കാമ്പയിൻ, സൈക്കിൾ റാലി, ലഘുരേഖകളുടെ വിതരണം മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അനെർട്ട് മുഖേന സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല. സംസ്ഥാനത്ത് ഇ.എം.സി. മുഖാന്തരമാണ് സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പാക്കിവരുന്നത്. സ്കൂൾ കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ (EMC) പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആരംഭിച്ച പരിപാടിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം (SEP). 1997-ൽ ആരംഭിച്ച വിദ്യാലയങ്ങളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടി നവീകരിച്ച് 2014-ൽ സ്മാർട്ട് എനർജി പ്രോഗ്രാമിന് രൂപം കൊടുത്തു. സർവ്വീസിലുള്ള/വിരമിച്ച അദ്ധ്യാപകരും മറ്റ് എൻ.ജി.ഒ. പ്രവർത്തകരും ഈ സ്കീമിന്റെ കോ-ഓർഡിനേറ്റർമാരാണ്. സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളിൽ ജില്ലാ കോ-ഓർഡിനേറ്റർമാരെയും 41 വിദ്യാഭ്യാസ ജില്ലകളിൽ ജോയിന്റ് കോ-ഓർഡിനേറ്റർമാരെയും ഉൾപ്പെടുത്തി ഒരു സംഘടനാ സംവിധാനം രൂപീകരിക്കുക വഴി കേരളത്തിൽ എല്ലാ സ്ഥലങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഇടപെടൽ സാദ്ധ്യമാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 8770 വിദ്യാലയങ്ങൾ സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭൂരിപക്ഷവും സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളാണ് ഭാഗഭാക്കായിരിക്കുന്നത്. അൺ എയ്ഡഡ് വിദ്യാലയങ്ങളെ സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമാക്കാനുള്ള പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ട്. കുട്ടികളിൽ ഊർജ്ജ സംരക്ഷണത്തെ പ്പറ്റിയുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നതിന് പ്രേരണ നൽകുകയും അതുവഴി കൗതുകവും ജിജ്ഞാസയും വളർത്തുക, തത്ഫലമായി അവരവരുടെ വീടുകളിൽ/ നാട്ടിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റിയുള്ള ചർച്ചകൾക്ക് വഴിയൊരുക്കുക എന്നത് ഒരു വിജയകരമായ മാതൃകയായിട്ടുണ്ട്. അതുപോലെ വിവിധ റിസോഴ്സ് കൈപ്പുസ്തകങ്ങൾ, ഷോർട്ട് സിനിമകൾ എന്നിവയും വിദ്യാലയങ്ങൾക്കായി സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളിൽ കൗതുകം ജനിപ്പിക്കുന്നതിലേയ്ക്കായി സ്കീമിന്റെ ഭാഗമായി വിവിധ മത്സര പരിപാടികൾ സ്കൂൾ, വിദ്യാഭ്യാസ ജില്ല, സംസ്ഥാനതലത്തിൽ നടത്തി വിജയികളെ കണ്ടെത്തുന്നുണ്ട്.

(സി) സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഊർജ്ജ സംരക്ഷണത്തിന്റെയും ഊർജ്ജ കാര്യക്ഷമതയുടെയും അവബോധം യുവതലമുറയിൽ സൃഷ്ടിക്കൽ.

2. പരിസ്ഥിതി സൗഹൃദമായ സാങ്കേതികവിദ്യകളുടെ അവബോധം യുവതലമുറയിൽ സൃഷ്ടിക്കൽ.

3. ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജ വിഭവങ്ങളുടെ വിവേകപൂർണ്ണമായ ഉപഭോഗശീലം യുവതലമുറയിൽ സൃഷ്ടിക്കൽ.

(ഡി) ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ, പ്രചരണ പ്രവർത്തനങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര ഊർജ്ജസംരക്ഷണ നിയമം 2001 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികളിൽ അതീവ ശ്രദ്ധപതിപ്പിക്കേണ്ട മേഖലയായിട്ടാണ് വിദ്യാലയങ്ങളിലെ ഊർജ്ജസംരക്ഷണ വിദ്യാഭ്യാസത്തെ സർക്കാർ കണക്കാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ഇ.എം.സി. വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കുട്ടികളിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റിയുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നതിലുള്ള വിവിധ മാർഗ്ഗങ്ങൾ അവലംബിക്കുകയും അതുവഴി അവരിൽ കൗതുകവും ജിജ്ഞാസയും വളർത്തുന്നതു വഴി അവരവരുടെയും ബന്ധുമിത്രാദികളുടെയും വീടുകളിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റിയുള്ള ചർച്ചകൾ, പ്രവർത്തനങ്ങൾ എന്നിവ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സ്മാർട്ട് എനർജി പ്രോഗ്രാം അൺ എയ്ഡഡ് വിദ്യാലയങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കും. നിലവിൽ സംസ്ഥാനത്തെ 8770 വിദ്യാലയങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സ്മാർട്ട് എനർജി പ്രോഗ്രാമിൽ 545 അൺ എയ്ഡഡ് വിദ്യാലയങ്ങൾ ഭാഗമായിട്ടുണ്ട്. കൂടുതൽ അൺ എയ്ഡഡ് വിദ്യാലയങ്ങളെ സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമാക്കാനുള്ള രജിസ്ട്രേഷൻ ഡ്രൈവ് സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

**വൈദ്യുതി മേഖല അപകടരഹിതമാക്കാൻ നടപടി**

23 (*353) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി മേഖലയിലെ അപകട സാധ്യത കുറയ്ക്കുന്നതിനായി അടിസ്ഥാന സൗകര്യവികസന മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷന്റെ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് 'ദ്യുതി 2021' എന്നപേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്ടറിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എ.ബി.സി.) ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളുൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റ് പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. സംസ്ഥാനത്ത് നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത വൈദ്യുത പദ്ധതികളായ റീസ്ട്രക്ച്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് & റിഫോംസ് പ്രോഗ്രാം (RAPDRP), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (DDUGJY), സംയോജിത ഊർജ്ജ വികസന പദ്ധതി (IPDS) എന്നിവയുടെ ഭാഗമായി വൈദ്യുതി വിതരണത്തിന് ഉപയോഗത്തിലുണ്ടായിരുന്ന പഴക്കംചെന്ന കണ്ടക്ടർ മാറ്റി പുതിയവ സ്ഥാപിച്ചു, കൂടാതെ ഈ പദ്ധതികൾവഴി അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങളിൽ കൂടുതൽ സുരക്ഷിതമായ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC), അണ്ടർ ഗ്രൗണ്ട് കേബിൾ (UG) മുതലായവ സ്ഥാപിച്ചു. ഈ നടപടികൾവഴി അപകടരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വൈദ്യുതി മേഖലയിലെ അപകടസാദ്ധ്യത കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ ലൈനിൽ നേരിട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 14 ഇനങ്ങളടങ്ങുന്ന സേഫ്റ്റി കിറ്റും പേഴ്സണൽ പ്രൊട്ടക്റ്റീവ് ഉപകരണങ്ങളും ലഭ്യമാക്കി പൂർണ്ണതോതിലുള്ള അപകട നിവാരണത്തിന് Equi-potential Earthing സംവിധാനം പ്രാവർത്തികമാക്കി. വൈദ്യുതി അപകടരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ഇ-സേഫ് കേരള എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഗാർഹിക മേഖലയിലുണ്ടാകുന്ന

വൈദ്യുതി അപകടങ്ങളിൽ ഭൂരിഭാഗവും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (ഇ.എൽ.സി.ബി.) സ്ഥാപിക്കുന്നതുവഴി ഒഴിവാക്കാൻ സാധിക്കും. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ അഗളി, പുത്തൂർ, ഷോളയാർ എന്നീ പഞ്ചായത്തു കളിലെ എസ്.സി./എസ്.ടി./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 600 വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് വയറിംഗ് നവീകരിച്ചുനൽകി. കൂടാതെ നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ട വൈദ്യുതി ഉപഭോക്താക്കളുടെ വീടുകളിൽ ഇ.എൽസി.ബി. സ്ഥാപിച്ചുനൽകുന്ന പദ്ധതി എൽ.എസ്.ജി.ഡി. മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള നടപടികളാരംഭിച്ചു. വൈദ്യുതി അപകടങ്ങളുടെ മുഖ്യകാരണം അശ്രദ്ധ, അജ്ഞത, അലംഭാവം എന്നിവയാണ്. ആയത് പൊതുജന ബോധവത്കരണത്തിലൂടെ മാത്രമേ കുറച്ചുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പൊതുജന ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരികയാണ്. കൂടാതെ വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പരിശീലനവും നൽകിവരുന്നു. ലൈനുകളിലും ട്രാൻസ്ഫോർമറുകളിലും തട്ടിനിൽക്കുന്ന മരച്ചില്ലകളും വള്ളിപ്പടർപ്പുകളും യഥാസമയം നീക്കം ചെയ്യുന്ന പ്രവൃത്തികളും നടന്നുവരുന്നു. ഗുണമേന്മയുള്ള സേഫ്റ്റി ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വെണ്ടർ രജിസ്ട്രേഷൻ നടപടികൾ തുടങ്ങിയിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യകളുപയോഗപ്പെടുത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യത്തിന് വിവിധ സുരക്ഷാ ഉപകരണങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുന്ന പദ്ധതിയായ MIDEA (Manufacturing Unit for Innovative Devices, Equipments and Accessories) തുടങ്ങുവാൻ തീരുമാനിച്ചു.

(സി) വൈദ്യുതി വിതരണം അപകടരഹിതമായി അന്താരാഷ്ട്ര നിലവാരത്തിൽ നടത്തുന്നതിനായി ആവിഷ്കരിച്ച 'ദ്യുതി' പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

അപകടരഹിതമായ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനായി 2018 മുതൽ 2021 വരെ 'ദ്യുതി 2021' പദ്ധതിയിലുൾപ്പെടുത്തി 598 കി.മീ. എച്ച്.റ്റി. എ.ബി.സി. കണ്ടക്ടറും, 25 കി.മീ. എച്ച്.റ്റി. കവേർഡ് കണ്ടക്ടറും 375 കി.മീ. എച്ച്.റ്റി. ഭൂഗർഭ കേബിളുകളും 1007 കി.മീ. എൽ.റ്റി. എബിസി കണ്ടക്ടറും 260 കി.മീ. എച്ച്.റ്റി. ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകളുടെ സ്ഥാപനവും 15409 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈനുകൾ മാറ്റി ത്രീ ഫേസ് ലൈനുകളുടെ സ്ഥാപനവും 2194 കി.മീ. എച്ച്.റ്റി. OH ലൈനുകളുടെയും 59546 കി.മീ. എൽ.റ്റി. OH ലൈനുകളുടെയും റീ-കണ്ടക്ടറിംഗും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഇതുവരെ 1762 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി മേഖലയിൽ അപകട സാദ്ധ്യത കുറയ്ക്കുന്നതിനായി നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

11 കെ.വി. ലൈനിലെ തകരാർ കണ്ടുപിടിക്കുന്നതിനായി "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാറുണ്ടാകുന്ന സമയത്ത് വിവരം എസ്.എം.എസ്. ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാറുണ്ടായ സ്ഥലം അറിയിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. സുരക്ഷയുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യത്തിന് വിവിധ സുരക്ഷാ ഉപകരണങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുന്ന പദ്ധതിയായ MIDEA (Manufacturing Unit for Innovative Devices, Equipments and Accessories) തുടങ്ങുവാൻ തീരുമാനിച്ചു. പൊതുജനങ്ങൾക്ക് വൈദ്യുതി അപകടങ്ങളും അപകട സാദ്ധ്യതകളും അറിയിക്കാനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കാനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. വൈദ്യുതി ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള പദ്ധതി പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഇ) വൈദ്യുതി മേഖലയിൽ ജോലിചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വൈദ്യുതി ബോർഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടമുണ്ടാകാതിരിക്കാൻവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001: 2007 എന്നിവയുൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ നയത്തിലുൾപ്പെടുത്തിയിട്ടുള്ളത്.

## ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ സഹായം

24 (*354) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ സഹായവും പ്രോത്സാഹനവും നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന സംവിധാനം എന്നനിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകുകയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പ് സിഡ്കോ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ ഏജൻസികൾ മുഖേന വ്യവസായ ഭൂമി അനുവദിക്കപ്പെടുന്ന നവസംരംഭകർക്ക് ഭൂവിലയുടെ നിശ്ചിത പലിശ നിശ്ചിതകാലത്തേയ്ക്ക് കണക്കാക്കി നവസംരംഭകർക്കുമേൽ വന്നുചേരുന്ന ബാദ്ധ്യതയ്ക്ക് ആശ്വാസം നൽകാൻ സഹായകമാകുംവിധം Interest Subvention on Deferred Land Cost Investments to Entrepreneurs in Industrial Areas/Parks എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഭൂവിലയുടെ ഒരു നിശ്ചിത ഭാഗം ഒടുക്കുന്നപക്ഷം നിലവിലുള്ള സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് നവസംരംഭകന് വ്യവസായ വാണിജ്യ വകുപ്പ് സിഡ്കോ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ ഏജൻസികൾ വ്യവസായ ഭൂമി അനുവദിച്ച് നൽകുന്നത്. ആദ്യഭാഗം ഒടുക്കിയശേഷം ബാക്കി തുകയുടെ തിരിച്ചടവിന് 5 വർഷക്കാലത്തേയ്ക്ക് അവധി അനുവദിക്കുന്നതാണ്. ഇത്തരത്തിൽ തവണകളായി ഭൂവില ഒടുക്കുന്നരീതി

അവലംബിക്കുമ്പോൾ അവധി കൽപ്പിക്കപ്പെടുന്ന തുകയുടെമേൽ ഒടുക്കേണ്ടിവരുന്ന പലിശ, ഭൂമി അനുവദിച്ച് നൽകുന്ന വകുപ്പിനോ മേൽപരാമർശിത ഏജൻസികൾക്കോ റീ-ഇംബേഴ്സ് ചെയ്തുനൽകുന്നു. അനുവദിക്കപ്പെടുന്ന നിശ്ചിത അവധിക്കാലം കഴിഞ്ഞ് സമയബന്ധിതമായി ടി തുക സംരംഭകൻ ഒടുക്കണം. മുഴുവൻ തുകയും ഒടുക്കുമ്പോൾ മാത്രമായിരിക്കും സംരംഭകന് ഭൂമിയുടെമേൽ അവകാശം ലഭ്യമാകുന്നത്. ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി മേൽപ്പറഞ്ഞ ഏജൻസികൾ അപേക്ഷ സമർപ്പിക്കുന്നപക്ഷം പദ്ധതി മാനദണ്ഡങ്ങളുടെയും ഇന്ററസ്റ്റ് സബ്‌വെൻഷൻ കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ തുക അനുവദിക്കുന്നതാണ്. സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് പ്രോത്സാഹനം നൽകി സംരംഭം ആരംഭിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, ഗതാഗതം എന്നിവ സജ്ജമാക്കാറുണ്ട്. കൂടാതെ സുരക്ഷയ്ക്കായി ചുറ്റുമതിൽ, ഗേറ്റ് എന്നിവയും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് പവർ ഫീഡറും ലഭ്യമാക്കാറുണ്ട്. മാലിന്യ നിർമ്മാർജനത്തിനായി കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ലയിലെ അരൂർ, എറണാകുളം ജില്ലയിലെ ഇടയാർ വ്യവസായ എസ്റ്റേറ്റുകളിൽ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞവ കൂടാതെ ഓരോ വ്യവസായ എസ്റ്റേറ്റുകളുടെയും ആവശ്യകതയനുസരിച്ച് നിർമ്മാണ പ്രവർത്തങ്ങൾ/നവീകരണം എന്നിവ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കിയും വരുന്നു. പുതുതായി ആരംഭിക്കുന്ന ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി വിവിധ സാമ്പത്തികസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വായ്പാധിഷ്ഠിത ധനസഹായങ്ങളും വായ്പയിൽ പലിശയിളവ് നൽകുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. അതോടൊപ്പം സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലുൾപ്പെടെ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അവയുടെ വിപുലീകരണം, ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്കായി സംരംഭക സഹായപദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. വിപുലീകരണം, ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം എന്നിവയുടെ ഭാഗമായി സ്ഥിരനിക്ഷേപത്തിൽ മുതൽമുടക്കുന്ന തുകയുടെ 15% മുതൽ 45% വരെ വ്യവസ്ഥകൾക്ക് ബാധകമായി സബ്സിഡിയായി അനുവദിക്കുന്നു. ആകെ സബ്സിഡി തുക 30 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മുമ്പ് സബ്സിഡി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ 30 ലക്ഷം രൂപ അധികരിക്കാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം

വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും സർക്കാരിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശനിരക്കിൽ (നിലവിൽ 8.75% - 10.75%) 10,000 ലക്ഷം രൂപവരെ വായ്പയായി നൽകി വരുന്നു. ഓരോ ആറ് മാസത്തിന്റേയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അരശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 33.33 ശതമാനത്തിൽനിന്ന് 50 ശതമാനം വരെ അൺസെക്യൂവേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും മറ്റ് സ്ഥലത്തും വ്യവസായം ആരംഭിക്കുന്നതും നിലവിൽ പ്രവർത്തിക്കുന്നതുമായ ചെറുകിട, ഇടത്തരം സംരംഭകർക്ക് പ്രസ്തുത വായ്പാ സഹായങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്. സംസ്ഥാനത്ത് വ്യവസായ എസ്റ്റേറ്റുകളിലും മറ്റ് സ്ഥലത്തും വ്യവസായം ആരംഭിക്കുന്നതും പ്രവർത്തിക്കുന്നതുമായ ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ സഹായവും പ്രോത്സാഹനവും സർക്കാർ വിവിധ ഏജൻസികൾ മുഖേന സമയബന്ധിതമായും കാര്യക്ഷമമായും നൽകിവരുന്നു. പ്രസ്തുത സംരംഭകർക്ക് പ്രോത്സാഹനം നൽകുവാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും 'മീറ്റ് ദ മിനിസ്റ്റർ', 'മീറ്റ് ദ ഇൻവെസ്റ്റർ' എന്നീ പരിപാടികൾ നടത്തുകയും പ്രസ്തുത പരിപാടികളും പദ്ധതികളും മുഖേന കേരളത്തിൽ ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭകർക്ക് പ്രോത്സാഹനം നൽകാൻ നടത്തിയ ഇടപെടലുകളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ (DA/DP) അടിസ്ഥാനസൗകര്യ വികസനപദ്ധതി (Improving Infrastructure in Existing DA/DPs) പ്രകാരം സംരംഭകരുടെ ആവശ്യാനുസരണം അതത് ജനറൽ മാനേജർ സമർപ്പിക്കുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ഓരോ സാമ്പത്തികവർഷവും സജ്ജമാക്കുന്ന അധിക സൗകര്യങ്ങൾമൂലം വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭങ്ങളുടെ പ്രവർത്തനം സുഗമമാകുന്നതായി വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്.

(സി) ചെറുകിട വ്യവസായ സംരംഭകർക്കായി സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾവഴി വായ്പാ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. വഴി സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും സർക്കാരിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശനിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപവരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റേയും അവസാനം കുടിശ്ശികയില്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 33.33 ശതമാനത്തിൽനിന്ന് 50 ശതമാനംവരെ അൺസെക്യൂവേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് വായ്പ നൽകുന്ന സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രാധാന്യം കണക്കിലെടുത്ത് ഇവിടെ തുടങ്ങുന്ന പുതിയ യൂണിറ്റുകൾക്കും നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനുമായി പുതിയൊരു പദ്ധതി 2021-2022 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ദീർഘകാല വായ്പകൾ, ഹ്രസ്വകാല വായ്പകൾ, പ്രവർത്തന മൂലധന ഹ്രസ്വകാല വായ്പകൾ എന്നിവയ്ക്കുപുറമേ ബാങ്ക് ഗ്യാരണ്ടികൂടി കൂടുതൽ ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഉത്പാദന, സേവന മേഖലകളിലുള്ള സംരംഭകർക്ക് പുതിയ യൂണിറ്റുകൾ തുടങ്ങാനും നിലവിലുള്ളവ വിപുലീകരിക്കാനും വായ്പ ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പുതുതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് വ്യവസായ വാണിജ്യ വകുപ്പുവഴി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും വായ്പാധിഷ്ഠിത ധനസഹായങ്ങളും വായ്പയിൽ പലിശയിളവ് നൽകുന്ന പദ്ധതികളുമാണ് നടപ്പിലാക്കിവരുന്നത്. കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പ്രാരംഭ മൂലധന സഹായ പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപവരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ നിലവിലെ പദ്ധതികൾ ഉത്പാദന സേവന മേഖലയിലെ യൂണിറ്റുകൾക്കും ബാധകമാണ്.

(ഇ) ദീർഘകാല വായ്പകൾ, ഹ്രസ്വകാല വായ്പകൾ, പ്രവർത്തന മൂലധന വായ്പകൾ എന്നിവയ്ക്കുപുറമേ ബാങ്ക് ഗ്യാരണ്ടികൂടി വായ്പാ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് വായ്പ നൽകുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2021-2022 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതിയിൽ ദീർഘകാല വായ്പകൾ, ഹ്രസ്വകാല വായ്പകൾ, പ്രവർത്തന മൂലധന ഹ്രസ്വകാല വായ്പകൾ എന്നിവയ്ക്കുപുറമേ ബാങ്ക് ഗ്യാരണ്ടികൂടി ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാകുന്നതാണ്.

**കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി**

25 (*355) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിൽ സ്വകാര്യ സംരംഭകർ നേരിടുന്ന പ്രതിസന്ധിയും തന്മൂലമുളവായിട്ടുള്ള തൊഴിൽ നഷ്ടവും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ബി) കശുവണ്ടിയുടെ ആഗോള ഉപഭോഗവും കയറ്റുമതി വിലയും വർദ്ധിച്ചിട്ടും ഈ മേഖലയിൽ പ്രതിസന്ധി രൂക്ഷമാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല ഏകദേശം 2015 മുതൽ പ്രതിസന്ധികൾ നേരിടുന്നു. ആഗോളതലത്തിൽ തോട്ടണ്ടിയുടെ വിലക്കൂടുതലും ദൗർലഭ്യവുംമൂലം കശുവണ്ടി ഉത്പാദനത്തിലും വിപണനത്തിലും വിയറ്റ്നാമിന്റെ വളർച്ചയും ഈ വ്യവസായത്തിലെ ഇന്ത്യയുടെ കുത്തകയായിരുന്ന വ്യവസായത്തെ സാരമായി ബാധിച്ചു. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾ പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കുകയും അതുവഴി സംസ്കരണത്തിന് വലിയ അളവിൽ തോട്ടണ്ടി അവർക്ക് ആവശ്യമായി വരികയും അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തോട്ടണ്ടി അവർ പരമാവധി വില നൽകി സംഭരിക്കുവാനും തുടങ്ങിയതിന്റെ ഫലമായി സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യമുണ്ടായി. തന്മൂലം തോട്ടണ്ടിക്ക് ഡിമാന്റ് വർദ്ധിക്കുകയും വില വർദ്ധിക്കുകയുമുണ്ടായി.

യന്ത്രവത്കരണത്തിലൂടെ വിയറ്റ്നാമിലെ ഉത്പാദന ചെലവ് കേരളത്തിലേ തിനേക്കാൾ കുറവായതുകാരണം വലിയ വിലയിൽ തോട്ടണ്ടി സംഭരിച്ചാലും അവർക്ക് നഷ്ടമുണ്ടാകുന്നില്ല. എന്നാൽ അന്താരാഷ്ട്ര വിപണിയിൽനിന്നും വലിയ വിലയ്ക്ക് തോട്ടണ്ടി കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചെലവ് വളരെ കൂടുന്നു. 2016 മുതൽ കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതോടെ പ്രതിസന്ധി വീണ്ടും വർദ്ധിച്ചു. 9.30 ശതമാനം ഇറക്കുമതി ചുങ്കമുണ്ടായിരുന്നത് ഈ അടുത്ത കാലത്ത് 2.5 ശതമാനമായി കുറച്ചിട്ടുണ്ട്. മേൽ പ്രതിസന്ധികൾമൂലം സ്വകാര്യ ഫാക്ടറികൾ അടച്ചിടേണ്ടിവരികയും തൊഴിൽനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലും മംഗലാപുരത്തും കശുവണ്ടി ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതോടുകൂടി വടക്കൻ ജില്ലകളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന തോട്ടണ്ടിയുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. ഇറക്കുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കയറ്റുമതി കുറവായതിനാൽ രൂപയുടെ മൂല്യത്തിനുണ്ടായ ഇടിവും കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചു. ആഭ്യന്തരമായി ഉപഭോഗം വർദ്ധിച്ചതിനാൽ ആഭ്യന്തരവിപണിയിൽ വില മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചാണ് ആഭ്യന്തര വിപണിയും നിലനിൽക്കുന്നത്.

(സി) കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കു ന്നതിനും ആയതിലൂടെ ഈ മേഖലയിലെ തൊഴിൽ നഷ്ടത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും കർമ്മപരിപാടി രൂപീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്ന് അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യമാണ്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതി നായി 2017-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് കശുവണ്ടി ഉത്പാദക ആഫ്രിക്കൻ രാജ്യങ്ങളായ ഗിനി-ബിസാവോ, ഘാന, മൊസാംബിക്, ഇന്തോനേഷ്യ എന്നിവിടങ്ങളിൽനിന്നും 35000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും പുറമേ സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കുകൂടി തോട്ടണ്ടി ലഭ്യമാക്കുക എന്ന പ്രഥമ പരിഗണനയിലാണ് കേരള കാഷ്യൂ ബോർഡ് പ്രവർത്തിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കും തോട്ടണ്ടി ഇറക്കുമതി ചെയ്ത് വിതരണം ചെയ്യുന്നതിന് കേരള കാഷ്യൂ ബോർഡിനുവേണ്ടി 2021-2022 സാമ്പത്തികവർഷം 35.7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ

സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ രൂപീകരിച്ച കേരള കശുമാവ് കൃഷി വികസന ഏജൻസിവഴി അത്യുത്പാദന ശേഷിയുള്ള മേൽത്തരം ഗ്രാഫ്റ്റുകൾ കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി നൽകി, കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, മാതൃകാ കശുമാവിൻ തോട്ടം, അതിസാന്ദ്രതാ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ സംരംഭകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ ബാങ്കുകളുമായി ചർച്ച നടത്തിയതിന്റെ ഫലമായി പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 71 സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-2020-ലെ പലിശ 9% സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും അതിന് സാധിക്കാത്ത വായ്പകളിൽ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചു. ബാങ്കുകൾ വ്യവസായികൾക്കെതിരായ റിക്കവറി നടപടികളുമായി മുന്നോട്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22-9-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വ്യവസായികളുടെ പ്രതിനിധി, എസ്.എൽ.ബി.സി. പ്രതിനിധി, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവരുടെ പ്രതിനിധികളുമായി യോഗം ചേരുകയും ഒരുമാസത്തിനകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു ഫോർമുല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ഒരു സമവായത്തിലെത്തുന്നതുവരെ കശുവണ്ടി വ്യവസായികൾക്കെതിരായ നടപടികളുമായി ബാങ്കുകൾ മുന്നോട്ടുപോകരുതെന്നും യോഗം തീരുമാനിച്ചിരുന്നു.

## പ്രതീക്ഷിത നികുതി വരുമാനത്തിലെ കുറവ്

26 (*356) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) 2021-22 സാമ്പത്തികവർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം സംസ്ഥാന ത്തിന്റെ തനത് നികുതി വരുമാനമായി 71833.28 കോടി രൂപ പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള താത്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 18355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) പ്രതീക്ഷിത വരുമാനത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

നികുതി വരുമാനത്തിലെ കുറവ് പരിഹരിക്കാൻ ഉപഭോക്താക്കളിൽനിന്നും ഉത്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതി പണം ഖജനാവിലേയ്ക്ക് അടയ്ക്കാത്ത വ്യാപാരികളുടെ റിട്ടേൺ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി നിർണ്ണയിക്കുന്നതിന്, അനിവാര്യമായ വ്യത്യസ്ത മാനദണ്ഡങ്ങൾ നിശ്ചയിച്ച്, മുൻഗണന പട്ടിക തയ്യാറാക്കിയ കേസ്സുകളിൽ പരിശോധന സമയബന്ധിതമായും കാര്യക്ഷമമായും നടത്തി, നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയാധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിറ്റുവരവിലെ വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം, ടി.ഡി.എസ്./ടി.സി.എസ്. റിട്ടേണുകളിലുള്ള വിവരങ്ങൾ

എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിംഗ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മപരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തി നികുതി നിർണ്ണയം സമയബന്ധിതമായി തീർപ്പാക്കി വരുന്നുണ്ട്.

(ഡി) പെട്രോൾ, ഡീസൽ വിലവർദ്ധനവിൽനിന്നും സംസ്ഥാനത്തിന് അധികവരുമാനം ലഭിച്ചിട്ടും നടപ്പ് സാമ്പത്തികവർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പെട്രോൾ, ഡീസൽ വിലവർദ്ധനവിൽ നടപ്പ് സാമ്പത്തികവർഷം പെട്രോളിൽ നിന്നും 110.59 കോടി രൂപയും ഡീസലിൽനിന്നും 91.34 കോടി രൂപയും കൂടുതലായി ലഭിച്ചുവെങ്കിലും കോവിഡുമൂലം നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

## കിഫ്ബിക്ക് ഫിച്ച് ക്രെഡിറ്റ് റേറ്റിംഗ്

27 (*357) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിക്ക് ഫിച്ച് ക്രെഡിറ്റ് റേറ്റിംഗ് നിലനിർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

2021-ലും കിഫ്ബിയുടെ റേറ്റിംഗ് BB (Outlook Stable) ആയി ഫിച്ച് റേറ്റിംഗ്സ് നിലനിർത്തിയിട്ടുണ്ട്. കിഫ്ബിയുടെ ഇതുവരെയുള്ളതും സമീപഭാവിയിൽ പ്രതീക്ഷിക്കുന്നതുമായ ധനകാര്യ ഇടപാടുകളും വരവുചെലവ് കണക്കുകളും ഭാവിയിലെ പ്രതീക്ഷിക്കുന്ന വരവുചെലവ് വിശദമായി പഠിച്ചതിനു ശേഷമാണ് ഈ റേറ്റിംഗ് നൽകിയത്. കോവിഡ് പ്രതിസന്ധി തുടരുന്ന ഈ സമയത്ത് ഫിച്ച് stable outlook-ഓടെ ബി.ബി. റേറ്റിംഗ് നിലനിർത്തിയിരിക്കുന്നത് കിഫ്ബിക്കും അതിന്റെ പ്രവർത്തനങ്ങൾക്കും ആത്മവിശ്വാസം നൽകുന്നതാണ്.

(ബി) അമ്പതിനായിരം കോടി രൂപയുടെ വികസനം ലക്ഷ്യമിട്ട സംസ്ഥാനത്ത് അറുപത്തിയാറായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന് കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിച്ചത്. സർക്കാരിന്റെ വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് വിദൂരഭാവിയിൽ മാത്രം സാദ്ധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യവികസനം ഇന്നുതന്നെ സാദ്ധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 64,338.73 കോടി രൂപയുടെ 918 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 44,338.73 കോടി രൂപയുടെ 912 അടിസ്ഥാനസൗകര്യ വികസനപദ്ധതികളും 20,000 കോടി രൂപയുടെ 6 ഭൂമി ഏറ്റെടുക്കൽ പദ്ധതികളും ഉൾപ്പെടുന്നു.

(സി) പ്രവൃത്തികളുടെ ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുന്നതിന് കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഗുണനിലവാരവും സമയക്രമവും പരിശോധന നടത്തുന്നതിന് കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധന (ടെക്നിക്കൽ ഇൻസ്‌പെക്ഷൻ വിംഗ്) വിഭാഗമുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ഒബ്സർവേഷൻ മെമ്മോകളും എസ്.പി.വി.-ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധനാ സമിതി നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിനുമുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**കെയർ ഹോം പദ്ധതി**

28 (*358) ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. വി.അൻവർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തസമയത്ത് ജനങ്ങളെ സഹായിക്കുന്നതോടൊപ്പം പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കെയർ ഹോം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരുന്നത്. അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം 2092 ആയി ഉയർന്നു. ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽനിന്നാണ് ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത്. കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള സഹായവും ഉൾപ്പെടുന്നു. പദ്ധതി പ്രകാരം നൽകുന്ന തുകയ്ക്കുപുറമെ ഗുണഭോക്താക്കൾ, നിർമ്മാണ മേൽനോട്ടം വഹിക്കുന്ന സഹകരണ സംഘം, സഹകാരികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരിൽനിന്നുള്ള സംഭാവന, സന്നദ്ധസേവനം എന്നിവ വീട് നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബറിൽ ആരംഭിച്ചു. 2021 ഒക്ടോബർ 11 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. ശേഷിക്കുന്ന 3 വീടുകളുടെ നിർമ്മാണം ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. വൈകി ലഭിച്ച ഗുണഭോക്തൃ പട്ടിക, പ്രതികൂല കാലാവസ്ഥ ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാലാണ് ടി 3

വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിൽ രണ്ടാംഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നതിലൂടെ ലക്ഷ്യമിട്ട കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്നത് ലക്ഷ്യമിട്ടാണ് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ച് നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ച് നിലവിൽ 2092 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2,000 വീട് നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്. 2021 ഒക്ടോബർ 11 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 15 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. ശേഷിക്കുന്ന 3 വീടുകളുടെ നിർമ്മാണം ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതി ക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയ നിർമ്മാണം ഏറ്റെടുക്കുക എന്നതാണ് രണ്ടാംഘട്ടത്തിൽ കെയർ ഹോം പദ്ധതിയുടെ ലക്ഷ്യം. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിമന്റ് വില വർദ്ധനമൂലം നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി

29 (*359) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സിമന്റ് കമ്പനികൾ അന്യായമായി സിമന്റ് വില വർദ്ധിപ്പിച്ച് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സിമന്റ് വിപണിയുടെ 95 ശതമാനവും നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ സിമന്റ് ഉത്പാദകരാണ്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയും അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റോഡ്/റെയിൽ മാർഗ്ഗം എത്തിക്കേണ്ടിവരുന്നതും സിമന്റിന്റെ വില വർദ്ധനയ്ക്ക് കാരണമാകാറുണ്ട്. സംസ്ഥാനത്ത് നിർമ്മാണവസ്തുക്കളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉത്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉത്പാദന വിപണന ചെലവുകളിലുണ്ടായ വർദ്ധനവ് കണക്കിലെടുത്താണ് വില കൂട്ടിയതെന്ന് ഉത്പാദകർ പ്രസ്തുത യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡ് നിലവിലുള്ള കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തിവരുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾവഴി കൂടുതൽ സിമന്റ് ഉത്പാദിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) മലബാർ സിമന്റ്സിന്റെയും ട്രാവൻകൂർ സിമന്റ്സിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സംവിധാനം വിപുലമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമന്റ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റ്സിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മാസ്റ്റർ പ്ലാനിലുൾപ്പെടുത്തി സ്വീകരിച്ചുവരുന്നു.

## ഖാദി ഗ്രാമവ്യവസായ മേഖലയുടെ സമഗ്രവികസനം

30 (*360) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഖാദിയുടെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതികവിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഖാദിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകൽ, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദികമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദിമേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദിഗ്രാമം പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പി ക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി

അനുവദിച്ചുനൽകുന്നു. കൂടാതെ ഗ്രാമവ്യവസായ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും 3 ഓയിൽ യൂണിറ്റുകളും 2 കിടക്ക നിർമ്മാണ യൂണിറ്റുകളും 4 കൈക്കടലാസ് യൂണിറ്റുകളും ഒരു സോപ്പ് യൂണിറ്റും ഒരു നോട്ടുബുക്ക് യൂണിറ്റും ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 2020-21 കാലയളവിൽ 180 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. ഖാദി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന ഖാദിവസ്ത്രങ്ങൾക്ക് മാത്രമായി ഉത്സവകാല പ്രത്യേക റിബേറ്റ് എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഒരു താലൂക്കിൽ ഒന്ന് എന്നനിലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ആധുനിക സൗകര്യങ്ങളോടുകൂടിയ 75 പുതിയ ഖാദി ഷോറൂമുകൾ സംസ്ഥാനത്താകെ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. സ്റ്റിച്ചിംഗ്, ആൾട്ടറേഷൻ എന്നീ സൗകര്യങ്ങളും ലോൺട്രി സൗകര്യവും ആവശ്യത്തിന് പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ ആധുനിക നിലവാരത്തിലുള്ള ഷോറൂമുകളാണ് തുടങ്ങുന്നത്. തിരുവനന്തപുരത്ത് ആധുനിക ഷോറൂമിന്റെ ഫർണിഷിംഗ് നടന്നുവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാനപദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കു ന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു.

(ബി) ഈ മേഖലയുടെ സമഗ്രപുരോഗതിക്കായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ ഏറ്റെടുക്കുന്ന സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണത്തിനും ഖാദിസഹകരണ സംഘങ്ങൾക്കും/ സ്ഥാപനങ്ങൾക്കും ധനസഹായത്തിനും ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉത്പാദന

പ്രോത്സാഹനവും ഉത്സവബത്തയും വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും ഖാദിഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട ഖാദി ഗ്രാമവ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു.

(സി) ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സ്ത്രീകൾക്കും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കുമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ 'ഖാദി ഗ്രാമം പദ്ധതി' പ്രകാരം സ്ത്രീകൾക്കും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കും നൂൽപിലും നെയ്ത്തിലും ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് ഈ മേഖലയിൽ തൊഴിൽ നൽകുന്നു. കൂടാതെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള സ്ത്രീകൾക്ക് വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിലേയ്ക്കായി ചർക്കകളും തറികളും ആവശ്യമായ അസംസ്കൃത വസ്തുക്കളും വീട്ടിലെത്തിച്ച് തൊഴിൽ നൽകുന്നു.

(ഡി) പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ചെറുകിട ഖാദി ഗ്രാമവ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ച് നൽകുന്നു.

നിബന്ധനകൾ:

1. 2 ലക്ഷം രൂപ മുതൽമുടക്കുമ്പോൾ ഒരാൾക്ക് തൊഴിൽ.

2. പുതിയ യൂണിറ്റായിരിക്കണം.

വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ: നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ

1. ബോർഡ് പത്രപരസ്യം/പത്രക്കുറിപ്പ് നൽകി അപേക്ഷ ക്ഷണിക്കുന്നു.

2. താല്പര്യമുള്ളവരിൽനിന്നും നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ, പ്രോജക്ട് റിപ്പോർട്ട്, ക്വട്ടേഷൻ, ആധാറിന്റെ കോപ്പി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, ജാതി സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഇവ സഹിതം അപേക്ഷ വാങ്ങി സാധ്യതാ പഠനം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു.

3. സെലക്ഷൻ കമ്മിറ്റി അപേക്ഷകനുമായി അഭിമുഖം നടത്തി അംഗീ കരിക്കുന്ന അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്ക്/അപേക്ഷകൻ ആവശ്യപ്പെടുന്ന ബാങ്കിലേയ്ക്ക് അയയ്ക്കുന്നു.

4. ബാങ്ക് ലോൺ പാസ്സാക്കി ഒന്നാമത്തെ ഗഡു നൽകി ജില്ലാ ഓഫീസറെ അറിയിക്കുന്നു.

5. ജില്ലാ ഓഫീസിൽനിന്നും വിനിയോഗം പരിശോധിച്ച് അർഹമായ സബ്സിഡി അനുവദിച്ച് രണ്ട് വർഷത്തേയ്ക്ക് ലോൺ നൽകിയ ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുന്നു.

6. യൂണിറ്റ് ആരംഭിച്ച് രണ്ടുവർഷം കഴിഞ്ഞ് ജില്ലാ ഓഫീസർ യൂണിറ്റ് ഇൻസ്പെക്ഷൻ നടത്തി മാർജിൻ മണി (സബ്സിഡി) ബാങ്ക് വായ്പയിലേയ്ക്ക് വകയി രുത്തുന്നതിനുള്ള അനുമതി ബാങ്കിന് നൽകുന്നു.

7. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ നിബന്ധനകൾ ലഘൂകരിക്കു ന്നതിന്റെ ഭാഗമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതി തൽക്കാലത്തേയ്ക്ക് മരവിപ്പിക്കുന്നു. പകരം ബോർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മെരിറ്റ് പരിശോധിച്ച് അപേക്ഷ ബാങ്കിന് നൽകേണ്ടതാണ്. മെരിറ്റ് കണക്കാക്കുമ്പോൾ റൂറൽ ഏരിയയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ധനകാര്യ വകുപ്പിൽനിന്നുള്ള പ്രസിദ്ധീകരണങ്ങൾ

1(4111) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പും വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരള സർവ്വീസ് ചട്ടങ്ങൾ (വാല്യം ഒന്ന്)
2. കേരള സർവ്വീസ് ചട്ടങ്ങൾ (വാല്യം രണ്ട്)
3. കേരള ധനകാര്യ കോഡ് (വാല്യം ഒന്ന്)
4. കേരള ധനകാര്യ കോഡ് (വാല്യം രണ്ട്)
5. കേരള ട്രഷറി കോഡ് (വാല്യം ഒന്ന്)
6. കേരള ട്രഷറി കോഡ് (വാല്യം രണ്ട്)
7. കേരള ബഡ്ജറ്റ് മാനുവൽ
8. കേരള അക്കൗണ്ട് കോഡ് (വാല്യം ഒന്ന്)
9. കേരള അക്കൗണ്ട് കോഡ് (വാല്യം രണ്ട്)
10. കേരള അക്കൗണ്ട് കോഡ് (വാല്യം മൂന്ന്)
11. കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ്
12. ബുക്ക് ഓഫ് ഫോംസ്

നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ട്. ധനകാര്യ വകുപ്പിനുകീഴിലെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) അതിന്റെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ പുരോഗതിയും സംബന്ധിക്കുന്ന വിവരങ്ങൾ ജനങ്ങളിലേയ്ക്കും ജനപ്രതിനിധികളിലേയ്ക്കും എത്തിക്കുന്നതിന്റെ ഭാഗമായി ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ 2019-ലും 2020-ലും വകുപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുന്ന കോഫീടേബിൾ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കും നോട്ടീസുകൾക്കും പത്ര പരസ്യങ്ങൾക്കും ക്ഷണക്കത്ത്, ആശംസാകാർഡ് എന്നിവയ്ക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്ര വീതമാണ്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സിൽനിന്നാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. വിവിധ ട്രഷറികൾക്കായി നിർമ്മിച്ച 12 പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നോട്ടീസ് അച്ചടിക്കുന്നതിന് 11,490 രൂപ ട്രഷറി വകുപ്പിന് ചെലവായിട്ടുണ്ട്. ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾക്കായി സർക്കാർ ഖജനാവിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ധനകാര്യ വകുപ്പിനുകീഴിലെ ദേശീയസമ്പാദ്യ വകുപ്പിൽ പത്രപരസ്യങ്ങൾക്കായി ചുവടെ ചേർത്തിരിക്കുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1 | 2020-21 | 3,56,626 രൂപ |
| 2 | 2019-20 | 5,50,478 രൂപ |
| 3 | 2018-19 | 3,03,094 രൂപ |
| 4 | 2017-18 | 10,55,736 രൂപ |
| 5 | 2016-17 | 3,44,630 രൂപ |
| | ആകെ | 26,10,564 രൂപ |

(സി) പ്രസ്തുത കാലയളവിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റ് പ്രചരണ പരിപാടികൾക്കുമായി ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയാണ്; ഇനംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിൽ ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബി 70,40,24,809.73 രൂപ പരസ്യ പ്രചരണത്തിനായി ചെലവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ മറ്റ് പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തൊട്ടാകെ മലയാള ഭാഷാ വാരാചരണവുമായി ബന്ധപ്പെട്ട് 4,09,039 രൂപയും മറ്റ് പൊതുപരിപാടികൾക്കായി 1,02,714 രൂപയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ട്രഷറി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് നിലവിൽ 64338.73 കോടി രൂപയുടെ 918 കിഫ്ബി പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയൊരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിക്ക് ആശ്രയിക്കേണ്ടിവരുന്നുണ്ട്. മികച്ച പലിശ നിരക്കിൽ വലിയ വായ്പകൾ ഉറപ്പു വരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവച്ച് പൊതുജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവ്വമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേയ്ക്കും കൂടുതൽ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായുമുള്ള കർമ്മപദ്ധതികൾ കിഫ്ബിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്കായി നാളിതുവരെ 14.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**പൊതുമേഖലയിലെ ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ**

2(4112) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി. രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായാണ് ഇവയിൽ ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ബാങ്കിംഗ് ഇതര ധനകാര്യ ഇടപാടുകൾ നടത്തുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി. രജിസ്ട്രേഷൻ ഇല്ലാതെയാണ് ഇവയിൽ ചിലത് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ എൻ.ബി. എഫ്.സി. രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി നൽകിയിരിക്കുന്നു.*

## ജനപ്രതിനിധികളിൽനിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകുന്നതിന് നടപടി

3(4113) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് ജനപ്രതിനിധി കളിൽനിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഓണറേറിയം തിരികെ നൽകുന്നതു സംബ ന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുക പഞ്ചായത്തുകളുടെ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കി ജനപ്രതിനിധികൾക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് 19-ന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് ജനപ്രതി നിധികളിൽ നിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകുന്നതിന് ധനകാര്യ വകുപ്പ് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. കോവിഡ് 19-ന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളിൽനിന്നും ഈടാക്കിയ ഓണറേറിയം തിരികെ നൽകാവുന്നതല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്.

## കേന്ദ്രസർക്കാരിന്റെ ധനസഹായം

4(4114) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-2021 സാമ്പത്തികവർഷം വരെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിന്റെ ധനസഹായമായി എത്ര രൂപ ലഭ്യമായെന്ന് വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| (തുക കോടിയിൽ) | |
|---|---|
| സാമ്പത്തികവർഷം | കേന്ദ്രസർക്കാരിന്റെ ധനസഹായമായി ലഭിച്ച തുക |
| 2016-17 | 8510.35 |
| 2017-18 | 8527.84 |
| 2018-19 | 11388.96 |
| 2019-20 | 11235.26 |
| 2020-21 | 31068.28 |

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് ഈ തുക ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായധനം, ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സഹായധനം, മറ്റ് സഹായധനം (ദേശീയ ദുരന്തനിവാരണ ഫണ്ട്, കേന്ദ്ര റോഡ് ഫണ്ട്, ട്രൈബൽ ഏരിയാ സബ്പ്ലാൻ, ജി.എസ്.ടി. കോമ്പൻസേഷനായി ലഭിക്കുന്ന തുക, പ്രത്യേക സഹായം) എന്നിങ്ങനെയാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| (തുക കോടിയിൽ) | | | | | |
|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായധനം | 3259.98 | 3409.08 | 3953.79 | 3317.21 | 5141.92 |
| ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സഹായധനം | 4954.78 | 3182.04 | 1646.22 | 2343.01 | 18048.80 |
| മറ്റ് സഹായധനം | 295.59 | 1936.72 | 5788.95 | 5575.04 | 7877.56 |
| ആകെ | 8510.35 | 8527.84 | 11388.96 | 11235.26 | 31068.28 |

(സി) ലഭ്യമായ തുക മുഴുവൻ ഉപയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ?

സാമ്പത്തിക വർഷത്തിന്റെ പകുതിക്കുശേഷം കേന്ദ്രസർക്കാർ റിലീസ് ചെയ്യുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായധനം അതത് സാമ്പത്തിക വർഷം പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതെവരുന്നു. ഇതിന്റെ ബാക്കി തുക തൊട്ടടുത്ത സാമ്പത്തികവർഷം കേന്ദ്രസർക്കാരിന്റെ അനുമതിയോടെ വിനി യോഗിക്കാറുണ്ട്. കൂടാതെ ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ലഭ്യമാകുന്ന ദുരന്തനിവാരണ ഫണ്ടിലേയ്ക്കുള്ള ധനസഹായം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കുള്ള വിവിധ ധനസഹായങ്ങൾ എന്നിവയും അതത് സാമ്പത്തിക വർഷങ്ങളിൽ വിനിയോഗിക്കുകയും ബാക്കിവരുന്ന തുക തൊട്ടടുത്ത വർഷം വിനിയോഗി ക്കുന്നതിനുള്ള അനുമതി നൽകിയും വരുന്നു.

## കൊടുവള്ളി മണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തിയ പദ്ധതികൾ

5(4115) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രവീതമാ ണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ കടമെടുക്കുന്ന തുകയുടെ വിനിയോഗം

6(4116) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പദ്ധതികൾ നടപ്പാക്കാനെന്ന പേരിൽ റിസർവ് ബാങ്കുവഴി കടം വാങ്ങുന്ന തുക ദൈനംദിന ആവശ്യങ്ങൾക്കും മുമ്പ് കടം വാങ്ങിയ തുക മടക്കി നൽകുന്നതിനും മറ്റും ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺപ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂകമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകു.

(ബി) ആയതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ആധികാരിക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) കിഫ്ബിവഴി കടമെടുക്കുന്ന തുക മടക്കി നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നിലവിൽ വിവിധ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളായും കടപ്പത്രങ്ങളിലൂടെയും 11,990.04 കോടി രൂപ കിഫ്ബി കടമായി സമാഹരിച്ചിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും 10-15 വർഷം വരെയുള്ള ദീർഘകാല വായ്പകളാണ്. ഭേദഗതി ആക്ട് 2016 പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽനിന്നുള്ള ഒരു വിഹിതവും (നിലവിൽ - 50%), പെട്രോൾ/ഡീസൽ സെസ്സിൽനിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) സർക്കാർ കൃത്യമായി കിഫ്ബിക്ക് കൈമാറുന്നുണ്ട്. ഇപ്രകാരം മോട്ടോർ വാഹന നികുതിയിൽനിന്നുള്ള വിഹിതവും പെട്രോൾ/ഡീസൽ സെസ്സിൽനിന്നുള്ള വിഹിതവുമാണ് കിഫ്ബിക്ക് നൽകിവരുന്നത്. 2021 സെപ്റ്റംബർ വരെ 9201 കോടി രൂപ ഈ ഇനത്തിൽ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്. വായ്പകളുടെ കാലാകാലങ്ങളിലുള്ള തിരിച്ചടവിന് ഇങ്ങനെ ലഭിക്കുന്ന തുക പര്യാപ്തമാണ്. കൂടാതെ കിഫ്ബി പുന:സംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ധനസമാഹരണ പ്രവർത്തനങ്ങളുടെ ഭാഗമായി സീഡ് ക്യാപ്പിറ്റൽ എന്ന നിലയിൽ 2498.4 കോടി രൂപ സർക്കാർ നൽകിയിരുന്നു.

(ഡി) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലങ്ങളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ വെട്ടിക്കുറച്ചാണോ സർക്കാർ ചെലവുകൾ നിയന്ത്രിക്കുന്നതെന്ന് വിശദമാക്കാമോ?

അല്ല. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂന്നിനിന്നുകൊണ്ടും വിവിധ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

7(4117) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിലുൾപ്പെടുത്തി കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് ഇനിയും ഭരണാനുമതി ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ?

കിഫ്ബിയിലുൾപ്പെടുത്തി കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ ധനാനുമതിക്കായി കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രവർത്തനാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളേതെല്ലാമെന്നും ആയതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കാനുള്ള പദ്ധതികളുടെ നിലവിലെ വിവരം അനുബന്ധമായി ചേർക്കുന്നു.* സ്ഥലമേറ്റെടുപ്പ്, നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ ലഭ്യമാക്കൽ എന്നിവകാരണം ചില പ്രവൃത്തികൾ ആരംഭിക്കുന്നതിൽ താമസം നേരിടുന്നുണ്ടെന്ന് നിർദ്ദിഷ്ട എസ്.പി.വി.-കളിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) കിഫ്ബിയിലുൾപ്പെടുത്തി ഇനിയും ഏതെങ്കിലും പദ്ധതികൾ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചതും കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയ പദ്ധതികളും നടപ്പിലാക്കാനാണ് പ്രഥമ പരിഗണന. ഇതുവരെ അംഗീകരിച്ച പദ്ധതികൾക്കുപരിയായി പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരുവ ഗവൺമെന്റ് സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

8(4118) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നൽകിയിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

പെരുവ ഗവൺമെന്റ് സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എസ്.പി.വി. ആയ കൈറ്റ് 2020 ഒക്ടോബറിൽ കിഫ്ബിയിൽ സമർപ്പിച്ച 6.20 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് 7,50,49,659.94 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് വീണ്ടും സമർപ്പിക്കുകയും ആയത് പരിശോധനയിലുമാണ്. എന്നിരുന്നാലും കിഫ്ബിയുടെ സാമ്പത്തികാനുമതി 5 കോടി രൂപയിൽ നിജപ്പെടുത്തി മാത്രമേ നൽകാൻ സാധിക്കു. ബാക്കി തുക എം.എൽ.എ. ഫണ്ട്/പി.ടി.എ. ഫണ്ട് എന്നീ സ്രോതസ്സുകളിൽനിന്നും ലഭ്യമാക്കുവാൻ ഭരണവകുപ്പും എസ്.പി.വി.-യും ശ്രമിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്കായി സമർപ്പിച്ച ഫയലിൽ (ഫയൽ നമ്പർ എസ്.എ. 2/3368) ഇതുവരെ സ്വീകരിച്ചുവന്ന നടപടികൾ വിശദീകരിക്കാമോ?

റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണാനുമതിക്കായി കൈറ്റ് സർക്കാരിനു മുമ്പാകെ സമർപ്പിച്ച ഫയൽ (ഫയൽ നമ്പർ എസ്.എ. 2/3368) പരിഗണനയിലാണ്. സമാന്തരമായി കിഫ്ബിയിൽ കൈറ്റ് സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൈറ്റ് 7,50,49,659.94 രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ജില്ലാകളക്ടറുടെ നടപടിക്രമത്തിന്റെ പകർപ്പ് എസ്.പി.വി. ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം പ്രവൃത്തി

9(4119) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചൂളക്കടവ് പാലം പ്രവൃത്തിക്ക് അലൈൻമെന്റ് പുതുക്കിയതിന്റെ ഭാഗമായി വന്ന അധിക തുകയ്ക്ക് ധനാനുമതി നൽകുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(ബി) പുതുക്കിയ എസ്റ്റിമേറ്റ് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി പദ്ധതിയായ പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകുന്നതിനായി പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ച റിവിഷൻ എസ്റ്റിമേറ്റിൽ പാലത്തിന്റെ നീളം, Horizontal clearance എന്നീ കാര്യങ്ങളിൽ വ്യക്തത തേടി എസ്.പി.വി.-ക്കുതന്നെ മടക്കി നൽകിയിട്ടുണ്ട്.

(സി) ചൂളക്കടവ് പാലം പ്രവൃത്തിയുടെ പുതുക്കിയ ധനാനുമതി വേഗത്തിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചൂളക്കടവ് പാലം പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകുന്നത് സംബന്ധിച്ച് കിഫ്ബി നൽകിയിട്ടുള്ള ഫയലിൽ എസ്.പി.വി. സ്പഷ്ടീകരണം ലഭ്യമാക്കുന്നമുറയ്ക്ക് പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

10 (4120) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാങ്കേതികപരമായി തൃപ്തികരമല്ലാത്തതിനാൽ സർവ്വേ ഉൾപ്പെടെയുള്ള പരിശോധനകൾ വീണ്ടും നടത്തി കിഫ്ബിയുടെ സഹായത്താൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) കിഫ്ബിയുടെ അനുമതി ലഭ്യമാക്കി പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

പദ്ധതി റിപ്പോർട്ട് തയ്യാറാകുന്നമുറയ്ക്ക് കിഫ്ബിയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കിഫ്ബി പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി

11(4121) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും എന്നാൽ മുടങ്ങിക്കിടക്കുന്നതുമായ കുടിവെള്ള പദ്ധതികൾക്ക് അടുത്ത കിഫ്ബി യോഗത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

24-2-2018-ലെ സ.ഉ. (കൈ) നമ്പർ 69/2018/ധന. ഉത്തരവനുസരിച്ചുള്ള കിഫ്ബി നിയമാവലി പ്രകാരം കിഫ്ബി പദ്ധതിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതോ ക്യാബിനറ്റ് അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കുന്നത്. ടി പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് പദ്ധതി നടത്തിപ്പിനായി പദ്ധതി നിർവ്വഹണ ഏജൻസിയെ നിയോഗിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുകയും തുടർന്ന് ടി ഏജൻസി സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടിന്മേൽ കിഫ്ബി അവലോകനം നടത്തി സാമ്പത്തികാനുമതി നൽകിവരികയും ചെയ്യുന്നു. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) മുടങ്ങിക്കിടക്കുന്ന ഏതെല്ലാം കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി

12(4122) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ച പദ്ധതികളിൽ 2016 മുതൽ നാളിതുവരെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

2017-18 സാമ്പത്തികവർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ജില്ലാ ഭരണകൂടത്തിൽനിന്നും ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2017-2018 സാമ്പത്തികവർഷം മുതൽ ആസ്തിവികസന ഫണ്ടുപയോഗിച്ച് ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിൽ ബാക്കിനിൽക്കുന്ന ടെണ്ടർ സേവിംഗ്സ് തുക ഇനി പറയുന്നവയാണ്.

| | |
|---|---|
| 2017-18 | Rs. 76,73,318 |
| 2018-19 | Rs. 68,91,355 |
| 2019-20 | Rs. 24,93,346 |
| 2020-21 | Rs. 15,56,908 |

എന്നാൽ ഇത് അതാത് സാമ്പത്തികവർഷത്തിലെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ പേമെന്റിനുശേഷമുള്ള ടെണ്ടർ സേവിംഗ്സ് തുകയല്ല. Agreed PAC അടിസ്ഥാനമാക്കിയുള്ളതാണ്. ആയതിനാൽ ഇത് ഫൈനൽ ടെണ്ടർ സേവിംഗ്സ് തുകയായി കണക്കാക്കാനാവില്ല. മുഴുവൻ പ്രവൃത്തികളും പൂർത്തിയാകുന്നമുറയ്ക്ക് ടെണ്ടർ സേവിംഗ്സ് തുകയിൽ മാറ്റം വന്നേയ്ക്കാം.

(ബി) എം.എൽ.എ.-മാർക്ക് അനുവദിച്ച വിവിധതരം ഫണ്ടുകളുപയോഗിച്ച് പ്രസ്തുത നിയോജകമണ്ഡലത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളും ക്രമീകരണങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കാലാകാലങ്ങളിൽ സർക്കാർ തലത്തിലിറക്കുന്ന ഉത്തരവുകളെല്ലാംതന്നെ എം.എൽ.എ.-മാർക്ക് അനുവദിച്ച വിവിധതരം ഫണ്ടുകളുപയോഗിച്ച് പ്രസ്തുത നിയോജകമണ്ഡലത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബാധകമാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വിവിധയിനം പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും അവലോകന യോഗങ്ങൾ ചേരുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഓരോ വർഷവും അനുവദിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ആവശ്യമായ ഡെലിഗേഷൻ ജില്ലാ കളക്ടർമാർ തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസികൾ**

13(4123) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് പദ്ധതികൾ, പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ തുടങ്ങിയ സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിട്ടുള്ള ഏജൻസികൾ, പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വന്നാൽ അവയ്ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് പദ്ധതികൾ, പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ തുടങ്ങി സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിട്ടുള്ള ഏജൻസികൾ, പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വന്നാൽ ടി ഏജൻസികൾക്കെതിരെ നടപടി സ്വീകരിച്ച് തുടർന്ന് അക്രെഡിറ്റേഷൻ നൽകുന്നതിൽനിന്നും ഒഴിവാക്കുകയാണ് ചെയ്യുന്നത്.

(ബി) മുൻസർക്കാരിന്റെ കാലത്ത് അത്തരത്തിൽ നടപടി സ്വീകരിച്ച് അംഗീകാരം റദ്ദുചെയ്ത ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവയെ റദ്ദ് ചെയ്തുകൊണ്ട് നാളിതുവരെ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

## മണലൂർ നിയോജകമണ്ഡലത്തിലെ എസ്.ഡി.എഫ്. പദ്ധതികൾ

14(4124) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മണലൂർ നിയോജക മണ്ഡലത്തിൽ എസ്.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മണലൂർ നിയോജക മണ്ഡലത്തിൽ എസ്.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളിൽ ഭൂരിഭാഗവും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചി ട്ടില്ലാത്ത പ്രവൃത്തികളും ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച ഏതാനും പ്രവൃത്തികളുംകൂടി ഇനിയും പൂർത്തിയാകാനുണ്ട്.

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണെന്നും അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ രേഖകൾ അടിയന്തരമായി സമർപ്പിക്കുവാനും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക

15(4125) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഓരോന്നിലും എത്രയെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിഷേധിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ

16(4126) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ പൊതുകടവും കടബാദ്ധ്യതയും ചൂണ്ടിക്കാട്ടി ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിന്റെ പൊതുകടവും കടബാദ്ധ്യതയും ചൂണ്ടിക്കാട്ടി കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുംതന്നെ നിഷേധിക്കപ്പെട്ടിട്ടില്ല.

## കാസർഗോഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾ

17(4127) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച കെട്ടിടങ്ങളുടെ പട്ടികയും പൂർത്തീകരിക്കാൻ ബാക്കിയുള്ള കെട്ടിടത്തിന്റെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൂർത്തീകരിച്ച കെട്ടിടങ്ങളുടെ കരാറുകാർ ആരൊക്കെയാണെന്നും അവർക്ക് ബില്ലുകൾ നൽകിയോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ബില്ലുകൾ നൽകാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

പൂർത്തീകരിച്ച കെട്ടിടങ്ങളുടെ കരാറുകാരെ സംബന്ധിക്കുന്ന വിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.* കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നബാർഡ് ധനസഹായത്തോടെയുള്ള പ്രവൃത്തി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൾക്ക് ആർ.ഐ.ഡി.എഫ്. XVII, XVIII എന്നീ ട്രാഞ്ചെകളിലാണ് അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കുന്നതിന് നബാർഡ് അനുവദിച്ചിട്ടുള്ള സമയപരിധി യഥാക്രമം 31-3-2018-നും 30-6-2020-നും അവസാനിച്ചെങ്കിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട അധികാരികൾ വരുത്തിയ വീഴ്ച കാരണമാണ് ബില്ലുകൾ വൈകാൻ കാരണം.

(ഡി) കരാറുകാർക്ക് പണം നൽകാത്തതുകൊണ്ടാണോ കെട്ടിടങ്ങൾ പണിപൂർത്തീകരിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഓരോ കെട്ടിടത്തിനും എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾക്ക് പൂർത്തീകരിച്ച പ്രവൃത്തിയുടെ പാർട്ട് ബില്ലുകൾ ധനകാര്യ (നോഡൽ-എ) വകുപ്പിന്റെ മേലൊപ്പോടെ നബാർഡിന് ലഭ്യമാകുമ്പോൾ റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് ഫണ്ട് അനുവദിക്കുന്നത്. ബന്ധപ്പെട്ട അധികാരികൾ ബിൽ ലഭ്യമാക്കുന്നതിൽ വരുത്തിയ വീഴ്ചയാണ് കരാറുകാർക്ക് പണം നൽകാൻ കഴിയാത്തതിനുള്ള കാരണം. കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രി ഐ.പി. ബ്ലോക്ക് കെട്ടിടത്തിന്റെ 7 & 8 പാർട്ട് ബിൽ ഇനത്തിൽ 1,48,07,203 രൂപ അലോട്ട്മെന്റ് ലഭിക്കാനുണ്ടെന്ന് നിർവ്വഹണ അധികാരിയായ എൻഡോസൾഫാൻ സെൽ ഡെപ്യൂട്ടി കളക്ടർ, കാസർഗോഡ് അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബില്ലുകൾ നാളിതുവരെ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.

## സ്പാർക്കിൽ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി

18(4128) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് മുഖേന നൽകുന്ന സേവനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

കേരള സർക്കാർ ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ കൈകാര്യം ചെയ്യുന്ന എച്ച്.ആർ. സോഫ്റ്റ്വെയർ ആണ് സ്പാർക്ക്. ഇതുസംബന്ധമായ സേവനങ്ങളാണ് സ്പാർക്ക് ഓഫീസുവഴി നൽകിവരുന്നത്.

(ബി) സ്പാർക്ക് പി.എം.യു.-വിൽ എത്ര ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നുണ്ടെന്നും ഇവരെ നിയമിച്ചതിന്റെ മാനദണ്ഡം എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഈ സ്ഥാപനത്തിൽ മൊത്തം 69 ജീവനക്കാരുണ്ട്. അതിൽ

| | |
|---|---|
| സ്ഥിര ജീവനക്കാർ | 15 |
| താൽക്കാലിക ജീവനക്കാർ | 54 |
| മാസ്റ്റർ ട്രെയിനേഴ്സ് | 43 (7 പേർ - കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ ട്രഷറികളിലും 3 പേർ - കണ്ണൂർ സ്പാർക്കിന്റെ റീജിയണൽ ഓഫീസിലും) |
| പ്രോഗ്രാമേഴ്സ് | 5 (NIC യിൽ) |
| സിസ്റ്റം അഡ്മിൻ | 2 |
| സെക്യൂരിറ്റി | 3 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| സ്ഥിരം ചീഫ് പ്രോജക്ട് മാനേജർ | 1 |
| മാനേജർ & ഡൊമെയിൻ എക്സ്പെർട്ട് | 1 |
| സെക്ഷൻ ഓഫീസർ | 1 (കണ്ണൂർ റീജീയണൽ ഓഫീസ്) |
| അസിസ്റ്റന്റ് | 4 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 5 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |

സ്പാർക്കിലെ സ്ഥിരം ജീവനക്കാർ ധനകാര്യ വകുപ്പിൽനിന്ന് നിയമിച്ചിട്ടുള്ളവരാണ്. താൽക്കാലിക ജീവനക്കാരിൽ 27 പേർ 4-4-2016-ലെ G.O. (Ms) 154/2016/ധന. പ്രകാരം സ്പാർക്ക് വകുപ്പ് ഐ.ടി. മിഷനിൽനിന്ന് ധനകാര്യ വകുപ്പ് ഏറ്റെടുക്കുമ്പോഴുള്ളവരും ബാക്കിയുള്ള ജീവനക്കാരെ എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) സ്പാർക്ക് പി.എം.യു.-വിൽ എത്ര പരാതികൾ പരിഹരിക്കാനായി നിലവിലുണ്ടെന്നും പ്രസ്തുത പരാതികൾ എത്രകാലം മുതൽക്കുള്ളതാണെന്നും വിശദവിവരം ലഭ്യമാക്കുമോ?

28-8-2021 മുതൽ 22-10-2021 (3 PM) വരെയുള്ള 8250 മെയിലുകളും 10-8-2021 മുതൽ 18-10-2021 വരെയുള്ള 384 തപാലുകളും നിലവിലുണ്ട്. തപാലുകളുടെയും മെയിലുകളുടെയും ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്പാർക്കിന് നൽകുന്ന പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടുന്നതുകാരണം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണവും യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള കാലതാമസമുണ്ടായിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്പാർക്കിൽ എം.എൽ.എ.-മാർ മുഖേന നൽകുന്ന പരാതികൾപോലും പരിഹരിക്കാത്തതും എം.എൽ.എ.-മാർക്ക് മറുപടി നൽകാത്തതുമായ വിഷയം പരിശോധിക്കുമോ?

എം.എൽ.എ.-മാർ മുഖേന രേഖാമൂലം നേരിട്ട് സ്പാർക്കിൽ നൽകുന്ന പരാതികൾ ഫയലാക്കി നടപടികൾ സ്വീകരിക്കുകയും കത്തുമുഖേന തിരികെ മറുപടി നൽകുകയും ചെയ്യുന്നുണ്ട്.

(എഫ്) സ്പാർക്ക് പി.എം.യു.-വിൽ അന്വേഷണങ്ങൾക്കായും ഉദ്യോഗസ്ഥരെ ബന്ധപ്പെടുന്നതിനുമായി നൽകിയ 2579700 എന്ന ഫോൺ നമ്പറിൽ വിളിച്ചാൽ സ്പാർക്കിലെ ഉദ്യോഗസ്ഥരെ ബന്ധപ്പെടാൻ സാധിക്കാറില്ല എന്നതും ചീഫ് പ്രോജക്ട് മാനേജർ അടക്കമുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പറുകൾ വെബ്സൈറ്റിൽ പോലും നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്കും പരാതിക്കാർക്കും സ്പാർക്ക് ഓഫീസുമായി ഫോണിൽ ബന്ധപ്പെടുന്നതിനും സ്പാർക്കിൽ നൽകുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ആവശ്യമായ ക്രമീകരണം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എഫ്&ജി) ശമ്പള പരിഷ്കരണ ഉത്തരവുകൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് ഓഫീസിലേയ്ക്ക് ലഭിക്കുന്ന ഫോൺ കോളുകളുടെ എണ്ണം കൂടുതലായ തിനാൽ കോളുകൾ സ്വീകരിക്കുന്നതിനായി ധനകാര്യ വകുപ്പിൽനിന്ന് അധിക ജീവനക്കാരെ സ്പാർക്ക് (പി.എം.യു.) വകുപ്പിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ സൈറ്റിലും സ്പാർക്ക് വകുപ്പിന്റെ ഔദ്യോഗിക സൈറ്റിലും ചീഫ് പ്രോജക്ട് മാനേജർ, മാനേജർ & ഡൊമെയിൻ എക്സ്പെർട്ട് എന്നിവരുടെ നമ്പർ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

**ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണത്തിന് നിയോഗിക്കൽ**

19(4129) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സഹകരണസംഘത്തിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമവിരുദ്ധമായി പ്രൊമോഷൻ കൊടുക്കുന്നതിന് നേതൃത്വം നൽകിയ ചില ഉദ്യോഗസ്ഥരെയാണ് കരുവണ്ണൂർ സഹകരണസംഘം തട്ടിപ്പ് സംബന്ധിച്ച പരിശോധനയ്ക്കായി നിയമിച്ചി ട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസോ വകുപ്പുതല അന്വേഷണമോ നടക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം**

20(4130) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക എത്ര ഗഡുക്കളായി ഏതൊക്കെ മാസങ്ങളിൽ നൽകുമെന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര ഗഡുക്കൾ നൽകിയെന്ന് അറിയിക്കുമോ?

23-2-2021-ലെ സ.ഉ.(അ)നം.35/2021/ധന. പ്രകാരം സംസ്ഥാനത്തെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക നാല് ഗഡുക്കളായി 2021 ഏപ്രിൽ, മേയ്, ആഗസ്റ്റ്, നവംബർ മാസങ്ങളിൽ നൽകുമെന്നാണ് ഉത്തരവ് ഇറക്കിയിട്ടുള്ളത്. 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ ഗഡുക്കൾ നാളിതുവരെ നൽകിയിട്ടുണ്ട്.

(ബി) 2021 ആഗസ്റ്റ് മാസത്തെ കുടിശ്ശിക ഇവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2021 ആഗസ്റ്റ് മാസത്തെ കുടിശ്ശിക ഇവർക്ക് നൽകിയിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. അതേ സമയം, കോവിഡ് ദുരിതമനുഭവിക്കുന്ന നിലവിലെ ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ മുതലായവ), ആരോഗ്യ രംഗത്ത് സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ, ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം രൂപ വരുന്ന പെൻഷൻ പരിഷ്കരണ/പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ പെൻഡിംഗുള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ**

21(4131) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡമെന്താണ്; ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും ധനകാര്യ വകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടില്ല. കാലാകാലങ്ങളിൽ പൊതുഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഭരണ സൗകര്യം മുൻ നിർത്തിയാണ് ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തിവരുന്നത്.

(ബി) സ്ഥലംമാറ്റപ്പെട്ടതിലൂടെ തുടർച്ചയായി 5 വർഷത്തിലധികമായി ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് പേരും തസ്തികയും സഹിതം കണക്കുകൾ ലഭ്യമാക്കുമോ?

സ്ഥലംമാറ്റപ്പെട്ടതിലൂടെ തുടർച്ചായി 5 വർഷത്തിലധികമായി ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ജോലി ചെയ്യുന്ന 118 ഉദ്യോഗസ്ഥരുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് മൂന്ന് വഷത്തിലധികമായി ജോലി ചെയ്യുന്ന എത്ര വനിതാ ജീവനക്കാരുണ്ട്; തസ്തിക സഹിതം വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് മൂന്ന് വർഷത്തിലധികമായി ജോലി ചെയ്യുന്ന 72 വനിതാ ജീവനക്കാരുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ആരോഗ്യ പ്രശ്നങ്ങളുള്ള എത്ര ജീവനക്കാരെ ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്തുള്ള മറ്റ് ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്; തസ്തിക സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ?

ധനകാര്യ വകുപ്പിലെ ഒരു സെക്ഷൻ ഓഫീസറെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽപ്പെട്ട ഒരു ജീവനക്കാരനെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽപ്പെട്ട ഒരു ജീവനക്കാരനെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽപ്പെട്ട രണ്ട് ജീവനക്കാരെയും ടി ജീവനക്കാരുടെ അപേക്ഷ പ്രകാരം ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്തുള്ള ഓഫീസിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പരാതികളിൽ അനുഭാവപൂർവ്വം അർഹമായ പരിഗണന നൽകി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പിൽ സ്ഥലംമാറ്റം സംബന്ധിച്ച് കാലാകാലങ്ങളിൽ ലഭിച്ച പരാതികളിൽ ഭരണപരമായ സൗകര്യം മുൻനിർത്തി തീരുമാനങ്ങളെടുത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശിക നൽകുവാൻ നടപടി**

22(4132) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ 8-2-2021-ലെ ജി.ഒ.(പി) നമ്പർ 25/2021/ഫിൻ. ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അനുവദിച്ച നാല് ഗഡു ക്ഷാമബത്തയിൽ 2021 സെപ്റ്റംബർ മാസം ലഭിക്കേണ്ട മൂന്നാം ഗഡു ക്ഷാമബത്ത കുടിശ്ശിക ഇതുവരെ പെൻഷൻകാർക്ക് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷാമബത്ത കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8-2-2021-ലെ ജി.ഒ (പി) നമ്പർ 25/2021/ഫിൻ. ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അനുവദിച്ച നാല് ഗഡു ക്ഷേമാശ്വാസ കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ വിതരണം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടിവന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ/ പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ നിലവിൽ പെന്റിംഗുള്ള ഈ ഇനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

**സമാന സ്കെയിലിലെ വ്യത്യസ്ത തസ്തികകളിൽ എട്ട് വർഷം പൂർത്തിയാക്കിയവർക്ക് ഹയർ ഗ്രേഡ്**

23(4133) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ സ്കെയിലിലെ രണ്ട് വ്യത്യസ്ത തസ്തികകളിലുംകൂടി എട്ട് വർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് ധനകാര്യ വകുപ്പിന്റെ 8-8-2008-ലെ 46/2008/ ഫിൻ. നമ്പർ സർക്കുലർ പ്രകാരം ഹയർ ഗ്രേഡ് അനുവദിച്ചിരുന്നോ; പ്രസ്തുത സർക്കുലറിന്റെ പകർപ്പ് നൽകാമോ?

സമാന ശമ്പള സ്കെയിലുള്ള വ്യത്യസ്ത തസ്തികകളിലെ സേവനം 15-9-1985 വരെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള യോഗ്യസേവന കാലയളവായി പരിഗണിച്ചിരുന്നു. എന്നാൽ 16-09-1985 മുതൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് പ്രവേശന തസ്തികയെ അടിസ്ഥാനമാക്കി മാത്രമാണ്. ഇക്കാര്യങ്ങൾ 8-8-2008-ലെ നം. 46/2008/ഫിൻ. സർക്കുലർ നിർദ്ദേശത്തിലെ ഖണ്ഡിക 7-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ഇപ്പോഴും പാലിക്കുന്നുണ്ടോ?

കാലാകാലങ്ങളിലെ ശമ്പളപരിഷ്കരണ ഉത്തരവുകളിലും അതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മറ്റ് ഉത്തരവുകളിലും സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. 8-8-2008-ലെ നമ്പർ 46/2008/ഫിൻ. സർക്കുലർ നിർദ്ദേശങ്ങളെത്തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ടി ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ടി സർക്കുലർ നിർദ്ദേശങ്ങൾക്ക് ഇപ്പോഴും പ്രസക്തിയുണ്ട്.

(സി) പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഒരു ജീവനക്കാരൻ രണ്ടുവർഷം അതേ തസ്തികയിലും ബാക്കി ആറ് വർഷം സമാനമായ സ്കെയിലിൽ മറ്റൊരു വകുപ്പിലെ മറ്റൊരു തസ്തികയിലും കൂടി എട്ട് വർഷം പൂർത്തിയാക്കിയാൽ സമയബന്ധിത ഹയർ ഗ്രേഡിന് അർഹത ലഭിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് രണ്ട് വർഷം അതേ തസ്തികയിലും ബാക്കി 6 വർഷം സമാന സ്കെയിലിൽ മറ്റൊരു വകുപ്പിലെ മറ്റൊരു തസ്തികയിലുംകൂടി 8 വർഷം പൂർത്തിയാക്കുന്നമുറയ്ക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ 8-8-2008-ലെ നമ്പർ 46/2008/ഫിൻ സർക്കുലർ നിർദ്ദേശത്തിലെ ഖണ്ഡിക 7 പ്രകാരം നിലവിൽ വ്യവസ്ഥയില്ല. പ്രവേശന തസ്തികയിൽ നിശ്ചിതവർഷ യോഗ്യതാസേവനം പൂർത്തിയാക്കിയിട്ടും റഗുലർ പ്രൊമോഷനുകൾ ലഭിക്കാതെ സ്റ്റാഗ്നേറ്റ് ചെയ്യുന്ന ജീവനക്കാർക്ക് റഗുലർ പ്രൊമോഷന് തുല്യമായി നല്കുന്ന ഒരാനുകൂല്യമാണ് സമയബന്ധിത ഹയർ ഗ്രേഡ്. ഒരു വകുപ്പിൽ ഒരു തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരൻ രണ്ട് വർഷത്തിനുശേഷം മറ്റൊരു വകുപ്പിൽ സമാന സ്കെയിലിലുള്ള മറ്റൊരു തസ്തികയിലേയ്ക്ക് നിയമനം നേടുന്നതോടുകൂടി ടിയാന്റെ നിലവിലെ പ്രവേശന തസ്തിക രണ്ടാമത് നിയമനം ലഭിച്ച തസ്തികയായി മാറുന്നു. ഒരു വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റൊരു വകുപ്പിലെ സമാന സ്കെയിലിലുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ടിയാൻ മാറുന്നതോടുകൂടി ക്ലാർക്ക് തസ്തികയിൽ ടിയാന് സ്റ്റാഗ്നേഷൻ സംഭവിക്കുന്നില്ല. അതിനാൽ പുതിയ പ്രവേശന തസ്തികയിൽ സ്റ്റാഗ്നേഷനുണ്ടാകുന്ന മുറയ്ക്കുമാത്രമേ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. നിലവിലെ പ്രവേശന തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനുകൾ അനുവദിക്കുന്നത്. കൂടാതെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ജീവനക്കാരന്റെ സേവനവേതന അവധി ശമ്പളനിർണ്ണയ വിവരങ്ങളടങ്ങിയ സേവന പുസ്തകം, പ്രവേശന തസ്തികയുടേയും തുടർ പ്രൊമോഷൻ തസ്തികകളുടേയും നിയമനരീതി, യോഗ്യതകൾ മുതലായവ പ്രതിപാദിക്കുന്ന വിശേഷാൽ ചട്ടങ്ങളുടെ പകർപ്പ് എന്നിവയുടെ പരിശോധന, പ്രൊമോഷനുവേണ്ട യോഗ്യതകൾ ജീവനക്കാരൻ നേടിയിട്ടുണ്ടോ, പ്രൊമോഷൻ തസ്തികകൾ ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റിൽ ലഭ്യമാണോ എന്നവിവരം, അർഹത സംബന്ധിച്ച നിയമനാധികാരിയുടെ റിപ്പോർട്ട് തുടങ്ങിയവയുടെ പരിശോധനയിലൂടെ മാത്രമേ വ്യക്തമായ അഭിപ്രായം നൽകാനാവൂ.

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

24(4134) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി വന്നിട്ടുള്ള പശ്ചാത്തലത്തിൽ എത്രയുംപെട്ടന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് നടപ്പിലാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ, കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തു കൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-01-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡ്ഡുകൾ (technical bids) ടെക്നിക്കൽ ഇവാല്വേഷൻ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ, കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ (RFP)-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി

മുമ്പാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് തള്ളിക്കളഞ്ഞുകൊണ്ട് വിധിവരികയും എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (W.A. No. 615/2021) ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമവിധിക്ക് വിധേയമായിമാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ, കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡ്ഡിലൂടെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് Award of Contract നൽകുകയുമുണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാംഘട്ട വിവരശേഖരണവും ഒന്നാംഘട്ട വിവരശേഖരണത്തിന്റെ തുടർപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പുതലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയതനുസരിച്ച് റിപ്പോർട്ടുകൾ ശേഖരിച്ചുവരുന്നു. കൂടാതെ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകളും പുരോഗമിച്ചുവരുന്നു.

**സ്പാർക്ക് ഓഫീസ് ഹെൽപ്പ് ഡെസ്കിലെ പാകപ്പിഴകൾ പരിഹരിക്കൽ**

25(4135) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് ഓഫീസിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ വിശദമാക്കാമോ?

നിലവിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ഫലപ്രദമായ രീതിയിൽ സ്പാർക്ക് സംബന്ധമായ പ്രശ്നങ്ങൾ സന്ദർശകരായ ജീവനക്കാർക്ക് പരിഹരിച്ചുകൊടുക്കുന്നതിനായി 26-7-2021-ലെ പരിപത്രം നം. 60/2021/ധന. പ്രകാരം സ്പാർക്ക് ഓഫീസ് സന്ദർശിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജില്ലാതലത്തിൽ സ്പാർക്ക് ഹെൽപ്പ് ഡെസ്കുകളുണ്ടെങ്കിലും അവിടെ ജീവനക്കാർക്കാവശ്യമായ സഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്പാർക്കിന്റെ ഓഫീസിൽ മെയിൽ ചെയ്ത് വിവരങ്ങൾ അറിയുന്നതിനായി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണവും യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണവും നിലവിൽവന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്കിലേയ്ക്ക് ലഭിക്കുന്ന മെയിലുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായതിനാൽ മെയിലുകൾക്ക് മറുപടി നൽകുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ഓഫീസിലെത്തുന്ന എം.എൽ.എ.-മാരുടെ സ്റ്റാഫിനെ അവിടെ പ്രവേശിപ്പിക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആയത് പരിഹരിക്കുന്നതിന് പ്രത്യേക കൗണ്ടർ തുറക്കുമോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ.-മാരുടെ സ്റ്റാഫുകളുൾപ്പെടെ സ്പാർക്കിലെത്തുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ധനകാര്യവകുപ്പിലെ ജീവനക്കാരുടെ ട്രാൻസ്ഫർ**

26(4136) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽ നിന്നും സെക്രട്ടേറിയറ്റിനുപുറത്ത് മറ്റ് ഓഫീസുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത എത്ര ഉദ്യോഗസ്ഥരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിനുപുറത്ത് മറ്റ് ഓഫീസുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത ഉദ്യോഗസ്ഥരെ ആരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ?

പിരിവ് 'എ' - യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇനി എത്ര അപേക്ഷകൾ പെൻഡിംഗായി പരിഗണനയിലുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) മേൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ പ്രസക്തഭാഗത്തിന്റെ പകർപ്പുകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) ഉത്തരവായ സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യുന്നതിനായി അപേക്ഷകളൊന്നും പെൻഡിംഗായി പരിഗണനയിലില്ല.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി

27(4137) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1-4-2013-നുമുമ്പുള്ള പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിച്ചതും 1-4-2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു അദ്ധ്യക്ഷനായി 7-11-2018-ലെ സ.ഉ. (പി) നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 3-9-2020-ലെ സ.ഉ. (സാധാ) നമ്പർ 5071/2020/ധന. ഉത്തരവ് പ്രകാരം 1-4-2013-നുമുമ്പുള്ള പി.എസ്.സി. വിജ്ഞാപനപ്രകാരം അപേക്ഷിച്ചതും 1-4-2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിലുൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതിയുൾപ്പെടെയുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

## കോഴിക്കോട് ആസ്ഥാനമായി സ്പാർക്കിന്റെ പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

28(4138) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്ന വിവിധ ബില്ലുകളിലെ തകരാറുകൾ പരിഹരിക്കുന്നതിനും വടക്കൻ ജില്ലകളിലുള്ളവർക്ക് തിരുവനന്തപുരത്തെ കേരള സർവകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലേയ്ക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്നത് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരം സ്പാർക്ക് (പി.എം.യു.) ഓഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 7 ജില്ലകളിലെ (കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്) ജില്ലാ ട്രഷറികളിൽ ഹെൽപ് ഡെസ്ക് നിലവിലുള്ളതുകൊണ്ടും കൂടാതെ എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ

രണ്ട് റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നതുകൊണ്ടും സർവ്വീസ്/ബിൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വടക്കൻ ജില്ലകളിലുള്ളവർക്ക് തിരുവനന്തപുരത്തെ കേരള സർവകലാശാല ക്യാമ്പസിൽ പ്രവർത്തിക്കുന്ന സ്പാർക്ക് ഓഫീസിലേയ്ക്ക് ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്ന സാഹചര്യം നിലവിലില്ല.

(ബി) കണ്ണൂരിൽ നിലവിലുള്ള സ്പാർക്കിന്റെ റീജിയണൽ ഓഫീസിന് പരിമിതമായ അധികാരങ്ങൾ മാത്രമേയുള്ളൂ എന്നത് പരിഗണിച്ച് കോഴിക്കോട് ആസ്ഥാനമായി അധികാരപരിധി വിപുലപ്പെടുത്തി സ്പാർക്കിന്റെ ഒരു പുതിയ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ റീജിയണൽ ഓഫീസ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സ്പാർക്കിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി**

29(4139) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റേയും പേഴ്സണൽ സ്റ്റാഫിൽ 2016-21 കാലയളവിൽ പുനർനിയമന വ്യവസ്ഥപ്രകാരം ജോലി ചെയ്തിരുന്നവർക്ക് ടെർമിനൽ സറണ്ടറും 1-7-2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും അനുവദിക്കുന്നതിന് കഴിയാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പാർക്കിൽ ഇതിനുള്ള ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തി മേൽപ്പറഞ്ഞ ടെർമിനൽ സറണ്ടറും ശമ്പളപരിഷ്കരണ കുടിശ്ശികയും വിതരണം ചെയ്യുമോ; വിശദാംശം നൽകുമോ?

(എ&ബി) മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ 2016-21 കാലയളവിൽ പുനർനിയമന വ്യവസ്ഥ പ്രകാരം ജോലി ചെയ്തിരുന്നവർക്ക് ടെർമിനൽ സറണ്ടർ സ്പാർക്കുവഴി പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഗസറ്റഡ് ജീവനക്കാരുടെ 1-7-2019 മുതലുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നോൺ ഗസറ്റഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണ ബിൽ മാനുവലായി ട്രഷറി വഴി മാറുന്നതിന് 23-7-2021-ലെ കത്ത് നമ്പർ SPK-A4/89/2021/FIN പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (അനുബന്ധം*)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പാർക്കിലെ സാങ്കേതിക പ്രശ്നം പരിഹരിക്കാൻ നടപടി

30(4140) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ സർവ്വീസ് കാലയളവിലെ പിശകുകൾ തിരുത്തുന്നതിന് സ്പാർക്ക് സോഫ്റ്റ്‌വെയറിൽ ചില സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൽപ്പറ്റ മണ്ഡലത്തിലെ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ട്

31(4141) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വകയിരുത്തിയ ഫണ്ടിൽ പ്രവൃത്തി പൂർത്തിയാക്കിയതും പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016 മുതലുള്ള സാമ്പത്തികവർഷങ്ങളിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപയും വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും വിവിധ വകുപ്പ് തലവന്മാരും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 2628 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ 1500 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികളും അനുവദിച്ചിരുന്നു. ഇവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതുകൂടാതെ, എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെയും നിയോജക മണ്ഡലം ആസ്തിവികസന പദ്ധതിയുടെയും കീഴിൽ 4747.26 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പൊതുമരാമത്ത് നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, പാലങ്ങൾ വിഭാഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങളും എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി/ നിയോജക മണ്ഡലം ആസ്തിവികസന പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാക്ഷരതാ പ്രേരക്മാരുടെ പുനർവിന്യാസവും അലവൻസും

32(4142) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർ വിന്യസിക്കുമെന്നും അവരുടെ അലവൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അധികമായി ലഭ്യമാക്കുമെന്നുമുള്ള 2021 ജനുവരി 15-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 214-ാം ഖണ്ഡികയിലെ തീരുമാനത്തിന്മേൽ അനന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2021 ജനുവരിയിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് സാക്ഷരതാ മിഷനിലെ പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസി ക്കാനുള്ള നടപടികൾ സർക്കാർതലത്തിൽ നടന്നുവരികയാണ്. പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് ചർച്ച ചെയ്യാൻ വിവിധ വകുപ്പുകളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14-7-2021-ൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനർവിന്യാസം സംബന്ധിച്ച അന്തിമതീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇപ്രകാരം ഒരു തീരുമാനമെടുക്കുന്നതുവരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ സാക്ഷരതാ മിഷന്റെ 2021-ലെ പ്ലാൻ ഫണ്ടിൽനിന്നും വഹിക്കേണ്ടതാണെന്നും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. (യോഗത്തിന്റെ മിനിട്ട്സ് ഉള്ളടക്കം ചെയ്യുന്നു.*) പ്രസ്തുത യോഗതീരുമാന പ്രകാരം പ്രേരക്മാരുടെ 2021 ഏപ്രിൽ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷന്റെ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽനിന്നും സാക്ഷരതാമിഷൻ വിതരണം ചെയ്തുവരുന്നു.

## മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

33(4143) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 ബഡ്ജറ്റിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2021-22 ബഡ്ജറ്റിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിധവ പെൻഷൻ

34(4144) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50 വയസ്സിനുതാഴെ പ്രായമുള്ളതും ഭർത്താവ് ഉപേക്ഷിച്ചതുമായ സ്ത്രീകൾക്ക് നിലവിൽ പെൻഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവർക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) വളരെ പാവപ്പെട്ടവരും സംരക്ഷിക്കാൻ ആരുമില്ലാത്തവരും പ്രായപൂർത്തിയായ ആൺമക്കളില്ലാത്തവരുമായ ഭർത്താവ് ഉപേക്ഷിച്ച 50 വയസ്സിനു താഴെ പ്രായമുള്ള സ്ത്രീകൾക്ക് മറ്റേതെങ്കിലും വിധത്തിൽ അർഹതയുണ്ടെങ്കിൽ പെൻഷൻ ലഭ്യമാക്കാൻ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ

35(4145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്ത് നികുതി പിരിവിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; എത്ര ശതമാനം വർദ്ധനവുണ്ടായെന്ന് അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 47671.98 കോടി രൂപ ലഭ്യമായിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 2021 ആഗസ്റ്റ് മാസം വരെയുള്ള വാർഷിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 18355.53 കോടി രൂപ ലഭ്യമായിട്ടുണ്ട്. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ജി.എസ്.ടി. ഇതര വരുമാനം ഉൾപ്പെടെ ഈ സാമ്പത്തികവർഷം 30-9-2021 വരെ നികുതി വരുമാനത്തിൽ 16% വർദ്ധനവുണ്ടായിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിനെക്കാൾ

നടപ്പുസാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ സെപ്തംബർ മാസം വരെയുള്ള കാലയളവിൽ നികുതി വരുമാനത്തിൽ 38.37% വർദ്ധനവുണ്ടായിട്ടുണ്ട്. ഗതാഗത വകുപ്പിൽ 2021 ഏപ്രിൽ മാസം മുതൽ സെപ്തംബർ മാസം വരെ 58% വർദ്ധനവ് നേടാൻ കഴിഞ്ഞിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ 2020-21 വർഷത്തെയും 2021-22 വർഷത്തെയും സെപ്തംബർ മാസം വരെ ലഭ്യമായ റവന്യൂ വരുമാനം പരിശോധിക്കുമ്പോൾ 15.38 ശതമാനം കുറവുണ്ടായതായി കാണുന്നു. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 2021 ഏപ്രിൽ മുതൽ സെപ്തംബർ മാസം 19 വരെ ടിക്കറ്റ് വില്പനയിന്മേൽ 108.80 ശതമാനം നികുതി വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) വർദ്ധനവുണ്ടായിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

എക്സൈസ് വകുപ്പിന്റെ 2020-21 വർഷത്തെയും 2021-22 വർഷത്തെയും സെപ്തംബർ മാസം വരെ ലഭ്യമായ റവന്യൂ വരുമാനം പരിശോധിക്കുമ്പോൾ 15.38 ശതമാനം കുറവുണ്ടായതായി കാണുന്നു. കോവിഡ്-19 രോഗവ്യാപനവും തുടർന്നുണ്ടായ ലോക്ഡൗണും കാരണം എക്സൈസ് വകുപ്പിന്റെ എല്ലാ ലൈസൻസ്ഡ് സ്ഥാപനങ്ങളും അടച്ചിട്ടിരുന്നതും ലോക്ഡൗൺ കാലയളവിനു ശേഷം നിയന്ത്രണങ്ങൾക്ക് വിധേയമായിമാത്രം പ്രവർത്തിച്ചുവന്നിരുന്നതിനാലും സംസ്ഥാനത്ത് മദ്യവില്പനയിൽ കാര്യമായ കുറവുവന്നതിനാൽ നികുതി വരുമാനത്തിലും അത് പ്രതിഫലിച്ചു.

**നികുതി ചോർച്ചയും ഉപഭോക്തൃ ചൂഷണവും തടയാൻ നടപടി**

36 (4146) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ കടകളും ഇതര സ്ഥാപനങ്ങളും ഉപഭോക്താക്കൾക്ക് ബിൽ നല്കാതെ സാധന സാമഗ്രികൾ നൽകിവന്നതായും തുടർന്ന് ലോക്ഡൗൺ പിൻവലിച്ചതിനുശേഷവും ചില സ്ഥാപനങ്ങൾ ആയത് തുടരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ നികുതി ചോർച്ചയ്ക്കും ഉപഭോക്തൃ ചൂഷണത്തിനും കാരണമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയാനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. നിയമപ്രകാരം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ഇത്തരം കടകളിൽ ടെസ്റ്റ് പർച്ചേസ് നടത്തുകയും നിയമാനുസൃതമുള്ള ബിൽ നൽകുന്നില്ലെന്ന് തെളിയുന്നപക്ഷം പിഴ ഈടാക്കുകയുമാണ് ചെയ്തുവരുന്നത്. ഇതുകൂടാതെ ബിൽ വാങ്ങേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നിരവധി പ്രോഗ്രാമുകളും വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## കോർപ്പറേഷനുകളിൽ ഫിനാൻസ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി

37(4147) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് നടന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ ഫണ്ട് കൃത്യമായി മാനേജ് ചെയ്യുന്നതിനും ഫണ്ട് തിരിമറി ഇല്ലാതാക്കുന്നതിനും സർക്കാരിന്റെ സമയാസമയ ങ്ങളിലുള്ള വ്യയനിയന്ത്രണങ്ങൾ കൃത്യമായി പാലിക്കുന്നതിനും ധനകാര്യ വകുപ്പിൽ നിന്നുമുള്ള ഫിനാൻസ് ഓഫീസർമാരെ സിറ്റി കോർപ്പറേഷനുകളിൽ നിയമിക്കു ന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവനന്തപുരം കോർപ്പറേഷനിലെ നികുതി വെട്ടിപ്പ് നടന്നതാ യിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷനുകളുടെ ഭരണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ധനകാര്യ വകുപ്പിൽനിന്നുള്ള ഫിനാൻസ് ഓഫീസർമാരെ കോർപ്പറേഷനുകളിൽ നിയമിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ആഭ്യന്തര ഉത്പാദനത്തിനനുസൃതമായ നികുതി

38(4148) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിനനുസൃതമായ നികുതി ലഭിക്കുന്നില്ലെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിനനുസൃതമായ നികുതി ലഭിക്കുന്നില്ലെന്ന വിഷയം സംസ്ഥാന ടാക്സ്/ജി.എസ്.ഡി.പി. റേഷ്യോയെക്കുറിച്ചായതിനാലും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതിക്കുപുറമെയുള്ള നികുതികളിൽ കേന്ദ്രസർക്കാരിൽനിന്നും ഡെവല്യൂഷൻവഴി ലഭിക്കുന്ന നികുതി വിഹിതം ഉൾപ്പെടുന്നതിനാലും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല.

**ധനസമ്പാദന മേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും**

39(4149) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരമേഖലയുൾപ്പെടെയുള്ള വിവിധ ധനസമ്പാദന മേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ?

വ്യാപാര മേഖലയിലെ നികുതി ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി ചോർച്ചയാണ് കണ്ടുവരുന്നത്. നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഇത്തരം നികുതി ചോർച്ചകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിലുണ്ടായ ക്രമക്കേടുകൾ കണ്ടെത്താനും വരുമാനനഷ്ടം തടയാനും വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് സുതാര്യമാക്കുന്നതിനുമുള്ള പുതിയ പദ്ധതികൾ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓഡിറ്റ്, ട്രെയിനിംഗ് തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്തി നികുതി ചോർച്ച കാര്യക്ഷമമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ (2021 മേയ് മുതൽ) വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി സംബന്ധമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതം

40(4150) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണോ; വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ അനുപാതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ എല്ലാ ത്രൈമാസ യോഗങ്ങളിലും വിലയിരുത്തുകയും അനുപാതം സംസ്ഥാനത്ത് ഭേദപ്പെട്ട നിലയിലെത്തിക്കാനുള്ള ശ്രമങ്ങൾ എല്ലാ ബാങ്കേഴ്സിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. നിലവിലെ വായ്പാ നിക്ഷേപ അനുപാതം 62 ശതമാനമാണ്. 40 ശതമാനത്തിൽത്താഴെ വായ്പാ നിക്ഷേപ അനുപാതമുള്ള ജില്ലകളിൽ ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുകയും ഓരോ ഡി.എൽ.സി.സി. മീറ്റിംഗുകളിലും അത് വിലയിരുത്തുകയും ചെയ്തുവരുന്നു. ക്രമാനുഗതമായി ഡെപ്പോസിറ്റ് ഉയരുകയും അതിനനുസരിച്ച് വായ്പാ വളർച്ചയില്ലാതാകുകയും ചെയ്യുന്ന സാഹചര്യം വായ്പാ നിക്ഷേപ അനുപാതം കുറയുവാൻ കാരണമാകും. ഈ അനുപാതം സാമ്പത്തിക വളർച്ചയുടെ ഒരു ഏകകമായി കണക്കാക്കുന്നില്ലെങ്കിലും സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം 70 ശതമാനത്തിനുമുകളിൽ ഈ സാമ്പത്തിക വർഷത്തോടെ കൈവരിക്കാനുതകുന്ന നടപടികൾ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് പ്രതീക്ഷിക്കുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

41(4151) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രവിഹിതം അകാരണമായി വെട്ടിക്കുറച്ചതും ജി.എസ്.ടി. വിഹിതം കൃത്യസമയത്ത് ലഭിക്കാത്തതും കാരണമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്രസർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പിലാക്കിയതും ചരക്കു സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്രസർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിലൂന്നിനിന്നുകൊണ്ടും മേൽപരാമർശിത സാമ്പത്തിക പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രദ്ധിച്ചുപോരുന്നത്.

**കേന്ദ്ര നികുതി വിഹിതത്തിലെ കുറവ്**

42(4152) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് കിട്ടേണ്ട തുകയിൽ മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് കിട്ടേണ്ട തുകയിൽ മുൻവർഷങ്ങളിലുണ്ടായിട്ടുള്ള കുറവ് താഴെപ്പറയുന്നു.

| | വർഷം | കേന്ദ്ര നികുതി വിഹിതം (രൂപ കോടിയിൽ) | | |
|---|---|---|---|---|
| BE(Union Budget) Released by GoI Shortfall (-) | 2017-18 | 16891.75 | 16833.08 | (-) 58.67 |
| | 2018-19 | 19703.01 | 19038.17 | (-) 664.84 |
| | 2019-20 | 20228.33 | 16401.05 | (-) 3827.28 |
| | 2020-21 | 15236.60 | * 11560.40 | (-) 3676.20 |

* താൽക്കാലിക കണക്കുകൾ

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം കുറയ്ക്കുന്നത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതിവിഹിതം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്നതുമൂലം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ വലിയ കുറവുണ്ടാകുന്നു. ഇതോടൊപ്പം കോവിഡ് നിയന്ത്രണങ്ങൾമൂലം സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം ഗണ്യമായി കുറയുന്നതും ചെലവുകൾ കുത്തനെ വർദ്ധിച്ചു വരുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ആഘാതമാണു ണ്ടാക്കിയിരിക്കുന്നത്.

(സി) അർഹതപ്പെട്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വരുമ്പോഴും വികസന പ്രവർത്തനങ്ങളും മറ്റത്യാവശ്യ ചെലവുകളും യാതൊരു മുടക്കവും കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അർഹതപ്പെട്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വരുമ്പോഴും വികസന പ്രവർത്തനങ്ങളും മറ്റത്യാവശ്യ ചെലവുകളും യാതൊരു മുടക്കവും കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവ മുഖാന്തരം കൂടുതൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് മൂലധന ചെലവ് വർദ്ധിപ്പിച്ചും 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് സാമ്പത്തിക ഉത്തേജകപാക്കേജ്, ക്ഷേമപെൻഷനുകൾ, സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ വായ്പാ പദ്ധതികൾ, സബ്സിഡികൾ എന്നിവയിലൂടെ കൂടുതൽ പണം ജനങ്ങളുടെ കൈകളിലെത്തിച്ച് സമ്പദ്‌വ്യവസ്ഥയെ വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം നിയന്ത്രണ വിധേയമാകുകയും സാമ്പത്തിക പ്രവർത്തനങ്ങൾ പൂർണ്ണതോതിലേയ്ക്ക് തിരിച്ചു വരികയും ചെയ്യുന്ന സാഹചര്യത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യചെലവുകൾ വെട്ടിക്കുറച്ചും വികസന ജനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ആകസ്മിക പരിശോധന നടത്തുവാനുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരം

43(4153) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ, ഗ്രാൻഡ്-ഇൻ-എയ്ഡ് സ്വീകരിച്ചുവരുന്ന സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ വൻക്രമക്കേടുകൾ നടന്നു വരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർവ്വകലാശാലകൾ, ഗ്രാൻഡ്-ഇൻ-എയ്ഡ് സ്വീകരിച്ചുവരുന്ന സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ ധനകാര്യ പരിശോധനാ വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്താനായി ധനകാര്യ പരിശോധനാ വിഭാഗത്തിന് അധികാരം നൽകുന്ന ജി.ഒ. (പി) നമ്പർ 59/2020/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ഒന്നാം വാല്യത്തിലെ നിർദ്ദിഷ്ട വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത ഉത്തരവ് അട്ടിമറിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ ശ്രമങ്ങൾ നടക്കുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ശക്തിപകരുന്ന പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

44(4154) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കിയ ഭരണപരമായ പരിഷ്കരണ നടപടികൾ വിശദമാക്കാമോ?

- സ്പാർക്ക് സോഫ്റ്റ്‌വെയർ സംബന്ധമായ ചൂണ്ടിക്കാണിക്കപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

• 26-7-2021-ലെ പരിപത്രം നമ്പർ 60/2021/ധന. പ്രകാരം ജീവനക്കാർക്ക് സ്പാർക്ക് ഓഫീസ് സന്ദർശനത്തിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

• സ്പാർക്ക് സെർവറിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സെർവറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്പാർക്കിൽ ലഭ്യമാകുന്ന മെയിൽ സന്ദേശങ്ങൾക്കും മറ്റും യഥാസമയം മറുപടി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണവും യു.ജി.സി. ഏഴാം ശമ്പളപരിഷ്കരണവും നിലവിൽവന്നിട്ടുള്ള സാഹചര്യത്തിൽ മെയിലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ മെയിലുകൾക്ക് മറുപടി നൽകുന്നതിൽ കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 9-8-2021 വരെ സ്പാർക്കിൽ ലഭിച്ചിട്ടുള്ളതായ 6723 മെയിൽ സന്ദേശങ്ങളിൽ ഇനിയും മറുപടി ലഭ്യമാക്കാത്ത എത്ര സന്ദേശങ്ങളുണ്ടെന്ന് അറിയിക്കാമോ?

9-8-2021 വരെയുള്ള എല്ലാ മെയിലുകൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമവും സൗഹാർദ്ദപരവുമാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സ്പാർക്ക് ഓഫീസിലെത്തുന്ന സന്ദർശകർക്ക് സമയബന്ധിതമായും ഫലപ്രദമായും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി സന്ദർശന സമയം മുൻകൂട്ടി നിശ്ചയിക്കുന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫോൺ വഴിയുള്ള സേവനം കാര്യക്ഷമമാക്കാൻ കൂടുതൽ ജീവനക്കാരെ ധനകാര്യ വകുപ്പിൽനിന്ന് നിയമിച്ചിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

45(4156) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ?

കേന്ദ്രസർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനത യില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങ ളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. 15-ാം ധനകാര്യ കമ്മീഷനെടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വമല്ലാത്ത ജി.എസ്.ടി. നിരക്കിലുള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കംകൂട്ടി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തി ലേർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തികവർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്.

(ബി) ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന സ്ഥാപനം നടത്തിയ പഠനം കോവിഡ് കാലത്ത് മറ്റ് രാജ്യങ്ങളും സംസ്ഥാനങ്ങളും സ്വീകരിച്ച സാമ്പത്തിക നടപടികളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ചുള്ളതാണോ; വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരി, പ്രത്യേകിച്ചും കോവിഡ് രണ്ടാം തരംഗം, സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിലേൽപ്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുകവഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്താൻ 18-8-2021-ലെ സ.ഉ. (സാധാ.) നമ്പർ 5599/2021/ധന. പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോവിഡ് മഹാമാരി ഏൽപ്പിച്ച വെല്ലുവിളികൾ നേരിടുന്നതിനായി മറ്റ് സംസ്ഥാനങ്ങൾ, മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സർക്കാർ നടപടികളുടെ ഒരു അവലോകനം നടത്തുന്നതിനായും GIFT-ന് ചുമതല നൽകിയിട്ടുണ്ട്. GIFT ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) കോവിഡ് വ്യാപനം തുടങ്ങിയതിനുശേഷം സാമ്പത്തിക പ്രതി സന്ധിയും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് എത്ര പഠനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്;

(ഡി) ഈ പഠനങ്ങളോരോന്നും ഏതൊക്കെ സമിതികളും ഏജൻസികളുമാണ് നടത്തിയത്; ഇവയുടെ പേരും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ. (സാധാ) നമ്പർ 2945/2020/ ധന. പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lockdown on the different facts of public finance of the state എന്ന വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. കോവിഡ്-19 ഒന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന സാമ്പത്തികസ്ഥിതിയുടെ ആഘാത പഠനം നടത്തുന്നതിനായി 7-5-2020-ലെ സ.ഉ. (സാധാ) നമ്പർ 2966/2020/ധന. പ്രകാരവും കോവിഡ്-19 രണ്ടാം തരംഗം സംസ്ഥാനത്തിന്റെ വിവിധ മേഖലകളി ലേൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ, മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള ഒരു പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ. (സാധാ) നമ്പർ 5599/2021/ധന പ്രകാരവും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിരുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവുകളും റവന്യൂ വരുമാനവും തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം സംബന്ധിച്ച് അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫസർ സുനിൽ മാണി ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ 14-5-2020-ലെ സ.ഉ. (സാധാ.) നമ്പർ 3032/2020/ധന പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

(ഇ) ഈ പഠനങ്ങളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിക്കുകയുണ്ടായോ; എങ്കിൽ ഈ റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ. (സാധാ) നമ്പർ 2945/2020/ധന പ്രകാരം രൂപീകൃതമായ എക്സ്പെർട്ട് കമ്മിറ്റി ആദ്യറിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കോവിഡ്-19 ഒന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന സാമ്പത്തികസ്ഥിതിയുടെ ആഘാതപഠനം നടത്തുന്നതിനായി 7-5-2020-ലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ. (സാധാ) നമ്പർ 2966/2020/ധന പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിരുന്നതും ടി സ്ഥാപനം ആയതുപ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. (COVID-19 Pandemic - Impact study on State Finances - ECONOMIC AND FISCAL SHOCK OF COVID-19 ON KERALA). പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാംതന്നെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകളിലുൾ പ്പെടുന്നവയാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം സംബന്ധിച്ച് അവലോകനം നടത്തിയ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫസർ സുനിൽ മാണി ചെയർമാനായ വിദഗ്ദ്ധ സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ചെലവ് ക്രമീകരണവുമായി ബന്ധപ്പെട്ട ഈ റിപ്പോർട്ടുകൂടി പരിഗണിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കാനുതകുന്ന നിർദ്ദേശങ്ങളുൾക്കൊള്ളിച്ച് 5-11-2020-ൽ സ.ഉ. (പി). നമ്പർ 152/2020/ധന. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം**

46(4157) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ നിർവ്വഹണ ഏജൻസി മുഖേന പ്രവൃത്തി നടന്നുവരുന്ന ഇരുനൂറ്റി നാല്പത്തിമൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; എത്രയുംവേഗം പ്രവൃത്തി പൂർത്തിയാക്കി കെട്ടിടം ഉദ്ഘാടനം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം 2021 മേയ് മാസം പൂർത്തി യാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പുതിയ കെട്ടിടത്തിൽ കൗണ്ടർ വർക്കുകൾ, ക്യാബിൻ വർക്കുകൾ, റൂഫിംഗ് എന്നിവ പൂർത്തിയാക്കാനുള്ളതിനാൽ നിലവിലെ പുരോഗതിയനുസരിച്ച് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് 5 മാസമെങ്കിലും ആവശ്യമായി വരുമെന്ന് കരുതുന്നു.

## സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ശമ്പള കുടിശ്ശികയും ആനുകൂല്യങ്ങളും നൽകാൻ നടപടി

47(4158) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്താത്തതിനാൽ 2016-21 കാലയളവിൽ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ പുനർനിയമന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ തുക നൽകുന്നതിനും 1-7-2019 മുതൽ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പളകുടിശ്ശിക നൽകുന്നതിനും കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്പാർക്കിൽ ഇതിനായുള്ള ക്രമീകരണം വരുത്തി പ്രസ്തുത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ തുകയും ശമ്പളകുടിശ്ശികയും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ 2016-21 കാലയളവിൽ പുനർനിയമന വ്യവസ്ഥപ്രകാരം ജോലി ചെയ്തിരുന്നവർക്ക് ടെർമിനൽ സറണ്ടർ സ്പാർക്കുവഴി പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഗസറ്റഡ് ജീവനക്കാരുടെ 1-7-2019 മുതലുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നോൺ ഗസറ്റഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണ ബിൽ മാനുവലായി ട്രഷറിവഴി മാറുന്നതിന് 23-7-2021-ലെ കത്ത് നം. SPK-A4/89/2021/FIN പ്രകാരം നിർദ്ദേശങ്ങൾ ട്രഷറി ഡയറക്ടർക്ക് നൽകിയി ട്ടുണ്ട്. (അനുബന്ധം)*

### പങ്കാളിത്ത പെൻഷൻ പദ്ധതി

48(4159) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത് ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കാമോ?

7-1-2013-ലെ സ.ഉ. (അ) നമ്പർ 20/2013/ധന ഉത്തരവ് പ്രകാരം, 31-3-2013 വരെ കെ.എസ്.ആർ. ഭാഗം 3 പെൻഷൻ ബാധകമായ വിഭാഗങ്ങളിൽ 1-4-2013-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിരിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാറ്റഗറി നമ്പർ 508/2009 പ്രകാരം നിലവിൽവന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിച്ച കുറച്ചുപേർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയും കുറച്ചുപേർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനും നൽകുന്നത് ശരിയായ നടപടിയാണോ; വിശദാംശം ലഭ്യമാക്കാമോ?

1-4-2013-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ചിരുന്നവരെ സ്റ്റാറ്റ്യൂട്ടറി പെൻഷനി ലുൾപ്പെടുത്തിയിരുന്നു. എന്നാൽ 7-1-2013-ലെ സ. ഉ. (അ) നമ്പർ 20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 1-4-2013-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാകുക.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുൾപ്പെട്ടവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് വിജ്ഞാപനം ചെയ്ത തസ്തികകളുടെ റാങ്ക് ലിസ്റ്റിൽനിന്നും 2013 ഏപ്രിൽ ഒന്നിനുശേഷം നിയമനം ലഭിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകുന്നകാര്യം സർക്കാരിന് തീരുമാനിക്കാ മെന്ന പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി)സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു അദ്ധ്യക്ഷനായി 7-11-2018-ലെ സ.ഉ. (പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 3-9-2020-ലെ സ.ഉ. (സാധാ)നമ്പർ 5071/2020/ധന. പ്രകാരം 1-4-2013-നുമുമ്പുള്ള പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിച്ചതും 1-4-2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങ ളിലുൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതിയുൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

### കായണ്ണ ജി.എച്ച്.എസ്.എസ്.-ന് സ്കൂൾ വാഹനം

49(4160) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ ബാലുശ്ശേരി മുൻ എം.എൽ.എ. കായണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും ഒള്ളൂർ ജി.എൽ.പി. സ്കൂളിനും വാഹനം അനുവദിച്ചിട്ടും കായണ്ണ ജി.എച്ച്.എസ്.എസ്.-നുമാത്രം വാഹനം നൽകാൻ കഴിയാത്തത് പരിഹരിക്കുന്നതിന് ഭരണവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 5-10-2018-ന് മുൻ എം.എൽ.എ. രണ്ട് സ്കൂളുകൾക്കും ബസ് അനുവദിക്കാൻ നിർദ്ദേശിച്ചിട്ടും കായണ്ണ ജി.എച്ച്.എസ്.എസ്.-നുമാത്രം ബസ് അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

കായണ്ണ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് വാഹനം വാങ്ങുന്നതിനായി ഫണ്ടിന്റെ അപര്യാപ്തത ഭരണവകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽനിന്ന് 28-2-2020-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1689/2020/ ഫിൻ പ്രകാരം അധികധനാനുമതി അനുവദിച്ചു. തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത വാഹനം വാങ്ങുന്നതിന് എത്ര തുകയാണ് അനുവദിച്ചിരുന്നത്; ഇപ്പോൾ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുകയുള്ളതെന്ന് അറിയിക്കാമോ?

പ്രസ്തുത വാഹനം വാങ്ങുന്നതിന് 15,00,000 രൂപ 4202-01-800-84 എന്ന ശീർഷകത്തിലാണ് അനുവദിച്ചത്. ഈ വർഷവും മേൽപ്പറഞ്ഞ ശീർഷകത്തിൽ നിന്നുതന്നെയാണ് തുക അനുവദിക്കുന്നത്.

(സി) പ്രസ്തുത സ്കൂളിന് വാഹനം വാങ്ങുന്നതിനായി അധിക തുക 2020-21 സാമ്പത്തികവർഷത്തിൽ അനുവദിക്കാൻ കഴിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

2020-21 സാമ്പത്തികവർഷം അധിക ധനാനുമതിയിൽക്കൂടി അനുവദിച്ച തുകയുപയോഗിച്ച് ബസ് വാങ്ങാൻ സാധിച്ചിട്ടില്ലായെങ്കിൽ വീണ്ടും ഫണ്ടിനായി ഭരണവകുപ്പ് ശിപാർശ ചെയ്യുന്നപക്ഷം ധനവകുപ്പ് 2021-22 സാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതാണ്.

### ജനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ

50(4161) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഓണാഘോഷ കാലത്ത് ജനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രതിസന്ധി കാലത്തും എത്ര കോടി രൂപ ചെലവഴിച്ചു എന്നറിയിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

51(4162) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലുള്ള ഫയലിന്റെ (ഇ-ഫയൽ നമ്പർ 1867972) നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് നികുതി വകുപ്പിൽനിന്നുള്ള ഫയൽ (ഇ-ഫയൽ നമ്പർ 1867972) ഇപ്പോൾ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ് (E-1885400-Exp-B1/441/2021/Fin). പ്രസ്തുത ഫയൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## നഗരസഭയിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം

52(4163) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് പെൻഷൻ ഫണ്ടിനത്തിൽ സർക്കാർ നൽകാനുള്ള തുക സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ?

കേരള മുനിസിപ്പാലിറ്റി റൂൾസ് 1996-ലെ റൂൾ 7 സബ് റൂൾ (2) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അവയുടെ കീഴിലുള്ള ഓരോ ജീവനക്കാരന്റെയും ആകെ പ്രതിമാസ ശമ്പളത്തിന്റെ 15 ശതമാനത്തിന് ആനുപാതികമായ തുക മുനിസിപ്പാലിറ്റിയുടെ തനത് വരുമാനത്തിൽനിന്നും കണ്ടെത്തി അർബൻ അഫയേഴ്സ് ഡയറക്ടറുടെ പൂർണ്ണനിയന്ത്രണത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ നിന്നുമാണ് നഗരസഭയിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ, ഡി.സി.ആർ.ജി. തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നത്. കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണം, ക്ഷാമബത്ത എന്നീ ഇനത്തിൽ വരുന്ന അധിക ചെലവുമൂലം പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ) ചെലവ് ക്രമാതീതമായി ഉയരുകയും അതിനാനുപാതികമായി നഗരസഭകളുടെ വരവ് (പെൻഷൻ കോൺട്രിബ്യൂഷൻ) വർദ്ധിക്കാത്ത സാഹചര്യത്തിൽ One time assistance എന്ന നിലയിൽ പല വർഷങ്ങളിലായി

സർക്കാർ 50-100 കോടി രൂപവരെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തികവർഷവും പ്രസ്തുത ഫണ്ടിലേയ്ക്ക് 50 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് സർക്കാരിന്റെ ബാധ്യതയായി ഏറ്റെടുത്ത് നാളിതുവരെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനത്തിൽ നാളിതുവരെ യാതൊരു കുടിശ്ശികയും നിലവിലില്ല.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നഗരസഭകൾ സാമ്പത്തികമായി പ്രയാസപ്പെടുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സമാനമായി നഗരസഭകളുടെ ജീവനക്കാർക്ക് പെൻഷൻ സർക്കാർ നൽകുന്ന കാര്യം പരിഗണിക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ

53(4164) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് വിജ്ഞാപനം ഇറങ്ങിയ തസ്തികകളിൽ പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം നിയമനം ലഭിച്ചവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു അദ്ധ്യക്ഷനായി 7-11-2018-ലെ സ.ഉ. (പി) നമ്പർ172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും 3-9-2020 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 5071/2020/ധന. ഉത്തരവ് പ്രകാരം 1-4-2013-നുമുമ്പുള്ള പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിച്ചതും 1-4-2013-നുശേഷം നിയമനം ലഭിച്ചവരുമായവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയവും സമിതിയുടെ പരിഗണനാ വിഷയങ്ങളിലുൾപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി വിജ്ഞാപന തീയതിയുൾപ്പെടെ പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് 30-4-2021-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതിയുടെ പരിഗണനാ വിഷയങ്ങൾ

54(4165) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

7-11-2018-ലെ സ.ഉ. (പി) നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങൾ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 3-9-2020-ലെ സ.ഉ. (സാധാ) നമ്പർ 5071/2020/ധന. പ്രകാരം വിജ്ഞാപന തീയതി സംബന്ധിയായ വിഷയവും സമിതിയുടെ പരിഗണനാവിഷയങ്ങളിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്മേലുള്ള ഫയൽ പരിശോധന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ പ്രസ്തുത സമിതി കണ്ടെത്തിയ കേരളത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ ഇതര സംസ്ഥാന ങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച് പ്രസ്തുത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങളുൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതി ലേയ്ക്കായി സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

## കരിമ്പുഴയ്ക്ക് കുറകെ ഏനാന്തി പാലം നിർമ്മാണം

55(4166) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരിമ്പുഴയ്ക്ക് കുറകെ ഏനാന്തി പാലം നിർമ്മാണത്തിന്റെ അഡീഷണൽ ഫിനാൻഷ്യൽ സാംഗ്ഷനുള്ള ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലെ ഏത് വിഭാഗത്തിലാണുള്ളതെന്ന് അറിയിക്കാമോ; ഫയൽ എന്നാണ് ധനകാര്യ വകുപ്പിലെത്തിയതെന്നും ധനകാര്യ വകുപ്പിന്റെ നാളിതു വരെയുള്ള നടപടികളും വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലത്തിന്റെ നിർമ്മാണം എന്ന പ്രവൃത്തിക്കായി പുതുക്കിയ ഡിസൈൻ പ്രകാരമുള്ള തുകയായ 1563 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശ 8-5-2020-ൽ ധനകാര്യ വകുപ്പിന് ലഭിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിക്കുന്നതിനായി മൂന്നുതവണ ഫയൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് നൽകുകയും 18-9-2021-ലെ ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം DSoR 2018-ൽ പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ ഫയൽ പുനർസമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിലെ മേൽഫയലിൽ എന്തെങ്കിലും ക്വറി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് അനുവദിക്കാമോ; അധിക ധനാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ധനകാര്യ വകുപ്പിന്റെ 18-9-2021-ലെ അഭിപ്രായത്തിലെ നിർദ്ദേശപ്രകാരം പുതുക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) പാതിവഴിയിൽ നിർമ്മാണം നിലച്ച പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനാവശ്യമായ അധികതുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; അധിക ധനാനുമതി എന്നത്തേയ്ക്ക് നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഭരണ വകുപ്പ് പുതുക്കിയ ശിപാർശ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിച്ച് അധികതുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ വാമനപുരം മണ്ഡലത്തിലെ സ്കൂളുകൾ

56(4167) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പട്ടികയും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കാമോ?

ഓരോന്നിന്റേയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

57(4168) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് ആധുനികരീതിയിൽ നവീകരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഉണ്ട്. കക്കയം ഡാം സൈറ്റ് റോഡ് നവീകരണം സംബന്ധിച്ച് മുൻ ബാലുശ്ശേരി എം.എൽ.എ. 27-2-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

58(4169) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറിൽക്കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിവഴി നടപ്പിലാക്കിയ ഒരു കോടി രൂപയുടെ പദ്ധതിയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണുൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോന്നിന്റെയും നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ഓരോന്നിന്റേയും നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഈ വർഷം ഈ പദ്ധതിയിൽ പുതിയ വിദ്യാലയങ്ങളെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ വർഷം ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയ വിദ്യാലയങ്ങൾ പ്രഖ്യാപിച്ചിട്ടില്ല.

**ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുവഴിയുള്ള സ്കൂൾ പ്രവൃത്തികൾ**

59(4170) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം കിഫ്ബി ഫണ്ടുവഴി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതെല്ലാമാണ്?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പ്രകാരം കിഫ്ബി ഫണ്ടുവഴി നിർമ്മാണപ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്കൂളുകൾക്ക് അനുവദിക്കപ്പെട്ട തുക എത്ര വീതമാണെന്ന് അറിയിക്കാമോ?

ഓരോ സ്കൂളിനും അനുവദിക്കപ്പെട്ട തുക അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## ആലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

60(4171) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം, ചെലവായ തുക, നിലവിലെ സ്ഥിതി എന്നിവ ഇനംതിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ടി പട്ടികയിലെ ക്രമനമ്പർ 4, 5, 6 എന്നിവയിലെ Improvements to Kalavoor Kattoor Beach Road (PWD 004-04), Varankavala-Coalgate Kavungal Road (PWD004-05), Improvements to Kanichukulangara Beach-NH-Kayippuram- Kayaloram Road (PWD 004-21) എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്രമനമ്പർ 4, 5, 6 ഒഴികെ മറ്റ് പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ സ്ഥിതിവിവരം ലഭ്യമാക്കുമോ?

നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ സ്ഥിതിവിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

61(4172) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാവേലിക്കര-കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി 9-8-2020-ലെ PWD011-15/APR-5/2020 ഉത്തരവ് പ്രകാരം 38.22 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിരുന്നു. റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. അംഗീകാരത്തിനായി പദ്ധതിയുടെ എസ്.പി.വി. ആയ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (RBDCK) റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും റെയിൽവേ ചില തിരുത്തലുകൾ ആവശ്യപ്പെട്ട് ആർ.ബി.ഡി.സി.കെ.-യ്ക്ക് മടക്കി നൽകിയിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പദ്ധതിയുടെ ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭ്യമായാൽ മാത്രമേ പദ്ധതിയുടെ തുടർനടപടികളുമായി മുന്നോട്ടുപോകാൻ കഴിയുക യുള്ളൂ. 2-9-2021-ന് റെയിൽവേ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് 20-10-2021-ൽ ലഭിച്ചിട്ടുണ്ടെന്നും ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കിയ ജി.എ.ഡി., സംയുക്ത സ്ഥലപരിശോധന സർട്ടിഫിക്കറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുമെന്നും ആയതിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കുമാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാദ്ധ്യമാവുകയുള്ളൂവെന്നും ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ നികുതിവരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനുള്ള നഷ്ടപരിഹാരം

62(4173) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നിരക്കിന്മേൽ യാതൊരു നിർണ്ണയാധികാരങ്ങളും സംസ്ഥാനങ്ങൾക്ക് ഇല്ലാത്തതിനാലും കോവിഡ് സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം കണക്കിലെടുത്തും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായുള്ള നഷ്ടപരിഹാരം 2022 ജൂൺ മാസത്തിനുശേഷവും തുടരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

2021 സെപ്റ്റംബർ മാസം ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നഷ്ടപരിഹാരം നീട്ടേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷ കാലയളവിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## ജി.എസ്.ടി. റിട്ടേൺ

63(4174) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം വ്യാപാരി-വ്യവസായികളുടെ വാർഷിക റിട്ടേൺ സമർപ്പിക്കലിനും പരിശോധനകളിലും സംസ്ഥാന ധനകാര്യ വകുപ്പ് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ജി.എസ്.ടി.-യിൽ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നത് ജി.എസ്.ടി. കൗൺസിലാണ്. വാർഷിക റിട്ടേണുകളുടെ പരിശോധന നിലവിൽ നടന്നുവരുന്നുണ്ട്. ഇതിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ ചർച്ചകൾ നടന്നുവരുന്നു. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ കൂടുതൽ ഓഡിറ്റ് ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിന്റെ പുന:സംഘടന ഉൾപ്പെടെയുള്ള വിഷയങ്ങളും പരിഗണനയിലാണ്.

(ബി) ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അതുവഴി നികുതി ചോർച്ച തടയുവാൻ സ്വീകരിച്ച വ്യവസ്ഥകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമായ ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. എ.എൻ.പി.ആർ. സമ്പ്രദായം ഉപയോഗിച്ചുള്ള ഇ-വേ ബിൽ പരിശോധന, ഡാറ്റ അനാലിസിസ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നികുതി വെട്ടിപ്പ് പെട്ടെന്ന് കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇതുകൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരി-വ്യവസായികളുടെ എണ്ണം എത്രയെന്നും ഇതിൽ രണ്ട് കോടിയിലധികം രൂപയുടെ വിറ്റുവരവുള്ളവർ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ജി.എസ്.ടി.ആർ.-3 ബി റിട്ടേൺ ഫയൽ ചെയ്യുവാൻ ബാദ്ധ്യതയുള്ള 3,40,181 നികുതിദായകർ (ടാക്സ്പെയേഴ്സ്) ഉണ്ട്. 2020-21 സാമ്പത്തികവർഷത്തെ കണക്കനുസരിച്ച് രണ്ട് കോടിയിലധികം രൂപ വാർഷിക വിറ്റുവരവുള്ള 38,659 ടാക്സ്പെയേഴ്സുണ്ട്.

## ജി.എസ്.ടി. സംബന്ധിച്ച കേന്ദ്രസർക്കാർ നയങ്ങൾ കാരണം നികുതി വരുമാനത്തിൽ വന്ന കുറവ്

64(4175) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ആരംഭിക്കുന്നതിനുമുമ്പുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനവും ഇപ്പോഴത്തെ നികുതി വരുമാനവും തമ്മിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) നികുതി വരുമാനത്തിൽ വലിയ അന്തരം വന്നിട്ടുള്ള സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനം, കേന്ദ്ര സർക്കാരിനുമുമ്പിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ 2022 ജൂൺ വരെയാണ് ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാകുന്നത്. രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലുമുണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. 2021 സെപ്തംബറിൽ കൂടിയ നാൽപ്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ യോഗം, 2022 ജൂലൈക്കുശേഷം ജി.എസ്.ടി. നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ രീതിയിൽ ജി.എസ്.ടി. നിയമം പുന:സംഘടിപ്പിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## പെട്രോളിയം ഉത്പന്നങ്ങളുടെ വില്പന ജി.എസ്.ടി. പരിധിയിൽ

65(4176) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോളിയം ഉത്പന്നങ്ങളുടെ വില്പന ജി.എസ്.ടി. പരിധിയിൽ കൊണ്ടുവന്നാൽ 2021-22 സാമ്പത്തികവർഷമുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കുമോ?

പരിഗണിച്ചിട്ടില്ല.

## അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്

66(4177) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒരു വ്യക്തിയുടെ മുൻ സാമ്പത്തികവർഷത്തെ കാർഷിക വരുമാനത്തിന്റെമേൽ ചുമത്തപ്പെടുന്ന നികുതിയാണ് ആ വർഷത്തെ അദ്ദേഹത്തിന്റെ കാർഷികാദായ നികുതി. 1991-ലെ കേരള കാർഷികാദായ നികുതി നിയമപ്രകാരമുള്ള കാർഷികാദായ നികുതി വിഹിതം സർക്കാരിലേയ്ക്ക് വന്നുചേരുന്നുവെന്ന് ഉറപ്പിക്കുകയാണ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഓഫീസുകളുടെ പ്രവർത്തനംകൊണ്ട് അർത്ഥമാക്കുന്നത്. ഇതിനായി എ.ഐ.ടി. ഇൻസ്പെക്ടർ, എ.ഐ.ടി. ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 35 പ്രകാരം നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കുകയും റിട്ടേണുകൾ നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെയും തെറ്റായി നികുതി നിർണ്ണയം നടത്തി റിട്ടേണുകൾ സമർപ്പിക്കുന്നവർക്കെതിരെയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും കുറവുവന്ന നികുതി, പലിശ സഹിതം പിരിച്ചെടുത്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നത് എ.ഐ.ടി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. കൂടാതെ, റിട്ടേണുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി നികുതിദായകരുടെ കണക്കുകൾ പരിശോധിക്കുകയും ഭൂമിയുടെ വിസ്തീർണ്ണവും കാർഷികവിളകളുടെ തരവും നിജപ്പെടുത്തുന്നതിന് സ്ഥലപരിശോധന നടത്തുകയും ചെയ്യുന്നതും എ.ഐ.ടി. ഓഫീസുകളുടെ പ്രവർത്തനത്തിൽപ്പെടുന്നു. 2010-11 മുതൽ 2020-21 വരെ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.* 1-4-2013 മുതൽ സ്വകാര്യ വ്യക്തികളേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളേയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്ന് കേരള കാർഷികാദായ നികുതി നിയമപ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യത കമ്പനികൾക്ക് (തദ്ദേശീയവും വിദേശീയവും) മാത്രമാണുള്ളത്. കാർഷികാദായത്തെ അടിസ്ഥാനമാക്കി തദ്ദേശ കമ്പനികളുടെ നികുതി നിരക്ക് 35% മുതൽ 50% വരെ വ്യത്യാസപ്പെട്ടിരുന്നു. കൂടാതെ, വിദേശ കമ്പനികളുടെ നികുതി നിരക്ക് 80% ആയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ, ആദായ നികുതി നിരക്കുമായി തുല്യത കൊണ്ടുവരുന്നതിലേയ്ക്കായി കാർഷികാദായ നികുതി നിരക്ക് കുറയ്ക്കുകയും ആദായ നികുതി നിരക്കായ 30 ശതമാനത്തോട് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. 2-4-2016-ലെ SRO 314/2016 പ്രകാരം 2016-17 സാമ്പത്തികവർഷം കാർഷികാദായ നികുതിയിൽനിന്നും എല്ലാ കമ്പനികളേയും ഒഴിവാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതുള്ളതിനാൽ ആയതിലേയ്ക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബില്ലായി കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും അതിനായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയുമാണ്.

**പയ്യോളി സബ്ട്രഷറി ആഫീസ് കെട്ടിടനിർമ്മാണം**

67(4178) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വാടക കെട്ടിടങ്ങളിലേതിലെങ്കിലും ട്രഷറി ആഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോഴിക്കോട് ജില്ലയിൽ പയ്യോളി, പേരാമ്പ്ര, ഫറോക്ക്, വടകര, ബാലുശ്ശേരി, കൂരാച്ചുണ്ട് എന്നീ 6 ട്രഷറികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പയ്യോളി, ബാലുശ്ശേരി സബ്ട്രഷറികൾക്ക് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. പേരാമ്പ്ര സബ്ട്രഷറിക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വടകര സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി അക്രെഡിറ്റഡ് ഏജൻസിയെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഫറോക്ക് സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫറോക്ക് വില്ലേജിൽ റീസർവ്വേ നമ്പർ 403/2 ബി2-ൽപ്പെട്ട ചരക്കുസേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 30 സെന്റ് സ്ഥലത്തുനിന്നും 10 സെന്റ് സ്ഥലം ഫറോക്ക് ട്രഷറി വകുപ്പിന് ലഭ്യമായിട്ടുള്ളതും അനുവദിച്ച സ്ഥലം ട്രഷറി നിർമ്മാണത്തിന് മതിയാകാത്തതിനാൽ 10 സെന്റ് സ്ഥലംകൂടി ട്രഷറി വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂരാച്ചുണ്ട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതും ആയത് എൽ.എസ്.ജി.ഡി.-യുടെ പരിഗണനയിലുള്ളതുമാണ്.

(ബി) പയ്യോളി സബ്ട്രഷറി ആഫീസിന് ഭൂമി കണ്ടെത്തി കൈമാറി നൽകിയാൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പണം അനുവദിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറികളുടെ കെട്ടിടനിർമ്മാണം

68(4179) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി ട്രഷറി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) വളാഞ്ചേരി സബ്ട്രഷറിക്കുവേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോട്ടയ്ക്കൽ സബ്ട്രഷറിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി))കോട്ടയ്ക്കൽ, വളാഞ്ചേരി സബ്ട്രഷറികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടയ്ക്കൽ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനായി എടരിക്കോട് പ്രവർത്തിക്കുന്ന കേരളാ ആയുർവേദിക് സ്റ്റഡീസ് ആൻഡ് റിസർച്ച് സൊസൈറ്റിക്ക് ട്രഷറി ഡയറക്ടർ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

**ട്രഷറി ഓഫീസുകളുടെ ആധുനികവത്കരണം**

69(4180) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഓഫീസുകളിൽ സർക്കാർ നടത്തിവരുന്ന ആധുനികവത്കരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ട്രഷറികളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്- അടിസ്ഥാനസൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.-ൽനിന്നും Rail.Tel.-ൽനിന്നും രണ്ട് ഡാറ്റാ- കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയ്‌ലെറ്റ് നിർമ്മാണം, ടോയ്‌ലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം

(ഐ.എഫ്.എം.എസ്. - സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവരസാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് ഐ.എഫ്.എം.എസ്.-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസ്സത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവയ്പ്പാണ് ഐ.എഫ്.എം.എസ്.-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യ പരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും ഐ.എഫ്.എം.എസ്.-ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച് ഇ-ട്രഷറി, ബില്ലുകൾ എന്നിവ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് സ്പാർക്ക്, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആൻഡ് മീൻസിന് WAMS, ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന കോർ ബാങ്കിംഗ്, മുദ്ര പ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്ന തിനുള്ള CRA, സർക്കാർ സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് 'Kerala TSB' എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് 'Kerala Pension' എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് ഐ.എഫ്.എം.എസ്. സർക്കാരിന്റെ ധന ഇടപാടുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലേയും മാസശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം മേയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്.

(ബി) ട്രഷറി എ.ടി.എം.-കൾ സംസ്ഥാനത്ത് എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ; കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുമോ;

(സി) ട്രഷറി എ.ടി.എം.-കൾ സ്ഥാപിച്ചിട്ടില്ലെങ്കിൽ ആയത് സ്ഥാപിക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ വകുപ്പിൽ നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ?

(ബി&സി)ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**തൃശ്ശൂർ ഇൻഷ്വറൻസ് മെഡിക്കൽ കോളേജ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

70(4181) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്ത് നിർമ്മിതി കേന്ദ്രത്തിന്റെ ഡി.പി.ആർ. പ്രകാരമുള്ള രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്നതിനും കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

വിഷയം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

**കാരുണ്യ പദ്ധതി**

71(4182) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

നിലവിലുണ്ട്. 29-5-2018-ലെ G.O. (Rt) 1739/2018/H&FWD പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് നിലവിൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും വേർപെടുത്തി കാരുണ്യ സുരക്ഷ പദ്ധതി അഥവാ KASP എന്ന പേരിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പരിധിയിൽ നടത്തിവരുന്നുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലഭ്യമായ രേഖകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം 6837 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്രപേർക്ക് കാരുണ്യ പദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ആകെ എത്ര തുകയാണ് ഈ പദ്ധതിവഴി അനുവദിച്ചിട്ടുള്ളത്?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലഭ്യമായ രേഖകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 6837 പേർക്ക് കാരുണ്യപദ്ധതി മുഖേന ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* 2,95,50,232 രൂപ (രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഈ പദ്ധതിവഴി അനുവദിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി നിർത്തലാക്കിയതായോ പദ്ധതി വഴിയുള്ള ധനസഹായം അനുവദിക്കേണ്ടതില്ലായെന്നത് സംബന്ധിച്ചോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

29-5-2018-ലെ G.O.(Rt)1739/2018/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയെ 1-4-2019 മുതൽ KASP പദ്ധതിയിൽ ലയിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർന്ന് പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 6-8-2019-ലെ G.O. (MS) 122/2019/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1-7-2019 മുതൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അപേക്ഷകൾ സ്വീകരിക്കുന്നത് അവസാനിപ്പിച്ചു. നിലവിൽ KASP വഴി ചികിത്സാ സഹായം നൽകിവരുന്നുണ്ട്.

(ഡി) ഈ പദ്ധതിയുടെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് പരസ്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു തവണ പരസ്യം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരസ്യത്തിന്റെ ബിൽ പത്രസ്ഥാപനങ്ങളിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പരസ്യ തുക എത്രയാണെന്ന കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

(ഇ) കാരുണ്യ ലോട്ടറി നിലവിലുണ്ടോ; എങ്കിൽ ഇതുവഴി സമാഹരിക്കുന്ന തുക നിലവിൽ ഏത് പദ്ധതിക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ?

നിലവിലുണ്ട്. ഇതുവഴി സമാഹരിക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് ചേർക്കുകയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ആവശ്യപ്പെടുന്നമുറയ്ക്ക് ആവശ്യമായ തുക ചികിത്സാ നിധിയിലേയ്ക്ക് അനുവദിച്ച് നൽകുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലോട്ടറി വില്പന ഏജൻസി

72(4183) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറി വില്പന ഏജൻസി അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

പ്രായപൂർത്തിയായ ഒരു പൗരൻ ആധാർ കാർഡിന്റെ പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്, 335 രൂപ ഏജൻസി രജിസ്ട്രേഷൻ ഫീസ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷിച്ചാൽ അതത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്നും ഏജൻസി അനുവദിക്കുന്നതാണ്.

(ബി) അംഗപരിമിതർ, വിധവകൾ എന്നിവർക്ക് ഏജൻസി നൽകുന്നതിന് പ്രത്യേക പരിഗണന എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലില്ല. ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഏജൻസിക്കായി അപേക്ഷിക്കുന്ന സാധുവായ അപേക്ഷകർക്കെല്ലാം കാലതാമസമില്ലാതെ ഏജൻസി നൽകിവരുന്നുണ്ട്. ആയതിനാൽ അംഗപരിമിതർ, വിധവകൾ എന്നിവർക്കായി പ്രത്യേക പരിഗണന നൽകേണ്ട സാഹചര്യം നിലവിലില്ല.

## ലോട്ടറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ

73(4184) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഭാഗ്യക്കുറി വിപണിയെ കൂടുതൽ ഉത്തേജിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3500 രൂപയുടെയും 2000 രൂപയുടെയും ഭാഗ്യകൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട ലോക്ഡൗൺ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ എല്ലാ സജീവ അംഗങ്ങൾക്കും 1000 രൂപവീതം അടിയന്തര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ

തൊഴിൽ മേഖലയിൽ സജീവമാക്കുന്നതിന് ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും നിശ്ചിത കാലയളവിനുള്ളിൽ അംശദായ കുടിശ്ശികയൊടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000 രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1000 രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി നൽകിയിട്ടുണ്ട്. നിലവിൽ ഇത്രയും ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് ഹെൽത്ത് ഇൻഷ്വറൻസും മക്കൾക്ക് പഠന സഹായവും നൽകാൻ നടപടികളുണ്ടാകുമോ?

ക്ഷേമനിധിയിലെ സജീവ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ ക്ഷേമനിധി ബോർഡ് പരിശോധിക്കുന്നുണ്ട്. ക്ഷേമനിധിയിലെ സജീവ അംഗങ്ങളുടെ മക്കൾക്ക് പഠനസഹായത്തിനായി എല്ലാ വർഷവും സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

**നന്തി ടൗണിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ്**

74(4185) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊല്ലം പ്രദേശത്ത് അനുവദിച്ച കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ് നന്തി ടൗണിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നന്തി ടൗൺ കേന്ദ്രീകരിച്ച് പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസ് അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊല്ലം പ്രദേശത്ത് കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖ ആരംഭിക്കുവാൻ സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും അനുയോജ്യമായ ഓഫീസ് കെട്ടിടം ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ഓഫീസ് നന്തി ടൗണിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. ബിസിനസ് പ്രായോഗികത വിലയിരുത്തി അനുകൂലമെങ്കിൽ നന്തി ടൗണിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിന് തടസ്സമില്ല.

## കെ.എസ്.എഫ്.ഇ. വായ്പാ തിരിച്ചടവിൽ ഇളവ്

75(4186) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം കെ.എസ്.എഫ്.ഇ.-യിൽനിന്നെടുത്ത വായ്പകളിൽ തിരിച്ചടവ് മുടങ്ങിയവർക്ക് 2021 സെപ്റ്റംബർ 30 വരെ അനുവദിച്ചിരുന്ന ഇളവുകളും ആനുകൂല്യങ്ങളും ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ.-യിൽ ആശ്വാസ് 2020 എന്ന പേരിലുള്ള ഒറ്റത്തവണ പദ്ധതി പ്രകാരം ദീർഘനാളായി കുടിശ്ശികയായിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതുമായ ചിട്ടി/ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് കുടിശ്ശിക തീയതി അടിസ്ഥാനപ്പെടുത്തി 50% മുതൽ 90% വരെ പലിശ ഇളവ് നൽകിക്കൊണ്ടുള്ള പദ്ധതി 1-7-2020 മുതൽ നിലവിലുണ്ട്. 30-9-2021-ന് അവസാനിക്കേണ്ടിയിരുന്ന ഈ പദ്ധതിയുടെ കാലാവധി 23-10-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ 1-10-2020 മുതൽ കെ.എസ്.എഫ്.ഇ. ശാഖകളിൽ വിളിച്ചെടുക്കാത്തതും 70% വരെ തവണകൾ മുടക്കമായതുമായ ചിട്ടികൾക്ക് പൂർണ്ണമായ പലിശയിളവും കുടിശ്ശികയായിട്ടുള്ള വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കുന്നതിന് മുഴുവൻ പിഴപ്പലിശയും ഒഴിവാക്കിക്കൊണ്ടും 23-10-2021 വരെ നിലനിൽക്കുന്ന പദ്ധതിയുമുണ്ട്. അതിനുപുറമേ, കോവിഡ് കാലത്തെ സ്പെഷ്യൽ പാക്കേജ് എന്നനിലയ്ക്ക് 16-3-2020 മുതൽ 20-1-2021 വരെ ചിട്ടി വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് മുഴുവൻ പലിശയും ഒഴിവാക്കികൊണ്ടുള്ള പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതി 21-1-2021 മുതൽ 23-10-2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത ഇളവുകളുടെയും ആനുകൂല്യങ്ങളുടെയും കാലാവധി ചുരുങ്ങിയത് ആറുമാസംകൂടി ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി ഇപ്പോൾ നിലവിലുള്ളതുകൊണ്ട് വീണ്ടും ദീർഘിപ്പിക്കുന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കെ.എസ്.എഫ്.ഇ. വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി

76(4187) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കും സാധാരണക്കാർക്കും കെ.എസ്.എഫ്.ഇ. വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കർഷകർക്കും സാധാരണക്കാർക്കും തിരിച്ചടവ് ശേഷിയനുസരിച്ച് കെ.എസ്.എഫ്.ഇ. നിലവിൽ വായ്പകൾ അനുവദിക്കുന്നുണ്ട്. ഇത് കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ. വഴി ഹൗസിംഗ് ലോൺ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ കെ.എസ്.എഫ്.ഇ.-യിൽ ഹൗസിംഗ് ലോൺ പദ്ധതിയുണ്ട്. അതുപ്രകാരം 1 കോടി രൂപ വരെയുള്ള തുക ഹൗസിംഗ് ലോണായി നൽകുന്നുണ്ട്.

(സി) കൂടുതൽ ആകർഷകമായ ചിട്ടികളിലൂടെ കെ.എസ്.എഫ്.ഇ.-യെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ആകർഷകമായ സമ്മാനങ്ങളോടെയും വരിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ (ഭാവി ബാധ്യത എഴുതിത്തള്ളുന്ന പദ്ധതി) നൽകുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങളോടെയുള്ള ചിട്ടികൾ കെ.എസ്.എഫ്.ഇ. നിലവിൽ നടത്തിവരുന്നുണ്ട്. ഇപ്പോൾ പ്രവാസികൾക്കായി പ്രത്യേക ചിട്ടി പദ്ധതിയും തദ്ദേശീയർക്കായി കൂടുതൽ ആകർഷകമായ മൾട്ടി ഡിവിഷൻ ചിട്ടി പദ്ധതിയും നല്ലരീതിയിൽ നടത്തുന്നുണ്ട്.

## കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ചുകൾ

77(4188) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കെ.എസ്.ആർ.ടി.സി.-യുടെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. പുതിയ ശാഖകൾ തുടങ്ങുന്ന സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഉചിതമായ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളുണ്ടെങ്കിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് പരിഗണിക്കുന്നതാണ്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ബ്രാഞ്ചുകൾ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബിസിനസ് പ്രായോഗികതയും ഇടപാടുകാരുടെ സൗകര്യവും വിലയിരുത്തിയാണ് കെ.എസ്.എഫ്.ഇ. ശാഖകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുന്നത്. നിലവിലെ ശാഖകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽനിന്നും വാടക കാലാവധിക്കു ശേഷം അനുയോജ്യമായ സർക്കാർ കെട്ടിടങ്ങൾ ലഭ്യമാകുന്നപക്ഷം അവിടേയ്ക്ക് മാറ്റുന്നതിന് തടസ്സമില്ല.

### കെ.എസ്.എഫ്.ഇ.-യിലെ ദിവസ വേതനക്കാരുടെ നിയമനം

78(4189) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഇല്ലെങ്കിൽ പുതുതായി ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ.-യിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലില്ല. പുതുതായി ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമില്ല.

(ബി) കെ.എസ്.എഫ്.ഇ.-യിൽ ദിവസവേതനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; അവർക്ക് നിർവ്വചിക്കപ്പെട്ട ജോലി എന്താണെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യിൽ ദിവസവേതനക്കാരെ നിയമിച്ചിരിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ; അല്ലെങ്കിൽ അവരെ നിയമിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ.-യുടെ ദൈനംദിന പണമിടപാടുകളും അനുസംബന്ധമായ പ്രവർത്തനങ്ങൾക്കുമായി ബ്രാഞ്ചുകളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ ഐഡിയും പാസ്‌വേഡും ദിവസവേതന ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി-ഡി)കെ.എസ്.എഫ്.ഇ.-യിൽ ദിവസവേതനത്തിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ, പി.എസ്.സി. ലിസ്റ്റ് ലഭ്യമാകുന്നതിനും പുതിയ പി.എസ്.സി. ഉദ്യോഗാർത്ഥികൾ ജോയിൻ ചെയ്യുന്നതിന് താമസം നേരിടുന്ന അവസരങ്ങളുൾപ്പെടെയുള്ള ഘട്ടങ്ങളിൽ ജോബ് വർക്കടിസ്ഥാനത്തിൽ ആളുകളെ ഉപയോഗിക്കാറുണ്ട്.

(ഇ) കെ.എസ്.എഫ്.ഇ.-യുടെ സാലറി & അലവൻസ് എന്ന അക്കൗണ്ട് ഹെഡ്ഡിൽനിന്നും സ്ഥിരജീവനക്കാരല്ലാത്ത എത്രപേർക്ക് ശമ്പളം നൽകുന്നുണ്ടെന്ന് വിശദമാക്കാമോ; ഈയിനത്തിൽ 2021 ആഗസ്റ്റ് മാസം നൽകിയ തുക എത്രയാണെന്ന് അറിയിക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ സാലറി & അലവൻസ് എന്ന അക്കൗണ്ട് ഹെഡ്ഡിൽനിന്നും സ്ഥിര ജീവനക്കാരല്ലാത്ത ആർക്കും ശമ്പളം നൽകുന്നില്ല. എന്നാൽ, ജോബ് വർക്കടിസ്ഥാനത്തിൽ നിയോഗിക്കുന്ന ആളുകൾക്ക് നൽകുന്ന പ്രതിഫലം സാലറി & അലവൻസ് എന്ന അക്കൗണ്ട് ഹെഡ്ഡിൽ ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്.

(എഫ്) കെ.എസ്.എഫ്.ഇ.-യിൽ ട്രാൻസ്ഫർ അപേക്ഷ ഓൺലൈനായി സ്വീകരിക്കാനും ട്രാൻസ്ഫർ ഓർഡറുകൾ ഓൺലൈനായി പ്രസിദ്ധീകരിക്കാനും തുടങ്ങിയത് ഏതുവർഷം മുതലാണ്; ഇക്കാലയളവ് മുതൽ ട്രാൻസ്ഫർ നോംസിൽ പറയുംപ്രകാരം മുൻഗണന പട്ടിക പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

2018 മുതൽ ട്രാൻസ്ഫർ അപേക്ഷ ഓൺലൈനായി സ്വീകരിക്കാൻ തുടങ്ങി. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനാലും ഓൺലൈൻ സംവിധാനം പൂർത്തിയാക്കാത്തതിനാലും മുൻഗണന പട്ടിക പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല.

(ജി) ദിവസവേതനക്കാർ ജോലി ചെയ്യുന്ന കെ.എസ്.എഫ്.ഇ.-യുടെ ശാഖകളിലേയ്ക്ക് സ്ഥിരം ജീവനക്കാർ ട്രാൻസ്ഫറിന് അപേക്ഷ നൽകുമ്പോൾ പരിഗണിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ജീവനക്കാരുടെ ട്രാൻസ്ഫറിന് ഓരോ ഓഫീസിലെയും ഒഴിവുകളാണ് പരിഗണിക്കുന്നത്.

## കെ.എസ്.എഫ്.ഇ.-യിലെ ജാമ്യ വ്യവസ്ഥകൾ

79(4190) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ചിട്ടികൾക്കും ലോണുകൾക്കും നിലവിലുള്ള ജാമ്യവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

വസ്തു ജാമ്യം, ഉദ്യോഗസ്ഥ ജാമ്യം, കെ.എസ്.എഫ്.ഇ.-യിലെയും ബാങ്കുകളിലെയും സ്ഥിരനിക്ഷേപങ്ങൾ, എൽ.ഐ.സി. പോളിസി, ബാങ്ക് ഗ്യാരന്റി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, കെ.എസ്.എഫ്.ഇ.-യിലെ വിളിക്കാത്ത ചിട്ടിയുടെ പാസ്ബുക്ക്, സ്വർണ്ണാഭരണങ്ങൾ എന്നിവയാണ് ചിട്ടികൾക്കും ലോണുകൾക്കും ജാമ്യമായി കെ.എസ്.എഫ്.ഇ. സ്വീകരിക്കുന്നത്.

(ബി) കെ.എസ്.എഫ്.ഇ. കൂടുതൽ ജനസൗഹൃദമാക്കാൻ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് കാലാനുസൃതമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യിൽ കൈവശസ്ഥലം ജാമ്യം നൽകുമ്പോൾ അവസാന നിമിഷം നിസ്സാരകാരണങ്ങൾ ചൂണ്ടിക്കാട്ടി ലോണുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

80 (4191) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാടെന്താണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിലെ നെടിയവിള, പുതിയകാവ്, തൃശ്ശൂർ ജില്ലയിലെ രാമവർമ്മപുരം, ഒല്ലൂർ, മലപ്പുറം ജില്ലയിലെ ചേളാരി, തിരൂർ-II, പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം, കുറ്റൂർ എന്നിവിടങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം അമ്പതോളം പുതിയ ശാഖകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**അപകട ഇൻഷ്വറൻസ് പദ്ധതി**

81(4192) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന അപകട ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദവിവരം നൽകാമോ?

സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാല, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിട ങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് അപകടമരണം, അപകടംമൂലം സംഭവിച്ച സ്ഥിരമായ അംഗവൈകല്യം എന്നിവയിൽ പരിരക്ഷ നൽകുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനുകീഴിൽ ആരംഭിച്ച പദ്ധതിയാണ് ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (GPAIS). 29-5-2007-ലെ സ.ഉ. (പി) നമ്പർ 221/07/ധന. പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും നാഷണൽ ഇൻഷ്വറൻസ് കമ്പനിയും കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മാത്രമായി നടപ്പാക്കിയിരുന്നു. 23-11-2010-ലെ സ.ഉ. (പി). നമ്പർ. 616/2010/ധന. ഉത്തരവുപ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പു മുഖേന ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്.) തുടർന്നുവരുന്നു. ജി.പി.എ.ഐ.എസ്. സംസ്ഥാനത്തെ പാർട്ട്-ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുനിസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുനിസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. 18-11-2019-ലെ സ.ഉ.(പി) നമ്പർ 159/2019/ധന. പ്രകാരം എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെയും ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാർക്ക് 500 രൂപ, സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/ പൊതുമേഖലാ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 500 രൂപ+ ജി.എസ്.ടി., കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 600 രൂപ+ ജി.എസ്.ടി., കെ.എസ്.ഇ.ബി. ജീവനക്കാർക്ക് 850 രൂപ+ജി.എസ്.ടി., എസ്.എൽ.ആർ.

വിഭാഗം ജീവനക്കാർക്ക് 500 രൂപ+ജി.എസ്.ടി. എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്കും വനിതാ പോലീസ് ബറ്റാലിയൻ കമാൻഡോ കൾക്കും കമാൻഡോ ഓപ്പറേഷനുകൾക്കിടയിൽ സംഭവിക്കുന്ന അപകട മരണങ്ങൾക്ക് 24-2-2019-ലെ സ.ഉ. (പി). നമ്പർ. 21/2019/ധന., 18-11-2019-ലെ സ.ഉ. (പി) നമ്പർ. 159/2019/ധന., 5-11-2020-ലെ സ.ഉ. (പി). നമ്പർ 150/2020/ധന. എന്നീ ഉത്തരവുകൾ പ്രകാരവും പോലീസ് വകുപ്പിലെ കോസ്റ്റൽ പോലീസ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് 10-2-2021-ലെ സ.ഉ.(പി) നമ്പർ 26/2021/ധന., 26-7-2021-ലെ സ.ഉ. (പി). നമ്പർ 106/2021/ ധന. എന്നീ ഉത്തരവുകൾ പ്രകാരവും പ്രീമിയം 800 രൂപയ്ക്ക് വാഗ്ദത്ത തുക 20 ലക്ഷം രൂപ എന്നനിലയിൽ പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാർക്ക് മറ്റുരീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തി യിട്ടുണ്ട്. 23-11-2010-ലെ സ.ഉ. (പി). നമ്പർ 616/2010/ധന. ഖണ്ഡിക 6 പ്രകാരം നിയമം തെറ്റിച്ചുണ്ടാകുന്ന അപകട മരണങ്ങൾക്കും ആത്മഹത്യ കേസുകൾക്കും മദ്യപിച്ചുണ്ടാകുന്ന അപകട മരണങ്ങൾക്കും ക്ലെയിമിന് അർഹതയില്ല.

(ബി) 2015 മുതൽ 2021 വരെ ഇതുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ഓരോ വർഷവും നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

| വർഷം | ക്ലെയിമുകളുടെ എണ്ണം |
|---|---|
| 2015 | 140 |
| 2016 | 137 |
| 2017 | 115 |
| 2018 | 102 |
| 2019 | 91 |
| 2020 | 48 |
| 2021 | 22 |

2021-ൽ ആകെ 22 ജി.പി.എ.ഐ.എസ്. ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തതിൽ 3 ക്ലെയിമുകൾ തീർപ്പാക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 19 ക്ലെയിമുകൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ക്ലെയിം രേഖകൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ അംഗമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം നൽകാമോ?

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാണ്.

(ഡി) ഇതിൽ അംഗമാകുന്ന എല്ലാ ജീവനക്കാർക്കും ഒരേ പ്രീമിയം നിരക്കാണോ വാങ്ങുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

അല്ല. കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., റിസർവ് ബറ്റാലിയൻ കമാൻഡോസ് തുടങ്ങിയ ജീവനക്കാർക്ക് പ്രീമിയം തുക യഥാക്രമം 850, 600, 800 രൂപയും മറ്റ് ജീവനക്കാർക്ക് 500 രൂപയുമാണ്. അപകടസാധ്യത കൂടുതലുള്ള മേഖലയിൽ ജോലി ചെയ്യുന്നതുകൊണ്ടാണ് പ്രീമിയം തുക കൂടുതൽ ഈടാക്കുന്നത്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

82(4193) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് മുന്നോട്ട് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ?

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിക്കായുള്ള റീ-ടെൻഡർ നടപടികളിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എന്നീ കമ്പനികളാണ് പങ്കെടുത്തത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രീമിയമായി എത്ര രൂപയാണ് ജീവനക്കാരും പെൻഷൻകാരും അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ കരാറിലേർപ്പെടുന്ന മുറയ്ക്കുമാത്രമേ ജീവനക്കാരും പെൻഷൻകാരും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് എത്ര രൂപവീതമാണ് വിഹിതമായി നൽകേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

## ചെറുകിട വ്യവസായ സംരംഭകർക്കുവേണ്ടി കെ.എഫ്.സി. നടപ്പാക്കുന്ന പദ്ധതികൾ

83(4194) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. മുതൽ തുകയ്ക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തേയ്ക്കാണ് അവധി. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി. അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. ഇളവ് നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറച്ചു. 20% കോവിഡ് വായ്പകൾ മറ്റ് നടപടിക്രമങ്ങളില്ലാതെ മുൻകൂർ അനുമതി (Pre approved) വായ്പകളായിട്ടാണ് അനുവദിച്ചത്. അർഹരായ സംരംഭകർക്ക് വായ്പ മുൻകൂറായി അനുവദിച്ച്, അവരെ അറിയിച്ചിട്ടുണ്ട്.

## നികുതി വെട്ടിപ്പ് തടയാൻ നടപടി

84(4195) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തി റോഡുകളിലൂടെയും മറ്റ് പ്രധാന റോഡുകളിലൂടെയും നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക സർവെയ്‌ലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് വാഹന പരിശോധന നടത്തിവരുന്നു. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് - വാളയാർ, കാസർഗോഡ്-ബംഗ്ര, മഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച് നിരീക്ഷിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഇതുകൂടാതെ ഒൻപത് ജില്ലകളിലായി ഇരുപത്തിമൂന്ന് സ്ഥലങ്ങളിൽ എ.എൻ.പി.ആർ. (ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ) ക്യാമറകൾ സ്ഥാപിച്ച് മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം തത്സമയംതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട; കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി; പാലക്കാട് ജില്ലയിൽ വാളയാർ, നടുപുനി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി; മലപ്പുറം ജില്ലയിൽ വഴിക്കടവ്; കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി; വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി; കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി; കാസർഗോഡ് ജില്ലയിൽ ബംഗ്ര, മഞ്ചേശ്വരം, പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ ടോൾ പ്ലാസകൾ വഴി കടന്നുപോകുന്ന ചരക്കുവാഹനങ്ങൾ ഫാസ്റ്റ് ടാഗ് മുഖേന രേഖപ്പെടുത്തുന്നത് ഇ-വേ ബില്ലുകളുടെ രേഖകളുടെ അടിസ്ഥാനത്തിൽ ഒത്തുനോക്കി നികുതി വെട്ടിപ്പിനുള്ള സാധ്യത കണ്ടെത്തുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ പോർട്ടലിൽ നിലവിൽ വന്നിട്ടുണ്ട്. മേൽ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ചരക്കുനീക്കത്തിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി

85(4196) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവിന്റെ കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നികുതി പിരിവിന്റെ കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നടത്തിവരുന്നു. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിലധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിച്ചോർച്ചയുടെ മേഖലകളെയും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിലുൾപ്പെടുത്തി നിശ്ചിത സമയത്തുതന്നെ ഫയൽ ചെയ്യുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ച് പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യപടി എന്നനിലയിൽ ഫോൺ, ഇ-മെയിൽ, എസ്.എം.എസ്. എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമ്മപ്പെടുത്തുന്നു. ശേഷം പിഴ, അസസ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽനിന്നും തെരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചതു വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്നരീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായകമായി. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ 2017 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശികയുടെ വകുപ്പുതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് 2017 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക 793839.618 ലക്ഷം രൂപയാണ്.

(സി) നികുതി കുടിശ്ശിക സമയബന്ധിതമായി പിരിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയുംപെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായി നിലവിൽ ആംനെസ്റ്റി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിലുൾപ്പടെയുള്ള നികുതി കുടിശ്ശികകൾ അടയ്ക്കാത്തവർക്കെതിരെ വകുപ്പ് തലത്തിലും ജില്ലാ കളക്ടർ മുഖേനയും റിക്കവറി നടപടികൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നികുതിയേതര വരുമാനത്തിലെ കുറവ്**

86(4197) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന്റെ നികുതിയേതര വരുമാനം 2011-12-ലെ തുകയിൽനിന്നും 325 ശതമാനമുയർന്ന് (2592 കോടി രൂപയിൽനിന്നും 8425 കോടി രൂപയായി) 5833 കോടി രൂപയുടെ വർദ്ധനവുണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ച് വ്യക്തമാക്കാമോ?

2012-13 സാമ്പത്തികവർഷം ആഭ്യന്തര വകുപ്പുൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകൾ മുഖേനയുള്ള സേവനങ്ങൾക്ക് ഈടാക്കി വന്നിരുന്ന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിരുന്നു. തുടർന്ന് 1-4-2012-നുശേഷം സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്ത വകുപ്പുകൾക്ക്, 10 രൂപ മുതൽ 1000 രൂപ വരെ 50%, 1000 രൂപ മുതൽ 10,000 രൂപ വരെ 25%, 10,000 രൂപയ്ക്ക് മുകളിൽ 15% എന്ന നിരക്കിൽ 23-9-2014-ലെ സ.ഉ. (അച്ചടി) നമ്പർ 409/2014/ധന പ്രകാരം സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിരുന്നു. സർക്കാർ വകുപ്പുകൾ മുഖേനയുള്ള സേവനങ്ങളിൽ ഏറിയപങ്കും 10 രൂപ മുതൽ 10,000 രൂപ വരെയുള്ള ഫീസ് ഈടാക്കുന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. മേൽഘടകങ്ങളാണ് 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ നികുതിയേതര വരുമാനത്തിലുണ്ടായ വർദ്ധനവിന് അടിസ്ഥാനം. 2011-12 സാമ്പത്തിക വർഷത്തിൽനിന്നും 2015-16 സാമ്പത്തിക വർഷമായപ്പോഴുള്ള നികുതിയേതര വരുമാന വർദ്ധനവ് 225 ശതമാനമാണ്.

(ബി) 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിന്റെ നികുതിയേതര വരുമാനം 2016-17-ലെ തുകയിൽനിന്നും 145% ഉയർന്ന് (8425 കോടി രൂപയിൽനിന്നും 12265 കോടി രൂപയായി) 3840 കോടി രൂപയുടെമാത്രം വർദ്ധനവുണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ച് വ്യക്തമാക്കാമോ?

നോട്ട് നിരോധനം, ഓഖി, തുടർച്ചയായ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയം കൂടാതെ 2019-20 സാമ്പത്തികവർഷം അവസാന പാദത്തിലുണ്ടായ കോവിഡ് ഭീഷണി എന്നിവമൂലമുണ്ടായ സാമ്പത്തികമാന്ദ്യം 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ നികുതിയേതര വരുമാനത്തെ സാരമായി ബാധിച്ചു.

(സി) പ്രതീക്ഷിത വർദ്ധനവുണ്ടാകാത്തതിൽ കോവിഡ് ഇതര/പ്രളയ ഇതര സാഹചര്യങ്ങളും കാരണങ്ങളും വിലയിരുത്തി പരിശോധിച്ച് ആയതിനുള്ള കാരണങ്ങൾ അറിയിക്കാമോ?

പ്രളയ/കോവിഡ് സാഹചര്യങ്ങളെ മാറ്റി നിർത്തിയാൽ നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിത വർദ്ധനവുണ്ടായിട്ടുണ്ട്.

**റോഡ് നികുതിയിൽനിന്ന് കോൺട്രാക്ട് കാര്യേജ് വാഹനങ്ങളെ ഒഴിവാക്കൽ**

87(4198) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിനെത്തുടർന്ന് വിവിധ മേഖലകളിൽ നൽകിയ ഇളവുകളിൽ കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഇളവുകൾ നൽകിയിരുന്നോ എന്നറിയിക്കാമോ?

നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

(i) നികുതി ഇളവ് നൽകിയത്

| ഉത്തരവ് | കാലാവധി | റിമാർക്സ് |
|---|---|---|
| 23-3-2020-ലെ ജി.ഒ.(പി)നം 13/2020/ഗതാ | 1-4-2020-30-6-2020 | നികുതിയിൽ 20% ഇളവ് നൽകി |
| 6-11-2020-ലെ ജി.ഒ.(പി)നം 60/2020/ഗതാ | 1-10-2020-31-12-2020 | നികുതിയിൽ 50% ഇളവ് നൽകി |

(ii) നികുതി ദീർഘിപ്പിച്ച് നൽകിയത്

| ഉത്തരവ് | കാലാവധി | റിമാർക്സ് |
|---|---|---|
| 14-7-2020-ലെ ജി.ഒ. (പി)നം 40/2020/ഗതാ | 1-4-2020-30-6-2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15-8-2020 വരെ ദീർഘിപ്പിച്ചു |
| 13-10-2020-ലെ ജി.ഒ. (പി)നം 52/2020/ഗതാ | 1-10-2020-31-12-2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30-11-2020 വരെ ദീർഘിപ്പിച്ചു |
| 7-5-2021-ലെ ജി.ഒ. (പി)നം 14/2021/ഗതാ | 1-4-2021-30-6-2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31-5-2021 വരെ ദീർഘിപ്പിച്ചു |
| 30-9-2021-ലെ ജി.ഒ. (പി)നം 28/2021/ഗതാ | 1-7-2021-30-9-2021<br>1-10-2021-31-12-2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31-12-2020 വരെ ദീർഘിപ്പിച്ചു |

(iii) നികുതി ഒഴിവാക്കി നൽകിയത്

| ഉത്തരവ് | കാലാവധി | റിമാർക്സ് |
|---|---|---|
| 27-8-2020-ലെ ജി.ഒ. (പി) നം 45/2020/ഗതാ | 1-7-2020-30-9-2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി |
| 20-2-2021-ലെ ജി.ഒ. (പി) നം 09/2021/ഗതാ | 1-1-2021-31-3-2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി |
| 7-9-2021-ലെ ജി.ഒ.(പി) നം 27/2021/ഗതാ | 1-4-2021-30-6-2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |

(ബി) ലോക്ഡൗണിനെത്തുടർന്ന് ഗതാഗതമേഖലയൊട്ടാകെ സ്തംഭിച്ചിരുന്നത് കണക്കിലെടുത്ത് കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ 31-12-2021 വരെയുള്ള റോഡ് നികുതി ഒഴിവാക്കി നൽകാമോ?

കോൺട്രാക്ട് കാര്യേജുകളുടെ 31-12-2021 വരെയുള്ള റോഡ് നികുതി ഒഴിവാക്കി നൽകാൻ തീരുമാനമെടുത്തിട്ടില്ല.

## നിയമ വകുപ്പിലെ ജീവനക്കാരുടെ ട്രാൻസ്ഫർ

88(4199) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിനുപുറത്ത് മറ്റ് ഓഫീസുകളിലേയ്ക്ക് എത്ര ഉദ്യോഗസ്ഥരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ നിയമ വകുപ്പിന്റെ പരിഗണനയിലുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥർ ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിയമവകുപ്പിലുള്ള ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമ വകുപ്പിൽനിന്നും സെക്രട്ടേറിയറ്റിനുപുറത്ത് മറ്റ് ഓഫീസുകളിലേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ ആരെയും ട്രാൻസ്ഫറിൽനിന്നും ഒഴിവാക്കിയിട്ടില്ല.

## കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ് -2021

89(4200) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംഘടിത കുറ്റവാളികളെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പി ക്കാനായി ആഭ്യന്തര വകുപ്പ് തയ്യാറാക്കിയ കേരള കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈംസ്-2021, നിയമത്തിന്റെ കരട് പരിശോധനയ്ക്കും നിയമോപദേശത്തിനുമായി നിയമവകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായത്തിന് നൽകിയ കരട് നിയമത്തിലെ വ്യവസ്ഥകളും സംസ്ഥാനത്ത് ഇത്തരത്തിലൊരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും ഭരണവകുപ്പ് പരിശോധിച്ചതായും നയപരമായ തീരുമാനം കൈക്കൊണ്ടതായും കാണാത്തതിനാൽ സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ 45-ാം ചട്ടപ്രകാരമുള്ള പരിശോധന നടത്തിയിട്ടില്ല.

**അഭിഭാഷകരുടെ എൻറോൾമെന്റ്**

90(4201) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂരിലെ ഈവനിംഗ് കോളേജുകളിൽനിന്ന് എൽ.എൽ.ബി. പാസ്സായി കഴിഞ്ഞ അഞ്ചുവർഷത്തിൽ എത്രപേർ അഭിഭാഷകരായി സംസ്ഥാനത്ത് എൻറോൾ ചെയ്തിട്ടുണ്ട്; ഇവരിൽ പലർക്കും മിനിമം യോഗ്യതാ മാർക്കുപോലുമുണ്ടായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ 9421 പേർ അഭിഭാഷകരായി കേരള ബാർ കൗൺസിലിൽ എൺറോൾ ചെയ്തിട്ടുണ്ടെങ്കിലും അതിൽ എത്രപേർ ബാംഗ്ലൂർ ഈവനിംഗ് കോളേജുകളിൽനിന്ന് പാസ്സായിട്ടുണ്ടെന്ന വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഇവരിൽ പലർക്കും മിനിമം യോഗ്യതാ മാർക്കുപോലുമുണ്ടായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് കേരള ബാർ കൗൺസിൽ അറിയിച്ചിട്ടുണ്ട്.

(ബി) 2017, 2018, 2019 എന്നീ വർഷങ്ങളിൽ എൻറോൾ ചെയ്തവരിൽ പലരും ക്രിമിനൽ കേസ് പ്രതികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിമിനൽ കേസ് പ്രതികളായ കാര്യം മറച്ചുവച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ?

2017, 2018, 2019 കാലയളവിൽ അയോഗ്യരായ ആരേയും എൻറോൾ ചെയ്യാൻ അനുവദിച്ചിട്ടില്ല. എൻറോൾമെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് ക്രിമിനൽ പശ്ചാത്തലം, രേഖകളുടെ ആധികാരികത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

(സി) പ്രസ്തുത വർഷങ്ങളിൽ പ്രൊഫഷണൽ എത്തിക്സിനെതിരായി പ്രവർത്തിച്ചുവെന്ന നിലയിലുള്ള എത്രപരാതികൾ കേരള ബാർ കൗൺസിലിന് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പരാതികളിൽ നടപടി സ്വീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

പ്രൊഫഷണൽ മിസ് കൺഡക്ടുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ബേഡഡുക്ക ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

91(4202) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഖാദി ബോർഡിൽനിന്നും എടുത്ത ലോൺ ഒഴിവാക്കികൊടുക്കണമെന്ന സൊസൈറ്റിയുടെ ഹർജിയിൽ എന്തെങ്കിലും തുടർ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത ലോൺ ഒഴിവാക്കികൊടുക്കണമെന്ന സൊസൈറ്റിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഖാദി ബോർഡ് പരിശോധിച്ചുവരുന്നു. അന്തിമ നടപടിയായിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ പ്രസ്തുത സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് ഖാദി ബോർഡിൽ പദ്ധതിയില്ല.

**കേരള ഓട്ടോമൊബൈൽസ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

92(4203) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പാക്കിയതെന്നാണെന്ന് വ്യക്തമാക്കുമോ; ദീർഘകാലമായി ഇവിടെ ശമ്പളപരിഷ്കരണം നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കുമോ; മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് 2003-ലും ഓഫീസർ കാറ്റഗറിയിലെ ജീവനക്കാർക്ക് അവസാനമായി ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് 2010-ലുമാണ്. 2006 മുതൽ കമ്പനി തുടർച്ചയായി നഷ്ടത്തിലായതിനാലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തത്. കമ്പനി 80 കോടി രൂപയോളം സഞ്ചിത നഷ്ടത്തിലായതിനാലും തുടർച്ചയായ വർഷങ്ങളിലും നഷ്ടത്തിലായതിനാലും കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ സാധ്യമല്ല. കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നൽകുന്നതുമായി ബന്ധപ്പെട്ട ശിപാർശയുടെ വിവിധ സാമ്പത്തികവശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേരള ഓട്ടോമൊബൈൽസ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2014 മുതൽ ജീവനക്കാരുടെ പി.എഫ്. വിഹിതം അടയ്ക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.എഫ്. വിഹിതം അടച്ചുതീർക്കുന്നതിനായി കെ.എ.എൽ.-ന് പ്രത്യേക സഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 ഫെബ്രുവരിവരെ റിട്ടയർ ചെയ്ത എല്ലാ ജീവനക്കാരുടെയും പി.എഫ്. വിഹിതം അടച്ചിട്ടുണ്ട്. കുടിശ്ശിക അടച്ച് തീർക്കുന്നകാര്യം കമ്പനിയുടെ പ്രവർത്തനക്ഷമതയുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതായിരിക്കും. പി.എഫ്. വിഹിതം അടച്ചുതീർക്കുന്നതിനായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് പ്രത്യേക സഹായം അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കെ.എ.എൽ.-ന് പ്രവർത്തന മൂലധനമായി സർക്കാർ ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും ഇത് എപ്രകാരം വിനിയോഗിക്കുന്നുവെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് റീ-അപ്രോപ്രിയേഷൻ മുഖേന പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയും അതിൽനിന്ന് 100 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇ-ലാംസ് മുഖേന 34 ലക്ഷം രൂപയും ഈ സാമ്പത്തികവർഷം കമ്പനിക്ക് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. മേൽസൂചിപ്പിച്ച തുകകൾ കമ്പനിയുടെ നിലവിലെ പ്രധാന ഉത്പന്നമായ ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണത്തിനായാണ് വിനിയോഗിക്കുന്നത്. കൂടാതെ ഇ-ഓട്ടോ, ഇ-റിക്ഷാ, ഇ-സ്കൂട്ടർ എന്നിവയുടെ നിർമ്മാണത്തിനും വികസനത്തിനുമായി 816 ലക്ഷം രൂപയുടെ പദ്ധതിക്ക് ഈ സാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

### ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

93 (4204) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് എവിടെയെല്ലാം യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ട്രാക്കോ കേബിൾ കമ്പനിയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഇരുമ്പനം, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കണ്ണൂർ ജില്ലയിലെ പിണറായി എന്നിവിടങ്ങളിലായി മൂന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ യൂണിറ്റിലും എന്തൊക്കെയാണ് ഉത്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

എറണാകുളത്തെ ഇരുമ്പനം യൂണിറ്റിൽനിന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡിനാവശ്യമായ ആൾ അലൂമിനിയം കണ്ടക്ടർ, സ്റ്റീൽ റീ ഇൻഫോഴ്സ്ഡ് കണ്ടക്ടർ, ആൾ അലോയ് അലൂമിനിയം കണ്ടക്ടർ, വെതർ പ്രൂഫ് കേബിളുകൾ, പി.വി.സി. ഇൻസുലേറ്റഡ് കേബിളുകൾ, സിഗ്നലിംഗ് കേബിളുകൾ, കൺട്രോൾ കേബിളുകൾ, എച്ച്.ടി./എൽ.ടി. ക്രോസ് ലിങ്ക്ഡ് പോളിത്തീൻ കേബിളുകൾ, പേപ്പർ ഇൻസുലേറ്റഡ് കേബിളുകൾ മുതലായ ഉത്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. തിരുവല്ല യൂണിറ്റിൽ അലുമിനിയം കണ്ടക്ടേഴ്സുകളും പി.വി.സി. ഇൻസുലേറ്റഡ് കേബിളുകളും എച്ച്.ടി./എൽ.ടി. ക്രോസ് ലിങ്ക്ഡ് പോളിത്തീൻ കേബിളുകളും ഭൂഗർഭ കേബിളുകളും നിർമ്മിച്ചുവരുന്നു. പിണറായി യൂണിറ്റിൽ ഗൃഹ വൈദ്യുതീകരണത്തിനാവശ്യമായ വിവിധതരം കേബിളുകൾ നിർമ്മിച്ചുവരുന്നു.

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽനിന്നും ലഭ്യമാകുന്നതെന്നറിയിക്കാമോ?

കേരള സംസ്ഥാന വൈദ്യുതി ബോർഡിനാവശ്യമുള്ള കേബിളുകളുടെ 75 ശതമാനം ട്രാക്കോ കേബിൾ കമ്പനി മുഖേന ലഭ്യമാക്കുന്നുണ്ട്. കൂടാതെ, വർദ്ധിച്ചു വരുന്ന വിപണനസാധ്യത കണക്കിലെടുത്ത് പൊതുമേഖലയിൽ ആദ്യമായി ഹൗസ് വയറിംഗിനാവശ്യമായ വിവിധ കേബിളുകൾ കമ്പനി ലഭ്യമാക്കുന്നുണ്ട്. ഏറ്റവും ഗുണമേന്മയുള്ള കോപ്പർ, പി.വി.സി. എന്നീ അസംസ്കൃത വസ്തുക്കളുപയോഗിച്ച് ഗുണമേന്മയുള്ള കേബിളുകൾ ട്രാക്കോ കേബിൾ കമ്പനി ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചുവരുന്നതിനാൽ ഉപഭോക്താക്കൾക്ക് പവർ സേവിംഗ്, മണി സേവിംഗ്, മെയിന്റനൻസ് ഫ്രീ എന്നിവ ഉറപ്പുനൽകുന്നു.

(ഡി) പ്രസ്തുത കമ്പനി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ട്രാക്കോ കേബിൾ കമ്പനിയിൽ 16 കോടി രൂപ മുതൽമുടക്കി 66 കെ.വി. വരെയുള്ള XLPE ഭൂഗർഭ കേബിളുകൾ ഡ്രൈക്യൂവർ എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉത്പാദിപ്പിക്കാനുള്ള പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഇതിന്റെ ആദ്യപാദ ചെലവിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനിൽ വ്യവസ്ഥ ചെയ്തുപ്രകാരം 2022-2030 വരെ വിഭാവനം ചെയ്തിട്ടുള്ള ആധുനികവൽക്കരണ/വിപുലീകരണ/വൈവിദ്ധ്യവൽക്കരണ പദ്ധതികൾ പരിഗണനയിലാണ്.

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ്**

94(4205) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും അതനുസരിച്ച് ശമ്പള പരിഷ്കരണം നടത്താനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 20-4-2017-ലെ സ.ഉ. (സാധാ) നമ്പർ 21/2017/P&EA ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലെ വേതന ഘടനയെക്കുറിച്ച് സമഗ്രമായ പഠനംനടത്താനും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ശമ്പള/വേതന പരിഷ്കരണത്തിനായി ഒരു പൊതുചട്ടം രൂപീകരിക്കുന്നതിനും പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും അതനുസരിച്ച് ശമ്പളപരിഷ്കരണം നടത്തുന്നതിനുമായി സർക്കാരിന് ശിപാർശകൾ നൽകാനായി സംസ്ഥാന സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയുണ്ടായി.

(ബി) എങ്കിൽ ശമ്പളപരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിഗണനയിലുണ്ടോ; അറിയിക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളെയാണ് വിവിധ ഗ്രേഡുകൾ നൽകുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി&സി)വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്.

**മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഭൂമി തിരിച്ചെടുക്കാൻ നടപടി**

95(4206) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസിന് സർക്കാർ സൗജന്യമായി നൽകിയ 5.94 ഏക്കർ ഭൂമി തിരിച്ചെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ?

ഇതുസംബന്ധിച്ച കേസ് നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) അക്വയർ ചെയ്തുനൽകിയ 240.39 ഏക്കർ ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ മാനേജ്മെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ?

ഇല്ല.

(സി) കമ്പനി സ്വന്തമായി വാങ്ങിയ എൺപത് ഏക്കർ സ്ഥലം ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് സർക്കാരിനുദ്ദേശമുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) നിലവിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെയുള്ള കേസ് തീർപ്പാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

കേസ് വേഗത്തിൽ തീർപ്പാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

(ഇ) വ്യവസായ ആവശ്യത്തിന് സർക്കാർ ഏറ്റെടുത്ത് നൽകിയിരുന്ന ഭൂമി ഇൻഡസ്ട്രിയൽ പാർക്കായി വികസിപ്പിക്കുന്നതിന് ആയത് ഗ്രാസിമിൽനിന്ന് തിരിച്ചെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി 10-10-2017-ലെ സ.ഉ (എം. എസ്) നമ്പർ 97/2017/വ്യവ. നമ്പർ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

10-10-2017-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 97/2017 ഐ.ഡി. പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 33103/2017 ആയി റിട്ട് ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (എം.എസ്) 97/2017/വ്യവ. നമ്പർ സർക്കാർ ഉത്തരവിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## ക്ലിൻകർ ഇറക്കുമതി

96(4207) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് ഒരുവർഷം എത്ര ടൺ ക്ലിൻകർ ആണ് ഇറക്കുമതി ചെയ്യുന്നതെന്നും ആയത് ടെൻഡർ നടപടികളിലൂടെയാണോയെന്നും അറിയിക്കുമോ; ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ എന്തെല്ലാ മാണെന്നും വിശദമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡ്, വാർഷികാനുപാതത്തിൽ ക്ലിൻകർ വാങ്ങാറില്ല. എന്നാൽ അവശ്യഘട്ടങ്ങളിൽ കമ്പനി ഓപ്പൺ മാർക്കറ്റിൽനിന്ന് ക്ലിൻകർ വാങ്ങി യിട്ടുണ്ട്. എൻ.ഐ.സി. പോർട്ടൽ മുഖേനയുള്ള ടെൻഡർ നടപടികൾ പാലിച്ചാണ് വാങ്ങിയിട്ടുള്ളത്.

(ബി) ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നുമാണ് 53 ഗ്രേഡ് സിമന്റ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും എത്ര രൂപയ്ക്കാണ് ഒരു ടൺ ഇറക്കുമതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡ് അവസാനമായി ക്ലിൻകർ ഇറക്കുമതി ചെയ്തത് യു.എ.ഇ.-യിൽനിന്നുമാണ്. ഇവയുടെ വില സി.എഫ്.ആർ., കൊച്ചിൻ നിരക്ക് മെട്രിക് ടണ്ണിന് 50.80 യു.എസ്.ഡി. ആണ്.

(സി) നിലവിൽ മലബാർ സിമന്റ്സിന് ക്ലിൻകർ സപ്ലൈ ചെയ്യുന്നത് ആരാണെന്നും ഇവരുടെ വിലാസവും ഇവർക്ക് പണം നൽകുന്നതിനുള്ള വ്യവസ്ഥകളും എന്തെല്ലാമാണെന്നും അറിയിക്കാമോ; എത്ര കാലത്തിനുള്ളിലാണ് ബില്ലുകൾ മാറി നൽകുന്നതെന്നും വിശദമാക്കാമോ?

മലബാർ സിമന്റ്സ് ലിമിറ്റഡിൽ നിലവിൽ ആരുംതന്നെ ക്ലിൻകർ വിതരണം ചെയ്യുന്നില്ല.

(ഡി) വർഷത്തിൽ എത്ര തവണയാണ് മലബാർ സിമന്റ്സ് ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതെന്നും ആയതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും നിലവിൽ ക്ലിൻകർ ഇറക്കുമതി ചെയ്യുന്നതിനുള്ള ടെൻഡർ ഓപ്പൺ ആണോയെന്നും അറിയിക്കുമോ?

മലബാർ സിമന്റ്സ് നിലവിൽ ക്ലിൻകർ ഉത്പാദിപ്പിക്കുന്നുണ്ട്. ക്ലിൻകറിന്റെ ലഭ്യതക്കുറവ് അനുഭവപ്പെടുമ്പോൾ കമ്പനി ഓൺലൈൻ ടെൻഡർ മുഖേന പുറത്തു നിന്നും വാങ്ങാറുണ്ട്. നിലവിൽ ആവശ്യമായ 3000 മെട്രിക് ടൺ ക്ലിൻകറിന്റെ 10% വാങ്ങുന്നതിനുവേണ്ടി ടെൻഡർ നടപടി പുരോഗമിക്കുന്നുണ്ട്. ടെൻഡറിന്റെ സാങ്കേതിക ബിഡ് 20-10-2021-നായിരുന്നു.

## കെൽട്രോൺ മുഖേനയുള്ള കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികളുടെ വിതരണം

97(4208) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും പണം അടച്ചതിനുശേഷവും ഇതുവരെയും വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഗുരുവായൂർ നഗരസഭ ജനകീയാസൂത്രണ പദ്ധതി പ്രകാരം 8 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായി സി.പി.ആർ.സി.എസ്. മുഖേന വർക്ക് ഓർഡർ 14593 പ്രകാരം 3,67,828 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ടി ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടറുകൾ നഗരസഭയ്ക്ക് ലഭ്യമാക്കേണ്ടതായുണ്ട്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ കമ്പ്യൂട്ടറിനും അനുബന്ധ സാമഗ്രികൾക്കുമുണ്ടായ ലഭ്യതക്കുറവ് കാരണമാണ് ഓർഡർ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്. മേൽസൂചിപ്പിച്ച 8 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്ചറിൽ (OEM) നിന്നും കെൽട്രോണിന് ലഭ്യമാകുന്നമുറയ്ക്ക് 2021 നവംബർ മാസത്തോടുകൂടി നഗരസഭയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

98(4209) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്; BHEL-EML, കാസർഗോഡ്; ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ്, കോട്ടയം; BPCL, BEML എന്നീ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കാൻ നീതി ആയോഗിന്റെ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന, സംയുക്ത സംരംഭമായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകംതന്നെ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലുണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഈ കമ്പനിയുടെ പുനരുദ്ധാരണത്തിനാവശ്യമായ 43 കോടി രൂപയും മുൻകാലത്ത് കമ്പനി വരുത്തിവച്ച 34 കോടി രൂപയുടെ ബാധ്യതയും ചേർന്ന് 77 കോടിയോളം രൂപയുടെ ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. Corporate Insolvency Resolution Process (CIRP) പ്രകാരം നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ (NCLT), കൊച്ചി ബഞ്ചിൽ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരമാണ് 145.60 കോടി രൂപയ്ക്ക് HNL-നെ കേരള സർക്കാർ ഏറ്റെടുത്തത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി (വ്യവസായം), കിൻഫ്ര എം.ഡി. എന്നിവരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുകയും തുടർപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പുനഃസംഘടനയെയും തുടർപ്രവർത്തനത്തെയുംക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ഒരു ഉന്നതതല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഏറ്റടുക്കലിന്റെ ഭാഗമായി കേരള സർക്കാർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. ഈ

സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിലുയർന്ന സാഹചര്യവും കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേയ്ക്കുള്ള മുൻനീക്കം മുന്നോട്ടുപോയിട്ടില്ല. എങ്കിലും 5-1-2021-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് മുകളിൽപ്പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കരുതെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

**പൊതുമേഖല സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച്**

99(4210) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ വികസന പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 248.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 100 ദിനപരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലാരംഭിച്ച പുതിയ പദ്ധതികൾ ചുവടെചേർക്കുന്നു.

1. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ലിക്വിഡ് ഓക്സിജൻ നിർമ്മാണ പ്ലാന്റ് 7 TPD നിന്നും 10 TPD ആക്കുന്ന വിപുലീകരണ പദ്ധതി, ഹൈഡ്രോക്ലോറിക് ആസിഡ് ബാർജ് മുഖേന എത്തിക്കുന്ന പദ്ധതി, 40 TPH ബോയിലർ നിർമ്മാണ പദ്ധതിയുടെ തറക്കല്ലിടൽ എന്നീ പദ്ധതികൾ.

2. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്ററിന്റെയും സ്മാർട്ട് എനർജി മീറ്ററിന്റെയും നിർമ്മാണ പദ്ധതി.

3. ട്രാക്കോ കേബിൾ കമ്പനിയിൽ ആധുനിക മെഷിനറികൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

4. കേരള സിറാമിക്സിൽ വിപുലീകരണ പദ്ധതി.

5. കെ.സി.സി.പി. ലിമിറ്റഡിൽ സാനിറ്റൈസർ നിർമ്മാണ പദ്ധതി, കയർ ഡീ-ഫൈബറിംഗ് യൂണിറ്റ് എന്നീ പദ്ധതികളാരംഭിച്ചു. കൂടാതെ ബി.പി.സി.എൽ.-മായി ചേർന്ന് കരിന്തളത്ത് പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി.

6. കരകൗശല വികസന കോർപ്പറേഷൻ ചേർപ്പ് തൃശ്ശൂരിൽ ആരംഭിച്ച വുഡ് ക്ലസ്റ്ററിനായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിച്ചു.

7. സിഡ്കോയുടെ അധീനതയിലുള്ള 5 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതികളുടെ ഭാഗമായുള്ള മെഷിനറികൾ സ്ഥാപിക്കുന്ന പദ്ധതി.

8. കെൽട്രോണിൽ പൾസ് ഓക്സിമീറ്റർ നിർമ്മാണം, ഇ-ഹെൽത്ത് പദ്ധതിക്കായി 120 എണ്ണം 5 KVA യു.പി.എസ്. നിർമ്മിച്ച് നൽകിയ പദ്ധതി, മോട്ടോർ വെഹിക്കിൾസ് വകുപ്പിനായുള്ള കൺട്രോൾ റൂം സിസ്റ്റം, നൂതന ഇലക്ട്രോണിക് ശ്രവണസഹായി എന്നിവയുടെ നിർമ്മാണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### കോക്കോണിക്സിന് പുതുക്കിയ വെർഷൻ

100(4211) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ തനത് ലാപ്ടോപായ കോക്കോണിക്സിന്റെ പുതുക്കിയ വെർഷനുകൾ ഇറക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; ഇതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. കോക്കോണിക്സിന്റെ ലാപ്ടോപ്പുകൾ കാലോചിതമായി പരിഷ്കരിച്ച് പുതിയ മോഡൽ ലാപ്ടോപ്പുകൾ പുറത്തിറക്കാൻ കമ്പനി ലക്ഷ്യ മിടുന്നുണ്ട്. അപ്രകാരം പുതിയ മോഡൽ ലാപ്ടോപ്പുകൾ പുറത്തിറക്കുന്നതിനാ വശ്യമായ പ്രവർത്തന മൂലധനം സമാഹരിക്കാനാണ് കമ്പനി പരിശ്രമിക്കുന്നത്. പ്രവർത്തന മൂലധനം ലഭ്യമാകുന്നമുറയ്ക്ക് പുതിയ മോഡൽ ലാപ്ടോപ്പുകൾ പുറത്തിറക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

### ഇൻകൽ

101(4212) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിലേയ്ക്ക് സ്വകാര്യനിക്ഷേപം ആകർഷിക്കാനായി രൂപീകരിച്ച ഇൻകലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ അടിസ്ഥാനസൗകര്യ വികസന ത്തിനായി രൂപീകരിച്ച സ്ഥാപനമാണ് ഇൻകൽ. ഇൻകലിന്റെ പ്രവർത്തനം പൊതുവെ കാര്യക്ഷമമായാണ് നടക്കുന്നത്. പ്രായോഗികമായി വന്ന ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇൻകൽ വിരമിച്ച ഐ.എ.എസ്.-കാരുടെ ലാവണമായതിനാൽ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുന്നില്ലെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ വിരമിച്ച ഐ.എ.എസ്.-കാരെ ആരെയും ഈ സ്ഥാപനത്തിൽ നിയമിച്ചിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

102(4213) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര പുതിയ പൊതുമേഖലാ സ്ഥാപനങ്ങളാണ് ആരംഭിച്ചത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ ആരംഭിച്ച പുതിയ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2016 മേയ് 31-നുശേഷം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം അവസാനിപ്പിച്ചത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നുംതന്നെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല.

## പൊതുമേഖലാ-സംയുക്ത-സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

103(4214) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ-സഹകരണ-സംയുക്ത സ്ഥാപനങ്ങളുടെ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തനലാഭം കൈവരിച്ച സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനലാഭം എത്രയായിരുന്നുവെന്നും വിശദീകരിക്കാമോ;

(ബി) ഓരോ വർഷവും പ്രവർത്തനനഷ്ടം വരുത്തിയ സ്ഥാപനങ്ങളേതെല്ലാമാണെന്നും പ്രവർത്തനനഷ്ടം എത്രയെന്നും അറിയിക്കുമോ?

(എ&ബി) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ-സഹകരണ-സംയുക്ത സ്ഥാപനങ്ങളുടെ 2016 മുതൽ 2021 വരെയുള്ള കാലയളവിലെ പ്രവർത്തന ലാഭം/ പ്രവർത്തന നഷ്ടം എന്നിവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കാലയളവിൽ ഓഡിറ്റ് പൂർത്തിയാക്കിയ സ്ഥാപനങ്ങൾ എത്രയെന്നും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സ്ഥാപനങ്ങൾ ഓഡിറ്റ് പൂർത്തിയാക്കിയപ്പോൾ നഷ്ടത്തിലായെന്നും ഇതിനുള്ള കാരണങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സ്ഥാപനങ്ങളിൽ ഓഡിറ്റ് പൂർത്തീകരിക്കാൻ കാലതാമസം വരുമ്പോൾ ക്വിക് എസ്റ്റിമേറ്റ് പ്രകാരമുള്ള കണക്കുകളാണ് സമർപ്പിച്ചിരുന്നത്. ഓഡിറ്റ് പൂർത്തീകരിക്കുമ്പോൾ ഈ കണക്കുകളിൽ വ്യത്യാസം വരാറുണ്ട്. കമ്പനിയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് അക്കൗണ്ട്സ് ഫൈനലൈസേഷൻ സമയത്ത് സ്റ്റോക്ക്, മെറ്റീരിയൽ കോസ്റ്റ് എന്നിവയിൽ വന്ന വ്യത്യാസം, പ്രൊവിഷൻ നൽകിയത്, സെയിൽസ് വാല്യുവിൽ വന്ന വ്യതിയാനം, ഉത്പാദന ചെലവിൽ വന്ന വ്യത്യാസം (ഇത് പ്രൊവിഷണൽ കണക്കുകൾ തയ്യാറാക്കുമ്പോൾ കണക്കാക്കിയിരുന്നില്ല) മുതലായവയാണ് നഷ്ടത്തിലാകാനുള്ള കാരണങ്ങളായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്. പ്രസ്തുത കാലയളവിൽ ഓഡിറ്റ് പൂർത്തിയാക്കിയ സ്ഥാപനങ്ങളുടെ വിവരവും ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റ് പൂർത്തീകരിച്ചപ്പോൾ നഷ്ടത്തിലായ സ്ഥാപനങ്ങളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു*.

**സംരംഭകത്വ സംസ്കാര വികസനം**

104(4215) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി പ്രാരംഭഘട്ടത്തിൽ പാലിക്കേണ്ട നിയമപ്രകാരമുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിലുൾപ്പെടാത്ത, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ

ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്നുവർഷമാണ് കാലാവധി. മൂന്നുവർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

(ബി) സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. 500-ൽപ്പരം ഇ.ഡി. ക്ലബ്ബുകൾ സ്കൂൾ, കോളേജ് തലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇ.ഡി. ക്ലബ്ബുകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും 20,000 രൂപ ഗ്രാന്റായി അനുവദിച്ചുവരുന്നുണ്ട്.

(സി) നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ടെക്നോളജി ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ഇതുവഴി സംരംഭകർക്ക് പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനും ആ മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നു. കൂടാതെ ഐ.എൽ.ഒ. അംഗീകരിച്ചിട്ടുള്ള പരിശീലന മാതൃകകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. എറണാകുളം കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്നു.

## വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും വേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ

105(4216) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ സാധനങ്ങൾക്കും ഒപ്പം എല്ലാവിധ ഉപഭോക്തൃ സാധനങ്ങൾക്കും വിലകൂട്ടുന്നത് കെട്ടിടനിർമ്മാണ മേഖലയുൾപ്പെടെ ഉപഭോക്തൃ മേഖലയെ എത്തരത്തിൽ ബാധിക്കുമെന്നത് സർക്കാർ വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ എന്ത് കാരണങ്ങളാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കെട്ടിടനിർമ്മാണ സാധനങ്ങൾക്കും ഒപ്പം എല്ലാവിധ ഉപഭോക്തൃ സാധനങ്ങൾക്കും വില കൂട്ടുന്നത് കെട്ടിടനിർമ്മാണ മേഖലയുൾപ്പെടെ ഉപഭോക്തൃ മേഖലയെ എത്തരത്തിൽ ബാധിക്കുമെന്നത് വ്യവസായ വകുപ്പുതലത്തിൽ വിലയി രുത്തിയിട്ടില്ല. എന്നാൽ വ്യവസായ വകുപ്പിനുകീഴിൽ സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ വസ്തുക്കളുടെ 95 ശതമാനവും അന്യസംസ്ഥാന സ്വകാര്യ ഉത്പാദകരിൽ നിന്നും റെയിൽ/റോഡ് മാർഗ്ഗം എത്തിക്കേണ്ടിവരുന്ന സാഹചര്യം വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തി വരുന്ന MSE Cluster Development Programme പ്രകാരം ക്ലസ്റ്റർ അധിഷ്ഠിത പൊതുസേവന കേന്ദ്രമായി റോ മെറ്റീരിയൽ ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ നയങ്ങളും നികുതി നിർദ്ദേശങ്ങളും ഉപഭോഗ സാധന ങ്ങളിലടിച്ചേൽപ്പിക്കുന്ന നടപടികളുമാണെന്നതും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുൾപ്പെടുന്ന വ്യവസായ മേഖലയ്ക്കാവശ്യമായ ക്ഷേമപദ്ധതികൾ മാത്രമാണ് വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്നതിനാൽ ഇത്തരമൊരു പരിശോധന വ്യവസായ വകുപ്പ് മുഖേനയുണ്ടായിട്ടില്ല.

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാനും പ്രസ്തുത മേഖലകളെ സംരക്ഷിച്ച് വ്യാപാരമേഖലയ്ക്കും ഉപഭോക്താക്കൾക്കും പുത്തനു ണർവ് നൽകാനുമായി ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉത്പാദകരുടെയും വിതരണ ക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾവഴി കൂടുതൽ സിമന്റ് ഉത്പാദിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ ഭാഗമായി ട്രാവൻകൂർ

സിമന്റ്സ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഗ്രേ സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കമ്പനി ഉത്പാദിപ്പിക്കുന്ന വെള്ള സിമന്റിന്റെ വില കഴിഞ്ഞ 3 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. മലബാർ സിമന്റ്സ് ലിമിറ്റഡും കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തിവരുന്നത്. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെയും വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉത്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് www.keralaemarket.com/ www.keralaemarket.org, www.keralaemarket.kerala.gov.in എന്നീ ഇ-പോർട്ടൽ സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെയും പൊതുമേഖലാ സ്ഥാപന ങ്ങളുടെയും രജിസ്ട്രേഷൻ തുടർന്നുവരുന്നു. പുതിയ സംരംഭകർക്കും ഈ പോർട്ടലിന്റെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്. ഈ സംവിധാനത്തിലൂടെ കേരളത്തിലെ സംരംഭകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ-അന്തർദേശീയ വിപണികൾ പ്രയോജനപ്പെടുത്താൻ കഴിയും. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ഉത്പന്നങ്ങളുടെ എക്സിബിഷനുകൾ, കാർഷിക-ഭക്ഷ്യ-സംസ്കരണ മേഖലയുടെ പ്രോത്സാഹനത്തിനായി കേരള അഗ്രോ ഫുഡ് പ്രോ, സംരംഭകർക്ക് പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനുവേണ്ടി മെഷിനറി എക്സ്പോ എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും സംസ്ഥാനത്തിലെ തനതായ ഉത്പന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനുംവേണ്ടി വാണിജ്യമിഷനും രൂപംനൽകിയിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

106(4217) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് വിവിധ ജില്ലകളിൽ ലഭ്യമായ ഭൂമി അതത് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കണ്ടെത്തി ഡിസ്ട്രിക്ട് സൈറ്റ് സെലക്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. 24-5-2019-ലെ GO(Rt) 732/2017/ID നമ്പർ സർക്കാർ ഉത്തരവിലെ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണോ നിർദ്ദിഷ്ട ഭൂമിയെന്ന് അതത് ജില്ലകളിലെ വ്യവസായകേന്ദ്രം ജനറൽ മാനേജരും കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ പ്രതിനിധികളുമ ടങ്ങുന്ന ഡിസ്ട്രിക്ട് സൈറ്റ് സെലക്ഷൻ കമ്മിറ്റി വിശകലനം ചെയ്യുന്നു.

1. വ്യവസായികൾ അംഗീകരിക്കുന്ന തരത്തിലുള്ള വ്യാവസായിക ആവശ്യങ്ങൾക്കായി വികസിപ്പിക്കാവുന്ന തരത്തിലുള്ള ഭൂമി ആയിരിക്കണം.

2. ഏറ്റെടുക്കുന്ന ഭൂമിയുടെ 75 ശതമാനമെങ്കിലും വ്യവസായത്തിനായി അനുവദിക്കാൻ കഴിയണം.

3. പരിസ്ഥിതിലോല മേഖലയിൽപ്പെട്ട ഭൂമിയായിരിക്കരുത്.

4. ജലം, വൈദ്യുതി ലഭ്യതയുള്ള ഭൂമിയായിരിക്കണം, അല്ലാത്തപക്ഷം ടി സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ കഴിയണം.

5. നിയുക്ത സ്ഥലം സംസ്ഥാന/ദേശീയ പാതകൾക്ക് അടുത്തായിരിക്കണം.

ഇപ്രകാരം ഡിസ്ട്രിക്ട് സൈറ്റ് സെലക്ഷൻ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ച് സർക്കാർ അംഗീകാരം നൽകുന്നമുറയ്ക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുന്നു. മേൽപ്പറഞ്ഞവ കൂടാതെ 20-6-2017-ലെ GO(MS)47/2017/ID, 14-8-18-ലെ GO(MS)64/2018/ID എന്നീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ രൂപീകരിക്കാവുന്നതാണ്. ആയതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു.

സ്വകാര്യ വ്യക്തികൾ, കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, എം.എസ്.എം.ഇ. മേഖലയിലെ കൺസോർഷ്യം എന്നിവരുടെ ഉടമസ്ഥതയിൽ ഗ്രാമീണമേഖലയിൽ 25 ഏക്കറോ അതിലധികമോ ഉള്ളതും മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ 15 ഏക്കറോ അതിലധികമോ ഉള്ളതുമായ ഭൂമി വ്യവസായ ആവശ്യത്തിനായി അനുവദിക്കുന്നതിന് തല്പരരായവർ കിൻഫ്ര മാനേജിംഗ് ഡയറക്ടർ മുമ്പാകെ ഫോറം1-ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു.

(i) പ്രസ്തുത ഭൂമി വ്യവസായാവശ്യത്തിന് ഉത്തമമായിരിക്കണം. നിയുക്ത ഭൂമി ESA/CRZ പരിധിയിലോ Kerala Conservation of Paddy Land and Wet land Act 2008-ന്റെ പരിധിയിലോ ഉൾപ്പെടാത്ത ഭൂമിയായിരിക്കണം.

(ii) നിയുക്ത ഭൂമിയിൽ ജലഗതാഗത സൗകര്യമുണ്ടായിരിക്കണം.

(iii) അപേക്ഷകന് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നടത്തിക്കൊണ്ടു പോകാനുള്ള സാങ്കേതികവും സാമ്പത്തികവുമായ കഴിവുണ്ടായിരിക്കണം. ചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പെർമിറ്റ് അനുവദിക്കുന്നതിനായി പരിഗണിക്കുന്നതാണ്.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അനുവദിച്ചിട്ടുള്ളതെന്നും പ്രവർത്തിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളില്ല. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിക്കുന്നു.

(സി) വൈപ്പിൻ കരയുടെ മാനവവിഭവശേഷിയും വ്യാവസായികാന്തരീക്ഷവും കണക്കിലെടുത്ത് കൂടുതൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങുന്നതിനനുയോജ്യമായ സ്ഥലലഭ്യതയ്ക്കനുസരിച്ച് ടി വിഷയം പരിശോധിക്കാവുന്നതാണ്.

## പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്ന പ്ലാന്റ്

107(4218) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെങ്കിലും പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്ന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്ലാന്റ് പൊതുമേഖലയിലാണോ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ ERIGO BIO FUELS എന്ന സ്ഥാപനത്തിന് 2 ഏക്കർ സ്ഥലം അനുവദിച്ച് നൽകിയതിൽ പാചക എണ്ണ ബയോ ഡീസലാക്കി മാറ്റുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരം പ്ലാന്റുകളുള്ള സംസ്ഥാനങ്ങളും രാജ്യങ്ങളും ഏതാണെന്നും അവിടങ്ങളിലുള്ള പ്രവർത്തനങ്ങൾ എങ്ങനെയാണെന്നും പഠിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരമൊരു പഠനം വ്യവസായ വകുപ്പ് നടത്തിയിട്ടില്ല.

**ആലപ്പുഴ മണ്ഡലത്തിൽ ഇൻകൽ മുഖേനയുള്ള പ്രവൃത്തികൾ**

108(4219) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകൽ മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇൻകൽ മുഖേന ആലപ്പുഴ മണ്ഡലത്തിൽ ചുവടെചേർത്തിരിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

- പൊതുവിദ്യാഭാസ വകുപ്പ്-കക്കാഴം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരികയാണ്.

- നാലുചിറ സ്കൂളിന്റെ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിക്കാനുണ്ടായ കാലതാമസം കാരണം ഇപ്പോൾ റീ-ടെൻഡർ ചെയ്തിരിക്കുകയാണ്.

- ആരോഗ്യ വകുപ്പ് - മാവേലിക്കര ജില്ലാ ഹോസ്പിറ്റൽ നിർമ്മാണത്തിനുള്ള കരാർ നൽകിക്കഴിഞ്ഞു. ടെസ്റ്റ് പൈലിംഗ് നടത്തിയിട്ടുണ്ട്.

- ഗതാഗത വകുപ്പ് - ആലപ്പുഴ മൊബിലിറ്റി ഹബ് - കെ.എസ്.ആർ.ടി.സി.-യുടെ ആലപ്പുഴ ഗ്യാരേജിലെ ഒരു ഷെഡ് മാത്രം പൊളിച്ചുനീക്കി അവിടെ ടെസ്റ്റ് പൈലിംഗ് കഴിഞ്ഞു.

- കലവൂരിൽ നിർമ്മിക്കുന്ന താല്ക്കാലിക ഗ്യാരേജിന്റെ പണി പുരോഗതിയിലാണ്. ഇത് പൂർത്തിയാകുമ്പോൾ ഗ്യാരേജ് മാറ്റിസ്ഥാപിച്ചതിനുശേഷംനിലവിലെ കെട്ടിടങ്ങൾ നീക്കി പദ്ധതിയുടെ പണികൾ പൂർണ്ണതോതിൽ നടത്തുന്നതാണ്.

- ട്രഷറി വകുപ്പ് - മാന്നാർ, മുതുകുളം എന്നിവിടങ്ങളിൽ സബ്ട്രഷറികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

- വിനോദസഞ്ചാര വകുപ്പ് - ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് - നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പുതുക്കിപ്പണിയുക, പഴയ കെട്ടിടങ്ങൾ മോടിപിടിപ്പിക്കുക, ചരിത്ര പ്രാധാന്യമുള്ളവയെ മ്യൂസിയങ്ങളായി പുനർനിർമ്മിക്കുക എന്നിവയും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കടൽപ്പാല നിർമ്മാണവും ഈ പദ്ധതിയുടെ ഭാഗമാണ്. ഇവയെല്ലാം നിലവിലുള്ള ഭംഗി നിലനിർത്തി ചെയ്യുന്നതു കാരണം സാധാരണയിൽ കൂടുതൽ സമയം ആവശ്യമായി വരുന്നുണ്ട്.

## സ്വകാര്യമേഖലയിൽ ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ

109(4220) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി സ്വകാര്യമേഖലയിൽ ആരംഭിച്ച വൻവ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ്; ഓരോന്നും എത്ര തുകയുടെ നിക്ഷേപം സംസ്ഥാനത്ത് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ സ്വകാര്യ മേഖലയിലാരംഭിച്ച വൻവ്യവസായ സംരംഭങ്ങളും അവയിൽനിന്ന് സംസ്ഥാനത്തുണ്ടായ നിക്ഷേപവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിൻഫ്ര കൊച്ചി അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിൽ ബി.പി.സി.എൽ.-ന്റെ വികസന പദ്ധതികൾക്കായി 170 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് ഒരു ഐ.ടി/ഐ.ടി. അധിഷ്ഠിത പദ്ധതിക്കായി ഒരു ഇന്നോവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തിന് കൊച്ചിയിലെ കാക്കനാടുള്ള ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 36 ഏക്കർ സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 600 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിദേശ നിക്ഷേപകർ ഈ കാലയളവിൽ ആരംഭിച്ചിട്ടുള്ള വൻ സംരംഭങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ ചെങ്ങന്നൂരിൽ സ്ഥാപിതമായ ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ എൻ.ആർ.ഐ. നിക്ഷേപമുണ്ടായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ നിക്ഷേപകരെ പിന്തിരിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിലെ നിലവിലെ സാഹചര്യം സംരംഭകർക്ക് അനുകൂലമാണ്. സംരംഭകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ഘട്ടങ്ങളിൽ നിയമ നിർമ്മാണം അടക്കമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നൂതന പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിരവികസന ലക്ഷ്യസൂചിക പ്രകാരം, കഴിഞ്ഞ മൂന്നുവർഷങ്ങളിൽ (2018-20) കേരളം ഒന്നാം സ്ഥാനത്താണ്.

## വ്യാവസായിക വാണിജ്യ വകുപ്പിലെ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്- II തസ്തികയിലെ ഒഴിവുകൾ

110(4221) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും പ്രവർത്തിക്കുന്ന വ്യാവസായിക വാണിജ്യ വകുപ്പിന്റെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകൾ നിലവിൽവന്ന തീയതികളും നിയമനരീതികളും വ്യക്തമാക്കാമോ?

4 ഒഴിവുകളുണ്ട്. 2-11-2010, 7-6-2014, 17-4-2017, 23-3-2018 എന്നീ തീയതികളിലാണ് ഒഴിവുകൾ നിലവിൽവന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ നിയമനങ്ങൾ നടത്തുന്നത് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമനരീതിയും യോഗ്യതയും പ്രതിപാദിച്ചിട്ടില്ല.

(ബി) പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേനയാണ് നിയമനം നടക്കുന്നതെങ്കിൽ ഇപ്രകാരം നിയമനം ലഭിക്കാനാവശ്യമായ വിദ്യാഭ്യാസ യോഗ്യതകളുള്ള വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; നിയമനം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കുന്നതിന് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ഒരു ജീവനക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിലോ എക്സിക്യൂട്ടീവ് ഓർഡറിലോ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിലെ നിയമനരീതിയും യോഗ്യതയും പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഈ അപേക്ഷ നിരസിക്കുകയുണ്ടായി.

(സി) പ്രസ്തുത തസ്തികയുടെ സമാന തസ്തികകളായ ഇലക്ട്രീഷ്യൻ, ഡൈമേക്കർ തസ്തികകളിൽ ബൈട്രാൻസ്ഫർവഴി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിൽനിന്നുമാണ് നിയമനം നടത്തിയതെന്നും നിയമനം നടത്തിയ രീതിയെന്താണെന്നും നിയമനം ലഭിച്ച ജീവനക്കാരിലാരെങ്കിലും ഇലക്ട്രീഷ്യൻ, ഡൈമേക്കർ എന്നീ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോ യെന്നും ജോലി ചെയ്യുന്നുണ്ടെങ്കിൽ ഏത് ഫീഡർ കാറ്റഗറിയിൽനിന്നാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നേടിയതെന്നും വ്യക്തമാക്കാമോ?

ഇലക്ട്രീഷ്യൻ, ഡൈമേക്കർ തസ്തികകൾ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയുടെ സമാന തസ്തികകളല്ല. ഇലക്ട്രീഷ്യൻ തസ്തികയിൽ ശ്രീ. ഷാജി റ്റി., ഓഫീസ് അറ്റൻഡന്റിന് തസ്തികമാറ്റംവഴി താല്ക്കാലിക നിയമനം നൽകിയിരുന്നു. എന്നാൽ പ്രസ്തുത തസ്തികയുടെ നിയമനരീതി സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടി ല്ലാത്തതിനാൽ വ്യവസായ വാണിജ്യ ഡയറക്ടർ ടിയാനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്യുകയുണ്ടായി. ആയതിനെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉത്തരവിന് സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത കേസിന്റെ അന്തിമവിധി ആയിട്ടില്ല. മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന അരവിന്ദാക്ഷൻ കെ.-ക്ക് തസ്തികമാറ്റംവഴി ഡൈമേക്കർ തസ്തികയി ലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടക്കു ന്നതുകാരണം മഞ്ചേരി, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ വിലകൂടിയ മെഷിനറികൾ പ്രവർത്തിപ്പിക്കാതെ ഉപയോഗശൂന്യമായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെ അഭാവംമൂലം പ്രതിസന്ധികളു ണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിന് അടിന്തരമായി ഉത്തരവിറക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഉൾപ്പെടുത്തി മെഷീൻ ഓപ്പറേറ്റർ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഇത് മറികടക്കുന്നതിന് ഭരണപരമായ തീരുമാനങ്ങൾ സ്വീകരിക്കാമോ?

(ഇ&എഫ്)വ്യവസായ വാണിജ്യ വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

## മലപ്പുറം ജില്ലയിലെ പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ നടപടി

111 (4222) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് മണ്ഡലത്തിലെ ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയാൽ ബാധിക്കപ്പെട്ട വ്യവസായങ്ങൾക്കുവേണ്ടി സർക്കാർ ആവിഷ്കരിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് തിരിച്ചുവരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റാൻവേണ്ടി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

യോഗ്യത

- കുറഞ്ഞത് രണ്ടുവർഷത്തെ വിദേശ തൊഴിൽപരിചയമുള്ള നോർക്ക റൂട്ട്സ് സാക്ഷ്യപ്പെടുത്തിയ പ്രവാസികളായിരിക്കണം.
- എം.എസ്.എം.ഇ. രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കമ്പനി, പാർട്ട്ണർഷിപ്, പ്രൊപ്രൈറ്റർഷിപ് എന്നിവയ്ക്ക് ലഭ്യമാണ്.

ഉദ്ദേശ്യം - അസറ്റ് സൃഷ്ടിക്കലിനായി മാത്രം

- വ്യവസായാവശ്യങ്ങൾക്കായുള്ള കെട്ടിടനിർമ്മാണം, യന്ത്രസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്ക് ലഭ്യമാണ്. എന്നാൽ പ്രവർത്തന മൂലധന ആവശ്യത്തിന് ലഭ്യമല്ല.

- നിർമ്മാണം അല്ലെങ്കിൽ സേവന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഭ്യമാണ്.
- വ്യാപാരം (കടകൾ, മൊത്തക്കച്ചവടം മുതലായവ), റിയൽ എസ്റ്റേറ്റ് (വാങ്ങൽ, വിൽക്കൽ, വില്പനയ്ക്കുള്ള ഭൂമിയും കെട്ടിടവും വികസിപ്പിക്കൽ), കൃഷി (കൃഷി, മൃഗങ്ങളെ വളർത്തൽ മുതലായവ) എന്നിവയ്ക്ക് ലഭ്യമല്ല.
- കേരള സംസ്ഥാനത്തിനുള്ളിൽ യൂണിറ്റ് സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം.
- പ്രൊമോട്ടർമാർക്ക് സിബിൽ സ്കോർ 650-നു മുകളിലുണ്ടായിരിക്കണം.
- 31-12-2021-നകം അപേക്ഷ സമർപ്പിക്കണം.

<u>വായ്പാ തുക</u>

- കുറഞ്ഞ തുക 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപമാത്രം) കൂടാതെ പരമാവധി 2,00,00,000 രൂപ (രണ്ട് കോടി രൂപമാത്രം).
- മിനിമം പ്രൊമോട്ടർ നിക്ഷേപം 50 ശതമാനമായിരിക്കും (വായ്പാ തുക പ്രോജക്ട് ചെലവിന്റെ 50 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു) സെക്യൂരിറ്റി/ഈട്.
- വായ്പാ തുകയുടെ 1.33 മടങ്ങ് ഭൂമി, കെട്ടിടം, മറ്റ് സ്ഥിര ആസ്തികൾ, ഈട് നൽകണം.
- എല്ലാ പ്രൊമോട്ടർമാരും ഡയറക്ടർമാരും/പങ്കാളികളും വ്യക്തിഗത ഗ്യാരണ്ടി നൽകണം.

<u>പലിശ നിരക്കും കാലാവധിയും</u>

- പലിശ നിരക്ക് – ആദ്യ നാലുവർഷത്തേയ്ക്ക് 5 ശതമാനം (നോർക്കയിൽ നിന്നുള്ള 3.75 ശതമാനം പലിശയിളവിനുശേഷം) അതിനുശേഷം 8.75 ശതമാനം.
- തിരിച്ചടവ് കാലാവധി ആറുമാസത്തെ മൊറട്ടോറിയം ഉൾപ്പെടെ - 5 1/2 വർഷം ഫീസ് (സമഗ്രമല്ല)
- വായ്പ അനുവദിച്ചതിനുശേഷം വായ്പ തുകയുടെ 0.25% + ജിഎസ്.ടി. മുൻകൂർ ഫീസായി അടയ്ക്കണം.
- വായ്പയുടെ 0.75% മുൻകൂർ ഫീസായി നൽകേണ്ടതിൽ 0.5% കിഴിവ് നല്കും. 0.25% മാത്രമേ അടയ്ക്കേണ്ടതുള്ളൂ.

- ഭൂമിയുടെ മൂല്യനിർണ്ണയ ഫീസ് വഹിക്കണം.
- ഡോക്യുമെന്റേഷനായി സ്റ്റാമ്പ് പേപ്പറുകളുടെ വില വഹിക്കണം.

നിലവിൽ എല്ലാ അനുബന്ധ രേഖകളും സഹിതം കെ.എസ്.ഐ.ഡി.സി.-യിലേയ്ക്ക് നേരിട്ടാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ അപേക്ഷ ഓൺലൈനിൽ ലഭ്യമാക്കുന്ന വിഷയം കെ.എസ്.ഐ.ഡി.സി.-യുടെ സജീവ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തേയ്ക്ക് മടങ്ങിവരുന്ന എല്ലാ പ്രവാസികൾക്കും ഒരുപോലെ ലഭ്യമാക്കുന്നതാണ്. നിലവിൽ നടത്തിവരുന്ന സാമ്പത്തിക സഹായപദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ GO. (MS) No. 103/2020/ID ഉത്തരവുപ്രകാരം ഭേദഗതി ചെയ്ത് എസ്.സി./എസ്.ടി., വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെക്കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധിമൂലം മടങ്ങിവന്നിട്ടുള്ള പ്രവാസികൾക്ക് നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), ഭക്ഷ്യമേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുടെ പി.എം.എഫ്.എം.ഇ. പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for Margin Money Grant to Nano Units) തുടങ്ങിയ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ജില്ലാവ്യവസായ കേന്ദ്രംവഴി ചെയ്തുവരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്.

## എം.എസ്.എം.ഇ.-കൾക്ക് ക്രെഡിറ്റ് ഫെസിലിറ്റി

112(4223) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ നവസംരംഭകരേയും സ്റ്റാർട്ടപ്പ് മിഷനുകളെയും എം.എസ്.എം.ഇ.-കളെയും പരിപോഷിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ അനുവർത്തിക്കുന്ന ലാൻഡ് ലീസ് പോളിസിയിൽ വ്യതിയാനം വരുത്തി ലാൻഡ് അലോക്കേഷൻ പോളിസി സ്വീകരിക്കാമോ?

സംസ്ഥാനത്ത് നിലവിൽ പാട്ടവ്യവസ്ഥയിൽ വ്യവസായ ഭ്രമി അനുവദിച്ചു വരുന്നത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ മുതലായവയാണ്. ടി സ്ഥാപനങ്ങൾ 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭ്രമി അനുവദിക്കുന്നത്. എന്നാൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഭ്രമി ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചുവരുന്നത്. മേൽപ്പറഞ്ഞ രണ്ട് രീതികളിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം പരിധിയിൽവരുന്ന സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും ഭ്രമി അനുവദിച്ചുവരുന്നുണ്ട്. എന്നാൽ ഒരു ഏകീകൃത ലാൻഡ് അലോട്ട്മെന്റ് നയം രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധി കാരണം സിബിൽ സ്കോർ കുറവായ യുവ നവസംരംഭകർക്കും സ്റ്റാർട്ടപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.-കൾക്കും സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ വായ്പ നൽകുന്നതിൽ ബാങ്കുകളുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എസ്.എൽ.ബി.സി. മുഖേനയോ മറ്റ് നടപടികളിലൂടെയോ പരിഹരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അർഹമായ കേസുകൾ ശ്രദ്ധയിൽ പ്പെടുന്നമുറയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി, ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവ മുഖേനയും ലീഡ് ബാങ്കുമായി ബന്ധപ്പെട്ടും തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) സി.ജി.ടി.എം.എസ്.ഇ. സംവിധാനത്തിലൂടെ യുവ നവസംരംഭകർക്കും സ്റ്റാർട്ടപ്പ് മിഷനുകൾക്കും എം.എസ്.എം.ഇ.-കൾക്കും വായ്പ നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്നതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സി.ജി.ടി.എം.എസ്.ഇ. പദ്ധതി പ്രകാരം സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് ട്രസ്റ്റിന്റെ ഗ്യാരന്റിയോടുകൂടി 2 കോടി രൂപവരെ വായ്പകൾ നൽകുന്നതിന് വ്യവസ്ഥയുണ്ട്. വായ്പ നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്നപക്ഷം ബാങ്കുകളുമായി ബന്ധപ്പെട്ട പരാതികൾ ചർച്ച ചെയ്യുന്നതിനുള്ള കമ്മിറ്റികളായ ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി, ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ കേരള ബാങ്ക്, കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി. തുടങ്ങിയവയിൽ നിന്നും സി.ജി.ടി.എം.എസ്.ഇ. മാതൃകയിൽ കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ രണ്ട് കോടി രൂപവരെ സംരംഭകത്വ വായ്പ ലളിതമായ വ്യവസ്ഥകളിൽ "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" നയമനുസരിച്ച് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**പരമ്പരാഗത വ്യവസായ മേഖലയുടെ വികസനം**

113(4224) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായ മേഖലയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ മേഖലയിൽ ആധുനികവത്കരണവും ഭാഗികമായ യന്ത്രവത്കരണവും അടിസ്ഥാനസൗകര്യ വികസനവും കാപ്പെക്സ് നടപ്പിലാക്കി വരികയാണ്. തൊഴിലാളികളുടെ എണ്ണം, ജോലി ചെയ്യുന്ന ദിവസങ്ങൾ എന്നിവ കുറയുന്നതിന് നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം കാരണമാകും. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കോർപ്പറേഷന്റെ 30 ഫാക്ടറികളിലും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്തവിധം പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീകരണത്തിന്റെ ഭാഗമായി തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാ വശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്ലെറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.ടി.വി. സർവെയ്ലൻസ് ക്യാമറ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപ്പുര സ്ഥാപനം എന്നിവയും

കശുവണ്ടി വികസന കോർപ്പറേഷനിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് 'ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൈത്തറി നെയ്ത്തിന് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക, നെയ്ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, നെയ്ത്തിലുള്ള തൊഴിലാളികളുടെ ആയാസം കുറയ്ക്കുക, നെയ്ത്ത് പ്രക്രിയ ആധുനികവത്കരിക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരമ്പരാഗത കയർ വ്യവസായ മേഖലയെ സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായം വിപുലീകരിക്കുന്ന തിനായി പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് കയർ രണ്ടാം പുന:സംഘടന പദ്ധതി ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.

1. എണ്ണായിരം മുതൽ ഒരുലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു. ഇതുവഴി ചകിരി ഉത്പാദനശേഷി 2015-16-ൽ 5000 ടൺ ആയിരുന്നത് 2021 സെപ്റ്റംബർ മാസത്തിൽ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉത്പാദനശേഷി 480 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു.

2. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 26000 ഇലക്ട്രോണിക് റാട്ടുകൾ നൽകി.

3. 100 കയർ സഹകരണ സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു.

4. ഉത്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം കഴിഞ്ഞ കുറേമാസങ്ങളായി വ്യവസായമേഖല പൊതുവേ മന്ദീഭവിച്ച നിലയിലാണ്. ഇത് കശുവണ്ടി വ്യവസായത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ വിദേശവിപണിയിൽ കശുവണ്ടിക്ക് ഡിമാന്റും വിലയും കുറവാണ്. കശുവണ്ടി വികസന കോർപ്പറേഷൻ ഇ-ടെൻഡർ മുഖേനയാണ് കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നത്. അതുവഴി ന്യായമായ

വിലയും ലഭിക്കുന്നുണ്ട്. എക്സ്പോർട്ട് ഇൻസെന്റീവിന്റെ ലഭ്യതക്കുറവ് കയറ്റുമതിയെ ബാധിച്ചിട്ടുണ്ട്. നിലവിൽ കശുവണ്ടി പരിപ്പിന് വിദേശ മാർക്കറ്റിൽ വില കുറവായതിനാൽ ആഭ്യന്തര വിപണിയിലാണ് കാപ്പെക്സ് കശുവണ്ടി പരിപ്പ് വില്പന നടത്തിവരുന്നത്. വിദേശ മാർക്കറ്റിൽ വില കൂടുന്നതനുസരിച്ച് കാപ്പെക്സ് ഉത്പന്നങ്ങൾ വിദേശമാർക്കറ്റിലും വില്പന നടത്തുന്നതാണ്. കൈത്തറി ഉത്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതിന് കയറ്റുമതി പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാൻഡക്സ്, ഹാൻവീവ് എന്നിവർ കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ വിലയുടെ 20 ശതമാനം പരമാവധി 20 ലക്ഷം രൂപവരെ എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായി വർഷന്തോറും നൽകുന്നു. നിലവിൽ കാഞ്ഞിരോട് വീവേഴ്സ് നെയ്ത്ത് സഹകരണസംഘം, ഇരിണാവ് വീവേഴ്സ് നെയ്ത്ത് സഹകരണസംഘം എന്നീ കൈത്തറി സംഘങ്ങൾ ഈ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. കേരളത്തിലെ പാരമ്പര്യ വസ്ത്രങ്ങളായ സാരി, സെറ്റ് മുണ്ട്, മുണ്ട്, ലുങ്കികൾ, ബെഡ്ഷീറ്റ് മുതലായവയ്ക്ക് വിദേശവിപണിയിൽ കയറ്റുമതി സാധ്യത കുറവാണ്. വിദേശ വിപണിയിൽ ആവശ്യമുള്ള തരത്തിലുള്ള വസ്ത്രങ്ങൾ പ്രൊഫഷണൽ ഡിസൈനർമാരുടെ സഹായത്തോടെ ഡിജിറ്റൽ മാർക്കറ്റിംഗ്/ഇ-കൊമേഴ്സ് സങ്കേതങ്ങളുപയോഗിച്ച് വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടെയും അന്തർദ്ദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയറുത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടിയാണ്. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വിപണി വിപുലീകരണത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ചെറുകിട ഉത്പാദക സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും കയറുത്പന്നങ്ങൾ സംഭരിച്ച് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 10 ശതമാനം ഡിസ്കൗണ്ട് ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് നൽകിവരുന്നു. ബയർ-സെല്ലർ മീറ്റുകൾ, ബി-ടു-ബി, ബി-ടു-സി, കയർ കാർണിവൽ മുതലായവ നടത്തപ്പെടുന്നു.

(സി) കയറ്റുമതിക്കാരെയും ഇടത്തട്ടുകാരെയും ഒഴിവാക്കി ഈ രംഗത്തെ തൊഴിലാളികൾക്ക് കൂലിയും തൊഴിലവസരവും വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കശുവണ്ടി വാങ്ങുന്ന വേളയിലിടപെടുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിനാണ് സർക്കാർ കേരളാ കാഷ്യൂ ബോർഡ് എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. വിദേശ മാർക്കറ്റിൽനിന്നും അസംസ്കൃത

കശുവണ്ടി നേരിട്ട് സംഭരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സിനും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും ആവശ്യാനുസരണം വിതരണം ചെയ്തുവരികയാണ് പ്രസ്തുത പൊതുമേഖലാ സ്ഥാപനം. ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന കശുവണ്ടി സർക്കാർ നിശ്ചയിക്കുന്ന തറവിലയ്ക്ക് കാപ്പെക്സ് സംഭരിച്ചുവരികയാണ്. കയറ്റുമതിയിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കാനാണ് സർക്കാർ ഇ-ടെൻഡർ നടപടി സ്വീകരിച്ചുവരുന്നത്. കൂടാതെ ഗവൺമെന്റ് ഫാമുകളിൽനിന്നും കർഷകരിൽനിന്നും കശുവണ്ടി വികസന കോർപ്പറേഷൻ നേരിട്ട് തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നുമുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിലെ നെയ്ത്ത് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും മെച്ചപ്പെട്ട വേതനവും ലഭ്യമാക്കുവാൻ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250-ൽക്കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാകുകയും ദിവസവും 600 രൂപയിലധികം വേതനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്. 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും നടപ്പിലാക്കിവരുന്നു. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം കയറുത്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000 രൂപയിലേയ്ക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾകൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഇത് സാധിക്കുന്നതിലൂടെ ഉത്പാദനക്ഷമത വർദ്ധിക്കുകയും തൊഴിലാളികളുടെ വേതനം വർദ്ധിക്കുകയും ചെയ്യും. മാത്രമല്ല, പരമ്പരാഗത റാട്ടുകളിലും ഇ-റാട്ടുകളിലും പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ വേതനം 300 രൂപയിൽനിന്നും 350 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഒരുഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ നൽകിവരുന്നു. ഉത്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് മണ്ണ്, ജല സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന കയർ ഭൂവസ്ത്ര പദ്ധതിയുടെ ഫലമായി കയർപിരി ഉത്പന്നമേഖലയിലെ തൊഴിലാളി കളുടെ തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി പ്രസ്തുത മേഖലയിലെ വ്യവസായങ്ങളെ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കും. വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായാണ് കശുവണ്ടി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കാപ്പെക്സ് ഉത്പന്നങ്ങൾ വില്പന നടത്തിവരുന്നത്. നിലവിൽ ആഭ്യന്തര വിപണിയിലാണ് കൂടുതൽ വില ഉത്പന്നങ്ങൾക്ക് ലഭിക്കുന്നതെന്നതിനാൽ ആഭ്യന്തര വിപണിയിൽ കാപ്പെക്സ് കൂടുതൽ പ്രാധാന്യം നൽകി വില്പന നടത്തിവരികയാണ്. വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി കാഷ്യൂ കോർപ്പറേഷൻ ഓൺലൈൻ വഴിയും ഫാക്ടറി ഔട്ട്ലെറ്റുകൾവഴിയും കശുവണ്ടി പരിപ്പ് ആവശ്യക്കാർക്ക് നൽകുന്നുണ്ട്. ഈ വിപണി കൂടുതൽ വിപുലമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി കൈത്തറി മേഖലയിലെ ഉത്പന്നങ്ങൾക്ക് ഒരു തനതായ ബ്രാൻഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, കണ്ണൂർ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുവേണ്ടി കൈത്തറി ഉത്പന്നങ്ങൾക്കുവേണ്ട പ്രത്യേക ഒരു ലോഗോ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത ലോഗോ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കൈത്തറി ഉത്പന്നങ്ങൾക്ക് കേരള ഹാന്റി ക്രാഫ്റ്റഡ് ഫാബ്രിക്സ് എന്ന പുതിയ നാമത്തിൽ ഇ-കൊമേഴ്സ്, എം-കൊമേഴ്സ് എന്നിവവഴി കൈത്തറി ഉത്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി കയർ മേഖലയിലെ വ്യവസായങ്ങളെ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**കുടിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പാക്കേജ്**

114 (4225) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനയോല, ഈറ്റ, മൺപാത്രം തുടങ്ങിയ കുടിൽ വ്യവസായ സംരംഭങ്ങൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം കരകൗശല ഉത്പന്നങ്ങളാണ് പ്രസ്തുത കുടിൽ വ്യവസായ സംരംഭങ്ങൾ മുഖേന നിർമ്മിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സമസ്ത മേഖലയിലുമെന്നപോലെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരമ്പരാഗത വ്യവസായങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. കരകൗശല ഉത്പന്നങ്ങളും നിത്യോപയോഗ സാധനങ്ങളും കുടിൽ വ്യവസായ സംരംഭങ്ങൾവഴി കാഡ്കോയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചുവരുന്നുണ്ട്. കെൽപാം മുഖേന പനയോല ഉപയോഗിച്ച് സ്റ്റാ (Straw) നിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. കൂടാതെ കരിമ്പനയിൽനിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ പനയോല, നൊങ്ക്, അക്കാനി തുടങ്ങിയ പന ഉത്പന്നങ്ങളുപയോഗിച്ച് ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികളെക്കൊണ്ട് സംഭരിച്ച് മൂല്യാധിഷ്ഠിത ഉത്പന്നങ്ങളായ സ്ക്വാഷ്, ജാം മുതലായവ നിർമ്മിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ട്. തൃശ്ശൂർ രാമവർമ്മപുരത്ത് മുള ഉത്പന്ന നിർമ്മാണത്തിനും പരിശീലനത്തിനുമായി ഒരു ഡിസൈൻ ടെക്നോളജി ഡെവലപ്മെന്റ് വർക്ക്ഷോപ് കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിച്ചു. കൂടാതെ പനയോല, ഈറ്റ, മൺപാത്രം തുടങ്ങിയവയിലുള്ള ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് കരകൗശല വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന പ്രദർശന മേളകളിൽ സൗകര്യം നൽകാറുണ്ട്. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ഈറ്റ ഉപയോഗിച്ചുള്ള കുടിൽ വ്യവസായ സംരംഭത്തെ സഹായിച്ചുവരുന്ന ഒരു സ്ഥാപനമാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം കുട്ട, വട്ടി, മുറം തുടങ്ങിയവ നെയ്യുന്ന തൊഴിലാളികളുടെ സൊസൈറ്റികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവർക്കാവശ്യമായ ഈറ്റ കോർപ്പറേഷൻ മിതമായ നിരക്കിലാണ് വിറ്റുവരുന്നത്. കുട്ട, വട്ടി, മുറം, കരകൗശല വസ്തുക്കൾ എന്നിവയെല്ലാമാണ് ഈറ്റയും മുളയും ഉപയോഗിച്ച് ചെയ്തുവരുന്നത്. ബാംബൂ കോർപ്പറേഷൻ പുതിയതായി, ഈറ്റയിൽനിന്നും മുളയിൽനിന്നും നിർമ്മിക്കുന്ന ഓഫീസ് സ്റ്റേഷനറി ഉത്പന്നങ്ങൾ കേരളത്തിലുടനീളമുള്ള ഓഫീസുകളിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ അടിമാലി, ഇടമലയാർ, ചാലക്കുടി, ചേരാനല്ലൂർ, അങ്കമാലി എന്നിവിടങ്ങളിൽ ധാരാളം ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നുണ്ട്. ഇവരുത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ബാംബൂ കോർപ്പറേഷൻ വാങ്ങുകയും അത് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് വഴി വില്പനയും നടത്തുന്നു.

(ബി) ഇത്തരം കുടിൽ വ്യവസായങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മരപ്പണിയിലേർപ്പെട്ടിട്ടുള്ള ആർട്ടിസാൻമാർക്കായി ഒരു പൊതുസേവന കേന്ദ്രം കൊല്ലം ഉമയനല്ലൂരിൽ കാഡ്കോയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കരകൗശല വികസന കോർപ്പറേഷൻ തടികൊണ്ടുള്ള കരകൗശല ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഒരു പൊതുസേവന കേന്ദ്രം ചേർപ്പിൽ ആരംഭിച്ചു. കുടിൽ വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും ബാംബൂ കോർപ്പറേഷൻ സബ്സിഡൈസ്ഡ് നിരക്കിലാണ് ഈറ്റ നൽകിവരുന്നത്. നിലവിൽ ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന ഇൻകം സപ്പോർട്ട് സ്കീം, കോവിഡ് ധനസഹായം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, അവശതാ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകിവരുന്നുണ്ട്. കരകൗശല വികസന കോർപ്പറേഷൻ പരമ്പരാഗത ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പ്രദർശനമേളകൾ ഡിസംബർ മാസം മുതൽ പുനരാരംഭിക്കാനുദ്ദേശിക്കുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

കേരള ഈറ്റ, തഴ, കാട്ടുവള്ളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1000 രൂപ ധനസഹായം നൽകിവരുന്നുണ്ട്.

## കാട്ടാക്കട കോമൺ ഫെസിലിറ്റി സെന്റർ

115(4226) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈറ ഉത്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും വൈവിധ്യവത്കരണത്തിനും തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന തിനുമായി കാട്ടാക്കട കേന്ദ്രമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കാട്ടാക്കടയിൽ അനുവദിച്ചിരിക്കുന്ന കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രിലിമിനറി പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തിൽനിന്നും അനുവാദം ലഭിച്ച് സർക്കാരിൽ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

116(4227) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായി പഠനം നടത്തി പരിഹാര നടപടികൾ കണ്ടെത്താത്തതാണ് അവയുടെ തകർച്ചയ്ക്ക് കാരണമെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ?

കോവിഡ് -19 പ്രതിസന്ധി സമസ്ത മേഖലകളെയും ബാധിച്ചതുപോലെ പരമ്പരാഗത വ്യവസായ മേഖലയിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കരകൗശല മേഖലയും പരമ്പരാഗത മേഖലയും വ്യാവസായിക മുന്നേറ്റത്തിന്റെ ഫലമായും ആധുനികകാലത്തെ ആഗോളവത്കരണത്തിന്റെ ഫലമായും ഭീഷണി നേരിടുന്നതും അതിൽനിന്ന് മോചനം നേടിയിട്ടില്ലാത്തതുമാണ്. ആഗോളമൂലധനം, ഉയർന്ന ശേഷിയുള്ള യന്ത്രസാമഗ്രികൾ എന്നിവയുമായാണ് പരമ്പരാഗത മേഖല മത്സരിക്കേണ്ടത്. പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുകയും റിപ്പോർട്ടിലെ കണ്ടെത്തലുകൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയുംവരുന്നു.

(സി) പരമ്പരാഗത വ്യവസായങ്ങൾക്കുണ്ടായതായി പറയപ്പെടുന്ന തകർച്ചമൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കുടുംബങ്ങൾക്കുമുണ്ടായ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖാദി മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനും അതുകാരണം ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വിഷമതകൾ മാറ്റാനുമായി കൃത്യമായും അവർക്ക് തൊഴിലും വേതനവും ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് മിനിമം കൂലി അതാത് മാസം നൽകാനുള്ള നടപടി സർക്കാരിന്റെ പരിഗണന യിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിക്ക് സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരു ത്തിയിരുന്ന 14 കോടി രൂപയിൽ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കയർ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽനിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23 രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ചകിരി പൂർണ്ണമായും കയർഫെഡ് സംഭരിച്ച് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാംതന്നെ കയർ വ്യവസായ മേഖലയെ പ്രതിസന്ധികളിൽനിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും കയർ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കാനും സഹായിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങളിലെ ഇളവുകൾ പരമാവധി പ്രയോജന പ്പെടുത്തി തൊഴിലുറപ്പ് പദ്ധതി സജീവമാകുന്നതോടെ കയർ സ്റ്റോക്കുള്ളത് ഭൂവസ്ത്രമാക്കി മാറ്റി വിനിയോഗിക്കാനാകും. കോവിഡ് പശ്ചാത്തലത്തിൽ പരമാവധി സർക്കാർ ഇടപെടൽനടത്തി കയർ വ്യവസായരംഗത്തെ സഹായി ക്കാനാണ് ശ്രമിക്കുന്നത്.

## ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണം

117(4228) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല.

(ബി) പ്രസ്തുത പനമ്പ് നെയ്ത്ത് കേന്ദ്രവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി എത്ര തൊഴിലാളികളാണ് ജോലി നോക്കിവരുന്നതെന്നുള്ള വിവരം ഇനംതിരിച്ച് അറിയിക്കാമോ; ഇവരുടെ ക്ഷേമത്തിനായി സർക്കാർ തലത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ 2 സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് ക്രേന്ദങ്ങളാണുള്ളത്. കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 47 തൊഴിലാളികളും ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 26 തൊഴിലാളികളും നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. ഇവരുടെ ക്ഷേമത്തിനായി ചികിത്സാ സഹായവും മരണാനന്തര സഹായവും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മുടക്കംകൂടാതെ നൽകി വരുന്നുണ്ട്. നിലവിൽ ക്ഷേമനിധി അംഗങ്ങളായ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന ഇൻകം സപ്പോർട്ട് സ്കീംവഴി 1,250 രൂപയും കോവിഡ് ധനസഹായവുമായി ബന്ധപ്പെട്ട് 1,000 രൂപയും പ്രസവാനുകൂല്യമായി 15,000 രൂപയും വിവാഹ ധനസഹായമായി 3 വർഷത്തിനുമേൽ അംഗമായിട്ടുള്ളവർക്ക് 3,000 രൂപ, 2-3 വർഷമുള്ളവർക്ക് 2,500, 1-2 വർഷമുള്ളവർക്ക് 2,000 രൂപയും കൂടാതെ അവശതാ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകിവരുന്നുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പനമ്പ് നിർമ്മാണത്തിനാവശ്യമായ ഈറ്റ കൃത്യമായി ലഭിക്കുന്നതിന് എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; അറിയിക്കുമോ?

തിരുവനന്തപുരം മേഖലയിൽ ഒക്ടോബർ മാസം നാല് ലോഡ് ഈറ്റ വിതരണം ചെയ്തതിൽ, കുട്ടറ, ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽ ഒരു ലോഡ് ഈറ്റ വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ടയിലുള്ള

റാന്നി/ഗൂഡ്രിക്കൽ റേഞ്ചിൽ മാത്രമാണ് പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റ ലഭിക്കുന്നത്. ഈറ്റ ധാരാളമായി വെട്ടിയെടുക്കാൻ കഴിയുന്ന വനപ്രദേശമായ മൂന്നാർ ഡിവിഷനിലെ അടിമാലി, നേരിയമംഗലം റേഞ്ചുകൾ വർക്കിംഗ് പ്ലാനിലി ല്ലാത്തതിനാൽ അവയെ വനം വകുപ്പിന്റെ മാനേജ്മെന്റ് പ്ലാനിലുൾപ്പെടുത്തി ഈ റേഞ്ചിൽനിന്നും ഈറ്റ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴ മാറുന്നതോടുകൂടി ഗൂഡ്രിക്കൽ റേഞ്ചിൽനിന്നും ആവശ്യത്തിന് ഈറ്റ എടുക്കാനും അടിമാലി, നേര്യമംഗലം റേഞ്ചിൽനിന്നും ഈറ്റ എടുക്കുന്നതിന് അനുവാദം ലഭിക്കുന്നതോടുകൂടി എല്ലാ നെയ്ത്ത് കേന്ദ്രങ്ങളിലും ഈറ്റ എത്തിക്കാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വിവിധ കാലയളവുകളിൽ എത്ര അളവിൽ ഈറ്റ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

2019-2020 കാലയളവുകളിൽ കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 800 കോലും ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 4700 കോലും ഈറ്റ വിതരണം ചെയ്തിട്ടുണ്ട്. 2020-2021 കാലയളവുകളിൽ കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 16410 കോലും ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 9530 കോലും ഈറ്റ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത തൊഴിലാളികൾക്ക് പനമ്പ് നെയ്ത്തിനായി അസംസ്കൃത വസ്തുക്കൾ കൃത്യമായി വിതരണം ചെയ്യുന്നതിനും ഇവരുടെ വേതനവും മറ്റാനുകൂല്യങ്ങളും കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ 94 കോടി രൂപയോളം സഞ്ചിത നഷ്ടത്തിലും 2018-ലെയും 2019-ലെയും പ്രളയവും അതിനുശേഷം 2020-ലുണ്ടായ കോവിഡ് മഹാമാരിയുംമൂലമുണ്ടായ ലോക്ഡൗണുമെല്ലാം സ്ഥാപനത്തിന് ഈറ്റ എടുക്കാൻ കഴിയാത്ത സാഹചര്യം വരികയും ഇത് പനമ്പ് നെയ്ത്ത് മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും ഇത്തരം നഷ്ടങ്ങൾക്കിടയിലും നാളിതുവരെ കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളവും കൂലിയും മുടക്കംകൂടാതെ നൽകിയിട്ടുണ്ട്. കൂടാതെ ഇവർക്ക് എല്ലാവർഷവും ഓണത്തിന് നൽകിവരുന്ന ഇൻസെന്റീവ്, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നിവ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് മുടക്കം കൂടാതെ നൽകിവരുന്നുണ്ട്. മിനിമം വേതനത്തിന്റെ ഭാഗമായി നൽകിവരുന്ന ഡി.എ. കുടിശ്ശിക നൽകുന്നതിനായി 12 കോടി രൂപയ്ക്ക് അനുമതി നൽകിയതിൽ ആദ്യ ഗഡുവായി 4 കോടി 96 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## കോതമംഗലം കേന്ദ്രീകരിച്ച് ഐ.ടി. പാർക്ക്

118(4229) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടറധിഷ്ഠിത വിദ്യാഭ്യാസ മേഖലകളടങ്ങുന്ന കോതമംഗലം കേന്ദ്രീകരിച്ച് ഒരു ഐ.ടി. പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) കോതമംഗലത്തെ സാങ്കേതിക വിദ്യാലയങ്ങളിൽനിന്നും പഠിച്ചി റങ്ങുന്ന ഐ.ടി. വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഇവിടെ ഐ.ടി. പാർക്ക്/ഐ.ടി. അധിഷ്ഠിത വ്യവസായം ആരംഭിക്കുന്നകാര്യം പരിഗണി ക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## മണിമലയിലെ നാളികേര പാർക്കിൽ വ്യവസായങ്ങൾ

119(4230) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മണിമലയിലെ നാളികേര പാർക്കിൽ വ്യവസായങ്ങളാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറി യിക്കാമോ;

(ബി) വ്യവസായ സ്ഥാപനങ്ങളെ ക്ഷണിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ?

(എ&ബി) നാളികേര പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല. എൽ.എ. നഷ്ടപരിഹാരത്തിന്റെ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. ആയതിനാൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിയമപരമായ ഉടമസ്ഥാവകാശം ഇപ്പോഴും കെ.എസ്.ഐ.ഡി.സി.-യുടെ പക്കലില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള കണ്ടംപ്റ്റ് ഓഫ് കോർട്ട് കേസിലെ ഉത്തരവുപ്രകാരം കണക്കാക്കിയ നഷ്ടപരിഹാര തുക കെ.എസ്.ഐ.ഡി.സി. സ്പെഷ്യൽ തഹസിൽദാർ (LA), കൊയിലാണ്ടിക്ക് 2-8-2021-ന് കൈമാറിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-ക്ക് ഭൂമിയുടെ നിയമപരമായ ഉടമസ്ഥാവകാശം ലഭിക്കുന്നമുറയ്ക്ക് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാരംഭിക്കുകയും ഭൂമി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമാണ്.

## കോട്ടയം ജില്ലയിൽ ഇക്കോ ഫ്രണ്ട്ലി ഫുഡ് പാർക്ക്

120(4231) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ളാലം വില്ലേജിൽ കാനാട്ടു പാറയിൽ ഒരു ഇക്കോ ഫ്രണ്ട്ലി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം നടപടികളാരംഭിച്ചിരുന്നോ; ഇത് പൂർത്തീ കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ അധിക സ്ഥലം വേണ്ടിവരുന്നപക്ഷം ആയത് ലഭ്യമാക്കിയാൽ പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ളാലം വില്ലേജിൽ കാനാട്ടു പാറയിൽ ഒരു ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 3.069 ഹെക്ടർ സ്ഥലം (7.58 ഏക്കർ) കോട്ടയം ജില്ലാ വ്യവസായ കേന്ദ്ര ജനറൽ മാനേജർ അദ്ധ്യക്ഷനായ സൈറ്റ് സെലക്ഷൻ കമ്മിറ്റി സന്ദർശിച്ച് പദ്ധതിയുടെ സാദ്ധ്യത വിലയിരുത്തുകയുണ്ടായി. എന്നാൽ ഈ വസ്തു കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ഏറ്റെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി 2014-ൽ നടപടികളാരംഭിക്കുകയും തുടർന്ന് നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുന്നതിനായി ഭൂമിയുടെ വില രണ്ട് കാറ്റഗറികളായി തിരിച്ച് നിശ്ചയി ക്കുകയും തുടർന്ന് ഭൂവുടമകളുമായി വില സംബന്ധിച്ച് നെഗോസിയേഷൻ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പ്രസ്തുത ഭൂമിയുടെ അളവ് താരതമ്യേന വളരെ കുറവാണ്. ആയതിനാൽ ഒരു വ്യവസായ പാർക്ക് എന്ന ആശയം പ്രസ്തുത സ്ഥലത്ത് പ്രായോഗികമല്ലെന്നാണ് കരുതുന്നത്. അധിക ഭൂമി ലഭ്യമാക്കിയാൽതന്നെ ഏറ്റെടുക്കുന്ന ഭൂമിയുടെ വിലയും വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന്റെ സാധ്യതാപഠനവും നടത്തിയശേഷം മാത്രമേ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## പാർക്കുകളിലെ കമ്പനികൾ

121(4232) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക്, ടെക്നോസിറ്റി, കൊല്ലം ടെക്നോ പാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, ചേർത്തല ഇൻഫോപാർക്ക്, കൊരട്ടി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ 2015-2016 കാലഘട്ടത്തിൽ എത്ര കമ്പനികൾ പ്രവർത്തിച്ചിരുന്നു; അവിടെ ജോലി നോക്കി യിരുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പാർക്കുകളിലെ കമ്പനികളിൽനിന്നും 2015-2016 കാലഘട്ടത്തിൽ നടത്തിയ ആകെ വിറ്റുവരവ് എത്രയായിരുന്നു; കയറ്റുമതി എത്രയായിരുന്നുവെന്ന് വിശദമാക്കുമോ?

2015-16 കാലഘട്ടത്തിൽ തിരുവനന്തപുരം ടെക്നോപാർക്കിലെ കമ്പനികളിൽനിന്നും ഏകദേശം 6,250 കോടി രൂപ, കൊച്ചി ഇൻഫോ പാർക്ക് കമ്പനികളിൽനിന്നും 3,328 കോടി രൂപ, കോഴിക്കോട് സൈബർ പാർക്കിലെ കമ്പനികളിൽനിന്നും 2,48,64,000 രൂപ എന്നിങ്ങനെ സോഫ്റ്റ്‌വെയർ കയറ്റുമതിയുണ്ടായിട്ടുണ്ട്. ഐ.ടി. പാർക്കുകളിലെ കമ്പനികളിൽനിന്നുമുള്ള ആകെ വിറ്റുവരവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) 2016-17 മുതൽ 2020-2021 വരെയുള്ള കാലഘട്ടങ്ങളിൽ പ്രസ്തുത പാർക്കുകളിലെ കമ്പനികളുടെ എണ്ണം, തൊഴിലവസരങ്ങളുടെ എണ്ണം, ആകെ വിറ്റുവരവ്, കയറ്റുമതി, ആകെ നടത്തിയ നിക്ഷേപം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016-17 മുതൽ 2020-2021 വരെയുള്ള കാലഘട്ടത്തിൽ ഐ.ടി. പാർക്കുകളിലെ കമ്പനികളുടെ എണ്ണം, തൊഴിലവസരങ്ങൾ, കയറ്റുമതി, ഐ.ടി പാർക്കുകൾ നേരിട്ട് നടത്തിയ നിക്ഷേപങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. 2016-17 മുതൽ 2020-2021 വരെയുള്ള കാലഘട്ടത്തിൽ ഗവൺമെന്റ് ഐ.ടി. പാർക്കുകളുടെ വിവിധ വികസന ഘട്ടങ്ങളിലായി പാർക്കുകൾ നേരിട്ട് 675.29 കോടി രൂപയുടെ നിക്ഷേപങ്ങളും ഉപസംരംഭകർ/കമ്പനികൾ മുഖേന ഏകദേശം 1216.94 കോടി രൂപയുടെ നിക്ഷേപങ്ങളും നടത്തിയിട്ടുണ്ട്.

ടെക്നോപാർക്ക് - 261.29 കോടി രൂപ, കമ്പനികൾ - 930 കോടി രൂപ.

ഇൻഫോ പാർക്ക് - 360 കോടി രൂപ, കമ്പനികൾ - 280 കോടി രൂപ. സൈബർ പാർക്ക് – 54 കോടി രൂപ, കമ്പനികൾ - 6.94 കോടിരൂപ.

കമ്പനികളുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ഐ.ടി. പാർക്കുകളിൽ ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വ്യവസായ വികസന പ്രവർത്തനങ്ങൾ**

122(4233) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കായി വ്യവസായ വകുപ്പിന് ഭൂമി ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാറത്തോട് പഞ്ചായത്തിൽ വില്ലനി എന്ന സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി 15 ഹെക്ടർ 15 ആർ സ്ഥലം ലഭ്യമാണെന്ന അപേക്ഷ വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭിച്ചതിനെത്തുടർന്ന് ജില്ലാതലത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ പ്രവാസികളെ സംരംഭകരാക്കാനുള്ള നടപടി**

123(4234) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെ സംരംഭകരാക്കി പ്രത്യേക വ്യവസായ പദ്ധതികളാരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രവാസികളെ സംരംഭകരാക്കാൻ പ്രത്യേക കർമ്മപദ്ധതികൾ വ്യവസായ വകുപ്പുമുഖേന ആവിഷ്കരിച്ചിട്ടില്ലെങ്കിലും തൊഴിൽരഹിതരായ പ്രവാസികൾക്കുകൂടി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽസാധ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'വ്യവസായ ഭദ്രതാ' പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി

പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ GO(MS)/103/2020/ID ഉത്തരവു പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം എസ്.സി./എസ്.ടി. വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25 ശതമാനമായി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-ൽ പ്രഖ്യാപിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജനുസരിച്ച് ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻവേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് 'പ്രവാസി ഭദ്രതാ മെഗാ പദ്ധതി'. തിരിച്ചെത്തിയ പ്രവാസികൾക്ക് രണ്ടുവർഷത്തെ വിദേശ തൊഴിൽ പരിചയമുണ്ടെന്ന് നോർക്കാ റൂട്ട്സ് സാക്ഷ്യപ്പെടുത്തിയാൽ ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭകശേഷിയും തൊഴിൽ വൈദഗ്ദ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണമേഖല എന്നിവയുൾപ്പെടുത്തി ബാങ്കുകളിൽനിന്നും വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതിമുഖേന ലഭിക്കുന്നു. സംരംഭകർക്കാവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രസ്തുത സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാരുദ്ദേശിക്കുന്നുണ്ടോ?

കോവിഡുമൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് 'എൻ.ആർ.കെ. ഡാറ്റ പോർട്ടൽ' എന്ന സമ്പൂർണ്ണ വിവരശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് അവരുടെ സംരംഭക വിവരങ്ങൾ www.industry.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഈ പോർട്ടലിൽ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി 2821 പ്രവാസികളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. പ്രവാസികളുടെ കൈവശമുള്ള ആസ്തികൾ, മൂലധനം, ആശയങ്ങൾ എന്നിവ മറ്റ് സംരംഭകരുമായി പങ്കുവയ്ക്കുന്നതിനുള്ള താത്പര്യവും ശേഖരിച്ചിട്ടുണ്ട്. ഇത്തരത്തിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ള പ്രവാസികളെ ഇവരുമായി ചേർന്ന് പ്രവർത്തിക്കാനാഗ്രഹിക്കുന്ന സംരംഭകരുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ബന്ധപ്പെടുത്താവുന്നതാണ്.

(സി) എങ്കിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിൽ പ്രത്യേക പദ്ധതികളാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലയ്ക്കുമാത്രമായി പ്രത്യേക പദ്ധതികൾ നിലവിലില്ലെങ്കിലും പ്രവാസികളുൾപ്പെടെയുള്ള സംരംഭകർക്കായി നടപ്പിലാക്കിവരുന്ന വിവിധ പ്രോത്സാഹന നടപടികളും സാമ്പത്തിക സഹായപദ്ധതികളും മലപ്പുറം ജില്ലയിലും നടപ്പിലാക്കിവരുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ**

124(4235) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഓരോ സ്ഥാപനത്തിലേയും പെൻഷൻകാരുടെ എണ്ണമെത്രയാണെന്നും അറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ പെൻഷൻ നൽകുന്ന രീതി എങ്ങനെയാണെന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ സർക്കാർ നേരിട്ട് പെൻഷൻ നൽകുന്നുണ്ടെന്നും അറിയിക്കാമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കമ്പനീസ് ആക്ടിലെ നിബന്ധനകൾ പ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം പ്രകാരമുള്ള പെൻഷൻ സ്കീമാണ് അനുവർത്തിക്കുന്നത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നുംതന്നെ സർക്കാർ നേരിട്ട് പെൻഷൻ നൽകുന്നില്ല. ഇ.പി.എഫ്. അതോറിറ്റി മുഖേന പെൻഷൻ നൽകുന്നവരുടെ എണ്ണം ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാഹരിച്ച് സൂക്ഷിക്കുന്നില്ല. കേരള ഖാദി ബോർഡിൽ കേരള സർക്കാർ മുഖേനയാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത്. 30-9-2021-ലെ കണക്കു പ്രകാരം ഈ സ്ഥാപനത്തിൽ 936 പെൻഷണേഴ്സുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ ഇതുസംബന്ധിച്ച ശിപാർശയൊന്നും സർക്കാരിന്റെ പരിഗണന യിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പെൻഷൻ ഫണ്ട് ഏതെങ്കിലും സ്ഥാപനത്തിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**സിമന്റ് വില വർദ്ധന**

125(4236) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി കളെന്തെല്ലാം; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സിമന്റ് വിപണിയുടെ 95 ശതമാനവും ലഭ്യമാക്കുന്നത് സ്വകാര്യ ഉത്പാദകരാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും റെയിൽ/റോഡ് മാർഗ്ഗം സിമന്റ് എത്തിക്കേണ്ടിവരുന്നത് സിമന്റിന്റെ വില വർദ്ധനവിന് കാരണമാകുന്നുണ്ട്. സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉത്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് പൊതുവിപണിയിലെ സിമന്റ് വില നിയന്ത്രിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മലബാർ സിമന്റ്സിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുത്പാ ദിപ്പിക്കുന്ന വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ നിർമ്മാണം കൂട്ടുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിൽ മേൽപദ്ധതികൾ ഉൾപ്പെടുത്തി യിട്ടുമുണ്ട്.

## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്

126(4237) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് കീഴിലെ കേരള സോപ്സ്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിലെ ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും പ്രൊമോഷൻ പോളിസി രൂപീകരിക്കുന്നതിനും ആർ.ഐ.എ.ബി.-യെ ഉൾപ്പെടുത്തി എന്തെങ്കിലും തുടർനടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കെ.എസ്.ഐ.ഇ. മാനേജിംഗ് ഡയറക്ടർ വ്യവസായ വകുപ്പിനുനൽകിയ കത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

(എ&ബി) കെ.എസ്.ഐ.ഇ.-യുടെ യൂണിറ്റുകളായ കേരള സോപ്സ്, കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നീ യൂണിറ്റുകളിൽ 2013, 2014, 2015 വർഷങ്ങളിലാണ് റിയാബ് വഴി സ്ഥിരനിയമനം നടന്നത്. കെ.എസ്.ഐ.ഇ.-യുടെ മറ്റ് യൂണിറ്റുകളിൽനിന്നും തികച്ചും വ്യത്യസ്തമായ കേരള സോപ്സിലെയും കൊച്ചിൻ ഇന്റർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനിലെയും ഭൂരിഭാഗം തസ്തികകളിലും സർക്കാർ നിർദ്ദേശപ്രകാരമുള്ള ശമ്പള പരിഷ്കരണം, പ്രൊമോഷൻ പോളിസി എന്നിവ സംബന്ധിച്ച പ്രൊപ്പോസലിൽ റിയാബിന്റെ ശിപാർശ ലഭ്യമാക്കാനാവശ്യപ്പെട്ടിരിക്കുകയാണ്.

## വ്യവസായ സ്ഥാപനങ്ങളിലെ കേന്ദ്രീകൃത പരിശോധന സംവിധാനം

127(4238) ശ്രീ. എം. എം. മണി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കാനും സംയോജിപ്പിക്കാനും വ്യവസായ വകുപ്പ് നടപ്പാക്കുന്ന കേന്ദ്രീകൃത പരിശോധന ഏകജാലക സംവിധാനമായ കെ-സിസ്-ന്റെ (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം) പ്രവർത്തനം വിശദമാക്കാമോ;

(ബി) ഈ സംവിധാനത്തിലൂടെ വ്യവസായ വാണിജ്യ മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ഏതൊക്കെ വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനമൊരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനമാണ് കെ-സിസ് (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം). നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനാ ഷെഡ്യൂൾ വെബ്പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥനെയും ഈ സംവിധാനംതന്നെ തെരഞ്ഞെടുക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്., ഇ-മെയിൽ എന്നിവ മുഖേന നൽകും. പരിശോധനയ്ക്കുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റ് വകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രത്യേകമായി ഒരു സംരംഭത്തിൽ പരിശോധന നടത്തുമ്പോൾ സംരംഭകൻ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം നടപ്പാക്കിയതിലൂടെ ഇല്ലാതായിരിക്കുകയാണ്. പരിശോധനകളുടെ സുതാര്യത വർദ്ധിപ്പിക്കാനും നടപടികളിലെ കാലതാമസം ഒഴിവാക്കാനും പ്രസ്തുത സംവിധാനം വഴി സാധ്യമായിട്ടുണ്ട്.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിംഗ് നേടാൻ നടപടി

128(4239) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിംഗ് കൈവരിക്കുന്നതിനായി വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇനി നടപ്പിലാക്കാനുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി പട്ടിക തയ്യാറാക്കുന്നത്. റാങ്ക് നിശ്ചയിക്കുന്നതിനുവേണ്ടി നടപ്പിലാക്കേണ്ട കാര്യങ്ങളുൾപ്പെട്ടതാണ് സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). 2020-ൽ 301 പരിഷ്കാര നടപടികൾ പൂർത്തിയാക്കുന്നതിനാണ് സംസ്ഥാനങ്ങളോട് ഡി.പി.ഐ.ഐ.ടി. നിർദ്ദേശിച്ചിരുന്നത്. അതിൽ 48 എണ്ണം സംസ്ഥാനത്തിന് ബാധകമല്ലാത്തതിനാൽ പ്രസ്തുത വിവരം ഡി.പി.ഐ.ഐ.ടി.-യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ശേഷിച്ച 253 പരിഷ്കാര നടപടികളിൽ 240 എണ്ണം വിവിധ വകുപ്പുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഏകദേശം 95% കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാനത്തിന് ഇതുവരെ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 പരിഷ്കാരങ്ങളിന്മേൽ വിവിധ വകുപ്പുകൾ നടപടികൾ കൈക്കൊണ്ടു വരുന്നു. മരുന്നുനിർമ്മാണ ലൈസൻസ് ഓൺ ലൈനാക്കൽ, ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചുള്ള വിവിധ രേഖകൾ ഒരു ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കൽ, കടലാസുരഹിത കോടതി വ്യവഹാരങ്ങൾ നടപ്പിലാക്കൽ മുതലായവയാണ് ശേഷിക്കുന്ന 13 പരിഷ്കാരങ്ങൾ.

## ആസ്ട്രൽ വാച്ചസ് കമ്പനി

129(4240) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബീച്ച് റോഡിൽ ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഏതെങ്കിലും പുതിയ സംരംഭം തുടങ്ങാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് സംരംഭമാണ് ആലോചനയിലുള്ളതെന്നും എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഈ സ്ഥലത്ത് ഏതെങ്കിലും സംരംഭങ്ങൾ തുടങ്ങാൻ മുൻ സർക്കാരുകളുടെ കാലത്ത് പദ്ധതി ആവിഷ്കരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ അവ നടക്കാതെ പോയ തെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) ആസ്ട്രൽ വാച്ചസ് കമ്പനി നിലനിന്നിരുന്ന സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കാനാണ് കെ.എസ്.ഐ.ഡി.സി. ഉദ്ദേശി ച്ചിരുന്നത്. പ്രസ്തുത കെട്ടിടത്തിൽ സംരംഭകർക്കാവശ്യമായ രീതിയിൽ വൈദ്യുതി, ജലം, മറ്റ് പൊതുസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിരുന്നു. എന്നാൽ പ്രദേശത്തിന്റെ വ്യാവസായിക ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുയോജ്യമായി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കണോ അതോ ഭൂമിതന്നെ വികസിപ്പിക്കണോ എന്നുള്ള തീരുമാനത്തിനായി വിശദമായ പഠനം നടത്തുന്നതിനായി സർക്കാർ ഏജൻസികളിൽനിന്ന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് എന്ന ഏജൻസിയെ പഠനം നടത്താൻ ഏൽപ്പിച്ചിട്ടുണ്ട്. വിശദമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### വടക്കാഞ്ചേരി മണ്ഡലത്തിലെ കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ

130(4241) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ശാസ്ത്ര-സാങ്കേതിക രംഗത്ത് ദീർഘവീക്ഷണത്തോടെ കേരള സർക്കാർ രൂപീകരിച്ച ആശയനിധിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്). സാങ്കേതികശാസ്ത്രം, ഉത്പന്നം, അവയുടെ നവീനമായ പ്രയോഗരീതികൾ, സാങ്കേതിക ശാസ്ത്രത്തിന്റെ സാമൂഹ്യരൂപീകരണം എന്നീ മേഖലകളിൽ പുതിയ ദിശാബോധം പ്രതിഫലി പ്പിക്കുന്നതിനും കേരളത്തിന്റെ നൂതനാശയങ്ങളുടെ പരിപോഷണത്തിനാവശ്യമായ ആരോഗ്യകരവും ഉചിതവുമായ ജൈവവ്യവസ്ഥ സൃഷ്ടിക്കുന്നതിനും തന്ത്രപരമായ ആസൂത്രണങ്ങളിലൂടെ വഴിതെളിക്കുകയാണ് കെ-ഡിസ്ക് ചെയ്യുന്നത്.

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കെ-ഡിസ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല കെ-ഡിസ്ക് പ്രവർത്തനങ്ങൾ നടത്തുന്നത്.

(സി) എങ്കിൽ ഈ നിയോജകമണ്ഡലത്തിൽ നടന്ന കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാധകമല്ല.

**യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ നയം**

131(4242) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ നയത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സംരംഭകരാകാൻ താത്പര്യമുള്ള യുവാക്കൾക്കുള്ള പ്രോത്സാഹനവും യുവജനങ്ങൾക്ക് നൈപുണ്യ വികസനം നൽകി തൊഴിൽ യോഗ്യരാക്കി മാറ്റുന്നതും വ്യവസായ വകുപ്പിന്റെ ലക്ഷ്യങ്ങളിലുൾപ്പെടുന്നു. ഇതുകൂടാതെ കെ-ഡിസ്ക് മുഖേന യുവസംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം വരെ സീഡ് ഫണ്ട്, വിവിധ വ്യവസായ മേഖലകളിലെ യുവപ്രതിഭകൾക്ക് പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട മെന്ററിംഗ് എന്നിവയും നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെയും മറ്റും ഇൻക്യൂബേഷൻ മുതലായ സൗകര്യങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്റർപ്രണർ ഡെവലപ്മെന്റ് ക്ലബ്ബുകൾ സ്ഥാപിക്കുമെന്ന് വ്യവസായ നയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ സംരംഭകത്വ താത്പര്യങ്ങൾ വളർത്തിയെടുക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് സംരംഭകത്വ പരിശീലന പരിപാടികളോ പ്രോത്സാഹന പരിപാടികളോ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികളിൽ സംരംഭകത്വത്തിന് താത്പര്യം വളർത്തിയെടുക്കുകയും സംരംഭം ആരംഭിക്കുന്നതിനാവശ്യമായ പ്രചോദനവും അനുഭവപാഠങ്ങളും പകർന്നു നൽകി അവരെ തൊഴിലന്വേഷകരിൽനിന്ന് തൊഴിൽ ദാതാക്കളാക്കുന്നതിനായി ഹയർ സെക്കൻഡറി തലംമുതൽ എൻടപ്രണർ ഡെവലപ്മെന്റ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾവഴി സംരംഭക വികസന പരിപാടികൾ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ

സെന്ററുകൾ വഴിയും യുവജനങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകരെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി എൻടപ്രണർ അവയർനെസ് പ്രോഗ്രാമുകളും നടത്തിവരുന്നുണ്ട്.

**പുതിയ സംരംഭകർക്ക് ഏകജാലക സംവിധാനം**

132(4243) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ സംരംഭകർക്ക് വിവിധ ലൈസൻസുകൾ, ക്ലിയറൻസ് സർട്ടിഫിക്കറ്റ്, എൻ.ഒ.സി. എന്നിവ അനുവദിക്കുന്നതിന് ഏകജാലക സംവിധാനം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' പ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ 'K-SWIFT' എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനംവഴി അപേക്ഷ സമർപ്പിച്ച നാൾമുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രകാരം 10 കോടി രൂപയിൽത്താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനംവഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്.

## ചാത്തന്നൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ ഭൂമി

133(4244) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് സ്വന്തമായി എവിടെയെല്ലാം ഭൂമിയുണ്ടെന്നും ആയതിന്റെ അളവും സർവ്വേ നമ്പരുകളും ഏതൊക്കെ വില്ലേജുകളുടെ പരിധിയിലാണ് ഉൾപ്പെടുന്നതെന്നും അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ 158/2, 159/2 എന്നീ സർവ്വേ നമ്പരുകളിലായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ 5.8 ഏക്കർ ഭൂമിയുണ്ട്. വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് മീനാട് വില്ലേജിൽ 243/12, 244/2, 245/2 എന്നീ സർവ്വേ നമ്പരുകളിൽ 10.79 ഏക്കർ ഭൂമിയുണ്ട്.

(ബി) പ്രസ്തുത ഭൂമി നിലവിൽ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ച നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പിന് ചാത്തന്നൂരിൽ സ്വന്തമായുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ആവശ്യത്തിനായി വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വകുപ്പിനെന്നും അറിയിക്കാമോ?

(ബി&സി)ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിലെ ഭൂമിയിൽനിന്നും 1.5 ഏക്കർ ഭൂമി കേരള എഡ്യൂക്കേഷണൽ ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് സൊസൈറ്റി (KEDES)-ക്ക് വ്യവസായ സംരംഭത്തിനായി അനുവദിച്ചിട്ടുള്ളതാണ്. ടി ഭൂമിയിൽനിന്നും 37.5 സെന്റ് ഭൂമി തിരിച്ചെടുത്ത് മെ. ക്രിയോ പ്രിസിഷൻ ടെക്നോളജീസ് എന്ന സംരംഭത്തിന് അനുവദിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(c) No. 8449/2021 കേസ് നിലവിലുണ്ട്. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽ പ്രസ്തുത മിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ 1.79 ഏക്കർ നാഷണൽ ഹൈവേ വികസനത്തിനായി വിട്ടുനൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ അധികമുള്ള ഭൂമിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷ മിൽ ഭരണസമിതിയുടെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള ചാത്തന്നൂർ വ്യവസായ വികസന പ്ലോട്ടിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി 4 സംരംഭകരുടെ അപേക്ഷകൾ പരിഗണിച്ച് തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള മെ. ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക് സോർട്ടിംഗ് & സെഗ്രഗേഷൻ സംരംഭം തുടങ്ങുന്നതിനായി ഒരേക്കർ ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും നിലവിലുണ്ട്. സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽ മറ്റ് വ്യവസായ സംരംഭം തുടങ്ങുന്ന കാര്യം പരിഗണനയിലില്ല.

## ബാലുശ്ശേരിയിലെ മിനി സിവിൽ സ്റ്റേഷൻ

134(4245) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ സ്ഥലമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ബാലുശ്ശേരി പറമ്പിൻ മുകളിൽ വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അൺഡെവലപ്ഡ് ഏരിയയിൽ വരുന്ന ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി വ്യവസായ വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(ബി&സി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയ്ക്കായുള്ള ബാലുശ്ശേരി എം.എൽ.എ.-യുടെ അപേക്ഷ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 29-7-2021-ലെ ഭരണസമിതി തീരുമാനപ്രകാരം ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഒഴിവുള്ള സ്ഥലം പൂർണ്ണമായി ഉപയോഗ പ്പെടുത്തുന്ന രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റുമടങ്ങുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മേൽസാഹചര്യത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിലവിൽ നിർവ്വാഹമില്ല.

## നിർമ്മാണ മേഖലയിൽ ഉദ്യോഗസ്ഥരുടെ ഇടപെടലുകൾ

135(4246) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിർമ്മാണമേഖലയിൽ സാധനസാമഗ്രികളുടെ ട്രാൻസ്പോർട്ടിംഗിൽ ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടലുകൾമൂലം പ്രതിസന്ധിയുണ്ടാകുന്ന തൊഴിവാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

## മിനറൽ വാട്ടർ വില്പന

136(4247) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ മിനറൽ വാട്ടർ ബോട്ടിലുകളിലാക്കി വിൽക്കുന്ന എത്ര കമ്പനികൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)-ന്റെ കീഴിൽ ഹില്ലി അക്വാ എന്ന ബ്രാൻഡ് നാമത്തിൽ തൊടുപുഴ, അരുവിക്കര എന്നിവിടങ്ങളിലായി രണ്ട് കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികൾ എത്രയെണ്ണമുണ്ടെന്നതിന്റെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 16 |
| കൊല്ലം | 09 |
| പത്തനംതിട്ട | 17 |
| ആലപ്പുഴ | 06 |
| കോട്ടയം | 07 |

| | |
|---|---|
| ഇടുക്കി | 05 |
| എറണാകുളം | 45 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 21 |
| മലപ്പുറം | 09 |
| കോഴിക്കോട് | 10 |
| വയനാട് | 0 |
| കണ്ണൂർ | 08 |
| കാസർഗോഡ് | 05 |
| ആകെ | 168 |

(സി) ഇവയുടെ പ്രതിവർഷ വിറ്റുവരവ് കണക്കുകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഇവയുടെ പ്രതിവർഷ വിറ്റുവരവ് കണക്ക് വ്യവസായ വകുപ്പ് മുഖേന ശേഖരിച്ചുവരുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.ഐ.ഐ.ഡി.സി.-യുടെ കീഴിലുള്ള തൊട്ടുപുഴ പ്ലാന്റിന്റെ 2016-17 സാമ്പത്തികവർഷം മുതലുള്ള പ്രതിവർഷ വിറ്റുവരവ് കണക്ക് ചുവടെചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 2.60 |
| 2017-18 | 4.42 |
| 2018-19 | 5.36 |
| 2019-20 | 2.74 |
| 2020-21 | 3.11 |

അരുവിക്കര പ്ലാന്റിന്റെ 2020-21 വർഷത്തെ പ്രതിവർഷ വിറ്റുവരവ് 0.87 ലക്ഷം രൂപയാണ്. ടി പ്ലാന്റ് 2020-21 സാമ്പത്തിക വർഷത്തിലാണ് പ്രവർത്തനമാരംഭിച്ചത്.

(ഡി) സ്വകാര്യ കമ്പനികൾ വിപണനം ചെയ്യുന്ന കുടിവെള്ള ബോട്ടിലുകളുടെയും കുടിവെള്ളത്തിന്റെയും ഗുണപരിശോധന നടത്താറുണ്ടോ; വ്യവസായ വകുപ്പിന് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദമാക്കുമോ?

സ്വകാര്യ കമ്പനികൾ വിപണനം ചെയ്യുന്ന കുടിവെള്ള ബോട്ടിലുകളുടെയും കുടിവെള്ളത്തിന്റെയും ഗുണപരിശോധന വ്യവസായ വാണിജ്യ വകുപ്പുതലത്തിൽ നടത്താറില്ല. ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും അർഹമായ സാമ്പത്തിക സഹായം നൽകുകയുമാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാർ തലത്തിൽ വിവിധ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു.

(ഇ) പൊതുമേഖലയിൽ ഇത്തരം കമ്പനികൾ ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

പൊതുമേഖലയിൽ നിലവിൽ 2 കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകളാണുള്ളത്. ഇതിനുപുറമേ താഴെസൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ തുടങ്ങുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പദ്ധതിയുണ്ട്.

1. ആലുവയ്ക്ക് സമീപം 20 ലിറ്റർ ജാർ ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ്.
2. പെരുമ്പാവൂരിന് സമീപം വട്ടാലിൽ ഒരു കുപ്പിവെള്ള നിർമ്മാണ പ്ലാന്റ്.
3. കുറ്റ്യാടിക്ക് സമീപം ഒരു കുപ്പിവെള്ള നിർമ്മാണ പ്ലാന്റ്.

**അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാൻ നടപടി**

137(4248) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് പരിഹരിക്കാനുദ്ദേശിക്കുന്ന പദ്ധതികളും സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്കായി, കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ അസംസ്കൃത വസ്തുക്കളുടെ പൊതുസംഭരണശാലകൾ

സ്ഥാപിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒരു പ്രത്യേക സെക്ടറിൽപ്പെടുന്ന സംരംഭകർക്ക് പൊതുസംഭരണ ശാലകൾ സ്ഥാപിച്ച് അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിച്ച് വിതരണം ചെയ്യുന്നതുവഴി ആ സെക്ടറിൽപ്പെടുന്ന വ്യക്തിഗത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് സഹായകരമാകുന്നു. പദ്ധതി തുകയുടെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും 10% ഉപഭോക്തൃ വിഹിതമായും വകയിരുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ആവശ്യകതയുടെ 95 ശതമാനവും അന്യസംസ്ഥാന ഉത്പാദകരെ ആശ്രയിക്കുന്ന സിമന്റ് വിപണിയിൽ വില പിടിച്ചുനിർത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ കമ്പനികളായ മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് കമ്പനി എന്നിവയിൽ ഉത്പാദനം വർദ്ധിപ്പിക്കാനും കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും ആവശ്യമായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്ക് വ്യവസായ കേന്ദ്രം**

138 (4249) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് വ്യവസായ കേന്ദ്രമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രമില്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകൾ ചുവടെ ചേർത്തിട്ടുള്ളവയാണ്.

| നമ്പർ | ജില്ല | താലൂക്ക് |
|---|---|---|
| 1. | തിരുവനന്തപുരം | കാട്ടാക്കട |
| | | വർക്കല |
| 2. | കൊല്ലം | കുന്നത്തൂർ |
| | | പുനലൂർ |

| | | |
|---|---|---|
| 3. | പത്തനംതിട്ട | കോന്നി |
| | | റാന്നി |
| | | മല്ലപ്പള്ളി |
| 4. | ഇടുക്കി | ഇടുക്കി (പൈനാവ്) |
| 5. | തൃശ്ശൂർ | ചാലക്കുടി |
| | | കുന്നംകുളം |
| 6. | പാലക്കാട് | പട്ടാമ്പി |
| | | അട്ടപ്പാടി (അഗളി) |
| 7. | മലപ്പുറം | കൊണ്ടോട്ടി |
| 8. | കോഴിക്കോട് | താമരശ്ശേരി |
| 9. | വയനാട് | സുൽത്താൻബത്തേരി |
| 10. | കണ്ണൂർ | ഇരിട്ടി |
| | | പയ്യന്നൂർ |
| 11. | കാസർഗോഡ് | വെള്ളരിക്കുണ്ട് |
| | | മഞ്ചേശ്വരം |

(സി) മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളാരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ലഭ്യമാക്കുന്ന പ്രവൃത്തി പഠന റിപ്പോർട്ടും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയും പരിഗണിച്ചുമാത്രമേ ഈ വർഷം മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടികൾ

139(4250) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. വ്യവസായ ശാലകൾക്ക് 15 വർഷത്തേയ്ക്ക് അനുമതി, വൈറ്റ് കാറ്റഗറിയിലെ വ്യവസായ യൂണിറ്റുകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ, അനുമതിപത്രം നൽകുന്നതിനായി ടൈം ലൈൻ നിജപ്പെടുത്തുക, ഓൺലൈൻ സേവനങ്ങൾക്ക് പൊതുവായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ, പ്ലാസ്റ്റിക്ക്/ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം രജിസ്ട്രേഷൻ കെ-സിഫ്റ്റ് മുഖാന്തരം നടപ്പിലാക്കുക, സെൻട്രൽ ഇൻസ്പെക്ഷൻ സംവിധാനം, കൺസെന്റ് സംബന്ധിച്ച് തേർഡ് പാർട്ടി വെരിഫിക്കേഷൻ തുടങ്ങിയ നടപടികൾ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു.

(ബി) വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളടങ്ങുന്ന തീരുമാനങ്ങൾ വ്യവസായ പ്രതിനിധികളുമായി കൂടിയാലോചിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വ്യവസായവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തുമ്പോഴും നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുമ്പോഴും വ്യവസായവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴും സംസ്ഥാനത്തെ പ്രധാന വ്യാവസായിക സംഘടനകളായ കേരള ചെറുകിട വ്യവസായ അസോസിയേഷൻ (KSSIA), കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (CII), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI) മുതലായവരുമായി ചർച്ച നടത്താറുണ്ട്. ഇതിനുപുറമേ കാലാകാലങ്ങളിൽ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും മേൽപ്പറഞ്ഞ സംഘടനകളുമായി സർക്കാർ ചർച്ചകൾ നടത്തി

വരുന്നുമുണ്ട്. വ്യവസായ സംരംഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നൂതനമായ പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. കൂടാതെ, നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്ക ന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തിവരുന്നു.

(സി) മാലിന്യ സംസ്കരണമുൾപ്പെടെയുള്ള വിഷയങ്ങളിൽ സംരംഭകർക്കാവ ശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാൻ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടു ത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വ്യവസായവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണമുൾപ്പെടെയുള്ള മേഖലകളിൽ വിവിധ നൂതന സാങ്കേതികവിദ്യകൾ സംരംഭകരെ പരിചയപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടെക്നോളജി ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തി ക്കുന്ന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) വിവിധ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ സംരംഭകർക്കാവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ചെയ്തുവരുന്നുണ്ട്.

(ഡി) ആധുനിക സാങ്കേതികവിദ്യയും യന്ത്രസംവിധാനങ്ങളും നിലവിലുള്ളത് പരിഗണിച്ച് വ്യവസായ സ്ഥാപനങ്ങളുടെ പരിശോധന, അനുമതി എന്നിവ സംബന്ധിച്ച നിയമങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വ്യവസായ സ്ഥാപനങ്ങളുടെ സർക്കാർ നിയമങ്ങൾക്ക് കീഴിലുള്ള വിവിധ അനുമതികൾ കെ-സ്വിഫ്റ്റ് വഴി ഓൺലൈനായും ലഭ്യമാകുന്നതാണ്. ഇതിനുവേണ്ട നിയമനിർമ്മാണങ്ങൾ സർക്കാർ നേരത്തേതന്നെ നടത്തിയിട്ടുണ്ട്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പ്രകാരമാണ് കെ-

സ്വിഫ്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ അഞ്ച് വകുപ്പുകളുടെ പരിശോധനകൾ നിലവിൽ കേന്ദ്രീകൃതമായി ഈ പോർട്ടലിലൂടെ നടത്തിവരുന്നു. പദ്ധതിയുടെ അടുത്തഘട്ടത്തിൽ പരിശോധനകളാവശ്യമായ മറ്റുവകുപ്പുകളെക്കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ, സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിതമായ NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു.

**സിഡ്കോയിലെ ഫോർമാൻ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ**

140(4251) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2003 മുതൽ പ്രാബല്യത്തിലുള്ള 28-2-2011-ലെ 66/2011/ ഐ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സിഡ്കോയിൽ വർക്കർ തസ്തികയിൽനിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ അനുവദിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 1-4-2003 മുതൽ നാളിതുവരെ എത്രപേർക്ക് ഇപ്രകാരം പ്രൊമോഷൻ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സിഡ്കോയിൽ വർക്കർ തസ്തികയിൽനിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ അനുവദിച്ചതിനാൽ ഫോർമാൻ തസ്തികയിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയുണ്ടായില്ലെന്നാരോപിച്ച് 2 പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് 1-4-2003 മുതൽ പ്രാബല്യത്തിലുള്ള 28-2-2011-ലെ 66/2011/ഐ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ക്രമവിരുദ്ധമാണോ എന്നത് വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു. 1-4-2003 മുതൽ നാളിതുവരെ 9 ജീവനക്കാർക്ക് വർക്കർ തസ്തികയിൽനിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) സിഡ്കോ സ്റ്റാഫ് റെഗുലേഷൻ റൂൾസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വർക്കർ തസ്തികയിൽനിന്നും ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ അനുവദിക്കുന്നതിന് സർക്കാർ സിഡ്കോയെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

സർക്കാർ അംഗീകാരം നൽകിയിട്ടില്ല. സിഡ്കോ ഡയറക്ടർ ബോർഡ് അംഗീകരിച്ച സ്റ്റാഫ് റെഗുലേഷൻ റൂൾ പ്രകാരമാണ് സിഡ്കോയിൽ നിലവിൽ പ്രൊമോഷൻ അനുവദിച്ചുവരുന്നത്.

(സി) മേൽപ്പറഞ്ഞ പ്രകാരം ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം നൽകിയപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലുണ്ടായിരുന്നവരുടെ അവസരം നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

നിശ്ചിത യോഗ്യതയുള്ള വർക്കർമാർ, ചാർജ്ജ്ഹാൻഡ്, ചാർജ്ജ്മാൻ എന്നിവരിൽനിന്ന് ഫോർമാൻ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം നൽകുമ്പോൾ സിഡ്കോയിലെ യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ ഒഴിവുകൾ പി.എസ്.സി. മുഖാന്തരം നികത്തുന്നതാണെന്ന് സിഡ്കോ സ്റ്റാഫ് റെഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്നു. ആയത് പ്രകാരമുണ്ടായ ഒഴിവുകൾ പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സിഡ്കോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 2 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) നിയമവിരുദ്ധമായി ഫോർമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ചത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഫോർമാൻ തസ്തികയിലേയ്ക്ക് അനുവദിച്ച പ്രൊമോഷൻ നിയമവിരുദ്ധമാണോ എന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

## അനധികൃത ക്വാറികളുടെ പ്രവർത്തനം

141(4252) ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കക്ഷികളുടെയും പോലീസുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമവ്യവസ്ഥയ്ക്ക് വിധേയമല്ലാതെ ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് തെളിഞ്ഞാൽ അതിനെതിരെ മൈൻസ് & മിനറൽ (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിലെയും കെ.എം.എം.സി. ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

(സി) ക്വാറിയിംഗ് പ്രവർത്തനത്തിനാവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിക്കപ്പുറം കൈവശം വയ്ക്കുന്നത് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ?

ക്വാറികളിൽ ക്വാറിയിംഗ് പ്രവർത്തനത്തിനാവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് പോലീസ് വകുപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും നിയമാനുസൃതം കൈവശം സൂക്ഷിക്കാവുന്ന സ്ഫോടകവസ്തുക്കളുടെ അളവും സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തുനോക്കുകയും ചെയ്യാറുണ്ട്.

## ലീസ് ഭൂമിയിൽനിന്നും പാറഖനനം

142(4253) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീസ് ഭൂമിയിൽനിന്നും പാറഖനന അനുമതിക്കായി എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഖനനാനുമതിക്കായി ഹാജരാക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ലഭ്യമാക്കുമോ?

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ താഴെനൽകുന്നു.

1. ഇൻകം ടാക്സ് സംബന്ധിച്ച നോട്ടറി അഫിഡവിറ്റ്

2. തഹസിൽദാരിൽനിന്നും ലഭിച്ച സർവ്വേ മാപ്പ്

3. കൈവശാവകാശ സർട്ടിഫിക്കറ്റ്

4. പുറമ്പോക്ക് ഭൂമിയാണെങ്കിൽ ജില്ലാ കളക്ടറുടെ എൻ.ഒ.സി.

5. ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ്

6. നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്

7. ഭൂവുടമയുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം.

8. 10,000 രൂപ ഫീസ് അടച്ചതിന്റെ ചെലാൻ

9. അപേക്ഷകരുടെയും വസ്തു ഉടമയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പ്

10. ജനറൽ അഫിഡവിറ്റ്

11. കമ്പനി ആണെങ്കിൽ റെസല്യൂഷൻ ഹാജരാക്കണം

12. പാർട്ണർഷിപ് ആണെങ്കിൽ പാർട്ണർഷിപ് ഡീഡ് ഹാജരാക്കണം.

ഖനനാനുമതിക്കായി ഹാജരാക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒന്നിൽക്കൂടുതൽ പേർക്ക് അവകാശമുള്ള ലീസ് ഭൂമിയിൽ ഖനനാനുമതി നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും എന്തൊക്കെയാണ് ഇവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതെന്നും വ്യക്തമാക്കുമോ?

ഖനനാനുമതി നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറാണ്. അപേക്ഷകൻ, നിലവിൽ ഇൻഡിവിഡുവൽ, പ്രൈവറ്റ് കമ്പനി, പബ്ലിക് കമ്പനി, ഫേം/അസോസിയേഷൻ ഇതിലേത് വിഭാഗത്തിൽപ്പെടുന്നുവോ ആയതു സംബന്ധിച്ച രേഖകൾ പരിശോധിക്കാറുണ്ട്.

(സി) പ്രസ്തുത ഭൂമിയിൽ ഖനനാനുമതി നൽകുമ്പോൾ ഭൂമി രജിസ്റ്റർ ചെയ്തിരിക്കുന്ന മുഴുവൻ പേരുടെയും അറിവും സമ്മതവും ആവശ്യമുണ്ടോ; ഇതു സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ?

മുഴുവൻ പേരുടെയും അറിവും സമ്മതവും ആവശ്യമാണ്. ഖനനാനുമതിക്കായി അപേക്ഷിച്ചിട്ടുള്ള സ്ഥലത്തിന്റെ ആധാരം, പൊസഷൻ സർട്ടിഫിക്കറ്റ്, നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിലുള്ള സമ്മതപത്രം, വസ്തുവുമായി ബന്ധപ്പെട്ട മുഴുവൻ റവന്യൂ രേഖകൾ എന്നിവ പരിശോധിക്കാറുണ്ട്.

(ഡി) ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

പാറ ഖനനത്തിന് ക്വാറിയിംഗ് ലീസ് നൽകുമ്പോൾ "ലൈസൻസ് ഫീസ്" എന്ന ഇനത്തിൽ തുക ഈടാക്കുന്നത് സംബന്ധിച്ച് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല.

**ക്വാറികളുടെ ദൂരപരിധി**

143(4254) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജനവാസകേന്ദ്രങ്ങളിൽനിന്ന് ക്വാറികളിലേയ്ക്കുള്ള ദൂരപരിധി എത്രയാണ്; ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത ദൂരപരിധി വർദ്ധിപ്പിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള പുതിയ വ്യവസ്ഥകളെന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം ജനവാസ കേന്ദ്രങ്ങളിൽനിന്ന് ക്വാറികളിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 21-7-2021-ലെ 304/2019 നമ്പർ കേസിലെ വിധി പ്രകാരം സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുള്ള ബിൽഡിംഗ് സ്റ്റോൺ ഖനനത്തിന് ജനവാസ കേന്ദ്രങ്ങളിൽനിന്ന് 200 മീറ്ററായും സ്ഫോടകവസ്തുക്കൾ ഉപയോഗിക്കാതെയുള്ള ഖനനത്തിന് 100 മീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ നൽകിയ റിട്ട് ഹർജികളിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി status quo നിലനിർത്തുന്നതിന് വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായങ്ങൾക്കെതിരെയുള്ള പ്രത്യേകാനുമതി ഹർജികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(സി) പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെയാണ് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്?

ഉണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജികളിന്മേലുള്ള വിധിന്യായത്തിനെതിരെ സുപ്രീംകോടതിയിൽ SLP No.13934/2021 ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ ഒരു സ്റ്റാറ്റ്യൂട്ടറി ട്രിബ്യൂണലായ ദേശീയ ഹരിത ട്രിബ്യൂണലിന് നിയമപ്രകാരം സുവോമോട്ടോ കേസെടുക്കാൻ അധികാരമുണ്ടോ എന്നതിന്മേൽ പരിശോധന ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത കേസിന്റെ നടത്തിപ്പിനായി ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ടി കേസിനുവേണ്ടി നാളിതുവരെ തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ലാത്തതാണ്.

**അനധികൃത ക്വാറിയിംഗ് പ്രവർത്തനങ്ങൾ**

144(4255) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളും മിനറൽ സ്ക്വാഡുകളും ക്വാറികളിൽ നിരന്തര പരിശോധന നടത്താറുണ്ട്. അനധികൃത ഖനനം കണ്ടെത്തിയാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. അതാത് ജില്ലകളിലെ ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ് എന്നിവരെക്കൂടാതെ നിലവിലുള്ള ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഖനനവുമായി ബന്ധപ്പെട്ട പരാതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള റവന്യൂ ഉദ്യോഗസ്ഥരെയും പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെയും അവരവരുടെ അധികാര പരിധിയിൽവരുന്ന സ്ഥലങ്ങളിൽ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട കോടതികളിൽ കേസ് ഫയൽ ചെയ്യുവാൻ ജില്ലാ കളക്ടർ, പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്, ജില്ലാ ജിയോളജിസ്റ്റ് എന്നിവരെയും അധികാരപ്പെടുത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പ് നടപ്പിലാക്കിയ ഓൺലൈൻ സേവനമായ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) ഉപയോഗിച്ച് നിലവിൽ ഖനനാനുമതി ലഭിച്ച ക്വാറികളുടെ പ്രവർത്തനം വിലയിരുത്താനും ഓൺലൈനായി ധാതു ഗതാഗതത്തിനുള്ള മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കുന്നതിലൂടെ ധാതു ഗതാഗതം ക്രമവൽക്കരിക്കാനും സാധിച്ചിട്ടുണ്ട്. അതിലൂടെ അനധികൃത ധാതുഖനന ഗതാഗത പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾക്ക് ഗണ്യമായ കുറവ് വന്നിട്ടുള്ളതാണ്.

(ബി) റവന്യൂ പുറമ്പോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഖനനത്തിനായി നൽകുന്ന അനുമതികളുടെ മറവിൽ അടുത്തുള്ള റവന്യൂ പുറമ്പോക്കിൽനിന്നും ഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും റവന്യൂ വകുപ്പിനെ അറിയിക്കുകയും ചെയ്യാറുണ്ട്.

(സി) ക്വാറിയിംഗിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശനനടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ക്വാറിയിംഗിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ 3 സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഖാദി സെന്ററുകൾ**

145(4256) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ എത്ര ഖാദി സെന്ററുകളാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കേരള ഖാദിഗ്രാമവ്യവസായ ബോർഡിനുകീഴിൽ 7 നൂൽപ് കേന്ദ്രങ്ങളും 6 നെയ്ത്തുകേന്ദ്രങ്ങളുമുൾപ്പെടെ ആകെ 13 ഖാദി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഏതെങ്കിലും ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ കാലപ്പഴക്കംകൊണ്ടോ അറ്റകുറ്റപ്പണി നടത്താത്തതിനാലോ ശോചനീയാവസ്ഥ യിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. ബളാൽ നൂല്പ് കേന്ദ്രം
2. ഭീമനടി നൂല്പ് -നെയ്ത്ത് കേന്ദ്രങ്ങൾ
3. എളേരിത്തട്ട് നൂല്പ് കേന്ദ്രം
4. കടുമേനി നൂല്പ് കേന്ദ്രം
5. മടിക്കൈ നൂല്പ് കേന്ദ്രം
6. കോളംകുളം നെയ്ത്ത് കേന്ദ്രം
7. പരപ്പ നെയ്ത്ത് കേന്ദ്രം
8. പെരിയങ്ങാനം നെയ്ത്ത് കേന്ദ്രം
9. രാംനഗർ നെയ്ത്ത് കേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണിയുടെ ആവശ്യമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ശോചനീയാവസ്ഥയിലുള്ള ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഖാദി സെന്ററുകളുടെ നവീകരണത്തിനായി ഫണ്ടിന്റെ അപര്യാപ്തത കാരണം ഇതുവരെയും അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. 2022-23 സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തികൾക്കായി ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുവരുന്നു.

## തൃശ്ശിലേരി പവർ ലൂമിന് സഹായം

146(4257) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ തൃശ്ശിലേരി പവർ ലൂമിലെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ വൈവിദ്ധ്യവത്കരിക്കാൻ വ്യവസായ വകുപ്പിന്റെ സഹായം കൂടുതൽ ലഭ്യമാക്കുന്നകാര്യം പരിഗണിക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലെ തൃശ്ശിലേരിയിൽ പ്രവർത്തിക്കുന്ന വയനാട് ഹാന്റ്ലൂം പവർലൂം മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ആധുനികവൽക്കരണത്തിനുവേണ്ടി 2021-2022 ബഡ്ജറ്റിൽ 27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 15 ലക്ഷം രൂപ ആദ്യഗഡുവായി റിലീസ് ചെയ്ത് സംഘത്തിന് നൽകിയിട്ടുണ്ട്. സൊസൈറ്റിയുടെ ആധുനിക വൽക്കരണത്തിനായി 2022-2023 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് നൽകാൻ കഴിയുന്ന സഹായം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

സംഘം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വകുപ്പ് നടത്തുന്ന എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും ഓൺലൈൻ മാർക്കറ്റിംഗ് നടത്തുന്നതിന് 'ജെം പോർട്ടലിൽ' രജിസ്റ്റർ ചെയ്യുന്നതിനും സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ഉത്പന്നങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വില്പന നടത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൈത്തറി മേഖലയുടെ നവീകരണം**

147(4258) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉത്പാദനരീതികളുടെ നവീകരണവും ഉത്പാദന വൈവിദ്ധ്യവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉത്പാദന രീതികളുടെ നവീകരണവും ഉത്പാദന വൈവിദ്ധ്യവും ഉറപ്പുവരുത്തുന്നതിനായി "ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ചുവരുന്നു.

1. സംഘങ്ങൾ /വ്യക്തിഗത വർക്ക്ഷെഡ് നവീകരണം.
2. ഡൈ ഹൗസ് റിപ്പയറിംഗ്.
3. "ഒരു വീട്ടിൽ ഒരു തറി" പദ്ധതി
4. "ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി" പദ്ധതി
5. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങലും യന്ത്രത്തറികളുടെ റിപ്പയറിംഗും
6. റെസ്റ്റ് റൂം - സ്റ്റോറേജ് നിർമ്മാണവും ടോയ്ലെറ്റ് നവീകരണവും

കൈത്തറി മേഖലയിലെ ഉത്പാദന രീതികളുടെ നവീകരണത്തിന്റെ ഭാഗമായി കൈത്തറി നെയ്ത്ത് അനുബന്ധ പ്രവൃത്തികളിൽ യന്ത്രവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. കൈത്തറി തുണിത്തരങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമായിട്ടുണ്ട്. ഹാൻവീവ് കമ്പ്യൂട്ടറൈസ്ഡ് ഡിസൈനിംഗ് സ്റ്റുഡിയോയുടെ സഹായത്തോടെ ആകർഷകമായ ഡിസൈനുകളിലുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിവരുന്നുണ്ട്. ഉപഭോക്താക്കളുടെ നിലവിലെ ആവശ്യങ്ങൾക്കനുസരിച്ച് വൈവിദ്ധ്യവത്കരണവും വിപണിയുടെ ആവശ്യത്തിനനുസരിച്ച് ഉത്പാദന രീതികളുടെ നവീകരണവും "കൈത്തറി സുരക്ഷാ പദ്ധതി" പ്രകാരം നടപ്പിലാക്കി വരുന്നു.

(ബി) കേരള ഹാന്റ്‌ലൂമിനെ പൊതുബ്രാന്റിംഗിന്റെ കീഴിൽ കൊണ്ടു വരുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേരള ഹാന്റ്‌ലൂമിനെ പൊതുബ്രാന്റിംഗിന്റെ കീഴിൽ കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. 2023 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരള കൈത്തറികൾക്ക് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെ (www.keralaemarket.com/www.keralae-market.org/ www.keralaemarket.kerala.gov.in) കൈത്തറി ഉത്പാദകർക്ക് ദേശീയ-അന്തർദ്ദേശീയ കമ്പനികളുമായി ബന്ധപ്പെടുന്നതിനും വ്യാപാര ചർച്ചകൾ നടത്തുന്നതിനും അതുവഴി വിപണനം സാദ്ധ്യമാക്കുന്നതിനും കഴിയുന്നതാണ്. Amazon.in വഴി ഹാന്റക്സ് ഓൺലൈൻ വിപണനം നടത്തിവരുന്നുണ്ട്.

(ഡി) കൈത്തറി മേഖലയ്ക്കാവശ്യമായ കഴിനൂൽ ഉത്പാദനം ഏതൊക്കെ മില്ലുകളിലാണ് നടത്തുന്നതെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് ആവശ്യമായ നൂൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിലും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലുമാണ് കഴിനൂൽ ഉത്പാദിപ്പിക്കുന്നത്. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 60 കൗണ്ടിലുള്ള സിംഗിൾ കഴിനൂൽ, ഡബിൾ കഴിനൂൽ എന്നിവ യഥാക്രമം 75,000-ഉം 1,50,000-ഉം കിലോയോളവും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 1,50,000 കിലോയോളവും കഴിനൂൽ പ്രതിവർഷം ഉത്പാദിപ്പിക്കാൻ സാധിക്കും. ആവശ്യകതയ്ക്കാനുപാതികമായി കഴിനൂൽ ഉത്പാദിപ്പിച്ച് നൽകുവാൻ സാധിക്കുന്നതാണ്.

**ഖാദി ബോർഡ് വൈസ് ചെയർമാൻ**

148(4259) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് വൈസ് ചെയർമാൻ സ്ഥാനത്തേയ്ക്ക് ആരെയെങ്കിലും നിയോഗിച്ചുകൊണ്ട് ഈ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഖാദി ബോർഡ് വൈസ്ചെയർമാൻ സ്ഥാനത്തേയ്ക്ക് ശ്രീ. ചെറിയാൻ ഫിലിപ്പിനെ നിയോഗിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) ടി ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവനുസരിച്ച് വൈസ് ചെയർമാൻ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെട്ട വ്യക്തി ചുമതല ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ടി ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

**ഖാദി വ്യവസായം ശക്തിപ്പെടുത്താൻ നടപടി**

149(4260) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കേരള ഖാദിഗ്രാമവ്യവസായ ബോർഡിൽ ഖാദി വ്യവസായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്പാദന ഇൻസെന്റീവ് വർദ്ധിപ്പിച്ചത്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉത്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദിമേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 'ഖാദി ഗ്രാമം പദ്ധതി' എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതനുസരിച്ച് ഒരു താലൂക്കിൽ ഒന്ന് എന്നനിലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ 75 പുതിയ ഖാദി ഷോറൂമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റിച്ചിംഗ്, ആൾട്ടറേഷൻ എന്നീ

സൗകര്യങ്ങളും ലോൺട്രി സൗകര്യവും ആവശ്യത്തിന് പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ ആധുനിക നിലവാരത്തിലുള്ള ഷോറൂമുകളാണ് തുടങ്ങുന്നത്. തിരുവനന്തപുരത്ത് ആധുനിക ഷോറൂമിന്റെ ഫർണിഷിംഗ് നടന്നുവരുന്നു. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കിവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിക്ക് സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപയിൽ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടുനൂലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടുനൂലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാൻ നിലവിൽ പദ്ധതിയില്ല.

**ഖാദി ബോർഡിനുകീഴിലുള്ള നൂൽനൂൽപ് കേന്ദ്രങ്ങളും തൊഴിലാളികളും**

150(4261) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ബോർഡിനുകീഴിൽ എത്ര നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനുകീഴിൽ ആകെ 243 നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

243 നൂൽനൂൽപ്പ് കേന്ദ്രങ്ങൾ വഴിമാത്രം ആകെ 3168 തൊഴിലാളികളാണ് നിലവിൽ ജോലി ചെയ്യുന്നത്. ജില്ല തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു.

| ജില്ല | തൊഴിലാളികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 233 |
| കൊല്ലം | 179 |
| പത്തനംതിട്ട | 84 |
| ആലപ്പുഴ | 192 |
| കോട്ടയം | 173 |
| ഇടുക്കി | 24 |
| എറണാകുളം | 199 |
| തൃശ്ശൂർ | 173 |
| പാലക്കാട് | 329 |
| മലപ്പുറം | 131 |
| കോഴിക്കോട് | 220 |
| വയനാട് | 16 |
| കണ്ണൂർ | 1215 |
| കാസർഗോഡ് | 1215 |
| പയ്യന്നൂർ | 1215 |

(സി) ഇത്തരത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

വേതനം, ഇൻസെന്റീവ്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, ഫെസ്റ്റിവൽ അലവൻസ്, മിനിമം വേതനം എന്നിവ നൽകുന്നു. ഇതുകൂടാതെ ജോലിഭാരം കുറയ്ക്കുന്നതിനായി ചർക്കകളുടെ പരിഷ്കരണം, ഉത്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ നൽകിയിട്ടുണ്ട്.

## കയർ കയറ്റുമതി

151(4262) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുനിന്നും കയറുത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തികവർഷത്തെ കയറ്റുമതി എത്രയായിരുന്നു; വിശദമാക്കുമോ?

സംസ്ഥാനത്ത് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന കയറുത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തെ കയറ്റുമതി വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നേരിട്ട് 14 കോടി രൂപയുടെ കയറുത്പന്നങ്ങൾ കഴിഞ്ഞ സാമ്പത്തികവർഷം കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടാതെ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് 180.05 കോടി രൂപയുടെ കയറുത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്.

2. കയർഫെഡ് കഴിഞ്ഞ സാമ്പത്തികവർഷം 52 ലക്ഷം രൂപയുടെ കയറുത്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

3. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കയറുത്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടില്ല.

## മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ്

152(4263) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കുമ്പളയിലെ മൊഗ്രാലിൽ കയർ ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ കുമ്പളയിലെ മൊഗ്രാലിൽ കയർഫെഡിന്റെ ഉടമസ്ഥതയിൽ ഒരു മിനി ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ പഠനങ്ങൾ കേരള സ്റ്റേറ്റ് മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി കണ്ടെത്തിയിരിക്കുന്ന ഭൂമി പുഴയോരത്തുള്ള കണ്ടൽ പ്രദേശമാകയാൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാൽ ഫീസിബിലിറ്റി സ്റ്റഡിക്കുശേഷം മാത്രമേ ഈ സ്ഥലത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ബി) പദ്ധതിക്കായി ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പദ്ധതിക്കായി കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പര്യാപ്തമാണോയെന്ന് പരിശോധിച്ചുവരുന്നു.

(സി) പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങളും വിശദമാക്കുമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 8000 തൊണ്ട് ഒരു ഷിഫ്റ്റിൽ ചകിരിയാക്കാൻ സാധിക്കുന്ന മെഷിനറി സ്ഥാപിക്കുന്നതിനുള്ള പഠനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ചകിരി ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം.

**കയറിന്റെയും കയറുത്പന്നങ്ങളുടെയും നിർമ്മാണം**

153(4264) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിലാണ് കയറും കയറുത്പന്നങ്ങളും നിർമ്മിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് കയറും കയറുത്പന്നങ്ങളും നിർമ്മിക്കുന്ന താലൂക്കുകളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. ചിറയിൻകീഴ് കയർ പ്രോജക്ട് (തിരുവനന്തപുരം) - ചിറയിൻകീഴ്, കാട്ടാക്കട, നെയ്യാറ്റിൻകര, തിരുവനന്തപുരം, വർക്കല.

2. കൊല്ലം കയർ പ്രോജക്ട് (കൊല്ലം, പത്തനംതിട്ട)-കൊല്ലം, കരുനാഗപ്പള്ളി

3. ആലപ്പുഴ കയർ പ്രോജക്ട് - അമ്പലപ്പുഴ, ചേർത്തല

4. കായംകുളം കയർ പ്രോജക്ട് - കാർത്തികപ്പള്ളി

5. വൈക്കം കയർ പ്രോജക്ട് (കോട്ടയം, ഇടുക്കി) – വൈക്കം, കാഞ്ഞിരപ്പള്ളി.

6. നോർത്ത് പറവൂർ കയർ പ്രോജക്ട് (എറണാകുളം ) – നോർത്ത് പറവൂർ, കൊച്ചി, കണയന്നൂർ.

7. തൃശ്ശൂർ കയർ പ്രോജക്ട് - മുകുന്ദപുരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ, ചാലക്കുടി, ചാവക്കാട്, കുന്നംകുളം.

8. പൊന്നാനി കയർ പ്രോജക്ട് (മലപ്പുറം, പാലക്കാട്) – പൊന്നാനി, തിരൂർ, തിരൂരങ്ങാടി, ചിറ്റൂർ.

9. കോഴിക്കോട് കയർ പ്രോജക്ട് (കോഴിക്കോട്, വയനാട്) – കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി.

10. കണ്ണൂർ കയർ പ്രോജക്ട് (കണ്ണൂർ, കാസർഗോഡ്) – ഹോസ്ദുർഗ്ഗ്, പയ്യന്നൂർ, കണ്ണൂർ, തലശ്ശേരി

(ബി) കയറിന്റെയും കയറുത്പന്നങ്ങളുടെയും നിർമ്മാണം മുഖ്യതൊഴിലായി സ്വീകരിച്ചവർ എത്രയാണ്; താലൂക്ക് തിരിച്ച് വിശദമാക്കുമോ?

കയറിന്റെയും കയറുത്പന്നങ്ങളുടെയും നിർമ്മാണം മുഖ്യതൊഴിലായി സ്വീകരിച്ചവരുടെ എണ്ണം താലൂക്ക് തിരിച്ച് ചുവടെചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ചിറയിൻകീഴ് കയർ പ്രോജക്ട് (തിരുവനന്തപുരം) | ചിറയിൻകീഴ് | 703 |
| | | കാട്ടാക്കട | 6 |
| | | നെയ്യാറ്റിൻകര | 18 |
| | | തിരുവനന്തപുരം | 465 |
| | | വർക്കല | 125 |
| 2 | കൊല്ലം കയർ പ്രോജക്ട് (കൊല്ലം, പത്തനംതിട്ട) | കൊല്ലം | 611 |
| | | കരുനാഗപ്പള്ളി | 970 |
| 3 | ആലപ്പുഴ കയർ പ്രോജക്ട് | അമ്പലപ്പുഴ | 9000 |
| | | ചേർത്തല | 12000 |
| 4 | കായംകുളം കയർ പ്രോജക്ട് | കാർത്തികപ്പള്ളി | 9084 |
| 5 | വൈക്കം കയർ പ്രോജക്ട് (കോട്ടയം, ഇടുക്കി) | വൈക്കം | 20432 |
| | | കാഞ്ഞിരപ്പള്ളി | 24 |

| | | | |
|---|---|---|---|
| 6 | നോർത്ത് പറവൂർ കയർ പ്രോജക്റ്റ് (എറണാകുളം) | നോർത്ത് പറവൂർ | 124 |
| | | കൊച്ചി | 122 |
| | | കണയന്നൂർ | 23 |
| 7 | തൃശ്ശൂർ കയർ പ്രോജക്റ്റ് | മുകുന്ദപുരം | 222 |
| | | കൊടുങ്ങല്ലൂർ | 170 |
| | | തൃശ്ശൂർ | 81 |
| | | ചാലക്കുടി | 17 |
| | | ചാവക്കാട് | 51 |
| | | കുന്നംകുളം | 6 |
| 8 | പൊന്നാനി കയർ പ്രോജക്റ്റ് (മലപ്പുറം, പാലക്കാട്) | പൊന്നാനി | 67 |
| | | തിരൂർ | 34 |
| | | തിരൂരങ്ങാടി | 167 |
| | | ചിറ്റൂർ | 30 |
| 9 | കോഴിക്കോട് കയർ പ്രോജക്റ്റ് (കോഴിക്കോട്, വയനാട്) | കോഴിക്കോട് | 5577 |
| | | വടകര | 320 |
| | | കൊയിലാണ്ടി | 1515 |
| | | താമരശ്ശേരി | 39 |
| 10 | കണ്ണൂർ കയർ പ്രോജക്റ്റ് (കണ്ണൂർ, കാസർഗോഡ്) | ഹോസ്ദുർഗ്ഗ് | 59 |
| | | പയ്യന്നൂർ | 37 |
| | | കണ്ണൂർ | 97 |
| | | തലശ്ശേരി | 21 |

## കയർ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

154(4265) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കയർ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1. കയർ രണ്ടാം പുന:സംഘടന

2. വിപണനം, പരസ്യ പ്രചരണ വ്യാപാര പ്രവർത്തനങ്ങൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

3. 50% കേന്ദ്രവിഹിതത്തോടെ കയറിന്റെയും കയറുത്പന്നങ്ങളുടെയും വില്പനയ്ക്കുള്ള വിപണി വികസന സഹായം.

4. കയർ ഭ്രുവസ്ത്ര വികസന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും തൊഴിലും കയറധിഷ്ഠിത വ്യവസായത്തിന്റെ സ്ഥിരതയും ഉറപ്പാക്കൽ.

5. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണവും പശ്ചാത്തല വികസനവും

7. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും.

8. ഉത്പാദനവും വിപണന പ്രചോദനവും

9. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (ക്രയവില സ്ഥിരതാ പദ്ധതി)

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

11. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി.

12. കയർ സഹകരണ സംഘങ്ങളിൽനിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതി.

13. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും.

## ലോക്ഡൗൺ കാലയളവിലെ കയർ മേഖലയിലെ മാന്ദ്യം

155(4266) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക്ഡൗൺ കാലയളവിൽ കയർ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കോവിഡ് കാലത്ത് കയർ മേഖലയിൽ തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കാൻ കയർ സഹകരണ സംഘങ്ങളോടൊപ്പം യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വീടുകളിൽ ചകിരി, കയർഫെഡ് മുഖേന എത്തിച്ചുകൊടുത്തു. 2020 ജനുവരി മുതൽ 2021 ഏപ്രിൽ വരെമാത്രം (കോവിഡ് 19-ന്റെ ഒന്നും രണ്ടും വ്യാപനഘട്ടങ്ങളിൽ) കയർഫെഡ് 134.424 കോടി രൂപയുടെ 261924 ക്വിന്റൽ കയർ വില്പന നടത്തിയിട്ടുണ്ട്. കൂടാതെ കയർ സംഘങ്ങൾക്ക് കയർവില മുടക്കം കൂടാതെ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ ലഭ്യമാക്കിയിരുന്നു. ഇപ്രകാരം കൂലിയിലെ സർക്കാർ വിഹിതം പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് കോവിഡിന്റെ ഒന്നാം വ്യാപനഘട്ടത്തിൽ വളർച്ച രേഖപ്പെടുത്തിയ പരമ്പരാഗത വ്യവസായ മേഖലയായി കയറിനെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധിബോർഡിലെ അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും കോവിഡ് സമാശ്വാസമായി 1000 രൂപവീതം അനുവദിക്കുന്നതിനായി സർക്കാർ 21.7 കോടി രൂപ അനുവദിക്കുകയുണ്ടായി.

## പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണം

156(4267) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘം നമ്പർ 715-ന്റെ പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തികവർഷം തുക അനുവദിച്ചിട്ടുണ്ടോ?

അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിജസ്ഥിതിയും പ്രവൃത്തി ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണവും വിശദമാക്കാമോ?

അടിസ്ഥാനസൗകര്യ വികസനപദ്ധതി പ്രകാരം പുനരുദ്ധാരണത്തിനായി 2019-20 സാമ്പത്തികവർഷം 11,60,000 രൂപ അനുവദിച്ചിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)-യെ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുകയും 2020 സെപ്തംബറിൽ ULCCS സംഘത്തിൽ ഇൻസ്പെക്ഷൻ നടത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. സംഘത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള അധികതുകയായ 1,96,182 രൂപ സംഘത്തിന് അനുവദിക്കേണ്ടതുണ്ട്. എൻ.സി.ഡി.സി.-യിൽനിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

### മണ്ണ്, ജല സംരക്ഷണത്തിന് കയർ ഭൂവസ്ത്രം

157(4268) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്, ജല സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി നല്ലരീതിയിൽ ഉപയോഗിച്ചുവരുന്നതും പരിസ്ഥിതിക്കുതകുന്നതുമായ കയർ ഭൂവസ്ത്രം സംസ്ഥാനമാകെ വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കയർ ഭൂവസ്ത്ര ഉപയോഗത്തിൽ നിലവിൽ കുറവുവന്നിട്ടുണ്ടോ?

കുറവുവന്നിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കയർ ഭൂവസ്ത്ര ഉപയോഗത്തിൽ കോവിഡ്, മഴ പശ്ചാത്തലത്തിൽ നിലവിൽ കുറവുവന്നിട്ടുണ്ട്. 'വെർച്വൽ കയർ കേരള 2021'-ന് മുന്നോടിയായി കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചെങ്കിലും കോവിഡ് കാലത്തുണ്ടായിരുന്ന നിയന്ത്രണങ്ങൾ, മഴ എന്നിവമൂലം തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിരുന്നില്ല. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ധാരണാപത്ര പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

29-12-2018-ലെ സ.ഉ. നമ്പർ 1401/2018/വ്യവ. പ്രകാരം കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 300 രൂപയിൽനിന്ന് 350 രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്. കൂലിയുടെ ഒരു വിഹിതം പരമാവധി 110 രൂപ വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു.

**കയറുത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് നടപടികൾ**

158(4269) ശ്രീമതി യു. പ്രതിഭ:

ശ്രീ. വി. ജോയി:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ ഉത്പന്നങ്ങളുടെ ആഭ്യന്തരവിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതു മേഖലാ സ്ഥാപനങ്ങളാണ് കയറുത്പന്നങ്ങളുടെ വിപണനം നിർവ്വഹിക്കുന്നത്. ആഭ്യന്തരവിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

2. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിന് അകത്തും പുറത്തും ഷോറൂമുകൾവഴി കയറുത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്.

3. കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടെയും അന്തർദ്ദേശീയ പ്രദർശന മേളയായ 'കയർ കേരള' നടത്തുന്നത് കയറുത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 'വെർച്വൽ കയർ കേരള'-യിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിൽ സ്ഥാപിച്ച മുഴുവൻ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്നും കയർഫെഡ് മുൻ ഉത്തരവുകൾ പ്രകാരം 22 രൂപ നിരക്കിൽ ചകിരി സംഭരിക്കണം. കയർഫെഡ് ഇ-ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ താഴെയുള്ള വിലയ്ക്കോ സംഘങ്ങൾക്ക് സ്വന്തം ഫണ്ടിൽനിന്നും ചകിരി നേരിട്ട് വാങ്ങാവുന്നതാണ്. കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽനിന്നും സംഘങ്ങൾക്ക് നേരിട്ട് ചകിരി വാങ്ങാവുന്നതാണ്.

4. ഉത്പന്നമേഖലയിൽ കൂടുതൽ ഡിമാന്റുള്ള കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് ഇതുവരെ 100 കോടി രൂപയുടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം ഒപ്പുവച്ചിട്ടുമുണ്ട്.

5. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തംനിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

6. ഒരു വീട്ടിൽ ഒരു കയറുത്പന്നം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

7. ബയർ-സെല്ലർ മീറ്റുകൾ, കയർ കാർണിവൽ മുതലായവയും കയറുത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി നടത്തിവരുന്നു.

(ബി) വിപണി, തൊഴിലവസരങ്ങൾ തുടങ്ങിയ മേഖലകളിൽ കയർ ഭൂവസ്ത്ര പദ്ധതി ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ?

കയറുത്പന്നങ്ങളിൽ കൂടുതൽ ഡിമാന്റുള്ള കയർ ഭൂവസ്ത്രം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്കും റോഡ് നിർമ്മാണത്തിനും വിപണനം നടത്തുന്നുണ്ട്. 2015-16-ൽ 7880 ടണ്ണായിരുന്ന കയറുത്പാദനം 2020-21-ൽ 25000 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ഉത്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുവാൻ കയർ ഭൂവസ്ത്ര പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കയർ ഭൂവസ്ത്ര പദ്ധതിയുടെ ഫലമായി കയർ കെട്ടിക്കിടക്കുന്ന സ്ഥിതി 2017-നുശേഷം അവസാനിച്ചു. ചകിരി ഉത്പാദനം, കയർ പിരി, ഉത്പന്ന മേഖല, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ നാല് മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കയർ ഭൂവസ്ത്ര പദ്ധതിമൂലം സാധിച്ചിട്ടുണ്ട്.

(സി) കയറുത്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ?

കയറുത്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാൻഡിക്രാഫ്റ്റ്, ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ തുടങ്ങിയ ഏജൻസികൾ നടത്തുന്ന ബയർ-സെല്ലർ മീറ്റുകൾ, എക്സിബിഷനുകൾ എന്നിവയിൽ പങ്കെടുത്ത് പുതിയ ഉപഭോക്താക്കളെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു. ക്രയവിലസ്ഥിരതാ പദ്ധതിയുടെ ഭാഗമായി കയർ കോർപ്പറേഷനിൽനിന്ന് ഉത്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 10% ഡിസ്കൗണ്ടും സ്പോട്ട് പേമെന്റ് നടത്തുന്ന കയറ്റുമതിക്കാർക്ക് 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകിവരുന്നു. അന്തർദ്ദേശീയ പ്രദർശന വില്പനമേളയായ 'കയർ കേരള' നടത്തുന്നതും കയറുത്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ലക്ഷ്യമാക്കിയാണ്.

## കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തിക

159(4270) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ ആകെ ഒരൊഴിവാണുള്ളത്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അടുത്ത ആറ് മാസത്തിനുള്ളിൽ കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അടുത്ത ആറ് മാസത്തിനുള്ളിൽ കയർഫെഡിൽ സിസ്റ്റം അനലിസ്റ്റ് തസ്തികയിൽ ഒഴിവുകളൊന്നും പ്രതീക്ഷിക്കുന്നില്ല.

## കയർ ജിയോ ടെക്സ്റ്റൈൽ ഇറക്കുമതി

160(4271) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയ്ക്ക് എത്ര ടൺ ചകിരി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത്രയും ചകിരി കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

2021-22 സാമ്പത്തികവർഷം 3 ലക്ഷം ക്വിന്റൽ കയറുത്പാദനം ലക്ഷ്യമിട്ടിട്ടുള്ളതിനാൽ 36000 ടൺ ചകിരി ആവശ്യമാണ്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ചകിരി ഉത്പാദനശേഷി 2021 സെപ്റ്റംബർ മാസത്തിൽ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉത്പാദനശേഷി 480% വർദ്ധിപ്പിക്കാൻ സാധിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതോടെ കേരളത്തിലെ കയർ വ്യവസായ മേഖലയ്ക്കാവശ്യമായ ചകിരി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കയർ വ്യവസായ മേഖലയ്ക്ക് വളരെയേറെ പുരോഗതി നൽകുന്ന കയർ ജിയോ ടെക്സ്റ്റൈൽ ഗണ്യമായ രീതിയിൽ കുറഞ്ഞ വിലയ്ക്ക് ഇതര സംസ്ഥാന ങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നത് കയർ വ്യവസായത്തെ പ്രതിസന്ധി യിലാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രവർത്തനരഹിതമായ കയർ സഹകരണ സംഘങ്ങൾ**

161(4272) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തനരഹിതമായ എത്ര കയർ സഹകരണ സംഘങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ വിവിധ കയർ പ്രോജക്ട് ഓഫീസുകളുടെ കീഴിൽ മൊത്തം 210 പ്രവർത്തനരഹിതമായ കയർ സഹകരണ സംഘങ്ങളുണ്ട്.

| ക്രമ നമ്പർ | കയർ സഹകരണ സംഘങ്ങൾ | എണ്ണം |
|---|---|---|
| 1 | ചിറയിൻകീഴ് കയർ പ്രോജക്ട് (തിരുവനന്തപുരം) | 38 |
| 2 | കൊല്ലം കയർ പ്രോജക്ട് (കൊല്ലം, പത്തനംതിട്ട) | 43 |
| 3 | ആലപ്പുഴ കയർ പ്രോജക്ട് | 32 |
| 4 | കായംകുളം കയർ പ്രോജക്ട് | 11 |
| 5 | വൈക്കം കയർ പ്രോജക്ട് (കോട്ടയം, ഇടുക്കി) | 14 |
| 6 | നോർത്ത് പറവൂർ കയർ പ്രോജക്ട് (എറണാകുളം ) | 5 |
| 7 | തൃശ്ശൂർ കയർ പ്രോജക്ട് | 7 |
| 8 | പൊന്നാനി കയർ പ്രോജക്ട് (മലപ്പുറം, പാലക്കാട്) | 9 |
| 9 | കോഴിക്കോട് കയർ പ്രോജക്ട് (കോഴിക്കോട്, വയനാട്) | 19 |
| 10 | കണ്ണൂർ കയർ പ്രോജക്ട് (കണ്ണൂർ, കാസർഗോഡ്) | 32 |

(ബി) ഇതിൽ വൈദ്യുതി വകുപ്പുമായുള്ള തർക്കംകാരണം പ്രവർത്തനം തുടങ്ങാൻ കഴിയാത്തവ എത്രയെന്ന് അറിയിക്കുമോ?

വൈദ്യുതി കുടിശ്ശികയുള്ളതുമൂലം പ്രവർത്തനം തുടങ്ങാൻ കഴിയാത്ത മൂന്ന് സഹകരണ സംഘങ്ങളുണ്ട്.

(സി) സർക്കാർ തീരുമാനം വൈദ്യുതി റെഗുലേറ്ററി കമ്മിറ്റി അംഗീകരിക്കാത്തതിനാലാണ് കൊടുവള്ളി കയർ വ്യവസായ സഹകരണസംഘം തുറക്കാൻ കഴിയാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊടുവള്ളി കയർ വ്യവസായ സഹകരണ സംഘത്തിന് 8 ലക്ഷം രൂപയുടെ വൈദ്യുതി കുടിശ്ശികയുണ്ടായിരുന്നു. തത്സമയം പ്രവർത്തനക്ഷമമായതും വൈദ്യുതി കുടിശ്ശിക തീർത്താൽ പ്രവർത്തനക്ഷമമാക്കാൻ മറ്റ് തടസ്സങ്ങളില്ലാത്തതുമായ സംഘങ്ങൾക്ക് വൈദ്യുതി കുടിശ്ശിക തീർക്കുന്നതിന് 23-1-2020-ലെ ജി.ഒ.നം. 677/20/ഫിൻ എന്ന ഉത്തരവ് പ്രകാരം 37.11 ലക്ഷം രൂപ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ കൊടുവള്ളി സംഘം പ്രവർത്തനക്ഷമമല്ലെന്നും മെഷിനറികൾ പരിപൂർണ്ണമായും തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലായിരുന്നുവെന്നും 22-7-2019-ൽ കോഴിക്കോട് പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘത്തെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തിയിരുന്നില്ല. നിലവിൽ സംഘം യാതൊരു പ്രവർത്തനവുമില്ലാത്ത അവസ്ഥയിലാണ്. ടി സംഘത്തിനുവേണ്ടിമാത്രം സർക്കാർ പ്രത്യേക തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) കൊടുവള്ളി സഹകരണ കയർ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംഘത്തിന്റെ നിലവിലുള്ള ഭരണസമിതി വിളിച്ചുചേർത്ത് സംഘം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 17-11-2021-ന് സംഘം ഭരണ സമിതിയുമായി ഒരു യോഗം കോഴിക്കോട് പ്രോജക്ട് ഓഫീസിൽവച്ച് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ നടപടി

162(4273) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിൽനിന്ന് വൻതോതിൽ ഇറക്കുമതി ചെയ്യുന്ന കയർ ഉല്പന്നങ്ങൾ സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണം പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ച കയർ ഭൂവസ്ത്ര ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളായ കയർഫെഡ്, ഫോംമാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾവഴി കയർ ഭൂവസ്ത്രം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. 2021 വെർച്വൽ 'കയർ കേരള'-യിൽ 121 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇപ്രകാരം കയറുത്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് ഉത്പാദിപ്പിക്കുന്ന കയറിന് കേരളത്തിനകത്തുതന്നെ വിപണി കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായ മേഖലയുടെ നവീകരണം

163(4274) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനായി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനം, നവീകരണം, ഭാഗികയന്ത്രവൽക്കരണം എന്നിവയ്ക്കായി അനുവദിച്ചുനൽകിയിട്ടുള്ള തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റൂം, വായനാമുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.ടി.വി. സർവെയ്‌ലൻസ് ക്യാമറകൾ, ചുമട് അനായസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപ്പുര എന്നിവ നടപ്പിലാക്കിയിരുന്നു.

കാപെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി മുൻസർക്കാരിന്റെ കാലത്ത് 5.19 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കാപെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പുനർനിർമ്മിക്കുകയും കാപെക്സ് ഹെഡ് ഓഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർകൊണ്ട് സി.സി.ടി.വി.-കൾമുഖേന ബന്ധിപ്പിക്കുകയും കാപെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിലാവശ്യമായ ടോയ്‌ലെറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടപ്പുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. 2021-22 സാമ്പത്തികവർഷം കശുവണ്ടി വികസന കോർപ്പറേഷന് 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. കൂടാതെ ദേശീയ വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് അനുവദിച്ച് നൽകുകയും ചെയ്തു. കൂടാതെ 2015 മുതൽ 2020 വരെയുള്ള കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷനിൽനിന്ന് വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനായി 20 കോടി രൂപ അനുവദിച്ചുനൽകി. അതുപോലെ കാപെക്സിന്റെ അധീനതയിലുള്ള 10 കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തികവർഷം 500 ലക്ഷം രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത തുകകൂടി വിനിയോഗിച്ച് 2016 മുതൽ 2020 വരെ കാപെക്സിൽനിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനുവേണ്ടി 9.57 കോടി രൂപ അനുവദിച്ചുനൽകി. കൂടാതെ വിദേശരാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നതിനുവേണ്ടി 37.30 കോടി രൂപ കേരള കാഷ്യൂ ബോർഡിന് അനുവദിച്ചുനൽകി.

(ബി) കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 'ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി' 2021-22 സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി 650 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകുകയും ടി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷി വ്യാപനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെചേർക്കുന്നു.

1. <u>കശുമാവ് പുതുകൃഷി</u>: ഈ പദ്ധതിയുടെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. ഇതുപ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്.

2. <u>മുറ്റത്തൊരു കശുമാവ് പദ്ധതി</u>: കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷനുകൾ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

3. <u>ഹൈഡെൻസിറ്റി പ്ലാന്റിംഗ്</u>: സംസ്ഥാനത്ത് സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന 'ഹൈഡെൻസിറ്റി പ്ലാന്റിംഗ് പദ്ധതി' നടപ്പിലാക്കിവരുന്നു.

4. <u>മാതൃകാ കശുമാവിൻ തോട്ടം</u>: സർക്കാർ/അർദ്ധസർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റംവരുത്താതെ കശുമാവിന്റെ വിവിധ തൈകളുൾപ്പെടുത്തി മാതൃകാ തോട്ടങ്ങളുണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. പുതിയയിനം കൃഷിരീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. കൂടാതെ നാടൻ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുത്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉത്പാദിപ്പിക്കുന്നുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി എന്നീ ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് 'മാതൃകാ കശുമാവ് തോട്ട' പദ്ധതിയിൽപ്പെടുത്തി അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നുണ്ട്. ഇതോടൊപ്പം കാപെക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുത്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നുണ്ട്.

## കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

164(4275) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല ഏകദേശം 2015 മുതൽ പ്രതിസന്ധികൾ നേരിടുന്നു. ആഗോളതലത്തിൽ തോട്ടണ്ടിയുടെ വിലക്കൂടുതലും ദൗർലഭ്യവും കശുവണ്ടി ഉത്പാദനത്തിലും വിപണനത്തിലും വിയറ്റ്നാമിന്റെ വളർച്ചയും ഈ വ്യവസായത്തിലെ ഇന്ത്യയുടെ കുത്തകയെ സാരമായി ബാധിച്ചു. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾ പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കുകയും അതുവഴി സംസ്കരണത്തിന് വലിയ അളവിൽ തോട്ടണ്ടി അവർക്കാവശ്യമായി വരികയും അന്താരാഷ്ട്ര വിപണിയിൽ ലഭ്യമാകുന്ന തോട്ടണ്ടി അവർ പരമാവധി വിലനൽകി സംഭരിക്കുവാനും തുടങ്ങിയതിന്റെ ഫലമായി സംസ്ഥാനത്ത് തോട്ടണ്ടിയുടെ ദൗർലഭ്യമുണ്ടാവുകയും തോട്ടണ്ടിക്ക് ഡിമാന്റ് വർദ്ധിക്കുകയും തന്മൂലം വില വർദ്ധിക്കുകയുമുണ്ടായി. യന്ത്രവത്കരണത്തിലൂടെ വിയറ്റ്നാമിലെ ഉത്പാദന ചെലവ് കേരളത്തിലേതിനേക്കാൾ കുറവായതുകാരണം വലിയ വിലയിൽ തോട്ടണ്ടി സംഭരിച്ചാലും അവർക്ക് നഷ്ടമുണ്ടാകുന്നില്ല. എന്നാൽ അന്താരാഷ്ട്ര വിപണിയിൽനിന്നും വലിയ വിലയ്ക്ക് തോട്ടണ്ടി കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുമ്പോൾ ചെലവ് വളരെ കൂടുതലാകുന്നു. എന്നാൽ കശുവണ്ടി പരിപ്പിന്റെ വില അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിവിലയ്ക്ക് ആനുപാതികമായി വർദ്ധിച്ചിട്ടില്ല. വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഉത്പാദന ചെലവ് കുറവായതിനാൽ നിലവിലെ അന്താരാഷ്ട്ര വിലയ്ക്ക് വിറ്റാലും നഷ്ടമുണ്ടാകുന്നില്ല. വിയറ്റ്നാം, വിവിധ ആഫ്രിക്കൻ രാജ്യങ്ങൾ, ഇന്തോനേഷ്യ മുതലായ രാജ്യങ്ങളിൽ ഇപ്പോൾ ഫാക്ടറികൾ പ്രവർത്തനം ആരംഭിച്ചതിനാൽ അവർക്കാവശ്യമുള്ള തോട്ടണ്ടി എടുത്തതിനുശേഷം ബാക്കിയുള്ളതുമാത്രമാണ് ആഗോള വിപണിയിൽ വില്പന നടത്തുന്നത്. വിയറ്റ്നാമിനെ പിന്തുടർന്ന് ഇന്ത്യയിലെ സ്വകാര്യ ഫാക്ടറികൾ യന്ത്രവത്കരണം തുടങ്ങിയിരുന്നെങ്കിലും ബഹുഭൂരിപക്ഷം ഫാക്ടറികളും 2015 മുതൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ പ്രതിസന്ധിയിലായി. കൂടാതെ 2016 മുതൽ കേന്ദ്രസർക്കാർ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതോടെ പ്രതിസന്ധി വീണ്ടും വർദ്ധിച്ചു. മേൽപ്രതിസന്ധികൾമൂലം സ്വകാര്യ ഫാക്ടറികൾ അടച്ചിടേണ്ടിവരികയും തൊഴിൽനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇറക്കുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കയറ്റുമതി കുറവായതിനാൽ രൂപയുടെ മൂല്യത്തിനുണ്ടായ ഇടിവും കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചു.

(ബി) പ്രതിസന്ധിക്ക് ഒരു കാരണം കശുവണ്ടി വികസന ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളി പ്രതിനിധികളുടെ പ്രൊഫഷണലല്ലാത്ത സമീപന മാണെന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനമെന്താ ണെന്ന് വ്യക്തമാക്കുമോ?

അത്തരമൊരു നിലപാട് സർക്കാരിനില്ല. ബോർഡിന്റെ ഘടന പരിശോധി ക്കുന്നുണ്ട്.

**കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പാക്കുന്ന നടപടി**

165(4276) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പു വരുത്തുന്നതിന് വൈവിധ്യവൽക്കരണത്തിലൂടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ മലബാർ മേഖലയിലുൾപ്പെടെ വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കശുവണ്ടി പരിപ്പിനുപുറമേ വൈവിധ്യവത്കരണത്തിലൂടെ കശുവണ്ടി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉത്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉത്പാദിപ്പിച്ച് സി.ഡി.സി. കാഷ്യൂസ് എന്ന ബ്രാൻഡ് നെയിമിൽ വിപണിയിലിറക്കിയിട്ടുണ്ട്. ഈ ഉത്പന്ന ങ്ങൾ മലബാർ മേഖലയിലുൾപ്പെടെ വിപണനം ചെയ്യുന്നുണ്ട്. കാപെക്സിൽ ഉത്പാ ദിപ്പിക്കുന്ന കശുവണ്ടി പരിപ്പിന്റെ ഉത്പന്നങ്ങൾ കാപെക്സിന്റെ ഔട്ട്ലെറ്റുകൾ, വിവിധ ഫ്രാഞ്ചൈസികൾ, സർക്കാർ ഔട്ട്ലെറ്റ്, പോലീസ് കാന്റീനുകൾ മുതലായവവഴി സംസ്ഥാനത്തുടനീളം വിറ്റുവരുന്നു. മലബാർ മേഖലയിലും മേൽ ഔട്ട്ലെറ്റുകൾവഴി കാപെക്സിന്റെ കശുവണ്ടി പരിപ്പുകൾ വിറ്റുവരുന്നുണ്ട്.

(ബി) കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉറപ്പുവരുത്തിയിട്ടുണ്ട്. 21-2-2015-ലെ GO(P)No.21/2015/LBR ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി മിനിമം വേതനം ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ/ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തിയാണ് ഉറപ്പുവരുത്തുന്നത്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് നടപടി സ്വീകരിക്കുന്നുമുണ്ട്.

**കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ പവർകട്ട്**

166(4277) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പവർകട്ട് ഏർപ്പെടുത്തുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല.

**വൈദ്യുതി ഉത്പാദനരംഗത്തെ വളർച്ച**

167(4278) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണശേഷി ഉയർത്തി സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം മുടക്കമില്ലാതെ നിറവേറ്റുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ കേവലം 30 ശതമാനം മാത്രമാണ് സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. ശേഷിക്കുന്ന വൈദ്യുതി സംസ്ഥാനത്തിനുപുറമേനിന്നും കേന്ദ്രവിഹിതമായും ഹ്രസ്വ/മദ്ധ്യ/ ദീർഘകാല കരാറുകൾവഴിയും പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങിയെത്തിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം വൈദ്യുതി എത്തിക്കുന്നതിന് പ്രാപ്തമായ രീതിയിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത് കണക്കിലെടുത്ത്

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് സവിശേഷ ശ്രദ്ധനൽകിയിരുന്നു. ഇതിന്റെ ഭാഗമായി ഏറെക്കാലം മുടങ്ങിക്കിടന്നിരുന്ന തിരുനൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ ലൈനിന്റെ നിർമ്മാണം സർക്കാരിന്റെ സജീവമായ ഇടപെടലുകൾവഴി പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. കൂടാതെ വൈദ്യുതി ഉത്പാദനത്തിന് ആഭ്യന്തര സ്രോതസ്സുകൾ പരിമിതമായ നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി സംസ്ഥാനത്തിന് അനുവദിച്ച 320 കെ.വി. HVDC ലൈനിന്റെ നിർമ്മാണവും മുൻസർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടെ ഫലമായി പൂർത്തിയാക്കുവാൻ സാധിച്ചു. ഈ പദ്ധതികളുടെ പൂർത്തീകരണത്തോടെ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ ഏകദേശം 1800 മെഗാവാട്ടിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതിനുപുറമേ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതും പുറമേനിന്ന് ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നതിനുള്ള ആഭ്യന്തര പ്രസരണ ശൃംഖലയുടെ വികസനത്തിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രത്യേക മുൻഗണന നൽകിയിരുന്നു. ഇതിന്റെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയ പദ്ധതികളും നടപ്പാക്കി. മേൽപരിപാടികളുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്തവയുൾപ്പെടെ വിവിധ വോൾട്ടേജിലുള്ള 72 സബ്സ്റ്റേഷനുകളും 1720 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളും പൂർത്തീകരിച്ചു.

(ബി) കഴിഞ്ഞ സർക്കാരിന് വൈദ്യുതി ഉത്പാദനരംഗത്ത് എത്രത്തോളം വളർച്ച കൈവരിക്കാനായെന്ന് വ്യക്തമാക്കാമോ; നിലവിൽ പൂർത്തീകരിക്കാനുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് 314.137 മെഗാവാട്ടിന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. നേരിട്ടും 12.55 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും (പതങ്കയം - 8 മെഗാവാട്ട്, കാരിക്കയം - 4.5 മെഗാവാട്ട്, ദേവിയാർ - 0.05 മെഗാവാട്ട്) കൂടാതെ സൗരോർജ്ജ പദ്ധതികളിൽനിന്നും 261.987 മെഗാവാട്ടും കാറ്റിൽനിന്നും 27 മെഗാവാട്ടും ഉൾപ്പെടുന്നു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട്

ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കിയത് എടുത്തുപറയേണ്ട നേട്ടമാണ്. പ്രസ്തുത പദ്ധതിയിൽനിന്നും 2019 ജനുവരി മുതൽ കേരള ഗ്രിഡ്ഡിലേയ്ക്ക് വൈദ്യുതി ലഭിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉത്പാദനം ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ ചുവടെചേർക്കുന്നു.

| | | |
|---|---|---|
| 1 | വെള്ളത്തൂവൽ | 3.6 MW |
| 2 | പെരുന്തേനരുവി | 6 MW |
| 3 | കക്കയം | 3 MW |
| 4 | ചാത്തൻകോട്ടുനട | 6 MW |

ജലവൈദ്യുത പദ്ധതികളായ ഇടുക്കി (3 x 130 MW), ഷോളയാർ (3 x 18 MW) എന്നിവയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയായി. വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടന്ന പദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 MW), തോട്ടിയാർ (1 x 10 MW + 1 x 30 MW) എന്നീ പദ്ധതികൾ പുനരാരംഭിച്ചു. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഇപ്രകാരമാണ്.

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 MW): പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 11-8-2021-ന് റീ-ടെൻഡർ ചെയ്തിരിക്കുകയാണ്. നവംബർ 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

2. തോട്ടിയാർ ജലവൈദ്യുത പദ്ധതി (1 x 10 MW + 1 x 30 MW): ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെൻഡർ ക്ഷണിക്കുകയും പ്രവൃത്തികൾ നടത്തുകയും ചെയ്തുവരുന്നു. മേയ് 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

3. പെരിങ്ങൽകുത്ത് SHEP (1 x 24 MW): പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 95.2 ശതമാനം പൂർത്തീകരിച്ചു. മാർച്ച് 2022- ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

4. പെരുവണ്ണാമൂഴി SHEP (2 x 3 MW): 25-01-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

5. പഴശ്ശി സാഗർ SHEP (3 x 2.5 MW): 25-1-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s. കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രായിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

6. ഭൂതത്താൻകെട്ട് (3 x 8 MW): ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു.

7. കുറ്റ്യാടി ജലവൈദ്യുത പദ്ധതി RMU (3 x 25 MW to 3 x 27.5 MW): പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതികളുടെ നിർമ്മാണപുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യഥാസമയം സ്ഥിരമായി കൂടി തടസ്സങ്ങളും പുരോഗതികളും വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ട്. പദ്ധതിയുടെ നിർമ്മാണപുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണപുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ നൽകാൻ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് അപ്പർ കല്ലാർ (2 MW), ചാത്തൻകോട്ടുനട സ്റ്റേജ് II (6 MW) എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ആകെ (8 മെഗാവാട്ട്) വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവിൽ എനർജി മാനേജ്മെന്റ് മുഖേന പാതംകയം (8 MW) പൂർത്തിയാക്കി ഗ്രിഡ്ഡിൽ വൈദ്യുതി എത്തിച്ചു. ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4.5 MW) എന്നീ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. നിലവിൽ ആനക്കാംപൊയിൽ (8 MW) പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞു. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനെർട്ട് മുഖേന വിവിധ പദ്ധതികളിലൂടെ ആകെ 28.829 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 6.293 മെഗാവാട്ട് ഓഫ്ഗ്രിഡ്ഡും (ബാറ്ററി സംഭരണ സംവിധാനമുള്ളത് - കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധമില്ലാത്തത്) 22.536 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധിതവുമായ സൗരോർജ്ജ പ്ലാന്റുകളുമാണ് സ്ഥാപിച്ചത്.

(സി) പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിയ ഒരു പദ്ധതിയാണ് സൗരപദ്ധതി. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും അവയിൽനിന്നും തെരഞ്ഞെടുത്ത പുരപ്പുറങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും ചെയ്തു. സൗര ഒന്നാംഘട്ട പദ്ധതിയിൽ ആകെ 2847 നിലയങ്ങൾക്ക് 28.207 മെഗാവാട്ടിന്റെ ഓർഡർ നൽകുകയും ഇതിൽ 9.764 മെഗാവാട്ടിന്റെ 1314 സൈറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം ഡിസംബർ 31-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് പങ്കെടുക്കാനാവുക. ഇതിൽ 320 നിലയങ്ങൾ (1250 kw) പൂർത്തീകരിച്ചു. 2020-21 വർഷത്തേയ്ക്കുള്ള എംപാനൽ ലിസ്റ്റ് 2021 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഇതിൽ 32.97 മെഗാവാട്ടിന്റെ (7244 എണ്ണം) വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 2021-ൽ രജിസ്റ്റർ ചെയ്ത 3 കിലോവാട്ടിനുമുകളിലുള്ള എല്ലാ ഉപഭോക്താക്കൾക്കും ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെശേഷിയുള്ള മുഴുവൻ ഉപഭോക്താക്കൾക്കും സാദ്ധ്യമായ ഡെവലപ്പർ കപ്പാസിറ്റി നൽകുകയും ശേഷിക്കുന്ന ഉപഭോക്താക്കൾക്ക് മുഴുവനും സൗരനിലയം സ്ഥാപിക്കുന്നതിനായി 100 മെഗാവാട്ടിന്റെ ടെൻഡർ സെപ്റ്റംബർ മാസത്തിൽ ക്ഷണിക്കുകയും ചെയ്തു. ടെൻഡർ തുറന്നതിനുശേഷമുള്ള തുടർനടപടികൾ പുരോഗതിയിലാണ്. കാറ്റിൽ നിന്നും 27 മെഗാവാട്ട് ശേഷിയുള്ള പദ്ധതി നടപ്പിലാക്കി. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രധാനമന്ത്രി കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ സൗരോർജ്ജവത്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗരവൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന്, ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുയും ചെയ്യുന്ന റെസ്കോ (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നമുറയ്ക്ക് സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

### ഇലക്ട്രിക്കൽ സെക്ഷനുകളുടെ വിഭജനം

168(4279) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഉപഭോക്താക്കളുള്ളതും ദൂരപരിധി കൂടുതലുള്ളതുമായ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം സ്ഥാപിക്കുന്ന സെക്ഷനുകളുടെ പ്രവർത്തനത്തിന് സ്വകാര്യ കെട്ടിടങ്ങളിലല്ലാതെ അടുത്ത് പ്രവർത്തിക്കുന്ന സ്ഥലസൗകര്യമുള്ള സർക്കാർ കെട്ടിടങ്ങളിൽ സംവിധാനമുണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പുതുതായി ഓഫീസുകളാരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിലുൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും വൈദ്യുതി സംബന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെതന്നെ ലഭ്യമാക്കുന്നതിന് "സേവനം വാതിൽപ്പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതുമൂലം പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലമില്ലെന്നതാണ് ബോർഡിന്റെ നിലപാട്.

### തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ റിംഗ്ചെയിൻ യൂണിറ്റ്

169(4280) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിലവിലുള്ള വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികരീതിയിലുള്ള 11 കെ.വി. റിംഗ്ചെയിൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ചെസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിലവിലുള്ള വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികരീതിയിലുള്ള 11 കെ.വി. റിംഗ് മെയിൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രസഹായ പദ്ധതിയായ Revamped Distribution Sector Scheme-ന്റെ ഡി.പി.ആർ.-ലുൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. പ്രസ്തുത സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി ഈ പ്രവൃത്തിക്ക് അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

## കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷനായുള്ള അപേക്ഷകൾ

170(4281) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പണമടച്ചിട്ടും വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്ത എത്ര അപേക്ഷകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പോസ്റ്റുകളുടെ ദൗർലഭ്യംമൂലം 22 സെക്ഷനുകളിലായി 213 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്.

(ബി) ഇതിൽ ബി.പി.എൽ. വിഭാഗത്തിലുള്ളവ എത്രയെന്ന് അറിയിക്കാമോ?

ബി.പി.എൽ. ഓവർഹൈഡ് (OH) വിഭാഗത്തിൽപ്പെട്ട 65 അപേക്ഷകർ ഇതിലുൾപ്പെടുന്നു.

(സി) കണക്ഷൻ നൽകുന്നതിന് ജില്ലയിൽ പോസ്റ്റുകളുടെ ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

8 മീറ്റർ പോസ്റ്റുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ പോസ്റ്റുകളടക്കമുള്ള സാധനങ്ങൾ ജില്ലയ്ക്ക് അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി

171(4282) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണ ഘട്ടത്തിലിരിക്കുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; അവയുടെ പൂർത്തീകരണത്തിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ചുവടെചേർക്കുന്നു.

1) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 MW): പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ 11-8-2021-ന് റീ-ടെൻഡർ ചെയ്തിരിക്കുകയാണ്. നവംബർ 2022-ൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

2) തോട്ടിയാർ ജലവൈദ്യുതി പദ്ധതി (1 x 10 MW + 1 x 30 MW): ബാക്കി ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെൻഡർ ക്ഷണിക്കുകയും പ്രവൃത്തികൾ നടത്തുകയും ചെയ്തുവരുന്നു. മേയ് 2022-ൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

3) പെരിങ്ങൽകുത്ത് SHEP (1 x 24 MW): പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ 95.2% പൂർത്തീകരിച്ചു. മാർച്ച് 2022-ൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

4) പെരുവണ്ണാമൂഴി SHEP (2 x 3 MW): 25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ M/s. കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

5. പഴശ്ശിസാഗർ SHEP (3 x 2.5 MW: 25-1-2021-ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ M/s. കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

6. ഭൂതത്താൻകെട്ട് (3 x 8 MW): ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. കോൺട്രാക്ട് തുക കൂട്ടുന്നതിന് കോൺട്രാക്ടർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കോൺട്രാക്ടറുമായി കെ.എസ്.ഇ.ബി.എൽ. ചർച്ച നടത്തിയതിൻപ്രകാരം അഡ്വാൻസ് തുക കൊടുക്കുന്നപക്ഷം ഒരു മെഷീൻ ഇറക്കുമതി ചെയ്തുതരാമെന്ന് കോൺട്രാക്ടർ സമ്മതം അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3 x 25 MW to 3 x 27.5 MW): പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ നവീകരണശേഷി വർദ്ധിപ്പിക്കലിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് എന്നിവ പൂർത്തീകരിച്ചു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കാനുദ്ദേശിക്കുന്നു.

സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ നിർമ്മാണഘട്ടത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* നിലവിൽ വനം-റവന്യൂ വകുപ്പുകളുടെ വിവിധ തടസ്സങ്ങൾ പല പദ്ധതികളിലും നേരിടുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇതുസംബന്ധിച്ച് റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി ലഭ്യത കുറയുന്ന സാഹചര്യത്തിൽ പ്രസ്തുത ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നു വെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി യഥാസമയം സ്ഥിരമായികൂടി തടസ്സങ്ങളും പുരോഗതിയും വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണപുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം നടത്തി വിലയിരുത്തി റിപ്പോർട്ടുകൾ നൽകാൻ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ മേൽനോട്ട ചുമതലയുള്ളായി സർക്കാർ ഊർജ്ജവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഇ.എം.സി.-ൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സെൽ മുഖേന പദ്ധതി സംരംഭകരുമായി സർക്കാർ വിവിധഘട്ടത്തിൽ ആശയവിനിമയം നടത്തുന്നുണ്ട്. അതോടൊപ്പം സംരംഭകർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ സെൽവഴി നൽകിവരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ ജില്ലാ-സംസ്ഥാന ഏകജാലക ക്ലിയറൻസ് മുഖേന പദ്ധതി സംരംഭകർക്കാവശ്യമായ വകുപ്പ് അനുമതികൾ നേടുന്നതിനുള്ള സംവിധാനവും സർക്കാർ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം നിലവിൽ സംരംഭകർ നേരിടുന്ന/അഭിമുഖീകരിച്ച പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനുംവേണ്ടി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കാനുള്ള ആലോചനയിലാണ് സർക്കാർ.

(ഡി) അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈദ്യുതി പ്രസരണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി പ്രസരണ മേഖല ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ധാരാളം പുതിയ പദ്ധതികൾ വൈദ്യുതി ബോർഡിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കിഫ്ബി, പി.എസ്.ഡി.എഫ്., എം.എൻ.ആർ.ഇ. എന്നിവയുടെ ധനസഹായത്തോടെ ഏകദേശം പതിനായിരം കോടി രൂപയുടെ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ

ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ കിഫ്ബി, പി.എസ്.ഡി.എഫ്. ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 കി.മീ. 400 കെ.വി. ലൈനും 845 കി.മീ. 220 കെ.വി. ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകളുൾപ്പെടുന്ന 5 പാക്കേജുകളുമുണ്ട്. ഇതിൽ 1589 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 6, 220 കെ.വി. സബ്സ്റ്റേഷനുകളും 178 കി.മീ. 400 കെ.വി. ലൈനും 450 കി.മീ. 220 കെ.വി. ലൈനുമുൾപ്പെടുന്നു. 400 കെ.വി. സബ്സ്റ്റേഷനുൾപ്പെടെ 6 സബ്സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ കിഫ്ബി, എം.എൻ.ആർ.ഇ. എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ 11 ലൈൻ പാക്കേജുകളും 13 സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം 2022-ലും രണ്ടാംഘട്ടം 2024-ലും പൂർത്തീകരിക്കാനാണുദ്ദേശിച്ചിരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളാൽ ഉത്പാദന പദ്ധതികൾ തടസ്സപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി പുറമെനിന്നും തടസ്സരഹിതമായി എത്തിക്കുന്നതിനുള്ള ഇറക്കുമതിശേഷി കൈവരിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതി സംസ്ഥാനത്തെത്തിക്കുന്നതിനാവശ്യമായ പ്രസരണ ലൈനുകളുടെ ശേഷി ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മുടങ്ങിക്കിടന്നിരുന്ന തിരുനെൽവേലി-ഇടമൺ-കൊച്ചി- തൃശ്ശൂർ 400 കെ.വി. ലൈനിന്റെ നിർമ്മാണവും പുഗലൂർ-തൃശ്ശൂർ 320 കെ.വി. HVDC ലൈനിന്റെ നിർമ്മാണവും പൂർത്തീകരിച്ചു. ഇതുവഴി സംസ്ഥാനത്തിന്റെ ഇറക്കുമതി ശേഷിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വൈദ്യുതി ഗുണനിലവാരത്തോടുകൂടി ആവശ്യകതയ്ക്കനുസരിച്ച് നൽകുന്നതിന് സാങ്കേതികപഠനങ്ങൾ നടത്തി ആവശ്യമായ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. വൈദ്യുതി കാര്യക്ഷമതയോടെ ലഭ്യമാക്കുന്നതിലേയ്ക്കായി വിവിധ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. കാലപ്പഴക്കം വന്നതും കാര്യക്ഷമത കുറഞ്ഞതുമായ ഉപകരണങ്ങൾ മാറ്റി പുതിയ മികച്ച പെർഫോമൻസുള്ള ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു. സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ ഉൾക്കൊള്ളിക്കാവുന്ന പരിപാലന ചെലവുകുറഞ്ഞ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ പ്രാവർത്തികമാക്കിവരുന്നു. പ്രധാനപ്പെട്ട 220 കെ.വി. സബ്സ്റ്റേഷനുകളിൽ വൈദ്യുത സംവിധാനത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും വൈദ്യുത തടസ്സങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും അവ ഫലപ്രദമായി പരിഹരിക്കുന്നതിനും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഓട്ടോമേഷൻ സിസ്റ്റം പ്രാവർത്തികമാക്കുന്നുണ്ട്. സംസ്ഥാനത്തിലെ വിവിധ സബ്സ്റ്റേഷനുകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള റിലയബിൾ കമ്മ്യൂണിക്കേഷൻ & ഡാറ്റാ അക്വിസിഷൻ സിസ്റ്റം നടപ്പിലാക്കിവരുന്നു. കൂടാതെ നിലവിലുള്ള സുരക്ഷാസംവിധാനങ്ങൾക്കുപകരം അത്യാധുനിക സാങ്കേതികവിദ്യ അനുസരിച്ചുള്ള ന്യൂമെറിക്കൽ റിലേയ്സ് അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം

172(4283) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിലെ എത്ര ആദിവാസി കോളനികളിലാണ് വൈദ്യുതി എത്തിക്കാനായതെന്നും കോളനികളുടെ പേരും ചെലവഴിച്ച തുകയും വൈദ്യുതി എത്തിച്ച മാർഗ്ഗവും അടക്കമുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

2016-നുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിലെ പുഞ്ചകൊല്ലി, അളക്കൽ, മുണ്ടക്കടവ്, ഉച്ചക്കടവ് കോളനി എന്നീ നാലുകോളനികളിലേയ്ക്ക് വൈദ്യുതി എത്തിച്ചിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| കോളനികളുടെ പേര് | ചെലവഴിച്ച തുക (രൂപയിൽ) | ചെയ്ത പ്രവൃത്തി | റിമാർക്സ് |
|---|---|---|---|
| പുഞ്ചകൊല്ലി | 90,57,634 | SC/ST ഫണ്ടുപയോഗിച്ച് 11KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ.ടി. ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത്. | |
| അളക്കൽ | 1,10,67,960 | SC/ST ഫണ്ടുപയോഗിച്ച് 11KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ.ടി. ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത്. | |
| മുണ്ടക്കടവ് | 82,25,350 | SC/ST | 2018-ലെ |

| | | | |
|---|---|---|---|
| | | ഫണ്ടുപയോഗിച്ച് 11KV UG cable, ഒരു ട്രാൻസ്ഫോർമർ, എൽ.ടി. ലൈൻ എന്നിവ നിർമ്മിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത്. | പ്രളയത്തിനുശേഷം ഈ കോളനി വാസയോഗ്യമല്ലെന്ന് റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. |
| ഉച്ചക്കടവ് | 40,07,314 | DDUGJY പദ്ധതിയിൽ എൽ.ടി. ലൈൻ വലിച്ചാണ് വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചത്. | |

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര ആദിവാസി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളനികളുടെ വൈദ്യുതീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ;

(ഡി) നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി ഏതെങ്കിലും ആദിവാസി കോളനികളിലേയ്ക്ക് പുതുതായി വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി-ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കണക്കു പ്രകാരം 6 കോളനികളാണ് (വാണിയാമ്പുഴ, വട്ടിക്കല്ല്, മൻച്ചീരി, കുമ്പളപ്പാറ, മുണ്ടൻകടവ്, തണ്ടംകല്ല്) വൈദ്യുതീകരിക്കാനുള്ളത്. ഇതിൽ നേരത്തെ വൈദ്യുതീകരിച്ചതും പിന്നീട് പ്രളയത്തിൽ വൈദ്യുതി പ്രതിഷ്ഠാപനങ്ങൾക്കുൾപ്പെടെ നാശനഷ്ടം സംഭവിച്ചതും പ്രളയത്തിനുശേഷം ആൾതാമസമില്ലാത്തതുമായ മുണ്ടൻകടവ്, ആൾതാമസമില്ലാത്ത തണ്ടംകല്ല് എന്നീ കോളനികളും ഉൾപ്പെടുന്നു. വാണിയാമ്പുഴ കോളനി വൈദ്യുതീകരിക്കാൻ 33,85,973 രൂപയുടെയും കുമ്പളപ്പാറ കോളനി വൈദ്യുതീകരിക്കാൻ 97,39,415 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റ്

രണ്ടുകോളനികളായ വട്ടിക്കല്ല്, മൻച്ചീരി എന്നീ കോളനികൾ വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ സോളാർ ഉപയോഗിച്ചുള്ള വൈദ്യുതീകരണമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ കോളനികളുൾപ്പെടെയുള്ള 64 പട്ടികവർഗ്ഗ കോളനികളുടെ ലിസ്റ്റ് പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനാവശ്യമായ തുക ലഭ്യമാക്കുന്നമുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. ആദിവാസി കോളനികളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിനുവേണ്ടി നെറ്റ്‌വർക്ക് കണക്ടിവിറ്റി ഉറപ്പാക്കാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ആദിവാസി കോളനികളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റിൽക്കൂടി കേബിൾ വലിക്കുന്നതിന് നെറ്റ്‌വർക്ക് ഓപ്പറേറ്റർമാർക്ക് വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്.

**കാറ്റിൽനിന്നുള്ള വൈദ്യുതി ഉത്പാദനം**

173 (4284) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന നിലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ആകെ നിലവിലുള്ള സ്ഥാപിതശേഷി 70.275 MW (അനെർട്ട് നൽകിയ സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ പാലക്കാട്, ഇടുക്കി ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിപ്പാടങ്ങളിൽനിന്നും ഉത്പാദിപ്പിക്കുന്ന 68.25 MW ഉൾപ്പെടെ) ആണ്.

(ബി) കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കഞ്ചിക്കോട് വിൻഡ് ഫാമിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പഠനം 2015-ൽ നടത്തിയിട്ടുണ്ട്. കഞ്ചിക്കോട്, കെ.എസ്.ഇ.ബി.എൽ. വിൻഡ് ഫാമിൽ NIWE (National Institute of Wind Energy) 2015-ൽ നടത്തിയ പഠനത്തിൽ കഞ്ചിക്കോട് സ്ഥാപിതശേഷി 2.025 മെഗാവാട്ടിൽനിന്നും 6 മെഗാവാട്ട് വരെ

ഉയർത്തുവാൻ സാധിക്കുമെന്ന് പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസിയായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)-യുമായിചേർന്ന് അനെർട്ട് സംസ്ഥാനത്ത് സാധ്യതാപഠനങ്ങൾ നടത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 25 സ്ഥലങ്ങളിൽ 20 മീറ്റർ ഉയരമുള്ള വിൻഡ് മാസ്റ്റ് സ്ഥാപിച്ച് കാറ്റിന്റെ ശക്തിസാന്ദ്രത സംബന്ധിച്ച് പഠനം നടത്തിയിരുന്നു. തുടർന്ന് 2 സ്ഥലങ്ങളിൽ 50 മീറ്ററും 8 സ്ഥലങ്ങളിൽ 80 മീറ്ററും 2 സ്ഥലങ്ങളിൽ 100 മീറ്ററും ഉയരമുള്ള വിൻഡ് മാസ്റ്റുകൾ സ്ഥാപിച്ച് പഠനം നടത്തിയിരുന്നു. ഈ 37 സ്ഥലങ്ങളിൽ നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങളാണ് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള സ്ഥലങ്ങളായി കണ്ടെത്തിയിരിക്കുന്നത്.

(സി) കാറ്റിൽനിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാനായി ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 72 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുദ്ദേശിക്കുന്നു. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ പാലക്കാട്, കോട്ടമല എന്ന സ്ഥലത്ത് 100 KW ശേഷിയുള്ള വെർട്ടിക്കൽ വിൻഡ് ടർബൈൻ ജനറേറ്റർ സ്ഥാപിക്കാനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു.

## വൈദ്യുതി പ്രതിസന്ധി

174(4285) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വൈദ്യുതി ഉത്പാദനത്തിലുള്ള പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനം എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

രാജ്യത്ത് കൽക്കരിക്ഷാമം കാരണം വൈദ്യുതി ഉത്പാദനത്തിലുള്ള പ്രതിസന്ധിമൂലം സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. ആയത് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും

ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉത്പാദനം താല്ക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽനിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുണ്ടായാൽ പവർകട്ട് ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താനുദ്ദേശിക്കുന്നില്ല.

## പ്രീപെയ്ഡ് വൈദ്യുതി സ്മാർട്ട് മീറ്റർ

175(4286) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിച്ച് നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൊച്ചി സ്മാർട്ട് സിറ്റി പ്രദേശത്തെ ഏതാണ്ട് 10800-ഓളം വൈദ്യുതി ഉപഭോക്താക്കൾക്ക് ഇതുവരെ സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ മുൻകൂർ പണം നൽകുന്ന പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഉപഭോക്താവിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാകുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ആവശ്യകത മുൻകൂറായി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ട് മാസത്തിലൊരിക്കലോ റീഡിംഗ് എടുത്ത് കണക്കാക്കുന്ന ഉപഭോക്താക്കളുടെ ബില്ലിംഗ്, മുൻകൂർ പണമടച്ച് ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാം. വൈദ്യുതി തടസ്സങ്ങൾ തത്സമയംതന്നെ സ്മാർട്ട് മീറ്റർവഴി അറിയാൻ കഴിയുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതാണ്.

## കേന്ദ്ര വൈദ്യുതി വിഹിതത്തിലെ കുറവ്

176(4287) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതിവിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഈ കുറവ് ഏതുരീതിയിൽ പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) അധിക ജലവൈദ്യുതി ഉത്പാദനത്തിലൂടെ പ്രസ്തുത കുറവ് പരിഹരിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതിവിഹിതം വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ കൽക്കരി ക്ഷാമംമൂലവും കേന്ദ്ര വൈദ്യുതിനിലയങ്ങളിലെ അറ്റകുറ്റപ്പണികൾ, യന്ത്ര ത്തകരാറുകൾ എന്നിവമൂലവും കേന്ദ്രപൂളിൽനിന്നുള്ള വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. കൽക്കരി ക്ഷാമംമൂലം ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. അധിക ജലവൈദ്യുതി ഉത്പാദനത്തിലൂടെമാത്രം പ്രസ്തുത കുറവുകൾ പരിഹരിക്കാൻ കഴിയില്ല. ലഭ്യതയിലുള്ള കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ്

ബാധിക്കുന്നത്. ടി കുറവുകൾ നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽനിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വൈദ്യുതോത്പാദനം

177 (4288) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതിക്ഷാമമുണ്ടോ; അറിയിക്കാമോ?

കൽക്കരിക്ഷാമംമൂലവും ദീർഘകാല കരാറുകൾവഴി ലഭ്യമാകേണ്ട വൈദ്യുതി സ്രോതസ്സുകളിൽ ഒന്നിച്ചുണ്ടായ സാങ്കേതിക തകരാറുമൂലവും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുവന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ മഴ ശക്തമായ തിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. അതിനാൽ കടുത്ത വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യം നിലവിലില്ല. കാലാവസ്ഥ അനുകൂലമല്ലാത്ത ദിവസങ്ങളിൽ 200-300 MW-ന്റെ കുറവ് സംസ്ഥാനത്ത് അനുഭവപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ ഉപഭോഗ നിരക്ക് പ്രകാരം എത്ര ദിവസത്തേയ്ക്കുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഇന്ധനമാണ് (ജലം ഉൾപ്പെടെ) വിവിധ സ്രോതസ്സുകളിൽ ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

ആഭ്യന്തര ഉത്പാദനത്തിനുപുറമേ സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാറുകൾവഴിയും പവർ എക്സ്ചേഞ്ച് വഴിയും വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വർഷം മുഴുവനും

ലഭ്യമാകത്തക്കവിധത്തിലാണ് ഉത്പാദനം ക്രമീകരിക്കുന്നത്. 23-10-2021-ലെ കണക്ക് പ്രകാരം നിലവിലെ ജലസംഭരണശേഷി 3795.851 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ പര്യാപ്തമാണ്. ജനറേഷൻ ഷെഡ്യൂൾ അതത് മാസങ്ങളിൽ കൂടുന്ന ഹൈ ലെവൽ കമ്മിറ്റി തീരുമാനപ്രകാരം ക്രമപ്പെടുത്തുന്നതാണ്.

(സി) സംസ്ഥാനത്ത് ലോഡ്ഷെഡിംഗോ പവർകട്ടോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ?

സംസ്ഥാനത്ത് ലോഡ്ഷെഡിംഗോ പവർകട്ടോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല.

(ഡി) വൈദ്യുതി ഉപഭോഗത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്; സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതും പുറമേനിന്ന് ലഭ്യമാക്കുന്നതുമായ വൈദ്യുതിയുടെ സ്രോതസ്സുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സാധാരണഗതിയിൽ സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകതയുടെ ഏകദേശം 30% മാത്രമാണ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. എന്നാൽ ശക്തമായ മഴയിൽ അണക്കെട്ടുകളിൽ സംഭരിച്ചിട്ടുള്ള വെള്ളത്തിന്റെ അളവ് കൂടിയതിനാലും കൽക്കരി ക്ഷാമത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യതയിലുള്ള കുറവ് ഭാഗികമായി നികത്തുന്നതിനായും ജലവൈദ്യുതി നിലയങ്ങളിൽനിന്നുള്ള ആഭ്യന്തരോത്പാദനം കാര്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2021 ഒക്ടോബർ 19-ാം തീയതിവരെയുള്ള ഈ മാസത്തെ കണക്കുകളെടുക്കുകയാണെങ്കിൽ സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം ഉപഭോഗത്തിന്റെ 48.49 ശതമാനമായിരുന്നു. ഇതിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും (പ്രതിദിന ശരാശരി) സംസ്ഥാനത്ത് പുറത്തുനിന്നും ലഭിച്ച വൈദ്യുതിയുടെയും കണക്കുകൾ (പ്രതിദിന ശരാശരി) ചുവടെചേർക്കുന്നു.

<u>സംസ്ഥാനത്ത് ഉത്പാദിപ്പിച്ച വൈദ്യുതി (പ്രതിദിന ശരാശരി)</u>

1. ജലവൈദ്യുത നിലയങ്ങൾ - 33.187 ദശലക്ഷം യൂണിറ്റ്
2. കാറ്റാടിപ്പാടങ്ങൾ - 0.3541 ദശലക്ഷം യൂണിറ്റ്
3. സൗരോർജ്ജനിലയങ്ങൾ - 0.574 ദശലക്ഷം യൂണിറ്റ്
4. താപനിലയങ്ങൾ - 0.1371 ദശലക്ഷം യൂണിറ്റ്

<u>സംസ്ഥാനത്ത് പുറത്തുനിന്നും ലഭിച്ച വൈദ്യുതി (പ്രതിദിന ശരാശരി)</u>

1. ദീർഘകാലകരാറുകൾ വഴി - ഏകദേശം 15.56 ദശലക്ഷം യൂണിറ്റ്

2. കേന്ദ്രവിഹിതം - 28.88 ദശലക്ഷം യൂണിറ്റ്

3. പവർ എക്സ്ചേഞ്ച് - 0.03 ദശലക്ഷം യൂണിറ്റ്

(ഇ) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് വിവിധ ചെറുകിട/വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ</u>

1) ഭൂതത്താൻകെട്ട് (24 മെഗാവാട്ട്)

2) പെരിങ്ങൽകുത്ത് (24 മെഗാവാട്ട്)

3) പെരുവണ്ണാമൂഴി (6 മെഗാവാട്ട്)

4) പഴശ്ശിസാഗർ (7.5 മെഗാവാട്ട്)

5) കുറ്റ്യാടി RMU (7.5 മെഗാവാട്ട്)

6) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2 x 30 മെഗാവാട്ട്)

7) തോട്ടിയാർ (1 x 10 മെഗാവാട്ട് + 1 x 30 മെഗാവാട്ട്) എന്നിവയാണ്.

കൂടാതെ, ചിന്നാർ (24 മെഗാവാട്ട്), ആനക്കയം (7.5 മെഗാവാട്ട്), മാരിപുഴ (6 മെഗാവാട്ട്), ഒലിക്കൽ (5 മെഗാവാട്ട്), പൂവരംതോട് (3 മെഗാവാട്ട്) എന്നീ പദ്ധതികൾ ടെൻഡറിംഗ് സ്റ്റേജിലാണ്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് 20-1-2020-ൽ എഗ്രിമെന്റ് ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ

പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൂടുതൽ വൈദ്യുതി എത്തിക്കാനും പ്രസരണനഷ്ടം കുറയ്ക്കാനും തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനും നിലവിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ഇടപെടലോടെ പി.ജി.സി.ഐ.എൽ.-ഉം കെ.എസ്.ഇ.ബി.എൽ.-ഉം ചേർന്ന് 400 കെ.വി. തിരുനെൽവേലി-ഇടമൺ-കൊച്ചി-തൃശ്ശൂർ-അരീക്കോട് ലൈനിന്റെ നിർമ്മാണവും പുഗലൂർ-തൃശ്ശൂർ 320 കെ.വി. HVDC ലൈനിന്റെ നിർമ്മാണവും പൂർത്തീകരിച്ചു. ഇതുവഴി സംസ്ഥാനത്തിന്റെ ഇറക്കുമതി ശേഷിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ഉഡുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതിയാണ് സൗരപദ്ധതി. സൗരപുരപ്പുറ പദ്ധതി പ്രകാരം 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറ നിലയങ്ങളിൽനിന്ന് 500 മെഗാവാട്ടും ഇതരമാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ടുമാണ് കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്നത്. പി.എം. കുസും പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ പി.എം. കുസും പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ.ആർ.ഇ-ൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജവത്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികാവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ

ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ കാറ്റിൽനിന്നും 74.1 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനാണ് ഇ.എം.സി. കഴിഞ്ഞ കാലങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചിട്ടുള്ളത്. 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) വിളിച്ച് യോഗ്യരായ സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ പിക്കോ/മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ/ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനുംവേണ്ടി 14-9-2021-ൽ ഇ.എം.സി. താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/ മൈക്രോ-ഹൈഡ്രോ/ മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനുമാണ് ലക്ഷ്യം. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടംഘട്ടമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, ജോയിന്റ് വെൻചർ മുതലായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. പുതു ആശയങ്ങൾക്ക് പ്രോത്സാഹനം നൽകാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ/ആശയങ്ങൾ ഇ.എം.സി. പരിശോധിച്ച് സംസ്ഥാനത്തുള്ള അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാമാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു. ഡെമോൺസ്ട്രേഷൻ പദ്ധതികൾ ഏറ്റെടുക്കാനുള്ള സാധ്യതയെക്കുറിച്ച് സമയാസമയങ്ങളിൽ തീരുമാനമെടുക്കുന്നതാണ്. വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം

എന്നീ പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പവർ പ്ലാന്റുകൾ വ്യാപകമാക്കുന്നതാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൗരോർജ മേഖലയിൽ റെസ്കോ - റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജവൽക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുതനിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജ്ജ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥല ലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗതരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാദ്ധ്യതകളും പരിശോധിച്ചുവരുന്നു.

**കൽക്കരി ക്ഷാമംമൂലമുള്ള വൈദ്യുതി പ്രതിസന്ധി**

178(4289) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിന്റെ വൈദ്യുതി മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. താപനിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 5-6% കുറവ്

വന്നതായി കണക്കാക്കാം. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെ യാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. എന്നാൽ കൽക്കരി ക്ഷാമംമൂലം വൈദ്യുതി ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് വൈദ്യുതിയുടെ കമ്പോളവില വലിയ തോതിൽ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഇത് വൈദ്യുതി ബോർഡിന്റെ സാമ്പത്തികസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) കൽക്കരിക്ഷാമം വൈദ്യുതി മേഖലയ്ക്ക് വരുത്താവുന്ന പ്രശ്നങ്ങൾ നേരിടു ന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേന്ദ്രപൂളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും സ്വീകരിക്കുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് നൽകുന്ന നിരക്ക് എത്രയാണെന്ന് വിശദീകരിക്കാമോ?

ആഗസ്റ്റ് 2021-ലെ ലഭ്യമായ കണക്കുകൾ പ്രകാരം, കേന്ദ്രപൂളിൽനിന്നും 1756 MW വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.49 രൂപയാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിലെ ജനറേറ്റർമാരിൽനിന്നും ദീർഘകാല കരാറുകൾ മുഖേന 1149 MW വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.51 രൂപയാണ്.

## ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ്

179(4290) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ പണിചെയ്യുമ്പോഴും വൈദ്യുതിബന്ധം വിച്ഛേദിച്ച് പ്രവൃത്തി നടത്തുമ്പോഴും മരണമുൾപ്പെടെയുള്ള ഗുരുതരപരിക്കുകൾ സംഭവിക്കുന്നത് കണക്കിലെടുത്ത് ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതിബന്ധം വിച്ഛേദിച്ച് ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും ഷോർട്ട് ചെയ്തും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം നൂതന വർക്ക്സൈറ്റ് എർത്തിംഗ് രീതിയായ "ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ്" നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സുരക്ഷാമാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ സുരക്ഷാമാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി ചെയ്താൽ അപകടം ഒഴിവാക്കാൻ കഴിയും.

(ബി) നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് നടപ്പിലാക്കിയതിനുശേഷം അപകടമില്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് നടപ്പിലാക്കി വൈദ്യുതി ലൈനിൽ പണിയെടുത്താൽ അപകടം ഒഴിവാക്കാൻ കഴിയും. ഇതിന്റെ ഉത്തമ ഉദാഹരണമാണ് 8-6-2018-ൽ പട്ടാമ്പി ഡിവിഷനിൽ പെരിങ്ങോട് സെക്ഷനിൽ വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ ഇക്യുപൊട്ടൻഷ്യൽ ബോണ്ട് എർത്തിംഗ് ചെയ്തതുമൂലം രണ്ട് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ മാരക അപകടത്തിൽനിന്നും രക്ഷപ്പെട്ടത്. സുരക്ഷാ മാനുവലിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ സുരക്ഷാ നടപടികൾ പാലിച്ച് പ്രവൃത്തി ചെയ്താൽ അപകടങ്ങളൊഴിവാക്കാൻ

കഴിയും. സുരക്ഷാ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തുമ്പോഴാണ് അപകടങ്ങൾ സംഭവിക്കുന്നത്. സുരക്ഷാ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## പാറശ്ശാല മണ്ഡലത്തിൽ വൈദ്യുതി വിതരണശൃംഖല തകരാറിലാകുന്നത് പരിഹരിക്കാൻ നടപടി

180(4291) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിൽ കാലാവസ്ഥാ വ്യതിയാനമുണ്ടാകുന്ന അവസരങ്ങളിൽ വൻമരങ്ങൾ കടപുഴകിവീണ് വൈദ്യുതി വിതരണശൃംഖല തകരാറിലാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ സാധ്യതയ്ക്കനുസരിച്ച് ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുതി വിതരണം നടത്തണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുതി വിതരണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ എൽ.ടി./എച്ച്.ടി. ലൈനുകൾ കവചിത ലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി ഘട്ടംഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ. LT ABC (Ariel Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC-യും 1.5 കി.മീ HT ABC-യും വലിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കിവരുന്നു. വെള്ളറട സബ്സ്റ്റേഷനിൽനിന്നുള്ള പുതിയ രണ്ട് 11 കെ.വി. ഫീഡറുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി 66.87 ലക്ഷം രൂപയുടെ യു.ജി./ഒ.എച്ച്. ലൈനുകൾ

നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ പുതിയ പദ്ധതിയായ RDSS-ലുൾപ്പെടുത്തി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും ABC അഥവാ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

**കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി പ്രതിസന്ധി**

181(4292) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കൽക്കരിക്ഷാമം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ നല്ലനിലയിൽ മഴ ലഭിച്ച അവസരങ്ങളിൽ ഉപഭോഗത്തിൽ കുറവുവന്നിട്ടുള്ളതിനാൽ വൈദ്യുതിയുടെ കുറവ് തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല.

(ബി) പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രസ്തുത കാരണത്താൽ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കേരളത്തിലുണ്ടായിട്ടില്ല. കൽക്കരിക്ഷാമം തുടർന്നുപോവുകയും കെ.എസ്.ഇ.ബി.എൽ. ദീർഘകാല കരാറുകളിലേർപ്പെട്ടിരിക്കുന്ന വൈദ്യുതി നിലയങ്ങളിൽനിന്നും ലഭ്യമാകേണ്ട വൈദ്യുതിയിൽ കുറവുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ പീക്ക് സമയങ്ങളിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം നിറവേറ്റാൻ കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങേണ്ടുന്ന സാഹചര്യമുണ്ടാവുകയും ആനുപാതികമായി വൈദ്യുതി വില വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്യും.

## കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിന്റെ അപര്യാപ്തത

182(4293) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രപൂളിൽനിന്ന് സംസ്ഥാനത്തിനുള്ള വൈദ്യുതി വിഹിതത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽക്കരിക്ഷാമംമൂലവും കേന്ദ്രവൈദ്യുതി നിലയങ്ങളിലെ അറ്റകുറ്റപ്പണികൾ, യന്ത്രത്തകരാറുകൾ എന്നിവമൂലവും കേന്ദ്രപൂളിൽനിന്നുള്ള വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. ടി കുറവുകൾ നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരിക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്രനിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽനിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% Unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

## സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി

183(4294) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകതയുടെ 30% മാത്രമാണ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. സംസ്ഥാനത്തിനുപുറത്തുനിന്നും കേന്ദ്രവിഹിതമായും ദീർഘകാല കരാറുകൾവഴിയും പവർ എക്സ്ചേഞ്ചുവഴിയും വൈദ്യുതി വാങ്ങിയാണ് ശേഷിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. കൽക്കരിക്ഷാമംമൂലവും ദീർഘകാല കരാറുകൾവഴി ലഭ്യമാകേണ്ട വൈദ്യുതി സ്രോതസ്സുകളിൽ ഒന്നിച്ചുണ്ടായ സാങ്കേതിക തകരാറുമൂലവും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. അതിനാൽ കടുത്ത വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യം നിലവിലില്ല. കാലാവസ്ഥ അനുകൂലമല്ലാത്ത ദിവസങ്ങളിൽ 200-300 MW-ന്റെ കുറവ് സംസ്ഥാനത്ത് അനുഭവപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി പ്രതിസന്ധിയെത്തുടർന്ന് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്താൻ നിലവിൽ തീരുമാനിച്ചിട്ടില്ല.

(സി) രാജ്യത്ത് കൽക്കരിക്ഷാമം രൂക്ഷമായത് സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഏകദേശം 5-6% കുറവാണുണ്ടായത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. അതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടന്ന പദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 മെഗാവാട്ട്), തോട്ടിയാർ (1x10 മെഗാവാട്ട് + 1x30 മെഗാവാട്ട്) എന്നീ പദ്ധതികൾ പുനരാരംഭിച്ചു. നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

<u>ടെൻഡറിംഗ് സ്റ്റേജിലുള്ള പദ്ധതികൾ:</u> ചിന്നാർ (2x12 MW), ആനക്കയം (3x2.5 MW), മാരിപുഴ (2x3 MW), ഒലിക്കൽ (2x2.5 MW), പൂവരംതോട് (2x1.5 MW) എന്നിവയാണ്. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് 20-1-2020-ൽ എഗ്രിമെന്റ് ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കാസർഗോഡ് ചീമേനിയിൽ 100 മെഗാവാട്ടിന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സൗരപുരപ്പുറ പദ്ധതിയിലൂടെ ആകെ 8.751 മെഗാവാട്ട് ശേഷിയുടെ സൗരോർജ്ജ നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ മുഖേന സംസ്ഥാനത്ത് വൈദ്യുതോത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി (8 MW) കമ്മീഷൻ ചെയ്യുകയും ഗ്രിഡ്ഡിലേയ്ക്ക് വൈദ്യുതോത്പാദനം ആരംഭിക്കുകയും ചെയ്തു. അതോടൊപ്പം അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) Commercial Date of Operation (COD) ലഭിക്കുന്നതിനായി കാത്തുനിൽക്കുകയാണ്. അതുകൂടാതെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് യോഗ്യരായ സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ പിക്കോ/മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ, ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനുംവേണ്ടി 14-9-2021-ൽ ഇ.എം.സി. താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനുമാണ് ലക്ഷ്യം.

## എനർജി എക്സ്ചേഞ്ച് മുഖേനയുള്ള വൈദ്യുതി വില്പന

184(4295) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി എനർജി എക്സ്ചേഞ്ച് മുഖേന വിൽക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ജലവൈദ്യുത നിലയങ്ങളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന്റെ ആവശ്യകത കഴിഞ്ഞ് ലഭ്യമാകുന്ന സമയങ്ങളിൽ എക്സ്ചേഞ്ചുവഴി വിൽക്കുന്നുണ്ട്.

(ബി) കൽക്കരിക്ഷാമത്തെത്തുടർന്നുള്ള വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യത്തിൽ പ്രസ്തുത വൈദ്യുതി വില്പന പവർകട്ടിന് കാരണമാകുമോ; വിശദമാക്കുമോ?

അതാതുസമയത്തെ വൈദ്യുതി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരമനുസരിച്ച് മിച്ചംവരുന്ന വൈദ്യുതി മാത്രമാണ് ഇപ്പോൾ വില്പന നടത്തുന്നത്. അതിനാൽ പ്രസ്തുത വൈദ്യുതി വില്പന പവർകട്ടിന് കാരണമാകുന്നില്ല.

## കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി പ്രതിസന്ധി

185(4296) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിക്ഷാമത്തെത്തുടർന്ന് രാജ്യത്ത് വൈദ്യുതി മേഖലയിലുണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് നേരിടാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ

ബാധിച്ചിട്ടില്ല. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ദീർഘകാല പരിഹാര പദ്ധതിയായി ആഭ്യന്തരോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, വ്യത്യസ്തങ്ങളായ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകളിലേർപ്പെടുക എന്നിവ പരിഗണിക്കാവുന്നതാണ്.

(സി) പ്രസ്തുത കാരണത്താൽ കെ.എസ്.ഇ.ബി.എൽ.-നുണ്ടാകുന്ന അധിക സാമ്പത്തികബാധ്യത എങ്ങനെ തരണം ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൽക്കരിക്ഷാമംമൂലമുള്ള അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

(ഡി) നിലവിലെ പ്രതിസന്ധി സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിലെ കൽക്കരിക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യം നേരിടുന്ന സംസ്ഥാനങ്ങളോട് കേന്ദ്രനിലയങ്ങളിൽ അൺഅലോക്കേറ്റഡ് ഷെയറായി ശേഷിക്കുന്ന 15% വിഹിതത്തിൽനിന്നുള്ള വൈദ്യുതി ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽനിന്നുള്ള ഉത്പാദനം പരമാവധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ**

186(4297) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 2008 പേർ സേവനമനുഷ്ഠിക്കുന്നു. പ്രസ്തുത ജീവനക്കാരുടെ ക്വാട്ട തിരിച്ചുള്ള എണ്ണവും പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങളും ചുവടെചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ കെ.പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം നടത്തുന്ന 40% ക്വാട്ട - ടി ക്വാട്ടയിലെ കേഡർ സ്ട്രെംഗ്തായ 918-നെതിരെ 804 പേർ ജോലി നോക്കിവരുന്നു. ടി ക്വാട്ടയിൽ 114 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 89 പേർക്ക് 25-10-2021-ന് ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 13 ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 12 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബി.ടെക് യോഗ്യതയുള്ള ജീവനക്കാരിൽനിന്നും കെ.പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന 10% ക്വാട്ട - ടി ക്വാട്ടയിലെ കേഡർ സ്ട്രെംഗ്തായ 230 -നെതിരെ 160 പേർ ജോലി നോക്കിവരുന്നു. ടി ക്വാട്ടയിൽ 70 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 16 എണ്ണം കെ.പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും സ്ഥാനക്കയറ്റംവഴി നികത്തുന്ന 30% (ഡിപ്ലോമ), 20% (ഐ.ടി.ഐ) ക്വാട്ട - ടി ക്വാട്ടകളിലെ കേഡർ സ്ട്രെംഗ്തായ 1147 നെതിരെ 1044 പേർ നിലവിൽ ജോലി നോക്കിവരുന്നു. ടി ക്വാട്ടയിൽ 103 ഒഴിവുകളുണ്ട്. ടി ക്വാട്ടകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ കഴിഞ്ഞിട്ടില്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ആശ്രിത നിയമനം

187(4298) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിത നിയമനത്തിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലിയിലിരിക്കെ മരണപ്പെടുന്ന സ്ഥിരം തൊഴിലാളികളുടെ ആശ്രിതർ ആശ്രിതനിയമനത്തിനായി നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി യോഗ്യരായ അപേക്ഷകർക്ക് അവരുടെ യോഗ്യതയ്ക്കും അപേക്ഷിക്കുന്ന തസ്തികയിലെ ഒഴിവുകൾക്കു മനുസൃതമായി ആശ്രിതനിയമനം നൽകിവരുന്നു.

(ബി) ടെക്നിക്കൽ വിഭാഗം ജീവനക്കാർ മരണമടയുമ്പോൾ ആശ്രിതർക്ക് മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്ക് സമാശ്വാസ തൊഴിൽ നൽകിവരുന്നുണ്ടോ; അറിയിക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മരണമടയുന്ന ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് അപേക്ഷകന്റെ യോഗ്യതയ്ക്കനുസരിച്ച് മിനിസ്റ്റീരിയൽ വിഭാഗത്തിലേയ്ക്കും സമാശ്വാസ തൊഴിൽ നൽകിവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ളവയുടെ എണ്ണവും തീർപ്പാക്കാത്തതിന്റെ കാരണവും തരംതിരിച്ച് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനത്തിനായി തീർപ്പാക്കാനുള്ള അപേക്ഷകരുടെ എണ്ണം 155. ആയതിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണവും തീർപ്പാക്കാത്തതിന്റെ കാരണവും അനുബന്ധമായി ചേർക്കുന്നു.*

## പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

188(4299) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിലൂടെയും കൃഷിയിടങ്ങൾക്ക് മുകളിലൂടെയും കടന്നുപോകുന്ന 11 കെ.വി. ലൈനുകൾ സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ഇതിനായുള്ള മാനദണ്ഡങ്ങളുടെ വിശദാംശം അറിയിക്കാമോ?

സ്ഥിരമായി വൈദ്യുതി തടസ്സമുണ്ടാകുന്നതോ അപകടമുണ്ടാകാൻ സാധ്യതയുള്ളതോ ആയ 11 കെ.വി. ലൈനുകൾ, നിലവിൽ ദ്യുതി പദ്ധതിയിലുൾപ്പെടുത്തി പൊതുനിരത്തിലേയ്ക്ക് മാറ്റിസ്ഥാപിച്ചുവരുന്നു. ഒരു വ്യക്തിയുടെയോ ഒരുകൂട്ടം വ്യക്തികളുടെയോ ആവശ്യാനുസരണം 11 കെ.വി. ലൈനുകൾ പൊതുനിരത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനായി ആവശ്യമായവർക്ക് ഡെപ്പോസിറ്റ് അടയ്ക്കേണ്ടതും സമീപ വസ്തുഉടമയുടെ അനുമതി ആവശ്യമായി വരുന്നപക്ഷം സമ്മതപത്രം ഹാജരാക്കേണ്ടതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് പദ്ധതിയായ ദ്യുതി 2021, കേരള സർക്കാരിന്റെ പദ്ധതികളായ നിലാവ്, ഫിലമെന്റ് രഹിത കേരളം, അങ്കണവാടി വൈദ്യുതീകരണം എന്നിവ നിലവിൽ നടന്നുവരുന്നു. ദ്യുതി പദ്ധതിയിൽപ്പെടുത്തി പുതിയ 11 കെ.വി. OH ലൈനുകൾ, 11 കെ.വി. ABC ലൈനുകൾ, LT OH ലൈനുകൾ, LT ABC ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കൽ, LT ലൈൻ കൺവെർഷൻ, HT/LT റീ-കണ്ടക്ടറിംഗ് തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ദ്യുതി പദ്ധതിയിൽപ്പെടുത്തി 892.04 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതിനോടകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 4.4 കി.മീ. HT ഭൂഗർഭ കേബിളുകളും 8.24 കി.മീ. LT OH ലൈനും 16 ട്രാൻസ്ഫോർമറുകളുടെ സ്ഥാപനവും 40.8 കി.മീ. LT സിംഗിൾ ഫേസ് ലൈനുകൾ മാറ്റി ത്രീ ഫേസ് ലൈനുകളുടെ സ്ഥാപനവും 847.86 കി.മീ. LT OH ലൈനുകളുടെ റീ-കണ്ടക്ടറിംഗും നടപ്പിലാക്കിവരുന്നു. "നിലാവ്" പദ്ധതിയിൽ ഇതിനോടകം 500 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു. രണ്ടാം ഘട്ടമായി 4104 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. "ഫിലമെന്റ് രഹിത കേരളം" പദ്ധതിയിൽ 89187 എൽ.ഇ.ഡി. ബൾബുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 39346 എൽ.ഇ.ഡി. ബൾബുകളുടെ വിതരണം നടന്നുവരുന്നു. കേരള സർക്കാരിന്റെ 100 ദിന പദ്ധതിയിൽപ്പെടുത്തി 5220 രൂപ ചെലവിൽ 3 അങ്കണവാടികൾക്ക് പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. മലയോര പ്രദേശങ്ങളായ പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ഒറ്റശേഖരമംഗലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ലുൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു. ടി സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്ലാനിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസൽ

നടപ്പിലാക്കുന്നതിനുള്ള സാങ്കേതികപഠനങ്ങൾ നടന്നുവരുന്നു. ഭരണാനുമതിയും സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമിയും കിട്ടുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

2. പാറശ്ശാല 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ട് 12.5 MVA 110/11 കെ.വി. ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 20 MVA 110/11 kV ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ടി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ലുൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു.

3. വെള്ളറട 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും വെള്ളറട, അമ്പൂരി ഭാഗത്തേയ്ക്ക് 11 കെ.വി. ഫീഡർ നിർമ്മിക്കുന്നതിനുവേണ്ടി ടി സബ്സ്റ്റേഷനിൽ പാനലുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ലുൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു.

(ഡി) മുൻസർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളേതെല്ലാമെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലയളവിൽ ആരംഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസ വൈദ്യുതി റീഡിംഗിന് നടപടി**

189(4300) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വീടുകളുടെ വൈദ്യുതി റീഡിംഗ് എടുക്കുന്ന കാലയളവ് വ്യക്തമാക്കുമോ;

(ബി) രണ്ട് മാസത്തിലൊരിക്കൽ റീഡിംഗ് എടുക്കുന്നതിലൂടെ സ്ലാബ് മാറ്റംമൂലം ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജ്ജായി അടയ്ക്കേണ്ടിവരുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ഓരോ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ തയ്യാറാക്കി നൽകി വരുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്കനുസൃതമായാണ്. ബഹുഭൂരിപക്ഷം വരുന്ന ഗാർഹിക ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെയാണ് വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നത്. ഇതിനായി നിലവിൽ ജീവനക്കാർ രണ്ടുമാസത്തിലൊരിക്കൽ നേരിട്ടുവന്ന് ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത്

വൈദ്യുതി ബിൽ നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഇപ്രകാരം ബിൽ തയ്യാറാക്കുമ്പോൾ അവരുടെ ദ്വൈമാസ മീറ്റർ റീഡിംഗുകളിൽനിന്നും പ്രതിമാസ ഉപഭോഗം കണക്കാക്കുകയും അതിന് പ്രതിമാസ ഉപഭോഗ പരിധിയുടെ നിരക്കനുസരിച്ച് ബിൽ തുക കണക്കാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ദ്വൈമാസ മീറ്റർ റീഡിംഗുമൂലം ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതിചാർജ്ജ് രേഖപ്പെടുത്തുന്നുവെന്ന സാഹചര്യം നിലവിലില്ല.

(സി) ഇക്കാര്യത്തിൽ പൊതുജനങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഇപ്രകാരമുള്ള മീറ്റർ റീഡിംഗുമൂലം ഗാർഹിക ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ചാർജ്ജായി അടയ്ക്കേണ്ടിവരുന്നുവെന്ന് ആരോപണമുള്ളതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതുസംബന്ധിച്ച് വിശദീകരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ദ്വൈമാസ മീറ്റർ റീഡിംഗുമൂലം അമിതമായി വൈദ്യുതി ചാർജ്ജ് രേഖപ്പെടുത്തുന്നുവെന്ന് പൊതുജനങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ആരോപണത്തിന് വിശദീകരണം നൽകിയിട്ടുണ്ട്.

(ഇ) വീടുകളുടെ റീഡിംഗ് പ്രതിമാസം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടിയിലൂടെ ഗാർഹിക ഉപഭോക്താക്കൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിന് തയ്യാറാകുമോ; ഇതുസംബന്ധിച്ച് പൊതുജനാഭിപ്രായം തേടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) രണ്ട് മാസത്തിലൊരിക്കൽ ഗാർഹിക റീഡിംഗ് എടുക്കുന്നതിലൂടെ ഉപഭോക്താക്കൾക്കുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്താണെന്ന് വിലയിരുത്തി വിശദമാക്കുമോ?

(ഇ&എഫ്) ലോക്ഡൗൺ സമയത്ത് മുഴുവൻ കുടുംബാംഗങ്ങളും വീടുകളിൽത്തന്നെ തങ്ങിയ സാഹചര്യത്തിലാണ് കൂടുതൽ പരാതികൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ടി കാലയളവിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതുമൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്കുപുറമേ ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വരുന്നത് സ്വാഭാവികമാണ്. മീറ്റർ റീഡിംഗ് എടുക്കാതിരുന്ന കാലയളവിൽ ശരാശരി ഉപഭോഗം കണക്കാക്കി

ബിൽ ലഭിച്ച ഗാർഹിക ഉപഭോക്താക്കൾക്ക് യഥാർത്ഥ ഉപഭോഗത്തിനേക്കാൾ കൂടിയ ബിൽ അടയ്ക്കേണ്ട സാഹചര്യമുണ്ടാകാനിടയില്ല. ഉപഭോക്താക്കളുടെ പ്രയാസങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. മാസംതോറും റീഡിംഗ് എടുക്കുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനും ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടിവരുന്നതുമൂലമുണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകാനിടയുണ്ട്. ആയതിനാൽ മാസംതോറും ഉപഭോക്താക്കളുടെ റീഡിംഗ് എടുത്ത് പ്രതിമാസ ബിൽ നൽകുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കടബാധ്യത

190(4301) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലെ കടബാധ്യത എത്രയാണെന്നും പ്രസ്തുത കടബാധ്യതയുണ്ടാകാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഹ്രസ്വകാല വായ്പയും ദീർഘകാല വായ്പയും ഓവർഡ്രാഫ്റ്റും ചേർത്ത് 2020-21-ലെ ആഡിറ്റ് പൂർത്തീകരിച്ച കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലെ കടബാധ്യത 9056.71 കോടി രൂപയാണ്. ഇതിനുപുറമേ ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് കിഫ്ബിയിൽ നിന്നുള്ള വായ്പയായ 814 കോടി രൂപയും ഡാമുകളുടെ പുനരുദ്ധാരണത്തിന് സർക്കാർവഴി ലഭിച്ച 89.65 കോടി രൂപയും കടമായി മാറുന്നതാണ്.

(ബി) കടബാധ്യതകൾ ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കെ.എസ്.ഇ.ബി. ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) പലിശ നിരക്ക് കൂടിയ ലോണുകൾ തിരിച്ചടച്ച് പലിശ നിരക്ക് കുറഞ്ഞ ലോണുകളെടുത്ത് പലിശയിനത്തിലുണ്ടാകുന്ന ചെലവ് കുറച്ചും വിവിധ ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകൾ ചെയ്ത് വാണിജ്യനഷ്ടം കുറച്ചും കുറഞ്ഞനിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിലേർപ്പെട്ടും കടബാധ്യത കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ലാഭകരമാക്കുവാൻ സഹായിക്കുന്നതാണ്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

191(4302) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിലുള്ള കമ്പനി/ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിനായി റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ 221 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുള്ള കമ്പനി/ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| 6-10-2020 | 155 |
| 27-1-2021 | 29 |
| 16-9-2021 | 37 |

(ബി) പ്രസ്തുത തസ്തികയിലെ നാളിതുവരെയുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടി തസ്തികയിൽ കാലാകാലങ്ങളിലുണ്ടായിട്ടുള്ള ഒഴിവുകൾ കാലവിളംബം കൂടാതെതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ടി തസ്തികയിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

## കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിനായി കെ.എസ്.ഇ.ബി.-യുടെ ഭൂമി

192(4303) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി കക്കയം കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ഭൂമി വിട്ടു കൊടുക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിനായി കൈമാറ്റം ചെയ്യപ്പെടേണ്ട ഭൂമിയുൾപ്പെട്ട 2.645 ഹെക്ടർ സ്ഥലത്തിന്റെ പോക്കുവരവ് നടത്തിക്കിട്ടുവാനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് റവന്യൂ വകുപ്പിലേയ്ക്ക് അപേക്ഷ കൊടുക്കുകയും അതിൻപ്രകാരം കൂരാച്ചുണ്ട് വില്ലേജ് ഓഫീസിൽനിന്നും പ്രസ്തുത സ്ഥലത്തിന്റെ ഭൂനികുതി ഒടുക്കുന്നതിനുവേണ്ടി ഒരു താൽക്കാലിക തണ്ടപ്പേർ അനുവദിച്ചുതരികയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം ഭൂനികുതി അടയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമിയുടെ പോക്കുവരവ് നടത്തി കിട്ടിയതിനുശേഷം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താവുന്നതാണ്.

## കെ.എസ്.ഇ.ബി.-യിലെ നവീകരണ പ്രവർത്തനങ്ങൾ

193(4304) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് 2021-22-ൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏതൊക്കെ മേഖലകളിലാണ് പ്രാവർത്തികമാക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) 2021-22-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി HT ABC/OH/UG കേബിളിടുന്ന പ്രവൃത്തി, LT ABC/OH/UG കേബിളിടുന്ന പ്രവൃത്തി, ലൈനുകളുടെ റീ കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനാക്കുന്ന പ്രവൃത്തി, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തുടങ്ങിയ പ്രധാന പ്രവൃത്തികളുൾപ്പെടെ 1336.01 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ മൺസൂൺമൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കേണ്ടതിനാലും കോവിഡ് 19-ന്റെ ഭാഗമായി

ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺമൂലവും വിചാരിച്ച പുരോഗതി ദ്യുതി പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും, 2021-22-ൽ നാളിതുവരെ 307.52 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 21 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട്. ഇതിനുപുറമെ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്ന ജോലികളും സമയബന്ധിതമായി നിർവ്വഹിച്ചുവരുന്നു. സംസ്ഥാ നത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷിവർദ്ധിപ്പിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്ന തിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കിഫ്ബി, പി.എസ്.ഡി.എഫ്., എം.എൻ.ആർ.ഇ. എന്നിവയുടെ ധനസഹായത്തോടെ ഏകദേശം പതിനായിരം കോടി രൂപയുടെ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ടുഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം 2024-ലും പൂർത്തീകരിക്കാ നാണുദ്ദേശിക്കുന്നത്. കൂടാതെ പരിസ്ഥിതി പ്രശ്നങ്ങളാൽ ഉത്പാദന പദ്ധതികൾ തടസ്സപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി പുറമേനിന്നും തടസ്സരഹിതമായി എത്തിക്കുന്നതിനുള്ള ഇറക്കുമതിശേഷി കൈവരി ക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തു ന്നതിനുവേണ്ടിയും സമഗ്രമായ വികസനം ലക്ഷ്യമിട്ടും ധാരാളം പുതിയ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ഓരോ പ്രദേശത്തുമുള്ള ലോഡ് ഡിമാന്റ് കൂടുന്നത് കണക്കിലെടുത്ത് ആവശ്യമായ സാങ്കേതിക പഠനങ്ങൾനടത്തി വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് ഗുണനിലവാര ത്തോടുകൂടി നൽകുന്നതിനു വേണ്ടി സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി 21 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളുമാണ് പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു 220 കെ.വി. സബ്സ്റ്റേഷനുൾപ്പെടെ 6 സബ്സ്റ്റേഷനുകളുടെയും 142 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഗുണനിലവാരമുള്ള വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമതയോടെ ലഭ്യമാക്കുന്നതിലേയ്ക്കായി വിവിധ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. കാലപ്പഴക്കം വന്നതും കാര്യക്ഷമത കുറഞ്ഞതുമായ ഉപകരണ ങ്ങൾ മാറ്റി പുതിയ മികച്ച പെർഫോമൻസുള്ള ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട 220 കെ.വി. സബ്സ്റ്റേഷനുകളിൽ വൈദ്യുത സംവിധാനത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും വൈദ്യുത തടസ്സങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും അവ ഫലപ്രദമായി

പരിഹരിക്കുന്നതിനും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഓട്ടോമേഷൻ സിസ്റ്റം പ്രാവർത്തിക മാക്കുന്നുണ്ട്. വിവിധ സബ്സ്റ്റേഷനുകൾ ബന്ധിപ്പിച്ചുകൊണ്ടുള്ള റിലയബിൾ കമ്മ്യൂണിക്കേഷൻ & ഡാറ്റാ അക്വിസിഷൻ സിസ്റ്റം നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ പുതിയ പദ്ധതിയായ Revamped Distribution Sector Scheme-ൽ ഉൾപ്പെടുത്തി വിതരണ വിഭാഗത്തിൽനിന്നും നൽകിയിട്ടുള്ള പ്രൊപ്പോ സലുകൾക്കനുസൃതമായി പ്രസരണ മേഖലയിലും നവീകരണം ലക്ഷ്യമിടുന്നുണ്ട്. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രസരണ മേഖലയി ലുൾപ്പെടുത്താൻ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ഉത്പാദന മേഖല-ചെറുകിട വൈദ്യുതി ജലവൈദ്യുത പദ്ധതികളായ ആനക്കയം (7.5 മെഗാവാട്ട്), ഒലിക്കൽ (5 മെഗാവാട്ട്), പൂവരംതോട് (3 മെഗാവാട്ട്), മാരിപ്പുഴ (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതുസംബന്ധിച്ച് സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. നിലവിലെ ജലാശയത്തിലെ സംഭരണശേഷി ഉപയോഗ പ്പെടുത്തി വൈകുന്നേരങ്ങളിലെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പദ്ധതി പ്രയോജനകരമാകും. ഇതിനുപുറമേ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. പുരപ്പുറ നിലയങ്ങളിൽനിന്ന് 31-5-2022-നുള്ളിൽ 250 മെഗാവാട്ട് കൂട്ടിച്ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ മൂന്ന് നഗരങ്ങളിൽ നടപ്പിലാക്കിയ SCADA സംവിധാനം കേന്ദ്രസർക്കാരിന്റെ RDSS പദ്ധതിയിലുൾപ്പെടുത്തി മറ്റു നഗരങ്ങളിൽ ക്കൂടി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. ഇതിലേയ്ക്കായുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ് RDSS പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളുടെ ശുചിത്വ സൗകര്യം ഒരുക്കുന്നതിനായി 'ക്ലീൻ കെ.എസ്.ഇ.ബി. ചലഞ്ച്' ശുചിത്വയജ്ഞം പദ്ധതി 17-03-2021-ൽ പ്രാബല്യത്തിൽവന്നു. കൂടാതെ ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രകമ്മീഷന്റെ സാങ്കേതിക മേൽനോട്ടത്തിലും ലോകബാങ്കിന്റെ സാമ്പത്തിക സഹായത്താലും ഡാം റീഹാബി ലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) നടപ്പാക്കിവരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡ് 2021-22-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവരസാങ്കേതിക വിദ്യ അടിസ്ഥാ നത്തിലുള്ള പദ്ധതികൾ ഇവയാണ്.

(1) പുതിയ ഓൺലൈൻ പേമെന്റ് സംവിധാനങ്ങൾ.

i. യു.പി.ഐ. പേമെന്റ് സംവിധാനം.

ii. ബാങ്ക് അക്കൗണ്ടിൽനിന്നും കൺസ്യൂമർ നമ്പർ ഉപയോഗിച്ചുകൊണ്ട് ബിൽ പേമെന്റ് ചെയ്യാനുള്ള നൂതന സംവിധാനം.

(2) നഗരപ്രദേശങ്ങളിലെ ഊർജ്ജ പ്രസരണ വിതരണസംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുംവേണ്ടി നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിന്റെ (ഐ.പി.ഡി.എസ്.) ഭാഗമായി വിവര സാങ്കേതികവിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ 2021-22-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

i. കമ്പ്യൂട്ടറധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണശൃംഖല നവീകരിക്കുന്നതിനുവേണ്ടി 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതികവിദ്യ പദ്ധതികൾ (ഫേസ്-2 ഐ.ടി. പദ്ധതി)

ii. വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്ന എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) പദ്ധതി.

iii. പി.ഡി.എസ്. പട്ടണങ്ങളിലുള്ള സബ്സ്റ്റേഷൻ ഫീഡറുകളുടെ സ്ഥിതി തൽസമയം നിരീക്ഷിച്ച് വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ.റ്റി.ഡി.എ.എസ്).

iv. 2021-22-ൽ വൈദ്യുതി വിതരണമേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ ആർ.ഡി.എസ്.എസ്. (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) ആവിഷ്കരിച്ച്, അനുമതികൾ ലഭ്യമാകുന്നമുറയ്ക്ക് പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രസർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ച് മാസത്തോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**താഴ്ന്ന യോഗ്യതയുള്ളവരുടെ അവസരനഷ്ടം**

194(4305) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ഐ.ടി.ഐ., കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ അടിസ്ഥാനയോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്, എം.ടെക് തുടങ്ങിയ യോഗ്യതയുള്ളവർ റാങ്ക് പട്ടികയിൽ ഇടം പിടിക്കുന്നതു കാരണം അടിസ്ഥാനയോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ സർവ്വീസുകളിൽ ഐ.ടി.ഐ., കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാനയോഗ്യതയായി ആവശ്യമുള്ള തസ്തികകളിൽ പ്രസ്തുത യോഗ്യത മാത്രമുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ കെ.എസ്.ഇ.ബി.-യിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും പ്രാപ്യമാകുമ്പോൾ മേൽപരാമർശിച്ച താഴ്ന്നയോഗ്യതകൾ മാത്രമുള്ളവർക്ക് അവസരങ്ങൾ നഷ്ടമാകുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ തസ്തികയിലും നിയമനത്തിനുള്ള യോഗ്യത കാലോചിതമായി പുനർനിശ്ചയിക്കപ്പെടാറുണ്ട്. ആയത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തോടെയാണ് നടപ്പിൽവരുത്തുന്നത്. ഇതിന്റെ യടിസ്ഥാനത്തിൽ കെ.പി.എസ്.സി. നടത്തുന്ന മത്സരപരീക്ഷയിലൂടെ തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽനിന്നും നിർണ്ണയിക്കപ്പെട്ട അടിസ്ഥാന യോഗ്യതയുടെ അതേ ചാനലിൽത്തന്നെ ഉയർന്ന യോഗ്യത നേടിയവരെയും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഉൾപ്പെടുത്തുകയും നിയമനത്തിനായി ബോർഡിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. അതിന്റെയടിസ്ഥാനത്തിൽ ബോർഡ് നിയമനം നൽകുകയും ചെയ്യുന്നു.

**വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി**

195(4306) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്തെ തിയേറ്ററുകളും ആഡിറ്റോറിയങ്ങളും അടഞ്ഞുകിടന്ന കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 1-6-2020-ലെ സ.ഉ. (സാധാ) നമ്പർ 67/2020/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും ബാക്കിയുള്ള തുക (75%) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്. ഇതുപ്രകാരം വാണിജ്യ വിഭാഗത്തിലുൾപ്പെടുത്തി ബിൽ ചെയ്യുന്നതിനാൽ എല്ലാ സിനിമാ തിയേറ്ററുകൾക്കും ആഡിറ്റോറിയങ്ങൾക്കും മേൽസൂചിപ്പിച്ച ഇളവുകൾ ലഭ്യമാക്കിയിരുന്നു. സിനിമാ മേഖലയിലെ കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത് 28-1-2021-ലെ സ.ഉ. (സാധാ) നമ്പർ 14/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സിനിമ തിയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 1-6-2020-ലെ സ.ഉ.(സാധാ) നമ്പർ 67/2020/ഊ.വ. സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമ തിയേറ്റുകൾക്കും എച്ച്.ടി. വിഭാഗത്തിൽ 113 തിയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. മേൽപരാമർശിച്ച രണ്ട് സർക്കാർ ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തിയേറ്ററുകൾക്കാണ്. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് 28-6-2021-ലെ സ.ഉ. (സാധാ) നമ്പർ 84/2021/ഊ.വ. പ്രകാരം, വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മേയ് 2021-ലെ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30-9-2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സിനിമാ തിയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്. എന്നിരുന്നാലും കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ

നിർദ്ദേശപ്രകാരം, വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവയ്ക്കുകയും ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻവർദ്ധനവുണ്ടായ സാഹചര്യത്തിൽ, തുക അടയ്ക്കാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾ ആവശ്യപ്പെടുന്നപക്ഷം തവണകൾ അനുവദിച്ച് സാവകാശം നൽകുകയും ചെയ്തുവരുന്നു. കോവിഡ് മഹാമാരി മറ്റേതൊരു മേഖലയെയും പോലെ വൈദ്യുതി ബോർഡിന്റെയും സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 65-ലെ സബ്സിഡി ആനുകൂല്യമില്ലാതെ പുതുതായി നടപ്പിലാക്കുന്ന ഏതൊരു റിലീഫും വൈദ്യുതി ബോർഡിന്റെ സാമ്പത്തികബാധ്യത വർദ്ധിപ്പിക്കുന്നതിന് കാരണമാകും.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ**

196(4307) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് പദ്ധതിയായ ദ്യുതി 2021, കേരള സർക്കാരിന്റെ പദ്ധതികളായ നിലാവ്, ഫിലമെന്റ് രഹിത കേരളം, അങ്കണവാടി വൈദ്യുതീകരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം വകയിരുത്തിക്കൊണ്ടുള്ള സ്ട്രീറ്റ്ലൈറ്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവ നിലവിൽ നടന്നുവരുന്നു. ദ്യുതി പദ്ധതിയിൽപ്പെടുത്തി പുതിയ 11 കെ.വി. OH ലൈനുകൾ, 11 കെ.വി. ABC ലൈനുകൾ, LT OH ലൈനുകൾ, LT ABC ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. കൂടാതെ ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി 66 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനും 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തിയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിക്ക് 44.05 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ടി പദ്ധതി 2023-24 കാലയളവിൽ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിസരങ്ങളിലായി കോട്ടയം ജില്ലയിൽ താഴെ സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക്കൽ വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. കോട്ടയം ഈസ്റ്റ് സെക്ഷൻ

2. പള്ളം, TMR ഡിവിഷൻ പരിസരം

3. ഗാന്ധിനഗർ സെക്ഷൻ, കോട്ടയം

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

1. ദ്യുതി പദ്ധതിയിൽപ്പെടുത്തി 710.36 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് 2021-22-ൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ 146.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതിനോടകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 564.19 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

2. "നിലാവ്" പദ്ധതിയിൽ ഇതിനോടകം 2175 എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിച്ചു. രണ്ടാംഘട്ടമായി 3782 എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

3. "ഫിലമെന്റ് രഹിത കേരളം" പദ്ധതിയിൽ 18,306 എൽ.ഇ.ഡി. ബൾബുകളുടെ വിതരണം നടന്നുവരുന്നു.

4. കേരള സർക്കാരിന്റെ 100 ദിന പദ്ധതിയിൽപ്പെടുത്തി 15980 രൂപ ചെലവിൽ 8 അങ്കണവാടികൾക്ക് പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

5. സ്വയംഭരണ സ്ഥാപനങ്ങളുടെ പണം വകയിരുത്തിക്കൊണ്ടുള്ള സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ്ലൈറ്റിനായി പുതിയ ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റിസ്ഥാപിക്കൽ, സ്ട്രീറ്റ്ലൈറ്റ് മീറ്ററിംഗ് എന്നീ പ്രവൃത്തികൾക്കായി 5,45,053 രൂപ അനുവദിക്കുകയും പണം ഒടുക്കിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സൗരപുരപ്പുറ പദ്ധതിയുടെ ഭാഗമായി സൗര ഒന്നാംഘട്ട പദ്ധതിയിൽ നാല് ഉപഭോക്താക്കൾക്ക് നിലയം സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകി (15KW). മൂന്ന് നിലയങ്ങളുടെ പണി പൂർത്തിയായി (13 kwp). മൂന്ന് നിലയങ്ങൾ കമ്മീഷൻ ചെയ്തു (10KW). ഫേസ് I സബ്സിഡി സ്കീമിൽ 22 ഉപഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകി (95.4KW). അടങ്കൽ തുക 6,95,500 രൂപ.

## സെക്ഷൻ ഓഫീസ് കെട്ടിടനിർമ്മാണത്തിന് റവന്യൂ ഭൂമി

197(4308) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 23 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി ലീസിന് ലഭ്യമാക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ ആയത് ലഭ്യമാക്കാനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി) ഇല്ലെങ്കിൽ ആയതിന് ലീസ് അപേക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ഇല്ല. എന്നാൽ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**കരാർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ്**

198 (4309) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. കരാർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള പരിപത്രത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുന്ന സാഹചര്യത്തിൽ Employees Compensation Act 1923-ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

## വൈദ്യുതി ബോർഡിലെ ക്രമവിരുദ്ധമായ തസ്തിക സൃഷ്ടിക്കൽ

199(4310) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ പ്രതീക്ഷിത ഒഴിവുകളെക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകൾ മന്ത്രിസഭയുടെ അനുമതിയില്ലാതെ സൃഷ്ടിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ ഡി. 27/22 കേസിൽ 15-12-2004-ൽ പുറപ്പെടുവിച്ച വിധിയെത്തുടർന്ന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പെറ്റി കോൺട്രാക്ട്- ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിനായി പ്രതീക്ഷിത ഒഴിവുകളേക്കാൾകൂടുതൽ സൂപ്പർന്യൂമററി തസ്തികകളിൽ മന്ത്രിസഭയുടെ അനുമതി യില്ലാതെ നിയമനം നൽകിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 87 ഉദ്യോഗാർത്ഥികൾക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാമെന്ന് Writ Appeal No. 1099/2020-ൽ കെ.എസ്.ഇ.ബി.എൽ.-നുവേണ്ടി ബഹുമാ നപ്പെട്ട ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കേസിന്മേലുണ്ടായ കോടതിയലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകുന്നതിനുള്ള അംഗീകാരത്തി നായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 15-8-2021-ലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കത്തുപ്രകാരം സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ ഡയറക്ടർ ബോർഡിന്റെയോ സർക്കാരിന്റെയോ മുൻകൂർ അനുമതിയില്ലാതെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെ ക്കുറിച്ച് ഉചിതതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും കെ.പി.എസ്.സി. അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതുസംബന്ധിച്ച വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്കുവിധേയമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം ബോർഡിനുണ്ടാകുന്ന അധികച്ചെലവ് കണ്ടെത്തുന്നതിനായി വൈദ്യുതി നിരക്ക് കൂട്ടേണ്ടിവരുമെന്ന സാഹചര്യം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) വൈദ്യുതി ചാർജ്ജ് കൂട്ടേണ്ട സാഹചര്യമില്ല. ഇപ്രകാരം ഒരു സത്യവാങ്മൂലം കോടതിയിൽ സമർപ്പിക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിന്മേലുള്ള തുടർനടപടികൾ ബോർഡ് സ്വീകരിക്കുകയും റിപ്പോർട്ടിൽ പരാമർശിച്ചവരുടെ വിശദീകരണം ചോദിച്ചിട്ടുമുണ്ട്.

## വൈദ്യുതി മോഷണം

200(4311) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ വൈദ്യുതി മോഷണം പിടികൂടിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വൈദ്യുതി മോഷണങ്ങൾ സംബന്ധിച്ച് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ (എ.പി.റ്റി.എസ്.) പരിശോധനയിൽ 2016 മുതൽ 18-10-2021 വരെ കണ്ടെത്തിയതിന്റെ ജില്ലതിരിച്ചുള്ളവയുടെയും സെക്ഷൻ തലത്തിലുള്ളവയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## വൈദ്യുതി നിരക്ക് വർദ്ധന

201(4312) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ടുതവണ വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 17-4-2017-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറത്തിറക്കിയ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 18-4-2017 മുതൽ പരിഷ്കരിച്ചിട്ടുണ്ടായിരുന്നു. 4.77% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണംമൂലം 550 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്. രണ്ടാമത്തെ പരിഷ്കരണം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 8-7-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്. 7.32% വർദ്ധനവ് രേഖപ്പെടുത്തിയ ടി താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.94 കോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഏതെങ്കിലും വിഭാഗങ്ങളെ പ്രസ്തുത വർദ്ധനയിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 8-7-2019-ലെ താരിഫ് ഉത്തരവ് പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ഇപ്പോൾ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളൊന്നുംതന്നെ കമ്മീഷൻ മുമ്പാകെ നൽകിയിട്ടില്ല.

## സ്വകാര്യ മേഖലയിലെ വൈദ്യുതി ഉത്പാദനം

202 (4313) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രകാരം സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുവെന്നും വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കുന്ന സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ജനറേറ്ററുകളുടെ (Wind, Small hydro) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 45.6 MW ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോത്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 42.5 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽനിന്നാണ് ഉത്പാദിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ചെറുകിട വൈദ്യുത നയം 2012 അനുസരിച്ച് സ്വകാര്യമേഖലയിൽ വൈദ്യുതോത്പാദനം നടത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുന്നുണ്ട്. വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലൊന്നായ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഊർജ്ജ കേരളമിഷൻ പദ്ധതിയിലുൾപ്പെട്ട സൗരപദ്ധതിയിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സബ്സിഡി ലഭ്യമാണ്. സംസ്ഥാനത്തെ വൈദ്യുതോത്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന്റെ ഭാഗമായി നിലവിൽ സംരംഭകർ നേരിടുന്ന/അഭിമുഖീകരിച്ച പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനുംവേണ്ടി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കാനുള്ള ആലോചനയിലാണ് സർക്കാർ. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് യോഗ്യരായ സംരംഭകരെ ഇ.എം.സി. തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ പിക്കോ/ മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ, ആശയങ്ങൾ എന്നിവയുടെ സാധ്യതാപഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനുംവേണ്ടി 14-9-2021-ൽ ഇ.എം.സി. താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/മൈക്രോ-ഹൈഡ്രോ/ മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനുമാണ് ലക്ഷ്യം. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടംഘട്ടമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, ജോയിന്റ് വെൻചർ മുതലായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. പുതുആശയങ്ങൾക്ക് പ്രോത്സാഹനം നൽകാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതികവിദ്യ ലഭിക്കുന്നമുറയ്ക്ക് ഇ.എം.സി. പരിശോധിച്ച് സംസ്ഥാനത്തിലുള്ള അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാമാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതിക സാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു. കൂടാതെ കെ.എസ്.ഐ.ഡി.സി.-യുടെ ജില്ലാ-സംസ്ഥാന ഏകജാലക ക്ലിയറൻസ് മുഖേന പദ്ധതി സംരംഭകർക്കാവശ്യമായ വകുപ്പ് അനുമതികൾ നേടുന്നതിനുള്ള സംവിധാനവും സർക്കാർ ഒരുക്കിയിട്ടുണ്ട്.

## വൈദ്യുതി പ്രതിസന്ധി നേരിടുന്നതിന് പദ്ധതികൾ

203(4314) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൈദ്യുതി പ്രതിസന്ധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകതയുടെ 30 ശതമാനം മാത്രമാണ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്രവിഹിതമായും ദീർഘകാല കരാറുകൾവഴിയും പവർ എക്സ്ചേഞ്ചുവഴിയും വൈദ്യുതി വാങ്ങിയാണ് ശേഷിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. കൽക്കരിക്ഷാമംമൂലവും ദീർഘകാല കരാറുകൾവഴി ലഭ്യമാകേണ്ട വൈദ്യുതി സ്രോതസ്സുകളിൽ ഒന്നിച്ചുണ്ടായ സാങ്കേതിക തകരാറുമൂലവും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് വന്നിട്ടുള്ളതിനാൽ സംസ്ഥാനത്ത് വൈദ്യുതിക്ഷാമമുണ്ട്. എന്നാൽ ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള രാജ്യത്തെ വൈദ്യുതി പ്രതിസന്ധി സംസ്ഥാനത്തെ തീവ്രമായി ബാധിച്ചിട്ടില്ല. താപനിലയങ്ങളിൽനിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 5-6 ശതമാനം കുറവുവന്നതായി കണക്കാക്കാം. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങുന്നത് കെ.എസ്.ഇ.ബി.എൽ.-ന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നുണ്ട്. മാത്രമല്ല, ജലവൈദ്യുതി നിലയങ്ങളിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ടി നിലയങ്ങളിൽനിന്നുള്ള വേനൽക്കാലത്തെ വൈദ്യുതി ലഭ്യതയെ പ്രതികൂലമായി ബാധിക്കാനുമിടയാക്കും. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വൈദ്യുതിക്ഷാമം നേരിടുന്നതിനും വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആഭ്യന്തരോത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ വൈദ്യുതി ഇറക്കുമതി ആവശ്യകത ക്രമേണ കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഇടുക്കി രണ്ടാംഘട്ട പദ്ധതിയുടെ സാധ്യതാപഠനം പുരോഗമിക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന 193.50 MW-ന്റെ പത്ത് ജലവൈദ്യുത പദ്ധതികൾ ഉടനടി പൂർത്തിയാകും. പുതുതായി 119 മെഗാവാട്ട് ഉത്പാദനശേഷിയുള്ള 12 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. വൈദ്യുതിക്ഷാമം നേരിടുന്നതിനും വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും ചെറുകിട, വൻകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഭൂതത്താൻകെട്ട് (24 മെഗാവാട്ട്)
2. പെരിങ്ങൽകുത്ത് (24 മെഗാവാട്ട്)
3. പെരുവണ്ണാമൂഴി (6 മെഗാവാട്ട്)
4. പഴശ്ശിസാഗർ (7.5 മെഗാവാട്ട്)
5. കുറ്റ്യാടി RMU (7.5 മെഗാവാട്ട്)
6. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്)
7. തോട്ടിയാർ (40 മെഗാവാട്ട്)

<u>ടെൻഡറിംഗ് സ്റ്റേജിലുള്ള പദ്ധതികൾ</u>

1. ചിന്നാർ (2 x 12 MW)
2. ആനക്കയം (3 x 2.5 MW)
3. മാരിപ്പുഴ (2 x 3 MW)
4. ഒലിക്കൽ (2 x 2.5 MW)
5. പൂവരംതോട് (2 x 1.5 MW)

പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽനിന്നുള്ള വൈദ്യുതി 5 വർഷത്തിനകം 3000 മെഗാവാട്ടായി ഉയർത്തും. ഇതിൽ 1000 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്ന് ലഭ്യമാക്കും. കേരളത്തിലെ നിലവിലെ സാഹചര്യത്തിൽ വൈദ്യുതോത്പാദനത്തിൽ പൂർണ്ണമായും സ്വയംപര്യാപ്തത

നേടുക എന്നത് വളരെ ചെലവേറിയതാണ്. ഇതിനാൽതന്നെ പുറത്തുനിന്നുമുള്ള വൈദ്യുതി ഇറക്കുമതിയെ ആശ്രയിക്കേണ്ടതായിവരും. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ വൈദ്യുതി എത്തിക്കാനും പ്രസരണനഷ്ടം കുറയ്ക്കാനും തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കാനും നിലവിലെ പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു. വൈദ്യുതി ക്ഷാമം നേരിടുന്നതിനും വൈദ്യുതിരംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം എന്നീ പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നു. വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പവർ പ്ലാന്റുകൾ വ്യാപകമാക്കുന്നതാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് വ്യപമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത്തിനുള്ള പി.എം. കുസും പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സോളാർ പാനലുകൾ സ്ഥാപിക്കാൻ സ്ഥല സൗകര്യമുള്ള എല്ലാ കർഷകരുടെയും പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നത് ഈ ഇനത്തിൽ വേണ്ടിവരുന്ന വൈദ്യുതിയിൽ പുനരുപയോഗ സ്രോതസ്സുകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതാണ്. സൗരോർജ മേഖലയിൽ റെസ്കോ - റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ സൗരോർജ്ജവൽക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗരവൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിതനിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. റെസ്കോ മാതൃകയിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കുന്നതിലൂടെ പുനരുപയോഗ സ്രോതസ്സുകളുടെ വിനിയോഗം വർദ്ധിപ്പിക്കാവുന്നതാണ്. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇവയ്ക്കാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാക്കുന്നതാണ്. ഇത് സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ

സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗതരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ എവിടെയെല്ലാം ആരംഭിക്കാനാണുദ്ദേശിക്കുന്നത്; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ പുതുതായി ആവിഷ്കരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്ന പദ്ധതികളുടെയും ഭരണാനുമതി ലഭിച്ചതും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ 780 മെഗാവാട്ടിന്റെ രണ്ടാംഘട്ട ജലവൈദ്യുത നിലയത്തിന്റെയും പതിനാറോളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2012 സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ പ്രതിസന്ധി**

204(4315) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താപ വൈദ്യുതിയുടെ ലഭ്യതക്കുറവുമൂലം ഊർജ്ജ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

താപവൈദ്യുതിയുടെ ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരിക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താനുദ്ദേശിക്കുന്നില്ല.

**അണക്കെട്ടുകളിലെ ജലനിരപ്പ്**

205(4316) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വിഭാഗത്തിന്റെ അറിയിപ്പുകളുടെ പശ്ചാത്തലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാലാവസ്ഥാ വിഭാഗത്തിന്റെ അറിയിപ്പുകളുടെ പശ്ചാത്തലത്തിൽ ഡാമുകളിലെ വെള്ളത്തിന്റെ അളവുകൾ മാറുന്നതനുസരിച്ച് അണക്കെട്ടുകളുടെ അവസ്ഥ സൂക്ഷ്മമായി നിരീക്ഷിച്ച് വിലയിരുത്തി മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഇവയിലെ ജലനിരപ്പ് സംഭരണശേഷിക്കനുസരിച്ചാണോ നിലവിലുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

അതെ. പ്രധാന സംഭരണികളിൽ സർക്കാരും കേന്ദ്ര ജലകമ്മീഷനും അംഗീകരിച്ച റൂൾ ലെവലുകൾവരെ ജലം സംഭരിക്കുന്നു. മറ്റ് സംഭരണികളിൽ പൂർണ്ണ സംഭരണനിരപ്പ് പ്രകാരമാണ് ജലം സംഭരിച്ചുവരുന്നത്.

(സി) നീരൊഴുക്ക് ക്രമാതീതമായി വർദ്ധിച്ചാലുണ്ടാകാനിടയുള്ള ഗൗരവാവസ്ഥ പരിഗണിച്ച് ജനങ്ങൾക്കാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. ജലനിരപ്പ് അംഗീകൃത സംഭരണനിരപ്പ് എത്തുന്നതനുസരിച്ച് അണക്കെട്ട് തുറക്കുന്നതിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി നീല, ഓറഞ്ച്, റെഡ് അലർട്ടുകൾ മുൻകൂട്ടി ദുരന്തനിവാരണ അതോറിറ്റിയെ അറിയിക്കുന്നു. അലെർട്ടുകൾ പ്രഖ്യാപിക്കുമ്പോൾ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ അതത് ജില്ലാ ഭരണകൂടം നടപടികളെടുത്തുവരുന്നു. ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി അനുവദിച്ച അളവിൽ മാത്രമാണ് ജലം പുറത്തുവിടുന്നത്. ഇത്തരം അവസ്ഥകളിലാവശ്യമായ എല്ലാ മുൻകരുതലും മുന്നൊരുക്കങ്ങളും നടത്തുകയും യഥാസമയം കഴിയുന്നത്ര മുൻകൂട്ടി മുന്നറിയിപ്പ് സാധ്യമായ എല്ലാ രീതിയിലും പ്രാദേശികതലം മുതൽ സംസ്ഥാന വ്യാപകമായും എല്ലാ സർക്കാർ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ചെയ്യുന്നുണ്ട്.

**കൽക്കരിക്ഷാമവും വൈദ്യുതി പ്രതിസന്ധിയും**

206(4317) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിയുടെ ക്ഷാമംമൂലം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. താപനിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 5-6 ശതമാനം കുറവുവന്നതായി കണക്കാക്കുന്നു. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. കൽക്കരിക്ഷാമം തുടരുകയും ടി ക്ഷാമംമൂലം പുറത്തുനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്താൽ വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാം.

(ബി) ഉണ്ടെങ്കിൽ പ്രതിസന്ധി നേരിടുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരിക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺ അലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽനിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കൽക്കരിയിൽനിന്ന് ഉത്പാദിപ്പിക്കുന്ന ഇനത്തിൽ സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

കൽക്കരിയിൽനിന്നും ഉത്പാദിപ്പിക്കുന്ന ഇനത്തിൽ സംസ്ഥാനത്തിന് ഏകദേശം 2147.57 MW (ദീർഘകാല കരാറുകൾവഴി 1149 MW-ഉം കേന്ദ്ര വിഹിതമായി 998.57 M-ഉം) വൈദ്യുതി ലഭിക്കുന്നുണ്ട്.

**കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി നിയന്ത്രണം**

207(4318) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കൽക്കരി ക്ഷാമംമൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയത് നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കൽക്കരിക്ഷാമംമൂലം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല. കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് മഴ ശക്തമായ അവസരങ്ങളിൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. കൽക്കരിക്ഷാമം തുടരുകയും ടി ക്ഷാമംമൂലം പുറത്തുനിന്നും സംസ്ഥാനത്ത് ലഭിക്കേണ്ട വൈദ്യുതിയിലുണ്ടാകുന്ന കുറവ് ഗണ്യമായി കൂടുകയും ചെയ്യുന്നപക്ഷം ഉപഭോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവന്നേക്കാം. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണംചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്രനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്

**കുന്നത്തുനാട് മണ്ഡലത്തിലെ ദ്യുതി, നിലാവ് പദ്ധതികൾ**

208(4319) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ 189.18 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | Quantum |
|---|---|---|
| 1 | ACSR കണ്ടക്ടർ ഉപയോഗിച്ചുള്ള എച്ച്.ടി. ലൈനിന്റെ നിർമ്മാണം | 26.575 കി.മീ. |
| 2 | ABC ഉപയോഗിച്ചുള്ള എച്ച്.ടി ലൈനിന്റെ നിർമ്മാണം | 28.47 കി.മീ. |
| 3 | അണ്ടർ ഗ്രൗണ്ട് (UG) എച്ച്.ടി. കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 6.18 കി.മീ. |
| 4 | ACSR കണ്ടക്ടർ/ABC ഉപയോഗിച്ചുള്ള എൽ.ടി. ലൈനിന്റെ നിർമ്മാണം | 6.27 കി.മീ. |
| 5 | എൽ.ടി. ലൈനിന്റെ റീ കണ്ടക്ടറിംഗ് | 324.44 കി.മീ. |
| 6 | വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് 11 കെ.വി. ലൈനുകളിൽ കമ്മ്യൂണിക്കബിൾ ഫാൾട്ട് പാസ് ഡിറ്റക്ടർ സ്ഥാപിക്കുന്ന പ്രവൃത്തി | 187 എണ്ണം |
| 7 | പുതിയ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 2 എണ്ണം |
| 8 | നിലവിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ | 2 എണ്ണം |
| 9 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി | 9.455 കി.മീ. |
| 10 | എ. ബി. സ്വിച്ച് സ്ഥാപിക്കൽ | 8 എണ്ണം |
| 11 | വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് എൽ.ടി. ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി | 7 കി.മീ. |

(ബി) നിലാവ് പദ്ധതി പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം, തിരുവാണിയൂർ എന്നീ പഞ്ചായത്തുകളിൽ നിലാവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് സ്ഥാപിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

നിലാവ് പദ്ധതിയിൽ വാഴക്കുളം പഞ്ചായത്തിൽ 35 വാട്സ് എൽ.ഇ.ഡി. ബൾബ് 100 എണ്ണവും തിരുവാണിയൂർ പഞ്ചായത്തിൽ 35 വാട്സ് എൽ.ഇ.ഡി. ബൾബ് 100 എണ്ണവും 18 വാട്സ് എൽ.ഇ.ഡി. ബൾബ് 225 എണ്ണവും സ്ഥാപിച്ചിട്ടുണ്ട്.

(ഡി) രണ്ടാംഘട്ടത്തിൽ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

രണ്ടാംഘട്ടത്തിൽ വാളകം, പൂതൃക്ക പഞ്ചായത്തുകളിൽ നിലാവ് പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിൽ പുരപ്പുറ സൗരപദ്ധതി**

209(4320) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുരപ്പുറങ്ങളിൽ സൗരപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര നിലയങ്ങൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഒന്നാംഘട്ട 'സൗര' പുരപ്പുറ പദ്ധതിയിലേയ്ക്കായി 5915 അപേക്ഷകൾ ലഭിച്ചു. ഡെവലപ്പർ സർവ്വേയ്ക്കുശേഷം കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായത് 14 ഉപഭോക്താക്കളാണ് (123 കിലോവാട്ട്). ഇതിൽ പണിപൂർത്തിയായത് 10 സൈറ്റുകളിലാണ് (49 കിലോവാട്ട്). 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 216 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തു (980 കിലോവാട്ട്). അതിൽ 2 സൈറ്റുകളിൽ (7 കിലോവാട്ട്) വർക്ക് പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതി ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്നിവയിൽ നടപ്പാക്കിയെന്ന് വിശദമാക്കാമോ?

സർക്കാർ സ്ഥാപനങ്ങളിൽനിന്നും ആകെ അപേക്ഷ ലഭിച്ചത് ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നായിരുന്നു. സർവ്വേ നടത്തിയപ്പോൾ അത് പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമല്ലായിരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ അവശേഷിക്കുന്ന സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപന കെട്ടിടങ്ങളെ പദ്ധതിയിലുൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാന്റ് സ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

## മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ്

210(4321) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിക്കായി സ്ഥലമേറ്റെടുത്തതിന് എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും വിശദമാക്കുമോ?

മറിപ്പുഴ മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിനായി 28 പേരുടെ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇവയിൽ 7 പേരുടെ സ്ഥലം ഉടൻ രജിസ്റ്റർ ചെയ്യുന്നതും നഷ്ടപരിഹാരം നൽകുന്നതുമാണ്.

(ബി) അവശേഷിക്കുന്നവർക്ക് എപ്പോൾ നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ബാക്കി 21 പേരുടെ നഷ്ടപരിഹാരം 3 മാസത്തിനുള്ളിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കർഷകർക്കുള്ള സൗജന്യ വൈദ്യുതി

211(4322) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം ചുവടെചേർക്കുന്നു.

i. 30 സെന്റ് കൃഷി ഭൂമിയുള്ളവരും അതിൽ 75 ശതമാനത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ.

ii. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ.

iii. 5 സെന്റിൽ കുറയാതെ വെറ്റിലക്കൃഷി ചെയ്യുന്ന കർഷകർ.

iv. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂ പരിധിയില്ല.

കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്കനുസരിച്ചാണ് വൈദ്യുതി ബിൽ നൽകിവരുന്നത്. വെള്ളം പമ്പുചെയ്യേണ്ട ആവശ്യങ്ങളുൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ LT- V A താരിഫ് വിഭാഗത്തിലും കന്നുകാലി ഫാമുകൾ, കോഴി വളർത്തുകേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ

(Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-V B താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതിനിരക്ക് ചുവടെച്ചേർക്കുന്നു.

| താരിഫ് | LT- V A | LT-V B |
|---|---|---|
| ഫിക്സഡ് ചാർജ്ജ് (Rs./Kwh)/ പ്രതിമാസം) | 10 | 10 |
| എനർജി ചാർജ്ജ് (Rs./KWh) | 2.30 | 2.80 |

സാധാരണഗതിയിൽ കാർഷിക കണക്ഷനുകളുൾപ്പെടെ ഏത് വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുംമാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽനിന്നും എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്നപോലെ കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിനുശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷിവകുപ്പ് ആയതിനാൽ കൃഷിവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകിവന്നിരുന്നത്.

(ബി) പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ കർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കാർഷിക കണക്ഷനുകൾ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാർഷിക കണക്ഷനുകൾക്ക് പ്രീ പേമെന്റ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങളൊന്നുംതന്നെ എടുത്തിട്ടില്ല. കേന്ദ്രസർക്കാർ 31-12-2020-ൽ പുറപ്പെടുവിച്ച Electricity (Right of Consumers) Rule, 2020 പ്രകാരം, വൈദ്യുതി കണക്ഷനുകളൊന്നുംതന്നെ മീറ്ററുകൾ സ്ഥാപിക്കാതെ നൽകരുതെന്നും അത്തരം മീറ്ററുകൾ പ്രീ പേമെന്റ് മീറ്ററോ, പ്രീ പേമെന്റ് സ്മാർട്ട് മീറ്ററോ ആയിരിക്കണമെന്നും നിഷ്കകർഷിക്കുന്നുണ്ട്. എന്നാൽ കേന്ദ്രസർക്കാർ 17-8-2021-ൽ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം കാർഷിക വിഭാഗം ഉപഭോക്താക്കളെ സ്മാർട്ട് പ്രീ പേമെന്റ് മീറ്റർ സ്ഥാപിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

## ഒലിക്കൽ, പൂവരംതോട് ജലവൈദ്യുത പദ്ധതികൾ

212(4323) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന ഒലിക്കൽ, പൂവരംതോട് മിനി ജലവൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഒലിക്കൽ-പൂവരംതോട് പദ്ധതികൾക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള ടെണ്ടർ 15-7-2020-ന് ക്ഷണിക്കുകയും പ്രീക്വാളിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി 17-9-2021-ന് പ്രൈസ് ബിഡ് തുറക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരന് ജോലികൾ അവാർഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി ആരംഭിച്ച് മൂന്നുവർഷംകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

213(4324) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇതുവരെ ഏതെല്ലാം തരത്തിൽ തുക ചെലവാക്കിയെന്നതിന്റെ വിശദാംശം അറിയിക്കാമോ?

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി പര്യവേക്ഷണ പഠനങ്ങൾക്കും പരിസ്ഥിതിയാഘാത പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വനഭൂമി വിട്ടുകിട്ടുന്നതിന് പരിഹാര വനവൽക്കരണത്തിനുവേണ്ടിയും വനഭൂമിയിൽനിന്ന് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് തടി വിലയും ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ചെലവിനത്തിലുമുൾപ്പെടെ ഏകദേശം 5.6 കോടി രൂപ ബോർഡിന് വഹിക്കേണ്ടിവന്നിട്ടുണ്ട്.

(ബി) നഷ്ടപ്പെടുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി കെ.എസ്.ഇ.ബി. വനം വകുപ്പിന് തുക നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

പദ്ധതിക്കായി 138.6 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് വിട്ടുകിട്ടുന്നതിനുള്ള പരിഹാര വനവൽക്കരണത്തിന് 1,14,76,000 (ഒരു കോടി പതിനാല് ലക്ഷത്തി എഴുപത്തിയാറായിരം രൂപ മാത്രം) രൂപയും 25.22 ഹെക്ടർ വനഭൂമിയിൽനിന്നും മരം മുറിച്ചുമാറ്റുന്നതിനുള്ള ചെലവും തടിവിലയുമായി 4,11,00,000 (നാലുകോടി പതിനൊന്ന് ലക്ഷം രൂപ മാത്രം) രൂപയും വനം വകുപ്പിന് കെ.എസ്.ഇ.ബി.എൽ. ഒടുക്കിയിട്ടുണ്ട്.

(സി) പദ്ധതി ആരംഭിച്ചില്ലെങ്കിൽ പ്രസ്തുത തുക തിരികെ നൽകാമെന്ന വ്യവസ്ഥ കരാറിലുൾപ്പെടുത്തിയിട്ടുണ്ടോ?

പദ്ധതി ആരംഭിച്ചില്ലെങ്കിൽ വനം വകുപ്പിന് കൈമാറിയ തുക തിരികെ ലഭിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി റദ്ദ് ചെയ്യാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ 2020-ൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 7 വർഷം ദൈർഘ്യമുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്. സർക്കാർ സമവായത്തിലൂടെ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകാനുദ്ദേശിക്കുന്നുള്ളൂ.

**പുതിയ ജലവൈദ്യുത പദ്ധതികൾ**

214(4325) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; ജലവൈദ്യുത നിലയങ്ങൾ എവിടെയൊക്കെ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ പുതുതായി ആവിഷ്കരിക്കുന്ന ജലവൈദ്യുത പദ്ധതികളിൽ ടെൻഡർ നടപടികൾ പുരോഗമിക്കുന്ന പദ്ധതികളുടെയും ഭരണാനുമതി ലഭിച്ചതും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ, 780 മെഗാവാട്ടിന്റെ ഇടുക്കി രണ്ടാംഘട്ട ജലവൈദ്യുത നിലയത്തിന്റെയും പതിനാറോളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം, 2012 പ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കാനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ

215(4326) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി. നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽ 2016 മേയ് മുതൽ 2021 മാർച്ച് വരെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, 2016 മുതൽ 2018 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന "ദ്യുതി" പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന പി.പി.എസ്. പദ്ധതി, റീബിൽഡ് കേരള പദ്ധതി തുടങ്ങിയവയിലുൾപ്പെടുത്തി 2119.19 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെച്ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | DDUGJY പദ്ധതി | 292.861 |
| 2 | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 44.9 |
| 3 | PPS പദ്ധതി | 124.526 |
| 4 | റീബിൽഡ് കേരള പദ്ധതി | 38.34 |
| 5 | 2016 മുതൽ 2018 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, 2018 മുതൽ കെ.എസ്.ആർ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതി | 1618.558 |
| ആകെ | | 2119.19 |

കൂടാതെ മണലൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി പ്രസരണ മേഖലയിൽ 2016 മേയ് മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

(i) പറപ്പൂർ 33 കെ.വി. സബ്സ്റ്റേഷനിൽനിന്നും മുല്ലശ്ശേരി 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം. ഭരണാനുമതി നൽകിയ തുക – 1.92 കോടി രൂപ.

(ii) 110 കെ.വി. വലപ്പാട് – കണ്ടശ്ശാംകടവ് ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം. ഭരണാനുമതി നൽകിയ തുക – 410 ലക്ഷം രൂപ.

(iii) മുല്ലശ്ശേരി 33 കെ.വി. സബ്സ്റ്റേഷനിൽ ഒരു പുതിയ 33/11 KV 5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. ഭരണാനുമതി നൽകിയ തുക - 112 ലക്ഷം രൂപ. സൗര പദ്ധതിയിലൂടെ മണലൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. 2019-21 കാലയളവിൽ നടപ്പാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു.

ഫേസ് I നോൺ സബ്സിഡി സ്കീമിൽ 3902 പേർ രജിസ്റ്റർ ചെയ്തു. ഇതിൽ 14 സൈറ്റുകളുടെ പണിപൂർത്തിയായി (90KW). ഫേസ് II സബ്സിഡി സ്കീമിൽ 197 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് (668KW). അടങ്കൽ തുക – 45,00,000

**ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ**

216(4327) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും അവ എന്ന് പ്രവർത്തനക്ഷമ മാക്കാനാണുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നെന്മാറയിൽ മേലാർകോട് പഞ്ചായത്തിനുകീഴിൽ പഴയ ഇലക്ട്രിക്കൽ സെക്ഷൻ പരിസരത്താണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 2021 ഡിസംബർ 31-നുമുമ്പായി പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ നിലാവ് പദ്ധതി

217(4328) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിലുൾപ്പെടുത്തി 4902 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ 2241 ലൈറ്റുകൾ പൂർണ്ണമായി സ്ഥാപിച്ചിട്ടുണ്ട്. ഏകദേശം 2400 ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 70 വാട്ട്സിന്റെയും 110 വാട്ട്സിന്റെയും 261 എണ്ണം ലൈറ്റുകൾ ലഭ്യമാകുന്നമുറയ്ക്ക് സ്ഥാപിക്കുന്നതാണ്.

## സൗരോർജ്ജ, ജലവൈദ്യുത നിലയങ്ങൾ

218(4329) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. രാജ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ആകെ എത്ര മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാന ഗവൺമെന്റിന്റെ 'സൗര' പുരപ്പുറ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ മുതൽമുടക്കിലുള്ള മോഡൽ I-ലും II-ലുംകൂടി 9.764 മെഗാവാട്ട് ശേഷിയുടെ സൗരനിലയങ്ങളും മോഡൽ III-ൽ 1.256 മെഗാവാട്ട് ശേഷിയുടെ സൗരനിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആകെ 8.751 മെഗാവാട്ട് ശേഷിയുടെ സൗരനിലയങ്ങളാണ് സ്ഥാപിച്ചത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത ചെറുകിട ജലവൈദ്യുത നിലയങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന ചെറുകിട ജലവൈദ്യുത നിലയങ്ങളുടെ വാണിജ്യാടി സ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(1) കക്കയം SHEP (3MW)

(2) വെള്ളത്തുവൽ SHEP (3.6 MW)

(3) പെരുന്തേനരുവി SHEP (6 MW)

(4) ചാത്തൻകോട്ടുനട സ്റ്റേജ് II SHEP (6MW)

കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലയളവിൽ എനർജി മാനേജ്മെന്റ് സെന്റർവഴി പാതംകയം (8 MW) പദ്ധതി പൂർത്തിയാക്കി ഗ്രിഡ്ഡിൽ വൈദ്യുതി എത്തിക്കുകയും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അതുപോലെ ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4.5 MW) എന്നീ പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലെത്തുകയും ചെയ്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആനക്കാംപൊയിൽ (8 MW) പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞു. വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസത്തിനുള്ളിൽ എത്ര മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂറുദിനത്തിനുള്ളിൽ അപ്പർകല്ലാർ (2MW/5.14MU), ചാത്തൻകോട്ടുനട സ്റ്റേജ് - II (6MW/14.76MU) എന്നീ ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതിയായ അപ്പർകല്ലാർ (2x1 MW) 30-9-2021-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു. കൂടാതെ പുരപ്പുറ സൗരപദ്ധതിയനുസരിച്ച് 7.985 മെഗാവാട്ട് ശേഷിയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർവഴി ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി (8 MW) കമ്മീഷൻ ചെയ്യുകയും ഗ്രിഡ്ഡിലേയ്ക്ക് വൈദ്യുതി ഉത്പാദനം ആരംഭിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (4.5 MW) Commercial Date of Operation (COD)-യ്ക്ക് കാത്തുനിൽക്കുകയാണ്. അരിപ്പാറ പദ്ധതി ഉടൻതന്നെ ഉദ്ഘാടനം നടത്താൻ സാധിക്കും. ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസത്തിനുള്ളിൽ 0.181 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 0.111 മെഗാവാട്ട് ഓഫ്ഗ്രിഡ്ഡും (ബാറ്ററി സംഭരണ സംവിധാനമുള്ളത് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡ് ബന്ധമില്ലാത്തത്), 0.070 മെഗാവാട്ട് കെ.എസ്.ഇ.ബി.എൽ. ഗ്രിഡ്ഡ് ബന്ധിതവുമായ സൗരോർജ്ജ പ്ലാന്റുകളാണ്.

## കേരള ഗ്രീൻ എനർജി മിഷൻ

219(4330) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ സ്വയംപര്യാപ്തതയ്ക്കായി വീടുകളിൽനിന്ന് സൗരോർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള കേരള ഗ്രീൻ എനർജി മിഷന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

കേരളത്തിന് ഊർജ്ജ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ രൂപീകരിക്കുന്ന പദ്ധതിയാണ് 'കേരള ഗ്രീൻ എനർജി മിഷൻ' (കേരള ഹരിതോർജ്ജ മിഷൻ). ഇതിലൂടെ ഒരു നിശ്ചിത വിസ്തീർണ്ണത്തിൽ കൂടുതലുള്ള പുതിയ ഗാർഹിക ഉപഭോക്താക്കൾക്കും (200 സ്ക്വയർ മീറ്ററിന് മുകളിലുള്ള വീടുകളും 100 സ്ക്വയർ മീറ്ററിനുമുകളിലുള്ള അപ്പാർട്ടുമെന്റുകളും) 500 സ്ക്വയർ മീറ്ററിനുമുകളിലുള്ള എല്ലാ പുതിയ വാണിജ്യ വ്യാവസായിക ഉപഭോക്താക്കൾക്കും അവരുടെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) പ്രകാരമുള്ള ഊർജ്ജോത്പാദനത്തിനാവശ്യമായ 'സൗരോർജ്ജ പദ്ധതി' സ്ഥാപിക്കലും ലക്ഷ്യമിടുന്നു. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങൾ കണക്കിലെടുത്തും സമ്പദ്‌വ്യവസ്ഥയെ ഡീകാർബണൈസ് ചെയ്യുകയെന്ന ഉദ്ദേശത്തിലും ഹരിത ഊർജ്ജോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത, ഫോസിൽ ഇതര ഇന്ധനങ്ങളുടെ ഗവേഷണം വികസന പ്രവർത്തനങ്ങൾ തുടങ്ങിയ മറ്റ് സംരംഭങ്ങൾക്കുമായി കേരള ഗ്രീൻ എനർജി ഫണ്ട് (K-GEF) എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് സൃഷ്ടിക്കാനും മിഷൻ ലക്ഷ്യമിടുന്നു. നിർബന്ധിത സൗരോർജ്ജ പദ്ധതി സ്ഥാപിക്കാൻ കഴിയാത്ത ഉപഭോക്താക്കൾ കേരള ഗ്രീൻ എനർജി മിഷൻ പ്രകാരം സ്ഥാപിക്കേണ്ടിയിരുന്ന സൗരോർജ്ജ നിലയത്തിന്റെ സ്ഥാപിതശേഷിയുടെ തത്തുല്യമായ തുക പ്രസ്തുത ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്. അപ്രകാരം ലഭ്യമാകുന്ന തുക പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും സ്വകാര്യ സംരംഭങ്ങൾ മുഖേനയും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ വിനിയോഗിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു ജനകീയ ക്യാമ്പയിനിലൂടെ നിലവിലുള്ള ഉപഭോക്താക്കൾക്കിടയിൽ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുവാൻ വേണ്ട പ്രചോദനം നൽകുന്നതിനും പതിനാലാം പദ്ധതിക്കാലത്ത് (2022-2027) 3000 MW ഹരിതോർജ്ജം ഉത്പാദിപ്പിക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഓരോ വർഷവും വൈദ്യുതി ഉപയോഗം എത്ര ശതമാനം വീതം വർദ്ധിക്കുന്നുവെന്ന് അറിയിക്കാമോ; ഇലക്ട്രിക് വാഹനങ്ങളുടെ വൻതോതിലുള്ള വരവ്, കൃഷി അനുബന്ധ മേഖലകളിലെ ആധുനികവൽക്കരണം എന്നിവ കൂടിയാകുമ്പോൾ വൈദ്യുതി ഉപയോഗം എത്ര ശതമാനംവീതം വർദ്ധിക്കാൻ സാധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്തെ കഴിഞ്ഞ മൂന്നുവർഷത്തെ വൈദ്യുതി ഉപയോഗം വർഷം തിരിച്ച് ചുവടെച്ചേർക്കുന്നു.

| വർഷം | വൈദ്യുതി ഉപയോഗം (മില്യൺ യൂണിറ്റ്) |
|---|---|
| 2018-19 | 21750.25 |
| 2019-20 | 23058.91 |
| 2020-21 | 22540.32 |

സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 -ൽ 3 ശതമാനവും 2019-20 -ൽ 6 ശതമാനവും വർദ്ധിച്ചു. എന്നാൽ 2020-21-ൽ വൈദ്യുതി ഉപയോഗം മുൻവർഷത്തെ അപേക്ഷിച്ച് 2 ശതമാനം കുറവ് രേഖപ്പെടുത്തി. വരുംവർഷങ്ങളിൽ വൈദ്യുതി ഉപയോഗത്തിൽ 4 ശതമാനം വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

**ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ**

220(4331) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. 1000 W വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ടിൽനിന്നും നൽകിവരുന്നു. ബി.പി.എൽ. വിഭാഗത്തിലെ മേൽ സൗജന്യ കണക്ഷൻ ലഭിക്കുവാൻ അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, ബി.പി.എൽ. രേഖ എന്നിവ സമർപ്പിക്കേണ്ടതാണ്.

## ഇലക്ട്രിക് ഓട്ടോകളുടെ ചാർജ്ജിംഗ് സൗകര്യം

221 (4332) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ഓട്ടോകൾക്ക് അവയുടെ സ്റ്റാന്റിന്റെ പരിസരത്തുനിന്നും ചാർജ്ജ് ചെയ്യാൻ സൗകര്യമൊരുക്കുന്നതിന് വൈദ്യുതി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇലക്ട്രിക് ഓട്ടോകൾക്ക് അവയുടെ സ്റ്റാന്റിന്റെ പരിസരത്തുനിന്നും കോഴിക്കോട് നഗരത്തിന്റെ പ്രധാന മേഖലകളിൽനിന്നും ചാർജ്ജ് ചെയ്യുന്നതിനായി 10 ചാർജ്ജിംഗ് പോയിന്റുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണതൂണുകളിൽ സജ്ജീകരിക്കുകയും 9-10-2021-ന് പരീക്ഷണാടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുത തൂണുകളിൽ ചാർജ്ജിംഗ് പോയിന്റ് ഏർപ്പെടുത്തുന്ന പദ്ധതി സംസ്ഥാനത്താകമാനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൈലറ്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം കേരളമൊട്ടാകെ വൈദ്യുത തൂണുകളിൽ ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## ടെയിൽ റേസ് പദ്ധതി

222(4333) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിലയങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിച്ചശേഷം പുറത്തുവിടുന്ന വെള്ളമുപയോഗിച്ച് വീണ്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ടെയിൽ റേസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.ഇ.ബി.-യുടെ തെരഞ്ഞെടുത്ത വൈദ്യുതി നിലയങ്ങളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിച്ചശേഷം പുറത്തുവിടുന്ന വെള്ളം ഉപയോഗിച്ച് വീണ്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ടെയിൽ റേസ് പദ്ധതിക്കുവേണ്ടിയുള്ള സാധ്യതാപഠനത്തിന് ഇ.എം.സി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് 2021 നവംബർ മാസം ആദ്യത്തോടെ സാധ്യതാ പഠനം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടെയിൽ റേസ് പദ്ധതികളുടെ വിവരം ചുവടെചേർക്കുന്നു.

i. കുറ്റ്യാടി ടെയിൽ റേസ് (3.75 MW)

ii. പെരിങ്ങൽകുത്ത് മൈക്രോ സ്ലൂ ടർബൈൻ (0.011 MW)

iii. കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (3 MW)

iv. മണിയാർ ടെയിൽ റേസ് (12 MW)

v. കുത്തുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (12 MW)

(ബി) വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സംസ്ഥാനത്തെ വൈദ്യുതോത്പാദനം കൂട്ടുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആകെ 185.5 MW സ്ഥാപിതശേഷിവരുന്ന 8 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമേ ആകെ 61.5 MW സ്ഥാപിതശേഷിവരുന്ന 5 ജലവൈദ്യുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഭരണാനുമതി ലഭിച്ചതും സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നതുമായ പതിനൊന്നോളം പദ്ധതികളിൽനിന്നും ആകെ 102.5 MW അധികമായി വൈദ്യുതി ഉത്പാദനം കണക്കാക്കിയിട്ടുണ്ട്. കൂടാതെ, ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ട പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമേ പതിനാറോളം ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ പര്യവേക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം, 2012 പ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. കൂടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുതോത്പാദനം

223(4334) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്തുൾപ്പെടെയുള്ള മുന്നേറ്റത്തിനായി വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ രംഗത്തുൾപ്പെടെയുള്ള മുന്നേറ്റത്തിനായി വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ആകെ 185.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമേ ആകെ 61.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 5 ജലവൈദ്യുത പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഭരണാനുമതി ലഭിച്ചതും സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നതുമായ പതിനൊന്നോളം പദ്ധതികളിൽനിന്നും ആകെ 102.5 മെഗാവാട്ട് അധികമായി വൈദ്യുതി ഉത്പാദനം കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ട പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മാത്രമല്ല, പതിനാറോളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ. ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് 20-1-2020-ൽ എഗ്രിമെന്റ് ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. കാസർഗോഡ് ചീമേനിയിൽ 100 മെഗാവാട്ടിന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതോത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 04-05-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പി.എം. കുസും പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-ൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശ്ശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ പി.എം.കുസും പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ.ആർ.ഇ.-ൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജ വത്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികാവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ, കാറ്റിൽനിന്നും 74.1 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തരോത്പാദനം ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനാണ് ഇ.എം.സി. കഴിഞ്ഞ കാലങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ മൊത്തം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സർക്കാർ നൽകിയിരുന്നു. വ്യവസായ രംഗത്തുൾപ്പെടെയുള്ള മുന്നേറ്റത്തിനായി വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന് സൗരോർജ്ജം, കാറ്റ്, ജൈവോർജ്ജം എന്നീ പ്രധാനപ്പെട്ട പുനരുപയോഗ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ അനെർട്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പവർ പ്ലാന്റുകൾ വ്യാപകമാക്കുന്നതാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതാണ്. സൗരോർജ്ജ മേഖലയിൽ റെസ്കോ (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സൗരോർജ്ജവത്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുതനിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും

തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതോത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ ഇതിനായുള്ള പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടത്തിവരുന്നു. അനുയോജ്യമായി കണ്ടെത്തുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുതോത്പാദനം നടത്തുന്നതിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യമേഖലയിൽ കാറ്റിൽനിന്നും ജലവൈദ്യുത പദ്ധതികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ചെറുകിട നിലയങ്ങൾക്ക് ഗ്രിഡ്ഡിലേയ്ക്കുള്ള കണക്ടിവിറ്റി സമയബന്ധിതമായി നൽകിവരുന്നു. കൂടാതെ കെ.എസ്.ഇ.ആർ.സി. അംഗീകരിച്ച നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സംസ്ഥാന ചെറുകിട വൈദ്യുതി നയം 2012-ലെ മാനദണ്ഡങ്ങളനുസരിച്ച് സ്വകാര്യമേഖലയിൽ ചെറുകിട വൈദ്യുതോത്പാദനം നടത്തുന്നതിനുള്ള പ്രോത്സാഹനം നൽകിവരുന്നു. കൂടാതെ സ്വകാര്യമേഖലയിൽ ചെറുകിട വൈദ്യുത പദ്ധതികളുടെ ഡെവലപ്പേഴ്സിന് എം.എൻ.ആർ.ഇ. (Ministry of New & Renewable Energy)- യുടെ ഗ്രാന്റായ .5 Crores/MW നിരക്കിൽ പരമാവധി 20 കോടി രൂപവരെ സബ്സിഡിയായി നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ വൈദ്യുതോത്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിന് കൂടുതൽ പദ്ധതികളിൽ സ്വകാര്യ സംരംഭകരെ ആകർഷിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ് സർക്കാർ. അതിന്റെ ഭാഗമായി നിലവിൽ സംരംഭകർ നേരിടുന്ന/അഭിമുഖീകരിച്ച പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും വേണ്ടി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുതുക്കാനുള്ള ആലോചനയിലാണ് സർക്കാർ. അതോടൊപ്പംതന്നെ കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക് സാങ്കേതികം) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) വിളിച്ച് യോഗ്യരായ സംരംഭകരെ

ഇ.എം.സി. തെരഞ്ഞെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പൈലറ്റ് പദ്ധതി ആരംഭിക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് പദ്ധതിയുടെ സാധ്യത മനസ്സിലാക്കിയശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൂടാതെ പിക്കോ/ മൈക്രോ-ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതിക വിദ്യകൾ, ആശയങ്ങൾ എന്നിവയുടെ സാധ്യതാ പഠനത്തിനും പൈലറ്റ് ഡെമോൺസ്ട്രേഷനുംവേണ്ടി 14-9-2021-ൽ ഇ.എം.സി. താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. RESCO/EPC മോഡലിൽ കേരളത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ 1 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പിക്കോ/മൈക്രോ-ഹൈഡ്രോ/ മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാധ്യതയുള്ള പഠനവും പൈലറ്റ് ഇൻസ്റ്റലേഷനുമാണ് ലക്ഷ്യം. വിജയകരമായ പൈലറ്റ് പദ്ധതിയുടെ മാതൃകയിൽ സാധ്യമായ ഇടങ്ങളിൽ ഘട്ടംഘട്ടമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, ജോയിന്റ് വെൻച്വർ മുതലായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. പുതിയ ആശയങ്ങൾക്ക് പ്രോത്സാഹനം നൽകാനുദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയിൽ ലഭ്യമാകുന്ന സാങ്കേതികവിദ്യ ലഭിക്കുന്നമുറയ്ക്ക് ഇ.എം.സി. പരിശോധിച്ച് സംസ്ഥാനത്തുള്ള അനുയോജ്യത കണക്കിലെടുത്ത് മൂല്യനിർണ്ണയവും ചുരുക്കപ്പട്ടികയും എല്ലാ മാസത്തിലും ഒരു നിശ്ചിത തീയതിയിൽ പ്രസിദ്ധീകരിക്കാനും അതിലൂടെ കൂടുതൽ സാങ്കേതികസാദ്ധ്യതകൾ ആരായാനും ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതി (സബ്സിഡി സ്കീം) പ്രകാരം 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം 2 മുതൽ 10 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് സബ്സിഡി നൽകുന്നതാണ്. 20 മുതൽ 40 ശതമാനം വരെയാണ് സബ്സിഡി.

**ഒറ്റപ്പാലം കുണ്ടുപറമ്പ് പള്ളിയാലിലെ വോൾട്ടേജ് ക്ഷാമം**

224(4335) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ രണ്ടാം വാർഡിൽ കുണ്ടുപറമ്പ് പള്ളിയാൽ ഭാഗത്തെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം നഗരസഭ രണ്ടാം വാർഡിലെ കുണ്ടുപറമ്പ് ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള 250 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീ ഫേസ് ലൈനാക്കി മാറ്റുന്നതിനും പുതിയ 50 മീറ്റർ 3 ഫേസ് വലിക്കുന്നതിനുമുള്ള പ്രവൃത്തി ദ്യുതി സ്കീമിലുൾപ്പെടുത്തി (78,887 രൂപ) പൂർത്തീകരിച്ചിട്ടുണ്ട്.

**പ്രസരണ-വിതരണ മേഖലകളിലെ പദ്ധതികൾ**

225(4336) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. ജോയി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസംകൊണ്ട് പ്രസരണ-വിതരണ മേഖലകളിൽ തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്കെത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ് നൂറ് ദിവസംകൊണ്ട് തടസ്സമില്ലാതെ വൈദ്യുതി ഉപഭോക്താക്കൾക്കെത്തിക്കുന്നതിനായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി HT എബിസി/OH/UG cable ഇടുന്ന പ്രവൃത്തി, LT എബിസി/OH/ UG cable ഇടുന്ന പ്രവൃത്തി, ലൈനുകളുടെ റീകണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനാക്കുന്ന പ്രവൃത്തി, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തുടങ്ങിയ പ്രധാന പ്രവൃത്തികളും 24x7 തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച ദ്യുതി പദ്ധതിയിൽ ആകെ 192 കോടി രൂപയുടെ പ്രവൃത്തികളും ഈ കാലയളവിൽ വിതരണമേഖലയിൽ പൂർത്തിയാക്കാൻ സാധിച്ചു. ഇതിൽ 364 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മാണം, 144 കിലോമീറ്റർ എൽ.ടി. ലൈൻ നിർമ്മാണം, 307 വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 68 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കൽ എന്നിവയുൾപ്പെടുന്നു. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി എത്തിക്കുന്നതിനായി നൂറ് ദിവസംകൊണ്ട് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ കുന്നമംഗലം 220 കെ.വി. സബ്സ്റ്റേഷൻ പൂർത്തീകരിച്ച് 19-7-2021-ൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഇതിനുപുറമേ പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനായി മങ്കട 110 കെ.വി. സബ്സ്റ്റേഷൻ (13-7-2021), മണ്ണുത്തി 110 കെ.വി.

സബ്സ്റ്റേഷൻ (16-8-2021), പട്ടാമ്പി 110 കെ.വി. സബ്സ്റ്റേഷൻ (24-8-2021) എന്നീ സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. വെണ്ണക്കര 110 കെ.വി. GIS സബ്സ്റ്റേഷൻ, നിലമ്പൂർ 66 കെ.വി. സബ്സ്റ്റേഷൻ, എടക്കര 66 കെ.വി. സബ്സ്റ്റേഷൻ, മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ഇതിനുപുറമേ, മട്ടന്നൂർ കിൻഫ്ര പാർക്കിൽ ഒരു 110 കെ.വി. സബ്സ്റ്റേഷന്റെയും റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് പാക്കേജിന്റെ ഭാഗമായി 110 കെ.വി. നിലവാരത്തിലേയ്ക്കുയർത്തുന്ന കുട്ടനാട് സബ്സ്റ്റേഷന്റെയും നിർമ്മാണ പ്രവൃത്തികളാരംഭിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണമേഖലയിൽ ഏതൊക്കെ പദ്ധതികൾപ്രകാരം എത്ര രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന വിവരം നൽകാമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിതരണ ശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തി 301 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 859 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കി. ഇവയിൽ 511 അങ്കണവാടികൾക്ക് ഒരു പോസ്റ്റുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽനിന്നും 18.90 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം പോത്താനിക്കാട്, മറയൂർ, കുമളി, ഗിരിനഗർ എന്നീ 4 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ, സബ് റീജിയണൽ സ്റ്റോർ, ഷൊർണ്ണൂർ എന്നിവ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടനിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുവരുന്ന കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുമ്പോൾ വിവിധ വകുപ്പുകളിൽനിന്ന് റോഡ് കട്ടിംഗ് ഉൾപ്പെടെയുള്ള അനുവാദം വേണ്ടിവരുന്നത് കാലതാമസമുണ്ടാക്കാറുണ്ട്. ഇതൊഴിവാക്കാനായി റോഡ് കട്ടിംഗിനുവേണ്ടുന്ന അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ സർക്കാർ തലത്തിൽ 'സുഗമ' വെബ്പോർട്ടൽ നിലവിലുണ്ട്.

**ആണവ, താപവൈദ്യുത നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതം**

226 (4337) ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. എൻ. കെ. അക്ബർ:

ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്; അർഹതപ്പെട്ട മുഴുവൻ വൈദ്യുതിയും ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽനിന്നും ഏകദേശം 251.2 മെഗാവാട്ട് (6.028 MU/day) വൈദ്യുതിയാണ് ലഭ്യമാകേണ്ടത്. അർഹതപ്പെട്ട മുഴുവൻ വൈദ്യുതിയും നിലവിൽ ലഭിക്കുന്നുണ്ട്.

(ബി) കായംകുളം താപവൈദ്യുത നിലയത്തിന്റെ ഉത്പാദനശേഷി എത്രയാണ്; എത്ര യൂണിറ്റാണ് നിലവിൽ ഉത്പാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ?

കായംകുളം താപവൈദ്യുത നിലയത്തിന്റെ സ്ഥാപിതശേഷി 359.58 മെഗാവാട്ടാണ്. നിലവിൽ ടി നിലയത്തിൽനിന്നും വൈദ്യുതി ഉത്പാദനമില്ല.

(സി) പ്രസ്തുത വൈദ്യുത നിലയത്തിൽനിന്നും സംസ്ഥാനത്തിന് എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കാമോ?

കായംകുളം താപവൈദ്യുത നിലയത്തിലുത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ ടി നിലയത്തിൽനിന്നുള്ള വൈദ്യുതോത്പാദന ചെലവ് സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിക്കുള്ള ചെലവിനേക്കാൾ കൂടുതലായതിനാൽ പ്രസ്തുത നിലയത്തിൽ നിന്നും വൈദ്യുതോത്പാദനം നടത്തുന്നില്ല.

(ഡി) സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതോത്പാദന കമ്പനികൾ ഏതൊക്കെയാണ്; ഓരോ കമ്പനിയുടെയും ഉത്പാദനശേഷി എത്രയാണ്; നിലവിലെ ഉത്പാദനം എത്രയാണ്; ഇവ ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും സംസ്ഥാനം വാങ്ങാറുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതി ഉത്പാദകരുടെ സ്ഥാപിതശേഷി 670.76 മെഗാവാട്ടാണ്. ഇതിൽ ക്യാപ്റ്റീവ് പവർ പ്ലാന്റുകളുടെ (CPP) സ്ഥാപിതശേഷി 100.93 മെഗാവാട്ടും ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ (IPP)-ന്റെ സ്ഥാപിതശേഷി 569.83 മെഗാവാട്ടുമാണ്. സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതോത്പാദന കമ്പനികൾ അവയുടെ ഉത്പാദനശേഷി, ഉത്പാദനം (സെപ്റ്റംബർ 2021-ലെ കണക്കുകൾ പ്രകാരം) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതിൽ Independent Power Producers (IPP) ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 45.6 മെഗാവാട്ട് ശേഷിയുള്ള വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോത്പാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 42.5 മെഗാവാട്ട് സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്. നിലവിൽ ഈ സ്വകാര്യ ചെറുകിട ജലവൈദ്യുത നിലയങ്ങളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള നിരക്കിൽ വാങ്ങുകയാണ്. കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സംസ്ഥാനത്ത് ലഭ്യമാകുന്ന പ്രതിദിന വൈദ്യുതി വിഹിതം**

227 (4338) <u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുതിക്കുപുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള പ്രതിദിന വൈദ്യുതോത്പാദനം എത്ര യൂണിറ്റാണെന്ന് വിശദമാക്കുമോ ?

2021 ഒക്ടോബർ മാസം 20-ാം തീയതിവരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ജല വൈദ്യുതിക്കുപുറമേ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റാടിപ്പാടങ്ങൾ, സൗരോർജ്ജ നിലയങ്ങൾ എന്നിവയിൽനിന്നുള്ള പ്രതിദിന ശരാശരി വൈദ്യുതോത്പാദനം യഥാക്രമം 0.3378 ദശലക്ഷം യൂണിറ്റ്, 0.5762 ദശലക്ഷം യൂണിറ്റ് എന്നിങ്ങനെയാണ്. സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലുമായി ആകെ 16.238 മെഗാവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകളാണ് (ബാറ്ററി സംഭരണ സംവിധാനമുള്ളത് - കെ.എസ്.ഇ.ബി.എൽ. ഗ്രിഡ് ബന്ധമില്ലാത്തത്) വിവിധ പദ്ധതികളിലൂടെ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുള്ളത്. ഇതിൽനിന്നും ഏകദേശം 50,000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള 1.55 മെഗാവാട്ട് ശേഷിയുള്ള ബയോമാസ്സ് കോ-ജനറേഷൻ പ്ലാന്റിൽനിന്ന് ഏകദേശം 30,000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇപ്പോൾ പ്രതിദിനം സംസ്ഥാനം വാങ്ങുന്നത്; ഇതിൽ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളിൽനിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്?

2021 ഒക്ടോബർ മാസം 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വാങ്ങിയ വൈദ്യുതി (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) 41.6 ദശലക്ഷം യൂണിറ്റാണ്. വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്രനിലയങ്ങളിൽ നിന്ന് ഏകദേശം 26.08 ദശലക്ഷം യൂണിറ്റ് (പ്രതിദിന ശരാശരി) വാങ്ങിയിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിൽനിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ; സംസ്ഥാനത്തിന് പുറത്തുനിന്നും ആഭ്യന്തരമായും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങുന്നത്; വ്യക്തമാക്കാമോ?

ഉണ്ട്. 2021 ഒക്ടോബർ മാസം 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ ഉത്പാദകരിൽനിന്നും ഏകദേശം 15.53 ദശലക്ഷം യൂണിറ്റും (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) ആഭ്യന്തര ഉത്പാദകരിൽനിന്നും ഏകദേശം 1.23 ദശലക്ഷം യൂണിറ്റും വൈദ്യുതി (ഒക്ടോബർ മാസത്തെ പ്രതിദിന ശരാശരി) വാങ്ങിയിട്ടുണ്ട്.

**പുതുക്കാട് മണ്ഡലത്തിൽ കാർഷികാവശ്യത്തിനായി വൈദ്യുതി**

228(4339) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ വടാന്തോൾ ദേശത്ത് കാർഷികാവശ്യത്തിനുള്ള ജലസേചന സൗകര്യത്തിനായി അരകിലോമീറ്ററോളം ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് പള്ളിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നപേരിൽ കരയാംപാടത്ത്, വടാന്തോൾ ദേശത്ത് 20m HT line, 120m LT 3P 4 wire line, 1 transformer with DP എന്നിവയുൾപ്പെടുത്തി ഡെപ്പോസിറ്റ് വർക്കടിസ്ഥാനത്തിൽ (5,75,000 രൂപ അടച്ചു.) 1156569026988 എന്ന കൺസ്യൂമർ നമ്പറിൽ 10-3-2021-ൽ സർവ്വീസ് കണക്ഷൻ നൽകിയിട്ടുള്ളതാകുന്നു. വൈദ്യുതി കണക്ഷനായി അപേക്ഷിച്ച എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ പ്രസ്തുത ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാധകമല്ല.

## കൽക്കരിക്ഷാമം കാരണമുള്ള വൈദ്യുതി പ്രതിസന്ധി

229(4340) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരിക്ഷാമം കാരണമുള്ള വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കൽക്കരിക്ഷാമംമൂലം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾവഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യതയെയാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരിക്ഷാമംമൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിയായി അതത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽനിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരിക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലെ അൺഅലോക്കേറ്റഡ് ഷെയറായ 15 ശതമാനത്തിൽനിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണി വരെയുള്ള സമയത്ത് കേന്ദ്രപൂളിൽനിന്നും (15% Unallocated share) 100 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉപഭോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

രാജ്യത്ത് കൽക്കരിക്ഷാമം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പുറത്തുനിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ 200 മെഗാവാട്ടോളം കുറവുണ്ടാകുമെന്നതിനാൽ ഉപഭോക്താക്കൾ പീക്ക് സമയമായ വൈകുന്നേരം 6 മണി മുതൽ രാത്രി 11 മണിവരെ വൈദ്യുതി കരുതലോടെ ഉപയോഗിക്കാനും വൈദ്യുതി കൂടുതലായി വേണ്ടിവരുന്ന ഇലക്ട്രിക് ഉപകരണങ്ങൾ കഴിവതും ഈ സമയത്ത് പ്രവർത്തിപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുമുള്ള നിർദ്ദേശം ദൃശ്യമാധ്യമങ്ങൾവഴി ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ ചെറായി-ഞാറയ്ക്കൽ ഡബിൾ സർക്യൂട്ട് ലൈൻ

230(4341) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 24 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ചെറായി-ഞാറയ്ക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിന്റെയും ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തിയുടെയും നിജസ്ഥിതി വിശദമാക്കാമോ?

ചെറായി മുതൽ ഞാറയ്ക്കൽ വരെയുള്ള 14.1 കി.മീ. സർക്യൂട്ട് ലൈനിന്റെ നിർമ്മാണത്തിനായി ജി.എസ്.ടി. ഉൾപ്പെടെ 19.09 കോടി രൂപയുടെ കരാർ ഇതിനകം നൽകിയിട്ടുണ്ട്. ഞാറയ്ക്കൽ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റുകയും പഴയ ക്വാർട്ടേഴ്സ് കെട്ടിടവും സ്റ്റോർ കെട്ടിടവും പൊളിച്ചുമാറ്റുകയും ചെയ്തിട്ടുണ്ട്. സബ്സ്റ്റേഷൻ ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളാരംഭിക്കുമ്പോൾ നേരിട്ടേയ്ക്കാവുന്ന വൈദ്യുതി തടസ്സങ്ങൾമൂലം ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബദൽ മാർഗ്ഗങ്ങളെന്തെന്ന് വിശദമാക്കാമോ?

ലൈൻ നിർമ്മാണത്തിന്റെ അവസാനഭാഗത്തിൽ വരുന്ന ടവറുകളുടെ നിർമ്മാണ സമയത്തും ലൈൻ വലിക്കുന്ന സമയത്തും മാത്രമേ സബ്സ്റ്റേഷനിൽ നിന്നുമുള്ള വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുകയുള്ളൂ. അതുവരെ 66 കെ.വി. ഞാറയ്ക്കൽ സബ്സ്റ്റേഷൻ പൂർണ്ണമായ രീതിയിൽ പ്രവർത്തിക്കുന്നതായിരിക്കും. ബദൽ മാർഗ്ഗമായി 66 കെ.വി. മുളവുകാട് സബ്സ്റ്റേഷനിൽനിന്നും ബെൽബോ ജംഗ്ഷൻ വരെ പുതിയ 11 കെ.വി. ഫീഡർ വലിക്കുന്നുണ്ട്. ചെറായി സബ്സ്റ്റേഷനിൽനിന്നും എടവനക്കാട് ഭാഗത്തേയ്ക്കും പുതിയ 11 കെ.വി. ഫീഡർ വരുന്നുണ്ട്. ഇതുമൂലം പകൽ സമയങ്ങളിലുള്ള വൈദ്യുതിതടസ്സം ഒരുപരിധിവരെ ഒഴിവാക്കാം. രാത്രി 66 കെ.വി. ഞാറയ്ക്കൽ സബ്സ്റ്റേഷൻ തിരികെ ചാർജ്ജ് ചെയ്യാവുന്ന രീതിയിലാണ് പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കൾ

231(4342) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി ഉപഭോക്താക്കളുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉപഭോക്താക്കൾ ഏതെല്ലാം കാറ്റഗറിയിലുള്ളവരാണെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ലോ ടെൻഷൻ വൈദ്യുതി ഉപഭോക്താക്കളുടെ സെക്ഷൻ, കാറ്റഗറി എന്നിവ തിരിച്ചുള്ള വിവരങ്ങളും HT/EHT വൈദ്യുതി ഉപഭോക്താക്കളുടെ സെക്ഷൻ തിരിച്ചുള്ള വിവരങ്ങളും HT/EHT വൈദ്യുതി ഉപഭോക്താക്കളുടെ കാറ്റഗറി തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർക്കുന്നു*.

(സി) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ ഒരുമാസത്തെ വരുമാനം സെക്ഷൻ തിരിച്ചും കാറ്റഗറി തിരിച്ചും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൽ.ടി. വൈദ്യുതി ഉപഭോക്താക്കളുടെ സെക്ഷൻ, കാറ്റഗറി എന്നിവ തിരിച്ചുള്ള സെപ്റ്റംബർ 2021 മാസത്തെ വരുമാനവും എച്ച്.ടി. വൈദ്യുതി ഉപഭോക്താക്കളുടെ സെക്ഷൻ, കാറ്റഗറി എന്നിവ തിരിച്ചുള്ള ഒരുമാസത്തെ വരുമാനവും അനുബന്ധമായി ചേർക്കുന്നു*.

(ഡി) ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ ഒരു മാസത്തെ ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള വൈദ്യുതി വകുപ്പിന്റെ ഓഫീസുകളുടെ 2021 സെപ്റ്റംബർ മാസത്തെ ചെലവ് ഇനംതിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ഇ) ജില്ലയിൽ വൈദ്യുതി കണക്ഷന് കാത്തിരിക്കുന്നവർ എത്രയുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലമായി കാത്തിരിക്കുന്നുവെന്നും ഇതിനുള്ള കാരണമെന്താണെന്നും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ട് കണക്ഷൻ ലഭിക്കാനുള്ള ആളുകളുടെ എണ്ണം സെക്ഷൻ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*. 8 മീറ്റർ പോസ്റ്റിന്റെ ദൗർലഭ്യം നിലവിലുണ്ട്. വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ട പോസ്റ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ

232(4343) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ, എയ്ഡഡ് സ്കൂളുകളെയാണ് സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 'സൗര' പുരപ്പുറ പദ്ധതിയുടെ കീഴിലുൾ പ്പെടുത്തിയിട്ടുള്ള എസ്.എം.വി.എച്ച്.എസ്., പൂഞ്ഞാർ (62 KW) സി.കെ.എം. എച്ച്.എസ്.എസ്., കോരുത്തോട് (20 KW) എന്നീ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ GUPS പതക്കച്ചിറ (20 KW), GUPS പിണ്ണാക്കനാട് (16 KW), GUPS തിടനാട് (65 KW), GUPS കിടങ്ങൂർ (30 KW), GTHS എരുമേലി (15 KW) എന്നീ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായി.

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ?

വർക്ക് ഓർഡർ നൽകിയ രണ്ട് സ്കൂളുകളുടെ (82 KW) അടങ്കൽ തുക 38,90,900 രൂപയും പ്രാരംഭ സർവ്വേ പൂർത്തിയാക്കി തെരഞ്ഞെടുത്ത 5 സ്കൂളുകളുടെ (146 KW) അടങ്കൽ തുക 1,07,23,700 രൂപയുമാണ്. ഇതിൽ എസ്.എം.വി.എച്ച്.എസ്., പൂഞ്ഞാറിൽ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ചാത്തന്നൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി

233(4344) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി (സബ്സിഡി സ്കീം) പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ആയത് അനുവദി ച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി സബ്സിഡി സ്കീമിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആകെ 161 പേരുടെ അപേക്ഷ ലഭിച്ചു. അവയിൽനിന്നും മുൻഗണനാക്രമത്തിൽ 9 പേർക്ക് നിലയങ്ങൾ അനുവദിച്ചു (29.75 kwp). ശേഷിക്കുന്ന അപേക്ഷകർക്ക് പരിശോധനയ്ക്കുശേഷം

മുൻഗണനാക്രമത്തിൽ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതി (സബ്സിഡി സ്കീം) പ്രകാരം 25 മെഗാവാട്ട് അനെർട്ട് മുഖേന ചെയ്യുന്നതിന് 2021 ഒക്ടോബർ 11-ന് ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ രണ്ടുപേരിൽനിന്ന് അനെർട്ടിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. നിശ്ചയിച്ചിട്ടുള്ള കമ്പനികൾ മുഖേന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസുകളുടെ ശാസ്ത്രീയ പുനഃക്രമീകരണം**

234(4345) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്താക്കളുടെ എണ്ണം, ഭൂമിശാസ്ത്രപരമായ സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകളാരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിലുൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്കുവർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. വൈദ്യുതി ചാർജ്ജടയ്ക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും വൈദ്യുതി സംബന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെതന്നെ ലഭ്യമാക്കുന്നതിന് "സേവനം വാതിൽപ്പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതുമൂലം പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലമില്ലെന്നതാണ് ബോർഡിന്റെ നിലപാട്.

**ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ**

235(4346) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തിമിരി വില്ലേജിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 17-1-2020-ൽ 20.87 കോടി രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പയ്യന്നൂർ 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്കുപോകുന്ന ലൈനിൽനിന്നും 5.5 കിലോമീറ്റർ പുതിയ 110 കെ.വി. ലൈൻ വലിച്ച് 12.5 എം.വി.എ. ശേഷിയുള്ള രണ്ട് 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇത് 2024-25 കാലയളവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രാഥമിക പരിശോധനകളും അനുബന്ധ നടപടികളും നടന്നു വരികയാണ്.

**വണ്ടൂർ മണ്ഡലത്തിലെ കരുവാരകുണ്ട് സബ് സ്റ്റേഷൻ**

236(4347) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് സബ്സ്റ്റേഷന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 9.45 കോടി രൂപ ചെലവ് കണക്കാക്കി സെപ്റ്റംബർ 2021-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞു. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്. സബ്സ്റ്റേഷന്റെ പ്രവൃത്തി 2024-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സഹകരണ ബാങ്ക് വായ്പയും റവന്യൂ റിക്കവറിയും

237(4348) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത എത്ര പേർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത 9 പേർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 4 പേർക്കെതിരെയും ഇടുക്കി ജില്ലയിൽ 5 പേർക്കെതിരെയുമാണ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് വീടോ സ്ഥലമോ ജപ്തി ചെയ്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകളിൽനിന്ന് വായ്പ യെടുത്തിട്ടുള്ള 7 പേർക്കെതിരെ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെചേർക്കുന്നു.

1. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലുള്ള മല്ലപ്പള്ളി ഹൗസിംഗ് സഹകരണ സംഘത്തിൽനിന്നും 2,00,000 രൂപ വായ്പയെടുത്ത ശ്രീ. റ്റി. ജി. ഹരികുമാർ എന്നയാളുടെ വായ്പയിന്മേൽ 27-9-2021-ൽ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ഇടുക്കി ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 47,50,000 രൂപ വായ്പയെടുത്ത ശ്രീ. ഹരികുമാർ കെ. ആർ. എന്നയാളുടെ വായ്പയിന്മേൽ 20-9-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

3. ഇടുക്കി ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 42,00,000 രൂപ വായ്പയെടുത്ത ശ്രീ. സുരേഷ് എ. എസ്. എന്നയാളുടെ വായ്പയിന്മേൽ 28-9-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

4. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 47,50,000 രൂപ വായ്പയെടുത്ത ശ്രീ. മമ്മൂട്ടി എന്നയാളുടെ വായ്പയിന്മേൽ 12-4-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

5. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 30,00,000 രൂപ വായ്പയെടുത്ത ശ്രീ. ശ്രീരാജ് എന്നയാളുടെ വായ്പയിന്മേൽ 24-9-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

6. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 1,50,000 രൂപ വായ്പയെടുത്ത ശ്രീ. ജോസ് മാത്യു എന്നയാളുടെ വായ്പയിന്മേൽ 8-10-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

7. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽനിന്നും 30,00,000 രൂപ വായ്പയെടുത്ത ശ്രീമതി സാദിയ മുഹമ്മദ് റാമിസ് എന്നയാളുടെ വായ്പയിന്മേൽ 12-10-2021-ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ ബാങ്കിൽനിന്നുള്ള വായ്പ തിരിച്ചടവ് മുടങ്ങിയതിനെ ത്തുടർന്ന് കുടിശ്ശികക്കാരൻ ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സഹകരണ ബാങ്കിൽ വായ്പാ കുടിശ്ശികയുണ്ടായിരുന്ന നാലുപേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എന്നാൽ ടി ആത്മഹത്യകൾ സഹകരണ ബാങ്കിലെ വായ്പാ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്നാണെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ലഭിച്ചിട്ടില്ല.

## കേന്ദ്രസർക്കാരിന്റെ പുതിയ സഹകരണനയം

238(4349) ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിന്റെ പുതിയ സഹകരണനയം സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

കേന്ദ്രത്തിന്റെ പുതിയ സഹകരണ നയം/കേന്ദ്രസർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സംബന്ധിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

(ബി) കേന്ദ്ര നയത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രത്തെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) കേന്ദ്രസർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ ഒരു നയം രൂപീകരിക്കാനാകൂ.

## സഹകരണ നിയമത്തിലെ ഭേദഗതികൾ

239(4350) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലും സംഘങ്ങളിലും ക്രമക്കേടുകൾ ആവർത്തിക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി രണ്ട് തവണയിലധികം ഒരാൾക്ക് ഭരണസമിതി അംഗമാകാനാകില്ലെന്ന വ്യവസ്ഥയുൾപ്പെടുത്തി നിയമഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സഹകരണ നിയമത്തിൽ മറ്റെന്തെല്ലാം ഭേദഗതികൾ വരുത്തുന്നതിനാണുദ്ദേശിക്കുന്നത്?

(എ&ബി) സഹകരണരംഗത്തെ വെല്ലുവിളികൾ നേരിടുന്നതിനനുയോജ്യമായ വ്യവസ്ഥ കളുൾപ്പെടുത്തി സമഗ്രപരിഷ്കരണത്തിനാണ് സാക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി 1969-ലെ കേരള സഹകരണസംഘ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലുള്ള വ്യവസ്ഥകളുൾപ്പെടുത്തി സമഗ്ര നിയമപരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് ഒരു സമിതിയെയും നിയോഗിച്ചിരുന്നു.

## വിദ്യാതരംഗിണി പദ്ധതി

240(4351) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാതരംഗിണി പദ്ധതിയിലുൾപ്പെടുത്തി സഹകരണ സംഘങ്ങൾവഴി എത്രപേർക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

വിദ്യാതരംഗിണി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലകളിലെയും സഹകരണ സംഘങ്ങൾ ആകെ 86270 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കെയർ ഹോം പദ്ധതി

241(4352) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം 7 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കാസർഗോഡ് നിയോജകമണ്ഡലത്തിൽ 2, മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 1, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ 4 എന്നിങ്ങനെയാണ് വീടുകൾ നിർമ്മിച്ചുനൽകിയിട്ടുള്ളത്.

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് ഇതിനായി ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ സ്ഥാപനവും എത്ര രൂപവീതം നൽകിയെന്നും എത്ര വീടുകൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ?

(ബി&സി) കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി കാസർഗോഡ് ജില്ലയിലെ 137 സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി തുക അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും സംഭാവനയായി അനുവദിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

242(4353) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തി 10 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം, നിർമ്മാണ മേൽനോട്ടം വഹിച്ച സഹകരണ സ്ഥാപനത്തിന്റെ പേര് എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെയർ ഹോം പദ്ധതി 2 .0

243(4354) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി 2.0-യുടെ പുരോഗതി അറിയിക്കാമോ?

കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവുമില്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥ തയിലുള്ള സ്ഥലത്ത് 4 വീടുകൾ വീതമുള്ള 10 ബ്ലോക്കുകളിലായി 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന സമുച്ചയമാണ് നിർമ്മിക്കുന്നത്. ഭവനസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് നിർമ്മിതികേന്ദ്ര തൃശ്ശൂരിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നയരൂപീകരണം, പദ്ധതി നിർവ്വഹണത്തിന് മാർഗ്ഗ നിർദ്ദേശം നൽകുക, പദ്ധതി വിശകലനം ചെയ്യുക തുടങ്ങിയവയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി രക്ഷാധികാരിയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ രജിസ്ട്രാർ കൺവീനറുമായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ഗുണമേന്മ ഉറപ്പുവരുത്തി പൂർത്തീക രിക്കുന്നതിനും പദ്ധതി വിലയിരുത്തി സമയബന്ധിതമായി സംസ്ഥാനതല നിർവ്വഹ ണത്തിന്റെ പുരോഗതി സമിതിയെ അറിയിക്കുന്നതിനുമായി ജില്ലാതല നിർവ്വഹണ, മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല സമിതിയുടെ രക്ഷാധികാരി ഫ്ലാറ്റ് നിർമ്മിക്കുന്ന സ്ഥലത്തെ എം.എൽ.എ.-യും ചെയർമാൻ ജില്ലാ കളക്ടറും കൺവീനർ സഹകരണ ജോയിന്റ് രജിസ്ട്രാറുമാണ്. നിർമ്മാണത്തിന്റെ പൊതുമേൽനോട്ടം നടത്തി നിർമ്മാണസമയത്ത് പ്രാദേശികമായുണ്ടാകുന്ന വിഷയങ്ങൾ കൈകാര്യം ചെയ്ത് തീർപ്പാക്കുന്നതിനായി സ്ഥലം പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ ചെയർമാനും സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ കൺവീനറുമായി നിർമ്മാണ മേൽനോട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും ജില്ലാ കളക്ടർ തെരഞ്ഞെടുത്ത് നൽകുന്ന സ്ഥലങ്ങളിലാണ് ഫ്ലാറ്റ് നിർമ്മാണം

ഏറ്റെടുക്കുന്നത്. സ്ഥലത്തിന്റെ കിടപ്പ് പരിശോധിച്ച് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 ജില്ലകളിലും 14 എഞ്ചിനീയറിംഗ് കോളേജുകളെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ വിശദമായി പരിശോധിച്ച് നിർമ്മാണ ത്തിനാവശ്യമായ സാങ്കേതികാനുമതി നൽകുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് നിർദ്ദിഷ്ട പ്രവൃത്തികൾക്കായി ഓരോ ജില്ലയിലും സഹകരണ ജോയിന്റ് രജിസ്ട്രാർ ചെയർമാനും കൺവീനറുമായി ജില്ലാതല സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്.

**പൊതുനന്മ ഫണ്ട്**

244(4355) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് നീക്കിവയ്ക്കുന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് പൊതുനന്മ ഫണ്ടായി മാറ്റിവയ്ക്കുന്നതെന്ന് അറിയിക്കാമോ?

കേരള സഹകരണസംഘ നിയമം വകുപ്പ് 56(2) (ഡി)-ലെ വ്യവസ്ഥ പ്രകാരം അറ്റാദായത്തിന്റെ 10 ശതമാനത്തിലധികരിക്കാത്ത തുക പൊതുനന്മ ഫണ്ടായി മാറ്റിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങൾ പൊതുനന്മ ഫണ്ട് ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിന് സഹകരണ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; പ്രസ്തുത ഫണ്ട് ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് ചെയ്യാറുണ്ടോ; വിശദമാക്കാമോ?

കേരള സഹകരണസംഘ നിയമം വകുപ്പ് 56(2) (ഡി)-ലെ വ്യവസ്ഥ പ്രകാരം 1890-ലെ ധർമ്മാർത്ഥ ദാന സ്വത്ത് (Charitable Endowments Act) നിയമത്തിലെ (1890-ലെ 6-ാം കേന്ദ്രനിയമം) 2-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ധർമ്മപരമായ ഏതെങ്കിലും ആവശ്യത്തിലേയ്ക്കായി അറ്റാദായത്തിന്റെ പത്ത് ശതമാനത്തിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നതിന് സഹകരണ വകുപ്പിന്റെ അനുമതി ആവശ്യമില്ല. പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നത് സംഘത്തിൽ ഓഡിറ്റ് നടക്കുന്ന അവസരത്തിൽ ഓഡിറ്റ് ചെയ്യുന്നതുമാണ്.

(സി) സഹകരണ സംഘങ്ങളുടെ ഭരണസമിതി തീരുമാനമില്ലാതെ പൊതുനന്മ ഫണ്ട് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്നതിന് സാധിക്കുമോ; പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് സഹകരണ സംഘം പ്രസിഡന്റുമാർക്കോ ചെയർമാൻ മാർക്കോ സഹകരണ നിയമപ്രകാരം പ്രത്യേക അധികാരമുണ്ടോ?

സംഘത്തിലെ പൊതുനന്മ ഫണ്ട് വിനിയോഗിക്കുന്നതിന് സംഘം ഭരണ സമിതിയുടെ തീരുമാനം വേണ്ടതാണ്. സഹകരണസംഘം പ്രസിഡന്റുമാർക്കും ചെയർമാൻമാർക്കും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് സഹകരണ നിയമ പ്രകാരം പ്രത്യേക അധികാരമില്ല.

(ഡി) 2001 മുതൽ 2005 വരെ മലപ്പുറം ജില്ലയിലെ നിലമ്പൂർ സഹകരണ അർബൻ ബാങ്ക് പൊതുനന്മ ഫണ്ടിൽനിന്നും എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത ഫണ്ട് നൽകിയതെന്നുമുള്ള വിവരങ്ങളും അനുവദിച്ച ഇനം ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ഇ) സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കോ ഭരണസമിതി അംഗങ്ങളുൾപ്പെട്ട സ്ഥാപനങ്ങൾക്കോ സഹകരണ നിയമപ്രകാരം അനുവദിക്കാനാകുമോയെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ഫണ്ട് നൽകുന്നത് അധികാര ദുർവിനിയോഗത്തിലും സ്വജനപക്ഷ പാതത്തിലും ഉൾപ്പെടുന്നതല്ലേ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ട് സഹകരണ നിയമം വകുപ്പ് 56(2) (ഡി) വ്യവസ്ഥ പ്രകാരം ധർമ്മാർത്ഥ ദാന സ്വത്ത് നിയമത്തിലെ 2-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം ധർമ്മപരമായ ഏതെങ്കിലും ആവശ്യത്തി ലേയ്ക്കായി സംഘം ഭരണസമിതി തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. ധർമ്മപരമായ ആവശ്യത്തിലേയ്ക്കായി വിനിയോഗിക്കുന്നതുകൊണ്ട് അധികാര ദുർവിനിയോഗത്തിലും സ്വജനപക്ഷപാതത്തിലും ഉൾപ്പെടുന്നതല്ല.

**മണലൂർ മണ്ഡലത്തിലെ 'മുറ്റത്തെ മുല്ല' പദ്ധതി**

245(4356) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'മുറ്റത്തെ മുല്ല' പദ്ധതിപ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്കായി എത്ര രൂപയുടെ വായ്പ അനുവദിച്ചുവെന്നും എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമായെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുറ്റത്തെ മുല്ല പദ്ധതിപ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ 82 കുടുംബശ്രീ യൂണിറ്റുകളിലെ 8131 അംഗങ്ങൾക്കായി 37.53 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

**കുട്ടനാട്ടിൽ ടൂറിസം-വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ പദ്ധതികൾ**

246(4357) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ കുട്ടനാട്ടിൽ ടൂറിസം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മുതൽമുടക്കുന്നതിന് നടപടികളുണ്ടാകുമോ;

(ബി) ആർ ബ്ലോക്ക് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സഹകരണ കോളേജുകൾ, ടൂറിസം പദ്ധതികൾ, നാടൻ കലകളുടെ കേന്ദ്രം, കരകൗശല വസ്തുക്കളുടെ വിപണനം എന്നിവ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച് പുതിയ പദ്ധതികൾ സർക്കാർ പരിഗണനയിലില്ല.

**കെയർ ഹോം പദ്ധതി**

247(4358) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണം അറിയിക്കാമോ; എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും നിലവിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം 6 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി 6 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പെരുങ്കടവിള, പാറശ്ശാല, വെള്ളറട, അമ്പൂരി, കള്ളിക്കാട്, ആര്യൻകോട് പഞ്ചായത്തുകളിലായി ഓരോ വീട് വീതമാണ് നിർമ്മിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ കെയർ ഹോം പദ്ധതിയിലേയ്ക്ക് സംഭാവന നൽകിയിട്ടുണ്ടോ; എങ്കിൽ സംഭാവന നൽകിയ സ്ഥാപനങ്ങളുടെ വിശദാംശവും നൽകിയ തുകയും ലഭ്യമാക്കാമോ?

ഉണ്ട്. സംഭാവന നൽകിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ പേര്, സംഭാവന നൽകിയ തുക എന്നീ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏറനാട് മണ്ഡലത്തിൽ വിദ്യാതരംഗിണി വായ്പ

248(4359) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതരംഗിണി വായ്പ എല്ലാ സഹകരണ സംഘങ്ങൾവഴിയും നൽകുന്നുണ്ടോയെന്നും വായ്പയ്ക്ക് ജാമ്യവ്യവസ്ഥകളുണ്ടായിരുന്നുവോയെന്നും വിശദമാക്കുമോ?

വിദ്യാതരംഗിണി വായ്പകൾ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾവഴിയും ലഭ്യമാക്കിയിരുന്നു. ടി വായ്പ ആൾ ജാമ്യ വ്യവസ്ഥയിലാണ് അനുവദിച്ചുനൽകിയത്. അപേക്ഷകൻ സഹകരണ സംഘത്തിലെ എ ക്ലാസ്/സി ക്ലാസ് മെമ്പറായിരിക്കണം. വായ്പക്കുവേണ്ടിയുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും സംഘങ്ങൾ ഒന്നിച്ച് പരിഗണിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്നതിന് സൗകര്യം ചെയ്യുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്ക് നിർദ്ദേശം നിൽകിയിരുന്നു. ടി വായ്പാ പരമാവധി 24 മാസത്തെ തുല്യഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ടി വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസംമുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പയ്ക്ക് ബാധകമല്ല.

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽ വിദ്യാതരംഗിണി വായ്പയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് വായ്പ അനുവദിക്കാതിരുന്നുവെന്നും കാരണസഹിതം വ്യക്തമാക്കുമോ?

വിദ്യാതരംഗിണി വായ്പക്കായി ഏറനാട് നിയോജകമണ്ഡലത്തിൽ 925 അപേക്ഷകൾ ലഭ്യമായിരുന്നു. ആയതിൽ വായ്പയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ 223 അപേക്ഷകളിൽ വായ്പ അനുവദിക്കുകയുണ്ടായില്ല.

## മുറ്റത്തെ മുല്ല പദ്ധതി

249(4360) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുറ്റത്തെ മുല്ല പദ്ധതിവഴി ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകളിലെ എത്ര പേർക്ക് എത്ര തുക വിതരണം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

മുറ്റത്തെ മുല്ല പദ്ധതിവഴി ആലത്തൂർ നിയോജകമണ്ഡലത്തിൽ 119 കുടുംബശ്രീ യൂണിറ്റുകളിലെ 14,076 പേർക്കായി 46,83,15,842 രൂപ വിതരണം നടത്തി യിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

250(4361) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ എത്രയെന്നും അതിൽ പൂർത്തീകരിച്ചതും അല്ലാത്തതുമായ വീടുകളുടെ വിശദാംശങ്ങളും അറിയിക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം 13 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി 13 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം, നിർമ്മാണ മേൽനോട്ടം വഹിച്ച സഹകരണ സ്ഥാപനത്തിന്റെ പേര് എന്നീ വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ റിസ്ക് ഫണ്ട്**

251(4362) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട്, ക്ഷേമവികസന പദ്ധതികൾ എന്നിവ പ്രകാരം സാമ്പത്തികസഹായം ലഭിച്ചവരുടെ എണ്ണം, ആകെ അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തികസഹായം ലഭിച്ചവരുടെ പേരുവിവരങ്ങളും നൽകിയ തുകയും സഹകരണസംഘത്തിന്റെ പേരും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ അർഹതപ്പെട്ട 343 വായ്പക്കാർക്കായി 1,85,63,867 രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ വിവിധ ക്ഷേമവികസന പദ്ധതി പ്രകാരം 9 സഹകരണ സംഘങ്ങളിൽ നിന്നായി 21,959 പേർക്ക് 5,53,48,098.50 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 21,959 പേരുടെ പേരുവിവരങ്ങളും നൽകിയ തുകയും സംഘത്തിന്റെ പേരും പഞ്ചായത്ത് തിരിച്ച് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പ്രായോഗികമായി പ്രയാസമാണെന്ന കാര്യംകൂടി ഇതിനാൽ അറിയിക്കുന്നു. വിവിധ സംഘങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓച്ചന്തുരുത്ത് കളത്തിൽ വീട്ടിൽ ഷീല തോമസ് ഓച്ചന്തുരുത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നെടുത്ത ലോൺ റിസ്ക് ഫണ്ടിലുൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത ശ്രീമതി ഷീല തോമസിന്റെ വായ്പയിന്മേൽ റിസ്ക് ഫണ്ട് ആനുകൂല്യമായി മുതലിനത്തിൽ ബാക്കി നിൽപ്പുള്ള 28,994 രൂപ അനുവദിച്ചിട്ടുണ്ട്.

**പ്രവാസികൾക്കായി സഹകരണവകുപ്പിന്റെ പുനരധിവാസ പദ്ധതികൾ**

252(4363) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമപരിഷ്കരണങ്ങൾമൂലവും കോവിഡ് പശ്ചാത്തലത്തിലും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവാസികൾക്കായി സ്വീകരിക്കുന്ന പുനരധിവാസ പദ്ധതികൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമ പരിഷ്കരണങ്ങൾമൂലവും കോവിഡ് പശ്ചാത്തലത്തിലും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭക പദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കുമായി കേരളീയ പ്രവാസികാര്യ വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയായ 'നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി (പ്രവാസി ഭദ്രത)' പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾവഴി നടപ്പിലാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

253(4364) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

8 വീടുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം, ബാക്കിയുള്ള വീടുകളുടെ നിലവിലെസ്ഥിതി എന്നിവ വ്യക്തമാക്കാമോ?

8 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## കേരള ബാങ്ക് മുഖേനയുള്ള കാർഷിക വായ്പകൾ

254(4365) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന ഈ സാമ്പത്തികവർഷം നാളിതുവരെ എത്ര കോടി രൂപയുടെ കാർഷിക വായ്പ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്?

കേരള ബാങ്ക് മുഖേന 1-4-2021 മുതൽ 30-9-2021 വരെ 3233 കോടി രൂപ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ത്രിതല സംവിധാനം ഒഴിവാക്കി കേരള ബാങ്കിന്റെ ദ്വിതീയ സംവിധാനം നടപ്പാക്കിയതുവഴി വായ്പയുടെ പലിശ നിരക്കിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ത്രിതല സംവിധാനം ഒഴിവാക്കി കേരള ബാങ്കിന്റെ ദ്വിതല സംവിധാനം നടപ്പാക്കിയതുവഴി വായ്പയുടെ പലിശ നിരക്കിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 7% നിരക്കിൽ നൽകിവന്നിരുന്ന കാർഷിക വായ്പ കേരള ബാങ്കിന്റെ രൂപീകരണത്തോടെ 1% കുറച്ച് 6% നിരക്കിൽ കർഷകർക്ക് PACS മുഖേന നൽകിവരുന്നു. ഇതിൽ 3% പലിശ സബ്സിഡി ലഭിക്കുന്നു. നബാർഡ് റീഫിനാൻസ് സ്കീം അനുസരിച്ച് PACS as MSC സ്കീമിൽ സംഘങ്ങൾക്ക് 4% നിരക്കിൽ കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി

വായ്പ അനുവദിക്കുന്നു. ഇതിൽ 3% സബ്സിഡി ലഭിക്കുന്നതാണ്. ജില്ലാ ബാങ്കുകളുടെ ഇടനില മാർജിൻ ഒഴിവായതിനാൽ 3% പലിശ സബ്സിഡിയുടെ ആനുകൂല്യം നേരിട്ട് കർഷകർക്ക് ലഭിക്കുന്നു. കൂടാതെ സംഘങ്ങൾക്ക് പുനർവായ്പാ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിൽ വായ്പകൾ അനുവദിക്കുന്നു.

KCC-5.25 ശതമാനം, KCC Gold - 6.00 ശതമാനം, SLF-5.40 ശതമാനം, ദീർഘകാല വായ്പ-4.90 ശതമാനം, ബാങ്കിൽനിന്നും വിതരണം ചെയ്യുന്ന എം.എസ്.എം.ഇ. വായ്പകൾക്ക് 8.75 ശതമാനം മുതലുള്ള പലിശയാണ് ഈടാക്കി വരുന്നത്. കാർഷിക വായ്പകൾ വ്യക്തികൾക്ക് 8.50 ശതമാനം പലിശനിരക്കിൽ നൽകിവരുന്നു. കൂടാതെ കർഷകർക്ക് കാർഷിക വായ്പകൾ 7 ശതമാനം പലിശ നിരക്കിൽ 3 ശതമാനം പലിശ സബ്സിഡിയോടുകൂടി നൽകുന്നു. മറ്റ് വ്യക്തിഗത വായ്പകൾ 11 ശതമാനം നിരക്കിലും നൽകിവരുന്നു.

(സി) കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പുതിയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ എ.ഐ.എഫ്. പദ്ധതി പ്രാദേശിക കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംരംഭങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് പലിശ നിരക്ക് 1 ശതമാനമാണ്. പ്രാഥമിക സഹകരണ സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്പെഷ്യൽ റീഫിനാൻസ് ഫെസിലിറ്റി (എസ്.ആർ.എഫ്.) നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അടിസ്ഥാനസൗകര്യ വികസനത്തിനായി കാർഷികേതര വായ്പയായി എല്ലാ സഹകരണ സംഘങ്ങൾക്കും " സമഗ്ര" എന്ന സ്കീമിലുൾപ്പെടുത്തി പുതിയ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം**

255(4366) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കുമോ?

കേരള ബാങ്ക് രൂപീകരണത്തിനുശേഷം ആദ്യത്തെ പൂർണ്ണ സാമ്പത്തിക വർഷം (2020-21) അവസാനിച്ചപ്പോൾ നിക്ഷേപത്തിൽ 9.33 ശതമാനം വർദ്ധനവ് നേടി. 61,037.59 കോടി രൂപയിൽനിന്നും 66,731.61 കോടി

രൂപയായാണ് നിക്ഷേപം വർദ്ധിച്ചത്. 2021 മാർച്ച് 31-ന് 1,06,397 കോടി രൂപയുടെ ആകെ ബിസിനസ്സാണുള്ളത്. ഈ വർഷത്തെ അറ്റദായം 61.99 കോടി രൂപയാണ്. ലയന സമയത്ത് 24.34 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 14.47 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു. 5,738 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം അവസാനിക്കുമ്പോഴുള്ള നിഷ്ക്രിയ ആസ്തി. 2019-20 സാമ്പത്തികവർഷം 4315 കോടി രൂപയായിരുന്ന പുനർവായ്പ സഹായം 2020-21 സാമ്പത്തികവർഷത്തിൽ 6058 കോടി രൂപയായി ഉയർന്നു. 40.39 ശതമാനത്തിന്റെ വർദ്ധനയാണ് ഈ ഇനത്തിൽ മാത്രമുണ്ടായത്. ലയന സമയത്ത് 1151 കോടി രൂപയുടെ സഞ്ചിതനഷ്ടമുണ്ടായിരുന്നു. ഇത് 714 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. ബാങ്കിന്റെ സാമ്പത്തിക സുസ്ഥിരതയുടെ പ്രധാന സൂചകമായ മൂലധന സ്വയംപര്യാപ്തത ലയനസമയത്ത് 6.26 ശതമാനമായിരുന്നു. ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേരള ബാങ്ക് രൂപീകരണത്തിനുശേഷം മുൻഗണനാ മേഖലകളായ കൃഷി, സർവ്വീസ്, കച്ചവടം, ഗ്രാമീണ മേഖലയിലെ ചെറുകിട സംരംഭങ്ങൾ, മൈക്രോ ഫിനാൻസ്, ഗ്രാമീണ ഭവനനിർമ്മാണം തുടങ്ങിയവയിൽ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ മേഖലകളിലെ ചെറുകിട വായ്പകൾക്കാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം സഹകരണ സംഘങ്ങൾവഴിയും നേരിട്ടും ആകെ 18,200 കോടി രൂപയാണ് വായ്പയായി വിതരണം ചെയ്തത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലയിലുള്ള മൈക്രോ സംരംഭങ്ങൾക്കായി എം.എസ്.എം.ഇ. വായ്പകൾ വ്യക്തിഗതമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾവഴികൂടി വിതരണം ചെയ്യുന്നതാണ്. സ്കൂൾ കുട്ടികൾക്കായി രക്ഷിതാക്കൾക്കുകൂടി പ്രയോജനപ്രദമായ സേവിംഗ്സ് അക്കൗണ്ട് കെ.ബി. വിദ്യാനിധി എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സഹകരണമേഖല കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടാതെ റിസർവ് ബാങ്ക് അനുശാസിക്കുന്നതുപോലുള്ള ഒരു സ്ഥിരസംവിധാനമായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്. ലയനത്തിന് വെല്ലുവിളിയായിരുന്ന ഐ.ടി. ഇന്റഗ്രേഷനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു.

(ബി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വിഭിന്നമായി കേരള ബാങ്കിനുണ്ടായിട്ടുള്ള പ്രധാനനേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

കേരള സംസ്ഥാന സഹകരണബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവുണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം

ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61037.59 കോടി രൂപയായിരുന്ന നിക്ഷേപം 2020-21-ൽ 66731.61 കോടി രൂപയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 13.51% CASA നിക്ഷേപമാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ. വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2020-21 വർഷത്തെ ആകെ വായ്പാ ബാക്കിനിൽപ്പ് 39665.03 കോടി രൂപയാണ്. ഈ കോവിഡ് കാലത്ത് പ്രവാസികൾക്കും കർഷകർക്കും സാധാരണക്കാർക്കും ഒട്ടേറെ വായ്പാ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് സഹായഹസ്തമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ മുഖേന 1806.59 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തിൽ എസ്.എൽ.എഫ്. വായ്പയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. സ്വയംസഹായ സംഘങ്ങൾക്കും (SHG) കൂട്ടുബാദ്ധ്യത സംഘങ്ങൾക്കും (JLG) വേണ്ടി മൈക്രോ ഫിനാൻസ് സ്കീമിൽ മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിയിലൂടെ 121.10 കോടി രൂപ നൽകുകയുണ്ടായി. പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 4% പലിശ നിരക്കിൽ 11.70 കോടി രൂപ സ്വർണ്ണപ്പണയ വായ്പയായി നൽകിയിട്ടുണ്ട്. കൂടാതെ പ്രവാസി കിരൺ പദ്ധതിയിൽ 2.07 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും വിദഗ്ദ്ധ തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും കരാർ സേവനദാതാക്കൾക്കും ടൂറിസം മേഖലയിലെ സംരംഭകർക്കും ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾക്കും ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ ഓപ്പറേറ്റർ/ഉടമകൾക്കും ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ എം.എസ്.എം.ഇ. വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കിവരുന്നു. നിലവിൽ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ RTGS/NEFT, Mobile Banking, IMPs, ATM, Micro ATM, NACH മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിൽവരുത്തി കൂടുതൽ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഏകീകരിച്ചും Omni Channel പദ്ധതിയിലൂടെ ആധുനിക ഡിജിറ്റൽ സേവനങ്ങൾ 2022 ഏപ്രിൽ മുതൽ പൊതുജനങ്ങൾക്കും ഇടപാടുകാർക്കും നൽകാൻ കഴിയുന്നവിധം പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുന്നു.

(സി) കേരള ബാങ്കിൽ ലയിക്കാത്ത എത്ര ജില്ലാ സഹകരണ ബാങ്കുകളുണ്ട്; ഇവയുടെ ലയനം സാധ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരള ബാങ്കിൽ ലയിക്കാത്തതായി മലപ്പുറം ജില്ലാ സഹകരണ ബാങ്കുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനായി സഹകരണ നിയമത്തിൽ 2019-ൽ വരുത്തിയ ഭേദഗതിക്കെതിരെ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന പെറ്റീഷനുകൾ ബഹുമാനപ്പെട്ട കോടതി തള്ളുകയും ലയന നടപടികളുമായി മുന്നോട്ടുപോകുവാൻ സർക്കാരിന് അനുമതി നൽകുകയും ചെയ്തിരുന്നു. ആയതിനെതിരെ ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്യപ്പെട്ട റിട്ട് അപ്പീലുകളിൽ പരാതിക്കാരെ സംബന്ധിച്ച് status quo നിലനിർത്താനും കോടതി ഉത്തരവായിട്ടുണ്ട്.

(ഡി) കേരള ബാങ്കിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

വ്യക്തമാക്കാം. ജീവനക്കാരുടെ എണ്ണം, തസ്തിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഇ) ഒഴിവുള്ള തസ്തികയിലെ നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കേരള ബാങ്കിന്റെ പുതിയ റിക്രൂട്ട്മെന്റ് റൂൾ നിലവിൽ വന്നത് 4-8-2021-ലാണ്. റിക്രൂട്ട്മെന്റ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ നൽകിവരുന്ന മുറയ്ക്കുമാത്രമേ ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ടെന്ന് തിട്ടപ്പെടുത്താനാകുകയുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ബാങ്ക് സ്വീകരിച്ചുവരുന്നു.

### സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് വകമാറ്റൽ

256(4367) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലല്ലാതെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേയ്ക്ക് ഫണ്ട് വകമാറ്റുന്നതിന് ഭരണസമിതിയുടെയും സർക്കാരിന്റെയും അനുവാദം വാങ്ങിയി രുന്നോ; എങ്കിൽ അനുവാദം നൽകിയ തീയതിയും ഫണ്ട് മാറ്റിയ തീയതിയും അറിയിക്കാമോ?

നിക്ഷേപ സമാഹരണ കാലയളവ് 31-3-2019 വരെയായിരുന്നു. തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്ക് നിക്ഷേപം ആവശ്യപ്പെട്ടുകൊണ്ട് 19-3-2019-ൽ അപേക്ഷ പെൻഷൻ ബോർഡിന് സമർപ്പിച്ചു. അപേക്ഷയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപ 9% പലിശ നിരക്കിൽ 23 മാസത്തേയ്ക്ക് പെൻഷൻ ബോർഡ് തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായി. ആയത് പിന്നീട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) പെൻഷൻ ചട്ടത്തിന് വിരുദ്ധമായി ഫണ്ട് വകമാറ്റിയതിന് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നടപടി വിശദമാക്കാമോ?

പെൻഷൻ സ്കീമിന്റെ 32 (ഡി) പ്രകാരം സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വിധത്തിലും ഫണ്ട് നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപ സമാഹരണ കാലയളവിൽ നടത്തിയ നിക്ഷേപത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ**

257(4368) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിൽ അപാകത സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) അപാകത സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## സഹകരണ ബാങ്കുകളിലെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ

258(4369) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് അംഗങ്ങൾ, നിയമസഭാംഗങ്ങൾ, തദ്ദേശസ്വയംഭരണ പ്രതിനിധികൾ, ബാങ്ക് ഭരണസമിതി പ്രതിനിധികൾ, ബാങ്ക് ജീവനക്കാർ തുടങ്ങിയവർ പങ്കെടുക്കുന്ന സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രോട്ടോക്കോൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലെങ്കിൽ ആയത് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രോട്ടോക്കോൾ പ്രാബല്യത്തിൽ കൊണ്ടുവരാത്തതിന് കാരണം വ്യക്തമാക്കുമോ?

(എ&ബി) സഹകരണ ബാങ്കുകളുടെ ഔദ്യോഗിക പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുകൾ/സർക്കുലർ ഒന്നുംതന്നെ നിലവിലില്ല. പ്രോട്ടോക്കോൾ സംബന്ധിച്ച് 11-6-2012-ലെ സ.ഉ.(കൈ) നമ്പർ 41/2012/പൊ.ഭ.വ. ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സംഘടിപ്പിക്കുന്ന പരിപാടികളിലാണ് പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 1969-ലെ കേരള സഹകരണ സംഘ നിയമം വകുപ്പ് 2 ക്ലോസ് 2(f) പ്രകാരം സഹകരണസംഘങ്ങൾ, പൊതുമേഖലാ സ്ഥാപനത്തിന്റെ പരിധിയിൽ വരാത്തതിനാൽ മേൽഉത്തരവ് നിലവിൽ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല. എന്നാൽ സർക്കാരിന് നിയന്ത്രണാധികാരവും പരിശോധനാധി കാരവുമുള്ള സ്ഥാപനങ്ങളായ സഹകരണ സ്ഥാപനങ്ങളെക്കൂടി മേൽഉത്തരവിൽ ഉൾപ്പെടുത്തണമെന്ന നിയമസഭ സെക്രട്ടറിയുടെ 9-8-2018-ലെ 4683/ടേബിൾ-2/2017/നി.സെ. കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ സജീവമായി പരിഗണിച്ചുവരികയുമാണ്.

## മലപ്പുറം ജില്ലാ സഹകരണ ബാങ്ക്

259(4370) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ഷെയർ ക്യാപിറ്റൽ നിക്ഷേപമായ 23.46 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ഷെയർ ക്യാപിറ്റൽ നിക്ഷേപമായ 23.46 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനമായി പരിഗണി ച്ചിട്ടുണ്ട്.

(ബി) കേരളാ ബാങ്ക് രൂപീകരണശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു വരെയുള്ള റിപ്പോർട്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്?

കേരള ബാങ്ക് രൂപീകരണശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ 31-3-2021 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സഞ്ചിത നഷ്ടം, നെറ്റ് പ്രോഫിറ്റ് എന്നിവ വിശദമാക്കാമോ?

| | | |
|---|---|---|
| സഞ്ചിത നഷ്ടം | - | 714.27 കോടി രൂപ |
| നെറ്റ് പ്രോഫിറ്റ് | - | 61.99 കോടി രൂപ |

(ഡി) കേരളബാങ്ക് രൂപീകരിച്ചശേഷം അംഗ സംഘങ്ങൾക്ക് ഡിവിഡന്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം നൽകിയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാത്തതെന്നും വിശദമാക്കാമോ?

കേരളബാങ്ക് രൂപീകരിച്ചശേഷം അംഗ സംഘങ്ങൾക്ക് ഡിവിഡന്റ് നൽകി യിട്ടില്ല. സഞ്ചിതനഷ്ടം നിലനിൽക്കുന്നതിനാലാണ് ഡിവിഡന്റ് നൽകാ നാകാത്തത്.

**തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

260(4371) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ചെക്ക് ഇടപാടുകളുൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ?

പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ചെക്ക് ഇടപാടുകളുൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തത്തമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 502-ൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ ബാങ്കിൽനിന്നും വായ്പ നൽകിയ ഇനത്തിലും വകുപ്പുതല അനുമതിയില്ലാതെ കെട്ടിടനിർമ്മാണം നടത്തിയതിലും നെല്ല് സംഭരണം, ചെക്ക് ഡിസ്കൗണ്ടിംഗിലെ തെറ്റായ നടപടിക്രമങ്ങൾ എന്നിവയിലും മറ്റ് സാമ്പത്തികേതര ഇടപാടുകളിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ടവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ക്രിമിനൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

**കരുവന്നൂർ ബാങ്കിലെ ക്രമക്കേടിൽ സ്വീകരിച്ച നടപടികൾ**

261(4372) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2016-21 കാലയളവിലെ ഏതെല്ലാം വർഷത്തെ ആഡിറ്റാണ് സഹകരണ വകുപ്പ് ഓഡിറ്റർമാർ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ; ഏതെല്ലാം വർഷങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചുവെന്ന് തീയതി സഹിതം വെളിപ്പെടുത്തുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2019-20 സാമ്പത്തികവർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2018-19 വർഷത്തെ ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ട് 20-8-2019-ലും 2019-20 വർഷത്തെ ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ട് 3-3-2021-ലും ലഭിച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

2018-19, 2019-20 എന്നീ വർഷങ്ങളിലെ ആഡിറ്റിൽ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(സി) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ അറിയിക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് 31-8-2019-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും 19-10-2020-ൽ അന്വേഷണ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അലംഭാവമുണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(ഇ) റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ബാങ്കിൽ നടന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിലും അന്വേഷണ റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിലും വീഴ്ചവരുത്തിയതായി പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(എഫ്) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പാ ക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതികളും അതിന്മേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പാ ക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവായിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ഭരണസമിതി അംഗങ്ങളായ 12 പേരും ബാങ്കിലെ ജീവനക്കാരായ 4 പേരും ബാങ്കിലെ ഒരംഗവും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 22-7-2021-ന് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിനായി 6-7-2021-ൽ ഉത്തരവായിട്ടുണ്ട്. 24-7-2021-ലെ സ.ഉ. (സാധാ) നം. 451/2021/സഹ. നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിമതി കണ്ടെത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും

സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ച സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 10-9-2021-ലെ സ.ഉ.(സാധാ) നം.549/2021/സഹ. നമ്പർ ഉത്തരവുപ്രകാരം മൂന്നംഗ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ജി) പ്രസ്തുത ബാങ്കിൽനിന്ന് ക്രമക്കേട് നടത്തിയ തുക സമയബന്ധിതമായി വീണ്ടെടുക്കുന്നതിന് ഒരു സ്പെഷ്യൽ റിക്കവറി ഓഫീസറെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പ്രസ്തുത ബാങ്കിൽനിന്ന് ക്രമക്കേട് നടത്തിയ തുക സമയബന്ധിതമായി വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

## മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപം

262(4373) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ കണ്ണൂർ ജില്ലയിലെ ഒരു പൊതുപ്രവർത്തകന് കോടികളുടെ നിക്ഷപമുണ്ടെന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വ്യക്തി മരണപ്പെട്ട സാഹചര്യത്തിൽ നിക്ഷേപത്തിന് അനന്തരാവകാശികളെ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിക്ഷേപകന്റെ കുടുംബത്തിന് പണം തിരികെ ലഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

## കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം

263 (4374) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ?

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കോതമംഗലം നിയോജകമണ്ഡലത്തിൽനിന്നും ആകെ 693 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കാമോ?

പ്രസ്തുത അപേക്ഷകളിൽ അർഹതപ്പെട്ട 419 വായ്പക്കാർക്ക് 3,31,39,587 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) ഇതുവരെയും ആനുകൂല്യം അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. അർഹമായ എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതാണ്.

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. അർഹമായ എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതാണ്.

**തൃശ്ശൂർ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിലെ അന്വേഷണം**

264(4375) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിന്റെ പെരിങ്ങോട്ടുകര ബ്രാഞ്ചിൽനിന്നും പണയ സ്വർണ്ണം കളവുപോയത് സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പൂർത്തീകരിച്ചിട്ടില്ല.

(ബി) അന്വേഷണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അന്വേഷണം നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കളവുകളും അന്വേഷിക്കുന്നതിന് സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കേസ് തൃശ്ശൂർ റൂറൽ ജില്ല അന്തിക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 233/12 u/s 409, 34 IPC ആയി രജിസ്റ്റർ ചെയ്ത് അന്തിക്കാട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. (സ്റ്റേഷൻ ഹൗസ് ഓഫീസർ) അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 13646/17 ആയി സമർപ്പിച്ച റിട്ട് ഹർജിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുക്കുകയും തൃശ്ശൂർ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 15-10-2018 തീയതി മുതൽ തുടരന്വേഷണം നടത്തിവരികയുമാണ്. സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിയും കളവുകളും അന്വേഷിക്കുന്നതിന് സ്വകാര്യ കുറ്റാന്വേഷണ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ ബാങ്കിലെ പണയ സ്വർണ്ണം കളവുപോയ സംഭവത്തിൽ സ്വകാര്യ കുറ്റാന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിയ സാഹചര്യം വ്യക്തമാക്കുമോ; പോലീസിൽ പരാതി നൽകാതെ സ്വകാര്യ അന്വേഷണ ഏജൻസിയെ നിയോഗിച്ച ബാങ്ക് ഭരണ സമിതിക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

താന്ന്യം പഞ്ചായത്ത് സഹകരണ ബാങ്കിന്റെ പെരിങ്ങോട്ടുകര ബ്രാഞ്ചിൽ നിന്നും സ്വർണ്ണം കളവുപോയ സംഭവത്തിൽ 2010-11 കാലത്തുള്ള ഭരണ സമിതിയാണ് സ്വകാര്യ കുറ്റാന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തിയത്. ആയത് നിയമാനുസൃതമല്ലെന്ന് തൃശ്ശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽനിന്നും അറിയിച്ചതിനെത്തുടർന്ന് 30-5-2011-ന് അന്തിക്കാട് പോലീസിൽ പ്രസ്തുത സംഘം കേസ് നൽകിയിട്ടുണ്ട്. പോലീസിൽ സംഘം പരാതി നൽകിയ സാഹചര്യത്തിൽ സംഘം ഭരണസമിതിക്കെതിരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

### 'മുറ്റത്തെ മുല്ല' പദ്ധതി

265(4376) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല പദ്ധതിവഴി ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. പരവൂർ റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1649
2. ചാത്തന്നൂർ റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 153

3. ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 260

4. പൂതക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2944

5. കലയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1194

6. നെടുങ്ങോലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2845

7. ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2544

8. ചിറക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1894

9. ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1878

10. നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 1874

11. പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 3964

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശംങ്ങൾ നൽകുമോ?

മുറ്റത്തെ മുല്ല വായ്പ പദ്ധതിയുടെ പ്രയോജനം കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിലേയ്ക്കായി ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രചരണ പദ്ധതികൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിനും കൂടുതൽ സംഘങ്ങളെ ടി വായ്പാ പദ്ധതിയിലുൾപ്പെടുത്തി പ്രോഗ്രസ് ഉറപ്പുവരുത്തുന്നതിന് നടപടി കൈക്കൊള്ളുന്നതിനും എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട്**

266(4377) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് ഉപയോഗിച്ച് ഗ്രാമീണ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കാൻ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്ന് ലൈഫ് പദ്ധതിക്കായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സഹകരണ സംഘങ്ങളുടെ മിച്ചഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

267(4378) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ?

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനവുമായി ബന്ധപ്പെട്ട് ഔദ്യോഗിക വെബ്സൈറ്റിലെ കണക്ക് പ്രകാരം 24 മൾട്ടി സ്റ്റേറ്റ് സഹകരണ സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നത്. ആയവ ചുവടെചേർക്കുന്നു.

1. The Knanaya Multi state Co-operative Credit Society Limited, Cathedral Parish Building, Opposite BCM College, K.K. Road, Kottayam, Kerala.
2. Sanghamam Multi State Co-operative Credit Society Limited, I.S.T. Building, 42/8544, Stadium View, Kozhikode, Kerala.
3. ESAF Swasraya Multi State Co-operative Credit Society Limited, First Floor, JSR Square, Kalathode, Thrissur, Kerala - 680655.
4. The Central Financial Credit and Investment Co-operative (India) Limited, Building No.444/8, Ward No. XVII, Maryars Complex, Kurisupally Junction, Kottayam District, Kerala.
5. Southern Multi State Co-operative Credit Society Limited, Sree Rengon Building, Chettoor Road, Cochin.
6. Malankara Multi-State Co-operative Credit Society Limited, Malankara Centre, Cochin, Ernakulam Dist., Kerala.
7. Sahyadri Co-operative Credit Society Limited, Amaljyoti Building, Kajirappally, Kottayam.
8. The Malabar Multi State Agro Co-operative Society Limited, 1st Floor, Aiswarya Complex, Thevakkara, Kannur, Kerala.- 670002.

9. Agri-Tourism Co-operative Society Limited, Erra 6, Nanatt, Elavunkal Road, Pipeline, Palarivattom, Kochi, Kerala – 682025.

10. Multi State Agri-Horticultural Development Co-operative Society Limited, Poonjar South P.O., Kottayam District, Kerala – 685582.

11. Southern Green Farming and Marketing Multi-State Co-operative Society Limited, Achu Karuvissery P.O., Near Karaparamb Junction, Kozhikode, Kerala.

12. Bharath Handloom & Handicraft Multistate Co-operative Society Limited, Chithira, Vandanoor, Perumpazhuthoor, P.O., Neyyattinkara, Thiruvananathapuram, Kerala – 695126.

13. Multistate Agricultural Producer's Processing & Marketing Co-operative Society India Limited, Pala P.O. Kottayam, Kerala – 686575.

14. Agricultural Produces & Spices Marketing Multi State Co-Operative Society Limited, Plot No. 11, 7/508-A, Mavelipuram Housing Colony, Kakkanadu, Cochin, Kerala.

15. The Cardamom Planters Marketing Co-operative Society Limited, Spice House, P.O., Thekkady, Idukki district, Kerala.

16. Garments Manufacturing and Marketing Co-operative Limited, TC 25/2894, MRRA B-18/ Vanchiyoor, Thiruvananthapuram.

17. Kerala State Horticultural and Agricultural Producer's Processing and Marketing Co-operative Society Limited, Panamaram, Wayanad District, Kerala.

18. Bharati Agro Processing and Marketing Co-operative Limited, Sahyadri, Illipparampil Lane, Ashoka Road, Ernakulam.

19. Farmers Agro Products Marketing Co-operative Society Limited, Municipal Building, Opposite Old Private Bus Stand, Thodupuzha, Idukki District, Kerala.

20. Carmel Alumni Multistate Co-operative Society, 30/1201, G-1, Second Floor, Safdar Hashmi Lane, Vyttila Junction, Kochi, Kerala – 682019.

21. Indian Co-operative Credit Society Limited (ICCS), No. 8/1, Sunderamurthy Road, Cox Town, Bangalore - 560005. New Address: First Floor, Sy No 90, Hosakerehalli Banashankari III Stage, Bangalore, Karnataka – 560005.

22. National Yuva Co-operative Society Limited, B-12, Gopal Nagar, Azadpur, Delhi - 110033 National Yuva Co-operative Society Limited (NYCS), 209, 2nd Floor, Vardhaman Janak Market, Janakpuri, New Delhi – 110058.

23. Bharath Lajhna Multi State Housing Co-operative Society Limited, 48/1, Salma's Royal Residency, Muthu Kumarappa Street, T-6, Arcot Road, Saligram, Chennai, Tamil nadu.

24. Viswadeephi Multi State Agri Co-operative Society Limited, C/O Sai Trading Company, No. 5/240, Vigneswara Complex, Covai Main Road, Kariyapalayam, Annur, Tamil Nadu - 641653.

**സ്വകാര്യ ബസ് വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ**

268(4379) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് അറിയിക്കാമോ?

(ബി) അടിക്കടിയുണ്ടാകുന്ന ഇന്ധന വിലവർദ്ധനവും സ്പെയർ പാർട്സുകളുടെ വിലവർദ്ധനവും കാരണം സ്വകാര്യ ബസ് വ്യവസായ രംഗത്തുനിന്ന് സഹകരണ സംഘങ്ങൾ പിന്മാറുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംഘങ്ങളെ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് സ്വകാര്യ ബസ് സർവ്വീസ് നടത്തുന്ന സഹകരണ സംഘങ്ങൾ കോവിഡ് മഹാമാരിമൂലവും അടിക്കടിയുണ്ടാകുന്ന ഇന്ധനവില വർദ്ധനവും സ്പെയർ പാർട്സുകളുടെ വിലവർദ്ധനവും കാരണം പ്രതിസന്ധി നേരിടുന്നുണ്ട്. സംഘങ്ങളെ നിലനിർത്തുന്നതിന്റെ ഭാഗമായി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്ക് ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർജിൻ മണിയായി അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ മൂന്നിരട്ടി പരമാവധി 20 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധന സഹായമായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിക്കുന്നു. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളുൾപ്പെടെയുള്ള പലവക സഹകരണ സംഘങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ ഓഹരി മൂലധനമായി പരമാവധി 3 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപയും വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ

269(4380) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വായ്പാസഹകരണ സംഘങ്ങൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടായ ഇ.എം.എസ്. ഭവനവായ്പാ പദ്ധതിക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി വായ്പകൾ നൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് ഇടപാടുകാരാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

വിഷയം തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്.

## ഡിസ്ട്രിബ്യൂഷൻ കണക്ഷൻ നെറ്റ്‌വർക്ക് സംവിധാനം

270(4381) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ പ്രസ്ഥാനങ്ങളെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ കണക്ഷൻ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സഹകരണ പ്രസ്ഥാനങ്ങളെ കുടുംബശ്രീയുമായി സഹകരിപ്പിച്ച് ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് സംവിധാനം സഹകരണ വകുപ്പിൽ ഏർപ്പെടുത്തിയിട്ടില്ല.

## പാലക്കാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ

271(4382) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനപരിധി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പാലക്കാട് ജില്ലയിൽ നാല് യുവജന സഹകരണ സംഘങ്ങളാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. അവ ചുവടെചേർക്കുന്നു.

1. ചിറ്റൂർ ബ്ലോക്ക് യുവസഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1465

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ വടകരപ്പതി, ഏരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, പട്ടഞ്ചേരി, പെരുമാട്ടി, വടവന്നൂർ എന്നീ പഞ്ചായത്തുകളും ചിറ്റൂർ, തത്തമംഗലം നഗരസഭയും ഉൾപ്പെട്ടതാണ് ടി സംഘത്തിന്റെ പ്രവർത്തനപരിധി.

2. ആലത്തൂർ താലൂക്ക് യുവകർഷക ഉത്പാദക വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1466

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്ക് മുഴുവനുമാണ് ടി സംഘത്തിന്റെ പ്രവർത്തന പരിധി.

3. ആലത്തൂർ യുവ സ്കിൽഡ് ആൻഡ് അൺ സ്കിൽഡ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി. 1467

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ ആലത്തൂർ, കാവശ്ശേരി, തരൂർ, എരിമയൂർ, മേലാർക്കാട് എന്നീ പഞ്ചായത്തുകളുൾപ്പെട്ട പ്രദേശങ്ങളാണ് ടി സംഘത്തിന്റെ പ്രവർത്തനപരിധി.

4. നെന്മാറ ബ്ലോക്ക് യുവസഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1468

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ പല്ലശന, എലവഞ്ചേരി, നെന്മാറ, നെല്ലിയാമ്പതി, അയിലൂർ എന്നീ പഞ്ചായത്തുകളും നെന്മാറ ബ്ലോക്കിലെ മേലാർക്കാട്, വണ്ടാഴി എന്നീ പഞ്ചായത്തുകൾ ഒഴികെയുള്ള പ്രദേശങ്ങളുമാണ് ടി സംഘത്തിന്റെ പ്രവർത്തനപരിധി.

## പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിലെ ചിട്ടി തട്ടിപ്പ്

272 (4383) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയിൽ നടന്ന ചിട്ടി തട്ടിപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കാമോ?

അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 28-9-2021-ലെ ഇടക്കാല റിപ്പോർട്ടിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഹകരണ വകുപ്പിന്റെ അനുമതിയോ സമ്മതമോ കൂടാതെ ധനതരംഗ് എന്നപേരിൽ ചൂതാട്ടത്തിന്റെ സ്വഭാവത്തിലുള്ള നിക്ഷേപ പദ്ധതി ആരംഭിക്കുകയും ഇങ്ങനെ നിക്ഷേപിച്ച തുക വകമാറ്റി ചെലവഴിച്ചതിനാൽ നിക്ഷേപ തുക തിരിച്ചുനൽകാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇടക്കാല റിപ്പോർട്ടിൽ 1,95,47,195 രൂപ നിക്ഷേപകർക്ക് തിരിച്ചു കൊടുക്കാനുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി നിക്ഷേപ തുകതിരിച്ചു കൊടുക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം 2015-20 വർഷ കാലഘട്ടങ്ങളിലെ ഭരണ സമിതിക്കും സെക്രട്ടറിക്കുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രമക്കേടിന് ഉത്തരവാദികളായ സംഘം സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പേരിലുള്ള സ്ഥാവരജംഗമ വസ്തുക്കൾ കൈമാറാൻ സാധ്യതയുള്ളതിനാൽ കൈമാറ്റം ചെയ്ത് നൽകരുതെന്നുകാണിച്ച് 12-10-2021-ൽ രജിസ്ട്രേഷൻ വകുപ്പിലെ ജില്ലാ രജിസ്ട്രാർക്ക് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കത്ത് നൽകിയിട്ടുണ്ട്.

(ബി) പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിക്ക് ചിട്ടി നടത്താൻ സഹകരണ വകുപ്പ് അംഗീകാരം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

അംഗീകാരം നൽകിയിട്ടില്ല.

(സി) പ്രസ്തുത സൊസൈറ്റിയിലെ ചിട്ടിയിൽ നിക്ഷേപിക്കപ്പെട്ട തുക വകമാറ്റി ചെലവഴിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത സൊസൈറ്റിയിൽ നടന്ന ചിട്ടി തട്ടിപ്പിലുൾപ്പെട്ടവരുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാൻ അനുവദിക്കരുതെന്നാവശ്യപ്പെട്ട് ജോയിന്റ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ എന്നിവർക്ക് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത സൊസൈറ്റിയിൽ നടന്ന ക്രമക്കേടിലുൾപ്പെട്ടവരുടെ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യാൻ അനുവദിക്കരുതെന്നാവശ്യപ്പെട്ട് ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ൽനിന്നും കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് 30-9-2021-ന് കത്ത് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിൽ ആരോപണ വിധേയനായ സംഘം സെക്രട്ടറി ശ്രീ. ഹരിദാസ് പി. വി.-യുടെ കൈവശത്തിലുള്ള പേരാവൂർ മണത്തണ അംശം പേരാവൂർ ദേശത്തുള്ള വസ്തു കൈമാറ്റം അന്വേഷണ നടപടികൾ പൂർത്തിയാകുന്നതുവരെ കൈമാറ്റം നടത്തി രജിസ്റ്റർ ചെയ്ത് നൽകരുതെന്നുകാണിച്ച് 12-10-2021-ൽ രജിസ്ട്രേഷൻ വകുപ്പിലെ ജില്ലാ രജിസ്ട്രാർക്ക് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കത്ത് നൽകിയിരുന്നു.

## ന്യായവിലയ്ക്ക് നെല്ല് സംഭരണവും നെല്ല് സംസ്കരണവും

273(4384) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നത് ലക്ഷ്യമിട്ട് സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടോ; ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘം ആസൂത്രണം ചെയ്യുന്നത്?

കർഷകരിൽനിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നത് ലക്ഷ്യമിട്ട് രണ്ട് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

1) പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. പി. 1449 (PAPCOS).

2) കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS).

മേൽ സംഘങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

(1) പാപ്കോസ് :- കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം എന്നനിലയിൽ നെല്ല് സംഭരിക്കുക, ആധുനിക റൈസ് മില്ലും ഗോഡൗണുകളും സ്ഥാപിച്ച് സംഭരിച്ച നെല്ല് അരിയാക്കി വിപണനം നടത്തുക എന്നീ ലക്ഷ്യത്തോടെ രജിസ്റ്റർ ചെയ്ത

സംഘമാണ് " പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" ക്ലിപ്തം നം. പി. 1449 (PAPCOS). പാലക്കാട് ജില്ലയിലെ കർഷകരിൽനിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷികോത്പന്ന ങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, ആയതിനുവേണ്ടി ആധുനിക സാങ്കേതികവിദ്യയോടുകൂടിയ അരിമിൽ സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ആവശ്യമായ സംഭരണശാലകൾ സ്ഥാപിക്കുകയും ചെയ്യുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾവഴി വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്യുക, പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുകയും ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നിവയാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. കൂടാതെ സംഘത്തിന്റെ പ്രവർത്തന വിപുലീകരണത്തിനുവേണ്ടി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുക, എല്ലാത്തരം കാർഷികോത്പന്നങ്ങളും വാങ്ങി സംഭരിച്ചും സംസ്കരിച്ചും അല്ലാതെയും ഉത്പന്നങ്ങളുടെ വിപണനം നടത്തുക, സംഘം നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് കേരളത്തിലും കേരളത്തിനുപുറത്തും വിദേശങ്ങളിലും വിപണി കണ്ടെത്തുകയും വില്പനയ്ക്കാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിക്കുക, കൃഷിയിലും കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിലും ഗവേഷണം നടത്തുക തുടങ്ങിയവയാണ് സംഘത്തിന്റെ മറ്റ് ലക്ഷ്യങ്ങൾ.

(2) കാപ്കോസ്:- സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ - 4505 (KAPCOS) എന്ന സംഘത്തിന്റെ അധീനതയിൽ കുട്ടനാടും അപ്പർ കുട്ടനാടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചുവരുന്നു. കേരള സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷികോത്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾവഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം.

(ബി) സംസ്ഥാനത്തെ നെല്ല് സംസ്കരണത്തിന്റെ എത്ര ശതമാനം പ്രാതിനിധ്യമാണ് സംഘം ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

കാപ്കോസ് മുഖേന സംസ്ഥാനത്തെ കുട്ടനാടൻ മേഖലയിലെ നെല്ല് സംസ്കരണത്തിന്റെ 60 ശതമാനം പ്രാതിനിധ്യമാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. കൂടാതെ, പാപ്കോസ് മുഖേന പാലക്കാട് ജില്ലയിലെ കർഷകരിൽനിന്നും ഒരു സീസണിൽ 15,000 മെട്രിക് ടൺ നെല്ല് സംഭരിച്ച് സംസ്കരിക്കുകയുമാണ് ലക്ഷ്യമിടുന്നത്.

## ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

274(4385) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികളല്ലാത്ത ഏതൊക്കെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് ടെണ്ടർ നടപടിക്രമങ്ങളിൽ ഇളവുകൾ നൽകിയിട്ടുള്ളത് എന്നറിയിക്കാമോ?

അക്രെഡിറ്റഡ് ഏജൻസികളല്ലാത്ത ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കും ടെണ്ടർ നടപടിക്രമങ്ങളിൽ ഇളവുകൾ നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ 10 ശതമാനം പ്രൈസ് പ്രിഫറൻസും സെക്യൂരിറ്റി ഡെപ്പോസിറ്റ്, നിരതദ്രവ്യം എന്നിവ ഒഴിവാക്കുന്നതുമുൾപ്പെടെയുള്ള 13-11-97-ലെ സ.ഉ. (കൈ) നമ്പർ 135/97/സഹ. പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ പ്രവൃത്തികളുടെ ഗുണനിലവാരം കരാർ വ്യവസ്ഥകൾ പ്രകാരം ഉറപ്പുവരുത്തുന്നുണ്ട്.

## പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി ചിട്ടികൾ

275(4386) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി നടത്തിയ ചിട്ടികളിൽ കേരള ചിട്ടി ഫണ്ട് റൂൾ പ്രകാരമുള്ള ഏതെല്ലാം ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ട്; അതിലൂടെ സർക്കാരിനുണ്ടായ വരുമാനനഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി നടത്തിയ ചിട്ടികളിൽ കേരള ചിട്ടി ഫണ്ട് റൂൾ പ്രകാരമുള്ള ചിട്ടികൾ നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ സർക്കാരിന് വരുമാന നഷ്ടമുണ്ടായിട്ടില്ല.

(ബി) കേന്ദ്ര ചിട്ടി നിയമവും കേരള ചിട്ടി ഫണ്ട് റൂൾസും പ്രകാരം പ്രസ്തുത ലംഘനങ്ങൾ പരിശോധിച്ച് പിഴ ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; ഈ ചിട്ടികളിൽനിന്ന് ജി.എസ്.ടി. ഈടാക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ടോ?

ബാധകമല്ല.

(സി) മറ്റ് സൊസൈറ്റികളിലും ഇത്തരത്തിലുള്ള തട്ടിപ്പുകൾക്ക് സാധ്യതയുള്ളതിനാൽ എല്ലാ സൊസൈറ്റികളിലും ചിട്ടി രജിസ്റ്റർ പരിശോധന നടത്തി സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കാമോ?

സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ ചിട്ടി പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല. ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം പദ്ധതിയായാണ് നടത്തുന്നത്. ആയതിന്റെ രജിസ്റ്ററുകൾ പരിശോധിക്കുന്നുണ്ട്. സർക്കാരിലേയ്ക്ക് തുക അടവാക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നുണ്ട്.

(ഡി) കേന്ദ്ര ചിട്ടി നിയമം, കേരള ചിട്ടി ഫണ്ട് റൂൾസ് എന്നിവ പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ചിട്ടി നടത്തിപ്പിന് അനുമതി നൽകാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം പദ്ധതിക്ക് അനുമതി നൽകാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്കാണ്. കേന്ദ്ര ചിട്ടി നിയമം, കേരള ചിട്ടി ഫണ്ട് റൂൾസ് എന്നിവ പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ചിട്ടി നടത്തിപ്പിന് അനുമതി നൽകുന്നില്ല.

## പേരാവൂർ ഹൗസിംഗ് സഹകരണ സംഘത്തിന്റെ ചിട്ടി നടത്തിപ്പ്

276(4387) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ ഹൗസിംഗ് സഹകരണ സംഘത്തിന്റെ ചിട്ടി നടത്തിപ്പ് അവസാനിപ്പിക്കണമെന്നും നിക്ഷേപകർക്ക് പണം തിരികെ നൽകണമെന്നും സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ക്ലിപ്തം നമ്പർ സി 1004 പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിയുടെ ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം (ജി.ഡി.സി.എസ്) നടത്തിപ്പ് അവസാനിപ്പിക്കുന്നതും നിക്ഷേപകർക്ക് പണം തിരികെ നൽകണമെന്നത് സംബന്ധിച്ചും സംഘത്തിന്റെ പ്രവർത്തനത്തിൽ കണ്ട മറ്റ് ഗുരുതരമായ ന്യൂനതകൾ സംബന്ധിച്ചും സഹകരണ വകുപ്പ് നടത്തിയ 2016-17 വർഷം മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. 2016-17 വർഷം മുതലുള്ള ആഡിറ്റ് റിപ്പോർട്ടുകളുടെ ന്യൂനത സംഗ്രഹത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## പേരാവൂർ സഹകരണ ഹൗസ് ബിൽഡിംഗ് സൊസൈറ്റി

277(4388) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ സഹകരണ ഹൗസ് ബിൽഡിംഗ് സൊസൈറ്റിക്ക് ചിട്ടി നടത്തിപ്പിന് വകുപ്പ് അനുമതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

പേരാവൂർ കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റിക്ക് ചിട്ടി നടത്തിപ്പിന് വകുപ്പ് അനുമതി നൽകിയിട്ടില്ല.

## സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ യഥാസമയം തിരികെ നൽകാൻ വ്യവസ്ഥ

278(4389) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലേയും സഹകരണ സംഘങ്ങളിലേയും നിക്ഷേപങ്ങൾക്ക് മതിയായ സുരക്ഷ നൽകുന്നതിനും നിക്ഷേപിച്ച തുകയും പലിശയും യഥാസമയം തിരികെ നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ നിക്ഷേപത്തിന് ഗ്യാരന്റി നൽകി സംഘങ്ങളിലുള്ള നിക്ഷേപകരുടെ വിശ്വാസം ആർജ്ജിച്ച്, കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശത്തോടെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥ പ്രകാരം സമാപ്തീകരണ വേളയിൽ 2 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് പരിരക്ഷ ലഭിക്കും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ വച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക തിരിമറിയുടെ ഭാഗമായി നടക്കുന്ന അന്വേഷണങ്ങളുടെ പേരിൽ നിക്ഷേപ തുകയും പലിശയും നിക്ഷേപകർക്ക് മടക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അന്വേഷണങ്ങൾ കാരണം കാലതാമസം നേരിടുന്നില്ല. സഹകരണ നിയമപ്രകാരമുള്ള അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന ക്രമക്കേടുകളിൽ ഉത്തരവാദികളിൽനിന്നും സഹകരണ നിയമം 68 പ്രകാരം നടപടികൾ സ്വീകരിച്ച് തുക ഈടാക്കി നൽകുന്നതിൽ സ്വാഭാവികമായ കാലതാമസം നേരിടുന്നുണ്ട്. സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇത്തരം നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ആലപ്പി സൈക്കിൾ അസംബ്ലിംഗ് വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

279(4390) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആലപ്പി സൈക്കിൾ അസംബ്ലിംഗ് വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ ആലപ്പി സൈക്കിൾ അസംബ്ലിംഗ് വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. S.IND.(A).50 നിലവിൽ പ്രവർത്തനരഹിതമാണ്

(ബി) പ്രസ്തുത സൊസൈറ്റി പ്രവർത്തിച്ചിരുന്ന സ്ഥലം സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. പ്രസ്തുത അപേക്ഷ തുടർനടപടികൾക്കായി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ അഴിമതി

280(4391) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളിലെ അഴിമതിയെക്കുറിച്ചാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങളിൽ അഴിമതി ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഉടനടി പ്രാഥമികാന്വേഷണം നടത്തുകയും പ്രാഥമികാന്വേഷണത്തിൽ കഴമ്പുണ്ടെന്ന് കാണുന്നപക്ഷം 1969-ലെ കേരള സഹകരണ സംഘ നിയമത്തിലെ വകുപ്പ് 65, 66 എന്നിവപ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരിക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാണെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും സംഘം ഭരണസമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽനിന്നും അയോഗ്യനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും വകുപ്പ് 65, 66 എന്നിവപ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ ഐ.പി.സി. പ്രകാരം ശിക്ഷാർഹമാണെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത അഴിമതിയുമായി ബന്ധപ്പെട്ട് പ്രാഥമികാന്വേഷണം നേരിട്ട എത്ര സഹകരണ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രാഥമികാന്വേഷണം നേരിട്ട 284 സഹകരണ സംഘങ്ങളുണ്ട്.

(സി) പ്രാഥമികാന്വേഷണത്തിൽത്തന്നെ അഴിമതിയുണ്ടെന്ന് ബോദ്ധ്യപ്പെട്ട എത്ര സഹകരണ സ്ഥാപനങ്ങളുണ്ട്; വ്യക്തമാക്കാമോ?

പ്രാഥമികാന്വേഷണത്തിൽ അഴിമതിയുണ്ടെന്ന് ബോദ്ധ്യപ്പെട്ട 235 സഹകരണ സംഘങ്ങളുണ്ട്.

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തിൻകീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ജില്ല തിരിച്ച് ചുവടെച്ചേർക്കുന്നു.

തിരുവനന്തപുരം

1. അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
2. മുല്ലൂർ റൂറൽ സഹകരണ സംഘം
3. ക്ഷീരകർഷകത്തൊഴിലാളി ക്ഷേമ സഹകരണ സംഘം
4. ബാലരാമപുരം പഞ്ചായത്ത് റസിഡൻസ് വെൽഫെയർ സഹകരണ സംഘം
5. കാരോട് ഫാർമേഴ്സ് വെൽഫയർ സഹകരണ സംഘം
6. നെയ്യാറ്റിൻകര കാർഷിക മൃഗസംരക്ഷണ മത്സ്യകർഷക വെൽഫയർ സഹകരണ സംഘം
7. ആറയൂർ സർവ്വീസ് സഹകരണ ബാങ്ക്

കൊല്ലം

താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

പത്തനംതിട്ട - ഇല്ല

ആലപ്പുഴ

ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക്

കോട്ടയം

1. വൈക്കം സർവ്വീസ് സഹകരണ ബാങ്ക്
2. പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക്
3. ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്
4. മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘം
5. കടുത്തുരുത്തി കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സംഘം
6. കോട്ടയം ഹൗസിംഗ് സഹകരണ സംഘം

ഇടുക്കി

1. ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്ക്
2. വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക്

<u>എറണാകുളം</u>

1. കർത്തേടം സർവ്വീസ് സഹകരണ ബാങ്ക്
2. തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം
3. നെട്ടുങ്ങപ്ര വനിത സഹകരണ സംഘം
4. മൂവാറ്റുപുഴ പ്രാഥമിക കാർഷിക സഹകരണ ഗ്രാമവികസന ബാങ്ക്

<u>തൃശ്ശൂർ</u>

1. അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
2. പുത്തൂർ സഹകരണ സംഘം
3. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്
4. ള്ളനൂർ സഹകരണ സംഘം
5. തൃശ്ശൂർ ജില്ല എൽ.ഐ.സി. ഏജന്റ്സ് സഹകരണ സംഘം
6. ജില്ല ടൂറിസ്റ്റ് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം
7. എം.എസ്.എം.ഇ. എംപ്ലോയീസ് സഹകരണ സംഘം
8. തൃശ്ശൂർ ജില്ല എസ്.സി./എസ്.ടി. മാർക്കറ്റിംഗ് സഹകരണ സംഘം

<u>പാലക്കാട്</u> - ഇല്ല

<u>മലപ്പുറം</u>

തിരൂർ താലൂക്ക് ഓട്ടോ & ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം

<u>കോഴിക്കോട്</u> - ഇല്ല

<u>വയനാട്</u>

പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്

കണ്ണൂർ - ഇല്ല

<u>കാസർഗോഡ്</u> - ഇല്ല

സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി ലൈസൻസീസ് ആൻഡ് ടെക്നീഷ്യൻസ് സഹകരണ സംഘം, കേരള ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ്.

## സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ കരാർ ഏറ്റെടുത്ത് ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ

281(4392) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ കരാർ ഏറ്റെടുത്ത് ചെയ്യുന്നതിന് സഹകരണ വകുപ്പിൽ രജിസ്റ്റർ ചെയ്ത് അനുമതി നൽകിയ എത്ര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ മരാമത്ത് പ്രവൃത്തികൾ കരാർ ഏറ്റെടുത്ത് നടത്തുന്ന 391 സഹകരണ സ്ഥാപനങ്ങൾ സഹകരണ വകുപ്പിൽ രജിസ്റ്റർ ചെയ്ത് അനുമതി വാങ്ങിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുന്ന കരാറുകൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നത് അതാത് വകുപ്പുതലത്തിലാണ്. കരാർ സംബന്ധിച്ച് സഹകരണ സംഘത്തിനെതിരെ ആക്ഷേപം/ പരാതിയുള്ള പക്ഷം വകുപ്പുതല പരിശോധന നടത്താറുണ്ട്.

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

282(4393) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

46 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്റ്റോറുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

6 മൊബൈൽ ത്രിവേണികൾ ലാഭകരമായി പ്രവർത്തിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ഓരോ സ്ഥലത്തും എത്തിച്ചേരുന്ന സമയവും വാഹനത്തിൽ ലഭ്യമായ സാധനങ്ങൾ സംബന്ധിച്ച വിവരവും ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിന് സാമൂഹിക മാധ്യമങ്ങൾ പ്രയോജന പ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പല റീജിയണുകളിലും മൊബൈൽ ത്രിവേണി സൂപ്പർമാർക്കറ്റിന്റെ സഞ്ചാര പാത മുൻകൂട്ടി നിശ്ചയിക്കുകയും സമയം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റ് ഇൻചാർജ്ജുമാരും ഉപഭോക്താക്കളുടെ വാട്സാപ്പ് ഗ്രൂപ്പ് ഉപയോഗപ്പെടുത്തി സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരം മുൻകൂട്ടി അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കൺസ്യൂമർഫെഡ്ഡിന്റെ പ്രവർത്തനങ്ങൾ

283(4394) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കൺസ്യൂമർഫെഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കോവിഡുകാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു. കൺസ്യൂമർഫെഡ്ഡിൽ നിത്യോപയോഗ സാധനങ്ങളും അവശ്യ മരുന്നുകളും വീട്ടുപടിക്കൽ എത്തുംവിധം ഹോം ഡെലിവറി സംവിധാനം നടപ്പിലാക്കി. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും ചെയ്തു. മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര തീരദേശ മേഖലകളിലും കണ്ടെയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താ ക്കൾക്കായി പൂർണ്ണസമയവും അവശ്യസർവ്വീസായി തുറന്നുപ്രവർത്തിച്ചു. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ രോഗബാധിതരുൾപ്പെടെ എല്ലാവർക്കും ഉപകരിക്കുംവിധം 10 ഇനം പ്രതിരോധ ഔഷധങ്ങളും മറ്റുപാധികളും ഉൾപ്പെടു ത്തിയ കിറ്റ് കാര്യമായ വിലക്കുറവിൽ 200 രൂപ നിരക്കിൽ ഉപഭോക്താവിന് ലഭ്യമാകുന്ന തരത്തിൽ ഒരു കോവിഡ് പ്രതിരോധ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്തു. മാസ്ക്, സാനിറ്റൈസർ മുതലായ ഉത്പന്നങ്ങൾ

കമ്പനി/വിതരണക്കാരിൽനിന്നും നേരിട്ട് സംഭരിച്ച് കുറഞ്ഞനിരക്കിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ മുഖേന വിതരണം ചെയ്തു. ഓൺലൈനായും ഫീൽഡ് വർക്ക് നടത്തി ഓർഡർ സ്വീകരിച്ചും സഹകരണ സംഘങ്ങൾ മുഖേനയും നോട്ടുബുക്കുകളും മറ്റ് പഠനോപകരണങ്ങളും സ്കൂൾ വർഷാരംഭം വീടുകളിലെത്തിച്ചു. കോവിഡുകാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ്ഡിന്റെ കീഴിലുള്ള എല്ലാ ത്രിവേണി യൂണിറ്റുകളിലും ഉപഭോക്താക്കളുടെ വാട്സാപ്പുകളിലൂടെ അവശ്യ നിത്യോപയോഗ സാധനങ്ങളുടെ ഓർഡർ സ്വീകരിച്ച് വീടുകളിലെത്തിച്ചു നൽകി. ക്വാറന്റൈനിൽ ഇരിക്കുന്നവരുടെയും കണ്ടെയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടെയും കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകി.

(ബി) ഈ വർഷത്തെ ഓണവിപണിയിൽ കൺസ്യൂമർഫെഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2021 ആഗസ്റ്റ് 11 മുതൽ 20 വരെ 10 ദിവസം സംസ്ഥാനത്തെ പ്രത്യേക വിപണന കേന്ദ്രങ്ങൾവഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നതിന് സമാനമായ നിരക്കിൽ 2021 ഓണം വിപണി നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. 2021 ഓണം സബ്സിഡി വിപണി ആഗസ്റ്റ് 11 മുതൽ 20 വരെ തീയതികളിൽ 178 ത്രിവേണി സ്റ്റോറുകൾ മുഖേനയും 1751 സഹകരണ സംഘങ്ങളിലൂടെയും ആകെ 1929 വിപണികൾ നടത്തി. ഈ സബ്സിഡി വിപണികളിൽക്കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സമാനമായ സബ്സിഡി നിരക്കിൽ വില്പന നടത്തി. ഓണക്കാലത്ത് ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും ഗൃഹോപകരണങ്ങളും പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിപണികളാണ് സജ്ജമാക്കിയിരുന്നത്. കൂടാതെ ഓണക്കാലത്ത് കൺസ്യൂമർഫെഡിന്റെ 46 മൊബൈൽ ത്രിവേണികൾ മുഖേന സംസ്ഥാനത്തുടനീളം ഭക്ഷ്യപദാർത്ഥങ്ങളും മറ്റും കൂടുതലളവിൽ കൂടുതൽ പ്രദേശങ്ങളിലെത്തിച്ച് വിപണനം നടത്തുകയുണ്ടായി. ഓൺലൈൻ വ്യാപാരത്തിലൂടെ ലഭ്യമായ ഓർഡറുകൾക്കനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വില്പന വിപുലമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും വിപണി സജീവമാക്കി പൊതുജനങ്ങളുടെ വാങ്ങൽശേഷി ആദായകരമാക്കി മാറ്റുന്നതിനും ഓണ വിപണികളിലൂടെ സാധ്യമായിട്ടുള്ളതാണ്.

## നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

284(4395) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി ലാബുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ നിയമനം ഡിപ്പാർട്ട്മെന്റ് അംഗീകരിക്കാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി)1969-ലെ സഹകരണ നിയമം വകുപ്പ് 80-ലെ അനുബന്ധം III പ്രകാരം നീതി ലാബിന് തസ്തികകൾ അനുവദിച്ചുനൽകിയിട്ടില്ല. ആയതിനാൽ സ്ഥിരം നിയമനം നടത്താനാകില്ല. നീതിലാബുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ അനുബന്ധം III-ൽ ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## ബേഡഡുക്ക പഞ്ചായത്തിലെ സഹകരണ പരിശീലന കേന്ദ്രം

285(4396) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ മുന്നാട് കേന്ദ്രമായി ഒരു സഹകരണ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്ന വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത സ്ഥാപനം 2-6-2008 മുതൽ 13 വർഷമായി അഴീക്കോടൻ സ്മാരക ഗ്രന്ഥാലയത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 15 സെന്റ് സ്ഥലം സഹകരണ യൂണിയന് വിട്ടുനൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കുറ്റിക്കോൽ വില്ലേജ് റീ-സർവ്വേ നമ്പർ 53/3/സി-യിൽപ്പെട്ട 15 സെന്റ് ഭൂമി സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതിയുടെ 1-2-2017-ലെ 16-ാം നമ്പർ തീരുമാനപ്രകാരം സൗജന്യമായി സംസ്ഥാന സഹകരണ യൂണിയന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സഹകരണ പരിശീലന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 63,93,000 രൂപയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും കെട്ടിടം നിർമ്മിക്കുന്നതിന് മുൻ എം.എൽ.എ. ശ്രീ. പി. രാഘവൻ കൺവീനറായി ജനകീയ കമ്മിറ്റി രൂപീകരിക്കുകയും 2017 മേയ് 30-ന് കെട്ടിടത്തിന് തറക്കല്ലിടുകയും ചെയ്തു. എന്നാൽ ഇതുസംബന്ധിച്ച മറ്റ് തുടർനടപടികൾ കമ്മിറ്റി മുന്നോട്ട് കൊണ്ടുപോയിട്ടില്ല.

(ഇ) 2017 മേയ് മാസത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തറക്കല്ലിട്ട ഈ സ്ഥാപനത്തിന്റെ കെട്ടിടം പണി തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

സഹകരണ പരിശീലന കേന്ദ്രത്തിനായി സൗജന്യമായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തറക്കല്ലിടുകയും സംഘങ്ങളിൽനിന്നും ധനസഹായം സ്വരൂപിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തുവെങ്കിലും ജനകീയ കമ്മിറ്റി കെട്ടിടനിർമ്മാണത്തിനുള്ള തുടർനടപടികൾ മുന്നോട്ടുകൊണ്ടുപോയില്ല. പ്രസ്തുത സ്ഥലം ജില്ലാ ആസ്ഥാനത്തുനിന്നും നിലവിൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും വളരെ ഉള്ളിലേയ്ക്കുമാറിയാണ്. കൂടാതെ ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരത്ത് (പെരോൽ വില്ലേജ്) 10.12 ആർ സർക്കാർ വകസ്ഥലം സഹകരണ പരിശീലന കേന്ദ്രം/കോളേജ് കെട്ടിട സമുച്ചയം പണി കഴിപ്പിക്കുന്നതിലേയ്ക്ക് പാട്ടത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**കുമ്പള, ചെങ്കള ആശുപത്രികൾക്ക് അധിക തസ്തിക**

286(4397) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിൽ കുമ്പള, ചെങ്കള എന്നീ സ്ഥലങ്ങളിലെ ആശുപത്രികൾക്ക് അധിക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംഘം നൽകിയ പ്രൊപ്പോസലിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത പ്രസ്തുത സംഘത്തിന്റെ പ്രൊപ്പോസലിൽ അനുമതി നൽകാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നം. എസ്. 42-ന് അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് 11-10-2021-ലെ സ.ഉ. (കൈ) നമ്പർ 23/2021/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**സഹകരണ ആശുപത്രികൾക്ക് സർക്കാർ ധനസഹായം**

287(4398) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സഹകരണ ആശുപത്രികൾക്കാണ് ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തികവർഷം ടെക്നോപാർക്ക് എംപ്ലോയീസ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ റ്റി. 2131-ന് 50 ലക്ഷം രൂപയും പത്തനംതിട്ട ജില്ലാ സഹകരണ ആശുപത്രി & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ പി. റ്റി. 223-ന് 62.32 ലക്ഷം രൂപയും മൂവാറ്റുപുഴ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ ഇ. 1018-ന് 75 ലക്ഷം രൂപയും സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) തുക നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

ആശുപത്രി സഹകരണ സംഘങ്ങൾ സർക്കാർ ധനസഹായത്തിനായി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിക്കുകയും ടി അപേക്ഷകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അപേക്ഷകൾ സർക്കാർ ധനസഹായം അനുവദിക്കുന്ന റൂളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് 20 ലക്ഷം രൂപവരെയുള്ള അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകുകയും 20 ലക്ഷം രൂപയിൽ അധികരിക്കുന്ന അപേക്ഷകൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ പരിഗണിച്ച് തുക അനുവദിക്കുകയും ചെയ്യുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലാ സഹകരണ ആശുപത്രി സമർപ്പിച്ച സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയിൽ എന്തുനടപടിയാണ് സ്വീകരിച്ചത്;

(ഡി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) മലപ്പുറം ജില്ലാ സഹകരണ ആശുപത്രി കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി വെന്റിലേറ്റർ സംവിധാനത്തോടെയുള്ള ഐ.സി.യു. ക്രമീകരിക്കുന്നതിന് ഒരു കോടി രൂപ സർക്കാർ ധനസഹായം അനുവദിക്കുന്നതിന് സംഘം പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച നിവേദനം പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

**കടാശ്വാസ പദ്ധതി**

288(4399) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽ 2016-21 കാലയളവിൽ കർഷക കടാശ്വാസത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ വായ്പകളിൽ കടാശ്വാസംവഴി എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കർഷക കടാശ്വാസ കമ്മീഷൻവഴി വിവിധ സഹകരണ ബാങ്കുകളിൽ/ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കായി അനുവദിച്ച കടാശ്വസ തുക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി പ്രകാരം 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണംചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരുലക്ഷം രൂപവരെ കടാശ്വാസം അനുവദിച്ചുനൽകുന്ന പദ്ധതി പ്രകാരം അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വർഷം | അനുവദിച്ച തുക |
|---|---|
| 2020-21 | 2,48,75,491 |
| 2021-22 | വിതരണം ചെയ്തിട്ടില്ല |

(സി) സഹകരണ സ്ഥാപനങ്ങളിൽനിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസമായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി കടാശ്വാസമായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## സഹകരണ റിസ്ക് ഫണ്ട്

289(4400) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളെ ന്താണെന്ന് വിശദമാക്കുമോ?

വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേദിവസം ബാക്കിനിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി രണ്ട് ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരുലക്ഷം രൂപയും അനുവദിച്ചുവരുന്നു.

റിസ്ക് ഫണ്ട് ധനസഹായ തുക

1. പദ്ധതി നിലവിൽവന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

2. 30-3-2012 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്കുവിധേയമായി ടിയാളുടെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ഒന്നിൽക്കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കിനിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകളെടുത്താലും പരമാവധി 5,00,000 രൂപവരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

മാരകരോഗം

1. 30-3-2012 മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.

2. 29-2-2016 മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി., ലിവർ സിറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

3. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകളുണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) സഹകരണ റിസ്ക് ഫണ്ടിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ, വായ്പക്കാരന്റെ കടം കണക്കിൽ വരവുവയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം/ബാങ്കിനാണ് തുക അനുവദിച്ചുനൽകുന്നത്. തുക അനുവദിച്ചശേഷം വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് വരുന്നമുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ബാങ്കുകളിൽനിന്നും യഥാസമയം അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കാത്തതുകാരണം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, കുടിശ്ശിക ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ**

290(4401) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജില്ലാസഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 9-2-2021-ൽ ഇറങ്ങിയ ഉത്തരവുപ്രകാരം പ്യൂൺ/വാച്ച്മാൻ, ഡ്രൈവർ, ക്ലാർക്ക്/കാഷ്യർ, പബ്ലിക് റിലേഷൻ ഓഫീസർ, ശാഖാമാനേജർ എന്നീ തസ്തികകളുടെ പുതിയ ശമ്പള സ്കെയിൽ നിർണ്ണയിച്ചപ്പോൾ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോർമുല ബാധകമാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(ബി) ശമ്പളപരിഷ്കരണ ഫോർമുല മേൽ തസ്തികകളുടെ ശമ്പള സ്കെയിലിൽ ബാധകമാക്കാത്തതിനാൽ 1-4-2017-നുശേഷം നേരിട്ട് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ശമ്പളവർദ്ധനവ് ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) മുൻ ജില്ലാസഹകരണ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 9-2-2021-ലെ സ.ഉ. (കൈ). നമ്പർ 5/2021/സഹ. ഉത്തരവിൽ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുണ്ട്. ശമ്പളത്തിൽ കുറവുവരുന്ന സാഹചര്യമുണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശവും ഉത്തരവിലുണ്ട്.

(സി) ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയ ശമ്പളപരിഷ്കരണ ഫോർമുല എല്ലാ തസ്തികകളുടെ സ്കെയിലിലും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക കാരണമുണ്ടോ; വ്യക്തമാക്കാമോ?

ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയ ശമ്പളപരിഷ്കരണ ഫോർമുല എല്ലാ തസ്തികകളുടെ സ്കെയിലിലും പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ബാധകമാക്കിയിട്ടുണ്ട്.

(ഡി) ഒരേ റാങ്ക് ലിസ്റ്റിലെ ഒരേ നിയമന ശിപാർശയിൽ 1-4-2017-നുമുമ്പും ശേഷവും സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിൽ അടിസ്ഥാനശമ്പളം നിർണ്ണയിക്കുന്നതുമൂലം അടിസ്ഥാന ശമ്പളത്തിൽ വലിയ അന്തരം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥ പാറ്റേൺ**

291(4402) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ വകുപ്പിൽ പുതിയ ഓഡിറ്റർ/ഇൻസ്പെക്ടർമാരുടെ എത്ര തസ്തിക സൃഷ്ടിക്കാനാണുദ്ദേശിക്കുന്നത്;

(സി) ഉദ്യോഗസ്ഥ പാറ്റേൺ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

(എ-സി) വകുപ്പിന്റെ പുനഃസംഘടനയിൽ കൂടുതൽ പഠനം ആവശ്യമാണ്. അതിനുള്ള പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുവാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നിലവിലെ അനുപാതമായ 40:40:20 എന്നത് മാറ്റാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതിയ അനുപാതം എങ്ങനെയെന്ന് തീരുമാനിച്ചിട്ടുണ്ടോ?

പുതുക്കിയ സ്പെഷ്യൽ റൂൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

## നൂറുദിന കർമ്മ പദ്ധതിയുടെ പുരോഗതി

292(4403) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ 10000 പേർക്ക് പുതിയ തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രഖ്യാപനത്തിന്മേൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ്, ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരളാ ബാങ്ക് എന്നിവയിലൂടെ 10000 തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി കാലയളവിൽ 425 സ്ഥിരം തൊഴിലുകളും 20153 തൊഴിലവസരങ്ങളുമുൾപ്പെടെ ആകെ 20578 തൊഴിൽ/തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ടി പദ്ധതിയിലൂടെ തൊഴിൽ/തൊഴിലവസരങ്ങൾ ലഭിച്ചവരുടെ ജില്ലതിരിച്ചുള്ള എണ്ണം ഉൾപ്പെടുന്ന പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേന്ദ്രസർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ സഹകരണ നയം

293(4404) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ സഹകരണനയം സഹകരണമേഖലയെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നയംമൂലമുണ്ടാകുന്ന ആശങ്ക കേന്ദ്രത്തെ അറിയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതിയ കേന്ദ്രവിജ്ഞാപനം വന്നാൽ സഹകരണ സംഘങ്ങളിലെ നിയമനങ്ങളെ ബാധിക്കാൻ സാധ്യതയുണ്ടോ?

(എ-സി) കേന്ദ്രസർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ സംസ്ഥാന സഹകരണമേഖലയെ എങ്ങനെ ബാധിക്കു മെന്ന് വിലയിരുത്തൽ നടത്താനാകൂ.

(ഡി) നൈറ്റ് വാച്ച്മാനായി സഹകരണസംഘങ്ങളിൽ വിമുക്തഭടന്മാരെ മാത്രമേ നിയമിക്കാവൂവെന്ന ചട്ടം മറികടന്ന് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

നൈറ്റ് വാച്ച്മാനായി സഹകരണ സംഘങ്ങളിൽ വിമുക്തഭടന്മാരെ മാത്രമേ നിയമിക്കാവൂവെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

## അർബൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ

294(4405) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിഷ്ക്രിയ ആസ്തി വർദ്ധനവിന്റെ പേരിൽ അർബൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അർബൻ ബാങ്കുകളുടെ താല്പര്യം സംരക്ഷിക്കു ന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോണിറ്ററബിൾ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി ബാങ്കുകളുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**കെയർ ഹോം പദ്ധതി**

295(4406) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ?

3 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതിക്കായി ധനസഹായം നൽകിയത്; ഓരോ സ്ഥാപനവും എത്ര രൂപവീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 36 സഹകരണസ്ഥാപനങ്ങൾ സംഭാവനയായി തുക അനുവദിച്ചിട്ടുണ്ട്. ടി സഹകരണ സ്ഥാപനങ്ങളുടെ പേരും അനുവദിച്ച തുകയുമടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് അനുമതി നൽകിയ തെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

3 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ടി 3 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരി**

296(4407) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്കുകളിൽ അംഗങ്ങൾക്ക് ഓഹരിയിൽ പണം നിക്ഷേപി ക്കുന്നതിനും തിരിച്ചെടുക്കുന്നതിനും കമ്പനി മാതൃകയിൽ നിയമം കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓഹരി തിരിച്ചുകൊടുക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിൽ അർബൻ ബാങ്കുകളുടെ താല്പപര്യം സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ചുവാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരമില്ലാതാകുന്നതാണ്. ടി വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളിൽ ഓഹരി മൂലധനം, സെക്യൂരിറ്റികൾ എന്നിവയുടെ അനുവദിക്കലും നിയന്ത്രണവും സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ റിസർവ് ബാങ്ക് 14-7-2021-ലെ DOR.CAP.REC.-/09/18/201/2020-21 നമ്പർ കരട് സർക്കുലർ പ്രകാരം എല്ലാ പ്രാഥമിക അർബൻ സഹകരണ ബാങ്കുകളുടെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് നൽകുകയും അർബൻ സഹകരണബാങ്കുകൾ, മേഖലയിലെ പങ്കാളികൾ, താല്പര്യമുള്ള കക്ഷികൾ എന്നിവരിൽനിന്നും ആയതിന്മേലുള്ള അഭിപ്രായങ്ങൾ 31-8-2021-നുമുമ്പ് നൽകുന്നതിന് റിസർവ് ബാങ്ക്, 14-7-2021-ലെ 2021-2022/ 527 നമ്പർ പ്രസ് റിലീസ് പുറപ്പെടുവിച്ചിരുന്നു. കരട് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർബൻ സഹകരണബാങ്കുകളിൽ അംഗങ്ങളായവരും ബാങ്കിന്റെ പ്രവർത്തന പരിധിയിലു ള്ളവരുമായ ആളുകൾക്ക്, ബൈലോ വ്യവസ്ഥകൾക്കനുസരിച്ച് ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും ബാങ്കിലെ നിലവിലെ അംഗങ്ങൾക്ക് അധിക ഇക്വിറ്റി ഓഹരികൾ അനുവദിക്കുന്നതിനും കൂടാതെ അംഗങ്ങൾക്കോ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ താമസിക്കുന്ന ആളുകൾക്കോ വിവിധതരത്തിലുള്ള പ്രിഫറൻസ് ഓഹരികൾ അനുവദിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**കെയർ ഹോം പദ്ധതി**

297(4408) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ?

2021 ഒക്ടോബർ 11-ാം തീയതിവരെ സംസ്ഥാനത്തൊട്ടാകെ 2074 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ അനുമതി ലഭിച്ച 2092 വീടുകളിൽ 18 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(സി) ഇത്തരത്തിൽ വീട് ലഭിച്ചവരുടെ തുടർക്ഷേമത്തിനായി ആവിഷ്കരിച്ച കെയർ ഗ്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് 'കെയർ ഗ്രേസ്'. പദ്ധതിയുടെ ഭാഗമായി കെയർ ഹോം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് കൈപുസ്തകം, പ്രധാന രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ ഫ്ലാറ്റ് നിർമ്മാണം**

298(4409) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ ഫ്ലാറ്റ് നിർമ്മിക്കുവാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ളതും ലൈഫ് മിഷൻ കണ്ടെത്തി നിർദ്ദേശിച്ചതുമായ 151 സെന്റ് ഭൂമിയിൽ ഫ്ലാറ്റ് നിർമ്മിക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിക്കായി അനുവദിച്ച സ്ഥലം സന്ദർശിച്ച് തൃശ്ശൂരിൽ നിർമ്മിച്ച ഭവന സമുച്ചയത്തിന്റെ മാതൃകയിൽ ചെലവുകുറച്ച് പദ്ധതി നിർവ്വഹണം നടത്തുന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഏത് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാവുന്ന പദ്ധതി**

299(4410) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സംസ്ഥാനത്തെ ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന പദ്ധതി നിലവിൽവന്നശേഷം നാളിതുവരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഭൂമിയുടെ ആധാരം സംസ്ഥാനത്തെ ഏത് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാമെന്നുള്ള പദ്ധതി നിലവിലില്ല. എന്നാൽ 30-10-2020-ലെ സ.ഉ. (പി) നമ്പർ 146/2020/നി.വ. പ്രകാരം സ്ഥാവരവസ്തുവുമായി ബന്ധപ്പെട്ട ആധാരം, പ്രസ്തുത വസ്തു സ്ഥിതി ചെയ്യുന്ന ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാൻ കഴിയും. ഇപ്രകാരം 14 ജില്ലകളിലും 18-10-2021 വരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ കണക്ക് ചുവടെചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1442 |
| 2 | കൊല്ലം | 908 |
| 3 | പത്തനംതിട്ട | 196 |
| 4 | ആലപ്പുഴ | 295 |
| 5 | കോട്ടയം | 374 |

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 192 |
| 7 | എറണാകുളം | 275 |
| 8 | തൃശ്ശൂർ | 283 |
| 9 | പാലക്കാട് | 227 |
| 10 | മലപ്പുറം | 1128 |
| 11 | കോഴിക്കോട് | 643 |
| 12 | വയനാട് | 135 |
| 13 | കണ്ണൂർ | 1371 |
| 14 | കാസർഗോഡ് | 550 |
| | ആകെ | 8019 |

(ബി) സംസ്ഥാനത്ത് നിലവിലുള്ള സബ്‌രജിസ്ട്രാർ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 14 ജില്ലകളിലായി 315 സബ്‌രജിസ്ട്രാർ ഓഫീസുകളുണ്ട്. ഓഫീസുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെച്ചേർക്കുന്നു.

തിരുവനന്തപുരം - 41 സബ് രജിസ്ട്രാർ ഓഫീസുകൾ.

അമരവിള, ആര്യനാട്, ആറ്റിങ്ങൽ, ബാലരാമപുരം, ചാല, ചിറയിൻകീഴ്, കടയ്ക്കാവൂർ, കല്ലറ, കാഞ്ഞിരംകുളം, കന്യാകുളങ്ങര, കരകുളം, കാട്ടാക്കട, കവലയൂർ, കഴക്കൂട്ടം, കിളിമാനൂർ, കുളത്തൂർ, കുന്നത്തുകാൽ, മലയിൻകീഴ്, മുരുക്കുംപുഴ, നഗരൂർ, നാവായിക്കുളം, നെടുമങ്ങാട്, നേമം, നെയ്യാറ്റിൻകര, ഊരൂട്ടമ്പലം, ഒറ്റശേഖരമംഗലം, പാലോട്, പാറശ്ശാല, പട്ടം, പെരുങ്കടവിള, പൂവാർ, പോത്തൻകോട്, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ), വാമനപുരം, വർക്കല, വെള്ളനാട്, വെള്ളറട, വെഞ്ഞാറമൂട്, വിതുര.

കൊല്ലം - 30 സബ് രജിസ്ട്രാർ ഓഫീസുകൾ

അഞ്ചൽ, അഞ്ചാലുംമൂട്, ചടയമംഗലം, ചാത്തന്നൂർ, ചവറ, ചിതറ, ഇരവിപുരം, എഴുകോൺ, കടയ്ക്കൽ, കലയപുരം, കണ്ണനല്ലൂർ, കരുനാഗപ്പള്ളി (പ്രിൻസിപ്പൽ), കരുനാഗപ്പള്ളി (അഡീഷണൽ), കിളിക്കൊല്ലൂർ, കൊല്ലം, കൊട്ടാരക്കര (പ്രിൻസിപ്പൽ), കൊട്ടാരക്കര (അഡീഷണൽ), കൊട്ടിയം, കുളത്തൂപ്പുഴ, കുണ്ടറ, ഓച്ചിറ, ഓയൂർ, പരവൂർ, പത്തനാപുരം, പട്ടാഴി, പൂയപ്പള്ളി, പുനലൂർ, ശാസ്താംകോട്ട, ശൂരനാട്, തേവലക്കര.

പത്തനംതിട്ട - 15 സബ് രജിസ്ട്രാർ ഓഫീസുകൾ

ആറന്മുള, അടൂർ, ഏനാത്ത്, ഏനാദിമംഗലം, കടമ്പനാട്, കടപ്ര, കോഴഞ്ചേരി, കോന്നി, മല്ലപ്പള്ളി, പന്തളം, പത്തനംതിട്ട, പെരുനാട്, റാന്നി, തിരുവല്ല, വെണ്ണിക്കുളം.

ആലപ്പുഴ - 20 സബ് രജിസ്ട്രാർ ഓഫീസുകൾ

ആലപ്പുഴ, അമ്പലപ്പുഴ, ഭരണിക്കാവ്, ചെങ്ങന്നൂർ, ചേപ്പാട്, ചെറിയനാട്, ചേർത്തല, ഹരിപ്പാട്, കരീലക്കുളങ്ങര, കായംകുളം, കീരിക്കാട്, കുത്തിയതോട്, മാന്നാർ, മാരാരിക്കുളം, മാവേലിക്കര, നൂറനാട്, പാണാവള്ളി, പട്ടണക്കാട്, പുളിങ്കുന്ന്, പുത്തനമ്പലം.

കോട്ടയം - 23 സബ് രജിസ്ട്രാർ ഓഫീസുകൾ

ചങ്ങനാശ്ശേരി, ഈരാറ്റുപേട്ട, എരുമേലി, ഏറ്റുമാനൂർ, കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, കിടങ്ങൂർ, കോട്ടയം (അഡീഷണൽ), കോട്ടയം (പ്രിൻസിപ്പൽ), കൊഴുവനാൽ, കുറവിലങ്ങാട്, കൂവപ്പള്ളി, മീനച്ചിൽ, പാമ്പാടി, പൂഞ്ഞാർ, പുതുപ്പള്ളി, രാമപുരം, തലയാഴം, തലയോലപ്പറമ്പ്, തെങ്ങണ, വൈക്കം, വാഴൂർ.

ഇടുക്കി - 9 സബ് രജിസ്ട്രാർ ഓഫീസുകൾ

അറക്കുളം, ദേവികുളം, കാരിക്കോട്, കട്ടപ്പന, പീരുമേട്, രാജകുമാരി, തൊടുപുഴ, ഉടുമ്പൻചോല, തോപ്രാംകുടി.

എറണാകുളം - 25 സബ് രജിസ്ട്രാർ ഓഫീസുകൾ

ആലങ്ങാട്, ആലുവ, അങ്കമാലി, ചെങ്ങമനാട്, ചേന്നമംഗലം, ഇടപ്പള്ളി, എറണാകുളം, കല്ലൂർക്കാട്, കൊച്ചി, കുത്താട്ടുകുളം, കോതമംഗലം, കുറുപ്പംപടി, കുഴിപ്പിള്ളി, മരട്, മുളന്തുരുത്തി, മൂവാറ്റുപുഴ, ഞാറയ്ക്കൽ, നോർത്ത് പറവൂർ, പെരുമ്പാവൂർ, പിറവം, പോത്താനിക്കാട്, പുത്തൻകുരിശ്, ശ്രീമൂലനഗരം, തൃക്കാക്കര, തൃപ്പൂണിത്തുറ.

തൃശ്ശൂർ – 30 സബ് രജിസ്ട്രാർ ഓഫീസുകൾ

അക്കിക്കാവ്, അണ്ടത്തോട്, അന്നമനട, അന്തിക്കാട്, അയ്യന്തോൾ, ചാലക്കുടി, ചാവക്കാട്, ചേലക്കര, ചേർപ്പ്, എരുമപ്പെട്ടി, ഇരിങ്ങാലക്കുട, കല്ലേറ്റുംകര, കാട്ടൂർ, കോടാലി, കൊടുങ്ങല്ലൂർ, കോട്ടപ്പടി, കുന്നംകുളം, കുട്ടനല്ലൂർ, മാള, മതിലകം, മുല്ലശ്ശേരി, മുണ്ടൂർ, നെല്ലായി, ഒല്ലൂക്കര, പഴയന്നൂർ, തൃപ്രയാർ, തൃശ്ശൂർ, വടക്കുംകര, വാടാനപ്പള്ളി, വടക്കാഞ്ചേരി.

പാലക്കാട് – 23 സബ് രജിസ്ട്രാർ ഓഫീസുകൾ

അഗളി, അലനല്ലൂർ, ആലത്തൂർ, ചെർപ്പുളശ്ശേരി, ചിറ്റൂർ, കൊഴിഞ്ഞാംപാറ, കോട്ടായി, കുമരനല്ലൂർ, കുഴൽമന്ദം, കടമ്പഴിപ്പുറം, കൊടുവായൂർ, കൊല്ലംകോട്, മണ്ണാർക്കാട്, നെന്മാറ, ഒലവക്കോട്, ഒറ്റപ്പാലം, പാലക്കാട്, പറളി, പട്ടാമ്പി, ഷൊർണ്ണൂർ, തൃത്താല, വടക്കാഞ്ചേരി, വിളയൂർ.

മലപ്പുറം – 27 സബ് രജിസ്ട്രാർ ഓഫീസുകൾ

അരിക്കോട്, കൊടക്കൽ, എടക്കര, എടപ്പാൾ, കൽപ്പകഞ്ചേരി, എടവണ്ണ, കൊണ്ടോട്ടി, കോട്ടയ്ക്കൽ, കുറ്റിപ്പുറം, കരുവാരക്കുണ്ട്, മക്കരപ്പറമ്പ്, വേങ്ങര, മലപ്പുറം, മഞ്ചേരി, മേലാറ്റൂർ, മോങ്ങം, മൂർക്കനാട്, നിലമ്പൂർ, പരപ്പനങ്ങാടി, പെരിന്തൽമണ്ണ, പൊന്നാനി, തേഞ്ഞിപ്പാലം, താനൂർ, തിരൂർ, തിരൂരങ്ങാടി, വണ്ടൂർ, വാഴക്കാട്.

കോഴിക്കോട് – 33 സബ് രജിസ്ട്രാർ ഓഫീസുകൾ

അഴിയൂർ, ബാലുശ്ശേരി, ചാലപ്പുറം, ചാത്തമംഗലം, ചേലന്നൂർ, ചേമഞ്ചേരി, ചേവായൂർ, എടച്ചേരി, ഫറോക്ക്, കക്കട്ടിൽ, കക്കോടി, കാവിലുമ്പാറ, കോടഞ്ചേരി, കൊടുവള്ളി, കൂരാച്ചുണ്ട്, കൊയിലാണ്ടി, കോഴിക്കോട്, കുറ്റ്യാടി, മാവൂർ, മീൻചന്ത, മേപ്പായൂർ, മുക്കം, നാദാപുരം, നടുവണ്ണൂർ, പയ്യോളി, പേരാമ്പ്ര, താമരശ്ശേരി ടൗൺ, തിരുവള്ളൂർ, തിരുവമ്പാടി, ഉണേരി, വടകര, വില്യാപ്പിള്ളി, വെസ്റ്റ്ഹിൽ.

വയനാട് – 7 സബ് രജിസ്ട്രാർ ഓഫീസുകൾ

കൽപ്പറ്റ, മാനന്തവാടി, പനമരം, പുൽപ്പള്ളി, സുൽത്താൻബത്തേരി, വൈത്തിരി, വെള്ളമുണ്ട.

കണ്ണൂർ – 23 സബ് രജിസ്ട്രാർ ഓഫീസുകൾ

അലക്കോട്, അഞ്ചരക്കണ്ടി, ചൊക്ലി, ഇരിക്കൂർ, കാടച്ചിറ, കല്യാശ്ശേരി, കല്ലിക്കണ്ടി, കണ്ണൂർ, കതിരൂർ, കൂത്തുപറമ്പ്, മാതമംഗലം, മട്ടന്നൂർ, പാനൂർ, പയ്യന്നൂർ, പഴയങ്ങാടി, പേരാവൂർ, പെരിങ്ങോം, ശ്രീകണ്ഠാപുരം, തലശ്ശേരി, തളിപ്പറമ്പ്, ഉളിയിൽ, ഉളിക്കൽ, വളപട്ടണം.

കാസർഗോഡ് – 9 സബ് രജിസ്ട്രാർ ഓഫീസുകൾ

ബദിയഡുക്ക, ബളാൽ, ഹോസ്ദുർഗ്ഗ്, കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, രാജപുരം, തൃക്കരിപ്പൂർ, ഉദുമ.

(സി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലയിൽ പുതിയതായി സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ പനവൂർ, എറണാകുളം ജില്ലയിലെ രാമമംഗലം, പള്ളുരുത്തി, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ്, കണ്ണൂർ ജില്ലയിൽ മയ്യിൽ, കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ സബ് രജിസ്ട്രാർ ആഫീസുകൾ അനുവദിക്കുന്ന വിഷയം സംബന്ധിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

**കോമ്പൗണ്ടിംഗ് പദ്ധതി**

300(4411) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അണ്ടർവാല്യുവേഷൻ കേസ്സുകളിൽ തീർപ്പുകല്പിക്കുന്ന കോമ്പൗണ്ടിംഗ് പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ?

1986 മുതൽ കുടിശ്ശികയുള്ള അണ്ടർവാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനാണുദ്ദേശിക്കുന്നത്. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്

301(4412) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്ന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് പിഴ ഒഴിവാക്കിനൽകി രജിസ്ട്രേഷൻ പുതുക്കുന്നകാര്യം പരിഗണനയിലുണ്ടോ?

1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ കാലതാമസം വരുത്തിയതിന് ഒടുക്കേണ്ട പിഴ ഒഴിവാക്കുന്നതുസംബന്ധിച്ച് ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ, സംഘത്തിനും ഭരണ സമിതിയിലെ ഓരോ അംഗത്തിനും 400 രൂപ എന്നനിരക്കിൽ, കാലതാമസം വരുത്തുന്ന ഓരോ വർഷത്തിനും പിഴ ഒടുക്കേണ്ടതാണ്. എന്നാൽ മുടക്കംവന്ന വർഷത്തിന് 500 രൂപമാത്രം എന്നനിരക്കിൽ ഒടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 30-9-2021-ലെ ജി.ഒ. (പി) നമ്പർ 86/2021/ടാക്സസ് പ്രകാരം ഉത്തരവായിട്ടുണ്ട്.

## സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പരിഷ്കരണം

302 (4413) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ കാര്യത്തിൽ ബ്രിട്ടീഷ് കാലത്തുള്ള നിയമങ്ങളാണ് നിലനിൽക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ നിർമ്മാണംവഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മലബാർ പ്രദേശത്ത് പ്രാബല്യത്തിലുള്ള 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിനും സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങൾക്ക് ബാധകമായ 1955-ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിനും പകരമായി ഒരു ഏകീകൃത സൊസൈറ്റി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുസംബന്ധിച്ച കരട് ബിൽ പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത സംഘടനകളുടെ രജിസ്ട്രേഷൻ ഒരു തവണ പുതുക്കി നൽകിയാൽ പ്രസ്തുത കാലാവധിക്കുള്ളിൽ സംഘടനക്കെതിരെ വസ്തുതാപരമായ പരാതി ലഭിച്ചാലും സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രാർക്ക് അധികാരമില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഇടപെടുന്നതിനും നിയമംവഴി ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

അധികാരമില്ല. എന്നാൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം അന്വേഷണം നടത്തുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനും 1955-ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 19 പ്രകാരം, രജിസ്ട്രാർക്ക്/ഗവൺമെന്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് പരിശോധിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ഡി) രജിസ്ട്രാർ പ്രസ്തുത സംഘടനകളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ രജിസ്ട്രേഷൻ പുതുക്കാവൂവെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമനിർമ്മാണംവഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിലില്ല. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955-ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി നൽകുകയല്ല, നിയമാനുസൃത പൊതുയോഗംകൂടി അംഗീകരിക്കുന്ന വാർഷിക റിട്ടേണുകൾ അതാത് ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ ഹാജരാക്കുന്നമുറയ്ക്ക് നിയമാനുസൃതം ഫയൽ ചെയ്യുകയാണ് ചെയ്തുവരുന്നത്.

**രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്ക്കാരങ്ങൾ**

303(4414) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺ ലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷനായി ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം.

3. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം.

4. ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം.

5. ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. സ്പെഷ്യൽ മാര്യേജിനുള്ള അപേക്ഷ, സൊസൈറ്റി രജിസ്ട്രേഷൻ എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

8. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ പകർപ്പുകൾ നൽകുന്നതിനുള്ള നടപടികൾ

9. ഭൂമിയുടെ ന്യായവില ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

10. അപേക്ഷാ കക്ഷികൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്ന സംവിധാനം.

11. റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം.

12. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

**ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള പദ്ധതി**

304(4415) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷ നൽകി ഓൺലൈനായി പ്രിന്റെടുത്ത് ഉപയോഗിക്കാൻ സാധിക്കുന്നതുപോലെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഓൺലൈനായി അപേക്ഷ സമർപ്പിച്ച് പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന പദ്ധതി രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(ബി) ഫയലിംഗ് ഷീറ്റിന്റെ കോപ്പിയല്ലാതെ അസ്സൽ ആധാരത്തിന്റെ ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ**

305(4416) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വ്യക്തികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കാനും രജിസ്റ്റർ ചെയ്യാനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in എന്ന വെബ്സൈറ്റിൽ 19 തരം ആധാരങ്ങളുടെ മാതൃകകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാതൃകാ ആധാരങ്ങളെ അടിസ്ഥാനപ്പെടുത്തി ആധാര കക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കാവുന്നതാണ്. ആധാരം രജിസ്ട്രേഷന് ഹാജരാക്കുന്നതിനുമുമ്പായി തീയതിയും സമയവും നിശ്ചയിച്ച് ടോക്കൺ എടുക്കേണ്ടതും രജിസ്ട്രേഷനായി തയ്യാറാക്കിയ ആധാരങ്ങളുടെ വിവരങ്ങൾ www.keralaregistration.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ ഓൺലൈനായി ചേർക്കേണ്ടതുമാണ്. അതോടൊപ്പം തന്നെ രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെയും ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപയുമുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പ് സംവിധാനത്തിലൂടെയും മുദ്രവില ഒടുക്കേണ്ടതുമാണ്. ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് മുദ്രയും ഫീസും ഒടുക്കിയശേഷം പ്രസ്തുത ആധാരം രജിസ്ട്രേഷനായി ഹാജരാക്കേണ്ടതും അതോടൊപ്പം ഫയലിംഗ് ഷീറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്.

(ബി) വിവിധ തരത്തിലുള്ള ആധാരങ്ങൾ തയ്യാറാക്കുന്നതിന് മാതൃക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സ്വയം ആധാരം തയ്യാറാക്കുന്നതിന് സഹായകമായ രീതിയിൽ പത്തൊൻപത് തരം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റായ www.keralaregistration.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാതൃക അടിസ്ഥാനപ്പെടുത്തി ആധാരങ്ങൾ തയ്യാറാക്കാവുന്നതാണ്.

(സി) സാധാരണക്കാർക്ക് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കുന്ന രീതിയിലുള്ള പ്രചാരണങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നടപ്പിലാക്കുന്നതാണ്. സ്വയം ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയനിവാരണത്തിനായി ഹെൽപ്ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**തേഞ്ഞിപ്പലം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട വാടക**

306(4417) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച ഇനത്തിൽ നൽകേണ്ട വാടക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വകുപ്പിലോ സർക്കാരിലോ ഫയൽ പുരോഗമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ബാധകമല്ല.

**രജിസ്ട്രേഷൻ ഓഫീസുകളുടെ ആധുനീകരണം**

307(4418) <u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെതന്നെ തയ്യാറാക്കുന്നതിനുള്ള സംവിധാനം.

2. ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുക.

3. വാണിജ്യ ബാങ്കുകളിൽനിന്നും ലോണുകൾ ലഭിക്കുന്നതിന് പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുവാൻ സാധിക്കുന്ന digital document execution എന്ന പദ്ധതിയുടെ നിർവ്വഹണം.

4. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം.

5. സബ് രജിസ്ട്രാർ ഓഫീസുകൾ പൊതുജന സൗഹാർദ്ദപരമാക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കൽ.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകരണം പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ ആധുനീകരണം പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ താഴെകൊടുക്കുന്നു.

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. വാണിജ്യ ബാങ്കുകളിൽനിന്നും ലോണുകൾ ലഭിക്കുന്നതിന് പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുവാൻ സാധിക്കുന്ന digital document execution എന്ന പദ്ധതിയുടെ നിർവ്വഹണം.

3. ആധാര പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസ് സന്ദർശിക്കാതെതന്നെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം.

4. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾക്ക് പൂർണ്ണമായും ഓൺലൈൻ സംവിധാനം.

5. ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ.

6. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാക്കേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷനുള്ള സാധ്യത.

7. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം.

8. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി.

9. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ദപരമാക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുക.

10. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിന്റെ നവീകരണം.

11. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

**വടക്കാഞ്ചേരി മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണം**

308(4419) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വിശദമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പൂർത്തിയായി. പ്ലംബിംഗ് വർക്ക്, ജനൽ പാളികൾ ഘടിപ്പിക്കൽ, കോണിപ്പടി ടൈൽസ് പാകുന്ന ജോലികൾ, പെയിന്റിംഗ്, റൂഫിന്റെ ട്രെസ്സ് വർക്ക് മുതലായവ നടന്നുവരുന്നു. വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് 1992 മുതൽ സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ ഓഫീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ചും വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ മോഡേൺ റിക്കാർഡ് റൂം ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പെൻഷനും മറ്റാനുകൂല്യങ്ങളും പുതുക്കി നൽകുന്നതിന് നടപടി

309(4420) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ രജിസ്ട്രാറുടെ (ജനറൽ) ഓഫീസിൽനിന്നും 31-5-2015-ന് ജൂനിയർ സൂപ്രണ്ടായി വിരമിച്ച വി. കെ. ശശീന്ദ്രന്റെ പെൻഷനും മറ്റാനുകൂല്യങ്ങളും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04/ ഇ.കെ.എം./ 2150/2018 നമ്പർ വിധിപ്രകാരം പുതുക്കിനൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് അദ്ദേഹം രജിസ്ട്രേഷൻ ഐ.ജി.-ക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിധിപ്രകാരം പുതുക്കിയ ആനുകൂല്യങ്ങൾ എത്ര സമയപരിധിക്കുള്ളിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ/ഇ.കെ.എം./ 2150/2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. വി. കെ. ശശീന്ദ്രന് നോഷണൽ പ്രൊമോഷൻ നൽകുന്നതുസംബന്ധിച്ച വിഷയം പരിശോധിച്ചതിൽ ശ്രീ. വി. കെ. ശശീന്ദ്രന്റെ റിട്ടയർമെന്റ് തീയതിക്കുമുമ്പ് ടിയാന്റെ ജൂനിയറായിട്ടുള്ള യാതൊരാൾക്കും സ്ഥാനക്കയറ്റം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന് നോഷണൽ പ്രൊമോഷൻ നൽകുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാലും തത്ഫലമായി സമാന ആവശ്യങ്ങളിന്മേൽ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമെന്നുമുള്ള ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും ട്രിബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ അപ്പീൽ സാധ്യത പരിശോധിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരിക്കുകയാണ്. പ്രസ്തുത ഉപദേശം ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 4155-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമം

മി. സ്പീക്കർ: കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ദളിത് യുവതി കൂട്ടബലാത്സംഗത്തിനിരയാകുകയും സമാനരീതിയിൽ സ്ത്രീകളും കുട്ടികളും അതിക്രമങ്ങൾക്കിരയാകുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയ നോട്ടീസിൽ കേരളത്തിലുണ്ടായ ചില സംഭവങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആ സംഭവങ്ങളിലെല്ലാം പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടിയുമുണ്ടായിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് കുറ്റ്യാടി സ്വദേശിനിയെ പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തി ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും പട്ടികജാതി-പട്ടികവർഗ്ഗ (പീഡന നിരോധന) നിയമത്തിലെയും വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 754/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് 4 പ്രതികളെയും 20-10-2021-ൽ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടിയിൽനിന്നും ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മലപ്പുറം കോട്ടക്കര സ്വദേശിയായ പെൺകുട്ടിയെ ലൈംഗികാതിക്രമത്തിന് വിധേയമാക്കാൻ ശ്രമിച്ച സംഭവത്തിൽ ക്രൈം നമ്പർ 770/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ കസ്റ്റഡിയിലെടുത്ത് മലപ്പുറം ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കി ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചുവരികയും ചെയ്യുന്നു. തിരുവനന്തപുരം വിതുരയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതുസംബന്ധിച്ച് ഐ.പി.സി.-യിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം വിതുര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1845/2021 ആയി 25-10-2021-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-ലും സമാന സംഭവമുണ്ടായതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോട്ടയ്ക്കൽ സ്വദേശിനിയായ 17 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച് പ്രസവിക്കാനിടയാക്കിയ സംഭവത്തിലും

ക്രൈം നമ്പർ 494/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം കുറിച്ചി സ്വദേശിയായ വ്യക്തി ആത്മഹത്യ ചെയ്ത സംഭവത്തിൽ ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1660/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പീഡനത്തിനുത്തരവാദിയായ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോഴിക്കോട് മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 409/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം കരീക്കോട് സ്വദേശിനിയായ യുവതിയെ മയക്കുമരുന്ന് കലർന്ന ദ്രാവകം നൽകി പീഡിപ്പിച്ച് ദൃശ്യങ്ങൾ പകർത്തിയ സംഭവത്തിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ 9-9-2021-ൽ ക്രൈം നമ്പർ 574/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ലൈംഗികാതിക്രമങ്ങളുടെയും ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെയും എണ്ണം കുറഞ്ഞുവന്നിരുന്നുവെന്ന് കാണാൻ കഴിയും. 2016-ൽ 15114 കേസ്സുകൾ വനിതകൾക്കെതിരെയുള്ള ആക്രമണങ്ങളായി രജിസ്റ്റർ ചെയ്തപ്പോൾ 2020-ൽ ഇതിന്റെ എണ്ണം 12659 ആയി ചുരുങ്ങി. 2017-ൽ 2003 ബലാത്സംഗ കേസ്സുകളുണ്ടായപ്പോൾ 2020-ൽ അത് 1880 ആയി കുറഞ്ഞു. മറ്റ് പീഡന കേസ്സുകൾ 2017-ൽ 4413 ആയിരുന്നത് 2020-ൽ 3890 ആയി കുറഞ്ഞു. സ്ത്രീധന പീഡനത്തെത്തുടർന്നുള്ള മരണം 2017-ൽ 12 ആയിരുന്നത് 2020-ൽ 6 ആയി കുറഞ്ഞു. 2021 ആഗസ്റ്റ് മാസം വരെയുള്ള കണക്കായ 9594-നെക്കുറിച്ചാണ് പ്രമേയാവതാരകൻ നോട്ടീസിൽ പറയുന്നത്. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ കുറഞ്ഞുവരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ ഇതുകൊണ്ട് സർക്കാർ തൃപ്തമല്ല; നമുക്കാർക്കും ഈ കുറവുകൊണ്ടുമാത്രം തൃപ്തിപ്പെടാനുമാകില്ല. ഒരു സ്ത്രീയും പീഡിപ്പിക്കപ്പെടാത്ത ഒരു സമൂഹമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനുതകുന്ന രീതിയിലുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. അതിനായുള്ള വിവിധ പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിലെ ചില സംഭവങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലും ഇത്തരം സംഭവങ്ങൾ നടക്കുന്നുവെന്നാണ് ആരോപണം. കേരളീയ സമൂഹത്തെക്കുറിച്ച് നടത്തിയിട്ടുള്ള ഈ പരാമർശം ആരെ വെള്ളപൂശാനാണെന്നുള്ളത് പ്രമേയാവതാരകൻതന്നെ ആലോചിച്ചാൽ മതി. പ്രമേയാവതാരകൻ സൂചിപ്പിച്ച എല്ലാ സംഭവങ്ങളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്, ആവശ്യമായ വകുപ്പുകൾ ചുമത്തി കേസ് ചാർജ്ജ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ എല്ലാ പ്രതികൾക്കും നിയമമനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ച നിരവധിയായ കേസുകൾ കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളതിന്റെ ഒരു സാക്ഷ്യവും കുറ്റ സമ്മതവുമാണ്. ഇന്നലെയോ ഇന്നോ ആരെങ്കിലും പീഡിപ്പിക്കപ്പെട്ടോ അല്ലെങ്കിൽ മരണപ്പെട്ടോ എന്നതിന്റെ മാത്രമടിസ്ഥാനത്തിലല്ല സ്ത്രീകളുടെയും കുട്ടികളുടെയും അരക്ഷിത ജീവിതത്തെ സംബന്ധിച്ച് ഒരു നിയമനിർമ്മാണ സഭ ഉത്കണ്ഠപ്പെടേണ്ടതും അടിയന്തര പരിഗണനകൾക്ക് വിധേയമാകേണ്ടതും. കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചുവരികയാണ്. മുഖ്യമന്ത്രിതന്നെ നിരവധി കേസുകൾ ഇവിടെ പരാമർശിക്കുകയുണ്ടായി. കേരള പോലീസിന്റെ കണക്കനുസരിച്ച് 2021 ആഗസ്റ്റ് മാസംവരെ സ്ത്രീകൾക്കെതിരായി സംസ്ഥാനത്ത് നടന്ന അതിക്രമങ്ങൾ 9,594 ആണ്. 2016-ൽനിന്നും 2021-ലേയ്ക്ക് എത്തിയപ്പോൾ കേസുകളുടെ എണ്ണം കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം സൗകര്യപ്രദമായ കണക്കുകൾ മാത്രമാണ് വായിച്ചത്. 2016-ൽ റേപ് കേസുകൾ 1,656 ആണ്. അത് 2020 എത്തിയപ്പോഴേയ്ക്കും 1,880 ആയി വർദ്ധിച്ചു. എങ്ങനെയാണ് കേസുകൾ കുറയുന്നത്? പീഡന കേസുകളായാലും മറ്റു കേസുകളായാലും ഓരോന്നുമെടുത്ത് പരിശോധിച്ചാൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണെന്ന് മനസ്സിലാകും. അതുപോലെ തന്നെ 2016-ൽ 957 പോക്സോ കേസുകളായിരുന്നു രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 2021 ആഗസ്റ്റുവരെ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് 958 കേസുകളാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞ നിരവധിയായ കേസുകളുണ്ട്. ഇത് കേരളത്തിൽത്തന്നെയാണോ നടക്കുന്നതെന്ന് നമ്മൾ അതിശയിച്ചുപോകുന്ന തരത്തിലാണ് പല കുറ്റകൃത്യങ്ങളുടെയും റിപ്പോർട്ടുകൾ പുറത്തുവരുന്നത്. കഴിഞ്ഞ മൂന്നുമാസത്തിനിടെ മൂന്ന് കൂട്ടമാനഭംഗങ്ങളാണ് കേരളത്തിൽ അരങ്ങേറിയത്. കുറ്റ്യാടിയിലെ പ്രായപൂർത്തിയാകാത്ത ദളിത് പെൺകുട്ടിയെ പ്രണയിച്ച് നാലുപേർ സംഘം ചേർന്ന് പീഡിപ്പിച്ചു. പ്ലസ് ടു വിദ്യാർത്ഥിനിയെ ടൂറിസം കേന്ദ്രത്തിൽ കൊണ്ടു പോയാണ് പീഡിപ്പിച്ചത്. കടുത്ത മാനസിക സമ്മർദ്ദത്തെ തുടർന്ന് വീടുവിട്ടിറങ്ങി ഒരു പുഴയുടെ തീരത്തെ പാലത്തിന്റെ സമീപം സംശയാസ്പദമായ സാഹചര്യത്തിൽ ആ പെൺകുട്ടിയെ നാട്ടുകാർ കണ്ടെത്തുകയും പോലീസിനെ വിവരം അറിയിക്കുകയും ചെയ്തു. ആ കുട്ടി ആത്മഹത്യയ്ക്ക് ശ്രമിക്കുകയായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. കൊല്ലം സ്വദേശിനിയായ യുവതിയെ പ്രണയം നടിച്ച് കോഴിക്കോട് ഫ്ളാറ്റിൽ വിളിച്ചുവരുത്തി കൂട്ടബലാത്സംഗത്തിനിരയാക്കിയത് ഏതാനും നാളുകൾക്കു മുമ്പുമാത്രമാണ്. വീടുവിട്ടിറങ്ങിയ മാനസികവൈകല്യമുള്ള ചേവായൂരിലെ യുവതിയെ

ഷെഡിൽ നിർത്തിയിട്ടിരുന്ന ബസിൽ മൂന്നുപേർ മാനഭംഗപ്പെടുത്തിയത് രണ്ടുമാസം മുമ്പായിരുന്നു. മലപ്പുറം കൊണ്ടോട്ടിയിൽ......(ബഹളം).... ഇതുതന്നെയാണ് കേരളം ചർച്ച ചെയ്യേണ്ട വിഷയം. കാരണം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അപ്പുറത്തിരിക്കുന്ന വനിതാ അംഗങ്ങളുടെപോലും മനോഭാവം ഇതാണെങ്കിൽ കേരളം എങ്ങനെ രക്ഷപ്പെടും? മലപ്പുറം കൊണ്ടോട്ടിയിൽ നടന്നുപോകുകയായിരുന്ന പെൺകുട്ടിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചത് 15 വയസ്സുകാരനാണ്. പീഡനം ചെറുത്ത 22 വയസ്സുള്ള പെൺകുട്ടിയെ കല്ലുകൊണ്ടിടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. ആ പെൺകുട്ടി ആശുപത്രിയിലാണ്. വണ്ടിപ്പെരിയാറിൽ 6 വയസ്സുകാരിയെ നിരവധി തവണ ക്രൂരപീഡനത്തിനിരയാക്കി ലയത്തിലെ ഡി.വൈ.എഫ്.ഐ. നേതാവും റെഡ് വോളന്റിയറുമായ പ്രതി കൊന്ന് കെട്ടിത്തൂക്കിയ നടുക്കുന്ന സംഭവം അരങ്ങേറിയിട്ട് അധികം നാളുകളായില്ല. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പോയാൽ ഇത്തരം വിഷയങ്ങളിൽ അപ്പുറത്തിരിക്കുന്ന പല ആളുകളുടെയും യഥാർത്ഥ മനോഭാവമെന്താണെന്ന് വെളിവാകും. മലപ്പുറം ജില്ലയിലെ പാണ്ടിക്കാടിൽ 2016-ൽ പീഡനത്തിനിരയായ പെൺകുട്ടി 2021-ൽ തന്റെ പതിനേഴാമത്തെ വയസ്സിൽ മൂന്നാമതും പീഡനത്തിനിരയായി എന്ന നടുക്കുന്ന വാർത്ത നമ്മുടെ മുമ്പിലുണ്ട്. 2016-ൽ ആദ്യ പോക്സോ കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും സർക്കാരിന്റെ നിർഭയ ഹോമിൽ പാർപ്പിക്കപ്പെടുകയും ചെയ്ത ഒരു കൊച്ചുപെൺകുട്ടിയാണ് പുറത്തിറങ്ങിയതിനുശേഷം പിന്നീട് വീണ്ടും നിരവധിയാളുകളാൽ പീഡനത്തിനിരയായത്. നമ്മുടെ കേരളത്തിലെ ഒരു കൊച്ചു പെൺകുട്ടിയുടെ അവസ്ഥയാണിത്. നമ്മുടെ സ്ത്രീ-ശിശു സുരക്ഷാ സംവിധാനങ്ങളുടെ നടത്തിപ്പിലെ ഭയാനകമായ വീഴ്ചകളുടെ മകുടോദാഹരണമാണിത്. മലപ്പുറം കോട്ടയ്ക്കലിൽ പീഡനത്തിനിരയായ പതിനേഴുകാരി യു ട്യൂബ് നോക്കി പരസഹായമില്ലാതെ പ്രസവിച്ച വാർത്ത ഇന്നത്തെ പത്രങ്ങളിൽ നമ്മൾ വായിച്ചതാണ്. ഇത് ഉത്തരേന്ത്യയിലൊന്നുമല്ല. ഇതുപോലെ സമാനമായ സംഭവം മൂന്നുവർഷങ്ങൾക്കുമുമ്പ് ഉത്തരേന്ത്യയിലുണ്ടായിട്ടുണ്ട്. അതേ രീതിയിൽ കേരളത്തിൽ പതിനേഴ് വയസ്സുള്ള ഒരു പെൺകുട്ടി പീഡനത്തിനിരയായി ഗർഭിണിയായി പുറത്താരുമറിയാതെ റൂമിനുള്ളിൽ പരസഹായമില്ലാതെ യു ട്യൂബ് നോക്കി പ്രസവിച്ചു. മൂന്നു ദിവസങ്ങൾക്കുശേഷം ആ കുട്ടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഇതെവിടെയാണ് നടക്കുന്നത്; ഇതാണോ പ്രബുദ്ധ കേരളം? ഒരു വശത്ത് പതിനഞ്ചു വയസ്സുകാരൻ ഇരുപത്തിരണ്ട് വയസ്സുകാരിയെ ക്രൂരമായി പീഡിപ്പിക്കാൻ ശ്രമിക്കുന്നു. മറുവശത്ത് പതിനേഴ് വയസ്സുകാരി യു ട്യൂബ് നോക്കി

സ്വന്തം റൂമിൽ പ്രസവിക്കുന്നു. എവിടെയാണ് നമ്മുടെ സംവിധാനങ്ങൾ? ആ പെൺകുട്ടിക്ക് ഈ കാലയളവിൽ നമ്മുടെ ഔദ്യോഗിക സംവിധാനങ്ങളുമായോ പഠിപ്പിക്കുന്ന സ്കൂളിലെ അദ്ധ്യാപകരുമായോ ബന്ധപ്പെടാൻ സാധിച്ചില്ലെന്നു പറഞ്ഞാൽ പിന്നെ എന്ത് സംവിധാനമാണ് നമ്മുടെ നാട്ടിൽ നിലവിലുള്ളത്? ക്രൂര പീഡനത്തിനിരയായതിനുശേഷം നീതിതേടി ഭരണസംവിധാനത്തിലും നിയമപരിപാലന സംവിധാനങ്ങൾക്കും മുന്നിലേയ്ക്കെത്തുന്ന കുഞ്ഞുങ്ങളെപ്പോലും തുടർ ആക്രമണങ്ങളിൽനിന്നും സുരക്ഷിതരാക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെയെന്തിനാണ് പൊതുജനങ്ങളുടെ നികുതിയിൽനിന്ന് ആനുകൂല്യങ്ങൾ പറ്റി നമ്മുടെ സംസ്ഥാനത്ത് പല സംവിധാനങ്ങൾ പ്രവർത്തിക്കുന്നതും നമ്മളൊക്കെ ഇവിടെയിരിക്കുന്നതും. വനിതാ കമ്മീഷനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സെക്ഷ്വൽ ഹരാസ്മെന്റ് റിഡ്രെസ്സൽ കമ്മിറ്റിയുമൊക്കെ ഒന്നുകിൽ പിരിച്ചുവിടണം, അല്ലെങ്കിൽ അവർക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ സംവിധാനങ്ങളൊരുക്കാൻ സർക്കാർ തയ്യാറാകണം. .....(ബഹളം)... വാട്ട്സ് ആപ്പിലൂടെ പെൺകുട്ടികൾക്ക് മോശമായ സന്ദേശങ്ങൾ നിരന്തരമായി അയയ്ക്കുന്നതിന്റെ പേരിൽ ചെമ്പഴന്തിയിലെ കോളേജ് അദ്ധ്യാപകനെതിരെ 9 പെൺകുട്ടികൾ പരാതി നൽകിയിരിക്കുകയാണ്. പ്രതി അദ്ധ്യാപക സംഘടനാ നേതാവായതു കൊണ്ട് സെക്ഷ്വൽ ഹരാസ്മെന്റ് റിഡ്രെസ്സൽ കമ്മിറ്റി പരാതി കൊടുത്ത പെൺകുട്ടികളെ വിളിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹളം വയ്ക്കുന്ന ആളുകൾ പോയി അന്വേഷിക്കണം. ഈ സാഹചര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പാഠ്യപദ്ധതിയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യേണ്ടതല്ലേ? കേസുകൾ ഇങ്ങനെ വിവരിക്കാൻ തുടങ്ങിയാൽ ഒരുപാട് പറയേണ്ടിവരും. ഭരണകക്ഷി അംഗം ശ്രീ. എം. രാജഗോപാലൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ഒരു ചോദ്യം, 'സംസ്ഥാനത്ത് തുടരെത്തുടരെയുണ്ടാകുന്ന സ്ത്രീപീഡനങ്ങളിലെ ഇരകൾക്ക് നീതികിട്ടാനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും അതിക്രമങ്ങൾക്ക് തടയിടാൻ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാതിരിക്കാനുമുള്ള കടുത്ത നടപടികൾ സ്വീകരിക്കുമോ' എന്നാണ്. കേരളത്തിൽ ഇത്തരത്തിലുള്ള കേസുകളിൽ ഉൾപ്പെടുന്നവർക്ക് മുൻകൂർ ജാമ്യം ലഭിക്കാനുള്ള എല്ലാ സംവിധാനങ്ങളും സൗകര്യങ്ങളും ഈ ഭരണത്തിന്റെ കീഴിലുണ്ടെന്ന് ഒരു ഭരണകക്ഷി എം.എൽ.എ. തന്നെ ഇതിലൂടെ സാക്ഷ്യപ്പെടുത്തുകയാണ്. ഇത്തരം കേസുകളിൽ പോലീസിന്റെ സമീപനമെന്താണ്? ......(ബഹളം).... പ്രിയപ്പെട്ട എ. എൻ. ഷംസീർ, എന്നെക്കൊണ്ട് വണ്ടിപ്പെരിയാറിലെ കേസും

കോട്ടയത്തുണ്ടായ കേസുമൊന്നും പറയിപ്പിക്കരുത്. അതൊക്കെ പറഞ്ഞാൽ നമ്മുടെ ഇപ്പോഴുള്ള ഈ സൗഹൃദം ഇല്ലാതാകും. അത്രയധികം കേസുകളാണ് കേരളത്തിലിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, അങ്ങ് എരിതീയിൽ എണ്ണ ഒഴിക്കേണ്ട. ചെയറിനെ അഡ്രസ് ചെയ്യൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തുടർച്ചയായി ഇങ്ങനെ പ്രസംഗം തടസ്സപ്പെടുത്തുന്നത് ശരിയാണോ? അങ്ങ് പറയൂ.

മി. സ്പീക്കർ: അങ്ങോട്ട് അഭിസംബോധന ചെയ്തല്ല അംഗങ്ങൾ പ്രസംഗിക്കേണ്ടത്. ചെയറിനെയാണ് അഭിസംബോധന ചെയ്യേണ്ടത്. ചെയർ ഇടപെടുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: ഇത്രയും ഗുരുതരമായിട്ടുള്ള ഒരു വിഷയം, പ്രത്യേകിച്ച് നമ്മുടെ നാട്ടിലെ സ്ത്രീകൾ, അമ്മമാർ, പെൺമക്കൾ, പെങ്ങന്മാർ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ഈ സഭയിൽ ചർച്ചചെയ്യുമ്പോൾ എന്തിനാണ് ഇത്ര അസ്വസ്ഥത പ്രകടിപ്പിക്കുന്നത്? ഭരണ-പ്രതിപക്ഷ വ്യത്യാസംകൂടാതെ ഇത്തരം വിഷയങ്ങളെ അഡ്രസ് ചെയ്യേണ്ട ഉത്തരവാദിത്വം നമ്മൾ ഓരോരുത്തർക്കുമില്ലേ? അത് നമ്മൾ ഭംഗിയായി നിർവ്വഹിച്ചിട്ടില്ലെങ്കിൽ നാളെ കേരളത്തിലെ പൊതുസമൂഹം നമ്മെനോക്കി എന്തു ചോദിക്കും? അതുകൊണ്ടാണ് ഈ വിഷയം പ്രതിപക്ഷം ഇവിടെ കൊണ്ടുവരുന്നത്. ഈ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുകതന്നെ വേണം. ഇത്തരം വിഷയങ്ങളിൽ പോലീസിന്റെ സമീപനമെന്താണ്; ഇത്തരം കുറ്റകൃത്യങ്ങളിൽ പോലീസിന് ഉത്തരവാദിത്വമുള്ള എന്ത് സംവിധാനമാണുള്ളത്? പോക്കറ്റടി കേസുകളോ അതിർത്തി തർക്കമോ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്ക് ഇന്ന് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വരികയാണ്. ഇതൊരു വാർത്തയല്ലാതായി മാറുന്നു. അനുദിനമുണ്ടാകുന്ന ഏതെങ്കിലുമൊരു കേസെന്ന രീതിയിലേയ്ക്ക് ഇത്തരം കേസുകൾ മാറുന്നത് അതീവ ഗുരുതരമാണ്. തിരുവനന്തപുരത്ത് അനുപമ എന്ന അമ്മയ്ക്കുണ്ടായ സംഭവം നമുക്കറിയാം. പാർട്ടി കമ്മിറ്റികൂടി കുട്ടിയെ തിരികെ നൽകാൻ തീരുമാനിച്ചതുകൊണ്ട് പോലീസിന് ഈ കേസുമായി മുന്നോട്ട് പോകാം. ഇതുപോലെ മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെട്ട് വിവാദമായി പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത് കൃത്യമായ അന്വേഷണം നടക്കുന്ന എത്ര കേസുകളുണ്ടാകും? എത്ര കേസുകൾ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്നുണ്ടെന്നുള്ളത് ചിന്തിക്കേണ്ട കാര്യമല്ലേ? പല കേസുകളിലും പോലീസ് സെറ്റിൽമെന്റിന് ശ്രമിക്കുന്നു. അവരെ ബോധവൽക്കരിക്കണമെന്ന് പറഞ്ഞത്

പുതുതായി ചുമതലയേറ്റ സംസ്ഥാന വനിതാ കമ്മീഷന്റെ ചെയർപേഴ്സനാണ്. അത് ഗൗരവമായി കാണേണ്ട കാര്യമാണ്. ഇത്തരം കേസുകളിൽ ആഭ്യന്തര വകുപ്പിന്റെയും നിയമ വകുപ്പിന്റെയുമൊക്കെ കുറ്റകരമായ നടപടികൾ പരിശോധിക്കേണ്ടതാണ്. കേരള മന:സാക്ഷിയെ പിടിച്ചുകുലുക്കിയ വാളയാറിലെ പോക്സോ കേസുപോലും എത്ര നിരുത്തരവാദപരമായാണ് കേരള പോലീസ് കൈകാര്യം ചെയ്തതെന്ന് നമ്മൾ കണ്ടതാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ പോക്സോ കേസ്സുകളുടെ ശിക്ഷാ നിരക്ക് കേവലം 2.87 ശതമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ കണക്ക്. 2014-15 കാലഘട്ടത്തിൽ ഇത് 18 ശതമാനംവരെ ഉയർന്ന നിലയിലേയ്ക്കുപോയി. പോലീസിനെ സംബന്ധിച്ചിടത്തോളം ലാ ആൻഡ് ഓർഡർ, ക്രൈം ഇൻവെസ്റ്റിഗേഷൻ എന്നീ രണ്ട് ഉത്തരവാദിത്വങ്ങളുണ്ട്. ഇക്കാര്യങ്ങളിൽ പോലീസിന് കൃത്യമായ അന്വേഷണം നടത്താനുള്ള സൗകര്യമൊരുക്കി ക്കൊടുക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും പ്രത്യേക പരിശീലനം ലഭിച്ച സ്പെഷ്യൽ പോലീസ് ടീമിനെ രൂപീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ദയവുചെയ്ത് അവർക്ക് മറ്റ് കേസ്സുകൾ കൊടുക്കരുത്. അത്തരം സ്പെഷ്യൽ ടീമുകളെ രൂപീകരിച്ചുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസുകളിൽ കൃത്യമായ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചെങ്കിൽ മാത്രമേ ഇത്തരം കേസുകളിൽ പ്രതികളായവർ ശിക്ഷിക്കപ്പെടുകയുള്ളൂ. അതിന് പ്രത്യേക കോടതികളുൾപ്പെടെ രൂപീകരിച്ചു കൊണ്ട് ഇനി സംസ്ഥാനത്ത് ഇത്തരം കേസുകളുണ്ടാവില്ലെന്ന നിലയിലേയ്ക്ക് എത്തേണ്ടതുണ്ട്. ഈ ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ എന്തോ മറച്ചുവയ്ക്കാൻ ശ്രമിച്ചുവെന്ന മട്ടിൽ ബഹുമാന്യനായ അംഗം ഒരുകാര്യം അവതരിപ്പിക്കുകയുണ്ടായി. റേപ് കേസ്സിന്റെ എണ്ണം സംബന്ധിച്ച് ഞാൻ കുറച്ച് പറഞ്ഞു, എന്തോ മറച്ചുവച്ചു എന്നരീതിയിലാണ് അദ്ദേഹം സംസാരിച്ചത്. അത് 2017-ൽ 2003-ഉം 2018-ൽ 2005-ഉം 2019-ൽ 2023-ഉം 2020-ൽ 1880-ഉം ആയിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. മേൽപ്പറഞ്ഞ വർഷങ്ങളിലെ എണ്ണത്തിലുണ്ടായ കുറവ് വലിയതോതിൽ അഭിമാനിക്കാനുള്ള വകയൊന്നുമല്ല. കാരണം ഇത്രയുമുണ്ടായില്ലേ? അത് നാം കാണാതിരിക്കരുത്. കേരളീയ സമൂഹത്തിൽ നാം എപ്പോഴും ചില പ്രത്യേകതകൾ കാണുന്നുണ്ട്. അതിൽനിന്ന് വ്യത്യസ്തമായ സംഭവങ്ങളുണ്ടാകുമ്പോൾ എല്ലാവർക്കും ഉത്കണ്ഠയുണ്ടാകും. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാവുക

യെന്നതാണ് ഏറ്റവും പ്രധാനം. ചില സംഭവങ്ങളുണ്ടാകുമ്പോൾ അതിൽ ഇടപെടുന്നതിലോ കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്യുന്നതിലോ തുടർനടപടികൾ സ്വീകരിക്കുന്നതിലോ പോലീസിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചോ? അദ്ദേഹം പ്രമേയത്തിലെഴുതി ഉന്നയിച്ച കാര്യങ്ങളെക്കുറിച്ചാണ് ഞാൻ ആദ്യഭാഗത്ത് പറഞ്ഞത്. ആ സംഭവങ്ങളിൽ ചിലത് അദ്ദേഹം ഇവിടെ ആവർത്തിച്ചിട്ടുമുണ്ട്. പക്ഷേ ആ സംഭവങ്ങളിലേതിലെങ്കിലും ഇടപെടുന്നതിൽ സർക്കാർ സംവിധാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നൊരു പരാതി ബഹുമാന്യനായ അംഗത്തിനുതന്നെയില്ല. മറ്റ് വികാരങ്ങളോട് ഞാനും പൂർണ്ണമായി പങ്കുചേരുകയാണ്. കുറ്റ്യാടിയിൽ സംഭവിച്ചതുപോലെ നാലുപേർ ചേർന്ന് ഒരു പാവപ്പെട്ട പെൺകുട്ടിയെ പീഡിപ്പിച്ച സംഭവമുണ്ടാകാൻ പാടില്ല. അതിൽ നമുക്കെല്ലാം ഒരേവികാരം തന്നെയാണ്. പക്ഷേ സർക്കാർ സംവിധാനത്തിന് അതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചതായി കാണാൻ കഴിയില്ല. അതുപോലെ, കൊല്ലത്തുള്ള യുവതിയെ പ്രണയം നടിച്ച് കോഴിക്കോടെത്തിച്ച് ബലാത്സംഗം ചെയ്ത സംഭവം അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിൽ സർക്കാർ സംവിധാനത്തിന് വീഴ്ച സംഭവിച്ചുവെന്ന പരാതിയില്ല. അത്തരം സംഭവങ്ങളുണ്ടാകാൻ പാടില്ല. അതിൽ നമുക്കെല്ലാവർക്കും ഒരേ വികാരമാണ്. പ്രണയത്തിന്റെ ഭാഗമായി നടക്കാൻ പാടില്ലാത്ത കാര്യം സമൂഹത്തിൽ സംഭവിക്കുമ്പോൾ നമുക്കെല്ലാം ഒരേ വികാരത്തോടെ അതിനെ സമീപിക്കാൻ കഴിയുന്നുണ്ട്. ഇക്കാര്യം പരിശോധിച്ചാൽ സർക്കാരിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചുവെന്ന് പറയാൻ കഴിയില്ല. മലപ്പുറത്തെ കൊണ്ടോട്ടിയിലെ സംഭവം അദ്ദേഹം പറയുകയുണ്ടായി. നമുക്ക് സാധാരണഗതിയിൽ അത് ഊഹിക്കാൻ കഴിയുമോ? 15 വയസ്സുള്ള കുട്ടി, പാലിന്റെ മണം മാറാത്ത കുട്ടിയെന്ന് നമ്മൾ സാധാരണ ചെറിയ കുട്ടികളെക്കുറിച്ച് പറയാറുണ്ട്. അത്തരമൊരു കുട്ടിയാണ് ഒരു യുവതിയെ കടന്നുപിടിക്കാനും ബലാത്സംഗം ചെയ്യാനും ശ്രമിക്കുന്നത്. നമ്മുടെ സമൂഹത്തിലത് സംഭവിക്കാൻ പാടില്ലാത്തതാണ്. അതിലും നമുക്ക് ഒരേ വികാരമാണ്. ഇതിലൊന്നും രണ്ട് വികാരത്തിന്റെ പ്രശ്നമില്ല. ആ സംഭവത്തിൽ കൃത്യമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇതാണോ 'പ്രബുദ്ധ കേരളം' എന്നതിന്റെ ഭാഗമായി ഈ 15 വയസ്സുകാരന്റെ അനുഭവവും യു ട്യൂബ് നോക്കി പ്രസവിച്ച പെൺകുട്ടിയുടെ അനുഭവവും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. നാമെല്ലാം പറയുന്നതും അഭിമാനിക്കുന്നതുമായ പ്രബുദ്ധ കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്തതാണിതെന്നതിൽ സംശയമില്ല. പക്ഷേ, ഇതാണോ കേരളത്തിലാകെ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നോ കേരളം അത്തരമൊരു നാടായി മാറിയിട്ടു

ണ്ടെന്നോ നമുക്ക് പറയാൻ കഴിയില്ല. അതേസമയം സംഭവിക്കാൻ പാടില്ലാത്ത കാര്യം സംഭവിച്ചിരിക്കുന്നു. ആ സംഭവത്തിൽ കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുംവിധമുള്ള നടപടിയാണ് സർക്കാർ സംവിധാനത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഇവിടെ പലതരത്തിലുള്ള സംവിധാനങ്ങളെന്തിനാണെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. സർക്കാർ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പലതരത്തിലുള്ള സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. നേരത്തെ പലഘട്ടങ്ങളിലും അത് സൂചിപ്പിച്ചതാണ്. എങ്കിലും അദ്ദേഹം അത് പറഞ്ഞതുകൊണ്ട് ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. കഴിഞ്ഞ ജൂൺ മാസത്തിലാണ് നാം 'അപരാജിത' എന്ന പദ്ധതി ആരംഭിച്ചത്. കേരളത്തിലുണ്ടാകാൻ പാടില്ലാത്ത ചില സംഭവങ്ങളുണ്ടായതിന്റെ ഭാഗമായി സ്വീകരിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെയാണ് നിയമിച്ചിട്ടുള്ളത്. വളരെ ഫലപ്രദമായി അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന പെൺകുട്ടികളോ സ്ത്രീകളോ ഇതിന്റെ നമ്പരിൽ വിളിച്ച് പറഞ്ഞാൽ അവർക്ക് ഇടപെടാൻ കഴിയുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കുമായി 'നിഴൽ' എന്നൊരു പദ്ധതി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതു സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം. വിളിക്കുന്നയാൾ നിൽക്കുന്ന സ്ഥലം പറയേണ്ടതില്ല, ആധുനികവിദ്യയുടെ സഹായത്തോടെ ഫോൺ സ്വീകരിക്കുന്നയാൾക്ക് മനസ്സിലാക്കാനും കൃത്യമായി ഇടപെടാനും കഴിയും. അതുപോലെതന്നെ ചിലപ്പോൾ നമ്പർ ഡയൽ ചെയ്യാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നു തവണ അമർത്തിയാൽ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും അവർ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുന്ന സ്ഥിതിയുണ്ടാകുകയും ചെയ്യും. '112 ഇന്ത്യ' എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാൻഡ് സെന്ററിൽ സന്ദേശമെത്തും. പിങ്ക് പോലീസ് പട്രോൾ എന്നത് നമ്മൾ ധാരാളം ചർച്ച ചെയ്ത കാര്യമാണ്, അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിലുള്ള വിവിധ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കി വരികയാണ്. സ്ത്രീകൾക്കുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം നിർദ്ദേശിക്കാനുമായി നമ്മുടെ സംസ്ഥാനത്ത് 'കാതോർത്ത്' എന്ന പേരിൽ ഓൺലൈൻ കൺസൾട്ടൻസി സംവിധാനം നിലനിൽക്കുന്നുണ്ട്. വനിതാ വികസന വകുപ്പിന്റെ വാട്സ് ആപ്പ് ഹെൽപ്പ്ലൈനുണ്ട്. അതും നല്ല രീതിയിൽ

പ്രവർത്തിച്ചുവരികയാണ്. അതുപോലെ തപാൽ വകുപ്പുമായി ചേർന്നുള്ള 'രക്ഷാദൂത്' എന്ന പദ്ധതിയുണ്ട്. സ്ത്രീകളുടെ പരാതി കേൾക്കുന്നതിനായി 'മിത്ര-181' എന്ന ഹെൽപ്പ്ലൈനുണ്ട്. അതുപോലെതന്നെ ഗാർഹിക ലൈംഗികാതിക്രമങ്ങൾ ക്കിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം നൽകാനുള്ള 'വൺ സ്റ്റോപ്പ് സെന്റർ' സ്കീമുകളുമുണ്ട്. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന പദ്ധതിയാണ് 'നിർഭയ'. ഇത്തരത്തിലുള്ള വിവിധ പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. ഏതു കാര്യത്തിലും ഫലപ്രദമായ നടപടിയെടുക്കുകയും ആക്ഷേപകരവും കുറ്റകരവുമായ സംഭവങ്ങളു ണ്ടായാൽ ഫലപ്രദമായി ഇടപെടുകയും ചെയ്യുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പഠനരീതിയിലും കോഴ്സുകളിലും പാഠ്യ സമ്പ്രദായങ്ങളിലും ആവശ്യമായ മാറ്റം വരുത്തണമെന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു നിർദ്ദേശം. ചില കാര്യങ്ങളിൽ വേണ്ട രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ പഠന രീതികളിൽ വരുത്തുന്നതിന് സർക്കാർ എതിരല്ല; മാത്രമല്ല അതുമായി ബന്ധപ്പെട്ട് ചില നടപടികൾ സ്വീകരിക്കണമെന്ന് നേരത്തെ തന്നെ നാം ആലോചിച്ചി ട്ടുള്ളതുമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികളുണ്ട്. പോക്സോ കേസുകൾ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നീ കേസുകൾ വേഗത്തിൽ തീർക്കുക എന്നുള്ളത് പ്രധാനമാണ്. കുറ്റകൃത്യങ്ങളുടെ നിരക്ക് കൂടിയാൽ ആദ്യം മുതൽ ആവശ്യമായ നിയമസഹായം ലഭ്യമാക്കുക എന്നത് ഏറ്റവും പ്രധാനമാണ്. ഇക്കാര്യത്തിൽ രാജ്യത്താകെയുള്ള സ്ഥിതിഗതികൾ വച്ചുകൊണ്ട് സുപ്രീം കോടതിയടക്കം വ്യക്തതയാർന്ന നില പാടുകൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഭാഗമായി സംസ്ഥാനത്തും കൂടുതൽ ശക്തമായ രീതിയിൽ ഈ അന്വേഷണങ്ങൾ നടത്തുക, അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ കൃത്യമായ കാലയളവിൽ ആ തസ്തികയിൽ തന്നെയുണ്ടാകുക, അവർക്ക് പ്രത്യേകം നിയമപരമായ പരിശീലനം ലഭ്യമാക്കുക, നിയമങ്ങളെക്കുറിച്ച് അവഗാഹമുണ്ടാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ ഇതിന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്നു. ഇത്തരം കാര്യങ്ങളിൽ സംസ്ഥാനത്താകെ ശ്രദ്ധ കേന്ദ്രീകരിച്ച് നീങ്ങുന്നതിനുള്ള ഒരു സംവിധാനം പോലീസ് സേനയ്ക്കകത്തൊരു ക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിന്റെ പ്രത്യേകത തകർക്കുന്ന രീതിയിലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ നാം അതിനെ ഗൗരവമായി കാണുകയും ശക്തമായ നടപടിയിലേയ്ക്ക് നീങ്ങുകയും ചെയ്യും. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയുമുണ്ടാകില്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു പ്രശ്നവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു സമൂഹം അവിടെയുള്ള സ്ത്രീകളോട് പെരുമാറുന്നത് എങ്ങനെയെന്നത് അളവുകോലാക്കിയാണ് പരിഷ്കൃതമാണോ അല്ലയോയെന്ന് തീരുമാനിക്കുന്നത്. അതാണ് അളവു കോലെങ്കിൽ കേരളം ഒരു പരിഷ്കൃതസമൂഹമാണെന്ന് അഭിമാനിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിൽ നാം എത്തിനിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ രണ്ടാം ഭാഗത്തിൽ അദ്ദേഹം ചെയ്യാൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിച്ചു. അതുതന്നെ ഞങ്ങൾ ഈ വിഷയം നിയമസഭയിൽ കൊണ്ടുവന്നതിന്റെ സാംഗത്യം ഉയർത്തിപ്പിടിക്കുകയാണ്. കത്വ, ഉന്നാവ്, ഹത്രാസ് എന്നിവിടങ്ങളിലൊക്കെ കൂട്ട മാനഭംഗങ്ങൾ നടന്നപ്പോൾ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുകയും ആ ചർച്ചയിൽ നമ്മളും പങ്കാളികളാകുകയും ചെയ്തു. കുഞ്ഞുങ്ങളോടും പെൺകുട്ടികളോടും ഇങ്ങനെ പെരുമാറുന്നതു കണ്ടിട്ട് നമ്മുടെ മനസ്സിൽ ആധിയും തീയുമുണ്ടായി. അതിനെക്കുറിച്ച് നമ്മൾ കരുതിയത് വടക്കേ ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിലെ അപരിഷ്കൃതമായ സാഹചര്യങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളാണെന്നാണ്. അതേ കാര്യങ്ങൾ 'പ്രബുദ്ധർ' എന്ന് ശ്രീ. റോജി എം. ജോൺ വിശേഷിപ്പിച്ച കേരളത്തിൽ സംഭവിക്കുമ്പോൾ അത് നമുക്ക് ഉത്കണ്ഠയുണ്ടാക്കുകയാണ്. ഇപ്പോൾ കുറ്റ്യാടി, കോഴിക്കോട്, മലപ്പുറം, വിതുര, കുറിച്ചി എന്നിവിടങ്ങളിൽ സ്ത്രീപീഡനങ്ങളുണ്ടായി. ഏറ്റവുമവസാനം എം. ജി. യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു വനിതാ വിദ്യാർത്ഥി നേതാവ് അപമാനിക്കപ്പെട്ടു; പാലായിലെ കോളേജ് വിദ്യാർത്ഥിനിയെ പട്ടാപ്പകൽ നടുറോഡിലിട്ട് കുത്തിക്കൊന്നു; കോതമംഗലത്ത് വെടിവച്ചുകൊന്നു. നമ്മൾ കണക്ക് പറഞ്ഞ് തർക്കിക്കേണ്ട ഒരു വിഷയമല്ലയിത്, മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്, അങ്ങ് വായിച്ച അതേ പേപ്പറിൽ ഒരു കണക്കുണ്ട്. റേപ്പിന്റെ കണക്ക്; 2016-ൽ 1656 ആയിരുന്നു. 2020-ൽ 1880 ആയി. അത് ഈ വർഷം 7 മാസം കൊണ്ട് 1446 ആയി വർദ്ധിച്ചിരിക്കുകയാണ്. നമ്മുടെ ചുറ്റുപാടുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളാണ്. പ്രാദേശിക വാർത്തകൾ പല സ്ഥലത്തും വേറെയുമുണ്ട്. സംസ്ഥാന തലത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത കാര്യങ്ങളും പല രീതിയിലുള്ള പ്രശ്നങ്ങളുമുണ്ട്. പോലീസ് കേസെടുത്തില്ലേ എന്നാണ് മുഖ്യമന്ത്രി ചോദിക്കുന്നത്. ഒരു പ്രധാനപ്പെട്ട ചോദ്യമുണ്ട്. പോലീസിന്റെ ജോലി ഇൻവെസ്റ്റിഗേഷൻ മാത്രമാണോ; കുറ്റകൃത്യം നടന്നുകഴിഞ്ഞാൽ പ്രിവൻഷനില്ലേ? പ്രത്യേക കുറ്റകൃത്യങ്ങൾ കേരളത്തിൽ വ്യാപകമായി ആവർത്തിക്കപ്പെടുമ്പോൾ അത് നടക്കാതിരിക്കുന്നതിനുവേണ്ടിയുള്ള പ്രിവൻഷൻ ഓഫ് ക്രൈം എന്നതും പോലീസിന്റെ ഡ്യൂട്ടിയല്ലേ; അല്ലാതെ പോലീസിംഗ് എന്നു പറഞ്ഞാൽ ഇൻവെസ്റ്റിഗേഷൻ മാത്രമാണോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതൊരു ഭാഗമാണ്. 15 വയസ്സുള്ള കുട്ടി പ്രതിയായ കേസ്, ഇതുവരെ ഒരുതരത്തിലുള്ള കുറ്റകൃത്യത്തിലും ആ കുട്ടി പങ്കാളിയായിട്ടില്ലെന്ന് പൊതുസമൂഹം തന്നെ പറയുന്നു. പക്ഷേ പെട്ടെന്നൊരു ദിവസം ആ കുട്ടി അങ്ങനെ ചെയ്തു. അതുപോലുള്ള സംഭവങ്ങളും നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്നില്ലേ; നിങ്ങൾ ആ കുട്ടിയുടെ കാര്യത്തിൽ ആദ്യം എന്ത് കരുതലാണെടുക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, നമുക്കൊരു വലിയ മെസ്സേജ് കൊടുക്കാൻ കഴിയണം എന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ക്രൈം നടക്കാതിരിക്കുന്നതിനു വേണ്ടി പോലീസ് ശ്രമിക്കുന്നു. പക്ഷേ ക്രൈം നടന്നാൽ ഇൻവെസ്റ്റിഗേഷൻ മുതൽ പ്രോസിക്യൂഷൻ കേസും തെളിവുമുണ്ടാക്കി സ്ട്രോങ് കേസ്സാക്കി മാറ്റി കോടതിയിൽനിന്നും പ്രതികൾക്ക് ഉറപ്പായും ശിക്ഷ വാങ്ങിക്കൊടുക്കുന്നതുവരെ പോലീസിന് ഉത്തരവാദിത്വമുണ്ട്. വാളയാർ കേസ്സിൽ ദയനീയമായി നമ്മൾ പരാജയപ്പെട്ടു. കോടതിയും അതുതന്നെ പറഞ്ഞു. കെട്ടിത്തൂക്കപ്പെട്ടത് 9-ഉം 13-ഉം വയസ്സുള്ള രണ്ട് ദളിത് പെൺകുട്ടികളാണ്. അതൊക്കെ കൊടുക്കുന്നൊരു തെറ്റായ സന്ദേശമുണ്ട്. എന്തുകൊണ്ടാണ് സ്ത്രീകൾക്കെതിരെയായ അതിക്രമങ്ങൾ ഇത്രമാത്രം വർദ്ധിക്കുന്നതെന്ന് നമ്മൾ പരിശോധിക്കണം. എല്ലാ വിദേശ രാജ്യങ്ങളിലും വികസിത രാജ്യങ്ങളിലും സ്ത്രീകൾക്കെതിരായി ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടെ മാനസികാവസ്ഥയെക്കുറിച്ച് പോലീസ് തന്നെ പഠനം നടത്തും. മഹാമാരിക്കാലത്തെ ലോക്ഡൗണിൽ ആളുകൾ വീട്ടിലിരുന്നത് അവരുടെ മാനസികാവസ്ഥയെ വികലമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്യപ്പെടണം. അതുപോലെ മയക്കുമരുന്നുപയോഗവും വർദ്ധിച്ചുവരികയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം കുറഞ്ഞുവരുകയും മയക്കുമരുന്നിന്റെ ഉപയോഗം ഗണ്യമായി കൂടുകയും ചെയ്യുന്നു. മയക്കുമരുന്നുണ്ടാക്കുന്ന ക്രൈം നാം ഉദ്ദേശിക്കുന്നതിനുമപ്പുറമാണ്. നമ്മൾ പ്രതീക്ഷിക്കാത്ത ആളുകൾ മയക്കുമരുന്ന് കഴിച്ച് വേറെ മനുഷ്യരായി മാറുകയാണ്. ഡ്രഗ്സ്സിന്റെ പേരിൽ കുടുംബത്തിനകത്തു പോലും കുറ്റകൃത്യങ്ങൾ നടക്കുകയാണ്. ഇപ്പോൾ കുട്ടികൾക്ക് darknet addiction ഉണ്ട്. 12 വയസ്സുള്ള മകൻ ഏത് സമയത്തും മൊബൈലിൽ കളിക്കുകയാണെന്ന് ഒരു സ്ത്രീ എന്നെ വിളിച്ചുപറഞ്ഞു. അവനിൽ നിന്ന് മൊബൈൽ വാങ്ങിയാൽ ആത്മഹത്യ ചെയ്യുമെന്നാണ് പറയുന്നത്. രാത്രി 12 മണിക്ക് എന്നെ വിളിച്ച് ഒരമ്മ കരയുകയാണ്. ഈ darknet addiction കുട്ടികളുടെയിടയിൽ വലിയ വിഷയമായി മാറുകയാണ്. സോഷ്യൽ മീഡിയ കുട്ടികളെയും ചെറുപ്പക്കാരെയും തെറ്റായ രീതിയിൽ സ്വാധീനിക്കുകയാണ്.

അതുപോലെതന്നെ ഒരു വിഷയമാണ് നീതിനിർവ്വഹണത്തിലെ കെടുകാര്യസ്ഥത. പോലീസ് സ്റ്റേഷനിൽ ഒരു പെൺകുട്ടി കേസുമായി ചെന്നാൽ ആദ്യം അവളെ പരിഹസിക്കുകയാണ്. അതായത് അതൊരു മുൻവിധിയാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന പെൺകുട്ടികളുടെ/സ്ത്രീകളുടെ കഴിഞ്ഞകാലമോ അല്ലെങ്കിൽ അവരുടെ കുടുംബപശ്ചാത്തലമോ ആണ് അന്വേഷിക്കുന്നത്. അവൾ ആൾ ശരിയല്ല; അല്ലെങ്കിൽ അവൾ തെറ്റായ വഴിയിലൂടെ സഞ്ചരിക്കുന്നവളാണ് എന്നൊരു മുൻവിധിയുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നോക്കിക്കാണുന്നത്. ഓരോരുത്തരും ഓരോ സാഹചര്യത്തിലല്ലേ ചെന്നുപെടുന്നത്. മാത്രമല്ല, ടീനേജേഴ്സിന്റെ പ്രശ്നം, അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയുടെ ഘട്ടമാണ്. അവർ ആരുടെ കെണിയിലും വീണുപോകും. നമ്മൾ ആ കുട്ടികളെ കുറ്റപ്പെടുത്തുന്നത് എന്തിനാണ്? അത് പ്രായത്തിന്റെ പ്രശ്നമാണ്. ആ പ്രായത്തിൽ അവർ ജീവിക്കുന്ന സാഹചര്യങ്ങൾ, അടച്ചുറപ്പില്ലാത്ത വീട്, താമസിക്കുന്ന സ്ഥലത്തെ അരക്ഷിതാവസ്ഥ തുടങ്ങിയവയെല്ലാം ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഞാൻ വണ്ടിപ്പെരിയാറിൽ പോയിരുന്നു. ഒരു സുരക്ഷിതത്വവുമില്ലാത്ത സ്ഥലത്താണ് കൊല്ലപ്പെട്ട ആ കുഞ്ഞ് താമസിച്ചിരുന്നത്. എല്ലാവരും അടച്ചുറപ്പുള്ള വീട്ടിലല്ലല്ലോ താമസിക്കുന്നത്? അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കുന്ന കുട്ടികൾപോലും ഇറങ്ങിപ്പോകുന്ന തരത്തിലുള്ള external influence വളരെ ഗൗരവത്തോടുകൂടി കാണണം. സ്ത്രീകൾക്ക് തുല്യനീതി കൊടുക്കണം. ഒരു സ്ത്രീ നടന്നുപോകുമ്പോൾ അത് ചരക്കാണെന്നാണ് പറയുന്നത്. ചരക്ക് എന്നു പറഞ്ഞാൽ കമ്മോഡിറ്റിയാണെന്ന് നമുക്കെല്ലാമറിയാം. ഒരു വില്പന വസ്തുവിനെപ്പോലെയാണ് കാണുന്നത്. തുല്യനീതിയോ തുല്യപങ്കാളിത്തമോ കൊടുക്കാതെ ഒരു കമ്മോഡിറ്റിയായി സ്ത്രീയെ കാണുന്ന സമീപനം പാടില്ല. എത്ര വലിയ ആളുകളാണെന്ന് പറഞ്ഞാലും ഈ ആണത്ത അധികാരം വല്ലാതെ ത്രസിച്ചുനിൽക്കുന്ന ഒരു പാട്രിയാർക്കൽ സൊസൈറ്റിയാണ് കേരളം. നമ്മുടെ മൈൻഡ്സെറ്റ് തന്നെ സ്ത്രീ വിരുദ്ധമാണ്. പലപ്പോഴും കേരളം തന്നെ സ്ത്രീവിരുദ്ധമാണോയെന്ന് തോന്നിപ്പോകുന്ന തരത്തിലുള്ള വാക്കുകളും പ്രയോഗങ്ങളും ചിന്തകളുമാണ് നമുക്കുള്ളത്. ഇതിനെല്ലാം മാറ്റം വരണം. ഇരയാണ് വിചാരണ ചെയ്യപ്പെടുന്നത്. തിരുവനന്തപുരത്തെ ഒരു പെൺകുട്ടിയുടെ വിഷയം ഞങ്ങൾ ഇവിടെ ഉന്നയിച്ചു. സമൂഹമാധ്യമങ്ങളിലും ആളുകളുടെ സ്വകാര്യചർച്ചകളിലും ആ ഇരയായ പെൺകുട്ടി, ഒരമ്മയാണ് വിചാരണ ചെയ്യപ്പെടുന്നത്. അവരുടെ പശ്ചാത്തലം; എങ്ങനെ കുട്ടി ഉണ്ടായി; ഏത് സാഹചര്യത്തിലുണ്ടായി എന്നൊക്കെയാണ് ചർച്ച ചെയ്യുന്നത്. ഇതൊക്കെ ഓരോ സാഹചര്യങ്ങളാണ്. ചെന്നുപെടുന്ന പശ്ചാത്തല

ങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. പൊതുസമൂഹവും പോലീസും ഇരകളായി മാറ്റപ്പെടുന്നവരെ വിചാരണ ചെയ്യുകയാണ്. പോലീസിനെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ, പരിഹസിച്ചാണ് സംസാരിക്കുന്നത്. പല ഉദ്യോഗസ്ഥരുടെയും നാവിൽനിന്നും വരുന്ന വാക്കുകൾ അവരെ വളരെ മോശക്കാരാക്കുകയാണ്. എല്ലാ ഉദ്യോഗസ്ഥരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിവസവും വർദ്ധിച്ചുവരുന്നതോടുകൂടി ഇതൊരു സാധാരണ ക്രൈമായി മാറുകയാണ്. പണ്ട് ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകുമ്പോൾ വളരെ ശ്രദ്ധയോടുകൂടി നമ്മൾ പത്രങ്ങൾ വായിക്കും. മീഡിയ ഏതെങ്കിലും കേസ് ഹൈലൈറ്റ് ചെയ്ത് വലിയ സംഭവമാക്കി പറഞ്ഞാൽ മാത്രം നമ്മൾ അത് ശ്രദ്ധിക്കും. ഇല്ലെങ്കിൽ പത്രത്തിന്റെയോ ടി.വി.-യുടെയോ ഏതെങ്കിലും ന്യൂസിൽ കിടക്കുന്നൊരു സംഭവം മാത്രമായി മാറും. ഈ നാണംകെട്ട സംഭവപരമ്പരകൾ എല്ലാ തലത്തിലുമുണ്ട്. ഈ കേസുകളെല്ലാം റിപ്പോർട്ട് ചെയ്യപ്പെടണം. പ്രശ്നങ്ങൾ ഉടനടി തുറന്നുപറയാൻ സ്ത്രീകൾക്ക് അതിന്റേതായ ഇടവും പിന്തുണയും സ്വകാര്യതയും നിയമപരിരക്ഷയും ഉറപ്പുവരുത്തണം. സ്ത്രീകൾക്കെതിരായുള്ള ഒരു തരത്തിലുള്ള അക്രമവും കേരളസമൂഹം വച്ചുപൊറുപ്പിക്കില്ലെന്നുള്ള നിലപാട് നമുക്ക് വേണം. കാഴ്ചപ്പാടിലും പ്രതികരണത്തിലുമെല്ലാം നമ്മുടെ സമൂഹത്തിന് മാറ്റം വരണം. കുറ്റകൃത്യങ്ങളിൽ പോലീസ് വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കണം. എല്ലാ പരാതികളും ശരിയായിക്കൊള്ളണമെന്നില്ല. പോലീസ് ആദ്യം അന്വേഷിക്കട്ടെ, പോലീസ് പ്രാഥമികാന്വേഷണം നടത്തി പരാതികൾ യഥാർത്ഥമാണോയെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം തുടരന്വേഷണം നടത്തിയാൽ മതി. അല്ലാതെ നിരപരാധികളെ കുരുക്കേണ്ട ആവശ്യമില്ല. ചിലപ്പോൾ വെറുതെയും ആരെയെങ്കിലും കുരുക്കാൻവേണ്ടിയുള്ള പരാതികൾ വരാം. യഥാർത്ഥത്തിൽ സ്ത്രീ ആക്രമണത്തിന് ഇരയായിട്ടുണ്ടോയെന്ന് പോലീസിന് പ്രാഥമികാന്വേഷണം നടത്തി കണ്ടുപിടിക്കാം. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ അവിടെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണം. എല്ലാവർക്കും സ്ത്രീകൾക്കൊപ്പം ഉറപ്പോടെ നിൽക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. പോലീസിനെയും കോടതിയെയും സമൂഹത്തെയും പൊതുപ്രവർത്തകരെയും രാഷ്ട്രീയ-സാമൂഹ്യ സംഘടനകളെയുമൊക്കെ ഇത്തരം ക്രിമിനലുകൾ ഭയക്കുന്ന സ്ഥിതിയുണ്ടാകണം. ഒരു കുറ്റം ചെയ്താൽ തീർച്ചയായും പോലീസ് അന്വേഷിക്കുമെന്നും കോടതിയിൽ കൊണ്ടുപോയി ശിക്ഷ വാങ്ങിപ്പിച്ചുതരുമെന്നൊക്കെയുള്ള ഭയം എല്ലാവർക്കും പോലീസിനെക്കുറിച്ചുണ്ടാകണം. അത് കുറ്റകൃത്യത്തിൽനിന്ന് ആളുകളെ പിൻമാറ്റുന്ന ഒരു വലിയ സംഭവമാണ്. പോലീസ് അന്വേഷണം മാത്രമല്ല, കുറ്റകൃത്യം

ചെയ്താൽ പോലീസ് കൃത്യമായി നടപടിയെടുക്കും, ബാക്കി ജീവിതം ജയിലിലായിരിക്കും, റോഡിലൂടെ നടക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നുള്ളൊരു ഭയമുണ്ടാകണം. പൊതുസമൂഹം, രാഷ്ട്രീയ പ്രവർത്തകർ, പൊതുപ്രവർത്തകർ തുടങ്ങിയവരെയും ക്രിമിനലുകൾ ഭയക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് പോകണം. നമുക്ക് തടയിടാൻ കഴിയാത്ത രീതിയിൽ അക്രമങ്ങൾ വർദ്ധിച്ചുവരുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനാണ് ഞങ്ങൾ അടിയന്തരപ്രമേയ നോട്ടീസ് കൊണ്ടുവന്നത്. കോട്ടയത്ത് എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന നേതാവായ പെൺകുട്ടി അപമാനിക്കപ്പെട്ടിട്ട് പോലീസ് ഇതുവരെ ഒരാളെപോലും അറസ്റ്റ് ചെയ്തിട്ടില്ല. ഇന്നലെ ഇവിടെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ മാർച്ച് നടത്തിയപ്പോൾ ഏഴ് പെൺകുട്ടികളെ ജയിലിലാക്കി. അതിൽ രണ്ട് പെൺകുട്ടികൾ മുലപ്പാൽ കുടിക്കുന്ന കുഞ്ഞുങ്ങളുടെ അമ്മമാരാണ്. ഞാൻ ഇന്നലെ ജയിലിൽ പോയി അവരെ കണ്ടു. എ.ഐ.എസ്.എഫ്. നേതാവിനെ ആക്രമിച്ച കേസ്സിൽ പോലീസ് കൃത്യമായി എഫ്.ഐ.ആർ. എടുത്ത് ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തോ; പിന്നെ എന്താണ് പോലീസ് ചെയ്യുന്നത്? അവർക്കിഷ്ടമുള്ള കേസുകളിൽ നടപടിയെടുക്കും; അവർക്കിഷ്ടപ്പെടാത്തവരെ കേസുകളിൽ പ്രതികളാക്കും; അവർക്കിഷ്ടപ്പെടാത്ത കേസുകൾ അന്വേഷിക്കില്ലെന്നുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ശരിയല്ല; ഇതിൽ അനീതിയുണ്ട്; മുൻവിധിയുണ്ട്. പോലീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസ് ശരിയാണ്; കേരളത്തിൽ കുഴപ്പമൊന്നുമില്ല; ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുന്നുവെന്നുള്ള നിലപാട് സ്വീകരിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഈ വിഷയം ഗൗരവതരമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഇതൊരു സാധാരണ ക്രൈം പോലെയാക്കി മാറ്റാൻ നടത്തിയ ശ്രമത്തിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ഡോ. എം. കെ. മുനീർ: സർ, ഈ സർക്കാരിൽനിന്നും സ്ത്രീകൾക്ക് നീതി കിട്ടാൻ സാദ്ധ്യതയില്ലെന്ന ദീർഘവീക്ഷണത്തോടെ 'നിങ്ങൾ ഇതൊക്കെ അനുഭവിച്ചോളൂ' എന്ന് ആദ്യം പറഞ്ഞത് പഴയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ ശ്രീമതി ജോസഫൈനാണ്. ഇവിടെയുള്ള സ്ത്രീകൾ ഇതെല്ലാം അനുഭവിച്ചോളൂ എന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ ഒരു ചെറിയ കണക്ക് പറയാം. 2020-ൽ Cruelty by husband and relatives cases 2707 ആണ്. 2021 ആഗസ്റ്റ് മാസമായപ്പോൾ അത് 2721 ആയി. 2020-ൽ 6 സ്ത്രീധനപീഡന മരണങ്ങളുണ്ടായെങ്കിൽ 2021-ൽ അത് 8 ആയി മാറി. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സ്ത്രീ സുരക്ഷയ്ക്കുവേണ്ടി വനിതാ മതിലിൽ ശക്തമായി നിന്ന ഒരു പെൺകുട്ടിക്ക് ഈ ഗവൺമെന്റ് അധികാരത്തിലേറിയപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ 'കേരളമേ ലജ്ജിക്കൂ' എന്ന പ്ലക്കാർഡുമായി നിൽക്കേണ്ടിവന്ന ഗതികേട് നമ്മൾ ഓർക്കണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് വാക്കൗട്ട് പ്രഖ്യാപിക്കാം. വിശദമായ പ്രസംഗത്തിലേയ്ക്ക് പോകരുത്.

ഡോ. എം. കെ. മുനീർ: സർ, എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. ഞാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ജാഗ്രതാ സമിതികളെ സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുവന്ന ഒരു ഓർഡിനൻസ് നിലനിൽക്കുന്നുണ്ട്. അത് വന്നുകഴിഞ്ഞാൽ പ്രാദേശിക തലത്തിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഓർഡിനൻസ് പരിശോധിച്ച് ജാഗ്രതാ സമിതികളെ സ്റ്റാറ്റ്യൂട്ടറി ബോഡികളായി പ്രഖ്യാപിക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ വിഷയം കൃത്യമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന നിർഭാഗ്യകരമായ സംഭവങ്ങൾ സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്ന ആശങ്കാജനകമായ സാഹചര്യമാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ്: സർ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ സഭ ചർച്ച ചെയ്യേണ്ടിയിരുന്നു. പ്രമേയാവതാരകൻ സംസാരിച്ചപ്പോൾ തന്നെ അപ്പുറത്തുനിന്നും ഒരുപാട് ശബ്ദങ്ങൾ ഉയർന്നു. ഈ വിഷയം ചർച്ച ചെയ്തിരുന്നെങ്കിൽ അവർക്കുംകൂടി സംസാരിക്കേണ്ട അവസരം കിട്ടുമായിരുന്നു. ഇതൊരു പൊതുവിഷയമാണ്. ചില പോലീസ് ഉദ്യോഗസ്ഥർ ഇക്കാര്യങ്ങളിൽ ലഘു സമീപനം സ്വീകരിക്കുന്നുവെന്നത് വാസ്തവമാണ്. അത് തീർച്ചയായും ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. ഈ വിഷയങ്ങൾ ആവർത്തിച്ചുവരുന്നത് ഗവൺമെന്റ് കൂടുതൽ ഗൗരവമായി കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി).

ശ്രീമതി കെ. കെ. രമ: സർ, ഏതെങ്കിലും കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. ഞാൻ ഒരു വിഷയം മാത്രം സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് വാക്കൗട്ട് പ്രഖ്യാപിക്കൂ. വിഷയം ചർച്ച ചെയ്യുന്നില്ലല്ലോ. അടിയന്തരപ്രമേയം ഡിസ്പോസ് ചെയ്തതാണ്.

ശ്രീമതി കെ. കെ. രമ: സർ, തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ വിവാഹം കഴിഞ്ഞ് പതിനാലാമത്തെ ദിവസം ഒരു പെൺകുട്ടി കൊലചെയ്യപ്പെട്ടിരുന്നു. ആ കേസ്സിനെപ്പറ്റി പോലീസ് ഒരന്വേഷണവും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കേസ് അന്വേഷിക്കുന്നതിന് ഉത്തരവ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു വർഷവും 11 മാസവുമായിട്ടും പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഒരു പ്രതിയെയും അറസ്റ്റ് ചെയ്തിട്ടില്ല. ഇത്തരം നിരവധി സംഭവങ്ങളുണ്ട്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മത്സ്യബന്ധന മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നാം വസിക്കുന്ന ഭൂമിയുടെ പ്രതലത്തിന്റെ ഏകദേശം 70 ശതമാനത്തോളം സമുദ്രമാണ്. എന്നാൽ ഭൂമിയിൽ ലഭ്യമാകുന്ന ജലത്തിന്റെ 97 ശതമാനവും സമുദ്രത്തിൽനിന്നാണ്. ഈ ഗ്രഹത്തിന്റെ മുഖ്യസ്വഭാവം വ്യക്തമായും സമുദ്രമാണെന്നും അതിനെ ഭൂമി എന്നുവിളിക്കുന്നത് എത്രമാത്രം അനുചിതമാണെന്നും ഇംഗ്ലീഷ് ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ആർതർ സി. ക്ലാർക്ക് ചോദിച്ചത് അതുകൊണ്ടാകാം. സമുദ്രത്തിന്റെ പ്രജനന വിഭവമായ മത്സ്യം ഭക്ഷണാവശ്യങ്ങൾക്കായി ആദികാലം മുതൽ മനുഷ്യൻ ഉപയോഗിക്കുന്നു. അങ്ങനെ നോക്കുമ്പോൾ വേട്ടക്കാരായ മനുഷ്യരോളംതന്നെ പഴക്കവും ചരിത്രവും മീൻപിടുത്തക്കാരായ തൊഴിലാളികൾക്കുമുണ്ട്. നമ്മുടെ രാജ്യത്ത് ഭൂമിയും ആകാശവും വിറ്റതുപോലെ കടലിനെയും കോർപ്പറേറ്റുകൾക്ക് വിൽക്കാനുള്ള തിരക്കുപിടിച്ച നീക്കവുമായിട്ടാണ് കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത്. നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് കടൽ അന്യമാകുകയും അവരുടെ തൊഴിലിനെയും ജീവിതത്തെയും തകർക്കുകയും ചെയ്യുന്ന നീക്കവുമായാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നതെന്ന് അവർ ഇപ്പോൾ പുറത്തിറക്കിയ ബ്ലൂ ഇക്കോണമി രേഖ വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ രാജ്യത്ത് 8118 കി.മീ. ദൂരം വരുന്ന തീരമാണുള്ളത്. ഏതാണ്ട് 2 ദശലക്ഷം ചതുരശ്ര കി.മീ. വരുന്ന സമുദ്രമേഖലയിലെ പരമാധികാരവും നമുക്കുണ്ട്. 17 കോടിയോളം വരുന്ന തീരദേശ ജനതയിൽ 40 ലക്ഷത്തോളം പേരും മത്സ്യത്തൊഴിലാളികളാണ്. തീരത്തെ ഖനനവും കടലോരത്ത് വരാൻ പോകുന്ന വ്യവസായവും അതുവഴി സൃഷ്ടിക്കുന്ന മലിനീകരണവും ഈ ജനവിഭാഗത്തിന് ആപത്കരമാകുകയാണ്. 20 ലക്ഷത്തോളം ക്യൂബിക് മീറ്റർ എണ്ണയും പ്രകൃതി വാതകങ്ങളും നമ്മുടെ കടലിന്റെ അടിത്തട്ടിലുണ്ട്. ഈ സമുദ്രവിഭവങ്ങളെ ഏഴ് മേഖലകളായി തിരിച്ച് വിവിധ ഉൽപ്പന്നങ്ങളുടെ കണക്കെടുപ്പ്, എണ്ണ-വാതകങ്ങൾ എന്നിവയുടെ ഖനനം, ജൈവ-ധാതു-ഖനിജ വസ്തുക്കളുടെ ഖനനം, തുറമുഖങ്ങളുടെ നിർമ്മാണം, മത്സ്യബന്ധനം, കപ്പൽ ചരക്ക് നീക്കൽ വികസനം, തീരദേശ ടൂറിസം, സമുദ്ര രംഗത്തെ തന്ത്രപ്രധാനമായ സൈനിക നടപടികൾ എന്നിവയാണ് കേന്ദ്രസർക്കാരിന്റെ പുതിയ രേഖയിലുള്ളത്. കടലിന്റെ നേരവകാശികളായ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളെയും തീരസംസ്ഥാനങ്ങളുടെ അധികാരങ്ങളെയും നമ്മുടെ ഫെഡറൽ സംവിധാനത്തെയും വെല്ലുവിളിക്കുന്നതാണ് ഈ രേഖയിലെ നിർദ്ദേശങ്ങൾ. തീരക്കടൽ തന്നെയാണ് നമ്മുടെ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിന് ഏറ്റവും

പ്രധാനം. മത്സ്യസമ്പത്തിന്റെ ആവാസവ്യവസ്ഥ കൂടിയാണ് കടലിന്റെ അടിത്തട്ട്. തീരക്കടലിലും ആഴക്കടലിലും വ്യാപകമായ ഖനനം നടന്നാൽ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്നത് സംശയമില്ലാത്ത കാര്യമാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ മത്സ്യബന്ധന നിയമത്തിൽ മത്സ്യബന്ധന കപ്പലുകളെ തടയുമെന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ മേഖലയിലേയ്ക്ക് ഇന്ത്യൻ കുത്തകകളെയും കമ്പനികളെയും കൊണ്ടുവരികയാണ് ചെയ്യുന്നത്. ഈ ലക്ഷ്യംവച്ചാണ് പുതിയ നിയമത്തിൽ യാനങ്ങളെ സംബന്ധിച്ച നിർവ്വചനത്തിൽ മത്സ്യക്കപ്പലുകളെയും ഉൾപ്പെടുത്തിയത്. ആഴക്കടലിൽ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്കോ അവരുടെ സഹകരണ സംഘങ്ങൾക്കോ മാത്രമായി യാനങ്ങളുടെ ഉടമസ്ഥാവകാശം നിജപ്പെടുത്തണമെന്ന കേരള സർക്കാർ നിലപാടിനെതിരാണ് പുതിയ നിയമം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന യാനങ്ങൾക്ക് ലൈസൻസ് നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശവും നഷ്ടപ്പെടാൻ പോകുകയാണ്. കേന്ദ്രസർക്കാരിന്റെ ലൈസൻസ് ലഭിക്കണമെങ്കിൽ അവർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് യാനങ്ങൾ പുന:ക്രമീകരിക്കണം. അല്ലെങ്കിൽ വലിയ പിഴ നൽകേണ്ടിവരും. ചുരുക്കത്തിൽ ആഴക്കടലിൽ വമ്പിച്ച മത്സ്യക്കൊള്ള നടത്തുന്ന കുത്തകകൾക്ക് കടൽ പണയപ്പെടുത്തുകയും മത്സ്യ ത്തൊഴിലാളികൾ ഈ മേഖലയിൽനിന്ന് പുറന്തള്ളപ്പെടുകയും ചെയ്യുന്ന സാഹചര്യ മാണുള്ളത്. മത്സ്യത്തൊഴിലാളികൾ ഒരിക്കലും വികസനത്തിന് എതിരല്ല. അവരുടെ ജീവിതത്തെ തകർക്കുകയും തൊഴിലവകാശങ്ങൾ ഇല്ലാതാക്കുകയും സംസ്ഥാനങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുകയും കടലിന്റെ ആവാസ വ്യവസ്ഥയെ തകർക്കുകയും ചെയ്യുന്ന നയങ്ങളിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറണ മെന്നും ബ്ലൂ ഇക്കോണമി രേഖകളും സമുദ്രബന്ധന നിയമവും സംബന്ധിച്ച് തീര സംസ്ഥാനങ്ങളുമായും തൊഴിലാളി സംഘടനകളുമായും വിശദമായി ചർച്ച ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്താൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

11.00 a.m]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ അതീവ ഗൗരവമുള്ള ഒരു വിഷയമാണ് അവതരിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബ്ലൂ ഇക്കോണമി രേഖകളും ദേശീയ സമുദ്ര മത്സ്യബന്ധന ബില്ലും സംബന്ധിച്ച വിഷയങ്ങളിന്മേൽ

കേരളത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും മന്ത്രിയെന്ന നിലയിൽ യഥാസമയം കേന്ദ്രസർക്കാരിനെ രേഖാമൂലം ഞാൻ തന്നെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ സംഘടനകൾ രേഖാമൂലവും അല്ലാതെയും സർക്കാരിന് സമർപ്പിച്ച നിവേദനങ്ങളും കത്ത് തയ്യാറാക്കുന്ന സമയത്ത് അർഹമായ പരിഗണനകൾ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും 40 ലക്ഷത്തിൽപ്പരം വരുന്ന മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിനുമുതകുന്നതാണെന്ന പ്രഖ്യാപനത്തോടെ കേന്ദ്രസർക്കാർ പുറത്തുവിട്ട ബ്ലൂ ഇക്കോണമി നയം മത്സ്യ ബന്ധന മേഖലയിൽ പ്രത്യേകിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ പല ആശങ്കകൾക്കും കാരണമായിട്ടുണ്ട്. ബ്ലൂ ഇക്കോണമി നയത്തിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർത്തിരിക്കുന്ന ആശങ്കകൾ കേന്ദ്ര സർക്കാരിനെ 20-9-2021-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(1) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മീൻ പിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യവിൽപ്പന, കടൽ, മത്സ്യവിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും ഉറപ്പാക്കാനുള്ള നടപടികൾ കരട് നയത്തിൽ ഉൾക്കൊള്ളിക്കണം.

(2) നയം നടപ്പാക്കിയാൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവന മാർഗ്ഗം നഷ്ടമാകുന്നതിനും അത് അവരെ തീരത്തുനിന്നും പലായനം ചെയ്യുന്നതിനും നിർബന്ധിതരാക്കും. അതിലാവശ്യമായ മാറ്റം വരുത്തേണ്ടതുണ്ട്.

(3) ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ മേഖലയിലെ മത്സ്യബന്ധനം ഒരു സംസ്ഥാന വിഷയമാണ്. ആയതിനാൽ കരട് നയം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേൽ നേരിട്ടുള്ള കടന്നുകയറ്റമാണ്. 12 നോട്ടിക്കൽ മൈൽ വരെയുള്ള സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ മേഖലയിലെ അവകാശത്തെ ചോദ്യം ചെയ്യുന്ന നയമെന്ന നിലയിൽ അതിൽ മാറ്റം വരുത്തണം.

(4) ധാതുക്കൾ, ലോഹങ്ങൾ എന്നിവയുടെ ഖനനത്തെ തുടർന്ന് വിവിധ പദ്ധതികൾ ആരംഭിക്കുന്നതോടെ പാരിസ്ഥിതികാഘാതത്തിന് കാരണമാകുകയും തീരപ്രദേശത്ത് നടത്തുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ മത്സ്യസമ്പത്ത് നശിപ്പിക്കുകയും സമുദ്രത്തിലെ സസ്യ-ജന്തുജാലങ്ങളുടെ വളർച്ചയെയും നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഖനനം സമുദ്ര മലിനീകരണത്തിനും സീ ഫുഡ് ഉപഭോക്താക്കളുടെ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും. ഇതിലൂടെ കേന്ദ്രസർക്കാർ ഏറ്റവും വലിയ തീവെട്ടിക്കൊള്ളയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

(5) ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും വൻ മൂലധനം ആവശ്യമാണ്. വൻ മൂലധന നിക്ഷേപം ആവശ്യമുള്ള ആധുനിക സാങ്കേതികവിദ്യ മത്സ്യത്തൊഴിലാളിക്ക് എത്തിച്ചേരാനാകാത്തതാണ്. ഇത് ആഴക്കടൽ മത്സ്യബന്ധനവും മത്സ്യകൃഷിയും ബഹുരാഷ്ട്ര കുത്തകകൾക്ക് തുറന്നു കൊടുക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെ വെറും തൊഴിലാളികളെന്ന നിലയിൽ നിലനിർത്താനും ഇടയാക്കും.

(6) അനിയന്ത്രിതവും ആസൂത്രിതമല്ലാത്തതുമായ ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ തീരദേശ ആവാസ വ്യവസ്ഥയുടെ സന്തുലനാവസ്ഥയെ തകർക്കാനിടയാക്കുകയും സമുദ്ര-പരിസ്ഥിതിയുടെ വലിയ തോതിലുള്ള മലിനീകരണത്തിലേയ്ക്ക് നയിക്കുകയും ചെയ്യും.

(7) സാമൂഹ്യനേട്ടങ്ങൾക്കായി ഉത്തരവാദിത്വത്തോടെ സമുദ്ര വിഭവങ്ങൾ വിനിയോഗിക്കുന്നതിനുള്ള വലിയ സാമൂഹിക-സാമ്പത്തിക അവസരമാണ് ബ്ലൂ ഇക്കോണമി. എന്നിരുന്നാലും കർശനമായ പാരിസ്ഥിതികാഘാത വിലയിരുത്തലുകൾ നടത്തി മാത്രമേ അത്തരം പദ്ധതികൾ വിഭാവനം ചെയ്യാവൂ. എന്തെങ്കിലും പാരിസ്ഥിതികാഘാതമുണ്ടാകുന്ന സാഹചര്യത്തിൽ തൽപ്പര കക്ഷികളിൽ നിന്നും മതിയായ നഷ്ടപരിഹാരം ഈടാക്കുന്നതിന് വ്യവസ്ഥകളുണ്ടായിരിക്കണം. എന്നാൽ കരട് നയത്തിൽ അത്തരം വ്യവസ്ഥകളൊന്നുമില്ല.

(8) തീരദേശത്തെ പ്രയോജനപ്പെടുത്തുന്നതിന് നാഷണൽ പ്ലേസർ മിഷൻ സൃഷ്ടിക്കുകയെന്നതാണ് കരട് നിർദ്ദേശം. ഈ നിർദ്ദേശം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഈ സാഹചര്യത്തിൽ മത്സ്യമേഖലയ്ക്ക് ഹാനികരമായത് അവലോകനം ചെയ്ത് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതുവരെ ബ്ലൂ ഇക്കോണമി നയം നടപ്പാക്കുന്നത് മാറ്റിവയ്ക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

2019-ൽ കേന്ദ്രസർക്കാരിന്റെ കരട് ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ പ്രസിദ്ധീകരിച്ചയുടൻതന്നെ സംസ്ഥാന താത്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് അറിയിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രസർക്കാർ അംഗീകരിക്കുകയും വളരെ ഗുണപരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുകയും തുടർന്ന് രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസം പ്രസിദ്ധീകരിച്ചതും

സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്ത ദേശീയ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റിൽ ചുവടെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ട താണെന്ന് 3-8-2021-ലെ കത്തുപ്രകാരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്.

(1) എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെയും (കരയിൽനിന്ന് 12 മുതൽ 200 നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ) ഹൈ സീയിലെയും (കരയിൽനിന്നും 200 നോട്ടിക്കൽ മൈലിനപ്പുറമുള്ള കടൽ പ്രദേശങ്ങൾ) മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാണെന്ന് കരട് ബില്ലിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള ടെറിട്ടോറിയൽ മേഖലയിലെ വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളു ണ്ടാക്കാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിട്ടോറിയൽ മേഖലയിലെ മത്സ്യബന്ധനം സംസ്ഥാ നത്തിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. അതുകൊണ്ട് ഈ പ്രദേശ ങ്ങളിലെ വികസന പരിപാലന പ്ലാനുകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

(2) കരട് ബില്ലിൽ പങ്കാളിത്ത മാനേജ്മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യ വിഭവങ്ങളുടെ കൈകാര്യകർത്താക്കളായ മത്സ്യ ത്തൊഴിലാളികളെക്കൂടി വിഭവ/സംരക്ഷണ/പരിപാലന ചുമതലകളിൽ ഉൾപ്പെടു ത്തേണ്ടതാണ്. ഇതിനായി ദേശീയതലത്തിലും സംസ്ഥാന തലത്തിലും മത്സ്യ ത്തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്ന മാനേജ്മെന്റ് കമ്മിറ്റിയുണ്ടാ കേണ്ടതാണ്.

(3) കൃത്യതയോടെ ചെറുകിട മത്സ്യത്തൊഴിലാളികളെ നിർവ്വചിക്കണം. അല്ലാത്തപക്ഷം വൻകിട മത്സ്യബന്ധനയാനങ്ങളും അതിന്റെ പരിധിയിൽ വരാൻ സാധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യബന്ധന യൂണിറ്റുകളും കരട് ബില്ലിന്റെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിലുൾപ്പെടും. അതുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവൽകൃത ബോട്ടുടമകളിൽ നിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കേണ്ടതാണ്.

(4) മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് രൂപീകരിക്കുന്ന മറൈൻ ഫിഷറീസ് ഡെവലപ്മെന്റ് ഫണ്ട് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗി ക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

(5) 12 നോട്ടിക്കൽ മൈലിനകത്തുള്ള വികസന പ്രവർത്തനങ്ങൾ (സീറാഞ്ചിംഗ്, റിക്രീഷണൽ ഫിഷിംഗ്, അക്വാ സ്പോർട്സ്, മറൈൻ ടൂറിസം എന്നിവ) നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്. ചില പ്രത്യേക പ്രദേശങ്ങളിലോ, താൽക്കാലികമോ ആയിട്ടുള്ള മത്സ്യബന്ധന നിരോധനം നടപ്പാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ ഉൾപ്പെടുത്തി കേരളം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളും മത്സ്യത്തൊഴിലാളി സംഘടനകളും സമർപ്പിച്ച നിവേദനങ്ങളെ ത്തുടർന്ന് 22-10-2021-ൽ കേന്ദ്ര സർക്കാർ ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ, 2021-നെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി പ്രത്യേക ചർച്ച നടത്തുകയും പല ഘട്ടങ്ങളിലായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള നൂറ്റിമൂന്നോളം ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു. 22-10-2021-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കരട് ബില്ലിൽ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങളായി താഴെപ്പറയുന്ന കാര്യങ്ങളിൽക്കൂടി അനുകൂല നിലപാടെടുത്തിട്ടുണ്ട്.

(i) ബില്ലിന്റെ പരിധി എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തി.

(ii) പാർട്ടിസിപ്പേറ്ററി മാനേജ്മെന്റിന്റെ ഭാഗമായി രൂപീകരിക്കുന്ന കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ ഫിഷറീസ്, ഫിഷർ ഓർഗനൈസേഷൻ തുടങ്ങിയവ ഉൾപ്പെടുത്താൻ സമ്മതിച്ചു.

(iii) കുറ്റകൃത്യങ്ങളുടെ പെനാൽറ്റി കുറച്ചു.

(iv) ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെ മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ (കൺസർവേഷൻ ഓഫ് റിസോഴ്സസ്) വേണ്ടിയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി.

(v) ട്രഡീഷണൽ ഫിഷിംഗ്, മോട്ടോറൈസ്ഡ് ഫിഷിംഗ്, മെക്കനൈസ്ഡ് ഫിഷിംഗ് എന്നിവ പ്രത്യേകം നിർവ്വചിച്ചു.

(vi) മൾട്ടിപ്പിൾ ലൈസൻസ് സിസ്റ്റം ഒഴിവാക്കി.

(vii) അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസറായി ഇന്ത്യൻ മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യബന്ധന വകുപ്പുദ്യോഗസ്ഥനെ ചുമതലപ്പെടുത്തി.

22-10-2021-ലെ ചർച്ചയ്ക്കുശേഷം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കരട് ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ 2021-നെ സംബന്ധിച്ച് ട്രേഡ് യൂണിയനുകളും വിവിധ മേഖലകളിലെ വ്യക്തിത്വങ്ങളുമായി ചർച്ച ചെയ്ത് അതിവേഗം ആവശ്യമായ മാറ്റം വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണെന്ന് സഭയിൽ ഞാൻ ഉറപ്പുനൽകുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലുണ്ടായെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽനിന്ന് ബോദ്ധ്യപ്പെട്ടു. എങ്കിലും ഒരു ആശങ്ക പങ്കുവയ്ക്കുകയാണ്. ഈ നവംബർ മാസം 20-ാം തീയതി ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ പാർലമെന്റിൽ അവതരിപ്പിക്കുമെന്നാണ് മനസ്സിലാക്കുന്നത്. ഫിഷിംഗ് ഒരു കേന്ദ്ര വിഷയമാണെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ ഒരുപാട് മാറ്റം വരുത്തേണ്ടതുണ്ട്. അതുകൊണ്ട് സംസ്ഥാനങ്ങളുമായി ഒരു ഘട്ടം ചർച്ചകൂടി അനിവാര്യമാണ്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു പാർലമെന്ററി സബ് കമ്മിറ്റിയെ നിയോഗിക്കണമെന്നും കമ്മിറ്റി വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ടവരുടെ അഭിപ്രായം തേടണമെന്നും കരട് ബിൽ വിവിധ പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത് ഈ മേഖലയിലെ എല്ലാ പ്രധാനപ്പെട്ട വ്യക്തിത്വങ്ങളുമായി ആദ്യതലത്തിൽ ഒരു യോഗം നടന്നു. കൂടാതെ കേരളത്തിലെ എം.പി.-മാരുടെ കോൺഫറൻസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കുന്നതിനായി ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട എം.പി.-മാർക്ക് നൽകുകയും ചെയ്തു. എം.പി.-മാർ ഇക്കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സജീവമായി ഇടപെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിച്ചതുപോലെ ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി ഒരു പാർലമെന്ററി സമിതിയെ നിയോഗിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിലെ പ്രശ്നങ്ങൾ പരിശോധിക്കുകയും അവരിൽനിന്നും ആവശ്യമായ വിവരങ്ങൾ തേടുകയും ചെയ്തുകൊണ്ടാണ് ഡ്രാഫ്റ്റിന്മേലുള്ള ഭേദഗതികൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു കൊണ്ടിരിക്കുന്നത്. ഇക്കാര്യം കൂടി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കാം. അത് പരിശോധിക്കാവുന്നതാണ്.

(2) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം നൽകിയ ഭൂമിയുടെ വിനിയോഗം

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞ കുറേയേറെ കാലമായി ഒരു ജനതയോട് ചെയ്യുന്ന അക്രമവും അനീതിയും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മലയോര മേഖലയിൽ മഹാഭൂരിപക്ഷവും പട്ടയഭൂമികളാണ്. 1960-ൽ ഈ സഭ നിയമമുണ്ടാക്കുകയും 1964-ലെയും 1993-ലെയും വിവിധ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെമ്പാടുമുള്ള നിരവധിപേർക്ക് പട്ടയഭൂമികൾ നൽകുകയും ചെയ്തെങ്കിലും ഇടുക്കി ജില്ലയിലെ ആളുകൾക്കുമാത്രം പട്ടയഭൂമി ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അതിന് കാരണമായി ഒരു കോടതിവിധിയാണ് ചൂണ്ടിക്കാണിക്കുന്നത്. പട്ടയഭൂമിയിൽ വീടുവയ്ക്കാനും കൃഷി നടത്താനും മാത്രമാണ് അവകാശമുള്ളതെന്ന നിലപാട് ആദ്യമായി സ്വീകരിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാരാണെന്ന കാര്യം ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അക്കാര്യം ഹൈക്കോടതി അംഗീകരിക്കുകയും പട്ടയഭൂമി വീടുവയ്ക്കാനും കൃഷിക്കും മാത്രമായി ഉപയോഗിക്കണമെന്ന് വിധിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വിധി നടപ്പാക്കാനുള്ള ആവേശവും ധൃതിയും ഇടുക്കി ജില്ലയിൽ മാത്രമായി ലിമിറ്റ് ചെയ്തു. നിങ്ങൾ നിരാലംബരായ കർഷക സമൂഹത്തിന് മാത്രമായി ഒരു നിയമം നടപ്പാക്കിയത് എന്തുകൊണ്ടാണ്? അത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ എല്ലാ നിയമവും സംസ്ഥാനത്തെ മുഴുവൻപേർക്കും ഒരുപോലെയാണെന്നും അത് എല്ലാവർക്കും ഒരുപോലെ നടപ്പാക്കണമെന്നും ഹൈക്കോടതി ആവർത്തിച്ച് ആവശ്യപ്പെട്ടു. അതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയെങ്കിലും പരാജയപ്പെട്ടു. മലയോര മേഖലയിലെ കർഷകരെ വിട്ട് മറ്റൊരു ജനസമൂഹത്തിൽ പ്രസ്തുത നിയമം നടപ്പാക്കാനുള്ള ആർജ്ജവവും ഇച്ഛാശക്തിയും നിങ്ങൾക്കില്ല. സംസ്ഥാനത്ത് എത്രയോ സ്ഥലങ്ങളിലെ പട്ടയഭൂമിയിൽ ക്വാറികളും വലിയ വ്യാപാര വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ നഗരത്തിൽത്തന്നെ ഏറ്റവും വലിയൊരു വിദ്യാഭ്യാസ സ്ഥാപനം നിലകൊള്ളുന്നത് പട്ടയഭൂമിയിലാണ്. നിങ്ങളുടെ റോളറുകൾ അങ്ങോട്ട് ഉരുണ്ടുചെല്ലാത്തതെന്തുകൊണ്ടാണ്? കാരണം അവരൊക്കെ രാഷ്ട്രീയ സ്വാധീനവും അധികാര കേന്ദ്രങ്ങളിൽ വലിയ പിടിപാടുള്ളവരുമാണ്. എന്നാൽ നിരാലംബരായ കർഷകർ പട്ടയഭൂമിയിൽ എന്തെങ്കിലുമൊന്ന് ചെയ്യാൻ ശ്രമിച്ചാൽ നിങ്ങൾ നടപടിയെടുക്കും. സ്വാഭാവികമായും പട്ടയഭൂമിയിൽ മറ്റ് പ്രവർത്തനങ്ങൾ അനുവദിക്കില്ലെന്ന് പറഞ്ഞാൽ അംഗീകരിക്കാം. 9-6-2016-ന് കളക്ടർ ഇറക്കിയ ഉത്തരവ് സംബന്ധിച്ചാണ് ഞാൻ ഇന്ന് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എന്തായാലും പട്ടയഭൂമിയിൽ വീടുവയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ?

സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള പട്ടയഭൂമിയിലുള്ള അവകാശ അധികാരമാണത്. മൂന്നാറിൽ അതിവ്യാപകമായ കയ്യേറ്റവും വ്യാജപ്പട്ടയവു മുണ്ടാക്കലും ശ്രദ്ധയിൽപ്പെട്ടപ്പോൾ 2010-ൽ ഒരു കോടതിവിധിയുണ്ടായി. അതിൽ ആർക്കും മനസ്സിലാകാത്ത കോംപ്ലിക്കേറ്റഡായ ലീഗൽ വാചകമൊന്നുമില്ല. അതിലൊരു വാചകം വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്; അതാണ് ഈ വിധിയിലെ ഓപ്പറേറ്റീവ് പോർഷൻ. " It has ordered that the Revenue Officials, Local Self Government, Police and Forest Authorities shall ensure that no construction activity takes place in Munnar without No Objection Certificate being issued by the Revenue Department and without permission being given by the Panchayat Authorities; except in cases which are governed by the court orders." അതായത്, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ എൻ.ഒ.സി. ഇല്ലാതെ പുതിയ കൺസ്ട്രക്ഷൻ നടത്താൻ പാടില്ലെന്ന് 2010-ൽ കോടതി ഉത്തരവിട്ടു. അതുപ്രകാരം മൂന്നാറിൽ നിയന്ത്രണം നിലനിന്നിരുന്നു. 2016 വരെ മറ്റ് മേഖലകളിൽ ഒരു കുഴപ്പവുമില്ലാതെ മുന്നോട്ടുപോയി. എന്നാൽ 9-6-2016-ൽ കളക്ടർ ഇറക്കിയ ഉത്തരവിൽ പറയുന്നത്, " The following directions/guidelines are issued in the matter of grant of NOC for constructions in Chinnakanal, Kannan Devan Hills, Santhanpara, Vellathooval, Aanavilasam, Pallivasal, Aanaviratty and Bison Valley Villages for strict compliance. എനിക്ക് ഒരേയൊരു ചോദ്യമേയുള്ളൂ, മൂന്നാറിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കോടതി പറഞ്ഞാൽ, കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി മൂന്നാറിൽനിന്നും 100 കിലോമീറ്റർ അകലെ വരുന്ന സ്ഥലത്തേയ്ക്ക് നിയന്ത്രണം വ്യാപിപ്പിക്കാൻ ആർക്കാണ് അധികാരമുള്ളത്; എങ്ങനെയാണ് അത്തരമൊരു അധികാരം ലഭിക്കുന്നത്; നമ്മുടെ ഭരണഘടന ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും ഉൾപ്പെടുന്നതാണ്. ഇതിൽ ലെജിസ്ലേച്ചറിന്റെ നിയമങ്ങളനുസരിച്ച് പ്രവർത്തിക്കാനുള്ളതാണ് എക്സിക്യൂട്ടീവ്. രാഷ്ട്രീയ ഇച്ഛാശക്തിയില്ലാതെ വരുമ്പോഴാണ് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വമുണ്ടാകുന്നത്. എന്റെ ഒരേയൊരു ചോദ്യം, ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലേയ്ക്ക് നിയന്ത്രണങ്ങൾ വ്യാപിപ്പിക്കാൻ ഒരു സർക്കാർ ഉദ്യോഗസ്ഥന് എങ്ങനെയാണ് അധികാരമുള്ളത്? 2016-ലെ ഈ ഉത്തരവുമൂലം ജനങ്ങൾ കഷ്ടപ്പെടുകയാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് സ്ഥലങ്ങളിലേയ്ക്കും നിയന്ത്രണങ്ങൾ വ്യാപിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, ഇനി വീട് വയ്ക്കുന്നതിനുള്ള നിയന്ത്രണ മെന്താണെന്നുകൂടി പറയാം. എന്റെ കൈവശമുള്ള പട്ടയഭൂമിയിൽ വീട് വയ്ക്കുന്നതി നുള്ള വ്യവസ്ഥയെന്താണെന്നുകൂടി നിങ്ങൾ കേൾക്കണം. "The applicant or his

dependant shall not own/possess any other building used for personal residential purpose." എന്റെ അച്ഛനോ സഹോദരനോ അമ്മയ്ക്കോ ഒരു വീടുണ്ടെങ്കിൽ ഞാൻ വീട് വയ്ക്കാൻ പാടില്ല. എന്റെ അവകാശത്തെ എടുത്തു കളഞ്ഞത് കേവലമൊരു ഉദ്യോഗസ്ഥനാണ്. ഇവിടത്തെ രാഷ്ട്രീയ നേതൃത്വം കാഴ്ചക്കാരായി നോക്കി നിന്നില്ലേ; നിങ്ങൾക്ക് രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടായിരുന്നെങ്കിൽ നിരാലംബരായ ഒരു സമൂഹത്തിനുനേരെ ആളുകൾ ഇതുപോലെ കുതിര കയറുമായിരുന്നോ; എന്തടിസ്ഥാനത്തിലാണ്; എന്തിന്റെ ബലത്തിലാണ് ഈ ഉത്തരവിറക്കിയിരിക്കുന്നത്; എന്തുകൊണ്ടാണ് രാഷ്ട്രീയ നേതൃത്വം ഇക്കാര്യത്തിൽ ഇടപെടാൻ മടിക്കുന്നത്; ഇക്കാര്യം അറിയാവുന്ന ധാരാളമാളുകൾ ട്രഷറി ബഞ്ചിലുണ്ട്. എല്ലാവരും മൗനം പാലിക്കുന്നു. ഇവർ കേവലം കർഷകരായതുകൊണ്ടാണ് ഇതിനെതിരെ അധികാര സ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്താൻ ആർക്കും കഴിയാത്തത്. എന്നാൽ ഇതൊരു ശക്തിയുള്ള ലോബിയായിരുന്നെങ്കിൽ എല്ലാ സർക്കാരും വഴങ്ങുമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ഉത്തരവുപ്രകാരം പട്ടയഭൂമിയിൽ വീട് വയ്ക്കുന്നതിനുപോലുമുള്ള നിയന്ത്രണം ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എന്നാൽ സഭയെ തെറ്റിദ്ധരിപ്പിക്കുംവിധത്തിലോ അല്ലെങ്കിൽ ധാരണാപ്പിശകു കൊണ്ടോ കാര്യങ്ങൾ ഇങ്ങനെ പറയുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്., പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ എട്ട് വില്ലേജുകളടങ്ങുന്ന മൂന്നാർ പ്രദേശത്ത് കൃഷി ആവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ മൂന്നാർ പ്രദേശത്ത് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് WP(C) 1801/2010 എന്ന കേസ്സിലെ 21-1-2010-ലെ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചു. തുടർന്ന്, 9-6-2016-ലെയും 1-8-2016-ലെയും ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം മൂന്നാർ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി. ബഹുമാനപ്പെട്ട ഹൈക്കോടതി 25-6-2020-ൽ 17983/2019 നമ്പർ കേസ്സിന്മേൽ

പുറപ്പെടുവിച്ച ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകൾ ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത എസ്.എൽ.പി. 19-11-2020-ൽ തള്ളി ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, കേരളത്തിൽ 1960-ൽ നമ്മുടെ സഭ പാസ്സാക്കിയ നിയമത്തിന് അങ്ങ് പറഞ്ഞ രണ്ട് ചട്ടങ്ങൾ മാത്രമല്ല, 30-ലേറെ ചട്ടങ്ങളുണ്ടെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. അതുപോലെ 1964-ലെ ചട്ടമനുസരിച്ച് ഏതൊക്കെ ആവശ്യത്തിന് ഭൂമി കൊടുക്കണമെന്ന് നിശ്ചയിച്ചത് ശ്രീ. പിണറായി വിജയന്റെ ഒന്നാം സർക്കാരല്ല. 1977-നുമുമ്പ് വനഭൂമി കയ്യേറിയ കേസുകളിൽ ഏതൊക്കെ ആവശ്യത്തിന് ഭൂമി കൊടുക്കാമെന്ന് തീരുമാനിച്ചതും ഒന്നാം പിണറായി വിജയൻ സർക്കാരാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞാൽ അത് തെറ്റാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടിവരും. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം വീട്, കൃഷി, ബെനിഫിഷ്യറി എൻജോയ്മെന്റ് എന്നീ ആവശ്യങ്ങൾക്കേ ഭൂമി കൊടുക്കാവൂ. വനഭൂമി പതിച്ചുകൊടുക്കലുമായി ബന്ധപ്പെട്ട 1993-ലെ ചട്ടപ്രകാരം 1977-നുമുമ്പ് കുടിയേറിയ കർഷകർക്ക് പ്രസ്തുത ഭൂമിയിൽ വീടും കൃഷിയും ചെറിയകടകളും മാത്രമേ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത് കഴിഞ്ഞ സർക്കാർ നിർദ്ദേശിച്ചതാണെന്ന് ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയായ കാര്യമല്ല. ഏത് ആവശ്യത്തിന് നൽകിയ ഭൂമിയാണെന്ന് ഒന്നാം ഫോറത്തിൽ വ്യക്തമാക്കണമെന്ന് ഹൈക്കോടതി പറഞ്ഞപ്പോഴാണ് അന്നത്തെ ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച് എസ്.എൽ.പി. ഫയൽ ചെയ്തത്. ഒരു ചട്ടപ്രകാരം മൂന്ന് ആവശ്യങ്ങൾക്ക് ഭൂമി നൽകുമ്പോൾ ഏത് ആവശ്യത്തിനാണെന്ന് പറയാനാവില്ലെന്നാണ് സർക്കാർ പറഞ്ഞത്. അതുകൊണ്ടാണ് ഏത് ചട്ടമനുസരിച്ചെന്ന് പറയാമെന്ന് രേഖപ്പെടുത്തിയത്. ഇതിനെത്തുടർന്ന് ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകുന്നതെന്ന വിവരം കൈവശ സർട്ടിഫിക്കറ്റുകളിൽ ചേർക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും ഇത് നടപ്പാക്കാത്തതിനാൽ കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും തുടർന്ന് കൈവശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നത് സംബന്ധിച്ച് അപേക്ഷകൻ ഒരു സത്യവാങ്മൂലം നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് സത്യവാങ്മൂലത്തിന്റെ മാതൃക ഉൾപ്പെടുത്തിക്കൊണ്ട് 1-10-2021-ൽ എ 2/49/2021 /റവന്യൂ നമ്പർ ആയി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിവിധിമൂലമുണ്ടായിട്ടുള്ള പ്രശ്നം പരിഹരിക്കാൻ മൂന്നാർ പ്രദേശത്ത് എൻ.ഒ.സി. ഇല്ലാതെയും മറ്റും

നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും 22-8-2019-ലെ സ.ഉ 269/2019/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതുപ്രകാരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ക്രമവത്കരിക്കുന്നതിന് കഴിയാത്തവിധം ഭൂപതിവ് ചട്ടങ്ങളുടെ ലംഘനം നടത്തിയിട്ടുള്ള ഭൂമിയുടെ പാട്ടം റദ്ദാക്കി സർക്കാർ ഏറ്റെടുക്കാനും തുടർന്ന് കെട്ടിടങ്ങൾ പാട്ടവ്യവസ്ഥയിൽ നൽകാനും പ്രസ്തുത ഉത്തരവിൽ തീരുമാനിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സർക്കാർ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒന്നിലേറെ തവണ യോഗങ്ങൾ ചേർന്നിരുന്നു. 26-10-2021-ന് ചേർന്ന യോഗത്തിൽ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യപ്പെട്ടു. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ 15 സെന്റിൽ താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിന് മാത്രം ഉപയോഗി ക്കുന്ന 1500 ചതുരശ്ര അടിക്കുതാഴെമാത്രം തറവിസ്തൃതിയോടു കൂടിയ കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലെന്ന് തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും 21-1-2010-ലെ ബഹുമാനപ്പെട്ട കോടതി ഉത്തരവിനുശേഷം നിർത്തിവയ്ക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും 269/2019/റവന്യൂ നമ്പർ ഉത്തരവ് തീയതി വരെ റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. വാങ്ങി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ക്രമവത്കരിക്കുന്നതി നാവശ്യമായ ചട്ടഭേദഗതി വരുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. WP(C) No.1801/2010 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ചട്ട ഭേദഗതിക്ക് കോടതിയുടെ അനുവാദം വാങ്ങണമെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പട്ടയ ചട്ട ഭേദഗതി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, ഒന്നാം പിണറായി വിജയൻ സർക്കാരാണ് ഈ നടപടികൾക്ക് നേതൃത്വം നൽകിയ തെന്നത് ശരിയല്ല. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്റ്റിൽ മൂന്നാറിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് പ്രസ്തുത എട്ട് വില്ലേജുകളിലും നിയന്ത്രണം വന്നത്. അതിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു വരികയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഇനിപറയുന്ന കാര്യം അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇതിലൊരു ക്ലാരിറ്റി വേണമെന്നുള്ളതുകൊണ്ട് ദയവായി എനിക്ക് ഒരു മിനിട്ട് സമയം അനുവദിക്കണം. ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്ന് അങ്ങ് പറഞ്ഞു. അങ്ങ് ഒരു മന്ത്രിയെന്ന നിലയിൽ നടത്തിയ

പ്രസ്താവനയിൽ എന്തുമാത്രം തെറ്റിദ്ധാരണാജനകമായ കാര്യങ്ങളാണുള്ളത്. അതായത്, അങ്ങ് പറഞ്ഞത്, കോടതി പറഞ്ഞത് 'മൂന്നാർ പ്രദേശത്തെ' എന്നാണെന്നാണ്. അങ്ങയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവരേയും ഉദ്യോഗസ്ഥർ നിരന്തരം തെറ്റിദ്ധരിപ്പിക്കുന്നത് ഇതുപറഞ്ഞിട്ടാണ്. ഞാൻ ഇന്ന് ഈ സഭയിൽ പറയുന്നു, ബഹുമാനപ്പെട്ട ഹൈക്കോടതി 'മൂന്നാർ പ്രദേശത്തെ' എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ എന്റെ ആർഗ്യുമെന്റ് മുഴുവൻ പിൻവലിക്കാൻ തയ്യാറാണ്. ഓപ്പറേറ്റീവ് പോർഷനിൽ പറഞ്ഞിരിക്കുന്ന 'മൂന്നാറിൽ' എന്നതാണ് മൂന്നാറിന് 100 കിലോമീറ്റർ അകലേയ്ക്ക് ഉദ്യോഗസ്ഥ താത്പര്യപ്രകാരം വലിച്ചിഴച്ചത്. അത് അങ്ങേയ്ക്ക് മനസ്സിലാകാഞ്ഞിട്ടാണോ അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്നതാണോ എന്നറിയില്ല. അതുമാത്രമല്ല, ഞാനിവിടെ ഉന്നയിച്ച വിഷയം കെട്ടിടങ്ങളെ സംബന്ധിച്ചല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങ് ഉപചോദ്യം ചോദിക്കൂ. ഉപചോദ്യം ചോദിക്കുന്നതിൽ വിശദീകരണത്തിന്റെ ആവശ്യമില്ലല്ലോ?

ഡോ. മാത്യു കുഴൽനാടൻ: സർ, മറ്റൊന്ന് പട്ടയഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള അവകാശമാണ്. എന്റെ അച്ഛനോ മകനോ വീടുണ്ടെങ്കിൽ എനിക്ക് വീട് വയ്ക്കാൻ പാടില്ലെന്നുള്ളത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നതാണ് എന്റെ ചോദ്യം; അതല്ലാതെ വ്യാപാര വ്യവസായ കെട്ടിടങ്ങളെ സംബന്ധിച്ചല്ല. വീട് വയ്ക്കാനുള്ള അവകാശമുണ്ടോ എന്നുമാത്രം പറഞ്ഞാൽമതി.

ശ്രീ. കെ. രാജൻ: സർ, ഞാൻ എന്റെ മറുപടിയിൽ ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No.1801/2010 എന്ന കേസ്സിനെ ആസ്പദമാക്കിയുള്ള ഉത്തരവുകൾ നടപ്പാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അക്കാര്യത്തിൽ നേരത്തെ പറഞ്ഞതുപോലെ സ.ഉ. 269/2019/റവന്യൂ പ്രകാരം പത്തോളം കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിൽ മാത്രമാണ് മൂന്നാറിനെ ഡിഫൈൻ ചെയ്തിട്ടുള്ളത്. മറ്റൊരു സ്ഥലത്തും പ്രത്യേകമായി ഡിഫൈൻ ചെയ്തിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങളെ പ്രയാസകരമല്ലാത്ത വിധത്തിൽ ക്രമീകരിക്കാനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

## IV സബ്മിഷൻ

### (1) വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി

ശ്രീ. എം. വിൻസെന്റ്: സർ, തിരുവല്ലം, വിഴിഞ്ഞം, കോവളം, കാഞ്ഞിരംകുളം, പൂവാർ എന്നീ പോലീസ് സ്റ്റേഷനുകളെ ബന്ധപ്പെടുത്തി സിവിൽ അധികാരങ്ങളോടുകൂടിയ ഒരു കോടതി വിഴിഞ്ഞത്ത് സ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഒരു തുറമുഖ നഗരമായി മാറാൻ പോകുന്ന വിഴിഞ്ഞം പ്രദേശത്തെയും അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളം പ്രദേശത്തെയും ഉൾപ്പെടുത്തി കോടതി ആരംഭിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. കഴിഞ്ഞ 10 വർഷത്തിനിടയിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലായി 85617 കേസുകളുണ്ടായെന്നാണ് എന്റെയൊരു ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി. അതായത് ശരാശരി 8500 കേസുകൾ ഇവിടെനിന്ന് മാത്രമായി ഉണ്ടാകുകയാണ്. അതുമാത്രമല്ല, നെയ്യാറ്റിൻകര കോടതിയാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ആ കോടതിയിൽ മാത്രം 13522 കേസുകൾ പെൻഡിംഗിലാണ്. തിരുവല്ലത്തും വിഴിഞ്ഞത്തും നിന്നുമെല്ലാം നെയ്യാറ്റിൻകര കോടതിയിലേയ്ക്ക് പോകണമെങ്കിൽ 20-25 കിലോമീറ്റർ യാത്ര ചെയ്യണം. ജനങ്ങൾക്ക് യാത്രാദൂരിതവും സാമ്പത്തിക പ്രശ്നങ്ങളുമുണ്ടാകുന്നു എന്നുമാത്രമല്ല, കേസുകൾ അധികം കെട്ടിക്കിടക്കുന്നതു കൊണ്ട് നീതി ലഭിക്കുന്നതിന് വൈകുന്ന സാഹചര്യവുമുണ്ടാകുകയാണ്. വിഴിഞ്ഞം ഒരു അന്താരാഷ്ട്ര തുറമുഖമായി വളരുമ്പോൾ ആയിരക്കണക്കിനാളുകളും സംരംഭങ്ങളും അവിടെ വരികയും അതിനനുസരിച്ച് കേസുകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യും. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനുമായി തുറമുഖ നഗരംകൂടിയായി മാറുന്ന വിഴിഞ്ഞം കേന്ദ്രമാക്കി ഒരു കോടതി അനുവദിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗത്തെ നിരാശപ്പെടുത്തുന്ന മറുപടിയാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ നിർദ്ദേശം കണക്കിലെടുത്ത് സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടിക നിലവിലുണ്ട്. അതിൽ വിഴിഞ്ഞം ഉൾപ്പെടുന്നില്ല. നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ഇക്കാരണത്താൽ വിഴിഞ്ഞം കേന്ദ്രീകരിച്ച് കോടതി ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## (2) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം

ഡോ. എം. കെ. മുനീർ: സർ, സംസ്ഥാനത്തെ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തെ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഒരു വർഷംമുൻപ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ കുതിച്ചുചാട്ടം പ്രതീക്ഷിച്ച് ആരംഭിച്ച സർവ്വകലാശാല ഇന്നും മുട്ടിലിഴയുന്ന അവസ്ഥയിലാണ്. വിദ്യാർത്ഥികളെ സങ്കീർണ്ണതകളിലൂടെ മുന്നോട്ടുകൊണ്ടുപോയി അതിന്റെ നടുക്കടലിൽത്തന്നെ നിർത്തിയിരിക്കുന്നുവെന്നത് ഈ സഭ പലവട്ടം ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്. കോഴ്സിന്റെ അംഗീകാരത്തിനായി അപേക്ഷിക്കുമ്പോൾ പാഠ്യപദ്ധതികളുടേതടക്കമുള്ള വിശദമായ രേഖകൾ യു.ജി.സി.-ക്ക് സമർപ്പിക്കേണ്ടതുണ്ട്. പഠിതാക്കൾക്ക് ഭാവിയിൽ നൽകേണ്ട സെൽഫ് ലേണിംഗ് മെറ്റീരിയൽസിന്റെ വിശദാംശമുൾപ്പെടെ പരിഗണിച്ചാണ് ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം നൽകുന്നത്. ഇവിടെ സെൽഫ് ലേണിംഗ് മെറ്റീരിയൽസിന്റെ പ്രാഥമിക മാതൃക പോലും തയ്യാറാക്കപ്പെട്ടിട്ടില്ല. ഇത്തരം പഠന സഹായികൾ തയ്യാറാക്കുന്നതിനായി ഇപ്പോൾ വിദഗ്ദ്ധരായ കണ്ടന്റ് റൈറ്റേഴ്സിനെ തേടിക്കൊണ്ടിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന കണ്ടന്റ് റൈറ്റേഴ്സ്, സ്പെഷ്യൽ കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് കഴിഞ്ഞ 5 മാസമായി പ്രതിഫലം നിഷേധിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുഭൂരിപക്ഷംപേരും ഈ പ്രവർത്തനത്തിൽനിന്നും വിട്ടുമാറാൻ തുടങ്ങിയിട്ടുണ്ട്. തയ്യാറാക്കപ്പെട്ട പഠന സഹായികൾ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി ഇപ്പോഴും കോ-ഓർഡിനേറ്റർമാരുടെ പക്കലാണ്. ഇത്തരമൊരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോയെന്നും സംശയമാണ്. വീണ്ടും ഇത് പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നത്. എന്ത് പ്രതിസന്ധിയുണ്ടായാലും ഒക്ടോബർ മാസത്തിൽ ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനമാരംഭിക്കുമെന്ന് സർക്കാർ ഈ സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുമില്ല. കണ്ടന്റ് റൈറ്റേഴ്സിനും സ്പെഷ്യൽ കോ-ഓർഡിനേറ്റർമാർക്കും 5 മാസത്തെ പ്രതിഫലം നൽകിയാൽ മാത്രമേ കൂടുതൽ പഠന സാമഗ്രികൾ തയ്യാറാക്കി നൽകാൻ സാധിക്കുകയുള്ളൂ. സെൽഫ് ലേണിംഗ് മെറ്റീരിയൽസ് തയ്യാറാക്കി നൽകിയാൽ മാത്രമേ ഓപ്പൺ സർവ്വകലാശാലയ്ക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. ആദ്യം നമ്മൾ പറഞ്ഞ പ്രതിഫലം എന്തായിരുന്നു; പിന്നീട് കൊടുത്ത പ്രതിഫലം എന്താണ്; ഇപ്പോൾ തീരെ കൊടുക്കാത്ത അവസ്ഥ എങ്ങനെയുണ്ടായി എന്നുള്ളത് പരിശോധിച്ച് ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, എഴുത്തുകാർ സർവ്വകലാശാലയിൽ ഒരുമിച്ചിരുന്ന് ഉള്ളടക്കം വികസിപ്പിക്കുന്ന രീതിശാസ്ത്രം പ്രയോഗിച്ചുകൊണ്ടാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല കണ്ടന്റ് റൈറ്റിംഗ് ആരംഭിച്ചത്. ഈ കാലയളവിൽ മാസാടിസ്ഥാനത്തിലാണ് പ്രതിഫലം നൽകിയിരുന്നത്. അത് കൃത്യമായി നൽകുകയും ചെയ്തു. സർക്കാരിന്റെ കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി ലോക്ഡൗൺ കാലയളവിൽ സമ്പർക്ക ഇടപെടൽ നിർത്തിവച്ചതോടെ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ രീതിയിലുള്ള കണ്ടന്റ് റൈറ്റിംഗ് അവസാനിപ്പിച്ചു. അതായത് കോവിഡ് പ്രോട്ടോക്കോൾ നിലവിൽ വന്നതോടെ ക്യാമ്പസ് അധിഷ്ഠിതമായ പ്രവർത്തനരീതിയിലൂടെ ഉള്ളടക്കം വികസിപ്പിക്കുന്ന രീതിശാസ്ത്രം നിർത്തിവയ്ക്കുകയും പകരം സർവ്വകലാശാലാ നിബന്ധനകൾക്കനുസരിച്ച് കണ്ടന്റ് റൈറ്റർ സൗകര്യപ്രദമായ രീതിയിൽ എഴുതി സമർപ്പിക്കുന്ന പാഠഭാഗത്തിന് പ്രതിഫലം നൽകുന്ന രീതിയിലേയ്ക്ക് (ഔട്ട്കം ബേസ്ഡ് ഫോർമാറ്റ്) മാറുകയും ചെയ്തു. ഈ ഘട്ടത്തിൽ ഇതിൽ പങ്കുചേർന്ന എഴുത്തുകാർ മാസ ശമ്പളാടിസ്ഥാനത്തിലല്ല പ്രവർത്തിക്കുന്നത്. വീട്ടിലിരുന്ന് എഴുതാൻ താത്പര്യമുള്ളവർക്ക് തുടരാനുള്ള അനുമതിയും നൽകി. എഴുതിക്കഴിഞ്ഞ പാഠഭാഗങ്ങൾ സർവ്വകലാശാലാ നിയമങ്ങൾക്കനുസരിച്ച് അവലോകനത്തിനും വിശകലനത്തിലും വിധേയമാക്കി പ്രതിഫലം നിശ്ചയിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. തൻമൂലം എഴുത്തുകാരുടെ പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് പ്രതിഫലം നൽകുന്നത്. ഇതേത്തുടർന്ന് ചില എഴുത്തുകാർ സ്വയം വിടുതൽ ചെയ്തുപോയിട്ടുണ്ട്. എഴുതിത്തീർത്ത ഭാഗങ്ങൾ അവലോകനം ചെയ്ത് സർവ്വകലാശാലയുടെ ഗുണപരമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തി എഴുത്തുകാർ, കോ-ഓർഡിനേറ്റർ, പ്രോഗ്രാം സ്പെസിഫിക് കോ-ഓർഡിനേറ്റർ എന്നിവർക്ക് പ്രതിഫലം നൽകുന്ന പ്രക്രിയ നടന്നുവരികയാണ്. ചെയ്ത പ്രവൃത്തികൾക്ക് ആനുപാതികമായി എല്ലാവർക്കും പ്രതിഫലം ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതാണ്.

### (3) ഭവനനിർമ്മാണം നടത്താൻ കഴിയാത്ത പദ്ധതി ഗുണഭോക്താക്കളുടെ പലിശ ഒഴിവാക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, തദ്ദേശഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളായ പി.എം.എ.വൈ., ലൈഫ് മിഷൻ തുടങ്ങിയവയ്ക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള ഉത്തരവുകളാണ് ബാധകമായിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ഭവനം അടിയന്തര സാഹചര്യത്തിൽ വിൽക്കേണ്ടി വന്നാൽ 12 ശതമാനം നിരക്കിൽ

പലിശകൂടി ഈടാക്കി കരാർ റദ്ദുചെയ്ത് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, പി.എം.എ.വൈ., ലൈഫ് മിഷൻ പദ്ധതികളിൽ കരാർ വയ്ക്കുകയും വിവിധ സാഹചര്യങ്ങളിൽ നിർമ്മാണം നടത്താൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യാൻ അപേക്ഷ നൽകുന്ന ഗുണഭോക്താക്കളിൽനിന്നും കൈപ്പറ്റിയ തുകയ്ക്കുപുറമേ 12 ശതമാനം പലിശകൂടി നിലവിൽ ഈടാക്കിവരുന്നു. ഭവനനിർമ്മാണം തുടങ്ങാൻപോലും കഴിയാത്ത ആളുകളിൽ നിന്നും അധികപലിശ ഈടാക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ആയതിനാൽ പി.എം.എ.വൈ., ലൈഫ് മിഷൻ പദ്ധതിയിൽ കരാർ ഒപ്പിട്ടശേഷം ഭവനനിർമ്മാണം തുടങ്ങാൻ കഴിയാത്ത, പ്രത്യേക സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യേണ്ടിവരുന്ന ഗുണഭോക്താക്കളിൽനിന്നും പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഗുണഭോക്താക്കളിലെത്തുന്നുണ്ട്. കരാറിലേർപ്പെട്ട് ഒന്നോ രണ്ടോ ഗഡു ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഒട്ടേറെ സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം സർക്കാർ ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വീടും വസ്തുവും ഒരു നിശ്ചിതകാലത്തേയ്ക്ക് വിൽക്കാനോ കൈമാറാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭവനരഹിതരായ ദരിദ്ര ജനവിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം അനർഹർ കൈക്കലാക്കാതിരിക്കാനും സ്വന്തമായ വാസഗൃഹങ്ങൾ ലഭ്യമായശേഷം വീണ്ടും ഭവനരഹിതരാകുന്ന സാഹചര്യമൊഴിവാക്കാനുമാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്. അഞ്ചും ആറും പ്രാവശ്യം വീടുകൊടുത്തതിനുശേഷവും വീടില്ലാതിരിക്കുന്ന സ്ഥിതിയിലേയ്ക്ക് ചില ആളുകളെങ്കിലും എത്തിച്ചേരുന്നുണ്ട്. അതൊഴിവാക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു നിബന്ധന ചേർത്തിരിക്കുന്നത്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരോ ഭവനനിർമ്മാണം ആരംഭിക്കാത്തവരോ ആയ ഗുണഭോക്താക്കൾ അവരുടെ വസ്തുക്കൾ കൈമാറാനോ വിൽപ്പന നടത്താനോ അനുവദിക്കണമെന്നാവശ്യപ്പെട്ട് വിവിധ രീതിയിൽ സർക്കാർ സംവിധാനങ്ങളെ സമീപിക്കുന്നുണ്ട്. സർക്കാർ ധനസഹായം കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിക്കുകയോ പൂർത്തിയാക്കാൻ കഴിയാത്തതോ ആയ സാഹചര്യവും ഒഴിവാക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലും സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുമായി ഇപ്രകാരം കൈപ്പറ്റിയ തുകയ്ക്ക് 12 ശതമാനം

പലിശസഹിതം തിരിച്ചടച്ചാൽ അവരുടെ വസ്തുക്കൾ കൈമാറാനോ വിൽക്കാനോ അനുവദിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അവർ വീട് വയ്ക്കുമെന്ന് ഉറപ്പുവരുത്താൻ വേണ്ടിയാണ് 12 ശതമാനം പലിശ ഏർപ്പെടുത്തിയിരിക്കുന്നത്. ഈ വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയാൽ ഭൂരിപക്ഷം ആളുകളും ഇത് കൈമാറാനോ വിൽക്കാനോയുള്ള സാദ്ധ്യതയേറെയാണ്. ഈ സന്ദർഭത്തിൽ 12 ശതമാനം പലിശ ഒഴിവാക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം അനുവദിച്ചാൽ അത് പാവപ്പെട്ടവർക്കുതന്നെ ദോഷകരമായി ബാധിക്കുമെന്നതുകൊണ്ട് അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

(4) പ്രളയ നഷ്ടപരിഹാരം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, തോരാത്ത മഴയുടെയും തീരാത്ത വേദനയുടെയും ഒരുപാട് വിങ്ങലുകളേറ്റുവാങ്ങുന്ന ഒരു പ്രദേശത്തിന്റെ അനുഭവമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഒക്ടോബർ മാസം 16-ാം തീയതി ഞങ്ങളുടെ പ്രദേശത്തെ കിഴക്കൻ മേഖലയിൽ, പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ നാല് പഞ്ചായത്തുകളിലുണ്ടായ ഉരുൾപൊട്ടലിന്റെയും തീവ്രമഴയുടെയും ഭാഗമായി ഒരുപാട് മനുഷ്യജീവനുകൾ നഷ്ടപ്പെട്ടു. അതിൽ ഫൗസിയ, അമീൻ സിയാദ്, അംനാ സിയാദ്, രാജമ്മ എന്നീ നാലുപേർ കാഞ്ഞിരപ്പള്ളിക്കാരാണ്. ഇതിൽ മൂന്നുപേർ കൊക്കയാറിൽ വച്ചാണ് മരണപ്പെട്ടത്. കാഞ്ഞിരപ്പള്ളി, മണിമല, ചിറക്കടവ്, വെള്ളാവൂർ എന്നീ നാല് പഞ്ചായത്തുകളിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർ 42 പേരാണ്. നാനൂറിൽപ്പരം ആളുകൾക്ക് ഭാഗികമായി വീട് നഷ്ടപ്പെട്ടു. കാഞ്ഞിരപ്പള്ളിയിലെയും വെള്ളാവൂരിലെയും 506-ഓളം കടകളിലെ സാധനസാമഗ്രികളാണ് വെള്ളം കയറി പൂർണ്ണമായും നശിച്ചത്. നൂലിവേലിക്കടവ് ഉൗക്കുപാലം, ചെറുവള്ളി പാലം എന്നിവയെല്ലാം നഷ്ടപ്പെട്ടു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ആ വലിയ മഴയത്തും ഞങ്ങളോടൊപ്പം വന്ന് ആ പ്രദേശത്തെ നാശനഷ്ടങ്ങൾ നേരിട്ട് കണ്ടത് ഞങ്ങളുടെ നാടിനുതന്നെ വലിയൊരു അനുഭവമായി. ആ വേദനയിൽ പങ്കുചേരാൻ കടന്നുവന്നതിന് പ്രത്യേകമായി ഞങ്ങളുടെ നാടിന്റെ നന്ദി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. മണിമലയിലെ 5 പഞ്ചായത്തുകളുടെ മേജർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാന ടാങ്കും പമ്പ് ഹൗസുമുൾപ്പെടെ തകർന്നുപോയി. അതോടൊപ്പം കാഞ്ഞിരപ്പള്ളി ടൗണിലെയും മൂങ്ങാനി, ചിറക്കടവ് പഞ്ചായത്തുകളിലെയും വ്യാപാര സ്ഥാപന ങ്ങളിലുണ്ടായിരുന്ന സാധനങ്ങളും നഷ്ടപ്പെട്ടു. ജീവനോപാധികൾ നഷ്ടപ്പെട്ടുപോയ വലിയൊരു വേദനയാണ് യഥാർത്ഥത്തിൽ ഈ നാടിനുണ്ടായിട്ടുള്ളത്. അങ്ങനെ വ്യാപാര സ്ഥാപനങ്ങളും വീടുകളുമെല്ലാം നഷ്ടപ്പെട്ട് ആളുകൾ ഇന്ന് വലിയ

ബുദ്ധിമുട്ട് നേരിടുകയാണ്. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ മണിമലയാറിന്റെ തീരത്തെ കുറവാമൊഴിയിൽ 13 വീടുകൾ ഒലിച്ചു പോകുകയുണ്ടായി. കഴിഞ്ഞ ദിവസം വട്ടകപ്പാറയിൽ 10 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. മലയിടിച്ചിലിന്റെ ലക്ഷണങ്ങളുണ്ടായതുമൂലം ആ പ്രദേശത്തെ ജനങ്ങൾ വലിയ ആപത്തിലും ആശങ്കയിലുമാണ്. ഒരുപാട് നാശനഷ്ടങ്ങളുണ്ടായി. ചെറുവള്ളിപ്പാലത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. 26-ാം മൈലിലെ എരുമേലി റോഡിലെ പാലം നഷ്ടപ്പെട്ടു. വർഷങ്ങളായിട്ടുള്ള പഴയിടം കോസ് വേ, രണ്ട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കടവനാൽക്കടവ് പാലം, കാഞ്ഞിരപ്പള്ളിയെയും എരുമേലിയെയും ബന്ധിപ്പിക്കുന്ന ഓരുങ്കൽ കടവ് പാലം എന്നിവയെല്ലാം നഷ്ടപ്പെട്ടു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒരുപാട് പാലങ്ങൾ നഷ്ടപ്പെട്ടു. വിവിധ കാലഘട്ടങ്ങളിൽ നിർമ്മിച്ച പഞ്ചായത്ത് പാലങ്ങളുൾപ്പെടെ ഗതാഗത സൗകര്യങ്ങളും റോഡു കളുമെല്ലാം നഷ്ടപ്പെട്ടുപോയ ഒരവസ്ഥയാണ്. അങ്ങും സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഈ പ്രദേശങ്ങളിൽ കടന്നുവന്ന് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണ്ടതാണ്. അതുകൊണ്ട് വീടും സ്ഥലവും നഷ്ടപ്പെട്ടവർ ക്കാവശ്യമായ ധനസഹായവും പുനരധിവാസവും എത്രയും വേഗമുണ്ടാക ണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്ക് പരമാവധി ധനസഹായം നൽകണം. വീടുകളുടെ മുൻപിലുള്ള സംരക്ഷണ ഭിത്തികൾ ഒരുപാട് തകർന്നിട്ടുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ച് അതിന് ധനസഹായം നൽകാൻ സാധിക്കില്ല. അതിനായി നോംസിൽ പരമാവധി മാറ്റം വരുത്തണം. വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകണം. റവന്യൂ ഉദ്യോഗസ്ഥർ കൃത്യമായി സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ക്ഷേമനിധിയിൽ പണമടയ്ക്കാൻ കഴിയുന്നില്ലെന്ന പരാതി വ്യാപാരികൾക്കുണ്ട്. ജി.എസ്.ടി.-യുടെ കണക്കുകളും കൊടുക്കാൻ കഴിയാത്തൊരു അവസ്ഥയാണ്. ഒരുപാട് സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അതെല്ലാം തിരികെ കിട്ടാനുള്ള നടപടിയുണ്ടാകണം. കാഞ്ഞിര പ്പള്ളിയും പൂഞ്ഞാറുമുൾപ്പെടുന്ന കിഴക്കൻ മലയോര മേഖലയുടെ വലിയ ദുഃഖം അങ്ങ് നേരിട്ട് കണ്ടതാണ്. ഗവണ്മെന്റിന്റെ ഇടപെടലുകളാണ് യഥാർത്ഥത്തിൽ കൂടുതൽ ദുരന്തങ്ങളുണ്ടാകാതെ ആ പ്രദേശത്തെ സംരക്ഷിക്കാൻ സഹായകമായത്. പരമാവധി ധനസഹായം നൽകി വ്യപാരികളെയും വീടുകൾ നഷ്ടപ്പെട്ടവരെയും സഹായിക്കാനും നഷ്ടപ്പെട്ട ആസ്തികൾ പുനഃസ്ഥാപിക്കാനുമുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് സഭയിൽ ഉന്നയിച്ചതുപോലെ എത്രനേരം പറഞ്ഞാലും തീരാത്ത വിധത്തിലുള്ള കരളലിയിപ്പിക്കുന്ന രംഗങ്ങളും അതിഭീകര സംഭവങ്ങ

ളുമാണ് ഈ മേഖലയിലുണ്ടായതെന്നത് ഒരു യാഥാർത്ഥ്യമാണ്. ഒക്ടോബർ മാസം 16-ാം തീയതി രാവിലെ മുതൽ വളരെ പെട്ടെന്നാണ് കാലാവസ്ഥയിൽ മാറ്റമുണ്ടായത്. ഇന്നലെ ബഹുമാനപ്പെട്ട അംഗം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സബ്മിഷനിൽ സൂചിപ്പിച്ചതുപോലെ കാവാലി, പ്ലാപ്പള്ളി, പൂവഞ്ചി അടക്കമുള്ള പ്രദേശങ്ങളിലെ ഭീകരാവസ്ഥയും മരണങ്ങളുമൊക്കെ വലിയ നഷ്ടമാണ് നമുക്കുണ്ടാക്കിയിട്ടുള്ളത്. അറബിക്കടലിൽ ലക്ഷദ്വീപിനുസമീപം രൂപംകൊണ്ട അതിന്യൂനമർദ്ദത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായ കനത്ത മഴയെത്തുടർന്നാണ് പ്രളയത്തിലും ഉരുൾപൊട്ടലിലും കാഞ്ഞിരപ്പള്ളി താലൂക്കിലുൾപ്പെടെ സംസ്ഥാനത്ത് വ്യാപകമായ നാശനഷ്ടവും ജീവഹാനിയും സംഭവിച്ചത്. കാഞ്ഞിരപ്പള്ളി, കപ്പാട്, മണിമല, വെള്ളാവൂർ പ്രദേശങ്ങൾ പൂർണ്ണമായും വെള്ളത്തിൽ മുങ്ങുകയും ചെറുവള്ളിപ്പാലം, പഴയിടം കോസ് വേ, വെള്ളാവൂർ തൂക്കുപാലം എന്നിവ നശിക്കുകയും ചെയ്ത ഭീതിജനകമായ അവസ്ഥയാണ് അവിടെയുണ്ടായത്. അങ്ങയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയടക്കം ആ മേഖലയിലെ ജനപ്രതിനിധികൾ നടത്തിയ പ്രവർത്തനങ്ങളെല്ലാം സർക്കാർ വളരെ നന്ദിയോടെ ഈ ഘട്ടത്തിൽ ഓർക്കുകയാണ്. നാശനഷ്ടങ്ങളുടെ കണക്കുകൾ ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അതത് വകുപ്പുകൾ തിട്ടപ്പെടുത്തി നൽകുന്ന മുറയ്ക്ക് സർക്കാർ ദുരിതാശ്വാസ സഹായം അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വ്യക്തിഗത നാശനഷ്ടങ്ങൾക്കും പൊതുനാശനഷ്ടങ്ങൾക്കും വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങളാണുള്ളത്. ഇതുപ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നൽകാൻ കഴിയുന്ന സഹായത്തിനും ചില കുറവുകളുണ്ടായി. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട മലയോര മേഖലയിലുള്ളവർക്ക് എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) അനുസരിച്ച് 1,01,900 രൂപയും സമതലത്തിലാണെങ്കിൽ 95,100 രൂപയുമാണ് ധനസഹായം നൽകുന്നത്. ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്ക് 5,200 രൂപ മാത്രമാണ് നൽകുന്നത്. എന്നാൽ ഇന്നലെ ക്യാബിനറ്റ് ഇക്കാര്യം വിശദമായി പരിശോധിച്ച് പുതിയൊരു തീരുമാനമെടുത്ത കാര്യം ഞാൻ അങ്ങയെ വളരെ സ്നേഹത്തോടെ അറിയിക്കുകയാണ്. ഭാഗികമായി വീട് നഷ്ടപ്പെട്ടതിനെ അഞ്ച് തലങ്ങളായി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. അതായത് 15 ശതമാനവും അതിനു താഴെയും, 16 മുതൽ 29 വരെ, 30 മുതൽ 59 വരെ, 60 മുതൽ 74 വരെ, 75 മുതൽ 100 വരെ എന്നിങ്ങനെ വിവിധ കാറ്റഗറികളിലായി മാറ്റാനും പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപവരെ ലഭിക്കുന്ന വിധത്തിൽ സർക്കാർ അടിയന്തര സഹായം നൽകുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഈ പ്രദേശങ്ങൾ ഞങ്ങൾ സന്ദർശിച്ചപ്പോൾ ഭാഗികമായോ പൂർണ്ണമായോ വീട്

നഷ്ടപ്പെട്ടവരെല്ലാം പട്ടയഭൂമിയിലോ അതുമായി ബന്ധപ്പെട്ട് രേഖയുള്ള ഭൂമിയിലോ അല്ല താമസിച്ചിരുന്നതെന്ന് മനസ്സിലായി. അതുകൊണ്ട് വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കാനായി 4 ലക്ഷം രൂപയും ഭൂമിയും വീടുമുൾപ്പെടെ നഷ്ടപ്പെട്ടവർക്ക്, പുറമ്പോക്ക് പ്രദേശത്തുള്ളവർക്കാണെങ്കിലും 10 ലക്ഷം രൂപവരെ നൽകാനുമുള്ള ശ്രദ്ധേയമായ തീരുമാനം സർക്കാർ ഇന്നലെ കൈക്കൊള്ളുകയുണ്ടായി. ആദ്യ ഘട്ടമെന്ന നിലയിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടപ്രകാരം വിവിധ ആവശ്യ ങ്ങൾക്കായി അതത് ശീർഷകങ്ങളിൽനിന്ന് ചെലവഴിക്കാനുള്ള പണം വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ട് ഉത്തരവുകളിലായി കോട്ടയം ജില്ലയുൾപ്പെടെ 9 ജില്ലകൾക്ക് 13 കോടി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ദുരന്തത്തിൽ മരണപ്പെട്ടവരുടെ അവകാശികൾക്കും പരിക്കുകൾ സംഭവിച്ചവർക്കും കൃഷിനാശം സംഭവിച്ചവർക്കും വീടുകൾ/ കന്നുകാലികൾ/ ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ടവർക്കും മാനദണ്ഡപ്രകാരമുള്ള അടിയന്ത രമായി തുക നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. നഷ്ടപ്പെട്ടവരുടെ വികാരങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അവരോടൊപ്പം നിൽക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ എസ്.ഡി. ആർ.എഫ്. അനുസരിച്ച് നമുക്ക് പണം അനുവദിക്കാൻ സാധിക്കാത്ത ചില പ്രശ്നങ്ങളുണ്ട്, അതിൽ എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ വരെ നൽകാനുള്ള സർക്കാരിന്റെ പ്രഖ്യാപനം ഗവൺമെന്റ് ഉത്തരവായി ഉടൻതന്നെ ഇറങ്ങുന്നതാണ്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ, ഒരു പ്രത്യേക അദാലത്ത് നടത്തി സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാ ക്കാനുള്ള എല്ലാ സഹായവും സർക്കാർ നൽകും. വ്യാപാരികൾക്ക് ഏതെങ്കിലും ആവശ്യത്തിന് സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത പ്രശ്നമുണ്ടെങ്കിൽ റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി അക്കാര്യങ്ങളിൽ ഇടപെടുന്നതാണ്. ഞങ്ങൾ അവിടെ സന്ദർശിച്ചപ്പോൾ വിവിധ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനെ ക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞിരുന്നു. അതെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുവരികയാണ്. ഉദാഹരണത്തിന് മണിമലയിൽ മാവേലി സ്റ്റോർ നഷ്ടപ്പെട്ട പ്രശ്നം അങ്ങ് സൂചിപ്പിച്ചു, 24 മണിക്കൂറിനുള്ളിൽത്തന്നെ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിച്ചു. സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ ചെറുവള്ളി പാലത്തിന്റെ ഇരുകരകളിലുമായി ഒറ്റപ്പെട്ട വർക്ക് പോകാനുള്ള വാഹനത്തിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയിരുന്നു. വാഹനം അനുവദിക്കാമെന്ന് ഗതാഗത വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ വകുപ്പുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് അങ്ങയുടെ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

(5) പഴശ്ശിസാഗർ മിനി ജലവൈദ്യുത പദ്ധതി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കണ്ണൂർ ജില്ലയിലെ പഴശ്ശി ഇറിഗേഷൻ പദ്ധതിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് 7.50 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു ജലവൈദ്യുത പദ്ധതി നിർമ്മിക്കുന്നതിനുള്ള തീരുമാനമാകുകയും പദ്ധതിയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. ആണ് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നത്. 2006-11 കാലഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതിയായിരുന്നുവെങ്കിലും 2017 ജൂലൈ മാസത്തിൽ മാത്രമാണ് ഇതിന് ഭരണാനുമതി ലഭ്യമായത്. പിന്നീട് പ്രവർത്തനം തുടങ്ങിയെങ്കിലും സ്വാഭാവികമായും കോവിഡിന്റെ പശ്ചാത്തലത്തിൽ അതിന്റെ പ്രവർത്തനം കുറച്ച് മന്ദീഭവിച്ച രീതിയിലായിരുന്നു. ഇപ്പോൾ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കി ആവശ്യമായ വൈദ്യുതി ഉൽപാദിപ്പിച്ച് സബ്സ്റ്റേഷനിലേയ്ക്ക് കൊടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മട്ടന്നൂർ-കൊയിലൂർ 31 കെ.വി. സബ്സ്റ്റേഷനിലേയ്ക്കാണ് ഈ വൈദ്യുതി പ്രവഹിപ്പിക്കുന്നത്. അതിന്റെ സിവിൽ വർക്കിന്റെ പണി ഏകദേശം പൂർത്തിയായി. ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണങ്ങൾക്ക് എ.എസ്. ലഭിച്ചിട്ടുണ്ട്. അതിന്റെ സമാഹരണവും സ്ഥാപനവുമാണ് വളരെ പെട്ടെന്ന് നടത്തേണ്ടത്. പദ്ധതിയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ ആയിട്ടില്ലെങ്കിൽ സിവിൽ വർക്ക് പൂർത്തിയാകുമ്പോൾ പദ്ധതി പൂർത്തീകരിക്കാൻ പിന്നേയും ഒരുപാട് കാലതാമസമുണ്ടാകും. അതുകൊണ്ട് എത്രയുംപെട്ടെന്ന് പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി പൂർത്തിയാക്കണം. അതോടൊപ്പംതന്നെ കനാലിന്റെ പരിസരത്ത് സൗരോർജ്ജ പാനൽ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്. അവിടെ അത് സ്ഥാപിച്ചാൽ 10 മെഗാവാട്ട് സൗരോർജ്ജ നിലയം പരിസരത്ത് സ്ഥാപിക്കാനുള്ള സൗകര്യംകൂടിയുണ്ട്. കഴിയുമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഈ പ്രദേശം സന്ദർശിച്ച് കമ്മിറ്റിയൊക്കെ വിളിച്ചു ചേർത്താൽ പദ്ധതി എളുപ്പത്തിൽ പൂർത്തിയാക്കാൻ കഴിയും. അതിനുവേണ്ടി അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ റിസർവോയറിലെ വെള്ളം ഉപയോഗപ്പെടുത്തി പഴശ്ശി ബാരേജിന് ചുവട്ടിൽ പവർഹൗസ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയാണ് പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി. 2.5 മെഗാവാട്ട് വീതം ശേഷിയുള്ള 3 ജനറേറ്ററുകളിൽ നിന്ന് ആകെ 7.5 മെഗാവാട്ടാണ് ഈ പദ്ധതിയുടെ സ്ഥാപിതശേഷി. 25.16 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് വാർഷിക ഉൽപാദനശേഷി. 54.65 കോടി രൂപയുടെ സിവിൽ ജോലികൾക്കും

57.85 കോടി രൂപയുടെ ഇലക്ട്രിക്കൽ ജോലികൾക്കും 0.5 കോടി രൂപയുടെ പ്രസരണ ജോലികൾക്കുമുൾപ്പെടെ 113.02 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 46.41 കോടി രൂപയുടെ സിവിൽ ജോലികൾക്കായി ആർ.എസ്. ഡെവലപ്മെന്റ് ആൻഡ് കൺസ്ട്രക്ഷൻ എന്ന കമ്പനിക്ക് 26-10-2017-ൽ കരാർ നൽകി. കരാർപ്രകാരം 24-4-2020-ൽ പൂർത്തീകരിക്കേണ്ട ജോലികൾക്ക് വിവിധ കാരണങ്ങളാൽ കാലതാമസമുണ്ടായതുകൊണ്ട് 21-9-2022 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പദ്ധതിയുടെ എസ്കവേഷന്റെ ഭാഗമായ പാറ പൊട്ടിക്കൽ ജോലികൾ നാട്ടുകാരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടതിനാലും 2018-ലെ പ്രളയംമൂലം ക്വാറി പ്രവർത്തനങ്ങൾ നിരോധിച്ചതിനാലും കോവിഡ് മഹാമാരി മൂലവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാര്യമായ തടസ്സം നേരിട്ടു. ഇപ്പോൾ പ്രവൃത്തികളുടെ 33 ശതമാനം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക് ജോലി കൾക്കായി 48.27 കോടി രൂപയ്ക്ക് കിർലോസ്കർ ബ്രദേഴ്സ് എന്ന കമ്പനിയുമായി 10-2-2021-ൽ കരാർ ഒപ്പുവച്ചു. കരാർ പ്രകാരം പൂർത്തീകരണ സമയം 10-2-2023 ആണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, ആ പ്രദേശം സന്ദർശിച്ച് പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) റെയിൽവേ സമാന്തര റോഡ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ എലമ്പല്ലൂർ മുതൽ കേരളപുരംവരെയും കേരളപുരം മുതൽ ചന്ദനത്തോപ്പ് വരെയുമുള്ള റെയിൽവേ സമാന്തര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിലച്ചുപോയതിനാൽ നാട്ടുകാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. അതിലൂടെ ഇരുചക്ര വാഹനങ്ങളിൽ പ്പോലും ആളുകൾക്ക് പോകാൻ കഴിയുന്നില്ല. കാൽനടപോലും ദുഷ്കരമായ അവസ്ഥയാണ്. ഗുരുതരമായ രോഗമുള്ള ആളുകളെ ആശുപത്രിയിൽ എത്തിക്കാനായി ആംബുലൻസുകൾക്കുപോലും കടന്നുവരാൻ പറ്റാത്ത രീതിയിൽ റോഡ് തകർന്നു കിടക്കുകയാണ്. അത് അടിയന്തരമായി പൂർത്തിയാക്കണം. നാട്ടുകാർ ആവശ്യപ്പെട്ടതുപ്രകാരം ഞാൻ നിരവധിതവണ ആ റോഡിന്റെ അവസ്ഥ നേരിട്ട് കണ്ടതാണ്. അതുകൊണ്ട് കരാറുകാരനെക്കൊണ്ട് എത്രയുംവേഗം പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് സഞ്ചാരയോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഉന്നയിച്ചത് വസ്തുതയാണ്. കുണ്ടറ നിയോജകമണ്ഡലത്തിലുൾപ്പെട്ട പെരുനാട് ഗ്രാമപഞ്ചായത്തിലെ 10, 12, 13, 14 വാർഡുകളിൽക്കൂടി പോകുന്ന, റെയിൽവേ ലൈനിന് സമാന്തരമായ കേരളപുരം-ചന്ദനത്തോപ്പ് റോഡ് പ്രവൃത്തിക്ക് 23-1-2019-ൽ 288 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 1-2-2019-ൽ സാങ്കേതികാനുമതി നൽകുകയും 7-3-2019-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. റെയിൽവേ അതിർത്തിക്കുള്ളിലൂടെ കടന്നുപോകുന്നതിനാൽ റോഡ് നിർമ്മാണത്തിന് റെയിൽവേ അധികൃതരുടെ അനുമതി ആവശ്യമായിരുന്നു. അനുമതി വാങ്ങുന്നതിനുമുൻപാണ് കരാറിൽ ഒപ്പിട്ടത്. റെയിൽവേയുടെ അനുമതി ലഭിക്കുന്നതിന് കാലതാമസം വന്നപ്പോൾ കരാറുകാരന്റെ അപേക്ഷ പ്രകാരം ടി കരാർ റദ്ദാക്കുകയും ചെയ്തു. 2020 ഒക്ടോബർ മാസത്തിൽ കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.6 ലക്ഷം രൂപ അടച്ച് റെയിൽവേയിൽനിന്നും അനുമതി ലഭ്യമാക്കി. തുടർന്ന് റീ-ടെണ്ടർ ചെയ്തപ്പോൾ വേറൊരു കരാറുകാരൻ വർക്ക് ഏറ്റെടുത്തു. പുതിയ കരാർ പ്രകാരം 2021 ജനുവരി മാസം പ്രവൃത്തി ആരംഭിച്ചു. കോവിഡിനോടനുബന്ധിച്ചുണ്ടായ ലോക്ഡൗൺ, മെറ്റീരിയലിന്റെ ദൗർലഭ്യം, റെയിൽവേ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള കാലതാമസം എന്നിവയാണ് പ്രവൃത്തി വൈകുന്നതിന് കാരണമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിച്ച മറുപടി. എങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായിയെന്നാണ് എനിക്ക് തോന്നുന്നത്. ഇതുസംബന്ധിച്ച് അടുത്ത മാസം 5-ാം തീയതി അങ്ങയുടെ നിയോജകമണ്ഡലത്തിൽ വച്ച് മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. അടിയന്തരമായി ഈ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകും.

(7) മുടപ്പല്ലൂർ -മംഗലം ഡാം റോഡ് പുനരുദ്ധാരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മുടപ്പല്ലൂർ-മംഗലം ഡാം റോഡ് പുനരുദ്ധാരണം സംബന്ധിച്ചുള്ളതാണ് ഈ സബ്മിഷൻ. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ഒരു ടൂറിസം പദ്ധതിയാണ് മംഗലം ഡാം. ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള സ്വപ്നപദ്ധതിയുടെ പൈലറ്റ് പ്രവർത്തനം നടക്കുന്ന സ്ഥലംകൂടിയാണ് മംഗലം ഡാം. ആലത്തൂർ താലൂക്കിലെ മലയോര കച്ചവടത്തിന്റെ പ്രഭവകേന്ദ്രമാണ് മംഗലം ഡാം. പ്രസ്തുത മേഖല ഈ

താലൂക്കിലെ വ്യാപാര-പരമ്പരാഗത വ്യവസായ രംഗത്ത് ഏറെ പ്രാധാന്യം അർഹിക്കുന്ന സ്ഥലമാണ്. ആദിവാസി സമൂഹവും കുടിയേറ്റ കർഷകരും ചെറുകിട നാമമാത്ര കർഷകരും അവരെ ആശ്രയിക്കുന്ന തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന മേഖലകൂടിയാണിത്. വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ മലയോര മനുഷ്യരും ആയിരക്കണക്കിന് വരുന്ന വിനോദസഞ്ചാരികളുമെല്ലാം ആശ്രയിക്കുന്ന റോഡാണ് മുടപ്പല്ലൂർ-മംഗലം ഡാം റോഡ്. സർക്കാരിന്റെ മാതൃകാ പദ്ധതിയായ ചെളിനീക്കൽ പ്രവൃത്തിയുടെ ഭാഗമായി പ്രതിദിനം മുന്നൂറിലധികം ടോറസ് ലോറികളാണ് ഈ റോഡിലൂടെ ഓടിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രസ്തുത റോഡ് ഇന്ന് പരിപൂർണ്ണമായ തകർച്ച നേരിടുകയാണ്. അനുദിനം വാഹനാപകടങ്ങളും വർദ്ധിക്കുകയാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട മലയോര ഹൈവേ കടന്നുപോകുന്ന മുടപ്പല്ലൂരിൽനിന്നും ആരംഭിക്കുന്ന മുടപ്പല്ലൂർ-മംഗലം ഡാം റോഡ് അടിയന്തരമായി പുനരുദ്ധരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ആലത്തൂർ എം.എൽ.എ. കെ. ഡി. പ്രസേനൻ ഇവിടെ ഉന്നയിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ ശോചനീയാവസ്ഥയാണ്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്, 2016-ലാണ് ഈ റോഡ് ബി.എം. & ബി.സി. (Bituminous Macadam & Bituminous Concrete) നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയത്. ജലസേചന വകുപ്പുമുഖേന മംഗലം ഡാം ഡീസിൽട്ടേഷൻ പദ്ധതി ആരംഭിച്ചശേഷം ഭാരമേറിയ വാഹനങ്ങളുടെ സഞ്ചാരം വളരെ കൂടിയതിനാൽ പ്രസ്തുത റോഡിന് ധാരാളം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലക്കാട് കളക്ടറേറ്റിൽ ചേർന്ന റിവ്യൂ മീറ്റിംഗിലും ബന്ധപ്പെട്ട മറ്റ് യോഗങ്ങളിലും ഇതുസംബന്ധിച്ച് ഉന്നയിക്കപ്പെട്ടിട്ടുള്ളതിനാൽ അക്കാര്യം ഗവൺമെന്റിന് നല്ലരീതിയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നവീകരണത്തിനായി ഏകദേശം 8 കോടി രൂപയുടെ ഒരു പദ്ധതി ഇപ്പോൾ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (8) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി മലബാർ കാൻസർ സെന്റർ (എം.സി.സി.) കേരളത്തിലെ കാൻസർ ചികിത്സ തേടുന്ന രോഗികളുടെ ഏറ്റവും പ്രധാനപ്പെട്ട ആശ്രയകേന്ദ്രമാണ്. ഈ അസുഖവുമായി ബന്ധപ്പെട്ട ചില പ്രത്യേക ചികിത്സകൾക്ക് തിരുവനന്തപുരത്തുനിന്നുൾപ്പെടെയുള്ളവർ ഈ ആശുപത്രിയെ ആശ്രയിക്കാറുണ്ട്. കേരളത്തിലെ 7 ജില്ലകളിൽനിന്നുള്ളവരും തമിഴ്നാട്ടിലെ ഗൂഡല്ലൂർ, കർണ്ണാടകയിലെ കുടക്, പോണ്ടിച്ചേരിയിലെ മാഹി തുടങ്ങിയ മേഖല കളിൽനിന്നുമൊക്കെയുള്ള ജനങ്ങൾ ആശ്രയിക്കുന്ന അത്യാധുനിക ചികിത്സാ കേന്ദ്രമായ എം.സി.സി. ഒരു ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂട്ടാണ്. അതോടൊപ്പംതന്നെ ഇതിനെ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ച് സെന്ററാക്കി മാറ്റാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപന ത്തിന്റെ നടത്തിപ്പിനാവശ്യമായ പണത്തിന്റെ 85 ശതമാനം സ്ഥാപനം തന്നെ കണ്ടെത്തുകയാണ്. 15 മുതൽ 20 ശതമാനംവരെ തുക മാത്രമാണ് നിലവിൽ സംസ്ഥാന സർക്കാരിന്റെ സഹായമായി ബഡ്ജറ്റിലൂടെ ഈ സ്ഥാപനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. 90 ശതമാനത്തോളം വരുന്ന രോഗികളുടെയും ചികിത്സ പല ചികിത്സാ പദ്ധതികളിലുമുൾപ്പെടുത്തി സൗജന്യമായാണ് നൽകുന്നത്. ഇവിടെ സംസ്ഥാന സർക്കാർ ഏറ്റവും മികച്ച രീതിയിൽത്തന്നെ കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) നടപ്പിലാക്കുന്നുണ്ട്. ഞാൻ സംസാരിക്കുന്നത് എം.സി.സി.ക്കുവേണ്ടിയാണെങ്കിലും കാസ്പ് പ്രകാരമുള്ള ചികിത്സാ സഹായം എം.സി.സി.ക്ക് പുറമേ ആർ.സി.സി.യിലെയും രോഗികളെ ബാധിക്കുന്ന വിഷയമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൊണ്ടുമാത്രം ചികിത്സി ക്കാൻ സാധിക്കുന്ന ഒന്നല്ല കാൻസർ. പ്രസ്തുത പാക്കേജ് അവിടെ നല്ല നിലയിൽ നടപ്പാക്കുന്നുണ്ടെങ്കിലും കാസ്പ് ചികിത്സയുടെ ഭാഗമായി എം.സി.സി.-ക്ക് ഏതാണ്ട് 12 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഔട്ട് ഓഫ് പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് എം.സി.സി.ക്ക് ചികിത്സാ പദ്ധതിക്കാവശ്യമായ സഹായം നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. മലബാർ കാൻസർ സെന്റർ അതിവേഗം വളർന്ന് വികാസം പ്രാപിച്ച് മുമ്പോട്ടു പോയ്ക്കൊ ണ്ടിരിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്. മികച്ച നിലയിൽ നേതൃത്വം കൊടുക്കുന്ന ഡയറക്ടർ, നല്ല ഡോക്ടർമാർ, അക്കാഡമിക്-നോൺ അക്കാഡമിക് സ്റ്റാഫുകൾ തുടങ്ങി കാൻസർ ചികിത്സാ രംഗത്ത് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലാൻഡ്മാർക്ക് ഇൻസ്റ്റിറ്റ്യൂഷനായി എം.സി.സി. മാറുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിൽ എം.സി.സി.ക്കായി ബഡ്ജറ്റിൽ കൂടുതൽ പണം

വകയിരുത്താനും ഔട്ട് ഓഫ് പാക്കേജിലുൾപ്പെടുത്തിക്കൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ധനസഹായം നൽകാനും ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. വളരെ പെട്ടെന്നുതന്നെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കണമെന്നുകൂടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കേരളത്തിൽ കാരുണ്യ ആരോഗ്യ ചികിത്സാ പദ്ധതി (കാസ്പ്) നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപകൽപ്പന ചെയ്ത സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി. ദേശീയ ഹെൽത്ത് ഏജൻസി (എൻ.എച്ച്.എ.) രൂപകൽപ്പന ചെയ്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പ്രകാരമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ സൗജന്യ ചികിത്സ നടപ്പാക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഇതുപ്രകാരമുള്ള നിരക്ക് മാത്രമേ ചികിത്സ നൽകുന്ന ആശുപത്രികൾക്ക് നിയമപരമായി നൽകാൻ സാധിക്കുകയുള്ളൂ. എൻ.എച്ച്.എ. പുതുക്കിയ പ്രകാരമുള്ള ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് നടപ്പിൽ വരുത്തുമ്പോൾ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതാണ്. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ കാൻസർ ചികിത്സാ രംഗത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നതും പ്രത്യേകിച്ച് സംസ്ഥാനത്തിനേറെ പ്രതീക്ഷയുള്ളതുമായ ഒരു സ്ഥാപനംകൂടിയാണ് മലബാർ കാൻസർ സെന്റർ. ഗവേഷണരംഗത്ത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മലബാർ കാൻസർ സെന്ററിൽ ചികിത്സ തേടിയെത്തുന്ന അർഹരായ രോഗികൾക്ക് വിവിധ സർക്കാർ സാമ്പത്തിക സഹായ പദ്ധതികൾ മുഖേന സൗജന്യ ചികിത്സാ സൗകര്യങ്ങൾ നൽകിവരുന്നു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നിർദ്ദേശപ്രകാരമുള്ള നിരക്കുകളാണ് മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിലെ കാസ്പ് പദ്ധതിയിലുൾപ്പെട്ട രോഗികൾക്കുള്ള സൗജന്യ ചികിത്സക്കായി നൽകുന്നത്. മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള മൂന്ന് കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ സർജിക്കൽ പാക്കേജിന്റെ നിരക്ക് നിശ്ചയിക്കുന്നതിനായി സർക്കാർതലത്തിൽ ഒരു യോഗം കൂടിയിരുന്നു. ഈ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ യോഗം കൂടി, ഒരു ഏകീകൃത സർജിക്കൽ നിരക്ക് നിശ്ചയിച്ച് സർക്കാരിനെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് മലബാർ കാൻസർ സെന്റർ ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സ്ഥാപനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം 'കാസ്പ് ഔട്ട് ഓഫ് പാക്കേജ് എന്ന രീതിയിൽ നൽകുന്ന കാര്യത്തിൽ പരിശോധിച്ച് എത്രയുംപെട്ടെന്ന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ശ്രമിക്കുന്നതാണ്.

(9) തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഓങ്കോളജി ഡിപ്പാർട്ടുമെന്റിനാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും ജീവനക്കാരെ നിയമിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. മലബാറിലെ വളരെ പഴക്കമുള്ള ഒരു സർക്കാർ ആശുപത്രിയാണ് തിരൂരിലെ ജില്ലാ ആശുപത്രി. 1918-ലാണ് ഈ ആശുപത്രി പ്രാഥമിക ആരോഗ്യകേന്ദ്രമായി പ്രവർത്തനമാരംഭിച്ചത്. ഇത് ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ട് പത്ത് വർഷത്തോളമായെങ്കിലും അതിനനുസരിച്ചുള്ള മാറ്റങ്ങളൊന്നും അവിടെയുണ്ടായിട്ടില്ല. താലൂക്ക് ആശുപത്രി എന്ന ബോർഡ് മാറ്റി ജില്ലാ ആശുപത്രി എന്നാക്കിയെന്നല്ലാതെ മറ്റ് മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. ഈ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയിൽത്തന്നെ ഉറപ്പിൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്. ഈ ആശുപത്രിയിൽ എത്തിച്ചേരുന്ന കാൻസർ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ഇവിടെയൊരു ഓങ്കോളജി വിഭാഗം മെച്ചപ്പെട്ട രീതിയിൽ ആരംഭിക്കണമെന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് തീരുമാനിച്ചത്. ആയതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015-ൽ ഈ സംരംഭത്തിനാവശ്യമായ കെട്ടിടങ്ങൾക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. 2020 മേയ് മാസം പണി പൂർത്തീകരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഇപ്പോൾ അതിന്റെ അവസാനഘട്ടത്തിലാണ്. ബേസ്മെന്റ് ഉൾപ്പെടെ 9 നിലകളിലായി 7734 ച.മീ. വിസ്തൃതിയിലുള്ള കെട്ടിടത്തിന് 52.85 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരണത്തിനടുത്തെത്തിയിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും വേണം. നബാർഡ് ഫണ്ടനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും ആധുനികമായ ഉപകരണങ്ങൾ സ്ഥാപിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. LINAC (Linear accelerator) സൗകര്യങ്ങളോടു കൂടിയ ഓങ്കോളജി ബ്ലോക്ക് എന്നതാണ് തീരുമാനം. പതിനായിരത്തോളം കാൻസർ രോഗികൾ എത്തിച്ചേരുന്ന ഈ ആശുപത്രിയിൽ നിലവിൽ ഒരു ഡോക്ടർ മാത്രമാണുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും ആഴ്ചയിൽ രണ്ടുദിവസം മറ്റൊരു ഡോക്ടർ വന്നുപോകുന്നുണ്ട്. നിലവിൽ കാൻസർ വിഭാഗത്തിന് രണ്ട് ഡോക്ടർമാരെയും 5 നേഴ്സുമാരെയും ആവശ്യമുണ്ടെങ്കിലും അധികമായി ആരെയും നിയമിച്ചിട്ടില്ലെന്ന ദുഃഖംകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുമുമ്പ് മെഷിനറികൾ എത്തിക്കണം. അല്ലാത്തപക്ഷം കെട്ടിടത്തിന്റെ ചുമരുകൾ പൊളിച്ച് മെഷീനുകൾ ഉള്ളിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടി വരും. ബേസ്മെന്റിന്റെ പണികൾ പൂർത്തീകരിക്കണമെങ്കിൽത്തന്നെ മെഷീനുകൾ എത്തിക്കുകയും അവയുടെ സാങ്കേതിക വിദഗ്ദ്ധർ കൂടെയുണ്ടാവുകയും വേണ്ടതുണ്ട്.

മലപ്പുറം ജില്ലയിൽ കാൻസർ ചികിത്സക്ക് മഞ്ചേരി മെഡിക്കൽ കോളേജ്, തിരൂർ, നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ ആശുപത്രികളിലാണ് നിലവിൽ സൗകര്യങ്ങളുള്ളത്. ഉയർന്ന ചികിത്സയ്ക്കായി ആർ.സി.സി.യിലേയ്ക്കും വെല്ലൂരിലേയ്ക്കുമാണ് സാധാരണയായി പോകാറുള്ളത്. തിരൂരിൽ ഒരു ഓങ്കോളജി ബ്ലോക്ക് പ്രവൃത്തി പഥത്തിലെത്തുന്നതോടെ വലിയ ആശ്വാസമാകും. LINAC മെഷീൻ വരുന്നതോടെ ആധുനിക ചികിത്സാ രീതികൾ അവലംബിക്കാനുമാകും. ഈ സംവിധാനത്തിലൂടെ കീമോ ചെയ്യുന്ന രോഗികൾക്ക് രോഗമുള്ള കേന്ദ്രം മാത്രമേ കരിയുകയുള്ളൂ. പക്ഷേ നിലവിലുള്ള സംവിധാനമനുസരിച്ച് പാർശ്വഭാഗങ്ങൾകൂടി കരിക്കേണ്ടി വരാറുണ്ടെന്ന ദുഃഖകരമായ അവസ്ഥയുണ്ട്. മലപ്പുറം ജില്ലയിൽ ഒരിടത്തും റേഡിയേഷനുള്ള സൗകര്യമില്ല. LINAC മെഷീൻ എത്തുന്നതോടെ ഇതിനും പരിഹാരമാകും. മലബാറിന് പൊതുവിലും 45 ലക്ഷത്തോളം ജനങ്ങളുള്ള മലപ്പുറ ജില്ലയ്ക്ക് പ്രത്യേകിച്ചും ഗുണം ചെയ്യുന്ന ഈ സംവിധാനം പെട്ടെന്ന് പൂർത്തീകരിച്ചു തരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുവേണ്ടി മന്ത്രിയുടെയും ഇതുമായി ബന്ധപ്പെട്ടവരുടെയും യോഗം വിളിക്കുന്നതിന് പല പ്രാവശ്യം ആവശ്യപ്പെടുകയും നാല് തവണ തീയതി തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിലും പലകാരണങ്ങളാൽ അത് നീണ്ടുപോയിട്ടുണ്ട്. അതിനുള്ള തീയതി കുറിക്കുകയും എത്രയുംപെട്ടെന്ന് മെഷിനറി സാധനങ്ങൾ എത്തിക്കുകയും അവിടേയ്ക്കാവശ്യമായ ജീവനക്കാരെ നിയമിക്കാനുള്ള തീരുമാനമുണ്ടാക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 1918-ലാണ് നിലവിലുള്ള തിരൂർ സർക്കാർ ആശുപത്രി ഡിസ്പെൻസറിയായി ആരംഭിക്കുന്നത്. 2011-ലാണ് ഈ ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തപ്പെട്ടത്. നിലവിൽ ഈ ആശുപത്രിയിൽ കോവിഡ്, കോവിഡേതര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. 7 വെന്റിലേറ്റർ ഐ.സി.യു. സൗകര്യമൊരുക്കിയിട്ടുള്ള ഇവിടെ മികച്ച രീതിയിൽ കോവിഡ് ചികിത്സ നൽകിവരുന്നുണ്ട്. ജനറൽ മെഡിസിൻ, അസ്ഥിരോഗ വിഭാഗം, ഇ.എൻ.ടി., കണ്ണ് രോഗ വിഭാഗം, മാനസികാരോഗ്യ വിഭാഗം, ഇലക്ട്രോണിക് മെഡിക്കൽ റിക്കോർഡ്സ് (ഇ.എം.ആർ.), ശിശു രോഗ വിഭാഗം, കാൻസർ രോഗ വിഭാഗം, പൾമണോളജി, സർജറി, ഉദരരോഗ വിഭാഗം, ദന്തൽ രോഗ വിഭാഗം തുടങ്ങിയ സ്പെഷ്യാലിറ്റി സംവിധാനങ്ങളും ഇവിടെ ലഭ്യമാണ്. പ്രതിദിനം 36 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നുണ്ട്. ഈ ആശുപത്രിയിൽ കമ്പോണന്റ് സെപ്പറേ ഷൻ യൂണിറ്റ് സജ്ജമാക്കിയിട്ടുള്ള ബ്ലഡ് ബാങ്ക് നിലവിലുണ്ട്. മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന കൃത്രിമ അവയവ നിർമ്മാണ യൂണിറ്റ് ഈ ആശുപത്രിയി ലാണുള്ളത്. ജില്ലയിലെ ഏറ്റവും മികച്ച ഫിസിയോതെറാപ്പി യൂണിറ്റും ഇവിടെയുണ്ട്. ഹീമോഫീലിയ, അരിവാൾരോഗം, തലസ്സീമിയ തുടങ്ങിയ ജനിതക രോഗങ്ങൾ

ക്കായുള്ള ഡിസ്ട്രിക്ട് ഡേ കെയർ സെന്റർ ഈ ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പി.എം. കെയർ പദ്ധതി മുഖാന്തരം ഈ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് തയ്യാറാക്കിയിട്ടുണ്ട്. 30 ഡോക്ടർമാരുൾപ്പെടെ 210 സ്ഥിരം ജീവനക്കാരും ഈ ആശുപത്രിയിലുണ്ട്. ഇതിനുപുറമേ എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) മുഖാന്തരം 40 താൽക്കാലിക ജീവനക്കാരുടെയും എച്ച്.എം.സി. (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) വഴി 34 പേരുടെയും ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന) മുഖാന്തരം 12 പേരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി 11 ഡോക്ടർമാർ, 6 ലാബ് ടെക്നീഷ്യന്മാർ, 5 സ്റ്റാഫ് നേഴ്സുമാർ, 2 റേഡിയോ ഗ്രാഫർമാർ ഉൾപ്പെടെ 20 പുതിയ തസ്തികകൾ തിരൂർ ജില്ലാ ആശുപത്രിയിൽ സൃഷ്ടിക്കുകയുണ്ടായി. തിരൂർ ജില്ലാ ആശുപത്രിയെ നബാർഡ് സ്കീമിലുൾപ്പെടുത്തി കാൻസർ ചികിത്സാ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 52.85 കോടി രൂപയുടെ ഭരണാനുമതി 27-11-2015-ൽ നൽകുകയുണ്ടായി. കെട്ടിട നിർമ്മാണത്തിനായുള്ള സിവിൽ, ഇലക്ട്രിക്കൽ, മറ്റ് അനുബന്ധ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. സംസ്ഥാനം നടപ്പാക്കിവരുന്ന കാൻസർ കൺട്രോൾ സ്ട്രാറ്റജിയുടെ ഭാഗമായുള്ള കർമ്മപദ്ധതി പ്രകാരം മികവിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ വിവിധ തട്ടുകളായി തരംതിരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതുപ്രകാരം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവ അതാത് മേഖലയിലെ മികവിന്റെ കേന്ദ്രങ്ങളായും മെഡിക്കൽ കോളേജുകൾ ലെവൽ-1 ആശുപത്രികളായും ജില്ലാ ആശുപത്രികൾ ലെവൽ-2 ആശുപത്രികളുമായാണ് തരംതിരിച്ചിരിക്കുന്നത്. മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാശുപത്രിയിലും പെരിന്തൽമണ്ണ ജില്ലാശുപത്രിയിലും നിലമ്പൂർ താലൂക്കാശുപത്രിയിലും എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സീതി ഹാജി കാൻസർ നിർണ്ണയ ചികിത്സ സെന്ററിലും കീമോതെറാപ്പി അടക്കമുള്ള കാൻസർ ചികിത്സ നൽകുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച വിഷയത്തിൽ ഒരു യോഗം ചേരുന്നതിന് ബഹുമാനപ്പെട്ട അംഗവും മലപ്പുറം ജില്ലയുടെ ചുമതലകൂടിയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ആവശ്യപ്പെട്ടിട്ടുണ്ട്. വൈകാതെതന്നെ യോഗം ചേരുന്നതാണ്. തിരൂർ ജില്ലാശുപത്രിയിൽ നിലവിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേക കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന കാൻസർ കൺട്രോൾ ബോർഡിന്റെ വിദഗ്ദ്ധാഭിപ്രായം തേടിയശേഷം സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

12.00 Noon]

## (10) തുരുത്തി ഇൻഡോർ സ്റ്റേഡിയം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഗ്രാമപഞ്ചായത്താണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്. ആ പഞ്ചായത്തിൽ മെച്ചപ്പെട്ടൊരു കളിസ്ഥലമില്ലെന്നത് വളരെ പ്രധാനപ്പെട്ടൊരു ആവശ്യമായി കഴിഞ്ഞ കാലങ്ങളിലെല്ലാം ഉയർന്നുവന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനെ ഗ്രാമ പഞ്ചായത്തിന്റെ ഭാരവാഹികളും നാട്ടുകാരും കാണുകയും പാപ്പിനിശ്ശേരി തുരുത്തിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഡോർ സ്റ്റേഡിയം അന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അത് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജനങ്ങളെല്ലാം വലിയ പ്രതീക്ഷയിലാണ്. നിരന്തരമായി ഈ കാര്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്റ്റേഡിയം പൂർത്തീകരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. വി. സുമേഷിന്റെ പ്രതീക്ഷയ്ക്ക് ഒട്ടും മങ്ങലേൽക്കേണ്ടതില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. കാരണം പാപ്പിനിശ്ശേരി പഞ്ചായത്തിലെ തുരുത്തിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ 5 കോടി രൂപ അനുവദിച്ചതാണ്. ഇതുമായി ബന്ധപ്പെട്ട് കായിക യുവജനക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പാപ്പിനിശ്ശേരി തുരുത്തിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് പ്രാഥമിക പരിശോധന നടത്തുകയും പ്രസ്തുത സ്ഥലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന മണ്ണ് പരിശോധനാ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി ലഭ്യമാക്കിയാൽ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത്തരത്തിലുള്ള കളിക്കളങ്ങൾ 'കളിമുറ്റം' എന്ന പേരിൽ ഉറപ്പുവരുത്തുന്ന പദ്ധതിയും ഇതിന്റെ കൂടെത്തന്നെയാണ് നടന്നുവരുന്നത്. അതുകൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ ത്തന്നെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുമെന്ന് അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 345/2020 | സ.ഉ.(അച്ചടി) നം. 30/2020/ആഭ്യന്തരം | 25-5-2020 | അതെ |
| 2 | 321/2021 | ജി.ഒ.(ആർറ്റി) നം. 827/2021/ഹോം | 16-03-2021 | അതെ |
| 3 | 322/2021 | ജി.ഒ.(ആർറ്റി) നം. 625/2021/ഹോം | 25-02-2021 | അതെ |
| 4 | 739/2021 | ജി.ഒ.(പി) നം. 65/2021/ഹോം | 07-10-2021 | അല്ല |
| 5 | 742/2021 | ജി.ഒ.(എംഎസ്)നം. 160/2021/ഹോം | 25-09-2021 | അല്ല |
| 6 | 743/2021 | ജി.ഒ.(എംഎസ്)നം. 164/2021/ഹോം | 06-10-2021 | അല്ല |
| 7 | 745/2021 | ഹോം-എസ്എസ്എ 1/678/2021-ഹോം | 12-10-2021 | അല്ല |
| 8 | 751/2021 | ജി.ഒ.(പി) നം. 67/2021/ഹോം | 13-10-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| സംസ്ഥാന വിവരാവകാശ കമ്മീഷൻ | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 704/2021 | സ.ഉ.(അച്ചടി) നം. 43/2021/തസ്വഭവ | 26-7-2021 | അല്ല |
| 2 | 705/2021 | സ.ഉ.(അച്ചടി) നം. 44/2021/തസ്വഭവ | 17-8-2021 | അല്ല |
| 3 | 707/2021 | ജി.ഒ.(പി) നം. 50/2021/എൽഎസ്ജിഡി | 21-9-2021 | അല്ല |
| 4 | 711/2021 | ജി.ഒ.(പി) നം. 83/2021/ടാക്സസ് | 16-9-2021 | അല്ല |

III റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | നമ്പർ | തീയതി | |
| 631/2021 | ജി.ഒ.(പി) നം. 123/2021/ആർഡി | 25-8-2021 | അല്ല |

IV ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള ഡാം സുരക്ഷ അതോറിറ്റി | 2020-21 | വാർഷിക റിപ്പോർട്ട് | അല്ല |

V ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 313/2021 | ജി.ഒ.(പി) നം. 29/2021/ടാക്സസ് | 27-3-2021 | അതെ |
| 2 | 325/2021 | ജി.ഒ.(പി) നം. 33/2021/ടാക്സസ് | 31-3-2021 | അതെ |
| 3 | 674/2021 | ജി.ഒ.(പി) നം. 74/2021/ടാക്സസ് | 7-9-2021 | അല്ല |
| 4 | 685/2021 | ജി.ഒ.(പി) നം. 75/2021/ടാക്സസ് | 10-9-2021 | അല്ല |
| 5 | 686/2021 | ജി.ഒ.(പി) നം. 76/2021/ടാക്സസ് | 13-9-2021 | അല്ല |
| 6 | 687/2021 | ജി.ഒ.(പി) നം. 77/2021/ടാക്സസ് | 13-9-2021 | അല്ല |

| | | | | |
|---|---|---|---|---|
| 7 | 688/2021 | ജി.ഒ.(പി) നം. 78/2021/ടാക്സസ് | 13-9-2021 | അല്ല |
| 8 | 689/2021 | ജി.ഒ.(പി) നം. 80/2021/ടാക്സസ് | 13-9-2021 | അല്ല |
| 9 | 690/2021 | ജി.ഒ.(പി) നം. 79/2021/ടാക്സസ് | 13-9-2021 | അല്ല |
| 10 | 691/2021 | ജി.ഒ.(പി) നം. 81/2021/ടാക്സസ് | 14-9-2021 | അല്ല |
| 11 | 692/2021 | ജി.ഒ.(പി) നം. 82/2021/ടാക്സസ് | 14-9-2021 | അല്ല |
| 12 | 714/2021 | ജി.ഒ.(പി) നം. 84/2021/ടാക്സസ് | 27-9-2021 | അല്ല |
| 13 | 721/2021 | ജി.ഒ.(പി) നം. 89/2021/ടാക്സസ് | 1-10-2021 | അല്ല |
| 14 | 722/2021 | ജി.ഒ.(പി) നം. 90/2021/ടാക്സസ് | 1-10-2021 | അല്ല |
| 15 | 723/2021 | ജി.ഒ.(പി) നം. 91/2021/ടാക്സസ് | 1-10-2021 | അല്ല |
| 16 | 724/2021 | ജി.ഒ.(പി) നം. 92/2021/ടാക്സസ് | 1-10-2021 | അല്ല |
| 17 | 725/2021 | ജി.ഒ.(പി) നം. 93/2021/ടാക്സസ് | 1-10-2021 | അല്ല |
| 18 | 726/2021 | ജി.ഒ.(പി) നം. 94/2021/ടാക്സസ് | 1-10-2021 | അല്ല |
| 19 | 727/2021 | ജി.ഒ.(പി) നം. 95/2021/ടാക്സസ് | 1-10-2021 | അല്ല |

VI നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2020-21 | ആഡിറ്റ് റിപ്പോർട്ട് | അല്ല |

VII കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

VIII ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

IX സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമനം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 362/2021 | ജി.ഒ.(പി) നം. 68/2021/കോ-ഓപ്പ് | 12-4-2021 | അതെ |
| 2 | 605/2021 | ജി.ഒ.(പി) നം. 124/2021/കോ-ഓപ്പ് | 7-8-2021 | അല്ല |
| 3 | 608/2021 | ജ.ഒ.(പി) നം. 121/2021/കോ-ഓപ്പ് | 3-8-2021 | അല്ല |
| 4 | 614/2021 | ജി.ഒ.(പി) നം. 125/2021/കോ-ഓപ്പ് | 8-8-2021 | അല്ല |
| 5 | 616/2021 | ജി.ഒ.(പി) നം. 110/2021/കോ-ഓപ്പ് | 12-7-2021 | അല്ല |
| 6 | 621/2021 | ജി.ഒ.(പി) നം. 76/2021/കോ-ഓപ്പ് | 28-4-2021 | അല്ല |
| 7 | 623/2021 | ജി.ഒ.(പി) നം. 77/2021/കോ-ഓപ്പ് | 28-4-2021 | അല്ല |
| 8 | 625/2021 | ജി.ഒ.(പി) നം. 78/2021/കോ-ഓപ്പ് | 28-4-2021 | അല്ല |
| 9 | 627/2021 | ജി.ഒ.(പി) നം. 80/2021/കോ-ഓപ്പ് | 29-4-2021 | അല്ല |
| 10 | 629/2021 | ജി.ഒ.(പി) നം. 79/2021/കോ-ഓപ്പ് | 29-4-2021 | അല്ല |
| 11 | 630/2021 | ജി.ഒ.(പി) നം. 81/2021/കോ-ഓപ്പ് | 30-4-2021 | അല്ല |
| 12 | 632/2021 | ജി.ഒ.(പി) നം. 86/2021/കോ-ഓപ്പ് | 5-6-2021 | അല്ല |
| 13 | 634/2021 | ജി.ഒ.(പി) നം. 82/2021/കോ-ഓപ്പ് | 30-4-2021 | അല്ല |
| 14 | 635/2021 | ജി.ഒ.(പി) നം. 83/2021/കോ-ഓപ്പ് | 30-4-2021 | അല്ല |
| 15 | 636/2021 | ജി.ഒ.(പി) നം. 91/2021/കോ-ഓപ്പ് | 5-6-2021 | അല്ല |
| 16 | 637/2021 | ജി.ഒ.(പി) നം. 92/2021/കോ-ഓപ്പ് | 5-6-2021 | അല്ല |
| 17 | 638/2021 | ജി.ഒ.(പി) നം. 127/2021/കോ-ഓപ്പ് | 17-8-2021 | അല്ല |
| 18 | 639/2021 | ജി.ഒ.(പി) നം. 85/2021/കോ-ഓപ്പ് | 5-6-2021 | അല്ല |
| 19 | 640/2021 | ജി.ഒ.(പി) നം. 89/2021/കോ-ഓപ്പ് | 5-6-2021 | അല്ല |
| 20 | 641/2021 | ജി.ഒ.(പി) നം. 90/2021/കോ-ഓപ്പ് | 5-6-2021 | അല്ല |

| | | | | |
|---|---|---|---|---|
| 21 | 642/2021 | ജി.ഒ.(പി) നം. 94/2021/കോ-ഓപ്പ് | 6-6-2021 | അല്ല |
| 22 | 643/2021 | ജി.ഒ.(പി) നം. 96/2021/കോ-ഓപ്പ് | 15-6-2021 | അല്ല |
| 23 | 644/2021 | ജി.ഒ.(പി) നം. 97/2021/കോ-ഓപ്പ് | 15-6-2021 | അല്ല |
| 24 | 645/2021 | ജി.ഒ.(പി) നം. 104/2021/കോ-ഓപ്പ് | 6-7-2021 | അല്ല |
| 25 | 675/2021 | ജി.ഒ.(പി) നം. 132/2021/കോ-ഓപ്പ് | 6-9-2021 | അല്ല |
| 26 | 701/2021 | ജി.ഒ.(പി) നം. 136/2021/കോ-ഓപ്പ് | 11-9-2021 | അല്ല |
| 27 | 702/2021 | ജി.ഒ.(പി) നം. 137/2021/കോ-ഓപ്പ് | 15-9-2021 | അല്ല |
| 28 | 703/2021 | ജി.ഒ.(പി) നം. 135/2021/കോ-ഓപ്പ് | 11-9-2021 | അല്ല |
| 29 | 733/2021 | ജി.ഒ.(പി) നം. 87/2021/ടാക്സസ് | 1-10-2021 | അല്ല |
| 30 | 734/2021 | ജി.ഒ.(പി) നം. 88/2021/ടാക്സസ് | 1-10-2021 | അല്ല |
| 31 | 738/2021 | ജി.ഒ.(പി) നം. 149/2021/കോ-ഓപ്പ് | 4-10-2021 | അല്ല |
| 32 | 750/2021 | ജി.ഒ.(പി) നം. 151/2021/കോ-ഓപ്പ് | 11-10-2021 | അല്ല |

X മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് | 2018-19& 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XI പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | നമ്പർ | തീയതി | |
| 697/2021 | സ.ഉ.(അച്ചടി) നം. 72/2021/തൊഴിൽ | 14-9-2021 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XII പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|
| | വർഷം | സ്വഭാവം | |
| ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XIII ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 648/2021 | ജി.ഒ.(പി) നം. 24/2021/ട്രാൻസ് | 27-8-2021 | അല്ല |
| 2 | 672/2021 | ജി.ഒ.(പി) നം. 27/2021/ട്രാൻസ് | 7-9-2021 | അല്ല |

XIV ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 684/2021 | ജി.ഒ.(പി) നം. 43/2021/ എച്ച്&എഫ്ഡബ്ല്യുഡി | 9-9-2021 | അല്ല |
| 2 | 709/2021 | ജി.ഒ.(പി) നം. 1/2021/ ഡബ്ല്യുസിഡിഡി | 22-9-2021 | അല്ല |
| 3 | 716/2021 | ജി.ഒ.(പി) നം. 2/2021/ ഡബ്ല്യുസിഡിഡി | 25-9-2021 | അല്ല |

XV ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 441/2020 | ജി.ഒ.(പി) നം. 10/2020/സിഎഡി | 23-6-2020 | അതെ |
| 2 | 276/2021 | ജി.ഒ.(പി) നം. 2/2021/സിഎഡി | 1-2-2021 | അതെ |
| 3 | 741/2021 | ജി.ഒ.(പി) നം. 17/2021/സിഎഡി | 7-10-2021 | അല്ല |

## VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ....(ബഹളം)....

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021 ഒക്ടോബർ മാസം 7-നാണ് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ നിയമസഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചത്...... (ബഹളം).....അന്നുതന്നെ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്ന് ഖണ്ഡം ഖണ്ഡമായി ചർച്ച ചെയ്യുകയും ഏതാനും ഭേദഗതികളോടെ ബിൽ സ്വീകരിക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. സമയപരിമിതികൊണ്ടും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭേദഗതികളാകെ സർക്കുലേറ്റ് ചെയ്തിട്ടുള്ളതുകൊണ്ടും ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം സംക്ഷിപ്തമായി സൂചിപ്പിക്കുകയാണ്. സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി മുഖേന പരിഗണിക്കുന്നതിന്റെ ഭാഗമായാണ് സർവ്വകലാശാലകളിൽ പ്രസ്തുത സമിതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്. എന്നാൽ ബില്ലുകൾ ഡ്രാഫ്റ്റ് ചെയ്തപ്പോൾ 'Inter University Consultative Committee' എന്ന് ചേർക്കുന്നതിനുപകരം 'Inter University Consultative Committee of an Autonomous College' എന്നീ പദങ്ങളാണ് ഉപയോഗിച്ചിരുന്നത്. പ്രസ്തുത രീതിയിൽ ബിൽ പാസ്സാക്കുന്നപക്ഷം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി സ്വയംഭരണ കോളേജുകൾക്കു മാത്രം പരിമിതപ്പെടുന്നതായി വ്യാഖ്യാനിക്കപ്പെടും. ആയതിനാൽ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി 'of an Autonomous

College' എന്നീ പദങ്ങൾ നീക്കം ചെയ്തുകൊണ്ടുള്ള മാറ്റം വിഷയനിർണ്ണയ സമിതിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. യൂണിറ്ററി മാനേജ്മെന്റിന് കീഴിലുള്ള കോളേജുകളിൽ സർവ്വകലാശാലാ നിമയമപ്രകാരമുള്ള ഗവേണിംഗ് ബോഡിയാണ് നിലവിലുള്ളത്. കൂടാതെ യു.ജി.സി റെഗുലേഷനിലെ വ്യവസ്ഥകൾ പ്രകാരവും ഗവേണിംഗ് ബോഡിയാണ് സ്വയംഭരണ കോളേജുകളിൽ രൂപീകരിക്കേണ്ടത്. എന്നാൽ ബന്ധപ്പെട്ട സർവ്വകലാശാലകളിലെ വ്യവസ്ഥകൾ ഭേദഗതി ബില്ലിലൂടെ അവതരിപ്പിക്കപ്പെട്ടപ്പോൾ ഒരു വകുപ്പിൽ മാത്രം മാർജിനൽ ശീർഷകത്തിലും പ്രസ്തുത വകുപ്പിലും 'ഗവേണിംഗ് ബോഡി' എന്നതിനുപകരം 'ഗവേണിംഗ് കൗൺസിൽ' എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. ആയത് നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങൾക്കും യു.ജി.സി റെഗുലേഷനിലുള്ള വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശവും വിഷയ നിർണ്ണയ സമിതി അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെയും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെയും വൈസ്-ചാൻസലർമാരെ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതിയിൽ അംഗമാക്കുന്നതിനുള്ള ഭേദഗതി കൂടി വിഷയ നിർണ്ണയ സമിതിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 2021 ഒക്ടോബർ 7-ന് സഭയിൽ അവതരിപ്പിച്ചു. .......(ബഹളം)......

<u>മി. സ്പീക്കർ</u>: മന്ത്രി സംസാരിച്ച് കഴിഞ്ഞിട്ട് പറയാം.

<u>ഡോ. ആർ. ബിന്ദു</u>: സർ, ബിൽ അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. കമ്മിറ്റി ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. ഈ രണ്ട് ബില്ലുകളും ഭേദഗതികളോടെ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## VII ക്രമപ്രശ്നം

<u>ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ)</u>: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് ഞങ്ങൾ അറുന്നൂറിലധികം അമെന്റ്മെന്റുകൾ കൊടുത്തിരുന്നു. ചരിത്രത്തിൽ ഇന്നുവരെ നിയമസഭ ഇങ്ങനെ അമെന്റ്മെന്റുകൾ മാറ്റിവച്ചിട്ടില്ല. ഇങ്ങനെയാണ് നിയമനിർമ്മാണം നടത്താൻ പോകുന്നതെങ്കിൽ ഞങ്ങൾക്ക് സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ എത്രമാത്രം കഷ്ടപ്പെട്ടിട്ടായിരിക്കും അറുന്നൂറിലധികം ഭേദഗതികൾ തയ്യാറാക്കിയത്. 15 മിനിറ്റ് വൈകി

യെന്നും അരമണിക്കൂർ വൈകിയെന്നും പറഞ്ഞ് ഭേദഗതികൾ മാറ്റിവച്ച ചരിത്രം ഈ സഭയിലുണ്ടായിട്ടില്ല. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് കുറേനാളുകളായി മനഃപൂർവ്വമായി, രാഷ്ട്രീയമായി ഞങ്ങളെ അപമാനിക്കാൻ ശ്രമിക്കുകയാണെന്ന ആരോപണം ഗൗരവമായി ഞാൻ ഉന്നയിക്കുകയാണ്. ഞങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുകയാണ്. ഇതിനുമുമ്പ് ദുരുദ്ദേശ്യപരമായ ചോദ്യങ്ങൾ ഇവിടെ അനുവദിച്ചതിന് അങ്ങേയ്ക്കുതന്നെ റൂളിംഗ് നൽകേണ്ടിവന്നു; താക്കീത് കൊടുക്കേണ്ടി വന്നു. അറുന്നൂറിലധികം ഭേദഗതികൾ മാറ്റിവച്ചിട്ട് നിങ്ങൾ എന്ത് നിയമമാണ് അവതരിപ്പിക്കുന്നത്? ഇതിനോട് സഹകരിക്കാൻ ഞങ്ങളില്ല. ഞങ്ങൾ ഈ നിയമനിർമ്മാണ നടപടികളുമായി സഹകരിക്കണമെങ്കിൽ ഇപ്പോൾ ഈ ബിൽ മാറ്റിവച്ചിട്ട് ഞങ്ങളുടെ അറുന്നൂറിലധികം ഭേദഗതികളും സ്വീകരിച്ചതിനുശേഷം ബിൽ രണ്ടാമത് കൊണ്ടുവരണം. അല്ലെങ്കിൽ ഞങ്ങൾ ഈ നിയമനിർമ്മാണ നടപടികളുമായി സഹകരിക്കില്ല. അങ്ങ് തീരുമാനിക്കണം. .....(ബഹളം).....

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ഉന്നയിച്ച പ്രശ്നം നേരത്തെ തന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. വൈകി ലഭിച്ച ഭേദഗതി നോട്ടീസുകൾ സ്വീകരിക്കാതിരുന്നതിനെതിരെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. കെ. പി. എ. മജീദും ഉന്നയിച്ച വിഷയം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അസാധാരണമായി ഒന്നും സംഭവിച്ചിട്ടില്ല. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മൂന്ന് ദിവസത്തെ സമ്മേളനം വെട്ടിച്ചുരുക്കേണ്ടിവരികയും തുടർന്ന് അന്നേ ദിവസത്തെ ബിസിനസ്സുകൾ മറ്റു ദിവസങ്ങളിലേയ്ക്ക് ക്രമീകരിക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിലാണ് ബില്ലുകളിന്മേലുള്ള ഭേദഗതികൾ നൽകേണ്ട സമയക്രമത്തിൽ ചില പരിധികൾ നിശ്ചയിക്കേണ്ടി വന്നത്. അത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്ന കാര്യങ്ങളാണ്. ഇക്കാര്യത്തിൽ മനഃപൂർവ്വമായി അംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കാൻ ഉദ്ദേശിച്ചിട്ടില്ല. 26-ാം തീയതി ഉച്ചയ്ക്ക് 12 മണിയായി നിശ്ചയിച്ചിരുന്ന സമയപരിധി അംഗങ്ങളുടെ അഭ്യർത്ഥനമാനിച്ചും ശ്രീ. എൻ. ഷംസുദ്ദീൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നതുംകൂടി പരിഗണിച്ചാണ് ഉച്ചയ്ക്കുശേഷം 2 മണിയായി നിശ്ചയിച്ചത്. എങ്കിലും വൈകുന്നേരം 4 മണിവരെ നൽകിയ ഭേദഗതികൾ സ്വീകരിച്ചിരുന്നു. വൈകുന്നേരം 5 മണിക്കുശേഷം ലഭിച്ച കുറേ ഭേദഗതികൾ സ്വീകരിച്ച് ലിസ്റ്റാക്കാൻ സമയം ലഭിക്കാതിരുന്ന സാഹചര്യത്തിലാണ് അത് ഒഴിവാക്കാൻ തീരുമാനിച്ചത്. അത് ചെയറിന്റെ തന്നെ നിർദ്ദേശാനുസരണമായിരുന്നു. നമ്മുടെ സഭാചരിത്രത്തിൽ മുമ്പും ഇത്തരം സന്ദർഭങ്ങളിൽ ഈ രീതി

അവലംബിച്ചിട്ടുണ്ട്. എന്നാൽ ഒരു കാരണവശാലും ഇതൊരു കീഴ്വഴക്കമായി മാറ്റില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അങ്ങനെയൊരാശങ്ക ഇവിടെ പ്രകടിപ്പിച്ചു. കീഴ്വഴക്കമായി മാറുന്ന പ്രശ്നമേയില്ല. 5 മണിക്കുശേഷം ലഭിച്ച ഭേദഗതികൾ പ്രോസസ്സ് ചെയ്യുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിന് മതിയായ സമയമുണ്ടായിരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയല്ല. അങ്ങേയ്ക്ക് സെക്രട്ടേറിയറ്റിൽനിന്നും കിട്ടിയ റിപ്പോർട്ട് ശരിയല്ല. 2 മണിക്കും 4 മണിക്കുമിടയിൽ കൊടുത്തിരിക്കുന്ന ഒരു അമെന്റ്മെന്റും സ്വീകരിച്ചിട്ടില്ല. ഇവിടെ സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോഴാണ് കൊടുത്തത്. ഒരു രാത്രി മുഴുവനിരുന്ന് കഷ്ടപ്പെട്ടാണ് ഭേദഗതികൾ തയ്യാറാക്കി കൊടുത്തത്. അത് സ്വീകരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ പറ്റുമെങ്കിൽ ഞങ്ങൾ സഹകരിക്കാം. അല്ലെങ്കിൽ ഈ ബിൽ മാറ്റിവച്ചിട്ട് മറ്റ് ബില്ലുകളെടുക്കണം. അല്ലാതെ ഞങ്ങൾ ഇതുമായി സഹകരിക്കില്ല. ചരിത്രത്തിലാദ്യമായാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ഇത്രയും അമെന്റ്മെന്റുകൾ മനഃപൂർവ്വമായി മാറ്റിവച്ചത്. അൽപസമയം വൈകിയാൽ പോലും എല്ലാക്കാലത്തും അമെന്റ്മെന്റുകൾ എടുത്തിട്ടുണ്ട്. ഞങ്ങൾ നൽകിയ അറുന്നൂറിലധികം അമെന്റ്മെന്റുകളെടുക്കാതെ എന്ത് നിയമനിർമ്മാണമാണ് നടത്താൻ പോകുന്നത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, നമ്മൾ ഈ സമ്മേളനത്തിലാണ് ഒരു ദിവസം 1200 ഭേദഗതികൾ പരിഗണിച്ചത്. അന്ന് മുൻ പ്രതിപക്ഷനേതാവും ഉണ്ടായിരുന്നതാണ്. ഭേദഗതികൾ ബോധപൂർവ്വം മാറ്റി വയ്ക്കുകയാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. അങ്ങനെയൊരു സമീപനം സ്വീകരിക്കാറില്ല. ഇതൊരു അസാധാരണ സാഹചര്യത്തിൽ സംഭവിച്ചതാണ്. 2 മണിവരെ സമയം നീട്ടിത്തന്നതാണ്. അങ്ങ് സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ...(ബഹളം)... അങ്ങ് നടപടികളുമായി സഹകരിക്കുകയാണ് ചെയ്യേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒരു റിക്വസ്റ്റുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ അറുന്നൂറിലധികം ഭേദഗതികൾ തന്നതല്ലേ; അതെന്തുകൊണ്ട് പരിഗണിച്ചുകൂടാ? ഇന്ന് മറ്റ് ബില്ലുകളെടുക്കാം. ഇവർ ഇത്രയും കഷ്ടപ്പെട്ട് തന്നതല്ലേ, അത് അടുത്ത ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുന്നതല്ലേ നല്ലത്? ബിൽ കുറ്റമറ്റതാകണമെങ്കിൽ ഈ അമെന്റ്മെന്റുകൾകൂടി പരിഗണിക്കുന്നതല്ലേ നല്ലത്; അതിൽ പിടിവാശിയുടെ ആവശ്യമുണ്ടോ?

മി. സ്പീക്കർ: ചെയറിന് അക്കാര്യത്തിൽ പിടിവാശിയുടെ പ്രശ്നമില്ല. പ്രായോഗികമായി സാധ്യമാകാത്തതുകൊണ്ടാണ്. കാരണം, ഇപ്പോൾത്തന്നെ മൂന്ന് ദിവസത്തെ സമ്മേളനം പുന:ക്രമീകരിക്കേണ്ടിവന്നു. ഇനിയും നമുക്ക് ക്രമീകരിക്കാനുള്ള സമയമില്ലാത്തതുകൊണ്ടാണ്. ദയവായി പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവും ഇത് പിടിവാശിയുടെ പ്രശ്നമായി കണക്കാക്കരുത്. പിടിവാശിയുണ്ടെങ്കിൽ രണ്ട് മണിക്കൂർ നീട്ടിത്തരേണ്ട കാര്യമില്ലല്ലോ. പിടിവാശിയാണെന്ന് പറയുന്നത് നിർഭാഗ്യകരമാണ്. ചെയറിന്റെ നിർദ്ദേശാനുസരണമാണ് 2 മണി എന്നുള്ളത് നീട്ടിക്കൊടുത്തതും 5 മണിക്കു ശേഷമുള്ളത് സ്വീകരിക്കാതിരുന്നതും. കാരണം, നിയമസഭാ സെക്രട്ടേറിയറ്റിന് ആ അമെന്റ്മെന്റുകൾ പ്രോസസ്സ് ചെയ്യാൻ സാധിക്കുമായിരുന്നില്ല. വൈകിട്ട് 5 മണിക്ക് അറുന്നൂറോളം അമെന്റ്മെന്റുകൾ പുതിയതായി വന്നാൽ പുലരുന്നതുവരെ ഇരുന്നാൽപ്പോലും അത് പ്രോസസ്സ് ചെയ്യാൻ പറ്റില്ലായിരുന്നു. ...(ബഹളം)... സാവകാശമുണ്ടായിരുന്നെങ്കിൽ നമുക്ക് പുന:ക്രമീകരിക്കാമായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അടുത്ത നടപടിയിലേയ്ക്കാണ് പോകുന്നതെങ്കിൽ ഞങ്ങൾക്ക് ഒരു കാര്യം പറയാനുണ്ട്. പാർലമെന്റിൽ ശ്രീ. നരേന്ദ്ര മോദി മന്ത്രിസഭ ബില്ലുകൾ പാസ്സാക്കുന്ന രീതിയിൽ കേരളത്തിലെ നിയമ സഭയിൽ ബില്ലുകൾ പാസ്സാക്കാൻ ഒരുകാരണവശാലും പറ്റില്ല. നിയമനിർമ്മാണത്തിൽ പങ്കാളികളാകാൻ ഞങ്ങൾ വളരെ കഷ്ടപ്പെട്ട് തയ്യാറാക്കിയെടുത്ത അറുന്നൂറിലധികം അമെന്റ്മെന്റുകൾ മാറ്റിവച്ചുകൊണ്ട് ഈ ബിൽ ചർച്ചയ്ക്കെടുക്കുന്നതിൽ പ്രതിഷേധിച്ച് ഈ ബില്ലിന്റെ നിയമനിർമ്മാണ നടപടികൾ ഞങ്ങൾ ബഹിഷ്കരിക്കു കയാണ്.

(ഭേദഗതികൾ ലിസ്റ്റിലുൾപ്പെടുത്താത്തതിൽ പ്രതിഷേധിച്ച് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവയുടെ നിയമനിർമ്മാണ നടപടികൾ പ്രതിപക്ഷം ബഹിഷ്കരിച്ചു)

## നിയമനിർമ്മാണകാര്യം (തുടർച്ച)

(വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. ഷാഫി പറമ്പിൽ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല)

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പ്രേംകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ച് വർഷം നേടിയ മികവിന്റെ റിക്കാർഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. വിദ്യാഭ്യാസ നിലവാരത്തെ അളക്കുന്ന ആഗോള സർവ്വകലാശാല റേറ്റിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ബഹുദൂരം മുന്നിലേയ്ക്ക് നയിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളേണ്ടതുണ്ട്. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണ് കേരളം. എല്ലാ അർത്ഥത്തിലും കേരളത്തെ വിജ്ഞാന സമൂഹമാക്കുകയെന്നതാണ് കേരളത്തിലെ സർക്കാരും ഉന്നത വിദ്യാഭ്യാസ വകുപ്പും ലക്ഷ്യംവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി ആറ് സുപ്രധാന നടപടികൾ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂന്നുമുതൽ അഞ്ച് ലക്ഷം വരെ ആളുകൾക്ക് പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് അതിൽ ഒന്നാമതായി മുന്നോട്ടുവച്ചിട്ടുള്ളത്. രണ്ടാമത്തേത്, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആയിരം അദ്ധ്യാപകരുടെ നിയമനം നടത്തുന്നതിനുവേണ്ടിയിട്ടുള്ളതാണ്. മൂന്നാമത്തേത്, സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങളാരംഭിക്കാൻ ആവശ്യമായ നടപടിയാണ്. നാലാമത്തേത്, മുഖ്യമന്ത്രിയുടെ നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുൾപ്പെടെ 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്ക് ഒരു ലക്ഷം രൂപവരെ നൽകുന്നതിനുവേണ്ടിയുള്ള നിർദ്ദേശമാണ്. അഞ്ചാമത്തേത്, സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി കിഫ്ബിയുടെകൂടി സഹായത്തോടെ 2000 കോടി രൂപ നിക്ഷേപിക്കുന്ന പ്രവർത്തനമാണ്. ആറാമത്തേത്, അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികളാണ്. 21-ാം നൂറ്റാണ്ടിലെ ലോക സാഹചര്യങ്ങൾക്കനുസൃതമായി കാലമുയർത്തുന്ന വെല്ലുവിളികളേറ്റെടുക്കാൻ പാകത്തിൽ സമഗ്രവും സമൂലവുമായ മാറ്റത്തിനുവേണ്ടി ശ്രമിക്കുകയെന്നതാണ് ഉന്നത വിദ്യാഭ്യാസരംഗം ഇന്ന് ഏറ്റെടുക്കേണ്ട പ്രധാനപ്പെട്ട ദൗത്യം. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. വിദ്യാർത്ഥികൾക്കാവശ്യമായ ആധുനികരീതിയിലുള്ള കോഴ്സുകൾ അനുവദിക്കാനും അത് ഉറപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവശ്യമായ മാർഗ്ഗനിർദ്ദേശവും നൽകി വരുന്നുണ്ട്. State Assessment and Accreditation Centre (SAAC), National Assessment and Accreditation Council (NAAC) അക്രഡിറ്റേഷനിലൂടെ എല്ലാ സ്ഥാപനങ്ങളെയും ഉയർന്ന റാങ്കിംഗിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമം

അനിവാര്യമാണ്. വിദ്യാർത്ഥികളിൽ അറിവിനോടൊപ്പം തൊഴിൽശേഷിയും സാമൂഹിക ഉത്തരവാദിത്വവും വളർത്തുന്നതിന് ഉന്നത വിദ്യാഭ്യാസം പര്യാപ്തമായിരിക്കണം. സമ്പൂർണ്ണ സാക്ഷരതയിൽനിന്ന് സാർവ്വജനീന ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് സമൂഹത്തെ ഉയർത്താൻ കഴിയണം. എല്ലാ സർവ്വകലാശാലകളെയും വ്യവസായശാലകളുമായും തദ്ദേശവികസന പ്രവർത്തനങ്ങളുമായും ബന്ധിപ്പിക്കാൻ കഴിയണം. സാമ്പത്തിക വളർച്ചയും സാമൂഹിക നീതിയും ഒരുമിപ്പിക്കുന്നതിൽ ഇടതുപക്ഷ ഭരണം കാണിച്ച നിശ്ചയദാർഢ്യമാണ് കേരള മാതൃക. ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്നിട്ടും കേരളത്തെ നാനാ മേഖലകളിലും വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കാൻ സഹായിച്ചത് ഈ നിലയിലുള്ള സർക്കാരിന്റെ കാഴ്ചപ്പാടാണ്. വിദ്യാഭ്യാസ മേഖലയിൽ ചെലവില്ല, നിക്ഷേപമേയുള്ളൂ എന്ന ഉത്തമ ബോദ്ധ്യമുള്ള സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. വിദ്യാഭ്യാസ മേഖലയിൽ ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്ന സമീപനത്തിൽ നിന്നുമാറി ഈ മേഖലയിൽ നടത്തുന്നതെല്ലാം നിക്ഷേപമാണെന്ന ധാരണയോടുകൂടി കേരളത്തിലെ സർക്കാർ മുന്നോട്ടുപോകുകയാണ്. പാഠ്യവിഷയങ്ങളിലും ഉള്ളടക്കത്തിലും മാത്രമല്ല, ഉന്നതവിദ്യാഭ്യാസ ഭരണ സംവിധാനത്തിലുടനീളം നിയമ പുനർനിർമ്മാണത്തിലൂടെ ആഗോള സ്വഭാവം ഉറപ്പുവരുത്താനാകേണ്ടതുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളും കീഴ്വഴക്കങ്ങളുംമൂലം നിലനിൽക്കുന്ന എല്ലാ വൈരുദ്ധ്യങ്ങൾക്കും പരിഹാരം ഉറപ്പുവരുത്തുന്ന വിധത്തിൽ സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരണം. പുതിയ ദേശീയ വിദ്യാഭ്യാസ നയം തലമുറയെ മുന്നിൽ കാണുന്നതിലും ഭരണഘടനാ മൂല്യങ്ങളും നയപരമായ കാഴ്ചപ്പാടുകളും സൂക്ഷിക്കുന്നതിലും അപരിഹാര്യമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. മതനിരപേക്ഷത, സാമൂഹികനീതി, ലിംഗനീതി, അവസര സമത്വം, പ്രാപ്യത, ജനാധിപത്യ സമീപനം, സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകൾ, ബഹുസ്വരത തുടങ്ങിയ അനിവാര്യതകളെ ദേശീയ വിദ്യാഭ്യാസ രേഖ സ്പർശിക്കുന്നതേയില്ല. ഗുണഭോക്താക്കൾ ചില പ്രത്യേക വിഭാഗങ്ങൾ മാത്രമാകും. തൊഴിൽ സേനയുടെ പരിശീലനമാക്കി വിദ്യാഭ്യാസത്തെ മാറ്റാനുള്ള ശ്രമമല്ല നയമാക്കേണ്ടത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ആത്യന്തികതയായി തൊഴിൽ പരിശീലനത്തെ കാണുന്നത് മെക്കാളെയുടെ സ്മരണകൾ മനസ്സിലുള്ളതു കൊണ്ടാണ്. കോർപ്പറേറ്റുകളും കുത്തക ഫണ്ടിംഗ് ഏജൻസികളും വ്യവസായികളും മറ്റുമായി പുലർത്തുന്ന ബന്ധവും വിധേയത്വവുമാകണം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവി നിശ്ചയിക്കേണ്ടതെന്നാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം പറയുന്നത്. ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള പ്രവേശന മത്സര പരീക്ഷകൾക്ക് വിദ്യാർത്ഥികളെ സജ്ജമാക്കാൻ മതിയായ സൗകര്യങ്ങളുണ്ടാകേണ്ടതുണ്ട്. സർവ്വകലാശാല

സമിതികളിലെ വിദ്യാർത്ഥി പ്രതിനിധികൾക്കും ഇതിൽ നല്ലൊരു പങ്ക് നിർവ്വഹിക്കാൻ കഴിയണം. നമ്മുടെ വിദ്യാർത്ഥികൾ തൊഴിൽ കമ്പോളത്തിൽ നേരിടുന്ന ഭാഷാനിപുണതയിലെ കുറവ് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. പാഠ്യക്രമത്തിൽ ഇതിന് പ്രത്യേകമായ സ്ഥാനമുണ്ടാകണം. മിടുക്കരായ വിദ്യാർത്ഥികൾക്കുപോലും നല്ല ജോലി ലഭിക്കാൻ ഭാഷാ നിപുണതയിലെ കുറവ് കാരണമാകുന്നത് ഒഴിവാക്കേണ്ടതുണ്ട്. നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്ല ലൈബ്രറി വേണം. പലപ്പോഴും ബിരുദാനന്തര ബിരുദ സിലബസ്സിലുൾപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങൾപോലും ലഭ്യമല്ലാത്ത ലൈബ്രറികളുണ്ട്. പ്രസ്തുത പുസ്തകങ്ങളും ജേണലുകളും എല്ലാ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ നമുക്ക് മുന്നോട്ടുപോകാനാകണം. ഈ വിഷയത്തിൽ ഗൗരവമായ ചർച്ച നടക്കണം. ഗവേഷണവും സാങ്കേതിക മുന്നേറ്റവും നടക്കുകയും അതിലൂടെ കേരളത്തിലെ സാമ്പത്തിക വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉത്തേജകമാകുന്ന ഒരു കാലാവസ്ഥയാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് നയരൂപീകരണത്തിനായി ഉണ്ടാകേണ്ടത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ പ്രധാനമായും 1980-ഓടുകൂടി ആധുനിക വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൈമറി, ഹൈസ്കൂൾ നിലവാരത്തിലും വലിയ മാറ്റമാണ് സംഭവിച്ചിട്ടുള്ളത്. ഇന്ന് കുട്ടികൾ സ്മാർട്ട് ക്ലാസ് റൂമുകളിൽ ലോകത്തെ കണ്ട് പഠിച്ചുകൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടറും ലാപ്ടോപ്പും മൊബൈൽ ഫോണുകളുമുൾപ്പെടെ ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ എല്ലാ ഉന്നത സൗകര്യങ്ങളും അനുഭവിക്കുന്നവരാണ് പുതിയ തലമുറയിലെ വിദ്യാർത്ഥികൾ. അതനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലും സർവ്വകലാശാല രംഗത്തും പരിപൂർണ്ണമായ മാറ്റം അനിവാര്യമാണ്. ഓട്ടോണമസ് കോളേജുകൾ വേണോ, ഡീംഡ് യൂണിവേഴ്സിറ്റികൾ വേണോ എന്നുള്ളതെല്ലാം 1980-കളിലെ ഡിബേറ്റിംഗ് സബ്ജക്ടായിരുന്നു. ഇന്ന് സ്വാശ്രയ കോളേജുകളും ഡീംഡ് യൂണിവേഴ്സിറ്റികളും യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുകയാണ്. പലതരം കോഴ്സുകളും വിഷയങ്ങളും പഠിക്കുന്നതിന് വിദ്യാർത്ഥികൾക്ക് യാതൊരു വിഷമവുമില്ലാത്ത സാഹചര്യത്തിൽ ഇന്നത്തെ ഉന്നത വിദ്യാഭ്യാസരംഗം എത്തിച്ചേർന്നിരിക്കുന്നു. 1947-നുശേഷം ഡോ. എസ്.

രാധാകൃഷ്ണന്റെ സർവ്വകലാശാല കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കി കരുപ്പിടിപ്പിച്ച ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ പരിപൂർണ്ണമായ മാറ്റത്തിലേയ്ക്ക് വഴിതിരിച്ചൊരു റിപ്പോർട്ടാണ് കോത്താരി കമ്മീഷൻ റിപ്പോർട്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ഇന്ത്യൻ വിദ്യാഭ്യാസം, പ്രത്യേകിച്ച് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകളുടെ വിദ്യാഭ്യാസ മന്ത്രിമാർ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കിയത്. കോത്താരി കമ്മീഷൻ റിപ്പോർട്ട് പൊതുവിൽ മുന്നോട്ടുവച്ച നയങ്ങളായ മാതൃഭാഷയിലുള്ള വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പൊതുവിലൊരു വിനിമയ ഭാഷ തുടങ്ങിയവയിലൂടെ വിദ്യാഭ്യാസ ത്തെ പുന:സംഘടിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞു. ലോവർ പ്രൈമറി-പ്രൈമറി-ഹൈസ്കൂൾ വിദ്യാഭ്യാസ മേഖല നേരിട്ടിരുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്, സ്ത്രീ വിദ്യാഭ്യാസത്തിലുള്ള പിന്നോക്കാവസ്ഥ തുടങ്ങിയവയെല്ലാം ഫലപ്രദമായി പരിഹരിക്കാൻ കഴിഞ്ഞതിനാൽ പിന്നീട് നാം ശ്രദ്ധിക്കേണ്ടി യിരുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയെയാണ്. പ്രീഡിഗ്രി വേർപെടുതിനുശേഷം, ഡിഗ്രിക്കും പോസ്റ്റ് ഗ്രാജ്വേഷനും കൂടുതൽ ഊന്നലും ശ്രദ്ധയും നൽകാൻ കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിൽ പൊതുവിൽ എല്ലാ സർവ്വകലാശാലകളുടെയും കീഴിലുള്ള കോളേജുകളിൽ NAAC അക്രഡിറ്റേഷൻ ലഭിച്ചതിനുശേഷം കരിക്കുലത്തിന്റെയും പരീക്ഷാ നടത്തിപ്പിന്റെയും കാര്യത്തി ലൊക്കെ സ്വയംപര്യാപ്തതയുണ്ടെങ്കിലും ചില കുറവുകൾ ഈ ബില്ലുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിൽ പ്രധാനപ്പെട്ട ഒന്ന്, സർവ്വക ലാശാലാ സിൻഡിക്കേറ്റുകളുടെ അധികാരത്തെ സംബന്ധിച്ചാണ്. പല മേഖലക ളിലും സർവ്വകലാശാലാ സിൻഡിക്കേറ്റുകളുടെ അധികാരം നാമമാത്രമാണ്. പ്രത്യേകിച്ച്, ആരോഗ്യ സർവ്വകലാശാലയിൽ സെനറ്റ് മാത്രമേയുള്ളൂ. ഉദ്ദേശം 95-ലധികം പേർ അംഗങ്ങളായിട്ടുള്ള ആ സെനറ്റിൽ വേണ്ടത്ര വിദ്യാർത്ഥി പ്രാതിനിധ്യമില്ല. ആരോഗ്യ സർവ്വകലാശാലയുടെ സംഘാടനത്തിനും കരിക്കുലം തയ്യാറാക്കലിനും പരീക്ഷാ നടത്തിപ്പിനും കാര്യക്ഷമമായ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുമൊക്കെ നേതൃത്വം കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു സിൻഡിക്കേറ്റ് രൂപീകരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് സെനറ്റ് മാത്രമാണ് പ്രവർത്തിക്കുന്നത്. ആ സെനറ്റിൽ ഒരു തീരുമാനമെടുക്കാൻ കഴിയാത്ത തരത്തിൽ തൊണ്ണൂറിനും നൂറിനുമി ടയ്ക്ക് അംഗസംഖ്യയുണ്ട്. അതിനാൽ അത് ക്രോഡീകരിച്ചുകൊണ്ട് വിദ്യാർത്ഥി പ്രതിനിധികളെയും എക്സ്പെർട്ടുകളെയും ഉൾപ്പെടുത്തി ആരോഗ്യ സർവ്വകലാ ശാലയിൽ ഒരു സിൻഡിക്കേറ്റ് രൂപീകരിക്കണമെന്നതാണ് ഈ സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്ന വേളയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ

കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട ആശയം. എങ്ങനെയെങ്കിലും NAAC അക്രഡിറ്റേഷൻ സമ്പാദിച്ചതിനുശേഷം സർവ്വകലാശാലയ്ക്ക് കീഴിലല്ലാത്ത പല സ്വയംഭരണ കോളേജുകളും ഫലപ്രദമായ രീതിയിൽ പരീക്ഷകൾ നടത്തുന്നുണ്ടോ? സെമസ്റ്റർ പരീക്ഷകളിൽ ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് കുട്ടികൾക്കേറെ പരാതി നിലനിൽക്കുന്നുണ്ട്.

01.00 p.m]

NAAC അക്രഡിറ്റേഷൻ ലഭിച്ചതിനുശേഷം സ്വയംഭരണ കോളേജുകളുടെ കരിക്കുലത്തിലും പരീക്ഷ നടത്തിപ്പിലും പൊതുവിൽ ശ്രദ്ധേയമായ കുറെ പരിമിതികളുണ്ട്. അത് പരിഹരിക്കപ്പെടേണ്ടതാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്ന കോളേജുകൾ അക്രഡിറ്റേഷൻ ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ വരുത്തുന്ന ഉദാസീനതയും ചില കോളേജുകളെങ്കിലും കാണിക്കുന്ന ആശ്രിത വാത്സല്യവും അല്ലെങ്കിൽ പ്രത്യേക തരത്തിലുള്ള പരിഗണനകളും ഈ ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ പരിഗണിക്കേണ്ടതാണ്. ഡീംഡ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ മുന്നോട്ടുവച്ച അക്കാഡമിക് നിലവാരത്തിലുള്ള ധാരണകളല്ലാതെ, കേരളത്തിൽ അത് നടപ്പാക്കുമ്പോൾ അദ്ധ്യാപക പ്രതിനിധികളെയും വിദ്യാർത്ഥി സംഘടനാ നേതാക്കളെയും വിളിച്ച് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് നേടുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അദ്ധ്യാപകർക്ക് ഇപ്പോൾ ഇന്ത്യൻ സിവിൽ സർവ്വീസിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളമാണ് നൽകുന്നത്. ലക്ചററായി നിയമിതനാകുന്ന ഒരാൾക്ക് ലഭിക്കുന്ന ശമ്പളം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലിന് തുല്യമാണ്. അതായത് അർഹരായവരും പ്രഗത്ഭരായവരും അദ്ധ്യാപന രംഗത്ത് നിൽക്കണമെന്നുള്ളതുകൊണ്ടാണ് ശമ്പളത്തിന്റെയും സാമൂഹിക പദവിയുടെയും കാര്യത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. തുടങ്ങിയ കാറ്റഗറിയിലേയ്ക്ക് ലക്ചറർമാരുടെയും അദ്ധ്യാപകരുടെയും സ്ഥാനമാനങ്ങൾ ഉയർത്തുന്നത്. ശമ്പളത്തിന്റെ കാര്യത്തിൽ മാത്രമല്ല, യൂണിവേഴ്സിറ്റിയുടെ എല്ലാ തലത്തിലുള്ള സംഘാടനത്തിലും അത് നിഴലിക്കുന്നുണ്ടോയെന്നും കേരളത്തിലെ അദ്ധ്യാപകർ അത്തരം നിലവാരത്തിലേയ്ക്ക് എത്തിയിട്ടുണ്ടോയെന്നും പരിശോധിക്കപ്പെടണം. പല സർവ്വകലാശാലകളിലും വാങ്ങുന്ന അല്ലെങ്കിൽ അർഹമായ വേതനത്തിനനുസരിച്ച്, സർവ്വകലാശാല പരിഷ്കരണത്തിന്റെ എല്ലാതലത്തിലും ഊന്നിനിൽക്കാൻ അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോ; പുതിയ മാനദണ്ഡങ്ങളനുസരിച്ച് വിദ്യാർത്ഥികളുടെ ഒരു ഇലക്ടറൽ കോളേജ് ആറ് മാസമോ അല്ലെങ്കിൽ ഒരു വർഷമോ കൂടുമ്പോൾ അദ്ധ്യാപകരുടെ കഴിവ്

പരിശോധിക്കണം. അദ്ധ്യാപകൻ കാലഘട്ടത്തിനനുസരിച്ച് അറിവ് പരിഷ്കരിക്കുന്നുണ്ടോയെന്ന് വിദ്യാർത്ഥി സമൂഹം അദ്ധ്യാപകനെ പരീക്ഷയ്ക്ക് വിധേയമാക്കുന്ന വിധത്തിലോ അല്ലെങ്കിൽ വിദ്യാർത്ഥി സമൂഹത്തിന്റെ മുന്നിൽ അദ്ധ്യാപകൻ വരികയോ വേണം. പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. എന്നാൽ എത്ര അദ്ധ്യാപകർ അത് പ്രയോജനപ്പെടുത്തുന്നുണ്ട്? ഇലകൂറൽ കോളേജിനുമുന്നിൽ, വിദ്യാർത്ഥി സമൂഹത്തിനുമുന്നിൽ പുതിയ പേപ്പറുകളുമായി ബന്ധപ്പെട്ട് ഒരദ്ധ്യാപകൻ എത്രതവണ സെമിനാറുകൾ നടത്തുന്നുണ്ട്; ഇതെല്ലാം കുറ്റമറ്റ രീതിയിൽ പരിശോധിക്കാൻ നമ്മുടെ സർവ്വകലാശാലാ വിദ്യാഭ്യാസ രംഗത്തിന് സാധിക്കുന്നുണ്ടോ? സർവ്വകലാശാലാ വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ ഇരുപത് വർഷമായി നാം നടപ്പാക്കിക്കൊണ്ടിരിക്കുന്ന നൂതന പരിഷ്കാരങ്ങളുടെ ആർജ്ജവത്തിലേയ്ക്ക് കേരളീയ അദ്ധ്യാപക സമൂഹത്തെ കൊണ്ടുവരേണ്ടതാണ്. സ്പെഷ്യൽ കോഴ്സുകളും പഠനോപാധി പരീക്ഷകളും നടത്തി അദ്ധ്യാപക സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ കഴിയണം.

കേരളത്തിനുപുറത്തുള്ള പല സംസ്ഥാനങ്ങളിലും നടക്കുന്ന വലിയ വിവാദങ്ങൾ, കേരളത്തിലും ഏതാനും ആഴ്ചകൾക്കുമുമ്പ് വി. ഡി. സവർക്കറെക്കുറിച്ചുള്ള പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉരുത്തിരിഞ്ഞുവന്നു. എന്ത് പഠിക്കണം, എങ്ങനെ പഠിപ്പിക്കണം എന്നതു സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലെങ്കിലും പുരോഗമനാധിഷ്ഠിതമായ ഒരു കരിക്കുലത്തിന് നേതൃത്വം കൊടുക്കാൻ സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും സാധിക്കേണ്ടതുണ്ട്. അത് കേരളത്തിൽ സാധിച്ചില്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ എങ്ങനെ സാധിക്കും? അതുകൊണ്ട് സർവ്വകലാശാല ബില്ലിന്റെ പരിഷ്കരണംകൊണ്ട് കേരളത്തിന്റെ കരിക്കുലം കമ്മിറ്റികൾക്കും അക്കാഡമിക് കൗൺസിലിനും അതിനനുസൃതമായ രീതിയിൽ പ്രവർത്തിക്കുന്നതിന് സാധിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഓട്ടോണമസ് കോളേജുകൾക്ക് കോഴ്സുകൾ നടത്തുന്നതിന് കൃത്യമായ റെഗുലേഷൻസുണ്ട്. "An autonomous college is free to start diploma (undergraduate and postgraduate) or certificate courses without prior approval of the university. However, approval of the concerned statutory bodies of the college may be obtained, wherever required." എന്നതാണ് യു.ജി.സി. റെഗുലേഷൻസ്. ഇതിൽ സജഷൻ വന്നിരിക്കുന്ന പ്രധാനമായ കാര്യം, Two nominees of the State Government- Principal Secretary, (Higher Education Department), Nominee of the Higher Education Council; one nominee of the University Syndicate and one nominee in the Governing Body of the

College- ഇവരെല്ലാം കൂടിയാകുമ്പോൾ ഇരുപത്തഞ്ചോളം അംഗങ്ങളാകും. യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റിയുടെ ബോഡിയിൽ ഗവൺമെന്റിന്റെയുൾപ്പെടെയുള്ള പ്രതിനിധികളുണ്ട്. ഓട്ടോണമസ് കോളേജുകൾക്ക് അക്കാഡമിക് ഓട്ടോണമി നൽകുകയും അതിൽ കൂടുതൽ ഇടപെടലുണ്ടാകുകയും ചെയ്യുമ്പോൾ എന്താണ് അക്കാഡമിക് ഓട്ടോണമികൊണ്ട് വിവക്ഷിക്കുന്നത്; അതിൽ ആവശ്യമില്ലാതെയുള്ള നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോയെന്ന ആശങ്ക പല രീതിയിലുള്ള ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. യഥാർത്ഥത്തിൽ അത് പരിശോധിക്കപ്പെടേണ്ടതല്ലേ?

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പല കോളേജുകളിലും B.Voc (Bachelor of Vocation) എന്നുപറയുന്ന സ്വാശ്രയാധിഷ്ഠിത കോഴ്സുകൾ കൊണ്ടുവന്ന് കുട്ടികളെ പ്രവേശിപ്പിച്ച് എങ്ങുമെത്താത്ത, ഫലപ്രദമായ റിസൾട്ട് ലഭിക്കാത്ത ഒരവസ്ഥയുണ്ട്. മാത്രമല്ല, ഓട്ടോണമസ് കോളേജുകളെ സ്വതന്ത്രമായി വിടണമെന്നുള്ള നിലപാട് വ്യക്തിപരമായി എനിക്കില്ല, സംഘടനകൾക്കുമില്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് ഓട്ടോണമസ് കോളേജുകളുടെ കരിക്കുലത്തെ സംബന്ധിച്ച് പരിപൂർണ്ണമായൊരു ധാരണയുണ്ടായിരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബി.ടെക് കോഴ്സുകൾ പഠിച്ചുകഴിഞ്ഞ വിദ്യാർത്ഥികൾ അഞ്ച് വർഷത്തെ പഠനം കഴിഞ്ഞ് ഏതെങ്കിലും തരത്തിൽ തോറ്റുപോകുകയോ മറ്റോ ചെയ്താൽ തിരിച്ച് അവർ പ്രീഡിഗ്രിയിൽ നിന്നാണ് വരുന്നത്. അതിന് അങ്ങനെയല്ലാത്ത ഒരു സംവിധാനമുണ്ടാക്കാൻ സാധിക്കുമോ? നിരവധി വിദ്യാർത്ഥികൾ വല്ലാതെ വിഷമിക്കുകയാണ്. അവരുടെ പഠനാനുഭവം നഷ്ടപ്പെടുകയാണ്. എന്നാൽ ബന്ധപ്പെട്ട രീതിയിൽ വേണമെങ്കിൽ അവർക്ക് ബി.കോമോ മറ്റുഡിഗ്രികളോ ഒരുമിച്ച് എഴുതിയെടുക്കുന്ന തരത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുമോ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, അതിന് സാധിക്കും. പുതിയ പരിഷ്കാരമനുസരിച്ച് ചില കോഴ്സുകളിൽ ചേർന്ന് ഒരു വർഷം കഴിഞ്ഞാൽ അതിലുള്ള സർട്ടിഫിക്കറ്റ് കോഴ്സും രണ്ടുവർഷം കഴിഞ്ഞാൽ ഡിപ്ലോമയും മൂന്ന് വർഷം കഴിഞ്ഞാൽ ഡിഗ്രി സർട്ടിഫിക്കറ്റും ലഭിക്കുന്ന കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഞാൻ അക്കാര്യമല്ല സൂചിപ്പിച്ചത്, ഓട്ടോണമസ് കോളേജുകൾ എന്ന പേരിൽ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള കോളേജുകളെ സ്വതന്ത്രമായി വിഹരിക്കാൻ വിട്ടുകഴിഞ്ഞാൽ അവർ തുടങ്ങുന്ന പല കോഴ്സുകളും പകുതിയിൽവച്ച് ഉപേക്ഷിക്കും. കാരണം വിദഗ്ദ്ധരായ അദ്ധ്യാപകരുടെ അഭാവം സാങ്കേതിക മേഖലയിൽ വലിയൊരു പ്രശ്നമാണ്. പല കോളേജുകളിലും ഇന്ന് ക്ലാസ്സെടുത്തു കൊണ്ടിരിക്കുന്നത് എം. എ. സൈക്കോളജി കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റുമായി വരുന്ന ലക്ചറർമാരാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഓട്ടോണമസ് കോളേജുകളെന്ന രീതിയിലേയ്ക്ക് സ്വതന്ത്രമായി വിട്ടാൽ അവർ അവരുടെ സ്വാതന്ത്ര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് കോഴ്സിന് ചേരുന്ന കുട്ടികളെ മാനസികമായി പീഡിപ്പിക്കും. അത്തരം ഒരനുഭവം എന്റെ നാട്ടിലുണ്ടായിട്ടുണ്ട്. കോയമ്പത്തൂരിലെ അമൃത വിശ്വവിദ്യാപീഠത്തിൽ പി.എച്ച്.ഡി.-ക്ക് ചേർന്ന എം.ടെക്.-ന് ഗോൾഡ് മെഡൽ നേടിയ കൃഷ്ണകുമാരി എന്ന കൊല്ലങ്കോട്ടുള്ള ഒരു വിദ്യാർത്ഥിനി ഈ അടുത്ത കാലത്താണ് ആത്മഹത്യ ചെയ്തത്. അവർ ഏത് തീസീസ് സബ്മിറ്റ് ചെയ്താലും അതിന് ഓരോ കാരണങ്ങൾ പറഞ്ഞ് നിരന്തരമായി താമസിപ്പിച്ചതിന്റെയടിസ്ഥാനത്തിൽ കാലാവധി കഴിഞ്ഞുപോയി. അവരുടെ അനുജത്തിയും കുടുംബത്തിലെ മറ്റാളുകളും പി.എച്ച്.ഡി. എടുത്തിട്ടും തനിക്കതിന് കഴിഞ്ഞില്ലല്ലോയെന്ന മാനസിക പീഡനത്തിനിരയായി ആത്മഹത്യ ചെയ്ത ദുരനുഭവമുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല പ്രൊഫഷണൽ കോളേജുകളിലാണ് ഏറ്റവും കൂടുതൽ ഹരാസ്മെന്റ് നടക്കുന്നത്. മറ്റ് മാനവിക വിഷയങ്ങൾ പഠിപ്പിക്കുന്ന കോളേജുകളിൽ അത് താരതമ്യേന കുറവാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, നമ്മുടെ കോളേജുകളിൽ പരമ്പരാഗതമായ കോഴ്സുകളും പരമ്പരാഗത രീതികളുമാണ് പിന്തുടർന്നുപോരുന്നത്. ഞാൻ എൽ.എൽ.എം. പഠിച്ചത് ലണ്ടനിലായിരുന്നു. ഞങ്ങൾക്ക് ആഴ്ചയിൽ മൂന്ന് ദിവസമായിരുന്നു ക്ലാസ്സുണ്ടായിരുന്നത്. നാല് ദിവസം ജോലിചെയ്യാനുള്ള സൗകര്യമുണ്ടായിരുന്നു. പക്ഷേ, ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിലും പഠനത്തോടൊപ്പം ജോലിയെടുക്കുന്ന സമ്പ്രദായം നിലവിലില്ല. അങ്ങനെയെന്തെങ്കിലുമൊരു പുതിയ നിർദ്ദേശം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ശ്രീ. പി. വി. ശ്രീനിജിൻ പറഞ്ഞ വിഷയം കേരളത്തിലുണ്ട്. പുതിയ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സിന് ഇന്റേൺഷിപ്പെന്ന് പറയുന്ന പരീക്ഷാ സംവിധാനമുണ്ട്. അതുമായി ബന്ധപ്പെട്ട് അവർ തെരഞ്ഞെടുക്കുന്ന പ്രോജക്ട് പൂർത്തീകരിക്കുന്നതിൽ, ഉദ്ദേശം മൂന്നുമാസം നീണ്ടുനിൽക്കുന്ന വ്യത്യസ്തങ്ങളായ പ്രോജക്ടുകളിൽ വിദ്യാർത്ഥികൾക്ക് അനുഭവ പരിശീലനമുണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അത്തരമൊരു മോഡിഫിക്കേഷൻ കേരളത്തിലെ ആധുനിക വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നിട്ടുണ്ട്. ഞാൻ സൂചിപ്പിക്കുന്നത് ഓട്ടോണമസ് കോളേജുകളെയും ഡീംഡ് യൂണിവേഴ്സിറ്റിയേയും സംഘാടനത്തിന്റെ കാര്യത്തിൽ നിയന്ത്രിക്കുക എന്നുള്ളതല്ല; അതിന്റെ കരിക്കുലം, കോഴ്സുകൾ അത് എങ്ങനെ ഡിസൈൻ ചെയ്യുന്നുവെന്ന കാര്യത്തിൽ സംസ്ഥാന

സർക്കാരിന് പരിപൂർണ്ണമായ അവബോധം വേണം. കേരളത്തിലെ പ്രൊഫഷണലുകളെയും ടെക്നോക്രാറ്റുകളെയും ചിന്തകന്മാരെയും ഉൾക്കൊള്ളിച്ച് വലിയ രീതിയിലുള്ള ഒരു മനോഭാവത്തിന്റെ അല്ലെങ്കിൽ ഒരു വീക്ഷണത്തിന്റെയടിസ്ഥാനത്തിൽ അതിന്റെ സിൻഡിക്കേറ്റുകൾക്ക് രൂപം കൊടുക്കണം. ഇന്ന് സിൻഡിക്കേറ്റുകളെന്ന് പറയുന്നത് കേവലം ഭരണോപാധികൾ മാത്രമായി ചുരുങ്ങുന്നു. അക്കാഡമിക് തലത്തിലുള്ള അറിവിന്റെ അപര്യാപ്തത സിൻഡിക്കേറ്റുകളുടെ തലച്ചോറിന്റെ വ്യാപനത്തെ നിരാകരിക്കുന്നുവെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. കൂടുതൽ ശക്തമായൊരു വിദ്യാഭ്യാസരംഗത്തിന്റെ മോഡിഫിക്കേഷനുവേണ്ട ആർജ്ജവം ഈ ബില്ലിലുണ്ട്. അത് കൂടുതൽ സമഗ്രമായ ചർച്ചയിലൂടെ വികസിപ്പിക്കണം. ഞാൻ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുന്നു; നമ്മുടെ ആരോഗ്യ സർവ്വകലാശാലയ്ക്ക് 95 പേരിൽക്കൂടുതൽ അംഗങ്ങളായ സെനറ്റാണുള്ളത്. പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനത്തെ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ ഒരു സിൻഡിക്കേറ്റ് രൂപീകരിക്കണം. ആ സിൻഡിക്കേറ്റിൽ അക്കാദമിക്കുകളും പ്രൊഫഷണലുകളും വിദ്യാർത്ഥി പ്രതിനിധികളുമുണ്ടായിരിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് ആവശ്യപ്പെടുന്നു.

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2014-ലാണ് സംസ്ഥാനത്ത് ആദ്യമായി ഓട്ടോണമസ് കോളേജുകൾ നിലവിൽ വന്നത്. നിലവിലുണ്ടായിരുന്ന സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഓട്ടോണമസ് കോളേജുകൾക്ക് അനുമതി നൽകിയത്. ആ ചർച്ചയിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. അന്ന് ഞങ്ങൾ ഉന്നയിച്ച വിമർശനങ്ങൾ ശരിയായിരുന്നു വെന്നാണ് പിന്നീടുണ്ടായ അനുഭവങ്ങൾ തെളിയിച്ചത്. യൂണിവേഴ്സിറ്റികൾക്കും ഓട്ടോണമസ് കോളേജുകൾക്കുമിടയിൽ അവ്യക്തതകൾ നിലനിന്നിരുന്നു. കോടതി വ്യവഹാരങ്ങളിലൂടെയാണ് പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടത്. സർവ്വകലാശാലകളും ഓട്ടോണമസ് കോളേജുകളും ശീതസമരങ്ങളിലേർപ്പെടുന്നത് പതിവായിരുന്ന ഘട്ടത്തിലാണ് 2018-ൽ യു.ജി.സി. അതിന്റെ റെഗുലേഷനിൽ മാറ്റങ്ങൾ വരുത്തിയത്. അതിനനുസൃതമായി നിലവിലെ സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യണമെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഒരു ഓർഡിനൻസ് കൊണ്ടുവന്നത്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്കുകീഴിൽ 10

കോളേജുകൾ, കേരള യൂണിവേഴ്സിറ്റിക്കുകീഴിൽ 2 കോളേജുകൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുകീഴിൽ 7 കോളേജുകൾ എന്നിങ്ങനെ 19 കോളേജുകൾക്കാണ് 2014-ൽ ഓട്ടോണമസ് പദവി നൽകിയത്. അതിൽ മഹാരാജാസ് കോളേജ് മാത്രമാണ് സർക്കാർ കോളേജായുണ്ടായിരുന്നത്. 1956-ലെ യു.ജി.സി. ആക്റ്റിനനുസൃതമായാണ് സർവ്വകലാശാലാ നിയമഭേദഗതിയിലൂടെ അന്ന് ഓട്ടോണമസ് കോളേജുകൾ അനുവദിച്ചത്. കേന്ദ്രസർക്കാർ പിന്നീട് ഓട്ടോണമസ് കോളേജുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ യു.ജി.സി. റെഗുലേഷൻസിനനുസൃതമായി നമ്മുടെ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യേണ്ടത് അനിവാര്യമായി വന്നു. നമുക്ക് അക്കാര്യത്തിൽ പല വിയോജിപ്പുകളുണ്ടെങ്കിലും യു.ജി.സി. റെഗുലേഷൻസിന് വിരുദ്ധമല്ലാത്തവിധം അക്കാദമിക് കാര്യങ്ങളിൽ പരമാവധി സ്റ്റാൻഡേർഡ് നിലനിർത്തിയും ഓട്ടോണമസ് കോളേജുകളെ ഒരു പരിധിവരെ നിയന്ത്രിച്ചുമാണ് നിയമ ഭേദഗതി കൊണ്ടുവരുന്നതിന് ഒന്നാം പിണറായി വിജയൻ സർക്കാർ തയ്യാറായത്. 2014-ൽ നിലവിലെ സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുവന്ന ഓട്ടോണമസ് കോളേജുകളിൽ സർവ്വകലാശാലകളുമായി അവർക്കുണ്ടാകേണ്ട ബന്ധത്തെ സംബന്ധിച്ച് വ്യക്തതക്കുറവുണ്ടായിരുന്നു. ഒരു ഓട്ടോണമസ് കോളേജ് തുടങ്ങാൻ ബന്ധപ്പെട്ട സ്ഥാപനം സർക്കാരിന് അപേക്ഷ നൽകണമെന്നതായിരുന്നു 2014-ലെ ഭേദഗതിയിൽ പറഞ്ഞിരുന്നത്. അങ്ങനെ ലഭിക്കുന്ന അപേക്ഷ സർക്കാർ എന്ത് ചെയ്യണമെന്നതിനെ സംബന്ധിച്ച ക്ലിപ്തനിബന്ധന നിയമത്തിലുണ്ടായിരുന്നില്ല. അതിനാൽത്തന്നെ അത്തരം അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നത് അനന്തമായി വൈകിപ്പോകുന്ന സ്ഥിതിയുണ്ടായി. കിട്ടുന്ന അപേക്ഷകൾ സർക്കാർ ശിപാർശ ചെയ്ത് യു.ജി.സി.-ക്ക് അയച്ചാൽ മാത്രമേ ഓട്ടോണമസ് കോളേജുകൾക്ക് അംഗീകാരം ലഭിക്കുവെന്ന സ്ഥിതി കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കി. 2014-ലെ ഭേദഗതിയിൽ സ്വയംഭരണ കോളേജുകൾക്കുമേൽ സർക്കാരിനും യൂണിവേഴ്സിറ്റികൾക്കും അനിയന്ത്രിത നിയന്ത്രണങ്ങളുണ്ടെന്നുള്ള വിമർശനം വ്യാപകമായി ഉയർന്നു. അക്കാലത്തെ യു.ജി.സി. റെഗുലേഷൻസിനനുസൃതമായിട്ടാണ് നിയമങ്ങളുണ്ടാക്കിയിരുന്നത്. എന്നാൽ 2018-ലെ യു.ജി.സി. റെഗുലേഷൻ സ്വയംഭരണ കോളേജുകൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകി. അതുവഴി സ്വയംഭരണ കോളേജുകളുടെമേലുള്ള സർക്കാരിന്റെയും സർവ്വകലാശാലകളുടെയും നിയന്ത്രണത്തിന് പരിധി നിശ്ചയിക്കപ്പെട്ടു. സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട സർവ്വകലാശാല നിയമങ്ങൾ 2018-ലെ യു.ജി.സി. റെഗുലേഷന് വിരുദ്ധമാണെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിലാണ് ഇപ്പോൾ വീണ്ടും ഭേദഗതികൾ വരുത്താൻ സർക്കാർ മുന്നോട്ടുവന്നിരിക്കുന്നത്. സ്വയംഭരണ

കോളേജുകൾ യു.ജി.സി. റെഗുലേഷനുകൾക്കനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുകയും 2014-ലെ സർവ്വകലാശാലാ നിയമ ഭേദഗതി അംഗീകരിക്കാതിരിക്കുകയും ചെയ്തുവെന്ന് മാത്രമല്ല യൂണിവേഴ്സിറ്റികൾക്കും സർക്കാരിനുമെതിരായി ബഹുമാനപ്പെട്ട കോടതികളെ സമീപിച്ച് വിധികൾ സമ്പാദിക്കുകയും ചെയ്തു. യു.ജി.സി. റെഗുലേഷനനുസരിച്ചുമാത്രമേ സർവ്വകലാശാലകൾ ഓട്ടോണമസ് കോളേജുകളെ നിയന്ത്രിക്കാവൂവെന്ന കോടതി ഉത്തരവുകൾ സർവ്വസാധാരണമായി. അത്തരമൊരു സാഹചര്യം ഭാവിയിലുണ്ടാകുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു നിയമഭേദഗതിക്ക് ഗവൺമെന്റ് മുതിർന്നത്. 2018-ലെ യു.ജി.സി. റെഗുലേഷനനുസരിച്ച് സർവ്വകലാശാലാ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനോട് ഗവൺമെന്റ് ആവശ്യപ്പെട്ടതിൻപ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവൺമെന്റിന് നൽകിയ വിശദമായ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ഇപ്പോൾ ഈ ഭേദഗതി ബിൽ തയ്യാറാക്കി സഭയ്ക്കുമുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്. സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്ത് സർക്കാർ ആദ്യം ഓർഡിനൻസ് പുറപ്പെടുവിച്ചു. ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് നിയമമാക്കുന്നതിനാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഈ ബില്ലിലെ പ്രധാനപ്പെട്ട വ്യവസ്ഥകളെന്താണ്? ഒന്നാമതായി, നിലവിലെ സമിതികൾക്കുപുറമേ സ്വയംഭരണ കോളേജുകളുടെ അക്കാദമിക മികവ് ഉറപ്പാക്കാൻ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി.) രൂപീകരിക്കണമെന്ന് പുതിയ ഭേദഗതിയിൽ നിഷ്കർഷിക്കുന്നു. അക്കാദമിക രംഗത്ത് സ്വയംഭരണ കോളേജുകളുടെ സ്റ്റാൻഡേർഡ് കുറയുന്നുവെന്ന വിമർശനമുയർന്ന സാഹചര്യത്തിലാണ് നിർബന്ധമായും ഐ.ക്യു.എ.സി. രൂപീകരിക്കണമെന്ന് പുതിയ നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നത്. രണ്ടാമത്തെ വ്യവസ്ഥ, ഒരു പരാതി പരിഹാര സമിതി രൂപീകരിക്കുകയെന്നുള്ളതാണ്. ഓട്ടോണമസ് കോളേജുകളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഉയർന്നുവരുന്നുണ്ടെന്ന് നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. നിലവിലെ നിയമമനുസരിച്ച് ആ പ്രശ്നങ്ങളും പരാതികളും പരിഹരിക്കുന്നതിന് കോടതികളെ സമീപിക്കുകയെന്നുള്ളതല്ലാതെ സർവ്വകലാശാലാതലത്തിൽ സംവിധാനമുണ്ടായിരുന്നില്ല. പുതിയ നിയമഭേദഗതിയിലൂടെ അത്തരമൊരു സംവിധാനം നിലവിൽ വരികയാണ്. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നിലവിലെ നിയമമനുസരിച്ച് സാധിക്കുമായിരുന്നില്ല. വിദ്യാർത്ഥികളും വലിയ ഫീസ് നൽകി വക്കീലന്മാരെ ഏർപ്പാടാക്കി കോടതിയെ സമീപിക്കേണ്ട സാഹചര്യമായിരുന്നു. അതിനും ഈ പുതിയ നിയമഭേദഗതിയിൽ പരിഹാരമുണ്ടായിരിക്കുന്നു. ഒരു

വിദ്യാർത്ഥി പരാതി പരിഹാര സെല്ലും സർവ്വകലാശാലാതലത്തിൽ രൂപീകൃതമാകുകയാണ്. ഓട്ടോണമസ് കോളേജുകളുടെ അക്കാദമിക നിലവാരം അളക്കുന്നതിനും അത് താഴാതെ നോക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കണമെന്ന് പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു. സ്വയംഭരണ കോളേജിന്റെ അക്കാദമിക സമിതിയിൽ കോളേജിലെ രണ്ട് സ്ഥിരം അദ്ധ്യാപകരെ തെരഞ്ഞെടുപ്പിലൂടെ ഉൾപ്പെടുത്താനുള്ള വ്യവസ്ഥ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓട്ടോണമസ് കോളേജുകളിൽ നേരത്തെയുണ്ടായിരുന്ന അക്കാദമിക സമിതിയിൽ മാനേജ്മെന്റുകൾക്കോ അവിടത്തെ പ്രിൻസിപ്പാളിനോ യോഗ്യമെന്ന് തോന്നുന്നവരെ മാത്രമേ ഉൾപ്പെടുത്താൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ അദ്ധ്യാപകർക്കിടയിൽ നിന്ന് രണ്ട് അദ്ധ്യാപകരെ തെരഞ്ഞെടുത്ത് അംഗങ്ങളാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഹൈക്കോടതിയിലൊക്കെ യൂണിവേഴ്സിറ്റികളും ഓട്ടോണമസ് കോളേജുകളുമായി ബന്ധപ്പെട്ട് പല കേസ്സുകളുമുണ്ട്. നിയമം പൂർണ്ണമായ അർത്ഥത്തിൽ തയ്യാറാക്കുമ്പോഴുണ്ടാകാവുന്ന ചില പ്രശ്നങ്ങൾ പോസിറ്റീവായ അർത്ഥത്തിൽ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഒന്നാമതായി യു.ജി.സി. റെഗുലേഷനിൽ " Teachers of the College to be nominated by the Principal based on seniority and rotation" എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന് വിരുദ്ധമായി നോമിനേറ്റ് ചെയ്യാൻ ശ്രമിച്ചാൽ സ്വാഭാവികമായും അത് ഭാവിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള സാദ്ധ്യതയുണ്ട്. യു.ജി.സി. റെഗുലേഷന് വിരുദ്ധമായി കുറേ കംപോണന്റ്സ് വന്നതുകൊണ്ടാണ് ഭേദഗതി കൊണ്ടുവരേണ്ടി വന്നത്. രണ്ടാമത്തെ കാര്യം, യു.ജി.സി. റെഗുലേഷൻ പ്രകാരം യൂണിയൻ ചെയർമാൻ ഒരിക്കലും ഗവേണിംഗ് ബോഡി മെമ്പറല്ല. പക്ഷേ പുതിയ ഭേദഗതി നിയമത്തിൽ അങ്ങനെ ചേർത്തിട്ടുണ്ട്. അതിലും ഭാവിയിൽ പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ട്. മൂന്നാമത്തെ കാര്യം, എല്ലാ കാര്യങ്ങളിലും അക്കാഡമിക് ഓട്ടോണമി എന്നാണ് ഓട്ടോണമസ് കോളേജുകൾ എന്നതിന്റെ നിർവ്വചനത്തിൽ പറയുന്നത്. ഒരു കോളേജിനെ സംബന്ധിച്ച് കോഴ്സിന്റെ ഡ്യൂറേഷൻ, ക്രെഡിറ്റ്സ്, ഇവാല്യൂവേഷൻ സിസ്റ്റം ഇതൊക്കെയാണ് സ്വാഭാവികമായും നോക്കുന്നതെന്ന് നമുക്കറിയാം. എന്നാൽ അവരുടെ അക്കാദമിക സമിതിയിൽ ഗവൺമെന്റും ഉദ്യോഗസ്ഥരും യൂണിവേഴ്സിറ്റി നോമിനികളും വരുമ്പോൾ അക്കാഡമിക് ഓട്ടോണമിയിൽ കൂടുതൽ കൈകടത്തലുണ്ടാകുമോയെന്നുള്ള ആശങ്ക പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. നാലാമത്ത കാര്യം, "The Expert Committee can suggest

corrections if there are errors in the decision of the above Bodies in a time frame as is already started" എന്നൊരു വ്യവസ്ഥ വച്ചിരിക്കുന്ന സാഹചര്യത്തിൽ സ്വാഭാവികമായിത്തന്നെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിയുടെ കാര്യത്തിൽ ഗവൺമെന്റിന് തീരുമാനമെടുക്കാം. പക്ഷേ പുതിയ കാലത്തിന്റെ പുതിയ കോഴ്സുകൾ രൂപപ്പെടുത്താനാണ് നമ്മൾ ഓട്ടോണമസ് കോളേജുകൾ ആരംഭിച്ചത്. അതിലേയ്ക്ക് റെഗുലേഷൻസ് കൂടുതൽ കടന്നുവരുമ്പോൾ ഓട്ടോണമിയെന്ന കൺസെപ്റ്റിനുതന്നെ മാറ്റം വരുമോയെന്ന ആശങ്കയാണ് ഞാൻ അങ്ങയോട് പങ്കുവയ്ക്കാനാഗ്രഹിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രസക്തമാണ്. ചില ഓട്ടോണമസ് കോളേജുകളിലെ കാലാനുസൃതമല്ലാത്ത കോഴ്സുകളെയും സിലബസിലുൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽനിന്ന് വിമർശനങ്ങൾ ഉയർന്നുവന്നത് വിസ്മരിക്കാനാവില്ല. അത്തരമൊരു ഘട്ടത്തിലാണ് സർവ്വതന്ത്ര സ്വതന്ത്രമായി അക്കാദമിക കാര്യങ്ങൾ നിയന്ത്രിക്കാനും തീരുമാനിക്കാനുമുള്ള സ്വയംഭരണ കോളേജുകളുടെ സമ്പൂർണ്ണാധികാരത്തിന് സർവ്വകലാശാലകളുടെ മേൽനോട്ടം കൊണ്ടുവന്നത്. സർവ്വകലാശാല ഒരിക്കലുംതന്നെ ഓട്ടോണമസ് കോളേജുകൾ മുന്നോട്ടുവയ്ക്കുന്ന നല്ല പ്രോഗ്രാമുകളെ എതിർക്കില്ല. എന്നാൽ സർവ്വകലാശാല യാതൊന്നും അറിയാതെ ഓട്ടോണമസ് കോളേജുകളിൽ എന്തും നടക്കട്ടെയെന്ന കാഴ്ചപ്പാട് അംഗീകരിച്ചാൽ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് അത് വലിയ സാമൂഹിക പ്രശ്നങ്ങൾക്ക് വഴിവയ്ക്കുക മാത്രമല്ല, അവർ ഇത്തരത്തിലുള്ള കോഴ്സുകൾ നടത്തുമ്പോൾ കുട്ടികൾക്ക് അധീഷണലായി വലിയ ഫീസും കൊടുക്കേണ്ടതായി വരും. പുതിയ നിയമമനുസരിച്ച് അതിലൊക്കെത്തന്നെ സർവ്വകലാശാലയുടെ ഒരു നിയന്ത്രണമുണ്ടാകുന്നു. ഒരു റിട്ടയേർഡ് ജഡ്ജി ചെയർമാനായി അല്ലെങ്കിൽ അദ്ദേഹം തലപ്പത്തിരിക്കുന്ന ഒരു ട്രിബ്യൂണൽ അപ്പലേറ്റ് അതോറിറ്റിയായി വരുന്നു. യു.ജി.സി.-യുടെ റെഗുലേഷൻ ഒരു സ്കെൽറ്റനാക്കിയാണ് ഈ സംവിധാനം യാഥാർത്ഥ്യമാക്കുന്നത്. കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ ജനാധിപത്യ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ഒരു സർക്കാരിന്റെ ബാദ്ധ്യതയാണ്. സ്വയംഭരണ കോളേജുകളുടെ ബോർഡ് ഓഫ് സ്റ്റഡീസിൽ നിലവിലെ അംഗങ്ങളെ കൂടാതെ സർവ്വകലാശാല സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന യൂണിവേഴ്സിറ്റിയിലെ ബന്ധപ്പെട്ട പ്രോഗ്രാമിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്താൻ പുതിയ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു. യൂണിവേഴ്സിറ്റികൂടി അറിഞ്ഞുകൊണ്ടാണ് ഓട്ടോണമസ് കോളേജുകളിൽ പുതിയ കോഴ്സുകളും പ്രോഗ്രാമുകളും ആരംഭിക്കേണ്ടത്. അത് യൂണിവേഴ്സിറ്റിയും ഓട്ടോണമസ് കോളേജും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിന് ഹേതുവാകും. പല കോഴ്സുകൾക്കും അംഗീകാരമില്ലെന്നുള്ള പ്രശ്നമുയർന്നുവരുമ്പോൾ സ്വാഭാവികമായും സർവ്വകലാശാലകളെയാണ് കുട്ടികൾ

സമീപിക്കുന്നത്. അത്തരമൊരു സാഹചര്യം ഒഴിവാക്കാനും അക്കാദമിക രംഗത്ത് മ്യൂച്വൽ റിലേഷൻ ഇരുകൂട്ടർക്കുമിടയിലുണ്ടാക്കുന്നതിനും വേണ്ടിയാണ് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഡോ. എൻ. ജയരാജ്: സർ, University Representatives are already members of the Board of Studies. അക്കാഡമിക് കൗൺസിലിൽ മൂന്ന് പ്രൊഫസർമാരുണ്ട്. യൂണിവേഴ്സിറ്റി റെപ്രസെന്റേറ്റീവും അക്കാഡമീഷ്യൻമാരും നിലവിൽത്തന്നെ ഇതിനകത്തുണ്ട്. വീണ്ടും ആളുകളെ ചേർക്കുമ്പോൾ അത് ഡയല്യൂട്ട് ചെയ്തുപോകുമെന്ന ആശങ്കയാണ് പല കേന്ദ്രങ്ങളും പങ്കുവയ്ക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഓട്ടോണമസ് കോളേജുകളുടെ മാനേജുമെന്റുകളുമായി ചർച്ചകൾ നടത്തിയതിനുശേഷം അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ നിയമഭേദഗതിക്ക് അന്തിമരൂപം നൽകിയത്. 'യൂണിവേഴ്സിറ്റിയിലെ ബന്ധപ്പെട്ട കോഴ്സിന്റെ പ്രതിനിധി' എന്ന് നമ്മുടെ നിയമ വ്യവസ്ഥയിൽ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. യു.ജി.സി. റെഗുലേഷനിൽ പ്രതിനിധി ആരെന്ന് വ്യക്തതയില്ലാതെയാണ് പറഞ്ഞിരിക്കുന്നത്. യൂണി വേഴ്സിറ്റിയിലെ ബന്ധപ്പെട്ട കോഴ്സിന്റെ ഒരു പ്രൊഫസറെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട വ്യക്തിയെയോ ഉൾപ്പെടുത്തണമെന്നാണ് നമ്മൾ പറഞ്ഞിട്ടുള്ളത്. പ്രോഗ്രാം/കോഴ്സുമായി ബന്ധപ്പെട്ട് വൈദഗ്ദ്ധ്യമുള്ള, സ്വയംഭരണ കോളേജിലെ മറ്റ് പഠന വകുപ്പുകളിലെ അദ്ധ്യാപകരെയും ഈ ബോർഡ് ഓഫ് സ്റ്റഡീസിൽ ഉൾപ്പെടുത്തുന്നതിന് പുതിയ നിയമം അനുശാസിക്കുന്നു. പ്രോഗ്രാമുകളുടെ കരിക്കുലവും സിലബസും അക്കാദമിക സമിതികളുടെ പരിഗണനയ്ക്കും അംഗീകാര ത്തിനും സമർപ്പിക്കുമ്പോൾ സർവ്വകലാശാല അംഗീകരിച്ച സമാന പ്രോഗ്രാമുകളുടെ അക്കാദമിക നിബന്ധനകൾക്കനുസൃതമാകണമെന്ന് പുതിയ നിയമം നിഷ്കർഷി ക്കുന്നു. വിദ്യാർത്ഥികളുടെ ഭാവികൂടി കണക്കിലെടുത്തു കൊണ്ടാണ് സർവ്വകലാ ശാലകളിലെ കോഴ്സുകൾ അല്ലെങ്കിൽ സർവ്വകലാശാലയുടെ അംഗീകാര ത്തോടെയുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ പൂർണ്ണമായല്ലെങ്കിലും ഭാഗികമായെങ്കിലും പാലിക്കണമെന്ന് നിയമത്തിൽ പറയുന്നത്. യു.ജി.സി. റെഗുലേഷനിൽ ഇതുസംബന്ധിച്ച് ഒരു രൂപരേഖ തരുന്നുണ്ട്. ആ രൂപരേഖ അംഗീകരിച്ചുകൊണ്ടാണ് സർക്കാർ ഈ നിയമഭേദഗ തിയിലേയ്ക്ക് നീങ്ങിയി രിക്കുന്നത്. സ്വയംഭരണ കോളേജിന്റെ അക്കാദമിക നിലവാരം സർവ്വകലാശാല നിശ്ചയിച്ച അക്കാദമിക നിലവാരത്തേക്കാൾ കുറവാകരുതെന്ന് പുതിയ നിയമ ത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സ്വാശ്രയ കോളേജുകളിൽനിന്നും സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന വിദ്യാർത്ഥികളിൽ അക്കാദമിക നിലവാരം വളരെ കുറവാണ്. അത്തരം കുറവ് പരിഹരിക്കാൻ അവർക്ക് പ്രത്യേക പരിശീലനവും ആ മേഖലയിൽ നൈപുണ്യം തെളിയിക്കാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഇടപെടലുമുണ്ടാകണമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അക്കാദമിക നിലവാരം വർദ്ധിപ്പിക്കാൻ ഇത്തരം ഓട്ടോണമസ് കോളേജുകളിൽ ഏതെല്ലാം തരത്തിലാണ് നമുക്ക് ഇടപെടാൻ കഴിയുകയെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, സ്വയംഭരണ കോളേജുകളും സെൽഫ് ഫിനാൻസിംഗ് കോളേജുകളും രണ്ടും രണ്ടാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലാണ് അങ്ങ് പറഞ്ഞ പ്രശ്നം ഏറ്റവും രൂക്ഷമായി നിലനിൽക്കുന്നത്. അത്യപൂർവ്വമായി സ്വയംഭരണ കോളേജുകളിലും അത്തരം പ്രശ്നങ്ങളുണ്ടെന്നുള്ളത് നിഷേധിക്കാനാവില്ല. സ്വയംഭരണ കോളേജുകൾ നടത്തുന്ന മൂല്യനിർണ്ണയം സർവ്വകലാശാല സമാന കോഴ്സുകൾക്ക് നിശ്ചയിച്ച മൂല്യനിർണ്ണയത്തിന്റെ അറുപത് ശതമാനത്തിൽ താഴെയാകാൻ പാടില്ലെന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉറപ്പുവരുത്താനും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനുമാണ് ഇത്തരം വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് ബോഡിയിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പ്രതിനിധി, കോളേജിലെ അദ്ധ്യാപകർ തങ്ങൾക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അദ്ധ്യാപകൻ, വിദ്യാർത്ഥി യൂണിയന്റെ ചെയർമാൻ എന്നിവരെ ഉൾപ്പെടുത്താൻ പുതിയ നിയമഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇവിടെയും ജനാധിപത്യ സ്വഭാവം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. പുതിയ നിയമം വരുന്നതോടെ സ്വയംഭരണ കോളേജുകളിലെ പ്രവേശനം, ഫീസ് തുടങ്ങിയവ സംബന്ധിച്ചും വിദ്യാർത്ഥികളുടെ പരാതികൾ കേൾക്കാനും തീർപ്പാക്കാനും വൈസ് ചാൻസലർ അദ്ധ്യക്ഷനായി സർവ്വകലാശാല തലത്തിൽ പരാതി പരിഹാര സമിതിയുണ്ടാകും. ഉന്നതവിദ്യാഭ്യാസ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ ഒരംഗം, സ്വയംഭരണ കോളേജുകളിലെ ഒരംഗം എന്നിവരും അംഗങ്ങളായിരിക്കും. സ്വയംഭരണ കോളേജുകളിലെ ഒരംഗത്തെ ഉൾപ്പെടുത്തിയിരിക്കുന്നത് അവരുടെ

പ്രശ്നങ്ങളുംകൂടി കേട്ട് പരിഹാരം കാണാൻവേണ്ടിയാണ്. വേണമെങ്കിൽ ഓട്ടോണമസ് കോളേജുകളുടെ പ്രതിനിധിയെ പരാതി പരിഹാര സമിതിയിൽ നിന്ന് ഒഴിവാക്കാമായിരുന്നു. ഓട്ടോണമസ് കോളേജുകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ അവർ മുന്നോട്ടുവച്ച നിർദ്ദേശം സർക്കാർ സ്വീകരിക്കുകയായിരുന്നു. സ്വയംഭരണ പദവിക്കുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കാൻ സർവ്വകലാശാലാതലത്തിൽ പ്രോ-വൈസ്-ചാൻസലർ അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ നിയമം ശിപാർശ ചെയ്യുന്നുണ്ട്. രണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാല ഫാക്കൽറ്റി അംഗങ്ങൾ, അക്കാഡമിക് വിദഗ്ദ്ധർ എന്നിവർ ഇതിൽ അംഗങ്ങളാകും. അങ്ങനെ വരുമ്പോൾ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നത് അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. ഈ വിദഗ്ദ്ധസമിതി ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട അപേക്ഷ കിട്ടിയ കോളേജ് സന്ദർശിച്ച് വ്യക്തമായ റിപ്പോർട്ടുണ്ടാക്കി യു.ജി.സി.-ക്ക് അയച്ചുകൊടുക്കണം. ശിപാർശ ചെയ്യുന്നില്ലെങ്കിൽ എന്തുകൊണ്ടാണ് ശിപാർശ ചെയ്യാത്തത്; ശിപാർശ ചെയ്യുന്നെങ്കിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ട് ശിപാർശ ചെയ്യുന്നു എന്നിവ സംബന്ധിച്ച് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കണം.

ഡോ. എൻ. ജയരാജ്: സർ, പുതിയ നിയമത്തിൽ സമയം സ്പെസിഫൈ ചെയ്യുന്നില്ല. യഥാർത്ഥത്തിൽ റിപ്പോർട്ടിനുള്ള ടൈം ലിമിറ്റ് വച്ചിട്ടില്ല. അത് അവ്യക്തമായി നിൽക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു തീരുമാനത്തിന് ടൈം സ്റ്റിപ്പുലേഷൻ നടത്തിയില്ലെങ്കിൽ കോഴ്സ് ആരംഭിക്കാൻ കാലതാമസമുണ്ടാകും. അതുകൊണ്ട് നിയമത്തിൽ സമയംകൂടി വയ്ക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ നിർദ്ദേശം.

ഡോ. കെ. ടി. ജലീൽ: സർ, സമയം പറഞ്ഞിട്ടുണ്ട്. 30 ദിവസത്തിനുള്ളിൽ അത് നിർബന്ധമായും ചെയ്തിരിക്കണമെന്ന് പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്വയംഭരണ കോളേജുകളിൽനിന്ന് ലഭിക്കുന്ന പുതിയ കോഴ്സുകൾ, കോളേജുകൾ എന്നിവയ്ക്കുവേണ്ടിയുള്ള അപേക്ഷകൾ ഏഴ് ദിവസത്തിനുള്ളിൽ പരിശോധിക്കുന്നതിനായി സർവ്വകലാശാല ഒരു സമിതി രൂപീകരിക്കണമെന്നും 30 ദിവസത്തിനുള്ളിൽ ആ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലയുടെ

വ്യക്തമായ അഭിപ്രായത്തോടെ യു.ജി.സി.-ക്ക് അയയ്ക്കണമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-ചാൻസലറായി ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി (IUCC) രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രോ-ചാൻസലർ എന്നനിലയിൽ വൈസ്-ചാൻസലർമാരെ വിളിച്ചുകൂട്ടാനും സർവ്വകലാശാലകൾക്ക് സർക്കാരിൽനിന്ന് ലഭിക്കേണ്ട സഹായങ്ങൾ അടിയന്തരമായി ലഭ്യമാക്കാനും സർവ്വകലാശാലകളുടെയും ഓട്ടോണമസ് കോളേജുകളുടെയും പ്രവർത്തനം സുഗമമാക്കാനുംവേണ്ടിയാണ് ഈ നിയമഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിലവിൽ പ്രോ-ചാൻസലർമാർക്ക് വൈസ്-ചാൻസലർമാരെ വിളിക്കാൻ പാടില്ല. അവർ തമ്മിലിരുന്ന് സംസാരിക്കാൻപോലും പാടില്ലെന്നുള്ള രീതിയിൽ ചില വ്യാഖ്യാനങ്ങൾ കണ്ടു. മുമ്പ് പല വിദ്യാഭ്യാസ മന്ത്രിമാരും വൈസ്-ചാൻസലർമാരെ വിളിക്കുകയും യോഗങ്ങൾ കൂടുകയുമൊക്കെ ചെയ്തിട്ടുണ്ട്. പക്ഷേ, ആ യോഗങ്ങൾക്കൊന്നും നിയമസാധുതയുണ്ടായിരുന്നില്ല. നിലവിലെ സർവ്വകലാശാലാ നിയമങ്ങളിൽ അതുസംബന്ധിച്ച് വ്യക്തതയുണ്ടായിരുന്നില്ല. മുമ്പ് പ്രോ-ചാൻസലർ വിളിച്ചിരുന്ന മീറ്റിംഗുകളിൽ വൈസ്-ചാൻസലർമാരുമായിരുന്ന് തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് നിയമപരമായി ബുദ്ധിമുട്ടുണ്ടായിരുന്നു. അങ്ങനെ യുണ്ടാകാതിരിക്കാനാണ് സർക്കാർ പുതിയ നിയമഭേദഗതിയിലൂടെ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഇതിലൂടെ പ്രോ-ചാൻസലർ എന്നനിലയിൽ വൈസ് ചാൻസലർമാരെ വിളിച്ചുകൂട്ടാനും സർക്കാരിന് മുന്നിൽ വൈസ്-ചാൻസലർമാർക്ക് അവതരിപ്പിക്കാനുള്ള കാര്യങ്ങൾ അവതരിപ്പിക്കാനും അവസരം ലഭിക്കും. വൈസ്-ചാൻസലർമാർ വിദ്യാഭ്യാസ സെക്രട്ടറിമാരുടെ മുന്നിൽപ്പോയി സർവ്വകലാശാലകളുടെ പ്രശ്നങ്ങൾ പറയേണ്ട അവസ്ഥയിൽനിന്ന് പുതിയ നിയമം അവർക്ക് മുക്തി നൽകും. ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ പ്രോ-ചാൻസലർ ചെയർമാനും വൈസ്-ചാൻസലറും ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയും അംഗങ്ങളുമായിരിക്കും. മുൻപ് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ വൈസ്-ചാൻസലർമാരുടെ യോഗം വിളിച്ചുകൂട്ടി തീരുമാനങ്ങളെടുത്തിരുന്നുവെങ്കിലും അതിന് നിയമപരിരക്ഷ ഉണ്ടായിരുന്നില്ല. അതിനാൽ പല തീരുമാനങ്ങളും നടപ്പായതുമില്ല. ഇതോടെ പിന്നീട് ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി കൂടാതായി. പുതിയ

നിയമഭേദഗതിയിലൂടെ സർക്കാർ IUCC-ക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-ചാൻസലറായ യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ പുതിയ ഭേദഗതിയോടെ നിലവിൽ വരികയാണ്. ഈ വ്യവസ്ഥ നേരത്തെ എല്ലാ യൂണിവേഴ്സിറ്റി നിയമങ്ങളിലുമുണ്ടായിരുന്നു. സർവ്വീസിലുള്ള ജഡ്ജി ട്രിബ്യൂണലിന്റെ തലപ്പത്തിരിക്കുന്ന സംവിധാനമായിരുന്നു അത്. പക്ഷേ കുറച്ചുകാലത്തേയ്ക്ക് കേരള യൂണിവേഴ്സിറ്റി അത് അനുവർത്തിച്ചുവെന്നുള്ളതല്ലാതെ മറ്റൊരു സർവ്വകലാശാലയും അത് പ്രാവർത്തികമാക്കിയില്ല. അതിനുകാരണം സർവ്വീസിലിരിക്കുന്ന ജഡ്ജിമാരെ കിട്ടാനുള്ള പ്രയാസമായിരുന്നു. ആ പ്രയാസം മുന്നിൽ കണ്ടുകൊണ്ടാണ് ഒരു റിട്ടയേർഡ് ജഡ്ജിയെ എല്ലാ യൂണിവേഴ്സിറ്റികൾക്കും വേണ്ടിയുള്ള ട്രിബ്യൂണലിന്റെ ചെയർമാനാക്കിയത്. ഓരോ യൂണിവേഴ്സിറ്റിയും ഓരോ ട്രിബ്യൂണൽ രൂപീകരിക്കുക എന്നുള്ളതിനുപകരം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-ചാൻസലറായിട്ടുള്ള 9 സർവ്വകലാശാലകൾക്കുംവേണ്ടി ഒരു ട്രിബ്യൂണൽ, അതിന്റെ തലപ്പത്ത് സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത ഹൈക്കോടതിയിലെയോ ജില്ലയിലെയോ ജഡ്ജിമാരെ നിയമിക്കാനാണ് പുതിയ നിയമം അനുശാസിക്കുന്നത്. ഈ അപ്പലേറ്റ് ട്രിബ്യൂണലിൽ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ അവർക്ക് അവതരിപ്പിക്കാവുന്നതാണ്. വിവിധ സർവ്വകലാശാലകളിൽ പഠിക്കുന്ന കുട്ടികൾ പ്രത്യേകിച്ച് പി.എച്ച്.ഡി. വിദ്യാർത്ഥികളും പോസ്റ്റ് ഡോക്ടറൽ വിദ്യാർത്ഥികളുമൊക്കെ പല തരത്തിലുള്ള ഹരാസ്മെന്റുകൾക്ക് വിധേയരാകുന്നത് ചില അംഗങ്ങൾ സൂചിപ്പിച്ചു. അങ്ങനെയുള്ള കേസ്സുകളിൽ അവർക്ക് പരാതി പറയാനുള്ള ഒരു സ്ഥലമെന്ന് പറയുന്നത് അദ്ധ്യാപകർതന്നെയാണ്. സ്വാഭാവികമായും തങ്ങളുടെ സബോർഡിനേറ്റായിട്ടുള്ള/സഹപ്രവർത്തകനായ അദ്ധ്യാപകനെതിരായി നടപടികളെടുക്കുന്നതിനുണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകളില്ലാതാക്കുകയെന്ന ലക്ഷ്യം ഈ ട്രിബ്യൂണൽ വരുന്നതോടുകൂടി പൂർത്തീകരിക്കപ്പെടും. അപ്രകാരം വിദ്യാർത്ഥികൾക്ക് ഇനിമേലിൽ കൂടുതൽ സുരക്ഷയാണ് സർവ്വകലാശാലകളിൽ ലഭിക്കുക. സ്ത്രീകൾക്കെതിരായുള്ള സെക്ഷ്വൽ ഹരാസ്മെന്റ് തടയാൻ ഓരോ സ്വയംഭരണ കോളേജിലും കമ്മിറ്റി രൂപീകരിക്കണമെന്ന് പുതിയ നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ ആ കോളേജിന് സ്വയംഭരണ പദവി തുടർന്നു

കൊണ്ടുപോകാൻ സാധിക്കു. ആ കോളേജിൽ സ്ത്രീകൾക്കെതിരായ ഹരാസ്മെന്റ് നടക്കുന്നുവെങ്കിൽ അടുത്ത വർഷം അത്തരക്കാരിൽനിന്നും ഓട്ടോണമി പദവി പിൻവലിക്കാനുള്ള വ്യവസ്ഥയും പുതിയ നിയമഭേദഗതിയിലുൾപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസുരക്ഷയും വിദ്യാർത്ഥിസുരക്ഷയും സ്ത്രീസൗഹൃദവും വിദ്യാർത്ഥി സൗഹൃദവുമായി നമ്മുടെ സർവ്വകലാശാലാ ക്യാമ്പസുകളെ മാറ്റുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 2014-ലെ നിയമത്തിൽ കോളേജുകൾക്ക് 5 വർഷത്തേയ്ക്കാണ് ഓട്ടോണമസ് പദവി നൽകിയിരുന്നത്. എന്നാൽ ഇത് 10 വർഷമാക്കുകയും അതേ സമയം ഓരോ വർഷവും പരിശോധന നടത്തി നിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്ന വ്യവസ്ഥ പുതിയ ഭേദഗതിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ എല്ലാ ചട്ടങ്ങളും സ്വയംഭരണ കോളേജുകൾക്കും ബാധകമാണെന്ന വിധമാണ് 2014-ലെ നിയമം അനുശാസിച്ചിരുന്നത്. അതനുസരിച്ച് ഓട്ടോണമസ് കോളേജുകളുടെമേൽ സാധാരണ അഫിലിയേറ്റഡ് കോളേജുകൾക്ക് ബാധകമായ നിയമങ്ങളും സർവ്വകലാശാലകൾ പ്രയോഗിച്ചിരുന്നു, ഇതിനും ഒരറുതി വരികയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. ഇപ്പോഴത്തെ അദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡം വർക്ക് ലോഡ് അസ്സസ് ചെയ്താണ് നിശ്ചയിക്കുന്നത്. ഓട്ടോണമസ് കോളേജുകളിൽ പല പുതിയ കോഴ്സുകളും വരുന്ന സാഹചര്യത്തിൽ അവിടത്തെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പുതിയ വ്യവസ്ഥകൾ ഈ നിയമത്തിൽ കൊണ്ടുവരുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ആ നിയമം ഗവൺമെന്റ് കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും ആട്ടോണമസ് കോളേജുകൾക്കുമൊക്കെ ബാധകമാണ്. സ്ഥിര നിയമനം ലഭിക്കുന്ന അദ്ധ്യാപകർ 16 മണിക്കൂറെങ്കിലും പഠിപ്പിക്കണം. 16 മണിക്കൂറുണ്ടെങ്കിൽ മാത്രമേ ഒരു പെർമനന്റ് അദ്ധ്യാപകനെ നിയമിക്കാൻ ബന്ധപ്പെട്ട മാനേജുമെന്റുകൾക്ക് കഴിയുകയുള്ളൂ. നേരത്തെ അങ്ങനെയായിരുന്നില്ല. 8-9 മണിക്കൂർ മാത്രമുള്ള തസ്തികകളിലും അദ്ധ്യാപകരെ നിയമിക്കാമായിരുന്നു. ഇപ്പോൾ അദ്ധ്യാപകർക്ക് നല്ല ശമ്പളം ലഭിക്കുന്നതുകൊണ്ടും യു.ജി.സി. നിഷ്കർഷിച്ചതുകൊണ്ടും അദ്ധ്യാപന സമയം 16 മണിക്കൂർ എന്ന് ഉത്തരവിറക്കിയതിൽ യാതൊരു തെറ്റുമില്ല. പക്ഷേ സിംഗിൾ ഫാൽക്കറ്റിയുള്ള സ്ഥലങ്ങളിൽ എന്തുവേണമെന്നതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗൗരവപൂർവ്വം ആലോചിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അതുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനയിൽനിന്നും മനസ്സിലാകുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, ലോകത്തിൽ ഇത്തരം ചർച്ചകൾ നടക്കുമ്പോൾ പലപ്പോഴും കുട്ടികളെ കേന്ദ്രീകരിക്കാറില്ല. ഒരു ജനതയുടെ 'ഹാപ്പിനസ് ഇൻഡക്സ്' ലോകത്തെങ്ങും ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. എന്താണ് ആഹ്ലാദം അല്ലെങ്കിൽ സന്തോഷം? വിദ്യാർത്ഥികളുടെ സന്തോഷം/ഹാപ്പിനസ് ഇൻഡക്സിൽ ലോകത്തുതന്നെ നൂറ്റിപ്പതിനെട്ടാമത്തെ ഗ്രേഡിംഗിലാണ് ഇന്ത്യ നിൽക്കുന്നത്. ക്യാമ്പസുകൾ എന്നത് എല്ലാ സർഗ്ഗാത്മക പ്രവർത്തനങ്ങളും തിരതല്ലിയൊഴുകുന്ന ഒരു സ്ഥലമാണ്. നമ്മുടെ അരാഷ്ട്രീയവത്കരിക്കപ്പെട്ട ക്യാമ്പസുകൾ എങ്ങനെയാണ് അരുംകൊലകളുടെ ഇടങ്ങളായി മാറിയതെന്ന് നാമെല്ലാം ചർച്ച ചെയ്തതാണ്. ഇതിനൊരു പരിഹാരമായി സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് സാദ്ധ്യതയുണ്ടാകുകയും പഠനക്രമത്തിൽ മാറ്റമുണ്ടാകുകയും വേണം. അതോടൊപ്പം തന്നെ സർവ്വകലാശാലകളിൽ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കാൻ കഴിയുന്ന രീതിയിൽ ഇന്റേൺഷിപ്പ് സംവിധാനവും കൊണ്ടുവരണം. കോഴ്സുകൾ കഴിയുമ്പോഴാണ് ഇന്റേൺഷിപ്പിനെക്കുറിച്ച് നമ്മളാലോചിക്കുന്നത്. അതിനുപകരം വിദ്യാർത്ഥികൾക്ക് തുടക്കംമുതൽതന്നെ ഇന്റേൺഷിപ്പ് ലഭ്യമാക്കിയും വിദ്യാർത്ഥി കളുടെ വഴികാട്ടിയാകുന്ന അദ്ധ്യാപക മെന്ററിംഗിലൂടെയും വിദ്യാർത്ഥികളുടെ 'ഹാപ്പിനസ് ഇൻഡക്സ്' വർദ്ധിപ്പിക്കുന്ന തരത്തിൽ നമ്മുടെ സർവ്വകലാശാലകളെയും കോളേജുകളെയും മാറ്റാൻ സാധിക്കണം. ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്; അങ്ങ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ മുൻമന്ത്രിയാണ്; കേരളത്തിൽ പൊതുവെ കോഴ്സ് പരിഷ്കരണം എന്നുപറഞ്ഞാൽ സാങ്കേതികവിദ്യയും ടെക്നോളജിയും മാത്രമാണെന്ന് നമ്മൾ ധരിക്കുന്നു. കേരളത്തിൽ കുടുംബശ്രീ മികച്ച ഒരു ആശയമാണ്. അതുകൊണ്ട് നമ്മുടെ മാനവിക വിഷയങ്ങളിൽ ഇത്തരത്തിലുള്ള Social Research and Development കോഴ്സുകളുൾപ്പെടുത്തണം. ഫലപ്രദമായ പബ്ലിക് പോളിസി ഇല്ലാത്തതുകൊണ്ടാണ് ഇപ്പോൾ കോവിഡിനെ നേരിടുന്നതിൽ കേന്ദ്ര സർക്കാർ പരാജയപ്പെട്ടത്. ഇത്തരത്തിൽ മാനവിക വിഷയങ്ങളിൽ പുതിയ കോഴ്സുകൾ കൊണ്ടുവരാനും വിദ്യാർത്ഥികളെക്കൂടി പരിഗണിക്കുന്ന സർഗ്ഗാത്മക അന്തരീക്ഷം ക്യാമ്പസുകളിലുണ്ടാക്കാനും ഈ നിയമം ഉപയോഗിക്കപ്പെടണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, 'ഹാപ്പിനസ് ഇൻഡക്സ്' വളരെ പ്രധാനമാണ്. അത് വേണമെന്ന് നാമെല്ലാം ആഗ്രഹിക്കുന്നു. ഒരുവേള ഇന്ത്യയിലെ ഏതെങ്കിലും ക്യാമ്പസുകളിൽ ഹാപ്പിനസ് ഇൻഡക്സ് പരിശോധിച്ചുനോക്കിയാൽ നമ്മുടെ സംസ്ഥാനത്തുള്ള കോളേജുകളായിരിക്കും മുൻപന്തിയിൽ നിൽക്കുന്നത്. മതത്തിനും ജാതിക്കും മറ്റ് പരിഗണനകൾക്കുമെല്ലാമതീതമായി കുട്ടികൾ

ഒരുമിച്ചുകൂടുകയും അവർ പരസ്പരം ഇഴുകിച്ചേർന്ന് ജീവിക്കുകയും ചെയ്യുമ്പോഴാണ് ക്യാമ്പസുകളിൽ സന്തോഷം കളിയാടുന്നത്. അത്തരം സാഹചര്യം നമ്മുടെ രാജ്യത്തുതന്നെ അസാധ്യമാക്കുന്ന ഭരണകൂട സംവിധാനങ്ങളുള്ളപ്പോൾ എങ്ങനെ യാണ് കേരളത്തിന് പുറത്ത് ഹാപ്പിനസ് ഇൻഡക്സ് ഉണ്ടാവുക. സന്തോഷ ദായകമായിട്ടുള്ള മാനസികാവസ്ഥ രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കാത്ത ഭരണകൂടങ്ങളാണ് ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലുമുള്ളത്. ഭരണകൂടങ്ങൾതന്നെ എങ്ങനെ സന്തോഷം നശിപ്പിക്കാമെന്നതുസംബന്ധിച്ച് ഗവേഷണം നടത്തുമ്പോൾ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ എങ്ങനെ അതുണ്ടാകും; ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നാണ് നജീബ് എന്ന കുട്ടി അപ്രത്യക്ഷനായത്. ആ കുട്ടി ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്ന് നമുക്കറിയില്ല. കേന്ദ്ര സർക്കാരിന്റെ മൂക്കിനുതാഴെയുള്ള യൂണിവേഴ്സിറ്റിയിലെ സ്ഥിതിയാണിത്. രോഹിത് വെമുലയുടെ ആത്മഹത്യയും ഇതോടൊപ്പം കൂട്ടിവായിക്കണം. അത്തരമൊരു സാഹചര്യം കേന്ദ്ര സർവ്വകലാശാലകളിലും കേന്ദ്രസർക്കാരിന്റെ മൂക്കിനുതാഴെയുള്ള സർവ്വകലാശാലയിലും നിലനിൽക്കുന്ന സാഹചര്യത്തിൽ ഹാപ്പിനസ് ഇൻഡക്സ് സംബന്ധിച്ച് നമ്മൾ സംസാരിക്കുന്നു വെന്നുള്ളതുതന്നെ ഒരു വലിയ കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഹാപ്പിനസ് ഇൻഡക്സിനെക്കുറിച്ച് റാന്നി എം.എൽ.എ ശ്രീ. പ്രമോദ് നാരായൺ സൂചിപ്പിച്ചത് വളരെ പ്രസക്തമാണ്. നമ്മുടെ ക്യാമ്പസുകൾ അരാഷ്ട്രീയവത്കരിക്കപ്പെടുന്നുവെന്നുള്ളതാണ് ഓട്ടോണമസ് കോളേജുകളുടെ ഒരു വലിയ പരിമിതി. സമീപകാലത്ത് പ്രണയവുമായും മറ്റ് സാമൂഹിക വിഷയങ്ങളുമായും ബന്ധപ്പെട്ടൊക്കെ കോളേജുകളിലുണ്ടായ പ്രശ്നങ്ങളുടെ അടിസ്ഥാനപരമായ കാരണങ്ങളിലൊന്ന് ക്യാമ്പസുകളിൽനിന്ന് പഴയകാല രാഷ്ട്രീയബോദ്ധ്യങ്ങൾ നഷ്ടപ്പെട്ടുപോകുന്നുവെന്നുള്ളതാണ്. ഞാൻ നെന്മാറ കോളേജിലെ അദ്ധ്യാപകനായിരുന്ന സമയത്ത് അവിടത്തെ വിദ്യാർത്ഥി നേതാവായിരുന്ന നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബു. നമ്മുടെ ക്യാമ്പസുകൾക്ക് നല്ലൊരു വസന്തകാലമുണ്ടായിരുന്നു. അന്ന് ഒരുപാട് കാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. രാഷ്ട്രീയപരമായി അഭിപ്രായവ്യത്യാസങ്ങൾ കാണും. പക്ഷേ, ഒരു തലമുറയ്ക്ക് ജനാധിപത്യ ബോദ്ധ്യത്തെ നൽകിയതിൽ നമ്മുടെ ക്യാമ്പസ് രാഷ്ട്രീയങ്ങൾക്ക് വലിയ പങ്കുണ്ട്. കാലക്രമേണ അതിൽനിന്നും നമ്മൾ പുറകോട്ടു പോയി. ഒരുപക്ഷേ ഈ സഭയിലിരിക്കുന്ന ഒരുപാട് അംഗങ്ങൾ ക്യാമ്പസ് രാഷ്ട്രീയത്തിൽനിന്നും കടന്നുവന്ന പ്രഗത്ഭരായ ഭരണാധികാരികളാണ്. പക്ഷേ ഓട്ടോണമസ് കോളേജുകളിലേയ്ക്ക് വരുമ്പോൾ ഈ അക്കാദമിക്

കാലഘട്ടം, പ്രത്യേകിച്ച് നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറി. അതിന് രക്ഷകർത്താക്കളുൾപ്പെടെ കുറ്റക്കാരാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കുട്ടിയുടെ ബോദ്ധ്യങ്ങൾ അവന്റെ പരിമിതികളുള്ളിൽ മാത്രം പരിമിതപ്പെടുത്തുമ്പോൾ അടിസ്ഥാനപരമായി അവൻ സമൂഹത്തിൽനിന്ന് ആർജ്ജിക്കേണ്ടതായ വിദ്യാഭ്യാസം നഷ്ടപ്പെട്ടുപോകുന്ന ഒരു പരിതസ്ഥിതിയിലാണ് നമ്മുടെ വിദ്യാഭ്യാസരംഗം മുന്നോട്ടുപോകുന്നത്. അവിടെയൊക്കെയുള്ള ഇടപെടലിന് വളരെയേറെ സാദ്ധ്യതകളുണ്ട്. സംശുദ്ധമായതും പൂർണ്ണമായ അർത്ഥത്തിലുള്ളതുമായി ഇത് മാറണമെന്നുള്ളതുകൊണ്ടാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോഴൊക്കെ ഞാൻ അതിനെ കുറേക്കൂടി പോസിറ്റീവായി കാണാൻ ആഗ്രഹിച്ചത്. ഓട്ടോണമസ് കോളേജുകളുടെ കാര്യത്തിലുള്ള നിയന്ത്രണത്തിലും അക്കാദമിക തലത്തിലുള്ള ചർച്ചകളിലും വരുന്ന സാദ്ധ്യതകൾ പരിശോധിക്കാൻ ഈ ബില്ലിലൂടെ സാധിക്കണം. ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഈ അരാഷ്ട്രീയ വാദം ഇവിടെ മാത്രമല്ല; ഇന്ന് കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തിൽ ഫേസ്ബുക്ക് കൂട്ടായ്മകൾപോലുള്ള ഒരുപാട് ഗ്രൂപ്പുകൾ രൂപപ്പെടുന്നുണ്ട്. നമ്മളൊക്കെത്തന്നെ അനുഭവസ്ഥരാണ്. ജനപ്രതിനിധികളെന്ന നിലയ്ക്ക് നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ പലപ്പോഴും താഴ്ത്തിക്കാണിക്കുകയും മറ്റാരൊക്കെയോ ആണ് ഇവിടെ കാര്യങ്ങൾ ചെയ്തുതീർക്കുന്നതെന്നും രാഷ്ട്രീയം പലപ്പോഴും ചർച്ചയിൽപ്പെടേണ്ടതല്ലെന്നുമുള്ള ധാരണ രൂപപ്പെടുത്തുന്നതിൽ ഇത്തരം തലമുറയുടെ അരാഷ്ട്രീയബോധ്യത്തിന് ഒരുപാട് പങ്കുണ്ടെന്നുള്ള കാര്യത്തിൽ അങ്ങേയ്ക്ക് സംശയമുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പ്രിയപ്പെട്ട ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിച്ച പ്രശ്നത്തിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമപരമായി വിദ്യാർത്ഥി രാഷ്ട്രീയം അനുവദിക്കാൻ കഴിയുമോ? ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിലെ പുതിയതലമുറ ജാതിബോധത്തിനും മതബോധത്തിനും അന്ധവിശ്വാസത്തിനും വിധേയമായിപ്പോകുന്ന ഒരു കാലത്ത് വിദ്യാർത്ഥി രാഷ്ട്രീയം അങ്ങേയറ്റം തെറ്റായ രീതിയിലേയ്ക്ക് പോകുകയാണ്. ഇവിടെയിരിക്കുന്ന ഭൂരിപക്ഷം ആളുകളും ക്യാമ്പസ് രാഷ്ട്രീയത്തിലൂടെ വന്നവരാണ്. നമ്മുടെ നാട്ടിൽ ത്രിതല പഞ്ചായത്ത്, നിയമസഭ, പാർലമെന്റ് തെരഞ്ഞെടുപ്പുകൾ എന്നിവ നടക്കുന്നതുപോലെ ക്യാമ്പസുകളിൽ നിയമപരമായി തെരഞ്ഞെടുപ്പ് നടത്തി വിദ്യാർത്ഥി സംഘടനകൾക്ക് ജനാധിപത്യപരമായി പ്രവർത്തിക്കാനുള്ള അനുവാദം നൽകുന്നതിനെപ്പറ്റി അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, എനിക്ക് അതിനോട് നൂറുശതമാനം യോജിപ്പാണുള്ളത്. ഞാൻ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയത്തിലൂടെ വന്നിട്ടുള്ള ആളാണ്; കോളേജ് യൂണിയന്റെ ഭാരവാഹിയുമായിട്ടുണ്ട്. സത്യത്തിൽ നമ്മുടെ സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥി സംഘടനാപ്രവർത്തനം നിലച്ചതോടു കൂടിയാണ് സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമൊക്കെ വേറൊരു തലത്തിലേയ്ക്ക് മാറിയത്. പല മാനേജ്മെന്റുകളും സ്ഥാപനം നടത്തിപ്പുകാരും രക്ഷിതാക്കളും വിചാരിക്കുന്നത് തങ്ങളുടെ മക്കൾ ശരിയായി പഠിക്കാത്തത് വിദ്യാർത്ഥി രാഷ്ട്രീയം ഉള്ളതുകൊണ്ടാണെന്നാണ്. എന്നാൽ ഞങ്ങളൊക്കെ കൂടുതൽ പഠിച്ചതുപോലും വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായി പങ്കാളിത്തം വഹിച്ചതുകൊണ്ടാണെന്ന് എന്റെ വ്യക്തിപരമായ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാൻ സാധിക്കും. അതുപോലെതന്നെ പല സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും മാറിനിൽക്കാനുള്ള പ്രചോദനം നൽകിയത് എന്റെ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയ പ്രവർത്തനമാണെന്ന് ഉറപ്പിച്ചുപറയാൻ സാധിക്കും.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ച സംഘടനാ പ്രവർത്തനത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രീയ പ്രവർത്തനത്തെയാണ് നമ്മളൊക്കെ ഫോക്കസ് ചെയ്യുന്നത്. തീർച്ചയായും അതിന് അതിന്റേതായ പ്രസക്തിയുണ്ട്. പക്ഷേ, പുതിയ കാലത്ത് "The personal is politics", വ്യക്തിപരമായതും രാഷ്ട്രീയമാണ്. അതുപോലെതന്നെ 'Politics is nothing but it is the concentrated essence of economics', രാഷ്ട്രീയമെന്നുപറയുന്നത് മറ്റൊന്നല്ല, അത് സാമ്പത്തികശാസ്ത്രം നൂറ്റൊന്ന് ആവർത്തിച്ചതാണെന്ന് മഹാനായ ലെനിൻ തന്നെ പൊളിറ്റിക്സിന് ഒരു നിർവ്വചനം കൊടുത്തിട്ടുണ്ട്. ആ നിലയിൽ നോക്കിയാൽ ഇന്നത്തെ ക്യാമ്പസുകൾ മുഴുവൻ അരാഷ്ട്രീയവത്കൃതമാണെന്ന് തോന്നുമെങ്കിലും വ്യക്തിപരമായ ഒരു രാഷ്ട്രീയം, കേവലമായ ഒരു രാഷ്ട്രീയം വിദ്യാർത്ഥികളെ നയിക്കുന്നുണ്ടെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇന്നലെവരെ ജനാധിപത്യത്തിലധിഷ്ഠിതമായ, സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രഭവകേന്ദ്രമായി ക്യാമ്പസുകൾ നിന്നിരുന്നുവെന്നുള്ളത് ശരിയാണ്. അതിന് മാറ്റം വന്നതിനാൽ എല്ലാ കുട്ടികളും സാമൂഹ്യ പ്രതിബദ്ധതയില്ലാത്തവരാണ് അല്ലെങ്കിൽ ന്യൂ ജനറേഷൻ എന്നുപറയുന്നത് മറ്റൊരു വിധത്തിൽ അരാഷ്ട്രീയവൽക്കരിക്കപ്പെട്ടവരാണെന്ന ബോദ്ധ്യം ശരിയല്ല. പുതിയ കാലഘട്ടത്തിന്റെ രാഷ്ട്രീയം അവർ ഉൾക്കൊള്ളുന്നുണ്ട്. അത് "The personal is politics" ആണ്; വ്യക്തിപരമായതും രാഷ്ട്രീയമാണ്. ഓരോ വ്യക്തികളിലേയ്ക്ക് ഉൾവലിയുന്ന രാഷ്ട്രീയം ഇന്നത്തെ കാലഘട്ടത്തിന്റെ ഒരു

പ്രത്യേകതയാണ്. പഴയ സംഘടനാരീതിയെന്ന സങ്കല്പത്തിലൂന്നിയതും സംഘടനാ പ്രവർത്തനത്തിലധിഷ്ഠിതപ്പെടുത്തിയതുമായ ക്യാമ്പസ് രാഷ്ട്രീയപ്രവർത്തനം ഇനിയുള്ള കാലഘട്ടത്തിൽ എത്രകണ്ട് സാദ്ധ്യമാണെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിൽ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി സ്കൂളുകളിലും സംഘടനാ പ്രവർത്തനം ഇല്ലല്ലോ; അവിടെ തെരഞ്ഞെടുപ്പൊന്നും നടത്താൻ പാടില്ലെന്നാണ് കോടതിയുടെ ഇടപെടലിനെ തുടർന്നുണ്ടായ വിധി. സത്യത്തിൽ അതുതന്നെയാണ് ആ സ്ഥാപനങ്ങളുടെ ഏറ്റവും വലിയ ശാപമായി ഇപ്പോൾ മാറിയിരിക്കുന്നത്. ഒരു വിദ്യാർത്ഥിനിക്കെതിരെ കയ്യേറ്റമുണ്ടായാൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരിവസ്തുക്കൾ വിൽക്കുന്ന മാഫിയകൾ രംഗത്തുവന്നാൽ വിദ്യാർത്ഥി സംഘടനാനേതാക്കളും വിദ്യാർത്ഥി സംഘടനകളും അതിൽ ഇടപെടും. ഇന്ന് അങ്ങനെ ഇടപെടാൻ ആരുമില്ലെന്നുള്ളതാണ് നമ്മുടെ ഹൈസ്കൂളുകളെയും ഹയർസെക്കണ്ടറി സ്കൂളുകളെയും അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം. ഇപ്പോൾ ഏത് മാഫിയകൾക്കും സ്വൈരവിഹാരം നടത്താൻ സാധിക്കുന്നു. അദ്ധ്യാപകരാകട്ടെ, ക്യാമ്പസിന്റെ പുറത്ത് എന്ത് സംഭവിച്ചാലും അതിൽ ഇടപെടേണ്ടതില്ലെന്ന് പറഞ്ഞ് മാറിനിൽക്കുന്നു. സംഘടനാ സ്വാതന്ത്ര്യം അനുവദിക്കാത്തതുകൊണ്ട് അവർ സംഘടിക്കുന്നില്ലേ? ഉണ്ട്. അത് രാഷ്ട്രീയമില്ലാതെയുള്ള മത-ജാതി സംഘടനകളുടെ ബാനറുകളിലാണെന്ന് മാത്രം. വിദ്യാർത്ഥി രാഷ്ട്രീയമില്ലാത്ത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളിൽ മതപരവും ജാതീയവുമായ ധ്രുവീകരണം കൂടുതലായി വന്നുകൊണ്ടിരിക്കുന്നത് കാണാനാകും. ഓരോ മതവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളും അതാത് മത സംഘടനകളുടെ ലേബലുകളിൽ രൂപീകൃതമായിട്ടുള്ള വിദ്യാർത്ഥി സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു. അതിന് കോടതികളോ സ്ഥാപനങ്ങളോ യാതൊരു വിലക്കും ഏർപ്പെടുത്തിയിട്ടില്ല. സംഘടനാ പ്രവർത്തനം നിരോധിക്കപ്പെട്ടതു കൊണ്ടുണ്ടായിട്ടുള്ള ഏറ്റവും വലിയ കൗണ്ടർ ഇഫക്ടാണത്. ചെറുപ്പത്തിൽത്തന്നെ മതസംഘടനകൾക്കും അവരുടെ വിദ്യാർത്ഥി വിഭാഗങ്ങൾക്കും കുട്ടികളെ ക്യാച്ച് ചെയ്യാനുള്ള അവസരം ലഭിക്കുന്നുവെന്നുള്ളതാണ് കേരളത്തിലെ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി സ്കൂളുകളിലും വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കപ്പെട്ടതിലൂടെ വന്നിട്ടുള്ള പുതിയ പ്രതിഭാസം. ഇത് അത്യന്തം അപകടകരമാണ്.

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട കോടതി ഇടപെട്ട് നമ്മുടെ ക്യാമ്പസുകളിലെ രാഷ്ട്രീയത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. വ്യക്തിപരമായ രാഷ്ട്രീയ ബോദ്ധ്യങ്ങളുള്ളപ്പോഴും സംഘടനാപരമായ രാഷ്ട്രീയ ബോദ്ധ്യങ്ങൾക്കുമാത്രമേ സമൂഹത്തെ പൂർണ്ണമായി മാറ്റിമറിക്കാൻ കഴിയുകയുള്ളൂവെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ആ

അർത്ഥത്തിൽ എനിക്ക് ബഹുമാനപ്പെട്ട പി. ബാലചന്ദ്രന്റെ അഭിപ്രായത്തോട് വിയോജിക്കേണ്ടി വന്നതിൽ ദുഃഖമുണ്ട്. പക്ഷേ, അവിടെയാണ് മുൻമന്ത്രി കൂടിയായ ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ച ഒരു കാര്യം എടുത്തുപറയേണ്ടി വരുന്നത്. അടുത്തകാലത്തുണ്ടായ പ്രശ്നങ്ങൾ മാത്രം പരിശോധിച്ചാൽ, ഒരു പി.എച്ച്.ഡി. തീസിസ് സമർപ്പിക്കാൻ കാലതാമസമുണ്ടായതിന്റെയോ ഒരു പ്രണയം നഷ്ടപ്പെട്ടതിന്റെയോ പേരിൽ എവിടെയും വളരെ സെൻസിറ്റീവായി കാണുന്ന അല്ലെങ്കിൽ സ്വയം ആത്മബോധമില്ലാത്തൊരു സമൂഹമായി മാറിപ്പോകുന്നു വെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. വിദ്യാഭ്യാസം അറിവ് മാത്രമല്ല; അതിനപ്പുറത്ത് പലതും രൂപപ്പെടുത്തിയെടുക്കുന്നതിൽ വലിയ പങ്കുണ്ട്. ഇവിടെ യിരിക്കുന്ന ആളുകളിൽ മഹാഭൂരിപക്ഷവും അത്തരത്തിലുള്ള അനുഭവത്തിലൂടെ കടന്നുവന്നതുകൊണ്ടാണ് ജീവിതത്തിൽ എവിടെയും അവർക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നത്. അങ്ങനെ നേരിടാനുള്ള പ്രാപ്തി നഷ്ടപ്പെടുന്ന ഒരു സമൂഹമായി മാറുന്നുവെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. സംഘടനാ രാഷ്ട്രീയത്തിന്റെയും സംഘടിതമായ ബോദ്ധ്യങ്ങൾ നഷ്ടപ്പെട്ടതിന്റെയും പ്രധാനപ്പെട്ട കാരണങ്ങളാണ് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. സാംസ്കാരികവകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് നൂറുശതമാനം യോജിപ്പുള്ള വ്യക്തിയാണ് ഞാൻ. കോടതി, വിദ്യാർത്ഥി രാഷ്ട്രീയം വേണ്ടെന്നുപറഞ്ഞ സ്ഥാപനങ്ങളിൽ അത് പുതിയ സാഹചര്യത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി ഒരു പുനരാലോചന നടത്തണമെന്നുള്ളതാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഈ നിയമ ഭേദഗതി സഭ പാസ്സാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

2.00 p.m]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം.രാജഗോപാലൻ)

ശ്രീമതി കാനത്തിൽ ജമീല: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കാലഘട്ടത്തിനനുസരിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ മികവുറ്റതാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടത്തുന്ന പരിഷ്കരണങ്ങൾ അങ്ങേയറ്റം പ്രശംസാർഹമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഗ്ഗീയവൽക്കരിച്ചും ചരിത്ര സത്യങ്ങളെ പുതിയ തലമുറയ്ക്ക്

പാഠ്യപദ്ധതിയിൽനിന്നും മറച്ചുവച്ചും ചരിത്രത്തെ വളച്ചൊടിക്കാൻ നടത്തുന്ന കേന്ദ്ര ഭരണാധികാരികളുടെ നയത്തിനെതിരായ ഒരു ബദൽ വിദ്യാഭ്യാസ പരിഷ്കരണ സംവിധാനമാണ് കേരളത്തിൽ ഇപ്പോഴുണ്ടായിട്ടുള്ളത്. മുൻകാലങ്ങളിൽ നവംബർ മാസം വരെ നീണ്ടുപോയിരുന്ന ബിരുദ-ബിരുദാനന്തര ബിരുദ പ്രവേശനവും ഫലപ്രഖ്യാപനവും ഏകീകരിച്ചുകൊണ്ട് ഇപ്പോൾ എല്ലാ സർവ്വകലാശാലകളിലും ബിരുദ പരീക്ഷകളുടെ ഫലം ഏപ്രിൽ 30-നമുന്പും ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലം മേയ് 30-നമുമ്പും പ്രഖ്യാപിക്കുകയാണ്. ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ ജൂൺ 17-നും ബിരുദ ക്ലാസ്സുകൾ ജൂൺ 24-നും ആരംഭിച്ചു. ഒരു സെമസ്റ്ററിൽ 90 പ്രവൃത്തി ദിവസങ്ങൾ ഉറപ്പാക്കുകയും ഒന്നാം വർഷ പി.ജി. ക്ലാസ്സുകൾ മുൻ വർഷത്തേക്കാൾ 99 ദിവസം നേരത്തേ ആരംഭിക്കുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷം മുതൽ ഒന്നാം വർഷ യു.ജി./പി.ജി. ക്ലാസ്സുകൾ ജൂൺ 1-ന് ആരംഭിക്കും. ഈ രീതിയിലെല്ലാം പുതിയ കോളേജുകളെയും വിദ്യാലയങ്ങളെയും മികവുറ്റതാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. 3 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളും 5 എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളും ആരംഭിച്ചു. വിവിധ സർക്കാർ കോളേജുകളിലായി 32 ബിരുദാനന്തര ബിരുദ കോഴ്സുകൾ, 24 ബിരുദ കോഴ്സുകൾ, 3 എം.ഫിൽ കോഴ്സുകൾ എന്നിവ അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ സ്വാശ്രയ കോളേജുകളിൽ ഓരോ യു.ജി./പി.ജി. പ്രോഗ്രാം വീതം അനുവദിച്ചു. ഇതിന്റെയെല്ലാം ഫലമായി യു.ജി./പി.ജി. തലങ്ങളിൽ പതിനയ്യായിരം സീറ്റുകളുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2019-20 അദ്ധ്യയന വർഷത്തിൽ ഈ രീതിയിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിച്ചു. നടുവിൽ, ഹരിപ്പാട്, മുക്കം, വിളപ്പിൽശാല എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ അനുവദിച്ചു. പ്ലസ് ടു വിജയിച്ച കുട്ടികൾക്ക് പോളിടെക്നിക് കോളേജുകളിൽ ലാറ്ററൽ എൻട്രി വഴി പ്രവേശനം നടത്തുന്നതിന് ആദ്യമായി അവസരം നൽകി. ഭിന്നലിംഗക്കാർക്ക് സർക്കാർ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രവേശനങ്ങളിൽ സംവരണം ഏർപ്പെടുത്തുകയും പുതിയ മൂന്ന് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി 562 അദ്ധ്യാപക നിയമനങ്ങളും 436 അനദ്ധ്യാപക നിയമനങ്ങളും നടത്താൻ കഴിഞ്ഞു. സർക്കാർ കോളേജുകളിൽ 248 അദ്ധ്യാപകരുടെയും 27 അനദ്ധ്യാപകരുടെയും പുതിയ തസ്തികകളും സർക്കാർ

എഞ്ചിനീയറിംഗ് കോളേജുകളിൽ 497 അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാലകളിൽ 2298 അസിസ്റ്റന്റുമാരെയും 825 കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെയും ലൈബ്രറി വിഭാഗത്തിൽ 93 ലൈബ്രറി അസിസ്റ്റന്റുമാരെയും പുതിയതായി നിയമിക്കാൻ കഴിഞ്ഞു. സർക്കാർ കോളേജുകളുടെയും സർവ്വകലാ ശാലകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക ഉന്നമനത്തിനുമായി കിഫ്ബി വഴി 700 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. 750 കോടി രൂപയുടെ പദ്ധതികൾക്കുകൂടി അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയ്ക്ക് തിരൂരിൽ ഭൂമി ഏറ്റെടുത്തു. സർവ്വകലാശാലകളുടെയും സർക്കാർ എയ്ഡഡ് കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതിയുടെ ഭാഗമായി 230 കോടി രൂപ അനുവദിച്ചു, ഇതിൽ 92 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. ദേശീയാടിസ്ഥാനത്തിൽ റൂസ ഫണ്ടിന് അർഹത നേടിയതിൽ ഏറ്റവും കൂടുതൽ കോളേജുകളുള്ളത് കേരളത്തിലാണ് - 115 എണ്ണം. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പുതിയതായി 877 ഗ്രന്ഥശാലകൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്. 2000 ലൈബ്രറികൾക്ക് ബാലവേദികളും 500 ലൈബ്രറികൾക്ക് വനിതാ വേദിയും ആരംഭിച്ചു. 60 ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ് അനുവദിക്കാൻ കഴിഞ്ഞു. പുതിയതായി 2 ലൈബ്രറികൾ ആരംഭിക്കാനും ട്രൈബൽ മേഖലകളിൽ 44 ലൈബ്രറികൾ സ്ഥാപിക്കുന്നതിന് തുക അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് പകൽ വീടുകളായി ഗ്രന്ഥശാലകളെ മാറ്റുന്ന 'ഗുരു സംഗമം' പദ്ധതിക്ക് തുടക്കമിട്ടു. ഗ്രാമീണ ലൈബ്രറികളിൽ സ്മാർട്ട് ഇ-റീഡിംഗ് റൂം സ്ഥാപിക്കാൻ കഴിഞ്ഞു. ലൈബ്രറികൾക്കായിട്ടുള്ള പുസ്തക ഗ്രാന്റിൽ 60 ശതമാനവും ലൈബ്രേറിയന്മാരുടെ പ്രതിമാസ അലവൻസിൽ 140 ശതമാനവും വർദ്ധനവ് അനുവദിക്കാൻ കഴിഞ്ഞു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ വകുപ്പിലോ അനുബന്ധ സ്ഥാപനങ്ങളിലോ സ്റ്റൈപ്പന്റോടെ ഒരു വർഷം ഇന്റേൺഷിപ്പിന് അവസരം നൽകാൻ കഴിഞ്ഞു. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)-നു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. പുതിയ ഏഴെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങളിൽ സ്ത്രീ ശാക്തീകരണത്തിനുവേണ്ടിയുള്ള 'ഷി സ്കിൽസ് 2019' എന്ന പദ്ധതിയിലൂടെ 1118 സ്ഥാപനങ്ങളിൽനിന്ന് 2 ലക്ഷത്തിലധികം

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം ലഭിച്ചു. സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. അന്തർവൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അന്തർ സർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. സംസ്ഥാന സർവ്വകലാശാലകൾ നൽകുന്ന പരമാവധി സേവനങ്ങൾ അതായത്, വിദ്യാർത്ഥി പ്രവേശനം മുതൽ വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണവും എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരിശീലനങ്ങളും ഓൺലൈൻ മുഖേന നടത്താൻ കഴിഞ്ഞു. 'പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റ്' സംഘടിപ്പിക്കുകവഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇതര വൈജ്ഞാനിക മേഖലകളിൽ മികവ് സ്വായത്തമാക്കി മുന്നേറുന്നതിന് വിവിധ തലങ്ങളിൽ വിജയം കൈവരിച്ച പ്രഗത്ഭരുമായി സംവദിക്കാൻ അവസരം ലഭിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്യാൻ കഴിഞ്ഞു. 'എറുഡൈറ്റ്' പദ്ധതി പ്രകാരം 3 നൊബേൽ സമ്മാനജേതാക്കളും ഒരു ആബേൽ സമ്മാന ജേതാവും ഒരു ബുക്കർ സമ്മാന ജേതാവുമടക്കം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരം സൃഷ്ടിച്ചിരുന്ന കാലമാണ് കഴിഞ്ഞുപോയത്. സംസ്ഥാന സ്വകാര്യ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ അദ്ധ്യാപക രക്ഷാകർതൃ സമിതികൾ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. സാങ്കേതിക സർവ്വകലാശാലയ്ക്കായുള്ള ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ഒരു വർഷത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പീരുമേട് എൻ.സി.സി.-ക്ക് അനുവദിച്ച സ്ഥലത്ത് 10 കോടി രൂപ ചെലവഴിച്ച് എയർസ്ട്രിപ്പ് ആരംഭിച്ച് 1000 കേഡറ്റുകളുടെ പരിശീലനത്തിന് സൗകര്യമൊരുക്കി. ഈ രീതിയിലെല്ലാം ഉന്നത വിദ്യാഭ്യാസ മേഖലയെ മികവുറ്റതാക്കാൻ വേണ്ടിയുള്ള ഇടപെടലുകൾ നടത്താൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിരുന്നു. വളർന്നുവരുന്ന തലമുറയ്ക്ക് കോളേജുകളിൽ ജാതി-മത-വർഗ്ഗീയതയില്ലാതെ, ആൺ/പെൺ വ്യത്യാസമില്ലാതെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായി ഒരു ടീമായി പ്രവർത്തിച്ച് മുന്നോട്ടുപോകുവാൻ കഴിയേണ്ടതുണ്ട്. പ്രണയം നിരസിച്ചാൽ വെടിവച്ചു കൊല്ലുന്ന സാഹചര്യമാണ് നമുക്കിപ്പോൾ കാണാൻ കഴിയുന്നത്. അതുപോലുള്ള നിരവധി പ്രശ്നങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്

കോടതികൂടി ഇടപെട്ടാൽ ആൺ-പെൺ വ്യത്യാസമില്ലാതെ ടീം വർക്ക് നടത്തി മുന്നോട്ടുപോകാവുന്ന രീതിയിലേയ്ക്ക് വരുന്നതിനും ഏറ്റവും നല്ല പൗരന്മാരെ ഉയർത്തിക്കൊണ്ടുവന്ന് ഈ നാടിന് സംഭാവന ചെയ്യാനും കഴിയും. ആ രീതിയിലേയ്ക്കുള്ള ബിൽ ആകട്ടെ ഇത്. ബഹുമാനപ്പെട്ട ഉന്നതവിദ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലിനെ എല്ലാ രീതിയിലും ഞാൻ അനുകൂലിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ബില്ലിന്റെ കാര്യകാരണസഹിതമുള്ള വിശദീകരണം മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഈ സഭയിലെ അംഗവുമായ ഡോ. കെ. ടി. ജലീൽ സാമാന്യേന വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. എന്തിനാണ് ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ചുള്ള നിയമനിർമ്മാണം ഇപ്പോൾ കൊണ്ടുവരുന്നതെന്നുള്ള രീതിയിലുള്ള ഒരു ചോദ്യം വിയോജന ക്കുറിപ്പിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉയർത്തുകയുണ്ടായി. ഈ സന്ദർഭത്തിൽ ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ചുള്ള ശരിയായ കാഴ്ചപ്പാട് എന്താകണമെന്ന പരിശോധന അനിവാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. ഓട്ടോണമസ് കോളേജുകളെക്കുറിച്ചുള്ള ആദ്യ വിചാരം കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ബീജ രൂപത്തിൽ ഗുപ്തമായി കിടക്കുന്നുണ്ടായിരുന്നു. പക്ഷേ സർവ്വകലാശാലയുടെ മേൽനോട്ടമില്ലാതെ ഇന്ത്യയിലേതെങ്കിലുമൊരു സ്ഥാപനം കോളേജെന്നുള്ള നിലയിൽ ഗുണനിലവാരമുറപ്പാക്കാൻ കഴിയുന്ന നിലയിലുണ്ടായിരുന്നോയെന്നുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഓട്ടോണമിയെന്ന കാര്യത്തെക്കുറിച്ച് കാണാൻ കഴിയുന്നത്. രാജീവ് ഗാന്ധിയുടെ 1986-ലെ വിദ്യാഭ്യാസ നയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ഓട്ടോണമിയെന്ന ആശയം വ്യാപകമായി ഏറ്റെടുക്കപ്പെടുന്നത്. വളരെയധികം പ്രവർത്തന പാരമ്പര്യവും വിവിധ അക്കാദമിക് സമിതികളും കീഴ്‌വഴക്കങ്ങളും മാനദണ്ഡങ്ങളും നിഷ്കർഷകളും വിദഗ്ദ്ധരും വലിയ ചിട്ടവട്ടങ്ങളുമുള്ള വിപുലമായൊരു സംവിധാനമാണ് സർവ്വകലാശാലകൾ. എന്നാൽ കോളേജുകൾക്ക് ആ അളവിലുള്ള പശ്ചാത്തലമുണ്ടെന്ന് പറയാൻ നമുക്ക് സാധിക്കില്ല. അതുകൊണ്ട് ഒരു സർവ്വകലാശാലയുടെ ധർമ്മം പൂർണ്ണമായി നിറവേറ്റാൻ കോളേജുകൾക്ക് പരിമിതികളുണ്ട്. 2014-ൽ ഓട്ടോണമസ് കോളേജുകളെ എതിർത്തവർ എന്തിനാണ് 2021-ൽ നിയമം കൊണ്ടുവരുന്നത് എന്ന് ഒരംഗം ചോദിക്കുകയുണ്ടായി. 2014 മുതൽ 2020 വരെയുള്ള കാലയളവിലെ ഓട്ടോണമസ് കോളേജുകളുടെ കേരളത്തിലെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഇത്തരത്തിലൊരു നിയമം അനിവാര്യമാണെന്നുള്ളത് സുവ്യക്തമായ കാര്യമാണ്. ഓട്ടോണമസ് കോളേജു

കളുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള പീഡനങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയുടെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. ഇന്നത്തെ സാഹചര്യത്തിൽ, പ്രത്യേകിച്ച് വിദ്യാഭ്യാസത്തെ അങ്ങേയറ്റം വാണിജ്യവത്കരിക്കുകയും അറിവിനെ ചരക്കുവത്കരിക്കുകയും ചെയ്യുന്ന പ്രവണതകൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന നവലിബറൽ കാലത്ത് ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒട്ടേറെ പരിമിതികളും പോരായ്മകളും നീതിനിഷേധങ്ങളുമൊക്കെ പ്രായോഗികാനുഭവങ്ങളുടെ രൂപത്തിൽ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. 2018-ലെ യു.ജി.സി. റെഗുലേഷൻ നിലനിൽക്കുന്നുവെന്ന് മാത്രമല്ല, NAAC അക്രഡിറ്റേഷന് ഫോം സമർപ്പിക്കുമ്പോൾത്തന്നെ രണ്ടുവർഷത്തിനുള്ളിൽ നിങ്ങളുടെ കോളേജ് ഓട്ടോണമസാക്കി മാറ്റുന്നതിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാൻ ആവശ്യപ്പെടുന്നുമുണ്ട്. ഓട്ടോണമിയാണ് ഗുണനിലവാരത്തിന്റെ അളവുകോലെന്ന രീതിയിലുള്ള, ശരിയല്ലാത്ത അതിശക്തമായ വ്യാഖ്യാനങ്ങൾ നമുക്ക് കേന്ദ്രതലത്തിൽ കാണാൻ കഴിയും. നല്ലരീതിയിൽ ഗുണനിലവാരമുയർത്തിയതിനുശേഷം സ്വതന്ത്രമായി നിൽക്കാനുള്ള ശേഷി ഈ സ്ഥാപനങ്ങൾക്കുണ്ടാകുന്ന അന്തരീക്ഷത്തിലാണ് ഓട്ടോണമി നൽകേണ്ടത്. എന്നാൽ നേരെതിരിച്ചാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സ്ഥാപനങ്ങൾക്ക് സർവ്വതന്ത്രമായ സ്വാതന്ത്ര്യം നൽകികൊണ്ട് ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുമെന്ന സമീപനം ഒരു വശത്ത് നിൽക്കുമ്പോൾ ഗുണനിലവാരം സമഗ്രമായി ഉയർത്തിയതിനുശേഷം സ്വാഭാവികമായും സ്വാതന്ത്ര്യത്തിലേയ്ക്ക് പോകാൻ കഴിയുന്നൊരു ഘട്ടത്തിൽ ഓട്ടോണമി നൽകുകയെന്ന ശാസ്ത്രീയമായ സമീപനമാണ് ഇടതുപക്ഷം സ്വീകരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 2014-ൽ ഓട്ടോണമി അനുവദിക്കുന്ന ഘട്ടത്തിൽ അതുസംബന്ധിച്ചുള്ള പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ അദ്ധ്യാപക സംഘടനകൾ പരിശ്രമിച്ചിട്ടുണ്ട്. കേരള സർക്കാർ പൊതുവെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുകയാണ്. പ്രാപ്യതയുടെയും തുല്യതയുടെയും സാമൂഹ്യനീതിയുടെയും മേഖലകളിൽ കൃത്യമായ സാമൂഹ്യ ജാഗ്രതയോടുകൂടി ഇടപെട്ടുകൊണ്ട് ഗുണപരമായ ഒട്ടേറെ നേട്ടങ്ങൾ ഉറപ്പുവരുത്താൻ പരിശ്രമിച്ചതിന്റെ തുടർച്ചയെന്നുള്ള രീതിയിലാണ് ഇനി കൂടുതൽ ഊന്നൽ നൽകേണ്ടത് ഗുണമേന്മയ്ക്കാണ് എന്നുള്ള നിലപാടിലെത്തിച്ചേരുന്നതും അതനുസരിച്ചുള്ള പ്രായോഗിക പദ്ധതികൾക്ക് രൂപം നൽകുന്നതും. 2018-ലെ യു.ജി.സി. റെഗുലേഷന് പൂർണ്ണമായും വിധേയപ്പെട്ടു കൊണ്ടല്ലേ നിയമനിർമ്മാണം നടത്തേണ്ടതെന്നുള്ള ചോദ്യമാണ് പ്രതിപക്ഷം

ഉന്നയിച്ചിരുന്നത്. യു.ജി.സി. റെഗുലേഷൻ ഒരു ബ്രോഡ് ഗൈഡ്‌ലൈൻ മാത്രമാണ്. അതിലെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ക്കൊണ്ട് ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായ നിയമനിർമ്മാണം നടത്തുകയെന്നുള്ള ഉത്തരവാദിത്വമാണ് ഇതിലൂടെ നിറവേറ്റ പ്പെടുന്നത്. അതായത് നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി, ആറു വർഷത്തെ പ്രായോഗികാനുഭവങ്ങളെ മുൻനിർത്തി, ഓട്ടോണമസ് കോളേജുകളെ സംബന്ധിച്ച് ഏതുതരത്തിലുള്ള നിലപാടുകൾ സ്വീകരിക്കണമെന്ന് സമഗ്രമായി പരിശോധിച്ചുകൊണ്ടുതന്നെയാണ് ഈ നിയമം നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ഓരോ ഘടകവും ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ ഇവിടെ വളരെ വിശദമായി അവതരിപ്പിക്കുകയുണ്ടായി. യു.ജി.സി. റെഗുലേഷൻ അതേപടി ഏറ്റെടുക്കുക യെന്നതല്ല, മറിച്ച് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളുടെയും പരിതസ്ഥി തികളുടെയും അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുകയെന്നുള്ളതാണ് പ്രധാനം. സർക്കാർ പണം നൽകിക്കൊണ്ട് നിലനിർത്തിപ്പോരുന്ന എയ്ഡഡ് കേളേജുകൾ ഇത്രയധികം പ്രവർത്തിക്കുന്ന മറ്റൊരു സംസ്ഥാനവുമില്ലെന്നുള്ളത് വസ്തുതയാണ്. കേരളത്തെ അപേക്ഷിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമേ സർക്കാർ എയ്ഡഡ് കോളേജുകളായി പ്രവർത്തിക്കുന്നുള്ളൂ. സർക്കാർ പണം നൽകി അദ്ധ്യാപകരെ വിന്യസിക്കുന്ന/നിലനിർത്തുന്ന പ്രക്രിയകൂടി നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത് ഓട്ടോണമസ് കോളേജുകൾക്ക് എല്ലാകാര്യത്തിലും സർവ്വതന്ത്ര സ്വതന്ത്രമായി പോകണമെന്ന നിലയിലുള്ള അവകാശവാദങ്ങൾക്ക് നിലനിൽപ്പില്ലെന്നു തന്നെയാണ് സൂചിപ്പിക്കാനുള്ളത്. ഭേദഗതി നിർദ്ദേശങ്ങളുടെ ഭാഗമായി ഉയർത്തപ്പെട്ടിട്ടുള്ള മറ്റൊരു കാര്യമാണ് യു.ജി.സി. ഗൈഡ്‌ലൈൻ ആധാരമാക്കി അദ്ധ്യാപക നിയമനം വേണമെന്നുള്ളത്. അങ്ങനെ വരുന്നപക്ഷം ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കാര്യങ്ങൾ വന്നുഭവിക്കും. ഡയറക്ട് പേമെന്റ് എഗ്രിമെന്റ് അനുസരിച്ച് പ്രവർത്തിച്ചുവരുന്ന എയ്ഡഡ് കോളേജുകൾ യു.ജി.സി. ഗൈഡ്‌ലൈൻസ് പൂർണ്ണമായും അംഗീകരിച്ചുകൊണ്ടുള്ള ഓട്ടോണമിയിലേയ്ക്ക് പോകുകയാണെങ്കിൽ അത് ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുമെന്നുള്ളതു കൊണ്ടുതന്നെ അവർക്ക് എയ്ഡഡ് കോളേജുകളുടെ സ്റ്റാറ്റസ് നിലനിർത്തി പ്പോകാനാകില്ല. അതിന്റെകൂടി അടിസ്ഥാനത്തിലാണ് ഓട്ടോണമസ് കോളേജുകളുടെ മാനേജുമെന്റുകളുമായി സംസാരിച്ചുകൊണ്ട് ഇക്കാര്യങ്ങൾക്ക് ഏകദേശ രൂപം നൽകിയത്. എയ്ഡഡ് പദവിയിൽ നിലനിൽക്കണമെങ്കിൽ കേരളത്തിന്റെ സവിശേഷ പശ്ചാത്തലത്തെ ആധാരമാക്കിക്കൊണ്ടുമാത്രമേ കഴിയുകയുള്ളൂ

എന്നതുകൊണ്ടാണ് ഈ ബിൽ സ്വീകരിക്കാൻ മാനേജ്മെന്റുകൾ തയ്യാറാകുന്നത്. സർക്കാർ ശമ്പളം കൊടുക്കുന്ന രീതി നിലനിൽക്കുമ്പോൾ ഓട്ടോണമസ് കോളേജുകളാകുന്ന എയ്ഡഡ് കേളേജുകളിൽ വ്യത്യസ്തമായ നിയമന രീതി അംഗീകരിക്കാൻ കഴിയുകയില്ലെന്നാണ് എനിക്ക് നിസ്തർക്കം സൂചിപ്പിക്കാനുള്ളത്. ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അത്തരത്തിലുള്ള ഒരു സംവിധാനം നമുക്ക് അംഗീകരിക്കാൻ കഴിയില്ല. അക്കാദമിക് ഓട്ടോണമിക്കുമേലുള്ള കടന്നുകയറ്റമാണ് ഈ ബില്ലെന്ന് ബഹുമാന്യനായ അംഗം ഡോ. എൻ. ജയരാജ് ഇവിടെ ഉന്നയിച്ചു. അത്തരത്തിലുള്ള യാതൊരു നിർദ്ദേശവും ഈ ബില്ലിന്റെ ഭാഗമായില്ലെന്ന് അടിവരയിട്ട് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ സെയിലബിൾ കാപ്ഷൻസ് ഉപയോഗിച്ച് കുട്ടികളെ പിടിക്കാനുള്ള പരിശ്രമം നല്ലതുപോലെ നടക്കുന്ന ഇക്കാലത്ത് പ്രൊപ്പോസ് ചെയ്യപ്പെടുന്ന കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള ബാദ്ധ്യത സർക്കാരിനും സർവ്വകലാശാലകൾക്കും തീർച്ചയായുമുണ്ടാകണം. കുട്ടികളെ ആകർഷിക്കുന്ന ക്യാപ്ഷൻസ് ഇട്ടുകൊടുത്തുകൊണ്ട് പുതിയ കോഴ്സുകൾക്ക് രൂപം നൽകിയിട്ട് വളരെ മോശപ്പെട്ട നിലവാരമുള്ള സിലബസ്സുകളിലേയ്ക്ക് അവരെ കൊണ്ടുപോകുകയും തുടർന്ന് തൊഴിലില്ലാ കമ്പോളത്തിലെ അശരണരായി വിട്ടുകൊടുക്കുകയും ചെയ്യുന്നൊരു സമീപനം സ്വീകരിക്കാൻ നിയമനിർമ്മാണസഭ ഉൾപ്പെടെയുള്ള ഉത്തരവാദപ്പെട്ട വേദികൾക്ക് കൂട്ടുനിൽക്കാൻ കഴിയില്ല. സ്വന്തമായി കോഴ്സുകളും സിലബസും ഡിസൈൻ ചെയ്യാനുള്ള സാഹചര്യം അനുവദിക്കുമ്പോൾത്തന്നെ വിദ്യാർത്ഥികളെ അപകടത്തിലാക്കാതിരിക്കുക എന്ന സാമൂഹ്യജാഗ്രതയ്ക്കാവശ്യമായ വിധത്തിൽ അതത് വൈജ്ഞാനിക മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ഒരാളുടെ പ്രാതിനിധ്യം ബന്ധപ്പെട്ട സമിതിയിൽ ഉറപ്പുവരുത്തുകമാത്രമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. യാതൊരു കാരണവശാലും കോഴ്സുകളുടെയും സിലബസ്സുകളുടെയും കാര്യത്തിൽ ഓട്ടോണമസ് കോളേജുകളുടെ താത്പര്യങ്ങളെ തീർത്തും നിഹനിക്കുന്ന രീതിയിലുള്ള സമീപനമൊന്നുംതന്നെ ഈ ബില്ലിന്റെ ഭാഗമായുണ്ടാകില്ല.

പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചതുപോലെ, ഓട്ടോണമസ് കോളേജുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഭാഗത്തുനിന്നും നിരവധി പരാതികളാണ് നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഓട്ടോണമസ് കോളേജുകളും സർവ്വകലാശാലകളും തമ്മിലുള്ള ബന്ധത്തിലും വലിയ രീതിയിലുള്ള ഇടർച്ചകളുണ്ടാകുന്ന സന്ദർഭങ്ങളുണ്ട്. ഇത് ആ കോളേജുകളുടെ പ്രവർത്തനത്തെയും വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളെയും ബാധിച്ചുവെന്ന് വ്യക്തമായതിന്റെ

അടിസ്ഥാനത്തിലാണ് പരാതി പരിഹാര സംവിധാനങ്ങളുണ്ടാക്കിയിട്ടുള്ളത്. അതുപോലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കോളേജുകളിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) രൂപീകരിക്കണമെന്ന നിബന്ധനയുണ്ട്. മറ്റൊന്ന് പരാതി പരിഹാര സംവിധാനങ്ങളാണ്. ആ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവർ എന്ന രീതിയിൽ അദ്ധ്യാപകരും പഠനം നടത്തിക്കൊണ്ടിരിക്കുന്നവർ എന്ന രീതിയിൽ വിദ്യാർത്ഥികളും ദൈനംദിന പ്രവർത്തനങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് വേദികളില്ലാതാകുന്നുവെന്നത് വലിയ പരിമിതിയായി തുടരുകയായിരുന്നു. ആ പശ്ചാത്തലത്തിലാണ് പരാതി പരിഹാര സമിതികൾ രൂപീകരിക്കണമെന്ന് ബില്ലിൽ നിഷ്കർഷിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ നിരന്തരമായ അഭ്യർത്ഥനകളുടെ ഭാഗമായാണ് പരാതി പരിഹാര സമിതി രൂപീകരിക്കാൻ തീരുമാനിച്ചത്. ഈ രണ്ട് കാര്യങ്ങളാണ് ഓട്ടോണമസ് കോളേജുകളുമായി ബന്ധപ്പെട്ട കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്ന് ഒരിക്കൽക്കൂടി വിശദീകരിക്കുകയാണ്. ഗുണമേന്മ ഉറപ്പുവരുത്തുന്ന രീതിയിൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും നിതാന്ത ജാഗ്രതയോടുകൂടി നമ്മുടെ കലാലയങ്ങൾ പ്രവർത്തിക്കുകയും ഗുണമേന്മ ഉറപ്പുവരുത്താവുന്നൊരു സന്ദർഭത്തിൽ, അവ സ്വയം സ്വതന്ത്രരായി മാറുന്ന ഒരവസ്ഥയിൽ ഓട്ടോണമി അനുവദിക്കുകയും ചെയ്യുകയെന്നുള്ളതാണ് ശരിയായ നിലപാട്. ആ രീതിയിലേയ്ക്കുള്ള നീക്കമാണ്, പ്രത്യേകിച്ച് വിദ്യാഭ്യാസരംഗത്തെ പ്രബുദ്ധതയ്ക്ക് എക്കാലത്തും അംഗീകാരങ്ങൾ നേടിയിട്ടുള്ള കേരളീയ സമൂഹം ചെയ്യേണ്ടത് എന്നുള്ളതുതന്നെയാണ് നിലപാട്. യു.ജി.സി. റെഗുലേഷൻ അതുപോലെ നടപ്പാക്കിയാൽ അത് ഡയറക്ട് പേമെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകും. സർക്കാർ മേഖലയിൽ ഒരൊറ്റ കോളേജ് മാത്രമാണ് 2014-ൽ ഓട്ടോണമസ്സായത്. ബാക്കിയെല്ലാ കോളേജുകളും എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന കോളേജുകളായിരുന്നു. ആ നിലയിൽ സർക്കാർ പണം നൽകി നിലനിർത്തുന്ന കോളേജുകൾ നീതിയുക്തമായി, ഗുണനിലവാരമുള്ള കലാലയങ്ങളായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട സർക്കാരിന്റെ ബാദ്ധ്യതയാണ് ഈ ബില്ലിലൂടെ നിറവേറ്റപ്പെടുന്നത്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ബില്ലിന്റെ ഭാഗമായി കലാലയങ്ങളെയും കരിക്കുലത്തെയും കുറിച്ചാണ് നമ്മൾ വളരെ ഗൗരവമായി ചർച്ച ചെയ്യുന്നത്. മികവുറ്റ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടി കലാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾകൂടി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, കലാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വളരെയധികം മുന്നേറ്റം കൈവരിക്കാൻ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. കിഫ്ബി, റൂസ പദ്ധതികളുടെ ഭാഗമായും സംസ്ഥാന പദ്ധതി വിഹിതം ചെലവഴിച്ചുമൊക്കെ കലാലയങ്ങളിൽ നിരവധി അടിസ്ഥാന സൗകര്യ വിപുലീകരണം സാദ്ധ്യമായിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. പൂർവ്വ വിദ്യാർത്ഥികളുടെയും പ്രാദേശിക ജനസമൂഹത്തിന്റെയുമൊക്കെ പിന്തുണയോടുകൂടി വിദ്യാലയങ്ങളിൽ എങ്ങനെയാണ് അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുകയെന്നത് നാം കാണിച്ചുകൊടുത്തു. അതേ മാതൃകയിൽ കലാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പൊതു സമൂഹത്തിന്റെയും പ്രാദേശിക ജനസമൂഹത്തിന്റെയും പങ്കാളിത്തവും ഇടപെടലും കൂടുതൽ ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ ഈ കാലയളവിലുണ്ടായിട്ടുണ്ട്. സർക്കാരും കലാലയ സമൂഹവും പ്രാദേശിക ജനസമൂഹവും കൈകോർത്തുകൊണ്ട് നമ്മുടെ കലാലയങ്ങളെ മികവിന്റെ മേഖലകളിലേയ്ക്ക് നയിക്കുകയെന്നതു തന്നെയാണ് ഉദ്ദേശിക്കുന്നത്. എൻ.ഐ.ആർ.എഫ്. (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്)-ന്റെ റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾ വളരെ പിന്നിലാണെന്ന ഒരു പരാമർശംകൂടി പ്രതിപക്ഷം വിയോജനക്കുറിപ്പിൽ ഉയർത്തുകയുണ്ടായി. അത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ സർവ്വകലാശാലകൾ സാമാന്യേന ഉയർന്ന റാങ്കിംഗ് തന്നെയാണ് നിലനിർത്തിപ്പോരുന്നത്. നാല് സർവ്വകലാശാലകൾ ആദ്യത്തെ നൂറ് സ്ഥാനങ്ങളിൽ ഇടംപിടിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ കാര്യംതന്നെയാണ്. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സർവ്വകലാശാലകളോടൊപ്പം നാഷണലി റെപ്യൂട്ടഡായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളും അക്കാദമികളുമൊക്കെ പരിഗണിക്കപ്പെടുന്നുണ്ട്. അത്തരത്തിൽ ഐ.ഐ.ടി.-കളുൾപ്പെടുന്ന നാഷണലി അക്ലെയിംഡായ സ്ഥാപനങ്ങളെ മാറ്റിനിർത്തി സർവ്വകലാശാലകളെ മാത്രമെടുത്ത് പരിശോധിച്ചാൽ കേരള യൂണിവേഴ്സിറ്റിക്ക് 16-ഉം എം.ജി. യൂണിവേഴ്സിറ്റിക്ക് 19-ഉം കുസാറ്റിന് 26-ഉം കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് 40-ഉം സ്ഥാനമാണുള്ളത്. ഇത്തരത്തിലൊരു വികസന നേട്ടം, ഗുണമേന്മ ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. ഇന്ത്യയിലെ ഒരു കൊച്ചു സംസ്ഥാനമായ കേരളത്തിലെ നാല് സർവ്വകലാശാലകൾ അമ്പതാം സ്ഥാനത്തിനകത്തുവരുന്നത് അഭിമാനകരമാണ്. വിയോജനക്കുറിപ്പിൽ ഉന്നയിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും അടിസ്ഥാനരഹിതമാണെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആരോഗ്യ സർവ്വകലാശാലയുടെ സെനറ്റ്, സിൻഡിക്കേറ്റ് തുടങ്ങിയ ബോഡികളുടെ ഘടനയെക്കുറിച്ച് ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ

സൂചിപ്പിച്ചു. ആരോഗ്യ സർവ്വകലാശാല ആരോഗ്യ വകുപ്പിന് കീഴിലാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളെക്കുറിച്ചാണ് ഈ ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. ആരോഗ്യ സർവ്വകലാശാലയുമായി ബന്ധപ്പെട്ട സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പു തന്നെ ആവശ്യമായ നിയമനിർമ്മാണം നടത്തുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സ്വയംഭരണ കോളേജുകളുടെ പരീക്ഷാ നടത്തിപ്പ്, ഇന്റേണൽ അസെസ്സ്മെന്റ്, കരിക്കുലം എന്നിവയുടെ കാര്യത്തിൽ ജാഗ്രതാപൂർവ്വം ഇടപെടണമെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും പരീക്ഷാ നടത്തിപ്പിന്റെയും ഇന്റേണൽ അസെസ്സ്മെന്റിന്റെയും കാര്യത്തിൽ സ്ഥാപിത താത്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന രീതി ഇന്ന് മിക്കവാറും എല്ലാ ഓട്ടോണമസ് കോളേജുകളിലുമുണ്ട്. തങ്ങളുടെ സ്ഥാപനത്തിന്റെ ഗുണമേന്മ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി പരീക്ഷാ നടത്തിപ്പിലും ഇന്റേണൽ അസെസ്സ്മെന്റിലും വെള്ളംചേർക്കുന്ന സമീപനം ചില സ്ഥാപനങ്ങളെങ്കിലും പരസ്യമായി ഉയർത്തിപ്പിടിക്കുന്നുണ്ടെന്നത് ഖേദകരമാണ്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ജാഗ്രതാപൂർണ്ണമായ മേൽനോട്ടം ഉണ്ടാകുന്നതുതന്നെയാണ് നല്ലതെന്ന് കരുതുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അദ്ദേഹം ഇവിടെ സൂചിപ്പിച്ച 'ആശ്രിതവാൽസല്യം' എന്ന പദംതന്നെ ഞാൻ ആവർത്തിക്കുകയാണ്. ആശ്രിതവാൽസല്യം പോലെതന്നെ പക്ഷപാതപരമായും മുൻവിധികളോടെയും വിദ്യാർത്ഥികളെ സമീപിക്കുന്ന രീതി ഓട്ടോണമസ് കോളേജുകൾ സ്വീകരിക്കുന്നുവെന്നത് ഖേദകരമാണ്. മാത്രമല്ല, NAAC അക്രെഡിറ്റേഷനോ ഓട്ടോണമസ് പദവിയോ ലഭിച്ചുകഴിഞ്ഞാൽ ഗുണനിലവാരം നിലനിർത്തുന്നതിനെപ്പറ്റി അവർക്ക് ജാഗ്രതയില്ലെന്ന കാര്യം ശരിതന്നെയാണെന്ന് പറയേണ്ടിയിരിക്കുന്നു. കോളേജ് അദ്ധ്യാപകർക്ക് ഉയർന്ന ശമ്പളവും സാമൂഹ്യ പദവിയുമൊക്കെ ലഭിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ഒട്ടനവധി വർഷങ്ങൾ വിദ്യാഭ്യാസത്തിനായി ചെലവഴിച്ച് പി.എച്ച്ഡി. നേടിയശേഷമാണ് നമ്മുടെ അദ്ധ്യാപകർ കലാലയങ്ങളിൽ ജോലിക്കായി എത്തുന്നത്. അവരുടെ വിദ്യാഭ്യാസ യോഗ്യതകൾക്ക് ആനുപാതികമായ ശമ്പളവും സാമൂഹ്യ പദവിയും തന്നെയാണ് അവർക്ക് ലഭിക്കുന്നതെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അദ്ധ്യാപകരുടെ നിലവാരം ഉയർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഇപ്പോൾ നിരവധി സമിതികളുണ്ട്. നിരന്തരം സ്വയം നവീകരിച്ചുകൊണ്ടല്ലാതെ ഇന്നത്തെ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് കലാലയങ്ങളിലും സർവ്വകലാശാലകളിലും നിലനിന്നു പോകാനാകില്ല. സർവ്വകലാശാലാ

പരിഷ്കരണത്തിന്റെ എല്ലാ തലങ്ങളിലും ഇടപെടാൻ അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു. വേണ്ട വിധത്തിൽ പൂർണ്ണമായും കഴിയുന്നില്ലെങ്കിൽപ്പോലും നമ്മുടെ സർവ്വകലാശാലാ സംവിധാനത്തെ മുന്നോട്ട് നയിക്കുന്നതിനും പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സൈദ്ധാന്തികവും പ്രായോഗികവുമായിട്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് വലിയ പങ്കുണ്ട്. ആ രീതിയിൽ അവരത് നിർവ്വഹിക്കുന്നുമുണ്ട്. കാലാനുസാരിയായി സ്വയം നവീകരിക്കാതെയും പേപ്പറുകൾ പബ്ലിഷ് ചെയ്യാതെയും അക്കാദമികമായിട്ടുള്ള ഊർജ്ജം കൈവരിക്കാതെയും സെമിനാറുകളിലും സിമ്പോസിയങ്ങളിലും കോൺഫറൻസുകളിലും പങ്കെടുക്കാതെയും ഇന്ന് അദ്ധ്യാപകർക്ക് നിലനിൽപ്പില്ല. സർവ്വകലാശാല സംബന്ധിച്ചുള്ള പരിഷ്കരണ പരിശ്രമങ്ങളിലേയ്ക്ക് നമുക്ക് കൂടുതൽ അദ്ധ്യാപകരെ കൊണ്ടുപോകേണ്ടതുണ്ട്. പുരോഗമനപരമായി കരിക്കുലം രൂപപ്പെടുത്താൻ അക്കാദമിക് ബോഡികൾക്ക് കഴിയുന്ന സ്ഥിതിയുണ്ടാകണം എന്നദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിനൊക്കെ സഹായകരമായ രീതിയിലാണ് സർക്കാരിന്റെയും സർവ്വകലാശാലകളുടെയും നിതാന്ത ജാഗ്രത എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ടുണ്ടാകേണ്ടതുണ്ടെന്ന് നിഷ്കർഷിക്കുന്നത്. ഓട്ടോണമസ് കോളേജുകളെ സ്വതന്ത്രമായി വിഹരിക്കാൻ വിടാൻ കഴിയില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതുപോലെ എക്സ്പെർട്ടൈസല്ലാത്ത അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നുവെന്ന് സൂചിപ്പിച്ചു. അത് സാമാന്യവൽക്കരിക്കാൻ കഴിയില്ലെങ്കിൽപ്പോലും ആ പ്രതിഭാസം നിലനിൽക്കുന്നുവെന്നുള്ളത് അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെ അദ്ധ്യാപനത്തിന്റെ കാര്യത്തിലും അദ്ധ്യയനത്തിന്റെ കാര്യത്തിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം എല്ലാ സ്ഥാപനങ്ങളിലും അനിവാര്യമാണ്. ഓട്ടോണമസ് കോളേജുകൾക്കും അതിന് അപവാദമായി നിൽക്കാൻ സാദ്ധ്യമല്ല എന്നാണ് പറയാനുള്ളത്. കുട്ടികളെ പീഡിപ്പിക്കുന്ന സാഹചര്യത്തെ സംബന്ധിച്ച് നെന്മാറ അംഗം ശ്രീ. കെ. ബാബു ഇവിടെ സംസാരിച്ചപ്പോൾ പ്രൊഫഷണൽ കോളേജുകളിലാണ് കൂടുതൽ പീഡനം നടക്കുന്നതെന്ന് സൂചിപ്പിച്ചു. അതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഓട്ടോണമസ് കോളേജുകളിൽ ഈ നിലയിലുള്ള പരാതി പരിഹാര സംവിധാനങ്ങൾ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ഉയർന്നുവന്ന കാര്യങ്ങൾക്കൊക്കെ സാമാന്യേന മറുപടി പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഗവേണിംഗ് ബോഡികളിൽ മാനേജ്മെന്റിന്റെ താത്പര്യാർത്ഥമുള്ള നിക്ഷിപ്ത താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പങ്കാളിത്തത്തിനുപകരം മറിച്ച് അദ്ധ്യാപക-വിദ്യാർത്ഥി താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പങ്കാളിത്തമാണുണ്ടാകേണ്ടത് എന്നുള്ളതുകൊണ്ടാണ് അദ്ധ്യാപകരുടെ പ്രാതിനിധ്യം

തെരഞ്ഞെടുപ്പിലൂടെതന്നെ ഉറപ്പുവരുത്തണമെന്ന് പറയുന്നത്. തീർച്ചയായും സമയ ബന്ധിതമായ പരാതി പരിഹാരവും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള IQAC പോലുള്ള സംവിധാനങ്ങളുമെല്ലാം തന്നെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് കൊണ്ടു വന്നിട്ടുള്ളത്.

സ്വതന്ത്രമായ സംഘടനാ പ്രവർത്തനത്തെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്ത എല്ലാവരും ഏകമനസ്സോടുകൂടിത്തന്നെ അംഗീകരിക്കുകയുണ്ടായി. ഒരുപക്ഷേ പ്രതിപക്ഷം ഇവിടെയുണ്ടെങ്കിൽ അവരും അതിനോട് യോജിക്കുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഒരു ജനാധിപത്യ രാജ്യത്ത് സമഗ്രമായ കാഴ്ചപ്പാടോടുകൂടി, സംഘബോധത്തോടുകൂടി പരസ്പരം ഉൾക്കൊള്ളുന്നവരായി മുന്നോട്ടുപോകാനും പ്രശ്നങ്ങളെ തന്റേടത്തോടുകൂടി അഭിമുഖീകരിക്കാനുമൊക്കെത്തന്നെ സംഘടനാ പ്രവർത്തനം സഹായിക്കുന്നു എന്നുമാത്രമല്ല, ജനാധിപത്യ വിരുദ്ധവും നീതിരഹിതവുമായ സംഭവങ്ങൾ ക്യാമ്പസിൽ നടക്കുമ്പോൾ ചൂണ്ടുന്ന ഓരോ വിരലിനും പിറകിൽ അപകടകരമായ പ്രതികരണങ്ങൾ കാത്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ടുതന്നെ അനീതിക്കെതിരെ വിരൽ ചൂണ്ടാനും പ്രതികരിക്കാനും നമ്മുടെ വിദ്യാർത്ഥി സമൂഹത്തിനെ പ്രാപ്തരാക്കിയിട്ടുള്ളത് ഇവിടത്തെ വിദ്യാർത്ഥി സംഘടനകൾ തന്നെയാണ്. അത്തരത്തിലുള്ള സംഘടനാ സ്വാതന്ത്ര്യത്തിന്റെ അഭാവത്തിലാണ് റാഗിംഗും ഇപ്പോഴിവിടെ സൂചിപ്പിച്ചതുപോലെ സഹപാഠിയെ കഴുത്തറുത്ത് കൊല്ലുക എന്നൊക്കെയുള്ള സംഭവങ്ങളും അനുവർത്തിക്കപ്പെടുന്നത്. തീർച്ചയായും ജനാധിപത്യപരമായിട്ടുള്ള അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള കുട്ടികളുടെ സാദ്ധ്യതകൾ അടച്ചുകളയാനല്ല മറിച്ച് സർഗ്ഗാത്മകമായ രീതിയിൽ ആ ജനാധിപത്യ സംവിധാനത്തെ കൊണ്ടുപോകാനാണ് നാം പരിശ്രമിക്കേണ്ടത്. അതിനാവശ്യമായ ദിശാബോധമാണ് കുട്ടികൾക്ക് നാം പകർന്ന് കൊടുക്കേണ്ടത്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ കോവിഡിന്റെ അടച്ചിരിപ്പ് കാലത്തിനുശേഷം ഒരുപാട് മാനസിക സംഘർഷങ്ങളെയും സമ്മർദ്ദങ്ങളെയും അതിജീവിച്ചുകൊണ്ട് നമ്മുടെ കുട്ടികൾ വീണ്ടും കലാലയങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം കാനത്തിൽ ജമീലയൊക്കെ സൂചിപ്പിച്ചതുപോലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ സമഗ്ര പരിഷ്കരണങ്ങൾക്ക് രൂപം കൊടുക്കാൻ നാം തയ്യാറാകുകയാണ്. എല്ലാ രീതിയിലും, അന്തർ സർവ്വകലാശാലാ തലത്തിലും അന്തർ വൈജ്ഞാനിക മേഖലാടിസ്ഥാനത്തിലുമൊക്കെയുള്ള പുതിയ കോഴ്സുകൾ വിഭാവന ചെയ്യാനും പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കാനുമൊക്കെയുള്ള പരിശ്രമം നടക്കുമ്പോൾ,

ലോകോത്തര നിലവാരത്തിലേയ്ക്കുതന്നെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൊണ്ടുപോകാൻ ആഗ്രഹിക്കുമ്പോൾ അതിനനുസൃതമായിട്ടുള്ള നിയമനിർമ്മാണങ്ങളാണ് ഈ മേഖലയിലുണ്ടാകേണ്ടത്. അതിനുള്ള പരിശ്രമത്തിന്റെ ഭാഗമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട രണ്ട് ബില്ലുകളും ഇനി വരാനിരിക്കുന്ന നിയമനിർമ്മാണങ്ങളും എന്നുമാത്രം സൂചിപ്പിച്ചുകൊണ്ടും ഈ ബില്ലുകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i)2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri K. M. Sachindev: Sir, I move the following amendments:

119. In section 2(7B) proposed to be substituted in the Kerala University Act, 1974, by clause 2(a)(v), before the word " one" the words " plan of study on" shall be inserted.

121. In section 2 (7B) proposed to be inserted in the Kerala University Act, 1974, by Clause 2(a) (v) the words " in accordance with the provisions of chapter VIII B of the Act" shall be deleted.

Shri M. Vijin: Sir, I move the following amendments:

122.In section 2 (9A) proposed to be inserted in the Kerala University Act, 1974, by Clause 2(a) (vi) the words and figures " section 69 LC" shall be substituted with the words " this Act" .

123. In section 2 (10A) proposed to be inserted in the Kerala University Act, 1974, by Clause 2(a) (vii) for the words and figures " section 69 LD" the words " this Act" shall be substituted.

Shri. M. S. Arun Kumar: Sir, I move the following amendments:

125. In section 2 (12A) proposed to be inserted in the Kerala University Act, 1974, by Clause 2(a) (viii) for the words and figures " section 69 LA" the words " this Act" shall be substituted.

127. In section 2 (17A) proposed to be inserted in the Kerala University Act, 1974, by Clause 2(a) (ix) for the words " an Autonomous" the article " a" shall be substituted.

Shri. K. U. Jenish Kumar: Sir, I move the following amendment:

128. In section 2 (17A) proposed to be inserted in the Kerala University Act, 1974, by Clause 2(a) (ix) for the words and figures " Chapter VIII B of the" the word " this" shall be substituted.

Shri. T. P. Ramakrishnan: Sir, I move the following amendments:

129. In section 5 (ia) proposed to be substituted in the Kerala University Act, 1974, by Clause 2(b) (i) shall be recast as " (ia) to declare by notification of autonomous status to a college which has been conferred autonomy or granted extension of autonomy by the University Grants Commission;"

160. In Section 69E (2)(e) proposed to be substituted in the Kerala University Act, 1974, by clause 2(j) (i)(c) shall be recast as follows:"

" (e) three Professors from outside the Autonomous College who are renowned academicians nominated by the University;"

257.Section 69 LD(6) proposed to be inserted in the Kerala University Act, 1974 shall be recast as follows:

" (6) the Finance Committee of an Autonomous College shall have the following powers and duties, namely:-

(a) to prepare the Budget of the Autonomous College and submit the same for the approval of the Governing Body;

(b) to prepare and scrutinize statement of accounts pertaining to the college, get it audited and submit it to the approval of Governing Body;

(c) to prepare budget estimates relating to the grants and other amounts received from the University Grants Commission, University and the Government;

(d) to advise the Governing Body on such matters bought to its notice."

Shri T. I. Madhusoodanan: Sir, I move the following amendments:

140. Section 65A(3) proposed to be inserted in the Kerala University Act, 1974 by Clause 2(e) shall be recast as follows.

" (3) the Inter University Consultation Committee for Autonomous Colleges shall consider matters to be resolved at the Government level in respect of matters affecting the Government, the University or an Autonomous College."

210. In section 69 I (2) (j) proposed to be substituted in The Kerala University Act, 1974, by Clause 2 (n) (ii), for the words " who shall be the ex-officio secretary of the Governing Body" the words " shal be the Chairman" shall be substituted, rearrange item (j) as item (a) and renumber subsequently.

Shri Antony John: Sir, I move the following amendment:

141. In section 69D(1) (iv) proposed to be inserted in the Kerala University Act, 1974 by Clause 2(i)(ii), the words " of an Autonomous College" shall be deleted.

Smt. O. S. Ambika: Sir, I move the following amendment:

142. In section 69D(1) (iv) proposed to be inserted in the Kerala University Act, 1974 by Clause 2(i)(ii), for the words " of an Autonomous College" the words " for Autonomous colleges" shall be substituted.

Shri N. K. Akbar: Sir, I move the following amendment:

162. In Section 69E (3) proposed to be substituted in the Kerala University Act, 1974, by clause 2(j)(ii) for the words " of an Autonomous College" the words " for Autonomous Colleges" shall be substituted" .

Shri Murali Perunelly: Sir, I move the following amendment:

168. In section 69E(5) proposed to be inserted in the Kerala University Act, 1974, by Clause 2(j)(iii), for the words and symbol " two-third" the words and symbol " two-thirds" shall be substituted.

Shri K. Babu (Nenmara): Sir, I move the following amendment:

172. In section 69G(1)(a) proposed to be inserted in the Kerala University Act, 1974, by Clause 2(l), shall be recast as follows:

" (a) Head of all the Departments offering the Programme or group of programmes concerned-senior most of them shall be Chairperson."

Shri P. P. Chitharanjan: Sir, I move the following amendment:

175. In Section 69(G)(1)(b) proposed to be substituted in the Kerala University Act, 1974 by Clause 2(l) shall be recast as follows:

" (b) One of the Faculty members teaching the course of the programme on group of programmes concerned;"

Shri Xavier Chittilappilly: Sir, I move the following amendment:

177. In Section 69(G)(1)(c) proposed to be substituted in the Kerala University Act, 1974 by Clause 2(l) before the word " concerned" the words " Or group of programmes" shall be substituted.

Dr. K. T. Jaleel: Sir, I move the following amendment:

179. In Section 69(G)(1)(d) proposed to be substituted in the Kerala University Act, 1974 by Clause 2(l) shall be recast as follows:

" (d) One expert each to be nominated by the Vice Chancellor from a panel of six experts in the programme or group of programmes concerned recommended by the Principal of the Autonomous College;"

Smt. Daleema: Sir, I move the following amendments:

191. In section 69 G(9) proposed to be substituted in the Kerala University Act, 1974 by Clause 2(l), for the words " such modification" the words " ratification of errors" shall be substituted.

193. In section 69 H(i) proposed to be substituted in the Kerala University Act, 1974 by Clause 2(m)(i), for the word " objects" the word " objectives" shall be substituted.

Shri P. Nandakumar: Sir, I move the following amendment:

192. In section 69 G(10) proposed to be substituted in the Kerala University Act, 1974 by Clause 2(l), for the words " two third" the words " two thirds" shall be substituted.

Shri C. K. Hareendran: Sir, I move the following amendment:

201.Section 69 H (viii) proposed to be inserted in the Kerala University Act, 1974 by Clause 2 (m) (iii) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic council of the college for the consideration and approval."

Shri K. P. Kunhammed Kutti Master: Sir, I move the following amendment:

207. In section 69 I (2) (b) proposed to be substituted in The Kerala University Act, 1974 by Clause 2 (n) (ii), after the words " may be" the words " who shall be member secretary" shall be inserted wherever it occurs.

Shri. Linto Joseph: Sir, I move the following amendment:

209. In section 69 I (2) (d) proposed to be substituted in The Kerala University Act, 1974, by Clause 2 (n) (ii), before the words " the Director" the words " the Government on the advice of" shall be inserted.

Shri M. M. Mani: Sir, I move the following amendment:

212. In section 69 I(4)(b) proposed to be substituted in the Kerala University Act 1974, by Clause 2(n)(iv) shall be recast as follows:

" (b) four renowned academicians nominated by the Educational Agency;"

Shri K. J. Maxy: Sir, I move the following amendment:

215. In section 69 I(4)(k) proposed to be substituted in the Kerala University Act 1974, by Clause 2(n)(iv), for the word " *ex-officio*" the word " Member" shall be substituted.

Shri. K. Premkumar: Sir, I move the following amendments:

251. In section 69 LD(4) proposed to be inserted in the Kerala University Act, 1974 by Clause 2(r) for the words " such modification" the words " rectify errors" shall be substituted.

259. In section 69LE(1) proposed to be inserted in the Kerala University Act, 1974 by clause 2(r), for the words " of an" the words " in each" shall be substituted.

267. In section 69LE(2) proposed to be inserted in the Kerala University Act, 1974 by clause 2(r) for the words " The Students Grievance Redressal Committee of an Autonomous College shall" the words " The meeting of the Students' Grievance Redressal Committee of an Autonomous college shall be convened" shall be substituted.

Shri K. D. Prasenan: Sir, I move the following amendment:

258. In section 69LE(1) proposed to be inserted in the Kerala University Act, 1974 by clause 2(r), for the words " Students Grievance Redressal Committee" the words and symbol " Students' Grievance Redressal Committee" shall be substituted, wherever it occurs.

Shri M. Rajagopalan: Sir, I move the following amendment:

272. In section 69M(1) proposed to be substituted in the Kerala University Act, 1974 by Clause 2(s) for the words " intends to change its status to an autonomous one" the words " is desirous to obtain an autonomous status it" shall be substituted.

Shri H. Salam: Sir, I move the following amendments:

285. In section 69 N(1) proposed to be substituted in the Kerala University Act 1974, by Clause 2(t) after the words " the college" the words " not below the rank of Associate Professor" shall be inserted.

286. In section 69 OA(3) proposed to be substituted in the Kerala University Act 1974, by Clause 2(u) for the words " members in the" the words " members of the " shall be substituted.

Smt. Santhakumari K.: Sir, I move the following amendment:

296. In section 69 OA(16) proposed to be inserted in the Kerala University Act, 1974 by Clause 2(u), after the word and symbol " status." the words and symbol " , but fees and any other charges shall not be adversely reversed." shall be substituted.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ 133-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലിയുടെ 135-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കെ. രാമചന്ദ്രന്റെ 281-ാം നമ്പർ ഭേദഗതിയും ശ്രീ. എ. സി. മൊയ്തീന്റെ 219-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

133. In section 65(3) proposed to be substituted in the Kerala University Act, 1974 by Clause 2(d), for the word " nomination" the word " appointment" shall be substituted.

135. In section 65(8) proposed to be substituted in the Kerala University Act, 1974 by Clause 2(d), after the word " not" the symbol " ," shall be inserted.

219. In the second proviso to section 69 J proposed to be substituted in the Kerala University Act 1974, by Clause 2(o) for the word " termination" the words " the date he ceases to hold" shall be substituted.

281. In section 69M(8) proposed to be substituted in the Kerala University Act, 1974 by Clause 2(s) for the word " their" the word " its" shall be substituted.

മി. സ്പീക്കർ: 124-ാം നമ്പർ ഭേദഗതി 123-ാം നമ്പർ ഭേദഗതിക്കും 194-ാം നമ്പർ ഭേദഗതി 193-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

175. In Section 69(G)(1)(b) proposed to be substituted in the Kerala University Act, 1974 by Clause 2(l) shall be recast as follows:

" (b) One of the Faculty members teaching the course of the programme concerned nominated by the chairman;"

ശ്രീമതി ദെലീമ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതിയും ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എം. മണി അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ശ്രീമതി ദെലീമ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതിയും ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതിയും ശ്രീ. എം. എം. മണി അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 119, 121 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 122, 123 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 125, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 129, 160, 257 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 140, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 251, 259, 267 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Dr. Sujith Vijayanpillai: Sir, I move the following amendment:

311. In section 2(9A) proposed to be inserted in the Calicut University Act, 1975 by Clause 3(a)(vi) the words and figures " section 68 MC" shall be substituted with the words " this Act" .

Shri P. V. Sreenijin: Sir, I move the following amendments:

315. In section 2(17A) proposed to be inserted in the Calicut University Act, 1975 by Clause 3(a)(ix) for the words " Chapter VIII B of the" the word " this" shall be substituted.

320. In Section 65A(3) proposed to be inserted in the Calicut University Act, 1975 by Clause 3(e) the word " mutually" shall be deleted.

322. Section 65A(3) proposed to be inserted in the Calicut University Act, 1975 by Clause 3(e), shall be recast as follows.

" (3) The Inter University Consultative Committee for Autonomous Colleges shall consider matters to be resolved at Government level in respect of matters affecting the Government, the University or an Autonomous College."

Shri K. V. Sumesh: Sir, I move the following amendments:

316. Section 5(ia) proposed to be substituted by the Calicut University Act, 1975 by Clause 3(b)(i), shall be recast as follows:

" (ia) to declare by notification of autonomous status to a college which has been conferred autonomy or granted extension of autonomy by the University Grants Commission;" .

323. In section 68E(1)(iv) proposed to be substituted in the Calicut University Act, 1975, by Clause 3(i)(ii), the words " of an Autonomous College" shall be deleted.

Shri K. N. Unnikrishnan: Sir, I move the following amendment:

321. In Section 65A(3) proposed to be inserted in the Calicut University Act, 1975 by Clause 3(e) for the words and symbols " affecting the Government and the University." the words and symbols " affecting the Government, the University or an Autonomous College." shall be substituted.

Shri K. M. Sachindev: Sir, I move the following amendments:

326. In section 68E(1)(vii) proposed to be substituted in the Calicut University Act, 1975, by Clause 3(i)(ii), the words " of an Autonomous College" shall be deleted.

328. In section 68E(1)(viii) proposed to be substituted in the Calicut University Act, 1975, by Clause 3(i)(ii), the words " of an Autonomous College" shall be deleted.

Shri Xavier Chittilappilly: Sir, I move the following amendment:

327. In section 68E(1) proposed to be substituted in the Calicut University Act, 1975, by Clause 3(i)(ii), after the item (vii) a new item below shall be inserted and rest shall be renumbered subsequently. " (viii) Students' Council;"

Shri Sebastian Kulathunkal: Sir, I move the following amendments:

330. In section 68F(2)(d) proposed to be substituted in the Calicut University Act, 1975, by Clause 3(j)(i)(b), after the word " finance" the words " information technology" shall be inserted.

334. In section 68 F (5) proposed to be inserted in the Calicut University Act, 1975 by Clause 3 (j) (iii), before the words " two-third" the words " more than" shall be inserted.

373. In the proviso to section 68 L(1) proposed to be substituted in the Calicut University Act, 1975 by clause 3(p)(1), for the word " ten" the word " seven" shall be substituted.

374. In section 68 L (2) proposed to be substituted in the Calicut University Act, 1975 by clause 3(p)(2), for the words " Two third" the words " more than half" shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendments:

332. Section 68 F (2) (e) proposed to be substituted in the Calicut University Act, 1975 by Clause 3 (j) (i) (c), shall be recast as follows:

" (e) three professors from outside the Autonomous College who are renowned academicians nominated by the University;"

375. In section 68 L (3) proposed to be substituted in the Calicut University Act, 1975 by clause 3(p) a proviso as follows shall be inserted.

" Provided that in the case of Governing Body convened on the request of Members the aforementioned period shall be four calendar days" .

Shri N. K. Akbar: Sir, I move the following amendments:

337. In section 68 F (8) proposed to be substituted in the Calicut University Act, 1975 by Clause 3 (j) (iii) for the words " such modification" the words " ratification of errors" shall be substituted.

342. In section 68H(1)(c) proposed to be substituted in the Calicut University Act, 1975 by Clause 3(l), before the word " concerned" the words " or a group of programmes" shall be inserted.

Shri Antony John: Sir, I move the following amendment:

340. Section 68H(1)(b) proposed to be substituted in the Calicut University Act, 1975 by Clause 3(l) shall be recast as follows:

" (b) one of the Faculty members teaching the course of the programme or group of programmes concerned;"

Smt. O. S. Ambika: Sir, I move the following amendment:

344. Section 68H(1)(d) proposed to be substituted in the Calicut University Act, 1975 by Clause 3(l) shall be recast as follows.

" (d) one expert each to be nominated by the Vice-Chancellor from a panel of six experts in the programme or group of programmes concerned recommended by the Principal of the Autonomous College;"

Shri K Babu (Nenmara): Sir, I move the following amendments:

355. In Section 68I (I) proposed to be substituted in the Calicut University Act, 1975, by clause 3(m)(i) for the words " objects" the word ' objectives' shall be substituted.

358. In Section 68I (viii) proposed to be substituted in the Calicut University Act, 1975, by clause 3(m) (iii) for the words " modify as" the words " to suggest any modification' ' shall be substituted.

Shri P. P. Chitharanjan: Sir, I move the following amendments:

359. In Section 68I (viii) proposed to be inserted in the Calicut University Act, 1975, by clause 3(m) (iii) for the words " the same" the words " a report thereon' ' shall be substituted.

362. Section 68J (2)(a) proposed to be substituted in the Calicut University Act, 1975, by clause 3(n) (ii)shall be recast as follows:

" (a) Three eminent persons who shall be an educationalist, industrialist or professional nominated by the Government – Members;"

Smt. Daleema: Sir, I move the following amendments:

364. In Section 68J (2)(b) proposed to be substituted in the Calicut University Act, 1975, by clause 3(n)(ii) after the words " may be" the words " who shall be member secretary' ' shall be inserted.

366. In Section 68J (2)(d) proposed to be substituted in the Calicut University Act, 1975, by clause 3(n)(ii) before the words " the Director" the words " the Government on the advice of' shall be inserted.

Shri C. K. Hareendran: Sir, I move the following amendments:

367. In section 68J(2)(j) proposed to be substituted in the Calicut University Act, 1975 by clause 3(n)(ii), for the words " who shall be the ex-officio Secretary of the Governing Body" the words " shall be the Chairman" shall be substituted.

368. In section 68J(4)(b) proposed to be substituted in the Calicut University Act, 1975 by clause 3(n)(iv), for the word " interest" the word " record" shall be substituted.

Dr. K. T. Jaleel: Sir, I move the following amendments:

369. Section 68J(4)(b) proposed to be substituted in the Calicut University Act, 1975 by clause 3(n)(iv), shall be recast as follows

" (b) Four renowned academicians nominated by the Educational Agency;"

370. In section 68J(4)(k) proposed to be substituted in the Calicut University Act, 1975 by clause 3(n)(iv), for the word " ex-officio" the word " Member" shall be substituted.

384. Section 68 MD(6) proposed to be inserted in the Calicut University Act, 1975 by Clause 3(r) shall be recast as follows

" (6) The Finance Committee of an Autonomous College shall have the following powers and duties, namely:-

(a) to prepare the Budget of the Autonomous College and submit the same for the approval of the Governing Body;

(b) to prepare and scrutinize statement of accounts pertaining to the college, get it audited and submit it to the approval of Governing Body;

(c) to prepare budget estimates relating to the grants and other amounts received from the University Grants Commission, University and the Government;

(d) to advise the Governing Body on such matters brought to its notice."

Smt. Kanathil Jameela: Sir, I move the following amendments:

381. Section 68 MD(1)(b) proposed to be inserted in the Calicut University Act, 1975 by Clause 3(r) shall be recast as follows

" (b) The two teachers of the Autonomous college and who are members of the Governing Body;"

383. In section 68 MD(4) proposed to be inserted in the Calicut University Act, 1975 by Clause 3(r) the words " such modification" the words " rectify errors" shall be substituted.

Shri O. R. Kelu: Sir, I move the following amendments:

382. In section 68 MD(2) proposed to be inserted in the Calicut University Act, 1975 by Clause 3(r) for the words " The Finance Committee of an Autonomous College shall meet" the words " The meeting of The Finance Committee of an Autonomous Colleges shall be convened" shall be substituted.

391. In section 68 N(1) proposed to be substituted in the Calicut University Act 1975, by clause 3(s) for the words " intends to change if status to an autonomous one" the words " is desirous to obtain an autonomous status it" shall be substituted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment:

390. In section 68 ME(2) proposed to be inserted in the Calicut University Act 1975, by clause 3(r) for the words " The students Grievance Redressal Committee of an Autonomous College shall meet" the words " The meeting of the Students' Grievance Redressal Committee of an Autonomous College shall be convened" shall be substituted.

Shri Linto Joseph: Sir, I move the following amendments:

393. In section 68 N(2) proposed to be substituted in the Calicut University Act 1975, by clause 3(s) for the word and symbols " faculty facilities for the conduct of assessment and evaluation with confidentiality and transparency," the words and symbols " faculty, facilities for assessment and evaluation with transparent norms adhering to confidentiality" shall be substituted.

394. In section 68 N(8) proposed to be substituted in the Calicut University Act 1975, by clause 3(s) for the word " surrender" the word " relinquish" shall be substituted.

Shri T. I. Madhusoodanan: Sir, I move the following amendments:

395. In section 68 N(8) proposed to be substituted in the Calicut University Act, 1975 by Clause 3(s), for the word " their" the word " its" shall be substituted.

396. In section 68 O(1) proposed to be substituted in the Calicut University Act, 1975 by Clause 3(t), after the word " college" the words " not below the rank of Associate Professor" shall be inserted.

Shri M. M. Mani: Sir, I move the following amendments:

400. In section 68 Q(3) proposed to be inserted in the Calicut University Act, 1975 by Clause 3(v)(ii), for the word " commencement" the word " introduction" shall be substituted.

403. In the proviso to section 68 Q(12) proposed to be substituted in the Calicut University Act, 1975 by Clause 3(v)(ii), for the word " for" the word " to" shall be substituted.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ 360-ാം നമ്പർ ഭേദഗതിയും ശ്രീ. പി. മമ്മിക്കുട്ടിയുടെ 397-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. യു. ജനീഷ് കുമാറിന്റെ 372-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

360. Section 68I (viii) proposed to be inserted in the Calicut University Act, 1975, by clause 3(m) (iii) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval."

372. In the second proviso to section 68 K proposed to be substituted in the Calicut University Act, 1975 by clause 3(o) for the word " termination" the words " the date he ceases to hold" shall be substituted.

397. In section 68 PA(3) proposed to be inserted in the Calicut University Act, 1975 by Clause 3(u), for the words " members in the" the words " members of the" shall be substituted.

മി. സ്പീക്കർ: 335-ാം നമ്പർ ഭേദഗതി 336-ാം നമ്പർ ഭേദഗതിക്കും 354-ാം നമ്പർ ഭേദഗതി 353-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

340. Section 68H(1)(b) proposed to be substituted in the Calicut University Act, 1975 by Clause 3(l) shall be recast as follows:

" (b) one of the Faculty members teaching the course of the programme concerned nominated by the Chairman;"

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതിയും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി ഭേദഗതി യോടുകൂടിയും ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതിയും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 315, 320, 322 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 316, 323 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 326, 328 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 330, 334, 373, 374 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 332, 375 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 337, 342 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 359, 362 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 364, 366 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 367, 368 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 370, 384 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 381, 383 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 382, 391 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 393, 394 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 400, 403 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

<u>Shri K. J. Maxy</u>: Sir, I move the following amendments:

405. In Section 2(7B) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(a)(v) before the word " one" the words " a plan of study on" shall be inserted.

407. In Section 2(7B) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(a)(v) for the words " in accordance with the provisions of Chapter IX of the Act" shall be deleted.

<u>Shri Murali Perunelly</u>: Sir, I move the following amendment:

413. In Section 2(19B) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(a) (ix) for the words " Chapter IX of the" the word " this " shall be substituted.

Shri K. N. Unnikrishnan: Sir, I move the following amendments:

415. Section 69 proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4 (d) shall be recast as follows:

" 69. Appellate Tribunal - The Appellate Tribunal constituted under section 65 of the Kerala University Act, 1974 (17 of 1974) shall function as the Appellate Tribunal for adjudicating dispute on any of the matter provided in this Act."

488. In section 118(12) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(v) (ii), for the word " for" the word " to" shall be substituted.

Shri P. Nandakumar: Sir, I move the following amendments:

418. In section 69 A(3) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4 e for the words and symbols " affecting the Government and the University." the words and symbols " affecting the Government, the University or an Autonomous College." shall be substituted.

420. In section 106 (1) (iv) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(i) (ii) the words " of an Autonomous College" shall be deleted.

421. In section 106 (1) (v) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(i) (ii) the words " of an Autonomous College" shall be deleted.

Shri T. P. Ramakrishnan: Sir, I move the following amendments:

419. Section 69 A (3) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(e) shall be recast as follows :

" (3) The Inter University Consultative Committee for Autonomous Colleges shall consider matters to be resolved at Government level respect of matters affecting the Government, the University or an Autonomous College."

455. In section 111(2)(j) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (ii), for the words " who shall be the ex-officio Secretary of the Governing Body" the words " shall be the Chairman" shall be substituted.

456. In section 111(4)(b) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (iv), for the word " interest" the word " record" shall be substituted.

Shri A. Prabhakaran: Sir, I move the following amendments:

422. In section 106 (1) (vi) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(i) (ii) the words " of an Autonomous College" shall be deleted.

423. In section 106 (1) (vii) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(i) (ii) the words " of an Autonomous College" shall be deleted.

444. In section 109(10) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) for the words " two third" the words " two thirds" shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendments:

427. In section 107(2)(d) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(j)(i) (b) after the word " finance" the word " information technology" shall be inserted.

430. In section 107(5) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(j)(iii) before the word " two-third" the words " more than" shall be substituted.

461. In the proviso of section 113(1) proposed to be substituted in the Mahatma Gandhi University Act, 1985 by Clause4(P) for the word " ten" the word " seven" shall be substituted.

462. In the section 113(2) proposed to be inserted in the Mahatma Gandhi University Act, 1985 by Clause4(P) for the words " Two third" the words " More than half" shall be substituted.

Shri V. K. Prasanth: Sir, I move the following amendments:

429. Section 107(2)(e) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(j)(i) (c) shall be recast as follows.

" (e) three professors from outside the Autonomous college who are renowned academicians nominated by the University" ;

432. In section 107(8) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(j)(iii) for the words " such modification" the words " ratification of errors" shall be substituted.

Shri K. D. Prasenan: Sir, I move the following amendments:

433. Section 109(1)(a) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) shall be recast as follows

" (a) Head of all the Departments offering the programme or group of programmes concerned senior most of them shall be Chairperson."

436. In section 109(1)(c) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) before the word " concerned" the words " or a group of programmes" shall be inserted.

Smt. U. Prathibha: Sir, I move the following amendment:

434. Section 109(1)(b) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) shall be recast as follows

" (b) One of the Faculty members teaching the course of the programme or group of programmes concerned;"

Shri K. Premkumar: Sir, I move the following amendment:

438. Section 109(1)(d) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) shall be recast as follows:

" from a panel of six experts in the programme or group of programmes concerned recommended by the Principal of the Autonomous college;"

" (d) one expert each to be nominated by the Vice Chancellor."

Shri A. Raja: Sir, I move the following amendments:

447. In section 110(viii) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(m) (iii) for the words " modify as" the words " to sugges any modification" shall be substituted.

448. In section 110(viii) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(m) (iii) for the words " the same" the words " a report thereon" shall be substituted.

451. Section 111(2)(a) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(n)(ii) shall be recast as follows:

" (a) Three eminent persons who shall be an educationalist, industrialist or professional nominated by the Government-Members;"

Shri M. Rajagopalan: Sir, I move the following amendment:

449. Section 110(viii) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(m)(iii) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval"

Shri K. K. Ramachandran: Sir, I move the following amendments:

453. In section 111(2)(b) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (ii), after the words " may be" the words " who shall be Member Secretary" shall be inserted it as item (j) and renumber accordingly.

454. In section 111(2)(d) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (ii), before the words " the Director" wherever it occurs, the words " the Government on the advice of" shall be inserted.

Shri K. M. Sachindev: Sir, I move the following amendments:

457. Section 111(4)(b) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (iv), shall be recast as follows:

" (b) Four renowned academicians nominated by the Educational Agency;" .

458. In section 111(4)(k) proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(n) (iv), for the word " ex-officio" the word " Member" shall be substituted.

Shri H. Salam: Sir, I move the following amendments:

460. In the second proviso to section 112 proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(o), for the word " termination" the words " the date he cease to hold such office" shall be substituted.

464. In the section 113(3) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(P) the following proviso shall be inserted " Provided that in the case of Governing Body convened on the request of Members the aforementioned period shall be four Calendar days."

Smt. Santhakumari K.: Sir, I move the following amendments:

465. In the section 114A(2) proposed to be inserted in the Mahatma Gandhi University Act, 1985 by Clause4(r) for the word " jurisdiction" the words " control and supervision" shall be substituted.

471. In section 114 E(1) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(r), for the words " Students Grievance Redressal Committee" the words and symbol " Students' Grievance Redressal Committee" shall be substituted wherever it occurs in this Clause.

Shri G. Steephen: Sir, I move the following amendments:

467. In the section 114D(2) proposed to be inserted in the Mahatma Gandhi University Act, 1985 by Clause4(r) for the words " The Finance Committee of an Autonomous College shall meet" the words " The meeting of the Finance Committee of an Autonomous Colleges shall be convened " shall be substituted.

468. In the section 114D(4) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(r) for the words " Such modification" the words " rectify errors" shall be substituted.

Shri I. B. Satheesh: Sir, I move the following amendments:

473. Section 114 E(1)(b) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(r), shall be recast as follows:

" (b) Three teachers of the College, nominated by the Principal on rotation on the basis of seniority, of whom one shall be a woman;"

474. In section 114 E(1)(d) proposed to be inserted in the Mahatma Gandhi University Act, 1985 by Clause 4(r), for the word " nominated" the word " elected" shall be substituted.

Dr. Sujith Vijayanpillai: Sir, I move the following amendment:

478. In section 115 (2) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(s), for the words and symbols " faculty facilities for the conduct of assessment and evaluation with confidentiality and transparency," the words and symbols " faculty, facilities for assessment and evaluation with transparent norms adhering to confidentiality," shall be substituted.

Shri P. V. Sreenijin: Sir, I move the following amendments:

481. In section 116(1) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(t), after the words " college" the words " not below the rank of Associate Professor" shall be inserted.

482. In section 117 A(3) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(u), for the preposition " in" occurring in between the words " members" and " the" the preposition " of" shall be substituted.

Shri K. V. Sumesh: Sir, I move the following amendments:

484. In section 117(A) (16) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(u), after the word and symbol " status." the following shall be inserted " , But fees and any other charges shall not be adversely reversed."

485. In section 118(3) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(v)(ii), for the word " commencement" the word " introduction" shall be substituted.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. പി. ടി. എ. റഹീമിന്റെ 445-ാം നമ്പർ ഭേദഗതിയും ശ്രീ. തോട്ടത്തിൽ രവീന്ദ്രന്റെ 480-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

445. In section 110(i) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(m)(i) for the word " objects" the word " objectives" shall be substituted.

480. In section 115 (8) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(s), for the word " their" the word " its" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതിയും താഴെപ്പറയുന്ന ഭേദഗതികളോടെ സ്വീകരിക്കുന്നു.

434. Section 109 (1) (b) proposed to be substituted in the Mahatma Gandhi University Act, 1985 by Clause 4(l) shall be recast as follows

" (b) One of the Faculty members teaching the course of the programme concerned nominated by the Chairman;"

460. In the second proviso to section 112 proposed to be substituted in the Mahatma Gandhi University Act, 1985, by Clause 4(o), for the word " termination" the words " the date he ceases to hold " shall be substituted.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതിയും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതിയും ഭേദഗതികളോടുകൂടിയും ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 457-ാം നമ്പർ ഭേദഗതിയും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 405, 407 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 415, 488 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 418, 420, 421 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 419, 455, 456 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 422, 423, 444 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 427, 430, 461, 462 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 429, 432 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 433, 436 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 447, 448, 451 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 453, 454 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 465, 471 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 467, 468 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 473, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 484, 485 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## അഞ്ചാം വകുപ്പ്

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri Xavier Chittilappilly: Sir, I move the following amendments:

498. In Section 2 (x A), proposed to be inserted in th Kannur University Act, 1996, by clause 6(a)(vii), for the words and figures " section 74 LD " the words " this Act " shall be substituted.

501. In section 2(xviiA) proposed to be inserted in the Kannur University Act, 1996 by Clause 6(a)(ix) for the words " in accordance with the provision of Chapter VIIIA of the Act" shall be deleted.

Shri K. M. Sachindev: Sir, I move the following amendments:

499. In Section 2 (xii A), proposed to be inserted in the Kannur University Act, 1996, by clause 6(a)(viii), for the words and figures " section 74 LA" the words " this Act" shall be substituted.

503. Section 72(2) proposed to be substituted in the Kannur University Act, 1996 by Clause 6(d) shall be recast as follows:

" 22A. Appellate Tribunal-The Appellate Tribunal constituted under section 65 of the Kerala University Act, 1974 (17 of 1974) shall function as the Appellate Tribunal for adjudicating dispute on any of the matter provided in this Act."

Shri N. K. Akbar: Sir, I move the following amendment:

505. In section 72A(3) proposed to be substituted in the Kannur University Act, 1996 by Clause 6(e) the word " mutually" shall be deleted.

Smt. O. S. Ambika: Sir, I move the following amendment:

506. In section 72A(3) proposed to be substituted in the Kannur University Act, 1996 by Clause 6(e) for the words and symbols " affecting the Government and the University." the words and symbols " affecting the Government, the University or an Autonomous College." shall be substituted.

Shri T. P. Ramakrishnan: Sir, I move the following amendments:

507. Section 72A(3) proposed to be substituted in the Kannur University Act, 1996 by Clause 6(e) shall be recast as follows:

" (3) The Inter University Consultative Committee for Autonomous Colleges shall consider matters to be resolved at Government level in respect of matters affecting the Government, the University or an Autonomous Colleges."

562. In section 74 M (2) proposed to be substituted in the Kannur University Act, 1996 by Clause 6 (s) for the words and symbols " faculty facilities for the conduct of assessment and evaluation with confidentiality and transparency," the words and symbols " faculty, facilities for assessment and evaluation with transparent norms adhering to confidentiality," shall be substituted.

Shri K. Ansalan: Sir, I move the following amendments:

508. In section 74 D (1)(iv) proposed to be substituted in the Kannur University Act, 1996 by Clause 6(i)(ii) the words " of an Autonomous College" shall be deleted.

509. In section 74 D (1)(v) proposed to be substituted in the Kannur University Act, 1996 by Clause 6(i)(ii) the words " of an Autonomous College" shall be deleted.

Shri Antony John: Sir, I move the following amendments:

510. In section 74 D (1)(vi) proposed to be substituted in the Kannur University Act, 1996 by Clause 6(i)(ii) the words " of an Autonomous College" shall be deleted.

513. In section 74 D (1) proposed to be inserted in the Kannur University Act, 1996 by Clause 6(i)(ii), after item (vii) a new item as below shall be inserted and rest shall be renumbered subsequently.

" (viii) Students' Council;"

Shri V. K. Prasanth: Sir, I move the following amendments:

516. In Section 74E(5) proposed to be inserted in the Kannur University Act, 1996 by Clause 6(j)(iii) for the word and symbol " two-third" the words " two thirds" shall be substituted.

559. In Section 74LE(2) proposed to be inserted in the Kannur University Act, 1996 by Clause 6(r) for the words " The Students Grievance Redressal Committee of an Autonomous College shall meet" shall be substituted with the words " the meeting of the Students' Grievance Redressal committee of an Autonomous college shall be convened. "

Shri K. Babu (Nenmara): Sir, I move the following amendment:

518. In Section 74E(8) proposed to be inserted in the Kannur University Act, 1996 by Clause 6(j)(iii) for the words " such modification" the words " ratification of errors" shall be substituted.

Shri C. K. Hareendran: Sir, I move the following amendment:

519. Section 74G(1)(a) proposed to be substituted in the Kannur University Act, 1996 by Clause 6(l) shall be recast as follows:

" (a) Head of all the Departments offering the programme or group of programmes concerned - senior most of them shall be Chairperson."

Shri P. P. Chitharanjan: Sir, I move the following amendment:

522. In Section 74G(1)(c) proposed to be substituted in the Kannur University Act, 1996 by Clause 6(l) before the word " concerned" the words " or group of programmes" shall be inserted.

Smt. Daleema: Sir, I move the following amendment:

524. Section 74G(1)(d) proposed to be substituted in the Kannur University Act, 1996 by Clause 6(l) shall be recast as follows:

" (d) One expert each to be nominated by the Vice Chancellor from a panel of six experts in the programme or group of programmes concerned recommended by the principal of the Autonomous college;"

Smt. Kanathil Jameela: Sir, I move the following amendment:

528. In section 74G(a) proposed to be substituted in the Kannur University Act, 1996 by Clause 6(l) for the words " Such modification" the words " ratification of errors" shall be substituted.

Shri A. Prabhakaran: Sir, I move the following amendments:

529. In section 74G(10) proposed to be substituted in the Kannur University Act, 1996 by Clause 6(l) for the words " two third" the words " two thirds" shall be substituted.

551. In section 74 LD(4) proposed to be inserted in the Kannur University Act 1996, by Clause 6(r) for the words " such modification " the words " rectify errors" shall be substituted.

Shri O. R. Kelu: Sir, I move the following amendment:

530. In section 74 H(i) proposed to be substituted in the Kannur University Act of 1996 by clause 6(m) for the word " objects" the word " objectives" shall be substituted.

Shri C. H. Kunhambu: Sir, I move the following amendment:

532. In section 74 H(viii) proposed to be substituted in the Kannur University Act of 1996 by clause 6(m) for the words " modify as" the words " to suggest any modification" shall be substituted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment:

533. In section 74 H(viii) proposed to be substituted in the Kannur University Act of 1996 by clause 6(m) for th words " the same" the words " a report thereon" shall be substituted.

Dr. K. T. Jaleel: Sir, I move the following amendment:

534. Section 74 H(viii) proposed to be substituted in the Kannur University Act of 1996 by clause 6(m) shall be recast as follows:

" (viii) to review and to suggest any modification as required on the basis of the academic outcome and submit a report thereon to the Academic Council of the college for the consideration and approval."

Shri Linto Joseph: Sir, I move the following amendment:

538. In section 74I(2)(b) proposed to be substituted in the Kannur University Act, 1996, by Clause 6(n)(ii), after the words " may be" the words " who shall be Member Secretary" shall be inserted and rearrange it as item (J) and subsequently renumbered.

Shri T. I. Madhusoodanan: Sir, I move the following amendment:

539. In section 74I(2)(d) proposed to be substituted in the Kannur University Act, 1996, by Clause 6(n)(ii), before the words " the Director" the words " the Government on the advice of" shall be inserted.

Shri M. M. Mani: Sir, I move the following amendment:

540. In section 74I(2)(j) proposed to be substituted in the Kannur University Act, 1996, by Clause 6(n)(ii), for the words " who shall be the ex-officio Secretary of the Governing Body." the words " shall be the Chairman" shall be substituted, rearrange item (J) as item (a) and renumbered subsequently.

Shri K. J. Maxy: Sir, I move the following amendment:

541. In section 74I(4)(b) proposed to be substituted in the Kannur University Act, 1996, by Clause 6(n)(iv), for the word " interest" the word " record" shall be substituted.

Shri Murali Perunelly: Sir, I move the following amendment:

548. In section 74 LA(2) proposed to be inserted in the Kannur University Act 1996, by Clause 6(r) for the word " jurisdiction" the words " control and supervision" shall be substituted.

Smt U. Prathibha: Sir, I move the following amendment:

552. Section 74 LD(6) proposed to be inserted in the Kannur University Act 1996, by Clause 6(r) shall be recast as follows:

" (6) The Finance Committee of an Autonomous College shall have the following powers and duties, namely:-

(a) to prepare the Budget of the Autonomous College and submit the same for the approval of the Governing Body;

(b) to prepare and scrutinize statement of accounts pertaining to the college, get it audited and submit it to the approval of Governing Body;

(c) to prepare budget estimates relating to the grants and other amounts received from the University Grants Commission, University and the Government;

(d) to advise the Governing Body on such matters bought to its notice."

Shri P. Nandakumar: Sir, I move the following amendment:

553. Section 74 LD(6) proposed to be inserted in the Kannur University Act 1996, by Clause 6(r) shall be recast as follows:

" (b) the two teachers of the Autonomous College and who are members of the governing body;"

Shri K. D. Prasenan: Sir, I move the following amendment:

555. In Section 74LE(1) proposed to be inserted in the Kannur University Act, 1996 by Clause 6(r) for the words " of an" the words " in each" shall be substituted.

Shri K. Premkumar: Sir, I move the following amendment:

556. In Section 74LE(1) (b) proposed to be inserted in the Kannur University Act, 1996 by Clause 6(r) the words " senior" shall be deleted.

Shri M. Rajagopalan: Sir, I move the following amendment:

557. Section 74LE(1) (b) proposed to be inserted in the Kannur University Act, 1996 by Clause 6(r) shall be recast as follows :

" (b) three teacher of the college, nominated by the Principal on rotation on the basis of seniority, of whom one shall be a woman;"

Shri K. K. Ramachandran: Sir, I move the following amendment:

563. In section 74 M (8) proposed to be substituted in the Kannur University Act, 1996 by Clause 6 (s) for the word " surrender" the word " relinquish" shall be substituted.

Shri H. Salam: Sir, I move the following amendment:

564. In section 74 M (8) proposed to be substituted in the Kannur University Act, 1996 by Clause 6 (s) for the word " their" the word " its" shall be substituted.

Smt. Santhakumari K.: Sir, I move the following amendment:

565. In section 74 N (1) proposed to be substituted in the Kannur University Act, 1996 by Clause 6 (t) after the word " college" the words " not below the rank of Associate Professor" shall be inserted.

Shri G. Steephen: Sir, I move the following amendment:

568. In section 74 OA (16) proposed to be inserted in the Kannur University Act, 1996 by Clause 6 (u) after the word and symbol " status." the following shall be inserted.

" , but fees and any other charges shall not be adversely reversed."

Shri P. P. Sumod: Sir, I move the following amendment:

569. In section 74 (P)(3) proposed to be substituted in the Kannur University Act, 1996 by Clause 6 (V) (ii) for the word " commencement" the word " introduction" shall be substituted.

Dr. Sujith Vijayanpillai: Sir, I move the following amendment:

572. In section 74 P(12) proposed to be substituted in the Kannur University Act, 1996 by Clause 6(v)(ii), for the word " for" the word " to" shall be substituted.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. പി. മമ്മിക്കുട്ടിയുടെ 542-ാം നമ്പർ ഭേദഗതിയും ശ്രീ. ഐ. ബി. സതീഷിന്റെ 566-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ജോയിയുടെ 520, ശ്രീ. എ. സി. മൊയ്തീന്റെ 545 എന്നീ നമ്പർ ഭേദഗതികൾ ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

520. Section 74G(1)(b) proposed to be substituted in the Kannur University Act, 1996 by Clause 6(l) shall be recast as follows:

" (b) One of the Faculty members teaching the course of the programme concerned nominated by he Chairman;"

542. Section 74I(4)(b) proposed to be substituted in the Kannur University Act, 1996, by Clause 6(n)(iv), shall be recast as follows:

" (b) Four renowned academicians nominated by the Educational Agency;"

545. In the second proviso to sectio 74 J proposed to be substituted in the Kannur University Act 1996, by Clause 6(o) for the word " termination of" the words " the date he ceases to hold " shall be substituted.

566. In section 74 OA (3) proposed to be inserted in the Kannur University Act, 1996 by Clause 6(u) for the words " members in the" the word " members of the" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതിയും ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതിയും ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 498, 501 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 499, 503 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 507, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 508, 509 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 510, 513 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 516, 559 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 518-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 519-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 522-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 529, 551 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 538-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 548-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 552-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 553-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 556-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3.00 p.m]

ഏഴാം വകുപ്പ്

Shri K. M. Sachindev: Sir, I move the following amendment.

573. In section 16 A(1)(d) proposed to be inserted in The Kerala University Act, 1974 by Clause 7(c), after the word " Member" the word " Secretary" shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(ii) 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2 (സി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ(1) (ഡി)-ൽ, "സെക്രട്ടറി" എന്നതിനുശേഷം "- അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

198. ഖണ്ഡം 2(സി) പ്രകാരം 1986 ലെ കൊച്ചി ശാസ്ത്ര- സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ (2)-ൽ "പ്രകാരം" എന്നതിനുപകരം"സ്ഥലത്തും തീയതിയിലും" എന്ന് ചേർക്കുക.

218. ഖണ്ഡം 2 (സി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ (3)-ൽ "പരിഗണിക്കേണ്ടതാണ് " എന്നതിനുപകരം "പരിഗണിച്ച് ശുപാർശ സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204.ഖണ്ഡം 2(സി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 22 എ (3)-ൽ "പരസ്പരം" എന്നതിന് പകരം "ഒരേ പോലെ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം (2)(ഡി) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 30 ചുവടെപ്പറയും പ്രകാരം മാറ്റുക.

"30. അപ്പലേറ്റ് ട്രൈബ്യൂണൽ:- ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി 1974-ലെ കേരള സർവ്വകലാശാല ആക്ടിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്."

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. കുറുക്കോളി മൊയ്തീന്റെ 166-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2(എ) പ്രകാരം 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന ഖണ്ഡം 3(10 എ)-ൽ "പ്രകാരമുള്ള" എന്നതിനുപകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

മി. സ്പീക്കർ: 167, 168 എന്നീ നമ്പർ ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്കും 237-ാം നമ്പർ ഭേദഗതി 236-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 198, 218 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

247. (i)ഖണ്ഡം 3(സി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ(1)(ഡി)-ൽ "ചുമതലയുള്ള" എന്ന വാക്കിനുശേഷം വരുന്ന "-" എന്ന ചിഹ്നം ഒഴിവാക്കുക.

(ii) "സെക്രട്ടറി." എന്നതിനുശേഷമുള്ള ". "ചിഹ്നം ഒഴിവാക്കി "-അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

265. ഖണ്ഡം 3(സി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ (2)-ൽ "പ്രകാരം" എന്നതിനുപകരം "സ്ഥലത്തും തീയതിയിലും" എന്നത് ചേർക്കുക.

282. ഖണ്ഡം 3(സി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ(3)-ൽ "പരിഗണിക്കേണ്ടതാണ് " എന്നതിനുപകരം "പരിഗണിച്ച് ശുപാർശ സമർപ്പിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

267. ഖണ്ഡം 3(സി) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15 എ(3)-ൽ "പരസ്പരം" എന്നതിനുപകരം "ഒരേപോലെ" എന്ന് ചേർക്കുക.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 238-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

238. ഖണ്ഡം 3(എ) പ്രകാരം 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 2-ാം വകുപ്പിലെ (ജെഎ)-ഖണ്ഡത്തിൽ "പ്രകാരമുള്ള" എന്നതിനുപകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

മി. സ്പീക്കർ: 239, 240 എന്നീ നമ്പർ ഭേദഗതികൾ 238-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 265, 282 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

301. ഖണ്ഡം 4-ൽ മാർജിനൽ ശീർഷകത്തിനുശേഷം വരുന്ന " സർവ്വകാലാശാല" എന്നതിനുപകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

406. ഖണ്ഡം 4(കെ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ (1)(ഡി)-ൽ "-ഗവൺമെന്റ് സെക്രട്ടറി." എന്നതിനുപകരം "ഗവൺമെന്റ് സെക്രട്ടറി - മെമ്പർ സെക്രട്ടറി." എന്ന് ചേർക്കുക.

408. ഖണ്ഡം 4(കെ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ (1)(ഡി) ചുവടെപ്പറയും പ്രകാരം മാറ്റുക

"(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - അംഗം."

443. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1) (vii)-ൽ "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ നിന്നും" എന്നതിനുപകരം "അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ" എന്ന് ചേർക്കുക.

450. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1) (vii)-ൽ "അദ്ധ്യാപകർ;" എന്നതിനുപകരം "അദ്ധ്യാപകർ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്ന് ചേർക്കുക.

461. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1) (ix)-ൽ "ശ്രേഷ്ഠരായ" എന്നതിനുപകരം "പ്രഗത്ഭരായ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 4(എ)(i)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 2 (ഐ)-ൽ " അല്ലെങ്കിൽ" എന്നതിനുശേഷം "സ്റ്റഡി" എന്ന് ചേർക്കുക.

305. ഖണ്ഡം 4(എ)(i)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 2 (ഐ)-ൽ " അല്ലെങ്കിൽ" എന്ന വാക്കിനുശേഷം "സ്റ്റഡി" എന്ന് ചേർക്കുക.

310. ഖണ്ഡം 4(എ)(ii)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 2 (പി)-ൽ " അല്ലെങ്കിൽ" എന്നതിനുശേഷം "സാങ്കേതിക" എന്ന് ചേർക്കുക.

311. ഖണ്ഡം 4(എ)(ii)(ബി) പ്രകാരം 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)-ൽ "അല്ലെങ്കിൽ" എന്നതിനുശേഷം "സാങ്കേതിക" എന്ന് ചേർക്കുക.

324. ഖണ്ഡം 4(ബി)(i) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(ജി)-ൽ "വിദ്യാഭ്യാസവും" എന്നതിനുപകരം " പഠനവും " എന്ന് ചേർക്കുക.

339. ഖണ്ഡം 4 (ബി) (ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(ക്യൂ)-ൽ "തൊഴിൽശേഷി" എന്നതിനുപകരം "തൊഴിൽശേഷി/നൈപുണ്യ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

346. ഖണ്ഡം 4(സി) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(v ബി)-ൽ "എ.ഐ.സി.ടി.ഇ. അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും" എന്നതിനുപകരം "എ.ഐ.സി.ടി.ഇ.യുടെയോ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയോ" എന്ന് ചേർക്കുക.

363. ഖണ്ഡം 4(എഫ്)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(4)-ൽ "മറ്റു" എന്ന് വരുന്നിടത്തെല്ലാം പകരം "മറ്റ്" എന്ന് ചേർക്കുക.

368. ഖണ്ഡം 4(എഫ്)(iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(5)-ൽ "വ്യവസ്ഥകൾക്കു" എന്നതിനുപകരം "വ്യവസ്ഥകൾക്ക്" എന്ന് ചേർക്കുക.

397. ഖണ്ഡം 4(ജെ) (iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 23(1)-ൽ ഇനം (viii)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (viii)-ൽ "പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപ്പെട്ടയാളും" എന്നീ വാക്കുകൾക്കുപകരം "പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടയാളും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

404. ഖണ്ഡം 4(കെ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ (1) (ഡി)-ൽ "ചുമതലയുള്ള" എന്ന വാക്കിനുശേഷം "-" എന്ന ചിഹ്നം ഒഴിവാക്കുകയും "ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കിനുശേഷമുള്ള ". " എന്ന ചിഹ്നം ഒഴിവാക്കുകയും "-അംഗം." എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുകയും ചെയ്യുക.

424. ഖണ്ഡം 4 (കെ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ(2)-ൽ "പ്രകാരം" എന്നതിനുപകരം "സ്ഥലത്തും തീയതിയിലും" എന്ന് ചേർക്കുക.

427. ഖണ്ഡം 4 (കെ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ(3)-ൽ "പരിഗണിക്കേണ്ടതാണ് " എന്നതിനുപകരം "പരിഗണിച്ച് ശുപാർശ സമർപ്പിക്കേണ്ടതാണ് " എന്ന് ചേർക്കുക.

451. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1) (vii)-ൽ "അദ്ധ്യാപകർ" എന്നതിനുപകരം "അദ്ധ്യാപക പ്രതിനിധികൾ" എന്ന് ചേർക്കുക

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

325. ഖണ്ഡം 4(ബി)(i) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(ജി)-ൽ "ഗവേഷണവും" എന്നതിനുപകരം "നൂതന ഗവേഷണത്തിലും നിരന്തരമായ പ്രവർത്തന മികവിലും അധിഷ്ഠിതമായ പ്രവർത്തനങ്ങൾ " എന്ന് ചേർക്കുക.

340. ഖണ്ഡം 4 (ബി) (ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(ക്യൂ)-ൽ "വികസനം" എന്നതിനുശേഷം "വ്യവസായ സഹകരണം, പുതുതലമുറ പഠന കോഴ്സുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

370. ഖണ്ഡം 4(എഫ്)(iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(5)-ൽ "കടമകളും കർത്തവ്യങ്ങളും" എന്നതിനുപകരം "ചുമതലകളും" എന്ന് ചേർക്കുക.

436. ഖണ്ഡം 4(എം) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 28(1)-ൽ "രണ്ടിലൊന്നായിരിക്കുന്നതാണ്" എന്നതിനുപകരം "പകുതിയിൽ അധികം ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 4 എഫ് (i) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 15(1)-ൽ "ശിപാർശ ചെയ്യുന്ന," എന്നതിനുപകരം "സമർപ്പിക്കുന്ന മൂന്നു പേരുടെ പാനലിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന," എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

391. ഖണ്ഡം 4(ജെ)(iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23(1)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (viii)-ൽ "ശാസ്ത്രം" എന്നതിനുമുമ്പായി "സാങ്കേതികശാസ്ത്രം," എന്ന് ചേർക്കുക.

398. ഖണ്ഡം 4(ജെ) (iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 23(1)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു കീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (viii)-ൽ "പട്ടിക ഗോത്രവർഗ്ഗങ്ങളിലോപ്പെട്ടയാളും" എന്നതിനുപകരം "പട്ടിക ഗോത്രവർഗ്ഗങ്ങളിലോ ഉൾപ്പെട്ടയാളും " എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

421. ഖണ്ഡം (4)(കെ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 26 എ(1)(ഡി) ക്കുശേഷം (ഇ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ഇ) സർവ്വകലാശാല സിൻഡിക്കേറ്റിലെ സീനിയർ മെമ്പർ - അംഗം"

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 4(എൻ) പ്രകാരം 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)(iv)-ൽ "ചെന്നൈ" എന്നതിനുപകരം "പാലക്കാട്" എന്ന് ചേർക്കുക.

464. ഖണ്ഡം 4 (എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)(ix)-നുശേഷം ചുവടെപ്പറയുന്നവ ചേർക്കുകയും ബാക്കിയുള്ളത് പുനരക്കം ചെയ്യുകയും ചെയ്യുക:

"(x) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്-അംഗം;

(xi) കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് ഡയറക്ടർ ജനറലോ, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് പദവിയിൽ കുറയാത്ത ഒരാളോ - അംഗം;".

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)(vii)-ൽ "കോളേജുകളിൽ" എന്നതിനുമുമ്പായി "സർക്കാർ, സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ് " എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(4)-ൽ "സർവ്വകലാശാലയുടെ അങ്ങനെയുള്ള അധികാരസ്ഥാനത്തോ" എന്നതിനുപകരം "മറ്റു സ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക.

ശ്രീ. പി. പി സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

481. ഖണ്ഡം 4(ഒ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 39 ചുവടെപ്പറയും പ്രകാരം മാറ്റുക.

"39.അപ്പലേറ്റ് ട്രൈബ്യൂണൽ.- ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി 1974-ലെ കേരള സർവ്വകലാശാല ആക്ടിലെ (1974-ലെ 17) 65-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്."

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482.ഖണ്ഡം 4(ഒ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 39 ചുവടെപ്പറയും പ്രകാരം മാറ്റുക.

"39.അപ്പലേറ്റ് ട്രൈബ്യൂണൽ.- 1974-ലെ കേരള സർവ്വകലാശാല ആക്ടിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്."

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 316, 384, 385, 466, 473 എന്നീ നമ്പർ ഭേദഗതികളും ശ്രീ. നജീബ് കാന്തപുരത്തിന്റെ 317-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫിന്റെ 452-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 4(എ)(iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വിഎ)-ൽ "വകുപ്പു" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

317. ഖണ്ഡം 4(എ)(iii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വിഎ)-ൽ "പ്രകാരമുള്ള" എന്നതിനുപകരം "പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

384. ഖണ്ഡം 4(ജെ)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 23(1)-ൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (iii)-ൽ "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

385. ഖണ്ഡം 4(ജെ)(ii) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ വകുപ്പ് 23(1)-ൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനുകീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (iii)-ൽ "രണ്ടു" എന്ന് വരുന്നിടത്തെല്ലാം "രണ്ട്" എന്ന് ചേർക്കുക.

452. ഖണ്ഡം 4(എൻ) പ്രകാരം 2015 -ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(1)(vii)-ൽ "അദ്ധ്യാപകർ" എന്ന വാക്കിനുശേഷം "അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ടയാളും ആയിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

466. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 (3)-ൽ "അംഗങ്ങളുടെ" എന്നതിനുശേഷം "എണ്ണത്തിന്റെ" എന്ന് ചേർക്കുക.

473. ഖണ്ഡം 4(എൻ) പ്രകാരം 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35(4)-ൽ "തീരുന്നതുമാണ്" എന്നതിനുപകരം "അവസാനിക്കുന്നതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 318, 319 എന്നീ നമ്പർ ഭേദഗതികൾ 317-ാം നമ്പർ ഭേദഗതിക്കും 362, 364 എന്നീ നമ്പർ ഭേദഗതികൾ 363-ാം നമ്പർ ഭേദഗതിക്കും 409-ാം നമ്പർ ഭേദഗതി മുതൽ 412-ാം നമ്പർ ഭേദഗതിവരെ 408-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 368, 404 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 368, 404 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 406, 408, 443, 450, 461 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 302, 305, 310, 311, 324, 339, 346, 363, 397, 424, 427, 451 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 325, 340, 370, 436 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി സുമേഷ് അവതരിപ്പിച്ച 391, 398 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 438, 464 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 474-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മി. സ്പീക്കർ: വളരെ മാതൃകാപരമായാണ് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികളെ സമീപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയ ഭേദഗതികളിൽ സ്വീകരിക്കാവുന്ന പരമാവധി ഭേദഗതികളും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ട്. ഇത് വളരെ നല്ല മാതൃകയാണ്. Thank you.

അഞ്ചാം വകുപ്പ്

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരികെ ഹാജരായി)

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VIII ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ അവതരിപ്പിക്കുന്നത് സംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്. നിയമസഭാ നടപടി ചട്ടം 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ഒരു ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവുകളെ സംബന്ധിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ 7, 9, 11 എന്നീ ഖണ്ഡങ്ങൾ പ്രകാരം രൂപീകൃതമാകുന്ന സൊസൈറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗികാംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാച്ചെലവ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 65 ലക്ഷം രൂപ പ്രതീക്ഷിക്കുന്നതായി കാണിക്കുന്നു. എന്നാൽ ചട്ടം നിഷ്കർഷിക്കുന്ന പ്രകാരം ആവർത്തകമെന്നോ അനാവർത്തക ചെലവെന്നോ വ്യക്തമാക്കുന്നില്ല. അതുപോലെ സംസ്ഥാന സഞ്ചിതനിധിയിൽനിന്നുമുണ്ടാകുന്ന അധിക ചെലവ് സംബന്ധിച്ച് സഭയ്ക്ക് വ്യക്തമായ വിവരം ലഭ്യമാക്കാത്തത് ചട്ടലംഘനമാണ്. ബഹുമാനപ്പെട്ട സ്പീക്കർ 1996 സെപ്റ്റംബർ 6-ാം തീയതി ഈ സഭയിൽ നൽകിയിട്ടുള്ള റൂളിംഗിൽ റെക്കറിംഗ് ആൻഡ് നോൺറെക്കറിംഗ് എക്സ്പെൻഡിച്ചർ ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി കാണിച്ചിരിക്കണമെന്നും റെക്കറിംഗ് എക്സ്പെൻഡിച്ചർ ഒന്നുമില്ലെങ്കിൽ അത് അപ്രകാരം പറയണമെന്നും അത് നിയമസഭാ ചട്ടങ്ങളിലെ വ്യവസ്ഥയാണെന്നും റൂൾ ചെയ്തിട്ടുണ്ട്. അതിനാൽ നിയമസഭാ ചട്ടം 73-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സഭയിൽ അവതരിപ്പിക്കാൻ ലിസ്റ്റ് ചെയ്തിട്ടുള്ള ഈ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഖണ്ഡങ്ങൾ 7, 9, 11 എന്നിവ പ്രകാരം രൂപീകൃതമാകുന്ന സൊസൈറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗികാംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാച്ചെലവ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവ് ചട്ടം നിഷ്കർഷിക്കുന്ന

പ്രകാരം ആവർത്തകമെന്നോ അനാവർത്തകമെന്നോ വ്യക്തമാക്കുന്നില്ലെന്നും സഞ്ചിതനിധിയിൽ നിന്നുമുണ്ടാകുന്ന അധിക ചെലവ് സംബന്ധിച്ച് സഭയ്ക്ക് വ്യക്തമായ വിവരം നൽകാത്തത് ചട്ടലംഘനമാണെന്നതുമാണ് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിക്കുന്ന ക്രമപ്രശ്നം. കരട് ബില്ലിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രസ്തുത ബില്ലിന്റെ ഖണ്ഡങ്ങൾ 7, 9, 11 എന്നിവ പ്രകാരം അറുപത്തിയഞ്ച് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെങ്കിലും അത് ആവർത്തകമെന്നോ അനാവർത്തകമെന്നോ വ്യക്തമാക്കിയിട്ടില്ലെന്നതാണ് പ്രധാന ആക്ഷേപം. എന്നാൽ കരട് ബിൽ പ്രകാരം സ്ഥിരം സംവിധാനങ്ങളേതെങ്കിലും രൂപീകരിക്കാത്തതിനാൽ അവയുടെ സ്ഥാപനച്ചെലവുകളൊന്നും ഉൾപ്പെടുന്നില്ല. എന്നാൽ വിജ്ഞാപനങ്ങൾ വഴി രൂപീകരിക്കപ്പെടുന്ന ചില സമിതികളിലെ അംഗങ്ങളുടെ യാത്രാച്ചെലവും സിറ്റിംഗ് ഫീസും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ചെലവും മാത്രമാണ് കരട് ബിൽ നിയമമാക്കുമ്പോഴുണ്ടാകുന്നത്. ഇപ്രകാരമുള്ള ചെലവുകൾ ഏത് ഖണ്ഡങ്ങൾ പ്രകാരമാണുണ്ടാകുന്നതെന്ന് വ്യക്തമാക്കിക്കൊണ്ട് ആവർത്തക ചെലവായി ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരട് ബിൽ നിയമമാക്കി പ്രാബല്യത്തിൽ വരുമ്പോൾ അനാവർത്തക ചെലവുകളുണ്ടാകാത്തതിനാലാണ് ഉണ്ടാകുന്ന ആവർത്തക ചെലവ് ഖണ്ഡം സഹിതം വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളത്. അനാവർത്തക ചെലവുകൾ ഇല്ലാത്തതുകൊണ്ടാണ് അത് പ്രത്യേകം വ്യക്തമാക്കിയിരിക്കുന്നത്. അത് മനഃപൂർവ്വമല്ലാത്തതും സഭയ്ക്ക് ലഭ്യമാക്കേണ്ട വിവരം ലഭ്യമാക്കാതെ മറച്ചുവച്ചിട്ടില്ലാത്തതുമാണ്. അതിനാൽ ബിൽ അവതരണം മാറ്റിവയ്ക്കേണ്ടതില്ല. ഭാവിയിൽ ഇത്തരം ആവർത്തകമോ അനാവർത്തകമോ ആയ ചെലവുകൾ ഇല്ലെങ്കിൽക്കൂടി ആയത് വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതാണ്. ആയതിനാൽ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിനെതിരെയുള്ള മേൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിൽ ചട്ടപ്രകാരമുള്ള ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച വ്യക്തമായ പരാമർശമില്ലെന്നത് സംബന്ധിച്ചാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. ബില്ലിൽ ചേർത്തിട്ടുള്ള ധനകാര്യ മെമ്മോറാണ്ടത്തിൽ അനാവർത്തക ചെലവുകളെ സംബന്ധിച്ച പരാമർശം

നടത്താതിരുന്ന സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ചട്ടത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതുപ്രകാരം ബിൽ നിയമമാകുമ്പോൾ ഉണ്ടാകാവുന്ന അനാവർത്തകവും ആവർത്തകവുമായ മതിപ്പ് ചെലവുകളെ സംബന്ധിച്ച പരാമർശം ധനകാര്യമെമ്മോറാണ്ടത്തിൽ ചേർക്കേണ്ടതായിരുന്നു. എന്നിരുന്നാലും ഭാവിയിൽ സർക്കാർ ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന മുഖവിലയ്ക്കെടുക്കുന്നു. ആയതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, നാല് പ്രധാനപ്പെട്ട ബില്ലുകളാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ദീർഘമായ ഒരു അവതരണം ഞാൻ ഉദ്ദേശിക്കുന്നില്ല. ബില്ലിന്റെ കാതലായ, പ്രസക്തമായ ഭാഗങ്ങൾ മാത്രം ഹ്രസ്വമായി സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 590 കിലോമീറ്റർ നീളമുള്ള കേരളത്തിന്റെ തീരമേഖലയിൽ ഏകദേശം പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരുന്ന 13000 സ്ക്വയർ കിലോമീറ്റർ കടൽ മേഖലയാണ് നമ്മുടെ അധികാര പരിധി. ഇത്രമാത്രം വിശാലമായ കേരളത്തിന്റെ കടൽ മേഖലയിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കാനുള്ള പദ്ധതികളും സംവിധാനങ്ങളും കൃത്യതയോടെ നടപ്പാക്കിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ കൊണ്ടുവന്നത്. മത്സ്യ സമ്പത്തിനെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യത്തെയും സംരക്ഷിക്കുക, ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ

ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിയമിച്ച മജുംദാർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 1980-ൽ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (കെ.എം.എഫ്.ആർ.) ആക്ട് നിലവിൽ വന്നത്. കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും മത്സ്യബന്ധനം നിയന്ത്രിക്കാനും ഇന്ത്യയിലാദ്യമായി ഇങ്ങനെയൊരു നിയമം രൂപീകരിച്ച സംസ്ഥാനമാണ് കേരളം. പിന്നീട് മറ്റ് ധാരാളം സംസ്ഥാനങ്ങൾ കേരള മോഡൽ എന്ന നിലയിൽ ഈ മാതൃകയിൽ നിയമമുണ്ടാക്കുകയും ചെയ്തു. തുടർന്ന് വിവിധ കമ്മിറ്റികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒന്നാം പിണറായി വിജയൻ സർക്കാർ പ്രസ്തുത കെ.എം.എഫ്.ആർ. ആക്ടും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും 2017-ൽ ആക്ടും 2018-ൽ ചട്ടങ്ങളും പരിഷ്കരിക്കുകയും ചെയ്തു. കെ.എം.എഫ്.ആർ. നിയമലംഘനങ്ങൾ പൂർണ്ണമായും തടയുകയെന്ന ലക്ഷ്യത്തോടെ അവ ലംഘിക്കുന്ന 100 എച്ച്.പി.-യോ അതിന് മുകളിലോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾക്ക് രണ്ടര ലക്ഷം രൂപ പിഴ ഏർപ്പെടുത്തി. 10 എച്ച്.പി.-ക്കും 100 എച്ച്.പി.-ക്കുമിടയിൽ എഞ്ചിൻ കുതിരശക്തിയുള്ള നോൺ മെക്കനൈസ്ഡ് യാനങ്ങൾ നിയമലംഘനം നടത്തിയാൽ ഒരു ലക്ഷം രൂപയും 10 എച്ച്.പി.-ക്ക് താഴെയുള്ള മോട്ടോറൈസ്ഡ് യാനങ്ങൾ നിയമലംഘനം നടത്തിയാൽ പതിനായിരം രൂപയും പിഴയടയ്ക്കണം. എന്നാൽ മേൽപ്പറഞ്ഞ പിഴത്തുക വളരെ കൂടുതലാണെന്നും അബദ്ധവശാൽ സംഭവിക്കുന്ന പിഴവുകൾക്കുപോലും വർദ്ധിച്ച പിഴ അടയ്ക്കേണ്ടിവരുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നുമുള്ള ധാരാളം അഭിപ്രായങ്ങൾ വന്നു. മത്സ്യത്തൊഴിലാളികളുടെ ആവശ്യംകൂടി കണക്കിലെടുത്ത് എഞ്ചിൻ കുതിര ശക്തികളുടെ അടിസ്ഥാനത്തിൽ സർക്കാർ പിഴ നിരക്ക് പുനഃക്രമീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചു. പ്രസ്തുത ഭേദഗതി ബില്ലാണ് നിയമമാക്കുന്നതിന് ഇവിടെ സമർപ്പിക്കുന്നത്.

രണ്ടാമത്തേത്, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ ആണ്. തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളിലെ ഉൾനാടൻ മത്സ്യബന്ധന മേഖലകളെ നിയന്ത്രിക്കുന്നതിനായി കൊല്ലവർഷം 1097-ലെ ട്രാവൻകൂർ ഫിഷറീസ് ആക്ട്, 1092-ലെ കൊച്ചിൻ ഫിഷറീസ് ആക്ട് എന്നിവയായിരുന്നു പ്രാബല്യത്തിലുണ്ടായിരുന്ന നിയമങ്ങൾ. ഒരു സംസ്ഥാനത്ത് ഒരേ വിഷയത്തിൽ രണ്ട് ആക്ടുകൾ നിലവിലുണ്ടായിരുന്നതിനാൽ ഇവയെ ക്രോഡീകരിക്കുന്നതിനും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനത്തിനും നിലവിലുള്ള മാനേജ്മെന്റ് സംവിധാനത്തിനപ്പുറം ശാസ്ത്രീയ മാനേജ്മെന്റ് സംരക്ഷണത്തിനും തൊഴിൽ മേഖലയിൽ നടക്കുന്ന

ചൂഷണങ്ങൾ ഇല്ലാതാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഇതുവഴി ഉത്തരവാദിത്വപരമായ അക്വാകൾച്ചർ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെയും ഈ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെയും ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും അതിലുപരി കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾചറും ആക്ട് പ്രാബല്യത്തിൽ വന്നത്. ഈ നിയമം നിലനിൽക്കുമ്പോൾത്തന്നെ പരിസ്ഥിതിയധിഷ്ഠിതവും പ്രാദേശിക ജനപങ്കാളിത്തവും ഉറപ്പാക്കിയുള്ള മത്സ്യ വിഭവ സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലംബിക്കുന്നതിനുവേണ്ടി 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചു. നിലവിലുള്ള ആക്ട് കൂടുതൽ ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഓർഡിനൻസ് ഇറക്കിയത്. ആയത് പരിശോധിച്ച് അംഗീകരിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

മൂന്നാമത്തേത്, 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലാണ്. നമ്മുടെ രാജ്യത്ത് ആദ്യമായി ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കും മാത്രമായി ഒരു സർവ്വകലാശാല സ്ഥാപിച്ചത് കേരളത്തിലാണ്. കേരളത്തിലെ ഫിഷറീസ് മേഖലയുടെ വികസനത്തിനും ഫിഷറീസ് ഉന്നത വിദ്യാഭ്യാസത്തിനും ഊർജ്ജമായി മാറേണ്ടതും അതിന് നേതൃത്വം നൽകേണ്ടതും ഈ സർവ്വകലാശാലയാണ്. 2010 നവംബർ 20-നാണ് കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല നിയമം പ്രാബല്യത്തിൽ വന്നത്. 1979-ൽ സ്ഥാപിതമായ ഫിഷറീസ് കോളേജ് കേരള കാർഷിക സർവ്വകലാശാലയുടെ ഘടകമായിരുന്നു. 2010 നവംബർ 20-ാം തീയതി സ്ഥാപിതമായ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS), 2011-ലെ 5-ാം നമ്പർ ആക്ട് പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽനിന്നും വേർപെട്ട് 01-04-2011 മുതൽ സമുദ്ര മേഖലയിലെ ഗവേഷണത്തിനും പഠനങ്ങൾക്കുമായുള്ള സ്വതന്ത്ര സർവ്വകലാശാലയായി പ്രവർത്തനമാരംഭിച്ചെങ്കിലും നമ്മുടെ ആവശ്യങ്ങൾക്കും സാധ്യതകൾക്കുമൊപ്പം ഈ സ്ഥാപനത്തിന് ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് 2010-ലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് ആക്ട് കാലോചിതമായി ഭേദഗതി വരുത്തുന്നതിന് യൂണിവേഴ്സിറ്റി ഗവേണിംഗ്

കൗൺസിൽ സർക്കാരിനോട് ആവശ്യപ്പെടുകയും അതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തിയുമാണ് കരട് ബില്ലിലെ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ആക്ടിലെയും സ്റ്റാറ്റ്യൂട്ടിലെയും പല വ്യവസ്ഥകളിലും വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ICAR)-ന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ക്രമീകരിക്കുക എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം.

നാലാമത്തേത്, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ആണ്. ഇത് ഒരു പുതിയ നിയമമാണ്. ഈ നിയമം തീർച്ചയായും കേരളത്തിലെ മത്സ്യമേഖലയിൽ സമൂലമായ മാറ്റങ്ങൾക്കിട വരുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ചർച്ചയിലേയ്ക്ക് പോകുന്നതിനാൽ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പോഷകസമൃദ്ധവും ഗുണകരവുമായ ആഹാരത്തിന്റെ ഉറവിടമെന്ന് മാത്രമല്ല, കയറ്റുമതി രംഗത്തും തൊഴിൽ രംഗത്തും മത്സ്യബന്ധന മേഖല വലിയ പങ്കു വഹിക്കുന്നുണ്ട്. ക്വിക്ക് അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം കേരളത്തിലെ മത്സ്യമേഖലയിൽനിന്നുള്ള ആഭ്യന്തര ഉൽപ്പാദനം 2019-20-ൽ 10736.10 കോടി രൂപയാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.4 ശതമാനവും പ്രാഥമിക മേഖലയുടെ 13.96 ശതമാനവുമാണ്. രാജ്യത്തെ പ്രധാന മത്സ്യ ഉൽപ്പാദകരാണ് കേരളമെങ്കിലും ഇതിൽ മുഖ്യ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വാർഷിക വരുമാനം 1,19,300 രൂപ മാത്രമാണ്. സംസ്ഥാന ആളോഹരി വാർഷിക വരുമാനം 2,45,323 രൂപയാണ്. അതായത് സംസ്ഥാനത്തെ ഒരു പൗരന്റെ ആളോഹരി വരുമാനത്തിന്റെ പകുതിക്കുതാഴെയാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനസംഖ്യയുടെ 85% പേരും മത്സ്യം കഴിക്കുന്നവരാണ്. മാത്രമല്ല കേരളത്തിലെ പ്രതിശീർഷ മത്സ്യ ഉപഭോഗം 19-24 കിലോഗ്രാമാണ്. ഇത് ദേശീയ ശരാശരിയുടെ നാലിരട്ടിയാണ്. ആയതിനാൽ കേരളത്തിലെ ജനങ്ങളിലേയ്ക്ക് ഗുണനിലവാരമുള്ള മത്സ്യം ശുചിത്വപരമായ സാഹചര്യത്തിലെത്തിക്കേണ്ടത് അനിവാര്യമാണ്. ലേലക്കാരുടെയും ഇടനിലക്കാരുടെയും ചൂഷണമാണ് മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിന് വിഘാതമായി നിൽക്കുന്നത്. മത്സ്യവിതരണക്കാരുടെ അമിത ലാഭേച്ഛയാണ് ഗുണനിലവാരമില്ലാത്തതും രാസവസ്തുക്കൾ ചേർത്തതുമായ മത്സ്യവിതരണത്തിന് സാഹചര്യമൊരുക്കുന്നത്. മത്സ്യ മാർക്കറ്റിൽ ശുചിത്വവും ആരോഗ്യകരമായ ചുറ്റുപാടുകളും നിലനിർത്തിക്കൊണ്ട് ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കി മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യവിപണന മേഖലയിൽ നിയമപരമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു

ഭാഗം അതാണ്. മത്സ്യങ്ങളുടെ ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കി ലേലം, വിപണനം എന്നിവ നിയന്ത്രിക്കാൻ കഴിയുന്നതിലൂടെ ചെറിയ മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ കഴിയും. ഇപ്പോൾ സമുദ്ര മത്സ്യത്തിന്റെ ഉൽപ്പാദനം കുറഞ്ഞുവരികയാണ്. ഉൾനാടൻ മത്സ്യമേഖലയിൽ ചെറുമീനുകളെ പിടിക്കുന്നതിന് നിയമവിരുദ്ധമായി അനുവാദം കൊടുത്താൽ മത്സ്യസമ്പത്തിന്റെ ഉൽപ്പാദനം കുറയുമെന്ന കാര്യത്തിൽ സംശയമില്ല. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഫുഡ് സേഫ്റ്റി ആക്ട് നിലവിലുണ്ടെങ്കിലും ആയതിൽനിന്നും കർഷകൻ, മത്സ്യത്തൊഴിലാളി എന്നീ പ്രാഥമിക ഉൽപ്പാദകരെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ജലാശയങ്ങളിൽനിന്നും മത്സ്യം പിടിച്ചെടുക്കുന്ന ഘട്ടംമുതൽ ഫുഡ് സേഫ്റ്റി ആക്ട് നടപ്പാക്കാൻ കഴിയുന്ന ഘട്ടംവരെ മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നു. ഇതുസംബന്ധിച്ച് ഈ രംഗത്തെ ശാസ്ത്രജ്ഞർ, വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, മത്സ്യക്കച്ചവട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, തൊഴിലാളി സംഘടനകൾ എന്നിവരുമായെല്ലാം നിരന്തരമായ ആശയവിനിമയം നടത്തിയിട്ടുണ്ട്. ഞാൻ മന്ത്രിയായതിനുശേഷവും ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവരുമായും ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നാല് ബില്ലുകളും വിശദമായ ഒരു ചർച്ചയ്ക്കുവേണ്ടി നിയമസഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഫിഷറീസിനും സമുദ്രപഠനത്തിനും തുല്യപ്രാധാന്യം കൊടുക്കുന്ന തരത്തിലാണ് കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് രൂപീകരിച്ചിട്ടുള്ളത്. എന്നാൽ അതിലിപ്പോൾ വരുത്തുന്ന ഭേദഗതിയിലൂടെ സമുദ്രപഠന മേഖലയെ പൂർണ്ണമായും ഒഴിവാക്കുകയാണ്. കുഫോസിലെ നിയമനങ്ങൾക്കെല്ലാം BFSc. (Bachelor of Fisheries Science) അടിസ്ഥാന യോഗ്യതയാക്കി നിശ്ചയിക്കുന്നതുമൂലം സമുദ്രപഠന മേഖലയിലെ അഭ്യസ്തവിദ്യരായ ശാസ്ത്രജ്ഞർക്ക് ഇവിടെ അദ്ധ്യാപക നിയമനം ലഭിക്കുന്നതിന് തടസ്സമുണ്ടാകുകയാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല, ഇതിനെതിരെ കേരളത്തിലെ ഫിഷറീസ് മേഖലയിലെ ഗ്രാജ്ജുവേറ്റ്സിന്റെ സംഘടനയായ അസോസിയേഷൻ ഓഫ് ഫിഷറീസ് ഗ്രാജ്ജുവേറ്റ്സ് കോടതിയിൽ കേസ് കൊടുക്കുകവരെ ചെയ്തിട്ടുണ്ട്. അങ്ങേയ്ക്കും ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ഭേദഗതിയിലൂടെ ഇതൊരു ഫിഷറീസ് കോളേജ് മാത്രമാക്കി ചുരുക്കുകയാണ്. ഈ ഭേദഗതിയിലൂടെ മറ്റ് സർവ്വകലാശാലകളിലും കോളേജുകളിലും നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് അദ്ധ്യാപക നിയമനത്തിനുള്ള അവസരം ഇല്ലാതാകുകയാണ്. ഇത് പുനഃപരിശോധിക്കാമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. സജി ചെറിയാൻ: സർ, ഈ ബില്ലിന്റെ ഭാഗമായി ധാരാളം ഭേദഗതികൾ അവതരിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട അംഗങ്ങളുടെയെല്ലാം കൈവശം അതുണ്ട്, എല്ലാവരും അത് പഠിച്ച് ഇവിടെ പ്രസംഗിക്കാൻ വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ മറുപടിയിൽ ഞാൻ വ്യക്തമാക്കുന്നതാണ്.

മി. ചെയർമാൻ: നാല് ബില്ലുകളും സംബന്ധിച്ച് ഒന്നിച്ച് ചർച്ച നടത്താവുന്നതാണ്.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്: Sir, I move that- " This House resolves to disapprove The Kerala Fish Auctioning, Marketing and Maintenance of Quality Bill Ordinance, 2021 (Ordinance No.112 of 2021)." ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇന്ത്യയിൽ 7516.6 കിലോമീറ്റർ കടൽത്തീരവും കേരളത്തിൽ 589.5 കിലോമീറ്റർ കടൽത്തീരവുമാണുള്ളത്. മത്സ്യത്തൊഴിലാളികൾ നമ്മുടെ അഭിമാനമാണ്. അവർ നമ്മുടെ സൈന്യമാണെന്ന് പറയാറുണ്ടെങ്കിലും പ്രളയകാലത്താണ് അത് നമുക്ക് ബോദ്ധ്യപ്പെട്ടത്. അവരെ നമ്മൾ നെഞ്ചോട് ചേർത്തു പിടിക്കുകയാണ്. അവർ നമുക്ക് രക്തവും വിയർപ്പും മാംസവും മജ്ജയും നൽകിയവരാണ്. പക്ഷേ നാം അവർക്ക് എന്ത് നൽകിയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഞാനിത് പറയാൻ കാരണം, എനിക്ക് സഭയിൽ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഒരാഴ്ച മുൻപ് ഒരുത്തരം കിട്ടി. സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ എന്നതായിരുന്നു എന്റെ ചോദ്യം. 2020-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പട്ടിക പ്രകാരം സംസ്ഥാനത്ത് 1,91,873 മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്നായിരുന്നു എനിക്ക് ലഭിച്ച മറുപടി. ജില്ല തിരിച്ചുള്ള കണക്ക് മന്ത്രി തന്നിട്ടുണ്ട്. ഇവരിൽ സ്വന്തമായി വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ എന്ന ചോദ്യത്തിനുള്ള വിവരവും എനിക്ക് ലഭിച്ചിട്ടുണ്ട്. ഭവനരഹിതരായ ഇവരുടെ വാസം ഇപ്പോൾ എങ്ങനെയാണെന്നും സ്വന്തമായി വീടെന്ന സ്വപ്നം എപ്പോൾ സാക്ഷാത്കരി ക്കപ്പെടുമെന്നും വ്യക്തമാക്കാമോ എന്നതായിരുന്നു എന്റെ മറ്റൊരു ചോദ്യം. നിലവിൽ ഭവനരഹിതരായിട്ടുള്ളവർ കൂട്ടുകുടുംബങ്ങളായും വാടക വീടുകളിലും താമസിച്ചുവരുന്നുവെന്നും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 കിലോമീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ നടപ്പാക്കിവരുന്നുവെന്നുമാണ് ലഭിച്ച മറുപടി. ഭവനരഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ

ഇവർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോയെന്നും എങ്കിൽ പരിഹാര നടപടികളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോയെന്നുമുള്ള എന്റെ ചോദ്യത്തിന് ഭവന രഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. ബഹുമാനപ്പെട്ട ചെയറിന് ഈ ഉത്തരങ്ങൾ അംഗീകരിക്കാനാകുമോ? കേരളത്തിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി പറയുന്നത് നിയമസഭയിലെ ഏതെങ്കിലും ഒരു എം.എൽ.എ.-യ്ക്ക് അംഗീകരിക്കാൻ കഴിയുമോ? ഞാൻ തീരദേശത്തു നിന്നും വരുന്ന എം.എൽ.എ. ആണ്. എന്റെ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ ഏതെല്ലാം കാര്യങ്ങളിൽ ബുദ്ധിമുട്ടുന്നുണ്ടെന്ന് എനിക്ക് നല്ലതുപോലെ അറിയാം. വീടില്ലാത്ത ഒരാൾക്ക് റേഷൻ കാർഡുപോലെയുള്ള ആനുകൂല്യങ്ങളൊന്നും ലഭിക്കുകയില്ല. അവർ നമുക്കുവേണ്ടി പല ത്യാഗവും സഹിച്ചപ്പോൾ, അവർക്കുവേണ്ടി നമുക്കെന്ത് ചെയ്യാൻ സാധിച്ചുവെന്ന് ചിന്തിക്കാൻ എന്നെ പ്രേരിപ്പിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരമാണ്. തകഴിയുടെ 'ചെമ്മീൻ' എന്ന നോവലിലെ പരീക്കുട്ടി, ചെമ്പൻകുഞ്ഞ് തുടങ്ങിയ കഥാപാത്രങ്ങളെ നമുക്കറിയാം. പരീക്കുട്ടി കടംകൊടുത്ത പണംകൊണ്ടാണ് ചെമ്പൻകുഞ്ഞ് വള്ളവും വലയും വാങ്ങിയത്. പരീക്കുട്ടി മീൻ വാങ്ങാൻ ചെന്നപ്പോൾ പണമുണ്ടെങ്കിൽ മാത്രമേ മീൻ തരികയുള്ളൂവെന്നാണ് ചെമ്പൻകുഞ്ഞ് പറഞ്ഞത്. ചെമ്പൻകുഞ്ഞിന് വള്ളം വാങ്ങാൻ പണംകൊടുത്തത് പരീക്കുട്ടിയായിരുന്നു. അതൊരു നന്ദികേടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നന്ദികേട് സർക്കാർ മത്സ്യത്തൊഴിലാളികളോട് കാട്ടുന്നുവെന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇവിടെ ചെമ്പൻകുഞ്ഞ് എന്നുപറയുന്നത് ബഹുമാനപ്പെട്ട മന്ത്രി അല്ലേ? മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നുവെന്നല്ലേ അങ്ങ് പറഞ്ഞത്?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാന്യനായ മന്ത്രി ചെമ്പൻകുഞ്ഞല്ല, ബഹുമാന്യനായ മന്ത്രി സാക്ഷാൽ ശ്രീ. സജി ചെറിയാൻ തന്നെയാണ്. അദ്ദേഹത്തെ പരീക്കുട്ടിയായും ചെമ്പൻകുഞ്ഞുമായൊന്നും കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് അദ്ദേഹം ചിന്തിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. പരീക്കുട്ടിയോട് ചെമ്പൻകുഞ്ഞ് കാണിച്ച നന്ദികേട് കേരളത്തിലെ മത്സ്യത്തൊഴിലാളികളോട് നമ്മൾ കാണിക്കാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യത്തൊഴിലാളികൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്തെക്കുറിച്ച് പറയുമ്പോൾ ചെമ്മീൻ സിനിമയിലെ പാട്ടാണ് എനിക്കോർമ്മ വരുന്നത്.

"കടലിനക്കരെ പോണോരേ
കാണാപ്പൊന്നിനു പോണോരേ
പോയ് വരുമ്പോഴെന്തുകൊണ്ടുവരും
കൈ നിറയെ
പോയ് വരുമ്പോഴെന്തുകൊണ്ടുവരും
പതിനാലാം രാവിലെ.... പാലാഴിത്തിരയിലെ...
മത്സ്യകന്യകമാരുടെ
മാണിക്യക്കല്ലു തരാമോ"

ആ പാട്ട് നമുക്കെല്ലാവർക്കും ഇപ്പോഴും ഓർമ്മയുണ്ട്. അന്നും ഇന്നും കടലിനോട് മല്ലിടുന്ന മത്സ്യത്തൊഴിലാളികൾ മാണിക്യക്കല്ലുമായി തന്നെയാണ് ഇപ്പോഴും തീരത്തേയ്ക്ക് വരുന്നതെന്ന് നമുക്കറിയാം. പക്ഷേ ആ മാണിക്യക്കല്ലിന് എന്ത് സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് നാം ചിന്തിക്കണം. മത്സ്യത്തൊഴിലാളികൾ കടലിനോട് മല്ലിട്ട് എല്ലാവിധ പ്രയാസങ്ങളും സഹിച്ച് രണ്ടുമൂന്ന് ദിവസം കടലിൽ കഴിച്ചുകൂട്ടി കരയിലേയ്ക്ക് മത്സ്യവുമായി വരുമ്പോൾ അവരുടെ അദ്ധ്വാനത്തിന് അർഹമായ പ്രതിഫലം കിട്ടുന്നില്ല. ഇടനിലക്കാർ ആ മത്സ്യം വാങ്ങി അവരുടെ പണം തട്ടിയെടുക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച് സംസാരിക്കാനുള്ളതു കൊണ്ട് രണ്ടുദിവസം മുമ്പ് ഞാൻ തിരുവനന്തപുരത്തെ പാളയം മത്സ്യമാർക്കറ്റിൽ പോയി 'അയക്കൂറ' എന്ന നെയ്മീനിന്റെ വില അന്വേഷിച്ചു. ഇവിടെ അതിന് ഒരു കിലോയ്ക്ക് ആയിരം രൂപയാണ്. എന്നാൽ കാസർഗോഡ് ഒരു കിലോയ്ക്ക് അഞ്ഞൂറ് രൂപയാണ്. ആയിരം രൂപ വാങ്ങുന്നത് മത്സ്യത്തൊഴിലാളികളല്ല, ഇടനിലക്കാരാണ്. കടലിൽനിന്ന് അയക്കൂറയുമായി വന്ന മത്സ്യത്തൊഴിലാളികൾക്ക് ആയിരം രൂപ ലഭിക്കുന്നുണ്ടെങ്കിൽ സന്തോഷമേയുള്ളൂ. പക്ഷേ അവർക്കത് ലഭിക്കുന്നില്ല. ഈ ബിൽ അതിനനുസൃതമായി ഒരു ഫലമുണ്ടാക്കുമെങ്കിൽ തീർച്ചയായും നമുക്കെല്ലാവർക്കും സന്തോഷമേയുള്ളൂ. ഈ ബില്ലിന്റെ ന്യൂനതകളെക്കുറിച്ച് ഞാൻ പിന്നീട് പറയാം. ഞാൻ തീരദേശത്തുനിന്ന് വരുന്ന ഒരു എം.എൽ.എ. ആണ്. എന്റെ വീടിനടുത്ത് ധാരാളം മത്സ്യത്തൊഴിലാളികളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നിരുന്നു. മത്സ്യത്തൊഴിലാളികൾ എന്നും മത്സ്യത്തൊഴിലാളികളായി തുടരണമെന്ന് നിർബന്ധമുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അവരുടെ മക്കളും മത്സ്യത്തൊഴിലാളികളായിത്തന്നെ തുടരണമെന്ന് നിർബന്ധമുണ്ടോ? എം.എൽ.എ.-മാർ രാഷ്ട്രീയ പ്രവർത്തകരാണ്. നമ്മളിൽ എത്രപേർ മക്കളെ രാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്? മത്സ്യത്തൊഴിലാളികളുടെ മക്കൾ മത്സ്യത്തൊഴിലാളികളായിത്തന്നെ ജീവിക്കണമെന്ന കാര്യത്തിൽ

നിർബന്ധമൊന്നുമില്ല. ജീവിത സൗഭാഗ്യങ്ങളുടെ മുഖത്തുനോക്കാനുള്ള അവസരം നമ്മളവർക്ക് ഉണ്ടാക്കിക്കൊടുക്കണം. എന്റെ വീടിന് മുമ്പിലൂടെ പൂർണ്ണ ഗർഭിണികളടക്കമുള്ള ധാരാളം മത്സ്യത്തൊഴിലാളി സ്ത്രീകൾ മീൻകുട്ടയും ചുമന്ന് കിലോമീറ്ററുകളോളം നടന്ന് കാസർഗോഡ് മാർക്കറ്റിൽ മത്സ്യം വിൽക്കാനായി പോകുന്ന കാഴ്ചകണ്ട് ചെറുപ്പകാലത്ത് ഞാൻ കരഞ്ഞിട്ടുണ്ടെന്ന് നെഞ്ചിൽ കൈവച്ച് പറയാൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോയില്ലെങ്കിൽ നമുക്ക് മത്സ്യം കഴിക്കാൻ സാധിക്കുകയില്ല. എന്നാൽ ഇങ്ങനെയുള്ള ദയനീയ ചിത്രം കണ്ടിട്ടുവേണോ നമ്മൾ മത്സ്യം കഴിക്കേണ്ടത്? മത്സ്യബന്ധനത്തിന് ആധുനിക രീതികൾ കണ്ടുപിടിക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾക്ക് ജീവിത സൗഭാഗ്യങ്ങളുടെ മുഖത്ത് നോക്കാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യബന്ധന വകുപ്പ് മത്സ്യത്തൊഴിലാളികൾക്കായി ഒട്ടനവധി പദ്ധതികൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അവ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിയുന്നില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ ബഡ്ജറ്റിൽ ഒരു രൂപപോലും വകയിരുത്തിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഡ്ജറ്റിൽ തീരദേശത്തുള്ള അയ്യായിരം സ്ത്രീകൾക്ക് SAF (Society for Assistance to Fisher women) മുഖേന തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. എത്ര പേർക്ക് ഇതിനകം തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി അപേക്ഷിക്കാനുള്ളത്. അക്വാകൾച്ചറിന് അറുപത്തിയാറ് കോടി രൂപ വകയിരുത്തുമെന്നും സംസ്ഥാനത്ത് ഇരുപതിനായിരം കുളങ്ങളിൽ ഒരു കോടി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുമെന്നും പ്രഖ്യാപിച്ചത് നമുക്ക് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; തീരദേശ മൈത്രി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ? നടപ്പുവർഷം വെറും ആയിരം രൂപയാണ് ഇത്തരം സൂപ്പർ മാർക്കറ്റുകൾക്കായി സർക്കാർ നീക്കി വച്ചിരിക്കുന്നതെന്നത് തീരമേഖലയെ സർക്കാർ അവഗണിക്കുന്നു വെന്നതിന്റെ ഉദാഹരണമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ അവഗണിക്കുന്ന സർക്കാരിന്റെ സമീപനം ഇപ്പോഴും തുടരുകയാണ്. പരമ്പരാഗത വള്ളങ്ങളുടെ യന്ത്രവത്കരണത്തിനായി 1.5 കോടി രൂപ പര്യാപ്തമല്ലാത്തതിനാൽ അത് വർദ്ധിപ്പിച്ചുനൽകണമെന്ന ആവശ്യം സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. അതുപോലെ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിലെ മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളായി മാറ്റുന്നതിനും ചെറുകിട ഇൻബോർഡ് വള്ളങ്ങൾക്ക്

ഇന്ധന സബ്സിഡി നൽകുന്ന പദ്ധതികളും സർക്കാരിപ്പോൾ ഉപേക്ഷിച്ചതായാണ് മനസ്സിലാക്കുന്നത്. പഞ്ഞമാസക്കാലത്ത് തൊഴിൽ നഷ്ടമാകുന്ന മത്സ്യ ത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായ ഏകദേശം രണ്ടുലക്ഷംവരുന്ന തൊഴിലാളികൾക്ക് സഹായധനം നൽകുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടില്ല. പ്രതിവർഷം അൻപത് കോടി രൂപ ആവശ്യമുള്ള സ്ഥാനത്ത് അതിന്റെ പകുതിയിൽ താഴെ അതായത് ഇരുപത് കോടി രൂപ മാത്രമാണ് സർക്കാർ നൽകുന്നത്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനോ സമാശ്വാസ സഹായ പദ്ധതികൾക്കോ ആവശ്യമായ നടപടി സ്വീകരിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാവുന്ന ഒരു കാര്യമാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കാസർഗോഡ് കടപ്പുറത്ത് മൂന്ന് മത്സ്യ ത്തൊഴിലാളികൾ മരണപ്പെട്ടു. അതിനുശേഷം അദ്ദേഹം കാസർഗോഡ് വന്നിരുന്നു. മൂന്നുപേർ മരണപ്പെട്ടുവെങ്കിലും അതിൽ രണ്ട് കുടുംബങ്ങൾക്കു മാത്രമാണ് ക്ഷേമനിധിയിൽനിന്ന് 10 ലക്ഷം രൂപ വീതം സഹായധനമായി ലഭിച്ചത്. ക്ഷേമനിധിയിൽ അംഗമല്ലാതിരുന്നതിനാൽ മൂന്നാമത്തെ ആൾക്ക് സഹായധനം നൽകാൻ സാധിച്ചില്ല. പാവങ്ങളെ സഹായിക്കുന്നതിനു വേണ്ടിയാണ് നമ്മൾ നിയമമുണ്ടാക്കുന്നത്. പ്രീഡിഗ്രി പഠിച്ച് മറ്റൊരു ജോലിക്കും പോകാൻ ഗതിയില്ലാത്തതുകൊണ്ട് കുടുംബത്തെ തീറ്റിപ്പോറ്റുന്നതിനുവേണ്ടിയാണ് മറ്റ് രണ്ട് സുഹൃത്തുക്കളോടൊപ്പം ആ ചെറുപ്പക്കാരൻ കടലിൽ പോയത്. ആ യുവാവാണ് മരണപ്പെട്ടത്. ആ ചെറുപ്പക്കാരൻ ക്ഷേമനിധിയിൽ അംഗമല്ലെങ്കിലും ആ ധനസഹായത്തിന് അയാൾ അർഹനാണ്. ക്ഷേമനിധിയിൽ അംഗത്വമെടുക്കാത്ത ആളുകൾക്ക് ജീവഹാനി സംഭവിച്ചാൽ അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം ജനസമ്പർക്ക പരിപാടി നടത്തിയ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ എനിക്ക് ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. സാങ്കേതികത്വംകൊണ്ട് നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ടുഴലുന്ന ആളുകളെ എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ച് പഠിച്ച് ഫലപ്രദമായ നടപടി സ്വീകരി ക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചത്. അതുസംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് കഴിഞ്ഞ ദിവസം ഇവിടെ സംസാ രിച്ചിരുന്നു. ആ പരിപാടിക്കുശേഷം സർക്കാർ 43 പുതിയ ഉത്തരവുകളിറക്കി. കേരളീയനായ ഒരാൾ അന്യസംസ്ഥാനത്ത് മരണപ്പെടുകയാണെങ്കിൽ അയാളുടെ ബോഡി ഇവിടെ കൊണ്ടുവന്ന് ദഹിപ്പിക്കും. പക്ഷേ ആരാണ് ഡെത്ത് സർട്ടിഫിക്കറ്റ് നൽകുകയെന്നത് ഒരു പ്രശ്നമായിരുന്നു. മഹാരാഷ്ട്രയിലെ മുംബൈയിൽ മരിക്കുന്ന

ഒരാളുടെ ബോഡി കാസർഗോഡ് കൊണ്ടുവന്ന് ദഹിപ്പിച്ചാൽ മുംബൈ കോർപ്പറേഷനും കാസർഗോഡ് മുൻസിപ്പാലിറ്റിയും ഡെത്ത് സർട്ടിഫിക്കറ്റ് നൽകാൻ തയ്യാറാവില്ലായിരുന്നു. അത് സങ്കീർണ്ണമായ ഒരു പ്രശ്നം തന്നെയായിരുന്നു. ഇക്കാര്യം ആളുകൾ ജനസമ്പർക്ക പരിപാടിയിൽ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം അത് നന്നായി പഠിക്കുകയും ഒരുത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആളുകൾ മരിക്കുന്നത് എവിടെവച്ചായിരുന്നാലും ശവസംസ്കാരം നടക്കുന്നതെവിടെയാണോ ആ സ്ഥലത്തെ മുൻസിപ്പാലിറ്റിയോ പഞ്ചായത്തോ ഡെത്ത് സർട്ടിഫിക്കറ്റ് നൽകണമെന്നാണ് അതിൽ പറയുന്നത്. എങ്ങനെ സാങ്കേതികത്വം ഒഴിവാക്കാൻ പറ്റുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഞാനിവിടെ പറഞ്ഞത്.

ജൂൺ, ജൂലൈ മാസങ്ങളിലാണ് ട്രോളിംഗ് നിരോധനം വരുന്നത്. സൗജന്യ റേഷൻ നൽകുന്നത് ബോട്ടിലെ തൊഴിലാളികൾക്ക് മാത്രമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് റേഷൻ നൽകാറില്ല. അതിനെക്കുറിച്ചും പുനരാലോചന വേണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. വള്ളവും വലയും യന്ത്രവും നഷ്ടപ്പെട്ടാലും ഇൻഷ്വറൻസ് തുക കിഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്. അതുകൊണ്ട് അവർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കേണ്ടതുണ്ട്. വീടില്ലാത്തതുകൊണ്ട് ആനുകൂല്യമൊന്നും ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് എനിക്ക് കിട്ടിയ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. തീരദേശത്തുള്ള എം.എൽ.എ.-മാരെ ഒരോ ദിവസവും എത്ര മത്സ്യത്തൊഴിലാളികളാണ് സമീപിക്കുന്നത്? മൂന്ന് നേരം ഭക്ഷണം കഴിക്കാൻ വകയില്ലാത്ത, കുട്ടികളെ സ്കൂളിൽ വിടാൻ ഗതിയില്ലാത്ത, അടുക്കളയിൽ തീ പുകയാത്ത എത്രയോ ആളുകൾ അവരുടെ കാർഡുകൾ എ.പി.എൽ.-ൽ നിന്ന് ബി.പി.എൽ. ആക്കി കിട്ടാൻ വേണ്ടി നമ്മെ സമീപിക്കുന്നു. അത് പരിശോധിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കടലിൽ പോകുന്നവരെക്കുറിച്ചുള്ള വിശദാംശം സൂക്ഷിക്കുന്ന സംവിധാനം ഇപ്പോൾ കേരളത്തിലില്ല. അതുകൊണ്ടാണ് ഓഖി പോലെയുള്ള ദുരന്ത സമയങ്ങളിൽ നമുക്ക് വളരെയധികം പ്രയാസപ്പെടേണ്ടി വന്നത്. ചില സംസ്ഥാനങ്ങളിൽ മികവുറ്റ രീതിയിൽ ഇത്തരം സിസ്റ്റം പ്രവർത്തിക്കുന്നുണ്ട്. ആ സംസ്ഥാനങ്ങൾ ഏതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുപോലെ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... ഇപ്പോൾത്തന്നെ 20 മിനിട്ട് കഴിഞ്ഞു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പറയുന്നത് അങ്ങേയ്ക്കും എനിക്കും ആവശ്യമായ കാര്യമാണ്. നമുക്ക് രണ്ടുപേർക്കും മാത്രമല്ല സഭയിലിരിക്കുന്ന, തീരദേശത്തുനിന്നും വരുന്ന മുഴുവൻ എം.എൽ.എ.-മാർക്കും വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, നാല് ബില്ലുകളാണല്ലോ ചർച്ചയ്ക്കെടുക്കുന്നത്. ഫിഷറീസ് യൂണിവേഴ്സിറ്റി നിയമനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ വൈസ്-ചാൻസലറുടെ ഭാര്യയെ ഡീനായി നിയമിച്ചു. അവിടെ സ്വന്തക്കാരെ മാത്രമാണ് നിയമിക്കുന്നത്.

മി. ചെയർമാൻ: ഇപ്പോൾ ചർച്ച ചെയ്യുന്നത് ആ ബില്ലല്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ആമുഖം പറഞ്ഞതാണ്. നാല് ബില്ലുകൾക്കുംകൂടി മന്ത്രി ഒരുമിച്ചാണ് മറുപടി പറയുന്നത്. അതെന്താണ് നിങ്ങൾ മനസ്സിലാക്കാത്തത്. ഫിഷറീസ് യൂണിവേഴ്സിറ്റിയിലെ ശമ്പളത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രിയും മെമ്പറും ശ്രദ്ധിക്കേണ്ടതുണ്ട്. ഇഷ്ടംപോലെ ടി.എ.-യും മറ്റ് അലവൻസുകളും കൊടുക്കുകയാണ്. തമിഴ്നാട്ടിൽനിന്നും വന്നയാളെയാണ് ഇവിടെ ഡീനായി നിയമിച്ചത്. ആ യൂണിവേഴ്സിറ്റിയിൽ ബന്ധു നിയമനങ്ങളാണ് നടക്കുന്നത്. അവിടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ ഭാര്യമാരെയും മക്കളെയും മറ്റ് ബന്ധുക്കളെയും നിയമിക്കുകയാണ്. അങ്ങ് ഈ വകുപ്പിൽ പുതുതായി ചാർജ്ജെടുത്ത മന്ത്രിയാണ്. അങ്ങ് ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കണം. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇവിടെ വൈസ്-ചാൻസലറുടെ ഭാര്യയെ നിയമിച്ച കാര്യമാണ് പറഞ്ഞത്. വൈസ്-ചാൻസലറുടെ ഭാര്യയെ മാത്രമല്ല രജിസ്ട്രാറുടെ ഭാര്യയെയും നിയമിച്ചു. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. പക്ഷേ അദ്ദേഹം നിസ്സഹായനാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇക്കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായിട്ടറിയാം. ഇത്തരം കാര്യങ്ങൾ കേൾക്കാനും അതിന് പരിഹാരം കാണാനുംവേണ്ടി അദ്ദേഹം മനസ്സ് തുറന്നുവച്ച് കാത്തിരിക്കുകയാണ്.

മി. ചെയർമാൻ: അങ്ങ്, പ്രസംഗം അവസാനിപ്പിക്കാനുള്ള മനസ്സ് കാണിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ മത്സ്യമാർക്കറ്റുകളുടെ ശുചിത്വവും നവീകരണവും എന്ന വിഷയത്തെക്കുറിച്ച് പറയുമ്പോൾ, കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ നിലവിൽ ഉപയോഗപ്രദമല്ലാത്ത ഒരു മത്സ്യമാർക്കറ്റിന്റെ കാര്യമാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ മുൻമന്ത്രി ശ്രീ. കെ. ബാബുവിന്റെ സംഭാവനയാണ്. കേരളത്തിന്റെ വടക്കേയറ്റത്തുള്ള ജില്ലയുടെ ആസ്ഥാനമാണ് കാസർഗോഡ് നഗരം. അവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ വകയായി ഒരു സംഭാവന വേണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മി. ചെയർമാൻ: മത്സ്യത്തൊഴിലാളികളുടെ ഏകദേശം പ്രശ്നങ്ങളും അങ്ങ് അവതരിപ്പിച്ചുകഴിഞ്ഞു. ഇനി അവസാനിപ്പിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഓരോ പഞ്ചായത്തിലും മത്സ്യ മാർക്കറ്റ് സ്ഥാപിക്കണം. കടൽഭിത്തിയുടെ കാര്യം സൂചിപ്പിക്കുകയാണെങ്കിൽ, കാസർഗോഡ് കസബ കടപ്പുറം, ചേരങ്കൈ കടപ്പുറം, ശ്രീ. എ. കെ. എം. അഷ്റഫിന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരം എന്നിവിടങ്ങളിൽ കടൽഭിത്തിയില്ലാത്തതിന്റെ നിരവധി പ്രയാസങ്ങളുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നിർത്തലാക്കാൻ പോകുന്നുവെന്ന് പറയുന്നതുകേട്ടു. അതിനെക്കുറിച്ച് വ്യക്തത വരുത്തണം. തകഴിയുടെ 'ചെമ്മീൻ' എന്ന നോവലിന്റെ അവസാന ഭാഗത്ത് പറയുന്നത്, "അമ്മച്ചിയേയും അച്ഛനേയും വിളിച്ച് കരയുന്ന കുഞ്ഞിനേയും എടുത്തുകൊണ്ട് പഞ്ചമി കടൽക്കരയിൽനിന്ന് കരയുകയാണ്. തലേന്നാൾ രാത്രി ചൂണ്ടയ്ക്ക് പോയ ചേട്ടൻ തിരിച്ചുവന്നില്ല. ഉറങ്ങാൻ കിടന്ന കറുത്തമ്മയുമില്ല. അവൾ കരയുകയും കുഞ്ഞിനെ ആശ്വസിപ്പിക്കുകയും ചെയ്തു. രണ്ടുനാൾ കഴിഞ്ഞ് ആലിംഗബദ്ധരായ കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും ശവശരീരങ്ങൾ കടപ്പുറത്ത് അടിഞ്ഞുകയറി. അന്ന് ചെറിയഴീക്കൽ കടപ്പുറത്ത് ചൂണ്ട വിഴുങ്ങിയ ഒരു സ്രാവും അടിഞ്ഞുകയറി." ഈയൊരു കാഴ്ച നമുക്കിനി കേരളത്തിൽ കാണാനിടവരരുത്. മത്സ്യത്തൊഴിലാളികൾ നമ്മുടെ സഹോദരീ സഹോദരന്മാരാണ്. അവർക്ക് ജീവിതത്തെ അഭിമുഖീകരിക്കാനുള്ള എല്ലാ സംവിധാനങ്ങളും നമ്മൾ ചെയ്തുകൊടുക്കണം; അവരെ ചേർത്തുപിടിക്കണം. അത് വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലും വേണം. ബഹുമാനപ്പെട്ട മന്ത്രി മത്സ്യത്തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങളും മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ ഒരു പുതിയ പ്രഭാതമുണ്ടാകട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

4.00 p.m]

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് മത്സ്യമേഖല പല തരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഇന്ന് രാവിലെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിലും ഇതുതന്നെയാണ് പ്രതിപാദിച്ചത്. ബഹുരാഷ്ട്ര കമ്പനികൾ കടന്നുവരുന്നതുമൂലം നമ്മുടെ തീരപ്രദേശത്തുണ്ടാകാൻ പോകുന്ന പ്രതിസന്ധികൾ, ആവാസ വ്യവസ്ഥയിലുണ്ടാകാൻ പോകുന്ന മാറ്റങ്ങൾ, മലിനീകരണം തുടങ്ങി വലിയ രീതിയിലുള്ള പ്രതിസന്ധികൾ ഇന്ന് മത്സ്യമേഖല നേരിടുന്നുണ്ട്. അതിനുപുറമേയാണ് മത്സ്യമേഖല തകർക്കുംവിധമുള്ള കേന്ദ്രസർക്കാരിന്റെ പല സമീപനങ്ങളും വരുന്നത്. മത്സ്യസമ്പത്ത് കുറയുന്നുവെന്നത് യാഥാർത്ഥ്യമാണ്. വർഷങ്ങളായി ചർച്ച ചെയ്യുന്നൊരു വിഷയമാണിത്. 2019-ലെ കണക്കനുസരിച്ച് പല കാരണങ്ങളാൽ 6 ലക്ഷം ടണ്ണിൽനിന്ന് 5.4 ലക്ഷം ടൺ ആയി മത്സ്യസമ്പത്ത് കുറഞ്ഞിട്ടുണ്ട്. ചൂട് വർദ്ധിക്കുന്നതും അധികമഴയാൽ ഉപ്പിന്റെ അംശം കുറഞ്ഞു പോകുന്നതും കടലിന്റെ ആവാസ വ്യവസ്ഥയെ പലതരത്തിൽ ബാധിക്കുന്നുണ്ട്. കേരളീയർക്ക് പ്രിയമായ അയല, മത്തി തുടങ്ങിയ മത്സ്യങ്ങൾ ഇപ്പോൾ കുറഞ്ഞുവരികയാണ്. ഇത്തരം പ്രതിസന്ധികൾ മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും വരുമാനത്തെയും ഉപജീവനത്തെയും ബാധിക്കുകയും അത് സ്വാഭാവികമായും ഒരു സാമൂഹിക പ്രശ്നമായി തീരദേശ മേഖലയിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുകയുമാണ്. 2021-ലെ വിവിധ പത്രവാർത്തകൾ ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. പ്രസ്തുത വാർത്തകൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. 'ഓഖി ദുരന്തത്തിന്റെ ഭാഗമായി കേന്ദ്രസഹായം ലഭിച്ചിട്ടും 85 ബോട്ടുകൾ കേരളം വാങ്ങിയിട്ടില്ല'; 'മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നൽകുന്ന ഉപകരണങ്ങൾ പരാജയമായിരിക്കുന്നു'; 'കേന്ദ്രത്തിന്റെ ലൈസൻസ് ലഭിക്കാതെപോയ മത്സ്യയാന വയർലെസ്'; 'ഇതര സംസ്ഥാന ബോട്ടുകൾ യൂസേഴ്സ് ഫീസ് പിരിക്കുന്നതിൽ വലിയ വീഴ്ച'. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ബോട്ടുകൾ നിയന്ത്രിക്കണമെന്നുള്ളത് കാലങ്ങളായി ഉയർന്നുവരുന്ന ഒരു ആവശ്യമാണ്. 'എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ച് അന്യസംസ്ഥാന ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഷയങ്ങളിൽ നടപടികൾ ഉണ്ടാകുന്നില്ല'; 'ഫിഷറീസ് വകുപ്പ് പ്രഖ്യാപിച്ച പല പദ്ധതികളും പാതി വഴിയിൽ'; 'മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ ജലരേഖകളായി'; 'ഇന്ധനവില; ട്രോളിംഗ് കഴിഞ്ഞാലും മത്സ്യബന്ധനം അസാധ്യം'; 'മണ്ണെണ്ണയ്ക്ക് ക്ഷാമം; കിട്ടിയാൽ ഇരട്ടി വിലയിൽ', 'മീൻ പിടുത്തക്കാർക്ക് കഷ്ടകാലം'. ഈ മേഖലയിലുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എത്രമാത്രം പ്രതിസന്ധി

നേരിടുന്നുവെന്നതിലേയ്ക്കാണ് ഈ വാർത്തകൾ വിരൽ ചൂണ്ടുന്നത്. കൂടുതൽ ദിവസങ്ങളിലേയ്ക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന സാഹചര്യമുണ്ടാകുന്നു. മത്സ്യത്തൊഴിലാളികൾക്ക് അതിന് തത്തുല്യമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയണം. 200 രൂപ വീതം നൽകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. വരുമാന നഷ്ടം, സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയവ മനസ്സിലാക്കിക്കൊണ്ട് ഒരു സുസ്ഥിര സംവിധാനത്തിന് രൂപം നൽകാനും അർഹമായ നഷ്ടപരിഹാരം കൊടുക്കാനും സാധിക്കണം. ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധിച്ചതും ഇന്ധനക്ഷാമവും മത്സ്യമേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. കേന്ദ്രസർക്കാരിനോട് സബ്സിഡി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അത് ലഭ്യമാകുന്ന സാഹചര്യമില്ല. പതിറ്റാണ്ടുകളായി പൊതുവിതരണത്തിന് നൽകുന്ന മണ്ണെണ്ണയാണ് മത്സ്യമേഖലയ്ക്ക് നൽകിക്കൊണ്ടിരുന്നത്. മത്സ്യമേഖലയ്ക്ക് മാത്രമായി പ്രത്യേകം അലോട്ട്മെന്റ് വേണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അതിനോട് കേന്ദ്രസർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടില്ല. ഇന്ധന സബ്സിഡിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു ഭാഗത്ത് നിൽക്കുന്നു. അതുപോലെ ഇവർക്ക് മത്സ്യബന്ധനത്തിലൂടെ ഡീസൽ ചെലവിനനുസരിച്ചുള്ള വരുമാനം ലഭിക്കുന്നി ല്ലെന്നത് ഈ മേഖലയിൽനിന്നുള്ള സ്വാഭാവികമായ പിൻവാങ്ങലിനുള്ള ഒരു കാരണമാണ്. അനവധി മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെടുന്നുണ്ട്. അശാസ്ത്രീയമായ നിർമ്മാണങ്ങൾ കൂടുതൽ അപകടങ്ങൾ വിളിച്ചുവരുത്തുന്ന സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ ആധുനികമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പം, ഇവർക്ക് കൂടുതൽ പദ്ധതികൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. തീരദേശ മേഖലകളിലും മത്സ്യഗ്രാമങ്ങളിലും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്. മത്സ്യമേഖലയിലുണ്ടാകുന്ന പ്രശ്നങ്ങൾ, തീരദേശത്തുണ്ടാകുന്ന കടൽക്ഷോഭങ്ങൾ എന്നിവ നേരിടേണ്ടിവരുന്നവരുടെ ജീവിത സാഹചര്യങ്ങൾ പലപ്പോഴും ഏറെ ചർച്ചയാകാറുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചതുപോലെ, മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ ശോചനീയാവസ്ഥ, ഭവനങ്ങൾ നഷ്ടപ്പെട്ട സാഹചര്യങ്ങൾ, പുതിയ ഭവന നിർമ്മാണ പദ്ധതികളുടെ മെല്ലെപ്പോക്ക്, ശുദ്ധ ജലക്ഷാമം എന്നിവയെല്ലാം പ്രതിസന്ധിയായി നിൽക്കുകയാണ്. ശുദ്ധജലക്ഷാമ ത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ജൽജീവൻ മിഷൻ എത്രമാത്രം പ്രായോഗി കമായി നടപ്പിലാകുമെന്ന് കണ്ടറിയണം. കാരണം അതിനായി കൃത്യമായ വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ വയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എത്ര തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് വിഹിതം വയ്ക്കുമെന്ന് എന്നെ കേൾക്കുന്ന ബഹുമാന്യരായ സഹപ്രവർത്തകർക്കറിയാം. സ്വാഭാവികമായിട്ടും വലിയ

പ്രശ്നങ്ങൾ നേരിടാൻ പോകുകയാണ്. അതോടൊപ്പംതന്നെ ഇതര സംസ്ഥാന ബോട്ടുകളെ നിയന്ത്രിക്കാൻ കഴിയണം. എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിച്ചുള്ള അവരുടെ മത്സ്യബന്ധനവും അവമൂലമുണ്ടാകുന്ന പ്രശ്നങ്ങളും വലിയ തോതിലുള്ള പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുകയാണ്. അന്യസംസ്ഥാന ബോട്ടുകളെ നിയന്ത്രിക്കാനുള്ള നടപടികൾ നേരത്തെ സ്വീകരിച്ചിരുന്നതാണ്. പക്ഷേ ഇന്ന് അന്യസംസ്ഥാന ബോട്ടുകൾ കൂടുതൽ കടന്നുവന്ന് മറ്റൊരു സിസ്റ്റത്തിലൂടെ മത്സ്യബന്ധനം നടത്തി മത്സ്യസമ്പത്തിനെ വലിയരീതിയിൽ ചൂഷണം ചെയ്യുന്ന നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. മത്സ്യമേഖലയിലുള്ള മറ്റൊരു പ്രശ്നം ഭൂമിയുമായി ബന്ധപ്പെട്ടതാണ്. മത്സ്യ കോളനികളിൽ പലപ്പോഴും പട്ടയത്തിന്റെ പ്രശ്നങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വിവിധ മത്സ്യ കോളനികളിൽ പട്ടയം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ കടൽതീരത്ത് താമസിക്കുന്നവരാണ്. അവിടെ ഏതാനും വീടുകൾക്ക് പട്ടയമുണ്ട്. എന്നാൽ തൊട്ടടുത്ത പ്ലോട്ടുകളിൽ താമസിക്കുന്നവർക്ക് പട്ടയമില്ലാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അവരുടെ പ്രത്യേക സാമൂഹിക അന്തരീക്ഷത്തെയും പശ്ചാത്തല ത്തെയും മനസ്സിലാക്കിക്കൊണ്ട് മത്സ്യമേഖലയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാനുള്ള ഉദാരമായ സമീപനം സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അവരെ മുന്നോട്ടുകൊണ്ടുവരാൻ ശ്രമിക്കുന്നവരാണ് നമ്മൾ. എന്റെ ശ്രദ്ധയിൽ വന്ന കാര്യം ഞാൻ സൂചിപ്പിച്ചതാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ മറ്റ് പ്രദേശങ്ങളിലുമു ണ്ടാകുമെന്ന് ഞാൻ കരുതുകയാണ്.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ലേലത്തിനകത്ത് വരുന്ന ചൂഷണങ്ങൾ ഒഴിവാക്കാനും അതോടൊപ്പം ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ കഴിയുന്നതിനും വേണ്ടിയുള്ളതെന്നാണ്. ആ വിഷയങ്ങളെയൊന്നും നമ്മൾ എതിർക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. അവരെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയണം. മത്സ്യത്തൊഴിലാളികൾക്ക് അവരുടേതായ വരുമാനം കൃത്യമായി ഉറപ്പുവരുത്താൻ കഴിയുന്ന നിലയിലേയ്ക്ക് മാറാൻ സാധിക്കണം. മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനും ഏറ്റവും നല്ല മത്സ്യം വിപണിയിൽ എത്തിക്കാനും കഴിയണം. നിലവിലുള്ള ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ടിന് വിരുദ്ധമായ പല വ്യവസ്ഥകളും ഈ ബില്ലിൽ വരുന്നുണ്ട്. ബില്ലിലെ നല്ലകാര്യങ്ങൾക്കൊന്നും എതിരഭിപ്രായമില്ല. ഇടനിലക്കാർ കടന്നുവരാനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് സർക്കാരിന് ആവശ്യമായ ബാക്ക് അപ്പ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. അഞ്ച് മാസത്തെ കാര്യമല്ല

പറയുന്നത്, കാലങ്ങളായി ബാക്ക് അപ്പ് നടക്കാതെ പോയത് ഒരു പ്രശ്നം തന്നെയാണ്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കുന്നതിന് മത്സ്യഫെഡോ ബന്ധപ്പെട്ട മറ്റ് ഏജൻസികളോ പരാജയപ്പെട്ടുപോയതുകൊണ്ടാണ് കൂടുതൽ ശക്തമായി ഇടനിലക്കാർ രംഗപ്രവേശം ചെയ്യുന്നത്. അങ്ങനെയാണ് അവരെ നിയന്ത്രിക്കാൻവേണ്ടിയുള്ള ഒരു നിയമത്തെക്കുറിച്ച് ചിന്തിക്കുന്നത്. കേരളത്തിൽ 85 ശതമാനത്തോളം ആളുകളും മത്സ്യം കഴിക്കുന്നവരാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽപ്പോലും ഒരുപാട് പുതിയ മത്സ്യ ഔട്ട്ലെറ്റുകൾ കടന്നുവരുന്നുണ്ട്. അവിടെയെത്തുന്ന മത്സ്യത്തിന്റെ ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ കഴിയണം. മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ കലർത്തുന്നുവെന്നത് കാലങ്ങളായി വരുന്ന വാർത്തകളാണ്. ഇതുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച ആശങ്കകളുണ്ട്. കുറേയൊക്കെ സത്യവുമാണ്. രാസപദാർത്ഥങ്ങൾ കലർന്ന ഉപയോഗശൂന്യമായ, ആരോഗ്യത്തിന് ഹാനികരമായ മത്സ്യങ്ങൾ വിൽക്കുന്നത് നമുക്ക് നിയന്ത്രിക്കാൻ കഴിയണം. അതിന്റെ പേരിൽ ഈ നിയമം നമ്മൾ മുന്നോട്ട് വയ്ക്കുമ്പോൾ മത്സ്യത്തൊഴിലാളികളെ ഹനിക്കുന്ന നിലയിലേയ്ക്ക് ബില്ലിലെ ചില പ്രൊവിഷൻസ് കടന്നുവരുന്നുവെന്നതാണ് ഇതിനെ എതിർക്കാനുള്ള കാരണം, ആ ഒരു ഭാഗത്തെയാണ് ഞങ്ങൾ എതിർക്കുന്നത്. ചൂഷകരിൽനിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലോ, നല്ല മത്സ്യം ലഭ്യമാക്കുന്നതിലോ ഞങ്ങൾ എതിരല്ല. പക്ഷേ ഈ ബില്ലിലെ ചില പ്രൊവിഷൻസ് മത്സ്യത്തൊഴിലാളികളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്ന രീതിയിലാണ്. പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി കൊടുക്കണമെന്നൊരു പ്രൊവിഷൻ വച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളി ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ പോയി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പിക്കണമെന്നാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട അനൂപ് ജേക്കബ് സൂചിപ്പിച്ച കാര്യംതന്നെയാണ് എനിക്കും പറയാനുള്ളത്. മത്സ്യബന്ധനത്തിനു പോയി പുലർച്ചെ പിടിച്ചുകൊണ്ടുവന്ന മത്സ്യം ലേലം ചെയ്ത് മാർക്കറ്റിൽ എത്തിച്ചിട്ട് വീട്ടിൽ പോകാനാണ് എല്ലാ മത്സ്യത്തൊഴിലാളികളും ആഗ്രഹിക്കുന്നത്. എന്നാൽ ഈ നിയമപ്രകാരം മത്സ്യബന്ധനം കഴിഞ്ഞയുടൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ, മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമവിധേയമായി പിടിച്ചെടുത്തതാണെന്ന് ഉപഭോക്താവിന് ബോദ്ധ്യപ്പെടുന്ന വിധത്തിൽ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങൾ അടങ്ങിയ സാക്ഷ്യപത്രം യാന ഉടമകൾ നേടിയിരിക്കണമെന്നാണ്.

ഇത് മത്സ്യത്തൊഴിലാളികൾക്ക് അങ്ങേയറ്റം ദ്രോഹകരമാണെന്നറിയാമോ; കേന്ദ്രത്തിൽ നരേന്ദ്ര മോദി ഗവൺമെന്റ് കർഷക ദ്രോഹ നിയമം കൊണ്ടുവന്നതു പോലെ കേരളത്തിൽ നിർഭാഗ്യവശാൽ എന്റെ സുഹൃത്ത് ശ്രീ. സജി ചെറിയാൻ പൈലറ്റ് ചെയ്യുന്ന ഈ നിയമം മത്സ്യമാരണ നിയമമാണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതും അക്കാര്യമാണ്. ലേലത്തെ സംബന്ധിച്ചോ മത്സ്യത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ ഞങ്ങൾക്ക് എതിരഭിപ്രായമില്ല. എന്നാൽ ഇങ്ങനെയുള്ള ചില പ്രൊവിഷൻസ് മാറ്റണം. അതാണ് ഗവൺമെന്റ് ചെയ്യേണ്ട ഒരു കാര്യം. മറ്റൊന്ന്, വരുന്ന യാനങ്ങൾ നിശ്ചയിക്കപ്പെടുന്ന ഹാർബറുകളിൽ വിപണനം നടത്തണ മെന്നുള്ളതാണ്. അത് എപ്പോഴും പ്രായോഗികമായി സാധിച്ചുവെന്ന് വരില്ല. ഇങ്ങനെയുള്ള അപ്രായോഗിക വ്യവസ്ഥകൾ ബില്ലിൽ എഴുതിച്ചേർത്തിരിക്കു കയാണ്. തീരദേശത്തെ പരമ്പരാഗതമായ മത്സ്യത്തൊഴിലാളികൾക്ക് അവരുടേതായ സങ്കേതങ്ങളുണ്ട്. അവിടെ ബോട്ടുകളടുപ്പിച്ച് വിപണനം നടത്താൻ കഴിയാത്ത സാഹചര്യം വരുന്നു. ഗവൺമെന്റിന് നോട്ടിഫൈ ചെയ്യാമെന്നൊരു പ്രൊവിഷൻ ഇതിൽ ചേർത്തിട്ടുണ്ടെങ്കിൽപ്പോലും സ്വാഭാവികമായും നിരവധി പ്രശ്നങ്ങൾ ഉടലെടുക്കാൻ പോകുകയാണ്. ഈ ബില്ലിലെ 14-ാം വകുപ്പ് പ്രകാരം ഐസ് പ്ലാന്റുകൾ, സംസ്കരണ കേന്ദ്രം തുടങ്ങിയവയ്ക്ക് 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം കരസ്ഥമാക്കിയ ലൈസൻസിന്റെ അറ്റസ്റ്റഡ് കോപ്പി സഹിതം അപേക്ഷിച്ചാൽ മാത്രമേ പ്രവർത്തനാനുമതി നൽകുകയുള്ളു വെന്നാണ് പറയുന്നത്. അതായത് നിലവിൽ കേന്ദ്ര നിയമപ്രകാരം പ്രവർത്തി ക്കുന്ന ഒരു സ്ഥാപനത്തിന് വീണ്ടുമൊരു ലൈസൻസ് വേണമെന്ന് പറയുന്നതിലൂടെ ഇതിലെ വ്യവസ്ഥകൾ പ്രസ്തുത നിയമത്തിന് കോൺട്രഡിക്ടറിയായി മാറും. അതുപോലെ ലൈസൻസില്ലാതെ പ്രവർത്തനം ആരംഭിച്ചാൽ പിഴ ഈടാക്കാനും മറ്റ് നടപടികൾ സ്വീകരിക്കാനും ബില്ലിൽ പ്രൊവിഷൻ വച്ചിരിക്കുകയാണ്. കേന്ദ്ര നിയമപ്രകാരം ഒരു സ്ഥാപനം മുന്നോട്ടുപോകുമ്പോൾ അതിനകത്ത് വീണ്ടുമൊരു പീനൽ പ്രൊവിഷൻ വരുന്നുവെന്നത് കോൺട്രഡിക്ടറിയാകുന്ന സാഹചര്യമുണ്ടാ കുകയാണ്. മത്സ്യത്തിന്റെ അടിസ്ഥാന വില നിർണ്ണയിക്കുന്നത് സംബന്ധിച്ച വ്യവസ്ഥയിലാണ് ഏറ്റവും കൂടുതൽ വിമർശനം വന്നതെന്ന് ഞാൻ കരുതുന്നു. കളക്ടർ ചെയർമാനായ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്കാണ് മത്സ്യത്തിന്റെ അടിസ്ഥാന വില നിർണ്ണയിക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നത്. മൂന്ന് തലങ്ങളിലായാണ് സൊസൈറ്റി രൂപീകരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ്/ മുനിസിപ്പാലിറ്റി ചെയർമാൻ/മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ ചെയർമാനായിട്ടുള്ള ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികളുമുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാന വില നിർണ്ണയിക്കാൻ ഇവരെ ചുമതലപ്പെടുത്തുമ്പോൾ, ഒരു ഹാർബറിലേയ്ക്ക് ഒരുസമയത്ത് അനവധി ബോട്ടുകൾ പലതരത്തിലുള്ള മത്സ്യങ്ങളുമായി കടന്നുവരും, സ്വാഭാവികമായും അക്കാര്യത്തിൽ ഒരു അശാസ്ത്രീയത ഉടലെടുക്കുമെന്നതിൽ യാതൊരു സംശയവുമില്ല. മത്സ്യത്തിന്റെ ഗുണനിലവാരം കണ്ടെത്താൻ ഫിഷറീസ് ഡയറക്ടർ ചെയർമാനായ സംസ്ഥാനതല മത്സ്യ ഗുണ നിലവാര പരിപാലന കമ്മിറ്റിയേയും വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനാൽ ബിൽ വായിച്ചു കഴിഞ്ഞാൽ ഒട്ടനവധി ഉദ്യോഗസ്ഥർ, വിവിധ തലത്തിലുള്ള കമ്മിറ്റികൾ തുടങ്ങി ഒന്നിലധികം കാര്യങ്ങൾ വരികയാണ്. ഒരു വിഷയത്തെ നിയന്ത്രിക്കാൻ വേണ്ടി അനവധി കാര്യങ്ങൾ എഴുതിച്ചേർക്കുമ്പോൾ സ്വാഭാവികമായും മത്സ്യ മേഖലയിലെ തൊഴിലാളികൾക്കുണ്ടാകാവുന്ന പ്രശ്നങ്ങളുടെ സാദ്ധ്യതകൾ ഏറുകയാണ്. ഈ ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഫിഷറീസ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 20-ാം വകുപ്പുപ്രകാരം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറാണ് മത്സ്യത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത്. ഈ ആക്ടിലെ എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള പരിശോധന നടത്താൻ ഫിഷറീസ് ഓഫീസർ ഉള്ളപ്പോൾ ഗുണനിലവാരത്തെക്കുറിച്ച് പരിശോധന നടത്താൻ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിരവധി ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും അതോടൊപ്പം അവരെടുക്കുന്ന നടപടികൾക്ക് പൂർണ്ണ സംരക്ഷണം ലഭിക്കുകയുമാണ്. വിമർശന വിധേയമായ ഒരു കാര്യവും അതാണ്. ഉദ്യോഗസ്ഥരെടുക്കുന്ന ഏതെങ്കിലും നടപടിക്കുമേൽ അവർക്കെതിരെ യാതൊരുരീതിയിലുള്ള നിയമനടപടിയും സ്വീകരിക്കാൻ ഒരാൾക്കും അവകാശമി ല്ലെന്നാണ് ബില്ലിലെ 31-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നത്. ഒരു കാരണവശാലും ആ വ്യവസ്ഥ ഉൾപ്പെടുത്താൻ പാടില്ല. ഇത് വലിയ രീതിയിൽ ദുരുപയോഗപ്പെ ടുത്താൻ സാദ്ധ്യതയുണ്ട്. ഉദ്യോഗസ്ഥ മേധാവിത്വം വരികയും ചൂഷണത്തിന് വിധേയമാകുന്ന നിലയിലും അല്ലെങ്കിൽ ഇത് മറ്റൊരു തരത്തിലുള്ള അഴിമതിക്ക് കാരണമാകുന്ന നിലയിലേയ്ക്കും മാറുമെന്ന ആശങ്ക സ്വാഭാവികമായും ഉയർന്നുവരാൻ പോകുകയാണ്. അതുപോലെ അപ്പീൽ നൽകണമെങ്കിൽ അപേക്ഷകൻ പിഴത്തുക പൂർണ്ണമായും കെട്ടിവയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാത്രമേ അപ്പീൽ പോലും സ്വീകരിക്കൂ. ഇതെല്ലാം സ്വാഭാവികമായും മത്സ്യത്തൊഴിലാളികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടാവുന്ന നിലയിലേയ്ക്ക് മാറാൻ പോകുകയാണ്. ഉദ്യോഗസ്ഥ രെടുക്കുന്ന തീരുമാനത്തിന് പൂർണ്ണ സംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ

അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടാതെ പോകുന്ന സാഹചര്യവും ഉടലെടുക്കാൻ പോകുകയാണ്. രാസവസ്തു ചേർന്നതോ ചീഞ്ഞതോ ഗുണനിലവാരം കുറഞ്ഞതോ ആയ മത്സ്യങ്ങൾ വിപണനം ചെയ്താൽ ബില്ലിലെ 29-ാം വകുപ്പു പ്രകാരം പതിനായിരം മുതൽ ഒരു ലക്ഷം രൂപവരെയാണ് പിഴ ഈടാക്കുന്നത്. അതോടൊപ്പംതന്നെ ലേലം ഓതറൈസ് ചെയ്ത പ്രെമിസസിലല്ല മത്സ്യം വിൽക്കുന്നതെങ്കിൽ ഒരു വർഷം വരെ തടവ് നിഷ്കർഷിച്ചിരിക്കുകയാണ്. ഇത്തരം വ്യവസ്ഥകളിലാണ് ആശങ്ക ഉയർന്നു വരുന്നത്. ബിൽ ലക്ഷ്യം വയ്ക്കുന്നത് ഒരു ബ്രോഡ് സെൻസിലാണെങ്കിൽ അതിനകത്ത് ഇതുപോലെയുള്ള പല രീതികൾ കടന്നുവരാൻ പോകുന്നത് സ്വാഭാവികമായ നീതിനിഷേധമായി അല്ലെങ്കിൽ മത്സ്യത്തൊഴിലാളികൾ ഇന്നലെവരെ അനുഭവിച്ചുവന്നിരുന്ന വലിയൊരു സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമായി മാറുമെന്നുള്ളതിനാലാണ് ഈ ബിൽ എതിർക്കപ്പെടാനുള്ള പ്രധാന കാരണം. അതുകൊണ്ട് ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിച്ച് ഈ നിയമം മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ഇടനിലക്കാരെ ഒഴിവാക്കണം, നല്ല മത്സ്യം ലഭ്യമാക്കണം, ചൂഷണം ഒഴിവാക്കണം, അതോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ അവകാശത്തെ പരിപൂർണ്ണമായും സംരക്ഷിക്കാൻ കഴിയുന്ന നിലയിൽമാത്രമേ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ വെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സബ്ജക്ട് കമ്മിറ്റിയിലും ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിലും ഇത്തരത്തിലുള്ള കാര്യങ്ങളിൽ കാലോചിതമായതും അനിവാര്യമായതുമായ ഭേദഗതികൾ ഗവൺമെന്റ് ഉൾക്കൊള്ളണമെന്നുകൂടി സൂചിപ്പിച്ചു കൊണ്ട് പ്രമേയത്തെ പിന്താങ്ങുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിന്റെ ഏറ്റവും സുപ്രധാനമായൊരു വഴിത്തിരിവാണ് ഈ ബിൽ എന്നുള്ളത് ഞാൻ ആമുഖമായി സൂചിപ്പിക്കുകയാണ്. പതിറ്റാണ്ടുകളായി മത്സ്യമേഖലയിൽ നിലനിന്നിരുന്ന കടുത്ത ചൂഷണത്തിൽനിന്നും തൊഴിലാളികളെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത്തരമൊരു ബിൽ ഈ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് നമ്മൾ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്,

കടത്തിൽ മരിക്കുന്ന ഒരു വിഭാഗമെന്നാണ് മത്സ്യത്തൊഴിലാളികളെക്കുറിച്ച് പറയാറുള്ളത്. ആ സാഹചര്യത്തിൽനിന്നും തികച്ചും വ്യത്യസ്തമായൊരു നിലയിലേയ്ക്ക് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തെ ഉയർത്താനുള്ള ഏറ്റവും ഫലപ്രദമായ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ സാധിച്ചതുതന്നെ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാന്റെ ജീവിതത്തിലെ ഒരു അസുലഭ ഭാഗ്യമാണെന്നാണ് വ്യക്തിപരമായിട്ടുള്ള അഭിപ്രായം. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നയാളാണ്. തോട്ടപ്പള്ളിയിൽ തൊഴിലാളികളുടെ സമരം നടക്കുമ്പോൾ അവിടെയെത്തി അവരെ ഭീഷണിപ്പെടുത്താൻ തയ്യാറായ ആളാണ് അദ്ദേഹം. എന്നെക്കൊണ്ട് ആ ചരിത്രമൊന്നും ബഹുമാനപ്പെട്ട അംഗം പറയിപ്പിക്കരുത്.

ശ്രീ. കെ ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം പറയുന്നത് അടിസ്ഥാനരഹിതമാണ്. തോട്ടപ്പള്ളിയിൽ ഒരു തൊഴിലാളി മുങ്ങി മരിച്ചു. ഈ വിവരമറിഞ്ഞ് രാവിലെ ഏകദേശം ഏഴര മണിയോടെ ഞാനവിടെയെത്തി. ഇവരുടെ പാർട്ടിക്കാരെല്ലാംകൂടി എന്നെ തടഞ്ഞുവച്ചു. അവിടെ തൊഴിലാളി മുങ്ങി മരിച്ചതന്വേഷിച്ച് ചെന്ന എന്നെ ഇവരുടെ ആളുകളെല്ലാംകൂടി തടഞ്ഞു വയ്ക്കുകയാണുണ്ടായത്.

ശ്രീ. എച്ച്. സലാം: സർ, ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഈ പറയുന്ന സമയത്ത് അവിടെ എത്തിയശേഷം അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിനെ കാറിൽ വിളിച്ചുകയറ്റി ഒരു മന്ത്രിക്ക് ചേരാത്ത നിലയിൽ അസഭ്യവർഷം നടത്തി ഇറങ്ങുന്ന സന്ദർഭത്തിലാണ് ഇങ്ങനെയൊരു പ്രശ്നമുണ്ടായതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അവിടെ എല്ലാ രാഷ്ട്രീയക്കാരുമുണ്ടായിരുന്നു. നിർഭാഗ്യമെന്ന് പറയട്ടെ ആ പഞ്ചായത്ത് പ്രസിഡന്റ് ഒരു മത്സ്യത്തൊഴിലാളിയായിരുന്നു. അദ്ദേഹത്തെ വാഹനത്തിനകത്ത് കയറ്റിയതിനുശേഷം 'നിന്നെ ശരിയാക്കിക്കളയും' എന്നാണ് പറഞ്ഞത്. ഞാൻ അതൊരു വിഷയമാക്കുന്നില്ല. നമ്മുടെ വിഷയം അതല്ലല്ലോ.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആ പഞ്ചായത്ത് പ്രസിഡന്റ് വനിതയാണോ അതോ പുരുഷനാണോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആ പഞ്ചായത്ത് പ്രസിഡന്റ് ഒരു പുരുഷനും മത്സ്യത്തൊഴിലാളിയുമായിരുന്നു. ഇപ്പോൾ അദ്ദേഹം വീണ്ടും പുറക്കാട് പഞ്ചായത്ത് പ്രസിഡന്റായിട്ടുണ്ടെന്നുള്ള സന്തോഷവാർത്തയും ഞാൻ ഈ സഭയെ അറിയിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന്

മത്സ്യവുമായി പോകുന്ന മത്സ്യത്തൊഴിലാളി അമ്മമാരുടെ അവസ്ഥയെല്ലാം നന്നായി അവതരിപ്പിച്ചു. ഇത് ഞാൻ എന്റെ വീട്ടിൽ അനുഭവിക്കുന്ന ആളാണ്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താൻ കഴിയുന്നില്ലെന്നുള്ളതാണ് ഇന്നത്തെ മുഖ്യ പ്രശ്നം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിനും അറിയാവുന്ന കാര്യമാണ്. നമ്മുടെ സമൂഹത്തിൽ വിവിധ ഉൽപ്പന്നങ്ങളുണ്ടാക്കുന്ന തൊഴിലാളികളുണ്ട്. അവർക്കെല്ലാം അവരുടെ ഉൽപ്പന്നത്തിന് ഒരു വില ക്ലിപ്തമായി നിശ്ചയിക്കാൻ കഴിയും. ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല. രാവിലെ ഒരു വില, ഉച്ചയ്ക്ക് ഒരു വില പിന്നീട് ഓരോ മണിക്കൂറിലും ഓരോ വില എന്ന നിലയിലാണ് പോകുന്നത്. മത്സ്യം കൂടുതലായി വരുമ്പോൾ അതിന് ന്യായമായ വില ലഭിക്കാതെവരുന്ന സാഹചര്യമാണുള്ളത്. കടലിൽനിന്നും നിരവധി സ്വപ്നങ്ങൾ കണ്ടുകൊണ്ടാണ് മത്സ്യവുമായി വരുന്നത്. ഇന്നലെ നൂറു കുട്ട മീനിന് ഒരു ലക്ഷം രൂപ കിട്ടിയപ്പോൾ ഇന്നും അത്രയും രൂപ ലഭിക്കുമെന്ന് സ്വപ്നം കണ്ടുവരുന്ന തൊഴിലാളി കരയ്ക്കെത്തുമ്പോൾ ചില സമയത്ത് അതെടുക്കാൻ ആളില്ലാതെ വരികയും അത് സ്വയം കോരി കടലിൽ കളയേണ്ട സാഹചര്യമുണ്ടാവുകയും ചെയ്യാറുണ്ട്. ഈ ബില്ലിലൂടെ അത്തരം കാര്യങ്ങൾക്ക് ഒരു മാറ്റം വരുത്തുകയാണ് ലക്ഷ്യം വയ്ക്കുന്നതെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. മത്സ്യം തൂക്കിനോക്കി ന്യായവില നൽകാൻ കഴിയുന്നൊരു സംവിധാനം ഉറപ്പുവരുത്തുകയാണ്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതയ്ക്കനുസരിച്ച് മത്സ്യത്തിന്റെ വില നിശ്ചയിക്കാനും അതിന് കഴിയുന്ന രീതിയിലുള്ള ഹാർബറുകളും ലാൻഡിംഗ് സെന്ററുകളും പ്രഖ്യാപിക്കാനും ഇതുമായി ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളടങ്ങുന്ന ഒരു സംവിധാനത്തെ ചുമതലപ്പെടുത്തി വളരെ സുതാര്യമായ നിലയിൽ മത്സ്യവിപണനത്തിന് സാഹചര്യമൊരുക്കാനും ഈ ബില്ലിലൂടെ കഴിയുന്നുവെന്നുള്ളത് വളരെ ആഹ്ലാദകരമായ കാര്യമാണ്. ഇവിടെ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട കുറേയധികം വിഷയങ്ങൾ ഉന്നയിക്കപ്പെട്ടു. അതിലേയ്ക്ക് കടക്കുന്നതിനുമുമ്പായി ഈ ബില്ലിലെ 'മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ സാക്ഷ്യപ്പെടുത്തൽ', 'മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ നിലവാരം സാക്ഷ്യപ്പെടുത്തൽ' എന്നീ വ്യവസ്ഥകളിൽ ചില ഭേദഗതികൾ വരുത്തണമെന്നുള്ള അപേക്ഷ കൂടിയുണ്ട്. ഒരു പരിശോധന നടത്തി പ്രസ്തുത വ്യവസ്ഥകൾ ഒഴിവാക്കിയാൽ മത്സ്യത്തൊഴിലാളികൾക്ക് വളരെ ഗുണകരമായിരിക്കുകയും ബില്ലിന് കുറേക്കൂടി സ്വീകാര്യത വർദ്ധിക്കാനിടയാകുകയും ചെയ്യുമെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ബില്ലിലെ ഏൽപ്പിച്ചു കൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തിലെ 34 മുതൽ 37 വരെയുള്ള ഖണ്ഡികകൾ പരിശോധിക്കപ്പെടണമെന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലം മുതൽ മത്സ്യത്തൊഴിലാളി മേഖലയിൽ സുപ്രധാനമായ നിരവധി പദ്ധതികൾ നടപ്പാക്കി ഈ സർക്കാർ മുന്നോട്ടു പോകുകയാണ്. മത്സ്യത്തൊഴിലാളികളുടെ അപകട മരണവുമായി ബന്ധപ്പെട്ട രണ്ട് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര തുക അഞ്ച് ലക്ഷം രൂപയെന്നത് പത്ത് ലക്ഷം രൂപയായി ഉയർത്തി. മത്സ്യഫെഡിലും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലും അംഗമായ ഒരു തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ 20 ലക്ഷം രൂപ അവകാശികൾക്ക് ലഭിക്കുന്നൊരു സാഹചര്യം ഇന്നുണ്ട്. പക്ഷേ, ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചാണ്. മത്സ്യബന്ധനത്തിനുപോയി കാണാതായ ആളെ കാത്തിരുന്നിട്ട് കാര്യമില്ലാത്ത അവസ്ഥയാണ്. ജഡംപോലും ലഭിക്കുന്നില്ല. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് അന്ന് ഗവൺമെന്റ് ഒരു പ്രത്യേക തീരുമാന മെടുത്തിരുന്നു. ഒരു മാസക്കാലത്തിനുള്ളിൽത്തന്നെ അവരെയെല്ലാം മരണപ്പെട്ട വരായി കണക്കാക്കി അവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകി. നിലവി ലുള്ള നിയമമനുസരിച്ച് കാണാതായി ഏഴ് വർഷം കഴിഞ്ഞാൽ മാത്രമേ മരണപ്പെട്ടതായി കണക്കാക്കൂ. ഏഴ് വർഷമെന്നുള്ളത് ചെറിയ കാലഘട്ടമായി മാറ്റണം. കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുകൂടി നഷ്ട പരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയത്തിന്റെ വലിയൊരു തുക തൊഴിലാളികൾ അടയ്ക്കേണ്ടിവരുന്ന സാഹച ര്യമാണ് നിലവിലുള്ളത്. അത് അവർക്ക് അടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം, അക്കാര്യത്തിൽ അവരെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് ഇന്ധനവില. നരേന്ദ്ര മോദി ഗവൺമെന്റ് ദൈനംദിനം ഇന്ധന വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം നമുക്കറിയാം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ആവശ്യമാണ്. കേരളത്തിന് നൽകുന്ന മണ്ണെണ്ണയുടെ അളവ് ഗണ്യമായി വെട്ടിക്കുറച്ചു. ബഹുമാനപ്പെട്ട ശ്രീ. അനൂപ് ജേക്കബ് നേരത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന വ്യക്തിയാണ്. അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കാർഷിക മേഖലയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ നിന്നാണ് മത്സ്യമേഖലയ്ക്ക് നൽകിക്കൊണ്ടിരുന്നത്. ഇന്നിപ്പോൾ 100-110 രൂപ നൽകി

മണ്ണെണ്ണ വാങ്ങേണ്ട സ്ഥിതിയാണ് മത്സ്യമേഖലയിൽ നിലനിൽക്കുന്നത്. യന്ത്രവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോയി മീൻപിടിച്ച് കരയ്ക്കുകൊണ്ടുവന്ന് വിറ്റുകഴിഞ്ഞാൽ ഇന്ധനത്തിന്റെ ചെലവ് കഴിച്ചുള്ള നാമമാത്രമായ തുകയാണ് ലഭിക്കുന്നത്. എല്ലാദിവസവും കടലിൽ പോയാലും മത്സ്യം ലഭിക്കാറില്ല. രണ്ട് ദിവസം ഒന്നും ലഭിക്കാതെയും മൂന്നാം ദിവസം എന്തെങ്കിലും ലഭിച്ചാൽ അതുകൊണ്ട് രണ്ട് ദിവസത്തെ കടം വീട്ടുകയും വീണ്ടും കടക്കാരായി മാറുകയുമാണ്. അതാണ് കർഷകർ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നുവെന്ന് പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാട് തിരുത്തുന്നതോടൊപ്പം മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുകയും വേണം. ഈ ഗവൺമെന്റിനെ ഒരു കാര്യത്തിൽ വളരെയധികം പ്രശംസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണത്തിനിടയിൽ മണ്ണെണ്ണയുടെ സബ്സിഡി ഇനത്തിൽ മത്സ്യഫെഡ് മുഖാന്തരം മാത്രം 184 കോടി രൂപ കൊടുത്തുതീർക്കാൻ കഴിഞ്ഞത് ഈ ഗവണ്മെന്റിന്റെ വലിയൊരു നേട്ടമാണ്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ വച്ച് സബ്സിഡി നൽകി. ഇനിയും പരമാവധി ന്യായവിലയ്ക്ക് മണ്ണെണ്ണ നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള പഞ്ഞമാസ തുക ഇപ്പോൾ 4,500 രൂപയാണ്. അതിൽ 1,500 രൂപ തൊഴിലാളി വിഹിതവും 1,500 രൂപ സംസ്ഥാന വിഹിതവും 1,500 രൂപ കേന്ദ്ര വിഹിതവുമാണ്. കഴിഞ്ഞ രണ്ട് വർഷക്കാലമായി കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. അതിനെതിരായി എല്ലാ മത്സ്യത്തൊഴിലാളി സംഘടനകളും പ്രതിഷേധം പ്രകടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ വർഷവും ആ തുക സംസ്ഥാന ഗവൺമെന്റാണ് നൽകിയത്. ഈ വർഷം വീണ്ടും സംസ്ഥാന ഗവൺമെന്റ് തന്നെ നൽകേണ്ട സ്ഥിതിയാണ്. ഇതാണ് കേന്ദ്ര ഗവൺമെന്റ് മത്സ്യത്തൊഴിലാളി മേഖലയോട് സ്വീകരിക്കുന്ന നയം. ഹാർബറുകളുടെ നിർമ്മാണവും തീരദേശ സംരക്ഷണവുമെല്ലാം സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ട നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന ഇത്തരം നിലപാടുകൾ തിരുത്തണമെന്ന് ഐകകണ്ഠ്യേന ആവശ്യപ്പെടാൻ മത്സ്യത്തൊഴിലാളി മേഖലയെ സ്നേഹിക്കുന്ന എല്ലാവർക്കും ബാദ്ധ്യതയുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മാത്രമല്ല കേന്ദ്രഗവൺമെന്റ് കൂടി സഹായിച്ചാൽമാത്രമേ ദുർബലരായ ഈ ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. നിർഭാഗ്യമെന്ന് പറയട്ടെ, കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും അത്തരത്തിലുള്ള സഹായമുണ്ടാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

മത്സ്യത്തൊഴിലാളി മേഖലയെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായി വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞ കാലഘട്ടമാണ് പിന്നിട്ടിട്ടുള്ളത്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. സ്വാശ്രയ കോളേജുകളിലടക്കം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ അവസരമുണ്ടാക്കുകയും ഓരോ കുട്ടിക്കും ആവശ്യമായ തുക കൃത്യമായി ഈ സർക്കാർ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ പഴയകാല ദയനീയാവസ്ഥയെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് ശരിയാണ്, ഞാനും ചെറ്റക്കുടിലിൽ ജനിച്ചവനാണ്. എന്റെ അച്ഛനും മീൻ പിടിക്കാൻ പോയ വ്യക്തിയാണ്. അച്ഛൻ കൊണ്ടുവരുന്ന മീൻ വിലയില്ലാതെ കടലിലേയ്ക്ക് കോരിക്കളയുന്നത് കാണാനിടയായിട്ടുണ്ട്. ഇവിടെ ചെമ്പൻ കുഞ്ഞിനെയും പരീക്കുട്ടിയെയുമെല്ലാം അവതരിപ്പിച്ചു. അന്നുള്ള ചെറ്റക്കുടിലോ മത്സ്യത്തൊഴിലാളിയെയോ ഇന്ന് കടപ്പുറത്ത് കാണാൻ കഴിയില്ലെന്ന കാര്യം അഭിമാനത്തോടുകൂടി പറയാൻ നമുക്ക് കഴിയും. രണ്ടുമുറിയും അടച്ചുറപ്പുമുള്ള വീടും മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണും കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികൾക്കുമുണ്ട്. അതൊരു ഗവൺമെന്റ് മാത്രം ചെയ്തതാണെന്ന് ഞാൻ പറയുന്നില്ല. അക്കാര്യത്തിൽ ഓരോകാലത്തും വന്നിട്ടുള്ള ഗവൺമെന്റുകൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. ചെമ്മീൻ സിനിമ അന്നത്തെ മത്സ്യത്തൊഴിലാളികളുടെ പിന്നാക്കാവസ്ഥയെയും സാമൂഹ്യ ജീവിതത്തെയും ഉയർത്തിക്കാണിക്കാൻ ഇടയാക്കിയതോടൊപ്പംതന്നെ ചില അന്ധവിശ്വാസങ്ങളെയും അരക്കിട്ടുറപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ പിന്നാക്കാവസ്ഥ, അവരുടെ ജീവിതത്തിന്റെ ഏറ്റവും വലിയ ദയനീയാവസ്ഥ തുടങ്ങിയവയെക്കുറിച്ച് പറയുമ്പോൾ, ആ മേഖലയിലുണ്ടായ മാറ്റങ്ങളെ കാണാതെ ആർക്കും മുന്നോട്ടു പോകാൻ കഴിയില്ല. ഇനിയും നമുക്ക് നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. മുൻപ് കടൽക്ഷോഭം രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ വീട് കടലെടുത്തുകൊണ്ട് പോകുന്നത് കണ്ട് മാറത്തടിച്ച് നിലവിളിച്ച് നിൽക്കുന്ന നമ്മുടെ അമ്മ, പെങ്ങന്മാർ, അതായിരുന്നു കേരളത്തിന്റെ കടൽത്തീരം. എന്നാൽ ഇന്ന് ആ അവസ്ഥയുണ്ടോ; ചെല്ലാനം പോലെയുള്ള ചില സ്ഥലങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിരുന്നു. അതിനും പരിഹാരമുണ്ടാകുകയാണ്. ഈ ഗവൺമെന്റ് 332 കോടി രൂപ ചെലവിൽ തീരസംരക്ഷണത്തിനുവേണ്ടി ടെട്രാപോഡുകൾ ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ നിയോജക മണ്ഡലമടക്കമുൾപ്പെടുന്നതാണ് എന്റെ ജില്ല. അവിടത്തുകാരെ സംബന്ധിച്ചിടത്തോളം ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തികളുടെ നിർമ്മാണം വലിയ സംതൃപ്തിയാണ് നൽകുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ കടൽത്തീരമാകെ സംരക്ഷിക്കപ്പെടണം. കിഫ്ബിയിലൂടെയായാലും മറ്റേത്

ഏജൻസിയിലൂടെയായാലും തീരസംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വലിയൊരു സംരക്ഷണമാണ്. കടൽത്തീരത്തുനിന്നും അമ്പതു മീറ്ററിനടുത്ത് താമസിക്കുന്നവരെ മാറ്റി താമസിപ്പിക്കാനുള്ള 'പുനർഗേഹം' പദ്ധതിയനുസരിച്ച് ഇന്ന് പത്തുലക്ഷം രൂപയാണ് മത്സ്യത്തൊഴിലാളിക്ക് ലഭിക്കുന്നത്. നാലുലക്ഷം രൂപ വീട് വയ്ക്കാനും ആറുലക്ഷം രൂപ സ്ഥലം വാങ്ങാനും നൽകുന്നു. ലോകത്തൊരു നാട്ടിലും പത്ത് ലക്ഷം രൂപയുടെ 'പുനർഗേഹം' പോലുള്ള ഭവനപദ്ധതിയില്ല. തുക പോരെന്നുള്ള അഭിപ്രായം പലരും പറയുന്നുണ്ട്. ഞാനും വ്യക്തിപരമായി പറയുന്നു. പക്ഷേ, സംസ്ഥാനത്തിന് താങ്ങാൻ കഴിയുന്നതുമാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. കേരളത്തിലെ പലസ്ഥലങ്ങളിലെയും കടൽത്തീരങ്ങളിൽ ചെന്നാൽ അതിമനോഹരങ്ങളായ ഫ്ളാറ്റുകൾ കാണാം. പഴയ വീടുകളുടെ അവസ്ഥ യെന്താണ്? സുനാമി വന്നപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വീടുകളുടെ അവസ്ഥ എന്താണ്? ആ രീതിയിലുള്ള വീടുകളാണോ ഇപ്പോൾ ഗവൺമെന്റ് നൽകുന്നത്; ബഹുമാനപ്പെട്ട സ്പീക്കറുടെ ജില്ലയിലടക്കം തീരദേശത്ത് തലയുയർത്തി നിൽക്കുന്ന അതിമനോഹരമായ 600 സ്ക്വയർ മീറ്റർ സൗകര്യമുള്ള ആയിരക്കണക്കിന് ഫ്ളാറ്റുകൾ/വീടുകളാണ് ഇപ്പോൾ ഗവൺമെന്റ് നിർമ്മിച്ച് നൽകുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് എടുത്തതിന്റെ പകുതി സമയമേ എനിക്കായിട്ടുള്ളൂ.

മി. ചെയർമാൻ: ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ മാതൃക അങ്ങേയ്ക്ക് പിന്തുടരാനുള്ളതല്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം ഇരുപത്തിയെട്ട് മിനിട്ട് എടുത്തപ്പോൾ എനിക്ക് ഇരുപത് മിനിട്ട് തരാമല്ലോ. മത്സ്യത്തൊഴിലാളി മേഖലയെ സംബന്ധിച്ചിടത്തോളം തീരസംരക്ഷണം, പുനർഗേഹം പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, കൃത്യമായ പെൻഷൻ വിതരണം, മണ്ണെണ്ണ സബ്സിഡി, ഇൻഷ്വറൻസ് തുടങ്ങിയവ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷവും ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ ഈ ബില്ലിലൂടെ ഉയർന്നുവരാൻ പോകുന്ന മാറ്റം ചെറുതല്ല. ഇവിടെ ചൂണ്ടിക്കാണിച്ച

ന്യൂനതകളിൽ ചിലതൊക്കെ പരിഹരിക്കപ്പെടണമെന്നതിൽ തർക്കമില്ല. പ്രത്യേകിച്ച് മത്സ്യത്തിന് ന്യായവില നിശ്ചയിക്കുമ്പോഴുണ്ടാകാനിടയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം കാണണം. മത്സ്യ സംഭരണ കേന്ദ്രങ്ങൾ കൂടുതലായുണ്ടാകണം. ഓരോ ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും വരുന്ന മത്സ്യം ആവശ്യത്തിന് വിതരണം ചെയ്താൽ മിച്ചം വരുന്നത് വാങ്ങി സംഭരിക്കാനുള്ള സംവിധാനം ഉറപ്പുവരുത്തണം. മത്സ്യബന്ധന ഉപകരണങ്ങൾക്ക് അനുവദിക്കുന്ന തുകയ്ക്ക് ഇടനിലക്കാരിൽനിന്നും കമ്മീഷൻ വാങ്ങുന്നതിന്റെ ഫലമായി കടുത്ത ചൂഷണമാണ് ഈ മേഖലയിൽ നടക്കുന്നത്. മത്സ്യത്തൊഴിലാളികളിൽനിന്നും മീൻ വാങ്ങിക്കൊണ്ടുവന്ന് വിൽക്കുന്നവനല്ല യഥാർത്ഥത്തിൽ ഈ മേഖലയിലെ ചൂഷകൻ. മറിച്ച് ഇങ്ങനെ കമ്മീഷൻ വാങ്ങുന്ന ആളുകളാണ് യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇത്തരം ചൂഷണങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കണം. മത്സ്യബന്ധന ഉപകരണങ്ങൾക്കാവശ്യമായ മുഴുവൻ തുകയും സർക്കാർ സംവിധാനം മുഖാന്തരം കൊടുക്കാൻ കഴിയുന്ന പദ്ധതിയുണ്ടായാൽ ഇത്തരം ആളുകളുടെ ചൂഷണം അവസാനിപ്പിക്കാൻ സാധിക്കും. അതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഈ ബിൽ പാസ്സാക്കുമ്പോൾ ഒറ്റ ദിവസം കൊണ്ട് അതിലെ വ്യവസ്ഥകളെല്ലാം നടപ്പാകാൻ പോകുന്നുവെന്ന ധാരണ ഈ രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തിയെന്ന നിലയ്ക്ക് എനിക്കില്ല. എന്നാൽ പടിപടിയായി, ഇന്നലെവരെ ഒരാളും കൈതൊടാത്ത മേഖലയിൽ ഇന്ന് കൈതൊടാൻ കഴിയുന്നു. ലേലക്കമ്മീഷനെ സംബന്ധിച്ച് തെറ്റിദ്ധാരണ വരാൻ സാദ്ധ്യതയുണ്ട്. ലേലക്കമ്മീഷനായി ലഭിക്കുന്ന തുക എങ്ങനെ ചെലവഴിക്കുമെന്ന് ഈ ബില്ലിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിലവിൽ കൊടുക്കുന്ന പത്തോ പന്ത്രണ്ടോ രൂപയുടെ കമ്മീഷനിൽനിന്ന് മത്സ്യത്തൊഴിലാളി കൊടുക്കുന്ന വിഹിതം ഏതാണ്ട് രണ്ടുശതമാനമായി കുറച്ച് ബാക്കി വരുന്ന തുക അവരുടെ ക്ഷേമത്തിനായി കൊടുക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതിക്കാണ് രൂപം കൊടുത്തിരിക്കുന്നത്. പ്രായോഗിക തലത്തിൽ പരിശോധിക്കുമ്പോൾ മത്സ്യം കൊണ്ടുവരുന്ന തൊഴിലാളിക്ക് ന്യായവില, അത് വിൽക്കുന്നവർക്ക് ജീവിക്കാനുള്ള വരുമാനം, കടുത്ത ചൂഷണത്തിന് അറുതി വരുത്താനുള്ള ഇടപെടൽ ഇതൊക്കെയാണ് കേരളവും മത്സ്യത്തൊഴിലാളി സമൂഹവും ആഗ്രഹിക്കുന്നത്. ആ ആഗ്രഹമാണ് ഇവിടെ സാക്ഷാത്കരിക്കാൻ

പോകുന്നത്. നിശ്ചയമായും ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് നടപ്പാക്കുന്ന സാഹചര്യത്തിലേയ്ക്ക് വരുമ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിൽ പുതിയ വെളിച്ചമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന ഒരു കാലമാണിത്. അതിൽ ഞങ്ങൾക്കെല്ലാം അഭിമാനമുണ്ട്. ഇന്നലെവരെ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക പിന്നാക്കാവസ്ഥ പറഞ്ഞുകൊണ്ടാണ് പലരും അവരെ ആക്ഷേപിക്കാൻ തയ്യാറായിരുന്നതെങ്കിൽ അതിൽനിന്നും വ്യത്യസ്തമായി ഇന്ന് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഉയർന്നുവരാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. കഴിഞ്ഞ ദിവസം കവി ശ്രീ. കുരീപ്പുഴ ശ്രീകുമാർ എഴുതിയ ഒരു കവിത വായിക്കാനിടയായി. അദ്ദേഹം പറഞ്ഞിരിക്കുന്നത്,

"തലയ്ക്കുമീതെ വെള്ളം വന്നാൽ അതുക്കുമീതേ തോണി

തോണിക്കുമീതേ വെള്ളം വന്നാൽ അതുക്കുമീതേ പാലം

പാലത്തിനുമീതേ വെള്ളം വന്നാൽ അതുക്കുമീതേ കോപ്റ്റർ

കോപ്റ്ററിനുമീതേ വെള്ളം വന്നാൽ മത്സ്യത്തൊഴിലാളി"

എന്നാണ്. ഇതാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി. സമൂഹത്തിനു വേണ്ടി ജീവാർപ്പണം ചെയ്യാൻ തയ്യാറാകുന്ന ജനവിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം. ആത്മാർത്ഥത മാത്രം കൈമുതലുള്ള ജനവിഭാഗമാണ്. അവന്റെ വേദനയ്ക്കും പ്രയാസങ്ങൾക്കും പിന്നാക്കാവസ്ഥയ്ക്കും മാറ്റമുണ്ടാക്കാൻ കഴിയുന്ന നിലയിൽ വലിയ ഇടപെടൽ നടത്തുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ മത്സ്യത്തൊഴിലാളി സമൂഹം എന്നും നന്ദിയോടെ സ്മരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മത്സ്യത്തൊഴിലാളികൾ നേരിടുന്ന കടുത്ത ചൂഷണത്തിന് അറുതിവരുത്താനും അവരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും അവന്റെ ജീവിതത്തിൽ ഇന്നനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കഴിയുന്ന ഈ ബിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചൂഷണത്തിൽനിന്ന് വിമുക്തി എന്നതാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ആഴക്കടൽ, തീരക്കടൽ, ഉൾനാടൻ, തണ്ണീർത്തടങ്ങൾ, കായൽ, പുഴ എന്നിവയാണ് കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന സ്രോതസ്സുകൾ. ഇപ്പോൾ വളർത്തുമത്സ്യകൃഷി കേരളത്തിൽ വ്യാപകമായി നടപ്പാക്കിയിട്ടുണ്ട്. ഇതൊരു പ്രത്യേക ക്ലസ്റ്ററിൽപ്പെടുത്തേണ്ടതാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് സന്ദർഭോചിതമായി പലതരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പൊതുവിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതാവസ്ഥ ഇനിയും പരിരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും അതോടൊപ്പം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ശുചിത്വപരമായ വിഷയങ്ങളിലും ഇനിയും നമ്മുടെ ശ്രദ്ധ കൂടുതലായി വരേണ്ടതുണ്ട്. ഉൾനാടൻ മത്സ്യമേഖലയിൽ പത്ത് ലക്ഷത്തോളം കുടുംബങ്ങൾ ജീവിതായോധനത്തിന് വഴികണ്ടെത്തുമ്പോൾ ഉദ്ദേശം 45 ലക്ഷം ആളുകൾ ആഴക്കടൽ-തീരക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ട്രോളിംഗ് നിരോധനം, കാലാവസ്ഥയുടെ പ്രതികൂല സാഹചര്യം എന്നിവമൂലം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനത്തിലും വരുമാനത്തിലും വലിയ വ്യതിയാനങ്ങളുണ്ടാകുന്നുണ്ട്. ഉൾനാടൻ മത്സ്യബന്ധനവും ഗ്രാമീണ മത്സ്യബന്ധനവും മത്സ്യകൃഷിയുംമൂലം വിപണിമൂല്യം പ്രതിസന്ധിയിലാകുന്നത് അവരുടെ കഷ്ടപ്പാടുകൾ വർദ്ധിക്കാനിടയാക്കുന്നുണ്ട്. മത്സ്യഫെഡിന്റെയും ഫിഷറീസ് വകുപ്പിന്റെയും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും പ്രതിസന്ധികളിൽനിന്ന് കരകയറണമെങ്കിൽ പുതിയ ആഴക്കടൽ മത്സ്യബന്ധനവും അതിലെ കുത്തകവൽക്കരണവും തടയേണ്ടതായിട്ടുണ്ട്. വൻ ബഹുരാഷ്ട്ര കപ്പലുകൾ ആഴക്കടൽ അരിച്ചുപെറുക്കുമ്പോൾ തീരത്ത് പട്ടിണിയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, മത്സ്യബന്ധന സാദ്ധ്യതകളെക്കുറിച്ചും ലക്ഷക്കണക്കിന് കുടുംബങ്ങൾ ആശ്രയിക്കുന്ന ആഴക്കടൽ, തീരക്കടൽ, ഉൾനാടൻ, തണ്ണീർത്തട മത്സ്യബന്ധന മേഖലകളെക്കുറിച്ചുമാണ് അങ്ങ് സംസാരിക്കുന്നത്. വിപണിയെ സംബന്ധിച്ചും സൂചിപ്പിക്കുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ വീട്ടുവളപ്പിൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നതിന് വലിയ പ്രോത്സാഹനമാണ് നൽകിക്കൊണ്ടിരിക്കുന്നത്. അതുമൂലം വലിയ മാറ്റമാണ് പ്രദേശങ്ങളിലുണ്ടായിരിക്കുന്നത്. അവിടെയൊക്കെ വിപണി സാദ്ധ്യത കുറച്ചുകൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. ഇപ്പോൾ പാലുത്പാദനത്തിൽ വലിയ പുരോഗതി കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മിൽമയെപ്പോലുള്ള

സംഘങ്ങൾ രൂപീകരിച്ചതുകൊണ്ട് പാലുത്പാദിപ്പിച്ചാൽ വിപണി ഉറപ്പാണെന്ന് ക്ഷീരകർഷകർക്ക് ബോദ്ധ്യമുണ്ട്. മാത്രമല്ല, കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കാനും ഗ്രാമീണ സമ്പദ്ഘടനയിൽ വലിയ മാറ്റമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സബ്സിഡി കൊടുത്തുകൊണ്ടാണ് അടുക്കളക്കുളങ്ങളിലും അഞ്ചും പത്തും സെന്റ് സ്ഥലത്തും മത്സ്യകൃഷി ചെയ്യുന്നതെങ്കിലും മത്സ്യം സംഭരിക്കാനും അതിന് വിപണി സാദ്ധ്യത ഉറപ്പാക്കാനും മിൽമയെപ്പോലുള്ള ഒരു അപ്പെക്സ് ബോഡി രൂപീകരിക്കേണ്ടതുണ്ട്. മിൽമ മോഡലിൽ ഫിഷറീസ് മേഖലയിൽ വിപണി ഉറപ്പാക്കിയാൽ കൂടുതൽ ആളുകൾ അതിലേയ്ക്ക് വരാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ഗുണമേന്മയുള്ള മത്സ്യം ഉൽപ്പാദിപ്പിക്കാനും കയറ്റുമതി എന്ന വലിയ സാദ്ധ്യതയിലേയ്ക്ക് അതിനെ കൊണ്ടുപോകാനും കഴിയുമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഏറ്റവും കൂടുതൽ ആനുകൂല്യങ്ങളും പ്രായോഗികമായ പല പരിപാടികളും ആവിഷ്കരിച്ചത് യഥാർത്ഥത്തിൽ ഈ സർക്കാരാണ്. സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ പരിപാടിയായ 'പുനർഗേഹം' പദ്ധതിയിൽ ഒരു സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ട് ലക്ഷം രൂപ വരെ നൽകുകയാണ്. മറ്റൊരു സ്കീമിനുമില്ലാത്ത പ്രത്യേകതയാണിത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ അത്രമാത്രം ചേർത്തുപിടിക്കുന്ന ഗവൺമെന്റാണിത്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിപാടികളെ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ടവർ പറയുന്നത്, ജൂൺ മാസം മുതലുള്ള ട്രോളിംഗ് നിരോധനം അശാസ്ത്രീയമാണെന്നാണ്. അതിലൊരു മാറ്റം വേണമെന്നത് സംബന്ധിച്ചൊക്കെ പലപ്പോഴും സ്വകാര്യ സംഭാഷണങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, മിൽമയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ, നമുക്ക് അനിവാര്യമായിട്ടുള്ളത് സംഭരണം തന്നെയാണ്. പാൽ എളുപ്പത്തിൽ കേടുവരാവുന്ന ഒന്നാണ്. മിൽമയെപ്പോലുള്ള സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് മത്സ്യങ്ങളും സംഭരിക്കുന്ന രീതി യാഥാർത്ഥ്യമാക്കണ മെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സൂചിപ്പിച്ചതുപോലെ, മത്സ്യമേഖലയുമായി ബന്ധപ്പെട്ട് സർക്കാർ ഒട്ടനവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം' എന്ന പദ്ധതി കേരളത്തിൽ എല്ലാ മേഖലയിലും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒരുപക്ഷേ നമ്മൾ കടലോരങ്ങളിലും പുഴയോരങ്ങളിലും കായലോരങ്ങളിലുമാണ് മത്സ്യസമ്പത്ത് കണ്ടെത്തിയിട്ടുള്ളതെങ്കിൽ മലയോരങ്ങളിലേയ്ക്കുപോലും അതിനെ കൊണ്ടു

വരുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ നേതൃത്വത്തിൽ വളരെ ശക്തമായ ഇടപെടലിൽ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ടെന്ന് കേരളത്തിന് അഭിമാനപൂർവ്വം പറയാൻ സാധിക്കും. കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കും മറ്റിതര മേഖലകളിൽ തൊഴിലെടുക്കുന്നവർക്കും പ്രവാസികൾക്കും ബയോഫ്ലോക്കിലൂടെ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനും സാധിച്ചതുകൊണ്ട് ഒരുപക്ഷേ പിടിച്ചുനിൽക്കാനും സാമ്പത്തിക കേന്ദ്രീകരണം നടത്താനും പട്ടിണിയിൽനിന്ന് സമൂഹത്തെ സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് വളരെ അഭിമാനപൂർവ്വം പറയാൻ നമുക്ക് സാധിക്കും. അത് കേരള സർക്കാരിന്റെ വലിയൊരു നേട്ടമായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് സർക്കാരിന്റെ നേതൃത്വത്തിൽ വലിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. അതിനായി ജാമ്യവ്യവസ്ഥയിൽ ഇളവുകളോടുകൂടി ബാങ്കുകളും സർവ്വീസ് സഹകരണ സംഘങ്ങളും വായ്പകൾ ലഭ്യമാക്കുന്ന രീതി അവലംബിക്കണം. ഹൈബ്രിഡ് മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാനും മത്സ്യകൃഷി പരിപാലനം വേണ്ടത്ര സഹായത്തോടെ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞാൽ ഉദ്ദേശം അരക്കോടി മനുഷ്യരുടെ ജീവിത പ്രയാസങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ തൊഴിൽ മേഖലയിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് മത്സ്യമേഖല. ദശലക്ഷക്കണക്കിന് തൊഴിലാളികളാണ് മീൻപിടുത്തവും സംസ്കരണവും വിതരണവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഐസ് പ്ലാന്റ്, ഗതാഗത സംവിധാനങ്ങൾ, പെട്രോൾ, ഡീസൽ, മണ്ണെണ്ണ വ്യാപാര കേന്ദ്രങ്ങൾ എന്നിവയും മത്സ്യ മേഖലയുമായി നേരിട്ട് ബന്ധമുള്ള മേഖലകളാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മത്സ്യമേഖലയേയും മത്സ്യത്തിന്റെ വിലയേയും വിതരണത്തേയും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തേയും ബാധിക്കുന്ന ഒന്നാണ്. അത്തരം കാര്യങ്ങളിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകേണ്ടതുണ്ട്. ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ട വിഷയങ്ങളും നമ്മുടെ മുന്നിലുണ്ട്. ഇത്തരം കാര്യങ്ങളിലൊക്കെ കേരള സർക്കാർ ശക്തമായി ഇടപെടുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമാകുന്ന രീതിയിലേയ്ക്ക് അത്തരം പ്രവൃത്തികൾ വരുന്നുണ്ടെന്നുള്ളതും യാഥാർത്ഥ്യമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ മത്സ്യമേഖലയ്ക്കും അനുബന്ധമേഖലയ്ക്കും പ്രധാന പങ്കുണ്ട്. ഭക്ഷ്യസുരക്ഷയിലും മത്സ്യ മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. മലയാളികൾക്ക് ഒഴിച്ചുകൂടാനാകാത്ത

ഭക്ഷണമായി മത്സ്യം മാറിയതുകൊണ്ട് മീൻപിടിക്കുന്ന തൊഴിലാളികൾക്കും അതുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്കും മാന്യമായ വരുമാനവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മീനും ഉറപ്പുവരുത്താനുതകുംവിധമുള്ള ശക്തമായ നിയമനിർമ്മാണത്തിന് വലിയ പ്രാധാന്യമുണ്ട്. 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസിനെ സുപ്രധാനമായ ഒരു കാൽവയ്പായിട്ടാണ് കാണേണ്ടത്.

കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരും അതിസാഹസികമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. മീനിന് വിലസ്ഥിരതയില്ല എന്നുള്ളതാണ് അവരുടെ ഏറ്റവും വലിയ പ്രശ്നം. ഉപഭോക്താവ് വലിയ വില കൊടുത്ത് മീൻ വാങ്ങുമ്പോഴും അത് പിടിച്ചുകൊണ്ടുവരുന്ന തൊഴിലാളികൾക്കുള്ള വരുമാനം വളരെ കുറവാണ്. അതിന് പ്രധാന കാരണമായ സംഭരണ-വിതരണ രംഗത്തെ അപാകതകൾക്ക് പരിഹാരം കാണാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, മിൽമ മോഡൽ സംഭരണം നടപ്പാക്കാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. മത്സ്യവിപണനത്തിന്റെ ആദ്യ അവകാശം മത്സ്യത്തൊഴിലാളികൾക്കാവണമെന്നത് തൊഴിലാളികളുടെ ഒരാവശ്യം തന്നെ യാണ്. അത് ഉറപ്പുവരുത്തുന്ന രീതിയിൽ നിയമത്തിൽ ഭേദഗതി വരുത്തേ ണ്ടതായിട്ടുണ്ട്. മീനിനേക്കാൾ എളുപ്പം കേടുവരുന്ന പാൽ സംഭരിക്കാനും സംസ്കരിക്കാനും വിതരണം ചെയ്യാനും കാര്യക്ഷമമായ സംവിധാനമുള്ളതു കൊണ്ടാണ് പാലിന് ഇന്ന് വിലസ്ഥിരതയുള്ളത്. എന്നാൽ മത്സ്യ സംഭരണ ത്തിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഈ ഓർഡിനൻസ് നിയമമാകുമ്പോൾ അതിന്റെ പേര് മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും എന്നാക്കണമെന്നു കൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തിന് താങ്ങുവിലയും തറവിലയും നിശ്ചയിച്ച് അവ സംഭരിക്കാനുള്ള സംവിധാനം നിയമത്തിൽ വ്യക്തമായും ഉൾപ്പെടുത്തണം. സംസ്ഥാനതല ഗുണനിലവാര പരിപാലന കമ്മിറ്റിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തണം. ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന നടപടിക്രമങ്ങൾ ശാസ്ത്രീയമായും വേഗതയിലും നടത്താൻ സംവിധാനമൊരുക്കണം. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സ്വതന്ത്രമായി വിൽക്കാനുള്ള അവകാശവും നിയമത്തിൽ വ്യവസ്ഥ ചെയ്യണം. ഇടനിലക്കാരില്ലാത്ത തരത്തിൽ മീൻ വില്പന ഉറപ്പുവരുത്തുന്നതിന് നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരണം. കയറ്റുമതി കാര്യക്ഷമമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സംഭരണശേഷി വർദ്ധിപ്പിക്കണം. ആവശ്യമായ പരിശോധന നടത്തി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം

നൽകുകയും വള്ളം, വല, എഞ്ചിൻ എന്നിവ ഇൻഷ്വർ ചെയ്യുന്നതിന്റെ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുകയും വേണം. മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും ഡീസലിന് പ്രത്യേക സബ്സിഡി അനുവദിക്കണമെന്നും മത്സ്യക്കച്ചവടം നടത്തുന്ന വിധവകളായ സ്ത്രീകളുൾപ്പെടുന്ന കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന (എ.എ.വൈ.) റേഷൻ കാർഡ് നൽകണമെന്നുംകൂടി പറയാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

നിലവിൽ മീനിന്റെ വിപണി വിലയുടെ 70 ശതമാനവും തൊഴിലാളികളല്ലാത്ത മറ്റ് പലർക്കുമായാണ് വിഭജിക്കപ്പെടുന്നത്. തീർച്ചയായും ഇത്തരം വരുമാന ചോർച്ച കുറയ്ക്കാൻ ഈ ബില്ലിലൂടെ നമുക്ക് സാധിക്കും. അതോടൊപ്പം മാരക വിഷാംശമുള്ള രാസവസ്തുക്കൾ ചേർത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന മത്സ്യവിപണനത്തെ തടയാനും നമുക്കിതിലൂടെ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യമേഖലയിൽ ഒട്ടനവധി മാറ്റങ്ങൾക്ക് തുടക്കംകുറിക്കാൻ സാധിച്ചിട്ടുണ്ട്. നാല്പത്താറോളം വരുന്ന ഫിഷ് മാർട്ടുകൾ, മൂല്യവർദ്ധിത മത്സ്യസംസ്കരണ പ്ലാന്റ്, തീരമൈത്രി സീഫുഡ് റെസ്റ്റോറന്റ്, ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യ മാർക്കറ്റുകൾ, പുനർഗേഹം പദ്ധതി, 'സമുദ്ര' ബസുകൾ ഉൾപ്പെടെ മത്സ്യമേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഒട്ടനവധി പദ്ധതികൾ ഇനിയും പറയാനുണ്ട്. സമയക്കുറവുമൂലം അതിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കടലിലും തീരദേശത്തും വൻതോതിലുള്ള വിദേശമൂലധനം അനുവദിക്കുകയാണ് കേന്ദ്രസർക്കാരിന്റെ ബ്ലൂ ഇക്കോണമി നയം കൊണ്ടുദ്ദേശിക്കുന്നത്. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ തയ്യാറാക്കിയ നയരേഖ, മണൽഖനനവും മത്സ്യബന്ധനവും ടൂറിസവും ഉറമുഖ വികസനവുമെല്ലാം നാഷണൽ ബ്ലൂ ഇക്കോണമി കൗൺസിലിന്റെ കീഴിലാക്കി ഒറ്റയടിക്ക് കോർപ്പറേറ്റുകൾക്ക് അടിയറവ് വയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. തീർച്ചയായും ഭാവിയിൽ മത്സ്യബന്ധനത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ ഇല്ലാതാക്കുന്ന രീതിയിലേയ്ക്കാണ് കേന്ദ്രനയം പോകുന്നതെന്നുള്ളത് വ്യക്തമാണ്. മുൻ ഗവൺമെന്റുകൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സർക്കാരുകളുടെ തീരക്കടലിലുള്ള അവകാശം പോലും കവർന്നെടുക്കുന്ന, തീരദേശത്തുനിന്നും മത്സ്യത്തൊഴിലാളികളെയും തീരദേശവാസികളെയും വൻതോതിൽ കുടിയിറക്കുന്ന രീതിയിലേയ്ക്കാണ് ഇന്ന് സീ പ്ലെയിൻ പദ്ധതിയുൾപ്പെടെയുള്ള വൻകിട ടൂറിസം പദ്ധതികളൊക്കെ വന്നു കൊണ്ടിരിക്കുന്നത്. 12 നോട്ടിക്കൽ മൈലിന് അപ്പുറത്തുള്ള കടൽ കോർപ്പറേറ്റുകൾ പൂർണ്ണമായും പിടിച്ചടക്കുന്ന രീതിയിലേയ്ക്കാണ് ഇന്ന് മത്സ്യമേഖല പോകുന്നത്. കേന്ദ്ര

സർക്കാരിന്റെ ഈ തെറ്റായ തൊഴിലാളി വിരുദ്ധനയങ്ങൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കുകയും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മത്സ്യബന്ധന മേഖലയിലെ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനും മീനിന്റെ ആദ്യവില്പന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്താനും ഈ നിയമത്തിലൂടെ സാധിക്കുമെന്ന് പറഞ്ഞുകൊണ്ടും ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. കേരളത്തിൽ ഏറ്റവും അവശതയനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യ തൊഴിലാളികൾ. അതുകൊണ്ട് മറ്റ് ബില്ലുകൾ പാസ്സാക്കുന്നതുപോലെ ഈ നിയമവും പാസ്സാക്കി മത്സ്യത്തൊഴിലാളികളുടെമേൽ അടിച്ചേൽപ്പിക്കരുതെന്ന് ഞാൻ വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്. ഒരു മത്സ്യത്തൊഴി ലാളിയുടെ സാഹസികമായ ജീവിതം വെളുപ്പിന് 3 മണിക്ക് ആരംഭിക്കുന്നതാണ്. ചെയ്യുന്ന തൊഴിലിന് കൂലി ലഭിക്കുമെന്നുറപ്പില്ലാത്ത ലോകത്തിലെ ഏകതൊഴിൽ മത്സ്യത്തൊഴിലാളിയുടേതാണ്. 'കിട്ടിയാൽ കിട്ടി' അതാണ് അവരുടെ ജീവിതം. തുടർച്ചയായി വരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ ഈ അടുത്തിടെ മത്സ്യ തൊഴിലാളികളെ ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുകയാണ്. രണ്ടുവർഷമായി നിലനിൽക്കുന്ന കോവിഡും പ്രളയവും കാരണം മത്സ്യമേഖല നൂറ് ശതമാനവും അരക്ഷിതാവസ്ഥയിലാണ്. കേരളം ഒരു മഹാപ്രളയത്തിലകപ്പെട്ടപ്പോൾ കയ്യും മെയ്യും മറന്ന് രക്ഷാപ്രവർത്തനത്തിലേർപ്പെട്ടത് മത്സ്യത്തൊഴിലാളികളാണ്. ഇവരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ സ്വന്തം സൈന്യമെന്നാണ് വിളിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളായ സഹോദരങ്ങൾ ഏതാണ്ട് 56 യാനങ്ങളിലാണ് വിവിധ പ്രളയ പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിന് പോയതെന്നത് ഞാൻ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. അതിലേറ്റവും കൂടുതൽ രക്ഷാ പ്രവർത്തനം നടത്തിയത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിലാണെന്ന് ഞാൻ പറയാതെതന്നെ അങ്ങേയ്ക്ക് അറിയാവുന്നതാണ്. അത്തരത്തിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്ത മത്സ്യത്തൊഴിലാളിയായ 32 വയസ്സുള്ള രാഹുൽ എന്ന ചെറുപ്പക്കാരൻ മത്സ്യ ബന്ധനത്തിനിടയിൽ ഒരാഴ്ചയ്ക്കുമുമ്പ് മരണപ്പെട്ടത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിവുള്ള കാര്യമാണ്. പോളിയോ ബാധിച്ച് ഇരുകാലുകളും തളർന്ന ഭാര്യയും അമ്മയും 2 വയസ്സും 6 മാസവും പ്രായമുള്ള രണ്ട് കുഞ്ഞുങ്ങളും അയാൾക്കുണ്ട്. ഇവരുടെ ഏക ആശ്രയം മരണപ്പെട്ടുപോയ ഈ ചെറുപ്പക്കാരനാണ്. രാഹുലിനെ പ്പോലെ നിരവധിയാളുകളാണ് മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്നത്.

അനാഥമാക്കപ്പെട്ട കുടുംബങ്ങളുടെ കണ്ണുനീർ കണ്ടില്ലെന്ന് നടിക്കാനാവില്ല. ഇവരുടെ തൊഴിലിടമെന്ന് പറയുന്നത് ആഴക്കടലാണ്. എന്ത് സുരക്ഷിതത്വമാണ് ഇവർക്കുള്ളത്. ഇവിടെവച്ച് ഏത് കാരണവശാൽ മരണപ്പെട്ടാലും അപകടത്തിൽ മരണപ്പെടുന്നവർക്ക് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷയുള്ളത്. ഇപ്പോൾ കടലിൽവച്ച് ഹൃദയസ്തംഭനംമൂലം മരണപ്പെടുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. ഇതെല്ലാം മന്ത്രിക്ക് അറിവുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങയെ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ മേഖലയിലുള്ളവർ കാണുന്നത്. അതുകൊണ്ടുതന്നെ പറയട്ടെ, ഹൃദയാഘാതംമൂലം കടലിൽ വച്ച് മത്സ്യത്തൊഴിലാളി മരിക്കുന്നത് നിത്യ സംഭവമായി മാറിയിരിക്കുന്ന ഈ സാഹചര്യത്തിൽ, ആഴക്കടലിൽ ജീവൻ പണയംവച്ച് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അവന്റെ തൊഴിലിടത്തിൽ വച്ച് എങ്ങനെ മരണപ്പെട്ടാലും അവർക്ക് മാന്യമായ നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണമെന്ന് വിനയത്തോടുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

5.00 p.m.]

മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖാന്തരം ലഭിച്ചുകൊണ്ടിരുന്ന മത്സ്യത്തൊഴിലാളി ഭവന പദ്ധതി, ഭവന മെയിന്റനൻസ് പദ്ധതി, ടോയ്ലെറ്റ് നിർമ്മാണ പദ്ധതി, ഭവന വൈദ്യുതീകരണ പദ്ധതി തുടങ്ങിയവ ഇപ്പോൾ തുടരുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചതും ഡീസൽ വിലയിലുള്ള വർദ്ധനവും കാരണം യാനങ്ങൾക്ക് കടലിലിറങ്ങാൻ കഴിയുന്നില്ല. അങ്ങനെ എല്ലാ അർത്ഥത്തിലും പ്രതിസന്ധികളിൽപ്പെട്ട് നട്ടംതിരിയുമ്പോഴാണ് 'കുനിന്മേൽ കുരു' എന്നതുപോലെ മത്സ്യത്തൊഴിലാളികളെ മുഴുവനായി വരിഞ്ഞുമുറുക്കുന്ന ഇത്തരത്തിലുള്ള നിയമനിർമ്മാണംകൂടി അവരുടെ മേൽ അടിച്ചേൽപ്പിക്കുന്നത്. സംഘർഷഭരിതമായ അന്തരീക്ഷം എപ്പോഴുമുണ്ടാകാവുന്ന ഒരു മേഖലയാണിത്. കടൽ കയറ്റം, ഇടയ്ക്കിടയ്ക്ക് ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യം എന്നിങ്ങനെ എല്ലാരീതിയിലുമുള്ള സാഹചര്യം നിലനിൽക്കുന്ന മേഖലയായതുകൊണ്ട് വളരെ ആലോചിച്ച് മാത്രമേ ഇത്തരത്തിലുള്ള നിയമം ഈ മേഖലയിൽ അടിച്ചേൽപ്പിക്കാവൂ എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ സഖാവ്, ഇത് നല്ല നിയമമാണെന്നൊക്കെ പറഞ്ഞ് വാനോളം പുകഴ്ത്തി. ബഹുമാനപ്പെട്ട മന്ത്രി പ്രായോഗികബുദ്ധി വളരെ കൂടുതലുള്ള ആളാണ്. അദ്ദേഹം അതിൽ ആവശ്യമായ ഭേദഗതി വരുത്താതെയും ചർച്ചയ്ക്കും പുനർവായനയ്ക്കും തയ്യാറാകാതെയും ഈ നിയമം

നടപ്പാക്കില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണ്. ശ്രീ. പി. പി. ചിത്തരഞ്ജൻ സഖാവിനുപോലും സഭയ്ക്കകത്ത് പറയാം; പക്ഷേ മത്സ്യമേഖലയിൽ പോയി ഈ ബിൽ പൂർണ്ണമായും വായിക്കാൻ അദ്ദേഹത്തിനുപോലും കഴിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ബില്ലിലെ 3(1), 4(1) വകുപ്പുകൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനങ്ങൾ വഴി പ്രഖ്യാപിക്കുന്ന ഇടങ്ങളാണ് ലാൻഡിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ. അവിടെ മാത്രമേ മത്സ്യലേലം അനുവദിക്കുകയുള്ളൂ; അല്ലാത്തത് കുറ്റകരമാണ്. ഇതുപോലൊരു നിയമമുണ്ടാക്കുമ്പോൾ കേരളത്തിന്റെ തീരദേശ മേഖലയെക്കുറിച്ച് വ്യക്തമായ പഠനവും ചർച്ചയും ആവശ്യമാണ്. തീരദേശത്ത് പലയിടങ്ങളിൽനിന്നും പതിറ്റാണ്ടുകളായി മത്സ്യത്തൊഴിലാളികൾ ചെറുവള്ളങ്ങളിലും തടികളിലുംപോയി മീൻപിടിക്കുകയും അതേ കരയിൽ കൊണ്ടുവന്ന് വിൽക്കുകയും ചെയ്യുന്നുണ്ട്. ഇത് പരമ്പരാഗത രീതിയാണ്; വളരെ വർഷങ്ങളായി മത്സ്യത്തൊഴിലാളികൾ നടത്തി വരുന്ന തൊഴിലാണ്. എന്നാൽ ഈ ബിൽ പ്രകാരം പ്രസ്തുത സ്ഥലത്തല്ലാത്ത മീൻ വില്പന ലക്ഷങ്ങളുടെ പിഴയും ഒരുവർഷംവരെ നീണ്ടുനിന്നേക്കാവുന്ന തടവും കിട്ടിയേക്കാവുന്ന എന്തോ വലിയ രാജ്യദ്രോഹം പോലുള്ള കുറ്റമാക്കി മാറ്റിയിരിക്കുകയാണ്. ഇത് എങ്ങനെ ന്യായമാകും? അതുകൊണ്ട് ലേലക്കാരനോ അധികാരപ്പെടുത്തുന്നവർക്കോ ആ ഗ്രൂപ്പിന്റെ യാനത്തിലെ മത്സ്യം എവിടെവച്ചും ലേലം ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കും എന്നതരത്തിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നത് നന്നായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം മുൻപുണ്ടായിരുന്നതുപോലെ മത്സ്യഫെഡിന്റെ കീഴിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നിയോഗിക്കുന്ന ലേലക്കാർ വഴി ലേലം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. ആയതിനാൽ നിലവിലുള്ളതുപോലെ ലേല കമ്മീഷൻ തുകയായ 5 രൂപയിൽ സഹകരണ സംഘത്തിന് ഒന്നര രൂപയും മത്സ്യത്തൊഴിലാളികൾക്ക് ബോണസ് നൽകുന്ന തിനുവേണ്ടി ഒന്നര രൂപയും ലേലക്കാരന് ഒന്നര രൂപയും മത്സ്യഫെഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 50 പൈസയും ലഭിക്കത്തക്കതരത്തിലും മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യവുമായുള്ള യാനങ്ങൾ എവിടെയും അടുപ്പിച്ച് ലേലം ചെയ്യാനുള്ള അവകാശം ലഭിക്കത്തക്കരീതിയിലും ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ഞാൻ വിനയത്തോടെ ആവശ്യപ്പെടുകയാണ്. മത്സ്യബന്ധന മേഖല കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന മാനേജ്മെന്റ് സൊസൈറ്റികൾക്ക് വളരെ പ്രധാന്യമുണ്ട്. ഈ ബില്ലിലൂടെ രൂപീകരിക്കപ്പെടുന്ന മൂന്നോളം സൊസൈറ്റികളിൽ മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ

സംഘടനകൾക്കുപുറമേ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളുടെ അതാത് പ്രദേശത്തെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യണം. പലപ്പോഴും സംഘർഷഭരിതമായ അന്തരീക്ഷത്തിലൂടെയാണ് തുറമുഖവും മത്സ്യമേഖലയും കടന്നുപോകുന്നത് എന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. കോവിഡ്-19 പ്രോട്ടോകോൾ നടപ്പാക്കാനും ബോട്ടുകളെ മത്സ്യബന്ധനത്തിന് അയയ്ക്കാനുമൊക്കെ നമ്മൾ ഒരുപാട് പ്രയാസപ്പെടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ആലപ്പാട് ധീവരസഭയ്ക്ക് ഈ മേഖലയിലെ തൊഴിലാളികളുടെമേൽ വലിയ സ്വാധീനമുണ്ട്. ചില മേഖലകളിൽ പള്ളി കമ്മിറ്റികളാണുള്ളത്. ശക്തമായി പ്രവർത്തിക്കുന്നതും മത്സ്യത്തൊഴിലാളി കളുടെയിടയിൽ സ്വാധീനമുള്ളതുമായ ധീവരസഭപോലെയുള്ള സാമൂഹിക സംഘടനകളിലെ ഓരോ അംഗത്തെ മാനേജ്മെന്റ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നത് ഈ നിയമം പ്രായോഗികമായി നടപ്പാക്കാൻ ഗുണകരമായിരിക്കും. നയപരമായ തീരുമാനങ്ങളെടുക്കുന്ന സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയിൽ ഔദ്യോഗിക പ്രതിനിധികൾക്കുപുറമേ, മത്സ്യമേഖലയിൽ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളടക്കമുള്ള മത്സ്യത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ നിയമം ഭേദഗതി ചെയ്യണം. നേരത്തെ ധീവര സമുദായത്തിൽപ്പെട്ട പ്രതിനിധികൾ ഈ കമ്മിറ്റിയിലുണ്ടായിരുന്നു വെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മത്സ്യബന്ധനം കഴിഞ്ഞയുടൻ നിർണ്ണയിക്ക പ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യം നിയമവിധേയമായി പിടിച്ചെടുത്തതാണെന്ന് ഉപഭോക്താവിന് ബോദ്ധ്യപ്പെടുന്ന വിധത്തിൽ മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങളടങ്ങിയ സാക്ഷ്യപത്രം യാനം ഉടമകൾ നേടുക എന്നുള്ള അപ്രായോഗികവും മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരവുമായ 20-ാം വകുപ്പ് നിയമത്തിൽ നിന്ന് ഒഴിവാക്കണം. ഇത് എന്ത് നിയമമാണ്? മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ നിലവാരം സാക്ഷ്യപ്പെടുത്തൽ എന്ന 21-ാം വകുപ്പും അതുപോലെയുള്ളതാണ്. അതിന്റെ മൂന്ന് ഉപവകുപ്പുകളും അപ്രായോഗികവും മത്സ്യത്തൊഴിലാളികൾക്ക് ദ്രോഹകരവുമായതിനാൽ ആ വകുപ്പും പൂർണ്ണമായും നിയമത്തിൽനിന്നും ഒഴിവാക്കണം. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച തീരുമാനത്തിനെതിരായി അപ്പീൽ സമർപ്പിക്കുമ്പോൾ അപ്പീൽ അപേക്ഷകൻ പിഴത്തുക പൂർണ്ണമായും കെട്ടി വയ്ക്കേണ്ടതും അല്ലാത്തപക്ഷം അപ്പീൽ അധികാരി അപ്പീൽ സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നുവെന്ന 27 (2) വകുപ്പിലെ വ്യവസ്ഥ നിയമവിരുദ്ധമായതിനാൽ 'പിഴത്തുക പൂർണ്ണമായും കെട്ടിവയ്ക്കേണ്ടതും' എന്ന ഭാഗം ഒഴിവാക്കി ഭേദഗതി ചെയ്യണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. ജീവൻപോലും പണയപ്പെടുത്തിയാണ് അവർ പുലർച്ചെ ആഴക്കടലിലേയ്ക്ക് പുറപ്പെടുന്നത്. നമ്മൾ കിടന്നുറങ്ങുമ്പോൾ അവർ ആഴക്കടലിലാണ്. അങ്ങനെ സമൂഹത്തിൽ ഏറ്റവും കൂടുതൽ പ്രയാസപ്പെട്ട് ജീവിതം മുന്നോട്ടുനയിക്കുന്ന ഈ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു നിയമമുണ്ടാക്കുമ്പോൾ അവർക്ക് കൂടുതൽ ഗുണകരമായ രീതിയിലായിരിക്കണം അതിന് രൂപം നൽകേണ്ടത്. എന്നാൽ ഈ ബില്ലിലെ 2-ാം വകുപ്പ് പ്രകാരം ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും കരയ്ക്കടുപ്പിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മുഴുവൻ യാനങ്ങൾക്കും മത്സ്യത്തിന്റെ നിശ്ചിത തുക സർചാർജ്ജായി നൽകേണ്ടിവരും. സ്വന്തമായോ അല്ലെങ്കിൽ കടം വാങ്ങിയോ മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കുകൂടി സർചാർജ് കൊടുക്കേണ്ടിവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ അല്ലെങ്കിൽ മത്സ്യഫെഡ് പോലുള്ള സർക്കാർ ഏജൻസികൾ മുഖേന സാമ്പത്തികസഹായം നൽകിയാൽ മാത്രം സർചാർജ് ഈടാക്കണമെന്ന് പറഞ്ഞാൽ നമുക്കത് മനസ്സിലാക്കാം. എന്നാൽ ബാങ്കിൽനിന്നും മറ്റും വായ്പയെടുത്ത് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളിൽനിന്നുകൂടി സർചാർജ് ഈടാക്കണമെന്ന വ്യവസ്ഥ ഈ ബില്ലിലുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. 9-ാം വകുപ്പ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണം സംബന്ധിച്ചുള്ളതാണ്. അതിലെ അംഗങ്ങളെ സംബന്ധിച്ച് ix-ാം നമ്പരായി പറയുന്നത്, 'പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർമാർ/ വാർഡ് കൗൺസിലർമാർ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ' എന്നാണ്. അതിനുപകരം ഹാർബർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനപ്രതിനിധികളായ എം.എൽ.എ./ജില്ലാ പഞ്ചായത്ത് മെമ്പർ/ബ്ലോക്ക് പഞ്ചായത്ത് മെമ്പർ/പഞ്ചായത്ത് പ്രസിഡന്റ്/പഞ്ചായത്ത് മെമ്പർ/വാർഡ് കൗൺസിലർ എന്നിവരിൽനിന്നും തെരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം. അതുകൊണ്ട് അങ്ങനെ ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ 7-ാം വകുപ്പിൽ ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണമാണ് പറയുന്നത്. അതിലെ അംഗങ്ങളെ സംബന്ധിച്ച് viii-ാം നമ്പരായി പറയുന്നത് 'അതത് പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അഞ്ചിൽ

അധികരിക്കാത്ത പ്രതിനിധികൾ' എന്നാണ്. എന്നാൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിലേയ്ക്കും ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയിലേയ്ക്കും തൊഴിലാളി പ്രതിനിധികളായി തെരഞ്ഞെടുക്കേണ്ടത് അംഗീകൃത ട്രേഡ് യൂണിയനുകളിൽപ്പെട്ടവരെയായിരിക്കണമെന്ന് ബില്ലിൽ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയിലേയ്ക്ക് വ്യക്തിപരമായി മത്സ്യത്തൊഴിലാളികളിൽ നിന്നും ആളുകളെ നിയമിക്കുന്നതിനേക്കാൾ ഉചിതം അവരുടെയിടയിൽ പ്രവർത്തിക്കുന്ന അംഗീകൃത ട്രേഡ് യൂണിയനു കളിൽപ്പെട്ട ആളുകളെ തെരഞ്ഞെടുക്കുന്നതാണ്. 11-ാം വകുപ്പിൽ പറയുന്നത്, ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയുടെ രൂപീകരണമാണ്. അതിലെ (1) (vii) ഉപവകുപ്പിൽ 'മത്സ്യ അനുബന്ധത്തൊഴിലാളികളുടെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ' എന്നാണ് പറയുന്നത്. മറ്റ് രണ്ട് കമ്മിറ്റികളിലും അഞ്ച് പ്രതിനിധികളെന്നിരിക്കെ ഇവിടെ മാത്രം രണ്ടായി ചുരുങ്ങിയത് എന്തുകൊണ്ടാണ്? അതുകൊണ്ട് രണ്ട് പ്രതിനിധികൾ എന്നുള്ളത് അഞ്ചായി ഭേദഗതി ചെയ്യണമെന്നതാണ് എന്റെ നിർദ്ദേശം. അതുപോലെ 4-ാം വകുപ്പിലെ (4), (5) ഉപവകുപ്പുകളിൽ ലേലത്തുകയുടെ അഞ്ച് ശതമാനത്തിൽ കവിയാത്ത തുക ലേലക്കമ്മീഷനായി വസൂലാക്കണമെന്നും ആയത് ലേലക്കാരൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, തദ്ദേശസ്വയംഭരണ സ്ഥാപനം, ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി/ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി, സർക്കാർ എന്നിവർക്കായി വിഭജിക്കപ്പെടേണ്ട അനുപാതം, സർക്കാരിന് വിജ്ഞാപനത്താൽ നിശ്ചയിക്കാവുന്നതാണെന്നും പറയുന്നുണ്ട്. നേരത്തെ ഒരു വിഹിതം ബോണസായി തൊഴിലാളികൾക്ക് തന്നെ തിരികെ ലഭിക്കുമായിരുന്നു. ഇത് വല്ലാത്ത നിയമമല്ലേ? മത്സ്യത്തൊഴിലാളി വെളുപ്പിന് 3 മണിക്ക് എഴുന്നേറ്റ് അവന്റെ ജീവൻ പണയപ്പെടുത്തി കടലിൽ പോയി, ഒരിക്കലും തിരിച്ചുവരുമെന്ന പ്രതീക്ഷയില്ലാതെ ഏറ്റവും അപകടകരമായ നിലയിൽ തൊഴിൽ ചെയ്ത് കൊണ്ടുവരുന്ന മത്സ്യമാണ്. അവൻ മത്സ്യം കൊണ്ടുവന്നെങ്കിലല്ലേ ഹാർബറുള്ളൂ, എങ്കിലല്ലേ ലേലം നടക്കൂ, എന്നാലല്ലേ സൊസൈറ്റികൾ രൂപീകരിക്കാൻ സാധിക്കൂ? അതുകൊണ്ട് നേരത്തെയുണ്ടായിരുന്ന നിയമത്തിൽനിന്നും മത്സ്യത്തൊഴിലാളിയെ പട്ടിണിയിലാക്കുന്ന, ബുദ്ധിമുട്ടിലാക്കുന്ന ഈ വ്യവസ്ഥയിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. കുറ്റകൃത്യങ്ങൾ, ശിക്ഷാ നടപടികൾ എന്നിവയെക്കുറിച്ചാണ് ഇരുപത്തിയൊൻപതും മുപ്പതും വകുപ്പുകളിൽ പറയുന്നത്. ഇതൊക്കെ വായിക്കുമ്പോൾ ഈ രാജ്യത്തെ ഏറ്റവും വലിയ കുഴപ്പക്കാരാണ് മത്സ്യത്തൊഴിലാളികൾ എന്നാണ് തോന്നുന്നത്.

ഇങ്ങനെയൊരു നിയമമുണ്ടോ? 30-ാം വകുപ്പ് വളരെ അപകടകരമായ വകുപ്പായിട്ടാണ് തോന്നുന്നത്. മുൻകൂട്ടി നിശ്ചയിച്ച ഇടങ്ങളിലല്ലാത്ത വിപണനം, ലേലവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ കുറ്റം ചെയ്താൽ ഒന്നാമത്തെ തവണ ഒരു ലക്ഷം രൂപയും രണ്ടുമാസം തടവും രണ്ടാമത്തെ തവണ 3 ലക്ഷം രൂപയും ഒരു വർഷം തടവും മൂന്നാമത്തെ തവണ 5 ലക്ഷം രൂപയും ഒരു വർഷത്തെ തടവുമാണ് ലഭിക്കുന്നത്. ഈ വകുപ്പുകൾ അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധവും തൊഴിലാളി വിരുദ്ധവുമാണ്. ഇത് ഈ മേഖലയോടുള്ള കടുത്ത വെല്ലുവിളിയാണ്. ഈ രാജ്യത്ത് എത്രയോ കുറ്റകൃത്യങ്ങൾ നടക്കുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഉപദ്രവിക്കാൻ വേണ്ടിയുണ്ടാക്കുന്ന നിയമങ്ങളാണിത്. ഇതിൽ ഭേദഗതി വരുത്തണം. ജനാധിപത്യ രാജ്യത്ത് ചിന്തിക്കാൻ പറ്റാത്ത നിയമമാണിത്. ഈ ബിൽ വായിക്കുമ്പോൾ 'ഉണ്ടാക്കപ്പെട്ടവന് ചട്ടിയിലും ഇല്ല' എന്ന അവസ്ഥയാണുണ്ടാകുന്നത്. മീൻ കൊണ്ടുവരുന്നവന് ഒന്നും കിട്ടുന്നില്ല. ഈ നിയമങ്ങൾ വായിച്ചാൽ അങ്ങനെയേ തോന്നുകയുള്ളൂ. ഇതിൽ ഉദ്യോഗസ്ഥർക്ക് കടുത്ത സ്വാധീനമാണ് പറയുന്നത്. എല്ലായിടത്തും ഉദ്യോഗസ്ഥരുടെ കടന്നുകയറ്റമാണ്. 31, 32 വകുപ്പുകൾ പ്രകാരം സർക്കാർ ഉദ്യോഗസ്ഥരെ മാത്രമാണ് സർക്കാർ വിശ്വസിക്കുന്നത്. നിയമനടപടി സ്വീകരിച്ച ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യാൻ പറ്റില്ല. അവർക്കെതിരെ ഒരു നിയമനടപടിയും വ്യവഹാരവും അനുവദിക്കില്ലെന്ന് ബില്ലിൽ പറയുന്നത് അങ്ങേയറ്റം നിഷേധാത്മകമായ നിലപാടാണ്. ഉദ്യോഗസ്ഥർ ശിക്ഷ വിധിച്ചാൽ ചോദ്യം ചെയ്യാൻ അവകാശമില്ല. രാജ്യത്തെ നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളി കൂടിയാണിത്. ഡെമോക്രസി നോക്കിയിരിക്കാം ബ്യൂറോക്രസി ചെയ്യട്ടെ എന്ന് പറയുന്നതുപോലെയാണ്. ഇതെങ്ങനെ അംഗീകരിക്കാൻ സാധിക്കും? ജീവിതഭാരം പേറുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഇത്തരത്തിൽ കഠിനമായ നിയമങ്ങൾ രൂപീകരിക്കുമ്പോൾ ഒന്നുകൂടി വിശദമായി ചർച്ച ചെയ്യുകയും പുനർ വായനയ്ക്ക് വിധേയമാക്കുകയും വേണം. നേരത്തെ സൂചിപ്പിച്ചതുപോലെ പ്രായോഗിക ബുദ്ധിയിൽ ഏറ്റവും പരിചയമുള്ള ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി, ആരെയും ചുമതലപ്പെടുത്താതെ അങ്ങുതന്നെ ഓരോ വരികളും മനസ്സിരുത്തി വായിച്ചുവേണം ഈ നിയമം നടപ്പാക്കാൻ. കേന്ദ്ര നിയമവും അതിശക്തമായി എതിർക്കപ്പെടേണ്ടതാണ്. കേന്ദ്രം കുറച്ചുനാളുകളായി ഈ മേഖലയിൽ നോട്ടമിട്ടിരിക്കുകയാണ്. മത്സ്യമേഖലയെ തർക്കുന്ന തരത്തിലുള്ള കേന്ദ്ര നിയമം നിലനിൽക്കുമ്പോൾ അതിനെ നമ്മുടെ സംസ്ഥാനം ഒറ്റക്കെട്ടായി എതിർക്കേണ്ടതും മത്സ്യത്തൊഴിലാളികൾക്ക് പിന്തുണ കൊടുക്കേണ്ടതുമായ സാഹചര്യത്തിൽ ഇങ്ങനെയൊരു നിയമമുണ്ടാക്കുന്നത് ആ മേഖലയെ

സംഘർഷഭരിതമാക്കും. ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും വീണ്ടും ചർച്ചകളിലൂടെ ആവശ്യമായതുമായ ഭേദഗതി വരുത്തിമാത്രമേ ഈ നിയമം നിയമമാക്കി മാറ്റാവൂ എന്ന് വിനയത്തോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. കടലിനെപ്പോലെ അനിശ്ചിതത്വം നിറഞ്ഞതാണ് മത്സ്യത്തൊഴിലാളിയുടെ ജീവനും ജീവിതവും. അതുകൊണ്ടുതന്നെ ബഹുമാന്യനായ കരുനാഗപ്പള്ളി എം.എൽ.എ. സി. ആർ. മഹേഷ് ആമുഖമായി സൂചിപ്പിച്ചതുപോലെ മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന നിയമം അത് അർഹിക്കുന്ന ജാഗ്രതയോടും അവധാനതയോടുംകൂടി മാത്രമേ പാസ്സാക്കാൻ പാടുള്ളുവെന്ന അഭ്യർത്ഥനയാണ് ഞാൻ അങ്ങയുടെ മുമ്പാകെ വയ്ക്കുന്നത്. അങ്ങയെപ്പോലെ കാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പൊതുപ്രവർത്തകനായ മന്ത്രി മത്സ്യത്തൊഴിലാളികളോട് തീരെ കരുണ കാണിക്കാത്ത ഇത്തരമൊരു നിയമം കൊണ്ടുവന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം കൊണ്ടുവന്ന ഏറ്റവും അപകടകരവും ദുരുപയോഗ സാദ്ധ്യതയുള്ളതുമായ ഒരു ബില്ലാണിത്. മത്സ്യത്തൊഴിലാളികളെ കുറ്റവാളികളായി സങ്കൽപ്പിച്ചുകൊണ്ടുള്ള നയരൂപീകരണമാണ് ഈ ബില്ലിന്റെ പിന്നിലുള്ളത്. ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കിയ മത്സ്യത്തൊഴിലാളികൾക്ക് ടാക്സ് ഏർപ്പെടുത്തുന്നതിന് സമാനമായ വ്യവസ്ഥയാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ സ്വാതന്ത്ര്യത്തെ കവർന്നെടുക്കുകയും അവരുടെ ദൈനംദിന ജീവിതത്തെ ഉദ്യോഗസ്ഥ ഭരണത്തിന് വിട്ടുനൽകുകയും ചെയ്യുന്ന ഘടനാപരമായ മാറ്റമാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. ഈ ബിൽ മത്സ്യത്തൊഴിലാളികളുടെമേലുള്ള ചൂഷണം അവസാനിപ്പിക്കുമെന്നാണ് ആമുഖമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തുന്ന, കുറ്റവാളികളെപ്പോലെ കൈകാര്യം ചെയ്യുന്ന, വിപണനം മുതൽ യാനം അടുപ്പിക്കുന്ന സ്ഥലംവരെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെയും പരമാധികാരത്തെയും എടുത്തുകളയുന്ന, സമ്പൂർണ്ണമായി ആ സംവിധാനത്തെ ഉദ്യോഗസ്ഥ മേധാവിത്വത്തിലേയ്ക്ക് നയിക്കുന്ന ബില്ലാണിത്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമമല്ല, മറിച്ച് ഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ അധികാരമാണ് ഈ ബില്ലിലൂടെ ശക്തിപ്പെടാൻ പോകുന്നത്. ലോകത്ത് പല സ്ഥലത്തും കമ്മ്യൂണിസ്റ്റ് പാർട്ടികൾ വർഗ്ഗരഹിത സമൂഹമൊക്കെ വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്നിട്ടുണ്ട്. പക്ഷേ അധികാരത്തിൽ വന്നുകഴിയുമ്പോൾ വർഗ്ഗരഹിത സമൂഹത്തിന്റെ സൃഷ്ടിയല്ല ഉണ്ടാകുക. മറിച്ച്

അവർ ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിച്ച് ആ വർഗ്ഗവുമായി സഖ്യമുണ്ടാക്കും. അങ്ങനെ ഉദ്യോഗസ്ഥ വർഗ്ഗവും അധികാരത്തിലുള്ള പാർട്ടിയും ചേർന്ന് ഒരു പുതിയ വർഗ്ഗമുണ്ടാക്കും. ഇത് കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ അധികാരത്തിലിരുന്ന രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. യൂഗോസ്ലാവിയയിലെ ഉപ പ്രധാനമന്ത്രിയായിരുന്ന, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന, ഒരു കാലത്ത് ജോസിപ് ബ്രോസ് ടിറ്റോയുടെ പിൻഗാമി യാകുമെന്ന് കരുതിയിരുന്ന മിലോവൻ ജിലാസ് തന്റെ ജീവിതത്തിന്റെ രണ്ടാം പകുതിയിൽ കാരാഗൃഹത്തിൽ അകപ്പെട്ടതിനുശേഷം അവിടെനിന്നും കിട്ടിയ ടോയ്‌ലെറ്റ് പേപ്പറിൽ എഴുതിയ പുസ്തകമായ 'ദി ന്യൂ ക്ലാസ്'-ൽ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ എങ്ങനെയാണ് ഉദ്യോഗസ്ഥ വർഗ്ഗവുമായി ചേർന്ന് ഒരു പുതിയ വർഗ്ഗം സൃഷ്ടിക്കുന്നതെന്ന് കൃത്യമായി എഴുതിയിട്ടുണ്ട്. അതാണ് ഈ ബിൽ വായിക്കുമ്പോൾ എനിക്ക് മനസ്സിലാകുന്നത്. മത്സ്യത്തൊഴിലാളികളുടെ സ്വാതന്ത്ര്യ ത്തെയും അവകാശങ്ങളെയുമെല്ലാം ഉദ്യോഗസ്ഥർക്ക് അടിയറവ് വയ്ക്കുന്ന ഒരു നിയമമായി ഇത് മാറുകയാണ്. കാലാവസ്ഥാ വ്യതിയാനം എങ്ങനെയാണോ കാർഷിക മേഖലയെ ബാധിക്കുന്നത് അതേ അളവിൽത്തന്നെ മത്സ്യത്തൊഴി ലാളികളെയും ബാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള പ്രത്യേക സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവനെയും ജീവിതത്തെയും ഉപജീവനത്തെയും ബാധിക്കുന്ന നിയമം ഇത്ര ലാഘവത്തോടുകൂടി കൊണ്ടുവരാൻ പാടില്ല. പ്രളയ മുണ്ടായ കാലത്ത് മത്സ്യത്തൊഴിലാളികൾ ഈ നാടിന്റെ സൈന്യമായിരുന്നു. പിന്നെ എപ്പോഴാണ് കർശനമായി, ഉരുക്കുമുഷ്ടി ഉപയോഗിച്ച് വരുതിക്കു നിർത്തേണ്ട കുറ്റവാളി സംഘമാണ് മത്സ്യത്തൊഴിലാളികളെന്ന് സർക്കാരിന് തോന്നാൻ തുടങ്ങിയത്? കോവിഡിന്റെ കാലയളവിൽ മത്സ്യബന്ധന മേഖലയിൽ മാത്രം പട്ടാളത്തെയിറക്കി റൂട്ട് മാർച്ച് നടത്തിയ സർക്കാരാണിത്. അന്ന് ആരോഗ്യവകുപ്പിലെ പ്രമുഖനായിരുന്ന ഒരാൾ മാധ്യമങ്ങളോട് പറഞ്ഞത്, "പൂന്തുറയിലെ മത്സ്യത്തൊഴിലാളികൾക്ക് തോക്കിന്റെ ഭാഷ മാത്രമേ മനസ്സി ലാകുകയുള്ളൂ" എന്നാണ്. ലോകത്തെവിടെയെങ്കിലും പട്ടാളം റൂട്ട് മാർച്ച് നടത്തി കോവിഡിനെ പ്രതിരോധിക്കാൻ ശ്രമിച്ചിട്ടുണ്ടോ; അത് കേരളത്തിൽ പൂന്തുറയിൽ സംഭവിച്ചിരുന്നു. അതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ മാധ്യമങ്ങളോട് പറഞ്ഞതാണ് അവർക്ക് തോക്കിന്റെ ഭാഷ മാത്രമേ മനസ്സിലാകുകയുള്ളൂ എന്ന്. അതിനെ നിർലജ്ജം ന്യായീകരിച്ച സംവിധാനം ഇവിടെയുണ്ടായിരുന്നു. ആ ഉദ്യോഗസ്ഥ മനോഭാവത്തിന്റെ തുടർച്ചയാണ് ഈ ബില്ലിലേയ്ക്ക് കടന്നുചെല്ലുമ്പോൾ കാണാൻ കഴിയുന്നത് ബില്ലിന്റെ 3-ാം വകുപ്പിൽ കൃത്യമായി പറയുന്നത് ലാൻഡിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവ പ്രഖ്യാപിക്കുന്നതിനുള്ള

അധികാരത്തെ സംബന്ധിച്ചാണ്. കേരളത്തിലെ 228 മത്സ്യ ഗ്രാമങ്ങളിൽ 23 ഹാർബറുകളും കുറച്ച് ഫിഷ് ലാൻഡിംഗ് സെന്ററുകളും മാത്രമാണ് സർക്കാരിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളത്. മറ്റെല്ലാ മത്സ്യഗ്രാമങ്ങളിലെയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തലമുറകളായി മത്സ്യബന്ധനം നടത്തിവരികയാണ്. ഈ നിയമം ഈ രൂപത്തിൽ നിലവിൽ വന്നാൽ ബഹുഭൂരിപക്ഷം വരുന്ന പ്രസ്തുത യാനങ്ങളിലെ മത്സ്യബന്ധനം നിയമവിരുദ്ധമായി മാറുകയും അങ്ങനെ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ ശിക്ഷിക്കപ്പെടാനുള്ള സാദ്ധ്യതയുമാണ് 3-ാം വകുപ്പ് വായിക്കുമ്പോൾ മനസ്സിലാകുന്നത്. 4-ാം വകുപ്പിലെ (4), (5) ഉപവകുപ്പുകളിൽ പറയുന്നത്, ലേലത്തുകയുടെ അഞ്ച് ശതമാനത്തിൽ കവിയാത്ത തുക ലേലക്കമ്മീഷനായി സർക്കാരിന് നിർണ്ണയിക്കപ്പെടുന്ന തരത്തിൽ വസൂലാക്കാമെന്നും ലേലക്കാരൻ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, തദ്ദേശസ്വയംഭരണ സ്ഥാപനം, ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റി/ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റി, സർക്കാർ എന്നിവർക്കായി വിഭജിക്കപ്പെടേണ്ട അനുപാതം പിന്നീട് വിജ്ഞാപനത്താൽ നിശ്ചയിക്കുമെന്നുമാണ്. ഇതിൽ എവിടെയാണ് തൊഴിലാളിയുള്ളത്? നിലവിലെ ലേലകമ്മീഷൻ തുകയിൽ ഒന്നര ശതമാനം കേരളത്തിലെ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് ബോണസായി നൽകാനും ഒന്നര ശതമാനം മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി സഹകരണ സംഘങ്ങൾക്കും ഒന്നര ശതമാനം ലേലക്കാരനും അര ശതമാനം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുമാണ് വിനിയോഗിച്ചുകൊണ്ടിരുന്നത്. ഒരു കോടി രൂപയുടെവരെ യാനങ്ങളുണ്ട്, ഒരു മത്സ്യത്തൊഴിലാളിക്കോ കൂട്ടായ്മക്കോ അത്രയും തുക ഒരുമിച്ച് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അഡ്വാൻസായി തുക കൊടുക്കുന്ന ആളുകളുണ്ട്. അതിൽനിന്നും ഒരു ശതമാനം അവർ ലേലകമ്മീഷൻ കൊടുക്കാറുണ്ട്. ഇനി ബ്ലേഡ് പലിശക്കാരാണെങ്കിൽ രണ്ട് ശതമാനത്തിന് മുകളിലോ സർക്കാർ തീരുമാനിക്കുന്ന ഒരു ശതമാനമെന്ന നിരക്കിനു മുകളിലോ വാങ്ങാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് ചൂഷണം ഒഴിവാക്കാമെന്നിരിക്കെ അതിനുമുതിരാതെ 4-ാം വകുപ്പിൽ ഈ രൂപത്തിൽ ചേർക്കുന്നത് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കും. ബില്ലിന്റെ 9-ാം വകുപ്പ് സംബന്ധിച്ച് ശ്രീ. സി. ആർ. മഹേഷ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മറ്റുരണ്ട് സമാന കമ്മിറ്റികളെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചതുകൊണ്ടും സമയക്കുറവുള്ളതുകൊണ്ടും അത് ആവർത്തിക്കുന്നില്ല. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിലെ അംഗങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റില്ലെന്നു മാത്രമല്ല ഇവിടെയും ഫിഷ് ലാൻഡിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയിലും ഫിഷ്

മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയിലും പ്രതിനിധികളായി എം.എൽ.എ.-മാരുമില്ല. നിയമസഭയിൽ 140 എം.എൽ.എ.-മാരുണ്ട്. അതിൽ തീരദേശ മേഖലയിലുള്ള എം.എൽ.എ.-മാരുമുണ്ട്. ഈ മൂന്ന് കമ്മിറ്റികളിൽ ഒന്നിൽപ്പോലും ഈ നിയമനിർമ്മാണ സഭയിൽനിന്നുള്ള ഒരു അംഗത്തെയോ ഒന്നിലധികം അംഗങ്ങളെയോ നാമനിർദ്ദേശം ചെയ്യാനുള്ള വ്യവസ്ഥയില്ല. അതെന്തുകൊണ്ടാണ്; അത് പരിശോധിക്കപ്പെടേണ്ട കാര്യമല്ലേ? മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കൽ എന്ന 19-ാം വകുപ്പിൽ മനുഷ്യത്വ വിരുദ്ധമായ, തൊഴിലാളി വിരുദ്ധമായ, ജനവിരുദ്ധമായ കാര്യങ്ങളാണുള്ളത്. മത്സ്യത്തൊഴിലാളികളുടെ ഓരോ മേഖല യിലെയും മത്സ്യബന്ധന രീതികൾ വ്യത്യസ്തമാണ്. വ്യത്യസ്ത വലിപ്പത്തിലും ഗുണനിലവാരത്തിലുമുള്ള പലയിനം മത്സ്യങ്ങളുണ്ട്. അവിടെ ജീവനക്കാരും ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ഒരു സമിതികൂടി ഒറ്റ വില തീരുമാനിക്കുമെന്ന് പറഞ്ഞാൽ, ഇതൊക്കെ ഏതെങ്കിലും തലത്തിൽ പ്രായോഗികമായി പരിശോധിച്ചിട്ടാണോ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കിയിരിക്കുന്നതെന്നത് നമ്മെയാകെ അത്ഭുതപ്പെടുത്തുകയാണ്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തി സ്വായത്തമാക്കിയ മത്സ്യത്തിന്റെ ഉറവിടം സാക്ഷ്യപ്പെടുത്തലാണ് 20, 21 വകുപ്പുകളിൽ പറയുന്നത്. ഇവർ എന്താണ് ചെയ്യുന്നത്? ശ്രീ. സി. ആർ. മഹേഷ് സൂചിപ്പിച്ചതുപോലെ, ഇവർ അർദ്ധരാത്രിയിലും വെളുപ്പാൻകാലത്തുമൊക്കെയാണ് മത്സ്യബന്ധനത്തിന് പോകുന്നതും വരുന്നതും. കരുനാഗപ്പള്ളിയിൽ അർദ്ധ രാത്രിയിലും പ്രവർത്തിക്കുന്ന ഒരു ഹോട്ടലുണ്ട്. ഞാൻ കെ.എസ്.യു. പ്രസിഡന്റാ യിരുന്ന കാലത്ത് രാവിലെ രണ്ടുമണിക്കും രണ്ടരമണിക്കും മൂന്ന് മണിക്കുമൊക്കെ കരുനാഗപ്പള്ളി ബസ് സ്റ്റാൻഡിലിറങ്ങി ആ ഹോട്ടലിൽ ചായ കുടിക്കാൻ പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം കഴിഞ്ഞ് അവിടെ വരുമായിരുന്നു. മത്സ്യബന്ധനം കഴിഞ്ഞ് പുലർച്ചെ വരുന്ന മത്സ്യത്തൊഴിലാളികൾ പിറ്റേന്ന് രാവിലെ സർക്കാർ ഉദ്യോഗസ്ഥന്റെ മുമ്പിൽപോയി മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം, ഗുണനിലവാരത്തിന്റെ വിശദാംശങ്ങൾ, ഭക്ഷ്യ യോഗ്യമാണെന്ന രേഖ എന്നിവയെല്ലാം സാക്ഷ്യപ്പെടുത്തി/രേഖപ്പെടുത്തിക്കൊണ്ട് വരണമെന്ന് പറഞ്ഞാൽ, ഈ നിയമമുണ്ടാക്കാൻ വകുപ്പിനെ സഹായിച്ച ഉദ്യോഗസ്ഥർ ഒരു തവണപോലും കേരളത്തിന്റെ ഒരു തീരദേശത്തും പോയിട്ടു ള്ളവരല്ലെന്ന് അവരെ ആരെയും മനസ്സിലാക്കാതെതന്നെ പറയാൻ കഴിയും. അവർ ആരാണെന്ന് ചിന്തിക്കാതെയും അന്വേഷിക്കാതെയും ചോദിക്കാതെയും പറയാൻ കഴിയും. ഒരു തവണയെങ്കിലും ഈ പ്രദേശങ്ങളിൽ പോയിട്ടുള്ള ഒരുദ്യോ ഗസ്ഥനും മത്സ്യത്തൊഴിലാളി വിരുദ്ധമായ, പ്രായോഗികതയില്ലാത്ത ഇത്തരം വ്യവസ്ഥകൾ ഈ വകുപ്പിൽ എഴുതി വയ്ക്കുമെന്ന് ഞങ്ങളാരും കരുതുന്നില്ല.

അതുകൊണ്ട് 20, 21 വകുപ്പുകൾ അങ്ങ് പുനഃപരിശോധിക്കണം. അതുപോലെ ഈ പറഞ്ഞ അപ്രായോഗിക വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ 30-ാം വകുപ്പുപ്രകാരം കടുത്ത ശിക്ഷകളാണ് കൊടുക്കുന്നത്. അതായത് ആദ്യത്തെ പ്രാവശ്യത്തെ ഒന്നോ അതിലധികമോ കുറ്റകൃത്യത്തിന് രണ്ടുമാസം തടവോ ഒരു ലക്ഷം രൂപ പിഴയോ രണ്ടാമത്തെ പ്രാവശ്യത്തെ ഒന്നോ അതിലധികമോ കുറ്റകൃത്യത്തിന് ഒരു വർഷം തടവോ മൂന്നുലക്ഷം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ്. രണ്ടിൽ കൂടുതൽ തവണ ഒന്നോ അതിൽ കൂടുതലോ കുറ്റകൃത്യങ്ങൾ ചെയ്താൽ ഒരു വർഷം തടവോ അഞ്ചുലക്ഷം രൂപ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ ആണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ കൊടുക്കുന്ന അംഗീകാരങ്ങളാണ് 30-ാം വകുപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് മത്സ്യത്തൊഴിലാളിയെ സ്നേഹിക്കാനും പിന്തുണയ്ക്കാനും സഹായിക്കാനുമാണെന്ന് പറഞ്ഞാൽ അതെങ്ങനെ ഉൾക്കൊള്ളാൻ കഴിയും? ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഫിഷറീസ് വകുപ്പുമന്ത്രിയും ഞാൻ എം.എൽ.എ.-യുമായിരുന്നു. ഇവിടെ തീരദേശത്തെ പ്രതിനിധീകരിച്ച് നിരവധി എം.എൽ.എ.-മാരുണ്ട്. അക്കാലത്ത് തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അത്രയും ഭവനങ്ങൾ ഇപ്പോൾ ലൈഫ് പദ്ധതി വന്നതിനുശേഷം ലഭിക്കുന്നുണ്ടോ? ഇല്ല. കാരണം, വളരെ ലളിതമായ മാർഗ്ഗത്തിലൂടെ മാസാമാസം നറുക്കെടുപ്പിലൂടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവനങ്ങൾ ലഭിച്ചിരുന്നു. ഇപ്പോൾ ലൈഫ് പദ്ധതിയുടെ കർശനമായ വ്യവസ്ഥകളിലേയ്ക്ക് ഈ തീരദേശത്തെ മത്സ്യത്തൊഴിലാളികളെയുംകൂടി കൊണ്ടുവന്നതിനുശേഷം അത്രയും ഭവനങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ചിലപ്പോൾ ആഗ്രഹമുണ്ടാകും. പക്ഷേ മുൻകാലങ്ങളിലെ ഫിഷറീസ് വകുപ്പുമന്ത്രിമാർ കൊടുത്തതുപോലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ഭവനം കൊടുക്കാൻ കഴിയുന്നില്ല. ആ പദ്ധതി ഇപ്പോൾ ഉണ്ടോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് അങ്ങ് മറുപടിയിൽ വിശദീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അന്ന് അവർക്ക് മെയിന്റനൻസിനാവശ്യമായ സ്കീമുണ്ടായിരുന്നു. ടോയ്‌ലെറ്റിനും വയറിംഗിനും സ്കീമുണ്ടായിരുന്നു. ഉപ്പുകാറ്റടിക്കുന്ന പ്രദേശമായതുകൊണ്ട് എപ്പോഴും വയറിംഗ് മാറ്റേണ്ടിവരും. ഇക്കാര്യം തീരദേശത്തുള്ളവർക്ക് അറിയാവുന്നതാണ്. അതുകൊണ്ട് വയറിംഗിനും ടോയ്‌ലെറ്റിനും മെയിന്റനൻസിനുമൊക്കെ പണവും പദ്ധതികളുമുണ്ടായിരുന്നു. ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ ഈ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെന്നാണ് നമ്മൾ മനസ്സിലാക്കുന്നത്. ഡീസൽ സബ്സിഡി വേണമെന്ന് അവർ ആവശ്യപ്പെട്ട

കയാണ്. അവർ ഡീസലിന് റോഡ് ടാക്സ് കൊടുക്കുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നവർ എന്തിനാണ് റോഡ് ടാക്സ് കൊടുക്കുന്നത്; അവർ റോഡ് ഉപയോഗിക്കുന്നുണ്ടോ? റോഡ് ഉപയോഗിക്കാത്ത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടിൽ ഡീസലടി ക്കുമ്പോൾ റോഡ് ടാക്സ് കൊടുക്കുകയാണ്. അതൊഴിവാക്കി, ഫിഷറീസ് വകുപ്പിന്റെ കൂടുതൽ പെട്രോൾ പമ്പുകൾ സ്ഥാപിച്ച് സബ്സിഡി നിരക്കിൽ അവർക്ക് ഡീസൽ ലഭ്യമാക്കുന്ന ഒരു സംവിധാനം ദീർഘകാലമായി മത്സ്യത്തൊഴിലാളികൾ ആവശ്യ പ്പെടുന്നതാണ്. മുമ്പ് 13 പമ്പുകൾ ആരംഭിച്ചിരുന്നു. പമ്പുകളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കണം. ഇത് ദീർഘകാലമായി അവർ ആവശ്യപ്പെടുന്നൊരു കാര്യമാണ്.

സ്മാർട്ട് സ്കൂളുകളാക്കാനുള്ള കാര്യങ്ങളൊക്കെ സർക്കാർ ചെയ്യുമ്പോൾ CRZ-ന്റേതായിട്ടുള്ള പ്രശ്നങ്ങളൊക്കെ കാരണം മറ്റുള്ള സ്ഥലങ്ങളിൽ ലഭ്യമാകുന്ന സ്മാർട്ട് സ്കൂളിന്റെ സൗകര്യങ്ങൾ തീരദേശത്തെ സ്കൂളുകൾക്ക് ലഭിക്കാത്തൊരു സാഹചര്യമുണ്ട്. ഈ ബില്ലിലൂടെ നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ്. മത്സ്യത്തൊഴിലാളികൾ പരമ്പരാഗതമായി സൗകര്യപ്രദമായ തീരങ്ങളിലേയ്ക്ക് യാനങ്ങൾ അടുപ്പിക്കുന്നുണ്ട്. മത്സ്യലേലത്തിന് അവർക്ക് പ്രത്യേക സ്ഥലമുണ്ടായിരുന്നു. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ അതിനൊന്നും കഴിയില്ല. മത്സ്യ ത്തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യവും എടുത്തുകളയുകയാണ്. ഒരുവശത്ത് ശ്രീ. നരേന്ദ്ര മോദിയുടെ കേന്ദ്ര സർക്കാർ ബ്ലൂ ഇക്കോണമിവഴി മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ മുഴുവൻ കവർന്നെടുത്തുകൊണ്ട് തീരദേശം മുഴുവൻ വിൽക്കാനുള്ള നയങ്ങളിലൂടെ മുന്നോട്ട് പോകുമ്പോൾ അതിനിടയിൽ ഞെരുങ്ങുന്ന കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മേൽ ഇതുപോലുള്ള വ്യവസ്ഥകൾ കൊണ്ടുവന്ന് അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന സമീപനങ്ങളിൽനിന്നും സർക്കാർ പിന്തിരിയണം. അതുകൊണ്ട് ഇവിടെ ചൂണ്ടിക്കാണിച്ച വകുപ്പുകളിലെ പോരായ്മകൾ അങ്ങ് വളരെ ഹൃദയവിശാലതയോടുകൂടി പരിഗണിച്ച് ഈ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകിക്കൊണ്ടുള്ള മാറ്റങ്ങൾ വരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

Shri A. K. M. Ashraf: Sir, I move that- "This House resolves to disapprove The Kerala University of Fisheries and Ocean Studies (Amendment) Ordinance, 2021 (Ordinance No. 109 of 2021)." ഇന്ത്യയിലെ

ആദ്യത്തെ ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയാണ് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല. അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ ലഘൂകരിച്ചു കൊണ്ട് ഫിഷറീസ് സയൻസിന് മാത്രം പ്രാധാന്യം നൽകിക്കൊണ്ട് അതുമായി ബന്ധപ്പെട്ട നാല് ഫാക്കൽറ്റികൾ രൂപീകരിക്കാനാണ് ഈ ബിൽ നിർദ്ദേശിക്കുന്നത്. ഇത് ആശയക്കുഴപ്പങ്ങൾക്ക് വഴിതെളിയിക്കും. ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പുതിയ ഘടന സർവ്വകലാശാലയ്ക്ക് കാലോചിതമായ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പരിമിതികൾ സൃഷ്ടിക്കും. അതത് കോഴ്സുകൾക്ക് ബോർഡ് ഓഫ് സ്റ്റഡീസിനുപകരം ഒരു പൊതു ഫാക്കൽറ്റി ബോർഡ് സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ കമ്മിറ്റിയിൽ വിഷയവുമായി ബന്ധപ്പെട്ട മതിയായ പ്രതിനിധികളില്ലാത്തതിനാൽ ഓരോ വിഷയത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ല. അതുകൊണ്ട് ബോർഡ് ഓഫ് സ്റ്റഡീസ് പുന:സ്ഥാപിക്കേണ്ടതുണ്ട്. കേരള സംസ്ഥാനത്ത് ഫിഷറീസ് സയൻസ്, മറൈൻ സ്റ്റഡീസ് എന്നീ വിഷയങ്ങളുടെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ പുതുതായി ആരംഭിക്കാനുള്ള ഉത്തരവാദിത്വം കുഫോസിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നിർദ്ദേശത്തിലൂടെ മറ്റ് സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിലും പുതിയ ഓർഡിനൻസ് ഇടപെടുന്നതായി കാണാം. കുഫോസിൽനിന്ന് മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്തെ ഒരു സ്വകാര്യ സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനത്തിനും ഫിഷറീസ് സയൻസ് ആൻഡ് മറൈൻ സ്റ്റഡീസിൽ കോഴ്സുകൾ ആരംഭിക്കാൻ കഴിയില്ലെന്ന അവസ്ഥ നിലവിൽ വരും. ഭരണനിർവ്വഹണ കൗൺസിൽ, സെനറ്റ്, അക്കാദമിക് കൗൺസിൽ തുടങ്ങിയ സമിതികളിൽ സംസ്ഥാന സർക്കാരിലെ ഡയറക്ടർ പദവിയിലും താഴെയുള്ളവരെ ഉൾപ്പെടുത്തുന്നതിനും അദ്ധ്യാപക പ്രതിനിധി പ്രാധാന്യം കുറയ്ക്കുന്നതിനുമുള്ള നിർദ്ദേശം ഈ സമിതികളുടെ ഉദ്ദേശ്യശുദ്ധിയെ ലഘൂകരിക്കുന്നു. ഈ ജംബോ കമ്മിറ്റികളിലെ ഭൂരിഭാഗവും സർവ്വകലാശാലയിലെ പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരല്ല. ഇത് സർവ്വകലാശാലയുടെ നടത്തിപ്പിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഈ ഓർഡിനൻസ് പ്രകാരം ഫിഷറീസ് സയൻസ് ഫാക്കൽറ്റിയിൽ അദ്ധ്യാപക തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യതയായി കേരള കാർഷിക സർവ്വകലാശാലയിൽനിന്നുള്ള ഫിഷറീസ് സയൻസ് ബിരുദം അവലംബിക്കാൻ നിർദ്ദേശമുണ്ട്. ഈ നിർദ്ദേശങ്ങളുടെ നടപ്പാക്കൽ യു.ജി.സി./മറ്റ് സംസ്ഥാന കാർഷിക സർവ്വകലാശാലകൾ നടപ്പാക്കിവരുന്ന മാനദണ്ഡങ്ങളുടെ ലംഘനമാണ്. ഒരു സർവ്വകലാശാലയിലെ വിവിധ ഫാക്കൽറ്റികൾക്കുള്ള അദ്ധ്യാപകരുടെ യോഗ്യത നിർണ്ണയിക്കുന്നതിന് രണ്ട് വ്യത്യസ്ത റിക്രൂട്ട്മെന്റ് പാറ്റേൺ ഉണ്ടാകാൻ പാടില്ല. ഈ നിർദ്ദേശം യു.ജി.സി. റെഗുലേഷന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെയും കടുത്ത ലംഘനമാണ്.

കേരളത്തിലെ ആദ്യത്തെ ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഭേദഗതി സംബന്ധിച്ച് സംസാരിക്കുമ്പോൾ, കേരളത്തിൽ ഒരുപക്ഷേ ആരും ശ്രദ്ധിക്കപ്പെടാതെപോയ എന്റെ നിയോജകമണ്ഡലമായ മഞ്ചേശ്വരത്തെ ഒരു പ്രധാനപ്പെട്ട വിഭാഗത്തെ ഈ വിഷയവുമായി ഞാൻ കണക്ട് ചെയ്യുകയാണ്. മഞ്ചേശ്വരം എന്നത് വ്യത്യസ്തമായ ഭാഷകൾ, സംസ്കാരങ്ങൾ, കലകൾ എന്നിവയുടെ ഒരു ഭൂമിക എന്നതിനപ്പുറം സീമാൻ (കപ്പൽ ജീവനക്കാർ) എന്നു പറയുന്ന ഒരു വലിയ വിഭാഗംകൂടി ഉൾപ്പെടുന്നതാണ്. അവർ പരമ്പരാഗതമായി, സ്വാതന്ത്ര്യത്തിന് മുൻപുതന്നെ കുലത്തൊഴിലായി കപ്പൽജീവനം അവലംബിക്കുന്ന ഒരു വിഭാഗമാണ്. ലോകത്തിലെ ഏറ്റവും മികച്ച കപ്പലുകളിൽ ക്യാപ്റ്റൻ, ചീഫ് എഞ്ചിനീയർ, ചീഫ് ആഫീസർ, സെക്കന്റ് ആഫീസർ, തേർഡ് ആഫീസർ തുടങ്ങി ഒരുപാട് തലങ്ങളിൽ എന്റെ നിയോജകമണ്ഡലത്തിലുള്ള ഈ വിഭാഗത്തിലെ ആളുകൾ സേവനം ചെയ്യുന്നുണ്ട്. നാട്ടിലെത്തുന്ന സന്ദർഭത്തിൽ അവരുമായി സംസാരിക്കുമ്പോൾ കാനഡയിലും ഫിൻലാൻഡിലും മൈനസ് 45 ഡിഗ്രി അവസ്ഥയിലാണ് അവർ ജോലി ചെയ്യുന്നതെന്നുള്ള കഥകൾ പറയാറുണ്ട്. അതുകഴിഞ്ഞ് ചൈനയിലേയ്ക്കും ജി.സി.സി രാഷ്ട്രങ്ങളിലേയ്ക്കും സിംഗപ്പൂരിലേയ്ക്കും കപ്പൽ പോകുമ്പോൾ 45 ഡിഗ്രി ചൂടുള്ള അവസ്ഥയെക്കുറിച്ചും അവർ ഞങ്ങളോട് പറയാറുണ്ട്. അവർ നാട്ടിലേയ്ക്ക് തിരിച്ചുവരാൻനേരം ഈ കപ്പലുടമകൾ/കമ്പനികൾ ചില രീതികൾ അവരോട് പഠിച്ചുവരാൻ പറയും. അത്തരം സാഹചര്യങ്ങളിൽ വീട്ടിലേയ്ക്കും നാട്ടിലേയ്ക്കും വരാതെ മുംബൈയിൽപ്പോയി അവധിക്കാലം ചെലവഴിച്ച് അവിടെനിന്ന് പ്രത്യേകം കോഴ്സുകൾ പഠിച്ച് വീണ്ടും ജീവിക്കാൻവേണ്ടി കപ്പലിലേയ്ക്ക് തിരിച്ചുപോകേണ്ടിവരുന്നതായ ഒരു വലിയ കഥയുണ്ട്. ഞാൻ ഇതിവിടെ പരാമർശിക്കാൻ കാരണം, എന്റെ നിയോജകമണ്ഡലത്തിലെ രാഷ്ട്രകവി ഗോവിന്ദ പൈ കോളേജിന്റെ തൊട്ടടുത്ത് 2010-ൽ 10 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച വലിയൊരു കെട്ടിടം കാട് മൂടിക്കിടന്നിരുന്നു. ഞാൻ അതുസംബന്ധിച്ച് ഒരു സബ്മിഷൻ ഈ സഭയിൽ അവതരിപ്പിക്കുകയും അത് ഫോളോഅപ് ചെയ്യുകയും ചെയ്തതിന്റെ ഫലമായി കണ്ണൂർ വി.സി.-യിൽനിന്ന് അവിടെ അടുത്ത മാസം എൽ.എൽ.എം. കോഴ്സ് ആരംഭിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വലിയൊരു ഫിനാൻഷ്യൽ പ്രോബ്ലം വന്നപ്പോൾ എനിക്കനുവദിച്ചിട്ടുള്ള ഫണ്ടിൽനിന്നും 25 ലക്ഷം രൂപ ഞാൻ പഠിച്ച എന്റെ ക്യാമ്പസിന്റെ തൊട്ടടുത്തുള്ള യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസിനുവേണ്ടി നീക്കിവച്ചു. സീമാൻ എന്നറിയപ്പെടുന്ന കപ്പൽ ജീവനക്കാരുടെ പ്രയാസങ്ങളും ദുരിതങ്ങളും പറയാൻ കാരണം, പലപ്പോഴും ഇത് സ്റ്റേറ്റ് ഗവൺമെന്റിന്റെയും സെൻട്രൽ ഗവൺമെന്റിന്റെയും ശ്രദ്ധയിൽവന്നിട്ടുണ്ടെങ്കിലും സോമാലിയയിലെയോ

സൗത്താഫ്രിക്കയിലെയോ കപ്പൽ കള്ളന്മാർ ഇവരെ പിടിക്കുമ്പോൾമാത്രം ചാനലുകളായ ചാനലുകൾ മുഴുവൻ ഇവരുടെ കഥപറയുകയും അക്കാര്യങ്ങൾ ചർച്ചയ്ക്ക് കൊണ്ടുവരികയും ചെയ്യും. എന്നാൽ പിന്നീടാരും അവരുടെ കാര്യം ഓർക്കാറില്ല. അവർ പരമ്പരാഗതമായി അവരുടെ അപ്പൂപ്പന്മാരിൽനിന്നുംമറ്റും കണ്ടുശീലിച്ച കുലത്തൊഴിലുമായി ബന്ധപ്പെട്ടാണ് കപ്പലിൽ പോകുന്നത്. ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി, കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിൽ ഒരു ഓഫ് ക്യാമ്പസ്, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അടിസ്ഥാനസൗകര്യമുള്ള സ്ഥാപനത്തിൽ മറൈൻ സയൻസ് അടക്കമുള്ള കോഴ്സുകൾ ആരംഭിച്ചാൽ തീർച്ചയായും ഒരു വലിയ വിഭാഗം കാലങ്ങളായി അനുഭവിക്കുന്ന പ്രയാസങ്ങൾക്കും ദുരിതങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. അവർക്ക് മികച്ച രീതിയിൽ ജോലി ചെയ്യാനുള്ള അവസരമൊരുക്കാൻവേണ്ടിയാണ് ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സി. ആർ. മഹേഷ്, പി. സി. വിഷ്ണുനാഥ് എന്നിവർ സംസാരിച്ചു.

എന്റെ ജില്ലയായ കാസർഗോഡ് കേരളത്തിന്റെ അതിർത്തി മണ്ഡലമാണ്. കേരളത്തിന്റെ 14 ജില്ലകളിൽ കാസർഗോഡ് ജില്ലയുടെ ഒരു പ്രത്യേകത അതിന്റെ തുടക്കം കണ്വതീർത്ഥ മുതൽ തൃക്കരിപ്പൂർവരെ സമ്പൂർണ്ണമായി കടലുകൊണ്ട് ചുറ്റപ്പെട്ടതാണ് എന്നതാണ്. കേരളത്തിൽ പ്രളയം വന്നപ്പോൾ മത്സ്യത്തൊഴിലാളികളെ 'സേനാനി'കളെന്നാണ് വിശേഷിപ്പിച്ചത്. പുലർച്ചെ മൂന്നുമണിക്ക് എഴുന്നേറ്റ് കടലിൽ പോകുന്നവരാണ് ഇവർ. എന്റെ ജില്ലയിലെ വലിയപ്രശ്നം അതിർത്തിയാണ്. ബഹുമാന്യനായ മന്ത്രിയുടെയും ഈ സഭയുടെയും മുന്നിൽ ഇക്കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കടലിനും അന്തർസംസ്ഥാന അതിർത്തിയുണ്ട്. കർണ്ണാടകത്തിൽനിന്നും കേരളത്തിലേയ്ക്ക് യൂസർ ഫീ പോലും അടയ്ക്കാതെ വൻകിട ബോട്ടുകൾ വരുന്നത് പലപ്പോഴും ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ളതാണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് കൃത്യമായ ഒരു നിയമമുണ്ട്. ചെറിയ തോണികൾക്ക് മത്സ്യബന്ധനം നടത്തേണ്ട പരിധി 12 നോട്ടിക്കൽ മൈൽ വരെയാണ്. അവിടെയാണ് ഈ ബോട്ടുകൾ വരുന്നത്. എന്റെ നാട്ടിലെ പരമ്പരാഗത മത്സ്യബന്ധനവുമായി ജീവിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇതൊരു ഭീഷണിയാണ്. ഇവർ ദൂരെനിന്നും രാത്രിക്കുശേഷം ചൈനയിൽ നിർമ്മിച്ച ആധുനിക രീതിയിലുള്ള എഞ്ചിൻ ഘടിപ്പിച്ച ബോട്ടുമായിട്ടാണ് വരുന്നത്. ആധുനിക രീതിയിലുള്ള വെളിച്ച സംവിധാനവും ആഴക്കടലിൽനിന്നും മത്സ്യം പിടിക്കാനുള്ള സംവിധാനവും ഇവരുടെ കൈവശമുണ്ടാകും. ഇവർ വന്ന് മീൻ പിടിക്കുന്ന അവസരങ്ങളിൽ

മത്സ്യത്തൊഴിലാളികൾ എം.എൽ.എ.-യെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെയും കോസ്റ്റൽ പോലീസിനെയും വിളിക്കും. ഇപ്രകാരം ഇവർ കരയോട് ചേർന്ന് മീൻ പിടിക്കുമ്പോൾ സാധാരണ തോണിക്കാർക്ക് മീൻ ലഭിക്കാത്ത പരിതാപകര മായൊരവസ്ഥയുണ്ടാകുന്നു. ഇതിനെതിരെ നടപടിയെടുക്കേണ്ട ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് സ്വന്തമായി കാസർഗോഡ് ജില്ലയിൽ ബോട്ടില്ല, വാടക ബോട്ടാണുള്ളത്. 75 കിലോമീറ്റർ ഇപ്പുറത്തുള്ള തൈക്കടപ്പുറത്തുനിന്ന് മഞ്ചേശ്വരത്തേയ്ക്ക് ബോട്ട് എത്തുമ്പോഴേയ്ക്കും അനധികൃതമായി മീൻപിടിക്കാൻ വന്നവർ കർണ്ണാടകയിലേയ്ക്ക് തിരിച്ചുപോയിരിക്കും. അതുകൊണ്ട് അനധികൃത മീൻപിടിത്തം തടയുന്നതിന് മഞ്ചേശ്വരത്തെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് ഒരു ബോട്ട് അനുവദിക്കണമെന്ന് ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ അഭ്യർത്ഥിക്കുകയാണ്.

ഈ ബില്ലുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, മഞ്ചേശ്വരത്തെ മത്സ്യത്തൊഴിലാളികളെക്കുറിച്ചാണ്. കണ്വതീർത്ഥ, ഹൊസബെട്ടു കടപ്പുറം, ബംഗര മഞ്ചേശ്വരം, മൂസോഡി അദീക്കാ എന്നീ കടലോര മേഖലകളിലെ മത്സ്യത്തൊഴിലാളികളെക്കുറിച്ച് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി കാസർഗോഡ് സന്ദർശിച്ചപ്പോൾ മൂസോഡി അദീക്കായിലും വന്നിരുന്നു. കഴിഞ്ഞ 10-20 വർഷങ്ങളായി എല്ലാ ഗവൺമെന്റുകളുടെയും ശ്രദ്ധയിൽവന്ന ഒരു കടലോര മേഖലയാണിത്. ഓരോ വർഷവും കാലാവസ്ഥ മാറുന്നതനുസരിച്ച് കടൽക്ഷോഭമോ മഴക്കാലമോ വരുമ്പോൾ വീടുകൾ, പള്ളികൾ, അമ്പലങ്ങൾ എന്നിവയെല്ലാം കടലെടുത്തുകൊണ്ടുപോകും. ഇക്കഴിഞ്ഞ കാലയളവിൽ കാലാവസ്ഥ വ്യതിയാനം സംഭവിച്ചപ്പോൾ 5 കുടുംബങ്ങൾക്കാണ് വീടുകൾ നഷ്ടമായത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ആ പ്രദേശം സന്ദർശിച്ചപ്പോൾ കാസർഗോഡ് ജില്ലയിലെ അന്നത്തെ എം.പി.-യും ഉദുമ എം.എൽ.എ.-യും ഒപ്പമുണ്ടായിരുന്നു. അവരോട് കണ്ണീരോടുകൂടിയാണ് അവർ കഥ പറഞ്ഞത്. വീട് നഷ്ടപ്പെട്ടവർ ഇപ്പോഴും വാടക വീടുകളിലാണ് താമസിക്കുന്നത്. വാർഡ് മെമ്പറുടെയും പഞ്ചായത്തിന്റെയും സഹായത്തോടെയും ഞങ്ങളെപ്പോലെയുള്ളവർ സഹായിക്കുന്നതിന്റെയും ഭാഗമായാണ് അവർ വാടകവീടുകളിൽ താമസിക്കുന്നത്. 'പുനർഗേഹം' പദ്ധതിവഴി 10 ലക്ഷം രൂപയാണ് സർക്കാർ അനുവദിക്കുന്നത്. അത് 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് അവർക്ക് നല്ലൊരു വീട് നിർമ്മിക്കാനുള്ള അവസരമൊരുക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് മൂസോഡി അദീക്കാ കടപ്പുറത്തെ പ്രശ്നം മാത്രമല്ല, മഞ്ചേശ്വരം ഹാർബറിന്റെ തൊട്ടടുത്തുള്ള

കുമ്പള പഞ്ചായത്തിലെ ആരിക്കാടി, കടവത്ത്, കോയിപ്പാട് എന്നീ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും വലിയ പ്രയാസം നേരിടുന്നുണ്ട്. തൊട്ടടുത്ത മംഗലാപുരത്ത് മത്സ്യത്തൊഴിലാളികൾക്ക് 208 ലിറ്റർ മണ്ണെണ്ണ ലഭിക്കുമ്പോൾ മഞ്ചേശ്വരത്തെ മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണയുടെ കാര്യത്തിൽ വലിയ പ്രയാസമാണ് അനുഭവിക്കുന്നത്. 2009-ൽ 10 വർഷം പൂർത്തിയായ എൻജിൻ മുഴുവൻ മാറ്റണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്ത സമയത്ത് മത്സ്യത്തൊഴിലാളി സംഘടനകൾ അതിനെ ശക്തമായി എതിർക്കുകയും 15 വർഷമാക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയും ചെയ്തു. തുടർന്ന് ചർച്ചകൾക്കൊടുവിൽ 12 വർഷത്തിനിടയിൽ എഞ്ചിൻ മാറ്റണമെന്ന തീരുമാനത്തിലേയ്ക്ക് മത്സ്യത്തൊഴിലാളി സംഘടനകളും സർക്കാരുമെത്തിയതിന്റെ ഭാഗമായി 2013-ൽ കാസർഗോഡ് ജില്ലയിൽ എഞ്ചിൻ പരിശോധന നടത്തിയിരുന്നു. അത് നടത്തേണ്ടത് ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളാണ്. ഇക്കഴിഞ്ഞ 7 വർഷങ്ങളായി എഞ്ചിൻ പരിശോധന നടത്താത്തതിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾ ആ മേഖലയിൽ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ ഷിറിയ അഴിമുഖത്ത് തോണികൾക്ക് പോയിവരാനും കരയിലേയ്ക്ക് വെള്ളം കയറുന്നത് തടയാനും ലക്ഷ്യമിട്ട് റീ-ബിൽഡ് കേരളയിലുൾപ്പെടുത്തിയ 24.3 കോടി രൂപയുടെ ഷിറിയ-കുമ്പള-ആരിക്കാടി പുലിമുട്ട് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ടെണ്ടർ നടപടിയിലാണ്. ഇതിന്റെ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. മുൻ എം.എൽ.എ. ചെർക്കളം അബ്ദുള്ള സാഹിബിന്റെ സ്വപ്ന പദ്ധതിയായ മഞ്ചേശ്വരം ഹാർബറിന് മൺമറഞ്ഞ എം.എൽ.എ. പി. ബി. അബ്ദുൽ റസ്സാക്ക് സാഹിബിന്റെ കാലയളവിൽ ശ്രീ. ഉമ്മൻചാണ്ടി തുടക്കം കുറിച്ചു. അതിനുശേഷം ഈ കോവിഡ് കാലത്ത് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് ഓൺലൈനായി അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഉദ്ഘാടനം കഴിഞ്ഞുവെന്നല്ലാതെ ഒരു ഹാർബറിനുവേണ്ട അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഇപ്പോഴുമില്ല. അതുകൊണ്ട് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരത്ത് വന്നപ്പോൾ ഞാൻ വിഴിഞ്ഞം തുറമുഖം സന്ദർശിച്ചു. അതുപോലെ മഞ്ചേശ്വരം ഹാർബറിന്റെ തൊട്ടടുത്ത് മംഗലാപുരത്തും തുറമുഖമുണ്ട്. എന്നാൽ 100 കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ ഹാർബർ ഇപ്പോഴും പ്രയാസത്തിലും പ്രതിസന്ധിയിലുമായി നിൽക്കുകയാണ്.

ബില്ലുമായി ബന്ധപ്പെട്ട ഈ ഭേദഗതികൾക്കൊപ്പം എന്റെ പ്രദേശത്തെ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് മറൈൻ സയൻസ് കോഴ്സുകൾ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ആരോപണം നേരത്തേ ഈ സഭയിൽ ചോദ്യമായി ഉയർന്നുവന്നിട്ടുണ്ട്. അവിടത്തെ വൈസ്-ചാൻസലർ അദ്ദേഹത്തിന്റെ ഭാര്യയെ ഡീൻ ആക്കി. സ്വന്തക്കാർക്കും ബന്ധുക്കൾക്കും നിയമനം നൽകുന്ന രീതിയിൽ കേരളത്തിന്റെ ഏറ്റവും മികച്ചതും ഇൻഡ്യയിലെ ആദ്യത്തേതുമായ ഈ ഫിഷറീസ് സർവ്വകലാശാല സ്വജനപക്ഷപാതത്തിലേയ്ക്ക് പോകുന്നുവെന്നത് വളരെ ഗൗരവത്തോടുകൂടി കാണണമെന്ന് അഭ്യർത്ഥിച്ചും മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങളും മഞ്ചേശ്വരത്തെ ഹാർബർ മേഖലയിലുള്ള പ്രയാസങ്ങളും ദുരിതങ്ങളും അകറ്റണമെന്ന് ആവശ്യപ്പെട്ടും ഈ ബില്ലിന്മേലുള്ള നിരാകരണപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേരള സർവ്വകലാശാലയെ മൂന്നായി വിഭജിച്ചതിന്റെ ഭാഗമായി രൂപംകൊണ്ടതാണ് കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല. നിലവിലുള്ള കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാലാ ആക്ട് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ളതല്ല. ആയത് ഫിഷറീസിന്റെ കോഴ്സുകൾക്കുള്ള ICAR-ന്റെ അംഗീകാരം നിരാകരിക്കുന്നതിന് കാരണമായി. അത് റെക്ടിഫൈ ചെയ്യാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ചെറിയ നിയമ ഭേദഗതിയാണിത്. 7517 കിലോമീറ്റർ തീരപ്രദേശവും 9 കോസ്റ്റൽ സ്റ്റേറ്റുകളും 1382 ഐലന്റുകളുമാണ് ഇന്ത്യയിലുള്ളത്. കൂടാതെ 12 മേജർ പോർട്ടുകളും 187 നോൺമേജർ പോർട്ടുകളുമുണ്ട്. 1400 million tones of cargo are handled everyday in our Country. Moreover 95% of the trade takes place through sea. 4 million fishermen and coastal communities are depending on the sea for their occupation. ഇതിൽനിന്നുതന്നെ ഇന്ത്യയുടെ കോസ്റ്റൽ ബെൽറ്റിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. നാം അധിവസിക്കുന്ന ഭൂമിയുടെ 71 ശതമാനം പ്രതലവും സമുദ്രമാണ്. ഭൂമി എന്ന ഗ്രഹത്തിൽ ലഭിക്കുന്ന ജലത്തിന്റെ 97 ശതമാനവും സമുദ്രത്തിൽനിന്നാണ്. ആർതർ സി. ക്ലാർക്ക് എന്ന ഇംഗ്ലീഷ് എഴുത്തുകാരൻ "ഈ ഗ്രഹത്തിന്റെ മുഖ്യസ്വഭാവം വ്യക്തമായും സമുദ്രമാണെന്നിരിക്കെ ഭൂമിയെന്ന് വിളിക്കുന്നത് അനുചിതമാണ്" എന്നാണ് പറഞ്ഞത്. ആൽഫ്രഡ്മാൻ എന്ന അമേരിക്കൻ സൈദ്ധാന്തികൻ പറയുന്നത്, "കടൽ ആരു ഭരിക്കുന്നുവോ അവർ ലോകത്തെ

ഭരിക്കുമെന്നാണ്." കടലിന്റെ പ്രാധാന്യം നമ്മെക്കാൾ കൂടുതൽ തിരിച്ചറിഞ്ഞിട്ടുള്ളത് വിദേശരാജ്യങ്ങളാണെന്നത് വ്യക്തമാണ്. ഇന്ന് കടലിൽ കാണുന്ന ഏറ്റവും വലിയ പ്രത്യേകത പൊല്യൂഷനാണ്. ഇന്ത്യയിലും ലോകത്തെമ്പാടും കപ്പൽ പൊളിക്കുകയെന്നത് ഏറ്റവും വലിയ ഇൻഡസ്ട്രിയാണ്. പക്ഷേ ഇന്ന് പല ലോക രാജ്യങ്ങളും കപ്പൽ പൊളിക്കേണ്ടെന്ന് തീരുമാനിച്ചിരിക്കുകയാണ്, because of the environmental pollution. പ്ലാസ്റ്റിക്കുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ കാരണം ഇന്ന് അന്തരീക്ഷ മലിനീകരണംപോലെ കടലിലെ മലിനീകരണവും അനുദിനം വർദ്ധിച്ചു വരുന്നതായി കാണാൻ കഴിയും. അവിടെയാണ് നമ്മൾ സാഗർമാല പദ്ധതിയെ കാണേണ്ടത്. ഈ പുതിയ പദ്ധതിയിലൂടെ 608 ക്ലസ്റ്റർ കെട്ടിടങ്ങൾ, 14 കോസ്റ്റൽ ഡിസ്ട്രിക്ട് സോണുകൾ, 12 കൊളോസൽ ടൂറിസ്റ്റ് സർക്യൂട്ടുകൾ, 2000 കിലോമീറ്റർ തീരദേശ റോഡ് തുടങ്ങിയവയാണ് വരാൻ പോകുന്നത്. സാഗർമാലാ പദ്ധതിയെ ഞാൻ എതിർക്കുകയല്ല, പക്ഷേ അതിന്റെ എൻവയോൺമെന്റൽ ഇംപാക്ട് കേന്ദ്ര ഗവൺമെന്റ് ഗൗരവത്തോടെ കാണേണ്ടതുണ്ട്. ബ്ലൂ ഇക്കോണമിയെപ്പറ്റി ഇന്ന് രാവിലെ എന്റെ സുഹൃത്ത് ശ്രീ. പി. പി. ചിത്തരഞ്ജൻ പറഞ്ഞു. അദ്ദേഹം മത്സ്യഫെഡിന്റെ ചെയർമാനായിരുന്നു, ഈ മേഖലയെപ്പറ്റി നന്നായി പഠിക്കുന്ന, നന്നായി അറിയാവുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി എന്റെ കയ്യിലുണ്ട്. United Nations Sustainable Development Goal-14 അനുസരിച്ചാണ് ബ്ലൂ ഇക്കോണമിയെപ്പറ്റി കേന്ദ്ര ഗവൺമെന്റ് ആലോചന നടത്തിയത്. 1981-ൽ ഇന്ദിരാഗാന്ധിയുടെ കാലത്താണ് ഓഷ്യൻ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം നടന്നത്. ഗ്ലോബൽ വാമിംഗ് ശക്തമായിക്കൊണ്ടിരിക്കുന്ന കാലമാണിതെന്ന് നമുക്കറിയാം. അതിന്റെയടിസ്ഥാനത്തിൽ റിയോ 20-ൽ നടന്ന 'Earth Summit'-ൽ ഏറ്റവും പ്രധാനമായി പറഞ്ഞത് " Blue Economy assumed greater importance" എന്നാണ്. അതിന്റെയടിസ്ഥാനത്തിലാണ് നമ്മുടെ രാജ്യത്ത് ബ്ലൂ ഇക്കോണമിയെപ്പറ്റിയുള്ള ചർച്ചകൾ ആരംഭിക്കുന്നത്. Conserve and sustainably use the oceans, seas and marine resources for sustainable development എന്നതാണ് Sustainable Development Goal 14-ന്റെ ഗൈഡിംഗ് പ്രിൻസിപ്പിൾ. ഞാൻ ബ്ലൂ ഇക്കോണമിയെ മൊത്തത്തിൽ എതിർക്കുന്ന ഒരാളല്ല. അതിലെ ചില ഭാഗങ്ങളെയാണ് ശക്തമായി എതിർക്കുന്നത്. പക്ഷേ ബ്ലൂ ഇക്കോണമിയിൽനിന്ന് നമുക്ക് മാറി നിൽക്കാൻ സാദ്ധ്യമല്ല. കാരണം അതിന്റെ പ്രാധാന്യം അത്രമാത്രം വലുതാണ്. India was among the first in the world to create a law regarding Ocean Development in 1981. അതുമുതൽ ഇന്ത്യ ഇക്കാര്യത്തിൽ വളരെയേറെ ശ്രദ്ധിച്ചിട്ടുണ്ട്. കടലിനെ പൂർണ്ണമായും ശുദ്ധീകരിച്ചുകൊണ്ട് അല്ലെങ്കിൽ മാലിന്യ

വിമുക്തമാക്കിക്കൊണ്ടുള്ള നടപടികൾക്ക് ഇന്ത്യ എന്നും പ്രാധാന്യം കൊടുത്തിട്ടുണ്ട്. To develop strategy for estimating and reducing the marine litter plastics in the ocean is also a part of SDG 14. അതുകൊണ്ട് കടൽ സമ്പത്തിനെ സംരക്ഷിക്കാനും കടലിനെ സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇന്നുരാവിലെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞപ്പോൾ ബ്ലൂ ഇക്കോണമിയുടെ ആശങ്കകൾ വളരെ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി. അത് ഗൗരവത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ അവതരിപ്പിക്കേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ ഒരു കാര്യംതന്നെയാണ്. കരഭൂമിയിലേതിനേക്കാൾ കൂടുതൽ അമൂല്യമായ വിഭവങ്ങൾ, പെട്രോളിയവും പ്രകൃതിവാതകവും ഉൾപ്പെടെയുള്ളവ സമുദ്രമേഖലയിലുണ്ടെന്ന് കണ്ടെത്തിയ തോടെയാണ് രാജ്യങ്ങൾ തമ്മിൽ സമുദ്രത്തിനുവേണ്ടിയുള്ള ശക്തമായ വിലപേശലുകൾ ആരംഭിച്ചത്. അങ്ങനെ യു.എൻ.-ന്റെ ഇടപെടലുകൾക്കും നീണ്ട ചർച്ചകൾക്കുംശേഷമാണ് 1982-ൽ ആഗോള സമുദ്രനിയമങ്ങളുണ്ടായത്. എന്നാൽ മറ്റുചില രാജ്യങ്ങളുടെ മാതൃക പിന്തുടർന്നുകൊണ്ട് ഇന്ത്യ 1976-ൽ തന്നെ തീരദേശത്തുനിന്നും 200 മൈൽ വരെയുള്ള സമുദ്രത്തിന്റെ അവകാശം സ്ഥാപിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തി. 1997 ജൂണിൽ ഇന്ത്യ യു.എൻ. സമുദ്രനിയമം അംഗീകരിച്ചതോടെ 200 മൈൽ വരെയുള്ള കടലിലെ മത്സ്യസമ്പത്ത് മാത്രമല്ല എല്ലാ പ്രകൃതി വിഭവങ്ങളും നമുക്ക് അവകാശപ്പെട്ട സ്വത്തായി മാറുകയുണ്ടായി. കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന ബ്ലൂ ഇക്കോണമി നയരേഖയിൽ ചില നിക്ഷിപ്ത താത്പര്യങ്ങളുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾ പ്രതികരിച്ചിട്ടുണ്ട്, മത്സ്യത്തൊഴിലാളി സംഘടനകളും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തേയും തൊഴിലിനേയും ഗുരുതരമായി ബാധിച്ചേക്കാവുന്ന പലകാര്യങ്ങളും ഇതിൽ എഴുതിച്ചേർത്തിട്ടുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. ആഴക്കടലിന്റെ അടിത്തട്ടിലുള്ള എണ്ണയും പെട്രോളിയവും പ്രകൃതി വാതകങ്ങളും മാത്രമല്ല, തീരമെന്നോ തീരക്കട ലെന്നോ ആഴക്കടലെന്നോ വ്യത്യാസമില്ലാതെ പണത്തിന്റെ അടിസ്ഥാനത്തിൽ വിലപിടിപ്പുള്ള നിരവധി ധനിജങ്ങൾ ചൂഷണം ചെയ്യാൻ പോകുന്നുവെന്നുള്ളതും വളരെ ആപത്കരമായ ഒരു കാര്യം തന്നെയാണ്. ബ്ലൂ ഇക്കോണമി നയരേഖയിൽ മത്സ്യമേഖലയെ എങ്ങനെ വികസിപ്പിക്കണമെന്ന കാര്യം പറയുന്നുണ്ട്, അതൊക്കെ അംഗീകരിക്കാൻ കഴിയുന്ന കാര്യങ്ങൾ തന്നെയാണ്. പക്ഷേ കടൽ ഖനനം വളരെ ഗൗരവത്തോടുകൂടി നമ്മൾ കാണേണ്ട കാര്യമാണ്. കടൽ ടൂറിസം, തീരദേശ മേഖലയിലെ വ്യവസായങ്ങൾ, പോർട്ടുകളുടെ വികസനം എന്നീ

വിഷയങ്ങളും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മറ്റൊരു വിഷയം തീരദേശമേഖലയിലെ ഭൂ വിനിയോഗ ആസൂത്രണം (spatial planing) ആണ്. മീൻ പിടിത്തക്കാരേയും കടലോരത്ത് വസിക്കുന്നവരേയും സംബന്ധിച്ചിടത്തോളം ഏറ്റവും ആപത്കരമായ ഒരു കാര്യമായി നമുക്ക് ഇതിനെ കാണാൻ കഴിയും. കടലിലെ ഖനനവും പോർട്ടുകളുടെ വികസനവും കടലോരത്ത് വരാൻ പോകുന്ന വ്യവസായങ്ങളും അത് മത്സ്യമേഖലയിൽ ഉണ്ടാക്കാൻപോകുന്ന ഗുരുതരമായ ഭീഷണിയും ഗൗരവത്തോടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രവുമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ഖനനത്തെപ്പറ്റിയുള്ള രേഖയിൽ ശീർഷകമായി പറയുന്നതുപോലും തീരക്കടലിലും ആഴക്കടലിലുമുള്ള ഖനനമെന്നാണ് - Coastal and Deep-Sea Mining and Energy. നിക്കൽ, യുറേനിയം, കോപ്പർ, തോറിയം, പോളിമെറ്റാലിക് സൾഫൈഡുകൾ, പോളിമെറ്റാലിക് മഗ്നീഷ്യം നോഡ്യൂളുകൾ, തീരത്തുള്ള ഇൽമനൈറ്റ്, ഗാർനെറ്റ്, സിലിക്കോൺ തുടങ്ങിയവ ഇന്ത്യയുടെ കടലിന്റെ അടിത്തട്ടിൽ സുലഭമായി ലഭിക്കുമെന്ന് നയരേഖയിൽ വ്യക്തമായി പറയുന്നുണ്ട്.

6.00 p.m]

ഇത്തരം ഖനനം നമ്മുടെ രാജ്യത്ത് ആപത്കരമായ സാഹചര്യം സൃഷ്ടിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനം. മാത്രമല്ല, മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണിത്. മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെപ്പോലും ചോദ്യം ചെയ്യത്തക്കനിലയിൽ കടൽ ഖനനം മാറാൻ പോകുന്നുവെന്നത് ആപത്കരമാണ്. കടലിന്റെ അടിത്തട്ട് മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥകൾക്കുകൂടി പ്രാധാന്യമുള്ളതാണ്. തീരക്കടലിലും ആഴക്കടലിലും വ്യാപകമായ ഖനനം നടന്നാൽ അത് മത്സ്യസമ്പത്തിനെ ഗുരുതരമായി ബാധിക്കും. നരേന്ദ്ര മോദി ഗവൺമെന്റ് രണ്ട് വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി ഇന്ത്യയുടെ ആഴക്കടലിനെ മുഴുവൻ തീറെഴുതിക്കൊടുക്കാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എണ്ണ, പ്രകൃതി വാതകങ്ങൾ, പെട്രോളിയം എന്നിവ അംബാനി ഗ്രൂപ്പിനും ധാതുസമ്പത്തിന്റെ ഖനനം അദാനിക്കും നൽകാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അദാനി ഗ്രൂപ്പ് ഇപ്പോൾത്തന്നെ ആസ്ട്രേലിയയിലെ കടലിൽനിന്നും കൽക്കരി ഖനനം ചെയ്യുന്ന പദ്ധതി തുടങ്ങിക്കഴിഞ്ഞു. അദാനി ഗ്രൂപ്പിനെതിരായി ആസ്ട്രേലിയയിൽ അതിശക്തമായ സമരങ്ങൾ നടക്കുകയാണ്. പ്രസ്തുത ഖനനത്തിലൂടെ ഗ്രേറ്റ് ബാരിയർ റീഫ് എന്ന അതിമനോഹരമായ കടൽത്തീരത്തിന് സംഭവിക്കാൻ പോകുന്ന പാരിസ്ഥിതിക നാശത്തിനെതിരെയാണ് പരിസ്ഥിതി സംഘടനകൾ ലോകമൊട്ടാകെ പ്രതിഷേധമുയർത്തിയിരിക്കുന്നത്. ഈ പ്രതിഷേധത്തിന്റെ ഫലമായി ആസ്ട്രേലിയയിലോ

ലോകത്ത് മറ്റെവിടെയെങ്കിലുമോയുള്ള ഒരു ബാങ്കും അദാനി ഗ്രൂപ്പിന് ലോൺ കൊടുക്കാൻ തയ്യാറല്ല. പാരിസ്ഥിതികാഘാതമുണ്ടാക്കാൻ വിനിയോഗിക്കപ്പെടുമെന്നതുകൊണ്ടാണ് ആഗോളബാങ്കുകൾ ഇതിന് തയ്യാറാകാതിരുന്നത്. അവിടെയാണ് ഇന്ത്യയിലെ പ്രൈം ബാങ്കായ എസ്.ബി.ഐ. (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ) അദാനി ഗ്രൂപ്പിന് വായ്പ കൊടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. അംബാനിക്കും അദാനിക്കുംവേണ്ടി ഇന്ത്യൻ കടൽ മുഴുവനായും തീറെഴുതുന്നു. ഒരാൾക്ക് ധാതു ഖനനത്തിനുവേണ്ടിയും മറ്റൊരാൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഖനനത്തിനുവേണ്ടിയും നമ്മുടെ സമുദ്രത്തെ വിട്ടുകൊടുക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. രാജ്യത്തെ മത്സ്യത്തൊഴിലാളികൾക്ക് മാത്രമല്ല, ജനങ്ങൾക്കുതന്നെ വലിയ ഭീഷണി ഉയർത്തുന്ന നടപടിയായിട്ടാണ് നമുക്കിതിനെ കാണാൻ കഴിയുന്നത്. ഇതിനെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചേ മതിയാകൂവെന്നാണ് എനിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഇത്തരം വിഷയങ്ങളിൽ സംസ്ഥാനങ്ങളുമായി വേണ്ടത്ര ചർച്ച ചെയ്തിട്ടില്ല. ഇപ്പോൾ പേരിന് ചർച്ച നടക്കുന്നുണ്ടെന്നത് ശരിയാണ്. ബ്ലൂ ഇക്കോണമിയെ സംബന്ധിച്ച കാഴ്ചപ്പാട് വന്നപ്പോഴാണ് ചർച്ച വന്നത്, അതിനുമുമ്പുതന്നെ സംസ്ഥാന ഗവൺമെന്റുമായി ചർച്ചകൾ നടത്തേണ്ടതായിരുന്നു. ഇപ്പോൾ ആക്ഷേപങ്ങൾ സ്വീകരിക്കുകയും നിലപാടിൽ മാറ്റംവരുത്താമെന്നൊക്കെ പറയുകയും ചെയ്യുന്നുണ്ടെങ്കിലും ആദ്യമേതന്നെ സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തേണ്ടതായിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഭൂമിയും ആകാശവും പൂർണ്ണമായും വിറ്റ്, നരേന്ദ്ര മോദി ഗവൺമെന്റ് അടുത്തതായി കടൽ വില്പനയ്ക്കായി പോകുന്നുവെന്ന കാര്യം ഗൗരവത്തോടെ നമ്മൾ കാണേണ്ടതുണ്ട്. സാഗർമാല പദ്ധതിയെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശങ്കയുണ്ടാക്കുന്ന ഈ പദ്ധതിയെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണം.

കേരളം ഇന്ന് മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവ പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുണ്ടാകുന്നില്ലെന്ന പരാതികളാണ് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അടുത്ത മാസമാകുമ്പോൾ ഓഖി ദുരന്തം സംഭവിച്ചിട്ട് നാല് വർഷം തികയുകയാണ്. 2017 നവംബർ 29, 30 തീയതികളിലാണ് ഓഖി കൊടുങ്കാറ്റ് ആഞ്ഞടിച്ചത്. അതിൽ 52 മത്സ്യത്തൊഴിലാളികൾ മരിച്ചു. 108 പേരെ കാണാതായി. കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് ആനുകൂല്യംപോലും നാളിതുവരെ

നൽകാൻ കഴിയാത്തത് അത്യന്തം ദുഃഖകരമാണ്. ഓഖിയുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ പ്രഖ്യാപിച്ച 15000 കോടി രൂപയുടെ പദ്ധതിയിൽ ഏതെല്ലാമാണ് നടപ്പാക്കിയതെന്ന് ആർക്കുമറിയില്ല. ദുരിത ബാധിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ കുട്ടികൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ ജോലി നൽകുമെന്ന് പറഞ്ഞു. എന്നാൽ ആകെ നൽകിയത് മുട്ടത്തറ ഫിഷ് ഫാക്ടറിയിൽ ലോഡിംഗ് ആൻഡ് അൺലോഡിംഗ്, നെറ്റ് മെൻഡിംഗ് എന്നീ ജോലികളാണ്. അവരിൽപ്പലരും അത്തരം ജോലികൾ വേണ്ടെന്നുപറഞ്ഞ് അവിടെനിന്നും പിരിഞ്ഞുപോയി. കാലാവസ്ഥാ വ്യതിയാന മാണ് മത്സ്യബന്ധന മേഖല നേരിടുന്ന വളരെ ഗുരുതരമായ മറ്റൊരു പ്രതിസന്ധി. എല്ലാദിവസവും മുന്നറിയിപ്പാണ്, കടലിൽ പോകാൻ കഴിയുന്നില്ല. മത്സ്യ ത്തൊഴിലാളി മേഖലയിൽ പട്ടിണിയാണ്. കടലിൽ പോകാൻ കഴിയാത്തതിനാൽ ഉപജീവനം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകളെത്തുടർന്ന് 126 ദിവസം ഇവർക്ക് കടലിൽ പോകാൻ സാധിച്ചില്ല. പണ്ട് 220 ദിവസംവരെ കടലിൽപ്പോകാൻ സാധിക്കുമായിരുന്നു. ഈ വരുമാനനഷ്ടം ആരാണ് നികത്തുക? മുന്നറിയിപ്പ് നൽകി അവരുടെ ജീവൻ രക്ഷിച്ചതുകൊണ്ടു മാത്രമായില്ല, അവരുടെ വീടുകളിൽ അടുപ്പ് പുകയുന്നുണ്ടോ യെന്നുകൂടി പരിശോധിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ട്. സാമ്പത്തിക പ്രതിസന്ധി കാരണം പല മത്സ്യത്തൊഴിലാളികളും മുന്നറിയിപ്പുകളെപ്പോലും അവഗണിച്ചുകൊണ്ട് കടലിൽ പോകുകയാണ്. 1000 രൂപയുടെ നാമമാത്രമായ സാമ്പത്തിക സഹായമാണ് സർക്കാരിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചത്. അതും 60 ശതമാനം പേർക്ക് മാത്രമാണ് ലഭ്യമായത്. കോസ്റ്റൽ പോലീസിംഗും മറൈൻ ആംബുലൻസും കൂടുതൽ ശക്തിപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. പോലീസിന്റെയും മറൈൻ ആംബുലൻസിന്റെയും പ്രവർത്തനങ്ങളിൽ വിദഗ്ദ്ധരായ തദ്ദേശ മത്സ്യത്തൊഴിലാളികളുടെ സേവനം ഉപയോഗിക്കണം. മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മത്സ്യവിലയിൽ ഒരു ദിവസംതന്നെ വലിയ രീതിയിലുള്ള ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നുണ്ട്. മത്സ്യഫെഡ് മുഖേന മത്സ്യലേലം നടത്തുന്നതിനുള്ള ക്രമീകരണം വേണമെന്നുകൂടി ഞാൻ അഭ്യർത്ഥി ക്കുകയാണ്. സ്വന്തമായി പണം മുടക്കി യാനങ്ങളും ബോട്ടുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നവർക്ക് മീൻ സ്വന്തമായി ലേലം ചെയ്യാനുള്ള അവകാശംകൂടി നൽകണമെന്ന ആവശ്യം അവരിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഗുജറാത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ്, മുംബൈയിലെ ടാറ്റാ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്നീ സ്ഥാപനങ്ങൾ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ കേരളത്തിലെ തീരദേശ സമൂഹത്തിന്റെ ദുരിതങ്ങളെക്കുറിച്ച് വളരെ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കുസാറ്റിലെ വിദ്യാർത്ഥികൾ നടത്തിയിട്ടുള്ള പഠനത്തിൽ, കുറഞ്ഞ വരുമാനവും മത്സ്യലഭ്യതയിലെ കുറവുംകാരണം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുകയാണെന്ന് കാണിക്കുന്നുണ്ട്. കടലാക്രമണത്തെത്തുടർന്ന് തീരദേശഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതോടൊപ്പംതന്നെ മത്സ്യബന്ധന ബോട്ടുകളുടെ അപകടവും സംഭവിക്കുന്നുണ്ട്; ഇക്കാര്യം കഴിഞ്ഞ ദിവസം ഞാൻ സൂചിപ്പിച്ചതാണ്. കടലിൽ വച്ച് ഹാർട്ടറ്റാക്കുമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുകയും ഭവന നിർമ്മാണ പദ്ധതി പുനരാരംഭിക്കുകയും വേണം. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും അവർക്ക് വേണ്ടത്ര വീടുകൾ ലഭ്യമാകാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഫിഷ് മീൽ ഫാക്ടറി, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഫിഷറീസ് മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ചതാണ്. ശ്രീ. പി. പി. ചിത്തരഞ്ജൻ മത്സ്യഫെഡിന്റെ ചെയർമാനായിരുന്ന സമയത്ത് 5 കോടി രൂപ അതിന്റെ ഫണ്ടിൽനിന്നും നൽകി പ്രവൃത്തി അന്തിമഘട്ടത്തിലേയ്ക്ക് എത്തിച്ചിരുന്നു. പക്ഷേ ഇതുവരെ ഫിഷ് മീൽ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എന്റെ നിയോജകമണ്ഡലം സുനാമി ബാധിത പ്രദേശമാണ്; സുനാമിയിൽ അവിടെയുള്ള ധാരാളം പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടി ആരംഭിച്ച നിരവധി പദ്ധതികൾ ഇപ്പോഴും മുടങ്ങിക്കിടക്കുന്നു. സന്നദ്ധസംഘടനകൾ വച്ചുകൊടുത്ത വീടുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം സാംക്രമിക രോഗങ്ങളുടെ ഹബ്ബായി മാറിയിരിക്കുന്നു. ഇത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യങ്ങളാണ്. സുനാമി കോളനികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രത്യേക നടപടി സ്വീകരിക്കണം. ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താനും ഫിഷറീസ് മേഖലയിൽ പഠിക്കാൻ വരുന്ന കുട്ടികൾക്ക് ആധുനിക കോഴ്സുകൾക്ക് പഠന സൗകര്യമൊരുക്കിക്കൊണ്ട് ഈ മേഖലയിലേയ്ക്ക് കൂടുതൽ ചെറുപ്പക്കാരെ ആകർഷിക്കാനുമുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിൽ ഒതുങ്ങിനിന്ന് മാത്രമേ സംസാരിക്കുന്നുള്ളൂ. കൃത്യമായ സമയത്തിനപ്പുറത്തേയ്ക്ക് ഞാൻ കടക്കുന്നുമില്ല. അസ്തമയസൂര്യൻ ഏതാണ്ട് കടലിൽ മുങ്ങിനിൽക്കുന്ന സമയത്താണ് നമുക്ക് കടലിനെക്കുറിച്ചുള്ള ചിന്ത ഇവിടെ വരുന്നത്, ആറേകാൽ മണിയായി. സൂര്യൻ കടലിൽ മുങ്ങിക്കഴിഞ്ഞു. ഒരു സർവ്വകലാശാലയ്ക്ക് അതിന്റെ സ്വയം ഭരണാവ കാശമുണ്ട്, കേരളത്തിലെയോ ഇന്ത്യയിലെയോ ഏത് യൂണിവേഴ്സിറ്റിയെടുത്താലും അവയ്ക്കെല്ലാം സ്വയംഭരണാവകാശമുണ്ട്. ദൗർഭാഗ്യവശാൽ ഇതങ്ങനെയല്ല. വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല, കാരണം ഇത് അദ്ദേഹത്തിനുമേൽ അടിച്ചേൽപ്പിച്ച ഒരു ബില്ലാണെന്ന് എനിക്കറിയാം. അതുകൊണ്ട് അങ്ങ് ഇതിനകത്ത് കുറ്റക്കാരനാണെന്ന് വിദൂരമായ രൂപത്തിൽ പ്പോലും ഞാൻ പറയുകയില്ല. പക്ഷേ തെറ്റുകൾ നമുക്ക് തിരുത്താൻ പറ്റുമോയെന്ന് പരിശോധിക്കണം. സർവ്വകലാശാലകളെ റിമോട്ട് കൺട്രോൾ വച്ച് പ്രവർത്തി പ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ഒരു ബില്ലാണിത്. കാരണം ഇതിൽ സ്വയംഭരണാവകാശത്തെ ചോദ്യം ചെയ്യുകയാണ്. ഇതിലുള്ള സമിതികളെല്ലാം ഉദ്യോഗസ്ഥരെക്കൊണ്ട് നിറഞ്ഞതാണ്. സമിതിതന്നെ ഡീ-ഗ്രേഡ് ചെയ്തിരി ക്കുകയാണ്. ഇതിന്റെ പരമോന്നത സമിതി സർവ്വകലാശാല ഗവേണിംഗ് കൗൺസിലാണല്ലോ. ആ സമിതിയിലെ എക്സ് ഓഫീഷ്യോ അംഗങ്ങൾ വൈസ് ചാൻസലർ (appointed by the Government), പ്രോ-വൈസ് ചാൻസലർ (appointed by the Government) അതോടൊപ്പം മത്സ്യബന്ധന വകുപ്പുസെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, ധനകാര്യ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരാണ്. ജോയിന്റ് സെക്രട്ടറിയുടെ സ്റ്റാറ്റസുള്ള ഉദ്യോഗ സ്ഥനെയാണ് നോമിനിയായി അയയ്ക്കുന്നത്. പകരക്കാരെ വച്ച് ഒരു സർവ്വകലാ

ശാലയുടെ ഇന്റേണൽ ഡിസിപ്ലിൻ എങ്ങനെ നമുക്ക് മെയിന്റയിൻ ചെയ്യാൻ സാധിക്കും; ചുരുക്കിപ്പറഞ്ഞാൽ സർവ്വകലാശാലയുടെ ടോട്ടൽ സ്റ്റാറ്റസ് കുറയ്ക്കുന്ന രൂപത്തിലാണ് ഈ ബിൽ വന്നിരിക്കുന്നത്. സർവ്വകലാശാലയുടെ വ്യാപ്തിയെ ക്കുറിച്ച് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല പറഞ്ഞതുകൊണ്ട് ഞാനത് സൂചിപ്പിക്കുന്നില്ല. കാരണം ഇതിന്റെ ഏരിയ ഓഫ് ഓപ്പറേഷൻ വളരെ കൂടുതലാണ്. ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയുന്നതാണ്. ദൗർഭാഗ്യവശാൽ നമ്മുടെ വിഭാവനയിലുള്ള ഒരു സർവ്വകലാശാല ഡീ ഗ്രേഡഡ് സർവ്വകലാശാല യായി പോകുകയാണ്. അത് മാറ്റുന്നതിനുള്ള നടപടിയുണ്ടാകണം. ഫാക്കൽറ്റി കളിലെ ഡീൻ ഏഴുപേരും നോമിനേറ്റഡ് മെമ്പേഴ്സ് ഒൻപത് പേരുമാണ്. ഈ നിലയിലായാൽ സർവ്വകലാശാല ഒരു ഡീ ഗ്രേഡഡ് സർവ്വകലാശാലയായി പോകുമെന്നുള്ളതാണ് എന്റെ ഭയപ്പാട്. പക്ഷേ അവർക്ക് വർക്ക് ചെയ്യാനുള്ള ഏരിയ വളരെ കൂടുതലാണ്. അതു സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ലോകത്തിലെ ഏറ്റവും പ്രശസ്തരായ ആളുകളെ നമ്മുടെ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കാൻ ശ്രമിച്ചൊരു മണ്ണിലാണ് നമ്മൾ ജീവിക്കുന്നത്. ആൽബർട്ട് ഐൻസ്റ്റീനെ വൈസ് ചാൻസലറാക്കാൻ കിട്ടുമോ എന്നന്വേഷിച്ച ഭരണാധികാരികളും കേരളത്തിലുണ്ടായിരുന്നു. അങ്ങനെ അത്യുന്നതരായ ആളുകളെക്കൊണ്ട് നമ്മുടെ സർവ്വകലാശാല നിറയ്ക്കാൻ ശ്രമിക്കുന്നതിന് പകരം ഉദ്യോഗസ്ഥരെ കുത്തിനിറച്ച് റിമോട്ട് കൺട്രോൾ വച്ച് സർവ്വകലാശാലയെ പോക്കറ്റിലെത്തിക്കുന്ന ഒരു രൂപത്തിലേയ്ക്ക് പോകരുത്. അത് നമുക്ക് ഒരു ഗുണവും ചെയ്യില്ലെന്നാണ് എന്റെ വിശ്വാസം. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാംഗങ്ങൾ; അത് എം.എൽ.എ.-മാരുടെ പ്രതിനിധികളാണ്. നല്ല ക്വാളിറ്റിയുള്ള ആളുകൾ മാത്രമേ അതിൽ വരികയുള്ളൂ എന്നതിൽ സംശയമൊന്നും വേണ്ട. അതുപോലെ ICAR ഡയറക്ടർ ജനറലിന്റെ ഒരു പ്രതിനിധിയുണ്ട്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മത്സ്യത്തൊ ഴിലാളി സമൂഹത്തിൽനിന്നും ഫിഷറീസ്-സമുദ്ര പഠന മേഖലയിൽ പരിജ്ഞാ നമുള്ള ഒരു പ്രതിനിധിയുണ്ട്. മത്സ്യത്തൊഴിലാളികളുടെ രണ്ട് പ്രതിനിധികൾ വരുന്നതുകൊണ്ട് എന്താണ് കുഴപ്പം? ശ്രീ. പി. പി. ചിത്തരഞ്ജൻ ഇവിടെ സംസാരിച്ചിരുന്നല്ലോ; മത്സ്യത്തൊഴിലാളികൾക്ക് ഇതിലൊരു പ്രാതിനിധ്യം വരുന്നതുകൊണ്ട് എന്താണ് കുഴപ്പം; ആ മേഖല മുഴുവൻ വ്യാപിച്ച് കിടക്കുന്ന ഒരു ജനവിഭാഗമാണ്. ആ ജനതയുടെ രണ്ട് പ്രതിനിധികൾ വരുന്നതുകൊണ്ട് എന്തെങ്കിലും കുറ്റമുണ്ടോ; അതിനെക്കുറിച്ച് പരിശോധിക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, നേരത്തെ ഈ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് പകരമുള്ള ഗവേണിംഗ് കൗൺസിലിൽ മത്സ്യത്തൊഴിലാളി മേഖലയുടെ പ്രതിനിധിയുണ്ടായിരുന്നു. ധീവരസഭയുടെ പ്രസിഡന്റായ ദിവംഗതനായ അഡ്വ. രാധാകൃഷ്ണൻ ഇതിൽ പ്രതിനിധിയായിരുന്നു. അതുപോലെ ഈ ഗവൺമെന്റ് വന്നപ്പോഴും പ്രതിനിധിയുണ്ടായിക്കാണണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് ശരിയാണ്. കാരണം ഒരു സർവ്വകലാശാല എന്നുപറയുമ്പോൾ ക്രോസ് സെക്ഷനെ പ്രതിനിധാനം ചെയ്യാൻ കഴിയണം. മത്സ്യത്തൊഴിലാളികൾ പ്രതിനിധാനം ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയായാണ് നമ്മൾ ഇതിനെ വിവക്ഷിക്കുന്നത്. അതുകൊണ്ട് അവരുടെ പൊതുവികാരംകൂടി മാനിച്ചുകൊണ്ട് സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെക്കൂടി കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

അക്കാഡമിക് കൗൺസിലിലേയും അംഗങ്ങൾ ഇതുപോലെ പകരക്കാരാണ്; സ്റ്റാൻഡ് ബൈ ആണ്. യഥാർത്ഥ കളിക്കാരൻ ഇല്ലെങ്കിൽ കളത്തിന് പുറത്തിരിക്കുന്ന ആളിനെ വിളിച്ച് കളിപ്പിക്കുന്നതുപോലെ അത് മോശമായിപ്പോകും. അങ്ങനെ സ്റ്റാൻഡ് ബൈയെ വച്ച് ഒരു സർവ്വകലാശാല ഉണ്ടാക്കരുത്. 17-ാം വകുപ്പിൽ, 'അക്കാഡമിക് കൗൺസിലിന്റെ രൂപീകരണം- (1) അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഓരോ നാലു വർഷം കൂടുമ്പോഴും ചാൻസലർ വിജ്ഞാപനം വഴി അത് പുനഃസംഘടിപ്പിക്കേണ്ടതുമാണ്' എന്നാണ് പറയുന്നത്. അവിടെ പറയുന്നതെല്ലാം നോമിനേറ്റഡ് മെമ്പേഴ്സാണ്. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ; എല്ലാ ഫാക്കൽറ്റികളുടെയും ഡീൻ; റിസർച്ച് ഡയറക്ടർ; എക്സ്റ്റൻഷൻ ഡയറക്ടർ; പിന്നെയുള്ളതെല്ലാം പകരക്കാരാണ്. ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി; സി.ഐ.എഫ്.ടി. ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി എന്നിങ്ങനെയാണ്. ഇങ്ങനെ മുഴുവൻ പകരക്കാരെവയ്ക്കുന്ന സംവിധാനം ദയവ് ചെയ്ത് മാറ്റണം. ഒരു പകരക്കാരൻ വന്നാൽ എന്തുചെയ്യാൻ പറ്റും. അവർക്ക് സ്പോട്ടിൽ വച്ച് ഒരു തീരുമാനമെടുക്കാൻ കഴിയില്ല. ഗവേണിംഗ് കൗൺസിൽ കൂടുമ്പോൾ പകരക്കാർ വന്നാൽ അവർക്കൊരു തീരുമാനമെടുക്കാൻ സാധിക്കുമോ;

ഫിനാൻഷ്യൽ പവർ ഇല്ലാത്തൊരു വ്യക്തി സിൻഡിക്കേറ്റിനകത്ത്, ഒരു ഗവേണിംഗ് കൗൺസിലിൽ ഇരുന്നാൽ അദ്ദേഹത്തിന് അവിടെവച്ചൊരു തീരുമാന മെടുക്കാൻ സാധിക്കുമോ? ചർച്ച ചെയ്തതിനുശേഷം തീരുമാനിക്കാ മെന്നല്ലേ അവർക്ക് പറയാൻ സാധിക്കുകയുള്ളൂ. അപ്പോൾ സ്വാഭാവികമായും വലിയ മാനത്തി ലേയ്ക്ക് ഉയരാൻ കഴിയുന്ന സർവ്വകലാശാലയുടെ അന്തസ്സ് ഇടിച്ചുകളയുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അത് മാറണം. രണ്ടാമതായി, ഗവൺമെന്റ് നോമിനി എന്നുള്ള നിലയിൽ നിന്ന് മാറണം. വിദഗ്ദ്ധരായുള്ള ആളുകളെ എത്തിക്കാനുള്ള ശ്രമമുണ്ടാകണം. കേരളത്തിൽ ഇടയ്ക്കൊരു ട്രെൻഡ് വന്നിരുന്നു. സർവ്വകലാശാലകളിലെല്ലാം ഐ.എ.എസ്.-കാർ കയറിക്കൂടുന്ന നിലയുണ്ടായിരുന്നു. ഞാൻ ആളുകളുടെ പേരും മേൽവിലാസമൊന്നും പറയുന്നില്ല. പക്ഷേ കേരളത്തിൽ നമ്മൾ കണ്ടതാണ്. അക്കാഡമീഷ്യൻസിനെ ക്കൊണ്ട് നിറയ്ക്കേണ്ട സ്ഥലത്ത് ഐ.എ.എസ്.-കാരെ കുത്തിത്തിരുകി അതുമൊരു അഡ്മിനിസ്ട്രേഷന്റെ ഭാഗമാക്കി മാറ്റുന്നത് എന്തിനാണ്; സ്വതന്ത്രമായി അവർക്ക് പ്രവർത്തിക്കാൻ കഴിയണ്ടേ; അതിന് കഴിയത്തക്കരീതിയിൽ ഉയർന്ന മാനത്തിലേയ്ക്ക് കൊണ്ടുപോകണ്ടേ; അതിനുള്ള ഒരു പരിശ്രമമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. റിസർച്ച് കൗൺസിലിൽ വൈസ് ചാൻസലറും പ്രോ-വൈസ് ചാൻസലറും അംഗങ്ങളാണ്. വി.സി.-യെയും പി.വി.സി.-യെയും കുറിച്ച് പറയുമ്പോൾ, ഫിഷറീസ് സർവ്വകലാശാലയിലെ ഒരു പിൻവാതിൽ നിയമനത്തെക്കുറിച്ച് ആക്ഷേപം നിലനിൽക്കുകയാണ്. നേരെത്തെ ഇവിടെ ഒരു കമന്റായി വന്നതാണ്. വി.സി.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണസമിതി യോഗത്തിലാണ് അദ്ദേഹത്തിന്റെ ഭാര്യയെ ഫിഷറീസ് ഡീൻ ആയും രജിസ്ട്രാറുടെ ഭാര്യയെ റിസർച്ച് ഡയറക്ടറായും നിയമിക്കുന്നതിന് തീരുമാനമെടുത്തത്. വേറെയാർക്കും ഭാര്യമാർ ഇല്ലാതിരുന്നത് നന്നായി, അല്ലെങ്കിൽ ബാക്കിയുള്ളതുകൂടി ഭാര്യമാരെക്കൊണ്ട് നിറയുമായിരുന്നു. ഇതെന്താണ് വിമെൻസ് ക്ലബ്ബാണോ; ഇതിന്റെ ഉദ്ദേശ്യം എന്താണ്; ഒരു വിമെൻസ് ക്ലബ്ബായി യൂണിവേഴ്സിറ്റിയെ കൊണ്ടുപോകാൻ സാധിക്കുമോ; ഇത് അപമാനമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, രജിസ്ട്രാറുടെ ഭാര്യയ്ക്ക് യോഗ്യതയുണ്ടെങ്കിൽ നിയമിക്കുന്നതിന് തടസ്സമുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഭാര്യയെന്ന് പറഞ്ഞപ്പോൾ അങ്ങേയ്ക്ക് എന്തുകൊണ്ടാണ് ഒരു ചാട്ടം വന്നത്? ഞാൻ അങ്ങയെ ഉദ്ദേശിച്ചതേയില്ല. ശ്രീ. സജി ചെറിയാൻ ഈ വെട്ടിൽ വീഴരുത് എന്നുള്ളതുകൊണ്ട് ഒരു മുന്നറിയിപ്പ് നൽകിയെന്നു മാത്രമേയുള്ളൂ. ദയവായി അങ്ങ് ഇതിൽ കക്ഷി പിടിക്കരുത്. ഇത് അതിന്റേതായ രൂപത്തിൽ സ്വതന്ത്രമായി പൊയ്ക്കോട്ടെ. ഈ നിയമനത്തിനു വേണ്ടിത്തന്നെ പ്രതിവർഷം അമ്പത് ലക്ഷം രൂപ കൂടുതൽ ചെലവാകുമെന്നാണ്

മാധ്യമ റിപ്പോർട്ട്. ഇതിലെ ഉന്നത ഉദ്യോഗസ്ഥരോട് വ്യക്തിപരമായി വിരോധമുള്ളയാളല്ല ഞാൻ. പക്ഷേ ഒരു സർവ്വകലാശാലയെക്കുറിച്ച് പറയുമ്പോൾ ആ സർവ്വകലാശാല നമ്മുടെ സങ്കൽപത്തിനൊത്ത് ഉയർന്നതായിരിക്കണം. അതുസംബന്ധിച്ച് വളരെയധികം ചർച്ച ചെയ്തതാണ്. സർവ്വകലാശാലയിൽ ഫിഷറീസ് ഡീൻ, റിസർച്ച് ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് അടുത്തിടെ നടന്ന നിയമനങ്ങൾ എല്ലാ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണോ എന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചിരുന്നു. ആ ചോദ്യത്തിനുള്ള ഉത്തരം ഞാൻ ഈ പറഞ്ഞ രണ്ടുമൂന്ന് വാചകങ്ങളിൽ ഒതുങ്ങുന്നതുതന്നെയാണ്. ഞാനത് ഒരിക്കൽക്കൂടി പറയുന്നില്ല. ആ ഉത്തരത്തിൽ 'ഇന്ന രൂപത്തിൽ, ഇന്ന ആളുകളെയൊക്കെ വിളിച്ച്' എന്നൊക്കെ പറഞ്ഞെങ്കിലും അവസാനം പറഞ്ഞത്, വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് രണ്ട് ഭാര്യമാരെ നിയമിക്കാൻ തീരുമാനിച്ചു എന്നാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങ് വൈസ് ചാൻസലറുടെയും രജിസ്ട്രാറുടെയും ഭാര്യമാരെ നിയമിച്ച കാര്യം പറഞ്ഞല്ലോ. അതോടൊപ്പം അവർ രണ്ടുപേരും വേറൊരു പണികൂടി ചെയ്തു. കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് കാലാവധി അവസാനിച്ചശേഷവും ദിവസ വേതാനാടിസ്ഥാനത്തിൽ തുടരാൻ അനുവദിച്ചു. അതിനുശേഷം ചട്ടവിരുദ്ധമായി വി.സി.-യും രജിസ്ട്രാറും അഭിമുഖം നടത്തി അദ്ദേഹത്തെത്തന്നെ നിയമിക്കുകയും ഒരു മാസത്തിനുശേഷം ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുകയും ചെയ്തു. കൂടുതൽ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാൻ അവസരം കൊടുത്തതുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ സന്ധ്യാ സമയത്ത് അധികം സമയമെടുക്കേണ്ടി വരുമെന്നുള്ളതുകൊണ്ടാണ് ഞാൻ കൂടുതൽ പറയാത്തത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. ഇങ്ങനെ നമുക്ക് വിട്ടുകൊടുക്കാൻ പറ്റുമോ? നമ്മുടെ സങ്കൽപ്പത്തിലെ ഒരു സർവ്വകലാശാലയുണ്ട്. സർവ്വകലാശാലയെ ആ തലത്തിലേയ്ക്ക് ഉയർത്താൻ നമുക്ക് കഴിയണം. നമ്മുടെ വലിപ്പത്തിലേയ്ക്ക് സർവ്വകലാശാലയെ വലിച്ച് താഴ്ത്താനല്ല ശ്രമിക്കേണ്ടത്. ഈ സർവ്വകലാശാലയുടെ ഇൻഡിപെൻഡൻസി നിലനിൽക്കണം. അതിൽ ഭരണ നിർവ്വഹണം നടത്തുന്നത് നിഷ്പക്ഷവും നീതിപൂർവ്വവുമാണെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെടണം. നീതിരഹിതമായ ഒരു തീരുമാനമുണ്ടായാൽ അതിനെ ചോദ്യം ചെയ്യാൻ കഴിയണം. അങ്ങേയ്ക്ക് ഇതൊക്കെ കഴിയുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അങ്ങ് അത് ചെയ്യണം. 'മറ്റാരെങ്കിലും ചെയ്തതല്ലേ;

ഞാനിനി എന്തുചെയ്യാനാണ് എന്നുപറഞ്ഞ് പ്ലീഡിംഗ് ഗിൽറ്റി രൂപത്തിൽ നിൽക്കരുതെന്ന് ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. ഓർഡിനൻസിൽ നിർദ്ദേശിച്ചിരിക്കുന്ന പുതിയ ഘടന സർവ്വകലാശാലകൾക്ക് കാലോചിതമായ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പരിമിതികൾ സൃഷ്ടിക്കുകയാണ്. ഐ.സി.എ.ആർ., യു.ജി.സി., എ.ഐ.സി.ടി.ഇ. (ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ) എന്നിവയുടെ അംഗീകാരമുള്ള കോഴ്സുകളാണ് നിലവിൽ അവിടെയുള്ളത്. ഫിഷറീസ് കോളേജുപോലെ ഇതിനെ മാറ്റുന്നതിന് ശ്രമിക്കുകയാണ്. മാനദണ്ഡങ്ങൾ നോക്കിയാൽ നമുക്കത് മനസ്സിലാകും. സമയ ക്കുറവുകാരണം ഞാൻ അതിന്റെ എല്ലാ രൂപത്തിലേയ്ക്കും കടക്കുന്നില്ല, പരിശോ ധിച്ചാൽ മതി. അതുകൊണ്ട് അങ്ങനെ പോകാതിരിക്കുന്നതിനുള്ള ഒരു ചിന്ത നമ്മുടെ ഭാഗത്തുണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പുതിയ ഓർഡിനൻ സിൽ വിവക്ഷിക്കുന്ന ഫിഷറീസ് സയൻസിലൂന്നിയുള്ള അടിസ്ഥാന ഘടനാ മാറ്റം യു.ജി.സി., എ.ഐ.സി.ടി.ഇ. എന്നിവ വാഗ്ദാനം ചെയ്യുന്ന കോഴ്സുകളുടെ നടത്തിപ്പിനും പുതിയ കോഴ്സുകളുടെ രൂപീകരണത്തിനും വളരെ ബുദ്ധിമുട്ടുണ്ടാ ക്കുമെന്നാണ് വന്നിരിക്കുന്ന ഒരു പൊതുഅഭിപ്രായം. എ.ഐ.സി.ടി.ഇ.-യുടെ പെർമിഷനുണ്ടെങ്കിൽ മാത്രമേ എഞ്ചിനീയറിംഗ് കോഴ്സുകൾ നടക്കുകയുള്ളൂ. അതുപോലെതന്നെ യു.ജി.സി.-യുടെ പെർമിഷനുണ്ടെങ്കിൽ മാത്രമേ മറ്റ് ചില കോഴ്സുകൾ നടക്കുകയുള്ളൂ. ഫിഷറീസ് യൂണിവേഴ്സിറ്റിയായി നിൽക്കുമ്പോൾ പ്രത്യേകിച്ച്, അതിന്റെ ഫാക്കൽറ്റി തീരുമാനിക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പുതുതായി കൊണ്ടുവരുന്ന ഓർഡിനൻസിൽ ഭരണ നിർവ്വഹണ കൗൺസിൽ, സെനറ്റ്, അക്കാഡമിക് കൗൺസിൽ തുടങ്ങിയവയിലെ അംഗങ്ങൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ടർ പദവിയിലും താഴെയുള്ള ആളുകളാണെന്നുള്ളത് ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. അങ്ങനെ ഇത് ഡീഗ്രേഡ് ചെയ്ത് പോകരുത്. ഇത് നല്ല രൂപത്തിൽ കൊണ്ടുവരണം. കേരളത്തിന്റെ തെക്കുംവടക്കുമായി 650 കിലോ മീറ്ററോളമുള്ള ഭൂപ്രദേശത്ത്, ഏതാണ്ട് ഒൻപത് ജില്ലകളെ ഒരുപോലെ ബാധിക്കുന്ന പ്രദേശത്ത് വരുന്ന ഒരു സർവ്വകലാശാലയാണ്, നിലവിൽ കേരളത്തിൽ ഇതുപോലെ മറ്റൊന്നില്ല. അതുകൊണ്ട് പുതുതായി വരുന്ന ഈ സർവ്വകലാശാല എല്ലാ അർത്ഥത്തിലും ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന രൂപത്തിലും ആ മേഖലയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസമുണ്ടാക്കുന്ന വിധത്തിലുമായിരിക്കണമെന്നുമാത്രം ഞാൻ ഓർമ്മിപ്പിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, 2021-ലെ ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണന യ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ ഫിഷറീസ് മേഖലയിലെ പഠനവും ഗവേഷണങ്ങളുമെല്ലാം കേവലം അക്കാദമിക് കാര്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ പാടില്ല. കാരണം സമുദ്രങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകളുള്ള വിപുലമായ ഒരു തൊഴിൽ മേഖലയാണത്. കടലോരത്തും കായലോരത്തുമുള്ള ജനങ്ങളുടെ പ്രധാനപ്പെട്ട ഉപജീവന മാർഗ്ഗമാണ് സമുദ്രങ്ങളും അതിലെ മത്സ്യ സമ്പത്തും. സമുദ്രത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ കൂടുതൽ പഠന വിധേയമാക്കാൻ കഴിയുന്ന രീതിയിലുള്ള സർവ്വകലാശാലയുടെ മെച്ചപ്പെടുത്തലിന്റെ ഭാഗമായ ഒരു ബിൽ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ കേവലം അക്കാഡമിക് രംഗത്തേയ്ക്ക് മാത്രമായി ആ ചർച്ച ഒതുങ്ങിപ്പോകാൻ പാടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കിയാൽ മത്സ്യോത്പാദനം കുറഞ്ഞുവരുന്നുണ്ടെന്ന് കാണാൻ കഴിയും. 20-25 ശതമാനം വരെ മത്സ്യോത്പാദനമുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ അത് പതിനഞ്ച് ശതമാനമായി കുറഞ്ഞിരിക്കുകയാണ്. പലവിധമായ കാരണത്താലാണ് ഇങ്ങനെ സംഭവിക്കുന്നത്. അതിൽ ചില കാര്യങ്ങൾ ചർച്ചയുടെ ഭാഗമായി അംഗങ്ങൾ സൂചിപ്പിച്ചു. ഉൾനാടൻ മേഖലയിലെ ജലസമ്പത്തിന്റെ റേഷ്യോയുമായി താരതമ്യപ്പെടുത്തുമ്പോൾ അത്രയും ഉൽപ്പാദനം വരുന്നില്ല. രാജ്യത്തെ ഉൽപ്പാദ നത്തിന്റെ 2.42 ശതമാനമാണ് കേരളത്തിന്റെ ഉൾനാടൻ മത്സ്യോൽപ്പാദനം. ഒന്നാം സ്ഥാനം ആന്ധ്രാപ്രദേശിനാണ്. ഏതാണ്ട് 38 ലക്ഷം ടൺ മത്സ്യം അവർ ഉൽപ്പാദിപ്പിക്കുന്നുണ്ട്. 2019-20-നേക്കാൾ കഴിഞ്ഞവർഷം നമ്മുടെ ഉൽപ്പാദനം കൂടിയിട്ടുണ്ട്. 2.05 ലക്ഷം ടണ്ണിൽനിന്ന് 2.24 ലക്ഷം ടണ്ണായി നമ്മുടെ ഉൽപ്പാനം വർദ്ധിച്ചു. അത് 'സുഭിക്ഷ കേരളം' പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി സംഭവിച്ചതാണ്. ജലസമ്പത്തിന്റെ കണക്കെടുക്കുമ്പോൾ ഉൾനാടൻ ജലസമ്പത്ത് 7.3 ശതമാനമാണ്. കേരളത്തിന്റെ ഓരുജല സമ്പത്ത് രാജ്യത്തിന്റെ 19 ശതമാനമാണ്. പക്ഷേ ഉൽപ്പാദനം 2.42 ശതമാനമാണ്. ഇത്രയും ജല സമ്പത്തും സൗകര്യവുമില്ലാത്ത മറ്റ് പല സംസ്ഥാനങ്ങളും നമ്മേക്കാൾ കൂടുതൽ മത്സ്യം ഉൽപ്പാദിപ്പിക്കുന്നുവെന്ന കാര്യം കണക്കാക്കുമ്പോഴാണ് ഇതിന്റെ ഗൗരവം മനസ്സിലാകുന്നത്. രാജ്യത്തിന്റെ കണക്കും വളരെ ഉയർച്ചയിലാണ്. രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ രാജ്യത്തിന് മത്സ്യോൽപ്പാദനത്തിൽ രണ്ടാം സ്ഥാനമുണ്ട്. നമ്മുടെ ജലസമ്പത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനം വർദ്ധിപ്പി ക്കാൻ കഴിയുംവിധമുള്ള സംവിധാനമൊരുക്കേണ്ടതായിട്ടുണ്ട്. അതിന് നമ്മൾ

മുന്നോട്ടുവരുമ്പോൾ സ്വാഭാവികമായും സമുദ്രത്തിന്റെ സാദ്ധ്യതകൾ, പുറമേയ്ക്ക് ചെലുത്തപ്പെടുന്ന സമ്മർദ്ദങ്ങളുടെ ഭാഗമായി സമുദ്രത്തിൽ സംഭവിക്കാനിടയുള്ള വ്യത്യാസങ്ങൾ തുടങ്ങിയവയെല്ലാം കൂടുതൽ പഠന വിഷയമാക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. നമ്മുടെ ജലസമ്പത്തിന്റെ സാദ്ധ്യതയെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുംവിധമുള്ള പഠനത്തിലേയ്ക്കും മത്സ്യകൃഷിയിലേയ്ക്കും മത്സ്യോൽപ്പാദനത്തിലേയ്ക്കുമെല്ലാം എത്തുക വളരെ പ്രധാനമാണ്. ആകെയുള്ളതിന്റെ 15.26 ശതമാനം മത്സ്യത്തൊഴിലാളികൾ കേരളത്തിലാണ്. കടൽ മേഖലയിൽ 10.5 ലക്ഷം, ഉൾനാടൻ മേഖലയിൽ അര ലക്ഷം; അങ്ങനെ പതിനൊന്ന് ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുണ്ട്. തീരദേശത്തിന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമുദ്ര പഠനത്തിൽ പ്രധാനപ്പെട്ടതാണ്. അതിനിവിടെ ചൂണ്ടിക്കാണിക്കപ്പെട്ട ചില കാര്യങ്ങളുണ്ട്. അസാധാരണമായ രീതിയിൽ സമുദ്രത്തിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നു. അത് കേരളത്തിന്റെ തീരത്തുമാത്രം പഠനം നടത്തിയാൽ ഒതുങ്ങുന്ന കാര്യമല്ല. കുറച്ചുകൂടി വിസ്തൃതമായ മേഖലയിലേയ്ക്ക് പോകണം. മറ്റ് രാജ്യങ്ങളിലെ സമുദ്രങ്ങളിലുണ്ടാകുന്ന സംഭവവികാസങ്ങളുടെ എഫക്ട്പോലും നമുക്ക് ഇവിടെ അനുഭവിക്കേണ്ടതായി വരുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. മറ്റൊരു രാജ്യത്ത് വീശുന്ന കാറ്റിന്റെ ആഴം നമ്മുടെ തീരത്ത് വന്ന് ഭവിക്കുകയും അതിന്റെ ഭാഗമായി ദുരന്തത്തിലേയ്ക്ക് പോകുകയും ചെയ്യുന്ന സാഹചര്യം വന്നുചേരുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ കാലഘട്ടത്തിൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സമുദ്രപഠനത്തിനുള്ള പ്രസക്തി ഏറെയാണ്. കടലിലും ആഴക്കടലിലുമുണ്ടാകുന്ന ഓരോ വ്യതിയാനവും ലോകത്താകെ ഇപ്പോൾ ചർച്ച ചെയ്യപ്പെടുകയാണ്. പ്രത്യേകിച്ച് ഒരു ഭാഗം മുഴുവൻ കടലാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ കൊച്ചു സംസ്ഥാനത്ത് ഇടക്കാലങ്ങളിലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു മാറ്റം ഈ സർവ്വകലാശാലകളിലൂടെ ഉണ്ടാക്കിയെടുക്കാൻ കഴിയുമോ എന്ന് അങ്ങയുടെ പ്രസംഗത്തിൽ സൂചിപ്പിക്കുമോ?

ശ്രീ. എ. എൻ. ഷംസീർ: സർ, കുഫോസിന്റെ ഗവേണിംഗ് കൗൺസിലിൽ ചെറിയൊരു കാലം പ്രവർത്തിച്ചയാളാണ് ഞാൻ. അതിന് ഒരുപാട് പൊട്ടൻഷ്യൽ ഉണ്ട്. പ്രത്യേകിച്ച് കേരളത്തിലെ നിലവിലെ കാലാവസ്ഥ, പ്രകൃതി ദുരന്തങ്ങൾ, കടലിനകത്തെ മാറ്റങ്ങൾ തുടങ്ങിയ സാഹചര്യത്തിൽ കുഫോസിന് ഓഷ്യൻ സയൻസ്, ഫിഷറീസ് എന്നീ മേഖലകളിൽ വലിയ സംഭാവനകൾ നൽകാൻ

സാധിക്കും. നിർഭാഗ്യവശാൽ അത് സാധിക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. ഗവേണിംഗ് കൗൺസിൽ മെമ്പർമാരുടെയും വൈസ്-ചാൻസലർമാരുടെയും യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സൂചിപ്പിച്ചത് കേരളത്തിൽ ഏറ്റവുമധികം പൊട്ടൻഷ്യലുള്ള യൂണിവേഴ്സിറ്റി കുഫോസ് ആണെന്നാണ്. നിർഭാഗ്യവശാൽ അവിടെ പല ഘട്ടങ്ങളിലുമുണ്ടായിരുന്ന വി.സി.മാർ അതിന് മുൻകയ്യെടുത്തില്ല, പകരം അവർ പരസ്പരം അടിയായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഓഷ്യൻ സയൻസുകാർ ഫിഷറീസിനെ ഒതുക്കി, ഫിഷറീസിന് മേധാവിത്വം കിട്ടിയപ്പോൾ ഓഷ്യൻ സയൻസിനെ ഒതുക്കി. ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കാൻ കാരണം ഓഫീസേഴ്സ് ഗ്യാലറിയിൽ ഉത്തരവാദപ്പെട്ടവർ ഇരിക്കുന്നതുകൊണ്ടാണ്. ഞങ്ങൾക്ക് ദുരനുഭവമുണ്ടായിട്ടുണ്ട്. പക്ഷേ ഞാൻ അതൊരിക്കലും മനസ്സിൽ വയ്ക്കില്ല. കാരണം ഞങ്ങൾ പൊതുപ്രവർത്തകരാണ്. നിർഭാഗ്യവശാൽ ഇവിടത്തെ യൂണിവേഴ്സിറ്റിയിലുള്ള ഉന്നതോദ്യോഗസ്ഥർ പരസ്പരം പാരവയ്പ്പിനാണ് നേതൃത്വം കൊടുക്കുന്നത്. അതുമൂലം തകരുന്നത് യൂണിവേഴ്സിറ്റിയും വിദ്യാർത്ഥികളുമാണ്. നിങ്ങൾതന്നെ ഇരിക്കുന്ന കൊമ്പ് മുറിക്കുകയാണ്. അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽനിന്നും സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ പിന്മാറണം. പകരം എല്ലാ വിഭാഗത്തെയും ഒന്നിച്ച് കണ്ടുകൊണ്ട് യൂണിവേഴ്സിറ്റി എന്ന കാഴ്ചപ്പാടിൽ മുന്നോട്ടുപോകുന്ന ഒരു സമീപനം സ്വീകരിക്കണം. എന്നാൽ മാത്രമേ യൂണിവേഴ്സിറ്റി മുന്നോട്ടു പോകുകയുള്ളൂ. ബഹുമാനപ്പെട്ട വി.സി. ഉൾപ്പെടെയുള്ളവർ ഇരിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്, ഒരുപാട് സംഭാവനകൾ നൽകാൻ സാധിക്കുന്ന ഒരു സാഹചര്യം അവിടെയുണ്ട്. കുഫോസിന് യു.ജി.സി.യുടെ '12 ബി' രജിസ്ട്രേഷൻ ലഭിച്ചതിൽ നിലവിലുള്ള രജിസ്ട്രാറും മരിച്ചുപോയ വി.സി.യും വലിയ പങ്ക് വഹിച്ചിട്ടുണ്ട്, അതിനകത്തുള്ള ടീം നല്ല വർക്കും നടത്തിയിട്ടുണ്ട്. ഇനി NAAC അക്രെഡിറ്റേഷനുൾപ്പെടെ നേടേണ്ടതുണ്ട്. വൈസ്-ചാൻസലറും സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും യോജിപ്പിച്ചുകൊണ്ടു പോകുന്ന കാര്യത്തിൽ ഇതുവരെ പരാജയപ്പെട്ടു. ഈ ചർച്ചയിൽനിന്നെങ്കിലും വിമർശനം ഉൾക്കൊണ്ടുകൊണ്ട് ആ യൂണിവേഴ്സിറ്റിയുടെ വികസനത്തിനുവേണ്ടി നിങ്ങൾ പ്രവർത്തിക്കണം. അതോടൊപ്പംതന്നെ, who will be a VC? According to UGC guidelines, a person of ten years experience as a Professor/as an Academician can be a VC. പക്ഷേ ഇതിനകത്ത് കാണുന്നതെന്താണ്? ഓഷ്യൻ സയൻസിലോ ഫിഷറീസ് സയൻസിലോ പത്ത് വർഷം പ്രൊഫസർ എക്സ്പീരിയൻസുള്ള ആൾ മാത്രമേ വി.സി. ആകാൻ പാടുള്ളൂ. ഇത് എത്രമാത്രം ഇടുങ്ങിയ ചിന്താഗതിയാണ്. അങ്ങനെയെങ്കിൽ മലയാളം സർവ്വകലാശാലയുടെ വി.സി. മലയാളം പ്രൊഫസറും സംസ്കൃത സർവ്വകലാശാലയുടെ വി.സി സംസ്കൃത

പ്രൊഫസറുമാകണ്ടേ? ആ ഒരു broader perspective-ൽ കാണാൻ ഈ യൂണിവേഴ്സിറ്റിക്ക് നേതൃത്വം കൊടുക്കുന്നവർ തയ്യാറാകണം. ആ ഒരു അവസ്ഥയിലേക്ക് കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തു നിന്നും ശ്രമമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കുഫോസിനെ നന്നാക്കാൻ വേണ്ടി ഞങ്ങൾ ഇടപെട്ടതുകൊണ്ട് എന്തായി? വീണ്ടും ഞങ്ങളൊന്നും അതിൽ വരാൻ പാടില്ലെന്നതുകൊണ്ട് ഗവേണിംഗ് കൗൺസിലിനകത്ത് ' A nominated member shall not be eligible for re-nomination' എന്ന ക്ലോസ് എഴുതിവച്ചു. യൂണിവേഴ്സിറ്റിയെ തകർക്കുന്ന ഇത്തരം സമീപനത്തിന് മാറ്റമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ശ്രീ. കെ. ബാബു (നെന്മാറ) പറഞ്ഞതുതന്നെയാണ് ഞാൻ പറഞ്ഞുവന്ന ഒരു പ്രധാനപ്പെട്ട കാര്യം. നമ്മുടെ സമുദ്രത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഇന്ന് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കേരളത്തിന്റെ സമീപവർഷങ്ങളിലെ കുറേ അനുഭവം എടുത്തുനോക്കിയാൽ ആഴമേറിയ ഒരു പഠനത്തിലേയ്ക്കുതന്നെ പോകേണ്ട സംഗതികളുണ്ട്. സമുദ്രത്തിന്റെ താപനിലയിലുണ്ടാകുന്ന വ്യത്യാസം, സമുദ്രനിരപ്പ് ഉയരുന്ന പ്രശ്നം, തിരയുടെ ഉയർച്ച, കടൽ ഉൾവലിഞ്ഞുപോയിട്ട് തിരിച്ചുവരുന്ന പ്രശ്നങ്ങൾ എന്നിങ്ങനെ സാധാരണയായി നമ്മുടെ മുന്നിൽ കണ്ടിട്ടില്ലാത്ത ഒരുപാട് അനുഭവങ്ങൾ ഇപ്പോൾ ഉണ്ടാകുന്നുണ്ട്. അത്തരം പ്രതിഭാസങ്ങളെ സംബന്ധിച്ച് ശരിയായ രീതിയിൽ പഠനം നടത്തേണ്ടത് അത്യാവശ്യമാണ്. കേരളം ജനസാന്ദ്രതയേറിയ സംസ്ഥാനമാണെന്നു മാത്രമല്ല ഏറ്റവും കൂടുതൽ ജനസാന്ദ്രത തീരദേശത്തുമാണ്. ഗവൺമെന്റിന്റെ കണക്കനുസരിച്ച് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളുണ്ട്. 100 മീറ്റർ എന്നുള്ള നിലയിൽ നിജപ്പെടുത്തിയാൽ ഇതിന്റെ രണ്ടിരട്ടിയോളം വരും. അത്തരത്തിൽ സമുദ്രത്തിൽ വരുന്ന ഏതൊരു ചെറിയ സംഭവത്തിന്റെയും ആഘാതം തീരത്തേയ്ക്ക് വന്നാൽ ആയിരക്കണക്കിന് കുടുംബങ്ങളടങ്ങുന്ന ഒരു വലിയ ജനവിഭാഗം പലായനം ചെയ്യേണ്ട നിലയിലാണ് നമ്മുടെ കേരളത്തിന്റെ ഭൂഘടന. അത്തരമൊരു സാഹചര്യം വരുമ്പോൾ നമുക്ക് നോക്കാമെന്നുള്ള ചിന്തയിലേയ്ക്കല്ല നാം പോകേണ്ടത്. നമ്മുടെ സർവ്വകലാശാല ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്തിക്കൊണ്ട് വളരെ ഗഹനമായ പഠനം നയിക്കാൻ നമുക്ക് കഴിയണമെന്നതാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത്. ഇപ്പോൾ ചെറുപ്പക്കാരായ ഒരുപാട് സംരംഭകർ മത്സ്യകൃഷിക്ക് വരുന്നുണ്ട്. എന്നാൽ നമുക്ക് ഹാച്ചറികൾ വളരെ കുറവാണ്. നമ്മുടെ ജലസമ്പത്തിനനുസരിച്ച് കൃഷിയിറക്കാനുള്ള സാദ്ധ്യതയെക്കുറിച്ചുള്ള പ്ലാൻ വേണം; ആ പ്ലാനിലേയ്ക്ക് നമ്മുടെ

ഗവൺമെന്റ് പോകുമ്പോൾ അത്രയും സ്ഥലത്ത് കൃഷിയിറക്കാൻ പ്രാപ്തമായ അത്രയും എണ്ണം മത്സ്യക്കുഞ്ഞുങ്ങൾ വേണം; അത് അടുത്ത സംസ്ഥാനത്ത് പോയി വാങ്ങാമെന്ന് തീരുമാനിക്കാൻ പാടില്ല; എന്നിങ്ങനെ എല്ലാ നിലയ്ക്കും സ്വയം പര്യാപ്തതയിലെത്തുന്നതിനുള്ള കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണം. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്ന സമയത്ത് ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ടൊരു കാര്യമാണ് വിഷമില്ലാത്ത മത്സ്യം ഉൽപ്പാദിപ്പിക്കുക, വിതരണം ചെയ്യുക, ഭക്ഷിക്കുക എന്നുള്ളത്. ഇത്തരം കാര്യങ്ങൾ കൂടുതൽ പഠനവിധേയമാക്കണം. നേരത്തെ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ആണെന്നുതോന്നുന്നു, മത്സ്യത്തിന്റെ ഉൽപ്പാദനം കുറയുന്നതും മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതും സംബന്ധിച്ച പ്രശ്നം പറഞ്ഞു. 1991-ൽ, പി. വി. നരസിംഹറാവു പ്രധാനമന്ത്രിയും മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല പാർലമെന്റംഗവുമായിരുന്ന സമയത്താണ് കേന്ദ്ര സർക്കാരിന്റെ മത്സ്യനയം വന്നത്. അതിനുശേഷം വിദേശ ട്രോളറുകൾക്ക് ആഴക്കടലിൽ മീൻപിടിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന അവസ്ഥ വന്നു. ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് അത് കൂടുതൽ ശക്തമായി നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അന്ന് ശക്തമായ പ്രതിഷേധം വന്ന സമയത്ത് ഗവൺമെന്റ് തൽക്കാലം ഒന്ന് നോക്കാം എന്നുപറഞ്ഞ് മുരാരി കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ റിപ്പോർട്ടും സമർപ്പിച്ചു. പക്ഷേ അത് മുഖവിലയ്ക്കെടുക്കാതെ ഏതാണ്ട് 800-ൽപ്പരം വിദേശ ട്രോളറുകൾക്ക് ലൈസൻസ് കൊടുക്കാനാണ് ഇന്ത്യാ ഗവൺമെന്റ് തീരുമാനിച്ചത്. 1991 മുതൽ ഈ സമയം വരെയുള്ള കാലത്തിനിടയിൽ ഇത്തരത്തിൽ ട്രോളറുകൾവഴി നടത്തുന്ന ആഴക്കടൽ മത്സ്യബന്ധനം മത്സ്യമേഖലയിൽ എത്രമാത്രം പ്രയാസമുണ്ടാക്കി എന്നത് പഠനവിധേയമാക്കേണ്ട പ്രധാന വിഷയമല്ലേ? സമുദ്രങ്ങളിലുണ്ടാകുന്ന ധാരാളം വ്യതിയാനങ്ങളെക്കുറിച്ച് നമുക്ക് പഠനം നടത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, വിഷരഹിതമായ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതും സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സമുദ്രപഠനത്തെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതേസമയം നമ്മുടെ സമുദ്ര തീരങ്ങളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. സ്വാഭാവികമായും കേരളത്തിന്റെ സമുദ്ര തീരങ്ങൾ മലീമസമാകുന്ന സാഹചര്യങ്ങളെ മാറ്റിയെടുക്കാനുള്ള ഒരു വ്യവസ്ഥിതി അല്ലെങ്കിൽ അത്തരം പദ്ധതികൾ സമുദ്രപഠനത്തിന്റെ ഭാഗമായി കൂട്ടിച്ചേർക്കേണ്ടതില്ലേ എന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സർവ്വകലാശാലാ അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബില്ലിലുള്ള കാര്യങ്ങൾ ഒന്നുകൂടി ആലോചിക്കേണ്ടതില്ലേ എന്നതാണ് എന്റെ ചോദ്യം. ഈ സർവ്വകലാശാലയിൽ നിന്നും ബിരുദാനന്തരബിരുദം കിട്ടിയവരെ മാത്രമേ പരിഗണിക്കൂ എന്നുള്ളത് ഈ ബില്ലിലെ ഒരു വ്യവസ്ഥയാണ്. മറ്റ് പല യൂണിവേഴ്സിറ്റികളിലും സമാന സ്വഭാവമുള്ള ക്വാളിഫിക്കേഷനുള്ള ആളുകളെയുൾപ്പെടെ പരിഗണിക്കുമ്പോൾ, അന്താരാഷ്ട്ര മുഖം വേണ്ട ഒരു സർവ്വകലാശാലയിൽ ഇത്തരമൊരു പരിഗണനയുണ്ടായിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ഞാൻ പറയാം, നേരത്തെ ശ്രീ. എ. എൻ. ഷംസീറും ആ കാര്യം പറഞ്ഞിരുന്നു. ബില്ലിലെ വകുപ്പുമായി ബന്ധപ്പെട്ട കാര്യം ഞാൻ പിന്നീട് പറയാം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ സർവ്വകലാശാലയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 20% സംവരണം B.FSc (Bachelor of Fisheries Science) കോഴ്സിനുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിവുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതുപോലെ, ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വിവാദങ്ങളുണ്ടാക്കാനും അനാവശ്യമായ കേസുകളിലേയ്ക്ക് എത്തിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങളെ തകർക്കുന്ന നിലയിലേയ്ക്കുള്ള ഒരു സ്ഥിതിയുണ്ടായിരിക്കുന്നുവെന്നുള്ളത് ഗൗരവമുള്ള ഒരു പ്രശ്നംതന്നെയാണ്. ഫിഷറീസ് കോളേജ് അദ്ധ്യാപകനാകാനുള്ള അടിസ്ഥാന യോഗ്യത B.FSc-യും തുടർന്നുള്ള M.FSc (Master of Fisheries Science)യും NET-ഉം PhD-യും ഒക്കെയായിരുന്നു. എഞ്ചിനീയറിംഗിന് പഠിക്കാൻ ബി.ടെക് നിർബന്ധമായതുപോലെതന്നെ ആദ്യ സന്ദർഭങ്ങളിൽ ഇതായിരുന്നു ഇവിടെയുണ്ടായിരുന്ന ഒരു നിയമം. എന്നാൽ ഈ നിയമത്തെത്തന്നെ കാറ്റിൽപ്പറത്തിക്കൊണ്ടാണ് 2011-ൽ അന്നത്തെ ഗവൺമെന്റ് ഈ ഫിഷറീസ് സർവ്വകലാശാലയെ മുന്നോട്ടുകൊണ്ടുപോയത്. കേരള വെറ്ററിനറി സർവ്വകലാശാല, തമിഴ്നാട് ഫിഷറീസ് സർവ്വകലാശാല തുടങ്ങിയവയെല്ലാം ബിരുദ കോഴ്സുകളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നതെങ്കിൽ അങ്ങനെ ചെയ്യാതിരുന്നത് വലിയ തോതിലുള്ള പ്രക്ഷോഭം ഈ മേഖലയിൽ ഉയർത്തിക്കൊണ്ടുവരാൻ ഇടയാക്കി. യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും വരുന്ന നൂറുകണക്കിനാളുകൾക്ക് പുതിയ തൊഴിലവസരം സൃഷ്ടിക്കാനും ആ മേഖലയിൽ നിന്നുള്ളവർക്ക് വിവിധ മേഖലകളിലേയ്ക്ക് കടക്കാനും ഉന്നത ഉദ്യോഗങ്ങളടക്കം ലഭിക്കാനും കഴിഞ്ഞിരുന്ന സാദ്ധ്യത ഇല്ലാതാക്കുന്ന നിലയിലേയ്ക്ക് ഈ സർവ്വകലാശാലയെ കൊണ്ടുചെന്നെത്തിക്കാനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, അദ്ദേഹം പറഞ്ഞത് ശരിയായിട്ടുള്ള നിരീക്ഷണങ്ങളാണ്. തീരപ്രദേശത്തെ മലിനീകരണവുമായി ബന്ധപ്പെട്ട കാര്യം ബഹുമാന്യനായ അംഗം പറഞ്ഞു. തീരപ്രദേശത്ത് മാത്രമല്ല മലിനീകരണ മുണ്ടാകുന്നത്. ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം, മുൻ പ്രതിപക്ഷനേതാവ്, സമുദ്രത്തിനുള്ളിലുണ്ടാകുന്ന മലിനീകരണ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ഇവിടെ അവതരിപ്പിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല. നമ്മുടെ സമുദ്രത്തിൽ ധാരാളം വ്യത്യാസങ്ങളും വ്യതിയാനങ്ങളും സംഭവിക്കുന്നുണ്ട്. ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. അതിൽ പറയപ്പെടുന്ന ഒന്നുമല്ല സംഭവിക്കാൻ പോകുന്നത് എന്ന ആശങ്കയാണ് നമുക്കെല്ലാവർക്കുമുള്ളത്. വേണ്ടത്ര ചർച്ചയിലേയ്ക്ക് കാര്യങ്ങൾ വരുന്നില്ല. തീരദേശവാസികളുടെ ജീവിത നിലവാരം ഉയർത്തുക, സമുദ്രത്തിന്റെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുക, തീരപ്രദേശങ്ങൾക്കും സമുദ്ര സമ്പത്തിലും സുരക്ഷ വർദ്ധിപ്പിക്കുക, സമുദ്ര വിഭവത്തിന്റെ പങ്ക് വർദ്ധിപ്പിക്കുക തുടങ്ങി കേൾക്കുമ്പോൾ പോസിറ്റീവായി തോന്നുന്ന കാര്യങ്ങളാണ് ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട പുതിയ നയത്തിലെ പ്രധാന ലക്ഷ്യങ്ങളായി പറയുന്നത്. പക്ഷേ അതിന്റെ പ്രത്യാഘാതമായി നമുക്ക് വിലയിരുത്താൻ കഴിയുന്ന ധാരാളം കാര്യങ്ങളുണ്ട്. ഇതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി സമൂഹം ഏതാണ്ട് സമ്പൂർണ്ണമായും പാർശ്വവൽക്കരിക്കപ്പെടാനിടയാകുന്ന സാഹചര്യമാണുള്ളത്. തീരദേശങ്ങൾക്ക് പരിവർത്തനം സംഭവിക്കുകയും തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടിവരികയും ചെയ്യും. സമുദ്രത്തിനു ള്ളിലുള്ള ധാതുക്കളുടെ ഖനനവും അതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യയും സമ്പത്തുമെല്ലാം വൻകിടക്കാരന്റെ കൈവശം എത്തിച്ചേരും. ബ്ലൂ ഇക്കോണമി നയത്തിന്റെ ഭാഗമായി ധാതുക്കളുടെ ഖനനവും അതിന്റെ സാദ്ധ്യതകളുമെല്ലാം പൂർണ്ണമായും വൻകിടക്കാരന്റെ കൈകളിലേയ്ക്ക് എത്തപ്പെടുന്ന നിലയിൽ കാര്യങ്ങൾ വന്നുചേരുമെന്ന കാര്യം നാം ഗൗരവമായി പരിഗണിക്കണം.

ബില്ലിലെ വകുപ്പുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ തെറ്റായതും ശരിയായതുമായ കാര്യങ്ങൾ പറഞ്ഞു. ഈ സർവ്വകലാ ശാലയിലെ വൈസ് ചാൻസലറെ ഗവൺമെന്റ് നിയമിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയല്ല. ബില്ലിലെ 29-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ 'സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അടങ്ങുന്ന സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന മൂന്നുപേരുടെ പാനലിൽ നിന്നും വൈസ് ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണ് എന്ന്

പറഞ്ഞിട്ടുണ്ട്. അതിന്റെ 3-ാം ഉപവകുപ്പിൽ "ഫിഷറീസ് സയൻസിലോ സമുദ്ര പഠന വിഷയങ്ങളിലോ ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദ വുമുള്ളതും, ഫിഷറീസിന്റെയോ സമുദ്രപഠനങ്ങളുടെയോ ഏതെങ്കിലും മേഖലയിലെ സമുന്നത വിദ്യാഭ്യാസ വിദഗ്ധൻ ആയതും......" എന്ന് അഡീഷണലായി പറയേണ്ട കാര്യമില്ല. സംസ്കൃത സർവ്വകലാശാല വി.സി.യായി സംസ്കൃത വിഷയത്തിൽ പ്രാഗത്ഭ്യമുള്ള ആൾ വേണമെന്നില്ലല്ലോ. ഒരു നല്ല അക്കാഡമിഷ്യനും പത്ത് വർഷത്തെ എക്സ്പീരിയൻസും വേണമെന്നത് പ്രധാനപ്പെട്ട കാര്യങ്ങളാണ്. മറ്റ് സർവ്വകലാശാലകൾ സ്വീകരിക്കുന്ന രീതിതന്നെ ഈ സർവ്വകലാശാല വൈസ് ചാൻസലറുടെ യോഗ്യതയുമായി ബന്ധപ്പെട്ട് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബില്ലിലെ 6-ാം വകുപ്പിൽ '3-ാം വകുപ്പിന്റെ ഭേദഗതി' എന്നതിൽ " കേരള സംസ്ഥാനത്ത് ഫിഷറീസ് സയൻസിലും സമുദ്രപഠന വിഷയങ്ങളിലും ബിരുദ, ബിരുദാനന്തര കോഴ്സുകൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതല കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കു ന്നതാണ്" എന്ന് പറയുന്നുണ്ട്, പക്ഷേ അതുസംബന്ധിച്ച് വിശദീകരിക്കുന്നില്ല. "എന്നാൽ ഏതെങ്കിലും കേന്ദ്ര നിയമപ്രകാരം മറ്റേതെങ്കിലും സർവ്വകലാശാലകളിൽ ആരംഭിക്കുന്ന കോഴ്സുകൾക്ക് ഈ വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല" എന്ന് പറഞ്ഞിട്ടുണ്ട്. സമുദ്രപഠനത്തിന്റെ വലിയ വ്യാപ്തിയിലേക്ക് നമ്മൾ സഞ്ചരിക്കേണ്ട കാലത്ത് കുഫോസിന് മാത്രമായി നിക്ഷിപ്തപ്പെടുത്തി ഒരു ഫിനിഷിംഗ് വാചകം ചേർക്കേണ്ടതുണ്ടോ; മറ്റ് സർവ്വകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അത്തരം വിഷയത്തിലേയ്ക്ക് കടക്കുന്നതിനെ തടയുന്നതുപോലുള്ള ഒരു വാചകം ചേർക്കേണ്ടതില്ലെന്നാണ് ആ വകുപ്പുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. അതുപോലെ 14 (2) (കെ) വകുപ്പിൽ " അത് നിർണ്ണയിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി ഭാരതത്തിനകത്തും വിദേശത്തുമുള്ള മറ്റ് സർവ്വകലാശാല ബന്ധം സ്ഥാപിക്കുക' എന്ന് പറയുന്നുണ്ട്. ഇതുസംബന്ധിച്ച് ഞാൻ ആമുഖമായി പറഞ്ഞു. സമുദ്രത്തിൽ വരുന്ന പ്രത്യാഘാ തങ്ങളും പഠനാർഹമായ പ്രശ്നങ്ങളുമെല്ലാം കേരള തീരത്തിലു ണ്ടാകണമെന്നില്ല. വേറൊരു രാജ്യത്താകാം. അങ്ങനെയുള്ള സംഭവ വികാസങ്ങളെക്കുറിച്ച് വിദേശ സർവ്വകലാശാലകളുമായും വിദേശ രാജ്യങ്ങളുമായും വിദേശ ഏജൻസികളു മായുമെല്ലാം ഒരു ബന്ധം വച്ച് പഠിക്കേണ്ട സാഹചര്യം വരും. അത്തരമൊരു പ്രൊവിഷൻ കൂടി ആ ഭാഗത്ത് ചേർക്കേണ്ടതാണ്. അതുപോലെ ഗവേണിംഗ് കൗൺസിലിലേയ്ക്ക് ജലകൃഷിയുമായി ബന്ധപ്പെട്ട പ്രതിനിധികളെക്കൂടി ഉൾപ്പെടു ത്തേണ്ടതാണ്. ഗവേണിംഗ് കൗൺസിൽ കുറച്ചുകൂടി സമ്പുഷ്ടമാകാൻ അതുപ കരിക്കും. മത്സ്യകൃഷിയിലേയ്ക്ക് ആഴ്ന്നിറങ്ങേണ്ടി വരുന്ന ഘട്ടത്തിൽ നമുക്കത് പ്രയോജനപ്പെടുന്നൊരു കാര്യമാണ്. ആ നിലയിലുള്ള കാര്യങ്ങൾകൂടി ആലോചിക്കണമെന്നാണ് ഈ ചർച്ചയുടെ ഭാഗമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക്, ഇനി സംസാരിക്കാൻ അവശേഷിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ നിശ്ചിത സമയം മാത്രമെടുത്താൽപോലും ഈ രീതിയിൽ പോകുകയാണെങ്കിൽ 9.00 മണി കഴിയാതെ സഭ പിരിയാൻ കഴിയില്ല. ആകയാൽ നിശ്ചിത സമയം പാലിച്ച് പോകാൻ കഴിയണം. സംസാരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരും ഇടപെടുന്ന വരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Dr. Mathew Kuzhalnadan: Sir, I move that- " This House resolves to disapprove The Kerala Marine Fishing Regulation (Amendment) Ordinance, 2021 (Ordinance No.110 of 2021)." നമ്മൾ ഒരു നിയമം നിർമ്മി ക്കുമ്പോൾ മുപ്പതോ അൻപതോ വർഷം കഴിഞ്ഞ് നമ്മുടെ രാജ്യത്ത് ഈ നിയമം നടപ്പാക്കുമ്പോൾ എങ്ങനെയുണ്ടാകുമെന്ന് ആലോചിക്കുന്നതായിരിക്കും നല്ലതെ ന്നാണ് എനിക്ക് തോന്നുന്നത്. എനിക്ക് കൗതുകം തോന്നുന്നൊരു കാര്യം, മത്സ്യ വിപണനവുമായി ബന്ധപ്പെട്ട ബില്ലിനെക്കുറിച്ചാണ് ഇവിടെ ഇതിനുമുമ്പ് ചർച്ച ചെയ്തത്. ആ ബില്ലുമായി ബന്ധപ്പെട്ട് പലരും സംസാരിച്ചു. എല്ലാവരും മത്സ്യത്തൊഴിലാളികളെക്കുറിച്ച് സഹതപിക്കുകയും പരിതപിക്കുകയും മത്സ്യ ത്തൊഴിലാളികളുടെ മക്കൾ വീണ്ടും മത്സ്യത്തൊഴിലാളികളാകണമോ എന്നൊക്കെയുള്ള കാര്യങ്ങൾ ചോദിക്കുകയും ചെയ്തു. ഇതുതന്നെയാണ് കർഷകരെ സംബന്ധിച്ചും പൊതുവെ നമ്മൾ പറയുന്നത്. കാർഷിക വൃത്തിയിൽനിന്നും മത്സ്യ മേഖലയിൽനിന്നുമൊക്കെ ആളുകൾ പിന്മാറിയാൽ ഈ മേഖലയ്ക്കൊക്കെ എന്ത് സംഭവിക്കുമെന്ന് ആരും ചിന്തിക്കുന്നില്ലെന്നാണ് എന്റെ അഭിപ്രായം. മത്സ്യ ത്തൊഴിലാളികളുടെ മക്കളെ മത്സ്യത്തൊഴിലാളികളായി നിലനിർത്തണ മെന്ന് പറയുമ്പോൾ അല്ലെങ്കിൽ അത് സൗണ്ട് ചെയ്യുമ്പോൾ വളരെ വിചിത്രമാ യിത്തോന്നും. സാധാരണഗതിയിൽ എങ്ങനെയാണ് ഒരു പുതിയ സൊസൈറ്റി രൂപീകരിക്കുന്നത്? അവർക്ക് പെൻഷനും പൈസയും ദാനവും ഔദാര്യവും കൊടുത്തുകൊണ്ടല്ല സൊസൈറ്റി രൂപീകരിക്കേണ്ടത്. പകരം നിങ്ങൾ ആ മേഖലയെ ഉദ്ധരിക്കാൻ തയ്യാറാകണം. ആ മേഖല വളരെ ആകർഷണീ യമാകുകയും അതിന് മാന്യത കൈവരികയും വേണം. കാർഷിക മേഖലയിൽ നിന്നും പണമുണ്ടാക്കാൻ കഴിയുകയും കാർഷിക മേഖല റെസ്പെക്ട് ചെയ്യപ്പെടുകയും ചെയ്യുമ്പോൾ ആ മേഖലയിൽ നിൽക്കുന്നതിൽ ആർക്കും വിഷമമുണ്ടാകുകയില്ല. ഒരു ബിസിനസ്സുകാരന്റെ മകൻ ബിസിനസ്സുകാരനായി തുടരുന്നതിൽ ആർക്കും വിരോധമില്ല, അതെല്ലാവർക്കും അന്തസ്സാണ്. അവന്റെ അച്ഛൻ നടത്തിയിരുന്ന ബിസിനസ്സിന്റെ പത്തിരട്ടി പ്രതാപമുള്ള ബിസിനസ്സിലേയ്ക്ക് അവൻ വളരും

എന്നൊക്കെ പറയും. ഇവിടെയിരിക്കുന്ന മഹാ ഭൂരിപക്ഷംപേരും ഗൾഫിലൊക്കെ പോയിട്ടുണ്ടാകും. കുറഞ്ഞപക്ഷം ഗൾഫിലെ ഫിഷ് മാർക്കറ്റെങ്കിലും ഒന്ന് നോക്കണം. അവിടത്തെ പ്രോമിനന്റായ ആൾക്കാരാണ് ഫിഷ് മാർക്കറ്റുകൾ നടത്തുന്നത്. അല്ലാതെ അവിടെയുള്ള താഴെത്തട്ടിലുള്ള നിവൃത്തിയില്ലാത്തവരല്ല. വളരെ വൃത്തിയുള്ള സാഹചര്യങ്ങളിൽ അന്തസ്സുള്ളതും ബഹുമാനിക്കപ്പെടുന്നതുമായ ഒരു ബിസിനസ്സായിട്ടാണ് അതിനെ കാണുന്നത്. ഇന്ന് ഉച്ചയ്ക്ക് അയല മീനാണ് കഴിച്ചത്. അത് ആന്ധ്രാപ്രദേശിൽ നിന്നോ ഒമാനിൽ നിന്നോ വന്നതാകാമെന്ന് ഞാൻ സംശയിക്കുന്നു. ഒമാനിൽ നിന്നാണ് ചാള വരുന്നത്. ഈ മേഖലയുടെ സാദ്ധ്യത കേരളം മനസ്സിലാക്കാതിരിക്കരുത്. ഒരു വശത്ത് സഹ്യപർവ്വതങ്ങളുടെ ഒരു നിരയും മറുവശത്ത് അറബിക്കടലിന്റെ തീരത്തെ ഒരു തുണ്ട് ഭൂമിയുമാണ് കേരളമെന്ന് കഴിഞ്ഞ ദിവസം നമ്മുടെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് ശരിയാണ്. നമ്മൾ വലിയ പരിദേവനത്തോടുകൂടിയാണ് പറയുന്നത്. പക്ഷേ അത് കൊണ്ടുവരുന്ന അവസരങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഇന്ത്യാ രാജ്യത്തിന്റെ മൊത്തം ഭൂമിയുടെ 1.3 ശതമാനം കേരളത്തിലാണുള്ളത്. എന്നാൽ ഇന്ത്യാ രാജ്യത്ത് മൊത്തമുള്ള കടലോരത്തിന്റെ 10 ശതമാനം നമുക്കുണ്ടെന്ന് പറയുമ്പോൾ അത് വലിയ അവസരമാണ് കൊണ്ടുവരുന്നത്. അതിനെ എക്സ്പ്ലോർ ചെയ്യാനോ എക്സ്പ്ലോയിറ്റ് ചെയ്യാനോ നമുക്ക് കഴിയുന്നില്ലെങ്കിൽ അത് ഭരണകൂടത്തിന്റെ പ്രശ്നമാണ്, അല്ലാതെ മത്സ്യത്തൊഴിലാളികളുടേതല്ല. It is a very potential area. നമ്മുടെ മുമ്പിൽ ഉദാഹരണങ്ങളുണ്ട്. നമ്മുടെ മത്സ്യമേഖല അത്ര മോശമായി പോയ്ക്കൊണ്ടിരിക്കുന്നതാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഇതുകൂടാതെ ഏറ്റവും പുതുതായി മത്സ്യമേഖലയിലുണ്ടായ മാറ്റം, ഒരു കൊളോക്യൽ ഭാഷയിൽ പറയുകയാണെങ്കിൽ മത്സ്യം കടലിൽനിന്നും കര കയറിയിട്ട് നാളുകൾ ഏറെയായി. പണ്ട് 80 ശതമാനത്തിന് മുകളിൽ കടലിൽനിന്നും പിടിച്ചു കൊണ്ടിരുന്നെങ്കിൽ ഇന്നത് കരയിലെ ഉൾനാടൻ മത്സ്യസമ്പത്തായി മാറി. പത്ത് വർഷത്തെ മാറ്റമായിരുന്നു അത്. ആ ഗ്യാപ്പ് യഥാർത്ഥത്തിൽ നാം നഷ്ടപ്പെടുത്തി. കേരളം അഗ്രസ്സീവായി ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾ പത്ത് വർഷങ്ങൾക്കുമുമ്പ് ആന്ധ്രാപ്രദേശ് ചെയ്തതുകൊണ്ടാണ് ഇന്ന് എല്ലാദിവസവും അവിടെനിന്നും കേരളത്തിലേയ്ക്ക് മീൻ വരുന്നത്. അല്ലാതെ ആന്ധ്രാപ്രദേശിന് കേരളത്തോളം കടലോരവും മത്സ്യസമ്പത്തുമുണ്ടായിട്ടല്ല. അവരത് ഉണ്ടാക്കി യതാണ്. We lost the ten years. പക്ഷേ, ആ പത്ത് വർഷത്തെയോർത്ത് പരിതപിച്ചിരിക്കാതെ ഇതിനെ റെവല്യൂഷനൈസ് ചെയ്യാൻ അങ്ങേയ്ക്ക് രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടോ എന്നുള്ളതാണ് ചോദ്യം. മത്സ്യത്തൊഴിലാളികൾക്ക്

അവരുടേതായ ജീവിത സാഹചര്യത്തിൽപ്പെട്ട നിരവധി സമീപനങ്ങളും ആശങ്കകളുമുണ്ടാകും. അതൊക്കെ അവരുടെ വേദനയിലും പ്രയാസങ്ങളിലും നിന്നുമുണ്ടാകുന്നതാണ്. അതിനെ നമ്മൾ വൈകാരികമായി സമീപിച്ച്, വോട്ട് ബാങ്കാക്കി മാറ്റി, തൊട്ടും തലോടിയും കൈകാര്യം ചെയ്യാമെന്നുള്ളതല്ല. You just make the law for the next generation. കേരളത്തിൽ ഏറ്റവും വൃത്തിയുള്ള ഹാർബറുകളും അത്യാധുനിക സൗകര്യങ്ങളുള്ള കോൾഡ് സ്റ്റോറേജുകളും സൃഷ്ടിക്കൂ. എന്റെ ബഹുമാന്യനായ സുഹൃത്തുക്കൾ ശ്രീ. സി. ആർ. മഹേഷും ശ്രീ. പി. സി. വിഷ്ണുനാഥും ഇന്ന് ഇവിടെ വളരെ കൃത്യമായി സൂചിപ്പിച്ചു. ഹാർബറിലല്ലാതെ ലേലം നടത്തിയാൽ മത്സ്യത്തൊഴിലാളികളിൽ നിന്നും ഒരു ലക്ഷം രൂപയാണ് പിഴ ഈടാക്കുന്നത്. അങ്ങേയ്ക്ക് ഒരു ലക്ഷമല്ല, രണ്ട് ലക്ഷം രൂപ പിഴയിടാം. പക്ഷേ അതിനുമുമ്പ് ഈ സംസ്ഥാനത്ത് ലേലം ചെയ്യാനുള്ള സൗകര്യമുണ്ടായിരിക്കണം. അതുപോലെയുള്ള ഹാർബറുകൾ ഉണ്ടാക്കുകയും എത്ര മത്സ്യം ഈ സംസ്ഥാനത്ത് കൊണ്ടുവരുന്നോ അത്രയും ലേലം ചെയ്യാനുള്ള ഏരിയ സ്ക്വയർ ഫീറ്റ് അനുസരിച്ചുണ്ടാക്കുകയും അതിൽ ഏറ്റവും സോഫിസ്റ്റിക്കേറ്റഡായിട്ടുള്ള സൗകര്യങ്ങളൊരുക്കുകയും ചെയ്തതിനുശേഷം ഇനി നിങ്ങൾ പുറത്ത് ലേലം ചെയ്താൽ ഒരു ലക്ഷം രൂപയാണ് പിഴയെന്ന് പറഞ്ഞാൽ അതിനെ അംഗീകരിക്കാം. പക്ഷേ ഏറ്റവും വൃത്തിഹീനമായ സാഹചര്യങ്ങളിലും തട്ടിക്കൂട്ടിയ ഹാർബറുകളിലും നിവൃത്തിയില്ലാതെ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളിയോട് നീ അതിന്റെ വരയ്ക്ക് പുറത്തുനിന്ന് ലേലം ചെയ്താൽ ഒരു ലക്ഷം രൂപ പിഴയാണെന്ന് പറയുമ്പോഴാണ് അത് അംഗീകരിക്കാൻ പറ്റാതെ വരുന്നത്. നമുക്ക് ആകെ മാറ്റം വേണം. മത്സ്യമേഖലയെ പഴയ രീതിയിൽ മാത്രം കണ്ടിട്ട് കാര്യമില്ല. കാരണം, വേൾഡ് സീ ഫുഡ് പ്രൊഡക്ഷൻ നിങ്ങൾ നോക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഒരു കാര്യം, താങ്കൾ ഹാർബറിന്റെ വൃത്തിയെയും വെടിപ്പിനെയും സംബന്ധിച്ചാണല്ലോ പറയുന്നത്. യഥാർത്ഥത്തിൽ മത്സ്യസമ്പത്തിന്റെ കുറവ് എപ്പോഴാണ് തുടങ്ങിയതെന്ന് അറിയാമോ? ബഹുമാനപ്പെട്ട അങ്ങയുടെ നേതാവ് പി. വി. നരസിംഹ റാവു 1991-ൽ വിദേശ കപ്പലുകൾക്കും ട്രോളറുകൾക്കും മത്സ്യബന്ധനത്തിനുള്ള ലൈസൻസ് കൊടുത്തതിനുശേഷമാണ് മത്സ്യസമ്പത്തിലെ കുറവ് ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കാൻ തുടങ്ങിയതെന്ന യാഥാർത്ഥ്യം അങ്ങേയ്ക്കറിയാമോ? താങ്കൾ ഹാർബറിനെ സംബന്ധിച്ച് പറഞ്ഞു, ഇവിടെ ഹാർബറല്ല പ്രശ്നം. മത്സ്യസമ്പത്തിന്റെ കുറവാണ് ഇവിടത്തെ അടിസ്ഥാന പ്രശ്നം. അതിന്റെ ന്യായമായ വിലയാണ് മറ്റൊരു കാര്യം.

ഡോ. മാത്യു കുഴൽനാടൻ: സർ, പോയിന്റ് എനിക്ക് മനസ്സിലായി. അതിനെക്കുറിച്ച് അത്ര ആധികാരികമായി പഠിച്ച ആളല്ലാത്തതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സമുദ്ര മത്സ്യബന്ധനത്തിന്റെ അവകാശം കൊടുത്തുവെന്നാണ് ശ്രീ. പി. പി. ചിത്തരഞ്ജൻ പറഞ്ഞത്. അതേ സമയത്ത് നമ്മുടെ പുഴയിലും നദിയിലും മത്സ്യമില്ലല്ലോ. അവിടെ എന്ത് ട്രോളിംഗുണ്ടായിട്ടാണ് മത്സ്യസമ്പത്ത് കുറഞ്ഞത്? ഈ പറഞ്ഞത് അടിസ്ഥാനരഹിതമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പി. വി. നരസിംഹ റാവു പാസ്സാക്കിയ നിയമം വേണമെങ്കിൽ പിൻവലിക്കാൻ ശ്രീ. എച്ച്. ഡി. ദേവഗൗഡയുടെയും ഐ. കെ. ഗുജ്റാളിന്റെയും നേതൃത്വത്തിലുള്ള ഇടതുപക്ഷത്തിന്റെ പൂർണ്ണ പിന്തുണയോടുകൂടിയ രണ്ട് ഗവൺമെന്റുകൾ ഇവിടെയുണ്ടായിരുന്നു. അവരൊന്നും ചെയ്തില്ലെന്ന വിവരം താങ്കൾക്കറിയാമോ?

ഡോ. മാത്യു കുഴൽനാടൻ: സർ, അനാവശ്യമായ ചർച്ചയിലേയ്ക്ക് പോകേണ്ട. ഇതിനെ രാഷ്ട്രീയവൽക്കരിക്കരുത്. താങ്കളുടെ ആർഗ്യുമെന്റ് ഞാൻ അംഗീകരിക്കുന്നു. ഞാൻ പറഞ്ഞ് അവസാനിപ്പിച്ചോട്ടെ. ലോകത്തെമ്പാടുമുള്ള മത്സ്യസമ്പത്ത് കുറയുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. അത് പി. വി. നരസിംഹ റാവു കാരണമാണോയെന്ന് തർക്കിച്ചുനിൽക്കാൻ എനിക്ക് സമയമില്ല. മത്സ്യമേഖലയുടെ രീതിയാകെ മാറിക്കൊണ്ടിരിക്കുകയാണെന്നാണ് ഞാൻ പറഞ്ഞുവന്നത്. ലോകത്തെ സീ ഫുഡ് പ്രൊഡക്ഷൻ ഇപ്പോൾ പരിശോധിച്ചാൽ കൃത്യമായി മനസ്സിലാകും. അതായത്, നമ്മൾ ഇപ്പോൾ കാണുന്നതുപോലെ live and chilled form-ൽ വിൽക്കുന്ന മത്സ്യത്തിന്റെ ക്വാണ്ടിറ്റി 40.5 ശതമാനമാണ്. ബാക്കി 45.9 ശതമാനവും പ്രോസസ്സ്ഡ് സീ ഫുഡാണ്. അതായത് frozen, cured, canned തുടങ്ങിയ രീതിയിലുള്ള പ്രോസസ്സ്ഡ് സീ ഫുഡിലേയ്ക്ക് ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ കേവലം 22 ശതമാനം പ്രോസസ്സ്ഡ് സീ ഫുഡിലേയ്ക്ക് മാത്രമേ ഇതുവരെയായി നമുക്ക് മാറാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ ഇന്ത്യാ രാജ്യത്തെ പ്രോസസ്സ്ഡ് സീ ഫുഡിന്റെ 34 ശതമാനം ഉൽപ്പാദിപ്പിക്കുന്നതും കേരളത്തിൽനിന്നാണ്. That shows we have some strength in the area. പക്ഷേ ആ മേഖലയെക്കുറിച്ച് പഠിക്കാൻ ഞാൻ ശ്രമിച്ചപ്പോൾ അതും ഇപ്പോൾ തളർന്നുകൊണ്ടിരിക്കുകയാണെന്നാണ് അറിഞ്ഞത്. കാരണം, റാ മെറ്റീരിയലോ വേണ്ടത്ര മത്സ്യമോ കിട്ടാനില്ല. അവരും വിദേശത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും മത്സ്യം കൊണ്ടുവന്നാണ് ഇവിടെ പ്രോസസ്സ് ചെയ്യുന്നത്. സീ ഫുഡ് കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏകദേശം 20-25 ശതമാനം യൂട്ടിലിറ്റിയിലാണ്. ഗവൺമെന്റിന് ഒരു പോളിസി ഡെവലപ് ചെയ്ത് ഇവിടത്തെ മത്സ്യസമ്പത്തിനെ വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓട്ടോമേറ്റി

ക്കായി സീ ഫുഡിന്റെ പ്രോസസ്സിംഗ് യൂണിറ്റുകളും എക്സ്പയർ ആകും. അതല്ലെങ്കിൽ അവരും സ്ട്രഗിൾ ചെയ്ത് അവസാനം ഇല്ലാതെയാകും, ഇതാണ് സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് നമുക്കെങ്ങനെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാമെന്നത് സംബന്ധിച്ച് ചിന്തിക്കണം. ഉൾനാടൻ മത്സ്യമെന്ന പ്രയോഗം ശരിയാണോ എന്നെനിക്കറിയില്ല. പക്ഷേ, എനിക്ക് തോന്നുന്ന അക്വാകൾച്ചറിംഗിലേയ്ക്ക് അല്ലെങ്കിൽ അക്വാ ഫിഷിംഗിലേയ്ക്ക് വളരെ അഗ്രസ്സീവായി കേരളത്തിനെങ്ങനെ പോകാൻ കഴിയുമെന്ന ഫോക്കസ്സാണ് ഇനിയുണ്ടാകേണ്ടത്. എത്ര പാടശേഖര ങ്ങളാണ് കേരളത്തിൽ വെറുതെ കിടക്കുന്നത്? അതിൽ കൃഷിയിറിക്കാൻ ആളില്ല. അവിടെ കൃഷി പ്രായോഗികമല്ല. ഒരുപക്ഷേ മത്സ്യ കൃഷി പ്രായോഗികമായിരിക്കും. പക്ഷേ നിയമ നിർമ്മാണമില്ലാത്തതുകൊണ്ട് കർഷകന് മത്സ്യ കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. എവിടെയാണ് അപാകത? മത്സ്യത്തിന്റെ മേഖലയിൽ ഒരു മുന്നേറ്റമുണ്ടാക്കണമെങ്കിൽ യഥാർത്ഥത്തിൽ പോളിസി ചെയ്ഞ്ച് അല്ലെങ്കിൽ ഒരു റെവല്യൂഷനറി ചെയ്ഞ്ച് കേരളത്തിലുണ്ടാകണം. മത്സ്യത്തൊഴിലാളികളോട് നിങ്ങൾക്ക് ആത്മാർത്ഥതയും സ്നേഹവുമുണ്ടെങ്കിൽ ഈ മേഖലയെ സയന്റി ഫിക്കായി നവീകരിക്കുകയും ആധുനികവൽകരിക്കുകയും വേണം. നേരത്തെ പറഞ്ഞത് ശരിയാണ്, ട്രോളിംഗ് നടത്തി അടിത്തട്ടിൽനിന്നുള്ളതെല്ലാം വാരിക്കോരി കൊണ്ടുവന്നതുകൊണ്ടാണ് ചെറിയ മത്സ്യങ്ങളില്ലാതെ ഈ ഗതിയി ലായത്. അതിനെ നിയന്ത്രിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയാണ് വേണ്ടത്. ഇവിടെ നിയമം നിർമ്മിക്കാനുള്ള സാദ്ധ്യതകളുണ്ട്. ഞാൻ അതിനെക്കുറിച്ച് ആധികാരി കമായി പറയാൻ ആളല്ല. എങ്കിൽപ്പോലും പറയുകയാണ്, ഫിഷ് നെറ്റിന്റെ വലിപ്പം തീരുമാനിക്കാൻ നമുക്ക് കഴിയണം. ഇന്ത്യാ രാജ്യത്തിന്റെ ഗോൾഡൻ എക്സ്പോർട്ടിംഗ് ഓപ്പർച്ച്യൂണിറ്റിയായിരുന്ന അമേരിക്കയിലേയ്ക്കുള്ള ഷ്രിംപ് എക്സ്പോർട്ട്. അതിനെ തടയാനാണ് ആർട്ടിഫിഷ്യൽ ട്രേഡ് ബാരിയർ കൊണ്ടുവന്നത്. യഥാർത്ഥത്തിൽ ഇന്ത്യയിൽനിന്നുള്ള ഇംപോർട്ട് കുറയ്ക്കാൻവേണ്ടി അമേരിക്ക ചെയ്തതാണ്. ഇവിടെ അശാസ്ത്രീയമായി ഷ്രിംപിനെ പിടിക്കുന്നത് കാരണം വളരെ ചെറിയ ചെമ്മീൻ ഇല്ലാതാകുന്നതുകൊണ്ട് ഇന്ത്യയിൽനിന്നുള്ള ചെമ്മീനിനെ ഞങ്ങൾ എടുക്കുന്നില്ലെന്നുള്ള ആർട്ടിഫിഷ്യൽ ട്രേഡ് ബാരിയർ അമേരിക്ക കൊണ്ടുവന്നു. കേരളത്തിലെ കോസ്റ്റൽ മേഖലയിലെ ഫിഷിംഗിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് നിയമമുണ്ടാക്കാം. അങ്ങനെ ചെയ്യുമ്പോൾ ചിലപ്പോൾ ആളുകൾ ആദ്യം അംഗീകരിച്ചുവെന്ന് വരില്ല, പക്ഷേ അദ്ദേഹം സൂചിപ്പിച്ചതുപോലെ മത്സ്യസമ്പത്തിനെ പരിരക്ഷിക്കണമെന്നുണ്ടെങ്കിൽ ഇവിടത്തെ ഫിഷ് നെറ്റുകളെയും ട്രോളിംഗ് വെസൽസിനെയും നിയന്ത്രിക്കാൻ കഴിയണം. അങ്ങനെ എല്ലാ നിലയ്ക്കുമുള്ള സമഗ്രമായ അപ്രോച്ചിലൂടെ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളൂ; അല്ലാതെ ഏതെങ്കിലും ഒരു സ്ഥലത്തുമാത്രം ഫോക്കസ് ചെയ്തിട്ട് കാര്യമില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

7.00 p.m]

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ മൂന്നുശതമാനം മത്സ്യമേഖലയിൽ നിന്നുള്ള സംഭാവനയാണ്. അത് അടിക്കടി കുറഞ്ഞു വരുന്നുണ്ടോ, ഇല്ലയോ എന്ന് നിങ്ങൾ പരിശോധിക്കണം. കാരണം മത്സ്യമേഖല തളർന്നുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് നിങ്ങൾ ഔദാര്യം കൊടുക്കേണ്ട, പെൻഷനും ദാനവും കൊടുക്കേണ്ട. 3 ശതമാനം സമ്പദ്ഘടന എന്നത് 5 ശതമാനമോ 7 ശതമാനമോ ആയി വർദ്ധിപ്പിക്കാൻ മത്സ്യമേഖല കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് കഴിഞ്ഞാൽ, automatically they are rewarded. അങ്ങനെയാണ് നാം സമൂഹത്തെ ഉയർത്തിയെടുക്കേണ്ടത്, അല്ലാതെ ഔദാര്യത്തിന്റെ പേരിൽ മാത്രമാകരുത്. അങ്ങനെയുള്ള നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. വൈരുദ്ധ്യമായ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതിന്റെ പർപ്പസ് എന്താണ്? ആദ്യം ചുമത്തിയ പെനാൽറ്റി കൂടിപ്പോയതിനാൽ കുറയ്ക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നതെന്നാണ് അങ്ങ് പറഞ്ഞത്. യഥാർത്ഥത്തിൽ അതിൽ കാണിക്കുന്നത് എന്താണ്? ഇവിടെ സ്പീഡ് ബാരിയർ ഒളിച്ചുവയ്ക്കും. ആരെങ്കിലും സ്പീഡിൽ വാഹനം ഓടിച്ച് പോയാൽ, അത് ഫൈൻ അടിച്ചാൽ സർക്കാരിന് അഞ്ഞൂറ് രൂപയോ ആയിരം രൂപയോ കിട്ടും. ആളുകൾ വാഹനം സ്പീഡ് കുറച്ച് ഓടിക്കുക എന്നതാണ് സ്പീഡ് ബാരിയറിന്റെ ലക്ഷ്യം. അര കിലോമീറ്ററിനപ്പുറം സ്പീഡ് ബാരിയർ ഉണ്ടെന്നും ക്യാമറ വച്ചിട്ടുണ്ടെന്നും അമേരിക്കയിലൊക്കെ എഴുതി വയ്ക്കാറുണ്ട്. ജനങ്ങളുടെ കയ്യിൽ നിന്ന് പൈസ വാങ്ങുന്നതിന് വേണ്ടിയല്ല. വാഹനത്തിന്റെ സ്പീഡ് കുറയ്ക്കുക എന്നതാണ് ആവശ്യം. അതുപോലെ കുട്ടികൾ വളരെ ആവേശത്തോടെ ബൈക്ക് വാങ്ങും. അവർക്കത് ഓൾട്ടർ ചെയ്യാനുള്ള ആഗ്രഹമുണ്ട്. അച്ഛനമ്മമാരിൽനിന്നും കുറേ രൂപ വാങ്ങി ഓൾട്ടറേഷൻ വരുത്തി ബൈക്ക് ഇറക്കിക്കഴിയുമ്പോൾ 5000 വും 10,000 വും രൂപ സർക്കാർ ഫൈൻ ഈടാക്കുകയാണ്. ഓൾട്ടർ ചെയ്യാൻ വർക്ക്ഷോപ്പുകാരന് അനുമതി കൊടുത്തിട്ടല്ലേ ഇങ്ങനെ സംഭവിക്കുന്നത്? ഓൾട്ടർ ചെയ്യാനുള്ള ലൈസൻസ് വർക്ക്ഷോപ്പുകാരന് കൊടുക്കുകയും ബൈക്ക് ഇറക്കിക്കഴിയുമ്പോൾ ഫൈൻ ഈടാക്കുകയും ചെയ്യുന്ന രീതിയാണിവിടെ നടക്കുന്നത്. മത്സ്യത്തൊഴിലാളികളിൽനിന്ന് ഒരു ലക്ഷം രൂപ ഫൈൻ ഈടാക്കാനുള്ള ബില്ലിനെക്കുറിച്ചാണ് ഇന്നിവിടെ പറഞ്ഞതെങ്കിൽ, ബോട്ടുടമ നിയമം ലംഘിച്ചാൽ രണ്ടര ലക്ഷം രൂപ പിഴയുണ്ടായിരുന്നത് കുറച്ച് പതിനായിരം രൂപയാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഈ ബിൽ അങ്ങ് പാസ്സാക്കുന്നത്. മത്സ്യത്തൊഴിലാളിക്ക് ഒരു ലക്ഷം രൂപ പെനാൽറ്റിയടിച്ചിട്ട് ബോട്ട് മുതലാളിക്ക് പെനാൽറ്റി കുറയ്ക്കാൻ എങ്ങനെയാണ് അങ്ങേയ്ക്ക് തോന്നിയത്? ബോട്ട്

മുതലാളിയുടെ രണ്ടരലക്ഷം രൂപയെന്ന പിഴ സംഖ്യ പതിനായിരം രൂപയാക്കി കുറയ്ക്കുന്ന അതേ കൈകൊണ്ട് മത്സ്യത്തൊഴിലാളിയുടെ കൈയിൽനിന്നും ഒരു ലക്ഷം രൂപ ഫൈൻ ഈടാക്കാൻ എങ്ങനെയാണ് അങ്ങേയ്ക്ക് മനസ്സ് വന്നത്? ശ്രീ. സി. ആർ. മഹേഷ് വൈകാരികമായി സൂചിപ്പിച്ച കാര്യമാണിത്. അതുകൊണ്ടാണ് ഞാനിത് എടുത്തുപറഞ്ഞത്. ഞാൻ ഫൈനുകൾക്കെതിരല്ല. നിങ്ങൾ ഹൈ പെനാൽറ്റി വച്ചോളൂ. But you should provide the infrastructure. Basic amenities-ഉം facilities-ഉം കൊടുത്തിട്ട് എത്ര വലിയ പെനാൽറ്റി തീരുമാനിച്ചാലും കുഴപ്പമില്ല. കാരണം നിയമം ലംഘിക്കാനുള്ളതല്ല. 'നിയമം ലംഘിച്ച് നിങ്ങൾ ഞങ്ങൾക്ക് കുറച്ച് പൈസ തന്നേരേ' എന്നുള്ള സമീപനം ശരിയല്ല. മത്സ്യ മേഖലയെ ഉദ്ധരിക്കാനാണ് അങ്ങ് ആഗ്രഹിക്കുന്നതെങ്കിൽ കുറച്ചുകൂടി തുറന്ന കാഴ്ചപ്പാടോടുകൂടിയുള്ള പരിഷ്കാരങ്ങൾ ഈ മേഖലയ്ക്ക് അനിവാര്യമാണ്. അങ്ങ് അതിനുവേണ്ട ഭേദഗതികൾ വരുത്തുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 1980-ൽ നിലവിൽ വന്ന കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ട് ഭേദഗതി ചെയ്യുന്നതിനാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. മത്സ്യബന്ധന നൗകകളേയും മത്സ്യബന്ധന രീതികളേയും വ്യവസ്ഥിതിപ്പെടുത്തുന്നതിനുള്ള ഈ നിയമം 1980-ലാണ് പാസ്സാക്കപ്പെട്ടത്. 2017-ൽ ഇത് ഭേദഗതി ചെയ്ത് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന അനധികൃത വസ്തുക്കളുടെ നിയന്ത്രണം സംബന്ധിച്ചും ബോട്ട് നിർമ്മാണ യാർഡുകളുടേയും മത്സ്യവല നിർമ്മാണ യൂണിറ്റുകളുടേയും രജിസ്ട്രേഷൻ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി. എന്നാൽ 2021-ൽ ഓർഡിനൻസായി പുതിയ ഭേദഗതികൾ അവതരിപ്പിക്കുമ്പോൾ, നൗകകളിൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളെ സംബന്ധിച്ച വ്യവസ്ഥകളും മത്സ്യബന്ധന യാനങ്ങളുടെ വ്യവസ്ഥ ലംഘനങ്ങൾക്കുള്ള പിഴ ശിക്ഷകൾ സംബന്ധിച്ച വ്യവസ്ഥകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ തെക്കുവടക്കായി ഏകദേശം 590 കിലോമീറ്റർ ദൈർഘ്യത്തിൽ നീണ്ടുകിടക്കുന്ന തീരദേശവും അവിടത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതവുമെല്ലാം നമ്മുടെ ആനുപാതികമായ പരിഗണനാരീതിയുടെ ഏഴയലത്തുപോലും ഇപ്പോഴുമെത്തിയില്ലെന്ന വസ്തുത ഖേദകരമാണ്. മത്സ്യത്തൊഴിലാളിയല്ലാത്ത ഒരാളും നൗകയിൽ പോകരുതെന്ന് ഈ ഓർഡിനൻസിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 1980-ലെ ആക്ടിൽ മത്സ്യത്തൊഴിലാളി എന്നതിന് നിർവ്വചനം നൽകിയിരിക്കുന്നത്, " Any person engaged mainly in fishing operation for his livelihood" എന്നാണ്. ഈ നിർവ്വചനം തീർത്തും പര്യാപ്തമായ ഒന്നല്ല. യന്ത്രവൽകൃത സംവിധാനങ്ങൾ

ഉപയോഗിച്ചോ, മറ്റ് മാർഗ്ഗങ്ങളുപയോഗിച്ചോ മത്സ്യബന്ധനം നടത്തുകയും മത്സ്യബന്ധന തൊഴിലാളികളുടെ കുടുംബാംഗങ്ങൾ തലച്ചുമടായോ, സൈക്കിൾ ലോഡായോ സമുദ്രോത്പന്നങ്ങൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് വിപണനത്തിനായി കൊണ്ടുപോകുകയും ചെയ്യുന്ന പ്രവൃത്തികളെയാണ് 'ഫിഷിംഗ് ഓപ്പറേഷൻ' എന്ന് നിർവ്വചിച്ചിരിക്കുന്നത്. ഇന്ന് ടൂ വീലറുകളും ക്യാരിയർ ഓട്ടോറിക്ഷകളും വഴി സമുദ്രോത്പന്നങ്ങൾ വിപണനത്തിനായി കൊണ്ടുപോകുന്നവർ നിരവധിയാണ്. ഇതിൽ പലരും കടൽത്തീരങ്ങളിൽ നിന്നല്ലാതെ പുറമേ നിന്നുവരുന്ന മത്സ്യം കച്ചവടം ചെയ്യുന്നവരാണ്. ഒന്നാമത്തെ നിർവ്വചനപ്രകാരം ഇവരും മത്സ്യബന്ധന തൊഴിലാളികളാണ്. പുറമേനിന്ന് വൻ തുക മുടക്കി കച്ചവടം നടത്തുന്നവരും ഈ നിർവ്വചനപ്രകാരം മത്സ്യബന്ധന തൊഴിലാളികളാകും. ഇതുകൂടാതെ വൻകിട മുതലാളിമാരും സാമ്പത്തികമായി ഉന്നതങ്ങളിലുള്ളവരും മത്സ്യബന്ധന ബോട്ടുടമകളാണ്. നമ്മുടെ ചില സിനിമാ താരങ്ങൾപോലും ഇത്തരത്തിൽ ബോട്ടുടമകളാണ്. നിലവിലെ നിർവ്വചന പ്രകാരം ഇവരൊക്കെ മത്സ്യബന്ധന തൊഴിലാളികളാണ്. പുതുതായി ഒരു ഭേദഗതി ബിൽ അവതരിപ്പിക്കുമ്പോൾ അതിൽ ഇത്തരത്തിലുള്ള അവ്യക്തതകളുണ്ടാകാൻ പാടില്ല. പാരമ്പര്യമായി കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നവരും കടൽത്തീരങ്ങളിൽ സ്ഥിര താമസമാക്കിയവരും പ്രകൃതി ദുരന്തമോ അതുപോലുള്ള മറ്റ് കാരണങ്ങൾമൂലമോ തീരങ്ങളിൽനിന്ന് മാറി താമസിക്കേണ്ടി വന്ന്, പാരമ്പര്യമായി കടലിൽ പോയി മത്സ്യബന്ധനം നടത്തുന്നവരും അവരുടെ ആശ്രിതരും കുടുംബങ്ങളുമാണ് പ്രധാനമായും ഈ നിർവ്വചനത്തിൽ വരേണ്ടിയിരുന്നത്. ഇപ്പോൾ നിലനിൽക്കുന്ന നിർവ്വചന പ്രകാരം ആർക്കൊക്കെയാണ് യാനങ്ങളിൽ പോകാൻ കഴിയുന്നത്? ആധാർ കാർഡോ മത്സ്യബന്ധന വകുപ്പിന്റെ ബയോമെട്രിക് കാർഡോ 2010-ലെ കേരള കടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ കൈവശമുള്ളവർക്കേ യാനങ്ങളിൽ പോകാൻ കഴിയൂ എന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ പ്രദേശവാസിയല്ലാത്ത, ഈ കാർഡു കളൊന്നുമില്ലാത്ത ഒരാളെ സഹായിയായി കൊണ്ടുപോകാൻ കഴിയില്ല. അതേസമയം ആധാർ കാർഡുള്ള ഒരു കുട്ടിയെ കൊണ്ടുപോകാം എന്നുവേണ മെങ്കിൽ വ്യാഖ്യാനിക്കാം. ഒരു മത്സ്യത്തൊഴിലാളിക്ക് മത്സ്യഫെഡിൽ അംഗത്വം ലഭിക്കുന്നതിന് അയാൾ ബോട്ടുജീവനക്കാരനായിരിക്കണം, ബോട്ടിന് ലൈസൻസു ണ്ടാകണം, ലൈസൻസുള്ള ബോട്ടുടമ സർട്ടിഫൈ ചെയ്യുകയും വേണം. ഇതൊക്കെ പൂർത്തിയാക്കിക്കഴിഞ്ഞാൽ മത്സ്യഫെഡിന്റെ വക വെരിഫിക്കേഷൻ വേറെയുമുണ്ട്. രാഷ്ട്രീയ പരിഗണനയുൾപ്പെടെ പലതും ഇതിൽ കടന്നുവരുന്നുണ്ട്. നിലവിൽ അപേക്ഷ നൽകി അംഗത്വം ലഭിക്കാത്തവർ നിരവധിയുണ്ട്. അംഗത്വം എല്ലാ

വർഷവും പുതുക്കണമെന്നതാണ് മറ്റൊരു വ്യവസ്ഥ. ഇതിനായി ഉദ്യോഗസ്ഥർക്ക് മുന്നിൽ ഒരു തൊഴിലാളി ഓരോ തവണയും ഹാജരാകണം. ഇവർ അന്യസംസ്ഥാനങ്ങളിലോ മറ്റ് രാജ്യങ്ങളിലോ പോയി ഇതേ തൊഴിലിൽ ഏർപ്പെടുകയാണെങ്കിൽ ഇവരുടെ അംഗത്വം നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതുമൂലം ഇവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ട അർഹതപ്പെട്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നുണ്ട്. ഇതിനൊരു പരിഹാരമുണ്ടാകണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം മത്സ്യബന്ധന യാനങ്ങളുടെ നിർവ്വചനമാണ്. യാനങ്ങളുടെ നീളം, വീതി, വിസ്തീർണ്ണം തുടങ്ങിയവയ്ക്ക് യാതൊരു മാനദണ്ഡവും നിശ്ചയിച്ചിട്ടില്ല. അതുകൊണ്ട്, ഏതേത് മേഖലകളിൽ ഏതൊക്കെ യാനങ്ങൾക്ക് മത്സ്യബന്ധനം നടത്താമെന്നത് സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കിയാലും അതിന്റെ യഥാർത്ഥ ഗുണഫലം ലഭിക്കുന്നില്ല. ഓരോ മേഖലയ്ക്കും അനുവദനീയമായ പരമാവധി യാനങ്ങളുടെ എണ്ണം അവയുടെ വലിപ്പത്തിനനുസരിച്ച് നിജപ്പെടുത്തണം. അതിസമ്പന്നരായ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിടക്കാർ തുടങ്ങിയവരുടെ നിരവധി വലിയ യാനങ്ങൾ കടലിൽ ഇറങ്ങുന്നുണ്ട്. ഇവയെല്ലാം അനിയന്ത്രിതമായി ഏതെങ്കിലും പ്രത്യേക മേഖലയിൽ കേന്ദ്രീകരിക്കുമ്പോൾ ചെറുവള്ളങ്ങൾ ഉപയോഗിക്കുന്ന സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന സാദ്ധ്യതയെ പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ട് യാനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം അത്യാവശ്യമാണ്. അസൗകര്യങ്ങൾ കൊണ്ട് പൊറുതിമുട്ടുന്ന മേഖലയാണ് തീരദേശമേഖല. കടലിലേയ്ക്ക് പോകുമ്പോഴോ കടലിൽ നിന്ന് തിരികെ വരുമ്പോഴോ ഹാർട്ടറ്റാക്ക് പോലുള്ള രോഗങ്ങൾമൂലം മത്സ്യത്തൊഴിലാളികൾ മരണപ്പെടാറുണ്ട്. കടലിലായാലും തിരികെയെത്തിയ ഉടനെയായാലും അവർക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനോ അത്യാധുനിക ചികിത്സ നൽകുന്നതിനോ കഴിയുന്നില്ല. ഇത്തരം അവസരങ്ങളിൽ അവർക്ക് അപകട ഇൻഷ്വറൻസോ മറ്റ് ധനസഹായങ്ങളോ ലഭിക്കുന്നില്ല. ഇക്കാര്യവും പരിഹരിക്ക പ്പെടേണ്ടതാണ്. കടലിൽ പോകുന്ന സമയത്ത് കടൽക്കാറ്റോ പ്രകൃതി ക്ഷോഭ ങ്ങളോ കാരണം ബോട്ടുകളൊക്കെ നഷ്ടപ്പെട്ട് പോകുകയാണെങ്കിലും യാതൊരു വിധ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. കഴിഞ്ഞ പ്രളയ സമയത്ത് വടകര നിയോജകമണ്ഡലത്തിൽ ജീവിതമാർഗ്ഗമായ ബോട്ടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് യാതൊരു വിധത്തിലുള്ള നഷ്ടപരിഹാരമോ ഇൻഷ്വറൻസോ ലഭിച്ചിട്ടില്ല. ഇത്തരം വിഷയങ്ങളിൽ അടിയന്തരമായി പരിഹാരം കാണണം. ന്യൂനമർദ്ദം, കടൽക്ഷോഭം, മറ്റു പ്രതികൂല സാഹചര്യങ്ങൾ എന്നിവയുണ്ടെങ്കിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടില്ലെന്ന് സർക്കാർ മുന്നറിയിപ്പ് നൽകാറുണ്ട്. ചില സാഹചര്യങ്ങളിൽ ഈ

മുന്നറിയിപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ദിവസങ്ങളോളം തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഈ ദിവസങ്ങളിൽ മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാതെ ഓരോ മത്സ്യത്തൊഴിലാളിയുടേയും വീടുകൾ പ്രതിസന്ധിയിലാകുകയാണ്. സമാന സാഹചര്യങ്ങളിൽ സ്കൂളുകൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും അവധി നൽകിയാൽ അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളൊക്കെ ലഭിക്കും. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് ഇത്തരം പ്രതികൂല സാഹചര്യങ്ങളിലും യാതൊരു വരുമാന മാർഗ്ഗവുമില്ല. ഇതിന്റെയെല്ലാം ഭാഗമായാണ് പലപ്പോഴും സർക്കാരിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് അവർ കടലിൽ പോകുന്നതും പല അപകടങ്ങളും സംഭവിക്കുന്നതും. സർക്കാർ നിർദ്ദേശം ലംഘിച്ച് പോയതുകൊണ്ടാണ് മരിക്കാനിടയായതെന്നാണ് നാം പലപ്പോഴും പറയുന്നത്. സ്വന്തം കുടുംബത്തിന്റെ/മക്കളുടെ വിശപ്പിന്റെ വിളിയാണ് ഇത്തരം സാഹസങ്ങൾക്ക് അവരെ പ്രേരിപ്പിക്കുന്നത്. ആയതിനാൽ ഇത്തരം സാഹചര്യങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഒഴിവുദിന വേതനം നിർബന്ധമായും നൽകാൻ സർക്കാർ തയ്യാറാകണം. ചെറുമീനുകളെയും പരൽ മീനുകളെയും ചെറുകണ്ണി വലകൾ ഉപയോഗിച്ച് അശാസ്ത്രീയമായി പിടിക്കുന്നത് നിയന്ത്രിക്കണം. ഇത് പലപ്പോഴും നമ്മുടെ മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കും. തദ്ദേശീയമായി നെയ്തെടുത്ത വലകൾ ഉപയോഗിക്കുന്നതിലൂടെ ഒരു പരിധിവരെ ഇതിനെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഓരോ മീനിനും ഓരോ വലിപ്പത്തിലുള്ള കണ്ണികളുള്ള വലകൾ ഉപയോഗിക്കുന്ന പരമ്പരാഗത രീതിയാണ് മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് ഉത്തമമെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് കുടുംബശ്രീ യൂണിറ്റുകൾ മുഖേന വലകൾ നിർമ്മിച്ച് മത്സ്യഫെഡിന്റെ വിപണ കേന്ദ്രങ്ങൾ വഴി വിപണനം ചെയ്താൽ സ്ത്രീജനങ്ങൾക്ക് സ്ഥിരമായ തൊഴിൽ ലഭിക്കുന്ന ഒന്നായത് മാറും. തീരദേശ ജനതയെ വിശ്വാസത്തിലെടുക്കാതെയുള്ള പദ്ധതികളിലൊന്നാണ് 'പുനർഗേഹം' പദ്ധതി. ഇതിന്റെ അപാകതകൾ സംബന്ധിച്ച് നിയമസഭ വളരെ നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. കടലിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന തീരദേശ വാസികൾ തങ്ങളുടെ ഇത്രയും കാലത്തെ എല്ലാ സമ്പാദ്യങ്ങളും സർക്കാരിൽ ഏൽപ്പിച്ച്, പത്ത് ലക്ഷം രൂപ വാങ്ങി, ആ തുക ഉപയോഗിച്ച് ഭൂമി വാങ്ങി വീട് നിർമ്മിക്കണമെന്നാണ് സർക്കാർ തീരദേശവാസികളോട് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത് അങ്ങേയറ്റം അശാസ്ത്രീയവും അപ്രായോഗികവുമാണ്. നിലവിലുള്ള ഭൂമിയുടെ വിലയും നിർമ്മാണ ചെലവുമനുസരിച്ച് പത്ത് ലക്ഷം രൂപയ്ക്ക് ഇന്ന് കേരളത്തിൽ എവിടെയാണ് ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയുന്നത്? അവരുടെ നിലവിലുള്ള ഭൂമിയും വീടും വിട്ടുകൊടുത്തതിനുശേഷമാണ് പത്ത് ലക്ഷം രൂപ

നൽകി സർക്കാർ അവരോട് എവിടെയെങ്കിലും ഭൂമി കണ്ടെത്തി വീട് വയ്ക്കു എന്നുപറയുന്നത്. ആ തുകകൊണ്ട് ഇവർക്ക് സ്ഥലവും വീടും വാങ്ങാൻ കഴിയില്ലെന്ന യാഥാർത്ഥ്യം നമുക്കറിയാം. അതുമാത്രമല്ല, അങ്ങനെ വാങ്ങുന്ന സ്ഥലത്തിനും വീടിനുംമേൽ പതിനഞ്ച് വർഷത്തേയ്ക്ക് അവർക്ക് യാതൊരു ഉടമസ്ഥാവകാശവും ഉണ്ടാകുന്നില്ല. ഈ പദ്ധതി പ്രകാരം പണം വാങ്ങി ഒരുവർഷത്തിനുള്ളിൽ പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ പതിനെട്ട് ശതമാനംവച്ച് വായ്പ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയുമുണ്ട്. ഇത് മത്സ്യ മേഖലയിലെ ആളുകളോട് കാണിക്കുന്ന വഞ്ചനയാണെന്നാണ് എനിക്ക് സൂചിപ്പി ക്കാനുള്ളത്. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പുനർഗേഹം പദ്ധതിയിലൂടെ പല വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കാനുള്ള പദ്ധതി തയ്യാറാക്കി വരുന്നുവെന്ന് അറിയാൻ കഴിഞ്ഞു. വീട് പണി പൂർത്തിയാക്കിക്കൊ ടുക്കുന്നതിനുവേണ്ടി പല സംഘടനകളുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഉദ്യോഗസ്ഥർ നെട്ടോട്ടമോടുന്ന കാഴ്ച കാണേണ്ടി വന്നിട്ടുണ്ട്. കാരണം പത്ത് ലക്ഷം രൂപ കൊണ്ട് ഭൂമി വാങ്ങി വീട് വയ്ക്കുക അപ്രായോഗികമാണ്, അതിന് അവർക്ക് സാധിക്കില്ല. ഇതുമൂലം തീരദേശവാസികൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഏതൊരു മനുഷ്യനെ സംബന്ധിച്ചും ഒരു പൗരനെന്ന നിലയിൽ ആത്മാഭിമാന ബോധമുണ്ടാക്കുന്നത് ഭൂമിയുടെമേലുള്ള അവകാശമാണ്. അതുസംബന്ധിച്ച് തൊഴിലാളിവർഗ്ഗ നേതാവായ ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകം പറയേ ണ്ടതില്ല. തീരദേശവാസികളുടെ ഭൂമിയിന്മേലുള്ള അവകാശത്തെ ഇല്ലാതാക്കുന്ന പുനർഗേഹം പദ്ധതി ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. ഹൈവേ വികസനം, കെ-റെയിൽ എന്നിവയുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് വലിയ തുക നഷ്ടപരിഹാരമായി കൊടുക്കുമെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. തീരദേശ ജനതയ്ക്ക് ഈ മനുഷ്യരിൽ നിന്ന് എന്ത് വ്യത്യാസമാണുള്ളത്? വികസനത്തിന്റെ പേരിൽ ശതകോടികൾ മുടക്കി സാധാരണക്കാരായ മനുഷ്യരെ കുടിയിറക്കി വൻകിട കുത്തകകൾ ഭൂമിയേറ്റെടുക്കുമ്പോൾ അതിനുള്ള നഷ്ടപരിഹാര തുക സർക്കാർ കണക്കാക്കുകയാണ്. എന്നാൽ ജീവനുപോലും ഭീഷണിയായി ഒരു സുരക്ഷിതത്വ വുമില്ലാതെ തീരദേശത്ത് ജീവിക്കുന്ന ദരിദ്രരായ, നിസ്സഹായരായ തീരദേശ ജനതയുടെ ജീവിതത്തിന്/ പുനരധിവാസത്തിനായി കേവലം പത്ത് ലക്ഷം രൂപ നൽകി വഞ്ചിക്കാനുള്ള ഈ നടപടി സർക്കാർ ഒന്നുകൂടി ആലോചിക്കണം; അതിനാവശ്യമായ ഭേദഗതികൾ ബില്ലിൽ വരുത്തുകയും വേണം. ഇത് വല്ലാത്തൊരു അസമത്വവും നീതികേടുമാണെന്നാണ് എനിക്ക് സൂചിപ്പിക്കാ നുള്ളത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം മത്സ്യത്തൊഴിലാളികളുടെ ക്ഷേമ സഹകരണ

സംഘങ്ങളുമായി ബന്ധപ്പെട്ടതാണ്. കേരളത്തിൽ വലുതും ചെറുതുമായ നൂറുകണക്കിന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ എല്ലാ സഹകരണ സംഘങ്ങളുടെയും അവസ്ഥ പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാരിന്റെ പതിനഞ്ച് ശതമാനം സബ്സിഡിയും സംസ്ഥാന സർക്കാരിന്റെ പത്ത് ശതമാനം സബ്സിഡിയും വാങ്ങിയാണ് ഇക്കാലമത്രയും പ്രവർത്തിച്ചിരുന്നത്. അതിപ്പോൾ വെട്ടിക്കുറച്ച് പത്ത് ശതമാനം മാത്രമേയുള്ളൂവെന്നാണ് പറയുന്നത്. വെട്ടിക്കുറച്ചത് കേന്ദ്ര സർക്കാരിന്റെയാണോ അതോ സംസ്ഥാന സർക്കാരിന്റെ ഫണ്ടാണോ എന്നതുപോലും നിശ്ചയമില്ല. തീർച്ചയായും ഇത്തരം സഹകരണ സംഘങ്ങളെ സംരക്ഷിച്ച് നിർത്തിയില്ലെങ്കിൽ ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്കുള്ള കൈത്താങ്ങാണ് നഷ്ടപ്പെടാൻ പോകുന്നത്. ഇക്കാര്യം പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ആശ്വാസ സമ്പാദ്യ പദ്ധതിയിൽ ആഗസ്റ്റ് മുതൽ മാർച്ച് മാസം വരെയാണ് മത്സ്യത്തൊഴിലാളികൾ പണമടയ്ക്കേണ്ടത്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ അവർക്ക് തിരിച്ച് നൽകും. എന്നാലിപ്പോൾ അവസാന ഗഡു അവർക്ക് ലഭിച്ചിട്ടില്ല. അതുമാത്രമല്ല ആഗസ്റ്റ് മാസം മുതലുള്ള അടവും നടക്കുന്നില്ല. ഒന്നിച്ച് പൈസ അടയ്ക്കുകയെന്ന് പറയുന്നത് മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി നിർത്തലാക്കി ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയതുകൊണ്ട് വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തീർച്ചയായും മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി പുനരാരംഭിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണ മെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. നിരവധിയായ വിഷയങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും നിരാകരണ പ്രമേയത്തെ പിന്താങ്ങിക്കൊണ്ടും അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്ട് 2017-ൽ ഭേദഗതി ചെയ്തതിനെതിരെ മത്സ്യത്തൊഴിലാളി സമൂഹം ഉന്നയിച്ച പ്രതിഷേധത്തിന്റെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ഉള്ളടക്കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമനിർമ്മാണ രംഗത്ത് സംഭവിക്കുന്ന പാളിച്ചകളുടെ തെളിവായിട്ടാണ് പലപ്പോഴും ഇതിനെ കാണാൻ കഴിയുന്നത്. കുറ്റമറ്റ നിലയിൽ

നിയമനിർമ്മാണം നടത്തുകയെന്നതാണ് സുപ്രധാനം. അറുന്നൂറോളം വരുന്ന ഭേദഗതികൾ സമയം അല്പം മാറിപ്പോയി എന്ന പേരിൽ അംഗീകരിക്കാതെ വന്ന വിഷയത്തിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷത്തിന് ഇന്ന് രണ്ട് ബില്ലുകൾ ബഹിഷ്കരിച്ച് പോകേണ്ടിവന്നത്. അറുന്നൂറോളം ഭേദഗതികൾ സൂക്ഷ്മതയോടെ/ ശ്രദ്ധയോടെ പഠിച്ച് പരിശോധന നടത്തിയശേഷമാണ് സമർപ്പിച്ചതെന്നുള്ളത് പരിഗണിക്കപ്പെടാതെ പോകുന്നു. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ വീണ്ടും വരുമ്പോൾ ബില്ലിൽ ഭേദഗതി വരുത്തി കുറ്റമറ്റ നിലയിൽ നിയമനിർമ്മാണം നടപ്പാക്കുന്നതിന് പൊതുജനാഭിപ്രായം തേടുകയെന്നുള്ളതും മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥത്തിലുള്ള വികാരമെന്താണെന്ന് മനസ്സിലാക്കുകയെന്നുള്ളതും ഏറ്റവും പ്രധാനമാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇത്തരം ആവശ്യങ്ങൾ ഇവിടെ ഉന്നയി ക്കുന്നത്. ഇതിന്റെ ഉള്ളടക്കത്തിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ വിസ്മരിക്കുന്നില്ല. രണ്ടുമൂന്ന് കാര്യങ്ങൾ എനിക്ക് സൂചിപ്പിക്കാനുണ്ട്. ഇപ്പോൾ പിഴ നിരക്ക് വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട പ്രതിഷേധം കുറയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആഗ്രഹിക്കുന്നുവെന്നതും മത്സ്യബന്ധന നൗകകളിൽ മത്സ്യത്തൊഴിലാളികളെ നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനത്തിനല്ലാതെ ക്രിമിനൽ പ്രവർത്തനങ്ങൾക്കു വേണ്ടി നൗകകൾ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ നിയന്ത്രിക്കുന്നതിനുംവേണ്ടി കൊണ്ടുവന്ന ബില്ലിലെ അന്തഃസത്തയെ ഉൾക്കൊള്ളുന്നു. എന്നാൽ, നിയമ നിർമ്മാണരംഗത്ത് കുറ്റമറ്റ നിലയിൽ തുടർന്നുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച നിരവധിയായ നിർദ്ദേശങ്ങൾകൂടി ഈ മേഖലയുടെ സമഗ്രമായ സംരക്ഷണത്തിനും ഭാവി വളർച്ചയ്ക്കുംവേണ്ടി ഉണ്ടാകണ മെന്ന ആവശ്യമാണ് ഉന്നയിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ നന്നായി വിഷയത്തിൽ ഒതുങ്ങിനിന്നുതന്നെ സംസാരിക്കുകയാണ്. ഞാൻ ഒരു സംശയം ചോദിക്കുന്നുവെന്ന് മാത്രമേയുള്ളൂ. സമീപ ദിവസങ്ങളിലായി അങ്ങയുടെ നിലപാടുകളിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. അങ്ങിന്നലെ കശുവണ്ടി മേഖലയെ ക്കുറിച്ച് സംസാരിച്ചു, അത് ബഹുമാനപ്പെട്ട മെമ്പറുമായി വലിയ ബന്ധമില്ലാത്ത മേഖലയാണ്. ഇന്നിപ്പോൾ മത്സ്യ മേഖലയെക്കുറിച്ച് സംസാരിക്കുന്നു. കേരള കോൺഗ്രസ്സിന്റെ പാരമ്പര്യമെന്ന് പറഞ്ഞാൽ കാർഷിക മേഖലയുമായുള്ള ബന്ധമാണ്. ആ മേഖലയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതിന്റെ ലക്ഷണമാണോ അങ്ങ് മറ്റ് വിഷയത്തിലേയ്ക്ക് കടക്കുന്നത് എന്നുള്ള സംശയം ചോദിച്ചുവെന്നേയുള്ളൂ.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് ഇത് ചോദിച്ചത് അത്ഭുതകരമായിപ്പോയി. യഥാർത്ഥത്തിൽ കെ. എം. മാണി സാർ പറഞ്ഞിട്ടുള്ള അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഡോ. എൻ. ജയരാജ് ഒന്നിരുത്തി വായിച്ചാൽ ഏതെങ്കിലും മേഖല ഉപേക്ഷിക്കാൻ പറ്റുമോ എന്ന് മനസ്സിലാകും. കാർഷിക മേഖലയുടെ അനുബന്ധ മേഖലയാണ് ക്ഷീര കാർഷിക മേഖലയെന്ന് നമ്മളിപ്പോൾ അംഗീകരിച്ചു. കശുവണ്ടി കർഷകരടക്കമുള്ള കൃഷിക്കാരനും മത്സ്യസമ്പത്ത് എന്നുപറയുമ്പോൾ മത്സ്യത്തൊഴിലാളികളും ഇതിൽ വരും. കേരള കോൺഗ്രസ്സിന്റെ പ്രത്യയശാസ്ത്രത്തിൽ കർഷകനും കർഷകത്തൊഴിലാളിയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഇതുരണ്ടും ചേർത്തല്ലാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? ഡോ. എൻ. ജയരാജ് കൂടി യഥാർത്ഥ കേരള കോൺഗ്രസ്സിന്റെ വികാരത്തിലേയ്ക്ക് കടന്നുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, കെ. എം. മാണി സാറിനെ വിട്ടുവെങ്കിലും അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഇപ്പോഴും വിട്ടിട്ടില്ല. അതിപ്പോഴും മനസ്സിലുണ്ട്. കേരള കോൺഗ്രസ്സുകാരുടെ ഒരു പൊതു സംസ്കാരം, ഞാൻ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് പറയുകയായിരുന്നു. എവിടെപ്പോയാലും പാർട്ടി പലതായിപ്പോയാലും " blood is thicker than water" എന്നുപറയുന്നതുപോലെ കേരള കോൺഗ്രസ്സുകാർക്ക് ഒരു പൊതുസംസ്കാരമുണ്ട്. തീർച്ചയായും അങ്ങേയ്ക്ക് എപ്പോൾ വേണമെങ്കിലും കടന്നുവരാനുള്ള സാദ്ധ്യതകളുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പറിന് ഇങ്ങോട്ട് തിരിച്ച് മടങ്ങിവരാനുള്ള സാഹചര്യങ്ങൾ ഇനിയുമുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഡോ. എൻ. ജയരാജിന് പറ്റിപ്പോയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇട്ട ചൂണ്ടയിൽ കൊത്തിപ്പോയി എന്നതാണ്. അതിൽപ്പെട്ട് കിടക്കുകയാണ്. അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. മോൻസ് ജോസഫ്: സർ, സമുദ്രവും മത്സ്യവുമായി ബന്ധപ്പെട്ട് ചൂണ്ടയ്ക്കൊരു പ്രാധാന്യമുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ഒരു ചൂണ്ടയിലും ഈ മത്സ്യം കൊത്തുകയില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഏതായാലും രണ്ട് മുന്നണിയാണെങ്കിലും ഡോ. എൻ. ജയരാജ് ഹൃദ്യമായി സൗഹൃദത്തോടെ ഇങ്ങനെയൊരു പങ്കുവയ്ക്കൽ നടത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കാരണം രാഷ്ട്രീയത്തിന്റെ ഏത് തലങ്ങളിൽനിന്നാലും അതിന്റെയെല്ലാം അപ്പുറത്ത് നിൽക്കുന്ന ഉദാത്തമായൊരു സമീപനം നമുക്കെല്ലാം കാത്തുസൂക്ഷിക്കാൻ കഴിയുമെന്നുള്ളത് തീർച്ചയായും ഏറ്റവും വലിയ കാര്യമായിത്തന്നെ കരുതുകയാണ്. നമ്മളിപ്പോൾ കഴിക്കുന്ന മത്സ്യങ്ങളിൽ പലതും ആന്ധ്രാപ്രദേശിൽ നിന്നോ ഒമാനിൽ നിന്നോ വരുന്ന സാഹചര്യത്തെക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞു. കേരളത്തിന്റെ തീരദേശങ്ങളിൽ മത്സ്യ സമ്പത്ത് കുറയുന്നുവെന്ന ആശങ്ക ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത്തരമൊരു പശ്ചാത്തലത്തിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ തുടർന്നുവരുന്ന ബില്ലിൽ ചർച്ച ചെയ്യാനിരിക്കുകയാണ്. എങ്കിലും കേരളത്തിന്റെ സാഹചര്യങ്ങളിൽ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയെന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും കായിക വകുപ്പുമന്ത്രിയും തീരദേശങ്ങളുമായി ബന്ധപ്പെട്ട മന്ത്രിമാർ എന്നുപറഞ്ഞതുപോലെ കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ നിന്ന് ഫിഷറീസ് വകുപ്പുമന്ത്രി വന്നിരിക്കുന്നൊരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ ഉൾനാടൻ-തീരദേശ മത്സ്യസമ്പത്തിനെ ഒരുപോലെ പ്രയോജനപ്പെടുത്താൻ വേണ്ടിയുള്ള ശ്രമത്തിന് അങ്ങേയ്ക്ക് നേതൃത്വം നൽകാൻ കഴിഞ്ഞാൽ തീർച്ചയായും അത് കേരളത്തിന് അനുഗ്രഹമാകുന്ന വലിയൊരു കാര്യമാകുമെന്നതിൽ യാതൊരു സംശയവുമില്ല. സത്യത്തിൽ ഉൾനാടൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കാൻ കഴിയുംവിധത്തിലുള്ള കാര്യങ്ങൾ ഇന്ന് കുറഞ്ഞിരിക്കുകയാണ്. നമ്മുടെയെല്ലാം മേഖലകളിൽ ധാരാളം മത്സ്യ മാർക്കറ്റുകൾ നന്നായി പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. ഇന്ന് അവിടെയൊന്നും മത്സ്യം കാര്യമായി വരുന്നില്ല. ആ ഒരു നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണ്. ഒരു ഘട്ടത്തിൽ കേരളം ആലോചിച്ചൊരു പദ്ധതിയാണ് കാർഷിക മേഖലയുമായും പാടശേഖരങ്ങളുമായും ബന്ധപ്പെട്ട 'ഒരു നെല്ലും ഒരു മീനും' പദ്ധതി. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. ഞാൻ അതിൽ പ്രധാനപ്പെട്ടൊരു കാര്യം ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. പ്രസ്തുത പദ്ധതി കേരളത്തിൽ ആരംഭിച്ചുവെങ്കിലും അതൊന്നും പിന്നീട് മുന്നോട്ട് പോയില്ല. അതെല്ലാം എവിടെപ്പോയെന്നുപോലും അറിയില്ല. ഫലപ്രദമായി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും ഉൾനാടൻ മത്സ്യ സമ്പത്ത് പ്രോത്സാഹിപ്പിക്കാനും കഴിയും വിധത്തിൽ ഇത്തരം പദ്ധതികൾ പുനരാവിഷ്കരിക്കുന്നതിന്റെ സാദ്ധ്യതകൾ തീർച്ചയായും ഗവൺമെന്റ് പരിശോധി

ക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ മാർക്കറ്റിന്റെ സാഹചര്യങ്ങളെക്കുറിച്ച് പറഞ്ഞു. വിദേശ മാർക്കറ്റുകളെക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മളൊക്കെ പലപ്പോഴും വിദേശ മാർക്കറ്റുകൾ കണ്ട് അത്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. പക്ഷേ കേരളത്തിലെ നമ്മുടെ മാർക്കറ്റുകളുടെ അവസ്ഥ എന്താണ്? ഇന്നും വളരെ ശോചനീയാവസ്ഥയിൽ നിൽക്കുന്ന നമ്മുടെ മാർക്കറ്റുകൾക്ക് ഒരു ശാപമോക്ഷം നൽകാൻ കഴിയും വിധത്തിലുള്ള സാഹചര്യങ്ങൾ വളർത്തിയെടുക്കാൻ കഴിയണം. ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു മന്ത്രിയായിരുന്ന സമയത്ത് കേരളത്തിലെ വിവിധ മാർക്കറ്റുകളുടെ നവീകരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഒരു പദ്ധതി പ്രഖ്യാപിച്ചത് ഞാൻ ഓർക്കുകയാണ്. കടുത്തുരുത്തിയിൽ അത് ലഭിക്കാനായി ഒരു എം.എൽ.എ. എന്ന നിലയിൽ അപേക്ഷ നൽകുകയും ഇടപെടുകയും ചെയ്തു. കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ആ പദ്ധതി വരികയും ചെയ്തതാണ്. ഇത്തരത്തിലുള്ള പദ്ധതികൾ ഇനിയും നമുക്ക് ആവിഷ്കരിക്കാൻ കഴിഞ്ഞാൽ നമ്മുടെ മാർക്കറ്റുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ദയനീയമായൊരു സ്ഥിതിയിൽ മാർക്കറ്റുകൾ നിൽക്കുന്നൊരു സാഹചര്യം ഒഴിവാക്കാനും സാധിക്കും. മാർക്കറ്റുകൾ നവീകരിക്കാൻ കഴിയുന്നൊരു സ്ഥിതി വിശേഷം കേരളത്തിന്റെ അനിവാര്യതയായി കണേണ്ടതുണ്ട്. പലപ്പോഴും വളരെ ശോചനീയാവസ്ഥയിൽ നിൽക്കുന്ന സാഹചര്യമാണ് മാർക്കറ്റുകളിലുള്ളത്. ഗവൺമെന്റ് ഇതിനൊരു കർമ്മ പരിപാടി ആവിഷ്കരിച്ചാൽ ഏറ്റവും നല്ല കാര്യമായിരിക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ അവരുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇപ്പോഴും വീടില്ലാതെ വിഷമിക്കുന്ന എത്രമാത്രം കുടുംബങ്ങളാണുള്ളത്. തീരപ്രദേശത്ത് ആശങ്കയോടെ താമസിക്കുന്ന ഈ കുടുംബങ്ങൾക്ക് സ്ഥിരമായൊരു ഭവനം നൽകാൻ സാധിക്കുന്നൊരു സാഹചര്യം ഉറപ്പുവരുത്താൻ കഴിയാതെ ഈ ചർച്ചകൾ നടത്തുന്നതിൽ എന്തർത്ഥമാണുള്ളത്? അവരുടെ ആശങ്ക എത്ര വലുതാണ്. പൊന്നാനിയിൽ നാല് മത്സ്യത്തൊഴിലാളികൾ കടലിൽ പോയതിൽ മൂന്ന് പേരെ ഇപ്പോഴും തിരിച്ച് കിട്ടിയിട്ടില്ല. ഏറ്റവും അവസാനമുണ്ടായ അപകടമാണ്. അവർ ഏത് സമയത്തും കടലിൽ പോകും; ഏതാണ്ട് ഒന്നരക്കോടി രൂപ മുടക്കി വലയുൾപ്പെടെയുള്ളവ സമാഹരിച്ചുകൊണ്ടാണ് പോകുന്നത്. അവയെല്ലാം അപകടത്തിൽപ്പെട്ട് നഷ്ടപ്പെടുന്നതോടുകൂടി അവരുടെ ജീവിതം തകരുകയാണ്. ഇവിടെ ഇൻഷ്വറൻസ് സ്കീമിന്റെ അപര്യാപ്തതയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇൻഷ്വറൻസ് സ്കീം തൃപ്തികരമായി നടപ്പാക്കിയാൽ

അവർക്ക് സുരക്ഷ നൽകാൻ കഴിയും. ഇന്ന് അവരുടെ ജീവനും സമ്പത്തിനും സുരക്ഷയില്ലാതെ നിൽക്കുന്ന അവസ്ഥയിലാണ് വീടുമില്ലാതാകുന്നത്. ഇത്രയും കാലം കഴിഞ്ഞിട്ടും ഈ മേഖലയിലെ പ്രശ്നങ്ങളെ നമുക്ക് നേരിടാൻ കഴിയുന്നില്ലെന്ന് പറയുന്നത് നിർഭാഗ്യകരമാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി സഹോദരങ്ങളുടെ, തീരദേശത്ത് താമസിക്കുന്ന കുടുംബങ്ങളുടെ ഏറ്റവും വലിയ ആവലാതി എന്ന നിലയിൽ അവർക്ക് സംരക്ഷണം നൽകാൻ കഴിയും വിധത്തിലുള്ള ഭവന നിർമ്മാണ പദ്ധതി ഏറ്റെടുക്കാൻ ഈ ചർച്ച ഒരു പ്രചോദനമാകട്ടെ എന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഭാഗ്യവശാൽ നിയമസഭാംഗമെന്ന നിലയിൽ നിരവധി തവണ എനിക്കിവിടെ കടന്നുവരാൻ കഴിഞ്ഞു. എല്ലാ പ്രാവശ്യവും കടൽഭിത്തി നിർമ്മാണത്തെക്കുറിച്ച് സഭയിൽ സംസാരിക്കാറുണ്ട്. പക്ഷേ കാര്യമായി ഒരിക്കലും ഒന്നും നടക്കാറില്ല. വിശദമായ ചർച്ചകൾ നടന്നാലും കടൽ ഭിത്തി നിർമ്മിച്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നവിധത്തിലുള്ള സാഹചര്യം ഉറപ്പുവരുത്താൻ നമുക്ക് കഴിയുന്നില്ലെന്ന് പറയുന്നത് ഒരു വലിയ ജനവിഭാഗത്തോട് ചെയ്യുന്ന വഞ്ചനയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ആലപ്പുഴയുടെ കടൽത്തീരം മാത്രം സംരക്ഷിക്കാൻ ഏതാണ്ട് 284 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് നടന്നുവരുന്നത്. അതോടൊപ്പം ചെല്ലാനത്ത് 312 കോടി രൂപയുടെ കിഫ്ബി മുഖാന്തരമുള്ള നിർമ്മാണപ്രവർത്തനം നടക്കാൻ പോകുകയാണ്. കേരളത്തിന്റെ കടൽത്തീരത്താകെ 1000 കോടിയോളം രൂപയുടെ ടെട്രാപോഡിന്റെ വർക്ക് നടന്നുകൊണ്ടിരിക്കുന്നുവെന്ന വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, എങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. നടക്കുന്നുണ്ടെങ്കിൽ നല്ല കാര്യം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ചെല്ലാനത്ത് നിർമ്മാണ പ്രവർത്തനമൊന്നും നടക്കുന്നില്ല.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ എല്ലാറ്റിനെയും നെഗറ്റീവായി കാണരുത്. താങ്കളുടെ കാലത്ത് ഇത് നടക്കാതിരുന്നതിന് ഞങ്ങളെന്ത് ചെയ്യാനാണ്?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഏതായാലും രണ്ട് അഭിപ്രായങ്ങൾ ഇവിടെത്തന്നെ വന്നു. ശ്രീ. പി. പി. ചിത്തരഞ്ജൻ ചൂണ്ടിക്കാണിച്ചതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ നല്ലകാര്യം. ഞാൻ സൂചിപ്പിച്ചത് അങ്ങനെയുണ്ടാകണമെന്നാണ്. സത്യത്തിൽ കഴിഞ്ഞ സഭയിൽ നമ്മളെല്ലാം

സങ്കടത്തോടെ പറഞ്ഞിട്ടുണ്ട്, ആലപ്പുഴയിൽ നിന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമെല്ലാമുണ്ടായിട്ടും അവിടെ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെങ്കിൽ പിന്നെ എന്ന് നടക്കുമെന്ന് കഴിഞ്ഞ സഭയിൽ ചോദിച്ചത് ഞാൻ ഓർക്കുകയാണ്. അങ്ങനെ വന്നൊരു പ്രഖ്യാപനം കേരളത്തിൽ ഒരു സ്ഥലത്തെങ്കിലും തുടങ്ങിയത് നല്ല കാര്യം. പക്ഷേ ചെല്ലാനത്ത് നടക്കുന്നില്ലെന്ന് ശ്രീ. കെ. ബാബു ഇവിടെ ചൂണ്ടിക്കാണിച്ചു. കടൽഭിത്തി നിർമ്മാണമെന്ന് പറയുന്നത് പണ്ട് അഴിമതിയുടെ ഏർപ്പാടായിരുന്നു. ഒരു കണക്കും തെളിവുമില്ലാതെ കുറെ അഴിമതി നടത്തുന്നൊരു സാഹചര്യം. കടലിൽ കല്ലിടുക എന്നൊരു ആക്ഷേപംതന്നെ കേരളത്തിലൊട്ടാകെയുണ്ടായിട്ടുണ്ട്. ഒരിക്കലും കടൽത്തീരത്ത് സംരക്ഷണമുണ്ടാകാറില്ല. ഞങ്ങൾ പറയുന്നത് ആ തട്ടിപ്പിനെക്കുറിച്ചല്ല. കേരളത്തിന്റെ അതിർത്തിവിട്ട് കന്യാകുമാരിയിലേയ്ക്ക് പോകുമ്പോൾ തമിഴ്നാടിന്റെ അതിർത്തി തുടങ്ങുന്നിടത്ത് കടൽ ഭിത്തി നിർമ്മാണം ഏറ്റവും തൃപ്തികരമായി നിർവ്വഹിച്ചിട്ടുള്ളത് നമുക്ക് കാണാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഘട്ടത്തിൽ ഈ സഭയിൽത്തന്നെ ചൂണ്ടി ക്കാണിക്കുകയുണ്ടായി. തമിഴ്നാടിന്റെ ആ രീതിയെന്താണെന്ന് പരിശോധിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരികയാണെന്ന് പറഞ്ഞു. അത് സ്വാഗതാർഹമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കടലാക്രമണവുമായി ബന്ധപ്പെട്ടും അതുപോലെതന്നെ സുനാമി സംഭവിച്ച അവസരങ്ങളിലും സ്വാഭാവികമായും കടൽത്തീരത്തുള്ള മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുനർനിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനുമൊക്കെ പ്രത്യേക പാക്കേജുകളിലൂടെ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. സമീപ ദിനങ്ങളിലായി മലയോര മേഖലകളിലും അതിന് സമാനമായ രീതിയിൽ വെള്ളംകൊണ്ടുള്ള ദുരിതങ്ങളുണ്ടായി. ഇന്ന് ഉച്ചയ്ക്കുശേഷം എന്റെ നിയോജകമണ്ഡലത്തിൽ എട്ട് ഉരുൾപൊട്ടലുകളുണ്ടായി. ഏയ്ഞ്ചൽ വാലി, പമ്പാവാലി, എരുമേലി പഞ്ചായത്തുകളിലെ നാലുവീടുകൾ പൂർണ്ണമായും ഒലിച്ചുപോയി. എട്ട് വീടുകൾ വെള്ളം കയറി തകർന്നു. ആളുകൾ മുഴുവൻ ദുരിതാശ്വാസ ക്യാമ്പിലാണ്. ഞാൻ ഇവിടെ പരാമർശിച്ചത്, വെള്ളം കൊണ്ടുള്ള ദുരിതം മലയോര മേഖലയിലേയ്ക്കും എത്തിയതോടുകൂടി സ്വാഭാവി കമായും കടൽത്തീര മേഖലകളിലേതുപോലുള്ള സംരക്ഷണ, പുനരധിവാസ പ്രവർത്തനങ്ങൾ മലയോര മേഖലകളിൽക്കൂടി വ്യാപിപ്പിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, തീർച്ചയായും, ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ആശങ്കാജനകമായ സാഹചര്യമാണെങ്കിൽ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എത്രയുംവേഗം ഉരുൾപൊട്ടൽ ദുരിതബാധിത മേഖലകളിൽ പോയാൽപ്പോലും തെറ്റില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച സാഹചര്യങ്ങൾ നൂറു ശതമാനവും വസ്തുതയാണ്. നമ്മളെല്ലാവരും പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ചതാണ്, അവിടെ ദുരിതപൂർണ്ണമായ സാഹചര്യമാണ്. വീണ്ടും അത്തരം സാഹചര്യങ്ങൾ ആവർത്തിക്കുകയാണെങ്കിൽ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. കടലോര മേഖലയുടെ പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടാത്തതെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സുരക്ഷിതമെന്ന് കരുതിയ മലയോര മേഖലയും ഇന്ന് ദുരന്തഭൂമിയായി മാറുകയാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കാര്യത്തിൽ കേരളത്തിൽ ദീർഘവീക്ഷണത്തോടെയുള്ള വിചിന്തനവും കർമ്മപരിപാടിയും ആവിഷ്കരിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ ആശങ്കാജനകമായ സാഹചര്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ആരും അതിശയോക്തിപരമായി സംസാരിക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എല്ലാവരും അംഗീകരിച്ചു. കേരളത്തിൽ ഭരണ-പ്രതിപക്ഷ കക്ഷിഭേദമെന്യേ യോജിച്ച നിലപാടോടുകൂടി ചർച്ച ചെയ്യേണ്ട നിരവധി വിഷയങ്ങളുടെകൂടെ, അവിടത്തെ ജനതയുടെ ആശങ്കകളും പ്രശ്നങ്ങളും കണക്കിലെടുത്ത് പുതിയ ഡാം നിർമ്മിക്കുകയെന്ന ആവശ്യവും വരികയാണ്. കേരളത്തിന്റെ നിലനിൽപ്പിനും അടിസ്ഥാന വികസനകാര്യങ്ങളുടെ സംരക്ഷണത്തിനുമാവശ്യമായ കർമ്മ പരിപാടികളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ട സമയമാണ്. തീരദേശത്തിന്റെ പ്രശ്നങ്ങളിൽ സമുദ്രതീരങ്ങളെ മുഴുവൻ തകർക്കുന്ന വിധത്തിലുള്ള നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അത്തരം അപകടകരമായ സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റ് സാധ്യമായ നടപടികളുമായി മുന്നോട്ടു വരേണ്ടത്. ഇത്തരം കാര്യങ്ങളിൽ പോസിറ്റീവായ സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നതെങ്കിലും ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളിൽനിന്നും മോചനം ലഭിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ പാവപ്പെട്ട കുടുംബങ്ങൾ അനുഭവിക്കുന്ന കഷ്ടതകളിൽനിന്നും മോചിപ്പിക്കാനും മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷത്തിലേയ്ക്ക് ജീവിതത്തെ മുന്നോട്ടുനയിക്കാൻ കഴിയുംവിധത്തിലുള്ള സാഹചര്യം ഉറപ്പുവരുത്താനും ഈ ചർച്ചകൾ സഹായകരമാകട്ടെയെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബില്ലിന്മേൽ പൊതുജനാഭിപ്രായം നേടുന്നതിനുവേണ്ടി നിർദ്ദേശിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ച അംഗങ്ങളെല്ലാം ആ മേഖലയിലുണ്ടായ ഏറ്റവും ഗുരുതരമായ പ്രതിസന്ധികളെ സംബന്ധിച്ച് വിവരിക്കുകയുണ്ടായി. ഈ മേഖലയിലെ ജനങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ പ്രതിജ്ഞാബദ്ധമായ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുന്ന നയങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രി മത്സ്യമേഖലയുമായി ബന്ധപ്പെട്ട നാല് ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. കേരളത്തിന്റെ തീരദേശമേഖല ഏകദേശം 590 കിലോമീറ്ററാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഓരോ ദിവസവും തീരദേശമേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും ദുഃഖങ്ങളുമാണ് നമുക്ക് പത്രങ്ങളിൽ കാണാൻ കഴിയുന്നത്. ഇന്ന് സഭയിൽ ബില്ലുകൾക്കിടയിൽ ചർച്ചചെയ്യപ്പെട്ടതും അതാണെന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിൽ ഏകദേശം 335 മത്സ്യഗ്രാമങ്ങളിലായി 10.4 ലക്ഷം മത്സ്യത്തൊഴിലാളികളുണ്ട്. 8.04 ലക്ഷം മത്സ്യത്തൊഴിലാളികളും കടലിനോട് മല്ലിട്ട് ജീവൻപോലും പണയംവച്ച് മത്സ്യബന്ധനം നടത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്. അവരുടെ വിഷയങ്ങളാണ് നമ്മളിവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മൊത്തം മത്സ്യോത്പാദനം 6.8 ലക്ഷം മെട്രിക് ടണ്ണാണ്. ഇതിൽ 4.7 ലക്ഷം മെട്രിക് ടണ്ണും സമുദ്രമേഖലയിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. എന്നാൽ ഈ ജനവിഭാഗങ്ങളോട് നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നത് ബിൽ ചർച്ച ചെയ്യുന്ന സമയത്ത് നമ്മൾ ആലോചിക്കേണ്ട വിഷയമാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2018-ൽ ഓഖി ദുരന്തമുണ്ടായ സന്ദർഭത്തിൽ 2000 കോടി രൂപയുടെ സാമ്പത്തിക പാക്കേജാണ് പ്രഖ്യാപിച്ചത്. 2019-20-ൽ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അയ്യായിരം കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. ഈ രണ്ട് പാക്കേജുകളും നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിൽ പ്രഖ്യാപിച്ചെങ്കിലും യഥാർത്ഥത്തിൽ അതിൽ എത്ര രൂപ ചെലവഴിക്കാൻ സാധിച്ചുവെന്നത് സംബന്ധിച്ച് ഈ ബിൽ ചർച്ചചെയ്യുന്ന വേളയിലെങ്കിലും ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോവിഡ് മഹാമാരിയെത്തുടർന്ന് മത്സ്യമേഖലയിൽ വലിയ പ്രതിസന്ധിയാണുണ്ടായിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തിക സർവ്വേ പ്രകാരം മത്സ്യത്തൊഴിലാളി മേഖലയിൽ 2020 മാർച്ച് മുതൽ ജൂലൈ മാസം വരെ ഏകദേശം 1371 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

കോവിഡിന്റെ രണ്ടാംവരവോടുകൂടി അത് ഏകദേശം മൂവായിരം കോടി രൂപയിലധികമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ട്രോളിംഗ് നിരോധനം, കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് തുടങ്ങിയ കാരണങ്ങളാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുപോകാൻ കഴിയാത്തത് അവരുടെ ജീവിതത്തിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം പ്രതികൂല സാഹചര്യങ്ങളെല്ലാം അവരുടെ ജീവിതത്തെ വളരെ ദുർഘടാവസ്ഥയിലേയ്ക്ക് കൊണ്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. 2020-ൽ 100 ദിവസംപോലും ജോലിക്കുപോകാൻ കഴിഞ്ഞില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയ രാജ്യമാണ് നമ്മുടേത്. ഒരു പൗരന് 100 ദിവസത്തെ ജോലിയെങ്കിലും അവകാശമായി നൽകിയ രാജ്യമാണിത്. 2020-ലെ പ്രതികൂല സാഹചര്യത്തിൽ മത്സ്യ ത്തൊഴിലാളി മേഖലയിലെ തൊഴിലാളികൾക്ക് 100 ദിവസംപോലും ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യമായിരുന്നു സംസ്ഥാനത്തുണ്ടായിരുന്നത്. ഈ മേഖലയിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധിയും ദാരിദ്ര്യവും പട്ടിണി യുമാണ്. വരുമാനമില്ല, തൊഴിൽ ചെയ്യാനാകുന്നില്ല, വായ്പയ്ക്കായി പൊതു മേഖലാ സ്ഥാപനങ്ങളെ സമീപിക്കാൻ അവർക്ക് ആസ്തിയില്ല. അങ്ങനെ അവർ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നു. കടലെടുത്തുപോകുന്ന വീടും ഭൂമിയും എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നത് നിസ്സഹായതയോടെ നോക്കി നെടുവീർപ്പിടേണ്ട വിഭാഗമായി മത്സ്യത്തൊഴിലാളികൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഇത്തരം നിയമങ്ങളുണ്ടാക്കുമ്പോൾ ആ ജനവിഭാഗങ്ങളുടെ യഥാർത്ഥ വസ്തുതകൂടി മനസ്സിലാക്കി മുന്നോട്ടുപോകണമെന്ന ആവശ്യം പൊതുവെ എല്ലാ അംഗങ്ങളും മുന്നോട്ടുവയ്ക്കുന്നത്. ഇന്ന് ആ മേഖലയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വറുതിയാണ്. മത്സ്യത്തൊഴിലാളികൾ കാലാവസ്ഥയോട് മല്ലടിച്ചാണ് ജീവിക്കുന്നത്. അവർക്കുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ ഇന്ന് സബ്സിഡി നിരക്കിലാണ് കൊടുക്കുന്നത്. മത്സ്യസമ്പത്തുമായി തിരിച്ചുവരുമെന്ന പ്രതീക്ഷയിലല്ല അവർ കടലിൽപ്പോകുന്നത്. അതുകൊണ്ട് കടലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ജീവൻരക്ഷാ ഉപകരണങ്ങൾ സൗജന്യമായി കൊടുക്കാനുള്ള നടപടി സ്വീകരി ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യങ്ങളുടെ മാർക്കറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മാന്യമായ വില ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്ന് ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്

യഥാർത്ഥത്തിലുള്ള വില ലഭ്യമാക്കുന്നില്ല. മത്സ്യവില്പനയ്ക്ക് വിദേശരാജ്യങ്ങളിലുള്ള സൗകര്യങ്ങളെ സംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൻ ഇവിടെ പ്രതിപാദിച്ചു. ഞാൻ വിദേശരാജ്യങ്ങളിൽപ്പോയി പരിചയമുള്ള ആളല്ല. നമുക്ക് അത്രയും സൗകര്യങ്ങളുണ്ടായില്ലെങ്കിലും മാന്യമായി മത്സ്യക്കച്ചവടം നടത്താനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാൻ കഴിയേണ്ടതുണ്ട്. മത്സ്യലേലത്തിൽ മത്സ്യഫെഡ് ഇടപെടുന്നതിനുള്ള നടപടികളുണ്ടായി. ഇപ്പോൾ അത് നിർത്തിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരം കാര്യങ്ങളിൽ ഇടപെടലുണ്ടായാൽ ഒരു പരിധിവരെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് ന്യായവില ലഭിക്കാനും ഇടയാകുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന ബോട്ടുകൾക്കും യാനങ്ങൾക്കും കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും കഴിഞ്ഞുമാത്രമേ തിരിച്ചുവരാൻ കഴിയുകയുള്ളൂ. ഏകദേശം 1300 മുതൽ 1500 വരെ ലിറ്റർ ഡീസലാണ് ഒരു ബോട്ടിന് അല്ലെങ്കിൽ വലിയ യാനത്തിന് ഒരു പ്രാവശ്യം കടലിൽ പോകാൻ ആവശ്യമായിവരുന്നത്. ഇന്നത്തെ കണക്കനുസരിച്ച് ഒരു ബോട്ടിന്/യാനത്തിന് 1300 ലിറ്റർ ഡീസൽ വേണമെങ്കിൽ 1,23,000 രൂപ വേണ്ടിവരും. ഒരു ബോട്ടോ വലിയ യാനമോ കടലിൽ പോയി രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ 5 ലക്ഷം രൂപയുടെ മത്സ്യസമ്പത്തെങ്കിലും പിടിച്ചുകൊണ്ടുവന്നെങ്കിൽ മാത്രമേ അത് ബ്രേക്ക് ഈവനായി മാറുകയുള്ളൂ. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ പറഞ്ഞത് ശരിയാണ്. കാരണം, ഇന്ന് നമ്മുടെ സർക്കാർ ഡീസലിന് സബ്സിഡി കൊടുക്കുന്നില്ല. ശ്രീ. പി. പി. ചിത്തരഞ്ജൻ മത്സ്യഫെഡ് ചെയർമാനായിരുന്നു. 184 കോടി രൂപ മണ്ണെണ്ണയുടെ സബ്സിഡിയായി കൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി കൊടുക്കുന്നില്ല. ഇന്ത്യയിൽ മത്സ്യമേഖലയിൽ ഡീസലിന് സബ്സിഡി കൊടുക്കാത്ത സംസ്ഥാനമാണ് കേരളം. പല സംസ്ഥാനങ്ങളിലും 3 മുതൽ 14 രൂപ വരെ സബ്സിഡി കൊടുക്കുന്നുണ്ട്. മഹാരാഷ്ട്രയിൽ 8 രൂപയും ഗോവയിൽ 4 രൂപയും ഗുജറാത്തിൽ 14 രൂപയും കർണ്ണാടകയിൽ 7 രൂപയും തമിഴ്നാട്ടിൽ 3.75 രൂപയും സബ്സിഡി കൊടുക്കുന്നുണ്ട്. മിക്ക സംസ്ഥാനങ്ങളും സബ്സിഡി കൊടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഡീസലിനും മണ്ണെണ്ണയ്ക്കും സബ്സിഡി കൊടുക്കാതെ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ, പിടിച്ചുകൊണ്ടുവരുന്ന മത്സ്യംകൊണ്ട് അവർക്ക് ജീവിക്കാൻ പോലും കഴിയാത്ത അവസ്ഥയാണെന്നതാണ് യാഥാർത്ഥ്യം.

1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം മൂലാധാരമാക്കിയുള്ള ബില്ലാണ് ഇപ്പോഴിവിടെ ഭേദഗതി ചെയ്യുന്നത്. 1986-ൽ രണ്ട് പ്രാവശ്യവും 2017-ൽ ഒരു പ്രാവശ്യവും മൂന്ന് പ്രാവശ്യം ഈ ബിൽ ഭേദഗതി ചെയ്തിട്ടുണ്ട്. 2017-ൽ ഭേദഗതി ചെയ്തതിനെത്തുടർന്നുണ്ടാക്കിയ പിഴനിരക്കുകൾ ലഘൂകരിക്കുകയെന്ന ഉദ്ദേശ്യത്തിലാണ് ഈ പുതിയ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അന്നത്തെ ഭേദഗതിയിലൂടെ വർദ്ധിപ്പിച്ച പിഴനിരക്കിൽ കുറവുവരുത്തുകയാണ്. 2017-ലെ ഭേദഗതി പ്രകാരം നിയമത്തിലെ 5, 7 വകുപ്പുകൾ ലംഘിക്കുകയാണെങ്കിൽ മൂന്ന് തരത്തിലുള്ള ശിക്ഷയാണ് വ്യവസ്ഥ ചെയ്തിരുന്നത്. 10 കുതിരശക്തിക്ക് താഴെയുള്ള എഞ്ചിൻ ഘടിപ്പിച്ച യാനങ്ങൾക്ക് 10,000 രൂപയും പത്തിനും നൂറിനും മധ്യേ കുതിരശക്തിയുള്ള യാനങ്ങൾക്ക് ഒരു ലക്ഷം രൂപയും നൂറിന് മുകളിൽ കുതിര ശക്തിയുള്ള യാനങ്ങൾക്ക് രണ്ടര ലക്ഷം രൂപയുമാണ് പിഴയായി തീരുമാനിച്ചിരുന്നത്. ഈ മൂന്ന് തരത്തിലുള്ള ഫൈനിന് പകരം 9 സ്ലാബായി തിരിച്ച് ഫൈൻ ഈടാക്കുന്ന ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. 10 എച്ച്.പി. വരെ 5,000 രൂപ, 10 മുതൽ 25 എച്ച്.പി. വരെ 10,000 രൂപ, 25 മുതൽ 50 എച്ച്.പി. വരെ 25,000 രൂപ, 50 മുതൽ 90 എച്ച്.പി. വരെ 50,000 രൂപ, 90 മുതൽ 120 എച്ച്.പി. വരെ 90,000 രൂപ, 120 മുതൽ 150 എച്ച്.പി. വരെ 1,20,000 രൂപ, 150 മുതൽ 200 എച്ച്.പി. വരെ 1,50,000 രൂപ, 200 മുതൽ 280 എച്ച്.പി. വരെ 2,00,000 രൂപ, 280-നുമേൽ 2,50,000 രൂപ എന്നിങ്ങനെ 9 സ്ലാബായിട്ടാണ് ഈ പുതിയ ഭേദഗതി ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഈ സ്ലാബ് പ്രായോഗികമല്ല. രണ്ടര ലക്ഷം രൂപ ഫൈനാക്കിയതുകൊണ്ടാണ് ഇപ്പോൾ ഭേദഗതി വരുത്തേണ്ടിവന്നതെന്ന് ബിൽ അവതരണവേളയിൽ ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുകയുണ്ടായി. 280-നുമുകളിൽ എച്ച്.പി.യുള്ള എല്ലാ യാനങ്ങൾക്കും ബോട്ടുകൾക്കും രണ്ടര ലക്ഷം രൂപയാണ് ഈ ഭേദഗതി നിയമത്തിലും വ്യവസ്ഥ ചെയ്തിരിക്കുന്നത്. അത് പകുതിയായി കുറയ്ക്കണം. അതുപോലെ 9 എന്നുള്ളത് 5 സ്ലാബായി കുറയ്ക്കണം. എന്നാൽ മാത്രമേ ഇത് പ്രായോഗികമായി നടപ്പാക്കാൻ കഴിയുകയുള്ളൂ. ഈ ഫൈൻ ഈടാക്കേണ്ടത് ഗസറ്റഡ് റാങ്കിലുള്ള അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർമാരാണ്. അതായത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽപ്പെടുന്ന ആളുകളെയാണ് ഇതിനായി ഏർപ്പെടുത്തേണ്ടത്. എന്നാൽ ഇത് തരംതിരിച്ച് ആവശ്യമായ നിയമ നടപടികളെടുക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങളില്ല. പിന്നെ എങ്ങനെയാണ് ഫൈൻ ഏർപ്പെടുത്തുന്നത്? ഇത്രയും വലിയ ക്ലാസിഫിക്കേഷൻ നടത്തി 9 സ്ലാബായി തിരിക്കുന്നതിനുപകരം നാലോ അഞ്ചോ സ്ലാബായി തിരിച്ച് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ഫൈനിന്റെ തുക പകുതിയാക്കി കുറയ്ക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്ന ഭേദഗതിയാണ് എനിക്ക് അവതരിപ്പിക്കാനുള്ളത്. അത്തരത്തിലുള്ള സമീപനം സ്വീകരിച്ചാൽ തീർച്ചയായും അത് ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാകും. ഏത് സ്ലാബിൽപ്പെട്ട ആളുകളാണ് തെറ്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടെത്താനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഈ നിയമത്തിലുണ്ടെന്നുള്ള വസ്തുത വളരെ പ്രധാനമാണ്. കേരളത്തിൽ ഏകദേശം നാലായിരത്തോളം യന്ത്രവത്കൃത ബോട്ടുകളുണ്ട്. അതിൽ 2500-ലധികം ബോട്ടുകളും 250 എച്ച്.പി.-ക്ക് മുകളിലുള്ളതാണ്. സംസ്ഥാനത്ത് 4000 ഫിഷിംഗ് ബോട്ടുകളുള്ളതിൽ 2500-ഓളം ഫിഷിംഗ് ബോട്ടുകളും 250 എച്ച്.പി.-ക്ക് മുകളിലുള്ളതാണ്. ആയിരത്തോളം വലിയ വള്ളങ്ങളും യാനങ്ങളും 250 എച്ച്.പി.-ക്ക് മുകളിലുള്ളതാണ്. അത്തരം വള്ളങ്ങളെയും യാനങ്ങളെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെങ്കിൽ ഇതിന്റെ സ്ലാബ് നാലോ അഞ്ചോ ആയി തിരിച്ച് ഫൈൻ കുറച്ചെങ്കിൽമാത്രമേ സാധ്യമാകുകയുള്ളൂവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ വലിയ പ്രതിസന്ധിയാണെന്ന് എല്ലാ അംഗങ്ങളും സൂചിപ്പിക്കുക യുണ്ടായി. ഇപ്പോൾ എല്ലാ യാനങ്ങൾക്കും വലിയ ഫീസാണ് ഈടാക്കി ക്കൊണ്ടിരിക്കുന്നത്. നിരതദ്രവ്യം, രജിസ്ട്രേഷൻ, ലൈസൻസ്, ക്ഷേമനിധി എന്നിങ്ങനെ നാലുതരം ഫീസുകളാണ് നിലവിലുള്ളത്. ഇതിൽ നിരതദ്രവ്യം എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഓരോ വർഷവും ലൈസൻസ് ഫീസ് വാങ്ങുകയാണ്. 19.5 മീറ്റർ നീളമുള്ള 250 കുതിരശക്തിയുള്ള യാനത്തിന് 25,000 രൂപയാണ് ലൈസൻസ് ഫീസായി ഇപ്പോൾ വാങ്ങുന്നത്. കർണ്ണാടകത്തിൽ ഇത് 3,000 രൂപയും തമിഴ്നാട്ടിൽ 250 രൂപയുമാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, സമാനത കളില്ലാത്ത രീതിയിൽ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചതുമൂലം മത്സ്യത്തൊഴിലാളികൾ ഫീസ് അടയ്ക്കുന്നതിൽ വിമുഖത കാണിക്കുമ്പോൾ സ്വാഭാവികമായും അവരിൽനിന്നും ഫൈൻ ഈടാക്കേണ്ടിവരും. അത് ഈ മേഖലയെ തളർത്തുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കും. അതുകൊണ്ട് ഫീസുകൾ ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

പുനർഗേഹം പദ്ധതിയെ സംബന്ധിച്ച് പലരും ഇവിടെ സംസാരിച്ചു. ഇതിനുവേണ്ടി 2405 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഏകദേശം 18685 കുടുംബങ്ങൾ കടലിന് 50 മീറ്റർ അരികിൽ താമസിക്കുന്നുവെന്നാണ് കണക്ക്. 17307 പേരെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ടെന്നാണ് ഇതിന്റെ അപ്രൂവൽ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളത്. മാറിത്താമസിക്കാൻ തയ്യാറാണെന്ന് സമ്മതമറിയിച്ചത് 7692 പേരും ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളത് 1569 പേരുമാണ്. കണക്കുകളിൽ ചില

വ്യത്യാസമുണ്ടാകും. ഇതിന് പ്രധാന കാരണം, 6 ലക്ഷം രൂപയ്ക്ക് വീട് വയ്ക്കാനനു യോജ്യമായ ഭൂമി കിട്ടാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെന്ന് എറണാകുളം പോലുള്ള ജില്ലയിൽ താമസിക്കുന്ന ആളുകൾക്കറിയാം. 5 സെന്റ്/10 സെന്റ് ഭൂമിയുള്ള ഒരു മത്സ്യത്തൊഴിലാളി യഥാർത്ഥത്തിൽ ആ ഭൂമി ഉപേക്ഷിച്ചാണ് പുനർഗേഹം പദ്ധതിയിൽ അംഗമാകുന്നത്. ആ പദ്ധതിയിൽ വരുമ്പോൾ അവർക്ക് ഭൂമി ഉപയോഗിക്കാനുള്ള അവസരം കൊടുക്കുമെന്ന് നേരത്തെ മന്ത്രി ഇവിടെ അറിയിച്ചു. പക്ഷേ ഇതുമായി ബന്ധപ്പെട്ട് ഒരു സത്യവാങ്മൂലം നൽകുമ്പോൾ ഭൂമി തിരിച്ചുപയോഗിക്കാൻ കഴിയില്ല എന്ന് നിർബന്ധമായും എഴുതിക്കൊടുത്താൽ മാത്രമേ പുനർഗേഹം പദ്ധതിയിൽ അംഗമാകാൻ കഴിയൂ. അത്തരമൊരു സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് ഇത് ആകർഷകമല്ല. ഏതെങ്കിലും സ്ഥലങ്ങളിൽ ഇത് ആകർഷകമായിട്ടുണ്ടാകാം. പക്ഷേ ആകർഷകമാക്കണമെങ്കിൽ തീർച്ചയായും അവർക്ക് നേരത്തെയുണ്ടായിരുന്ന ഭൂമി ഉപയോഗിക്കാനും പുതിയ ഭൂമി വാങ്ങി മാന്യമായി വീട് വയ്ക്കാനും ഒരവസരം ഉണ്ടാക്കിക്കൊടുക്കണം. എങ്കിൽമാത്രമേ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് ന്യൂനതകൾ പരിഹരിച്ച് കുറ്റമറ്റതാക്കി മുന്നോട്ടുകൊണ്ടുപോകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

8.00 p.m]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): Sir, I move that- "This House resolves to disapprove The Kerala Inland Fisheries and Aquaculture (Amendment) Ordinance, 2021 (Ordinance No. 108 of 2021)." ഈ വിഷയത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒരു പ്രധാനപ്പെട്ട കാര്യത്തിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. കാരണം പെഗാസസ് അന്വേഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റെടുത്ത നിലപാടിനെ തള്ളിക്കളഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി അന്വേഷണ ഏജൻസിയെ നിയോഗിക്കാൻ തീരുമാനിച്ചു. നമ്മുടെ സ്വകാര്യതയും പൗരാവകാശവും സംരക്ഷിക്കണമെന്നാഗ്രഹിക്കുന്ന മുഴുവൻ ഇന്ത്യക്കാർക്കും തീർച്ചയായും ആത്മവിശ്വാസം പകരുന്ന ഒരു നിലപാടാണ് സുപ്രീംകോടതി സ്വീകരിച്ചത്. അക്കാര്യത്തിൽ എനിക്കുള്ള സന്തോഷം നിങ്ങൾക്കുമുണ്ടെന്നറിയാം. അത് ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്. xxxxxxxx*

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 29-10-2021-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സഭാ രേഖയിൽ നിന്നും നീക്കം ചെയ്തു.

ഇന്ന് നാല് ബില്ലുകളാണ് അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ ഇപ്പോൾ സമയം എത്രയായി? ഇത്രയധികം ബില്ലുകൾ ഒരുമിച്ച് പരിഗണനയ്ക്കെടുക്കുന്ന രീതി ഒരിക്കലും ശരിയല്ല. ഞാനത് അഡ്വാൻസായി പറയുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, കാലാവസ്ഥ ഇങ്ങനെ വന്നതുകൊണ്ടല്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ബില്ലുകളെല്ലാം മുൻമത്സ്യബന്ധന വകുപ്പുമന്ത്രിയുടെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസുകളായിരുന്നു. ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇതിനെ പിന്താങ്ങി സംസാരിച്ചപ്പോൾ എനിക്ക് വളരെ ദുഃഖം തോന്നി. കാരണം നമ്മുടെ തീരദേശ മേഖലയിൽ വലിയ സംഘർഷങ്ങൾവരെയുണ്ടാകാൻ സാദ്ധ്യതയുള്ള വ്യവസ്ഥകളാണ് 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിലുള്ളത്. ഇത് സൂത്തായി നടപ്പാക്കാൻ സാധിക്കുമോയെന്ന് എനിക്ക് ആശങ്കയുണ്ട്. അതുകൊണ്ട് ആ ബില്ലിന്റെ കാര്യത്തിൽ പുനഃപരിശോധന വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മത്സ്യത്തൊഴിലാളി മേഖല വലിയ പ്രതിസന്ധിയിലാണ്. അതിന് പല കാരണ ങ്ങളുമുണ്ട്. ആവശ്യമായ മത്സ്യസമ്പത്തില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനം. നമ്മുടെ പുഴയിലും കായലിലും കടലിലും മത്സ്യസമ്പത്തില്ല. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുപോയി കണ്ണീരോടുകൂടിയാണ് മടങ്ങിവരുന്നത്. പലപ്പോഴും അവരുടെ വലയിൽ തങ്ങുന്നത് വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് കുപ്പികളും ബാഗുകളുമാണ്. മത്സ്യത്തിന്റെ ലഭ്യതക്കുറവുമൂലം അരൂരിലും നീണ്ടകരയിലുമുള്ള മത്സ്യഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഇത് അതത് പ്രദേശത്തെ എം.എൽ.എ-മാർക്കെല്ലാം അറിയാവുന്ന കാര്യമാണ്. ആന്ധ്രാപ്രദേശിൽനിന്നും മംഗലാപുരത്തു നിന്നും കൊണ്ടുവരുന്ന മത്സ്യം ഉപയോഗിച്ചാണ് ഇവിടെ കുറച്ച് ഫാക്ടറികൾ പ്രവർത്തിക്കുന്നത്. നമ്മുടെ മത്സ്യസമ്പത്ത് അത്രയേറെ കുറഞ്ഞുവരികയാണ്. അതുകൊണ്ട് ഉൾനാടൻ മത്സ്യകൃഷിക്ക് വലിയ പ്രാധാന്യമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉൾനാടൻ മത്സ്യകൃഷി വളരെയേറെ വ്യാപിപ്പിക്കാൻ ശ്രമിച്ചിരുന്നു. കേരളത്തിലെ ഏകദേശം 930 പഞ്ചായത്തുകളും നഗരസഭകളും ഉൾനാടൻ മത്സ്യകൃഷി പരിപാടിയിൽ പങ്കാളികളായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഉൾനാടൻ മത്സ്യകൃഷിക്ക് വിത്തും തീറ്റയും സൗജന്യമായി നൽകുകയും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്തു. ഞങ്ങൾ ഗുണമേന്മയുള്ള മത്സ്യവിത്ത് നൽകാനായി മത്സ്യവിത്ത് നിയമം കൊണ്ടുവന്നു. കേരളത്തിലെ പ്രവർത്തിക്കാതിരുന്ന എല്ലാ ഫാമുകളും പ്രവർത്തനക്ഷമമാക്കി. അങ്ങനെ ഉൾനാടൻ മത്സ്യകൃഷി വളരെ വ്യാപകമായി നടത്താൻ ഞങ്ങൾ ശ്രമിച്ചു.

എന്നാൽ കഴിഞ്ഞ 5 വർഷക്കാലം ആ പദ്ധതിക്കുവേണ്ടി പണം ചെലവാക്കി യെങ്കിലും കാര്യമായി പ്രയോജനപ്പെട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെതന്നെ മത്സ്യസമ്പത്ത് ഇല്ലെന്നുമാത്രമല്ല, തദ്ദേശീയമായ മത്സ്യങ്ങളുടെ ഇനം വളരെ കുറഞ്ഞുവരികയും ചെയ്യുകയാണ്. നിയമവിരുദ്ധവും അശാസ്ത്രീയവുമായ മത്സ്യബന്ധനം മത്സ്യസമ്പത്തിനെ വളരെയേറെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഫാക്ടറികളിൽനിന്നുള്ള മലിനജലം കൂടാതെ സ്വീവറേജ് മാലിന്യങ്ങളും കായലുകളിലേയ്ക്കും പുഴകളിലേയ്ക്കും ഒഴുക്കിവിടുന്നു. അങ്ങനെ നമ്മുടെ പുഴകളും കായലുകളും നദികളുമെല്ലാം വളരെ മലിനമായിരിക്കുകയാണ്. വേമ്പനാട് കായലിലാണെങ്കിൽ പായൽ നിറഞ്ഞ് മത്സ്യബന്ധനത്തിന് വള്ളമിറക്കാൻ സാധിക്കുന്നില്ല. തണ്ണീർമുക്കം ബണ്ട് സമയബന്ധിതമായി തുറക്കാത്തതുകൊണ്ട് ഉപ്പുവെള്ളം കയറി മത്സ്യം വളരാനും പായൽ ചീയാനുമുള്ള അവസരമുണ്ടാകുന്നില്ല. അതുകൊണ്ട് തണ്ണീർമുക്കം ബണ്ടിന്റെ കാര്യത്തിൽ കർഷകരുടെയും മത്സ്യ ത്തൊഴിലാളികളുടെയും താല്പര്യങ്ങൾക്കനുസൃതമായി യോജിച്ച് ധാരണയുണ്ടാക്കണം. നേരത്തെ അങ്ങനെ ചെയ്യാറുണ്ടായിരുന്നു. തണ്ണീർമുക്കം ബണ്ട് തുറന്നാൽ മാത്രമേ വേമ്പനാട് കായലിലെ പായൽ പ്രശ്നത്തിന് ഒരു ചെറിയ പരിഹാരമെങ്കിലും കാണാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തുണ്ടായ രണ്ട് പ്രളയങ്ങളെത്തുടർന്ന് എക്കൽ അടിഞ്ഞ് കായലുകളെല്ലാം നികന്നുകിടക്കുകയാണ്. പല കായലിലൂടെയും നടന്നുപോകാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി എക്കൽ നീക്കാൻ 5000 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചു. അടിയന്തരമായി ആ പദ്ധതികൾ നടപ്പാക്കണം. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് കാലാവസ്ഥാവ്യതിയാനംമൂലം പ്രഖ്യാപിക്കുന്ന യെല്ലോ അലർട്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടില്ല, തീവ്രമായ മഴ പെയ്യുമെന്നൊക്കെയുള്ള അലർട്ടാണ് എല്ലാ ദിവസവും നൽകുന്നത്. ഈ സാമ്പത്തികവർഷം പരിശോധി ച്ചാൽ മത്സ്യബന്ധനത്തിന് പോയതിനേക്കാൾ കൂടുതൽ ദിവസം പോകാൻ പാടില്ലെന്ന മുന്നറിയിപ്പുണ്ടായ ദിവസങ്ങളാണ്. അങ്ങനെയുള്ള ദിവസങ്ങളിൽ 200 രൂപ വീതം നൽകുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. അത് കഴിയുന്നത്ര വേഗം നൽകണം. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. കൊറോണ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയുടെയെല്ലാം ഫലമായി മത്സ്യത്തൊഴിലാളി മേഖല പട്ടിണിയിലാണ്. അതുപോലെതന്നെ ഉപയോഗിക്കാൻ പാടില്ലാത്ത ചൈനീസ് നെറ്റ് വ്യാപകമായി ഉപയോഗിക്കപ്പെടുകയാണ്. ചെറിയ മത്സ്യക്കുഞ്ഞുങ്ങളെ അകലം കുറഞ്ഞ കണ്ണികളുള്ള വലകൾ ഉപയോഗിച്ച് പിടിച്ചുകൊണ്ടുപോകുന്ന ഒരു സ്ഥിതിയുണ്ട്. അത് മത്സ്യസമ്പത്തിന്റെ ലഭ്യതക്കുറവിന് ഇടവരുത്തും.

എൽ.ഡി.എഫ്., യു.ഡി.എഫ്. ഗവൺമെന്റുകൾ ഭരിക്കുമ്പോഴെല്ലാം കായലുകളിലും പുഴകളിലും നദികളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാറുണ്ട്. ഇപ്പോൾ ഗവൺമെന്റ് അത് വേണ്ടെന്ന് തീരുമാനിച്ചെന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യം പുനഃപരിശോധിക്കണം. കാരണം കായലുകളിലും നദികളിലുമെല്ലാം മത്സ്യ സമ്പത്ത് വളരണം. 100 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചാൽ 20 മത്സ്യ ക്കുഞ്ഞുങ്ങളേ ജീവിക്കൂ. ബാക്കിയുള്ളവ ചത്തുപോകും. എന്നാൽപ്പോലും ആ പരിപാടി എൽ.ഡി.എഫ്. ഗവൺമെന്റും ഞങ്ങളും നടത്തിയിരുന്നു. അത് നിർത്തലാക്കരുത്; അത് മത്സ്യസമ്പത്തിന്റെ ലഭ്യത കുറയ്ക്കുമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. അതുപോലെതന്നെ നമ്മുടെ ഫാമുകളിൽ ഇപ്പോൾ മത്സ്യവിത്ത് കുറവാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് മത്സ്യവിത്ത് നിയമം കൊണ്ടു വന്നതോടൊപ്പംതന്നെ മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും കുറേ ശ്രമങ്ങൾ നടത്തി. പുറത്തുനിന്ന് ചെറിയ മത്സ്യക്കുഞ്ഞു ങ്ങളെ കൊണ്ടുവന്ന് 45 ദിവസം വളർത്തി വിതരണം ചെയ്യുന്ന ഒരു പരിപാടി യാണ് ഇപ്പോൾ നിങ്ങൾ ചെയ്യുന്നത്. അതിന്റെ ശാസ്ത്രീയ വശത്തെ ചോദ്യം ചെയ്യാൻ ഞാൻ ആളല്ല. പക്ഷേ മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിന് സ്വയംപര്യാപ്തതയ്ക്കുവേണ്ടിയുള്ള ഒരു കർമ്മപരിപാടി ആവിഷ്കരിക്കണം. ഗുണമേന്മയുള്ള മത്സ്യവിത്തുകൾ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാകണം, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ഡിമാന്റുള്ളത് കരിമീൻ കുഞ്ഞുങ്ങൾക്കാണ്. അതുകൊണ്ട് കരിമീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള നടപടിയുണ്ടാകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2015-ൽ 150 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും 180 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചിരുന്നു. കണ്ടൽക്കാടുകൾ കായലിന്റെ ഭിത്തി സംരക്ഷണത്തിനും മത്സ്യം വളരാനുമൊക്കെയുള്ള പ്രധാന ഘടകമാണ്. അതും വ്യാപകമായി നശിപ്പിക്കപ്പെടുന്നുണ്ട്. മത്സ്യകൃഷിയുടെ കാര്യത്തിൽ കുറേക്കൂടി ഫലപ്രദമായ പ്രവർത്തനം വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എല്ലാ ഡാമുകളിലും മത്സ്യകൃഷി ചെയ്യാൻ സാധിക്കില്ല. ചില ഡാമുകളിൽ മത്സ്യകൃഷി ചെയ്തിട്ടുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തണം. CRZ-മായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞാൻ മുൻപ് അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചിരുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതുമാണ്. ലൈഫ് പദ്ധതി അനുസരിച്ച് വീട് നിർമ്മിക്കാൻ ഫണ്ട് നൽകും; പക്ഷേ CRZ നിയമമനുസരിച്ച് അവർക്ക് അവിടെ വീട് വയ്ക്കാൻ സാധിക്കില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് ഇരുപതിനായിരം വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകി. ഞാൻ പ്രതിനിധാനം ചെയ്യുന്ന തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ നറുക്കെടുപ്പിലൂടെ 260 വീടുകൾ നൽകി. ആലപ്പുഴ

ജില്ലയിലും ധാരാളംപേർക്ക് വീട് കൊടുത്തു. എന്നാൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 8 വീടുകളാണ് കിട്ടിയത്. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി വളരെ നന്നായി നടന്നു കൊണ്ടിരുന്നതാണ്. അത് ലൈഫ് പദ്ധതിയിൽ ലയിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് വീടില്ലാതാക്കി. യു.ഡി.എഫ്. ഗവൺമെന്റ് 50,000 രൂപ വീതം വീട് റിപ്പെയർ ചെയ്യാൻ നൽകിയിരുന്നു. നിങ്ങളത് നിർത്തലാക്കി. ഏതെങ്കിലും കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് പതിനായിരം രൂപ വായ്പ കിട്ടിക്കാണും; പക്ഷേ അതിന്റെ പേരിൽ പിന്നീട് പുതിയ വീടിന് സഹായം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. 21,000 മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലെറ്റ് നിർമ്മിക്കാൻ 17,500 രൂപ വീതം ഗ്രാന്റ് നൽകി. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ടോയ്ലെറ്റ് നൽകണമെന്ന പദ്ധതി ശ്രീ. നരേന്ദ്ര മോദി ആവിഷ്കരിക്കുന്നതിനുമുമ്പ് ഞങ്ങൾ നടപ്പിലാക്കി. കടലിൽ പോകുമ്പോൾ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ മൃതദേഹം കിട്ടിയില്ലെങ്കിൽ അവരുടെ കുടുംബത്തിന് ആനുകൂല്യം ലഭിക്കുമായിരുന്നില്ല. മൃതദേഹം കിട്ടിയാലും ഇല്ലെങ്കിലും മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ഒരാഴ്ചയ്ക്കുള്ളിൽ ഇൻഷ്വറൻസ് ആനുകൂല്യം നൽകാൻ ഞങ്ങൾ തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ മത്സ്യഫെഡ് ചെയർമാനായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ആദ്യമായി മത്സ്യഫെഡ് ലാഭത്തിലായത്. അതുപോലെ യു.ഡി.എഫ്. ഗവൺമെന്റാണ് ആദ്യമായി മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകിയത്. ശ്രീ. പി. പി. ചിത്തരഞ്ജൻ മനസ്സിലാക്കണം, യു.ഡി.എഫ്. ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ 20 ശതമാനം സംവരണം നൽകി. 100 സീറ്റുകളുണ്ടെങ്കിൽ 20 സീറ്റുകളിൽ സംവരണം നൽകി. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ തീരദേശ മേഖലയിൽ പെട്രോൾ ബങ്കുകൾ പോലെ 13 മണ്ണെണ്ണ ബങ്കുകൾ ഞങ്ങൾ സ്ഥാപിച്ചു. എന്നാൽ ഒരെണ്ണം കൂടി സ്ഥാപിക്കാൻ കഴിഞ്ഞ 5 വർഷം കൊണ്ട് നിങ്ങൾക്ക് സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്രദമായ ഒട്ടനവധി പദ്ധതികൾ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ഞാൻ നെഗറ്റീവായി സംസാരിക്കുന്നുവെന്ന് നിങ്ങൾ നേരത്തെ പറഞ്ഞല്ലോ; നെഗറ്റീവായിട്ടല്ല മത്സ്യത്തൊഴിലാളി മേഖലയിലെ പ്രയാസങ്ങൾ അറിയാവുന്നതുകൊണ്ട് നിങ്ങൾ വാചകമടിക്കുമ്പോൾ പ്രതികരിച്ചു പോകുന്നതാണ്. ദയവായി ക്ഷമിക്കണം. ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനം ഉൾനാടൻ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ ഏറെ സമ്പന്നമാണ്. ജലാശയങ്ങളും തോടുകളും

കായലുകളും അരുവികളും അവിടെയൊക്കെ ഉണ്ടാകുന്ന മത്സ്യവുമായി ബന്ധപ്പെട്ടതാണ് നമ്മുടെ പൈതൃകവും പാരമ്പര്യവും. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഭക്ഷിക്കാനല്ലെങ്കിലും കുട്ടിക്കാലത്ത് ചൂണ്ടയിടാത്ത ആളുകൾ കേരളത്തിൽ വിരളമായിരിക്കും.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, രാഷ്ട്രീയ ചൂണ്ടയുണ്ട്. അത് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, രാഷ്ട്രീയ ചൂണ്ടയിൽ കൊത്തിയവരും അവരുടെ ഇന്നത്തെ അവസ്ഥയുമൊക്കെ നേരത്തെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാണിച്ചു. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇപ്പോൾ ഹൗസ് നല്ല സെൻസിൽ പോയിക്കൊണ്ടിരിക്കുകയാണ്. മത്സ്യസമ്പത്തും ഉൾനാടൻ ജലാശയങ്ങളും സംരക്ഷിക്കുന്നതിനും നമ്മുടെ നാട്ടിലെ പൈതൃകങ്ങളെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമം കൊണ്ടുവന്നത്. വർഷങ്ങൾ പിന്നിട്ടപ്പോൾ വാണിജ്യവൽക്കരണവുമായി ബന്ധപ്പെട്ട് ആ രംഗത്ത് പുതിയ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുകയാണ്. അതുകൊണ്ട് ചില നിയന്ത്രണങ്ങളും ക്രമീകരണങ്ങളും കൊണ്ടുവരുന്നതിനും കൗൺസിലുകൾ രൂപീകരിക്കുന്നതിനും വേണ്ടിയുള്ള ഭേദഗതികളാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലിലെ ആശയങ്ങളോട് ഞങ്ങൾ യോജിക്കുകയാണെങ്കിലും ബിൽ രൂപീകരിക്കുമ്പോഴുണ്ടാകേണ്ട അവധാനത ഇക്കാര്യത്തിലുണ്ടായിട്ടില്ലെന്നത് സൂചിപ്പിക്കുകയാണ്.

ഉൾനാടൻ മത്സ്യകൃഷിയുടെ വസ്തുതകൾ നോക്കിയാൽ നമ്മുടെ സംസ്ഥാനത്തെ മൊത്തം മത്സ്യത്തൊഴിലാളികളുടെ എണ്ണം 11 ലക്ഷത്തോളം വരും. ഇതിൽ 8 ലക്ഷം പേർ സമുദ്ര മത്സ്യബന്ധനത്തിലും 3 ലക്ഷത്തോളം പേർ ഉൾനാടൻ മത്സ്യബന്ധനത്തിലും ഏർപ്പെടുന്നുണ്ട്. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളാണ് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ നിൽക്കുന്നത്. 1999-2000 മുതൽക്കുതന്നെ ഉൾനാടൻ മത്സ്യോൽപ്പാദനം മെച്ചപ്പെട്ടുവന്നിട്ടുണ്ട്. വിശാലമായ ഭാരത രാജ്യത്തിൽ വളരെ കുറഞ്ഞ ഭൂപ്രദേശമേ കേരളത്തിനുള്ളൂ. അതിൽ 7 ശതമാനത്തിനുമുകളിൽ ജലാശയങ്ങളുള്ള സംസ്ഥാനമാണ് കേരളം. ഈ ജലാശയങ്ങളിൽ ഉൾനാടൻ മത്സ്യകൃഷിക്കുള്ള സാദ്ധ്യത നമ്മൾ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഇത്തരമൊരു ബിൽ കൊണ്ടുവരുന്നതിലൂടെ ഉൾനാടൻ മത്സ്യ

കൃഷിയുടെ വികാസവും ഉൽപ്പാദന വർദ്ധനവുമുണ്ടാകണം. പല പ്രതിസന്ധികൾ കാരണം നമ്മുടെ തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുവരുന്ന കാലമാണ്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചതുപോലെ ആധുനികവൽക്കരണവും പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തലുമൊക്കെയുണ്ടായാൽ പുതിയ തലമുറയ്ക്ക് ഈ രംഗത്ത് വരാൻ പ്രയാസമുണ്ടാകില്ല. അതിന് അതിന്റെ മാന്യതയുണ്ടാകും. ആ അർത്ഥത്തിലുള്ള നവീനവൽക്കരണമുണ്ടായാൽ തൊഴിൽ സാദ്ധ്യതകളുമുണ്ടാകും. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കരിമീനിനെക്കുറിച്ച് പറഞ്ഞാൽ വായിൽ വെള്ളമൂറാത്ത മലയാളിയുണ്ടാകില്ല. രുചി വൈവിദ്ധ്യമാണ് അതിന് കാരണം. അതുപോലെതന്നെ ശുദ്ധജലത്തിലും ഉപ്പ് വെള്ളത്തിലും വളരുന്ന ചെമ്മീനുകളുണ്ട്. കല്ലായി മേഖലയിലൊക്കെ വളരെ സർവ്വസാധാരണ മായി ഉണ്ടാകുന്ന ഒരു ഉൾനാടൻ സമുദ്ര ഉൽപ്പന്നമാണ് കടുക്ക. ഇതിന്റെയൊക്കെ രുചി വൈവിദ്ധ്യം വളരെ വലുതാണ്. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പാടിയതുപോലെ അയല വറുത്തതും കരിമീൻ പൊരിച്ചതുമൊക്കെ മലയാളിയുടെ സംസ്കാരത്തിന്റെ ഭാഗമാണ്. നമുക്ക് ഊണ് കഴിക്കണമെങ്കിൽ ഈ പറഞ്ഞ മത്സ്യങ്ങളില്ലാതെ സാധിക്കില്ല. ഇതിന്റെയൊക്കെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ആധുനിക രീതിയിൽ ഇതിനെ ഉപയോഗപ്പെടുത്താനും പുതിയ തലമുറയെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനുമൊക്കെ ഈ ബില്ലിൽ വ്യവസ്ഥകളുണ്ടാകേണ്ട തായിരുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മത്സ്യങ്ങൾക്ക് പണ്ടുണ്ടായിരുന്ന സ്വാദ് ഇപ്പോഴില്ലെന്ന് എല്ലാവരും പറയുന്നുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായ മെന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ ഈ വസ്തുത നമ്മൾ എല്ലാവരും ആലോചിക്കേണ്ട കാര്യമാണ്. നമുക്ക് ചെറുപ്പത്തിൽ കിട്ടിയിരുന്ന പല മത്സ്യങ്ങളും ഇപ്പോൾ ലഭിക്കുന്നില്ല. നിങ്ങൾ ചാളയെന്നും ഞങ്ങൾ മത്തിയെന്നും വിളിക്കുന്ന മത്സ്യത്തിന് മുമ്പുണ്ടായിരുന്ന രുചി ഇപ്പോഴില്ല. മീനിന്റെ രുചിയിൽ വ്യത്യാസം വന്നിട്ടുണ്ട്. മുമ്പ് കിട്ടിയിരുന്ന പല മീനുകളും ഇപ്പോൾ കടലിൽനിന്നും ലഭ്യമാകുന്നില്ല. കാലാവസ്ഥാ വ്യതിയാനമാണ് അതിന്റെ പ്രധാന പ്രശ്നമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. കേരളത്തിന്റെ ഭാവിക്കുതകുന്ന വാഗ്ദാനമാണ് ഉൾനാടൻ മത്സ്യബന്ധന മേഖല. ഇതിനായി നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ് ഫാമുകൾ എന്നിവ ശക്തിപ്പെടുത്തുകയും പുതിയ യൂണിറ്റുകൾ നിർമ്മിക്കുകയും വേണം. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്

കൂടുതൽ ബഡ്ജറ്റ് വിഹിതമുണ്ടാകണം. ഉൾനാടൻ മത്സ്യകൃഷിയും മത്സ്യ ബന്ധനവും വികസിപ്പിക്കാൻ ബഡ്ജറ്റ് വിഹിതമെത്രയാണ് ഉൾപ്പെടുത്തിയി ട്ടുള്ളതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് ചോദിക്കാ നുള്ളത്. കേരളത്തിൽ വളരെയേറെ സാദ്ധ്യതയുള്ള മേഖലയാണ് ഉൾനാടൻ മത്സ്യബന്ധന മേഖല. എന്നാൽ കുറഞ്ഞ തുക മാത്രമാണ് ഈ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. അതുപോലെ ഈ രംഗത്ത് പ്രഖ്യാപിക്കുന്ന പദ്ധതികളെല്ലാം പാഴായിപ്പോകുകയാണ്. നിലവിലെ മത്സ്യവിത്തുൽപ്പാദനം അഞ്ച് കോടി രൂപയിൽനിന്ന് പന്ത്രണ്ട് കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനമു ണ്ടായിരുന്നു, അത് എവിടെയെത്തി; ഒന്നും നടന്നിട്ടില്ല. വിത്തിന്റെ ഗുണമേന്മയും ഉൽപ്പാദനവും മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഹാച്ചറി നവീകരണ പദ്ധതിയും നടപ്പായില്ല. ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ പലതും പാതിവഴിയിലാണ്. ആഭ്യന്തര മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ ഫിഷറീസ് വകുപ്പ് പ്രഖ്യാപിച്ച പദ്ധതികളൊന്നും പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. നമ്മൾ ഉപയോഗിക്കുന്ന മത്സ്യത്തിന്റെ 70 ശതമാനവും പുറത്തുനിന്ന് വരുന്നതാണ്. ആന്ധ്രാപ്രദേശിൽ നിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഫോർമാലിൻ കലർന്ന മത്സ്യം, കടലിൽനിന്നും പിടിച്ച് ഒന്നോ രണ്ടോ മാസം കഴിഞ്ഞാണ് നമ്മൾ കഴിക്കുന്നത്. ഈ മേഖലയിൽ ഇത്തരം രാസവസ്തുക്കളുടെ പ്രയോഗം ശക്തമായി നടക്കുമ്പോഴും മത്സ്യബന്ധനം, ആരോഗ്യം എന്നീ വകുപ്പുകൾ മൗനം പാലിക്കുകയാണ്. നശിച്ചുപോയ ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കാനും തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കാനും തദ്ദേശീയ മത്സ്യങ്ങളുടെ നാശം തടയുന്നതിന് ചെറുകിട മത്സ്യകർഷകരെ പ്രോത്സാഹിപ്പിക്കാനും പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പായില്ല. ഇതൊക്കെയിപ്പോൾ കടലാസിൽ മാത്രമൊതുങ്ങു കയാണ്. ജലാശയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കുകയും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് അംഗങ്ങളെ തീരുമാ നിക്കുകയും ചെയ്തുവെങ്കിലും അതുസംബന്ധിച്ച ഫയൽ നടപടികൾ ഇപ്പോഴും ആരംഭിച്ചിട്ടില്ല. 'ശുചിത്വ തീരം' പദ്ധതി എവിടെയുമെത്തിയില്ല. സംസ്ഥാന ത്തിന്റെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായാണ് കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ പഠനം വ്യക്തമാക്കുന്നത്. വേമ്പനാട്ടുകായൽ, അഷ്ടമുടിക്കായൽ, പൂവാർ എന്നിവിടങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കാനുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. അത് വളരെ ശാസ്ത്രീയമായ ഒരു കാര്യമാണ്. കരിമീൻ ഉൾപ്പെ ടെയുള്ള ഒട്ടേറെ മത്സ്യങ്ങളുടെ പ്രജനന താവളം കണ്ടൽക്കാടുകളാണ്. അതുകൊണ്ട് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കണം. എന്നാൽ മാത്രമേ കൂടുതൽ കരിമീനുണ്ടാകുകയുള്ളൂ. ഇനിയും ഒരുപാട് കാലം നമുക്കും കുട്ടികൾക്കും നമ്മുടെ

നാട്ടിലേയ്ക്കുവരുന്ന അതിഥികൾക്കും കരിമീൻ കൊടുക്കാൻ കഴിയണം. അതിനു വേണ്ടി കായലുകളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കണം. പദ്ധതികൾ പ്രഖ്യാപിച്ചാൽ മാത്രം പോരാ, അത് നടപ്പാക്കാനുള്ള സംവിധാനവുമുണ്ടാക്കണം. ഉൾനാടൻ മത്സ്യകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ലെന്നത് വലിയ പോരായ്മയാണ്. കർഷകർ കാലങ്ങളായി ഉന്നയിക്കുന്ന ആവശ്യമാണിത്. വരൾച്ച, കാലവർഷം, അധികമഴ എന്നീ പ്രകൃതി ദുരന്തങ്ങൾമൂലം വലിയ കൃഷിനാശം സംഭവിക്കുമ്പോൾ വിള ഇൻഷ്വറൻസ് ഇല്ലെന്നത് വലിയ പോരായ്മയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞു കൊണ്ടിരിക്കുന്നത് ഉൾനാടൻ മത്സ്യകർഷകർ അനുഭവിക്കുന്ന പ്രയാസങ്ങളെ സംബന്ധിച്ചാണ്. കടൽ മത്സ്യം വാങ്ങാൻ നൂറുരൂപ നൽകുമ്പോൾ വർദ്ധിച്ച ഉൽപാദന ചെലവ് കാരണം ഉൾനാടൻ മത്സ്യത്തിന് 200 രൂപ നൽകണം. ഉൾനാടൻ മത്സ്യകർഷകർക്ക് ഉൽപാദന ചെലവിനനുസരിച്ചുള്ള വരുമാനം ലഭിക്കാത്തതുകൊണ്ടാണ് പലപ്പോഴും ഇതിൽനിന്ന് ഇവർ പുറകോട്ടുപോകുന്നത്. ഉൾനാടൻ മത്സ്യ കൃഷിക്കാവശ്യമായ ഫണ്ട് വകയിരുത്തണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതി വിഹിതം നൽകുന്നുണ്ട്. ഉൽപാദന മേഖലയ്ക്ക് 40 ശതമാനവും പശ്ചാത്തല മേഖലയ്ക്ക് 30 ശതമാനവും സേവന മേഖലയ്ക്ക് 30 ശതമാനവും നേരത്തെ നീക്കിവച്ചിരുന്നു. എന്നാൽ ഉൽപാദന മേഖലയ്ക്ക് നീക്കിവച്ചിരുന്ന പണം ഫലപ്രദമായി വിനിയോഗിക്കാത്തതുകൊണ്ടാകാം പിന്നീട് അതിനുള്ള വിഹിതം 30 ശതമാനമായി കുറഞ്ഞു. ഉൽപ്പാദന മേഖലയ്ക്ക് മാറ്റിവയ്ക്കുന്ന പണത്തിന്റെ ഒരു വിഹിതം മത്സ്യകൃഷിയുടെ പ്രോത്സാഹനത്തിനു വേണ്ടി/ വികസനത്തിനുവേണ്ടി വിനിയോഗിക്കാനാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. 'സുഭിക്ഷ കേരളം' പദ്ധതിയിൽ ഉൾനാടൻ മത്സ്യകർഷകർക്ക് 40 ശതമാനം സബ്സിഡി നൽകുന്നുണ്ട്. ഇതിന്റെ മൂന്നിൽ രണ്ടുഭാഗം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഒരു ഭാഗം മാത്രമാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. പല തദ്ദേശഭരണ സ്ഥാപനങ്ങളും സബ്സിഡിയുടെ മൂന്നിൽ രണ്ടുഭാഗം നീക്കിവയ്ക്കാത്തതുകൊണ്ട് ഉൾനാടൻ മത്സ്യകർഷകർക്ക് ഈ രംഗത്തേയ്ക്ക് വരാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം മാർക്കറ്റിംഗ് ഒരു വിഷയമാണ്. മത്സ്യഫെഡാണ് ഇവരുടെ മത്സ്യം വാങ്ങേണ്ടത്. എന്നാൽ മത്സ്യഫെഡ് ഇവർക്ക് ഉൽപ്പാദനത്തിനനുസരിച്ചുള്ള വില നൽകുന്നില്ല. അതുകൊണ്ട് ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ഇദ്ദേഹം കടലോരത്തുള്ളയാളാണ്. ഞാൻ ഉൾനാടൻ മത്സ്യകർഷകരുടെ യഥാർത്ഥ പ്രതിനിധിയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ മണ്ണാർക്കാട്

നിയോജക മണ്ഡലത്തെയാണ് പ്രതിനിധീകരിക്കുന്നതെങ്കിലും എന്റെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നത് കടലോരങ്ങളെ തൊട്ടറിയുന്ന, മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും നേരിട്ടനുഭവിക്കുന്ന ആളുകളാണ്. ഉൾനാടൻ മത്സ്യ കർഷകരെ ബാധിക്കുന്ന കാതലായ വിഷയങ്ങളുണ്ട്. ഇപ്പോൾ ജനകീയ മത്സ്യ കൃഷി നടത്തുന്നതിന്റെ ഭാഗമായി 40 ശതമാനം സബ്സിഡി കൊടുക്കുന്നുണ്ട്. ഇതൊക്കെയുണ്ടെങ്കിലും ഉൾനാടൻ മത്സ്യകൃഷി കൂടുതൽ വ്യാപിപ്പിക്കാൻ കഴിയാത്തതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ ശ്രീ. പി. ഉബൈദുള്ള ചൂണ്ടിക്കാ ണിച്ചതൊക്കെ നമ്മൾ പറഞ്ഞുവന്നതിന്റെ തുടർച്ചയാണ്. ഉൾനാടൻ മത്സ്യ കൃഷിക്കുവേണ്ടത്ര പ്രോത്സാഹനവും സംരക്ഷണവും നൽകാൻ സർക്കാർ സന്നദ്ധ മാകുന്നില്ല. ഈ മേഖലയുമായി ബന്ധപ്പെട്ട മൂന്നുനാല് ബില്ലുകൾ ഇന്നിവിടെ അവതരിപ്പിച്ചു. അതിലൊക്കെ വലിയ ചർച്ചകളുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ടും വലിയ ചർച്ചകളുണ്ടായി. 2012-ലെ റിയോ ഉച്ചകോടിയിൽ യു.എൻ.-ൽ നിന്നാണ് ഈ ആശയം ഉയർന്നുവന്നത്. കരമുഴുവൻ കൊള്ളയടിച്ചുകഴിഞ്ഞു, ഇനി കടൽകൂടി കൊള്ളയടിക്കാനുള്ള ഗൂഢ ലക്ഷ്യത്തോ ടുകൂടിയാണ് കേന്ദ്ര ഗവൺമെന്റ് യു.എൻ.-ന്റെയും റിയോ ഉച്ചകോടിയുടെയും പേരു പറഞ്ഞ് 'ബ്ലൂ ഇക്കോണമി' നയം ഇവിടെ നടപ്പാക്കാൻ ശ്രമിക്കുന്നത്. കടലിനെ മുഴുവൻ കൊള്ളയടിച്ച്, മത്സ്യത്തൊഴിലാളികളെയും തീരങ്ങളെയും പൂർണ്ണമായും അവഗണിച്ച് ഇവിടെ വ്യവസായവത്കരണം കൊണ്ടുവരാൻ പോകുകയാണ്. ഇതിന്റെ ഫലമായി കടലാക്രമണം രൂക്ഷമാകുകയും തീരദേശവാസികൾ തീരം വിട്ടുപോകേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്യും. ബ്ലൂ ഇക്കോണമി നയരേഖയിൽ വിവക്ഷിക്കുന്ന കാര്യങ്ങൾ പൂർണ്ണമായും നടപ്പാക്കിയാൽ ആഗോള ഭീമന്മാർ കടൽക്കൊള്ള നടത്തുന്ന സ്ഥിതിയായിരിക്കും ഇവിടെ സംഭവിക്കാൻ പോകുന്നത്. അതിനെ എല്ലാപേരും ഒരുമിച്ച് എതിർക്കുകയാണ് വേണ്ടത്. ഇത് പറയുമ്പോൾ മറ്റൊരു സംഗതി നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാനഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തും അങ്ങനെയൊരു കടൽക്കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നൊരു സ്ഥിതിയുണ്ടായില്ലേ? ഇ.എം.സി.സി. കരാർ എന്നുപറഞ്ഞ് വിദേശ കമ്പനിയുമായി കരാർ ഒപ്പിട്ടു. ചില മന്ത്രിമാർ കൂടിയിരുന്ന് സംസാരിച്ചു. 5000 കോടി രൂപയ്ക്ക് കേരളത്തിന്റെ തീരങ്ങളെ വിൽക്കുന്നൊരു ഗൂഢപദ്ധതിയുടെ പിന്നിലായിരുന്നു അന്ന് സർക്കാർ പ്രവർത്തിച്ചത്. ഒരു ഇടതുപക്ഷ തരംഗം ഉണ്ടായിട്ടുപോലും ആ പ്രവൃത്തിക്ക് നേതൃത്വം നൽകിയ അന്നത്തെ ഫിഷറീസ് വകുപ്പുമന്ത്രിയെ ജനങ്ങൾ കൈവിട്ടു. എന്താണ് കാരണം?

ഈ നാടിന്റെ തീരം വിൽക്കാനുള്ള ഉദ്ദേശ്യമായിരുന്നു അന്നുണ്ടായത്. ഇപ്പോൾ ഇത്തരം കുത്തകകൾക്കുവേണ്ടി കേന്ദ്ര സർക്കാർ പദ്ധതികൾ രൂപീകരിക്കുമ്പോൾ അതിനെതിരെ ഇവിടെ വിമർശനം നടത്തുന്ന നിങ്ങളുടെ കയ്യിൽ അധികാരം കിട്ടിയാൽ നിങ്ങളും ഇങ്ങനെയൊക്കെത്തന്നെയാണ് ചെയ്യുക. പശ്ചിമബംഗാളിൽ നിങ്ങൾ ഇല്ലാതായതെന്തുകൊണ്ടാണ്? സിംഗൂരും നന്ദിഗ്രാമും കാരണമാണ്. നിങ്ങൾ കുത്തകകൾക്ക് എതിരാണ്. പക്ഷേ അവിടെയുള്ള പാവപ്പെട്ട തൊഴിലാളിയെ നിങ്ങൾ കണ്ടില്ല. ടാറ്റ മുതലാളിയുടെ ചെറിയ കാർ നിർമ്മിക്കാനാണ് പാവപ്പെട്ട തൊഴിലാളികളെ മുഴുവനും നാട്ടിൽനിന്ന് ഓടിച്ചത്. അതേപണി ഈ കാര്യത്തിലും ചെയ്യരുത്. മത്സ്യസമ്പത്തിന്റെ കാര്യത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് 5000 കോടി രൂപയ്ക്ക് കേരളത്തെ വിൽക്കാൻ ശ്രമിച്ച കഴിഞ്ഞകാല അനുഭവങ്ങൾ ഇവിടെ ആവർത്തിക്കപ്പെടരുതെന്ന് ഈ ബില്ലിന്റെ ഭാഗമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ബില്ലിനെക്കുറിച്ച് ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ പറയാനുണ്ട്. മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടാണ് ധാരാളം മീനുകൾ നാം കഴിക്കുന്നത്. മത്സ്യം കഴിക്കുന്നത് പല ആരോഗ്യപ്രശ്നങ്ങൾക്കും പ്രതിവിധിയാണ്. അതുകൊണ്ട് മത്സ്യത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. ബയോഫ്ലോക്ക് കൃഷി ഇന്തോനേഷ്യയിൽ ഉണ്ടായിരുന്ന ഒന്നാണ്. ഇതിന് വളരെ കുറച്ച് സ്ഥലം മതി. 5 ഏക്കർ ഭൂമിയുള്ള ആർക്കും അത് ചെയ്യാം. എന്റെ നിയോജക മണ്ഡലത്തിലൊക്കെ അങ്ങനെ ചില കർഷകരുണ്ട്. അവരൊക്കെ നല്ല വിളവെടുപ്പ് നടത്തുന്നുണ്ട്. നാല് മാസംകൊണ്ട് അരക്കിലോ വലിപ്പമുള്ള തിലോപ്പിയ എന്ന മീൻ കൃഷിചെയ്യുന്നുണ്ട്. നല്ല രുചിയുള്ള മീനാണ്. ഇന്തോനേഷ്യയിൽ ഉത്ഭവിച്ച ബയോഫ്ലോക്ക് എന്ന കൃഷി സംവിധാനം നമ്മുടെ കുടുംബശ്രീകളെ ഉൾപ്പെടുത്തി ക്കൊണ്ട് കേരളത്തിൽ വ്യാപിപ്പിക്കാവുന്ന ഒന്നാണ്. അതുപോലെതന്നെ 'ഒരു നെല്ലും ഒരു മീനും പദ്ധതി'. പാടത്ത് നെല്ല് കൃഷി ചെയ്യും, അത് കൊയ്താൽ വീണ്ടും അവിടെ മീൻ കൃഷി ചെയ്യും. ഇതുരണ്ടും പരസ്പര ബന്ധിതമാണ്. ഇത് നല്ല ആശയമായിരുന്നു. പക്ഷേ വകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്താത്തതുകൊണ്ട് പ്രസ്തുത പദ്ധതിയെ കേരളത്തിൽ വേണ്ടത്ര വിജയിപ്പിക്കാൻ നമുക്ക് സാധിച്ചില്ല. അതുപോലെതന്നെ മറ്റൊരു സാദ്ധ്യതയാണ് അലങ്കാര മത്സ്യകൃഷി. 150 ഔട്ട്‌ലെറ്റുകൾ ഇന്ന് കേരളത്തിൽ വളരെ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നുണ്ട്. ഈ അലങ്കാര മത്സ്യങ്ങൾക്ക് വിദേശത്തുനിന്നുപോലും ആളുകൾ വരുന്നുണ്ട്. അതുകൊണ്ട് അലങ്കാര മത്സ്യത്തിന്റെ കാര്യത്തിലും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും കാര്യമായ സഹായമുണ്ടാകണം. ഈ ബിൽ പരക്കെ സ്വാഗതാർഹ മാണെങ്കിലും ഇത് രൂപപ്പെടുത്തിയതിൽ അവധാനതയുടെ കുറവുണ്ട്. പല

വിഷയങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചു. ശ്രീ. എ. എൻ. ഷംസീർ നേരത്തെ യൂണിവേഴ്സിറ്റിയിൽ നിയോഗിച്ച വി.സി.-മാരുടെ കാര്യം പറഞ്ഞു. പല വി.സി.-മാരുടെയും കാര്യം പറഞ്ഞ് നിങ്ങൾ ഞങ്ങളെ ഒരുപാട് വിമർശിക്കാറുണ്ടായിരുന്നുവല്ലോ. നിങ്ങൾക്ക് ആ സമ്പ്രദായം മാറ്റാൻ സാധിച്ചിട്ടില്ലെന്നാണ് ഇത് തെളിയിക്കുന്നത്. കാര്യപ്രാപ്തിയുള്ള, നല്ല ഭരണപാടവമുള്ള, വിഷയത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ആളുകളെ ഇത്തരം സ്ഥാപനങ്ങളുടെയൊക്കെ വൈസ്-ചാൻസലർ പദവിയിലേയ്ക്ക് കൊണ്ടുവരാൻ പ്രത്യേകമായ ശ്രദ്ധയുണ്ടാകണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും ഈ നിരാകരണപ്രമേയത്തെ അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് സംബന്ധിച്ച ചർച്ചകൾക്കാണ് സഭ വേദിയാകുന്നത്. കേരളത്തിന്റെ ജലസമ്പത്ത് സവിശേഷമായ ശ്രദ്ധ അർഹിക്കുന്നു. കടൽ, കായൽ, നദീമുഖം, തോട്, തടാകം, പുഴ, വയൽ, പാടം എന്നിങ്ങനെയുള്ള പ്രകൃതിയിലെ വൈവിദ്ധ്യങ്ങളിൽ പലതും മത്സ്യക്കലവറയാണ്. കേരളത്തിലെ 44 നദികൾ, 32 ജലസംഭരണികൾ, 30 ഓരുജലാശയങ്ങൾ, 3300-ഓളം ഹെക്ടർ കുളങ്ങൾ എന്നിവയിൽനിന്നായി ഏകദേശം 1.25 ലക്ഷം ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നു. 222 തീരദേശ മത്സ്യഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളുമുൾപ്പെടെ 335 മത്സ്യഗ്രാമങ്ങളുണ്ട്. 1.8 ലക്ഷം പേർ കടലിലും 0.45 ലക്ഷം പേർ കായലിലുമായി 2.25 ലക്ഷം പേർ ഈ മേഖലയിൽ പണിയെടുക്കുന്നു. അനുബന്ധ മേഖലകളിലായി 30 ലക്ഷംപേർ ഉപജീവനം നടത്തുന്നു. കേരളത്തിലെ നദികളും കായലുകളും മറ്റ് പൊതുജലാശയങ്ങളും നമ്മുടെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലത്തിൽ പ്രത്യേകിച്ച് നോവൽ സാഹിത്യത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എത്രയെത്ര ഗാനശില്പങ്ങളാണ് കേരളം സ്വായത്തമാക്കിയത്. ഇന്ന് ഉച്ചയ്ക്കുമുമ്പ് പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയുണ്ടായി. ഭാവി കേരളത്തെ നോളജ് ഇക്കോണമിയിലേയ്ക്ക് നയിക്കുന്ന ഈ ഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സർവ്വകലാശാല ബില്ലിനെ ക്കുറിച്ചുള്ള ചർച്ചയാണ് നിസ്സാര കാര്യത്തിന്റെ പേരിൽ പ്രതിപക്ഷം ബഹിഷ്കരിച്ചത്. ഉച്ചയ്ക്കുശേഷം ഈ നാല് ബില്ലുകൾ ചർച്ചയ്ക്കെടുക്കുമ്പോൾ വീട്ടിൽനിന്നും

പിണങ്ങിപ്പോയ കുട്ടികൾ തിരിച്ചുവരുമ്പോഴുണ്ടാകുന്നൊരു സന്തോഷമാണ് നമ്മിലുമുണ്ടായത്. തുടർന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ സഭയെ സംഗീത സാന്ദ്രമാക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞൊരുകാര്യം, അദ്ദേഹത്തിന് പാട്ട് പാടാനറിയില്ല എന്നായിരുന്നു. ഞാനും തുല്യ ദുഃഖിതനാണ്. നിരവധി ഗാന ശില്പങ്ങൾ നമ്മുടെ ജലാശയങ്ങളുമായി ബന്ധപ്പെട്ടുണ്ട്. " പെരിയാറേ... പെരിയാറേ..., വൈക്കം കായലിൽ ഓളംകാണുമ്പോൾ..., കൈതപ്പുഴ കായലിലേ കാറ്റിന്റെ കൈകളിലേ..." അത് ദേവരാജൻ മാസ്റ്റർ സംഗീതവും വയലാർ രാമവർമ്മ രചനയും നിർവ്വഹിച്ചതാണ്. " മണിമലയാറ്റിൻ തീരത്ത്..., നീരാട്ടുവാൻ നിളയിൽ നീരാട്ടുവാൻ... " തുടങ്ങിയ നിരവധി ഗാനങ്ങളുണ്ട്. ഞാൻ വിസ്താരഭയത്താൽ അതെല്ലാം ഇവിടെ വിശദീകരിക്കുന്നില്ല. അങ്ങനെ അനുഭൂതിയുടെ ലോകത്തേയ്ക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന ഈ മനോഹര സൃഷ്ടികൾക്ക് പാത്രീഭവിച്ച നമ്മുടെ ജലാശയങ്ങൾ മനുഷ്യന്റെ അതിജീവനത്തിനും ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും സർവ്വോപരി സർക്കാരിന്റെ സാമ്പത്തിക വർദ്ധനവിനും തുണയാകുമെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ മത്സ്യസമ്പത്ത് വലിയ പങ്കാണ് വഹിച്ചത്. പ്രത്യേകിച്ച് ഉൾനാടൻ ജലാശയങ്ങളിൽനിന്നും ലഭിക്കുന്ന മത്സ്യസമ്പത്തിന് വലിയ പ്രാധാന്യമുണ്ട്. മത്സ്യമേഖലയിൽനിന്നുള്ള ആഭ്യന്തര ഉൽപ്പാദനം 2019-2020-ലെ ക്വിക്ക് അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 10,736.10 കോടി രൂപയാണ്. ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.46 ശതമാനവും പ്രാഥമിക മേഖലയുടെ 13.96 ശതമാന വുമാണ്. മത്സ്യഉൽപന്ന കയറ്റുമതിയിലൂടെ 5020.34 കോടി രൂപയുടെ വരുമാനമാണ് ഈ മേഖല സംസ്ഥാനത്തിന് നേടിത്തരുന്നത്. ഇതിന് മുഖ്യപങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം 1,19,330 രൂപ മാത്രമാണ്. സംസ്ഥാന വാർഷിക ആളോഹരി വരുമാനം 2,45,323 രൂപ മാത്രമാണ്. ഇത് സംസ്ഥാനത്തെ ഒരു ശരാശരി പൗരന്റെ ആളോഹരി വരുമാനത്തിന്റെ പകുതിയിൽ താഴെയാണ്. 2016-17 മുതൽ 2020-21 വരെ മത്സ്യ ബന്ധന മേഖലയിലേയ്ക്ക് മാത്രമായി 1685 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും നാളിതുവരെ 1533.89 കോടി രൂപയുടെ പദ്ധതി പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. ഈയവസരത്തിൽ ഞാൻ ഇടതുമുന്നണി സർക്കാരിനെ അഭിനന്ദിക്കുകയാണ്. മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഉത്തേജനം പകരുന്നതും നമ്മുടെ നിലവിലെ പോരായ്മകൾ പരിഹരിക്കാൻ ഉതകുന്നതുമായൊരു ബില്ലാണിത്. മത്സ്യോൽപ്പാദനം വർദ്ധിപ്പി

ക്കുന്നതിനായി സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. മത്സ്യോൽപ്പാദനം ഇരട്ടിയാക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. 2016-17 സാമ്പത്തിക വർഷം 1.88 ലക്ഷം മെട്രിക് ടണ്ണായിരുന്ന മത്സ്യോൽപ്പാദനം വിവിധ ഉൾനാടൻ മത്സ്യവികസന പദ്ധതികളിലൂടെ 2020-21 ൽ 2.24 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സാധിച്ചു. പ്രളയത്തെയും കോവിഡിനെയും അതിജീവിച്ച് 2020-21 സാമ്പത്തിക വർഷം മത്സ്യകൃഷിയിലൂടെ 34,987 മെട്രിക് ടൺ മത്സ്യം അധികമായി ഉൽപാദിപ്പിച്ചു. നൂതന കൃഷിരീതികളിലൂടെ ഉൽപാദനക്ഷമത ഒരു ഹെക്ടറിന് ഒരു ടൺ എന്ന പരമ്പരാഗത നിലയിൽനിന്നും 2 സെന്റിൽ ഒരു ടൺ എന്ന നിലയിലേയ്ക്ക് ഉയർത്താൻ സാധിച്ചു. 16,666 ഹെക്ടർ പാടശേഖരങ്ങളിൽ 'ഒരു നെല്ലും ഒരു മീനും പദ്ധതി' പ്രകാരമുള്ള കൃഷി, 2600 ഹെക്ടറിൽ ചെമ്മീൻ കൃഷി, 6000 ഹെക്ടർ കുളങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷി എന്നിവ നടപ്പാക്കി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 8165 കുളങ്ങളിൽ പൊതുപങ്കാളിത്തത്തിൽ മത്സ്യകൃഷി നടപ്പാക്കി. 40,000 കർഷകർക്ക് മത്സ്യകൃഷിയിലൂടെ ജീവനോപാധി ലഭ്യമാക്കി. 28 റിസർവോയറുകളിലേയ്ക്ക് റിസർവോയർ ഫിഷറീസ് പദ്ധതി വ്യാപിപ്പിക്കുകയും 6 റിസർവോയറുകളിൽക്കൂടി മത്സ്യകൃഷി നടപ്പാക്കുകയും ചെയ്തു. Fish Stock Enhancement Programme-ന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെ കാർപ്പ്, കാര, ചെമ്മീൻ, നാരൻ ചെമ്മീൻ, ആറ്റുകൊഞ്ച് തുടങ്ങിയ 1214.4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ 14 ജില്ലകളിലേയും പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചു. ഇതിനെല്ലാം മുൻകയ്യെടുത്ത കഴിഞ്ഞ ഗവൺമെന്റിനെയും ഇതിന്റെ തുടർച്ചയിൽ പ്രവർത്തിക്കുന്ന ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ രംഗത്ത് വേണ്ടത്ര മുന്നേറ്റമുണ്ടാകുന്നില്ലെന്ന് ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ. വളരെ നിരാശാജനകമായി പത്ര കട്ടിംഗുകൾ ഉദ്ധരിച്ച് പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിന്റെ തുടർച്ചയിലുമുള്ള പത്രവാർത്തകൾ എന്റെ കൈവശമുണ്ട്. "മത്സ്യക്കുഞ്ഞ് ഉൽപ്പാദനം 12 കോടിയാക്കും, കുട്ട നിറയെ മീൻ, മത്സ്യമേഖലയിൽ 11 പുതിയ പദ്ധതി, വർക്കലയിൽ പുതിയ അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്റർ, വൈവിദ്ധ്യവൽക്കരണത്തിന്റെ പാതയിൽ നെയ്യാർ മത്സ്യ ഉൽപാദനകേന്ദ്രം, ഉൾനാടൻ മത്സ്യസമ്പത്ത് വളർത്താൻ നടപടി, തിരുവനന്തപുരത്ത് കരിമീൻ ഹാച്ചറി, മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ കൃത്രിമപ്പാര്, രാജ്യത്തെ ആദ്യ മത്സ്യ ബ്രൂഡ് ബാങ്കിന്

കേരളത്തിൽ തുടക്കം" എന്നിങ്ങനെ ഒരുപാട് അനുകൂലമായ പത്രവാർത്തകളുണ്ട്. അതെല്ലാം അദ്ദേഹം മറച്ചുവയ്ക്കുകയാണ് ചെയ്തത്. പത്രവാർത്തയുടെ തീയതിയെയും മറ്റ് കാര്യങ്ങളെയും സംബന്ധിച്ച് വിശദീകരിക്കുന്നില്ല. പരീക്കുട്ടിയുടെ കഥ പറഞ്ഞുകൊണ്ട് നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രിയെ ഭംഗ്യന്തരേണ ആക്രമിക്കാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ശ്രമിക്കുകയുണ്ടായി. തീർച്ചയായും, കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്ന ഡോൾഫിന്റെ ഹൃദയമാണ് നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രിക്കുള്ളതെന്ന് അദ്ദേഹം തിരിച്ചറിയുന്നത് നന്നായിരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയും സ്വയംതൊഴിലും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ 2,078 കോടി രൂപയുടെ പദ്ധതികൾ മൂന്നുവർഷംകൊണ്ട് പൂർത്തീകരിക്കുന്ന രീതിയിൽ തയ്യാറാക്കുകയും 2020-21 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 145.42 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹണത്തിന്റെ അന്തിമഘട്ടത്തിലുമാണ്. സമ്പന്നമായ നമ്മുടെ ജലസമ്പത്തിനെ ഇനിയും പ്രയോജനപ്പെടുത്തണം. ശ്രദ്ധേയമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്ന കായലുകൾ വേമ്പനാട്, അഷ്ടമുടി, കായംകുളം, ചേറ്റുവ, കോരപ്പുഴ, വളർപട്ടണം, മാട്ടൂൽ, ചന്ദ്രഗിരിപ്പുഴ എന്നിവയാണ്. മത്സ്യബന്ധനത്തേക്കാളുപരി ചെമ്മീൻ കുഞ്ഞുങ്ങളുടെ പ്രകൃതിദത്തമായ നഴ്സറിയും മേച്ചിൽപ്പാടങ്ങളുമായി വർത്തിക്കുന്ന ഈ കായലുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. ഞാനൊരു പരിസ്ഥിതി മൗലികവാദി അല്ലെങ്കിലും ഉപഭോഗസംസ്കാരം ശീഘ്രഗതിയിൽ മുന്നേറുന്ന വർത്തമാനകാലത്ത് വികസനമെന്ന പദം കേൾക്കുമ്പോൾത്തന്നെ വല്ലാത്ത പേടിയാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളായി പുതിയ പദ്ധതികളും പ്രോജക്ടുകളും സംവിധാനങ്ങളുമൊക്കെ വികസനത്തിന്റെ പേരിൽ അരങ്ങേറിയിട്ടുണ്ട്. പ്രകൃതിയെയും ഉൽപാദന സ്രോതസ്സുകളായ കായൽ, നെൽപ്പാടങ്ങൾ, ചതുപ്പുകൾ തുടങ്ങിയവയെയും പ്രകൃതിവിഭവങ്ങളെയും നശിപ്പിച്ചുകൊണ്ടാണ് വ്യവസായവും പാർപ്പിടവും വിനോദസഞ്ചാര കേന്ദ്രങ്ങളും പടുത്തുയർത്തുന്നത്. ഇത് ആധുനിക ജീവിതത്തിന്റെ മുഖമുദ്രയായിരിക്കുകയാണ്. അസന്തുലിതവും വികലവുമായ വികസനത്വരമൂലം അന്തരീക്ഷവും കടലും അനുബന്ധ ജലാശയങ്ങളുമൊക്കെ മലിനീകരണത്തിന്റെ കെണിയിലാണ്. അമിതമായ ജീവിതാവശ്യങ്ങളും ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനവും പെരുകിക്കൊണ്ടിരിക്കുന്ന ജനസംഖ്യയുമൊക്കെ ഇതിന്റെ ആക്കം കൂട്ടുന്നു. ഒരു ആവാസവ്യവസ്ഥയും ഇതിൽനിന്നും

ഒഴിവാക്കപ്പെടുന്നില്ല. അതിലോലമായ പരിസ്ഥിതി പ്രദാനം ചെയ്യുന്ന നദീതീരവും കായലും കടൽത്തീരവുംവരെ ഉപഭോഗ സംസ്കാരത്തിന്റെ മേച്ചിൽപ്പാടങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ 1980-കളിൽത്തന്നെ തുടങ്ങി. ഇപ്പോൾ അതിന്റെ ഗതിവേഗം കൂടിക്കൊണ്ടിരിക്കുകയാണ്. 'റാംസർ തടാകം' എന്ന് വിശേഷിപ്പിക്കുന്ന വേമ്പനാട് കായലിന്റെ മാത്രം അനുഭവമെടുത്താൽ നാം അമ്പരന്നുപോകും. 'റാംസർ' എന്നാൽ 'Wetlands of International importance'-നായി 1971-ൽ ഇറാനിയൻ സിറ്റിയിൽ നടന്ന സമ്മേളനമാണ്. അതിൽ 18 രാഷ്ട്രങ്ങൾ പങ്കാളികളായി. 1975-ൽ അത് നിലവിൽ വന്നു. വേമ്പനാട് കായലിന്റെ അനുഭവം പരിശോധിച്ചാൽ, കഴിഞ്ഞ നൂറ്റാണ്ടിൽ 42,000 ഹെക്ടർ വിസ്തൃതി ഉണ്ടായിരുന്നത് ഇപ്പോൾ ക്ഷയിച്ച് 12,000 ഹെക്ടറായി ചുരുങ്ങി. ആവാസവ്യവസ്ഥയുടെയും സന്തുലിതാവസ്ഥയുടെയും താളംതെറ്റലും ഉൽപാദനമുരടിപ്പും ഈ രംഗത്ത് സംഭവിക്കുന്നതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണതഫലങ്ങളും ഉണ്ടാകുന്നുവെന്നത് നമ്മുടെ പരിഗണനാ വിഷയമായി വരേണ്ടതുണ്ട്. കൂടാതെ, മത്സ്യബന്ധനത്തിനുതകുംവിധം നമ്മുടെ കായലുകളും മറ്റും സംരക്ഷിക്കാനും പ്രയോജനപ്പെടുത്താനും കഴിയണം. ഇവിടെ പല അംഗങ്ങളും പരാമർശിച്ചതു പോലെ, പുഴയിലെയും ഇടത്തോടുകളിലെയും എക്കൽ നീക്കം ചെയ്ത് ആഴം കൂട്ടണം. എന്റെ നിയോജകമണ്ഡലമായ വൈപ്പിനിൽ കാർഷികാഭിവൃദ്ധി ലക്ഷ്യംവച്ചുകൊണ്ട് 'ജൈവ വൈപ്പിൻ പദ്ധതി' ആവിഷ്കരിക്കുകയുണ്ടായി. അത് നബാർഡിന്റെ സഹായത്തോടുകൂടിയ പദ്ധതിയാണ്. എന്റെ നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകൾക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ട് പഞ്ചായത്തുകൾക്കും ഗുണം ലഭിക്കുന്ന പദ്ധതിയാണ്. അതിൽ 10 കാര്യങ്ങൾ വിഭാവന ചെയ്തതിൽ 9 എണ്ണം നടപ്പാക്കി. 36 കോടി രൂപയുടെ ഒരു പദ്ധതിയാണത്. ഡ്രെഡ്ജിംഗിലൂടെ പുഴകളിലെയും തോടുകളിലെയും എക്കൽ നീക്കംചെയ്ത് ആഴം കൂട്ടിക്കൊണ്ട് അവിടെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ്. അതുമായി ബന്ധപ്പെട്ട് 25-6-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു അവലോകനയോഗം നടക്കുകയുണ്ടായി. അതിനുശേഷം 12-4-2021-ൽ അതിന്റെ നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി.സി.-യോട് പ്രസ്തുത പദ്ധതി ഉപേക്ഷി ക്കാനുള്ള നിലപാട് സ്വീകരിക്കാനാണ് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചത്. എന്ത് അതിശയോക്തിയാണ്? നമ്മുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ തീർച്ചയായും ഇതിന്റെ ആഴം കൂട്ടേണ്ടതുണ്ട്. ഈ ബിൽ കാലാനുസൃതമാണ്. ഉൾനാടൻ മത്സ്യമേഖലയിലെ നിയമങ്ങൾ സംബന്ധിച്ച് അതിനൊരു നാൾവഴിയുണ്ട്. തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങളിലെ ഉൾനാടൻ മത്സ്യബന്ധന മേഖലയെ

നിയന്ത്രിക്കുന്നതിനായി കൊല്ലവർഷം 1097-ലെ ട്രാവൻകൂർ ഫിഷറീസ് ആക്ടും 1092-ലെ കൊച്ചിൻ ഫിഷറീസ് ആക്ടുമായിരുന്നു പ്രാബല്യത്തിലുണ്ടായിരുന്ന പ്രധാന നിയമങ്ങൾ. സ്വാതന്ത്ര്യാനന്തരം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം രൂപീകൃതമായപ്പോൾ ഉൾനാടൻ മത്സ്യബന്ധന മേഖലയെ നിയന്ത്രിക്കുന്നതിനായി 1950-ൽ ട്രാവൻകൂർ-കൊച്ചി ഫിഷറീസ് ആക്ടും പുറപ്പെടുവിച്ചിരുന്നു. കൂടാതെ ബ്രിട്ടീഷ് ഇൻഡ്യയുടെ ഭാഗമായിരുന്ന മലബാർ പ്രദേശത്ത് ഇൻഡ്യൻ ഫിഷറീസ് ആക്ട്, 1927 ആയിരുന്നു പ്രാബല്യത്തിലുണ്ടായിരുന്നത്. ഒരു സംസ്ഥാനത്ത് ഒരു വിഷയത്തിൽ രണ്ട് ആക്ടുകൾ നിലവിലുണ്ടായിരുന്നതിനാൽ ഇവയെ ക്രോഡീകരിക്കുന്നതിനും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിര വികസനം, ചൂഷണം, ശാസ്ത്രീയ മാനേജ്മെന്റ് സംരക്ഷണം എന്നിവയ്ക്കും ഉത്തരവാദിത്വപരമായ അക്വാകൾച്ചർ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് നിലവിൽവന്നു. കേരള ഉൾനാടൻ മത്സ്യബന്ധനവും ജലകൃഷിയും സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവന ഭദ്രത ഉറപ്പാക്കുന്നതിനുംവേണ്ടി 2010-ൽ നിയമം പ്രാബല്യത്തിൽ വരികയും 2013-ൽ പ്രസ്തുത നിയമത്തിനനുസൃതമായ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു. എന്നാൽ നിയമത്തിലെ പോരായ്മകളും അപാകതകളും പരിഹരിക്കാൻ കഴിയാതിരുന്നതിനാൽ ആശിച്ച രീതിയിൽ പ്രവർത്തനം നിർവ്വഹിക്കാൻ കഴിഞ്ഞില്ല. ഗുണമേന്മയുള്ള മത്സ്യവിത്ത് സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നിർവ്വഹിച്ച് ജലകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2014-ൽ മത്സ്യവിത്ത് നിയമവും നിലവിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ 2018 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ രണ്ട് പ്രളയവും കോവിഡ്-19 കെടുതികളും നാടിനെ തകിടം മറിച്ചതിനാൽ ഇതിന്റെ പ്രവർത്തനവും കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് വസ്തുത. നമ്മുടെ സംസ്ഥാനത്തെ മത്സ്യസമ്പത്തിനെ ആശ്രയിച്ച് ആയിരക്കണക്കിന് ഉൾനാടൻ തൊഴിലാളികൾ ജീവനോപാധികൾ കണ്ടെത്തുന്നു. അവർ ഊന്നിവലകളും ചീനവലകളും ഉപയോഗിക്കുന്നു. സർക്കാർ ആനുകൂല്യങ്ങൾ വാങ്ങിക്കൊണ്ട്, ഒഴിവാക്കിയ ഊന്നിവലകളും ചീനവലകളും വീണ്ടും ഉപയോഗിക്കുന്നത് തടയണം. ചെറിയ കണ്ണി വല ഉപയോഗിച്ച് ചെറുമത്സ്യങ്ങൾ പിടിക്കൽ, മത്സ്യ പ്രജനനകാലത്തെ ഊത്തപിടിത്തം, അനധികൃതമായി ചീനവല ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം, മത്സ്യത്തിന്റെ പ്രകൃത്യാലുള്ള പ്രജനന കേന്ദ്രങ്ങളായ തണ്ണീർത്തടങ്ങളുടെ നശീകരണം, മത്സ്യത്തിന്റെ പ്രജനന സഞ്ചാരത്തിന് തടസ്സം

സൃഷ്ടിക്കുന്ന രീതിയിലുള്ള തടയണ നിർമ്മാണം, ജലമലിനീകരണം, ജലാശയ ങ്ങളുടെ നികത്തൽ എന്നിവ കാരണം ഉൾനാടൻ മത്സ്യസമ്പത്ത് ശോഷിച്ചു വരികയും ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അതീവ ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഉൾനാടൻ ജലാശയങ്ങൾ സംരക്ഷിച്ച് ഉൾനാടൻ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ പരിസ്ഥിതിക്കധിഷ്ഠിതമായ മത്സ്യവിഭവ സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലംബിക്കേണ്ടതുണ്ട്. അതിന് 2010-ലെ ഉൾനാടൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. മത്സ്യങ്ങളുടെ പ്രജനനകാലത്ത് അവയെ പിടിച്ചെടുക്കുന്നത് തടയുന്നതിനും ചെറുമത്സ്യങ്ങളെ വളരാൻ അനുവദിക്കുന്നതിനും പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ കുറഞ്ഞവലിപ്പം നിശ്ചയിക്കുന്നതിനും ഈ ബിൽ ലക്ഷ്യമിടുന്നു. മത്സ്യസംരക്ഷണത്തിനായി അനിവാര്യ മാർഗ്ഗങ്ങൾക്ക് പ്രാദേശികമായി രൂപംകൊടുത്ത് നിർവ്വഹിക്കുന്നതിനും പങ്കാളിത്ത പരിപാലനം നടപ്പാക്കുന്നതിനും ജനപ്രതിനിധികൾ, ഫിഷറീസ് വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും ഈ ബിൽ വിഭാവനം ചെയ്യുന്നു. ബില്ലിൽ 41-ാം വകുപ്പിന്റെ ഭേദഗതിയിൽ സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ അംഗങ്ങളായി "മൂന്ന് നിയമസഭാ സാമാജികർ, അവരിൽ ഒരാൾ വേമ്പനാട് കായലോ, അഷ്ടമുടിക്കായലോ ഉൾപ്പെടുന്ന ഏതെങ്കിലും ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ആൾ ആയിരിക്കേണ്ടതാണ്" എന്ന് പറയുന്നുണ്ട്. 2010-ലെ നിയമത്തിൽ എം.എൽ.എ.-മാരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് പേരിൽ ഒരാൾ വനിതയായിരിക്കണം എന്നാണ് പറയുന്നത്. ഉൾനാടൻ ജലാശയങ്ങളിൽനിന്നും മീൻ പിടിക്കുന്നവരിലും കൂട്ടുകൃഷിയിൽ ഏർപ്പെടുന്നവരിലും വലിയൊരു വിഭാഗം സ്ത്രീ പങ്കാളികളാണ്. നമ്മൾ സ്ത്രീ സൗഹൃദപരമായി കാര്യങ്ങൾ ചിന്തിക്കുന്നവരാണ്. അതിനാൽ സ്ത്രീകളുടെ പ്രാതിനിധ്യത്തിന് കഴിയുന്ന തരത്തിൽ അത് ഭേദഗതി ചെയ്യേണ്ടതാണ്. ഇത് ഫ്രെയിം ചെയ്തപ്പോൾ വന്ന പിശകാണെന്നാണ് എനിക്ക് തോന്നുന്നത്, അക്കാര്യം ശ്രദ്ധിക്കണം. നൂതന കൃഷി രീതികളായ ബയോഫ്ലോക്ക് മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, അക്വാപോണിക്സ്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, പടുതാകുളത്തിലെ അതിസാന്ദ്രതാ മത്സ്യകൃഷി എന്നിവ അവലംബിച്ചതിനാലും അത്യുൽപ്പാദനശേഷി ആർജ്ജിച്ച നൈൽ തിലാപ്പിയ, വനാമി ചെമ്മീൻ, പങ്കേഷ്യസ് എന്നീ വിദേശ മത്സ്യയിനങ്ങൾ ഉപയോഗിക്കുന്നതിനാലും അക്വാകൾച്ചർ പ്രവർത്തനങ്ങൾ

കൂടുതൽ ശാസ്ത്രീയമായി രൂപീകരിക്കുന്നതിന് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഈ ബിൽ ലക്ഷ്യമിടുന്നു. വനാമി ചെമ്മീന്റെ കാര്യം ഇവിടെ പരാമർശിച്ചു. ആന്ധ്രാപ്രദേശിൽനിന്നുമുള്ള വനാമി ചെമ്മീന്റെ വരവ് കുറയാൻ പോകുകയാണ്. അതുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ ഇവിടെ ജീവിക്കുന്നുണ്ട്. വനാമി ചെമ്മീൻ അടിസ്ഥാനപ്പെടുത്തിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബിസിനസ്സിലേയ്ക്ക് ആന്ധ്രാപ്രദേശ് കടക്കാൻ പോകുകയാണ്. അപ്പോൾ ഇവിടേയ്ക്കുള്ള മത്സ്യത്തിന്റെ വരവ് കുറയുകയും ഒരുപാട് ആളുകളുടെ തൊഴിലിനെ ബാധിക്കുകയും ചെയ്യും. അതുകൊണ്ട് നമുക്ക് അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയണം. ഈ ബിൽ പാസ്സാക്കുന്നതുവഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ നിലവിലുള്ള കർമ്മ പദ്ധതികൾക്ക് പുറമേ മറ്റുള്ള എല്ലാകാര്യങ്ങളും തുടരണമെന്നാണ് പറയാനുള്ളത്. അതുമായി ബന്ധപ്പെട്ട് കുറച്ച് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. ജനകീയ മത്സ്യകൃഷിയുടെയും മത്സ്യസമൃദ്ധി പദ്ധതികളുടെയും തുടർച്ചയുണ്ടാകണം. നൂതന സംരംഭങ്ങളായ അക്വാപോണിക്സ്, ബയോഫ്ലോക്ക് പദ്ധതികൾ കൂടുതൽ പ്രദേശങ്ങളിലും കർഷകരിലുമെത്തിക്കാൻ പ്രോത്സാഹനം നൽകണം. പ്രധാനമന്ത്രി മത്സ്യസമ്പാദന യോജനയിൽ അനേകം മത്സ്യകൃഷി സംരംഭകർ ഗുണഭോക്താക്കളായിട്ടുള്ളതിനാൽ അതുമായി ബന്ധപ്പെട്ട പദ്ധതികൾ നമുക്ക് തുടരാൻ കഴിയണം. കൂട് മത്സ്യകൃഷി പ്രോത്സാഹനം നിർബാധം തുടരുകയും മത്സ്യവിത്ത് ക്ഷാമം പരിഹരിക്കുകയും ഉചിതമായ സമയത്ത് മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കുകയും വേണം. യാതൊരു വിട്ടുവീഴ്ചയും കൂടാതെ ആരോഗ്യകരമായ രീതിയിൽ ജലാശയങ്ങളിൽ ജലഗുണമഹിമ നിലനിർത്താൻ കഴിയണം. കാലങ്ങളായി ഉപയോഗപ്പെടുത്തുന്നവ കൂടാതെ ഡിമാന്റും രുചിയുമുള്ള വ്യത്യസ്ത മത്സ്യയിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം. പരിസ്ഥിതിക്കിണങ്ങിയ രീതിയിൽ വിവിധ ഇനങ്ങളെ കോർത്തിണക്കി കൂട്ടുകൃഷി സംരംഭങ്ങൾ നിർവ്വഹിക്കണം. സംയോജിത പുരയിടകൃഷി സമ്പ്രദായങ്ങളുമായി മത്സ്യകൃഷിയെ കൂട്ടിയിണക്കണം. കണ്ടൽക്കാടുകളെക്കുറിച്ച് ഇവിടെ പറഞ്ഞു, അത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഭൂമിയിൽ കണ്ടൽക്കാടുകൾ വന്നിട്ട് 217 ദശലക്ഷം വർഷങ്ങളായി. ഏതാണ്ട് 275-ഓളം രാജ്യങ്ങളിൽ കണ്ടൽക്കാടുകളുണ്ട്. സുനാമി തിരമാലകളെ അതിജീവിച്ച/പ്രതിരോധിച്ച, എക്കലുകളെ തടഞ്ഞ് നിർത്തുന്ന, മത്സ്യ പ്രജനന കേന്ദ്രത്തെ ഏറ്റവും നല്ല നിലയിൽ സഹായിക്കുന്ന ഒന്നാണ് കണ്ടൽക്കാടുകൾ. അതിനെ നമ്മുടെ കുഫോസും വനംവകുപ്പുമെല്ലാം നന്നായി പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് അറിയാം, എന്നാലും കൂടുതലായി ഇതിനെ ത്വരിതപ്പെടുത്താൻ കഴിയണം. പൊക്കാളി കൃഷിക്ക് പേരുകേട്ട ജില്ലകളാണ് തൃശ്ശൂർ, എറണാകുളം, ആലപ്പുഴ. ആയിരം വർഷത്തിലധികം പഴക്കമുള്ള പൊക്കാളി

കൃഷിയിൽ രാസവളപ്രയോഗമില്ല എന്നതാണ് പ്രത്യേകത. അത് നമുക്ക് സംരക്ഷിക്കാൻ കഴിയണം. 6 മാസക്കാലം ചെമ്മീൻ കൃഷിയും 6 മാസക്കാലം പൊക്കാളി കൃഷിയും എന്ന രീതിയിൽ ചെയ്യാൻ കഴിയണം. അതുപോലെ അലങ്കാര മത്സ്യകൃഷിയേയും പ്രോത്സാഹിപ്പിക്കാൻ കഴിയണം. ഈ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെയേറെ പ്രാധാന്യമുള്ളതും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുമായ ഒരു മേഖലയുമായി ബന്ധപ്പെട്ട ബില്ലിലെ ചർച്ചയാണ് നടക്കുന്നത്. ലക്ഷക്കണക്കിനാളുകൾ ജോലി നോക്കുന്നതും സംസ്ഥാനത്തിന് വലിയ സമ്പത്ത് നൽകുന്നതുമായ ഒരു മേഖല യാണിത്. ഇങ്ങനെയൊരു ബിൽ വന്നതിലുള്ള സന്തോഷം ഞാൻ രേഖപ്പെടു ത്തുകയും ഇതിലെ താത്പര്യത്തെ അംഗീകരിക്കുകയും ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുകയാണ്. എനിക്കുമുൻപ് സംസാരിച്ച ബഹുമാന്യനായ അംഗം കെ. എൻ. ഉണ്ണിക്കൃഷ്ണൻ പറഞ്ഞത്, വളരെ പ്രഗത്ഭനും നല്ല സഹൃദയനുമായ നമ്മുടെ മന്ത്രിയുടെ ഹൃദയം ഡോൾഫിന്റെ ഹൃദയമാണെന്നാണ്. അത് വളരെ ഖേദകരമായിപ്പോയി, നല്ലൊരു മനുഷ്യത്വമുള്ള, മനുഷ്യഹൃദയമുള്ള വളരെ സഹൃദയനായ മന്ത്രിയായിട്ടാണ് ഞങ്ങളൊക്കെ അദ്ദേഹത്തെ കാണുന്നത്. അതുകൊണ്ട് മാപ്പ് ചോദിക്കണമെന്ന് അദ്ദേഹത്തോട് പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്.

590 കിലോമീറ്റർ തീരദേശവും വിശാലമായ ഉൾനാടൻ ജലാശയങ്ങളുമുള്ളതും എന്നാൽ ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മത്സ്യത്തിന്റെ പകുതിപോലും ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത സാഹചര്യവുമുള്ള സംസ്ഥാനത്താണ് നാം ജീവിക്കുന്നത്. പുറം രാജ്യങ്ങളിൽനിന്നുള്ള മത്സ്യം വന്ന് കുന്നുകൂടി അതുപയോഗി ക്കേണ്ട സാഹചര്യം നമുക്കുണ്ടാകുന്നു. പുറത്തുനിന്നും കൊണ്ടുവരുന്ന മത്സ്യം 60 ശതമാനത്തിലും കൂടുതലാണ്. ആസിഡും അമോണിയയും കലർന്നുവരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻപോലും സംവിധാനങ്ങളില്ലെന്ന താണ് മറ്റൊരു വസ്തുത. മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മത്സ്യങ്ങൾ പുറം സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതാണെന്ന കാര്യം നമ്മൾ വിസ്മരിച്ചുകൂടാ. അതിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം പോലും

തീരെക്കുറവാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സഹായിക്കാനാണ് മത്സ്യഫെഡ് രൂപീകരിച്ചത്. എന്നാൽ ഇതിനുപിന്നിൽ വലിയ കൊള്ളയാണ് നടന്നുവരുന്നതെന്ന വസ്തുത നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. കേരളത്തിന് ആവശ്യമുള്ള മത്സ്യത്തിന്റെ പകുതിപോലും ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല. നീണ്ട തീരപ്രദേശങ്ങളും അനവധി ഉൾനാടൻ ജലാശയങ്ങളുമുണ്ടായിട്ടും മത്സ്യോൽപ്പാദനത്തിൽ നാം വളരെ പുറകിലായി പോയതെങ്ങനെയെന്ന് ആലോചിക്കേണ്ടതുണ്ട്. മത്സ്യസംഘങ്ങൾ അധികമുണ്ടെങ്കിലും അവിടെനിന്നും മത്സ്യഫെഡ് സംഭരിക്കുന്ന മത്സ്യം എത്രയാണെന്നത് പരിശോധിക്കേണ്ടതുണ്ട്. വിലകൂടിയ മത്സ്യങ്ങൾ ഉൽപാദിപ്പിക്കാൻ ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. അതോടൊപ്പം ഗുണനിലവാരം പരിശോധിക്കാൻ ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളും നമ്മൾ അവലംബിക്കണം. കേരളത്തിൽ കഴിഞ്ഞ 30 വർഷമായിട്ടും മത്സ്യോൽപാദനം അഞ്ചോ ആറോ ലക്ഷം ടണ്ണാണ്. എന്നാൽ ഈ 30 വർഷത്തിനിടയ്ക്ക് ഊർജ്ജ സമ്പത്ത് പത്തിരട്ടിയായി വർദ്ധിച്ചുവെന്നത് നാം കാണേണ്ടതുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്കുണ്ടാകുന്ന ഉൽപാദന ചെലവിന്റെ അളവ് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. 2018-19-ൽ ഇന്ത്യയിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള മത്സ്യോൽപാദനം 9.58 മെട്രിക് ടൺ ആയിരുന്നു. എന്നാൽ 4.15 മെട്രിക് ടണ്ണാണ് സമുദ്രത്തിൽനിന്നും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. കേരളത്തിൽ 2019-20-ൽ മൊത്തം മത്സ്യോൽപ്പാദനം 6.8 ലക്ഷം ടണ്ണാണ്. ഇതിൽ സമുദ്ര മേഖലയിൽനിന്നും 4.7 ലക്ഷം ടണ്ണും ഉൾനാടൻ ജലാശയങ്ങളിൽനിന്നും 2.05 ലക്ഷം ടണ്ണുമാണ്. അയൽസംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വലിയ തോതിൽ മത്സ്യം ഉൽപ്പാദിപ്പിച്ച് വിവിധ സംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേയ്ക്കും കയറ്റി അയയ്ക്കുന്നുണ്ട്. നമ്മൾ വളരെ വിലകുറഞ്ഞതും ജനങ്ങൾക്ക് താത്പര്യമില്ലാത്തതുമായ മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നത്. മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്നതിനുള്ള ഹാച്ചറികൾ അനവധിയുണ്ടെങ്കിലും അവയെല്ലാം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ലെന്നത് വസ്തുതയാണ്. കൊട്ടിഘോഷിക്കപ്പെടുന്ന മത്സ്യഫെഡ് സംഘങ്ങളിൽ എത്രമാത്രം മത്സ്യം സംഭരിക്കുന്നുവെന്നുള്ളത് സംബന്ധിച്ച പരിശോധന അനിവാര്യമാണ്. മത്സ്യമേഖലയിൽ പ്രത്യേകിച്ച്, ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കാൻ ശാസ്ത്രീയപഠനം അനിവാര്യമാണ്. ആധുനിക മത്സ്യകൃഷി രീതികൾ വ്യാപിപ്പിക്കണം, വനാമി, ആറ്റുകൊഞ്ച് തുടങ്ങിയ വിലകൂടിയ മത്സ്യങ്ങൾ ഉൽപാദിപ്പിച്ച് കർഷകരെ സഹായിക്കാനും അതിൽ അവർക്ക് പരിശീലനം നൽകാനുമുള്ള സംവിധാനമുണ്ടാകണം. മത്സ്യം കേടു വരാതെ സൂക്ഷിക്കാനാവശ്യമായ കോൾഡ് ചെയിൻ സ്റ്റോറേജ് കേരളമാകെ

വ്യാപിപ്പിക്കേണ്ടതുണ്ട്. ഉൽപാദിപ്പിക്കുന്ന മത്സ്യം സംഭരിക്കുന്നതിന് മത്സ്യഫെഡ് മുഖേന സംവിധാനമൊരുക്കുകയും ന്യായവില ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. മത്സ്യം ഒരു ആഹാരവസ്തുവാണെന്ന നല്ല ബോദ്ധ്യത്തിൽ അവ കൈകാര്യം ചെയ്യാൻ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും പരിശീലിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ വിഷം കലരാത്ത മത്സ്യങ്ങളാണ് വിതരണം ചെയ്യുന്നതെന്നത് ഉറപ്പുവരുത്തി മുന്നോട്ടുപോകണം. നമ്മുടെ വയലുകളും നീർത്തടങ്ങളും നിർബാധം നികത്തിയതുകൊണ്ടാണ് ഉൾനാടൻ മത്സ്യ സമ്പത്ത് കുറഞ്ഞത്. 1970-ലുണ്ടായിരുന്നതിന്റെ അഞ്ചിലൊരു ഭാഗം മാത്രമായി വയലുകൾ ചുരുങ്ങി. അവിടങ്ങളിലെ നീർത്തടങ്ങളും ഇല്ലാതെയായി, അതുമൂലം തോടുകളിലെ ഒഴുക്ക് നിലച്ചു. ജലാശയങ്ങൾ പലതും അപ്രത്യക്ഷമായതോടെ അവിടങ്ങളിലെ മത്സ്യങ്ങളും ഇല്ലാതായി. നാടൻ മത്സ്യങ്ങൾ പലതും ഇന്ന് ലഭിക്കാനില്ല. ഇപ്പോഴുള്ള ജലാശയങ്ങളിൽ പല മത്സ്യങ്ങളും വളരുന്നുമില്ല. വയലുകളിൽ അമിതമായി വിതറുന്ന രാസവളങ്ങളും കീടനാശിനികളുമാണ് അതിന് കാരണം. അതുകൊണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന, വംശനാശം നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കാനാവശ്യമായ സംവിധാനമൊരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ ബില്ലിലെ 4-ാം വകുപ്പ് പ്രകാരം പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിന് ഏത് മേഖലയെയും ഉൾനാടൻ ജലാശയമേഖലയായി പ്രഖ്യാപിക്കാനുള്ള അധികാരം കൊടുക്കുന്നുണ്ട്, അത് 'കൗൺസിലിന്റെ അധികാരം' എന്ന് തിരുത്തണം. വകുപ്പ് 5 (2)-ന്റെ 'എ' മുതൽ 'ജി' വരെയുള്ള ഉപവകുപ്പുകൾ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രയാസകരമാകുന്നതാണ്. വകുപ്പ് 5 (2) (എഫ്)-ൽ മീൻപിടിക്കാനായി ഉപയോഗിക്കുന്ന ഊന്നിവലകളുടേയും ചീനവലകളുടേയും കണ്ണികളുടെ വലുപ്പം 28 എം.എം.-ൽ കുറയാൻ പാടില്ലെന്ന് നിഷ്കർഷിക്കേണ്ടതുണ്ട്. അല്ലെങ്കിൽ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി പിടിച്ചെടുക്കാൻ ഇത് കാരണമായിത്തീരും. വകുപ്പ് 5 (3) (ബി)-ലെ 'നാല് മീറ്റർ' എന്നത് 'ആറ് മീറ്റർ' ആയി മാറ്റണം. അതായത് വലയുടെ വലുപ്പം 4 മീറ്ററായി ചുരുക്കുന്നതിനുപകരം കുറച്ചുകൂടി വലുതായി 6 മീറ്ററാക്കി തൊഴിലാളികൾക്ക് അദ്ധ്വാനം കുറയ്ക്കാനുള്ള സാഹചര്യമുണ്ടാകണം.

9.00 pm]

വകുപ്പ് 5 (3)(എഫ്)-ൽ വരുന്ന 'അമ്പത് മീറ്റർ വരെയുള്ള ദൂരപരിധിയിൽ' എന്നത് ഇരുപത്തിയഞ്ച് മീറ്ററായി ചുരുക്കണം. വകുപ്പ് 5 (3) (എച്ച്)-ലെ 'അമ്പത് ശതമാനത്തിൽ കൂടുതൽ ഭാഗം' എന്നത് ഇരുപത്തിയഞ്ച് ശതമാനമായി ചുരുക്കണം. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഫിഷറീസ് ആക്ട് അനുസരിച്ചും

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും നിയമമനുസരിച്ചും ഊന്നിവലകൾക്കും ചീനവലകൾക്കും സ്ഥിരം പട്ടയം നൽകി അവർക്ക് കരയിലെ സ്ഥലത്തിനെന്നപോലെ കരമടയ്ക്കാമായിരുന്നു. മത്സ്യത്തൊഴിലാളിയുടെ പൊതുസ്വത്ത് എന്നനിലയ്ക്ക് ഊന്നിവലകളും ചീനവലകളും അവയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും മത്സ്യബന്ധനത്തിനായി വല കെട്ടുന്ന സമയത്തിന്റെ അടിസ്ഥാനത്തിലും കുടുംബാംഗങ്ങൾക്ക് വീതം വച്ചുനൽകുന്ന രീതി നിലനിന്നിരുന്നു. എന്നാൽ ഈ പട്ടയാവകാശം ഇല്ലാതാക്കിയിരിക്കുകയാണ്. ഇതിന് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുന്നത് ഒഴിവാക്കി കരമടയ്ക്കുന്ന വ്യവസ്ഥയിൽ പട്ടയം നൽകേണ്ടതുണ്ട്. വകുപ്പ് 6(എ)-ലെ 2 (i)-ൽ പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ ചെയർപേഴ്സൺ ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗമുൾപ്പെട്ട ജില്ലയുടെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കണം എന്നാക്കി തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത് ജില്ലയുടെ കളക്ടർ എന്നാണ്. ഇതിൽത്തന്നെ ഉപവകുപ്പ് 2(ii)-ൽ ബന്ധപ്പെട്ട ജലാശയത്തിന്റെ കൂടുതൽ ഭാഗമുൾപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർപേഴ്സൺ/മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി (വികസനം) ചെയർമാൻ എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ എന്നതിനുപകരം ബന്ധപ്പെട്ട മേഖലയിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡന്റുമാർക്കും അവസരം കൊടുക്കണം. അതുപോലെതന്നെ പ്രദേശത്തെ എം.എൽ.എ.മാർ അല്ലെങ്കിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന വ്യക്തികൾ ഈ സമിതിയിൽ അംഗങ്ങളാകുന്ന സാഹചര്യമുണ്ടാക്കാൻ പുതിയൊരു ഉപവകുപ്പ് കൂട്ടിച്ചേർക്കണം. സംസ്ഥാന ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെക്കുറിച്ചുള്ള 41-ാം വകുപ്പിലെ ഉപവകുപ്പ് (2)(ബി)-ൽ മൂന്ന് നിയമസഭാ സാമാജികർ എന്നുപറയുന്നതിൽ പ്രത്യേക സ്ഥലം നിർണ്ണയിച്ച് പറയേണ്ടതില്ല. അതുകൊണ്ട് ഉൾനാടൻ ജലമേഖലയിൽനിന്നുള്ള എം.എൽ.എ.-മാരായിരിക്കണം എന്ന് തിരുത്തണം. മൂന്നംഗങ്ങളും അത്തരത്തിലാണ് വരേണ്ടത്. ഒരാളെ മാത്രം പ്രത്യേക സ്ഥലത്തുനിന്നും മറ്റുള്ളവരെ ജനറലായും തെരഞ്ഞെടുക്കേണ്ടതില്ല. അതുപോലെ മൂന്ന് നിയമസഭാ സാമാജികർ, അതിലൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മറ്റൊരാൾ വനിതകളിൽനിന്നുമായിരിക്കണമെന്നും തിരുത്തേണ്ടതുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ സ്വതന്ത്ര കർഷക സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റുകൂടിയാണ്, അതുകൊണ്ട് കർഷകരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരു കർഷകനേതാവെന്ന നിലയിൽ മത്സ്യകർഷകരുടെ പ്രശ്നങ്ങൾകൂടി അദ്ദേഹം കൂടുതലായി മനസ്സിലാക്കിയിട്ടുണ്ടെന്ന് സംസാരത്തിൽനിന്നും ബോദ്ധ്യംവരുന്നുണ്ട്.

ഉൾനാടൻ മത്സ്യകർഷകർ അനുഭവിക്കുന്ന പ്രയാസമാണ് അദ്ദേഹം ഇവിടെ വിവരിച്ചുകൊണ്ടിരിക്കുന്നത്. മത്സ്യക്കുഞ്ഞുങ്ങൾക്ക് മുമ്പൊന്നുമില്ലാത്തവിധം അസുഖങ്ങൾ ബാധിച്ചുകൊണ്ടിരിക്കുകയാണ്. അസുഖം ബാധിച്ചാൽ കൊടുക്കാനാവശ്യമായ മരുന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്നില്ല. അതുകൊണ്ട് പലകർഷകരും മനുഷ്യർ ഉപയോഗിക്കുന്ന ആന്റിബയോട്ടിക് മരുന്നുകളാണ് മത്സ്യക്കുഞ്ഞുങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ കാര്യമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്ന കാര്യംകൂടി നമ്മുടെ ശ്രദ്ധയിൽ വരേണ്ടതുണ്ട്. ഇവിടെയുള്ള പ്രധാന പ്രശ്നം മാർക്കറ്റിംഗാണ്. അദ്ദേഹത്തിന് അറിയാവുന്നപോലെതന്നെ കാർഷിക വിളകൾ മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി ഓണത്തിനും ക്രിസ്തുമസ്സിനും പെരുന്നാളിനുമൊക്കെ ഇവിടെ കർഷക ചന്തകൾ ആരംഭിക്കാറുണ്ട്. അതുപോലെ മത്സ്യസമ്പത്ത് കൂടുതൽ വിറ്റഴിക്കാനാവശ്യമായ പ്രത്യേക ചന്തകൾകൂടി ആരംഭിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തീർച്ചയായും. വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് സൂചിപ്പിച്ചത്, മത്സ്യകൃഷി നടത്തുന്നയാളുകൾക്ക് മാത്രമല്ല, പൊതുവേ എല്ലാ കർഷകരെ സംബന്ധിച്ചിടത്തോളവും മാർക്കറ്റിംഗിന്റെ അഭാവം കേരളത്തിലുണ്ടെന്നുള്ളതാണ് വസ്തുത. എന്റെ നിയോജകമണ്ഡലം നിളാ നദിയും തിരൂർ പുഴയും കനോലി കനാലും തിരുനാവായയിലെ താമരക്കായലു മെല്ലാം ഉൾക്കൊള്ളുന്ന പ്രദേശമാണ്. രണ്ട് പുഴകളും ഒരു കനാലും താമരക്കായലുമൊക്കെയുള്ള പ്രദേശത്തുനിന്നുമാണ് ഞാൻ വരുന്നത്. ഇന്ന് അവിടങ്ങളിലൊക്കെയുള്ള മത്സ്യസമ്പത്ത് തീർത്തും കുറഞ്ഞുവരികയാണ്. അതിനാൽ ജലാശയങ്ങളെ സംരക്ഷിക്കാനും അവിടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ നിർദ്ദേശങ്ങൾ സഭ മുമ്പാകെ വയ്ക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ ഫലപ്രദമായ ധാരാളം നിർദ്ദേശങ്ങൾ ഈ ചർച്ചയിലൂടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. നിർദ്ദേശിച്ചി രിക്കുന്ന എല്ലാ അഭിപ്രായങ്ങളും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് തീരുമാനമുണ്ടാകുമെന്ന് ആമുഖമായിത്തന്നെ പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ആദ്യം അവതരിപ്പിക്കപ്പെട്ടത് 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ആണ്. സമയം വളരെയേറെ വൈകിയതുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബിൽ അവതരണവേളയിൽ ചിലകാര്യങ്ങൾ ഞാൻ പറഞ്ഞിരുന്നു. 2019-2020

സാമ്പത്തിക വർഷം മത്സ്യ ഉൽപാദന, കയറ്റുമതിയിലൂടെ നമ്മുടെ സംസ്ഥാനത്തിന് 5020.34 കോടി രൂപയാണ് ലഭിച്ചത്. കയറ്റുമതി ചെയ്യുന്ന സമുദ്ര മത്സ്യോൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ കാര്യത്തിൽ രാജ്യത്ത് രണ്ടാം സ്ഥാനം കേരളത്തിനാണ്. രാജ്യത്തെ 14.5 ദശലക്ഷം ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരെ ആശ്രയിച്ച് കോടിക്കണക്കിന് ജനങ്ങൾ ജീവിക്കുന്നുണ്ട്. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായം തന്നെയാണിത്. ഇന്ത്യയുടെ മൊത്തം ജി.ഡി.പി.യുടെ 1.07 ശതമാനം സംഭാവന നൽകുന്നത് മത്സ്യബന്ധന മേഖലയാണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ കണക്കുപ്രകാരം ഒരു വർഷം 334.41 ബില്ല്യൺ രൂപയുടെ കയറ്റുമതി വരുമാനം ഈ മേഖലയിൽനിന്നും രാജ്യത്തിന് ലഭിക്കുന്നുണ്ട്. മൊത്തം മത്സ്യോൽപാദനത്തിന്റെ 55 ശതമാനം ശുദ്ധജലത്തിൽനിന്നുമാണ് ലഭിക്കുന്നത്. 1950-51-ൽ 7.52 ലക്ഷം ടൺ മത്സ്യമാണ് രാജ്യത്ത് ഉൽപാദിപ്പിച്ചിട്ടുള്ളത്. 2019-20-ൽ 141.64 ലക്ഷം ടണ്ണായി അത് വർദ്ധിച്ചു. ഈ മേഖലയിൽ നല്ല വർദ്ധനവുണ്ടായിട്ടുണ്ട്. ഇന്ത്യയിൽ ഏതാണ്ട് 7516 കിലോമീറ്റർ സമുദ്രതീരവും 3827 മത്സ്യബന്ധന ഗ്രാമങ്ങളും 1914 പരമ്പരാഗത ലാൻഡിംഗ് സെന്ററുകളുമാണുള്ളത്. 195210 കിലോമീറ്റർ നദികളും 2.4 ദശലക്ഷം ഹെക്ടർ കുളങ്ങളുമുള്ള രാജ്യത്തിന്റെ മത്സ്യോൽപാദനം വേണ്ടത്ര ഉയർന്നിട്ടില്ല. കേരളത്തിലും ഇത് വേണ്ടത്ര ഉയർന്നിട്ടില്ല. ഈയൊരു പശ്ചാത്തലം നമ്മൾ ആദ്യംതന്നെ മനസ്സിലാക്കണം. മികച്ച പത്ത് സംസ്ഥാനങ്ങളിലെ മത്സ്യോൽപാദനത്തിന്റെ കണക്കിലെ ചെറിയൊരു ഭാഗം ഞാൻ വിശദീകരിക്കാം. 2001-ൽ തമിഴ്നാടിന്റെ ഉൾനാടൻ മത്സ്യമേഖലയിലെ ഉൽപാദനം ഏതാണ്ട് 13.34 ലക്ഷം ടൺ ആയിരുന്നത് 2019-20-ൽ 1.74 ലക്ഷം ടണ്ണായി കുറഞ്ഞു. ഇതുപോലെ ആന്ധ്രാപ്രദേശിന്റെ കണക്കും നാം പ്രത്യേകം കാണണം. 2000-ൽ അവരുടെ ഉൾനാടൻ മത്സ്യമേഖലയിലെ ഉൽപാദനം 4.07 ലക്ഷം ടൺ ആയിരുന്നത് 2019-20 ആയപ്പോഴേയ്ക്കും 36.1 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിച്ചു. കേരളത്തിൽ ഉൾനാടൻ മത്സ്യമേഖലയിലെ ഉൽപാദനം 2000-2001-ൽ 0.85 ലക്ഷം ടണ്ണായിരുന്നത് ഇപ്പോൾ 2.05 ലക്ഷം ടണ്ണായി വർദ്ധിച്ചു. കേരളത്തിലെ ഉൾനാടൻ മത്സ്യ മേഖലയിൽ നമുക്ക് നേരിയ വർദ്ധനവേയുള്ളൂ. ഇടതുപക്ഷവും യു.ഡി.എഫും ഭരിച്ച കാലത്തെ സംബന്ധിച്ചൊന്നുമല്ല ഞാനിവിടെ വിശദീകരിക്കുന്നത്. ഉൾനാടൻ മത്സ്യമേഖലയിലെ ഉൽപാദന രംഗത്ത് നാം പ്രതീക്ഷിക്കുന്ന തരത്തിൽ ഉൽപാദനം വർദ്ധിച്ചിട്ടില്ല എന്നാണ് സൂചിപ്പിച്ചത്. അതുപോലെതന്നെ തമിഴ്നാടിനെ

സംബന്ധിച്ച് മറൈൻ ഭാഗം എടുക്കുകയാണെങ്കിൽ 2000-2001-ൽ 3.68 ലക്ഷം ടൺ ആയിരുന്നെങ്കിൽ 2019-2020-ൽ 5.83 ലക്ഷം ടണ്ണായി വർദ്ധിച്ചു. ആന്ധ്രാപ്രദേശിൽ 1.83 ലക്ഷം ടണ്ണിൽനിന്നും 5.64 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധനവ് വന്നു. അവിടെ വലിയ രീതിയിൽ വർദ്ധനവുണ്ടായി. കേരളത്തിൽ 0.85-ൽനിന്നും 2019-2020-ൽ 2.05-ലേയ്ക്കാണ് വർദ്ധിച്ചത്. ഈ കണക്ക് എന്താണ് കാണിക്കുന്നത്? ഉൾനാടൻ സമുദ്ര ജലാശയങ്ങളിലെ അനന്തമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി നമ്മുടെ രാജ്യത്തിനും കേരളത്തിനും വലിയ രീതിയിലുള്ള സാമ്പത്തിക മേന്മയുണ്ടാക്കാൻ കഴിയുന്ന ഒരു മേഖലയിൽ വേണ്ടത്ര രീതിയിൽ നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഇവിടെ സൂചിപ്പിക്കുന്നു. അതാണ് ഈ ബില്ലിന്റെ അടിസ്ഥാനം. ഹാർബറുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. സംസ്ഥാനത്ത് 21 മത്സ്യബന്ധന ഹാർബറുകൾ പ്രവർത്തിക്കുന്നുണ്ട്. അഞ്ചെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ 204 ഫിഷ് ലാൻഡിംഗ് സെന്ററുകളും 228 മത്സ്യമാർക്കറ്റുകളും നിലവിലുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, ശുചിത്വകരമായ സാഹചര്യത്തിൽ മത്സ്യം കരയ്ക്കടുപ്പിക്കലും ലേലവും വിപണനവും ഉണ്ടാക്കിയാൽ മാത്രമേ ഈ മേഖലയിൽ ഉണർവുണ്ടാകുകയുള്ളൂ. ഈ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത് പുതിയ ഫിഷ് ലാൻഡിംഗ് സെന്ററുകളോ ഹാർബറുകളോ സ്ഥാപിക്കുക എന്നല്ല; അത്യാവശ്യമുണ്ടെങ്കിൽ ചെയ്യാം. നിലവിലുള്ള ഹാർബറുകളെ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് മാറ്റുന്നതിനും ശുചിത്വകരമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കേരളത്തിൽ ഒരു നിയമം ആവശ്യമാണെന്നുള്ളതു കൊണ്ടാണ് ഇങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് പോകുന്നത്. മറ്റൊരുകാര്യം, മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുകയും ഗുണനിലവാരം ഉറപ്പാക്കി മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും വേണം. മത്സ്യ വിപണന ശൃംഖല ശക്തിപ്പെടുത്തുക, മത്സ്യ മാർക്കറ്റുകളിൽ ശുചിത്വപൂർണ്ണമായ സംവിധാനം ഒരുക്കുക എന്നിവ നമ്മുടെ മാർക്കറ്റിംഗിന്റെയും സംഭരണത്തിന്റെയും ഭാഗത്ത് സാമ്പത്തികമായ വികാസമുണ്ടാക്കാൻ ഏറ്റവും അനിവാര്യമാണെന്നാണ് ഞാൻ കാണുന്നത്. ഈ ബില്ലിൽ പ്രധാനമായും ഊന്നൽ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഞാൻ ആദ്യം പറഞ്ഞു. മത്സ്യത്തൊഴിലാളികൾ ലേലക്കിഴിവ് സമ്പ്രദായത്തിലൂടെ ഇടനിലക്കാരുടെ അമിത ചൂഷണത്തിന് വിധേയമാകുന്നത് ഒഴിവാക്കേണ്ടത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ്. എറണാകുളം ജില്ലയിലെ കാളമുക്ക് ഹാർബർ

ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇത്തരം ധാരാളം പരാതികളുണ്ടായി. ഇവിടെ മത്സ്യത്തൊഴിലാളികളിൽനിന്നും ലേലക്കുറവായി ഞെട്ടിപ്പിക്കുന്ന തുകയാണ് വാങ്ങുന്നത്. ഇടനിലക്കാർ 13 മുതൽ 18 ശതമാനം വരെ ലേലക്കിഴിവ് വാങ്ങുകയാണ്. ഫിഷ് ലാൻഡിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിൽ സ്ഥിരം കച്ചവടക്കാരെയല്ലാതെ പുറമേനിന്ന് വേറെയാരെയും മീൻ വാങ്ങുന്നതിന് ഇടനിലക്കാർ അനുവദിക്കാറില്ല. അപ്പോൾ പുറമേനിന്ന് വരുന്നവർക്ക് സ്ഥിരം കച്ചവടക്കാരിൽനിന്ന് മാത്രമേ മത്സ്യം വാങ്ങാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മത്സരാടിസ്ഥാനത്തിൽ വില നിശ്ചയിക്കുന്നതിനു പകരം അവിടെയുള്ള സ്ഥിരം കച്ചവടക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് മത്സ്യം വിൽക്കാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരാകുന്നു. ഒരു അദ്ധ്വാനവും കൂടാതെ നിമിഷങ്ങൾകൊണ്ട് മത്സ്യത്തൊഴിലാളികളിൽനിന്ന് കുറഞ്ഞ വിലയ്ക്ക് വാങ്ങിയ മത്സ്യം മറിച്ച് വിറ്റ് ലാഭം കവർന്നെടുക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാൻ അല്ലെങ്കിൽ നിയന്ത്രിക്കാൻ വേണ്ടിയുള്ള ഒരു നിയമം കേരളത്തിൽ അനിവാര്യമാണെന്നതാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. അതിന്റെ വിശദാംശ ങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കളുടെ കയ്യിലെത്തുക എന്നതിന് ആഭ്യന്തര വിപണിയിലും കയറ്റുമതി വ്യവസായത്തിനും ഒരുപോലെ പ്രാധാന്യമുണ്ട്. അമോണിയ, ഫോർമാലിൻ, യൂറിയ, സോഡിയം ബെൻസോയേറ്റ് തുടങ്ങിയ രാസവസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് മത്സ്യത്തിന്റെ ഗുണനിലവാരം ഇല്ലാതാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. വൃത്തി ഹീനവും ശുചിത്വപൂർണ്ണവുമല്ലാതെ മത്സ്യം കൈകാര്യം ചെയ്യുന്നതുകൊണ്ട് പോഷക സമൃദ്ധമായ മത്സ്യത്തിന്റെ ഗുണം ഉപഭോക്താവിന് ലഭിക്കാത്ത സാഹചര്യം നാട്ടിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നതിന് കാരണമാകുന്നു. അതുണ്ടാകാതിരിക്കണമെങ്കിൽ നിലവാരമുള്ള, ശുചിത്വപരമായ അന്തരീക്ഷത്തിൽ ഉപഭോക്താക്കളിൽ മത്സ്യമെത്തിക്കാൻ കഴിയുന്ന സംവിധാനമുണ്ടാകണം. അതാണ് ഈ ബില്ലിലൂടെ വിഭാവന ചെയ്യുന്നത്. അതുപോലെ അനുയോജ്യമായി കൈകാര്യം ചെയ്യാത്തതിനാൽ കടലിൽനിന്ന് കരയ്ക്കെത്തിക്കുന്ന മൊത്തം മത്സ്യത്തിന്റെ 20 മുതൽ 24 ശതമാനംവരെ പാഴായിപ്പോകുകയാണ്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. കടലിൽനിന്ന് പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങളിൽ 75 ശതമാനം മാത്രമേ ശരിയായ രീതിയിൽ ലഭിക്കുകയുള്ളൂ. മത്സ്യം കൈകാര്യം ചെയ്യുന്ന യാനം, ഫിഷ് ലാൻഡിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം,

സംസ്കരണ കേന്ദ്രം, വാഹനങ്ങൾ, കണ്ടെയ്നർ തുടങ്ങിയവയെല്ലാം ഗുണനിലവാരമുള്ളതാക്കി മാറ്റിയാൽ മാത്രമേ കടലിൽനിന്ന് പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ നൂറ് ശതമാനവും ഉപഭോക്താക്കൾക്ക് കൊടുക്കാനും മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താനും കഴിയൂ. മത്സ്യത്തിന്റെ ഇനം, വലിപ്പം എന്നിവ അടിസ്ഥാനമാക്കി മത്സ്യങ്ങളുടെ ലേലം, വിപണനം എന്നിവ നിയന്ത്രിക്കുകയെന്നത് തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചെറുകണ്ണി വല്ലപ്പമുള്ള വല ഉപയോഗിച്ച് മത്സ്യക്കുഞ്ഞുങ്ങളെ അനിയന്ത്രിതമായി പിടിച്ചുകൊണ്ടുവരുന്നതുമൂലം ഉൽപ്പാദന രംഗത്ത് വലിയതോതിൽ കുറവ് സംഭവിക്കുന്ന വിഷയങ്ങളൊക്കെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുപോലെതന്നെ മാനേജ്മെന്റ് സൊസൈറ്റികളെക്കുറിച്ച് പറഞ്ഞു; ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയും ഫിഷ് ലാൻഡിംഗ് മാനേജ്മെന്റ് സൊസൈറ്റിയുമുൾപ്പെടെയുള്ളവയുടെ നടത്തിപ്പ് വളരെ പ്രധാനമാണ്. ഇപ്പോൾ ഇത് കൃത്യമായി പ്രവർത്തിക്കുന്നില്ല. പിടിച്ചുകൊണ്ടുവരുന്ന മത്സ്യം ഇടനിലക്കാരൻ ലേലം ചെയ്യുകയും ലേലക്കുറവ് കൊള്ളയടിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു. ഇതുമൂലം മത്സ്യത്തൊഴിലാളികൾ കടുത്ത ചൂഷണത്തിന് വിധേയമാകുന്നു. ഇടനിലക്കാരനിൽനിന്നും മത്സ്യത്തൊഴിലാളികൾ പണം വാങ്ങുന്നതുകാരണം അവർക്ക് മീൻ കൊടുക്കാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരാകുകയാണ്. സ്വാഭാവികമായും ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനും ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും മെയിന്റനൻസും ശുചിത്വവും നടപ്പാക്കാനും മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയെന്നത് വളരെ പ്രധാനമാണ്. മത്സ്യലേലം, വില്പന, ഗുണനിലവാര പരിപാലനം എന്നിവയെല്ലാം നിയമാനുസൃതമാണെന്ന് ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് ഈ കമ്മിറ്റികൾ കൊണ്ടുദ്ദേശിക്കുന്നത്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് നിലവിലുണ്ടെന്നുള്ളതിനെക്കുറിച്ച് സംശയം വേണ്ട. അതിൽ പറയുന്ന കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് അവരെയുംകൂടി സഹകരിപ്പിച്ചുകൊണ്ട് ഗുണനിലവാരമുള്ള മത്സ്യമെത്തിക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് മത്സ്യബന്ധന വകുപ്പ് നടത്തുന്നത്. അതിന്റെ ഭാഗമായാണ് 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ ഇവിടെ അവതരിപ്പിച്ചത്. മത്സ്യലേലം എന്നതിനേക്കാൾ സംഭരണത്തിലൂന്നുകയെന്ന ലക്ഷ്യംകൂടിയുണ്ട്. കാരണം സംഭരിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, അതിന്റെ അടിസ്ഥാനത്തിൽ ഇൻഫ്രാസ്ട്രക്ചറുണ്ടാകും.

മത്സ്യം സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഹാർബറുകളിലും ഫിഷ് ലാൻഡിംഗ് സെന്ററുകളിലുമൊക്കെ ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ സജ്ജീകരിക്കുന്നതിനാണ് ഈ ഗവൺമെന്റ് പ്രധാനമായും ലക്ഷ്യമിടുന്നത്. താങ്ങുവിലയെ സംബന്ധിച്ച് ചർച്ച വന്നു. മിൽമാ മോഡൽ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. ഈ നിയമം നൂറുശതമാനം പ്രാവർത്തികമാക്കണമെങ്കിൽ അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളും ഈ പറയുന്ന രൂപത്തിൽ നാം ചെയ്യേണ്ടതാണ്. അതുപോലെ മത്സ്യത്തൊഴിലാളിക്ക് ന്യായവില കിട്ടുകയും ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്യണമെങ്കിൽ തൊഴിലാളി മീൻപിടിക്കാൻ പോകുമ്പോൾ അവർക്ക് ആവശ്യമായ പണം കൊടുക്കേണ്ടിവരും. മത്സ്യ ബന്ധനത്തിന് പോകുന്ന ഒരു ബോട്ടിനോ വള്ളത്തിനോ ഇടനിലക്കാർ ലക്ഷക്ക ണക്കിന് രൂപയാണ് കൊടുക്കുന്നത്. അങ്ങനെ അവർ മീൻപിടിച്ച് വൈകിട്ട് തിരികെ വരുമ്പോൾ ഇടനിലക്കാരന് മീൻ കൊടുക്കാൻ തൊഴിലാളി നിർബന്ധിത നാകുകയാണ്. അതിനാൽ നമ്മുടെ സൊസൈറ്റികളെ ശക്തിപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് അതിൽ ഇടപെടാൻ പോകുകയാണ്. കേരളത്തിൽ മത്സ്യഫെഡിന്റെ കീഴിൽ 675-ഓളം മത്സ്യ സഹകരണ സംഘങ്ങളുണ്ട്. ഞാൻ മന്ത്രിയായതിനു ശേഷം വിശദമായ പഠനം നടത്തിയതിൽനിന്നും ഇരുന്നൂറ്റിയമ്പതോളം സഹകരണ സംഘങ്ങളാണ് ഫലപ്രദമായി പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ബാക്കി ഭൂരിപക്ഷ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. തീരദേശ മേഖലകളിലും ഉൾനാടൻ മത്സ്യമേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ കാര്യക്ഷമമാക്കുകയും സാമ്പത്തികമായ കപ്പാസിറ്റിയുണ്ടാക്കുകയും അതിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യത്തൊഴി ലാളികൾക്ക് ആവശ്യമായ സമ്പത്ത് നേടിക്കൊടുക്കുകയും ചെയ്യുന്നതുവഴി ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് രൂപപ്പെടുത്തിയെടുക്കാൻ വേണ്ടി ശ്രമകരമായ പ്രവർത്തനമാണ് നടക്കുന്നത്. ഈ നിയമം വരുന്നതിൽ ആശങ്കയുണ്ടെന്നും കലാപമുണ്ടാകുമെന്നും ചില അംഗങ്ങൾ പറഞ്ഞു, ഒരു കലാപവുമുണ്ടാകില്ല, അതൊന്നും പേടിക്കണ്ട. ശക്തമായി, ആർജ്ജവത്തോടെ ഈ ഗവൺമെന്റ് ഈ നിയമം കേരളത്തിൽ നടപ്പാക്കിയിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അതിനനുസൃതമായ ചട്ടങ്ങൾ തീർച്ചയായും രൂപീകരിക്കും. അതുകൂടി വരുന്നതോടുകൂടി ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച എല്ലാ കാര്യങ്ങളിലും നമുക്ക് പരിഹാരം കാണാൻ കഴിയും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

രണ്ടാമത് അവതരിപ്പിച്ചത് 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലാണ്. ആ സർവ്വകലാശാലയെ സംബന്ധിച്ച് പറയേണ്ടാത്ത കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞിട്ടുണ്ട്. അതിലേ യ്ക്കൊന്നും ഞാൻ പോകുന്നില്ല. അതൊക്കെ ഓരോ ആളുകളുടെ സ്വഭാവവും രീതിയുമനുസരിച്ച് പറഞ്ഞെന്ന് മാത്രമേ കരുതുന്നുള്ളൂ. വസ്തുതകൾ മനസ്സിലാക്കി വേണം ആരോപണമുന്നയിക്കേണ്ടത്. ഞാൻ വിവാഹം കഴിച്ചതുകൊണ്ട് എന്റെ ഭാര്യ ജോലി ചെയ്യേണ്ടെന്ന് പറയാൻ കഴിയുമോ? നമ്മുടെ രാജ്യത്ത് എത്രയോ രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കന്മാരുടെ ഭാര്യമാർ രാഷ്ട്രീയ രംഗത്ത് വന്നിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയയുടെ മകനല്ലേ ഇവിടെയിരിക്കുന്നത്. സി. എച്ച്. മുഹമ്മദ് കോയയുടെ കെയർഓഫിലല്ല അദ്ദേഹം വന്നത്. അദ്ദേഹം കഷ്ടപ്പെട്ട് രാഷ്ട്രീയ പ്രവർത്തനം നടത്തിയതുകൊണ്ടാണ്. കെയർഓഫ് ഇല്ലാതെ വന്നവർ വേറെയും കാണും. അതല്ല ഞാൻ പറഞ്ഞത്. അദ്ദേഹത്തെപ്പറ്റി എനിക്ക് ആ അഭിപ്രായമില്ല. കുഫോസിൽ വൈസ് ചാൻസലറുടെയും രജിസ്ട്രാറുടെയുമൊക്കെ നിയമനത്തിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഈ ഗവൺമെന്റ് പരിശോധിച്ചു. മന്ത്രിയായ ശേഷം ഫയൽ വരുത്തി കൃത്യമായി സ്ക്രൂട്ടിണൈസ് ചെയ്തു. അതുസംബന്ധിച്ചുള്ള മറുപടി ഞാൻ കൃത്യമായി കൊടുത്തിട്ടുണ്ട്. അങ്ങനെയൊരു സംഭവത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് ഇവിടെ ഉന്നയിച്ചു. അതിനുള്ള ജനാധിപത്യപരവും നിയമപരവുമായ അവകാശം അംഗത്തിനുണ്ട്. പക്ഷേ ബഹുമാനപ്പെട്ട അംഗത്തിന് അതുസംബന്ധിച്ച് തന്റേട ത്തോടെ എഴുതിത്തരാം. യാതൊരു സംശയവും വേണ്ട, അത്തരത്തിൽ അനധികൃ തമായി നിയമനം നടന്നിട്ടുണ്ടെങ്കിൽ ഈ ഗവൺമെന്റ് അത് പരിശോധിച്ച് കർശന നടപടി സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ ശോഷണം, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള നിരന്തരമായ പ്രശ്നങ്ങൾ, മത്സ്യോൽപാദനം സുസ്ഥിരമായ രീതിയിൽ വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ, മത്സ്യകൃഷി മേഖലയിലുണ്ടാകുന്ന രോഗങ്ങൾ തുടങ്ങി നിരന്തരമായ പ്രശ്നങ്ങൾ ഈ മേഖല അഭിമുഖീകരിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഭാര്യമാരുടെ നിയമനത്തെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ ആ ഭാഗമേ സ്പർശിച്ചിട്ടില്ല.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അങ്ങ് പറഞ്ഞില്ലെങ്കിൽ അത് ഞാൻ വിട്ടു. അതുസംബന്ധിച്ച് പറഞ്ഞ ആളിനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കാനുള്ള സുരക്ഷിത മാർഗ്ഗങ്ങൾ, മൂല്യവർദ്ധിത ഉൽപന്ന ങ്ങളുടെ ഉപയോഗം, ഉൽപാദനം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെ ആഴത്തിലുള്ള ഗവേഷണം അനിവാര്യമാണ്. കുഫോസിനെ സംബന്ധിച്ച്

അഭിമാനിക്കാവുന്ന ഒരു കാര്യം മനസ്സിലാക്കണം. ഇന്ത്യയിൽ ഫിഷറീസിനായി ആദ്യമായി ഒരു യൂണിവേഴ്സിറ്റി രൂപീകരിച്ചത് കേരളത്തിലാണെന്നുമാത്രമല്ല അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സൃഷ്ടിയാണ് എന്നുള്ളതും മനസ്സിലാക്കണം. പക്ഷേ നമുക്കുശേഷം രൂപീകൃതമായ യൂണിവേഴ്സിറ്റികളൊക്കെ ഒന്നാം സ്ഥാനത്തേയ്ക്ക് പോയതിനെപ്പറ്റി ദുഃഖിച്ചിട്ട് കാര്യമില്ല. ഒന്നാം സ്ഥാന ത്തേയ്ക്ക് കൊണ്ടുവരണമെങ്കിൽ അതിന്റെ സംവിധാനത്തിൽ കാതലായ മാറ്റം വരുത്തണം. ഈ ബില്ലിൽ അതെല്ലാം വരുന്നുണ്ട്. കുഫോസിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഫിഷറീസ്, ഓഷ്യൻ സ്റ്റഡീസ് എന്നിങ്ങനെ രണ്ട് മേഖലകളിലെ വിഷയങ്ങളാണ് ഇപ്പോൾ ഈ യൂണിവേഴ്സിറ്റി കൈകാര്യം ചെയ്യുന്നത്. ആ മേഖലകളെ ശാസ്ത്രീ യമായി കൂടുതൽ മുന്നോട്ടുകൊണ്ടുപോകുക, ഗവേഷണത്തിന്റെ പരിധിയിലേയ്ക്ക് അതിനെ ഉയർത്തിക്കൊണ്ടുവരിക, കൂടുതൽ സെന്ററുകൾ തുടങ്ങുക (കണ്ണൂരിലും കൊല്ലത്തുമൊക്കെ സെന്ററുകൾ തുടങ്ങുന്നതിന് ഇപ്പോൾ ചില നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു), കൂടുതൽ ആളുകൾ ഈ മേഖലയിലേയ്ക്ക് പഠിക്കാൻ വരിക തുടങ്ങിയവയാണ് ഉദ്ദേശിക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ധാരാളം തൊഴിൽ സാദ്ധ്യതകളുള്ള ഒരു വലിയ മേഖലയാണിത്. ലോകം മുഴുവൻ കടൽ വ്യാപിച്ച് കിടക്കുകയാണ്. അങ്ങനെ തൊഴിൽ സാദ്ധ്യതകളുള്ള ഈ മേഖലയിലേയ്ക്ക് നമ്മുടെ പുതിയ തലമുറയെ വളർത്തിക്കൊണ്ടുവരാനും ഫിഷറീസ് മേഖലയിലെ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുമുള്ള ഒരു സംവിധാനമായാണ് ഈ യൂണിവേഴ്സിറ്റിയെ ഞങ്ങൾ കാണുന്നത്. ഞാൻ ഒരുദാഹരണം പറയാം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെല്ലാനത്ത് വലിയ പ്രശ്നമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവ് ഇവിടെയുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടതുപ്രകാരം ഞങ്ങൾ ഒരുമിച്ച് അവിടെ പോയി. അവിടത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെയുണ്ട്. ഞങ്ങൾ അവിടെച്ചെന്നപ്പോൾ ദയനീയമായ സ്ഥിതിയാണ് കാണാൻ കഴിഞ്ഞത്. കടൽക്ഷോഭത്തിന്റെ ഭാഗമായി ചെല്ലാനം മുഴുവൻ തകർന്നു. ഇവിടെ ചെല്ലാന ത്തെപ്പറ്റി ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞു. അദ്ദേഹത്തിന് എവിടെ നിന്നാണ് ഇങ്ങനെയുള്ള വിവരങ്ങൾ കിട്ടിയതെന്ന് എനിക്കറിയില്ല. ഞാൻ ഒരു കാര്യം ഉറപ്പിച്ച് പറയുകയാണ്. ചെല്ലാനത്തിന്റെ നവീകരണത്തിനു വേണ്ടിയുള്ള സമഗ്രമായ പദ്ധതി ഏറ്റെടുത്ത ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അത് നടപ്പാക്കും. അതിനുവേണ്ടി കോടിക്കണക്കിന് രൂപ അനുവദിച്ചു, ടെണ്ടർ കഴിഞ്ഞു. അത് ഒരു മാതൃകാ വില്ലേജാക്കാൻ പോകുകയാണ്. അതിനുള്ള പണം എവിടെനിന്നുണ്ടാക്കും എന്നതിനെക്കുറിച്ച് ചർച്ചകൾ

നടന്നുകൊണ്ടിരിക്കുന്നു. അതിനൊരു സ്കീം തയ്യാറാക്കാനായി ഈ ഗവൺമെന്റ് ചുമതലപ്പെടുത്തിയത് നമ്മുടെ യൂണിവേഴ്സിറ്റിയെയാണ്. അവർ ആ സ്കീം തയ്യാറാക്കിത്തന്നതിന്റെ അടിസ്ഥാനത്തിൽ ഒരു ഫിഷറീസ് ഗ്രാമത്തെ മാതൃകാ ഗ്രാമമായി മാറ്റാൻ പോകുകയാണ്. സ്കൂൾ, ആരോഗ്യ മേഖല, റോഡ്, തോടുകൾ തുടങ്ങി അവിടെയുള്ള എല്ലാ മേഖലകളെയും സ്പർശിക്കുന്ന സമ്പൂർണ്ണവും സാർവ്വത്രി വുമായ ഒരു വികസനമാണ് ഉദ്ദേശിക്കുന്നത്. അത് വിജയിച്ചാൽ കേരളത്തിലെ മത്സ്യമേഖലയിലെ 250-ഓളം വില്ലേജുകളിലും ആ പദ്ധതി തുടർച്ചയായി നടപ്പാക്കാൻ കഴിയും. കാരണം അതൊരു മാതൃകാ വില്ലേജായി മാറാൻ പോകുകയാണ്. അതിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയത് ഫിഷറീസ് യൂണിവേഴ്സിറ്റിയെയാണ്. ആ യൂണിവേഴ്സിറ്റിക്കുള്ള അനന്തമായ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. 2010 നവംബർ 20-ാം തീയതി സ്ഥാപിതമായ കുഫോസ്, 2011-ലെ അഞ്ചാം നമ്പർ ആക്ടിലൂടെ കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് വേർപെട്ട് 01-04-2011 മുതൽ ഫിഷറീസ് സമുദ്ര മേഖലയിലെ ഗവേഷണത്തിനും പഠനങ്ങൾക്കുമായുള്ള സ്വതന്ത്ര സർവ്വകലാശാലയായി പ്രവർത്തനമാരംഭിച്ചു. ഈ സാദ്ധ്യതകളെ പിന്നീട് നമുക്കുയർത്താൻ കഴിഞ്ഞിട്ടില്ല. അവിടെയാണ് പ്രശ്നം. ഈയൊരു സാദ്ധ്യതയാണ് നമ്മൾ കണ്ടത്. കാർഷിക സർവ്വകലാശാലയുടെ കീഴിൽനിന്ന് ഇതിനെ സെപ്പറേറ്റ് ചെയ്ത് ഒരു സ്വതന്ത്ര സർവ്വകലാശാലയാക്കി മാറ്റുമ്പോൾ ഫിഷറീസ് സമുദ്ര മേഖലയിലെ ഗവേഷണം/പഠനം സംബന്ധിച്ച് നമുക്ക് ആവശ്യമായതിൽ കുറച്ചൊക്കെ നടത്തിയെങ്കിലും നമ്മുടെ സാദ്ധ്യത കളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അത് വളരെ പരിമിതമാണ്. ഒരു കാര്യംകൂടി പറയാം. രാജ്യത്തെ കാർഷിക വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിനും കൃഷി അനുബന്ധ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കു ന്നതിനും സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ചുമതലപ്പെട്ട സ്ഥാപനമായ ഐ.സി.എ.ആർ.-ന്റെ അംഗീകാരം കുഫോസ് രൂപീകരിച്ചപ്പോൾ അഞ്ച് വർഷത്തേയ്ക്ക് ലഭിച്ചിരുന്നു. ഇത് ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ. ഇവിടെ ഉന്നയിച്ച വിഷയമാണ്. മോഡൽ ആക്ടിന് വിരുദ്ധമായി സർവ്വകലാശാല ആക്ട് രൂപീകരിച്ചതിനാലും ഐ.സി.എ.ആർ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ നടപ്പാക്കാ ത്തതിനെത്തുടർന്നും സർവ്വകലാശാലയുടെ അംഗീകാരം ഐ.സി.എ.ആർ. റദ്ദാക്കി. ഇത് ഫിഷറീസ് ഫാക്കൽറ്റിയിൽനിന്നും കോഴ്സ് പൂർത്തിയാക്കുന്ന ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാർത്ഥികളെ സാരമായി ബാധിക്കുകയും ഈ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മറ്റ് ഫിഷറീസ്

അനുബന്ധ സ്ഥാപനങ്ങളിൽ ഉന്നത പഠനത്തിനോ ഗവേഷണത്തിനോ പ്രവേശനം ലഭിക്കുന്നതിനും തൊഴിൽ നേടുന്നതിനും കഴിയാത്ത സാഹചര്യവുമുണ്ടായി. ഐ.സി.എ.ആർ. നിയോഗിച്ച വിദഗ്ദ്ധസംഘം സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അപര്യാപ്തതകളുള്ളതായി കണ്ടെത്തി. ഒന്ന്, ഭരണപരവും സാമ്പത്തികവും അക്കാദമികപരവുമായ അധികാരങ്ങൾ ഉണ്ടായിരിക്കേണ്ട ഡീൻ, ഫാക്കൽറ്റി, പഠന ബോർഡുകൾ എന്നിവയ്ക്ക് പകരം മേൽ അധികാരങ്ങൾ ഇല്ലാത്ത സ്കൂൾ ഡയറക്ടർ, സ്കൂൾ ഗവേണിംഗ് കൗൺസിൽ, വകുപ്പ് ഗവേണിംഗ് കൗൺസിൽ, സ്കൂൾ ഡയറക്ടർ എന്നിവയാണ് രൂപീകരിച്ചത്. ഇത് മാറ്റേണ്ടതല്ലേ? രണ്ട്, അക്കാഡമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ എന്നിവയ്ക്ക് സ്വതന്ത്ര അധികാരം ഇല്ലാതിരിക്കൽ. മൂന്ന്, കർഷകർക്ക് വിജ്ഞാന പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ട എക്സ്റ്റൻഷൻ കൗൺസിലിന്റെ അഭാവം. നാല്, ഐ.സി.എ.ആർ. മോഡൽ ആക്ട് നടപ്പാക്കുന്നതിലുള്ള വീഴ്ച.

2011-ലെ കുഫോസ് ആക്ട് ഐ.സി.എ.ആർ. മാനദണ്ഡപ്രകാരം ഭേദഗതി ചെയ്യുന്നതായിരിക്കുമെന്നും ഫാക്കൽറ്റി ഡീനിന് ഐ.സി.എ.ആർ. നിർദ്ദേശ പ്രകാരമുള്ള ഭരണപരവും അക്കാദമികപരവും സാമ്പത്തികവുമായുള്ള അധികാര ങ്ങൾ നൽകുന്നതാണെന്നും ഫാക്കൽറ്റി ഓഫ് ഫിഷറീസിനുകീഴിൽ ഏഴ് ഡിപ്പാർട്ടു മെന്റുകൾ പുനഃസ്ഥാപിച്ചതായും സ്ഥിരം വകുപ്പ് മേധാവികളെ നിയമിച്ചതായും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2017 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്കുകൂടി ഐ.സി.എ.ആർ.-ന്റെ അംഗീകാരം പുനഃസ്ഥാപിച്ച് ലഭിച്ചിട്ടുണ്ട്. ഐ.സി.എ.ആർ. നിർദ്ദേശപ്രകാരം ഭേദഗതികൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും 2021-ലാണ് ഓർഡിനൻസ് ഇറങ്ങിയത്. ഈ നിയമം പ്രാബല്യത്തിൽ വന്നില്ലെങ്കിൽ ഐ.സി.എ.ആർ.-ന്റെ അംഗീകാരം നഷ്ടപ്പെടു മെന്നും നമ്മുടെ ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ മേഖലകളിൽ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് വലിയ പ്രതിസന്ധിയു ണ്ടാകുമെന്നുംകൂടി മനസ്സിലാക്കിക്കൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, അദ്ധ്യാപക തസ്തികകളും മറ്റ് ഇതര തസ്തികകളുമൊക്കെത്തന്നെ ഐ.സി.എ.ആർ. നിഷ്കർഷിക്കുന്ന രൂപത്തിൽ ത്തന്നെയായിരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ നിയമത്തിലും ഭേദഗതിയിലും അദ്ധ്യാപക തസ്തികകളെ സംബന്ധിച്ച് കൃത്യമായി പറയുന്നുണ്ട്. ഞാൻ അതിലേയ്ക്ക് വരാം. ഐ.സി.എ.ആർ.-ന്റെ നിർദ്ദേശപ്രകാരം എക്സ്റ്റൻഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും സ്കൂൾ സമ്പ്രദായം, സ്കൂൾ ഗവേണിംഗ് കൗൺസിൽ, വകുപ്പ് ഗവേണിംഗ് കൗൺസിൽ, സ്കൂൾ ഡയറക്ടർമാർ, ശമ്പളരഹിതരും സർവ്വകലാശാല സർവ്വീസിൽ ഇല്ലാത്തതുമായ ഡീൻമാർ തുടങ്ങിയവയുമായി ബന്ധപ്പെട്ട വകുപ്പുകൾ ഒഴിവാക്കുന്നതിനും ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നു. കുഫോസ് ആക്ട് പ്രകാരം സെനറ്റും ഗവേണിംഗ് കൗൺസിലും രണ്ട് വ്യത്യസ്ത അധികാര സ്ഥാപനങ്ങളാണ്. സെനറ്റിലെയും ഗവേണിംഗ് കൗൺസിലിലെയും അംഗത്വം തികച്ചും വിഭിന്നമാണ്. ഗവേണിംഗ് കൗൺസിൽ അംഗങ്ങളെല്ലാംതന്നെ സെനറ്റിലെയും അംഗങ്ങളായിരിക്കുന്നതാണ് ഭരണ നിർവ്വഹണത്തിന് ഉചിതം. ആ നിലയിൽ സെനറ്റിന്റെയും ഗവേണിംഗ് കൗൺസിലിന്റെയും ഘടന സംബന്ധിച്ച് ഈ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ അക്കാദമിക, ഗവേഷണ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ വൈസ് ചാൻസലർക്ക് നിലവിലുള്ള അധികാരം പരിമിതപ്പെടുത്തുകയും ഗവേണിംഗ് കൗൺസിൽ, അക്കാഡമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ, എക്സ്റ്റൻഷൻ കൗൺസിൽ, ഫാക്കൽറ്റി പഠന ബോർഡ് എന്നീ അധികാര കേന്ദ്രങ്ങൾക്കും ഫാക്കൽറ്റി ഡീൻ, എക്സ്റ്റൻഷൻ ഡയറക്ടർ, റിസർച്ച് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥർക്കുമായി അധികാരം വികേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഒരു കാര്യം ഞാൻ പറയാം, ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി കേരള സർവ്വകലാശാല അല്ലെങ്കിൽ കോഴിക്കോട് സർവ്വകലാശാലപോലെ ഈ സർവ്വകലാശാലയിലും ഉദ്യോഗസ്ഥ ഭരണ മേധാവിത്വത്തിൽനിന്ന് ഡെമോക്രാറ്റിക്കായി അധികാരം വികേന്ദ്രീകരിക്കപ്പെടുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായിരുന്നപ്പോൾ പനങ്ങാട് ഫിഷറീസ് കോളേജായിരുന്ന വർഷങ്ങളോളം ഒന്നാം സ്ഥാനം നിലനിർത്തിയിരുന്നത്. 2011-ൽ ഫിഷറീസ് കോളേജ് ഫിഷറീസ് സർവ്വകലാശാലയായി പ്രവർത്തനം ആരംഭിച്ചെങ്കിലും 2019-ലെ റാങ്കിംഗിൽ സർവ്വകലാശാലയ്ക്ക് കേവലം 57-ാം സ്ഥാനമാണ് ലഭിച്ചത്. 2018-ൽ റാങ്കിംഗിൽ ഉൾപ്പെടാൻപോലും സർവ്വകലാശാലയ്ക്ക് കഴിഞ്ഞില്ല. എന്നാൽ കുഫോസിനുശേഷം 2012 ജൂലൈ മാസത്തിൽ രൂപീകൃതമായ തമിഴ്നാട് ഫിഷറീസ് സർവ്വകലാശാല ഐ.സി.എ.ആർ. നിബന്ധനകൾ കർശനമായി നടപ്പാക്കിയതിനാൽ ഉയർന്ന റാങ്കിംഗിലേയ്ക്കെത്താനായി. നമ്മളിന്ന് റാങ്കിംഗിലില്ല. ഈയൊരവസ്ഥയ്ക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് ഈ

ബിൽ കൊണ്ടുവരുന്നത്. ഞാൻ എല്ലാ വിശദാംശങ്ങളിലേയ്ക്കും പോകുന്നില്ല. നമ്മുടെ സർവ്വകലാശാലയെ അടിമുടി പരിഷ്കരിക്കുന്ന ഒരു ബില്ലാണ് ഇവിടെ പ്രസന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

അടുത്തത് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലാണ്. മത്സ്യസംരക്ഷണം, ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യ സംരക്ഷണം എന്നിവയ്ക്കുപുറമെ മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും നിയന്ത്രണവുമുൾപ്പെടുന്ന ഒരു ബില്ലാണിത്. കടലിൽ മീൻ കുറയുന്നുവെന്നതാണ് നമ്മൾ കാണേണ്ട ഒരു പ്രധാന പ്രശ്നം. അനധികൃത മത്സ്യബന്ധനമാണ് അതിന് കാരണം. ആവശ്യമുള്ളതിന്റെ എത്രയോ ഇരട്ടി യാനങ്ങളാണ് നമുക്കുള്ളത്. അനധികൃത മത്സ്യബന്ധനം തടയാൻ ശക്തമായ നിയമങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ ഏറ്റവും ചെറിയ കണ്ണികളുള്ള വലകൾ ഉപയോഗിച്ചുകൊണ്ട് വലിയ തോതിൽ ഉൾക്കടലിൽനിന്നടക്കം മീൻ പിടിച്ചുകൊണ്ടുപോകുന്നു. കേരളത്തിൽ നിയമപരമായി കേസ്സെടുക്കുമെന്ന് പേടിച്ച് ഇത്തരത്തിൽ കൊണ്ടുവരുന്ന മീൻ തമിഴ്നാട്ടിലെ ഹാർബറുകളിൽ കൊണ്ടുപോയി വിൽക്കുകയാണ്. ഇത്തരത്തിൽ വലിയൊരു തീവെട്ടിക്കൊള്ള കടലിൽ നടക്കുകയാണ്. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. 2016-ൽ നിലവിൽവന്ന ഇടതുപക്ഷ സർക്കാർ KMFR (Kerala Marine Fishing Regulation) Act, 1980 കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനും CMFRI (Central Marine Fisheries Research Institute), CIFT (Central Institute of Fisheries Technology) എന്നീ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഈ കമ്മിറ്റിയുടെ ശിപാർശകൾ താഴെപ്പറയുന്നവയാണ്:

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മത്സ്യബന്ധന ബോട്ട് നിർമ്മാണ, വല നിർമ്മാണ യൂണിറ്റുകൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി നിയമവിധേയമാക്കണം. അങ്ങനെയാകുമ്പോൾ തോന്നിയതുപോലെ വലയുണ്ടാക്കി ആർക്കുവേണമെങ്കിലും മത്സ്യബന്ധനത്തിന് പോകാൻ സാധിക്കില്ല, അത് രജിസ്റ്റർ ചെയ്യണം;

2. കെ.എം.എഫ്.ആർ. ആക്ടിന്റെയും റൂളിന്റെയും ലംഘനത്തിനുള്ള ഫൈൻ കാലോചിതമായി പരിഷ്കരിക്കണം;

3. മത്സ്യബന്ധന യാനങ്ങളിൽ ലൈഫ് സേവിംഗ്, കമ്മ്യൂണിക്കേഷൻ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ നിർബന്ധമായും നിയമവിധേയമാക്കണം;

4. യാനങ്ങളിലെ ക്രൂ മെമ്പേഴ്സിന് പ്രധാനമായും എഞ്ചിൻ ഡ്രൈവർ, സ്രാങ്ക് തുടങ്ങിയവർക്ക് പരിശീലനവും സർട്ടിഫിക്കറ്റും ഉണ്ടാകണം;

5. മത്സ്യബന്ധനവലകളുടെ ആകെ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിച്ച് നിയമവിധേയമാക്കണം;

6. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിൽ നിയന്ത്രണം ഏർപ്പെടുത്തണം;

7. ട്രോൾ നെറ്റുകളുടെ കോഡ്-എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കണം;

8. മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തത്തോടെ പങ്കാളിത്ത വിഭവ മാനേജ്മെന്റ് സംവിധാനമുണ്ടാകണം.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽക്കൂടിയാണ് ഈ ബിൽ മോഡിഫൈ ചെയ്യാൻ ഉദ്ദേശിക്കുന്നത്. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2017 സെപ്റ്റംബർ മാസം കെ.എം.എഫ്.ആർ. ആക്ട് പരിഷ്കരിച്ച് ഉത്തരവാകുകയും 2018 സെപ്റ്റംബർ മാസം പുതിയ റൂൾ പുറപ്പെടുവിക്കുകയും ചെയ്തു. തീരക്കടലിലെ 12 നോട്ടിക്കൽ മൈലിനകത്ത് മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ എഞ്ചിൻ കാര്യക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി തീരക്കടലിൽ മത്സ്യബന്ധന ലൈസൻസ് നിജപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ്, രജിസ്ട്രേഷൻ എന്നിവ ഏർപ്പെടുത്തുകയും വലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കുകയും മാനേജ്മെന്റ് കൗൺസിൽ നിയമവിധേയമാക്കുകയും ചെയ്തു. കൂടാതെ നശീകരണ മത്സ്യബന്ധന രീതികളായ പഴ്സീൻ വലകൾ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവയും നിരോധിച്ചുകൊണ്ട് നിയമലംഘനങ്ങൾ പൂർണ്ണമായും തടയുകയെന്ന ലക്ഷ്യത്തോടെ 100 എച്ച്.പി.യോ അതിന് മുകളിലോ ഉള്ള എഞ്ചിൻ ഘടിപ്പിച്ച മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങൾക്ക് 2.5 ലക്ഷം രൂപ പിഴ ഏർപ്പെടുത്തി. പക്ഷേ ഇങ്ങനെ പിഴ ചുമത്തിയപ്പോൾ വലിയ തരത്തിലുള്ള പരാതി പലയിടത്തുനിന്നും വന്നു. അതിലുള്ള യഥാർത്ഥ പ്രശ്നം എന്താണ്? നിയമവിരുദ്ധമായി പിടിച്ചുകൊണ്ടുവരുന്ന മീൻ സംബന്ധിച്ച് കേസുകളെടുത്ത സമയത്ത് മറ്റൊരു തരത്തിൽ ഇതിനെ ഉപയോഗ പ്പെടുത്തുന്നുവെന്ന തരത്തിലുള്ള പരാതികൾ വ്യാപകമായുണ്ടായപ്പോൾ അതിന്മേൽ ഒരു ചെറിയ ഇളവ് വരുത്തുന്നതിനാണ് ഈ നിയമത്തിലൂടെ നമ്മൾ ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ പിഴത്തുക വളരെ കൂടുതലാണെന്നും അബദ്ധവശാൽ

സംഭവിക്കുന്ന പിഴവുകൾക്കുപോലും വർദ്ധിച്ച പിഴ അടയ്ക്കേണ്ടിവരുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പിഴ പുന:ക്രമീകരിക്കണമെന്നും മത്സ്യമേഖലയിൽനിന്നും നിരന്തരമായ ആവശ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു നിയമം ഇവിടെ കൊണ്ടുവരാനുദ്ദേശിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പത്ത് എച്ച്.പി. വരെയുള്ള യാനങ്ങൾക്ക് 5000 എന്ന ക്രമത്തിൽ 280 എച്ച്.പി.-ക്ക് മുകളിൽ രണ്ടര ലക്ഷം രൂപ വരെയാണ് പിഴ. യാനങ്ങളുടെ ഹോഴ്സ് പവറിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പിഴ നിശ്ചയിക്കുന്നത്. മുംബൈയിൽ ഭീകരാക്രമണമുണ്ടായ കാലംമുതൽ കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള തീരസംരക്ഷണ സേനകൾ സദാ ജാഗരൂകരാണ്. മത്സ്യബന്ധന ബോട്ടുകളിൽ പണിയെടുക്കുന്നത് മത്സ്യത്തൊഴിലാളികൾതന്നെയാണെന്ന് ഉറപ്പാക്കുന്നതിന് കടൽ മത്സ്യത്തൊഴിലാളികൾക്ക് നമ്മൾ ബയോമെട്രിക് ഐ.ഡി. കാർഡ് നൽകിയിരുന്നു. അതുപോലെതന്നെ മത്സ്യത്തൊഴിലാളികൾക്ക് ക്യൂ.ആർ. അധിഷ്ഠിത ആധാർ കാർഡ് നൽകിവരികയാണ്. ഈ പറയുന്ന പ്രശ്നത്തിനകത്ത് ഒരു പൊതു സിസ്റ്റം (Audio 17.10) വേണമെന്ന് തീരുമാനിച്ചു. കാരണം, കൊടുത്തതൊന്നും പ്രയോജനപ്പെട്ടില്ല. ആരാണ് കടലിൽ പോകുന്നത്, അവരുടെ അഡ്രസ്സ് എന്താണെന്നുള്ളതിനെപ്പറ്റി യാതൊരു അറിവുമില്ല. ഇപ്പോൾ വളരെ ചെറിയ പ്രായത്തിൽത്തന്നെ കുട്ടികളെ കടലിൽ പരിശീലനത്തിന് കൊണ്ടുപോകുകയാണ്. അപകടം സംഭവിക്കുമ്പോഴാണ് ഇവർക്ക് രജിസ്ട്രേഷനോ ഇൻഷ്വറൻസോ ഇല്ലെന്ന് മനസ്സിലാകുന്നത്. ശ്രീ. രമേശ് ചെന്നിത്തലയുടെ നിയോജകമണ്ഡലത്തിൽ കടലിൽവച്ച് അപകടത്തിൽ മരണപ്പെട്ട നാല് പേരിൽ മൂന്ന് പേർക്കും സാമ്പത്തിക സഹായം കിട്ടാതെപോയി. അതിൽ പ്രയാസപ്പെട്ടിട്ട് കാര്യമില്ല. കാസർഗോഡുള്ള പ്രശ്നവും ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ മത്സ്യബന്ധനത്തിനുപോകുന്ന തൊഴിലാളികൾ ആരാണെന്ന് ഐഡന്റിഫൈ ചെയ്യണം. ഒരു പ്രശ്നമുണ്ടായാൽ അപ്പോൾത്തന്നെ ബന്ധപ്പെട്ട പോലീസ് സംവിധാനത്തിന് അല്ലെങ്കിൽ മറൈൻ ഫോഴ്സിന് അറിയിപ്പ് കൊടുക്കണം. ഈ സാഹചര്യമുണ്ടാകണമെങ്കിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് ആധാർ കാർഡ് നിർബന്ധമാക്കണം. അതിനുള്ളൊരു വ്യവസ്ഥയാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ മത്സ്യബന്ധന യാനങ്ങളുമായും മത്സ്യബന്ധനവുമായും ബന്ധപ്പെട്ടും അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ അറിയാനും അതിന്റെ മറ്റ് സംവിധാനങ്ങൾ രൂപപ്പെടുത്താനും കഴിയുന്ന ഒരു നിയമമാണ് കൊണ്ടുവരാൻ പോകുന്നത്.

അടുത്തത് 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ ആണ്. ഇവിടെ ഞാൻ നേരത്തെ സൂചിപ്പിച്ചു, 85000 ഹെക്ടർ വിസ്തീർണ്ണമുള്ള 44 നദികൾ, 33291 ഹെക്ടർ വിസ്തീർണ്ണമുള്ള 47 റിസർവോയറുകൾ, 46129 ഹെക്ടർ വിസ്തീർണ്ണമുള്ള കായലുകൾ എന്നിങ്ങനെ ജലാശയങ്ങൾകൊണ്ട് സമ്പന്നമായ ഒരു സംസ്ഥാനമാണ് നമ്മുടേത്. സംസ്ഥാനത്ത് പ്രകൃത്യാലുള്ള മത്സ്യസമ്പത്തിനെ ആശ്രയിച്ച് 51011 ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ജീവനോപാധി കണ്ടെത്തുന്നുണ്ട്. ഉൾനാടൻ മത്സ്യങ്ങൾ പിടിച്ചെടുക്കുന്നതിന് സംസ്ഥാനത്ത് 6253 ഊന്നിവലകളും 1631 ചീനവലകളും 17118 മറ്റ് വലകളുമുണ്ട്. എന്നാൽ ചെറിയ കണ്ണിവല ഉപയോഗിച്ച് ചെറിയ മത്സ്യങ്ങളെ പിടിക്കൽ, മത്സ്യ പ്രജനനകാലത്തെ ഊത്ത പിടിത്തം, അനധികൃതമായി ചീനവല ഉപയോഗിച്ചുകൊണ്ടുള്ള മത്സ്യബന്ധനം, മത്സ്യത്തിന്റെ പ്രകൃത്യാലുള്ള പ്രജനന കേന്ദ്രമായ തണ്ണീർത്തടങ്ങളുടെ നാശം, മത്സ്യത്തിന്റെ പ്രജനന സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള തടയണ നിർമ്മാണം, ജലമലിനീകരണം, ജലാശയങ്ങളുടെ നികത്തൽ എന്നിവമൂലം ഉൾനാടൻ മത്സ്യസമ്പത്ത് ശോഷിച്ചുവരികയും ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുകയും ചെയ്യുന്നു. പ്രസ്തുത ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഉൾനാടൻ ജലാശയങ്ങൾ സംരക്ഷിച്ച് ഉൾനാടൻ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ പരിസ്ഥിതിയധിഷ്ഠിത മത്സ്യവിഭവ സംരക്ഷണ മാർഗ്ഗങ്ങൾ ശാസ്ത്രീയമായി അവലംബിക്കേണ്ടതിന് 2010-ലെ ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് ഭേദഗതി വരുത്തേണ്ടതുണ്ട്. മത്സ്യങ്ങളുടെ പ്രജനനകാലത്ത് അവ പിടിച്ചെടുക്കുന്നത് തടയുന്നതിനും ചെറിയ മത്സ്യങ്ങളെ വളരാൻ അനുവദിക്കുന്നതിനുമായി പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ കുറഞ്ഞ വലിപ്പം നിശ്ചയിക്കുന്നതിനും ഈ ബിൽ ലക്ഷ്യമിടുന്നു. 'ഞങ്ങളുടെ കാലത്ത് ഒരുപാട് മത്സ്യക്കുഞ്ഞുങ്ങളെ കായലിലും നദിയിലുമെല്ലാം നിക്ഷേപിച്ചു' എന്ന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞു; എന്നെക്കൊണ്ട് അത് പറയിപ്പിക്കണ്ട എന്നുവിചാരിച്ച് ഇരുന്നതാണ്. ഞാനൊന്ന് ചോദിച്ചോട്ടെ, നിങ്ങളുടെ കാലത്ത് നിക്ഷേപിച്ചതിന്റെ കണക്ക് ഞാനിപ്പോൾ എടുത്തിട്ടുണ്ട്. അങ്ങ് മനസ്സിലാക്കണം, അതിൽ തൊണ്ണൂറ് ശതമാനവും ചത്തുപോയി. അതുകൊണ്ട് നമ്മൾ ഒരു കാര്യം തീരുമാനിച്ചു, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കേണ്ട എന്നല്ല, നല്ല വലിപ്പമായതിനുശേഷം അതായത് ചത്തുപോകാത്ത തരത്തിൽ, അൻപത് ശതമാനമെങ്കിലും തിരികെ കിട്ടുന്ന

തരത്തിൽ, മത്സ്യക്കുഞ്ഞുങ്ങളെ വളർത്തിയതിനുശേഷം നിക്ഷേപിച്ചാൽ മതിയെന്ന് തീരുമാനിച്ചു. അങ്ങ് പറഞ്ഞതുപോലെ അശാസ്ത്രീയമായ കാര്യങ്ങളല്ല ഈ ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞു ഞങ്ങളുടെ കാലത്ത് നിക്ഷേപിച്ചു എന്ന്. അതിന് പ്രയോജനമില്ലെന്നാണ് ഞാൻ പറഞ്ഞത്. അത്തരം പ്രശ്നങ്ങളെല്ലാം ഈ നിയമത്തിന്റെ ഭാഗമായി വരുന്നുണ്ട്. അതുപോലെതന്നെ മത്സ്യസംരക്ഷണത്തിന് അനിവാര്യമായ മാർഗ്ഗങ്ങൾ പ്രാദേശികമായി രൂപം കൊടുത്ത് നിർവ്വഹിക്കുന്നതിനും പങ്കാളിത്ത പരിപാലനം നടപ്പാക്കുന്നതിനുമായി ജനപ്രതിനിധികൾ, ഫിഷറീസ് വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്ന പ്രാദേശിക ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിനാണ് ഈ ബില്ലിലൂടെ വിഭാവനം ചെയ്യുന്നത്. ഈ കൗൺസിലിൽ എം.എൽ.എ.-മാർ അംഗങ്ങളായി ഇല്ലെന്ന് ഇവിടെ ചിലർ ഉന്നയിച്ചു. തീർച്ചയായും അത് പരിശോധിക്കുന്നതാണ്. ഒരു കാര്യം ഞാൻ വ്യക്തമായി പറയാം, അംഗങ്ങളെ വളരെ ഡെമോക്രാറ്റിക്കായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഗവൺമെന്റ് പരിഗണിക്കുന്നത്. അതുപോലെതന്നെ മത്സ്യമേഖലയിൽ പണിയെടുക്കുന്ന ആളുകളും അതിലുണ്ടാകും. സമുദായത്തിന് പ്രാതിനിധ്യം കൊടുക്കുന്ന കാര്യം പറഞ്ഞു. ഒരു സമുദായത്തിന് കൊടുത്താൽ എല്ലാ സമുദായക്കാരും പ്രാതിനിധ്യം ചോദിച്ചുകൊണ്ട് വരില്ലേ? അപ്പോൾ അതൊക്കെ നമുക്ക് ബുദ്ധിമുട്ടുണ്ടാക്കും. എങ്കിലും മത്സ്യമേഖലയിലെ ട്രേഡ് യൂണിയനുകൾ, ജനപ്രതിനിധികൾ എന്നിവരെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംവിധാനമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇവിടെ 81650 കർഷകർ മത്സ്യകൃഷിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തുകയോ നിലവിലെ ജീവനോപാധി പ്രവർത്തനത്തോടൊപ്പം അധികവരുമാനം ആർജ്ജിക്കുകയോ ചെയ്യുന്നുണ്ട്. അതുകൊണ്ട് പ്രകൃത്യാലുള്ള കുളം കൈവശമില്ലാത്തവർക്കുപോലും നൂതന മത്സ്യകൃഷി മാർഗ്ഗങ്ങളായ ബയോഫ്ളോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, പടുതാക്കുളത്തിലെ അതിസാന്ദ്രതാ മത്സ്യകൃഷി എന്നിവയിലൂടെ ഏറ്റവും ആരോഗ്യകരമായ മത്സ്യം വികേന്ദ്രീകൃതമായി ഉൽപ്പാദിപ്പിച്ച് മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. ഇതാണ് ഈ ഗവൺമെന്റിന്റെ നയം. സുഭിക്ഷ കേരളം പദ്ധതിയിലൂടെ നമ്മൾ കേരളത്തിന്റെ ഉൽപ്പാദന മേഖലയുടെ വളർച്ച തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. ആ അടിസ്ഥാനത്തിൽ അനന്തമായ തൊഴിൽ സാദ്ധ്യതകളുള്ള മേഖലയാണിത്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, സമയം 10 മണി ആകുന്നു. ബഹുമാനപ്പെട്ട മന്ത്രി ബില്ലിന് മറുപടി പറയുന്നില്ല.

ശ്രീ. സജി ചെറിയാൻ: സർ, 35 മിനിട്ട് ആയിട്ടേയുള്ളൂ. പ്രധാനപ്പെട്ട ഭാഗങ്ങൾ പറഞ്ഞവസാനിപ്പിക്കാം. അംഗങ്ങൾ പ്രസംഗിച്ചതുപോലെ ഞാൻ സമയമെടുത്തിട്ടില്ല. 10 മിനിട്ടുകൊണ്ട് തീർക്കാം. ബില്ലിന്റെ ആവശ്യകതയെക്കുറിച്ച് പറയണമല്ലോ. അങ്ങ് ചെറിയ കാര്യത്തിനുപോലും കൂടുതൽ സമയം സംസാരിക്കുന്ന ആളാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബില്ലിന്റെ മറുപടിയാണ് പറയേണ്ടത്.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ബില്ലിനെക്കുറിച്ചാണ് മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: തർക്കം വേണ്ട. അങ്ങ് പറഞ്ഞവസാനിപ്പിച്ചാൽ മതി.

ശ്രീ. സജി ചെറിയാൻ: സർ, ഏറ്റവും വലിയ തൊഴിൽ സാദ്ധ്യതയുള്ള മേഖലയെന്ന നിലയിൽ തൊഴിൽ കൊടുക്കാൻ കഴിയുന്ന സംവിധാനത്തെ പരമാവധി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ നമ്മൾ കൊണ്ടുവരുന്നത്. അക്വാകൾച്ചർ മേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ഉത്തരവാദിത്വപരമായി നടപ്പാക്കുന്നതിനും ജനപ്രതിനിധികൾ, അക്വാകൾച്ചർ വിദഗ്ദ്ധർ, മത്സ്യകർഷകർ, ഉദ്യോഗസ്ഥർ എന്നിവരെയുൾപ്പെടുത്തി ജില്ലാ അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസികൾ രൂപീകരിക്കുന്നതിന് ഈ ബില്ലിലൂടെ വിഭാവന ചെയ്യുന്നുണ്ട്. അത് സംസ്ഥാനതലത്തിലും രൂപീകരിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അത് സബ്ജക്ട് കമ്മിറ്റി പരിശോധിക്കും. അഞ്ച് മിനിട്ട് കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. .....(ബഹളം)......

മി. സ്പീക്കർ: ചെയറിന് പരിമിതിയുണ്ട്, ആറ് മണിക്കൂറാണ് അംഗങ്ങൾ ചർച്ച ചെയ്തതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ എത്ര മിനിട്ടുകൂടി പ്രസംഗിക്കണമെന്ന് പറഞ്ഞാൽ അപ്പോൾ അവസാനിപ്പിക്കാം. നാല് ബില്ലിന് 35 മിനിട്ട് മാത്രമാണെടുത്തത്. .....(ബഹളം)......

മി. സ്പീക്കർ: തർക്കമുണ്ടാക്കി സമയം കളയരുത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് അവസാനിപ്പിക്കാൻ പോവുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയട്ടെ. .....(ബഹളം)....

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് ആറ് ബില്ലുകൾ ചർച്ചയ്ക്കെടുത്ത ദിവസമാണ്. ബില്ലിന്മേൽ സംസാരിക്കുന്നതിന് നിയന്ത്രണമില്ല. പക്ഷേ പ്രസംഗം ആരംഭിച്ച് 15 മിനിട്ട് ആയപ്പോൾത്തന്നെ എല്ലാ അംഗങ്ങളേയും കപ്പലിൽ സൈറൺ അടിക്കുന്നതുപോലെ സൈറണടിച്ച് നിർത്തിച്ചു. എല്ലാവരും പ്രസംഗം നിർത്തി. പക്ഷേ, മന്ത്രിയും അതനുസരിച്ച് മറുപടി പറയണ്ടേ? ഒരു ഡിമാന്റ് ചർച്ചയിൽ മന്ത്രി മറുപടി പറയുന്നതുപോലെ ഫിഷറീസ് സർവ്വകലാശാല സംബന്ധിച്ച ബില്ലിന് മറുപടി പറയേണ്ട കാര്യമുണ്ടോ? ഞങ്ങൾ ഇതുമായി സഹകരിക്കുന്നത് ഞങ്ങളെ പരീക്ഷിക്കുന്നതിന് തുല്യമാകരുത്. .....(ബഹളം).... നിങ്ങൾ ആരാണ് സംസാരിക്കാൻ? ഞാൻ സ്പീക്കറോടല്ലേ സംസാരിക്കുന്നത്. അസംബ്ലിയിൽ വന്നിട്ട് രണ്ട് മാസമായില്ലല്ലോ. ......(ബഹളം)...... ഞങ്ങളൊക്കെ ജൂനിയർ അംഗങ്ങളായി തന്നെയാണ് ഇവിടെ വന്നിട്ടുള്ളത്. ഇവിടെ ഇരുന്നിരുന്ന പ്രതിപക്ഷ നേതാക്കന്മാരോ സഭയിലെ സീനിയറായ അംഗങ്ങളോ സംസാരിക്കുമ്പോൾ ഞങ്ങളാരും ഇതുപോലെ ഇടപെടില്ലായിരുന്നു. വന്നിട്ട് രണ്ടോ മൂന്നോ മാസമേ ആയിട്ടുള്ളൂവെങ്കിലും നമ്മൾ എഴുന്നേൽക്കുമ്പോൾത്തന്നെ സംസാരം തുടങ്ങുകയാണ്. അമ്പലപ്പുഴ അംഗം ഇത് പല തവണയായി ആവർത്തിക്കുന്നു. ഇത് ശരിയല്ല. താങ്കൾ ഇവിടെ വന്നിട്ട് നാല് മാസമായിട്ടില്ല.

മി. സ്പീക്കർ: ഇരിക്കൂ.... ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് പ്രസംഗിക്കൂ.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ പറയട്ടെ. ഇവിടെ ചർച്ചയിൽ വന്ന മറ്റൊരു പ്രശ്നം ഹാച്ചറികളെയും ഫാമുകളെയും സംബന്ധിച്ചാണ്. ..........(ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. നിങ്ങൾ അത് കേൾക്കൂ. ....(ബഹളം)...

ശ്രീ. സജി ചെറിയാൻ: സർ, പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം ശരിയാണ്. പക്ഷേ നാല് ബില്ലിന്മേൽ 35 മിനിട്ട് മാത്രമാണ് ഞാൻ സംസാരിച്ചത്. ഞാൻ വളരെ വേഗത്തിൽ മറുപടി പറയുകയാണ്. നിങ്ങൾ പറഞ്ഞതിന് മറുപടി പറയണ്ടേ. ഇതൊക്കെ രേഖയിൽ വരേണ്ടതല്ലേ. ഹാച്ചറികളെപ്പറ്റിയും ഫാമുകളെപ്പറ്റിയും ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറഞ്ഞു. 2016-ൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ, ഉൽപ്പാദനക്ഷമത 2.44 കോടി മത്സ്യവിത്തുകൾ മാത്രമായിരുന്നു. ഇപ്പോൾ 7 കോടി മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന തരത്തിലേയ്ക്ക് കേരളത്തിലെ ഫാമുകളെയും ഹാച്ചറികളെയും മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് 12 കോടി മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിലേയ്ക്ക് ലക്ഷ്യംവച്ചാണ് നീങ്ങുന്നത്. 100 കോടി രൂപ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഫാമുകളുടെയും ഹാച്ചറികളുടെയും വികസനത്തിനുവേണ്ടി ഗവൺമെന്റ് മുടക്കിയിട്ടുണ്ടെന്നുള്ള കാര്യം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ..........(ബഹളം)....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഏതായാലും ചർച്ച ചെയ്യാം. മത്സ്യത്തൊഴിലാളികൾ കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യബന്ധനത്തിന് പോകാതിരിക്കുമ്പോൾ സഹായം നൽകുമെന്ന് പറഞ്ഞു. 200 രൂപയാണെന്നാണ് എന്റെ ഓർമ്മ. ആ സഹായം എന്ന് കൊടുക്കുമെന്ന് പറയുമോ?

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് ഈ ലോകത്തല്ലേ ജീവിക്കുന്നത്; അങ്ങ് കേരളത്തിലല്ലേ ജീവിക്കുന്നത്? അങ്ങ് മനസ്സിലാക്കേണ്ട കാര്യം, മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനംമൂലം കടലിൽ പോകാൻ കഴിയാതിരുന്നതിന്റെ ഭാഗമായി 1200 രൂപാ വീതം 31 കോടി രൂപ കേരളത്തിൽ ആദ്യമായി ഈ പിണറായി വിജയൻ ഗവൺമെന്റ് കൊടുത്തു. അതങ്ങ് മനസ്സിലാക്കണം. ആദ്യമായി സംസ്ഥാനം നടപ്പിലാക്കിയ കാര്യം അങ്ങ് അറിയാത്തതുകൊണ്ട് ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഇവിടെ ചർച്ച ചെയ്തു, ഞാൻ ആ നയങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയടക്കം മറ്റുള്ള പല അംഗങ്ങളും അത് ഉന്നയിച്ചു.

ശ്രീ. എം. വിൻസെന്റ്: സർ, 1200 രൂപ കൊടുത്തു എന്ന് പറഞ്ഞു. അത് എങ്ങനെയാണ് കൊടുത്തതെന്ന് പറയാമോ?

ശ്രീ. സജി ചെറിയാൻ: അവരുടെയെല്ലാം അക്കൗണ്ടിൽ പൈസ അയച്ചിട്ടുണ്ട്. നോക്കിയാൽ മതി. ആർക്കെങ്കിലും കിട്ടാനുണ്ടെങ്കിൽ പറഞ്ഞാൽ മതി. അവരുടെ അക്കൗണ്ടുകൾ പരിശോധിക്കാം. ബ്ലൂ ഇക്കോണമി നയം അപകടകരമാണ്. ഇതുസംബന്ധിച്ച് ഇന്ന് രാവിലെ ശ്രീ. പി. പി. ചിത്തരഞ്ജന് വിശദമായ മറുപടി കൊടുത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഈ നിയമസഭ, ഇടതുപക്ഷമായാലും യു.ഡി.എഫ്. ആയാലും ഒന്നിച്ചുനിന്ന് ഇതിനെ എതിർത്തില്ലെങ്കിൽ നമ്മുടെ ഫിഷറീസ് മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു കൂട്ടായ പ്രക്ഷോഭത്തിലേയ്ക്ക് നമ്മൾ നീങ്ങണം. ഞാൻ അത് വിശദമായി പറയേണ്ട കാര്യമില്ല. നമുക്കെല്ലാവർക്കും മത്സ്യത്തൊഴിലാളികളോട് സ്നേഹമാണ്. അവരുടെ ജീവിത നിലവാരവും ആളോഹരി വരുമാനവും മെച്ചപ്പെടുത്തണം, സമൂഹത്തിൽ അവരെ മുന്നോട്ട് നയിക്കണമെന്നെല്ലാം പറയുമ്പോഴും ഒരു കൂട്ടായ പ്രക്ഷോഭത്തിന്റെ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. കടലിനെയും തീരത്തെയും വിൽക്കുന്ന കേന്ദ്രനയങ്ങൾക്കെതിരായി ഇവിടെ ഉന്നയിച്ച എല്ലാ പ്രശ്നത്തോടും ഞാൻ യോജിക്കുന്നു. അതിന്റെ മുന്നിൽ പിണറായി വിജയൻ

ഗവൺമെന്റ് ഉണ്ടാകുമെന്ന കാര്യത്തിൽ ഉറപ്പുതരാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്; ധാരാളം നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇവിടെ ഉന്നയിച്ചു. അതിൽ ഒന്ന്, ബില്ലിന്റെ ഭേദഗതി സംബന്ധിച്ചാണ്. ഇന്നിപ്പോൾ സഭാസമ്മേളനത്തിനുശേഷം സബ്ജക്ട് കമ്മിറ്റി കൂടുന്നുണ്ട്. ആ കമ്മിറ്റിയിൽ തീർച്ചയായും അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങൾ ചർച്ച ചെയ്യും. മത്സ്യമേഖലയുടെ വളർച്ചയ്ക്കുതകുന്ന കാര്യങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. മറ്റൊരു കാര്യം, ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു പാക്കേജ് ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷവും അത് തുടർന്നുവന്നു. അടുത്ത അഞ്ച് വർഷവും അത് തുടരും. ഒരു കാര്യം മനസ്സിലാക്കണം. 1957-ലെ ആദ്യത്തെ ഗവൺമെന്റ് മുതൽ കഴിഞ്ഞ ഗവൺമെന്റ് വരെ ഇടതുപക്ഷവും യു.ഡി.എഫ്.-ഉം കേരളം ഭരിച്ചിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ മത്സ്യമേഖലയ്ക്ക് ഏറ്റവും കൂടുതൽ പണം നീക്കിവച്ചത് കഴിഞ്ഞ അഞ്ച് വർഷക്കാലത്താണ്. 11,500 കോടി രൂപ പുനർഗേഹം, ലൈഫ് മിഷൻ തുടങ്ങി വിവിധ പദ്ധതികൾക്കായി കൊടുത്തു. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഒൻപതിനായിരത്തോളം വീടുകളുടെ ലിസ്റ്റെടുത്തതിൽ ലൈഫ് പദ്ധതി വഴി 5000 വീടുകൾ കൊടുത്തു. തീരദേശത്തെ സംരക്ഷണം സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ. ഏറ്റവും കൂടുതൽ പണം കൊടുത്തത് ശ്രീ. രമേശ് ചെന്നിത്തലയുടെ നിയോജകമണ്ഡലമായ ഹരിപ്പാടാണ്; അവിടെ പോയി നോക്കണം. അവിടെ ടെട്രാപോഡുപയോഗിച്ചുള്ള തീരസംരക്ഷണം നടന്നുകൊണ്ടിരിക്കുകയാണ്. തീരസംരക്ഷണത്തിനുവേണ്ടി മന്ത്രിമാരുടെ ഒരു ജോയിന്റ് മീറ്റിംഗ് കൂടി ഉദ്യോഗസ്ഥർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണമെന്ന് തീരുമാനിച്ചു. അതിന്റെ റിപ്പോർട്ട് തയ്യാറാകുന്നുണ്ട്. 590 കിലോമീറ്റർ തീരമേഖല മുഴുവൻ കല്ലിടേണ്ട കാര്യമില്ല. ടെട്രാപോഡ് ഇടേണ്ടിടത്ത് അതും കല്ലിടേണ്ടിടത്ത് അതും ഉപയോഗിക്കും. അങ്ങനെ വിവിധ പദ്ധതികൾ നടപ്പാക്കുകയാണ്. ഇവിടെ പറഞ്ഞതൊക്കെ ശരിയാണ്. കേരളത്തിൽ ഒരുപാട് പ്രതിസന്ധികളുണ്ട്. കാലാവസ്ഥ, കോവിഡ് തുടങ്ങിയവ കാരണം ഒരുപാട് പേർ ജോലിയില്ലാതെ പട്ടിണിയിലും പ്രയാസങ്ങളിലുമാണ്. പക്ഷേ ഒരു കാര്യം ഞാൻ പറയാം, ഇതിനെയെല്ലാം അതിജീവിച്ച് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിച്ച ഒരു ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റ്. അടുത്ത അഞ്ച് വർഷം സുസ്ഥിര വികസനമാണ്. ഈ മേഖലയിലെ ജനങ്ങളുടെ കണ്ണുനീർ തുടച്ചുകൊണ്ട് ഒരു പുതിയ അദ്ധ്യായത്തിന് കേരളത്തിൽ തുടക്കംകുറിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ അവതരിപ്പിച്ച നാല് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ ........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്, അങ്ങയുടെ 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(not in the seat)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അങ്ങയുടെ 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 29-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 9.54-ന് പിരിഞ്ഞു.)

## അനുബന്ധം-1

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(*333)-ന്റെ 'എ' പിരിവിനും 'സി' പിരിവിനും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

(എ) കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ-ഇ.എം.എൽ.-ന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കാൻ 7-9-2019-ലെ സ.ഉ.(കൈ) നം. 78/2019/വ്യവ പ്രകാരം സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 28-7-2021-ൽ ഇതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് ഫോർ സെയിൽ ഒപ്പുവച്ചതിലൂടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്തു. കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (HNL) ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ചെയ്തുതീർക്കേണ്ട നടപടികൾ പൂർത്തിയാക്കി യെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോകുകയാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ ത്തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികളുൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ

അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരുംവർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ പ്രത്യേക സാമ്പത്തിക സഹായം വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തി പ്രത്യേകം തുക നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപന ങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതുപോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ കൂടുതൽ സുതാര്യമായും സാങ്കേതിക മികവിലും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് സഹായകരമായ മാനദണ്ഡങ്ങളും അത് നടപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകരമായ മത്സരക്ഷമത വളർത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും സ്ഥാപന മേധാവിക്കും മികച്ച പൊതുമേഖലാ ജീവനക്കാരനും അവാർഡ് ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

## അനുബന്ധം 2

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4(*334)-ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിക്കുവേണ്ടിയാണ്. വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിൽ, കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന ഇടനാഴി കടന്നുപോകുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉൽപ്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്കും ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കും. കൊച്ചി-ബംഗളൂരു ഇടനാഴി പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50 ശതമാനവും National Industrial Corridor Development & Implementation Trust (NICDIT)-യുടെ 50 ശതമാനവും പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുണ്ട്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു 'നോഡാ'യി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട് നോഡിനായി ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പുതുശ്ശേരി സെൻട്രൽ I

വില്ലേജിലെ 600 ഏക്കർ ഭൂമിയുടെ 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കർ ഭൂമിയുടെ 11 (1) പ്രഖ്യാപനം പുറപ്പെടുവിച്ചു. പാലക്കാട് പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കാൻവേണ്ട നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 ഹെക്ടർ (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിലെ ചട്ടം 11(1) പ്രകാരമുള്ള വിജ്ഞാപനം 04-10-2021-ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഇടനാഴിയിൽ വ്യവസായങ്ങളുടെ ക്ലസ്റ്ററുകളാണ് രൂപവൽകരിക്കുന്നത്. പദ്ധതിയുടെ മാർക്കറ്റ് ഡിമാൻഡ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ NICDIT ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നുവരുന്നു. പഠനം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേപവും 22,000-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 80,000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും അഞ്ച് വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യ മാകുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000-ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ അനുയോജ്യമായ ഭൂമി ലഭ്യമാക്കിയാൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ഒരുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരി ക്കുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകളും സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതാണ്.

(ഡി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ സ്ഥാപിക്കപ്പെടുന്ന വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, ഗതാഗതം എന്നിവ സജ്ജമാക്കുന്നുണ്ട്. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ, ഗേറ്റ് എന്നിവയും ഡ്രെയിനേജ് സംവിധാനവും, മാലിന്യ

സംസ്കരണത്തിനായി Effluent Treatment Plant-കളും വ്യവസായ പാർക്കുകളിൽ ക്രമീകരിക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് സർക്കാർ ഉത്തരവുപ്രകാരം അവരുടെ ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയിലും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. ഇത്തരത്തിൽ സ്ഥാപിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനമുൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും. സ്വകാര്യ വ്യവസായ പാർക്കുൾപ്പെടെ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചുവരുന്നുണ്ട്.

(ഇ) എല്ലാത്തരം വ്യവസായങ്ങളും പാർക്കുകളിൽ ആരംഭിക്കാവുന്നതാണ്. എന്നാൽ ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കുടക്കീഴിലാക്കി ആരംഭിക്കുന്നതിനായി പ്രത്യേക ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.